Marcel Proust
REMEMBRANCE OF THINGS PAST
(IN SEARCH OF LOST TIME)
Volume 1 : Swann's Way

മാഴ്സൽ പ്രൂസ്റ്റ്

പൊയ്പ്പോയ കാലം തേടി

ഒന്നാം ഭാഗം : സ്വാനിന്റെ സഞ്ചാരവഴി

പരിഭാഷ

മരുളൂർ പുരുഷോത്തമൻ

Marcel Proust

REMEMBRANCE OF THINGS PAST

(IN SEARCH OF LOST TIME)

Volume 1

SWANN'S WAY

മാഴ്സൽ പ്രൂസ്റ്റ്

പൊയ്പ്പോയ കാലം തേടി

ഒന്നാം ഭാഗം

സ്വാനിന്റെ സഞ്ചാരവഴി

പരിഭാഷ

മരുതൂർ പുരുഷോത്തമൻ

Malayalam

Remembrance of Things Past

(In Search of Lost Time)

by

Marcel Proust

Volume 1

Swann's Way

Translated by

Maruthoor Purushothaman

Copyright © 2024 Maruthoor Purushothaman

All rights reserved

Contact : mppn26@gmail.com

ഉള്ളടക്കം

ഒന്ന് : മുഖവുര...7

രണ്ട് : കോംബ്രേ...83

മൂന്ന് : സ്വാൻ പ്രണയത്തിൽ...311

നാല് : സ്ഥലനാമങ്ങൾ...643

ഒന്ന് : മുഖവുര

നേരത്തേ കിടന്നുറങ്ങുന്ന പതിവ് എനിയ്ക്കിപ്പോൾ ഒരു ശീലമായി മാറിക്കഴിഞ്ഞു. ചിലപ്പോൾ, മെഴുകുതിരി കെട്ടുത്തി 'ഉറങ്ങാൻ പോകു കയാണെ'ന്നു മനസ്സിൽ ഉറപ്പിയ്ക്കുന്നതിനു മുമ്പുതന്നെ എന്റെ കണ്ണുക ൾ താനേ അടയാൻ തുടങ്ങും. പക്ഷേ, അര മണിക്കൂർ കഴിയുമ്പോൾ ഉറങ്ങാനുള്ള സമയം അതിക്രമിച്ചെന്ന ചിന്ത പൊടുന്നനെ എന്നെ ഉ റക്കത്തിൽനിന്നു തട്ടിയുണർത്തും; അപ്പോൾ വായിച്ചുകൊണ്ടിരുന്ന പുസ്തകം കൈയിൽ തുറന്നിരിയ്ക്കുന്നുണ്ടെന്നു കരുതി ഞാനതടച്ചുവെച്ചു വിളക്കുതാൻ ശ്രമിയ്ക്കും; ഉറക്കത്തിൽ, തൊട്ടു മുമ്പ് വായിച്ചു കഴിഞ്ഞ വിഷയത്തെക്കുറിച്ചാണു ഞാൻ ചിന്തിച്ചുകൊണ്ടിരുന്നത്; നിയന്ത്ര ണമില്ലാതെ പല വഴിയ്ക്കും ചുറ്റിത്തിരിഞ്ഞ ചിന്തകൾ ഒടുവിലൊരു പ ള്ളിയങ്കണത്തിൽ ഫ്രാങ്കോയ്സ് ഒന്നാമനും ചാൾസ് അഞ്ചാമനും തമ്മിൽ നടക്കുന്ന മൽപ്പിടുത്തത്തിൽ ചെന്നെത്തി; മാത്രമല്ല, പുസ്ത കത്തിലെ ജീവനുള്ള ഒരു കഥാപാത്രമായി ഞാൻ എന്നെത്തന്നെ കാണുകയും ചെയ്തു. ഈയൊരു വിചാരം, ഉണർന്നതിനുശേഷവും എ ന്റെ മനസ്സിൽ കുറച്ചുനേരം യാതൊരലോസരവുമുണ്ടാക്കാതെ തങ്ങി നിന്നു; മുറിയിലെ വിളക്കു കത്തുന്നില്ലെന്ന യാഥാർത്ഥ്യംപോലും മറ ച്ചുപിടിച്ച്, ഉറക്കത്തിൽ കണ്ട ആ ചിത്രം എന്റെ കൺപോളകൾക്കു കീഴെ ചെതുമ്പലുകളായി കനംതൂങ്ങി നിന്നു. പുനർജ്ജനിയ്ക്കുന്ന ആ ത്മാവ് കഴിഞ്ഞ ജന്മത്തിലെ സംഭവങ്ങൾ സാവകാശം ഓർത്തെടു ക്കുന്നതുപോലെ, പുസ്തകത്തിലെ വിഷയങ്ങളിൽ ഇടപെടാനുള്ള പൂർ ണസ്വാതന്ത്ര്യം എനിയ്ക്കനുവദിച്ചു തരുന്ന സ്വപ്നത്തിലെ ആ കഥാപാ ത്രം ചിലപ്പോൾ എന്നെ വിട്ടുപിരിയുന്നതായി തോന്നും; പക്ഷേ കാ ഴ്ച തിരിച്ചു കിട്ടുമ്പോൾ, കണ്ണിനും മനസ്സിനും സുഖകരമായ വിശ്രാ

ന്തി പകരുന്ന കൂരിരുട്ടിലാണ് ഞാൻ നിൽക്കുന്നതെന്ന വാസ്തവം, അകാരണവും അജ്ഞേയവുമായൊരു യാഥാർത്ഥ്യമായി ആശ്ചര്യപൂർവം ഞാൻ മനസ്സിലാക്കുകയും ചെയ്യും.

സമയമെന്തായെന്ന് ഞാൻ സ്വയം ചോദിച്ചു; വനാന്തരത്തിൽ മാറ്റൊലിക്കൊള്ളുന്ന കുയിലിന്റെ നീട്ടിക്കുറുക്കിയ പാട്ട് സമയദൂരങ്ങൾ കൃത്യമായി അളന്നു കുറിയ്ക്കുന്നതുപോലെ, തീവണ്ടിയുടെ അകന്നകന്നുപോകുന്ന ചൂളംവിളി എനിയ്ക്കു വ്യക്തമായി കേൾക്കാം; അപ്പോൾ വിജനമായൊരു ഗ്രാമത്തിന്റെ ദൃശ്യമായിരുന്നു, എന്റെ മനസ്സിൽ തെളിഞ്ഞു വന്നത്; അപരിചിതനായൊരു മനുഷ്യൻ തൊട്ടടുത്ത റെയിൽവേ സ്റ്റേഷനിലേയ്ക്കു ധൃതിപ്പെട്ടു നടന്നുപോകുന്നു; വഴിയുടെ വളവും തിരിവും പലവട്ടം മനസ്സിൽ ഉരുവിട്ടുറപ്പിച്ചതാണെങ്കിലും അപരിചിതമായ സ്ഥലത്തു പെട്ടെന്നു ചെന്നെത്തിപ്പെട്ട്, അസാധാരണമായ വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ സംഭവിയ്ക്കുന്ന സ്വാഭാവികമായ ഉദ്വേഗത്തോടെ, രാവിലെ യാത്ര പുറപ്പെട്ടപ്പോൾ മുനിഞ്ഞു കത്തുന്ന മണ്ണെണ്ണവിളക്കിന്റെ അരണ്ട വെളിച്ചത്തിൽ വീട്ടുകാരുമായി പങ്കുവെച്ച സംഭാഷണങ്ങൾ ഓരോന്നായി അയാളോർത്തെടുത്തു; രാവിന്റെ നിശ്ചലമായ നിശ്ശബ്ദതയിൽപ്പോലും ഉള്ളിൽ കിരുകിരുപ്പുണ്ടാക്കിയ ആ ചിന്ത അയാളുടെ മനസ്സിൽ പരിഭ്രാന്തി പടർത്തി; അതേസമയം ഉടനെ വീട്ടിൽ തിരിച്ചെത്താമെന്ന സന്തോഷകരമായ വിചാരം അയാൾക്കൊരു പ്രത്യാശയും സമ്മാനിച്ചു.

ശിശുക്കളുടെ മൃദുലവും മാംസളവുമായ കവിൾത്തടംപോലെ പതുപതുത്ത തലയണയിൽ ഞാനെന്റെ കവിളുകൾ പതുക്കെ ചേർത്തുവെയ്ക്കും; അതല്ലെങ്കിൽ വാച്ചു നോക്കാൻവേണ്ടി ഞാനൊരു തീപ്പെട്ടിക്കോലെടുത്തു കത്തിയ്ക്കും. സമയം ഏതാണ്ട് അർദ്ധരാത്രിയായിരിയ്ക്കുന്നു. യാത്ര ചെയ്യാൻ നിർബന്ധിതനായി, രാത്രി അപരിചിതമായൊരു ഹോട്ടലിൽ മറ്റാരും കൂട്ടിനില്ലാതെ ഒറ്റയ്ക്കുറങ്ങേണ്ടി വരുന്ന ഒരു സാധുമനുഷ്യൻ പെട്ടെന്നുണ്ടായ ഒരസ്വാസ്ഥ്യം മൂലം ഞെട്ടിയുണരുന്ന നിമിഷം! വാതിലിനടിയിലെ വിടവുവഴി പകൽവെളിച്ചം അരിച്ച

രിച്ചു കടന്നു വരുന്നത് അയാൾക്കു കാണാം. ഭാഗ്യം! നേരം പുലർന്നു! അയാൾക്കു ഹോട്ടൽജീവനക്കാരെ മണിയടിച്ചു വിളിയ്ക്കാം; ആരെങ്കിലും വിവരങ്ങളന്വേഷിച്ചു വരാതിരിയ്ക്കില്ല. ആശ്വാസത്തിനൊരു വഴി കണ്ടെത്തിയെന്ന വിചാരം അയാൾക്കു വേദന സഹിയ്ക്കാനുള്ള കരുത്തേകി. പെട്ടെന്ന് ആരുടേയോ കാലടിയൊച്ച കേട്ടതായി അയാൾക്കു തോന്നി; അടുത്തടുത്തുവന്ന ഒരു കാൽപ്പെരുമാറ്റത്തിന്റെ ശബ്ദം അതാ പതുക്കെ അകന്നുപോകുന്നു! വാതിലിന്റെ വിടവിൽ കണ്ട പ്രകാശം പൊടുന്നനെ പൊലിഞ്ഞുപോയി; വീണ്ടും അർദ്ധരാത്രി! നെരിപ്പോടിലെ തീ ആരോ കെടുത്തിക്കളഞ്ഞു; അവസാനത്തെ പരിചാരകനും ഉറങ്ങാൻ കിടന്നു. ഇനിയിപ്പോൾ മറ്റാരും തുണയില്ലാതെ രാത്രി മുഴുവൻ തീവ്രയാതന അനുഭവിച്ച് അയാൾക്ക് ആ മുറിയിൽത്തന്നെ കിടക്കേണ്ടിയിരിയ്ക്കുന്നു!

ഞാൻ ഉറക്കത്തിലേയ്ക്ക് ഊളിയിട്ടിറങ്ങി; ഇരുട്ടിന്റെ മാറി മറിയുന്ന ഭ്രമാത്മകചിത്രങ്ങൾ നോക്കിക്കാണാനോ കട്ടിലിന്റെ സ്വാഭാവികമായ ഞരക്കത്തിനു കാതോർക്കാനോവേണ്ടി മാത്രം, ചെറിയ ചില ഇടവേളകളിൽ ഞാൻ വീണ്ടുമുണരും. അപ്പോൾ പെട്ടെന്നുണ്ടാകുന്ന ഒരുൾക്കാഴ്ചയിൽ, മുറിയിലെ അന്തരീക്ഷത്തിലും സാധനങ്ങളിലും അപ്രസക്തമായി ഘനീഭവിച്ചുകിടന്ന അബോധാവസ്ഥയുമായി ഞാൻ ഇടപഴകാൻ ശ്രമിയ്ക്കും; അല്ലെങ്കിൽ വളർച്ചയുടെ പുറന്തോടു പൊട്ടിച്ചു പുറത്തുകടന്ന പഴയൊരു കാലത്തിലേയ്ക്കു ഞാൻ അനായാസം തിരിച്ചുപോകും. കുട്ടിക്കാലത്ത് എന്റെ നീണ്ട മുടിയിഴകൾ ബലമായി പിടിച്ചുവലിച്ചു നിരന്തരം പേടിപ്പിച്ചുകൊണ്ടിരുന്ന അമ്മാമനും പിന്നീടവ മുഴുവൻ അടിവേരോടെ പിഴുതെടുത്തു നിർഭയമായൊരു ജീവിതത്തിനു തുടക്കം കുറിച്ച ദിവസവും എന്റെ ഓർമ്മയിലേയ്ക്കോടിയെത്തി. തീരെ മറന്നുപോയിരുന്ന ആ സംഭവം ഉറക്കത്തിൽ ഒരിയ്ക്കൽക്കൂടി കണ്ടപ്പോൾ, കണ്ണു തുറക്കാനുള്ള ശ്രമം വിജയിച്ചെങ്കിലും അമ്മാമന്റെ കറുത്തിരുണ്ട വിരലുകളിൽനിന്നു രക്ഷപ്പെടാനുള്ള ബദ്ധ

പ്പാടിൽ വീണ്ടും തലയണയിൽ മുഖമമർത്തി ഞാൻ സ്വപ്നങ്ങളുടെ ലോകത്തേയ്ക്കു തിരിച്ചുപോയി.

ദൈവം ആദാമിന്റെ വാരിയെല്ലിൽനിന്നു ഹവ്വയെ സൃഷ്ടിച്ചതു പോലെ, ഉറങ്ങാൻ കിടക്കുമ്പോൾ കിടപ്പിന്റെ അസ്വാഭാവികതമൂലം ആയാസപ്പെടുന്ന ചില അവയവങ്ങളിൽനിന്നു ജന്മമെടുത്ത ഒരു സ്ത്രീ രൂപം എന്റെ തൊട്ടടുത്തു പ്രത്യക്ഷപ്പെടാറുണ്ട്. മനസ്സിലുണർന്ന ആ കാംക്ഷ സഹിയ്ക്കാൻ വയ്യാതെ എങ്ങനെയെങ്കിലും ഞാനവളെ സ ന്തോഷിപ്പിയ്ക്കാൻ ശ്രമിയ്ക്കുമ്പോൾ അവൾതന്നെ സ്വയം മുന്നോട്ടു വ ന്നു നിസ്സങ്കോചം എന്നെ സംതൃപ്തനാക്കാൻ ശ്രമിയ്ക്കുന്നതായി ഞാൻ കണ്ടു. എന്റെ ശരീരത്തിന്റെ ഊഷ്മളത അവളിലേയ്ക്കു പകർന്നു പരസ്പ രം ഒന്നായിത്തീരാനുള്ള പരിശ്രമത്തിൽ പക്ഷേ, പെട്ടെന്നു ഞാനു ണരും. ഒരു നിമിഷംമുമ്പു മാത്രം വേർപിരിഞ്ഞ അവളോടുള്ള അടു പ്പം താരതമ്യം ചെയ്യുമ്പോൾ വർഷങ്ങളായി ഒരുമിച്ചുണ്ടായിരുന്നവ രെല്ലാം വിദൂരതയിലേയ്ക്കു മായുന്നതായി എനിയ്ക്കു തോന്നി. അവളുടെ ചുംബനമേറ്റു വാങ്ങിയ എന്റെ കവിളിലെ തുടുപ്പ് അപ്പോഴും മാഞ്ഞു പോയിരുന്നില്ല; എന്റെ ശരീരം അവളുടെ ഭാരം താങ്ങാനാവാതെ ത ളർന്നുപോയിരുന്നു! വളരെക്കാലമായി കാണാനാഗ്രഹിച്ച ഒരു നഗ രം സന്ദർശിച്ചു സംതൃപ്തിയോടെ തിരിച്ചെത്തുമ്പോൾ, പ്രതീക്ഷകൾ ക്കു പൊലിമ പകർന്ന വിസ്മയങ്ങളെല്ലാം നന്നായാസ്വദിയ്ക്കാൻ കഴി ഞ്ഞെന്നു കരുതുന്നതുപോലെ, എനിയ്ക്കു പരിചയമുള്ള ഏതെങ്കിലുമൊ രു പെൺകുട്ടിയുമായി അവൾക്കു തെല്ലെങ്കിലും സാദൃശ്യമുണ്ടായിരു ന്നെങ്കിൽ, എന്നെപ്പോലും വെടിഞ്ഞു ഞാനവളെ തേടി നാടെങ്ങും അലഞ്ഞു നടക്കുമായിരുന്നു. പക്ഷേ, കുറച്ചു സമയം കഴിയുമ്പോൾ പതുക്കെ ആ ഓർമ്മകൾ മനസ്സിൽനിന്നു മങ്ങി മാഞ്ഞു സ്വപ്നത്തിൽ കണ്ട പെൺകുട്ടിയെ ഞാൻ നിശ്ശേഷം മറന്നുപോകും.

നിമിഷങ്ങൾ കണ്ണികളായ ഒരു ചങ്ങലയും ദൈവവിധിയെക്കുറി ച്ചുള്ള അവബോധവും വർഷങ്ങളുടെ തുടർച്ച അടയാളപ്പെടുത്തുന്ന വ ലയാകൃതിയിലുള്ള ഒരാവരണമായി ഉറക്കത്തിൽ നമ്മെ പൊതി

ഞ്ഞുനിൽക്കും. ഉണരുന്ന നിമിഷത്തിൽ പൊടുന്നനെ അപ്രത്യക്ഷമാകുന്ന ആ കാഴ്ചയ്ക്കുവേണ്ടി നമ്മുടെ കണ്ണുകൾ നാലുപാടും പരതാൻ തുടങ്ങും; ഉറക്കത്തിനിടയിൽ കഴിഞ്ഞുപോയ കാലവും കിടക്കാൻ തിരഞ്ഞെടുത്ത സ്ഥലവും തൊട്ടടുത്ത നിമിഷം നമ്മുടെ ബോധത്തിലേയ്ക്കു കടന്നുവരും. ക്രമാനുബദ്ധമായ ആ ദൃശ്യങ്ങളുടെ ഘോഷയാത്ര ചിലപ്പോൾ നമ്മെ അമ്പരപ്പിയ്ക്കുന്നവിധം വളർന്നു വലുതായി നിമിഷങ്ങളുടെ ചങ്ങലക്കണ്ണികൾപോലും ചിതറിത്തെറിയ്ക്കും. ഉദാഹരണത്തിനു തീരെ ഉറക്കം വരാതിരുന്ന ഒരു കാളരാത്രിയ്ക്കുശേഷം പ്രഭാതമായെന്നു കരുതുക: കിടയ്ക്കയിൽ പതിവിൽനിന്നു വ്യത്യസ്തമായൊരു നിലയിൽക്കിടന്നു പത്രം വായിയ്ക്കുമ്പോൾ പതുക്കെപ്പതുക്കെ നാമറിയാതെ മയക്കത്തിലേയ്ക്കു വഴുതിവീഴും; സൂര്യപ്രകാശം കണ്ണിലടിയ്ക്കുന്നതു തടയാൻ കൈയൊന്നുയർത്തുകയേ വേണ്ടൂ! പക്ഷേ ഉണരുന്ന നിമിഷം, സമയത്തെക്കുറിച്ചു യാതൊരു ബോധവുമില്ലാതെ, തൽക്ഷണം ഉറങ്ങാൻ കിടന്നതാണെന്ന ഉറച്ച തീരുമാനത്തിലാണു നാം ചെന്നെത്തുന്നത്. അല്ലെങ്കിൽ, രാത്രി ഭക്ഷണത്തിനുശേഷം അസാധാരണമായൊരു നിലയിൽ കാലുകൾ നീട്ടിവെച്ചു കസേരയിലിരുന്നു പതുക്കെ ഉറക്കം തുങ്ങിയാൽ, ഭൂലോകമാകെ അച്ചുതണ്ടിൽനിന്നു വേർപെട്ടു ഭ്രമണപഥത്തിൽ തകിടം മറിയുമ്പോൾ ഒരു മാന്ത്രികക്കസേര നമ്മെ കൈകളിലെടുത്തു സമയദൂരങ്ങളെ മറികടന്നു മാനത്തുയരെ പറക്കുകയാണെന്നു നമുക്കു തോന്നും. കണ്ണു തുറക്കുമ്പോൾ വിദൂരമായൊരു സ്ഥലത്തു മാസങ്ങൾക്കുമുമ്പേ ഉറങ്ങാൻ കിടന്ന ഒരവബോധമാണു നമുക്കുണ്ടാവുന്നത്! സ്വന്തം കട്ടിലിലെ പതുപതുത്ത കിടയ്ക്കയിൽ സുഖമായി കിടന്നു സ്വബോധത്തിനു വിശ്രമം നൽകി ഗാഢനിദ്രയിലേയ്ക്കു ചൂഴ്ന്നിറങ്ങിയശേഷം അർദ്ധരാത്രി പെട്ടെന്നുണരുന്ന എനിയ്ക്കു പക്ഷേ, ഉറങ്ങാൻ കിടന്ന സ്ഥലത്തെക്കുറിച്ചുള്ള ബോധം പലപ്പോഴും നഷ്ടപ്പെടാറുണ്ട്; ആ നിമിഷങ്ങളിൽ സ്വന്തം വ്യക്തിത്വത്തെക്കുറിച്ചു പ്രാഥമികമായൊരു അവബോധംപോലും എനിയ്ക്കുണ്ടാകാറില്ല. പ്രാകൃതജീവികളുടെ മനസ്സിൽ അലയടിയ്ക്കുന്ന അ

പരിഷ്ക്കൃതമായൊരു അസ്തിത്വബോധം മാത്രമേ അപ്പോൾ ഞാൻ അനുഭവിയ്ക്കാറുള്ളൂ. ഒരു ഗുഹാമനുഷ്യനുള്ളലേറെ മാനുഷികമായ ഭാവങ്ങളൊന്നും എനിയ്ക്കപ്പോൾ തോന്നാറില്ല. എങ്കിലും അതുവരെ ഞാൻ എവിടെയായിരുന്നെന്നും ഏതൊക്കെ ദേശങ്ങളിൽ ജീവിച്ചിരുന്നെന്നും ഇപ്പോൾ എവിടെയായിരിയ്ക്കാമെന്നുമുള്ള വിചാരകളുടെ സഞ്ചിതസ്മരണ, സ്വർഗത്തിൽനിന്നു നീണ്ടുവരുന്ന കിനാവള്ളിപോലെ, എന്നെ ഒരിയ്ക്കലും രക്ഷപ്പെടാനിടയില്ലെന്നു കരുതിയ നിരാശ്രയത്വത്തിൽനിന്നു പെട്ടെന്നു കൈ പിടിച്ചു കയറ്റും. അപ്പോൾ നൂറ്റാണ്ടുകളുടെ ഈട്ടം കൂടിയ സംസ്ക്കാരങ്ങളും നിരനിരയായി കൊളുത്തിവെച്ച കെടാവിളക്കുകളുടെ കാഴ്ചവട്ടങ്ങളും തലകീഴായി തൂങ്ങിക്കിടക്കുന്ന ദൃശ്യസംവിധാനങ്ങളും അപ്രസക്തമാക്കുന്ന ഒരു വെളിപാടിന്റെ വെളിച്ചത്തിൽ എന്റെ ആത്മാവിന്റെ അംഗോപാംഗങ്ങൾ വളരെ പതുക്കെ രൂപാന്തരം പ്രാപിയ്ക്കാൻ തുടങ്ങും!

നമുക്കു ചുറ്റും കാണുന്ന വസ്തുക്കളുടെ നിശ്ചലത, ഒരുപക്ഷേ സ്വയമേവ സംഭവിച്ചതാകാം; അല്ലെങ്കിൽ, സങ്കൽപ്പങ്ങളുടെ നിശ്ചയദാർഢ്യങ്ങളിൽനിന്നോ അങ്ങനെയല്ലാതെ മറ്റൊന്നില്ലെന്ന ബോദ്ധ്യത്തിൽനിന്നോ മന:പൂർവം നാമവയിൽ അടിച്ചേൽപ്പിയ്ക്കുന്നതുമാകാം. ഉറക്കത്തിൽനിന്ന് ഉണരുന്ന നിമിഷം, എവിടെയാണുറങ്ങാൻ കിടന്നതെന്നു കണ്ടുപിടിയ്ക്കാൻ മനസ്സു നിഷ്ഫലമായൊരു വ്യായാമം നടത്തുമ്പോൾ, വസ്തുക്കളും വർഷങ്ങളും സ്ഥലങ്ങളുമടക്കം സകലതും കൂരിരുട്ടിൽ വലയാകൃതി പൂണ്ടു കറങ്ങുന്നതായി എനിയ്ക്കു തോന്നാറുണ്ട്. അപ്പോൾ ഉറക്കച്ചടവു മൂലം കനം തൂങ്ങി നിശ്ചലമായ എന്റെ ശരീരം, മുറിയിൽ ചുമരിന്റെ സ്ഥാനവും സാധനങ്ങളുടെ കിടപ്പും നൽകുന്ന പരിസരബോധത്തിൽ, ക്ഷീണിച്ചവശമായ അവയവങ്ങളെ പരസ്പരം കൂട്ടിയിണക്കി, ഞാൻ താമസിയ്ക്കുന്ന വീടിന്റെ പേരു കണ്ടുപിടിയ്ക്കാനുള്ള വ്യഗ്രതയിൽ സ്വയമൊരു രൂപബോധം വരുത്താൻ കിണഞ്ഞു പരിശ്രമിയ്ക്കും. വാരിയെല്ലും കൈകാലുകളും ഉൾപ്പെടെ ശരീരത്തിന്റെ ആകത്തുകയായ ആ സഞ്ചിതസ്മരണ, കാണാനിടയില്ലാ

ത്ത ചുമരുകൾ തട്ടി മാറ്റി, ഓർമ്മയിൽ സൂക്ഷിച്ച തൊട്ടടുത്ത മുറികളു മായി സ്വയം രൂപസാദൃശ്യം വരുത്തും; മാത്രമല്ല, വല്ലപ്പോഴുമൊരിക്ക ൽ മാത്രം കിടന്ന മുറികളോരോന്നും തുറന്നുനോക്കി, കൂരിരുട്ടിൽ ഭ്രാ ന്തമായി ചുറ്റിത്തിരിയുന്ന ആ ദൃശ്യങ്ങൾ, എങ്ങനെ എപ്പോൾ, ഏതു വിധമാണു സംഭവിച്ചതെന്ന വിവരം ഓരോന്നായി ഞാൻ സമ്പാദി ക്കും. ശരീരത്തിനു മുറിയെക്കുറിച്ചു വ്യക്തമായൊരു ബോധമുണ്ടാകുന്ന തിനുമുമ്പുതന്നെ ഞാനോരോ മുറിയിലേയും കിടക്കകൾ, വാതിലുക ൾ, ജനലുകൾ, പകൽവെളിച്ചം വരുന്ന വഴികൾ, ഇടനാഴികൾ തുട ങ്ങി ഉറങ്ങാൻ പോകുമ്പോൾ മനസ്സിൽ കരുതിവെച്ചതും ഉണർന്ന പ്പോൾ യഥാതഥമായി കണ്ടതുമായ ഓരോന്നും ഓർമ്മയിൽനിന്നു ചികഞ്ഞെടുക്കും. അതേസമയം, ശരീരത്തിന്റെ അമിതഭാരം മൂലം ത ൽക്കാലത്തേക്കു ചലനശേഷി നഷ്ടപ്പെട്ട ചില അവയവങ്ങൾ സഹജ മായ ശക്തി വീണ്ടെടുക്കാൻ ശ്രമിക്കുന്നതിനിടയിൽ, വലിയൊരു ക ട്ടിലിൽ ചുമരിനു നേരേ തിരിഞ്ഞു കിടക്കുകയാണെന്നു സങ്കൽപ്പിച്ചു ഞാൻ സ്വയം ചോദിക്കും: 'എന്ത്? ഉറങ്ങാനുള്ള സമയം അതിക്രമിച്ച ല്ലോ; എന്നെ ചുംബിച്ചു ശുഭരാത്രി പറയാൻ ഇതുവരെ അമ്മ വന്നി ല്ല!'. അപ്പോൾ, വർഷങ്ങൾക്കുമുമ്പേ മരിച്ചുപോയ മുത്തച്ഛന്റെ കൂടെ ഗ്രാമത്തിൽ കഴിയുന്ന ഞാൻ, ഉറങ്ങാൻ കിടക്കുമ്പോൾ എന്റെ ശരീ രം തികഞ്ഞ വിശ്വസ്തതയോടെ ഓർമ്മയിൽ സൂക്ഷിച്ചുവെച്ച, ഒരിക്ക ലും മറക്കാൻ കഴിയാത്ത പഴയൊരു ചിത്രം പുറത്തെടുത്തു. മേൽത്ത ട്ടിൽനിന്നു ചങ്ങലക്കൊളുത്തിൽ തൂക്കിയിട്ട ചെരാതിന്റെ രൂപത്തി ൽ, സ്ഫടികത്തിൽ പണിത കെടാവിളക്കിന്റെ നാളം, പണ്ടു കോം ബ്രേയിലെ വലിയമ്മായിയുടെ വീട്ടിൽ കാണാറുള്ള മാർബിളിന്റെ ചിമ്മിനിയുമായി കൺമുന്നിൽ തെളിഞ്ഞു വന്നു. കണ്ണു തുറന്നതിനുശേ ഷവും മായാതെ നിന്ന ആ കാഴ്ചയ്ക്കു ബോധം തെളിഞ്ഞപ്പോൾ കൂടുത ൽ വ്യക്തത കൈവന്നു.

ചിലപ്പോൾ, ഉറങ്ങാൻ കിടക്കുമ്പോഴുള്ള ശരീരത്തിന്റെ നിലയുമാ

യി ബന്ധപ്പെടുത്തി മുറിയുടെ ചുമരുകൾ പല ദിശകളിലേയ്ക്കും വഴുതി മാറുന്നതായി എനിയ്ക്കു തോന്നും. മാഡം സാങ്ലൂപ്പിന്റെ ഗ്രാമീണവസതിയിലെ കിടപ്പുമുറിയിലാണു ഞാനിപ്പോൾ ഇരിയ്ക്കുന്നത്! ദൈവമേ, സമയം പത്തുമണിയായി, എല്ലാവരുടേയും അത്താഴം കഴിഞ്ഞിട്ടുണ്ടാവും! ഇന്നു മാഡം സാങ്ലൂപ്പിന്റെകൂടെയുള്ള സായാഹ്നസവാരി കഴിഞ്ഞുവന്നു നിശാവസ്ത്രം ധരിയ്ക്കുന്നതിനുമുമ്പ് വെറുതെയൊന്നു മയങ്ങിയതു കുറച്ചുകൂടിപ്പോയെന്നു തോന്നുന്നു. കോംബ്രേയിൽ താമസിച്ച നാളുകൾക്കുശേഷം വർഷങ്ങൾ വളരെ കടന്നുപോയി. അന്നത്തെ കിടപ്പുമുറിയിലെ ജനൽപ്പാളികളിൽ പ്രതിഫലിച്ച അസ്തമയസൂര്യന്റെ പ്രകാശം എനിയ്ക്കിപ്പോഴും മനസ്സിൽ തെളിഞ്ഞു കാണാം. മാഡം സാങ്ലൂപ്പിന്റെകൂടെ ടാൻസൻവില്ലയിൽവെച്ച് വളരെ വ്യത്യസ്തമായൊരു ദിനചര്യയാണു ഞാൻ നയിച്ചിരുന്നത്. അന്നത്തെ സായാഹ്നസവാരിയുടെ അനുഭൂതിയും മറ്റൊന്നായിരുന്നു. കുട്ടിക്കാലത്തു കൂട്ടുകാരുമായി തിളങ്ങുന്ന വെയിലിൽ കളിച്ച തെരുവുകൾ, ഇന്നു കുളിർനിലാവിന്റെ വെണ്മയിൽ വളരെ ഹൃദ്യമായി തോന്നുന്നു. നീണ്ട നടത്തത്തിനുശേഷം രാത്രി തളർന്നു വീണു കിടന്നുറങ്ങാൻ പോകുന്ന മുറിയുടെ ജനാലയ്ക്കൽ തെളിഞ്ഞു കത്തുന്ന വിളക്ക്, ദൂരെ നിന്നു നോക്കുമ്പോൾ രാവിന്റെ വിജനതയും നിശ്ശബ്ദതയും പൂർവാധികശോഭയോടെ പൊലിപ്പിയ്ക്കുന്നതായി തോന്നി.

മാറിമറിയുന്ന അവ്യക്തമായ ഈ ഓർമ്മകൾ ഒരിയ്ക്കലും ചില നിമിഷങ്ങളിൽ കൂടുതൽ നീണ്ടുനിൽക്കാറില്ല. ഓടിക്കൊണ്ടിരിയ്ക്കുന്ന കുതിരയുടെ ക്രമാനുഗതവും നിശ്ചലവുമായ ദൃശ്യങ്ങളോരോന്നും വേർതിരിച്ച കാണുന്നതുപോലെ, തൽക്ഷണം നടക്കുന്ന സംഭവങ്ങളുടെ അനിശ്ചിതത്വം കൃത്യമായി വ്യാഖ്യാനിച്ചു വിശദീകരിയ്ക്കാൻ എനിയ്ക്കു കഴിയാറില്ല. ഉറങ്ങാനുപയോഗിച്ച മുറികൾ ഓരോന്നായി ഓർമ്മയിൽ തെളിഞ്ഞുവരുമ്പോൾ അവസാനം അവയെല്ലാമൊരു ദിവാസ്വപ്നത്തിൽ ഞാൻ പുന:സൃഷ്ടിയ്ക്കും. തണുപ്പുകാലത്ത് ഉറങ്ങാറുള്ള മുറിയിൽ കിടയ്ക്കയിലേയ്ക്കു വീഴുന്ന നിമിഷം, ഞാനെന്റെ തല ഒരു കൂട്ടിനു

ള്ളിലേയ്ക്കു പൂഴ്ത്താറുണ്ട്: തലയണയുടെ മൂല, പുതപ്പിന്റെ അറ്റം, കഴുത്തിൽ ചുറ്റിയ ഷാൾ, കിടയ്ക്കയുടെ ഇടതുഭാഗം, സായാഹ്നപത്രത്തിന്റെ ഒരു തുണ്ട്, തുടങ്ങി വിചിത്രമായ ചില സാമഗ്രികൾ ഉപയോഗിച്ച്, ഒരു തള്ളക്കിളി സ്വന്തം കുഞ്ഞിനുവേണ്ടി ക്ഷമയും വാത്സല്യവും ചാലിച്ചുണ്ടാക്കുന്ന കൂടുപോലെയാണു ഞാനതു നിർമ്മിച്ചത്. ഭൂമിയുടെ സുഖകരമായ ചൂടേൽക്കാൻവേണ്ടി സ്വയം സൃഷ്ടിച്ച തുരങ്കത്തിലേയ്ക്കു നുഴഞ്ഞു കടക്കുന്ന കടൽസ്രാവിനെപ്പോലെ, തുളച്ചു കയറുന്ന തണുപ്പിൽ പുറംലോകവുമായുള്ള ബന്ധം വിച്ഛേദിയ്ക്കുന്നതിൽ എനിയ്ക്കു പൂർണമായൊരു സംതൃപ്തി തോന്നി. രാത്രി മുഴുവൻ നെരിപ്പോട്ടു നേരിയ തോതിൽ കത്തിക്കൊണ്ടിരുന്നു. വിറകുകഷണങ്ങൾ പൊട്ടിച്ചിതറുന്ന മിന്നൽവെളിച്ചത്തിൽ, മുറിയുടെ നടുവിൽ തണുപ്പേൽക്കാത്ത ഒരു ഗുഹ നിർമ്മിച്ചതുപോലെ, കനമുള്ള കമ്പിളിയ്ക്കുള്ളിൽ ഉച്ഛ്വാസവായുവിന്റെ ഊഷ്മളമായ ആശ്ളേഷത്തിലമർന്നു ഞാൻ സുഖമായി ഉറങ്ങും. ആ ഉഷ്ണമേഖലയുടെ പുറന്തോടിനുമേൽ താപവ്യതിയാനം വരുത്തി ചിലപ്പോൾ മുറിയുടെ മൂലയ്ക്കൽനിന്നോ ജനാലയ്ക്കൽനിന്നോ നെരിപ്പോടിൽനിന്നോ വരുന്ന ചെറിയൊരു കാറ്റ് എന്റെ മുഖം പതുക്കെ തൊട്ടു തലോടി കടന്നു പോകും. വേനൽക്കാലത്തു ചെറുചൂടുള്ള ഒരു സായാഹ്നത്തിന്റെ സാന്ത്വനമനുഭവിയ്ക്കുന്ന ആഹ്ലാദാനുഭൂതിയോടെ, കിടപ്പുമുറിയുടെ പാതി തുറന്നുകിടന്ന ജനൽപ്പാളിയിലൂടെ അരിച്ചെത്തിയ നിലാവ് എന്റെ കിടയ്ക്കയിൽ വിചിത്രമായ ചില കോലങ്ങൾ വരച്ചു. തുറന്ന മൈതാനത്ത് ഇളംകാറ്റിന്റെ പുല്ലാങ്കുഴലിൽ പാട്ടുപാടുന്ന പഞ്ചവർണക്കിളിയെപ്പൊലെ ഞാൻ പരിപൂർണമായ സ്വസ്ഥതയോടെ ഉറങ്ങി. വിഷാദത്തിന്റെ നേരിയ പോറൽപോലുമേൽക്കാതെ ആഹ്ലാദം മാത്രം നുരഞ്ഞുപതയുന്ന, എന്റെ ആദ്യരാത്രിയ്ക്കുപോലും ഉപയോഗിയ്ക്കാവുന്ന, ലൂയി പതിനാറാമന്റെ മുറിയാണു ചിലപ്പോൾ എന്റെ മനസ്സിൽ ഓടിയെത്താറുള്ളത്. അതുപോലെ ചിലപ്പോൾ മേൽത്തട്ടു മുട്ടുന്ന മെലിഞ്ഞ തൂണുകൾ നാലുപാടും മനോഹരമായി

വിന്യസിച്ച് കട്ടിലിന്റെ കാഴ്ച മറയ്ക്കാത്ത മറ്റൊരു മുറി; ഉയർന്ന മേൽത്തട്ടോടെ പിരമിഡിന്റെ ആകൃതിയിൽ രണ്ടു നിലകളുള്ള ചെറിയൊരു മുറി; മഹാഗണിയുടെ പലകകൊണ്ടു ചുമരുകൾ തീർത്ത ആ മുറിയ്ക്കുള്ളിൽ നിറഞ്ഞ പുൽനാമ്പുകളുടെ സുപരിചിതമായ പരാഗസൗരഭ്യം എന്റെ മനസ്സിനെ മത്തു പിടിപ്പിച്ചു. വയലറ്റുനിറത്തിലുള്ള തിരശ്ശീലകളുടെ അസ്വീകാര്യതയും, എന്റെ സാന്നിദ്ധ്യം അവഗണിയ്ക്കുന്ന മട്ടിൽ അത്യുച്ചത്തിൽ മുഴങ്ങുന്ന നാഴികമണിയുടെ നിസ്സംഗതയും എനിയ്ക്ക് അസഹനീയമായിരുന്നു. വിചിത്രവും ക്രൂരവുമായവിധം രൂപകൽപ്പന ചെയ്ത ചതുരാകൃതിയിലുള്ള ഒരു കണ്ണാടി എന്റെ കാഴ്ചയുടെ ശാന്തതയെപ്പോലും പരിഹസിച്ചുകൊണ്ടു മുറിയുടെ മൂലയ്ക്കൽ ഒരിയ്ക്കലുമനുവദിയ്ക്കാനാവാത്ത സ്ഥാനത്തു ധിക്കാരപൂർവം നിലയുറപ്പിച്ചു. ഇത്തരത്തിൽ ഓരോ വിഷയങ്ങളെക്കുറിച്ചു മണിക്കൂറുകളോളം ചിന്തിച്ചുകൊണ്ടിരിയ്ക്കെ, മുറിയുടെ മേൽത്തട്ടു ചിലപ്പോൾ ഞാൻ പിരമിഡിന്റെ മുനമ്പിനോളം വലിച്ചു നീട്ടി. ശരീരം കിടയ്ക്കയിൽ നിവർന്നു കിടക്കുമ്പോൾ, കണ്ണുകൾ മേലോട്ടു ചുഴറ്റി, ചെവി വട്ടം പിടിച്ച്, ശ്വാസം വലിച്ചു വിട്ട്, പിടയ്ക്കുന്ന ഹൃദയവുമായി എത്ര ഉൽക്കണ്ഠാകുലമായ രാത്രികളാണു ഞാൻ കഴിച്ചുകൂട്ടിയത്! ഒടുവിൽ തിരശ്ശീലയുടെ നിറം മാറ്റി, നാഴികമണി നിശ്ശബ്ദമാക്കി, ചെരിഞ്ഞ കണ്ണാടിയുടെ ക്രൂരത ശമിപ്പിച്ച്, പുൽനാമ്പുകളുടെ മണം മായ്ച്ചുകളഞ്ഞ്, മേൽത്തട്ടിന്റെ ഉയരം കുറച്ച്, പതിവുകാഴ്ചകൾ എനിയ്ക്കൊരു ശീലമായി മാറി. ശീലം! അതെ, അലസനെങ്കിലും കുശാഗ്രബുദ്ധിയായ ആ കാര്യസ്ഥൻ ചിലപ്പോൾ താൽക്കാലികമായ ചില സംവിധാനങ്ങൾകൊണ്ടു നമ്മെ ആഴ്ചകളോളം പീഡിപ്പിച്ചെന്നിരിയ്ക്കും; പക്ഷേ, ഒടുവിൽ മനസ്സ് അയാളുടെ നന്മ തിരിച്ചറിയാതിരിയ്ക്കില്ല!. അയാളില്ലെങ്കിൽ, ശീലങ്ങളുടെ സാന്ത്വനമില്ലെങ്കിൽ, സ്വന്തമായൊരു പരിശ്രമംകൊണ്ടുമാത്രം ഒരാൾക്കും ഒരു മുറിയും വാസയോഗ്യമാക്കി മാറ്റാനാവില്ല!

ഇപ്പോൾ ഞാൻ പൂർണബോധത്തോടെ ഉണർന്നു കഴിഞ്ഞു; എന്റെ ശരീരം ഒരിയ്ക്കൽക്കൂടി പുറം തിരിഞ്ഞു കിടന്നു. ഒടുവിൽ, നിശ്ചി

തത്വത്തിന്റെ സുകൃതിനിയായ മാലാഖ എനിയ്ക്ക ചുറ്റുമുള്ള സകലതും നിശ്ചലമാക്കി കാണിച്ചു. കിടപ്പുമുറിയിലെ കട്ടിലിൽ പുതപ്പിനുള്ളിലാണു ഞാൻ കിടക്കുന്നത്. മങ്ങിയ വെളിച്ചത്തിലാണെങ്കിലും നെരിപ്പോട്, മേശ, എഴുത്തുപലക, തെരുവിലേയ്ക്കു തുറക്കുന്ന ജനൽ, വാതിലുകൾ, സകലതും യഥാസ്ഥാനത്തു കാണാനുണ്ട്. നിർവികാരതയോടെ ഉണരുന്ന ആ നിമിഷം, ഉറക്കത്തിൽ കണ്ട വീടുകളിലൊന്നുമല്ല ഞാനിപ്പോൾ താമസിയ്ക്കുന്നതെന്നു മനസ്സിലായപ്പോൾ എനിയ്ക്കു പ്രത്യേകിച്ചു യാതൊന്നും തോന്നിയില്ല. കൃത്യമായ ഉൾക്കാഴ്ച തിരിച്ചുകിട്ടിയിരുന്നില്ലെങ്കിൽ ഒരുപക്ഷേ അവയുടെ സത്യാവസ്ഥയിൽ ഞാനിപ്പോഴും വിശ്വസിയ്ക്കുമായിരുന്നു. എന്റെ ഓർമ്മകൾക്കു ചലനശേഷി വന്നുകഴിഞ്ഞു; സാധാരണഗതിയിൽ ഞാനുടനെ വീണ്ടും ഉറങ്ങാൻ ശ്രമിയ്ക്കാറില്ല; പകരം വലിയമ്മായിയുടെ കൂടെ കോംബ്രേ, ബാൽബെക്ക്, പാരീസ്, വെനീസ് തുടങ്ങിയ സ്ഥലങ്ങളിൽ ചിലവഴിച്ച കാലത്തു പരിചയപ്പെട്ട വ്യക്തികളേയും സംഭവങ്ങളേയും കുറിച്ചു നേരിട്ടു കണ്ടറിഞ്ഞതും മറ്റുള്ളവർ പറഞ്ഞു കേട്ടതുമായ വിഷയങ്ങൾ വീണ്ടും വീണ്ടും ഓർത്തെടുത്തു ഞാൻ രാത്രിയുടെ ബാക്കിഭാഗം തള്ളിനീക്കുകയാണു പതിവ്.

അമ്മയേയും മുത്തശ്ശിയേയും പിരിഞ്ഞു കോംബ്രേയിൽ താമസിച്ചിരുന്ന കാലത്ത്, ഓരോ പകലും കഴിഞ്ഞു രാത്രിയിൽ ഉറക്കം വരാതെ തിരിഞ്ഞു മറിഞ്ഞു കിടക്കുമ്പോൾ, എന്റെ കടുത്ത വിഷാദങ്ങൾക്കും ഉൽക്കണ്ഠാകുലമായ വിചാരങ്ങൾക്കും സാക്ഷിയായിരുന്നതു ഞാൻ കിടക്കാനുപയോഗിച്ച മുറികൾ മാത്രമായിരുന്നു. വൈകുന്നേരമാകുന്നതോടെ എന്റെ മനസ്സിനെ ബാധിയ്ക്കുന്ന അകാരണമായ മൗഢ്യം കണ്ടറിഞ്ഞ ബന്ധുക്കളാരോ ഒരിയ്ക്കൽ എന്റെ മനസ്സിനുന്മേഷം പകരുന്ന വിചിത്രമായൊരു റാന്തൽവിളക്കു സമ്മാനിയ്ക്കുകയുണ്ടായി. അത്ഭുതകരമായ ചില ചിത്രപ്പണികളോടെ പൗരാണികത വെളിവാക്കിയ ആ വിളക്ക്, വെളുത്ത ചുമരിൽ അലൗകികമായ ചായക്കൂട്ടുകളുമായി ഇതിഹാസസമാനമായ ഓരോ വീരകഥകൾ വരയ്ക്കുന്നതു ചില

പ്പോൾ അത്താഴത്തിനു സമയമാകുന്നതുവരെ ഞാൻ സശ്രദ്ധം നോക്കിയിരിയ്ക്കും. വെളിച്ചത്തിന്റെ രൂപഭാവങ്ങളിൽ പെട്ടെന്നുണ്ടാകുന്ന ആ വ്യതിയാനങ്ങൾ എന്റെ വിഷാദം വർദ്ധിപ്പിയ്ക്കുകയാണു ചെയ്തത്. അപ്പോൾ മുറികളെക്കുറിച്ചു സ്വാഭാവികമായി എന്റെ മനസ്സിൽ പതിഞ്ഞ ചിത്രങ്ങൾ പലതും വീണ്ടെടുക്കാനാവാത്തവിധം മാഞ്ഞുപോയി. അതേസമയം പണ്ടു തോന്നിയ അസ്വീകാര്യത തിരിച്ചറിയപ്പെടാതെ, ആ മുറിയിൽ കിടന്നുറങ്ങേണ്ടി വരുന്ന പീഡനവ്യഥ ഒരുവിധം സഹിയ്ക്കാവുന്ന നിലയിലായതിൽ എനിയ്ക്കു തെല്ലൊരാശ്വാസവും തോന്നാതിരുന്നില്ല. പക്ഷേ, വിദേശത്തൊരു റെയിൽവേസ്റ്റേഷനിൽ ചെന്നിറങ്ങി ആദ്യമായി കണ്ട ഹോട്ടലിലെ വെടിപ്പുള്ള മുറിയിൽ പ്രവേശിയ്ക്കുമ്പോൾ തോന്നുന്ന അപരിചിതത്വംപോലെ എനിയ്ക്കപ്പോൾ അത്യധികമായൊരു സങ്കോചവും അനുഭവപ്പെട്ടു.

ത്രികോണാകൃതിയിൽ ഇരുണ്ടു പച്ച പുതച്ചു കിടക്കുന്ന കാട്ടിൽനിന്നും ദുരുദ്ദേശത്തോടെ കോച്ചി വലിച്ചു കുന്നിറങ്ങി കുതിച്ചുചാടി വരുന്ന ഗോലോ, പാവം ജനിവിവെ ബ്രാബന്റെ കൊട്ടാരത്തിനു മുന്നിൽ കുറച്ചു നേരം സംശയിച്ചു നിന്നു. റാന്തൽവിളക്കിന്റെ വിടവിൽ സുതാര്യമായ ഭാഗത്തു ദീർഘവൃത്താകൃതിയിലുള്ള ഒരു ഫലകത്തിന്റെ പരിധിരേഖയിൽ പ്രതിഫലിച്ച ആ കൊട്ടാരത്തിന്റെ പല ഭാഗങ്ങളും അപ്പോൾ കാണാമറയത്തായിരുന്നു. ചിറകു വിരിച്ചു വിടർന്നുനിന്ന കൊട്ടാരത്തിനു മുന്നിലെ വിശാലമായ തരിശുഭൂമിയിൽ നീലക്കുപ്പായം ധരിച്ചു ധ്യാനലീനനായി ജനിവിവെ ബ്രാബൻ നിലയുറപ്പിച്ചു. ചിത്രപാളികൾ ഇരുവശത്തേയ്ക്കും ഇളകിയാടിയപ്പോൾ സ്വർണലിപികളിൽ കുറിച്ചിട്ട ജനിവിവെ ബ്രാബന്റെ പേരിൽനിന്നു കൊട്ടാരത്തിനും തരിശുനിലത്തിനും ഒരുപോലെ മഞ്ഞനിറമാണെന്ന വസ്തുത എനിയ്ക്കു വെളിവായി. വലിയമ്മായി അത്യുച്ചത്തിൽ പുലമ്പിയ ചെറുപ്രസംഗം കൃത്യമായി മനസ്സിലാക്കുന്നതുപോലെ ഗോലോ തെല്ലിട വിഷാദപൂർവം ശ്രദ്ധിച്ചു നിന്നു. വിഷയത്തിന്റെ സാരാംശത്തിനു യോജിച്ചവിധം, അന്തസ്സു വിടാത്ത ഗൗരവത്തിൽ അവൻ മനസ്സ

മാറ്റി വന്ന വഴിയേ മുടന്തി നീങ്ങി മടങ്ങിപ്പോയി. അവന്റെ മന്ദഗതിയ്ക്കു വഴിയിലുള്ള കല്ലുകളോ ചെടികളോ തടസ്സം സൃഷ്ടിച്ചില്ല. അവൻ ജാലകത്തിരശ്ശീലയിലെ ഞൊറികൾ കടന്നു പതുക്കെ മടക്കുകളിലേയ്ക്ക് ഊളിയിട്ടിറങ്ങുന്നതു റാന്തൽ തിരിച്ചുവെച്ചിരുന്നെങ്കിൽ ഒരുപക്ഷേ എനിയ്ക്കു നേരിൽ കാണാമായിരുന്നു! സ്വന്തം ശരീരം അലൗകികമായ ചില മൂലകങ്ങൾകൊണ്ടു നിർമ്മിച്ചതാണെന്നു തെളിയിയ്ക്കുന്ന വിധം നേർക്കുനേരേ നിരന്നു നിന്ന സകല ഭൗതികവസ്തുക്കളേയും മറികടന്നു ഗോലോ മുന്നോട്ടു നീങ്ങി. അസ്ഥികൂടം ചർമ്മംകൊണ്ടു മൂടുന്നതുപോലെ സകല വസ്തുക്കളേയും അവന്റെ ആത്മാവ് പിടിച്ചെടുത്തു. ഉദാഹരണത്തിനു വാതിൽപ്പിടിയുടെ പ്രതലത്തിലൊരു ചുവന്ന പട്ടുടുപ്പോ വിഷാദം വിടാത്ത മുഖമോ പ്രതിഫലിപ്പിച്ച്, വൈമനസ്യങ്ങളേതുമില്ലാതെ സകല വസ്തുക്കളുമായും അവൻ താദാത്മ്യപ്പെട്ടു.

മെറോവിഞ്ജിയക്കാരുടെ പ്രാചീനചരിത്രങ്ങളിൽനിന്നു നേരേ ഉയിർത്തെഴുന്നേറ്റു ഭൂതകാലസ്മരണകളുണർത്തുന്ന ആ ചിത്രങ്ങളുടെ അപൂർവചാരുതയിൽ മയങ്ങി ഞാനേറെനേരം നിശ്ചലനായി ഇരുന്നു. എന്റെ സ്വകാര്യസങ്കൽപ്പങ്ങളിൽ ആണ്ടു മുഴുകി, എന്റെ പ്രതിരൂപമായി മാറി, ആ മുറിയിൽ പെട്ടെന്നുണ്ടായ നിഗൂഢമായൊരു സൗന്ദര്യത്തിന്റെ തള്ളിക്കയറ്റം മൂലം എനിയ്ക്കുണ്ടായ അസ്വസ്ഥത അസഹ്യമായിരുന്നു. ശീലത്തിന്റെ മയക്കത്തിൽ ദുഃഖകരമായ പല വിഷയങ്ങളും ആലോചിച്ചു ഞാനേറെ വികാരാധീനനാകാൻ തുടങ്ങി. ഈ ലോകത്തു ഞാൻ വളരെയേറെ മഹത്വം കൽപ്പിച്ചിരുന്ന, നിർദ്ദേശങ്ങളില്ലാതെ സ്വയം തുറക്കാവുന്ന, ഈ കിടപ്പുമുറിയുടെ വാതിൽപ്പിടി ഇതാ, ഗോലോയുടെ സൂക്ഷ്മശരീരമായി മാറിക്കഴിഞ്ഞു! അതുകൊണ്ട് അത്താഴത്തിന്റെ മണി മുഴങ്ങിയ ഉടനെ ഭക്ഷണമുറിയിലേയ്ക്കു പോകാനായി ഞാൻ കോണിപ്പടികൾ ചാടിയിറങ്ങി. മേൽത്തട്ടിൽനിന്നു താഴോട്ടു തൂങ്ങിക്കിടന്ന വിളക്കിന്റെ നാളങ്ങൾ, വൈകുന്നേരങ്ങളിലെ പതിവുപോലെ ഗോലോയുടെ സൂക്ഷ്മസാന്നിദ്ധ്യത്തെക്കു

റിച്ചു വേവലാതിപ്പെടാതെ, മേശപ്പുറത്തു നിരത്തിയ പൊരിച്ച ഇറച്ചിക്കറിയുടേയും ചിരപരിചിതരായ കുടുംബാംഗങ്ങളുടേയും നേർക്കുമാത്രം വെളിച്ചം ചൊരിഞ്ഞു. ഗോലോയുടെ ക്രൂരകൃത്യങ്ങൾ നിഷ്കൃഷ്ടമായൊരു നിരീക്ഷണത്തിനു വിധേയമാക്കിയതിന്റെ ആലസ്യവും ജനിവിവെ ബ്രാബന്ദ സംഭവിച്ച നിർഭാഗ്യകരമായ പതനത്തിന്റെ അസ്വസ്ഥതയും സഹിയ്ക്കാനാവാതെ ഞാനപ്പോൾ എനിയ്ക്കേറ്റവും പ്രിയപ്പെട്ട അമ്മ വാത്സല്യപൂർവം നീട്ടിപ്പിടിച്ച കൈകളിലേയ്ക്കു നിസ്സങ്കോചം ചെന്നു വീണു.

അത്താഴത്തിനുശേഷം അമ്മ പക്ഷേ, കുടുംബാംഗങ്ങളുമായി വർത്തമാനം പറഞ്ഞിരുന്നതുകൊണ്ട് എനിയ്ക്കുടനെ മുറിയിലേയ്ക്കു മടങ്ങേണ്ടിവന്നു. തെളിഞ്ഞ കാലാവസ്ഥയാണെങ്കിൽ ഉദ്യാനത്തിലും മഴ പെയ്യുന്നുണ്ടെങ്കിൽ ചെറിയ ഇടനാഴിയിലും അവരെല്ലാം വട്ടം കൂടിയിരുന്നു സംസാരിയ്ക്കുകയാണു പതിവ്. 'നാട്ടിൻപുറത്തു താമസിയ്ക്കുന്നവർ മുറിയ്ക്കുള്ളിൽ അടച്ചിരിയ്ക്കുന്നതു തീർത്തും പരിതാപകരമാണെ'ന്ന മുത്തശ്ശിയുടെ അഭിപ്രായം മറ്റുള്ളവരത്ര കാര്യമായെടുക്കാറില്ല. മഴയുള്ളപ്പോഴൊക്കെ അവർ അച്ഛനുമായി അവസാനിയ്ക്കാത്ത ചർച്ചകളിൽ മുഴുകി രസിച്ചിരിയ്ക്കാറുണ്ട്. അച്ഛനെന്നെ പുറത്തു പോകുന്നതു തടഞ്ഞു കൈയിലൊരു കഥാപുസ്തകവും പിടിപ്പിച്ചു മുകളിലെ മുറിയിലേയ്ക്കു പറഞ്ഞയയ്ക്കും. "അവനു ചുണയും ചൊടിയുമുണ്ടാകാൻ ഇതല്ല വഴി!", മുത്തശ്ശി അച്ഛനോടു പരിഭവിയ്ക്കും; "പ്രത്യേകിച്ചും ഈ കൊച്ചുമിടുക്കനു തേജസ്സും ഓജസ്സും അത്യാവശ്യമായ ഈ പ്രായത്തിൽ!". പക്ഷേ, അച്ഛൻ നിഷേധാർത്ഥത്തിൽ ചുമലിളക്കി വീണ്ടും താപമാപിനിയിലേയ്ക്കു ശ്രദ്ധ തിരിയ്ക്കും. അന്തരീക്ഷവിജ്ഞാനീയത്തിൽ മാത്രമായിരുന്നു അച്ഛനു താൽപ്പര്യം. അമ്മയാകട്ടെ, അനന്യമായ ആ ബുദ്ധിയുടെ നിഗൂഢതകളിലേയ്ക്കു ചുഴിഞ്ഞിറങ്ങാൻ ശ്രമിയ്ക്കാതെ, സൗമ്യമായ ആദരവോടെ ഭർത്താവിനെ നോക്കിക്കൊണ്ടിരുന്നു. പൊടുന്നനെ തുള്ളിയ്ക്കൊരു കുടമെന്ന മട്ടിൽ മഴ കോരിച്ചൊരിയാൻ തുടങ്ങി. അടുക്കളയിൽനിന്നു വന്ന ഫ്രാങ്കോയ്സ് വിലപിടിച്ച ചൂരൽക്ക

സേരകൾ നനഞ്ഞു കുതിരാതെ ഓരോന്നായി തലയിൽ കമഴ്ത്തി വെച്ച് അകത്തേയ്ക്കോടുമ്പോൾ, മുത്തശ്ശി തണുത്ത മഴയുടെ ജീവസന്ദായകമായ നിർവൃതി നുകരുന്നതിനുവേണ്ടി, പുരികവും നെറ്റിയും വെളിവാക്കി പിന്നിലേയ്ക്കു വിടർത്തിയിട്ട നരച്ച മുടി കാറ്റിൽ പറത്തി, വിജനമായ ഉദ്യാനത്തിൽ അങ്ങോട്ടുമിങ്ങോട്ടും ലാത്തുന്നതിനിടയിൽ തെല്ലൊരാശ്വാസത്തോടെ പറയും, “ഹോ, ഒന്നു ശ്വാസം വിടാറായി!”. മഴവെള്ളം തുള്ളിത്തുളുമ്പുന്ന നടപ്പാതയിൽ സൂക്ഷ്മവും ചടുലവുമായ കാലടി പതിപ്പിച്ച് അവർ കുട്ടികളെപ്പോലെ ഓടിക്കളിയ്ക്കും. ആകാശം തെളിയാനുള്ള സാദ്ധ്യതയെക്കുറിച്ചു വ്യാകുലപ്പെടുന്ന അച്ഛന്റെ ഓരോ ചോദ്യത്തിനും രാവിലെമുതൽ ഒരായിരം തവണ ഒരേ ഉത്തരമാണു തോട്ടപ്പണിക്കാരൻ ആവർത്തിച്ചത്; അയാളുടെ നിസ്തുലമായ പ്രകൃതിവിജ്ഞാനത്തിനു തെളിവായിരുന്നു, മുത്തശ്ശിയുടെ മനസ്സിനു തീരെ യോജിയ്ക്കാത്തവിധം ചതുരവടിവിൽ പണിത ഉദ്യാനത്തിലെ നടപ്പാതകൾ!. അവരുടെ കാലടികൾക്കു ചടുലത പകർന്നതു യഥാർത്ഥത്തിൽ, തോട്ടത്തിന്റെ ആ ചതുരവടിവോ, ആരോഗ്യപരിപാലനത്തിലുള്ള ശ്രദ്ധയോ, മന്ദബുദ്ധിയായ എന്റെ മൗഢ്യവിചാരങ്ങളോ, അതൊന്നുമല്ലെങ്കിൽ അവരുടെ ആത്മാവിനെ ആവേശിച്ച കാറ്റിന്റെ ലഹരിയോ ഏതാണെന്നു കൃത്യമായി എനിയ്ക്കിനിയും മനസ്സിലായിട്ടില്ല. ഞങ്ങളുടെ പരിചാരകയ്ക്കു നിരന്തരമായ വേവലാതിയും നിലയ്ക്കാത്ത നിരാശയും നൽകുന്നവിധം മുത്തശ്ശിയുടെ മുന്തിരിനിറമുള്ള പാവാടയിൽ ചെളി തെറിയ്ക്കുമെന്ന ആശങ്കയായിരുന്നില്ല, ആ ചടുലതയ്ക്കു കാരണമെന്നു തീർത്തും എനിയ്ക്കുറപ്പുണ്ട്! (അങ്ങനെയൊരു വികാരം സത്യത്തിൽ അവർക്കന്യമായിരുന്നു!)

വ്യായാമങ്ങൾക്കു പൂർണവിരാമമിട്ടു മുത്തശ്ശിയെ വീട്ടിനകത്തേയ്ക്കു വിളിച്ചു വരുത്താൻ, ഒരിയ്ക്കലും പരാജയപ്പെടാത്ത, ഒരുപായമുണ്ട്: വീടിനകത്തൊരു പൂമ്പാറ്റയെപ്പോലെ പാറിനടക്കുന്ന വലിയമ്മായി, മങ്ങിയ വെളിച്ചത്തിൽ ഇടനാഴിയിലെ മേശപ്പുറത്തു മദ്യക്കുപ്പികൾ

നിരത്തിവെച്ചിരിയ്ക്കുന്നതു കണ്ടാലുടനെ ഉറക്കെ വിളിച്ചുപറയും: “ബാതിൽഡാ! വരു, നിന്റെ ഭർത്താവിനോടു വീഞ്ഞു കുടിച്ചതു മതിയെന്നു പറയൂ!”. മാത്രമല്ല, വലിയമ്മായി മുത്തശ്ശിയെ കളിപ്പിയ്ക്കാൻവേണ്ടി മദ്യപാനം നിഷേധിച്ചിരുന്ന മുത്തച്ഛനു നാലു തുള്ളി സ്വയമൊഴിച്ചു കൊടുക്കുകയും ചെയ്യും!. (കുടുംബത്തിലെ അന്തരീക്ഷത്തിനു യോജിയ്ക്കാത്ത മറ്റൊരു മനസ്സുമായി വന്ന മുത്തശ്ശിയോടുള്ള വലിയമ്മായിയുടെ പെരുമാറ്റം മറ്റുള്ളവരൊരു വിനോദോപാധിയാക്കി മാറ്റിയിരുന്നു!) പാവം മുത്തശ്ശി ഉടനെ അകത്തേയ്ക്കു കയറിവന്നു ഭർത്താവിനോടു വീഞ്ഞു രുചിയ്ക്കാൻപോലും പാടില്ലെന്നു ഡോക്ടർ വിലക്കിയ കാര്യം വിനീതമായി ഓർമ്മിപ്പിയ്ക്കും. അനാവശ്യമായി അലോസരപ്പെടുത്തിയതിൽ അസന്തുഷ്ടി പ്രകടിപ്പിച്ചു മുത്തച്ഛനപ്പോൾ ഗ്ലാസിലുള്ള വീഞ്ഞു മുഴുവൻ ഒരൊറ്റ വലിയ്ക്കു കുടിയ്ക്കും! ഭർത്താവിനെ അനുനയിപ്പിയ്ക്കാൻ നടത്തിയ ശ്രമം പരാജയപ്പെട്ടതിൽ വിഷമമുണ്ടെങ്കിലും നൈസർഗികമായ പുഞ്ചിരി മുഖത്തുനിന്നു മായ്ക്കാതെ മുത്തശ്ശി വീണ്ടും പുറത്തേയ്ക്കുപോകും. സ്വന്തം ദുരിതങ്ങളോടുള്ള പരാധീനതയിൽനിന്നു പിറന്ന വിനയവും, മറ്റുള്ളവരോടു കാണിയ്ക്കുന്ന സൗമ്യഭാവത്തിന്റെ ഓമനത്തവും ഒരുപോലെ ചാലിച്ചു മുഖത്തൊരു പുഞ്ചിരിയായി ഒതുക്കിവെയ്ക്കുന്നതാണു മുത്തശ്ശിയുടെ പ്രകൃതം. സാധാരണക്കാരിൽ കണ്ടു വരുന്ന കാപട്യത്തിന്റെ നേരിയൊരു നിഴൽപ്പാടുപോലും ആ മുഖത്തു പ്രത്യക്ഷപ്പെടുന്നതു ഞാനിതുവരെ കണ്ടിട്ടില്ല. ഹൃദയത്തിൽ നിറഞ്ഞു കവിഞ്ഞ വാത്സല്യം നിർലോഭം പകർന്നു കൊടുക്കുമ്പോൾ, ആ നിസ്വാർത്ഥസ്നേഹത്തിനു വിധേയരാകുന്നവരുടെ മുഖത്തേയ്ക്കു ശിരസ്സുയർത്തി നോക്കാൻപോലും ശ്രമിയ്ക്കാത്ത ആ കണ്ണുകളിൽനിന്നു ചുംബനങ്ങൾ താനേ പൊഴിഞ്ഞു വീഴുന്നതായി എനിയ്ക്കു തോന്നാറുണ്ട്. വലിയമ്മായി അവർക്കുനേരേ തൊടുത്തുവിടുന്ന കുത്തുവാക്കുകളും, മുത്തച്ഛനെ മദ്യപാനത്തിൽനിന്നു പിന്തിരിപ്പിയ്ക്കുന്നതിൽ തോൽവി സമ്മതിച്ചു മുത്തശ്ശി നടത്തുന്ന നിഷ്ഫലമായ അനുനയാഭ്യർത്ഥനകളും അക്കാലത്തു നിരന്തരമായി ഞങ്ങൾ കണ്ടു

പോന്നു. അത്തരം വ്യർത്ഥപരിശ്രമങ്ങളുമായി താദാത്മ്യം പ്രാപിച്ചു വളർന്നുവരുമ്പോൾ, ചെറിയൊരു ചിരിയോടെ നോക്കിക്കാണാവുന്നവിധം, അവയൊന്നും ഒരുവിധ പീഡനവുമല്ലെന്ന വിചാരത്തിലേയ്ക്കു നാം പതുക്കെ പ്രലോഭിപ്പിയ്ക്കപ്പെടും. പീഡകന്റെ സന്തോഷാനുഭവം മറ്റുള്ളവരുമായി പങ്കുവെയ്ക്കാൻപോലും അപ്പോൾ നാം നിർബന്ധിതരാകും. എങ്കിലും വലിയമ്മായിയെ അടിച്ചുവീഴ്ത്താനുള്ള അദമ്യമായ ആഗ്രഹത്തോടെ, അകാരണമായൊരു ഭീതിയും വെറുപ്പും എന്റെയുള്ളിൽ അന്നു നിറഞ്ഞുകവിഞ്ഞിരുന്നു. എന്നിട്ടും, 'ബാതിൽഡാ! വരൂ, നിന്റെ ഭർത്താവിനോടു വീഞ്ഞു കുടിച്ചതു മതിയെന്നു പറയൂ!' എന്ന ദുർഭാഷണം കേട്ടു ഭീരുത്വം മൂലം പെട്ടെന്നൊരു മനുഷ്യനായി മാറി, അനീതിയ്ക്കും പീഡനങ്ങൾക്കുമെതിരെ മുതിർന്നവർ പതിവായി പ്രതികരിയ്ക്കുന്നതുപോലെ ഞാനും പെരുമാറി: വലിയമ്മായിയെ നേരിട്ടു കണ്ടു മുട്ടാതെ ഞാൻ ഒഴിഞ്ഞുമാറി നടന്നു!

ഒറ്റയ്ക്കിരുന്നു കരയാൻവേണ്ടി തൽക്ഷണം മുകളിലെ മുറിയിലേയ്ക്കുള്ള കോണിപ്പടികൾ ഞാനോടിക്കയറി. പഠനമുറിയ്ക്കടുത്തുള്ള ആ മുറിയിൽ ഔഷധസസ്യങ്ങളുടെ വേരുകൾ മണക്കുന്നുണ്ടായിരുന്നു. പുറത്തു ചുമരിന്റെ വിള്ളലുകളിൽ പടർന്നു കയറിയ കാട്ടുവള്ളിയുടെ പൂക്കൾ പാതി തുറന്നു കിടന്ന ജനൽപ്പാളിയിലൂടെ അകത്തേയ്ക്കെത്തിനോക്കി. നിന്ദ്യമായൊരു കൃത്യത്തിനുമാത്രമായി മാറ്റിവെച്ച ആ മുറിയിൽനിന്നു ദൂരേയ്ക്കു നോക്കിയാൽ അങ്ങകലെ റൂസ്സൈൻവില്ലെയിലെ ലെപിന്റെ വീടു വ്യക്തമായി കാണാം. എനിയ്ക്കു സ്വയം പൂട്ടാനും തുറക്കാനും അനുവാദമുള്ള വീട്ടിലെ ഒരേയൊരു മുറി അതായിരുന്നു. അതുകൊണ്ട്, ഒറ്റയ്ക്കിരിയ്ക്കാനുള്ള മോഹം തടുത്തു നിർത്താൻ കഴിയാതെ വരുമ്പോൾ, വായിച്ചും സ്വപ്നം കണ്ടും ആവേശങ്ങളുടെ പാരവശ്യമായി കണ്ണീരൊഴുക്കിയും പകൽസമയം ചിലവഴിയ്ക്കാറുള്ള ആ മുറി, എനിയ്ക്കൊരഭയകേന്ദ്രമായിരുന്നു. ഭർത്താവു ചെയ്യുന്ന ചെറിയചെറിയ നിയമലംഘനങ്ങളേക്കാൾ, ആരോഗ്യവും ഇച്ഛാശക്തിയുമില്ലാ

ത്ത എന്റെ ഇരുണ്ട ഭാവിയെക്കുറിച്ചുള്ള ഉൽക്കണ്ഠയായിരുന്നു, മുത്തശ്ശിയുടെ മനസ്സിൽ സദാ ഭീഷണഭാവത്തോടെ കനം തൂങ്ങി നിന്നതെന്നു കഷ്ടം, അന്നു ഞാൻ തീരെ മനസ്സിലാക്കിയില്ല! വീട്ടിനകത്തും പുറത്തും നിരന്തരം ചുറ്റി നടക്കുന്നതിനിടയിൽ വല്ലപ്പോഴും കോണിപ്പടിയിൽവെച്ച് നേർക്കുനേരേ കാണുമ്പോൾ തുടുത്തു ചുളി വീണ കവിളുകളുള്ള ആ സൗമ്യമുഖം ചെറുതായി ചെരിച്ചു സ്വർഗത്തിലേയ്ക്കു നോക്കി എന്നെയോർത്തു പ്രാർത്ഥനാനിരതമാകുന്നതു ഞാൻ ശ്രദ്ധിയ്ക്കാറുണ്ട്. പ്രായാധിക്യം അവരുടെ ഓമനമുഖത്തിനു ശരത്ക്കാലത്തെ ഉഴുതുമറിച്ച നിലത്തിന്റെ നിറമാണു നൽകിയത്. വീട്ടിൽനിന്നു പുറത്തേയ്ക്കു പോകുമ്പോൾ പാതി മറഞ്ഞു കിടക്കുന്ന മുഖാവരണത്തിനു കീഴെ വിഷാദത്തിന്റെ നേരിയ പ്രതിഫലനമായി അറിയാതെ വന്നു വീണ ഒരു കണ്ണീർത്തുള്ളിയുടെ ഉണങ്ങാൻ തുടങ്ങുന്ന കറുത്ത പാട് പലപ്പോഴും എന്റെ കണ്ണിൽപ്പെടാറുണ്ട്!

എന്തായാലും ഉറങ്ങാൻ തുടങ്ങുന്നതിനുമുമ്പ് അമ്മ വന്നു വാത്സല്യപൂർവം കവിളിൽ ചുംബിയ്ക്കുമെന്ന ഒരേയൊരാശ്വാസം മാത്രമാണു മേലോട്ടു കയറുമ്പോൾ എന്റെ മനസ്സിലുണ്ടായിരുന്നത്. അമ്മ പെട്ടെന്നു താഴോട്ടിറങ്ങി പോയതുകൊണ്ട് അന്നെനിയ്ക്കു പക്ഷേ ആ ആനുകൂല്യം ലഭിച്ചില്ല. അവരുടെ തൊങ്ങലുകൾ പിടിപ്പിച്ച നീലനിറമുള്ള മസ്‌ലിൻവസ്ത്രങ്ങൾ ഇടനാഴിയിലെ വാതിലിലുരസി മർമ്മരമുണ്ടാക്കിയ നിമിഷം, അസഹ്യമായൊരു വേദന എനിയ്ക്കനുഭവപ്പെട്ടു. നല്ലൊരു രാത്രി വെറുതെ നഷ്ടപ്പെടുത്താതെ, ശുഭപ്രതീക്ഷ പുലർത്തി, അമ്മ തിരിച്ചെത്തുന്നതുവരെ കാത്തിരിയ്ക്കാൻ ഞാൻ തീരുമാനിച്ചു. ചില ദിവസങ്ങളിൽ എന്നെ വന്നു ചുംബിച്ചശേഷം പുറത്തേയ്ക്കു പോകാൻ വാതിൽ തുറക്കുന്ന അമ്മയെ തിരിച്ചു വിളിച്ച്, 'ഒരിയ്ക്കൽകൂടി, ഒരു ചുംബന'മെന്നു പറയാനെനിയ്ക്കു തോന്നാറുണ്ട്. പക്ഷേ, അതവർക്കു നീരസമുണ്ടാക്കുമെന്നു ഞാൻ മനസ്സിലാക്കി. എന്റെ അസ്വസ്ഥതകൾക്കും വിഷാദങ്ങൾക്കും പരിഹാരമായി ദിവസേന രാത്രി ഉറങ്ങുന്നതിനുമുമ്പു നടക്കുന്ന സാന്ത്വനത്തിന്റെ ഈ ചുംബനം, വെറുമൊരു

അസംബന്ധവും അലോസരവുമായി മാത്രമേ അച്ഛൻ കരുതാറുള്ളു. എന്നെ ഇതുപോലുള്ള നിസ്സാരമായ വാശികളിൽനിന്ന പിന്തിരിപ്പിയ്ക്കാനാണ പക്ഷേ സത്യത്തിൽ അമ്മ ശ്രമിച്ചത്. പതിവുചടങ്ങെന്ന നിലയ്ക്കു രാത്രിയിലൊരു ചുംബനം നൽകുന്നതു കൂടാതെ രണ്ടാമതൊന്നുകൂടി ചോദിയ്ക്കുന്നതു തീർച്ചയായും പരിധി കടന്ന അവർക്കനുവദിയ്ക്കാനാവില്ലെന്നും എനിയ്ക്കറിയാം. അങ്ങനെ അവർ നീരസപ്പെട്ടു നിൽക്കുന്ന കാഴ്ച, തൊട്ടുമുമ്പെനിയ്ക്കു ലഭിച്ച നിർവൃതി നിശ്ശേഷം നശിപ്പിയ്ക്കുമെന്നു ഞാനറിഞ്ഞു. സ്നേഹസാന്ദ്രമായ ആ മുഖം താഴോട്ടു കുനിച്ച് ഒരുപചാരമായി എന്റെ ചുണ്ടുകളിൽ ചേർക്കാൻ ശ്രമിയ്ക്കുമ്പോൾ അമ്മയുടെ സാന്നിദ്ധ്യം പകർന്ന സാന്ത്വനത്തിന്റെ കൂടെ ഉറക്കത്തിന്റെ മയക്കവിദ്യകൂടി ഞാനുള്ളിലേയ്ക്കു വലിച്ചെടുത്തു. അത്താഴത്തിനു മറ്റതിഥികളുള്ള രാത്രികളിൽ അമ്മയ്ക്കെന്നെ തീരെ ശ്രദ്ധിയ്ക്കാനാവാത്ത ചില ദിവസങ്ങളും പതിവുണ്ട്. പക്ഷേ അമ്മയുടെ ഒരു നിമിഷത്തെ സാന്നിദ്ധ്യംപോലും ഞാനേറെ വിലമതിച്ചു! കോംബ്രേയിലെ വീട്ടിൽ വല്ലപ്പോഴും വരുന്ന ഗ്രാമീണരെ മാറ്റിനിർത്തിയാൽ, സത്യത്തിൽ സ്വാൻ മാത്രമായിരുന്നു ഞങ്ങളുടെ ഒരേയൊ'രതിഥി'! (ഞങ്ങൾക്കു പൊരുത്തപ്പെടാനാവാത്ത അനുചിതമായൊരു വിവാഹത്തിന്റെപേരിൽ, ഭാര്യയെ മന:പൂർവം ഒഴിവാക്കി അദ്ദേഹം ഒറ്റയ്ക്കാണു വീട്ടിലേയ്ക്കു വരാറുള്ളത്!) ചിലപ്പോൾ മറ്റൊരു വീട്ടിലെ വിരുന്നിനു ശേഷം അവിചാരിതമായും വരും. അപ്പോഴൊക്കെ വീട്ടുമുറ്റത്തെ ഞാവൽമരത്തിനു ചുവട്ടിൽ വൃത്താകൃതിയിലുള്ള മേശയ്ക്കു ചുറ്റും ഞങ്ങൾ നിരന്നിരിയ്ക്കുന്നുണ്ടാവും. ഉദ്യാനത്തിന്റെ അങ്ങേത്തലയ്ക്കൽനിന്നു മുന്നറിയിപ്പുപോലെ ഉച്ചത്തിൽ മുഴങ്ങിക്കേൾക്കുന്ന സ്വാനിന്റെ സംസാരം അടുത്തു വരുമ്പോഴേയ്ക്കും തണുത്തിഴഞ്ഞ മട്ടിലാവും! ഒരു സന്ദർശകൻ 'മണിയടിയ്ക്കാതെ' കടന്നുവരുന്നതിന്റെ അപമര്യാദയെക്കുറിച്ചു പറയാനാർക്കും അവസരം നൽകാതെ പെട്ടെന്നു വാതിൽമണിയുടെ കാതരമായ ഇരട്ടനാദം മുഴങ്ങും. ശബ്ദം കേൾക്കുന്ന നിമി

ഷം ഞങ്ങളോരോരുത്തരും 'ആരാണിപ്പോൾ ഇങ്ങനെയൊരതിഥി' യെന്ന മട്ടിൽ പരസ്പരം അത്ഭുതം ഭാവിക്കും! പക്ഷേ, ആ അതിഥി സ്വാനാണെന്ന ഞങ്ങൾക്കു നല്ല തീർച്ചയുണ്ട്. നല്ലൊരു മാതൃക കാണിച്ചു തരുന്ന മട്ടിൽ വലിയമ്മായി സ്വരം സ്വാഭാവികമാണെന്ന വരുത്താൻ വല്ലാതെ പണിപ്പെട്ടു ഞങ്ങളോടു പരസ്പരം മന്ത്രിക്കുന്നതു നിർത്താൻ നിർദ്ദേശിക്കും. ഒരപരിചിതൻ കടന്നുവരുമ്പോൾ, തുറന്നു പറയാൻ പാടില്ലാത്ത ചില കാര്യങ്ങളാണു തന്നെക്കുറിച്ചു മറ്റുള്ളവർ സംസാരിക്കുന്നതറിയുന്നതിൽ കവിഞ്ഞു മറ്റൊരരോചകത്വവും സംഭവിക്കാനില്ല! ഉടനെ ഞങ്ങളെല്ലാവരുംകൂടി മുത്തശ്ശിയെ രംഗനിരീക്ഷണം നടത്താൻ പുറത്തേക്കു പറഞ്ഞയക്കും. ഉദ്യാനത്തിൽ ചുറ്റിനടക്കാനൊരു അവസരം ലഭിച്ച സന്തോഷത്തോടെ, ക്ഷൗരം കഴിഞ്ഞ മകന്റെ തലയിലെ കുറ്റിരോമങ്ങൾ തൊട്ടുതലോടുന്ന അമ്മയെപ്പോലെ, ഒന്നുരണ്ടു റോസച്ചെടികളുടെ താങ്ങുകളെടുത്തു മാറ്റി അന്തരീക്ഷത്തിനൊരു സ്വാഭാവികത വരുത്താൻ ആ സന്ദർഭം അവർ സമർത്ഥമായി ഉപയോഗിക്കും.

അതിക്രമിച്ചു കടന്നു വരാനിടയുള്ളവർ ഒരുപാടു പേരുണ്ടെന്നൊരു ഭയാശങ്ക നിലനിൽക്കെ, ശത്രുവിനെക്കുറിച്ചുള്ള വാർത്തയുമായി തിരിച്ചെത്തിയ മുത്തശ്ശിയുടെ ചുണ്ടിൽനിന്നുതിരുന്ന വാക്കുകൾക്കു വേണ്ടി ഞങ്ങൾ അക്ഷമരായി കാതോർക്കും. അപ്പോൾ കാര്യം പെട്ടെന്നു മനസ്സിലാക്കി മുത്തച്ഛൻ വിളിച്ചുപറയും: “അതാ, സ്വാനിന്റെ സ്വരം വ്യക്തമായി കേൾക്കുന്നുണ്ട്!”. ഉദ്യാനത്തിൽ കൊതുകുശല്യമകറ്റാനൊരുക്കിയ അരണ്ട വെളിച്ചത്തിൽ, മുഴങ്ങുന്ന ആ ശബ്ദംകൊണ്ടു മാത്രമാണു ഞങ്ങളദ്ദേഹത്തെ തിരിച്ചറിഞ്ഞത്. പരിഷ്കൃതശൈലിയിൽ വേഷം ധരിച്ചു വളഞ്ഞ മൂക്കും പച്ചക്കണ്ണുകളും മുടിയിഴകൾ വീണ വീതിയുള്ള നെറ്റിയുമായി സ്വാനിനെ നേരിൽക്കണ്ടു തിരിച്ചറിയാൻ ഞങ്ങളേറെ പണിപ്പെട്ടു. ആതിഥേയമര്യാദയുടെ വിഷയത്തിൽ മുത്തശ്ശി പ്രത്യേകമായൊരു നിഷ്ക്കർഷ പുലർത്താറുള്ള കാര്യം എനിക്കു നന്നായറിയാം. അതുകൊണ്ടു വിശേഷിച്ചെന്തിനെ

ങ്കിലുമാണെന്ന തോന്നാത്തവിധം ഞാനവിടെനിന്ന പതുക്കെ തെന്നിമാറി അതിഥികൾക്കായി മാറ്റിവെച്ച മധുരവീഞ്ഞു കൊണ്ടുവരാൻ ഭൃത്യരോടാവശ്യപ്പെട്ടു. പ്രായത്തിൽ വളരെ വ്യത്യാസമുണ്ടെങ്കിലും മുത്തച്ഛനുമായി സ്വാൻ നല്ല അടുപ്പത്തിലായിരുന്നു. മുത്തച്ഛനും സ്വാനിന്റെ അച്ഛനും ഒരുകാലത്ത് അടുത്ത സുഹൃത്തുക്കളുമായിരുന്നു. പഴയ സുഹൃത്തിന്റെ വിചിത്രമായ വ്യക്തിത്വവും പെരുമാറ്റരീതികളും സംബന്ധിച്ച മുത്തച്ഛൻ ഞങ്ങളോടു ഭക്ഷണം കഴിയ്ക്കുന്നതിനിടയിൽ പലപ്പോഴും വിശദമായി പറയാറുണ്ട്. മാത്രമല്ല, ഒരേ കാര്യം ഒരു വാക്കുപോലും മാറ്റാതെ മുത്തച്ഛൻ പലതവണ ആവർത്തിയ്ക്കുകയും ചെയ്യും. എന്തിലും ഏതിലും ആവേശപൂർവം മുഴുകാറുള്ള സ്വാനിന്റെ അച്ഛൻ പക്ഷേ നിസ്സാരമായ കാരണങ്ങളിൽ തട്ടി ചിലപ്പോൾ സമനില തെറ്റി, പരിസരബോധംപോലും നഷ്ടപ്പെട്ടു വികാരങ്ങളുടെ കുത്തൊഴുക്കിൽ നിസ്സഹായനായി വിലപിയ്ക്കുന്നതു മുത്തച്ഛൻ കണ്ടിട്ടുണ്ട്! രോഗം ബാധിച്ച കിടപ്പിലായ ഭാര്യയെ അദ്ദേഹം രാപ്പകൽ ഉറക്കമൊഴിച്ച ശുശ്രൂഷിച്ചു; അവസാനം അവരുടെ മരണവാർത്ത കേട്ടു നേരിൽക്കണ്ട് അനുശോചനമറിയിയ്ക്കാനായി മുത്തച്ഛൻ കോംബ്രേയിലുള്ള അദ്ദേഹത്തിന്റെ വീട്ടിലെത്തി; അവർ തമ്മിൽ കുറച്ചു കാലമായി സമ്പർക്കങ്ങളൊന്നുമുണ്ടായിരുന്നില്ല; ഭാര്യയുടെ മൃതദേഹം ശവമഞ്ചത്തിലെടുത്തുവെയ്ക്കുന്ന കാഴ്ചയൊഴിവാക്കാൻവേണ്ടി മുത്തച്ഛൻ, സങ്കടം സഹിയ്ക്കാതെ തേങ്ങിക്കരയുന്ന സുഹൃത്തിനെ സാന്ത്വനവാക്കുകൾ പറഞ്ഞു പുറത്തേയ്ക്കു കൂട്ടിക്കൊണ്ടുപോയി; അന്നത്തെ പകലിനു പ്രത്യേകമായൊരു പ്രകാശമുണ്ടായിരുന്നു! ഉദ്യാനത്തിൽ രണ്ടുപേരുംകൂടി ഒന്നുരണ്ടു ചാൽ നടന്നുകഴിഞ്ഞ ഉടനെ അദ്ദേഹം മുത്തച്ഛന്റെ കൈ കടന്നുപിടിച്ചു പറയാൻ തുടങ്ങി: “സുഹൃത്തേ, ഇത്ര സുന്ദരമായൊരു ദിവസം നമുക്കൊന്നിച്ച് ഇവിടെയിങ്ങനെ നടക്കാൻ കഴിഞ്ഞതെത്ര സുകൃതം! നോക്കു, താങ്കൾ കാണുന്നില്ലേ, പൂവിട്ടു തുടങ്ങിയ ആ മുല്ലവള്ളി..! ഇതാ, ഞാൻ പുതിയതായി പണിത താമ

രപ്പൊയ്ക്ക..! എന്തേ താങ്കളൊരഭിപ്രായം പറഞ്ഞില്ല? ഇന്നെന്തു പറ്റി, താങ്കൾക്കൊരു വല്ലാത്ത മൗഢ്യം? ഇന്നലെ രാത്രി പതിവിൽക്കവി ഞ്ഞെന്തെങ്കിലും സേവിച്ചിരിയ്ക്കും! നോക്കു, ഈ തണുത്ത കാറ്റിന്റെ തലോടൽ എത്ര സുഖകരമായിരിയ്ക്കുന്നു! എന്തൊക്കെ പറഞ്ഞാലും ഇതൊക്കെയാണു ജീവിതസാഫല്യം! എന്റെ പ്രിയപ്പെട്ട അമേദീ...!" പെട്ടെന്നു മരിച്ചുപോയ ഭാര്യയുടെ വിചാരം അദ്ദേഹത്തിന്റെ മനസ്സി ലേയ്ക്കു തള്ളിക്കയറി. പക്ഷേ, ദൗർഭാഗ്യകരമായ ആ സംഭവം ഓർ ത്തെടുത്തു മനസ്സു മരവിപ്പിയ്ക്കുന്നതിനേക്കാൾ, അദ്ദേഹം ആ നിമിഷം ആസ്വദിച്ച ആഹ്ലാദാതിരേകത്തിൽ ഒഴുകിപ്പോകാനാണു താൽപ്പര്യ പ്പെട്ടത്. പക്ഷേ, അമ്പരപ്പിയ്ക്കുന്ന ചില ചോദ്യങ്ങൾ മനസ്സിലേയ്ക്കു ത ള്ളിക്കയറി വരുമ്പോൾ പതിവായി ചെയ്യാറുള്ളതുപോലെ അദ്ദേഹം വലതുകൈ നെറ്റിയിൽ ചേർത്തുവെച്ചു വിരലുകൾകൊണ്ടു കണ്ണു തി രുമ്മി കണ്ണടയെടുത്തു തുടയ്ക്കാൻ തുടങ്ങി. പ്രിയപ്പെട്ട ഭാര്യ വേർപിരി ഞ്ഞ ദു:ഖം അദ്ദേഹത്തിനു സഹിയ്ക്കാനായില്ല! വിധുരനായി കഴിഞ്ഞു പോന്ന കാലത്തു മുത്തച്ഛനെ കാണുമ്പോൾ അദ്ദേഹം കൂടെക്കൂടെ പ റയും, "കഴിഞ്ഞതെല്ലാം ഒരു തമാശയായി തോന്നുന്നു! പാവം, അ മേദിയെക്കുറിച്ചു ഞാനിടയ്ക്കിടെ ഓർക്കാറുണ്ട്; പക്ഷേ, കൂടുതലൊന്നും വേവലാതിപ്പെടാറില്ല!". അതിനുശേഷം, എപ്പോഴും എവിടേയും ഉപ യോഗിയ്ക്കാവുന്ന ആ പ്രയോഗം മുത്തച്ഛനു വളരെ പ്രിയപ്പെട്ടതായി മാ റി: 'ഇടയ്ക്കിടെയാവാം, പക്ഷേ ഓരോ തവണയും വളരെക്കുറച്ചുമാത്രം, സ്വാനിനെപ്പോലെ!'. ഇത്തരം വിഷയങ്ങളിൽ എന്നേക്കാൾ നല്ല വി ധികർത്താവായ മുത്തച്ഛന്റെ ഓരോ വാക്കും ഞാനൊരു വേദവാക്യം പോലെ മനസ്സിൽ സൂക്ഷിച്ചു. അങ്ങനെ കുറ്റാരോപണത്തിന്റെ പരി ധിയിലാണെന്നു തോന്നിയ പല ദുർവൃത്തികളും പിന്നീടെനിയ്ക്കു പൊ റുക്കാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷേ, സുഹൃത്തിനെക്കുറിച്ചു പറയുമ്പോൾ മുത്തച്ഛൻ, 'എന്തായാലും ആ മനസ്സു തനിത്തങ്കമായിരുന്നെ'ന്നൊരു വിധിനിർണയം നടത്തിയിരുന്നില്ലെങ്കിൽ ഞാനൊരുപക്ഷേ അദ്ദേ ഹത്തെ ഒരു ഭീകരജീവിയായിപ്പോലും കണക്കാക്കുമായിരുന്നു!

അദ്ദേഹത്തിന്റെ മകനായ സ്വാൻ പണ്ടു മിക്ക ദിവസങ്ങളിലും കോംബ്രേയിലെ ഞങ്ങളുടെ വീട്ടിൽ സന്ദർശനം നടത്തിയിരുന്നു. പക്ഷേ, പിന്നീടദ്ദേഹം വിവാദകരമായൊരു വിവാഹത്തെത്തുടർന്നു ഞങ്ങളെപ്പോലുള്ളവരുടെ വീട്ടിലേയ്ക്കു വരാതായി. എങ്കിൽപ്പോലും മുത്തച്ഛനും വലിയമ്മായിയുമടക്കം ഞങ്ങൾക്കൊരിയ്ക്കലും സംശയം തോന്നാത്ത പ്രച്ഛന്നഭാവത്തോടെയാണു മരിച്ചുപോയ സ്വാനിന്റെ മകനായി അദ്ദേഹം പെരുമാറിപ്പോന്നത്. അതേസമയം, കുപ്രസിദ്ധനായൊരു കള്ളൻ ഒരേ മേൽക്കൂരയ്ക്കുകീഴെ ഒരുമിച്ചാണുറങ്ങുന്നതെന്നു മനസ്സിലാവാത്ത മന്ദരായ സത്രംസൂക്ഷിപ്പുകാരെപ്പോലെ, വെയിൽസ് രാജകുമാരന്റെ ആത്മസുഹൃത്തും ജോക്കി ക്ലബ്ബിലെ സജീവാംഗവും സാങ്ജർമ്മനിലെ പ്രഭുകുടുംബങ്ങൾക്കു പ്രിയങ്കരനുമായ സ്വാനിനു ഞങ്ങൾ ഹൃദ്യവും നിഷ്ക്കപടവുമായ അഭയം നൽകി.

പരിഷ്കൃതലോകത്തെ നൂതനാശയങ്ങളും വിഷയങ്ങളുമായി ബന്ധപ്പെട്ടു സ്വാൻ എത്ര സജീവമായാണു പ്രവർത്തിയ്ക്കുന്നതെന്നു പക്ഷേ ഞങ്ങൾക്കറിയാമായിരുന്നില്ല. സഹജമായ വിനയവും മിതഭാഷണശൈലിയും മൂലം ഞങ്ങൾക്കദ്ദേഹത്തെ മനസ്സിലാക്കാൻ കഴിഞ്ഞില്ലെന്നതാണു സത്യം! മാത്രമല്ല, അക്കാലത്തു മദ്ധ്യവർഗക്കാർ സാമൂഹ്യസംവിധാനത്തെക്കുറിച്ചു പുലർത്തിപ്പോന്ന മിക്കവാറും ഹൈന്ദവമായൊരു കാഴ്ചപ്പാടുകൂടി അതിനു കാരണമായെന്നു പറയാതെ വയ്യ! ജന്മനാ ലഭിയ്ക്കുന്ന സാമൂഹ്യസ്ഥിതി, കൃത്യമായ അതിർവരമ്പുകളോടെ ജാതികളായി വിഭജിയ്ക്കുന്ന ആ സംവിധാനത്തിൽ, ഉന്നതമായ പദവിയോ 'നല്ലൊരു' വിവാഹമോ മാത്രമായിരുന്നു, തന്നേക്കാളുയർന്ന ജാതിയിലേയ്ക്കുള്ള പ്രവേശനത്തിന്റെ മാനദണ്ഡം! വരുമാനക്കണക്കനുസരിച്ചു ചില പ്രത്യേകപരിധികൾക്കുള്ളിൽ നികുതിദായകരെ ഉൾപ്പെടുത്തുന്നതുപോലെ, ഓഹരിദല്ലാളായിരുന്ന അച്ഛനെത്തുടർന്നു മകനും അതേ പാത പിന്തുടരാൻ നിർബന്ധിതനായി. ആ കുടുംബം സാധാരണ ഇടപഴകാറുള്ളവരെക്കുറിച്ചു ഞങ്ങൾക്കു നല്ല ധാരണയുണ്ടായിരുന്നതുകൊണ്ട്, സ്വാൻ 'കുടിച്ചേരാ'നിട

യുള്ളവരെക്കുറിച്ചും ഞങ്ങളതേ നിലപാടു കൈക്കൊണ്ടു. അവർക്കപ്പുറമേ അദ്ദേഹവുമായി ബന്ധപ്പെടാറുള്ളതു മറ്റു വ്യക്തിതാൽപ്പര്യങ്ങളുള്ള ചില സമവയസ്കർ മാത്രമായിരുന്നു. ഞങ്ങളെപ്പോലുള്ള കുടുംബസുഹൃത്തുക്കളാകട്ടെ അത്തരക്കാരെ പൊതുവേ ശ്രദ്ധിയ്ക്കാറുമില്ല. അച്ഛൻ മരിച്ചു സ്വയം അനാഥനായതിനുശേഷവും സ്വാൻ പഴയ സൗഹൃദവും വിശ്വസ്തതയും മാനിച്ചു ഞങ്ങളെ കാണാൻ വരാറുണ്ട്. പക്ഷേ, പുറത്തൊരുമിച്ചു നടക്കുമ്പോൾ, വഴിയിൽവെച്ചു കണ്ടുമുട്ടുന്ന സമവയസ്കരായ സുഹൃത്തുക്കൾ, തൊപ്പി കൈയിലെടുത്ത് അഭിവാദ്യം ചെയ്യാനുള്ള മാന്യതപോലുമില്ലാത്തവരാണെന്നു ഞങ്ങളുടുതപ്പെട്ടു. സാധാരണ ഓഹരിദല്ലാളന്മാരുടെ മക്കളിൽനിന്നു വ്യത്യസ്തനായി സ്വാനിന്റെ മൗലികവും നിർണായകവുമായ ആ ഘടകം, സത്യത്തിൽ വളരെ നികൃഷ്ടമായൊരു നിലവാരത്തിലേയ്ക്കാണു വിരൽ ചൂണ്ടിയത്. ലളിതജീവിതം നയിയ്ക്കുകയും ചിത്രങ്ങളും പുരാവസ്തുക്കളും ശേഖരിയ്ക്കുന്നതിൽ പതിവിലേറെ കമ്പം പുലർത്തുകയും ചെയ്ത അദ്ദേഹം കൈയ്ഓർലിയൻസിലെ പഴയൊരു വീട്ടിലാണു താമസിച്ചിരുന്നത്. സ്വാനിന്റെ ചിത്രശേഖരം കാണാൻ മുത്തശ്ശിയ്ക്കു നല്ല മോഹമുണ്ടായിരുന്നു; പക്ഷേ, വലിയമ്മായിയുടെ ദൃഷ്ടിയിൽ കാലെടുത്തു കുത്താൻപോലും കൊള്ളാത്തവിധം തരം താഴ്ന്നതായിരുന്നു കൈയ്ഓർലിയൻസ് തെരുവ്! “സത്യത്തിൽ താങ്കളൊരു കലാരസികനാണോ?”, വലിയമ്മായി ചിലപ്പോൾ അദ്ദേഹത്തോടു ചോദിയ്ക്കും, “താങ്കളുടെ നന്മ കരുതി പറയുകയാണ്, കച്ചവടക്കാർ ഒരുപാടു 'വ്യാജ'വസ്തുക്കൾ കെട്ടിയേൽപ്പിയ്ക്കാനിടയുണ്ട്!”. സ്വാനിന്റെ നിരീക്ഷണപാടവത്തേയും ബുദ്ധിശക്തിയേയുംകുറിച്ചു വലിയമ്മായിയ്ക്കു യാതൊരു മതിപ്പുമുണ്ടായിരുന്നില്ല. പാചകക്കുറിപ്പുകളുടെ വിശദാംശങ്ങൾ വിവരിയ്ക്കുമ്പോൾ മാത്രമല്ല മുത്തശ്ശിയുടെ സഹോദരിമാരുമായി കലാവിഷയങ്ങൾ സംസാരിയ്ക്കുമ്പോൾപ്പോലും ഗൗരവമുള്ള ചർച്ചകളൊഴിവാക്കി മിക്കവാറും വിരസവും കണിശവുമായൊരു രീതിയാണു സ്വാൻ സ്വീകരിച്ചത്. ഒരു ചിത്രത്തിന്റെ കലാമൂല്യത്തെക്കുറിച്ചു വിശദീ

കരിയ്ക്കാൻ നിർബന്ധിയ്ക്കപ്പെട്ടാൽ, ചിലപ്പോൾ മര്യാദകേടെന്നുപോലും കരുതാവുന്നവിധം അദ്ദേഹം മിണ്ടാതിരിയ്ക്കും! അല്ലെങ്കിൽ ചിത്രം ആദ്യമായി പ്രദർശിപ്പിച്ച ചിത്രശാലയോ പുറത്തിറങ്ങിയ വർഷമോപോലെ ചില വസ്തുതകൾമാത്രം സൂചിപ്പിച്ച് മറുപടി പെട്ടെന്നവസാനിപ്പിയ്ക്കും. അതേസമയം, ആയിടയ്ക്കു നടന്ന ചില വീരകൃത്യങ്ങളുടെ കഥകൾ വിശദമായി പറഞ്ഞു ഞങ്ങളെ വിസ്മയിപ്പിയ്ക്കാൻ അദ്ദേഹം പ്രത്യേകമായൊരു ഔത്സുക്യം കാണിയ്ക്കാറുമുണ്ട്. അങ്ങനെ ഓരോ ദിവസത്തേയ്ക്കും പറ്റിയ പുതിയൊരു കഥ സ്വാനിന്റെ മനസ്സിലുണ്ടാവും! ഞങ്ങൾക്കു നേരിട്ടു പരിചയമുള്ള കോംബ്രേയിലെ കെമിസ്റ്റോ കുശിനിക്കാരനോ വണ്ടിക്കാരനോ അങ്ങനെയാരെങ്കിലുമായിരിയ്ക്കും കഥയിലെ പ്രധാനകഥാപാത്രം. കഥ കേൾക്കുമ്പോൾ പക്ഷേ, വലിയമ്മായിയ്ക്കു ചിരിയൊതുക്കാൻ കഴിയാറില്ല. കഥ പറയുന്നതിൽ പ്രകടമായ നർമ്മബോധമോ പരിഹാസ്യനായ കഥാപാത്രത്തിന്റെ നിസ്സഹായതയോ എന്താണു ചിരിയ്ക്കു കാരണമായതെന്നു വ്യക്തമാക്കാതെ, 'എന്തായാലും സ്വാൻ, താങ്കളൊരു പ്രത്യേകജനുസ്സാണെ'ന്ന നിർദ്ദോഷമായ അഭിപ്രായം മാത്രമേ അവർ പുറപ്പെടുവിയ്ക്കാറുള്ളൂ!

വലിയമ്മായി ചിലപ്പോൾ സംഭാഷണമദ്ധ്യേ സ്വാനിനെക്കുറിച്ച്, പ്രത്യേകിച്ചും അപരിചിതരോട്, ഊന്നിപ്പറയുന്ന ഒരു കാര്യമുണ്ട്: ധനാഢ്യനായൊരു അച്ഛന്റെ മകനെന്ന നിലയ്ക്കു സ്വാനിനു താൽപ്പര്യമുണ്ടെങ്കിൽ സമൂഹത്തിലെ ഉന്നതകുടുംബങ്ങൾ പാർക്കുന്ന ബോലെവാർഡിലോ അവന്യൂ ലാപെരായിലോ സ്വന്തമായൊരു വീടു വാങ്ങാൻ യാതൊരു വിഷമവുമില്ല; പകരം താരതമ്യേന തരം താഴ്ന്ന ഒരു പ്രദേശത്തു താമസിയ്ക്കുന്നതു മറ്റുള്ളവരിലൊരു അമ്പരപ്പ് സൃഷ്ടിയ്ക്കാനുള്ള വിചിത്രമായൊരു ഭ്രമം മാത്രമാണെന്നുകൂടി അവർ വിശദീകരിയ്ക്കും. പാരീസിൽ താമസിയ്ക്കുന്ന കാലത്തു നവവത്സരസമ്മാനവുമായി വരുന്ന സ്വാനിനോട്, പ്രത്യേകിച്ചും അപരിചിതരടുത്തുണ്ടെങ്കിൽ, വലിയമ്മായി ഒരിയ്ക്കലും മുടങ്ങാതെ പറയുന്ന ഒരു വാചകമുണ്ട്: “അല്ല സ്വാൻ, ലിയോൺസിലേയ്ക്കുള്ള വണ്ടി തെറ്റാതിരിയ്ക്കാൻ

ഇപ്പോഴും വോൾട്സിനടുത്തുള്ള ആ പഴയ വീട്ടിലാണോ താങ്കൾ താമസിയ്ക്കുന്നത്?", ചോദ്യത്തിനുശേഷം അവർ കണ്ണടയ്ക്കിടയിലൂടെ ഒളികണ്ണിട്ടു സന്ദർശകരെ അർത്ഥഗർഭമായൊന്നു നോക്കും!

ഓഹരിദല്ലാളായ സ്വാനിന്റെ മകനെന്ന നിലയ്ക്കു ന്യായാധിപരും അഭിഭാഷകരുമുൾപ്പെട്ട 'ഉയർന്ന മദ്ധ്യവർഗ'ത്തിലുള്ളവർക്കു സ്വീകാര്യനാകാൻ തക്ക 'യോഗ്യത' തീർച്ചയായും അദ്ദേഹത്തിനുണ്ടായിരുന്നു. പക്ഷേ, പൈതൃകമായി ലഭിച്ച ആ വിശേഷാനുകൂല്യം നിർദ്ദയം തള്ളിക്കളയാൻപോലും അദ്ദേഹം മടിച്ചില്ല! കൂടാതെ, അദ്ദേഹത്തിനു പലരോടും രഹസ്യമായ മറ്റൊരു ബന്ധംകൂടിയുണ്ടെന്നു മനസ്സിലായിരുന്നെങ്കിൽ ഒരുപക്ഷേ വലിയമ്മായിയുടെ ആശ്ചര്യം അതിരു കടക്കുമായിരുന്നു! അത്താഴം കഴിഞ്ഞു ഞങ്ങളുടെ വീട്ടിൽനിന്നിറങ്ങുന്ന അദ്ദേഹം തെരുവിലെ തിരിവു കടക്കേണ്ട താമസം, പെട്ടെന്നു കാലടി പിന്നോട്ടു വലിച്ചു പഴയ സഹപ്രവർത്തകർ കാലെടുത്തുകുത്താൻപോലും മടിയ്ക്കുന്ന ചില വീടുകളിലേയ്ക്കു കയറിച്ചെല്ലും. ഓരോരോ വിഷയങ്ങളെക്കുറിച്ചു സരസമായി സംസാരിച്ചുകൊണ്ടിരിയ്ക്കുന്ന സ്വാൻ, അടുത്ത നിമിഷം അത്യാവേശത്തോടെ നഗ്നനേത്രങ്ങൾക്കു കാണാനാവാത്ത 'തെറ്റിസി'ന്റെ സ്വർഗീയസാമ്രാജ്യത്തിലേയ്ക്കു കടന്നുകയറുമെന്ന്, വെർജിൽ വിവരിയ്ക്കുന്നതുപോലെ അവരുടെ നീട്ടിപ്പിടിച്ച കരതലങ്ങളിൽ സ്വയം ചെന്നു വീഴുമെന്ന്, വായനയുടെ വിഷയത്തിൽ അരിസ്റ്റയൂസുമായി ആത്മബന്ധമുണ്ടെന്നു സ്വയം അവകാശപ്പെട്ട വലിയമ്മായിയ്ക്കുപോലും ചിന്തിയ്ക്കാനായില്ല. നിധികുംഭങ്ങൾ സൂക്ഷിച്ചു വെച്ച ഗുഹയിലേയ്ക്കു മറ്റാരും കാണാതെ ഒറ്റയ്ക്കു കടക്കാനൊരുങ്ങുന്ന ആലിബാബയുടെ ചിത്രം മേശപ്പുറത്തെ തളികയിൽ തെളിഞ്ഞു കാണുമ്പോൾ, ഒരു ദിവസം ആ തസ്കരവീരന്റെ കൂടെയിരുന്നു ഭക്ഷണം കഴിയ്ക്കാമെന്നു വ്യാമോഹിയ്ക്കുന്നതുപോലെ ആ വിഷയം വലിയമ്മായിയ്ക്കു തീർത്തും അവിശ്വസനീയമായി തോന്നാതിരിയ്ക്കില്ല!

ഒരു ദിവസം രാത്രി വൈകി വന്ന സ്വാൻ പതിവില്ലാതെ നിശാവസ്ത്രങ്ങൾ ധരിച്ചതിനെച്ചൊല്ലി ഞങ്ങളോടു ക്ഷമ ചോദിച്ചു. അദ്ദേ

ഹം പൊയ്ക്കഴിഞ്ഞ ഉടനെ ഫ്രാങ്കോയ്സ് വണ്ടിക്കാരനിൽനിന്നു മനസ്സിലാക്കിയ ഒരു രഹസ്യം ഞങ്ങളോടു പറഞ്ഞു: അദ്ദേഹം അന്നൊരു 'പ്രഭ്വി'യുടെ കൂടെയാണത്രേ ഭക്ഷണം കഴിച്ചത്!. "സു-ന്ദ-രി-യാ-യൊരു പ്രഭ്വി," വലിയമ്മായി നീട്ടി വലിച്ചു പിന്നണി പാടി. "എനിയ്ക്കവരെ അടുത്തറിയാം!" തുടർന്നു മറ്റൊന്നും പറയാതെ അവർ തുന്നിക്കൊണ്ടിരുന്ന ത്തുവാലയിൽനിന്നു കണ്ണെടുക്കാതെ ചുമലിളക്കുക മാത്രം ചെയ്തു.

പ്രത്യേകമായൊരു ഉപചാരവുമില്ലാതെയാണു വലിയമ്മായി സ്വാനിനോടു പെരുമാറിയിരുന്നത്; ഞങ്ങളുടെ സൽക്കാരത്തിൽ സ്വയം ബഹുമാനിതനായെന്നൊരു തോന്നൽ അദ്ദേഹത്തിനുണ്ടാകണമെന്നും അവർ മനസ്സിൽ കരുതി. വേനൽക്കാലത്തു ഞങ്ങളെ കാണാൻ വരുമ്പോൾ സ്വന്തം തോട്ടത്തിൽ നിന്നൊരു കുട്ട മുന്തിരിയും ഓറഞ്ചും, ഇറ്റലിയിൽ പോയി മടങ്ങിവരുമ്പോൾ എനിയ്ക്കുവേണ്ടി ചില ചിത്രങ്ങളും കൊണ്ടുവരേണ്ടതു ന്യായമായൊരു മര്യാദ മാത്രമാണെന്നും അവർ വിശ്വസിച്ചു.

ഞങ്ങൾക്കൊരു പലഹാരത്തിനോ സായാഹ്നസൽക്കാരത്തിനുള്ള പായസത്തിനോ പാചകക്കുറിപ്പ് വേണ്ടി വന്നാൽ, ആരെയെങ്കിലും സ്വാനിന്റെ അടുത്തേയ്ക്കു പറഞ്ഞയയ്ക്കുകയാണു പതിവ്. പക്ഷേ, കുടുംബത്തിൽ വരുന്ന അതിഥികളെ പരിചയപ്പെടുത്താൻ തക്ക യോഗ്യതയില്ലെന്നു കരുതി, ഞങ്ങളദ്ദേഹത്തെ ആ സൽക്കാരത്തിനു ക്ഷണിയ്ക്കുകയും പതിവില്ല. രാത്രിയിലെ ചർച്ചകളിൽ യദൃച്ഛയാ പ്രഭുസഭയുടെ വിശേഷങ്ങളോ മറ്റോ കടന്നുവന്നാൽ വലിയമ്മായി കനത്ത സ്വരത്തിൽ സ്വാനിനെ നോക്കി പറയും: "സ്വാൻ, എനിയ്ക്കോ താങ്കൾക്കോ ഇത്തരം കാര്യങ്ങളുടെ നിജസ്ഥിതി ഒരിയ്ക്കലുമറിയാൻ വഴിയില്ല, നമുക്കതിനു കഴിവില്ല, നാമതാഗ്രഹിയ്ക്കുന്നുമില്ല, അതല്ലേ വാസ്തവം?". അതേ സമയം ട്വിക്കൻഹാമിന്റെ വിരുന്നിനുള്ള വ്യക്തിപരമായൊരു ക്ഷണക്കത്തു തുറക്കുകപോലും ചെയ്യാതെ, സ്വാനിന്റെ

പോക്കറ്റിൽ വായനയ്ക്കു സമയവും കാത്തു കിടക്കുന്നുണ്ടാവും! ചില സായാഹ്നങ്ങളിൽ മുത്തശ്ശിയുടെ സഹോദരിമാർ പാട്ടു പാടുമ്പോൾ വലിയമ്മായി അദ്ദേഹത്തെ പക്കവാദ്യം വായിയ്ക്കാൻ നിർബന്ധിയ്ക്കും. അപൂർവവും ഉദാത്തവുമായ ആ സൌഹൃദം വലിയമ്മായി, അലമാരയിൽനിന്നു പുറത്തെടുത്ത വിലപിടിച്ച കൗതുകവസ്തു ഒരണപോലും വിലവരാത്ത കളിപ്പാട്ടമായി കണ്ടു കളിയ്ക്കുന്ന കുട്ടിയുടെ ലാളിത്യത്തോടെ, കൗശലപൂർവം കൈകാര്യം ചെയ്തു. അക്കാലത്തു പാരീസിലെ മിക്ക ക്ലബ്ബുകളിലും സുപരിചിതനായി കഴിഞ്ഞിരുന്ന സ്വാൻ, വലിയമ്മായി മനസ്സിൽ കണ്ട പ്രതിരൂപത്തേക്കാൾ വളരെ വ്യത്യസ്തനായിരുന്നു. അതുകൊണ്ട്, അന്നു വൈകുന്നേരം തോട്ടത്തിന്റെ പടിവാതിൽക്കൽ മുഴങ്ങിയ ഇരട്ടമണിനാദം കേട്ട്, സ്വാൻകുടുംബത്തെക്കുറിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ മുഴുവൻ മനസ്സിലേയ്ക്കാവാഹിച്ച് ആകാംക്ഷയോടെ ശ്രദ്ധിയ്ക്കുമ്പോൾ, അരണ്ട വെളിച്ചത്തിന്റെ പശ്ചാത്തലത്തിൽ പ്രത്യക്ഷപ്പെട്ടു മുത്തശ്ശിയുടെകൂടെ നടന്നു വരുന്ന അവ്യക്തമായ രൂപത്തെ ശബ്ദത്തിന്റെ ശ്രുതിഭേദംകൊണ്ടു മാത്രമാണു ഞങ്ങൾ തിരിച്ചറിഞ്ഞത്. പക്ഷേ, ആ ജീവിതത്തിന്റെ അപ്രസക്തമായ വിശദാംശങ്ങളിൽ, ഞങ്ങളിലൊരാൾക്കുപോലും വ്യക്തമായൊരു അവബോധമുണ്ടായിരുന്നില്ല. ഓരോരുത്തരും ഒരു കണക്കുപുസ്തകത്തിന്റെ അതല്ലെങ്കിൽ ഒരാധാരപത്രത്തിന്റെ കുത്തഴിഞ്ഞ താളുകൾപോലെ ഒറ്റപ്പെട്ടവരും കഥയില്ലാത്തവരുമായിരുന്നു. അങ്ങനെയൊരു കാഴ്ചപ്പാടിൽ നമ്മുടെ സാമൂഹ്യവ്യക്തിത്വം ഒരളവോളം മറ്റുള്ളവരുടെ വിചാരസൃഷ്ടി മാത്രമായിത്തീരും. 'പരിചയമുള്ളവരെ നേരിട്ടുകാണുക'യെന്ന അതിലളിതമായ കാര്യംപോലും ഒരു പരിധിവരെ ബുദ്ധിപരമായ പ്രക്രിയയായി മാറും. നേരത്തേ സങ്കൽപ്പിച്ചുവെച്ച ചില ആശയങ്ങളിലൂടെയാണു നാം അയാളുടെ ഭൗതികമായ രൂപരേഖ കാണാൻ ശ്രമിയ്ക്കുന്നത്. മനസ്സിൽ സൃഷ്ടിയ്ക്കുന്ന ആ സമ്പൂർണരൂപത്തിൽ അത്തരം ആശയങ്ങൾക്കു പ്രമുഖമായൊരു സ്ഥാനം നാം നൽകുന്നുമുണ്ട്. ഒടുവിൽ കവിളിന്റെ മിനുപ്പ്, മൂക്കിന്റെ

നേർരേഖ, സമരസമായ സ്വരം, തുടങ്ങി ഓരോന്നും ചേരുംപടി ചേർക്കുമ്പോൾ സകലതും സുതാര്യമായൊരു ആവരണം മാത്രമാണെന്ന തോന്നലുണ്ടാകുന്നു. അതുകൊണ്ട് ഓരോ തവണയും ആ മുഖം നേരിട്ടു കാണുമ്പോൾ അയാളെക്കുറിച്ചുള്ള നമ്മുടെതന്നെ ആശയങ്ങളാണു നാം സ്വയം കണ്ടും കേട്ടും തിരിച്ചറിയുന്നത്. പരിഷ്കൃതലോകത്തെ ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ടു സ്വാൻ ചെയ്തുപോരുന്ന നൂറുകൂട്ടം കാര്യങ്ങളെക്കുറിച്ചു ചിന്തിയ്ക്കുന്നവർ സ്വാഭാവികമായും അദ്ദേഹത്തിന്റെ കമാനാകൃതിയിലുള്ള മൂക്കിന്റെ നേർരേഖയും മുഖപേശികളുടെ ഭാവാത്മകതയും അതേ വിഷയങ്ങളുടെ പ്രതിഫലനമായി കണ്ട്, അവരവർക്കു യോജിച്ച പ്രതിരൂപം മെനഞ്ഞെടുക്കുമ്പോൾ, ആ വിഷയങ്ങളിലുള്ള അജ്ഞതയും അശ്രദ്ധയുംമൂലം തീർത്തും വ്യത്യസ്തമായ മറ്റൊരു ചിത്രമാണു ഞങ്ങളുടെ മനസ്സിൽ പതിഞ്ഞത്. അത്താഴത്തിനുശേഷം തോട്ടത്തിലെ മേശയ്ക്കു ചുറ്റും നിരന്നിരുന്നു ചിലവഴിച്ച മണിക്കൂറുകളിൽ നേരിട്ടു പരിചയപ്പെട്ട ഗ്രാമീണജീവിതത്തിന്റെ, അനിശ്ചിതവും അമൂല്യവുമായ ചില ഗൃഹാതുരത്വങ്ങളാണു ഞങ്ങൾ പരസ്പരം പങ്കുവെച്ചത്. അങ്ങനെ വിജനമായൊരു വീടിന്റെ ശൂന്യതയും വിസ്തൃതിയും പ്രതിഫലിപ്പിയ്ക്കുന്നവിധം സഹജമായൊരു ഉദാത്തഭാവം സ്ഫുരിയ്ക്കുന്ന അദ്ദേഹത്തിന്റെ കണ്ണുകളിൽ, ഗഹനതയുടെ കനമുള്ള ഒരവബോധം സൃഷ്ടിയ്ക്കാനും മറ്റൊരു കൃത്രിമമുഖം പ്രതിഷ്ഠിയ്ക്കാനും ഞങ്ങൾക്കു കഴിഞ്ഞു. മുഖഭാവത്തിനു യോജിച്ച ആകാരസൗഭഗമായിരുന്നു, സ്വാനിനുണ്ടായിരുന്നത്. കുടുംബവുമായി ബന്ധപ്പെട്ട പൂർവകാലസ്മരണകൾ ഞങ്ങൾക്കിടയിൽ സവിശേഷമായൊരു സ്ഥാനം ലഭിയ്ക്കാൻ അദ്ദേഹത്തിനു സഹായകമായി. പക്ഷേ, തീർത്തും വ്യത്യസ്തമായ മറ്റൊരു വ്യക്തിത്വം അദ്ദേഹത്തിൽ കാണാൻ തുടങ്ങിയതുമുതൽ നല്ലൊരു സുഹൃത്തിനെ വിട്ടു പിരിയുന്ന കഠിനവേദനയാണു ഞാനനുഭവിച്ചുകൊണ്ടിരുന്നത്. പഴയകാലത്തെ ചിതറിയ ചില ഓർമ്മകളിലൂടെ പിന്നോട്ടു പോകുമ്പോൾ, കുട്ടിക്കാലത്തു ചെയ്ത ഓർക്കാൻ മടിയ്ക്കുന്ന തെറ്റുകളോരോന്നും വേർ

തിരിച്ചു കാണാൻ കഴിയുന്ന എനിയ്ക്കു പക്ഷേ ആ പഴയ സ്വാനിന്റെ പിൻഗാമിയെ തിരിച്ചറിയാനാകുന്നില്ലെന്ന സത്യം വിസ്മയകരമായി തോന്നാറുണ്ട്. പ്രദർശനശാലയിൽ നിരനിരയായി ത്തൂക്കിയ ചിത്രങ്ങളെപ്പോലെ, നമ്മുടെ ജീവിതത്തിലോരോ കാലത്തേയും സൂചിപ്പിയ്ക്കുന്ന സംഭവങ്ങൾ ഓരോരുത്തരുടേയും കുടുംബചരിത്രവും ബന്ധുത്വവും ആധാരമാക്കി പ്രത്യേകം അടയാളപ്പെടുത്തിയാണു നിരത്തിവെച്ചിരിയ്ക്കുന്നത്. അതുകൊണ്ടു പഴയ കാലത്തെ സ്വാൻ, ഞാവൽമരങ്ങളും മുന്തിരിവള്ളികളും ചമ്പകപ്പൂക്കളും പരത്തുന്ന ഒരു സുരഭിലസൗരഭ്യമായി അനന്തതയിലേയ്ക്കു മായുന്നതുപോലെ എനിയ്ക്കു തോന്നി!

എന്നിട്ടും പേരുകേട്ട ബോയ്‌ലോൺകുടുംബത്തിലെ ഒരംഗവും മുത്തശ്ശിയുടെ ബാല്യകാലസുഹൃത്തുമായ മാർക്വിസ് വിൽപാരിസിസ് സൌഹൃദത്തിന്റെ പേരിൽ കാണാൻ ചെന്ന ഞങ്ങളോടു പറഞ്ഞു: “സ്വാനിനെ നിങ്ങൾക്കു നന്നായറിയാം, അല്ലേ? ഞങ്ങളുടെ മരുമക്കളായ ലോംസുകാരുടെ കുടുംബസുഹൃത്തുകൂടിയാണദ്ദേഹം!“. മാഡം വിൽപാരിസിസിനും മുത്തശ്ശിയ്ക്കും ഒരുപാടു സമാനതാൽപ്പര്യങ്ങളുണ്ടെങ്കിലും ഞങ്ങൾക്കിടയിൽ നില നിന്ന ഒരുതരം ജാത്യാചാരം മൂലമായിരിയ്ക്കാം രണ്ടുപേരും പരസ്പരസൗഹൃദം വളർത്തിയെടുക്കാൻ തീരെ ശ്രദ്ധിച്ചില്ല! മുന്നിലൊരു പൂന്തോട്ടം വെച്ചു പിടിപ്പിച്ച സുഹൃത്തിന്റെ വീടിനെക്കുറിച്ചു തികഞ്ഞ മതിപ്പുമായാണു മുത്തശ്ശി തിരിച്ചെത്തിയത്. വീടിന്റെ ഒരു ഭാഗം വാടകയ്ക്കു കൊടുക്കാൻ തയാറാണെന്നും മാർക്വിസ് വിൽപാരിസിസ് ഞങ്ങളോടു പറഞ്ഞിരുന്നു. മടങ്ങുന്ന വഴി, തലേന്നു കോണിപ്പടിയിറങ്ങുമ്പോൾ കീറിപ്പോയ പാവാടയുടെ കേടുപാടു തീർക്കാൻ ആ വീടിനു തൊട്ടടുത്തു ചെറിയൊരു കട നടത്തുന്ന തയ്യൽക്കാരനേയും മുത്തശ്ശി സന്ദർശിച്ചു; അയാളുടെ പെരുമാറ്റവും മര്യാദയും കണ്ടു മുത്തശ്ശിയുടെ മനസ്സു നിറഞ്ഞു; ഇതുവരെ കണ്ടവരിൽവെച്ചേറ്റവും മാന്യനായ മനുഷ്യനെന്നു പുകഴ്ത്തുക മാത്രമല്ല, അയാളുടെ മകളൊരു തങ്കക്കുടമാണെന്നുകൂടി അവർ പറഞ്ഞുവെച്ചു. മുത്തശ്ശിയെ സംബന്ധിച്ചു സാമൂഹ്യപരിഗണനകളിൽനി

ന്നു തീർത്തും സ്വതന്ത്രമായി നിൽക്കുന്ന ഒരു സവിശേഷതയാണു സ്വഭാവഗുണം! തയ്യൽക്കാരന്റെ സംസാരശൈലിയുടെ ആർജ്ജവത്തിൽ നിർവൃതി പൂണ്ട അവർ അമ്മയോടു പറഞ്ഞു: "ഇതിലേറെ മധുരമായി സംസാരിയ്ക്കാൻ 'സെവീ'നുപോലും കഴിയില്ല!". മാഡം വിൽപാരിസിസിന്റെ മരുമകനെക്കുറിച്ചും മുത്തശ്ശി വിധിയെഴുതി: "സാധുക്കളിൽ സാധുവായൊരു മനുഷ്യൻ!".

മുത്തശ്ശി പറഞ്ഞ അഭിപ്രായങ്ങളെത്തുടർന്നു നടന്ന വലിയമ്മായിയുടെ വിലയിരുത്തലിൽ സ്വാനിന്റെ നിലവാരം ഉയരുകയല്ല, മറിച്ച് മാഡം വിൽപാരിസിസിനെക്കുറിച്ചുണ്ടായിരുന്ന ധാരണയ്ക്കു മങ്ങലേൽക്കുകയാണു ചെയ്തത്. മാഡം വിൽപാരിസിസിന്റെ അഭിപ്രായത്തോടു യോജിപ്പില്ലെങ്കിലും, ഞങ്ങളുടെ മാന്യതയ്ക്കു കോട്ടം തട്ടാത്തവിധം ഒരുപചാരവാക്കു പറയാനുള്ള ബാദ്ധ്യതപോലും വലിയമ്മായി നിറവേറ്റിയില്ല. മാത്രമല്ല, യാഥാർത്ഥ്യം മനസ്സിലാക്കാതെ സ്വാനുമായി നിർബാധം ഇടപഴകുന്നതിനു കുടുംബാംഗങ്ങളെ അനുവദിച്ചതിൽ മാഡം വിൽപാരിസിസ് ഗുരുതരമായ കൃത്യവിലോപം കാണിച്ചതായിപ്പോലും ഞങ്ങൾ കരുതി. 'മാർഷൽ മക്മഹോനുമായി ബന്ധമുള്ള അഭിജാതയായൊരു വനിതയ്ക്കെങ്ങനെ സ്വാനിനെ മനസ്സിലാക്കാനാവും?'. സ്വാനിന്റെ സാമൂഹ്യനിലവാരത്തെക്കുറിച്ചു ഞങ്ങളുടെ കുടുംബത്തിൽ നിലനിന്ന ഈ കാഴ്ചപ്പാട്, പിന്നീടു 'ദുർവൃത്ത' യെന്നു പേരു പതിഞ്ഞ തരംതാണ ഒരു വേശ്യയുമായുണ്ടായ വിവാഹത്തോടെ മിക്കവാറും സ്ഥിരീകരിയ്ക്കപ്പെട്ടു. സ്വാൻ ഒരിയ്ക്കലും അവരെ ഞങ്ങൾക്കു പരിചയപ്പെടുത്താൻ മുതിർന്നില്ല. വീട്ടിലേയ്ക്കുള്ള സന്ദർശനങ്ങൾ അടിയ്ക്കടി കുറഞ്ഞെങ്കിലും പതിവുപോലെ അദ്ദേഹം ഒറ്റയ്ക്കുതന്നെയാണു വന്നത്. ഞങ്ങൾക്കു നേരിട്ടു ബന്ധമില്ലാത്ത ദൂഷിതമായൊരു സുഹൃദ്വലയത്തിൽനിന്നാണു സ്വാനവരെ സ്വീകരിച്ചതെന്ന ഒരനുമാനത്തിൽ, നിലവിലുള്ള കാഴ്ചപ്പാട് അങ്ങനെ ഒന്നുകൂടി സമർത്ഥിയ്ക്കാനും ഞങ്ങൾക്കു കഴിഞ്ഞു.

പക്ഷേ, ഡ്യൂക്ക് എക്സ് ഞായറാഴ്ചതോറും നടത്താറുള്ള വിരുന്നിൽ, പതിവായി പങ്കെടുക്കുന്ന ഒരു വിശ്വസ്തനാണ് സ്വാനെന്ന് മുത്തച്ഛനൊരു ദിവസം പത്രത്തിൽ വായിക്കുകയുണ്ടായി. ഡ്യൂക്ക് എക്സിന്റെ അച്ഛനും അമ്മാമനും ലൂയി ഫിലിപ്പിന്റെ ഭരണകാലത്തെ പ്രമുഖരായ രാജ്യതന്ത്രജ്ഞരായിരുന്നു. ഡ്യൂക്ക് പാസ്ക്വയർ, ഡ്യൂക്ക് ബ്രോഗ്ലീ തുടങ്ങിയ സമുന്നതവ്യക്തികളുടെ സ്വകാര്യജീവിതത്തിലേക്കു ചുഴിഞ്ഞുചെന്നു വിവരങ്ങൾ തേടിപ്പിടിക്കുന്നതിൽ മുത്തച്ഛനു പൊതുവേ സഹജമായൊരു കൗതുകമുണ്ട്. സ്വാൻ അവരുമായി അടുത്ത ബന്ധം പുലർത്തുന്നുണ്ടെന്ന വാർത്ത അദ്ദേഹത്തെ എന്തെന്നില്ലാതെ സന്തോഷിപ്പിച്ചു. സ്വാനിനു തീർത്തും അപകീർത്തിപരമായ അർത്ഥത്തിലാണ് പക്ഷേ, വലിയമ്മായി ആ വാർത്ത വ്യാഖ്യാനിച്ചത്. ജനിച്ചു വളർന്ന ജീവിതപരിസരത്തുനിന്നു മാറി നിൽക്കുന്നവരെ, 'സ്വന്തം നിലയ്ക്കും പദവിയ്ക്കും യോജിയ്ക്കാത്തവരെ', സുഹൃത്തുക്കളായി കാണുന്നതു നികൃഷ്ടമായൊരു തലത്തിലേക്കു സ്വയം താഴുന്നതിനു തുല്യമാണെന്നവർ കരുതി. അങ്ങനെ സ്വയം താഴ്ന്നവർ, സാമൂഹ്യമായ ഉന്നമനം മാത്രം ലക്ഷ്യമാക്കി മക്കളെ കരുതലോടെ വളർത്തുന്ന മാതാപിതാക്കളുടെ ഉത്തമസന്താനങ്ങളെന്ന നിലയിൽ, ഉന്നതപദവി വഹിയ്ക്കുന്നവരുമായി സൗഹൃദം സ്ഥാപിയ്ക്കാൻ ഒരുതരത്തിലും അർഹഹരല്ലെന്നുകൂടി വലിയമ്മായി സമർത്ഥിച്ചു. അതേസമയം ഇതേ വലിയമ്മായി, രാജകുടുംബത്തിൽനിന്നു വിവാഹം ചെയ്തതിന്റെപേരിൽ ഞങ്ങൾക്കടുത്തറിയാവുന്ന ഒരഭിഭാഷകന്റെ മകനെ നേരിട്ടു 'കാണാൻ' വരാറില്ല. അവരുടെ കണ്ണിൽ അയാൾ ബഹുമാന്യമായ അഭിഭാഷകപദവിയിൽനിന്നു രാജ്ഞിമാരും രാജകുമാരിമാരും അസ്വാഭാവികമായ അടുപ്പം കാണിയ്ക്കുന്ന യുവപരിചാരകരുടെ നിലവാരത്തിലേക്കു സ്വയം താഴുകയാണു ചെയ്തത്. അതുകൊണ്ട് അടുത്തതവണ വരുമ്പോൾ, സ്വന്തം സുഹൃത്തുക്കളെക്കുറിച്ചു സ്വാനിനോടു നേരിട്ടു ചോദിയ്ക്കാമെന്ന മുത്തച്ഛന്റെ നിർദ്ദേശം വലിയമ്മായി നിരാകരിച്ചു. നേരേമറിച്ച്, മുത്തശ്ശിയുടെ സ്വഭാവഗുണമുണ്ടെങ്കിലും ബുദ്ധിശ

ക്തി തൊട്ടുതീണ്ടാത്ത വൃദ്ധകന്യകകളായ രണ്ടു സഹോദരിമാർ, ഈ നിസ്സാരവിഷയത്തിനു പിന്നാലെ പോകുന്നതിൽ എന്താഹ്ളാദമാണു മുത്തച്ഛനു ലഭിയ്ക്കുന്നതെന്നു വിസ്മയം പ്രകടിപ്പിച്ചു. ഉദാത്തവിഷയങ്ങളിൽ മാത്രം വിഹരിയ്ക്കുന്ന മഹതികളായിരുന്നു, അവർ രണ്ടുപേരും; ചരിത്രപരമായ ചില നിഗൂഢതകൾ കണ്ടെത്താമെന്നാല്ലാതെ, ജീവിതത്തിന്റെ 'പിന്നാമ്പുറ'ങ്ങളെക്കുറിച്ചറിയാൻ അവർക്കു തീരെ താൽപ്പര്യമുണ്ടായിരുന്നില്ല. സൗന്ദര്യശാസ്ത്രപരമായ ആശയങ്ങളില്ലാത്ത യാതൊന്നും അവരുടെ മനസ്സിനെ സ്പർശിയ്ക്കാറില്ല. ദൈനന്ദിനജീവിതത്തിന്റെ പ്രത്യക്ഷവും പരോക്ഷവുമായ വിഷയങ്ങൾ കടന്നുചെല്ലാത്തവിധം പരിപൂർണമായിരുന്നു, അവരുടെ വൈരാഗ്യചിന്ത! ഭക്ഷണമേശയ്ക്കു ചുറ്റുമിരുന്നു ഞങ്ങൾ നടത്താറുള്ള ചർച്ചകൾ ചിലപ്പോൾ നിരർത്ഥകവും ലൗകികവുമായി മാറുമ്പോൾ, തങ്ങളുടെ വഴിയിലേയ്ക്കു വിഷയം തിരിച്ചു കൊണ്ടുവരാൻ പരിശ്രമിച്ചു പരാജയപ്പെടുന്ന അവർ സ്വന്തം കാതുകൾക്കു ബാധിര്യം ബാധിയ്ക്കാത്തതിൽ പരിതപിച്ചു മിക്കവാറും ജഡാവസ്ഥയിൽ ചെന്നെത്തും. അതുകൊണ്ടു പലപ്പോഴും അവരുടെ ശ്രദ്ധയാകർഷിയ്ക്കാൻവേണ്ടി, മറ്റെങ്ങോ മനസ്സുറപ്പിച്ചു നിൽക്കുന്ന മനോരോഗിയോടു വൈദ്യൻ പെരുമാറുന്നതുപോലെ, മുത്തച്ഛൻ അത്യാസന്നമായൊരു ആപത്സൂചന പുറപ്പെടുവിയ്ക്കും; സാധാരണ അദ്ദേഹം കത്തിയുടെ വായ്ത്തല ഗ്ളാസിൽ തട്ടി ശബ്ദമുണ്ടാക്കുകയാണു പതിവ്. തൊഴിൽപരമായ വഴക്കമോ ലോകത്തിനാകെ ഭ്രാന്തു പിടിച്ചെന്ന വിചാരമോ മൂലം മനോരോഗിയ്ക്കെതിരെ വൈദ്യൻ പ്രയോഗിയ്ക്കുന്ന ഭീകരമായ അടവുകളാണവ!

ഞങ്ങളുടെകൂടെ ഭക്ഷണം കഴിയ്ക്കാൻ വരാമെന്നു പറഞ്ഞതിന്റെ തലേന്നു സ്വാൻ പ്രത്യേകം തയാറാക്കിയ ഒരു സമ്മാനപ്പൊതി ആ വൃദ്ധകന്യകകൾക്കു കൊടുത്തു തിരിച്ചുപോയപ്പോൾ അവർക്കു കൗതുകമടക്കാനായില്ല. അന്നത്തെ 'ഫിഗറോ' പത്രത്തിലൊരു ചിത്രപ്രദർശനത്തെക്കുറിച്ചുള്ള വാർത്തയ്ക്കനുബന്ധമായി കൊടുത്ത ചിത്രത്തിനു

കീഴെ 'ചാൾസ് സ്വാനിന്റെ കലാശേഖരത്തിൽനിന്നെ'ന്ന പരാമർശം കണ്ടു വലിയമ്മായി മുത്തശ്ശിയോടു ചോദിച്ചു: ‘ഇന്നത്തെ 'ഫിഗറോ'യിൽ സ്വാനിനെക്കുറിച്ചു വന്ന വാർത്ത വായിച്ചോ?“

“അതിലങ്ങനെ അത്ഭുതപ്പെടാനൊന്നുമില്ല, ഞാനെന്നും പറയാറുള്ളതല്ലേ, അത്തരത്തിൽ ഒരുപാടു താൽപ്പര്യങ്ങൾ അദ്ദേഹത്തിനുണ്ട്!“, മുത്തശ്ശി പറഞ്ഞു.

“തീർച്ചയായും!“, വലിയമ്മായി ഉടനെ തിരിച്ചടിച്ചു. “എന്തിനും എന്റെ അഭിപ്രായത്തിൽനിന്നൊരു വ്യത്യാസം വേണമെന്ന നിർബന്ധമാണു നിങ്ങൾക്ക്!“ മുത്തശ്ശി തന്നോടൊരിക്കലും യോജിക്കില്ലെന്നറിയാവുന്ന അവർക്കു പക്ഷേ തന്റെ അഭിപ്രായം മറ്റുള്ളവരതേപടി അംഗീകരിക്കുമെന്നും ഉറപ്പുണ്ടായിരുന്നില്ല. അതുകൊണ്ടു മുത്തശ്ശിയുടെ വാദം തള്ളിക്കളഞ്ഞു ഞങ്ങളെ തന്നോടു ചേർത്തുനിർത്താമെന്നു വലിയമ്മായി വ്യാമോഹിച്ചു.

പക്ഷേ, ഞങ്ങൾ തികഞ്ഞ നിശ്ശബ്ദത പാലിച്ചു. 'ഫിഗറോ'യിൽ വന്ന വാർത്തയെക്കുറിച്ചു സ്വാനിനോടു നേരിട്ടു ചോദിക്കാമെന്നു നിർദ്ദേശിച്ച വൃദ്ധകന്യകകളെ വലിയമ്മായി പിന്തിരിപ്പിച്ചു. തനിക്കില്ലാത്ത ഗുണം മറ്റൊരാൾക്കുണ്ടെന്നു കണ്ടാൽ, എത്ര നിസ്സാരമാണെങ്കിലും, അതൊരു ഗുണമല്ലെന്നു തീരുമാനിക്കുക മാത്രമല്ല ഗുരുതരദോഷമാണെന്നുകൂടി സ്വന്തം മനസ്സിനെ വിശ്വസിപ്പിച്ച്, അവരോട് അസൂയപ്പെടേണ്ടതിനു പകരം പക്ഷേ അനുകമ്പ കാണിക്കുകയാണു വലിയമ്മായി പതിവുള്ളത്!

“അതദ്ദേഹത്തെ സന്തോഷിപ്പിക്കുമെന്നു ഞാൻ കരുതുന്നില്ല. ഇതുപോലെ എന്റെ പേരു വെണ്ടയ്ക്കാവണ്ണത്തിൽ അച്ചടിച്ചുവന്നാൽ എനിക്കു വെറുപ്പാണു തോന്നുക! മാത്രമല്ല, അതിനെക്കുറിച്ച് ആരെങ്കിലും പ്രശംസിച്ചു പറഞ്ഞാൽ ഞാനതിലൊട്ടു വീണുപോവുകയുമില്ല!“.

എങ്കിലും അവർ വൃദ്ധകന്യകകളുടെമേൽ വല്ലാത്ത സമ്മർദ്ദം ചെലുത്തിയില്ല. പക്ഷേ, ആ പ്രാകൃതഭാഷണത്തിന്റെ ബീഭത്സത സഹിക്കാനാവാതെ, വ്യക്തിപരമായ പരാമർശങ്ങൾപോലും സ്വയം സൃഷ്ടി

ച്ച ചില വക്രോക്തികളുടെ കൂട്ടത്തിൽ ഒളിപ്പിച്ചുവെയ്ക്കാൻ വിരുതു നേടിയവരായിരുന്നു, അവർ രണ്ടുപേരും. അമ്മയാകട്ടെ, അപ്പോൾ സ്വാനിന്റെ മകളെക്കുറിച്ചെന്തെങ്കിലും സംസാരിയ്ക്കാൻ അച്ഛന്റെ അനുവാദം ചോദിയ്ക്കുകയായിരുന്നു. ഉള്ളറിഞ്ഞു സ്നേഹിയ്ക്കുകയും ആരാധിയ്ക്കുകയും ചെയ്തുപോന്ന സ്വന്തം മകൾക്കുവേണ്ടിയാണു സ്വാൻ വിവാദപരമായൊരു വിവാഹത്തിനു തയാറായതെന്നുകൂടി പൊതുവേ വിശ്വസിയ്ക്കപ്പെട്ടിരുന്നു.

“നിങ്ങളദ്ദേഹത്തോടൊരു വാക്കു ചോദിച്ചാൽ മതി. 'മകൾക്കെങ്ങനെയുണ്ട്?' അങ്ങനെയൊരു ചോദ്യം അദ്ദേഹത്തിനു തീർച്ചയായും വളരെ ഹൃദ്യമായിരിയ്ക്കും!“.

പക്ഷേ, അച്ഛനതൊരു അനാവശ്യമായ അലോസരമായാണു കണ്ടത്. “വേണ്ട, വേണ്ട! നിനക്കൊക്കെ തലതിരിഞ്ഞ ചിന്തകളേയുള്ളൂ. ഒടുവിൽ അതൊക്കെ പരിഹാസ്യമായിത്തീരും!“.

ഞങ്ങളുടെ കൂട്ടത്തിൽ എനിയ്ക്കു മാത്രമായിരുന്നു സ്വാനിന്റെ വരവുമായി ബന്ധപ്പെട്ടൊരു ആശങ്കയുണ്ടായിരുന്നത്. വിരുന്നുകാർ വീട്ടിലുണ്ടാകുന്ന രാത്രി ഞാനുറങ്ങുന്നതിനുമുമ്പ് അമ്മ മുറിയിലേയ്ക്കു വരാറില്ല. അക്കാലത്തു ഞാൻ അത്താഴം കഴിഞ്ഞാൽ കുറച്ചുസമയം തോട്ടത്തിൽ ചെന്നിരുന്നു മിക്കവാറും ഒൻപതുമണിയോടെ ശുഭരാത്രി പറഞ്ഞു നേരേ ഉറങ്ങാൻ പോകുകയാണു പതിവ്. പക്ഷേ, വിരുന്നുകാരുള്ളപ്പോൾ നേരത്തേ ഭക്ഷണം കഴിച്ച് മുകളിലേയ്ക്കു പോകാൻ സമയമായെന്ന സൂചന കിട്ടുന്നതുവരെ ഞാനമ്മയുടെകൂടെ നിൽക്കും. മുറിയിൽ ചെന്നുറങ്ങാൻ തുടങ്ങുന്നതിനുമുമ്പ് അമ്മ എന്റെ കവിളത്തു വാത്സല്യപൂർവം നൽകുന്ന ചുംബനം, ആ ദിവസങ്ങളിൽ താഴെനിന്നു ഞാൻതന്നെ മുൻകൈയെടുത്തു നേടിയേ മതിയാകൂ! മാത്രമല്ല, ചുംബനത്തിന്റെ വശ്യതയും മാധുര്യവും ചോർന്നുപോകാതെ, വറ്റിപ്പോകുന്ന ആ പ്രേമസാരം വായുവിലലിഞ്ഞു പോകാതെ, ഞാൻ മുകളിലേയ്ക്കു കൈപിടിച്ചു കൊണ്ടുപോയി നിശാവസ്ത്രങ്ങൾ ധരിച്ച് ഉറങ്ങാൻ

തുടങ്ങുന്നതുവരെ ഭദ്രമായി പരിപാലിയ്ക്കേണ്ടതുമുണ്ട്! ഔപചാരികമായ ആ ചുംബനത്തിനുവേണ്ടി ചിലപ്പോഴൊക്കെ അത്യദ്ധ്വാനവും വേണ്ടി വരും. എല്ലാവരും നോക്കിനിൽക്കേ പരസ്യമായി, വേണ്ടത്ര സമയവും സ്വാതന്ത്ര്യവുമില്ലാതെ, മനോരോഗികൾ പ്രകടിപ്പിയ്ക്കുന്ന ചടുലമായ മെയ്വഴക്കത്തോടെ, ഞാനതൊരു നിമിഷാർദ്ധത്തിൽ കവർന്നെടുത്തേ പറ്റൂ! മുറിയുടെ വാതിലടയ്ക്കുന്നതുപോലെ പെട്ടെന്നെങ്കിലും ഒരാവശ്യം നേരിടുന്ന മനോരോഗികൾ പൊതുവേ മനസ്സിൽനിന്നു സകല ചിന്തകളും പുറത്തേയ്ക്കൊഴുക്കിക്കളയുകയാണു പതിവ്. അങ്ങനെ, ആ വാതിലടച്ച നിമിഷാർദ്ധം കൃത്യമായി ഓർത്തെടുത്താൽ, അവർക്കു മനസ്സിനെ ബാധിയ്ക്കുന്ന അനിശ്ചിതത്വത്തിന്റെ സകല വ്യാകുലതകളും വിജയകരമായി നേരിടാൻ കഴിയും!

പടിവാതിൽക്കൽ ഏതാണ്ടൊരു സങ്കോചത്തോടെ ഇരട്ടമണിനാദം മുഴങ്ങിയപ്പോൾ, സന്ദർശകൻ സ്വാനാണെന്നു ബോദ്ധ്യമുണ്ടെങ്കിലും സകലരും ചോദ്യഭാവത്തിൽ പരസ്പരം നോക്കി;, അവസാനം പതിവുപോലെ ഞങ്ങൾ മുത്തശ്ശിയെ നിരീക്ഷകയായി പുറത്തേയ്ക്കു പറഞ്ഞയച്ചു.

“സമ്മാനം കൊണ്ടുതന്നതിനു നന്ദി പറയാൻ മറക്കരുത്“. മുത്തച്ഛൻ ഭാര്യാസഹോദരിമാർക്കു മുന്നറിയിപ്പു നൽകി. “അവസരോചിതം മാത്രമല്ല, നിങ്ങൾക്കറിയാമല്ലോ, വളരെ പ്രധാനവുമാണത്!”.

“ഇപ്പോളിങ്ങനെ ചെവിയിൽ പറയാൻ പാടില്ല!“, വലിയമ്മായി തടഞ്ഞു. “എല്ലാവരും പരസ്പരം പിറുപിറുക്കുന്നതും കണ്ടുകൊണ്ട് ആരാണൊരു വീട്ടിലേയ്ക്കു കടന്നുവരാൻ ഇഷ്ടപ്പെടുക?”

“ഇതാ, സ്വാൻ വന്നെത്തി!“, അച്ഛൻ ആഹ്ലാദപൂർവം പറഞ്ഞു. “നമുക്കു നാളത്തെ കാലാവസ്ഥയെക്കുറിച്ചു ചോദിച്ചറിയാം“.

വിവാഹത്തിനുശേഷം ഞങ്ങളുടെ പെരുമാറ്റത്തിൽ വന്ന മാറ്റം മൂലം സ്വാനിനു തോന്നാനിടയായ അസ്വസ്ഥത ഒരളവോളം പരിഹരിയ്ക്കാൻ തന്റെയൊരു ചോദ്യത്തിനു കഴിയുമെന്ന വ്യാമോഹത്തോടെ, അമ്മ അദ്ദേഹത്തെ അരികിലേയ്ക്കടുപ്പിയ്ക്കാനുള്ള ഒരവസരം പാർത്തു

നിന്നു. ഞാനമ്മയുടെ പിന്നാലെ കൂടി. അവരെന്റെ കാഴ്ചവട്ടത്തുനിന്നു മറഞ്ഞു പോകുന്നതെനിയ്ക്കു സഹിയ്ക്കാനായില്ല; മാത്രമല്ല, പതിവുപോലെ എന്നെ വന്നു ചുംബിയ്ക്കുമെന്ന സാന്ത്വനചിന്തയില്ലാതെ. അമ്മയെ ഭക്ഷണമുറിയിൽ ഉപേക്ഷിച്ച് ഉടനെ കിടന്നുറങ്ങാൻ പോകണമെന്ന വിചാരം എന്റെ മനസ്സിലൊരു വിഷാദം വിതയ്ക്കുകയും ചെയ്തു.

"പറയൂ..., സ്വാൻ!" അമ്മ തുടങ്ങി, "താങ്കളുടെ മകളെക്കുറിച്ചു പറയൂ.... അവൾക്കു തീർച്ചയായും, അച്ഛനെപ്പോലെ നല്ല വാസനകളുണ്ടെന്നു ഞാൻ കരുതട്ടെ!".

"വരൂ സ്വാൻ, ഇവിടെ, ഈ വരാന്തയിൽ ഞങ്ങളുടെ അടുത്തു വന്നിരിയ്ക്കൂ!", മുത്തച്ഛൻ അദ്ദേഹത്തെ സ്വാഗതം ചെയ്തു പറഞ്ഞു. ആദ്യശ്രമം വിഫലമായെങ്കിലും, പ്രാസത്തോടുള്ള അമിതാസക്തി കവികൾക്കു സുന്ദരമായ വരികളെഴുതാൻ പ്രേരകമാകുന്നതുപോലെ, താൽക്കാലികമായ ആ തടസ്സം അമ്മയുടെ ചിന്തകൾക്കു വ്യക്തത വരുത്താൻ സഹായിയ്ക്കുകയാണു ചെയ്തത്.

"അവളെക്കുറിച്ചു പിന്നീടു സംസാരിയ്ക്കാം", അമ്മ സ്വാനിന്റെ ചെവിയിൽ പറഞ്ഞു. "ഒരമ്മയ്ക്കു മാത്രമേ ആ വികാരം മനസ്സിലാക്കാനാവൂ! ഇക്കാര്യത്തിൽ അവളുടെ അമ്മയും എന്നോടു യോജിയ്ക്കുമെന്നു ഞാൻ വിചാരിയ്ക്കുന്നു!".

അങ്ങനെ ഞങ്ങൾ തോട്ടത്തിലെ ഇരുമ്പുമേശയ്ക്കു ചുറ്റും ഇരിപ്പുറപ്പിച്ചു. അന്നത്തെ രാത്രി, ഉറക്കംവരാൻ യാതൊരു വഴിയുമില്ലാതെ മുറിയിൽ ഒറ്റയ്ക്കു ചിലവഴിയ്ക്കേണ്ടതിനെക്കുറിച്ചു ചിന്തിച്ചു വിഷാദിയ്ക്കാതിരിയ്ക്കാൻ ഞാൻ പരമാവധി ശ്രമിച്ചു. അടുത്ത ദിവസം പുലരുന്നതോടെ മറവിയിലേയ്ക്കു മായുന്ന ആ ആശങ്കകൾക്കൊരു പ്രസക്തിയുമില്ലെന്നു ബോദ്ധ്യപ്പെടുത്തി, കാൽക്കീഴിൽ വാ പിളർന്നു കിടക്കുന്ന അഗാധഗർത്തം ചാടിക്കടന്നു മുന്നോട്ടു പോകാമെന്ന ശുഭപ്രതീക്ഷയിൽ മനസ്സുറപ്പിച്ചു നിർത്താൻ, ഞാനേറെ പണിപ്പെട്ടു; പക്ഷേ, മുൻവിധിയുടെ ഭാരത്തിൽ തളർന്നുപോയ എന്റെ മനസ്സ്, അമ്മയുടെ നേ

ർക്കു തൊടുത്തുവിട്ട നോട്ടംപോലെ, വലിഞ്ഞു മുറുകി യാതൊരു ചിന്തകളും അകത്തേയ്ക്കു കടക്കാതെ തടഞ്ഞു നിർത്തി; വിചാരങ്ങൾ സ്വാഭാവികമായും വന്നുകൊണ്ടേയിരുന്നു; മതിഭ്രമത്തിലേയ്ക്കുപോലും നയിയ്ക്കാവുന്നവിധം നൈസർഗികമായ സൗന്ദര്യവും സ്വച്ഛതയും വെടിഞ്ഞു തീർത്തും നഗ്നമായാണവ പ്രത്യക്ഷപ്പെട്ടത്; ശരീരം മരവിപ്പിച്ചു ശസ്ത്രക്രിയയ്ക്കു വിധേയനായ രോഗി, ഹൃദയത്തിൽ വന്നു തറയ്ക്കുന്ന സൂചിയുടെ വേദന നിസ്സംഗനായി സഹിയ്ക്കുന്നതുപോലെ, വികാരവും വിനോദവും ഉൾക്കൊള്ളാനാവാത്ത ഒരവസ്ഥയിൽ പ്രിയപ്പെട്ട കവിതകളിലെ ചില വരികൾ ആവർത്തിച്ചുരുവിടാനും ഡ്യൂക്ക് പാസ്ക്വയറിനെക്കുറിച്ചു സ്വാനുമായി സംസാരിയ്ക്കാൻ ബദ്ധപ്പെടുന്ന മുത്തച്ഛനെ കൗതുകപൂർവം നോക്കിയിരിയ്ക്കാനും എനിയ്ക്കെങ്ങനേയോ സാധിച്ചു. സുപ്രസിദ്ധപ്രാസംഗികനായ ഡ്യൂക്കിനെക്കുറിച്ചു മുത്തച്ഛൻ സ്വാനിനോടു ചോദിയ്ക്കാൻ തുടങ്ങിയ നിമിഷം, ആ ചോദ്യം കാതിൽ വന്നു തറച്ച വൃദ്ധകന്യകമാരിലൊരാൾ അടുത്ത ചോദ്യത്തിനു കാത്തുനിൽക്കാതെ പെട്ടെന്നു സഹോദരിയെ നോക്കി പറഞ്ഞു:

"ഫ്ലോറാ.., സ്കാൻഡിനേവിയയിലെ സഹകരണപ്രസ്ഥാനത്തെക്കുറിച്ചു രസകരമായി സംസാരിയ്ക്കുന്ന ഒരു സ്വീഡിഷ് പ്രഭ്വിയുമായി ഞാനിന്നു രാവിലെ പരിചയപ്പെട്ടു. ഒരുദിവസം നമുക്കവരെ അത്താഴത്തിനു ക്ഷണിയ്ക്കണം..".

"തീർച്ചയായും!", ഫ്ലോറ നിസ്സംശയം ഉറപ്പിച്ചു "പക്ഷേ, അതിനു വേണ്ടി ചിലവിടാൻ എനിയ്ക്കു തീരെ സമയമില്ല. വിന്റേയിലിന്റെ വീട്ടിൽവെച്ചു കണ്ട വൃദ്ധനായ ശിൽപ്പിയെക്കുറിച്ചാണു ഞാനിപ്പോൾ ഓർക്കുന്നത്. മോബന്റ്, സ്വന്തം ശിൽപ്പങ്ങളുടെ വിശദാംശങ്ങളോരോന്നും അദ്ദേഹത്തോടു വിവരിച്ചു പറഞ്ഞിട്ടുണ്ടത്രേ! ഇത്ര രസകരമായൊരു വിഷയം ഞാനിതുവരെ ഒരാളും പറഞ്ഞു കേട്ടിട്ടില്ല. അദ്ദേഹം വിന്റേയിലിന്റെ അടുത്താണു താമസിയ്ക്കുന്നതെന്നുപോലും ഈയിടെയാണു ഞാനറിഞ്ഞത്. മാത്രമല്ല, വളരെ സൗമ്യനും സൽസ്വഭാവിയുമാണ് അദ്ദേഹം!".

“സൗമ്യനായ ഒരയൽക്കാരൻ വിന്റെയിലിനുമാത്രമല്ല ഉള്ളത്!“, സെലിൻ അമ്മായി എല്ലാവരും കേൾക്കെ വിളിച്ച പറഞ്ഞു. സ്വത വേ സംഭാഷണത്തിൽ സങ്കോചം കാണിയ്ക്കാറുള്ള അവർ മുൻകൂട്ടി ത യാറാക്കിയ ഒരു ഭാഗം ആവർത്തിയ്ക്കുക മാത്രമാണു ചെയ്തത്. അതി നിടയിൽ 'അർത്ഥഗർഭമായൊരു നോട്ടം' സ്വാനിന്റെ നേർക്കയയ്ക്കാ നും അവർ പ്രത്യേകം ശ്രദ്ധിച്ചു. ഫ്ലോറ അമ്മായിയാകട്ടെ, സമ്മാന ത്തിന്റെ പേരിൽ സെലിൻ അമ്മായി, സ്വാനിനോടു സഹജമായ ശൈലിയിൽ നന്ദി പറയുകയാണെന്നു കണ്ട്, വ്യാജസ്തുതിയുടെ ഭാ വത്തിൽ അദ്ദേഹത്തിനു നേർക്കൊരു കടാക്ഷം തൊടുത്തു വിട്ടു. സ ഹോദരിയുടെ ഫലിതത്തിൽ പങ്കുചേർന്നതിനു പുറമേ അപ്രതീക്ഷി തമായ പ്രശംസ കേട്ട് അമ്പരന്നുപോയ സ്വാനിന്റെ ചിലവിൽ അവ രങ്ങനെ ഒരു തമാശയും ആസ്വദിച്ചു.

“ആ മാന്യനെ അത്താഴത്തിനു ക്ഷണിയ്ക്കുന്നത്“, ഫ്ലോറ തുടർന്നു, “തീർത്തും സന്ദർഭോചിതമാണെന്നു ഞാൻ കരുതുന്നു. മോബന്റും മ റ്റേർണയും വിഷയമായി വന്നാൽ പിന്നെ അദ്ദേഹം മണിക്കൂറുകളോ ളം സംസാരിച്ചുകൊണ്ടിരിയ്ക്കും“.

“അതെ, അതെത്ര ആഹ്ലാദകരമായിരിയ്ക്കും!” സെലിന്റെ മറുപടി കേട്ടു മുത്തച്ഛൻ നിസ്സഹായനായി നെടുവീർപ്പിട്ടു. സ്വീഡനിലെ മഹി ളാരത്നങ്ങൾ നടത്തിവരുന്ന സഹകരണസംഘങ്ങളിൽ ആവേശം കൊള്ളാനോ മോബന്റിന്റെ അനുപമമായ ശിൽപ്പകലാചാതുര്യം ക ണ്ടറിയാനോ വേണ്ട അപൂർവസിദ്ധികൾ അദ്ദേഹത്തിന്റെ മനസ്സിൽ നിറയ്ക്കാൻ നിർഭാഗ്യവശാൽ മറന്നുപോയതുപോലെ, ഡ്യൂക്കിന്റെ സ്വ കാര്യജീവിതത്തിലെ രസകൌതുകങ്ങൾ വലിച്ചെടുത്തു നുണയാനു ള്ള ഉപ്പിന്റെ ചെറുതരിയെങ്കിലും വൃദ്ധകന്യകകൾക്കു ജന്മാവകാശ മായി അനുവദിയ്ക്കാനും പ്രകൃതി അനാവശ്യമായ പിശുക്കു കാണിച്ചു!

“'ശരി, ഞാൻ പറയട്ടെ,“' സ്വാൻ മുത്തച്ഛനെ നോക്കി തുടങ്ങി, “താങ്കൾ ചോദിച്ച വിഷയത്തേക്കാൾ ചില സംഗതികളിൽ വ്യത്യാ

സമില്ലെങ്കിലും, ഒരുപടി കടന്ന കാര്യങ്ങളാണ ഞാൻ പറയാനുദ്ദേശിയ്ക്കുന്നത്. ഇന്നു രാവിലെ ഞാൻ സാങ് സൈമണിന്റെ ഒരു ഖണ്ഡിക വായിയ്ക്കാനിടയായി. ഒരുപക്ഷേ, കേട്ടാൽ താങ്കൾ അത്ഭുതപ്പെട്ടുപോകും, സ്പെയിനിലേയ്ക്കുള്ള യാത്രയുടെ ആ ഭാഗം ഒന്നാന്തരമല്ലെങ്കിലും ഒരു പത്രവാർത്തയേക്കാൾ തീർച്ചയായും വിജ്ഞാനപ്രദമാണെന്നു പറയണം! അഥവാ നന്നായി അവതരിപ്പിച്ച പത്രവാർത്തയെന്നും വിശേഷിപ്പിയ്ക്കാം. നോക്കൂ, ഈയിടെ നാം കാലത്തും ഉച്ചയ്ക്കും വൈകുന്നേരവും രാത്രിയും വായിയ്ക്കാൻ നിർബന്ധിയ്ക്കപ്പെടുന്ന നിസ്സാരവാർത്തകളിൽനിന്നു വ്യത്യസ്തമായൊരു നിലവാരവും നമുക്കതിൽ കാണാം".

"അക്കാര്യത്തിൽ പക്ഷേ ഞാൻ താങ്കളോടു യോജിയ്ക്കുന്നില്ല. പത്രവായന സന്തോഷകരമായി അനുഭവപ്പെടുന്ന ചില ദിവസങ്ങളെങ്കിലും നമുക്കുണ്ടാകാറുണ്ട്!", 'ഫിഗറോ'യിൽ വന്ന ചിത്രപ്രദർശനത്തിന്റെ വാർത്ത വായിച്ചതായി സ്വാനിനെ ധരിപ്പിയ്ക്കാനെന്നപോലെ ഫ്ലോറ അമ്മായി ഇടയ്ക്കുകയറി പറഞ്ഞു.

"അതേ", സെലിൻ അമ്മായി ഒരുപടി കൂടി കയറി. "പ്രത്യേകിച്ചും നമുക്കു താൽപ്പര്യമുള്ള വ്യക്തികളും സംഭവങ്ങളും അത്തരം വാർത്തകളിൽ പരാമർശിയ്ക്കപ്പെടുമ്പോൾ!".

"ഞാൻ നിഷേധിയ്ക്കുന്നില്ല", ഒരു നിമിഷം നിർത്തി സ്വാൻ തുടർന്നു. "ഓരോ ദിവസവും ഒന്നല്ലെങ്കിൽ മറ്റൊരു വിവാദത്തിലേയ്ക്കു നമ്മെ ബലാൽക്കാരേണ വലിച്ചിഴച്ചു താൽപ്പര്യമെടുക്കാൻ പ്രലോഭിപ്പിയ്ക്കുന്ന ഒരാഭിചാരപ്രയോഗമാണു പുതിയ പത്രപ്രവർത്തനത്തിൽ ഞാൻ കാണുന്ന പ്രധാനദോഷം. അതേസമയം, മൂന്നോ നാലോ നല്ല പുസ്തകങ്ങളിൽനിന്നൊരു ജീവിതകാലത്തേയ്ക്കു വേണ്ടതെല്ലാം നമുക്കു ലഭിയ്ക്കും! നോക്കൂ, ഇന്നു വലിയൊരു വിപ്ളവംതന്നെ നടന്നെന്നു കരുതുക: നാളെ രാവിലെ വിറയ്ക്കുന്ന വിരലുകളുമായി പത്രം തുറക്കുമ്പോൾ എന്താണു നാം കാണാൻ പോകുന്നത്? പാസ്ക്കലിന്റെ 'പെൻസീസെ'ന്നു വിശേഷിപ്പിയ്ക്കാമോ എന്നറിയില്ല-", 'സ്വയമൊരു

വിദ്യാഡംഭിയാണെന്ന ധാരണ വരുത്താതെ, ശീർഷകത്തിന്റെ വിപരീതാർത്ഥത്തിനു പ്രത്യേകമായ ഊന്നൽ നൽകി വളരെ വ്യക്തമായാണ്, അദ്ദേഹം ആ വാക്കുച്ചരിച്ചത്. “മാത്രമല്ല, വല്ലപ്പോഴുമൊരിയ്ക്കൽമാത്രം നാം തുറന്നുനോക്കാറുള്ള തോൽച്ചട്ട പൊതിഞ്ഞ പുസ്തകത്തിലെ തിളങ്ങുന്ന ലിപികളിൽ-”, ഈ ലോകത്തു കാലൂന്നി നിൽക്കുമ്പോൾത്തന്നെ ലൌകികവിഷയങ്ങൾ പുച്ഛിച്ചു തള്ളുന്നവരെപ്പോലെ ഇടയ്ക്കൊന്നു നിർത്തി അദ്ദേഹം തുടർന്നു, “-ഹെലനിലെ രാജ്ഞി യാത്ര പുറപ്പെട്ടു കാനേയിലെത്തിയെന്നോ ലിയോൺ രാജകുമാരി ഒരു വേഷവിധാനമത്സരം സംഘടിപ്പിച്ചെന്നോ മറ്റോ കാണുന്ന വാർത്തകളുടെ 'വിവര'വും 'പരസ്യ'വും തമ്മിലുള്ള അനുപാതത്തെക്കുറിച്ചു നാമിനിയും വ്യക്തമായൊരു ധാരണയിലെത്തിയിട്ടില്ല!“. തമാശയായി തുടങ്ങിയെങ്കിലും ഗൗരവമേറിയ വിഷയങ്ങളിലേയ്ക്കു സംസാരം വഴുതിപ്പോയതിൽ ഖേദം പ്രകടിപ്പിയ്ക്കുന്നതുപോലെ അദ്ദേഹം കൂട്ടിച്ചേർത്തു: “രസകരമായൊരു കാര്യമാണു നാമിപ്പോൾ ചർച്ച ചെയ്യുന്നത്. പറഞ്ഞുവന്നപ്പോൾ ഇങ്ങനെയൊരു തലത്തിലേയ്ക്കു നാമെങ്ങനെയാണു കയറിപ്പോയതെന്നു മനസ്സിലാകുന്നില്ല!“, പെട്ടെന്നു പരിസരബോധം വീണ്ടെടുത്തു മുത്തച്ഛന്റെ നേർക്കു തിരിഞ്ഞു സ്വാൻ പറഞ്ഞു, “അതെ, മോളിയ്രിയർ എത്ര സാഹസികമായാണു മക്കളുടെ നേരെ കൈയോങ്ങിയതെന്നു സാങ്സൈമൺ വിവരിയ്ക്കുന്നുണ്ട്. ഒരുപക്ഷേ, ആ വരികൾ താങ്കൾക്കോർമ്മയുണ്ടാവും: 'പ്രാകൃതമായ ഈ പേടകത്തിൽ വിഡ്ഢിത്തവും വിദ്വേഷവുമല്ലാതെ മറ്റെന്തെങ്കിലുമുണ്ടെന്നു ഞാൻ കരുതുന്നില്ല‘!“.

“പ്രാകൃതമോ പരിഷ്കൃതമോ എന്തായാലും പതിവില്ലാത്ത എന്തെങ്കിലുമൊക്കെ കാണാതിരിയ്ക്കില്ല, തീർച്ച!“, സ്വാൻ കൊടുത്ത സമ്മാനപ്പൊതി രണ്ടുപേർക്കുംകൂടിയായതുകൊണ്ട്, സ്വാനിനോടും സെലിനോടും നന്ദി പറയേണ്ട ബാദ്ധ്യത തനിയ്ക്കുണ്ടെന്നു കരുതി ഫ്ലോറ അമ്മായി ഇടയ്ക്കുകയറി പറഞ്ഞു.

ഒരു നിമിഷം അമ്പരന്നു നിന്നെങ്കിലും സ്വാൻ സംസാരം നിർ

ത്തിയില്ല. “അതെ, അദ്ദേഹത്തിന്റെ അജ്ഞതയോ കൗശലമോ എന്താണെന്നു കൃത്യമായി വിശദീകരിയ്ക്കാൻ എനിയ്ക്കറിയില്ല; സാങ്സൈമൺ പറയുന്ന, 'മക്കളുടെ നേരേ കൈയോങ്ങാനുള്ള സാദ്ധ്യത തക്ക സമയത്തറിഞ്ഞു ഞാനദ്ദേഹത്തെ തടഞ്ഞു'!“.

സ്വാനിന്റെ 'അജ്ഞതയും കൗശലവു’മെന്ന പ്രയോഗം കേട്ടു മുത്തച്ഛൻ നിറഞ്ഞ നിർവൃതിയിൽ മുഴുകി. പക്ഷേ 'വെറുമൊരു എഴുത്തുകാര'നായ സാങ്സൈമണിന്റെ പേരുച്ചരിച്ചു കേട്ട നിമിഷം, ശ്രവണശക്തി സമ്പൂർണമായും മരവിയ്ക്കുന്നതു തടയാൻ ബദ്ധപ്പെട്ടു മിസ് സെലിൻ കോപാകുലയായി.

“എന്ത്! താങ്കളദ്ദേഹത്തെ പ്രശംസിയ്ക്കുകയാണോ ചെയ്യുന്നത്? കൊള്ളാം, ബുദ്ധിപരമായ എന്തെങ്കിലുമൊരു സൂചന ആ വരിയിലുണ്ടോ? നമ്മളൊന്നും മറ്റൊരാളല്ലെന്നാണോ അദ്ദേഹം അർത്ഥമാക്കുന്നത്? ബുദ്ധിയും വികാരവും ഒരുപോലെയാണെങ്കിൽ യാചകനും ധനികനും തമ്മിലെന്താണു വ്യത്യാസം? സത്യസന്ധനായ മനുഷ്യനെ ബഹുമാനിയ്ക്കാൻ പഠിപ്പിയ്ക്കുന്നില്ലെങ്കിൽ താങ്കളുടെ ഈ സാങ്സൈമൺ ഒരുപക്ഷേ തനതായൊരു ബോധനരീതിയായിരിയ്ക്കാം പിന്തുടരുന്നത്. പക്ഷേ, നിന്ദ്യവും വന്ധ്യവുമായ ആ വരി ഉദ്ധരിയ്ക്കാൻ താങ്കളെങ്ങനെ ധൈര്യപ്പെട്ടു?“.

പ്രതിഷേധത്തിന്റെ ഈ കോലാഹലത്തിനിടയിൽ തനിയ്ക്കിഷ്ടപ്പെട്ട വിഷയങ്ങൾ സ്വാനിനോടു ചോദിച്ചറിയാൻ ശ്രമിയ്ക്കുന്നതു ശ്രമകരമാണെന്നു കണ്ടു ക്ഷീണിച്ചു തളർന്നുപോയ മുത്തച്ഛൻ അമ്മയുടെ ചെവിയിൽ പിറുപിറുത്തു: “ഇത്തരം സന്ദർഭങ്ങളിൽ മനസ്സിനാശ്വാസം പകരുന്ന നിന്റെ ആ കവിത എനിയ്ക്കൊന്നു ചൊല്ലിത്തരൂ! അതെ, 'പ്രഭോ, എന്തെന്തു മൂലകങ്ങളുപയോഗിച്ചാണു നീ വെറുപ്പിന്റെ വികാരം സൃഷ്ടിച്ചത്?' അതെ, അത്രയും മതി!“.

അപ്പോഴൊക്കെ ഞാൻ കണ്ണിമയ്ക്കാതെ അമ്മയെത്തന്നെ നോക്കിയിരുന്നു. എല്ലാവരുംകൂടി ഒരുമിച്ചിരുന്നു വർത്തമാനം പറയുന്ന രാത്രികളിൽ അവസാനംവരെ പങ്കെടുക്കാൻ എനിയ്ക്കൊരിയ്ക്കലും അനു

വാദമുണ്ടായിരുന്നില്ല; അന്നെന്തായാലും അച്ഛന്റെ നീരസം ഭയന്ന പതിവുള്ള ചുംബനം അമ്മ നിഷേധിയ്ക്കാനിടയുണ്ടെന്ന ഞാനൂഹിച്ചു. അതുകൊണ്ടു ഭക്ഷണവും പാനോപചാരവും കഴിഞ്ഞു മുകളിലേയ്ക്കു പോകേണ്ട സമയം അടുത്തു വരുമ്പോൾ മറ്റാരും കാണാതെ ഞാൻ സകല ശക്തിയും സമാഹരിച്ചു പൊടുന്നനെ അമ്മയുടെ കവിളിലൊരു ചുംബനം നൽകുമെന്ന മനസാ തീരുമാനിച്ചു. അവരുടെ കവിളിൽ ഞാൻ മുൻകൂട്ടി നോക്കിവെച്ച സ്ഥാനത്തുതന്നെ ചുംബനമർപ്പിയ്ക്കുമ്പോൾ, ആ കവിളിന്റെ മധുരമായ തണുപ്പ് ചുണ്ടുകളിൽ പതിഞ്ഞ് ഒരു നിമിഷമെങ്കിലും എന്റെ മനസ്സ് ധന്യമാകാതിരിയ്ക്കില്ല. ചിത്രകാരൻ ചായക്കൂട്ടു തയാറാക്കുന്നതിനിടയിൽ, നേരത്തേ ഒരു നോക്കുമാത്രം കണ്ട പ്രതിരൂപം സ്വയം കുത്തിക്കുറിച്ച രേഖകളിൽനിന്ന വീണ്ടെടുത്തു ചിത്രത്തിന്ന ജീവൻ നൽകുന്നതുപോലെ, മാനസികമായ ആ മുൻകരുതലുകൾ സാഹചര്യം വരുമ്പോൾ സഹായകമാകുമെന്ന ഞാൻ കരുതി. പക്ഷേ, അന്ന രാത്രി അത്താഴമണി മുഴങ്ങുന്നതിന്ന മുമ്പേ, മുഖത്തൊരു നിർദ്ദോഷമായ ക്രൂരതയോടെ, മുത്തച്ഛൻ പറഞ്ഞു: “ഈ ‘പാവം പയ്യന്' നല്ല ക്ഷീണമുണ്ടെന്ന തോന്നുന്നു, ഇവനുറങ്ങാൻ പൊയ്ക്കോട്ടെ! മാത്രമല്ല, നമ്മളിന്നു പതിവിലേറെ വൈകാനും സാദ്ധ്യതയുണ്ട്!“.

നേരത്തേ പറഞ്ഞുറപ്പിച്ച ഉടമ്പടികളിലെ വ്യവസ്ഥകൾ പാലിയ്ക്കുന്നതിൽ അമ്മയോ മുത്തശ്ശിയോ പുലർത്തുന്ന നിഷ്ക്കർഷപോലും കാണിയ്ക്കാത്ത അച്ഛൻ പെട്ടെന്നിടപെട്ടു: “അതെയതേ, നീ കിടന്നുറങ്ങാൻ പൊയ്ക്കോ!“.

ആ നിമിഷം അവരുടെ മുമ്പിൽവെച്ചു ഞാനമ്മയെ ചുംബിയ്ക്കുമായിരുന്നു, പക്ഷേ, പൊടുന്നനെ അത്താഴമണി മുഴങ്ങി!

“വേണ്ട, അമ്മയെ വെറുതേ വിട്ടേക്ക്. ഇനിയിപ്പോൾ ശുഭരാത്രിയൊന്നും പറയേണ്ട കാര്യമില്ല, ഓരോരോ അസംബന്ധങ്ങൾ! നീ നേരേ മുകളിലേയ്ക്കു പൊയ്ക്കോ!“

അങ്ങനെ, പൊതിച്ചോറുപോലും കൈയിലെടുക്കാതെ ഉറക്കത്തിലേയ്ക്കു ഞാനൊരു സുദീർഘമായ തീർത്ഥയാത്ര പുറപ്പെടേണ്ടിയിരിയ്ക്കുന്നു. കോവണിയുടെ ഓരോ പടിയും 'ഹൃദയഗതിയ്ക്കെതിരെ' ഞാൻ കയറിയേ തീരൂ! ചുംബനം തന്നു വിട പറയാതിരുന്ന അമ്മയുടെ അടുത്തേയ്ക്കു മടങ്ങാൻ എന്റെ ഹൃദയം തുടിച്ചു. ചകിതമായൊരു മനസ്സോടെ നടന്നു കയറാറുള്ള വെറുപ്പുളവാക്കുന്ന കോണിപ്പടികൾ, സ്വയം വലിച്ചെടുത്ത വർണതൈലത്തിന്റെ അസുഖകരമായ ഗന്ധം പരത്തി ഞാനനുഭവിയ്ക്കുന്ന വിഷാദത്തിനു കൃത്യമായ നിർവചനം നൽകി. നിരന്തരം ദുർബലമായിക്കൊണ്ടിരിയ്ക്കുന്ന എന്റെ ഗ്രഹണശക്തിയുടെ നേർക്കുപോലും ഗന്ധപരമായ ആ കാപട്യം അത്യധികമായ ക്രൂരത കാണിച്ചു. വെള്ളത്തിൽ വീണ കുഞ്ഞിനെ കരയിലേയ്ക്കു പിടിച്ചുകയറ്റാൻ ആവർത്തിച്ചു ശ്രമിയ്ക്കുന്നതുപോലെ, അല്ലെങ്കിൽ മോളിയറുടെ കവിത നിരന്തരം നാവിലുരുക്കഴിയ്ക്കുന്നതുപോലെ, അസഹ്യമായ പല്ലുവേദനയെക്കുറിച്ചു ചിന്തിച്ച് ഉറക്കത്തിലേയ്ക്കു വീണശേഷം, താളാത്മകമായൊരു ദൃശ്യത്തിൽനിന്നു പല്ലുവേദനയെന്ന ചിന്തയുടെ കുരുക്കഴിയ്ക്കാൻ ബുദ്ധിയ്ക്കു കഴിയുമെന്ന സാന്ത്വനം ഉണരുമ്പോൾ മാത്രമാണു നമുക്കു ലഭിയ്ക്കുന്നത്. ആ സാന്ത്വനത്തിന്റെ നേർവിപരീതമായ വികാരോദ്വേഗമാണു മേലോട്ടു കയറുമ്പോൾ പക്ഷേ ഞാനനുഭവിച്ചത്. കോണിയിലെ വർണതൈലത്തിന്റെ വിചിത്രഗന്ധം അകത്തേയ്ക്കു വലിച്ചെടുത്ത നിമിഷം, മറ്റേതൊരു മാനസികാഘാതത്തേയും മറികടക്കുന്നവിധം എന്റെ ബോധശക്തി നിഗൂഢവും മൃഗീയവുമാ യി കീഴടക്കപ്പെട്ടു.

മുറിയുടെ വാതിൽ തള്ളിത്തുറന്നു ഞാനകത്തേയ്ക്കു കടന്നു; വെളിച്ചത്തിന്റെ വിടവുകൾക്കെതിരെ ജനൽപ്പാളികൾ വലിച്ചടച്ചു; സ്വന്തം ശവക്കുഴി തോണ്ടുന്നതുപോലെ, ഞാൻ നിശാവസ്ത്രം ധരിച്ചു ദേഹമാകെ കമ്പിളിപ്പുതപ്പിന്റെ ശവക്കച്ചകൊണ്ടു മൂടി. ഇരുമ്പുകട്ടിലിന്റെ കാലുകളിൽ ഉയർത്തിക്കെട്ടിയ കൊതുകുവലയ്ക്കുള്ളിൽ ശരീരം അടക്കം ചെയ്യപ്പെടുന്നതിനുമുമ്പേ, എന്തൊക്കെയോ ചില വികാരങ്ങൾ എ

ന്റെയുള്ളിൽ ഉരുൾപൊട്ടി. വധശിക്ഷയ്ക്കു വിധിയ്ക്കപ്പെട്ട കുറ്റവാളിയുടെ അവസാനത്തെ അടവുകളിലൊന്നു പുറത്തെടുക്കാൻ ഞാനുറച്ചു. എഴുതിയറിയിയ്ക്കാനാവാത്ത ഒരു പ്രധാനകാര്യത്തിനായി പെട്ടെന്നു മേലോട്ടു വരാനപേക്ഷിച്ചു ഞാനമ്മയ്ക്കൊരു കുറിപ്പെഴുതി. എന്റെ ചുമതലക്കാരിയായ ഫ്രാങ്കോയ്സ് ഒരുപക്ഷേ ആ കുറിപ്പ് അമ്മയുടെ പക്കൽ കൊണ്ടുചെന്നു കൊടുക്കാൻ വിസമ്മതിയ്ക്കുമെന്നു ഞാൻ ഭയന്നു. അണിയറക്കാരൻ അരങ്ങിൽ അഭിനയിച്ചുകൊണ്ടിരിയ്ക്കുന്ന നടന്റെ കൈയിലേയ്ക്കൊരു കത്തു കൊണ്ടുചെന്നു കൊടുക്കുന്നതുപോലെ, ഒരപരിചിതന്റെ സാന്നിദ്ധ്യത്തിൽ അമ്മയുടെ കൈയിലേയ്ക്കു കുറിപ്പു കൈമാറുന്നതു മിക്കവാറും അവൾക്കു നീരസമുണ്ടാക്കുമെന്നു ഞാൻ സംശയിച്ചു. അപ്രസക്തവും അഗോചരവുമായ ആശയങ്ങളിൽ യാതൊരു വിട്ടുവീഴ്ചയുമില്ലാതെ, ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ വിഷയങ്ങളെക്കുറിച്ചു സൂക്ഷ്മവും വിശദവും ആധികാരികവുമായൊരു നിയമാവലി അവൾ സ്വയം തയാറാക്കി വിധേയപൂർവം അനുസരിച്ചു പോന്നിരുന്നു. 'തുടയെല്ലിലെ മജ്ജാതന്തു ഭക്ഷിയ്ക്കുന്നതും' 'അമ്മയുടെ മുലപ്പാലിൽ ശിശുവിനെ വേവിയ്ക്കുന്നതും'പോലെ അതിശയോക്തി കലർന്ന വിലക്കുകളും, അമ്മയോടു ചേർത്തുകിടത്തി കുട്ടികളെ വധിയ്ക്കുന്ന നിഷ്ഠൂരവിധികളുമുൾക്കൊള്ളുന്ന പ്രാകൃതപ്രമാണങ്ങളാ യിരുന്നു, അവളുടെ നിയമാവലിയിൽ സ്ഥാനം പിടിച്ചിരുന്നത്. ഞങ്ങളുടെ ചില നിർദ്ദേശങ്ങൾ അനുസരിയ്ക്കുന്നതിനെതിരെ അവൾ പ്രകടിപ്പിയ്ക്കു ന്ന നിശ്ചയദാർഢ്യം കാണുമ്പോൾ, ഗ്രാമീണഭവനത്തിലെ വെറുമൊരു ഭൃത്യയെന്ന നിലയിൽ ഒരിയ്ക്കലും അവളുടെ ബുദ്ധിയിലുദിയ്ക്കാൻ ഇടയില്ലാത്ത ഒരുപാടു സാമൂഹ്യസങ്കീർണതകളും പരിഷ്ക്കാരസൂക്ഷ്മതകളും ആ നിയമാവലിയിൽ മുൻകൂട്ടി എഴുതിവെച്ചതായി ഞങ്ങൾക്കു തോന്നാറുണ്ട്. ഫ്രാൻസിലെ വ്യവസായനഗരങ്ങളിൽ കണ്ടുവരുന്ന ചില രമ്യഹർമ്മ്യങ്ങൾ ചരിത്രത്തിന്റെ നഷ്ടപ്രതാ പത്തിനു സാക്ഷികളായി മാറുന്നതുപോലെ, അല്ലെങ്കിൽ ശിൽപ്പചാതുരിയോടെ രൂപകൽപ്പന ചെയ്ത ക്യോത്രെ ഐമോണോ തിയോഫി

ലസിന്റെ രംഗസംവിധാനങ്ങളിൽ രസതന്ത്രവിശാരദർ വിവിധങ്ങ ളായ ചായക്കൂട്ടുകൾ മാറിമാറി ചേർക്കുന്നതുപോലെ, ഉദാത്തമായ ഒ രു ഭൂതകാലാസ്തിത്വം അവളുടെ മനസ്സിൽ അന്തർലീനമായിക്കിടക്കു ന്നുണ്ടെന്ന അനുമാനത്തിലെത്താൻ ഞങ്ങൾ നിർബന്ധിതരായി.

അവിചാരിതമായൊരു അഗ്നിബാധയുടെ സാദ്ധ്യത ഒഴിച്ചുനിർ ത്തിയാൽ, ഈയൊരു കഥയില്ലായ്മയുടെ പേരിൽ താഴെ ചെന്നു സ്വാനിന്റെ സാന്നിദ്ധ്യത്തിൽ യാതൊരസ്തിത്വവുമില്ലാത്ത എനിയ്ക്കു വേണ്ടി അമ്മയെ ശല്യപ്പെടുത്തുന്നതു ഫ്രാങ്കോയ്സിന്റെ നിയമാവ ലിയ്ക്കു തീരെ യോജിച്ചതായിരുന്നില്ല. കുടുംബാംഗങ്ങളോടും പൂർവിക രോടും പുരോഹിതരോടും പ്രഭുക്കളോടും മാത്രമല്ല, വീട്ടുമുറ്റത്തേയ്ക്കു പ്ര വേശിയ്ക്കുന്ന അപരിചിതരോടു മുഴുവൻ അവൾ കാണിയ്ക്കുന്ന ആദരവി ന്റെ മൂർത്തഭാവം, കഥയായി വായിയ്ക്കുമ്പോൾ രസകരമായി തോന്നാ മെങ്കിലും, അവളിൽനിന്നു നേരിട്ടു കേൾക്കുന്നതെനിയ്ക്കു പലപ്പോഴും രുചിയ്ക്കാറില്ല. അതുകൊണ്ട് വിഭവസമൃദ്ധമായൊരു അത്താഴം തയാ റാക്കിയതിന്റെ ആത്മാർത്ഥതയും, അന്നത്തെ ആഘോഷാന്തരീ ക്ഷം യാതൊരുതരത്തിലും നശിപ്പിയ്ക്കരുതെന്ന നിശ്ചയദാർഢ്യവും മൂ ലം, അവൾ ഭയഭക്തിബഹുമാനത്തോടെ പുറപ്പെടുവിച്ച സൗമ്യമായ നിഷേധം എന്നെ പതിവിലേറെ വെറി പിടിപ്പിച്ചു. പക്ഷേ, സാഫ ല്യത്തിന്റെ നേരിയ സാദ്ധ്യത നിലനിർത്തുന്നതിനുവേണ്ടി, ആ കുറി പ്പെഴുതിയതിൽ വ്യക്തിപരമായ താൽപ്പര്യങ്ങൾ യാതൊന്നുമില്ലെ ന്നു ഞാനൊരു നുണ പറഞ്ഞു. നമ്മേക്കാൾ തീക്ഷ്ണമായൊരു ഇ ന്ദ്രിയാവബോധം സഹജമായ പ്രാകൃതമനുഷ്യരെപ്പോലെ, ഞാൻ മ നഃപൂർവം മറയ്ക്കാമെന്നു കരുതിയ സത്യം അഗോചരമായ അശരീരി യിൽനിന്നറിഞ്ഞതുപോലെ, അവളെന്നെ അവിശ്വസിയ്ക്കുന്നതായി എനിയ്ക്കു തോന്നി. അവളൊരഞ്ചു മിനിട്ടോളം കുറിപ്പടക്കം ചെയ്ത കവ ർ കൈയിലിട്ടു കറക്കി ഉള്ളടക്കത്തെക്കുറിച്ചൊരു ധാരണയുണ്ടാ ക്കാൻ ശ്രമിച്ചു; മാത്രമല്ല, ഈ വിഷയം നിയമാവലിയിലെ ഏതു വ കുപ്പിലാണുൾപ്പെടുത്തേണ്ടതെന്നു ചിന്തിച്ചു കടലാസും കൈയക്ഷര

വും നിഷ്കൃഷ്ടമായൊരു നിരീക്ഷണത്തിനും അവൾ വിധേയമാക്കി.

അവസാനം, 'ഇതുപോലുള്ള കുട്ടികൾ മാതാപിതാക്കൾക്കെന്തൊരു ഭാരമാണുണ്ടാക്കുന്നതെ'ന്ന അർത്ഥത്തിൽ, വിധിയ്ക്കു കീഴടങ്ങിയ ഭാവത്തോടെ അവൾ പുറത്തേയ്ക്കുപോയി.

കൃത്യമൊരു മിനിട്ടിനുശേഷം അവൾ തിരിച്ചെത്തി. അത്താഴത്തിന്റെ ആദ്യവട്ടം പൂർത്തിയായിട്ടില്ലെന്നും, എല്ലാവരുടേയും മുമ്പിൽവെച്ചു കുറിപ്പ് അമ്മയുടെ കൈയിലേൽപ്പിയ്ക്കുന്നതിനുള്ള സാദ്ധ്യത വിരളമാണെന്നും തൽക്കാലം മേശപ്പുറത്തു തളിക നിരത്തുന്ന ഭൃത്യനെക്കൊണ്ടു കൈമാറാൻ ശ്രമിയ്ക്കാമെന്നും, അവളെന്നോടു പറഞ്ഞു. അതോടുകൂടി എന്റെ പ്രതീക്ഷ അസ്തമിച്ചു. സ്വാനിന്റെ കണ്ണിൽ പരിഹാസ്യമായി തോന്നാനിടയുള്ള ഈ കൗശലം മൂലം അമ്മയ്ക്കെന്നോടു രണ്ടു വിധത്തിലും അലോസരമുണ്ടാകുമെന്നതിൽ സംശയമില്ല. അതുകൊണ്ടു പിറ്റേന്നു രാവിലെവരെ ഞാനമ്മയെ നഷ്ടപ്പെട്ടതുപോലെ കണക്കാക്കി. അതേസമയം, മറ്റാരും കാണാതെ വേഷപ്രച്ഛന്നനായി അവരുടെ തൊട്ടരികെ പ്രത്യക്ഷപ്പെട്ട ഞാൻ, എന്റെ അസാന്നിദ്ധ്യത്തിൽ കുസൃതി തുളുമ്പുന്ന തമാശകൾ വിളമ്പുന്ന അമ്മ മേശപ്പുറത്തുനിന്നൊരു സ്പൂണെടുത്തു വറുത്ത അണ്ടിപ്പരിപ്പു വാരിവിതറിയ ഐസ്ക്രീം കോരിയെടുത്തു വായിലിടുന്നതു കണ്ടപ്പോൾ, മാരകമായൊരു വിഷാദം എന്റെ മനസ്സിൽ പടർന്നു കയറി; മാത്രമല്ല, ഞാനെഴുതിയ കുറിപ്പു വായിയ്ക്കുമ്പോൾ താനേ ഊറിവരുന്ന മാതൃവാത്സല്യത്തിന്റെ ഉറവകൾ, മൂത്തു പഴുത്ത പഴത്തിന്റെ തൊലി വിണ്ടുകീറി മധുരം ഇറ്റിറ്റു വീഴുന്നതുപോലെ, മത്തു പിടിച്ച എന്റെ മനസ്സിലേയ്ക്കു നീന്തി വരുന്നതും ഞാൻ കണ്ടു; ഇപ്പോൾ അമ്മയുടെ വേർപാട് എന്നെ ബാധിയ്ക്കുന്നില്ല; അതിരുകൾ മായ്ച്ചുകളയുന്ന അനുപമമായൊരു ബന്ധം ഞങ്ങൾക്കിടയിൽ വളർന്നുകഴിഞ്ഞു; ആശങ്കകളെല്ലാം തള്ളിക്കളഞ്ഞു ചുംബനം സമ്മാനിയ്ക്കാനായി അമ്മ വരുമെന്നുതന്നെ ഞാനുറച്ചു വിശ്വസിച്ചു!

അങ്ങനെ അറിയാതെ കടന്നുപോയ ഒരു നിമിഷത്തിന്റെ തീവ്ര മായ പീഡനത്തിൽ, കുറിപ്പ് വായിയ്ക്കാനിടയായ സ്വാൻ എന്റെ യഥാ ർത്ഥലക്ഷ്യം ഊഹിച്ചെടുത്തു സ്വയം ഉള്ളുതുറന്നു ചിരിയ്ക്കുമെന്നുകൂടി ഞാൻ സങ്കൽപ്പിച്ചു. ഈയൊരു വിഷാദം അദ്ദേഹത്തേയും ഒരു ശാ പംപോലെ ജീവിതത്തിലുടനീളം പിന്തുടർന്നതായി പിന്നീടു ഞാൻ മനസ്സിലാക്കുകയുണ്ടായി. അതുകൊണ്ട് അദ്ദേഹത്തിനല്ലാതെ മറ്റാർ ക്കും അന്നത്തെ എന്റെ വികാരങ്ങൾ ഉൾക്കൊള്ളാൻ കഴിയുമായി രുന്നില്ല. നമുക്കേറെ പ്രിയങ്കരനായൊരു വ്യക്തി മനസ്സിൽ സങ്കൽ പ്പിയ്ക്കാൻ കഴിയാത്തത്ര ദൂരത്തിരുന്നു സ്വയം ആനന്ദിയ്ക്കുന്നതറിയു മ്പോഴുണ്ടാകുന്ന ഉൽക്കടമായ വിരഹദു:ഖമാണു ഞാനന്നനുഭവിച്ചത്. സ്വാനിനെ സംബന്ധിച്ച മിക്കവാറും നേരത്തേ നിശ്ചയിച്ചുറപ്പിച്ച മ ധുരമായൊരു പ്രണയാനുഭൂതിയുടെ രൂപത്തിലായിരിയ്ക്കാം ഒരുപ ക്ഷേ ആ വിരഹവേദന പ്രത്യക്ഷപ്പെട്ടത്. പക്ഷേ, പ്രണയവികാരം മനസ്സിലേയ്ക്കു പ്രവേശിയ്ക്കുന്നതിനുമുമ്പ് ആത്മാവിനെ ആവേശിയ്ക്കുന്ന വിരഹവേദന, എനിയ്ക്കു സംഭവിച്ചതുപോലെ, ഓരോ തവണയും ഓ രോ ഭാവുകത്വങ്ങളായി, കൃത്യമായ മമതകളില്ലാതെ സ്വതന്ത്രവും ദുർ ഗ്രഹവുമായി, സൌഹൃദത്തിന്റെ സ്നേഹവും പുത്രോചിതവാത്സല്യവു മായി ഇടയ്ക്കിടെ പുറത്തു വന്നു. കുറിപ്പ് അമ്മയുടെ കൈയിലേൽപ്പി യ്ക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ടെന്നു ഫ്രാങ്കോയ്സ് വന്നു പറഞ്ഞപ്പോൾ, പ്രണയിനിയുടെ സുഹൃത്തിനു മാത്രം ലഭിയ്ക്കുന്നതുപോലെ എനിയ്ക്കു തോന്നിയ മിഥ്യാനന്ദം, സ്വാനിനു കൃത്യമായി മനസ്സിലാക്കാനാവു മെന്നു ഞാൻ കരുതി. അവളെത്തേടി വന്ന പഴയൊരു സുഹൃത്തു വീ ട്ടിലോ വിരുന്നിലോ നാടകശാലയിലെ 'ആദ്യപ്രദർശന'ത്തിന്റെ ഇ ടവേളയിലോവെച്ചു പരസ്പരം ഹൃദയം തുറന്നു സംസാരിയ്ക്കാൻ തുടങ്ങു മ്പോൾ, അവളോടു സല്ലപിയ്ക്കാനൊരവസരം നോക്കി അക്ഷമനായി ചുറ്റിക്കറങ്ങുന്ന നമ്മെ കാണുന്നു; അയാൾ നമ്മെ തിരിച്ചറിഞ്ഞു പരി ചയഭാവത്തിൽ അഭിവാദ്യംചെയ്തു നാമവിടെ എന്താണു ചെയ്യുന്നതെ ന്നു ചോദിയ്ക്കുന്നു; അയാളുടെ സുഹൃത്തായ അവൾക്ക് അടിയന്തിരമാ

യൊരു സന്ദേശം കൈമാറാനുണ്ടെന്നു സ്വയം മെനഞ്ഞുണ്ടാക്കിയ കഥ സത്യമെന്നു വിശ്വസിച്ച്, അതിനൊരു ബുദ്ധിമുട്ടുമില്ലെന്നു നമ്മെ ആശ്വസിപ്പിച്ച് അകത്തേയ്ക്കു കൂട്ടിക്കൊണ്ടുപോയി അവളെ പെട്ടെന്നു താഴോട്ടു പറഞ്ഞയയ്ക്കാമെന്നു വാക്കു തന്നു കോണിപ്പടി കയറി മറയുന്നു. ആ നിമിഷം, ഫ്രാങ്കോയ്സിനെ ഞാനിഷ്ടപ്പെട്ടതുപോലെ, എത്രയേറെ സന്തോഷത്തോടെയായിരിയ്ക്കും നാമയാളെ സ്വന്തം ഹൃദയത്തോടു ചേർത്തുപിടിയ്ക്കുന്നത്! പ്രണയിനിയ്ക്കു ചുറ്റും നിരന്നു നിന്നു ചിരിയ്ക്കുകയും ചതിയ്ക്കുകയും വഴിപിഴപ്പിയ്ക്കുകയും ചെയ്യുന്ന ജനക്കൂട്ടത്തിൽ, അതുപോലെ നല്ലവനായൊരു മദ്ധ്യവർത്തി ഒരേയൊരൊറ്റ വാക്കുകൊണ്ടാണു മാനുഷികവും ഭാവനാതീതവുമായൊരു ആനന്ദാനുഭൂതി നമുക്കു പകർന്നുതരുന്നത്. അവർ തമ്മിൽ നടത്തിയ ഗൂഢാലോചനയെക്കുറിച്ചു യാതൊന്നുമറിയാതെ, നമ്മുടെ അടുത്തു വന്നു സംസാരിച്ച സുഹൃത്തുമായി താരതമ്യം ചെയ്യുമ്പോൾ അവർക്കൊരിയ്ക്കലും നിഷ്ഠുരനായൊരു രാക്ഷസനാവാൻ കഴിയില്ല. അജ്ഞാതമായ ആനന്ദനിർവൃതി നുകരുന്നതിനുവേണ്ടി തരണം ചെയ്യേണ്ടിവരുന്ന പീഡനത്തിന്റെ നിമിഷങ്ങളാണവ! നോക്കൂ, ചുമരിലെ വിള്ളലിൽക്കൂടി നമുക്കനായാസം കടന്നുപോകാം. പക്ഷേ, പ്രണയിനിയുടെ ഉള്ളലിയിച്ചു വിടരുന്ന പരിശുദ്ധനിമിഷത്തിനുവേണ്ടി നമുക്കേറെ കാത്തിരിയ്ക്കേണ്ടിവരും; ആ നിമിഷത്തെ നാം കാണുകയും കൈക്കലാക്കുകയും ഇടപഴകുകയും ചെയ്തു മന:പൂർവം സൃഷ്ടിയ്ക്കുകയാണു ചെയ്യുന്നത്. ആ സുഹൃത്തു മുകളിൽ ചെന്നു നാമവളെ താഴെ കാത്തിരിയ്ക്കുന്നുണ്ടെന്നു പറയുന്ന നിമിഷംപോലെ, സമാഗമത്തിന്റെ മറ്റൊരു സാദ്ധ്യതയും അത്രയേറെ ധന്യമായിരിയ്ക്കില്ല! അത്രയും അനുപമമായി അത്രയും ആഴത്തിൽ നമ്മെ സ്പർശിയ്ക്കുന്ന യാതൊന്നുമില്ല. ദയാലുവായ സുഹൃത്ത് നമുക്കുറപ്പു തന്നിരിയ്ക്കുന്നു: 'തീർച്ചയായും, അവൾക്കു താഴോട്ടു വരാൻ സന്തോഷമേയുള്ളൂ! വിരസതയിൽ മുഴുകി നേരം കളയുന്നതിനേക്കാൾ എത്ര സന്തോഷകരമാണു നിങ്ങളോടു സംസാ

രിച്ചിരിയ്ക്കുന്നത്!' ഒരിയ്ക്കലും പ്രണയം തോന്നാത്തവരുടെകൂടെ നൃത്തം ചെയ്യാൻ നിർബന്ധിയ്ക്കപ്പെട്ട യുവതിയെ പ്രലോഭിപ്പിച്ച് വശത്താക്കാൻ ഒരു മദ്ധ്യസ്ഥന്റെ പരിശ്രമവും പര്യാപ്തമാവില്ലെന്ന് അനുഭവംകൊണ്ടു സ്വാനിനു നല്ല ബോദ്ധ്യമുണ്ട്. അതുകൊണ്ട് ആ സുഹൃത്ത് മിക്കവാറും ഒറ്റയ്ക്കുതന്നെ താഴോട്ടിറങ്ങിവരും...!

അമ്മ മുകളിലേയ്ക്കു വന്നതേയില്ല. അവർക്കെന്തോ എന്നെക്കൊണ്ടു സാധിയ്ക്കാനുണ്ടെന്നു പറഞ്ഞ കെട്ടുകഥയുടെ പേരിൽ ആത്മാഭിമാനം സംരക്ഷിയ്ക്കാനെങ്കിലും ഞാനൊന്നും ചെയ്യാതിരിയ്ക്കുന്നതു ശ്രദ്ധിച്ച ഫ്രാങ്കോയ്സ് നീട്ടിപ്പരത്തി പതുക്കെ പറഞ്ഞു: "മറുപടിയൊന്നും വന്നിട്ടില്ല!". സാധുക്കളായ പെൺകുട്ടികളോട് 'മണിമന്ദിര'ങ്ങളിലെ കാവൽക്കാർ പലപ്പോഴും ഈ വാക്കു പറയുന്നതു പിന്നീടു ഞാൻ കേട്ടിട്ടുണ്ട്. പാവം പെൺകുട്ടി പരിഭ്രാന്തിയോടെ കാതരസ്വരത്തിൽ ചോദിയ്ക്കും: "എന്ത്? അദ്ദേഹമൊന്നും പറഞ്ഞില്ല? എന്റെ കത്തു കൈയിൽ കൊടുത്തല്ലോ, സാരമില്ല, ഞാനിവിടെ കാത്തിരിയ്ക്കാം!" വിശ്രമമുറിയിലെ വിളക്കണയ്ക്കാതെ കാവൽക്കാരൻ കാണിയ്ക്കുന്ന ഉപചാരം പ്രതിഷേധസൂചകമായി നിഷേധിച്ച്, അയാളിടയ്ക്കിടെ കാലാവസ്ഥയെ പഴി പറയുന്നതും പറ്റുകാരുടെ സൗകര്യങ്ങളന്വേഷിയ്ക്കാൻ സഹായിയെ പറഞ്ഞുവിടുന്നതുമൊഴികെ യാതൊരു സംസാരവും ശ്രദ്ധിയ്ക്കാതെ, അവളവിടെ ഇരിയ്ക്കും. അതുകൊണ്ട്, കുറച്ചുനേരം കൂട്ടിരിയ്ക്കാമെന്ന നിർദ്ദേശം നിരസിച്ച് ഫ്രാങ്കോയ്സിനെ അടുക്കളയിലേയ്ക്കു പറഞ്ഞയച്ച് ഞാൻ തോട്ടത്തിൽനിന്നുള്ള ശബ്ദകോലാഹലം ശ്രദ്ധിയ്ക്കാതെ കണ്ണുകളടച്ച് കിടക്കയിൽ കമിഴ്ന്നുകിടന്നു.

പക്ഷേ, അമ്മയെ കോപാകുലയാക്കുന്ന വിധത്തിൽ വളരെ സാഹസികമായാണു ഞാൻ ആ കുറിപ്പെഴുതിയതെന്നു പെട്ടെന്നെനിയ്ക്കു ബോദ്ധ്യം വന്നു; വീണ്ടും പരസ്പരം കണ്ടുമുട്ടുന്ന നിമിഷത്തെക്കുറിച്ചു ചിന്തിച്ചപ്പോൾ, അന്നത്തെ രാത്രി അമ്മയെ കാണാതെ ഉറങ്ങേണ്ടതില്ലെന്ന ഉറച്ച തീരുമാനത്തിൽ ഞാൻ ചെന്നെത്തി. എന്റെ ദൗർഭാഗ്യത്തെ സ്വയമംഗീകരിച്ചു ശാന്തത വരിയ്ക്കാനുള്ള പരിശ്രമത്തിനിട

യിൽ വർദ്ധിച്ചു വന്ന അസ്വസ്ഥതമൂലം ഹൃദയം അത്യധികമായ വേദനയോടെ മിടിയ്ക്കാൻ തുടങ്ങി. പൊടുന്നനെ എന്താണെന്നറിയില്ല, ആ ഉൽക്കണ്ഠ കുറഞ്ഞുവരികയും ചെയ്തു. ശക്തിയേറിയ മരുന്നിന്റെ ഫലമായി കഠിനമായ വേദന ചോർന്നുപോകുന്നതുപോലെ, ഉൽക്കടമായൊരു സുഖാനുഭവവും എന്റെ മനസ്സിലേയ്ക്കു കടന്നുവന്നു. അപ്പോൾ, മറ്റുള്ളവരുടെ അപ്രീതിയ്ക്കു കാരണമാകുമെന്ന സുനിശ്ചിതത്വം പോലും കണക്കാക്കാതെ, അമ്മ വരുമ്പോൾ അപ്രതീക്ഷിതമായൊരു ചുംബനം സമർപ്പിയ്ക്കുമെന്നുകൂടി ഞാനുറപ്പിച്ചു. അങ്ങനെ അത്യാസന്നമായ ഒരാകുലതയ്ക്കു പിന്നാലെ പ്രതീക്ഷകളുമായി പ്രത്യക്ഷപ്പെട്ട ആ പ്രശാന്തത എന്നെ ജാഗരൂകനുമാക്കി.

താഴെയുള്ളവർ അറിയുമെന്ന ഭയം മൂലം അനങ്ങാൻപോലും ധൈര്യപ്പെടാതെ ഞാൻ ജനൽപ്പാളികൾ നിശ്ശബ്ദം തുറന്നു കിടയ്ക്കയിൽ എഴുന്നേറ്റിരുന്നു. ജനലിനു പുറത്തു നിലാവെളിച്ചത്തിൽ സകല ചരാചരങ്ങളും പ്രതീക്ഷാപൂർവം നിലകൊണ്ടു. നീളമുള്ള നിഴലുകൾ യഥാർത്ഥരൂപവുമായി ചേർന്നിണങ്ങി സാന്ദ്രതയും സ്ഥിരതയുമുള്ള പ്രതിരൂപങ്ങളായി മാറി; മെലിഞ്ഞു വികൃതമായ പ്രകൃതിദൃശ്യങ്ങൾ, മടക്കിവെച്ച ഭൂപടം നിവർത്തിയിട്ടതുപോലെ കാണപ്പെട്ടു; നിശ്ചലവും നിശ്ശബ്ദവുമായ അന്തരീക്ഷത്തിൽ ഞാവൽമരത്തിനിന്നൊരു പഴുത്ത ഇല അടർന്നു വീണു. സൂക്ഷ്മമായ ആ നടുക്കം മനസ്സിനു പോറലേൽപ്പിയ്ക്കാത്ത ചില അംഗവിക്ഷേപങ്ങളോടെ ശൂന്യതയിലൊരു രൂപരേഖ ബാക്കിയാക്കി മാഞ്ഞുപോയി. ശബ്ദങ്ങളൊന്നുമില്ലാത്ത പ്രശാന്തമായ ഉപരിതലത്തിൽ, നഗരത്തിലെവിടെയോനിന്നു കേൾക്കുന്ന ദുർബലമായ മാറ്റൊലികൾ സംഗീതാത്മകമായ പരിസമാപ്തികൊണ്ടു പ്രത്യേകം തിരിച്ചറിയാൻ കഴിഞ്ഞു. ഉപകരണങ്ങളുടെ നിശ്ശബ്ദതന്ത്രികളിൽ വിദഗ്ധമായി സ്വരസഞ്ചാരം നടത്തുന്ന സംഗീതജ്ഞൻ, ഒരൊറ്റ നാദവും നഷ്ടപ്പെടാതെ വേദിയിൽനിന്നു വളരെ ദൂരത്തുനിന്നാണു പുറപ്പെടുന്നതെന്ന അനുഭവം സൃഷ്ടിച്ചു. അകലെനിന്നു പുറ

പ്പെട്ടു തൊട്ടടുത്ത തെരുവിന്റെ വളവു കടക്കുന്നതിനുമുമ്പു പൊടുന്നനെ കണ്ണിൽപ്പെട്ട പട്ടാളക്കാരുടെ പഥസഞ്ചലനത്തിനു കാതോർക്കുന്നതുപോലെ, മുത്തശ്ശിയടക്കം ഞങ്ങളെല്ലാവരും സ്വാനിന്റെ സംസാരം കേൾക്കാൻ ചെവി വട്ടം പിടിച്ചു ശ്രദ്ധിയ്ക്കുന്നതു ഞാൻ പലപ്പോഴും നേരിൽ കണ്ടിട്ടുണ്ട്.

അച്ഛനമ്മമാരുടെ കണ്ണിൽ, മറ്റൊരാൾക്കും സങ്കൽപ്പിയ്ക്കാനാവാത്തവിധം ലജ്ജാകരമായൊരു കുറ്റകൃത്യമാണു ഞാൻ ചെയ്തിരിയ്ക്കുന്നത്; ഇനി നടക്കാനിടയുള്ള ഗൗരവതരമായ പ്രതിസന്ധിയെക്കുറിച്ചു ഞാനാലോചിച്ചു. അവരെനിയ്ക്കുവേണ്ടി പ്രത്യേകം തയാറാക്കിയ വിദ്യാഭ്യാസപദ്ധതിയിൽ, സാധാരണ കുട്ടികൾക്കു ബാധകമായ വിധത്തിലല്ല കുറ്റകൃത്യങ്ങൾ തരംതിരിച്ചുവെച്ചിരുന്നത്. നാഡീരോഗങ്ങളുമായി ബന്ധപ്പെട്ട ആവേശങ്ങൾക്കു കീഴടങ്ങുമ്പോൾ സംഭവിയ്ക്കാവുന്ന, ഒരുപക്ഷേ എനിയ്ക്കിന്നു വ്യക്തമായി തിരിച്ചറിയാനാവുന്ന, ചില വികാരങ്ങളായിരുന്നു പട്ടികയിലൊന്നാമതായി സ്ഥാനം പിടിച്ചത്. പക്ഷേ, അത്തരത്തിലുള്ള വാക്കുകളോ സൂചനകളോ എന്റെ കേൾവിയുടെ പരിധിയിൽ ഇതുവരെ ഞാനുച്ചരിച്ചു കേട്ടിട്ടില്ല. അവയെ പ്രതിരോധിയ്ക്കാനെനിയ്ക്കു ശക്തിയില്ലെന്നും മൗലികമായ ചില പ്രലോഭനങ്ങൾ മൂലമാണു ഞാനവയ്ക്കു വഴിപ്പെടുന്നതെന്നും വിശ്വസിയ്ക്കാൻ അവരൊട്ടു തയാറായതുമില്ല. അത്തരം അതിക്രമങ്ങൾക്കു തൊട്ടുമുമ്പേ അനുഭവിയ്ക്കേണ്ടിവരുന്ന മാനസികപീഡനവും തുടർന്നുള്ള ശിക്ഷയുടെ രൂക്ഷതയും വിലയിരുത്തി, എനിയ്ക്കവ അനായാസം തിരിച്ചറിയാൻ കഴിയാറുണ്ട്. അങ്ങനെ കർക്കശമായ പീഡനങ്ങളൊഴിവാക്കാൻ പതിവായി ചെയ്യാറുള്ള ചില തെറ്റുകളുടെ അതേ വർഗത്തിലാണെങ്കിലും, ഇന്നത്തെ കുറ്റകൃത്യം പതിവിലേറെ ഗൗരവത്തോടെ കണക്കാക്കപ്പെടുമെന്നു ഞാൻ തിരിച്ചറിഞ്ഞു. അമ്മയെ കാണാൻ പുറത്തേയ്ക്കിറങ്ങുന്ന നിമിഷം അവരെന്റെ മുറിയിലേയ്ക്കു കാലെടുത്തു വെയ്ക്കുകയോ, രണ്ടാമതൊരു ചുംബനത്തിനുവേണ്ടി ഞാനിടനാഴിയിൽ കാത്തുനിൽക്കുകയോ, ചെയ്യുന്ന ദിവസങ്ങളിൽ പിറ്റേ

ന്നു കാലത്തുതന്നെ വിദ്യാലയത്തിലേയ്ക്കു നാടു കടത്തപ്പെടുന്ന വെല്ലു വിളിയാണു ഞാൻ നേരിടാറുള്ളത്. നല്ല ശിക്ഷ! എന്റെ ശരീരം ഈ നിമിഷം ജനലിലൂടെ പുറത്തേയ്ക്കു ചുഴറ്റിയെറിയപ്പെടുന്ന ദുരവസ്ഥ പോലും ഞാനതിലേറെ ശാന്തനായി സ്വാഗതം ചെയ്യും! എന്തായാലും ഇന്നിപ്പോൾ അമ്മയുടെ സാന്നിദ്ധ്യവും സാന്ത്വനവുമാണു ഞാനത്യാസന്നമായി കാണുന്നത്; ആ ലക്ഷ്യസാക്ഷാത്ക്കാരത്തിനു തിരിച്ചു നടക്കാനാവാത്തത്ര ദൂരം ഞാൻ തരണം ചെയ്തു കഴിഞ്ഞു!

സ്വാനിനെ യാത്രയാക്കാൻ പുറത്തിറങ്ങുന്ന അച്ഛനമ്മമാരുടെ കാലടിശബ്ദം എനിയ്ക്കു കേൾക്കാം. പടിവാതിലിന്റെ അടുത്തെത്തിയ അദ്ദേഹം പൊയ്ക്കഴിഞ്ഞെന്നു തീർച്ച വരുത്താൻ ജനലിലൂടെ ഞാനെത്തിനോക്കി. കടൽക്കൊഞ്ചിന്റെ വിഭവത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായം അമ്മ അച്ഛനോടു ചോദിയ്ക്കുന്നതു ഞാൻ കേട്ടു. "തരക്കേടില്ലെന്നാണു പറഞ്ഞത്", അച്ഛൻ അലക്ഷ്യമായി പറഞ്ഞു. "അടുത്ത തവണ നമുക്കു മറ്റു വിഭവങ്ങളെന്തെങ്കിലും തയാറാക്കാം!".

"എനിയ്ക്കു പറയാതിരിയ്ക്കാനാവുന്നില്ല..", വലിയമ്മായി അത്ഭുതപ്പെട്ടു. "സ്വാനിന്റെ പ്രകൃതത്തിൽ എന്തൊരു മാറ്റമാണു വന്നിരിയ്ക്കുന്നത്! അദ്ദേഹം വല്ലാതെ വൃദ്ധനായിരിയ്ക്കുന്നു!" പ്രത്യേകമായൊരു പ്രായത്തിന്റെ പരിധിയിൽ മാത്രം കണ്ടു ശീലിച്ചതുമൂലം, സ്വയം സങ്കൽപ്പിച്ച പ്രായത്തേക്കാൾ ഉജ്ജ്വലമായൊരു യുവത്വത്തിന്റെ പ്രസരിപ്പ് അദ്ദേഹത്തിൽ പെട്ടെന്നു കണ്ടപ്പോൾ വലിയമ്മായി സത്യത്തിൽ ഞെട്ടുകയാണു ചെയ്തത്! അതേ ചിന്താഗതിയെ പിന്തുണച്ചു മറ്റുള്ളവർ, ഇതുപോലെ അപൂർവവും നിന്ദ്യവുമായൊരു വാർദ്ധക്യം ബ്രഹ്മചാരികളിൽമാത്രമാണു കാണാറുള്ളതെന്ന നിഗമനത്തിൽ ചെന്നെത്തി; അവരുടെ നല്ലൊരു ദിവസം പതിവിലേറെ ദീർഘവും പിറ്റേ ദിവസത്തേയ്ക്കു കരുതിവെയ്ക്കാൻ യാതൊന്നുമില്ലാത്തവിധം സമൃദ്ധവുമായിരിയ്ക്കും; അവരുടെ ഓരോ നിമിഷങ്ങളും ഇടർച്ചകളില്ലാതെ ഈട്ടംകൂടുന്ന പ്രതീക്ഷകളുടെ ശൂന്യതയുമായിരിയ്ക്കും!

“നികൃഷ്ടയായ ഭാര്യയുടെ പേരിൽ അദ്ദേഹം വല്ലാതെ കഷ്ടപ്പെടു ന്നുണ്ടെന്നു തോന്നുന്നു. അവളിപ്പോൾ ചാർലൂസിന്റെ കൂടെയാണത്രേ 'കഴിയു'ന്നത്! കോംബ്രേയിലെ സകല ജനങ്ങളും അറിഞ്ഞു കഴി ഞ്ഞു; പട്ടണത്തിലതൊരു പാട്ടായിരിക്കുന്നു!“

അതുകൊണ്ടു മാത്രമല്ല, അല്ലാതെതന്നെ ഈയിടെ അദ്ദേഹം വ ല്ലാതെ ദു:ഖിതനായി കാണപ്പെടുന്നുണ്ടെന്ന് അമ്മ അഭിപ്രായപ്പെട്ടു. “കണ്ണുകൾ തുടച്ച് ഇടതുകൈ നെറ്റിയിൽ ചേർത്തുവെയ്ക്കുന്ന പിതാ വിന്റെ പ്രകൃതം ഈയിടെയായി അദ്ദേഹം മറന്നതുപോലെ തോന്നു ന്നു. ഉള്ളിന്റെയുള്ളിൽ അദ്ദേഹത്തിനു ഭാര്യയോടു യാതൊരു സ്നേഹ വുമില്ലെന്നാണു ഞാൻ കരുതുന്നത്“.

“അതെയതെ, അതിനാണു സാദ്ധ്യത!“, മുത്തച്ഛൻ കൂട്ടിച്ചേർത്തു, “വർഷങ്ങൾക്കുമുമ്പ് അദ്ദേഹം എനിയ്ക്കൊരു കത്തയച്ചിരുന്നു. അന്നു ഞാനതത്ര കാര്യമാക്കിയില്ല. ഭാര്യയോടുള്ള സ്നേഹമൊഴിച്ച് മറ്റെല്ലാ വികാരങ്ങളുമതിലുണ്ടായിരുന്നു. നോക്കൂ, നിങ്ങളദ്ദേഹത്തോടു സമ്മാ നം തന്നതിനു നന്ദി പറഞ്ഞില്ല!“ ഭാര്യാസഹോദരിമാരുടെ നേരേ തിരിഞ്ഞു മുത്തച്ഛൻ പരിഭവിച്ചു.

“എന്ത്? നന്ദി പറഞ്ഞില്ലെന്നോ? തുറന്നു പറയട്ടെ, ഞാനതു വൃ ത്തിയായിത്തന്നെ ചെയ്തു!“. ഫ്ലോറ അമ്മായി പറഞ്ഞു.

“അതേ, നീയതു നന്നായി കൈകാര്യം ചെയ്തു. ഞാനതിനു നി ന്നെ പ്രത്യേകം അഭിനന്ദിയ്ക്കുന്നു!“ സെലിൻ അമ്മായി കൂട്ടിച്ചേർത്തു. “മാത്രമല്ല, നിന്റെ അവതരണവും നന്നായിരുന്നു“.

“അതേ, 'നല്ല അയൽക്കാരനെ'ന്ന പ്രയോഗം എനിയ്ക്കിഷ്ടപ്പെട്ടു!“

“കഷ്ടം! ഇത്തരത്തിലാണോ നിങ്ങളദ്ദേഹത്തോടു നന്ദി പറ ഞ്ഞത്?,“ മുത്തച്ഛൻ അത്ഭുതത്തോടെ ചോദിച്ചു. “എന്തോ കേട്ടതാ യി തോന്നുന്നുണ്ട്. സ്വാനിനെ ഉദ്ദേശിച്ചാണു പറഞ്ഞതെന്നു പക്ഷേ, എനിയ്ക്കു മനസ്സിലായില്ല. അദ്ദേഹവും അതത്ര ശ്രദ്ധിച്ചില്ലെന്നാണു ഞാൻ കരുതുന്നത്!“

“വേണ്ട, വേണ്ട, അത്ര വിഡ്ഢിയൊന്നുമല്ല സ്വാൻ! ആ പ്രശംസ അദ്ദേഹം നന്നായി ആസ്വദിച്ചു. അല്ലാതെ സമ്മാനപ്പൊതിയ്ക്കകത്തെ കുപ്പികളുടെ എണ്ണം വിളിച്ചുപറയണമെന്നാണോ താങ്കളുദ്ദേശിച്ചത്? അതോ, അദ്ദേഹം ചിലവാക്കിയ തുകയെക്കുറിച്ചോ?“

അച്ഛനമ്മമാരെ ഒറ്റയ്ക്കാക്കി അവർ രണ്ടുപേരും മുത്തച്ഛനും ഉറങ്ങാൻ പോയി. കുറച്ചുനേരംകൂടി വെറുതെയിരുന്നശേഷം അച്ഛൻ പറഞ്ഞു: “ശരി, നമുക്കിനി കിടക്കാൻ പോകാം?“

“നിങ്ങളുടെ ഇഷ്ടം, പക്ഷേ, എനിയ്ക്കൊരു പോള കണ്ണടയ്ക്കാൻ തോന്നുന്നില്ല. എന്തായാലും കാപ്പി കുടിച്ചതുകൊണ്ടാവാനിടയില്ല. ഇങ്ങനെ ഉറക്കം വരാത്തവിധം കാപ്പിയ്ക്കൊരു കടുപ്പമുണ്ടായിരുന്നില്ല. അതാ പരിചാരകരുടെ മുറിയിൽ വെളിച്ചമുണ്ടല്ലോ, പാവം ഫ്രാങ്കോയ്സ് എന്നെ കാത്തിരിയ്ക്കുകയാവും, നിങ്ങൾ വേഷം മാറി വരൂ, ഞാനൊന്നു നോക്കി വരാം!“

അമ്മ ഹാളിൽ നിന്നു കോണിത്തളത്തിലേയ്ക്കു കടക്കുന്ന വാതിൽ തുറന്നു മുറിയുടെ ജനൽപ്പാളികളടയ്ക്കാൻ മേലോട്ടു കയറിവരുന്ന ശബ്ദം കേട്ടയുടനെ ഞാനിടനാഴിയിലേയ്ക്കു കടന്നു നിന്നു. ചലനശേഷി നഷ്ടപ്പെടാൻ പോകുന്നതുപോലെ എന്റെ ഹൃദയം ശക്തിയായി മിടിച്ചു. ഉൽക്കണ്ഠയല്ല, ഉദ്വേഗവും ആനന്ദവും ചേർന്ന ഒരു വിങ്ങലാണു ഞാനനുഭവിച്ചത്. അമ്മയുടെ കൈവിളക്കിന്റെ പ്രകാശം കോണിച്ചുവട്ടിൽനിന്നു പതുക്കെ മേലോട്ടു പടരുന്നതു ഞാൻ കണ്ടു; തൊട്ടുമുമ്പിലെത്തിയ അമ്മയെ ഞാൻ ആവേശത്തോടെ കെട്ടിപ്പുണർന്നു; എന്താണു സംഭവിയ്ക്കുന്നതെന്നു മനസ്സിലാവാതെ ഒരു നിമിഷം സ്തംഭിച്ചു നിന്ന അവരെന്നെ അമ്പരപ്പോടെ നോക്കി. പെട്ടെന്നവരുടെ മുഖത്തു കോപത്തിന്റെ കരിനിഴൽ പരന്നു. അമ്മ എന്നോട് ഒരക്ഷരം മിണ്ടിയില്ല. ഇതിലേറെ ചെറിയ തെറ്റുകൾക്കു ചിലപ്പോൾ ദിവസങ്ങളോളം അമ്മ എന്നോടു മിണ്ടാതിരിയ്ക്കാറുണ്ട്. പക്ഷേ പഴയതുപോലെ ഇടപഴകാൻ മിക്കവാറും അമ്മയുടെ ഒരൊറ്റ വാക്കു ഞാൻ സമ്മതപത്ര

മായി കണക്കാക്കിയിരുന്നു! കഠിനമായ ശിക്ഷയേക്കാൾ അമ്മ സ്വയം കരുതിവെയ്ക്കുന്ന നിശ്ശബ്ദമായ ആ മൗനവും ഈർഷ്യയും എന്റെ മനസ്സിൽ ദുസ്സഹമായൊരു ഭീതിയാണു സൃഷ്ടിച്ചത്.

ശാസനയ്ക്കു വിധേയനാക്കാൻ തീരുമാനിച്ചു കഴിഞ്ഞ ഭൃത്യനോടു സംസാരിക്കുമ്പോൾ കാണിയ്ക്കുന്ന കപടമായ ശാന്തതയായിരുന്നു, അമ്മയുടെ നാവിൽനിന്നു പുറപ്പെടാറുള്ള ആ വാക്ക്; നീണ്ടുനിന്ന വഴക്കിന്റെ പേരിൽ നിഷേധിയ്ക്കപ്പെട്ട ഒരാനുകൂല്യമല്ല, മറിച്ച്, പട്ടാളത്തിൽ ചേരുന്ന മകനു യാത്രയയപ്പുവേളയിൽ നൽകുന്ന ഒരുപചാരമായിരുന്നു, ആ ചുംബനം! അച്ഛൻ പെട്ടെന്നു വേഷം മാറി പുറത്തിറങ്ങുന്ന ശബ്ദം കേട്ടപ്പോൾ, എന്നെയവിടെ ആ നിലയ്ക്കു കണ്ടാൽ സംഭവിയ്ക്കാവുന്ന 'ദുരന്ത'മൊഴിവാക്കാൻവേണ്ടി അമ്മ കോപം കടിച്ചമർത്തി പറഞ്ഞു: “നീയിങ്ങനെ കിറുക്കു പിടിച്ചു നിൽക്കാതെ പെട്ടെന്നു മുറിയിലേയ്ക്കു പൊയ്ക്കോ, അച്ഛൻ കാണാനിട വരണ്ട!“

അമ്മയോടു ഞാൻ യാചനാസ്വരത്തിൽ കെഞ്ചി: “അകത്തേയ്ക്കു വന്നൊരു ചുംബനം തന്നു പോകൂ!“. അതേസമയം അച്ഛന്റെ നീണ്ട നിഴൽ പതുക്കെ ചുമരിലേയ്ക്കിഴഞ്ഞു കയറുന്നതു ഞാൻ ഭയപ്പാടോടെ നോക്കിനിന്നു. കുറച്ചു നേരം കൂടി നിന്നാൽ ഒരുപക്ഷേ അച്ഛന്റെ കണ്ണിൽപ്പെടാനുള്ള സാദ്ധ്യതയൊഴിവാക്കാനെങ്കിലും അമ്മ എന്റെ ഇംഗിതത്തിനു വഴങ്ങി 'നീയകത്തേയ്ക്കു പൊയ്ക്കോ, ഞാനുടനെ വരാ'മെന്നു പറയുമെന്നും അങ്ങനെ അച്ഛന്റെ വരവൊരു വിലപേശലാക്കി മാറ്റാമെന്നും ഞാൻ വ്യാമോഹിച്ചു.

പക്ഷേ, സമയം വൈകിപ്പോയി; അച്ഛൻ ഞങ്ങളുടെ തൊട്ടു മുമ്പിൽ വന്നു നിന്നു! മറ്റാരും കേട്ടില്ലെങ്കിലും ജന്മവാസനയുടെ പ്രേരണയിൽ ഞാൻ പിറുപിറുത്തു, “എന്റെ കഥ കഴിഞ്ഞു!“.

പക്ഷേ, പ്രതീക്ഷിച്ചതുപോലെ യാതൊന്നുമുണ്ടായില്ല. അമ്മയേയും മുത്തശ്ശിയേയുംപോലുള്ള ഉദാരമതികൾ എനിയ്ക്കു പൊതുവേ അനുവദിച്ചുതന്ന പല അവകാശങ്ങളും അച്ഛൻ കർശനമായി നിഷേധിയ്ക്കുകയാണു പതിവ്. അദ്ദേഹമൊരിയ്ക്കലും 'ആദർശ'ങ്ങൾക്കു വഴങ്ങാ

റില്ല; 'മനുഷ്യാവകാശ'ത്തിനും ആ മനസ്സിൽ സ്ഥാനമുണ്ടായിരുന്നില്ല. വൈകുന്നേരം പുറത്തു നടക്കാൻ പോകുന്നതുപോലുള്ള എന്റെ ദിനചര്യയുംപോലും ചിലപ്പോൾ തീരെ നിസ്സാരമായ കാരണങ്ങൾ പറഞ്ഞ് അദ്ദേഹം തടസ്സം നിൽക്കും. വ്യക്തിപരവും പരിശുദ്ധവുമായ അത്തരം ആവശ്യങ്ങൾ നിഷേധിയ്ക്കുന്നതു തികഞ്ഞ അവകാശലംഘനമാണെന്നു ഞാൻ കരുതി. അല്ലെങ്കിൽ ഇന്നു വൈകുന്നേരം പതിവില്ലാതെ 'നീ കിടന്നുറങ്ങാൻ പൊയ്ക്കോ!'യെന്നദ്ദേഹം പറയുമായിരുന്നില്ല. പക്ഷേ, അച്ഛൻ കുസലില്ലാത്ത ഒരു കർക്കശക്കാരനാണെന്നും എനിയ്ക്കു പറയാനാവില്ല. അത്ഭുതവും അലോസരവും മറയ്ക്കാതെ ഒരു നിമിഷം അദ്ദേഹമെന്നെ നോക്കിനിന്നു. അമ്പരപ്പു കഴിയുന്നതുമൊഴിവാക്കി അമ്മ സംഭവം വിവരിയ്ക്കുന്നതിനിടയിൽ അദ്ദേഹം പറഞ്ഞു: "എങ്കിൽ, നീ അവന്റെകൂടെ പൊയ്ക്കൊള്ളൂ. ഉറക്കം വരുന്നില്ലെന്നാണല്ലോ പറഞ്ഞത്, കുറച്ചുനേരം അവിടെ ചെന്നിരുന്നോളൂ. എനിയ്ക്കിപ്പോൾ പ്രത്യേകിച്ച് ആവശ്യമൊന്നുമില്ല!".

"പക്ഷേ,"' അമ്മ ചെറിയ സങ്കോചത്തോടെ പറഞ്ഞു, "ഉറക്കം വരാത്തതല്ല, നമ്മളിവനെ ഇങ്ങനെ ശീലിപ്പിയ്ക്കുന്നത്......"

"ശീലത്തിന്റെ പ്രശ്നമൊന്നുമില്ല", അച്ഛൻ ചുമലിളക്കിക്കൊണ്ടു പറഞ്ഞു.. "അവനു വല്ലാത്തൊരു വിഷാദമുള്ളതു നീ കാണുന്നില്ലേ? നമ്മളെന്തായാലും ജയിലിലെ പാറാവുകാരല്ലല്ലോ! തൽക്കാലം അവന്റെ രോഗം വഷളാവാതെ നോക്കിയാൽ മതി. മുറിയിലെ രണ്ടു കട്ടിലിൽ ഒന്നു നിനക്കായൊരുക്കാൻ ഫ്രാങ്കോയ്സിനോടു പറഞ്ഞു നീയവന്റെ കൂടെ കിടന്നോ, ഞാനേതായാലും ഉറങ്ങാൻ പോകുന്നു, നിന്റെ വൈകാരികതകളൊന്നും പക്ഷേ എനിയ്ക്കില്ല. ശുഭരാത്രി...!".

സഹജമായ അതിഭാവുകത്വത്തിന്റെ ആധിക്യം മൂലം അച്ഛനോടു നന്ദി പറയാൻപോലും എനിയ്ക്കു ശക്തിയുണ്ടായില്ല. ഒരുപക്ഷേ അതദ്ദേഹത്തെ പ്രകോപിപ്പിയ്ക്കുകയും ചെയ്തേക്കാം. നിസ്സഹായനും നിശ്ചേഷ്ടനുമായി ഞാനവിടെ നിന്നു. വെളുത്ത നിശാവസ്ത്രത്തിനു പുറ

മേ തലയിലൊരു ചുവന്ന പട്ടുസാൽവ പുതച്ച അദ്ദേഹത്തിന്റെ ആ ജാനുബാഹുവായ ആ രൂപം ഞാനിപ്പോഴും മനസ്സിലോർക്കുന്നുണ്ട്. തലവേദനയുടെ കാഠിന്യം കുറയ്ക്കാൻ വേണ്ടിയാണ കിടന്നുറങ്ങുന്നതിനുമുമ്പ് അദ്ദേഹം സാൽവ തലയിൽ ചുറ്റിയിരുന്നത്. അപ്പോൾ, സ്വാൻ പണ്ടെനിയ്ക്കു സമ്മാനിച്ച ഒരു ചിത്രത്തിൽ ഐസക്കിനെ ഉപേക്ഷിയ്ക്കാൻ സാറയെ നിർബന്ധിയ്ക്കുന്ന എബ്രാഹാമിനെപ്പോലെയായിരുന്നു, അച്ഛന്റെ ആ രൂപം! ആ രാത്രിയ്ക്കുശേഷം വർഷങ്ങൾ വളരെ കടന്നുപോയി. വിളക്കിന്റെ പ്രകാശം മേലോട്ടു പടർന്നു കയറിയ അന്നത്തെ കോണിപ്പടികളെന്നോ പൊളിച്ചു കളഞ്ഞു. എന്നിൽത്തന്നെ എക്കാലവും നിലനിൽക്കുമെന്നു ഞാൻ കരുതിയ പലതും നാമാവശേഷമായി. ഇന്നിപ്പോൾ പഴയ കാര്യങ്ങളോർക്കാനും ഉൾക്കൊള്ളാനും ബുദ്ധിമുട്ടനുഭവപ്പെടുന്നതുപോലെ, അക്കാലത്തു വ്യക്തമാവാതിരുന്ന ചില ഭാവങ്ങൾ പുതിയ സന്തോഷങ്ങളും സന്താപങ്ങളുമായി ഉയിർത്തെഴുന്നേറ്റിരിയ്ക്കുന്നു. അച്ഛനമ്മയോട് 'അവന്റെ കൂടെ പൊയ്ക്കൊള്ളൂ'വെന്നു പറഞ്ഞ ദിവസവും അതിവിദൂരമായിരിയ്ക്കുന്നു. അത്തരം സന്ദർഭങ്ങൾ ഒരുപക്ഷേ ഇനിയൊരിയ്ക്കലും വരാനിടയില്ല. പക്ഷേ, അച്ഛന്റെ മുമ്പിൽവെച്ചു ഞാൻ പാടുപെട്ടടക്കി പിന്നീട് അമ്മയുടെ മടിയിലിരുന്നു നിയന്ത്രണം വിട്ടു വിങ്ങിപ്പൊട്ടിയ തേങ്ങലുകളോരോന്നും, ഏകാഗ്രതയോടെ ശ്രദ്ധിച്ചാൽ, ഇപ്പോളെനിയ്ക്കു പിടിച്ചെടുക്കാനാവുന്നുണ്ട്. ആ തേങ്ങലിന്റെ പ്രതിദ്ധ്വനി ഒരിയ്ക്കലും നിലച്ചിട്ടില്ല. ഇപ്പോളെന്റെ ജീവിതം പ്രശാന്തമായി വിടർന്നു വികസിയ്ക്കുകയാണ്. പകൽസമയത്തു തെരുവിലെ ബഹളത്തിൽ മുങ്ങി, അന്തിയുടെ നിശ്ശബ്ദതയിൽ ഉയർന്നു മുഴങ്ങുന്ന പള്ളിമണിയുടെ നാദം ദിവസേന നിത്യതയിൽ ലയിയ്ക്കുന്നതുപോലെ, ഇന്നു നവീനമായൊരു ഭാവുകത്വത്തോടെയാണ ഞാൻ പഴയതെല്ലാം അനുഭവിയ്ക്കുന്നത്.

ആ രാത്രി മുഴുവൻ അമ്മ എന്റെ മുറിയിലുണ്ടായിരുന്നു. ഹീനമായൊരു കുറ്റത്തിനു ശിക്ഷയായി വീട്ടിൽനിന്നുള്ള നിഷ്ക്കാസനം പ്രതീക്ഷിച്ചിരിയ്ക്കുമ്പോൾ, മഹത്കൃത്യത്തിനു സമ്മാനമായി ലഭിയ്ക്കാവു

ന്ന ഒരു വിശേഷാനുകൂല്യമാണ പക്ഷേ അച്ഛനമ്മമാർ എനിയ്ക്കനുവദി ച്ചത്. കാരുണ്യത്തിന്റെ അവിചാരിതമായ ആ കുത്തൊഴുക്കിൽപ്പോ ലും, ആനുകൂല്യത്തിന്റെ അർഹത ഗൗനിയ്ക്കാതെ, അച്ഛനെന്നോടു നി രങ്കുശമായൊരു മനോഭാവമാണ പുലർത്തിയത്. നേരത്തേ ആസൂത്ര ണം ചെയ്തു നടപ്പാക്കുന്ന തീരുമാനങ്ങളേക്കാൾ സാഹചര്യങ്ങളുടെ സമ്മർദ്ദത്തിനു വിധേയമായി വരുന്ന താൽപ്പര്യങ്ങളായിരുന്നു അ ദ്ദേഹത്തെ പലപ്പോഴും സ്വാധീനിച്ചത്. അമ്മയും മുത്തശ്ശിയും അച്ഛ നെക്കുറിച്ചു പുലർത്തിപ്പോന്ന കാഴ്ചപ്പാടു വെച്ചു നോക്കുമ്പോൾ, അന്നു രാത്രി എന്നോടു മുകളിലേയ്ക്കു പോകാൻ നിർദ്ദേശിച്ച അദ്ദേഹത്തി ന്റെ കണിശതയ്ക്കു കാഠിന്യം കുറവാണെന്നു പറയേണ്ടിവരും. അതു കൊണ്ടാണ വൈകുന്നേരങ്ങളിൽ വിഷാദിയാകുന്ന എന്റെ നിസ്സഹാ യാവസ്ഥ ഒരിയ്ക്കലും അച്ഛന്റെ ശ്രദ്ധയിൽപ്പെടാതെ പോയത്. അമ്മ യും മുത്തശ്ശിയും എന്നോടുള്ള വാത്സല്യം മൂലം, വൈകാരികത കുറയ്ക്കു കയും ഇച്ഛാശക്തി വർദ്ധിപ്പിയ്ക്കുകയും ചെയ്തു മാനസികപീഡനം അ തിജീവിയ്ക്കാമെന്ന പ്രത്യാശയിൽ വേദന ലഘൂകരിയ്ക്കാൻ നടത്തുന്ന ശ്രമങ്ങളോടു വൈമുഖ്യം കാണിയ്ക്കുകയാണ ചെയ്തത്. അച്ഛനാകട്ടെ, അതേ വാത്സല്യം മറ്റൊരു തരത്തിലാണ പ്രകടിപ്പിച്ചത്. എന്റെ കൈകൾ മടിയിലെടുത്തുവെച്ചു യാതൊന്നും പറയാതെ അമ്മയെ ന്നെ കരയാൻ അനുവദിയ്ക്കുന്നതു കണ്ടപ്പോൾ, അസാധാരണമായതെ ന്തോ നടന്നതായി ഊഹിച്ചെടുത്ത ഫ്രാങ്കോയ്സ്, 'മാഡം, എന്തിനാ ണ കൊച്ചെജമാനൻ കരയുന്നതെ'ന്നു ചോദിച്ചപ്പോൾ, അമ്മ 'അവ നെത്തന്നെ അവനു മനസ്സിലാവുന്നില്ല, നാഡീദോഷമായിരിയ്ക്കാം, നീയെന്തായാലും എനിയ്ക്കൊരു കിടയ്ക്കയൊരുക്കിവെച്ചു കിടക്കാൻ പൊയ്ക്കോ!' എന്നാണ പറഞ്ഞത്. എന്റെ പ്രതീക്ഷകൾക്കു വിപരീ തമായി ലഭിച്ച അനുകൂലമായ ആ സമയം പരസ്പരാരോപണങ്ങളിൽ കലുഷമാകാതിരിയ്ക്കാൻ അമ്മ മന:പൂർവം ആഗ്രഹിച്ചതുപോലെ എ നിയ്ക്കു തോന്നി. അങ്ങനെ ആദ്യമായി എന്റെ വിഷാദം ശിക്ഷായോ

ഗ്യമായൊരു കുറ്റമല്ലെന്ന നിസ്സംശയം അംഗീകരിയ്ക്കപ്പെട്ടു. മാത്രമല്ല, എനിയ്ക്കു പ്രത്യേകിച്ച് ഉത്തരവാദിത്തമില്ലാത്ത നാഡീസംബന്ധമായൊരു അവസ്ഥാവിശേഷമെന്ന നിലയിൽ ഔദ്യോഗികമായിത്തന്നെ ആ വിഷാദം പരിഗണിയ്ക്കപ്പെട്ടു. ഇനി മുതൽ കണ്ണീരിന്റെ കയ്പ്പിനോടു ഭയാശങ്കകൾ കൂട്ടിച്ചേർക്കേണ്ടതില്ലെന്ന വിശ്വാസം എനിയ്ക്കൊരു സാന്ത്വനമായി. ഇനി പാപചിന്തകളില്ലാതെ എത്രനേരം വേണമെങ്കിലും എനിയ്ക്കു കരയാം. പെട്ടെന്നുറങ്ങണമെന്ന താക്കീതോടെ മുറിയിലേയ്ക്കു പറഞ്ഞയയ്ക്കപ്പെട്ടു ശുഭരാത്രി നേരാൻ അമ്മ വരാതിരിയ്ക്കുകയും ചെയ്തശേഷം ഒരു മണിക്കൂർ കഴിയുന്നതിനുമുമ്പേ തികച്ചും മാനുഷികമായ ഈയൊരു അവസ്ഥയിലേയ്ക്കു തിരിച്ചെത്താൻ കഴിഞ്ഞതിൽ ഞാൻ ചരിതാർത്ഥനായി. ഫ്രാങ്കോയ്സിന്റെ സാന്നിദ്ധ്യത്തിൽ ദുരഭിമാനം തോന്നാതെ, മുതിർന്നവരുടെ മാന്യതയിലേയ്ക്കുയർന്ന ഞാൻ കണ്ണീരിൽനിന്നു കാരുണ്യത്തിലേയ്ക്കൊരു ഋതുപരിവർത്തനത്തിനുപോലും സന്നദ്ധനായി. വാസ്തവത്തിൽ ഞാനന്നു വളരെയേറെ സന്തോഷിയ്ക്കേണ്ടതായിരുന്നു. പക്ഷേ, ആദ്യമായി ആത്മധൈര്യം അടിയറവെച്ചു പരാജയം സമ്മതിച്ചതിൽ, മനസ്സിനേറെ വിഷമം നൽകുന്ന ഒരാനുകൂല്യം അനുവദിച്ചതിൽ, സ്വന്തം വിശ്വാസത്തിൽനിന്നൊരു പടി താഴോട്ടിറങ്ങിയതിൽ, അമ്മയ്ക്കുണ്ടായ വേദന കനത്ത ഒരാഘാതമായി എനിയ്ക്കനുഭവപ്പെട്ടു. ഞാനിപ്പോൾ നേടിയ വിജയം അവരുടെ വ്യക്തിത്വത്തിനുമേൽ മാത്രമാണെന്നു ഞാൻ മനസ്സിലാക്കി; രോഗവും ദു:ഖവും പ്രായവും നേരിടുന്ന ഇച്ഛാശക്തിയെ തരാതരംപോലെ അനുനയിപ്പിച്ചു വിധിയെത്തന്നെ തിരുത്തുന്ന സ്വാഭാവികമായ വിജയമാണതെന്നു ഞാൻ കണ്ടറിഞ്ഞു. അതുകൊണ്ട് അന്നത്തെ രാത്രി, എന്റെ ജീവിതത്തിന്റെ കാലഗണനയിൽ പുതിയൊരു യുഗത്തിനു നാന്ദി കുറിച്ച കറുത്ത ദിനമായി ഞാൻ കണ്ടു. ഇന്നായിരുന്നെങ്കിൽ, ഞാൻ ധൈര്യത്തോടെ അമ്മയോടു പറയുമായിരുന്നു: 'വേണ്ട, അമ്മയുടെ സഹായം എനിയ്ക്കാവശ്യമില്ല!'. പക്ഷേ, മുത്തശ്ശിയുടെ ഉൽക്കടമായ ആദർശവാദം പാകപ്പെടുത്താൻ പല

പ്പോഴും അമ്മ ഉപയോഗിയ്ക്കാറുള്ള യാഥാർത്ഥ്യവാദത്തിന്റെ പ്രായോഗികവശങ്ങൾ ഞാൻ നന്നായി പഠിച്ചുവെച്ചിരുന്നു. മാത്രമല്ല, അനർത്ഥം സംഭവിച്ചു കഴിഞ്ഞ സ്ഥിതിയ്ക്കു വീണ്ടും അച്ഛനെ ശല്യപ്പെടുത്താതെ, സാമീപ്യത്തിന്റെ സാന്ത്വനസുഖം വേണ്ടുവോളം ആസ്വദിയ്ക്കാൻ അമ്മയെന്നെ അനുവദിയ്ക്കുമെന്നും ഞാനുറപ്പിച്ചു. ആ രാത്രി, എന്റെ കൈകൾ ചേർത്തുപിടിച്ചു കണ്ണീരൊപ്പാൻ ശ്രമിയ്ക്കുന്ന അവരുടെ യൗവനയുക്തമായ ശരീരസൌഭഗം, അത്യധികമായ സൗന്ദര്യവും സൗകുമാര്യവും പ്രകാശിപ്പിയ്ക്കുന്നതുപോലെ എനിയ്ക്കു തോന്നി. എന്റെ ശൈശവം ഒരിയ്ക്കലും കാണാതെ പോയ ആ ദയാവായ്പ്പിനേക്കാൾ ഞാനൾക്കൊണ്ടതു പക്ഷേ കോപമായിരുന്നു. നിഗൂഢമായൊരു വിരൽസ്പർശംകൊണ്ട് അവരുടെ ആത്മാവിൽ വന്നു വീണ ആദ്യത്തെ ചുളിവു തൊട്ടറിയാനും ആ കറുത്തിരുണ്ട തലമുടിയിൽ ആദ്യമായൊരു നരച്ച മുടി കാണാനും കഴിഞ്ഞെന്ന വിചാരം എന്റെ തേങ്ങൽ ഇരട്ടിപ്പിച്ചു. എന്റെ മുമ്പിലൊരിയ്ക്കലും ദുർബലയാകാത്ത അമ്മ, എന്റെ കണ്ണീരു കണ്ടു പാരവശ്യത്തോടെ കരയാതിരിയ്ക്കാൻ പാടുപെടുന്നതു ഞാൻ കണ്ടു. അപ്പോൾ, ചെറിയൊരു ചിരിയോടെ അവരെന്നോടു പറഞ്ഞു: "എന്ത്, എന്റെ പൊന്നോമനേ, ഇങ്ങനെ പോയാൽ നീയമ്മയേയും ഒരു വികാരജീവിയാക്കും. നിനക്കുറങ്ങാനാവുന്നില്ലെങ്കിൽ അമ്മയും ഉറങ്ങുന്നില്ല. പക്ഷേ, നമ്മളിങ്ങനെ വിവേകശൂന്യരാവരുത്. എന്തെങ്കിലുമുടനെ ചെയ്യണം. അതെ, ഞാനൊരു പുസ്തകമെടുത്തുകൊണ്ടുവരാം! മുത്തശ്ശി പിറന്നാൾ സമ്മാനമായി വാങ്ങിച്ച പുസ്തകമായാലോ? പുതിയതല്ലെങ്കിൽ നിനക്കു നിരാശ തോന്നരുത്!".

എന്റെ ആഹ്ലാദം പതിന്മടങ്ങു വർദ്ധിച്ചു. അമ്മ പുറത്തു പോയി ഒരു പുസ്തകക്കെട്ടുമായി തിരിച്ചുവന്നു. പൊതിഞ്ഞ കടലാസിൽനിന്നു പുസ്തകത്തിന്റെ വലിപ്പവും കനവുമല്ലാതെ മറ്റൊന്നും എനിയ്ക്കു മനസ്സിലായില്ല. എങ്കിലും ഹ്രസ്വമായ ആദ്യനോട്ടത്തിൽത്തന്നെ കഴിഞ്ഞ നവവത്സരത്തിന്റെ മങ്ങിയ ചിത്രങ്ങളും ചില കടലാസുപുഴക്കളും എ

ന്റെ കണ്ണിൽപ്പെട്ടു. ലമെയർ ഓ ഡബിൾ, ഫ്രങ്കോയ്സ് ലെ കാംപി, ലാ പെറ്റീറ്റ് ഫേഡെറ്റ്, ലേമൈത്രേ സോണേഴ്സ് എന്നിങ്ങനെ നാലു പുസ്തകങ്ങളാണു ഞാനതിൽ കണ്ടത്. പിറന്നാൾസമ്മാനമായി മുത്തശ്ശി ആദ്യം തിരഞ്ഞെടുത്തതു മുസ്സേലിന്റെ കവിതകളും റൂസ്സോയുടെ ലേഖനങ്ങളും ഇന്ത്യാനയുമായിരുന്നെന്നു പിന്നീടു ഞാൻ മനസ്സിലാക്കി. ലഘുവായ വായന, മിഠായിയും മധുരപലഹാരങ്ങളുംപോലെ അവരുടെ നോട്ടത്തിൽ അപഥ്യകരമായിരുന്നു. ശുദ്ധവായുവും ഗ്രാമീണാന്തരീക്ഷവും കുട്ടികളുടെ ശരീരത്തിലേൽപ്പിയ്ക്കുന്ന ഗുണപരമായ സ്വാധീനത്തേക്കാൾ അപകടകരവും മാരകവുമായിരിയ്ക്കും പ്രതിഭയുടെ കൊടുങ്കാറ്റടിയ്ക്കുമ്പോൾ അവരുടെ ആത്മാവിലുണ്ടാകുന്ന ആഘാതങ്ങളെന്നു പക്ഷേ എന്തുകൊണ്ടോ അവർ മനസ്സിലാക്കിയില്ല. എനിയ്ക്കു സമ്മാനിയ്ക്കാനുദ്ദേശിച്ച പുസ്തകങ്ങളുടെ പേരുകൾ മന:പാഠമാക്കുന്ന മുത്തശ്ശിയെ ബുദ്ധിഭ്രമം ബാധിച്ചവളെപ്പോലെയാണു പലരും കണ്ടത്. മുത്തശ്ശിയാകട്ടെ, സമ്മാനപ്പൊതി യഥാസമയം ലഭിയ്ക്കുമെന്നു വികോംതേയുടെ പുസ്തകക്കടയിൽചെന്നു സ്വയം ഉറപ്പു വരുത്തി. ദേഹമാകെ ചുട്ടു പൊള്ളുന്നവിധം ചൂടുണ്ടായിരുന്ന ആ ദിവസം അവർ തീരെ സുഖമില്ലാതെയാണു തിരിച്ചു വന്നത്; അവരെയങ്ങനെ അനാവശ്യമായി ദണ്ഡിപ്പിയ്ക്കരുതെന്നു ഡോക്ടർ അമ്മയ്ക്കു താക്കീതുപോലും നൽകി!. തിരഞ്ഞു തിരഞ്ഞ് അവസാനം അവർ എനിയ്ക്കുവേണ്ടി ജോർജ്ജ് സാൻഡിന്റെ നാലു നോവലുകളാണു വാങ്ങിച്ചത്.

"പ്രിയപ്പെട്ടവളേ", മുത്തശ്ശി അമ്മയോടു പറഞ്ഞു, "എഴുത്തിന്റെ നല്ല രീതികളില്ലാത്ത ഒരു പുസ്തകവും അവനു വായിയ്ക്കാൻ കൊടുക്കാൻ എന്റെ മനസ്സ് അനുവദിയ്ക്കുന്നില്ല!".

ബുദ്ധിപരമായി പ്രയോജനമില്ലാത്തതൊന്നും മുത്തശ്ശി വിലകൊടുത്തു വാങ്ങാറില്ല. പ്രിയപ്പെട്ടവർക്കു സമ്മാനിയ്ക്കുന്ന പാരിതോഷികങ്ങൾ ലൗകികസുഖങ്ങളുടെ ക്ഷണികസംതൃപ്തിയ്ക്കു പുറമേ പരമാർത്ഥാനുഭൂതി തേടാൻ പ്രേരിപ്പിയ്ക്കത്തക്കവിധം പ്രയോജനപ്രദമാവണമെന്നുകൂടി അവർക്കു നിർബന്ധമുണ്ടായിരുന്നു. കസേരയും മേശ

യും കുടയുംപോലെ 'ഉപയോഗയോഗ്യ'മായവപോലും, 'പുരാവസ്തു'ക്കളിൽനിന്നു മാത്രമേ അവർ തിരഞ്ഞെടുക്കാറുള്ളൂ. വളരെക്കാലം പൊടിപിടിച്ചു കിടന്നു മിക്കവാറും ഉപയോഗക്ഷമത നശിച്ചു മറവിയിലേയ്ക്കു മാഞ്ഞുപോയ അവ പൂർവികരുടെ ജീവിതത്തെക്കുറിച്ചുകൂടി നമ്മെ ഓർമ്മിപ്പിയ്ക്കും. എന്റെ മുറിയുടെ ചുമരുകളിൽ പ്രകൃതിദൃശ്യങ്ങളുടേയും പൗരാണികസൗധങ്ങളുടേയും മനോഹരമായ ചില ചിത്രങ്ങൾ ഉണ്ടായിരിയ്ക്കണമെന്നു മുത്തശ്ശിയ്ക്കു മോഹമുണ്ടായിരുന്നു. പക്ഷേ, അങ്ങനെയൊന്നു വാങ്ങാനാലോചിയ്ക്കുന്ന നിമിഷം, ചിത്രത്തിനു വിഷയമായ ദൃശ്യത്തിന്റെ സഹജസൗന്ദര്യം ഛായാഗ്രഹണകലയുടെ യാന്ത്രികമായ പകർപ്പെഴുത്തിൽ ചോർന്നുപോയി വികൃതമായ ഉപയോഗയോഗ്യത മുഴച്ചു നിൽക്കുന്നതായി അവർ കണ്ടു. വാണിജ്യതാൽപ്പര്യം കൂടിക്കലരുമ്പോൾ സംഭവിയ്ക്കുന്ന അനാകർഷകത്വം കുറച്ചെങ്കിലും ലഘൂകരിയ്ക്കാൻ, കലയുടെ പല 'പാളി'കൾ ചേർത്തു സൗന്ദര്യാത്മകതയുടെ ഗുരുത്വം വർദ്ധിപ്പിയ്ക്കാമെന്നവർ വ്യാമോഹിച്ചു. ചാർത്രേ പള്ളി, സാങ് ക്ലൗഡ് വെള്ളച്ചാട്ടം, വെസൂവിയസ് പർവതനിര തുടങ്ങിയവയുടെ ഛായാചിത്രങ്ങൾക്കു പകരം പ്രസിദ്ധരായ ചിത്രകാരന്മാർ വരച്ച പകർപ്പുകൾ ലഭിയ്ക്കാനുള്ള സാദ്ധ്യതയെക്കുറിച്ച് അവർ സ്വാനിനോടു ചോദിയ്ക്കാറുണ്ട്. അങ്ങനെ കലാപരമായി ഒരു പടി മുന്നിൽ നിൽക്കുന്ന കോറോട്ടിന്റെ ചാർത്രേ, ഹ്യൂബർട്ട് റോബർട്ടിന്റെ സാങ് ക്ലൗഡ്, ടേർണറുടെ വെസൂവിയസ് എന്നിവയാണവർ എനിയ്ക്കുവേണ്ടി തിരഞ്ഞെടുത്തത്. ഈ മികച്ച കലാസൃഷ്ടികളും പ്രകൃതിദൃശ്യങ്ങളും പകർത്താൻ ഛായാഗ്രാഹകനു പകരം പ്രതിഭാശാലിയായൊരു ചിത്രകാരനെ പ്രത്യേകം നിയോഗിച്ചെങ്കിലും ഛായാഗ്രഹണശൈലിയുടെ ന്യൂനതകൾ തീർത്തുമൊഴിവാക്കാനായില്ല. അതേ ദുരവസ്ഥ വീണ്ടുമാവർത്തിയ്ക്കാതിരിയ്ക്കാൻ അത്തരം ആലോചനകൾ മുത്തശ്ശി മറ്റൊരവസരത്തിലേയ്ക്കു മാറ്റിവെയ്ക്കുകയാണു പതിവ്. പുനരുദ്ധാരണശ്രമങ്ങൾക്കിടയിൽ നിശ്ശേഷം നശിയ്ക്കുന്നതിനുമുമ്പ് ലിയോണാർഡോയുടെ 'സെനാക്കോലോ'യ്ക്കു മോർഗെൻ ത

യാറാക്കിയ പകർപ്പ്, യഥാർത്ഥചിത്രത്തിനു പകരം വെയ്ക്കാവുന്ന അസാമാന്യമായൊരു കലാസൃഷ്ടിയായി കരുതപ്പെടുന്നതുപോലെ, രസകരമായ ഉപാഖ്യാനങ്ങളുള്ള ആദ്യകാലചിത്രങ്ങളെക്കുറിച്ചു മുത്തശ്ശി സ്വാനിനോടാരാഞ്ഞു. സമ്മാനങ്ങൾ തിരഞ്ഞെടുക്കുമ്പോൾ മുത്തശ്ശി സ്വീകരിച്ചിരുന്ന രീതി പക്ഷേ മിക്കപ്പോഴും സന്തോഷകരമായി പര്യവസാനിയ്ക്കാറില്ല. ടിഷ്യന്റെ വിഖ്യാതചിത്രത്തിൽ കായൽപ്പരപ്പിന്റെ പശ്ചാത്തലവുമായി വെനീസിനെക്കുറിച്ചു ഞാൻ മനസ്സിൽ കണ്ട രൂപം, പിന്നീടു പല ചിത്രങ്ങളിൽനിന്നു വീണ്ടെടുത്ത യാഥാർത്ഥ്യവുമായി താരതമ്യം ചെയ്തപ്പോൾ വളരെ വിദൂരമായൊരു ബന്ധം മാത്രമേ എനിയ്ക്കു കാണാനായുള്ളൂ. വൃദ്ധരും യുവാക്കളുമായ ദമ്പതികൾക്കു മുത്തശ്ശി സമ്മാനിച്ച ചാരുകസേരകളുടെ എണ്ണം കണക്കാക്കാൻ കുടുംബത്തിലൊരുപക്ഷേ ഒരാൾക്കും സാധിയ്ക്കില്ല! (വലിയമ്മായിയ്ക്കു മുത്തശ്ശിയുടെ നേരേ കുത്തുവാക്കു പറയാനുള്ള നല്ലൊരു വിഷയമാണത്!). കസേരയിലിരിയ്ക്കാനുള്ള ആദ്യശ്രമത്തിൽ മിക്കപ്പോഴും സമ്മാനം സ്വീകരിച്ചവരുടെ ഭാരം താങ്ങാതെ ദുർബലമായ കസേര തകർന്നു വീഴും. ആ കസേരയുടെ ഭൂതകാലഗരിമയെക്കുറിച്ചുള്ള ഒരു നർമ്മകഥയോ വീരഗാഥയോ ഇതൾ വിടർത്തിയെടുക്കാൻ ശ്രമിയ്ക്കാതെ, ഉറപ്പിനേയും ബലത്തേയുംകുറിച്ചു മാത്രം വ്യാകുലപ്പെടുന്നതു നീചമായൊരു വിചാരമായാണു മുത്തശ്ശി കണ്ടത്. ആധുനികഭാഷയുടെ പരുഷപ്രയോഗങ്ങളിൽ തേഞ്ഞുമാഞ്ഞുപോയ രൂപകങ്ങളുടെ സൂക്ഷ്മാംശങ്ങൾ പഴയ വാമൊഴികളിൽനിന്നു കണ്ടെടുക്കാവുന്നതുപോലെ, പൗരാണികവസ്തുക്കളിൽ അദൃശ്യമായ ചില സവിശേഷതകളുമായാണു പഴയ കാലത്തിന്റെ ഉപയോഗമൂല്യം അടക്കം ചെയ്തിരിയ്ക്കുന്നത്. കൃത്യമായും അതേ ഗണത്തിൽപ്പെട്ടതായിരുന്നു, പിറന്നാളിനു മുത്തശ്ശി എനിയ്ക്കു സമ്മാനിച്ച ജോർജ്ജ് സാൻഡിന്റെ നോവലുകൾ. ഗ്രാമീണശൈലികളിലെ കാലഹരണപ്പെട്ട ചില പ്രയോഗങ്ങൾകൊണ്ടു മെനഞ്ഞെടുത്ത ബിംബകൽപ്പനകൾ, പുരാവസ്തുക്കൾ വാരിവലിച്ചിട്ട മുറികളെപ്പോലെ, നോവലിനൊരു പൗരാണികപരി

വേഷം പകർന്നു. പുതിയതായി പണിതതിനേക്കാൾ, പഴയ വീട്ടുപകരണങ്ങളുടെ ഗതകാലസ്മൃതി നിറഞ്ഞ ഒരു വീടു താമസിയ്ക്കാൻ തിരഞ്ഞെടുക്കുന്നതുപോലെ, കാലത്തിന്റെ അനന്തമായ പാതകളിൽ ഗൃഹാതുരത്വം തുളുമ്പുന്ന ഓർമ്മകളുമായി സ്വപ്നസഞ്ചാരം നടത്താനായിരിയ്ക്കാം ഒരുപക്ഷേ മുത്തശ്ശി അവയെനിയ്ക്കുവേണ്ടി വാങ്ങിച്ചത്.

പുസ്തകവുമായി കിടയ്ക്കയിൽ വന്നിരുന്ന അമ്മ 'ഫ്രാങ്കോയ്സ് ലെ കാംപേ'യാണു വായിയ്ക്കാനെടുത്തത്. പുസ്തകത്തിന്റെ ചുവന്ന പുറംചട്ടയും ദുർഗ്രഹമായ ശീർഷകവും എന്റെ കണ്ണിൽ നിഗൂഢമായ ഒരാകർഷണം മാത്രമല്ല വ്യത്യസ്തമായൊരു വ്യക്തിത്വവുമായി നേരിട്ടിടപഴകുന്ന അനുഭവവും സൃഷ്ടിച്ചു. വസ്തുതാപരമായ സത്യാത്മകനോവലുകളൊന്നും ഞാനതിനുമുമ്പു വായിച്ചിരുന്നില്ല. ജോർജ്ജ് സാൻഡൊരു മാതൃകാനോവലിസ്റ്റാണെന്നു ഞാൻ പലരും പറഞ്ഞുകേട്ടിട്ടുണ്ട്. അതുകൊണ്ടു 'ഫ്രാങ്കോയ്സ്ലെകാംപേ'യിൽ പറഞ്ഞറിയിയ്ക്കാനാവാത്ത രസകരമായ വിഷയങ്ങൾ പലതും കാണുമെന്നു ഞാൻ സ്വാഭാവികമായി ധരിച്ചു. വായനക്കാരന്റെ ജിജ്ഞാസ തട്ടിയുണർത്തി, വികാരാർദ്രതയിൽ ഒഴുകിപ്പോകുന്ന കഥാഗതി, വായനയെ നിരന്തരം അലോസരപ്പെടുത്തുന്ന നൂതനശൈലി, തുടങ്ങി നോവലിന്റെ 'സാധാരണഭാവ'ങ്ങളായി കരുതുന്നവ പലതും എന്റെ ചെറിയ അനുഭവജ്ഞാനംവെച്ചു സവിശേഷമായെനിയ്ക്കു തോന്നി. ഒരേപോലുള്ള വസ്തുതകളുടെ സമ്യക്കായ ചേരുവയല്ല, മറിച്ച് അന്യാവബോധങ്ങൾക്കിടമില്ലാത്ത അനന്യമായൊരു വ്യക്തിത്വവിശേഷമായിരുന്നു, എനിയ്ക്കു പുതിയൊരു പുസ്തകം! അതുകൊണ്ട് 'ഫ്രാങ്കോയ്സ് ലെ കാംപേ'യിലെ പ്രതിപാദ്യത്തിന്റെ അസാമാന്യമായ സാരാംശം മത്തുപിടിപ്പിയ്ക്കുന്ന ഒരു സീൽക്കാരംപോലെ ഞാൻ കേട്ടു; നോവലിസ്റ്റ് വിവരിയ്ക്കുന്ന വിഷയങ്ങളും വിചാരങ്ങളും വിരസഭാഷണങ്ങളും നിറഞ്ഞ അടിത്തട്ടിൽനിന്നുയർന്നു കേൾക്കുന്ന വിചിത്രവും വിശിഷ്ടവുമായൊരു താളാത്മകപല്ലവി അഥവാ രാഗാലാപനം ഞാൻ പൂർണ

മായാസ്വദിച്ചു. അമ്മ വായിച്ചുകൊണ്ടിരിയ്ക്കുമ്പോൾ, പുസ്തകത്തിന്റെ ഓരോ പേജും മറിയ്ക്കുന്നതിനിടയിൽ, വ്യത്യസ്തമായ പല വിഷയങ്ങളും എന്റെ സ്വപ്നത്തിലേയ്ക്കു കടന്നുവന്നു. അങ്ങനെ സ്വയം സൃഷ്ടിയ്ക്കപ്പെട്ട ഇടവേളകളും അമ്മ മന:പൂർവം വിട്ടുകളഞ്ഞ പ്രണയരംഗങ്ങളുംകൂടിയായപ്പോൾ കഥയുടെ പൂർണരൂപം എനിയ്ക്കുൾക്കൊള്ളാനായില്ല. മില്ലുകാരന്റെ ഭാര്യയും കഥാനായകനും തമ്മിലുള്ള പ്രണയത്തിന്റെ ജനനവും വളർച്ചയും തൊട്ടറിഞ്ഞാൽമാത്രം നേരിട്ടു വെളിവാകുന്ന അതിലോലമായ രാസമാറ്റങ്ങൾ ഉത്തരമില്ലാത്ത നിഗൂഢതകളായി എനിയ്ക്കു തോന്നി; മാത്രമല്ല, നായകന്റെ ‘കാംപി’യെന്ന 'വിചിത്രമായ പേരിലും നീലനിറത്തിന്റെ വർണസങ്കരത്തിലുമാണു കഥയുടെ താക്കോലുള്ളതെന്നു ഞാൻ ബലമായി വിശ്വസിച്ചു; ഒരർത്ഥത്തിൽ കണ്ണടച്ചു വിശ്വസിയ്ക്കാവുന്ന വായനക്കാരിയല്ലെങ്കിലും അമ്മയുടെ ലളിതവും മധുരവും സൗമ്യവുമായ സ്വരത്തിലൂടെ ഹൃദയദ്രവീകരണക്ഷമമായ കഥാഭാഗങ്ങൾ വിവരിച്ചുകേൾക്കാൻ കഴിഞ്ഞതിൽ എനിയ്ക്കതിയായ സന്തോഷം തോന്നി. അവരുടെ പെരുമാറ്റത്തിലും ആ മനോഭാവം പ്രകടമായിരുന്നു! മറ്റുള്ളവരുമായി ഇടപഴകുന്നതിനിടയിൽ അനുകമ്പ ഹൃദയത്തെ സ്പർശിയ്ക്കുമ്പോൾ, ശബ്ദത്തിലും അംഗവിക്ഷേപങ്ങളിലും മാത്രമല്ല സംസാരരീതിയിൽപ്പോലും വളരെക്കാലംമുമ്പേ മകൻ നഷ്ടപ്പെട്ടുപോയ ഒരമ്മയുടെ വേദന ആ സ്വരത്തിൽ തുടിച്ചു നിന്നു. കഴിഞ്ഞകാലജീവിതത്തിന്റെ പീഡാനുഭവങ്ങളോർക്കുന്ന വാർഷികവേളകളിലും വിദ്യാസമ്പന്നരായ യുവാക്കൾക്കു മടുപ്പുളവാക്കുന്ന വീട്ടുകാര്യങ്ങളിലും അവരവരുടെ മനസ്സിനെ മഥിയ്ക്കുന്ന ഭാവഭേദങ്ങൾ ഉള്ളിലൊതുക്കി സന്ദർഭോചിതമായ രീതിയിൽത്തന്നെ അവർ പെരുമാറിപ്പോന്നു. ജോർജ്ജ് സാൻഡിന്റെ ഭാഷാശൈലിയിൽ വ്യക്തമായി സ്ഫുരിയ്ക്കുന്ന ധാർമ്മികതയും ഉദാരമതിത്വവും ജീവിതത്തിൽ സ്ഥിരമായി പ്രതിഷ്ഠിയ്ക്കേണ്ടതാണെന്ന വസ്തുത അമ്മ മുത്തശ്ശിയിൽനിന്നാണു പഠിച്ചത്. സാഹിത്യത്തിന്റെ മറ്റേതു ഗുണത്തേക്കാളുമേറെ ഭാഷയുടെ ശയ്യാഗുണത്തെ വിലമതിയ്ക്കുന്ന അവരെ

പിന്തിരിപ്പിയ്ക്കാൻ വളരെ വൈകി മാത്രമേ എനിയ്ക്ക് കഴിഞ്ഞുള്ളൂ. അതുകൊണ്ട്, വായനയുടെ തുടർച്ചയ്ക്ക് തടസ്സമാകുന്ന ശബ്ദത്തിന്റെ ഇടർച്ചയും വൈവശ്യവും ശ്രദ്ധാപൂർവം ഒഴിവാക്കി, സ്വരസൗകുമാര്യത്തിനു വഴങ്ങുന്ന വാക്കുകൾക്കും വാചകങ്ങൾക്കും വേണ്ടവിധം മാധുര്യവും മാർദ്ദവവും അനുവദിയ്ക്കുന്നതിൽ അവരേറെ ജാഗ്രത പുലർത്തി. അങ്ങനെ വായന പുരോഗമിയ്ക്കുന്തോറും ക്രിയാപദങ്ങളുടെ കാലഭേദങ്ങളിൽ അവിടവിടെ കണ്ട പൊരുത്തക്കേടുകൾ തീർത്ത്, ഔദാര്യത്തിന്റെ ഓമനത്തങ്ങളും സ്നേഹത്തിന്റെ ആശങ്കകളും ഭൂതകാലത്തി-ന്റെ നഷ്ടബോധമായി കണ്ട്, വാക്കുകളിലുറങ്ങിക്കിടക്കുന്ന സ്വരസഞ്ചാരങ്ങളുടെ ഈഷദ്ഭേദങ്ങൾ മനസ്സിലാക്കി, അർത്ഥോന്മീലനത്തിനു വ്യക്തതയും ഊർജ്ജവും പകരുന്ന ഈണം നൽകി, അവസാനം വീണ്ടുമാവർത്തിയ്ക്കാൻ കാത്തിരുന്നതുപോലെ ചിലപ്പോൾ ദ്രുതഗതിയിലും മറ്റു ചിലപ്പോൾ മന്ദഗതിയിലുമാകുന്ന അക്ഷരവേഗങ്ങളുടെ എണ്ണത്തിൽ വരുന്ന വ്യത്യാസം കണക്കാക്കാതെ ഏകതാനമായൊരു താളത്തിൽ സ്വത്വരഹിതമായ ഭാഷയുടെ അനുഭൂതിസാന്ദ്രവും അണമുറിയാത്തതുമായ ജീവസത്തയാവാഹിച്ച്, ഓരോ വാചകത്തിനും അവർ കൃത്യവും ചടുലവുമായ മാർഗദർശനം നൽകി.

എന്റെ വേദന വളരെയേറെ ലഘൂകരിയ്ക്കപ്പെട്ടു. അമ്മ തൊട്ടടുത്തുതന്നെ കിടക്കുന്ന ഈ സൗമ്യരാത്രിയുടെ മന്ദവേഗത്തിൽ വീണ്ടുമൊരു ജന്മത്തിനുവേണ്ടി ഞാൻ കാത്തിരുന്നു. ഈ രാത്രി ഇനിയൊരിയ്ക്കലും ആവർത്തിയ്ക്കില്ലെന്നു ഞാൻ മനസ്സിലാക്കി. വിഷാദത്തിന്റെ ഇരുണ്ട ഇടവേളകൾ കടന്നുപോകുമ്പോൾ അമ്മയുടെ സാന്ത്വനകരമായ സാന്നിദ്ധ്യമെന്ന എന്റെ അത്യാസന്നമായ മോഹം മറ്റുള്ളവരുടെ ചിന്താഗതിയ്ക്ക് കടകവിരുദ്ധമായിരുന്നു. ഇന്നത്തെ രാത്രി ഈയൊരു ആനുകൂല്യം ലഭിച്ചതു തികച്ചും അപൂർവവും ആകസ്മികവുമായൊരു അപവാദം മാത്രം. അമ്മയുടെ സാന്ത്വനമില്ലാത്ത നാളത്തെ രാത്രി വീണ്ടും ഞാനിതേ വികാരോദ്വേഗത്തിനു വിധേയനാകാം. ഒരുപക്ഷേ ഇന്നത്തെ ആകുലതകളുടെ കൊടുങ്കാറ്റു ശമിയ്ക്കുമ്പോൾ ഞാനവ

യുടെ അസ്തിത്വംപോലും മറന്നുപോയേക്കാം; മാത്രമല്ല, ഇനിയുമെ ത്രയോ വളരെ വളരെ ദൂരത്താണ് നാളത്തെ രാത്രി!

മറ്റു വിഷയങ്ങളെക്കുറിച്ച് ചിന്തിയ്ക്കാൻ ഇനിയും സമയമാവശ്യമു ണ്ടെന്നു ഞാൻ സ്വയം ഓർമ്മപ്പെടുത്തി; സമയം വെറുതെ വിട്ടുകൊ ടുക്കുന്നതുകൊണ്ട് പ്രത്യേകിച്ചൊരു ലാഭവും നേടാനില്ല. എന്റെ ഇ ച്ഛാശക്തിയെ ആശ്രയിച്ചല്ല യാതൊന്നും സംഭവിയ്ക്കുന്നത്. ഹ്രസ്വമാ യ ഇടവേളകൊണ്ടു വേർതിരിയ്ക്കപ്പെട്ട ഓരോ സംഭവവും ഒരിയ്ക്കലും അനിവാര്യമായിരുന്നില്ലെന്ന തോന്നലാണു സത്യത്തിൽ, ഞാനി പ്പോൾ ഉൾക്കൊള്ളുന്നത്.

* * * * *

കോംബ്രേയുടെ ഓർമ്മകൾക്കു ജീവൻ പകർന്ന രാത്രി വൈകു വോളം ഉറക്കമില്ലാതെ കിടക്കുമ്പോൾ, നിഴലുകൾ തണലായി മാറി യ പശ്ചാത്തലത്തിൽ പ്രകാശപൂർണമായൊരു കവാടമല്ലാതെ മറ്റൊ ന്നും ഞാൻ കണ്ടില്ല. ബംഗാളിലെ വിജനമായ ഉൾനാടുകളിൽ രാ ത്രിസമയത്ത് പ്രത്യക്ഷപ്പെടുന്ന തീജ്വാലയിൽ, അഥവാ വിദ്യുത്ദീ പാലങ്കാരങ്ങളുടെ വിതാനത്തിൽ, ഒരു കെട്ടിടത്തിന്റെ പിൻവശം കൂ രിരുട്ടിൽ മുങ്ങിനിൽക്കുമ്പോൾ മുൻവശംമാത്രം മുറിച്ചെടുത്തു വെളി വാക്കിയതുപോലെ ഒരു ചതുരദൃശ്യം എന്റെ കണ്മുന്നിൽ തെളിഞ്ഞു വന്നു. വിശാലമായ അടിത്തറ, ചെറിയ ഇടനാഴി, ഭക്ഷണമുറി, സ്വാ ൻ നടന്നുവരുമ്പോൾ നിഴൽ വിരിയ്ക്കുന്ന നടവഴി, മേലോട്ടുള്ള കോ ണിയിൽ കാലടി വെയ്ക്കുന്നതിനുമുമ്പ് കടന്നുപോകേണ്ട സ്വീകരണമു റി, അറ്റം കൂർത്തു തിരശ്ചീനമായ പിരമിഡുപോലുള്ള കോണി, മുക ൾനിലയിലെ കിടപ്പുമുറി, അമ്മ കടന്നുവരുന്ന ഇടുങ്ങിയ വഴിയും മി നുസമേറിയ വാതിലുമടക്കം സകലതും എനിയ്ക്കിപ്പോൾ വ്യക്തമായി കാണാം. പരിസരദൃശ്യങ്ങളിൽനിന്നു മാറി സന്ധ്യയുടെ നിശ്ചിത ത്വം മാത്രം അടയാളപ്പെടുത്തുന്ന അവ, എന്റെ ഉറക്കത്തിനു പശ്ചാ ത്തലമൊരുക്കുന്നതുപോലെ വിരക്തിയുടെ ഭാവമുൾക്കൊണ്ടു ചില വി

സ്വയക്കാഴ്ചകൾ പ്രതിഫലിപ്പിച്ചു. നാട്ടിൻപുറത്തു നാടകങ്ങളിൽ അവതരിപ്പിയ്ക്കപ്പെടുന്ന രംഗസംവിധാനങ്ങളൊരു പശ്ചാത്തലയവനികയിൽ ചിത്രീകരിയ്ക്കുന്നതുപോലെ, കോംബ്രേ പട്ടണം മുഴുവൻ വീതി കുറഞ്ഞ ഒരു കോണിപ്പടികൊണ്ടു ബന്ധിപ്പിച്ച രണ്ടു നിലകളുള്ള ഒരു കെട്ടിടമായി മാറി, രാത്രി ഏഴുമണിയല്ലാതെ മറ്റൊരു സമയത്തിനും പ്രസക്തിയില്ലാത്തവിധം നിശ്ചലമായി നിന്നു. പട്ടണത്തിൽ വളരെയേറെ ദൃശ്യങ്ങളും സമയങ്ങളും നിലനിൽക്കുന്നതായി ബോദ്ധ്യമുണ്ടെങ്കിലും അന്നു ഞാനോർത്തെടുത്ത വിഷയങ്ങൾ എന്റെ ബുദ്ധിയും ഇച്ഛാശക്തിയും നിർബന്ധപൂർവം നടത്തിയ പരിശ്രമങ്ങളുടെ പരിണതഫലമായിരുന്നു. ഭൂതകാലസഞ്ചയങ്ങൾ നമുക്കു സമ്മാനിയ്ക്കുന്ന ഓർമ്മച്ചിത്രങ്ങൾ പക്ഷേ ഒരിയ്ക്കലും വസ്തുതകളുമായി പൊരുത്തപ്പെടാറില്ല. കോംബ്രേയുടെ അവശിഷ്ടങ്ങളെക്കുറിച്ചു ചിന്തിച്ചു മിനക്കെടാനൊരിയ്ക്കലും ഞാനാഗ്രഹിച്ചതല്ല; ഇന്നിപ്പോൾ എന്നെ സംബന്ധിച്ചിടത്തോളം ആ ഓർമ്മകളും ചിത്രങ്ങളും എന്നെന്നേയ്ക്കുമായി മറവിയിലേയ്ക്കു മാഞ്ഞുകഴിഞ്ഞു!

എന്നെന്നേയ്ക്കുമായി മാഞ്ഞുപോയെന്നോ? അതെ, മിക്കവാറും അതങ്ങനെതന്നെ സംഭവിച്ചേക്കാം!

ഈ വിഷയത്തിൽ ഒരളവോളം അപകടസാദ്ധ്യത പതിയിരിയ്ക്കുന്നുണ്ട്. വർഷങ്ങൾ നീണ്ട കാത്തിരിപ്പിൽനിന്നു മരണമെന്ന മഹാവിപത്തു ബലാൽക്കാരേണ വന്നു നമ്മെ തടഞ്ഞേക്കാം!

മരിച്ചു മറഞ്ഞുപോയ പൂർവികരുടെ ആത്മാക്കൾ നമ്മേക്കാൾ താഴ്ന്ന തലത്തിലുള്ള ചില വൃക്ഷങ്ങളിലും ജീവികളിലും വസ്തുക്കളിലും കുടുങ്ങിക്കിടക്കുന്നുണ്ടെന്ന സെൽട്ടിക്‌വിശ്വാസം വളരെ പ്രസക്തമാണെന്നു ഞാൻ കരുതുന്നു. അവർ തടവിൽ കഴിയുന്ന വൃക്ഷത്തിന്റെ അടുത്തുകൂടി നടന്നുപോകുകയോ അതല്ലെങ്കിൽ ആ ജഡവസ്തു നമ്മുടെ കൈവശമെത്തുകയോ ചെയ്യുന്നതുവരെ (പലർക്കുമതു സംഭവിയ്ക്കാറില്ല!) നാമവരെ മറന്നു പോകാനാണു സാദ്ധ്യത. പക്ഷേ, പരസ്പരം കണ്ടെത്തുന്ന നിമിഷം, അവർ സ്വയം ഞെട്ടി വിറച്ചു നമ്മെ

പേരു പറഞ്ഞു വിളിയ്ക്കും; ശബ്ദം കേട്ട ദിക്കിലേയ്ക്കു നോക്കി ആ ആത്മാവിനെ തിരിച്ചറിയുന്നതോടെ നാമവരുടെ ജീവിതമവസാനിപ്പിച്ച് ശാപമോക്ഷം നൽകും. പിന്നീട്ടു പക്ഷേ മരണത്തെ മറികടന്നു നമ്മുടെ ജീവിതം പങ്കിടാൻ അവർ തിരിച്ചെത്തുകതന്നെ ചെയ്യും!

കഴിഞ്ഞകാലജീവിതത്തെക്കുറിച്ചും നമുക്കങ്ങനെ കരുതുന്നതിൽ തെറ്റില്ല. ആ ജീവിതം പ്രത്യാനയിയ്ക്കാൻ മന:പൂർവം നടത്തുന്ന ശ്രമങ്ങളൊക്കെ വെറും പാഴ്‌വേല മാത്രമായേ കാണാനാവൂ! ബുദ്ധിയുടെ ഏകാഗ്രമായ പരിശ്രമങ്ങൾക്കവിടെ സ്ഥാനമില്ല; ഭൂതകാലം ബുദ്ധിയ്ക്കു കടന്നു ചെല്ലാനാവാത്ത അറിവിന്റെ പരിധിയ്ക്കു പുറത്താണു മറഞ്ഞിരിയ്ക്കുന്നത്. ഒരുപക്ഷേ നാം തീരെ സംശയിയ്ക്കാത്തൊരു വസ്തുവിൽനിന്നുള്ള സംവേദനം വഴിയാവാം അവസാനം നമുക്കതു വെളിവാകുന്നത്. മരണം നമ്മെ തട്ടിയെടുക്കുന്നതിനുമുമ്പ് ആ വസ്തുവുമായി ബന്ധപ്പെടാനുള്ള സാദ്ധ്യതയാണു സത്യത്തിൽ നമ്മുടെ ജീവിതത്തിന്റെ അനിശ്ചിതത്വം!

അന്നത്തെ അത്താഴങ്ങളും രാത്രിയിലെ ചുംബനനാടകങ്ങളുമൊഴികെ കോംബ്രേയെക്കുറിച്ച് യാതൊന്നുമോർക്കാതെ വർഷങ്ങൾ വളരെ കടന്നുപോയി. അങ്ങനെയിരിയ്ക്കേ, മഞ്ഞുകാലത്തൊരു ദിവസം വൈകുന്നേരം വല്ലാതെ തണുത്തു വിറച്ച് വീട്ടിൽ വന്നുകയറിയ എന്നെക്കണ്ടപ്പോൾ അമ്മ നല്ലൊരു ചൂടുചായ തയാറാക്കാൻ തുടങ്ങി. പതിവില്ലാത്തതുകൊണ്ട് ആദ്യം വേണ്ടെന്നു പറഞ്ഞെങ്കിലും, പ്രത്യേകിച്ചൊരു കാരണവും കൂടാതെ ഞാൻ മനസ്സു മാറ്റി ചായ കുടിയ്ക്കാൻ തീരുമാനിച്ചു. ചായയുടെകൂടെ കഴിയ്ക്കാൻ ഏതാണ്ടു ശംഖിന്റെ രൂപത്തിലുള്ള ചെറിയൊരു 'മദലീൻസ്' റൊട്ടികൂടി അമ്മ കൊണ്ടുവന്നു തന്നു. ക്ഷീണിച്ചു മുഷിഞ്ഞ ഒരു പകലിനുശേഷം അതിലേറെ വിരസമാകാനിടയുള്ള അടുത്ത ദിവസത്തെക്കുറിച്ച് ചിന്തിച്ച് ഞാനൊരു കഷണം റൊട്ടി ചായയിൽ മുക്കി മിക്കവാറും യാന്ത്രികമായി കപ്പ് ചുണ്ടോടടുപ്പിച്ചു. ചൂടുള്ള ചായ അലിഞ്ഞുചേർന്ന റൊട്ടിക്കഷണങ്ങളുമായി തൊണ്ടയിലേയ്ക്കു സാവകാശം ഇറങ്ങിച്ചെന്നപ്പോൾ ശരീ

രമാസകലം മിന്നൽപ്പിണരേറ്റതുപോലെ ഞാനൊന്നു നടുങ്ങി. അസാധാരണമായ ആ മാറ്റം ശ്രദ്ധിച്ച ഞാൻ പെട്ടെന്നു ചിന്തകൾക്കു കടിഞ്ഞാണിട്ടു. എവിടെനിന്നാണു പുറപ്പെടുന്നതെന്നൊരു സൂചനയും നൽകാതെ അനുപമമായൊരു സുഖാനുഭവം എന്റെ ഇന്ദ്രിയങ്ങളെ മുഴുവൻ സ്വാധീനിയ്ക്കുന്നതായി എനിയ്ക്കു തോന്നി; മാത്രമല്ല, ആയുസ്സിന്റെ ഹ്രസ്വതയും ജീവിതത്തിന്റെ നഷ്ടബോധവും നിസ്സാരമാക്കുന്ന അതിതീവ്രമായൊരു ഉദാസീനതയും എന്നെ ബാധിച്ചു. സ്നേഹത്തിന്റെ പരകോടിയായ ഭാവം ഹൃദയത്തിലേയ്ക്കു നീന്തിവരുന്നതുപോലുള്ള പുതിയൊരു വികാരത്തിൽ ഞാനാകെ വീർപ്പുമുട്ടി. അതുവരെ അന്യമായിരുന്ന ആ അവസ്ഥ ഒരുപക്ഷേ എന്റെ ഉള്ളിൽനിന്നുതന്നെ ഉറവെടുത്തതാവാം. യാദൃച്ഛികതയുടെ ആ സ്പർശബോധത്തിൽനിന്നു മുക്തി നേടിക്കഴിഞ്ഞപ്പോൾ ഞാൻ സ്വയം ചോദിച്ചു: ഏതു നിമിഷമായിരുന്നു പരമമായ ആ അനുഭൂതി എന്റെ ഹൃദയത്തിലേയ്ക്കു പ്രവേശിച്ചത്? ആ അനുഭവം ചായയുടെ രുചിയുമായി ബന്ധപ്പെട്ടാണു നടന്നതെന്നു ഞാനുറപ്പിച്ചു. ജന്മവാസനകളെ അതിശയിയ്ക്കുന്ന അത്തരം അനുഭവങ്ങൾക്കു പക്ഷേ, തത്തുല്യമായൊരു വികാരം ലഭിയ്ക്കാനിടയില്ല. അങ്ങനെയാണെങ്കിൽ കൃത്യം എപ്പോഴാണതു വന്നതെന്നും എന്താണതിന്റെ പ്രസക്തിയെന്നും എങ്ങനെയാണതു നിർവചിയ്ക്കേണ്ടതെന്നും കണ്ടെത്തിയേ തീരൂ!

ഞാൻ ചായ രണ്ടാമതൊരു കവിൾകൂടി കുടിച്ചു. ആദ്യത്തേതിൽനിന്നു വ്യത്യസ്തമായി മറ്റൊന്നും എനിയ്ക്കു തോന്നിയില്ല. മൂന്നാമത്തെ കവിൾ കുടിച്ചപ്പോൾ പ്രതികരണത്തിന്റെ തീക്ഷ്ണത കുറഞ്ഞുവരുന്നതുപോലെ എനിയ്ക്കനുഭവപ്പെട്ടു. ആ കഷായത്തിന്റെ മാന്ത്രികശക്തി മിക്കവാറും ചോർന്നുപോയതുകൊണ്ട് തുടർന്നൊരു പരീക്ഷണം വേണ്ടെന്നു ഞാൻ തീരുമാനിച്ചു. ഞാനന്വേഷിയ്ക്കുന്ന വസ്തു, പരമമായ സത്യം, ചായയുടെ രുചിയിലല്ല എന്റെ മനസ്സിലാണെന്നു വ്യക്തമായിരിയ്ക്കുന്നു. ചായയുടെ രുചി ആ സത്യത്തെ തൊട്ടുണർത്തുക

മാത്രമാണു ചെയ്തത്. ഒരുപക്ഷേ, സ്വയം മനസ്സിലാക്കാനാവാത്ത അതേ വെളിപാടു വീണ്ടുമാവർത്തിച്ചപ്പോൾ സംഭവിച്ച സ്വാഭാവിക മായ ബലക്ഷയംകൊണ്ടാകാം, ആ അനുഭവം കൃത്യമായി വായിച്ചെ ടുക്കാൻ എനിക്കു കഴിയാതെ പോയത്. അതെ, അതാണു വാസ്തവം! പക്ഷേ, അതേ അനുഭവം, ചായയിൽനിന്നു മന:പൂർവം വീണ്ടുമുണർ ത്തിക്കൊണ്ടുവരാൻ കഴിഞ്ഞാൽ സത്യത്തിന്റെ ബോധോദയത്തിനു സാദ്ധ്യതയുണ്ടെന്നു ഞാൻ പ്രത്യാശിച്ചു. ഞാൻ ചായക്കപ്പു താഴെവെ ച്ചു വീണ്ടും ആത്മപരിശോധന നടത്തി. ആത്മാവിനു തീർച്ചയായും സത്യം കണ്ടെത്താനുള്ള ബാദ്ധ്യതയുണ്ട്. പക്ഷേ, അതെങ്ങനെ സാ ധിക്കും? നിശ്ചിതമായൊരു പരിധിയിൽ അലഞ്ഞുതിരിയുന്ന മനസ്സി നു തൊട്ടു മുമ്പിൽ പ്രത്യക്ഷപ്പെടുന്ന അത്യഗാധമായ ഗർത്തങ്ങൾ ഒ രിക്കലും ചാടിക്കടക്കാനാവില്ല. അന്വേഷകൻ മുന്നൊരുക്കങ്ങളുമായി കൂരിരുട്ടിൽ തപ്പിത്തടഞ്ഞു നടന്നു പരവശനാകുമ്പോൾ, ആത്മാവ് അയാളുടെ ദൗത്യം സ്വയമേറ്റെടുക്കുന്നു; മാത്രമല്ല, അന്വേഷണം സൃ ഷ്ടികർമ്മത്തിന്റെ ഉദാത്തമായൊരു തലമായി മാറുകയും ചെയ്യുന്നു! സത്യവും പൊരുളുമുൾക്കൊള്ളുന്ന ആ സർഗക്രിയ കാലപുരുഷനിൽ ചെന്നവസാനിക്കുമ്പോഴാണു നാം സത്യത്തെ മുഖാമുഖം കാണുന്നത്.

സ്വന്തം അസ്തിത്വത്തെക്കുറിച്ചു യുക്തിസഹമായൊരു തെളിവുമി ല്ലാതെ ഓർമ്മയിലേക്കു ചേക്കേറാൻ കഴിയുന്ന അത്തരമൊരു അവ സ്ഥാവിശേഷം എന്താണെന്നു ഞാനാരാഞ്ഞു. ബോധമണ്ഡലത്തി ലെ വികാരങ്ങളുരുക്കി ബാഷ്പീകരിച്ച് അലൗകികമായൊരു അനുഭൂ തിമാത്രം നിലനിർത്തുന്ന അവസ്ഥ വീണ്ടും അനുഭവവേദ്യമാക്കാൻ കഴിയുമോ? ആദ്യത്തെ കവിൾ ചായ കുടിച്ചു കഴിഞ്ഞ ആ സന്ദിഗ്ദ്ധ നിമിഷത്തിലേക്കു വിചാരങ്ങളെ പിറകോട്ടു നയിച്ചപ്പോൾ പുതിയ തൊന്നും കാണാനാവാതെ ഞാനാദ്യത്തെ അവസ്ഥയിൽത്തന്നെ ചെന്നെത്തി. ആ ക്ഷണികാനുഭൂതി ഒരിക്കൽക്കൂടി വീണ്ടെടുക്കുന്നതി ന്റെ ആദ്യപടിയായി ചിന്തകൾക്കു തടസ്സമുണ്ടാക്കുന്ന അസംഗതവി ചാരങ്ങൾ തടഞ്ഞു തൊട്ടടുത്ത മുറിയിൽനിന്നു വരുന്ന ശബ്ദങ്ങൾക്കു

പോലും കാതോർക്കാതെ ഞാൻ നിരന്തരം ശ്രദ്ധിച്ചു. കുറച്ചു സമയം കഴിഞ്ഞിട്ടും വിജയസൂചനകളൊന്നും ലഭിയ്ക്കാതെ മനസ്സു തളർന്നു തുടങ്ങിയപ്പോൾ, ചെറിയൊരു മാറ്റത്തിനുവേണ്ടി, ഞാനപ്പോൾ തടഞ്ഞുനിർത്തിയ വിചാരങ്ങൾ ആസ്വദിയ്ക്കാനും അവസാനശ്രമം നടത്തുന്നതിനുമുമ്പൊന്നു വിശ്രമിച്ചു നവോന്മേഷം വരുത്താനുംവേണ്ടി മനസ്സിലൊരു ഭാഗം ഒഴിച്ചിട്ടു. മാത്രമല്ല, ആദ്യത്തെ കവിൾ കുടിച്ചപ്പോൾ അനുഭവിച്ച രുചി അതേപടി ആ ശൂന്യതയിൽ പ്രതിഷ്ഠിയ്ക്കാൻ ശ്രമിച്ചപ്പോൾ പൊടുന്നനെ അവാച്യമായ ഒരനുഭൂതി എന്റെ മനസ്സിൽ സടകുടഞ്ഞുണരുന്നതുപോലെ എനിയ്ക്കു തോന്നി. അഗാധതയുടെ ആഴത്തിൽ നങ്കൂരമടിച്ചു കിടന്ന ഒരു വികാരവിശേഷം പതുക്കെ മേലോട്ടുയർന്നു വന്നു. കൃത്യതയും വ്യക്തതയുമില്ലെങ്കിലും ഉയിർത്തെഴുന്നേൽക്കുന്ന ആ സത്യത്തെ ഉൾക്കൊള്ളാനും തൊട്ടറിയാനും എനിയ്ക്കു കഴിഞ്ഞു. മഹാശൂന്യതയിൽനിന്നു പുറപ്പെടുന്ന ആ മാറ്റൊലിയുടെ ഇരമ്പം ഇന്നുമെന്റെ ചെവികളിൽ നിരന്തരം മുഴങ്ങുന്നുണ്ട്.

ഇന്ദ്രിയഗോചരമായ രുചിയുടെ ഓർമ്മകൾ ബോധമനസ്സുമായി ബന്ധപ്പെടുന്ന വികാരങ്ങളായിരിയ്ക്കാം ഒരുപക്ഷേ ആത്മാവിന്റെ അഗാധതകളിൽ മാറ്റൊലിയായി മുഴങ്ങിയതെന്നു ഞാനിപ്പോൾ സംശയിയ്ക്കുന്നു. വേദനാപൂർണമായ ആ അനുഭവം പക്ഷേ ദുർഗ്രഹവുമായിരുന്നു. വർണസങ്കരങ്ങളായി ഇടകലർന്നു ദ്രുതഗതിയിൽ കറങ്ങുന്ന ആ സൂക്ഷ്മതരംഗങ്ങളുടെ നിർവികാരരൂപം പിടിച്ചെടുക്കാൻ പക്ഷേ എന്റെ മനസ്സിനു കഴിഞ്ഞില്ല. അവയുടെ കൃത്യമായ രൂപഭാവങ്ങൾ തിരിച്ചറിഞ്ഞു ബോധമണ്ഡലത്തിലേയ്ക്കു പ്രത്യാനയിയ്ക്കാനോ, ചായയുടെ രുചിയ്ക്കുള്ളിൽ അവിഹിതജാരത്വം ചമഞ്ഞുനിൽക്കുന്ന പരമമായ സത്യം തെളിവുസഹിതം ദ്വിഭാഷിയെന്ന നിലയിൽ പരിഭാഷപ്പെടുത്താനോ, എനിയ്ക്കു സാധിച്ചില്ല. ആ അവസ്ഥാവിശേഷങ്ങൾ കഴിഞ്ഞുപോയ ജീവിതത്തിലെ ഏതേതു കാലഘട്ടങ്ങളെയായാണു സൂചിപ്പിയ്ക്കുന്നതെന്നു ചോദിച്ചു മനസ്സിലാക്കാനും ഞാനശക്തനായി.

ഉള്ളിന്റെയുള്ളിൽനിന്നുയർന്നു നിരന്തരം മനസ്സിനെ അലോസര

പ്പെടുത്തുന്ന ഓർമ്മകൾ, തത്തുല്യമായൊരു നിമിഷത്തിന്റെ കാന്തി കബലം ആവാഹിച്ച ദുർഘടദൂരങ്ങൾ താണ്ടി അവസാനം ബോധമ നസ്സിന്റെ സുപരിചിതതലത്തിൽ ചെന്നെത്തുമെന്ന ഉറപ്പ് പക്ഷേ എ നിയ്ക്കിതുവരെ ലഭിച്ചിട്ടില്ല. മാത്രമല്ല, ആ നിമിഷത്തെ അനുഭൂതിക ളൊന്നും എനിയ്ക്കിപ്പോൾ അനുഭവപ്പെടുന്നുമില്ല. കനത്തൊരു കൂരിരുട്ടു മാത്രമേ എന്റെ മനസ്സിലിപ്പോൾ അവശേഷിയ്ക്കുന്നുള്ളൂ. അതുകൊണ്ട് ഇനിയൊരിയ്ക്കൽക്കൂടി ആ വിശേഷാനുഭൂതി ഉണർന്നുവരുമെന്നെങ്ങ നെ ഉറപ്പിച്ചു പറയാൻ കഴിയും? കഠിനമായ ആ യത്നം ആവർത്തി യ്ക്കാൻ, ആ അഗാധഗർത്തം ചാടിക്കടക്കാൻ വീണ്ടും ഞാനൊരുപാടു തവണ ശ്രമിച്ചു. ദുഷ്ക്കരസംരംഭങ്ങളിൽനിന്നു നിരന്തരം നമ്മെ പി ന്തിരിപ്പിയ്ക്കുന്ന ഭയവും മടിയും എന്നെ ഭീഷണഭാവത്തിൽ പിടികൂടി. അതുകൊണ്ടു തൽക്കാലം ഇന്നത്തെ വേവലാതികളേയും നാളത്തെ പ്രത്യാശകളേയുംകുറിച്ചുമാത്രം ചിന്തിച്ചു മനസ്സിനെ കൂടുതൽ പീഡി പ്പിയ്ക്കാതെ അത്തരം പ്രഹേളികകളോരോന്നും സ്വയമേവ ചുരുളഴി യാനനുവദിച്ചു ഞാൻ പിന്തിരിഞ്ഞു.

അങ്ങനെയിരിയ്ക്കേ, പെട്ടെന്നതാ വീണ്ടും ആ വിശേഷാനുഭൂതി തിരിച്ചെത്തുന്നു! കോംബ്രേയിൽവെച്ചു ഞായറാഴ്ചദിവസം രാവിലെ പള്ളിയിൽ പോകുന്നതിനുമുമ്പ് ചായയിൽ മുക്കി കഴിയ്ക്കാറുള്ള റൊട്ടി യുടെ രുചിയായിരുന്നു, അത്. ശുഭദിനം പറയാൻ മുകളിലേയ്ക്കു ചെല്ലു മ്പോൾ ലിയോണി അമ്മായി, നാരങ്ങാനീരു പിഴിഞ്ഞ ചായക്കപ്പി ൽ മുക്കി ചില റൊട്ടിക്കഷണങ്ങൾ എനിയ്ക്കു തരാറുണ്ട്. പക്ഷേ കണ്ട പ്പോഴല്ല, രുചിച്ചു നോക്കിയപ്പോഴായിരുന്നു ആ റൊട്ടിയുടെ ഓർമ്മക ൾ മനസ്സിലേയ്ക്കു കടന്നുവന്നത്. അതുപോലെ രുചിച്ചു നോക്കാത്ത ഒ രുപാടു പലഹാരങ്ങൾ ഇതിനിടയിൽ ഞാൻ കണ്ടിരിയ്ക്കാം; പക്ഷേ, കോംബ്രേയിലെ ജീവിതവുമായി ബന്ധപ്പെട്ട യാതൊരു ഓർമ്മകളും അവയെനിയ്ക്കു സമ്മാനിച്ചിട്ടില്ല. ഒരുപക്ഷേ, ആ സ്ഥാനത്തു പുതിയ ഓർമ്മകൾ വന്നു സ്ഥാനം പിടിച്ചതാവാം. ഒരർത്ഥത്തിൽ വിഷയാ സക്തമെന്നു വിശേഷിപ്പിയ്ക്കാവുന്ന ശംഖിന്റെ ആകൃതിയിലുള്ള ആ

റൊട്ടിയടക്കം സകല രൂപങ്ങളും ബോധമനസ്സിലേയ്ക്കു കടന്നുവരാതെ, സ്വയംപ്രകാശനത്തിനു ശക്തിയില്ലാതെ, ഗാഢനിദ്രയിൽ ലയിച്ചു കാലഹരണപ്പെട്ടു കഴിഞ്ഞു. വിദൂരമായ ഭൂതകാലത്തിന്റെ ബാക്കിപത്രമായ ശൂദ്ധശൂന്യതയിൽ, മണ്ണും മനുഷ്യരും തിരിച്ചറിയാനാവാത്തവിധം മാറിക്കഴിയുമ്പോൾ, വസ്തുക്കളുടെ സ്വരവും നിറവും രുചിയും മണവും സ്പർശവും അദൃശ്യമായൊരു ജീവോർജ്ജം സമാഹരിച്ചു വിരഹാകുലമായ നമ്മുടെ മനസ്സു തൊട്ടുണർത്തുന്നു. ഛിന്നഭിന്നമായ അവശിഷ്ടങ്ങളിൽ നാമാവശേഷമാകാതെ, തൊട്ടറിയാനാവാത്ത സാരാംശങ്ങളിൽ പ്രതീക്ഷാപൂർവം സമയം കാത്തു നിൽക്കുന്ന സുദീർഘമായ സ്മൃതിപഥങ്ങളുടെ വിന്യാസവിധാനമായി ആ ഓർമ്മകൾ ഓരോന്നും ജീവിച്ചിരിയ്ക്കുന്നു.

ലിയോണി അമ്മായി എനിയ്ക്കു പതിവായി തരാറുള്ള നാരങ്ങാനീരു പിഴിഞ്ഞ ചായയിൽ മുക്കിയെടുത്ത മദലീൻ കഷണങ്ങളുടെ രുചി ഞാൻ തിരിച്ചറിഞ്ഞ നിമിഷം, തെരുവോരത്തു ചാരനിറത്തിലുള്ള പഴയ വീട്ടും, അവരുടെ മുറിയും, അച്ഛനമ്മമാർക്കായി പണിത തോട്ടത്തിലേയ്ക്കു തുറക്കുന്ന മട്ടുപ്പാവും ഒരു നാടകത്തിലെ രംഗവേദി പോലെ എന്റെ മനസ്സിലേയ്ക്കു കടന്നുവന്നു. വീടു മാത്രമല്ല, പ്രഭാതം മുതൽ പ്രദോഷംവരെ സൂര്യപ്രകാശത്തിൽ മുങ്ങി നിൽക്കുന്ന പട്ടണവും, ഉച്ചഭക്ഷണത്തിനുമുമ്പു ഞാനോടിക്കളിയ്ക്കാറുള്ള മൈതാനവും തെരുവുകളും, അനുകൂലകാലാവസ്ഥയിൽ നടക്കാൻ പോകാറുള്ള ഇടവഴികളും കൂടുതൽ വ്യക്തമായി ഞാൻ കാണാൻ തുടങ്ങി. മൺപാത്രത്തിലെ വെള്ളത്തിൽ കടലാസുകഷണങ്ങൾ മുക്കിയെടുത്തു ജപ്പാൻകാർ നേരംപോക്കിനു നടത്തുന്ന വിനോദംപോലെ ഞാനവയോരോന്നും നോക്കിക്കണ്ടു. ആ കടലാസുതുണ്ടുകൾ സ്വയം നനഞ്ഞു കുതിർന്നു നീണ്ടു വളഞ്ഞു പൂക്കളും വീടുകളും മനുഷ്യരുമായി രൂപാന്തരം പ്രാപിയ്ക്കും. അതുപോലെ ഓർമ്മകൾ മനസ്സിലേയ്ക്കു കടന്നുവന്ന നിമിഷം, ഞങ്ങളുടെ മുറ്റത്തും സ്വാനിന്റെ ഉദ്യാനത്തിലുമായി

വിടർന്ന പൂക്കളും, വിവോണേനദിയിലെ വെള്ളാമ്പൽച്ചെടികളും, ഗ്രാമീണരായ കർഷകരും, ചെറിയ വീടുകളും, ഇടവകയിലെ പള്ളി-യും കോംബ്രേയുടെ പരിസരപ്രദേശങ്ങളും യഥാർത്ഥരൂപം കൈവ-രിച്ച് എന്റെ ചായക്കപ്പിൽ നിന്ന ജീവനോടെ ഉയിർത്തെഴുന്നേറ്റു.

രണ്ട് : കോംബ്രേ

വിശുദ്ധമായ നോമ്പുകാലത്തു ഞങ്ങളുടെ കുടുംബം പാരീസിൽ നിന്നു പതിവായി വന്നിറങ്ങുന്ന റെയിൽവേസ്റ്റേഷനു പുറത്തു സ്വന്തം അപദാനങ്ങൾ വാനോളം വാഴ്ത്തി നിൽക്കുന്ന ഒരു ദേവാലയമല്ലാതെ ഏതാണ്ട് ഇരുപതുമൈലോളം ചുറ്റളവുള്ള കോംബ്രേപട്ടണത്തിന്റെ പ്രത്യേകതയായി മറ്റൊന്നും കാണാൻ കഴിയുമായിരുന്നില്ല. തുറന്ന സമതലപ്രദേശങ്ങളിൽ സദാ കറങ്ങി നടക്കുന്ന ഇളങ്കാറ്റിൽ നിന്നു രക്ഷപ്പെടാൻവേണ്ടി നീണ്ടിരുണ്ട മേലങ്കി ധരിച്ച വൃക്ഷങ്ങളോരോന്നും, ഇടയൻ കുഞ്ഞാടുകളെ മാടിത്തെളിയ്ക്കുന്നതുപോലെ, വകഞ്ഞുമാറ്റി ഉള്ളിലേയ്ക്കു കടക്കുമ്പോൾ മദ്ധ്യകാലഘട്ടങ്ങളിൽ വൃത്താകൃതിയിൽ പണിത ചില കോട്ടമതിലുകളുടെ അവശിഷ്ടങ്ങൾ അവിടവിടെ ചിതറിക്കിടക്കുന്നതു കാണാം. കനത്ത മതിൽക്കെട്ടിനകത്തു വൈയ്ക്കോൽ പുതച്ച മേൽക്കൂരകളുള്ള വീടുകളുടെ നീണ്ട നിര, പൗരാണികചിത്രങ്ങളിൽ ചാരനിറം ചാലിച്ചു വരച്ച ചെറിയൊരു പട്ടണമാണെന്ന തോന്നലാണുളവാക്കുന്നത്. ഉൾനാട്ടുകളിലെ കാഠിന്യമുള്ള കരിങ്കല്ലിൽ പണിതീർത്തു മുന്നിലേയ്ക്കു താഴ്ത്തിക്കെട്ടിയ പടവുകളും മുറ്റത്തു നീളമുള്ള നിഴൽ വിരിയ്ക്കുന്ന ത്രികോണമുഖപ്പുകളുമാണു വീടുകളുടെ പൊതുവായ രൂപം. സൂര്യൻ താഴോട്ടു ചെരിയാൻ തുടങ്ങുമ്പോഴേയ്ക്കും ജനൽത്തിരശ്ശീലകൾ വലിച്ചു മാറ്റേണ്ടി വരുന്നവിധം ഇരുട്ടു നിറഞ്ഞതായിരുന്നു വീടിനകത്തെ വിശാലമായ മുറികൾ. ചരിത്രത്തിലൊരിയ്ക്കലും സ്ഥാനം പിടിയ്ക്കാനിടയില്ലാത്ത ചില വിശുദ്ധരുടെ നാമങ്ങളിലാണു കോംബ്രേയിലെ തെരുവുകളറിയപ്പെട്ടത്. പള്ളിയോടു ചേർന്നുള്ള റൂസാങ് ഹിലൈരേ, അമ്മായിയുടെ വീടു സ്ഥിതി ചെയ്യുന്ന റൂസാങ് ജാക്ക്വെസ്, തൊട്ടു പിൻവശത്തുള്ള റൂസാങ് ഹിൽ

ഡ്ഗാർഡെ, തോട്ടത്തിന്റെ വാതിൽ തുറന്നാൽ കാണുന്ന റൂസാങ് സ്പിരിറ്റ്! അവയോരോന്നും ഈ ലോകത്തിന്റെ വൈവിദ്ധ്യങ്ങളിൽ നിന്നു വ്യത്യസ്തമായൊരു വർണഭംഗിയുമായി ഓർമ്മയുടെ വിദൂരതകളിൽ മറഞ്ഞുകിടന്നു. വിജനമായ മൈതാനത്തു പ്രൌഢിയോടെ ശിരസ്സുയർത്തി നിൽക്കുന്ന ദേവാലയവും പരിസരപ്രദേശവും ഒരു മാന്ത്രികദീപത്തിന്റെ ഭ്രമാത്മകമായ പ്രകാശത്തിൽ അത്ഭുതാവേശങ്ങളോടെ കാണാൻ കഴിഞ്ഞ പഴയ കാലത്തെ അനുഭവത്തിൽനിന്നു വ്യത്യസ്തമായി ഇന്നിപ്പോൾ തീർത്തും നിറം മങ്ങിയ നിലയിലാണു ഞാൻ കണ്ടത്. അതുകൊണ്ടു റൂസാങ് ഹിലൈരേ തെരുവ് മുറിച്ചു കടന്ന്, റൂസാങ് ഒലൈസോവിലുള്ള ഹോസ്റ്റലിലെ മുറിയിലേയ്ക്കു പ്രവേശിച്ച്, താഴത്തെ ജനലിലൂടെ തള്ളിക്കയറിയ മത്തു പിടിയ്ക്കുന്ന പാചകഗന്ധം ശ്വസിച്ച്, ഊഷ്മളമായ കാറ്റിന്റെ സാന്ത്വനം ഒരിയ്ക്കൽക്കൂടി ഞാനാസ്വദിയ്ക്കുന്നതായി സങ്കൽപ്പിച്ചു. ഭാവനയിൽ കണ്ട അമാനുഷികവും അത്ഭുതകരവുമായ ആ അഗോചരലോകവുമായി ബന്ധപ്പെടാൻ ഗോലോവുമായി പരിചയം പുതുക്കിയശേഷം ജെനീവിവേ ബ്രാബനുമായൊരു സൗഹൃദസല്ലാപം നടത്താമെന്നു ചിലപ്പോഴൊക്കെ ഞാൻ ചിന്തിയ്ക്കാറുണ്ട്. കോംബ്രേയിലെ ഗ്രാമീണാന്തരീക്ഷം ഒരിയ്ക്കലും സ്ഥിരതാമസത്തിനു യോജിച്ചതല്ലെന്നു മനസ്സിൽ തോന്നാനുണ്ടായ കാരണം, ഒരുപക്ഷേ, ആ നഷ്ടബോധങ്ങൾ അവശേഷിപ്പിച്ച വികാരങ്ങളായിരിയ്ക്കാം!

കോംബ്രേയിൽ മുത്തച്ഛന്റെ സഹോദരീപുത്രിയുടെ (ഒരുവിധത്തിൽ എന്റെ വലിയമ്മായി) കൂടെയാണു ഞങ്ങൾ താമസിച്ചിരുന്നത്. അവരുടെ മകളാണു ലിയോണി അമ്മായി. ഭർത്താവിന്റെ (എന്റെ അമ്മാമൻ ഒക്ടേവ്) മരണശേഷം അവർ കോംബ്രേ മാത്രമല്ല സ്വന്തം വീടും മുറിയും വർഷങ്ങളായി ഉപയോഗിയ്ക്കുന്ന കട്ടിലും കിടയ്ക്കയും വെടിഞ്ഞു മറ്റെങ്ങും പോകാൻ തയാറായില്ല. രോഗങ്ങൾമൂലം ശാരീരികമായി വല്ലാതെ തളർന്നുപോയ അവർ, അവസാനിയ്ക്കാത്ത മനസ്താപത്തോടെ മതാനുഷ്ഠാനങ്ങളിൽ മുഴുകി, അത്യാവശ്യത്തിനു

പോലും 'താഴോട്ടിറങ്ങാതെ' സദാ മുകളിലെ മുറിയിൽത്തന്നെ കഴിഞ്ഞുകൂട്ടുകയാണു പതിവ്. അവരുടെ മുറിയിൽനിന്നു നോക്കിയാൽ നേരേ കാണുന്ന റൂസാങ് ജാക്ക്വെസ് തെരുവ്, ഗ്രാന്റ്പ്രേയിലാണു ചെന്നവസാനിയ്ക്കുന്നത്. വീടുകൾക്കു മുന്നിൽ മൂന്നു കൽപ്പടവുകളുമായി ഉയർത്തിക്കെട്ടിയ ആ തെരുവ്, പൗരാണികശിൽപ്പികൾ ഒരൊറ്റ കരിങ്കല്ലിൽനിന്നു കാൽവരിയോ തൊട്ടിലോ കൊത്തിയെടുത്തപ്പോൾ സംഭവിച്ചുപോയ ആഴമുള്ള ഒരുഴവുചാലുപോലെ തോന്നിച്ചു. അന്നൊക്കെ അമ്മായിയുടെ ജീവിതം മിക്കവാറും തൊട്ടടുത്ത രണ്ടു മുറികളിൽ മാത്രമായി ഒതുങ്ങിക്കഴിഞ്ഞു. ഉച്ചസമയത്ത് അതിലൊന്നു വൃത്തിയാക്കുമ്പോൾ അവർ മറ്റേ മുറിയിൽ വന്നിരുന്നു വിശ്രമിയ്ക്കും. ആ പ്രദേശം മുഴുവൻ നിറഞ്ഞു നിൽക്കുന്ന വായുസഞ്ചയവും കടൽവെള്ളവും ചില പ്രത്യേകകാലാവസ്ഥകളിൽ തീർത്തും അദൃശ്യമായ നിരവധി സൂക്ഷ്മജീവികളുടെ ഗന്ധവും പ്രകാശവും പരിസരത്തു പരത്തുന്നതുപോലെ ഗ്രാമീണരീതിയിൽ രൂപകൽപ്പന ചെയ്ത ആ മുറികളുടെ സവിശേഷമായ ഭാവം, കാലങ്ങളായി കുമിഞ്ഞുകൂടിയ അറിവുകളും സ്വയമുറവെടുത്ത ഗന്ധങ്ങളുമായി പഞ്ചേന്ദ്രിയങ്ങളിൽ പെട്ടെന്നു പടർന്നുകയറും; മാത്രമല്ല, മനുഷ്യജീവിതത്തിന്റെ അടിസ്ഥാനമായി കണക്കാക്കപ്പെടുന്ന നിഗൂഢമായ സമസ്യയുടെ ഉത്തരം അന്തരീക്ഷത്തിൽ പൊലിമയോടെ കാത്തു സൂക്ഷിയ്ക്കാനും അവയ്ക്കു കഴിയും. തോട്ടങ്ങളിലെ ചെടികളിൽ മുളപൊട്ടി വഴിയോരങ്ങളിലെ സാഹചര്യങ്ങളുമായി പൊരുത്തപ്പെട്ടു കലവറയിൽ വന്നെത്തിയ ഫലങ്ങളുടെ ഗൃഹാതുരത്വം തുളുമ്പുന്ന പ്രകൃതിഗന്ധങ്ങൾ, കാലങ്ങളുടെ കുത്തൊഴുക്കിൽ മാറിമറഞ്ഞു നവീകരിയ്ക്കപ്പെട്ട ചരിത്രഗന്ധങ്ങൾ, ശൈത്യകാലത്തിന്റെ തീക്ഷ്ണത പൊരിച്ച അപ്പത്തിന്റെ മധുരവുമായി ബന്ധിപ്പിയ്ക്കുന്ന ഗാർഹികഗന്ധങ്ങൾ, ഗ്രാമത്തിലെ നാഴികമണിപോലെ കൃത്യതയും സൂക്ഷ്മതയും വെളിവാക്കുന്ന സമയഗന്ധങ്ങൾ, അലഞ്ഞുതിരിഞ്ഞു നടക്കുന്ന സഞ്ചാരഗന്ധങ്ങൾ, ധർമ്മനിഷ്ഠയുടെ സാത്വികഗന്ധ

ങ്ങൾ! ഒരിയ്ക്കൽപ്പോലും ആ മുറികളിൽ താമസിയ്ക്കാത്ത അപരിചിതർക്കു പക്ഷേ അവയോരോന്നും കവിതയുടെ നീരുറവയും ഉൽക്കണ്ഠയുടെ ഉല്ലാസവുമായി അനുഭവപ്പെടാതിരിയ്ക്കില്ല. അത്യാനന്ദത്തോടെ കടന്നുചെല്ലാവുന്നവിധം മുറികളിലെ അന്തരീക്ഷം രസസന്ദായകമായൊരു നിശ്ശബ്ദതയിൽ മുങ്ങിനിന്നു. ഈസ്റ്റർ അവധിക്കാലത്തു കോംബ്രേയിലെ തണുത്തുറഞ്ഞ മണ്ണിൽ പൊടുന്നനെ കാലെടുത്തു വെച്ചപ്പോൾ ആ നിശ്ശബ്ദതയുടെ മാധുര്യം പൂർണമായാസ്വദിയ്ക്കാൻ എനിയ്ക്കു കഴിഞ്ഞു. അമ്മായിയോടു ശുഭദിനം പറയാനായി ചെല്ലുമ്പോൾ കാത്തുനിൽക്കാറുള്ള പുറത്തെ തളത്തിൽ, തണുപ്പു വിട്ടുമാറാത്ത പ്രഭാതരശ്മികൾ സ്വയം ചൂടേൽക്കാനായി നെരിപ്പോടിന്റെ അരികിലേയ്ക്കു വളരെ പതുക്കെ ഇഴഞ്ഞു പോകുന്നതു ഞാൻ കണ്ടു. കനലെരിയുന്ന ഇഷ്ടികയുടെ ഇരുവശങ്ങളും ചുമരിലെ കുമ്മായവും മുറിയിലെ സാധനസാമഗ്രികളുംകൂടി പരത്തിയ പുകക്കരിയുടെ ശ്വാസം മുട്ടിയ്ക്കുന്ന ഗന്ധം, നാട്ടിൻപുറങ്ങളിൽ കാണാറുള്ള ചില ചൂളകളുടെ ഓർമ്മ മനസ്സിലുണർത്തി. പഴയ കെട്ടിടങ്ങളിൽ മേലാപ്പു നിവർത്തിയതുപോലെ ഉയർന്ന തട്ടിൻപുറമുള്ള മുറികൾ, പുറത്തു മഴയോ മഞ്ഞോ പെയ്യുമ്പോൾപ്പോലും സുരക്ഷിതമായൊരു അഭയത്തിന്റെ കാൽ നികഭാവത്തോടെ ഗൃഹാതുരത്വത്തിൽ ചെന്നിറങ്ങി ഏകാന്തമായ സ്വസ്ഥത നമുക്കു പകർന്നു തരും. പ്രാർത്ഥനയ്ക്കുവേണ്ടി തയാറാക്കിയ മേശയ്ക്കും തൊങ്ങലുകൾ തൂക്കിയ ചാരുകസേരകൾക്കുമിടയിൽ ഞാൻ വെറുതേ ചുറ്റിനടന്നു; 'ഉണരുക'യും 'ഉറപ്പിയ്ക്കുക'യും ചെയ്ത പൊൻപുലരിയുടെ ചൂടും തണുപ്പും ആസ്വദിച്ചു നവോന്മേഷഭരിതനായ ശുദ്ധവായു, വിശപ്പുളവാക്കുന്ന ഗന്ധം പരത്തി, ഒരു പലഹാരം പോലെ, നെരിപ്പോടിന്റെ നീരാവിയിൽ വേവാൻ തുടങ്ങി. സൂക്ഷ്മവും അദൃശ്യവുമായൊരു നാടൻറൊട്ടിയുടെ രൂപത്തിലേയ്ക്കു പതുക്കെ ആറ്റിക്കുറുക്കി വികസിച്ചു വരുന്ന അതിന്റെ കട്ടിപിടിച്ച കീഴ്ഭാഗം, രുചികരമായ ദീപനരസം പുറപ്പെടുവിയ്ക്കാൻ സമയം കാത്തു കിടന്നു. അലമാരയുടെ വലിപ്പുകളും ചുമരിൽ തൂക്കിയിട്ട കടലാസുകളും പര

ത്തുന്ന ഉണങ്ങിയ ഗന്ധങ്ങൾ ഞാൻ മണത്തറിഞ്ഞു. അനിർവചനീയമായൊരു മൗഢ്യം ബാധിച്ച ആ അന്തരീക്ഷത്തിൽ, സ്വയം കുമ്പസാരിയ്ക്കാൻ കഴിയാതെ, ഒടുവിൽ പൂക്കളുടെ ചിത്രങ്ങൾ വരച്ചു ചേർത്ത, പഴച്ചാറു മണക്കുന്ന മാർദ്ദവമേറിയ കിടയ്ക്കയുടെ ഗന്ധത്തിലേയ്ക്കു ഞാൻ തിരിച്ചുപോയി.

അടുത്ത മുറിയിൽ അമ്മായി ആരോടെന്നില്ലാതെ ഓരോന്നു ശബ്ദമടക്കി സംസാരിയ്ക്കുന്നതു കേൾക്കാം. തലയ്ക്കുള്ളിൽ എന്തൊക്കെയോ പൊട്ടിച്ചിതറി നാനാവിധമായി കിടക്കുന്നുണ്ടെന്നുതന്നെ അവരുറച്ചു വിശ്വസിച്ചു. ഉറക്കെ സംസാരിച്ചാൽ ഒരുപക്ഷേ അവയ്ക്കെന്തെങ്കിലും ദോഷകരമായ സ്ഥാനചലനം സംഭവിയ്ക്കുമെന്നു ഭയന്നു മന്ദ്രസ്ഥായിയിലല്ലാതെ അവരൊന്നും ഉരിയാടാറില്ല. പക്ഷേ, സ്വരതന്ത്രികളുടെ ആരോഗ്യത്തിനു സംസാരം നല്ലതാണെന്നും അതുകൊണ്ടുയരുന്ന രക്തസമ്മർദ്ദം ഇടയ്ക്കിടെയുള്ള വീർപ്പുമുട്ടലിനു പരിഹാരമാണെന്നും ആത്മാർത്ഥമായി വിശ്വസിച്ചിരുന്നതുകൊണ്ട് എന്തെങ്കിലുമൊക്കെ പറഞ്ഞുകൊണ്ടിരിയ്ക്കാതെ അവർക്കൊരു നിമിഷംപോലും തള്ളിനീക്കാനാവില്ല. ദൈനന്ദിനജീവിതത്തിലെ നിസ്സാരവിഷയങ്ങൾക്കുപോലും അമിതപ്രാധാന്യം നൽകി വ്യാഖ്യാനങ്ങൾ ചമയ്ക്കാൻ അവരേറെ കൌതുകം കാണിച്ചു. മനസ്സിൽ സൂക്ഷിയ്ക്കുന്ന പല വിഷയങ്ങളും രഹസ്യമായി പകർന്നുകൊടുക്കാൻ പറ്റിയ വിശ്വസ്തനായൊരു സുഹൃത്തിനെ അമ്മായിയ്ക്കിതുവരെ ലഭിച്ചിട്ടില്ല. അതുകൊണ്ട്, ആ രഹസ്യങ്ങളെല്ലാം നിലയ്ക്കാത്ത പിറുപിറുക്കലുകളായി സ്വയം മന്ത്രിയ്ക്കുന്ന ഒരു സംസാരശൈലി അമ്മായി വളർത്തിയെടുത്തു. ഉറക്കെ ചിന്തിയ്ക്കുന്ന ആ ശീലത്തിന്റെ ഭാഗമായി ചിലപ്പോൾ അടുത്ത മുറിയിൽ ആരുമില്ലെന്നു തീർച്ച വരുത്തുന്നതിൽ നിർഭാഗ്യവശാൽ സംഭവിയ്ക്കുന്ന അശ്രദ്ധമൂലം അവർ സ്വയം വിലപിയ്ക്കുന്നതു ഞാൻ പലപ്പോഴും കേൾക്കാറുണ്ട്: 'ഈയിടെയായി കണ്ണിമ ചിമ്മാനുള്ള സമയംപോലും എനിയ്ക്കു ലഭിയ്ക്കുന്നില്ല!'. അവരെ സംബന്ധിച്ചിടത്തോളം 'ഇമ ചിമ്മാതിരിയ്ക്കുന്നതു' വളരെ പ്രധാനമായൊരു വിഷയമായിരുന്നു. അതു

കൊണ്ടു ഞങ്ങൾ ആദരവോടെ ആ പ്രയോഗം ഗാർഹികശബ്ദകോശത്തിൽ പ്രത്യേകം എഴുതിച്ചേർത്തു. അതിരാവിലെ ഫ്രാങ്കോയ്സ് അവരെ ചെന്നു 'വിളിയ്ക്കുക'യല്ല, 'കാണുക'യാണു പതിവ്; വെറുതേയൊന്നു മയക്കത്തിലേയ്ക്കു വീഴുമ്പോൾ അമ്മായി 'സ്വസ്ഥ'യായിരുന്നു 'വിശ്രമിയ്ക്കു'ന്നതായി മാത്രമേ ഞങ്ങൾ കണക്കാക്കാറുള്ളൂ. ആ 'മയക്കം' കഴിഞ്ഞു 'സ്വപ്ന'ത്തിൽ കണ്ട ഒരു കഥ സംസാരത്തിനിടയിൽ അറിയാതെ പറഞ്ഞുപോയാൽ പറ്റിയ അബദ്ധം മറയ്ക്കാൻ അവരുടനെ ബദ്ധപ്പെട്ടു മുഖം തിരിയ്ക്കുന്നതു കാണാം!.

മന:പൂർവം ഒരുമിനിട്ടുനേരം കാത്തുനിന്നശേഷം അകത്തേയ്ക്കു കടന്നുചെന്നു ഞാനവരെ ചുംബിയ്ക്കും; അപ്പോൾ ഫ്രാങ്കോയ്സ് അവർക്കു ചായ തയാറാക്കുന്നുണ്ടാവും. 'അസ്വസ്ഥത' തോന്നുന്ന സമയമാണെങ്കിൽ, ചായയ്ക്കുപകരം അമ്മായി 'ടിസേയ്ൻ' ആവശ്യപ്പെടും. ഔഷധവ്യാപാരി തന്ന പൊതിക്കെട്ടു തുറന്നു നല്ല നാരകപ്പൂക്കൾ തിരഞ്ഞെടുത്തു തിളച്ച വെള്ളത്തിൽ വിതറാനായി പരന്ന പാത്രത്തിലേയ്ക്കു തട്ടിക്കുടഞ്ഞിടുന്നത് അന്നെന്റെ ജോലിയായിരുന്നു. ഉണങ്ങിയ കാണ്ഡങ്ങൾ പരസ്പരം കെട്ടുപിണഞ്ഞു രൂപപ്പെട്ട ജനലഴികളിൽ വാടിത്തുടങ്ങിയ പൂമൊട്ടുകൾ പുഞ്ചിരിയ്ക്കാൻ ശ്രമിയ്ക്കുന്നതു കാണുമ്പോൾ, കൃതഹസ്തനായ ഒരു ചിത്രകാരൻ അവയെല്ലാം അതേപടി മുൻകൂട്ടി ചേർത്തുവെച്ചതാണെന്നു തോന്നും. സഹജസൗന്ദര്യം നഷ്ടപ്പെട്ടു വാടിപ്പോയ ഇതളുകൾ പക്ഷേ, ചിത്രശലഭങ്ങളുടെ സുതാര്യമായ ചിറകുകൾപോലെ, കുറിമാനങ്ങളുടെ എഴുതാത്ത ഏടുകൾപോലെ, പൊടിഞ്ഞുചിതറിയ റോസാദളങ്ങൾപോലെ, കിളികൾ കൂടു കൂട്ടുന്ന ചുള്ളിക്കമ്പുകൾപോലെ, വികൃതമായ പല രൂപഭേദങ്ങൾക്കും വിധേയമായി. അവന്യൂ ലാഗരേയിൽനിന്നു തീവണ്ടി കയറി കോംബ്രേയിലേയ്ക്കു വരുന്നവഴി ഇരുവശങ്ങളിലും പുഷ്പിച്ചുനിൽക്കുന്ന നാരകപ്പൂക്കൾ വീണ്ടും കാണാൻ കഴിഞ്ഞപ്പോൾ അവയ്ക്കു സംഭവിച്ച രൂപാന്തരം സ്വാഭാവികവളർച്ചയുടെ പരിണതഫലംമാത്രമാണെന്നു ഞാനാഹ്ലാദപൂർവം കണ്ടറിഞ്ഞു. ഔഷധവ്യാപാരിയുടെ ഔദാര്യം വെളിവാ

ക്കുന്ന ഒരായിരം വിശദാംശങ്ങൾ, പരിചിതരുടെ പേരുവിവരങ്ങൾ രേഖപ്പെടുത്തിയ നോട്ടുബുക്കുപോലുള്ള ആ പൂക്കളിൽനിന്നു വായിച്ചെടുക്കാൻ എനിയ്ക്കു കഴിഞ്ഞു. ഓരോ പുതിയ വ്യക്തിത്വവും പഴയതിന്റെ വെറുമൊരു രൂപഭേദം മാത്രമായി കണക്കാക്കാവുന്നതുപോലെ, ചാരനിറമുള്ള ചെറുമണികളിൽ നേരവും പാകവും വരുന്നതിനു മുമ്പേ പറിച്ചെടുത്ത ചില മുകുളങ്ങളും ഞാൻ കണ്ടു. പണ്ടു പ്രശസ്തമായൊരു ഛായാചിത്രം തൂക്കിയിട്ടതിന്റെ പേരിൽ മഹത്വം വരിച്ച ഭിത്തിയിൽനിന്നു ചിത്രം നീക്കിയശേഷവും പുറപ്പെടുന്ന കാന്തിപ്രകർഷംപോലെ, ചെടിയുടെ മുള്ളു നിറഞ്ഞ കമ്പുകളിൽനിന്നും ഉയർന്നുവരുന്ന വർണാഭമായ പൂക്കൾ പരിസരത്തിനാകെ കുളിർമ്മ പകർന്നു. പുഷ്പകാലത്തിനുമുമ്പൊരു ഊഷ്മളമായ സായാഹ്നത്തിൽ നാരകമരത്തിന്റെ പൂത്തതും പൂക്കാത്തതുമായ ചില്ലകളെല്ലാം വേർപിരിഞ്ഞപ്പോൾ, ഇതളുകൾ വ്യാപാരിയുടെ മരുന്നുകൊട്ടയിലേയ്ക്കു താമസം മാറ്റിയതായി എനിയ്ക്കു തോന്നി. മെഴുകുതിരിയുടെ അരണ്ട വെളിച്ചത്തിൽ, അസ്തമയസൂര്യന്റെ ജഡകാന്തിയിൽ, പൂക്കളെല്ലാം പ്രഭ മങ്ങി മൃതപ്രായമായി കാണപ്പെട്ടു. വാടിയ പൂക്കളുടെ വിഷാദഭാവം ആസ്വദിച്ചു നിന്ന നിമിഷം, അമ്മായി തിളയ്ക്കുന്ന ചായയിൽ മുക്കി ചെറുചൂടിൽ മാർദ്ദവമേറിയ ഒരു മദലീൻകഷണം എനിയ്ക്കു നേരെ നീട്ടി.

അമ്മായിയുടെ കട്ടിലിനരികെ നാരകത്തടിയിൽ പണിത ഒരലമാരയും അൾത്താരയിൽ വിശുദ്ധകന്യകയുടെ പ്രതിമയ്ക്കു കീഴെ ഒരൗഷധശാലയായിപ്പോലും കണക്കാക്കാവുന്നവിധം കുറിപ്പുകളും മരുന്നുകളും പുസ്തകങ്ങളും സൂക്ഷിയ്ക്കുന്ന മേശയുമാണുണ്ടായിരുന്നത്. വിശപ്പുണ്ടാക്കാനുള്ള മരുന്നും പ്രാർത്ഥന ചൊല്ലാനുള്ള ജപമാലയുമുൾപ്പെടെ സകല കൃത്യങ്ങളും കിടയ്ക്കയിൽ കിടന്നു ചെയ്യാനുള്ള സാധനസാമഗ്രികൾ അവരുടെ കൈയെത്താവുന്ന ദൂരത്തൊരുക്കിവെച്ചിരുന്നു. പ്രഭാതംമുതൽ പ്രദോഷംവരെ അവർ കട്ടിലിന്റെ മറുവശത്തു തെരുവിലേയ്ക്കു തുറക്കുന്ന ജനൽ വഴി വിരസമായ ജീവിതത്തിന്റെ മടുപ്പു മറക്കാനുള്ള രസകരമായ കാഴ്ചകൾ സസൂക്ഷ്മം നോക്കിക്കൊണ്ടി

രിയ്ക്കും. ആ വിശേഷങ്ങളുമായി ബന്ധപ്പെട്ടു ചിലപ്പോൾ അനാദികാലം മുതൽക്കുള്ള കോംബ്രേയുടെ ചരിത്രം അമ്മായി, അറബിക്കഥയിലെ രാജകുമാരിയെപ്പോലെ, വിശ്വസ്തപരിചാരികയായ ഫ്രാങ്കോയ്സുമായി ദിവസേന ആവർത്തിച്ചു ചർച്ച ചെയ്യാറുണ്ട്.

എന്റെ സാന്നിദ്ധ്യം മൂലം പ്രത്യേകിച്ചെന്തെങ്കിലും ആയാസമുണ്ടായാൽ അഞ്ചു മിനിട്ടുപോലും കാത്തുനിൽക്കാനുള്ള ക്ഷമയില്ലാതെ അവരെന്നെ പുറത്തേയ്ക്കു പറഞ്ഞയയ്ക്കും. എനിയ്ക്കു ചുംബിയ്ക്കാനായി ജീവസ്സറ്റു വിളറിയ തണുത്ത നെറ്റിത്തടം താഴോട്ടു കുനിയ്ക്കുമ്പോൾ, ഉണർന്നെഴുന്നേറ്റ സമയമായതുകൊണ്ടു ചീകിയൊതുക്കാത്ത മുടിയിഴകൾക്കിടയിൽ മുൾക്കിരീടത്തിന്റെ മുള്ളുകൾപോലെ, അല്ലെങ്കിൽ മുത്തുമാലയുടെ മണികൾപോലെ, ചില എല്ലുകൾ എഴുന്നുനിൽക്കുന്നതു കാണാം. അപ്പോൾ അവരെന്നോടു പറയും, “ശരി, ഇനി പൊയ്ക്കൊ, പോയി പ്രാർത്ഥനയ്ക്കു തയാറായിക്കോ! താഴെ ഫ്രാങ്കോയ്സിനോട് കൊഞ്ചി നിന്നു സമയം കളയാതെ, പെട്ടെന്നു മുകളിലേയ്ക്കു വരാൻ പറയണം!“.

വർഷങ്ങളോളം അമ്മായിയെ പരിചരിച്ചു കഴിഞ്ഞ ഫ്രാങ്കോയ്സിനു പക്ഷേ പെട്ടെന്നൊരു ദിവസം ഞങ്ങളുടെകൂടെ പോരേണ്ടിവരുമെന്നു തെല്ലും ധാരണയുണ്ടായിരുന്നില്ല. അമ്മായിയെ വിട്ടുപോരുന്നതിൽ അവൾക്കു തീരെ തൃപ്തിയില്ലെന്നു ഞങ്ങൾക്കു നല്ലപോലെ മനസ്സിലായിരുന്നു. ലിയോണി അമ്മായി ശൈത്യകാലം മുഴുവൻ അമ്മയുടെകൂടെ പാരീസിൽ ചിലവഴിച്ചിരുന്ന കാലത്ത്, അതായതു ഞങ്ങൾ കോംബ്രേയിലേയ്ക്കു ചെല്ലുന്നതിനുമുമ്പ്, ഫ്രാങ്കോയ്സിനെ എനിയ്ക്കൊട്ടും പരിചയമുണ്ടായിരുന്നില്ല. ഒരിയ്ക്കലൊരു നവവത്സരദിനത്തിനു വലിയമ്മായിയുടെ വീട്ടിലേയ്ക്കു പോകാൻ തുടങ്ങുന്നതിനുമുമ്പ് അമ്മ ഒരഞ്ചു ഫ്രാങ്കിന്റെ നാണയം എന്റെ കൈയിൽ തന്നു പറഞ്ഞു: “നോക്ക്, തെറ്റുപറ്റാതെ ശ്രദ്ധിച്ചുകേൾക്ക്! ഞാനവളോട് 'സുഖമല്ലേ, ഫ്രാങ്കോയ്സ്?' എന്നു ചോദിയ്ക്കുന്നതുവരെ നീ കാത്തുനിൽക്കണം. പിന്നെ ഞാൻ നിന്റെ കൈ നുള്ളുമ്പോൾ നീ ഈ നാണയം അവളു

ടെ കൈയിലിട്ടു കൊടുക്കണം!“ അന്ന് അമ്മായിയുടെ ഇരുണ്ട മുറി യിലേയ്ക്കു പ്രവേശിച്ചപ്പോൾ, വെളുത്തു പിഞ്ഞിയ മഞ്ഞുതൊപ്പിയുടെ തൊങ്ങലിനു താഴെനിന്നും മങ്ങിയ വെളിച്ചത്തിൽ മുൻകൂറായി നന്ദി പ്രകാശിപ്പിയ്ക്കുന്ന ഒരു പുഞ്ചിരി ഞങ്ങൾ കണ്ടു. ഇടനാഴിയുടെ വാതി ൽപ്പടിയിലൊരു വിശുദ്ധപ്രതിമപോലെ നിശ്ചലയായി നിൽക്കുന്ന നിലയിലാണു ഫ്രാങ്കോയ്സിനെ ഞാനാദ്യമായി കാണുന്നത്. പി ന്നീട് നിയമനിബദ്ധമായ അവളുടെ സഹജപ്രകൃതവുമായി പരിചയ പ്പെട്ടപ്പോൾ മനുഷ്യവർഗത്തോടു മുഴുവൻ നിഷ്പക്ഷമായൊരു ബ ന്ധുത്വം അവളിലുണ്ടെന്നു ഞാൻ തിരിച്ചറിഞ്ഞു. 'വരേണ്യ'രോടു ബ ഹുമാനവും പ്രതിഫലത്തോടുള്ള പ്രത്യാശയും, അവളുടെ മനസ്സിന്റെ ഉന്നതമായൊരു സ്ഥാനത്തു പ്രതിഷ്ഠിച്ചിരിയ്ക്കുന്നതായി ഞാൻ കണ്ടു. അമ്മ എന്റെ കൈയൊന്നു നുള്ളി ശബ്ദമുയർത്തി ചോദിച്ചു “സുഖമ ല്ലേ, ഫ്രാങ്കോയ്സ്?” അമ്മ നൽകിയ സൂചന മനസ്സിലായപ്പോഴുണ്ടാ യ പരിഭ്രാന്തിയിൽ എന്റെ വിരലുകൾ താനേ വിടർന്നപ്പോൾ, തെ ല്ലൊരാശങ്കയോടെ നീട്ടിയ അവളുടെ കൈക്കുമ്പിളിൽത്തന്നെയാണു സത്യത്തിൽ നാണയങ്ങൾ ചെന്നു വീണത്. പിന്നീടു വർഷന്തോറും കോംബ്രേയിൽ ചെന്നു തുടങ്ങിയതോടെ, ഫ്രാങ്കോയ്സുമായി ഞാ നടുത്തിടപഴകി. അവളുടെ കണ്ണിലുണ്ണികളായിരുന്നു ഞങ്ങൾ! ആദ്യ കാലങ്ങളിൽ അവൾ അമ്മായിയോടു കാണിച്ചിരുന്ന അതേ പരിഗ ണനയോടെ ഞങ്ങളോടും പെരുമാറി. 'കുടുംബ'ത്തിന്റെ കുലീനത നി ലനിർത്തി അധികാരം അവകാശപ്പെടാതിരുന്ന ഞങ്ങളുമായുള്ള ബ ന്ധത്തിലെ പരസ്പരസ്വാതന്ത്ര്യം അവൾക്കു പ്രത്യേകിച്ചൊരു സ ന്തോഷത്തിനു കാരണമായി. (കുടുംബാംഗങ്ങളെ തമ്മിലിണക്കുന്ന രക്തബന്ധത്തിനു ഗ്രീക്കുനാടകങ്ങളിലുള്ളതിനേക്കാൾ കവിഞ്ഞ ഒ രാദരവാണു ഫ്രാങ്കോയ്സ് നൽകിയത്!) ഈസ്റ്ററിനു തൊട്ടുമുമ്പായി കോംബ്രേയിലെത്തുന്ന ഞങ്ങളെ എന്തൊരാഹ്ളാദത്തോടെയായി രുന്നു അവൾ സ്വാഗതം ചെയ്തത്! അമ്മ ചിലപ്പോൾ അവളുടെ മകളു

ടേയും മരുമകന്റേയും വിവരങ്ങളന്വേഷിയ്ക്കും; പേരക്കുട്ടിയുടെ കൗതുകങ്ങൾ ചോദിയ്ക്കും; അവനാരാവാനാണു താൽപ്പര്യമെന്നും അമ്മൂമ്മയെ ഇഷ്ടമല്ലേയെന്നും മറ്റും....

വർഷങ്ങൾക്കുമുമ്പേ മരിച്ചുപോയ മാതാപിതാക്കളെക്കുറിച്ചോർത്തു കണ്ണീരൊഴുക്കി കരയുന്ന ഫ്രാങ്കോയ്സിനോട് അമ്മ അനുതാപപൂർവം ഓരോ വിശേഷങ്ങൾ ചോദിയ്ക്കും. മരുമകനോട് അവൾക്കു തെല്ലൊരു നീരസമുണ്ടെന്ന വിവരം അമ്മ അങ്ങനെയാണു മനസ്സിലാക്കിയത്. ചെറിയൊരു സങ്കോചം മൂലം അയാളുടെ മുമ്പിൽവെച്ചു മകളോടു തുറന്നു സംസാരിയ്ക്കാൻ അവൾക്കു കഴിയാറില്ല. അതുകൊണ്ടു മകളെ വീട്ടിൽ ചെന്നു കാണുന്ന സുഖം അയാൾ മന:പൂർവം നശിപ്പിയ്ക്കുകയാണെന്നു ഫ്രാങ്കോയ്സ് പരാതിപ്പെട്ടു. ഒരു ദിവസം മകളുടെ വീട്ടിലേയ്ക്കു പോകാനൊരുങ്ങുന്ന ഫ്രാങ്കോയ്സിനെ നോക്കി അമ്മ ചിരിച്ചുകൊണ്ടു പറഞ്ഞു: “പറയൂ, ഫ്രാങ്കോയ്സ്, പകൽ മുഴുവനും നീ മകളുടെ കൂടെ വർത്തമാനം പറഞ്ഞിരിയ്ക്കുമ്പോൾ എന്തെങ്കിലും കാര്യത്തിനു മരുമകൻ പുറത്തു പോകുന്നതു കണ്ടാൽ നിനക്കു സങ്കടം തോന്നും, അല്ലേ? പക്ഷേ, നീയതു ശരിയ്ക്കു മുതലാക്കും!"

അമ്മയുടെ തമാശ കേട്ടു ഫ്രാങ്കോയ്സ് ചിരിയടക്കി പറയും, “മാഡത്തിനു സകല കാര്യങ്ങളുമറിയാം! അന്നു മാഡം ഒക്ടേവിന്റെ വയറിന്റെ പടമെടുക്കാൻ കൊണ്ടുവന്ന 'എക്സ്‌റേ'യ്ക്കുപോലും ഇത്ര കഴിവില്ല. മറ്റുള്ളവരുടെ മനസ്സു മാഡത്തിനു മന:പാഠമാണ്!' (പരിചയമില്ലാത്തൊരു സാങ്കേതികസംജ്ഞ പ്രയോഗിയ്ക്കുന്ന നിരക്ഷരരെപ്പോലെ ഉച്ചരിയ്ക്കാനുള്ള കഷ്ടപ്പാടു ചെറിയൊരു ചിരിയിലൊതുക്കി അവൾ 'എക്സ്‌റേ'യെന്ന വാക്കു വളരെ പണിപ്പെട്ടാണു പറഞ്ഞത്!) മറ്റാരും തന്നെക്കുറിച്ചു വേവലാതിപ്പെടാനില്ലെന്ന വ്യസനത്തോടെ, ഒരുപക്ഷേ ഒറ്റയ്ക്കിരുന്നു കരയുന്നതു ഞങ്ങൾ കണ്ടെത്തുമെന്ന ആശങ്കയോടെ, അവൾ മുറിയിലേയ്ക്കു പോയി. അവളുടെ സുഖദു:ഖങ്ങൾ അന്വേഷിച്ച്, അവളുടെ കൊച്ചുകൊച്ചു സന്തോഷങ്ങളും സന്താപങ്ങളും പങ്കുവെച്ച്, ഫ്രാങ്കോയ്സിനു സ്വന്തമായൊരു നിലപാടുണ്ടെന്ന് ആ

ദ്യമായി അംഗീകരിച്ചുകൊടുത്തതു തീർച്ചയായും അമ്മയായിരുന്നു!

കോംബ്രേയിൽ താമസിക്കുന്ന കാലത്തു ബുദ്ധിയും ചുറുചുറുക്കുമുള്ള ഒരു ഭൃത്യയുടെ സേവനം ഞങ്ങൾക്കെത്ര അത്യാവശ്യമാണെന്നു കണ്ടറിഞ്ഞ അമ്മായി ഒരളവോളം ഫ്രാങ്കോയ്സിന്റെ സഹായമില്ലാതെ സ്വന്തം കാര്യങ്ങൾ ചെയ്യാൻ ശ്രമിച്ചിരുന്നു. രാവിലെ അഞ്ചുമണിക്കുണർന്നു വടിവൊത്ത ഒരു തൊപ്പിയും ധരിച്ചു ഫ്രാങ്കോയ്സ് അടുക്കളയിൽ ഹാജരാകും. അസുഖമുണ്ടെങ്കിലും അസ്വസ്ഥത ഭാവിക്കാതെ, ശബ്ദവും ബഹളവുമുണ്ടാക്കാതെ, ജോലിയാണു ചെയ്യുന്നതെന്നു തോന്നലില്ലാതെ, കൃത്യമായും കണിശമായും കുതിരയെപ്പോലെ ആത്മാർത്ഥമായി അവൾ പണിയെടുത്തു. അമ്മ ആവശ്യപ്പെടുന്ന വെള്ളവും ചായയും അവളടുപ്പത്തുനിന്നു ചൂടോടെ കൊണ്ടുചെന്നു കൊടുക്കും. അതേസമയം സ്വയം സംതൃപ്തയല്ലെന്നൊരു തോന്നലാണു മറ്റുള്ളവരുടെ മനസ്സിൽ അവളെപ്പോഴും സൃഷ്ടിച്ചത്. അവളൊരിക്കലും സന്ദർശകരെ മന:പൂർവം പ്രീതിപ്പെടുത്താൻ മിനക്കെടാറില്ല. അവരെക്കൊണ്ടു തനിക്കു പ്രത്യേകിച്ചൊന്നും നേടാനില്ലെന്നും, ആ വീട്ടിൽ തന്നേക്കാൾ കൂടുതൽ ആയുസ്സ് അവർക്കില്ലെന്നും അവൾക്കു നല്ല ബോദ്ധ്യമുണ്ടായിരുന്നു. അതുകൊണ്ട് തന്റെ കഴിവുകൾ നേരിട്ടു പരീക്ഷിച്ചറിഞ്ഞ വീട്ടുകാരോടാണവൾ കൂറും വിശ്വസ്തതയും പുലർത്തിയത്. അപരിചിതർക്കു മതിപ്പുളവാക്കുന്നവിധം ഉപരിപ്ളവമായി പ്രതികരിക്കാനും ദാസ്യോചിതമായ വിനയം പ്രകടിപ്പിക്കാനും ശ്രമിക്കാതെ, എത്ര പ്രലോഭിപ്പിച്ചാലും സ്വന്തം വ്യക്തിത്വത്തിന്റെ കണികപോലുമില്ലാത്ത ഒരു നിസ്സംഗത, അവളെന്നും മനസ്സിൽ സൂക്ഷിച്ചു.

അച്ഛനമ്മമാർക്കു വേണ്ടതെല്ലാം ചെയ്തുകൊടുത്തശേഷം വീണ്ടും മുകളിൽ ചെന്നു ഫ്രാങ്കോയ്സ് അമ്മായിക്കു ദീപനത്തിനുള്ള മരുന്നു നൽകി, ഉച്ചഭക്ഷണത്തിനെന്താണു പ്രത്യേകമായി പാകം ചെയ്യേണ്ടതെന്നു ചോദിക്കും. അതിനിടയിൽ, അന്നത്തെ പ്രധാനസംഭവങ്ങളെക്കുറിച്ച് അമ്മായി അവളോടൊരു വിശദീകരണം ചോദിക്കാത്ത

ഒരൊറ്റ പ്രഭാതംപോലും ഉണ്ടായിട്ടില്ല.

"നീയൊന്ന് ആലോചിച്ചുനോക്ക്, ഫ്രാങ്കോയ്സ്! മാഡം ഗൗപിൽ പെങ്ങളെ കൂട്ടിക്കൊണ്ടുവരാൻ ഇന്നേതാണ്ടു കാൽ മണിക്കൂർ വൈകിയാണു പോയിരിയ്ക്കുന്നത്. വഴിയിലെങ്ങാനും തങ്ങിപ്പോയാൽ ആദ്യത്തെ പ്രാർത്ഥന കഴിഞ്ഞ ശേഷമേ അവർക്കകത്തു കടക്കാൻ കഴിയൂ. എനിയ്ക്കതിലത്ഭുതം തോന്നുന്നില്ല!".

"അതെയതെ, അതിലാശ്ചര്യപ്പെടാനൊന്നുമില്ല," ഫ്രാങ്കോയ്സ് മറുപടി പറയും.

അല്ലെങ്കിൽ: "ഫ്രാങ്കോയ്സ്, നീയൊരഞ്ചു മിനിട്ടു നേരത്തേ വന്നിരുന്നെങ്കിൽ മാഡം കാലട്ടിന്റെ തോട്ടത്തിലുള്ളതിനേക്കാൾ രണ്ടിരട്ടി നീളമുള്ള ചീരച്ചെടികളും കൈയിൽ പിടിച്ചു പോകുന്ന മാഡം ഇംബെർട്ടിനെ കാണാമായിരുന്നു: അതെവിടെനിന്നാണു കിട്ടിയതെന്നു നീയവരുടെ പാചകക്കാരിയോടു ചോദിച്ചുനോക്ക്. ഇപ്പോൾ സകല കറികളിലും നീ വേണ്ടത്ര ചീര ചേർക്കുന്നുണ്ട്. എന്തായാലും അതിഥികൾക്കായി കുറച്ചു കരുതിവെയ്ക്കുന്നതു നല്ലതാണ്!".

"വികാരിയച്ചന്റെ തോട്ടത്തിൽനിന്നാകാനാണൊരു സാദ്ധ്യത, അതിലത്ഭുതപ്പെടാനൊന്നുമില്ല", ഫ്രാങ്കോയ്സ് മറുപടി പറയുമ്പോൾ ചുമലിളക്കിക്കൊണ്ട് അമ്മായി നിഷേധിയ്ക്കും, "നിനക്കത്ഭുതം തോന്നില്ലെന്നെനിയ്ക്കറിയാം, വികാരിയച്ചന്റെ തോട്ടത്തിൽനിന്നുതന്നെ! നിനക്കറിയാമല്ലോ, അയാൾ ചില ചുള്ളിക്കമ്പുകളല്ലാതെ തോട്ടത്തിൽ മറ്റെന്താണു നട്ടുവളർത്തുന്നത്? കണ്ടാൽ ചീരയാണെന്നുപോലും തോന്നില്ല. പക്ഷേ ഇന്നു ഞാൻ കണ്ടതെല്ലാം എന്റെ ഈ കൈത്തണ്ടപോലെ തടിച്ചുരുണ്ടതായിരുന്നു! നിന്റേതുപോലെയല്ല, ഇക്കൊല്ലം വീണ്ടും വല്ലാതെ മെലിഞ്ഞുപോയ എന്റെ ഈ കൈ...!".

അല്ലെങ്കിൽ: "ഫ്രാങ്കോയ്സ്, കുറച്ചു മുമ്പ് ആരോ മണിയടിയ്ക്കുന്ന ശബ്ദം കേട്ടല്ലോ? ഓ, എന്റെ തല പൊളിഞ്ഞുപോയി!".

"ഇല്ല, ഞാൻ കേട്ടില്ല, മാഡം ഒക്ടേവ്!".

"അതെ, നല്ല കനമുള്ള തലയോട്ടി തന്നതിനു നീ ദൈവത്തിനോ

ടു നന്ദി പറയണം! ഡോക്ടർ പിപ്പരോഡിനെ കൂട്ടിക്കൊണ്ടുപോകാൻ വന്ന മഗലോണായിരുന്നു മണിയടിച്ചത്. അദ്ദേഹമവരേയും കൂട്ടി റൂലെയ്സ്ലൂവിലൂടെ പോകുന്നതു കണ്ടു. അവിടെയൊരു കുട്ടിയ്ക്കു സുഖമില്ലെന്നു തോന്നുന്നു".

"അതെയതെ, പാവം കുഞ്ഞ്!", ഫ്രാങ്കോയ്സ് നെടുവീർപ്പോടെ പറയും. ലോകത്തിന്റെ എത്ര അകന്ന കോണിലാണെങ്കിലും ഒരപരിചിതന്റെ സങ്കടം കടുത്ത ഹൃദയവേദനയോടെ മാത്രമേ അവൾക്കു കേൾക്കാനാവൂ!.

അല്ലെങ്കിൽ: "ഫ്രാങ്കോയ്സ്, ഇപ്പോൾ ആർക്കുവേണ്ടിയാണു മരണമണി മുഴങ്ങുന്നത്? ഓ, അതു ശരി, മാഡം റൂസോവായിരിയ്ക്കും. ഇന്നലെ രാത്രി അവർ മരിച്ചുപോയ കാര്യം ഞാൻ തീരെ മറന്നുപോയി. അതെ, ദൈവം എന്നേയും സ്വർഗത്തിലേയ്ക്കു വിളിയ്ക്കേണ്ട കാലം കഴിഞ്ഞു, പാവം ഒക്ടേവ് പോയതിനു ശേഷം എന്റെ തലയ്ക്കെന്താണു പറ്റിയതെന്നറിയില്ല..... ഇന്നു ഞാൻ വെറുതെ സമയം കളഞ്ഞു നിന്നെ കഷ്ടപ്പെടുത്തി, പാവം പെണ്ണ്!".

"തീർച്ചയായുമില്ല, മാഡം ഒക്ടേവ്! എന്റെ സമയം അത്ര വിലപിടിച്ചതൊന്നുമല്ല! സമയം നമുക്കു വിൽക്കാനൊന്നും പറ്റില്ലല്ലോ! ശരി, ഞാൻ പോയി അടുപ്പിലെ തീയൊന്നു നോക്കിവരാം".

ഇങ്ങനെ അമ്മായിയും ഫ്രാങ്കോയ്സുംകൂടി ഓരോ ദിവസത്തെ സംഭവങ്ങളെക്കുറിച്ചു നിരന്തരം സർഗപരമായൊരു ചർച്ച നടത്തുകപതിവായിരുന്നു. ചിലപ്പോഴൊക്കെ അവയിൽ ചിലതു രഹസ്യവും അത്യാസന്നവുമായി തോന്നുമ്പോൾ, ഫ്രാങ്കോയ്സ് മുകളിലേയ്ക്കു കയറിവരുന്നതുവരെ കാത്തിരിയ്ക്കാൻ ക്ഷമയില്ലാതെ അമ്മായി വീടാകെ മുഴങ്ങുന്നവിധം അത്യുച്ചത്തിൽ ഭീഷണമായൊരു ശബ്ദം പുറപ്പെടുവിയ്ക്കും.

"മാഡം ഒക്ടേവ്, മരുന്നിനു സമയമായില്ലല്ലോ!" ഫ്രാങ്കോയ്സ് തുടങ്ങും. "മാഡത്തിനു 'വിശ്രമിയ്ക്കണ'മെന്നു തോന്നുന്നുണ്ടോ?".

“ഇല്ല, ഫ്രാങ്കോയ്സ്!“ അമ്മായി പറയും. “അങ്ങനെ ചോദിച്ചാൽ അതേ, എനിയ്ക്കു മയക്കം വരാത്തൊരു ഒരു നിമിഷംപോലുമില്ലെന്നു നിനക്കറിയാമല്ലോ! ഒരു ദിവസം മാഡം റൂസോവിനെപ്പോലെ ഞാനും, എവിടേയ്ക്കാണെന്നുപോലുമറിയാതെ, മരിച്ചുപോകും! പക്ഷേ, അതിനല്ല ഞാൻ നിന്നെ വിളിച്ചത്. എനിയ്ക്കു തീരെ പരിചയമില്ലാത്ത ഒരു പെൺകുട്ടിയുടെകൂടെ മാഡം ഗൗപിലിനെ, ഞാനിപ്പോൾ നിന്നെ കാണുന്നതുപോലെ, നേരിൽക്കണ്ടെന്നു പറഞ്ഞാൽ നീ വിശ്വസിയ്ക്കുമോ? നീയോടിപ്പോയി കാമസിന്റെ കടയിൽനിന്ന് ഒരണയ്ക്ക് ഉപ്പു വാങ്ങിച്ചു വാ! ആരാണു മാഡം ഗൗപിലിന്റെകൂടെ പോയതെന്നു പറയാൻ തിയഡോറിനു മിക്കവാറും കഴിഞ്ഞേക്കും“.

“അതൊരുപക്ഷേ, പുപിന്റെ മകളായിരിയ്ക്കും“, ഒരു വിശദീകരണത്തിനുകൂടി തയാറായി ഫ്രാങ്കോയ്സ് പറയും. അന്നേ ദിവസം രണ്ടു തവണ അവൾ കാമസിന്റെ കടയിൽ പോയി വന്നു കഴിഞ്ഞിരുന്നു!

“പുപിന്റെ മകളോ! ഇതെന്തൊരു വാർത്ത? ഫ്രാങ്കോയ്സ്, എനിയ്ക്കവളെ തിരിച്ചറിയാനാവില്ലെന്നാണോ നീ കരുതുന്നത്?“

“ഞാനുദ്ദേശിച്ചതു മൂത്തവളെയല്ല, മാഡം! ജോയിയിലെ സ്ക്കൂളിൽ പഠിയ്ക്കുന്ന ചെറിയ കുട്ടിയെക്കുറിച്ചാണു ഞാൻ പറഞ്ഞത്. ഇന്നു കാലത്തു ഞാനവളെ കണ്ടിരുന്നു“.

“അപ്പോൾ, അതാണു കാര്യം!“, അമ്മായി തുടരും, 'അവളൊഴിവുകാലം ചിലവഴിയ്ക്കാൻ വന്നതായിരിയ്ക്കും, അതേ, ഇനി ചോദിയ്ക്കാനില്ല; അങ്ങനെയാണെങ്കിൽ, ഉച്ചഭക്ഷണത്തിനു മുമ്പേ മാഡം സസറേറ്റ് പെങ്ങളുടെ വാതിൽക്കൽ വന്നു മണിയടിയ്ക്കും. അതെ, അതാണു ഗാലോപിന്റെ മകൻ പൊതിയടയുമായി പോകുന്നതു കണ്ടത്. ആ പൊതിയട മാഡം ഗൗപിലിനുള്ളതായിരിയ്ക്കണം!“.

“മാഡം ഗൗപിലിന്റെ വീട്ടിൽ അതിഥികളുണ്ടെങ്കിൽ, പള്ളിയിലേയ്ക്കു പോയവർ ഉച്ചഭക്ഷണത്തിനുമുമ്പ് എത്താനിടയില്ല. മാഡം ഒക്ടേവ്!“ എന്നായിരിയ്ക്കും അപ്പോൾ ഫ്രാങ്കോയ്സിന്റെ മറുപടി. ഞ

ങ്ങളുടെ ഭക്ഷണകാര്യം അന്വേഷിയ്ക്കാൻവേണ്ടി താഴോട്ടിറങ്ങാൻ ബദ്ധപ്പെട്ട അവൾക്ക് അമ്മായിയെ അത്തരമൊരു സന്ദിഗ്ധതയിൽ ഉപേക്ഷിച്ച പോരാനൊരു വിഷമവും തോന്നിയില്ല!

"അങ്ങനെയാണെങ്കിൽ ഉച്ചയ്ക്കുമുമ്പ മറ്റൊന്നും സംഭവിയ്ക്കാനിടയില്ല!", അമ്മായി ഏകപക്ഷീയമായൊരു കീഴടങ്ങലിന്റെ സ്വരത്തിൽ പറയും. സകല ലൗകികസുഖങ്ങളും പരിത്യജിച്ച അവർ, മാഡം ഗൗപിലിന്റെ വീട്ടിൽ ഉച്ചഭക്ഷണത്തിന വരുന്ന അതിഥികളുടെപേരിൽ കാണിയ്ക്കുന്ന ആശങ്ക ഫ്രാങ്കോയ്സ് ശ്രദ്ധിയ്ക്കാതിരിയ്ക്കാൻ ചുമരിലെ നാഴികമണിയിലേയ്ക്ക കണ്ണയച്ചു. സ്വയം മനസ്സിൽ കണ്ട അത്ഭുതദൃശ്യം ആസ്വദിയ്ക്കാൻ ഇനിയൊരു മണിക്കൂർകൂടി കാത്തിരിയ്ക്കണം! "ഇനിയിപ്പോൾ ഞാൻ ഭക്ഷണം കഴിയ്ക്കുമ്പോഴായിരിയ്ക്കും മിക്കവാറുമതു സംഭവിയ്ക്കുക!' അവർ പിറുപിറുത്തു. സ്വന്തം ഭക്ഷണംപോലും ഒരസൗകര്യമായി തോന്നിത്തുടങ്ങിയ അവർക്കു മനസ്സിന്റെ ശ്രദ്ധ തെറ്റിയ്ക്കുന്നതൊന്നും സഹിയ്ക്കാനായില്ല. "പുഴുങ്ങിയ മുട്ട പരന്ന തളികയിൽത്തന്നെ തരാൻ നീ മറക്കരുത്!". പരന്ന തളികയുടെ വക്കത്തു മാത്രമാണു ചിത്രങ്ങളുണ്ടായിരുന്നത്. ഭക്ഷണം കഴിയ്ക്കുമ്പോൾ ആ ചിത്രങ്ങളുടെ വിവരണം വായിച്ചു രസിയ്ക്കുന്നത് അവർക്കൊരു വിനോദമായിരുന്നു. കണ്ണടയെടുത്തുവെച്ച് അവർ അക്ഷരങ്ങൾ ഓരോന്നായി വായിയ്ക്കും: "ആ-ലി-ബാ-ബ-യും നാ-ൽ-പ്പ-തു ക-ള്ള-ന്മാ-രും", "അ-ലാ-വു-ദ്ദീ-ന്റെ അ-ത്ഭു-ത-വി-ള-ക്ക്" ഒടുവിലൊരു ചിരിയോടെ അവരവസാനിപ്പിയ്ക്കും: "കൊള്ളാം, വളരെ നല്ലത്...!"

"ഞാൻ കാമസിന്റെ കടയിൽ പോയി..", അമ്മായി തന്നെ കടയിലേയ്ക്കു പറഞ്ഞയയ്ക്കാൻ ഉദ്ദേശിയ്ക്കുന്നില്ലെന്ന് ഉറപ്പു വരുത്താൻ ഫ്രാങ്കോയ്സ് വെറുതേ ഭാഗ്യം പരീക്ഷിയ്ക്കും.

"വേണ്ട, ഇനിയതിന്റെ ആവശ്യമില്ല. ഗൌപിലിന്റെകൂടെ പോയതു പുപിന്റെ മകളാണെന്നു തീർച്ചയായി. പാവം, നിന്നെ വെറുതെയിങ്ങോട്ടു വിളിച്ചു വരുത്തിയതിൽ എനിയ്ക്കു സങ്കടമുണ്ട്".

അമ്മായിയ്ക്കു നല്ല ബോദ്ധ്യമുള്ളതുപോലെ, ഫ്രാങ്കോയ്സിനെ വിളിച്ചു വരുത്തിയതിനു പ്രത്യേകിച്ചൊരു കാരണവുമുണ്ടായിരുന്നില്ല. കോംബ്രേയിൽ 'തീരെ അറിയപ്പെടാ'തിരിയ്ക്കണമെങ്കിൽ പുരാണങ്ങളിലെ ദേവന്മാർക്കു മാത്രമേ കഴിയൂ! അങ്ങനെ അമ്പരപ്പിയ്ക്കുന്ന കാഴ്ചകളെന്തെങ്കിലും തെരുവിലോ മൈതാനത്തോ പ്രത്യക്ഷപ്പെട്ടാൽ, അവരതോരോന്നും ഗഹനമായ ഗവേഷണത്തിനു വിധേയമാക്കി, ആ വിചിത്രജീവിയെ നേരിട്ടറിയാവുന്ന, അല്ലെങ്കിൽ പട്ടണത്തിലെ പൗരത്വപദവിയുള്ള ഏതെങ്കിലുമൊരു കുടുംബവുമായി ബന്ധപ്പെട്ട 'അറിയപ്പെടുന്ന'വരുടെ ആകാരവടിവുമായി സാദൃശ്യപ്പെടുത്തി ഉടനടി തീർച്ച വരുത്തും. അങ്ങനെയാണെങ്കിൽപ്പോലും, കുറച്ചു ദിവസങ്ങൾക്കു ശേഷം അതവരുടെ ഓർമ്മയിൽനിന്നു നിശ്ശേഷം മാഞ്ഞുപോകും; ആ വിചിത്രമനുഷ്യൻ ഒരുപക്ഷേ മാഡം സ്വേറ്റന്റെ പട്ടാളത്തിൽനിന്നു വിട്ടു വന്ന മകനോ, കന്യാമഠത്തിൽനിന്നു വീട്ടിലേയ്ക്കു പോന്ന പെർഡ്രോയുടെ മരുമകളോ, അടുത്ത ജില്ലയിൽ നികുതിപിരിവുകാരനായി വിരമിച്ചെത്തിയ വികാരിയച്ചന്റെ അനിയനോ, ഒഴിവുകാലം ചിലവഴിയ്ക്കാൻ വന്നൊരു വിദേശിയോ ആരെങ്കിലുമാകാം. വികാരിയച്ചനും മാഡം സ്വേറ്റണും അങ്ങനെ 'ഒരപരിചിതനെ' പ്രതീക്ഷിയ്ക്കുന്നുണ്ടെന്നു നേരത്തേ നാട്ടുകാർക്കു മുന്നറിയിപ്പു നൽകിയിട്ടുപോലും പെട്ടെന്നു കാണുമ്പോൾ തിരിച്ചറിയാനാവാതെ, 'തീരെ പരിചയമില്ലാത്ത' ചിലരെങ്കിലും കോംബ്രേയിൽ താമസിയ്ക്കുന്നുണ്ടെന്നു പൊതുവായൊരു ധാരണ നിലനിന്നിരുന്നു. സന്ധ്യയ്ക്കു മുമ്പേ പതിവുള്ള നടത്തം കഴിഞ്ഞ് അന്നന്നത്തെ വിശേഷങ്ങൾ അമ്മായിയെ ധരിപ്പിയ്ക്കാൻ മുകളിലേയ്ക്കോടി ചെല്ലുമ്പോൾ, ഒരിയ്ക്കൽ പോണ്ട്‌വ്യൂക്സിന്റെ സമീപത്തുവെച്ചു മുത്തച്ഛനു തീരെ പരിചയമില്ലാത്തൊരു മനുഷ്യനെ കണ്ടെന്നു മേലുകീഴാലോചിയ്ക്കാതെ ഞാൻ പറഞ്ഞുപോയി!

“മുത്തച്ഛനു പരിചയമില്ലാത്ത മനുഷ്യൻ?“, അമ്മായി അത്ഭുതത്തോടെ ചോദിച്ചു, “എങ്കിൽ ആ കഥയൊന്നു കേൾക്കണം!“. അങ്ങനെയൊരു വാർത്ത അവർക്കുണ്ടാക്കുന്ന മനസ്താപം ചില്ലറയല്ല. വി

വരങ്ങൾ കൃത്യമായി ചോദിച്ച് മനസ്സിലാക്കാൻ അവരുടനെ മുത്തച്ഛനെ വിളിച്ച് വരുത്തും. "ഇന്ന പോണ്ട്‌വ്യൂക്സിന്റെ സമീപത്തുവെച്ച് അമ്മാവനാരെയാണ കണ്ടത്? തീരെ പരിചയമില്ലാത്ത ഒരാൾ?"

"എന്ത്..? എനിയ്ക്കയാളെ നന്നായറിയാം!" മുത്തച്ഛൻ പറഞ്ഞു; "ഞാൻ പ്രോസ്പറിനെയാണ കണ്ടത്, മാഡം ബോയ്‌ലിബോഫിന്റെ വീട്ടിലെ തോട്ടക്കാരന്റെ അനിയൻ!".

"ഓ, അതു ശരി..!", ചെറിയൊരാശ്വാസമായെങ്കിലും സംശയം വിട്ടു മാറാതെ അമ്മായി വീണ്ടും ചോദിയ്ക്കും. "പക്ഷേ, അമ്മാവന പരിചയമില്ലാത്ത ഒരാളെ കണ്ടെന്നാണല്ലോ അവൻ പറഞ്ഞത്!". ആ സംഭവത്തെത്തുടർന്ന വാക്കുകൾ ശ്രദ്ധിച്ചുപയോഗിയ്ക്കാനും അമ്മായിയ്ക്കു ലോസരമുണ്ടാക്കുന്ന അനവധാനതയോടെ ഓരോന്ന വിളിച്ചുപറയാതിരിയ്ക്കാനുമുള്ള കർശനമായ നിർദ്ദേശം എനിയ്ക്കു ലഭിച്ചു. കോംബ്രേയിൽ മനുഷ്യർ മാത്രമല്ല, ജീവികളും പരസ്പരം ബന്ധപ്പെട്ടിരുന്നു. 'തീരെ പരിചയമില്ലാത്തൊ'രു നായ തെരുവിലലഞ്ഞു നടക്കുന്നതു കാണാനിടയായാൽ, ദുർഗ്രഹമായ ആ പ്രശ്നത്തിനു പരിഹാരം കാണാൻ കൈവശമുള്ള സകല യുക്തിയും സമയവും സമർപ്പിയ്ക്കുന്നതിൽ അമ്മായി എന്തെന്നില്ലാത്ത ഒരാഹ്ലാദം കണ്ടെത്തി.

"അതൊരുപക്ഷേ മാഡം സസറ്റിന്റെ നായയായിരിയ്ക്കും!" നല്ല ഉറപ്പില്ലെങ്കിലും, അമ്മായി വെറുത 'തല പൊളിച്ച്' കഷ്ടപ്പെടാതിരിയ്ക്കട്ടെയെന്ന പ്രതീക്ഷയോടെ ഫ്രാങ്കോയ്സ് അഭിപ്രായപ്പെടും.

"മാഡം സസറ്റിന്റെ നായയെ ഞാനറിയാത്തതുപോലെ!" വിവരങ്ങളൊന്നും അത്ര എളുപ്പത്തിൽ സമ്മതിച്ചു കൊടുക്കുന്നതല്ല, അമ്മായിയുടെ ദോഷൈകദൃക്കായ മനസ്സ്!

"എങ്കിൽപ്പിന്നെ ഒരുപക്ഷേ, ഗാലോപിൻ ലിസിയേക്സിൽനിന്നു വാങ്ങിക്കൊണ്ടുവന്ന പുതിയ നായ്ക്കുഞ്ഞാകാം".

"അതെ..., അതു മിക്കവാറും ശരിയാവാൻ വഴിയുണ്ട്!".

"അങ്ങനെയാണ തോന്നുന്നത്. എന്തായാലും അതൊരു കാണാ

ൻ കൊള്ളാവുന്ന നായയാണെന്ന കാര്യത്തിൽ തർക്കമില്ല." തിയ ഡോറിൽനിന്നു വിവരം നേരത്തേ മനസ്സിലാക്കി വെച്ചിരുന്ന ഫ്രാ ങ്കോയ്സ് തുടരും, "കട്ടുത്ത വിശ്വാസിയെപ്പോലെ മിടുക്കൻ, കൂട്ടുകാര നെപ്പോലെ അടുത്തിടപഴകാവുന്നവൻ, അവനെക്കുറിച്ചു നല്ലതു മാത്ര മേ എല്ലാവർക്കും പറയാനുള്ളൂ. ഈ പ്രായത്തിലിതുപോലെ പെരു മാറുന്ന ഒരു നായയെ കാണാൻ ബുദ്ധിമുട്ടായിരിക്കും, മാഡം ഒക്ടേ വ്! ശരി, ഞാൻ പോകട്ടെ, എനിക്കിങ്ങനെ തമാശ പറഞ്ഞു നിൽ ക്കാൻ സമയമി ല്ല. പത്തുമണിയാവാറായി, അടുപ്പിലിനിയും തീ പൂ ട്ടിയിട്ടില്ല. ചീര അരിയാനിരിക്കുന്നതേയുള്ളൂ!".

"എന്ത്, ഇന്നും ചീരക്കറിയോ, ഫ്രാങ്കോയ്സ്? ഇക്കൊല്ലം നിന ക്കു ചീരബാധ കൂടിയതുപോലുണ്ടല്ലോ! ഈ ഇടവകക്കാരെയൊക്കെ ഇക്കണക്കിൽ നീ രോഗികളാക്കും!".

"ഇല്ലേയില്ല, മാഡം ഒക്ടേവ്. എല്ലാവർക്കും വളരെ ഇഷ്ടമാണു ചീരക്കറി!. നായാട്ടുകാരെപ്പോലെ പള്ളിയിലെ കുർബ്ബാന കഴിഞ്ഞു വിശന്നുവലഞ്ഞാണവർ വരുന്നത്. അവരെങ്ങനെയാണു ഭക്ഷണം കഴിക്കുന്നതെന്നു നമുക്കു നോക്കാം".

"പള്ളിയിൽനിന്നോ..! അതെ, ഇപ്പോൾ അവരവിടെ എത്തിക്കാ ണും. ഇനി സമയം കളയാതിരിക്കുന്നതാണു നല്ലത്, നീ പോയി ഭ ക്ഷണത്തിന്റെ കാര്യം നോക്കിക്കോ!".

അമ്മായി ഫ്രാങ്കോയ്സുമായി പരദൂഷണം പറയാൻ തുടങ്ങുമ്പോ ൾ ഞാൻ അച്ഛനമ്മമാരുടെകൂടെ കുർബാന കൊള്ളാൻ പള്ളിയിലേ യ്ക്കു പുറപ്പെടുകയാണു പതിവ്; അക്കാലത്തു മനസ്സറിഞ്ഞാസ്വദിച്ചിരു ന്ന ആ യാത്രകളുടെ ഓർമ്മകൾ ഇന്നും എന്റെ മനസ്സിൽ പതിഞ്ഞു കിടക്കുന്നുണ്ട്! കോംബ്രേയിൽ പള്ളിയുടെ അങ്കണം കടന്നു കയറു ന്ന പൂമുഖം (തൊട്ടടുത്തു വിശുദ്ധജലം നിറച്ചുവെച്ച കരിങ്കൽത്തൊട്ടി പോലെ) ആകൃതി നഷ്ടപ്പെട്ടു വശങ്ങൾ കോടി നിറയെ കറുത്ത ദ്വാര ങ്ങളുള്ള ഒരു ചെമ്പുവാർപ്പുപോലെയാണു കാണപ്പെട്ടത്. പള്ളിയിൽ പ്രാർത്ഥിക്കാനെത്തുന്ന ഗ്രാമീണസ്ത്രീകളുടെ വസ്ത്രാഞ്ചലങ്ങൾ തട്ടിയും

വിശുദ്ധജലത്തിൽ മുക്കിയ വിരൽസ്പർശമേറ്റും വർഷങ്ങൾകൊണ്ടു മിക്കവാറുമൊരു നശീകരണശക്തി ലഭിച്ചതുപോലെ പടിവാതിലിനു കീഴെ പാകിയ കരിങ്കല്ലുകളിൽ മായാത്ത മുദ്രകൾ പതിപ്പിച്ച്, കുതിരവണ്ടിയുടെ ചക്രങ്ങൾ മണ്ണിൽ പതിഞ്ഞതുപോലെ, ആഴത്തിലുള്ള ചില ചാലുകൾ സൃഷ്ടിച്ചു. കോംബ്രേയിലെ മഠാധിപതികളുടെ ചിതാഭസ്മം അടക്കം ചെയ്തതിനു മീതെ പ്രതിഷ്ഠിച്ച സ്മാരകശിലകൾ, കാലത്തിന്റെ അധൃഷ്യമായ കുത്തൊഴുക്കിൽ കാഠിന്യവും ജഡത്വവും നഷ്ടപ്പെട്ടു വീഞ്ഞിന്റെ മാധുര്യം നുരയുന്ന തിരകളായി വെണ്ണക്കല്ലു പാകിയ നിലപാടുതറ നിറഞ്ഞുകവിഞ്ഞു ഭജനമണ്ഡപത്തിലേയ്ക്കുള്ള ഒരാത്മീയപാതയായി മാറി. പൂമുഖത്തെ പൗരാണികചിത്രങ്ങൾ, അരുണാ ഭ പടർത്തിയ ഒരു പുരാതനനഗരത്തെ മറവിയിലേയ്ക്കു മറയ്ക്കുകയോ, അതല്ലെങ്കിൽ അതേ പരിധിയിലേയ്ക്കു സ്വയം ഉൾവലിഞ്ഞു ശിലാലിഖിതങ്ങളിലെ ഒന്നുരണ്ടക്ഷരങ്ങൾമാത്രം വെട്ടിച്ചുരുക്കി ശേഷിച്ചതെല്ലാം അനുപാതരഹിതമായി ചിതറിത്തെറിപ്പിച്ച പുതിയൊരു ഭ്രമാത്മകദൃശ്യം സൃഷ്ടിയ്ക്കുകയോ ചെയ്തു. പുറത്തു മങ്ങിയ വെയിലും ജനൽപ്പാളിയിലൂടെ വെളിച്ചം കടക്കാത്ത മഴക്കാറു മൂടിയ അന്തരീക്ഷവുമാണെങ്കിൽ പള്ളിയ്ക്കകത്തു നല്ലൊരു കാലാവസ്ഥയായിരിയ്ക്കുമെന്നു മിക്കവാറും നമുക്കുറപ്പിയ്ക്കാം. കൽവിതാനത്തിനു താഴെയുള്ള ഭ്രമിയ്ക്കും മുകളിലുള്ള സ്വർഗത്തിനുമിടയ്ക്കായി പ്രതിഫലിയ്ക്കുന്ന ജനൽപ്പാളികളിൽ, ചീട്ടുകളുടെ ഒരുവശത്തു കാണാറുള്ള രാജാവിന്റെ ചിത്രംപോലെ, ഏകാന്തപഥികനായൊരു വിശുദ്ധന്റെ സാന്നിദ്ധ്യം നിറഞ്ഞുനിന്നു. (ജനൽപ്പാളിയിൽ ചെരിഞ്ഞു പതിയ്ക്കുന്ന നിഴലിന്റെ പ്രകാശത്തിൽ മദ്ധ്യകാലഘട്ടത്തിലെ ഒരു മണിമാളികയായി മാറുന്ന പള്ളി, സൂര്യന്റെ പൊൻവെയിലേറ്റു തെളിഞ്ഞു വാസയോഗ്യമായിത്തീരുമ്പോൾ പഴയ ശിലാഫലകങ്ങളും ചായമടിച്ച ചില്ലുകളുമടക്കം സകല സാധനസാമഗ്രികൾക്കും അലൌകികമായൊരു മാനുഷികഭാവം കൈവരുന്നതായി തോന്നും). മതപരമായ ചടങ്ങുകളില്ലാതെ ആളനക്കമില്ലാത്ത ദിവസങ്ങളിൽ മാഡം സസറെറ്റ്, ഉച്ചയ്ക്കു കഴി

യ്ക്കാൻ കടയിൽനിന്നു വാങ്ങിയ റൊട്ടി വൃത്തിയായി പൊതിഞ്ഞു നൂലിട്ടു കെട്ടിയ പൊതിക്കെട്ട് തൊട്ടടുത്ത കസേരയിൽവെച്ച് അൾത്താരയ്ക്കു മുമ്പിൽ മുട്ടുകുത്തി നിന്നു പ്രാർത്ഥിയ്ക്കുന്നതു കാണാം. താഴ്വരകളിൽ ഉരുകിയൊലിച്ച മഞ്ഞുമലകളുടെ തണുപ്പാകെ ഉറഞ്ഞുകൂടിയ ജനൽപ്പാളികൾ, മഴമേഘങ്ങളിൽനിന്നു താഴെ വീഴുന്ന ആലിപ്പഴങ്ങൾ വന്നു പതിച്ചു സ്വയം കുതിർന്നു ചീർത്തു വളയാൻ തുടങ്ങും. പുലരിയുടെ പൊൻവെയിലിൽ പ്രകാശിയ്ക്കുന്ന മഞ്ഞുപാളികൾ പരന്നുരുകി ചാലുകളായി മാറിയ കണ്ണാടിച്ചില്ലുകളുടെ പരിവേഷം പള്ളിയിലെ അൾത്താരയ്ക്കു ചുറ്റും പ്രതിഫലിയ്ക്കുമ്പോൾ, ഒരിയ്ക്കലും പൊളിഞ്ഞുപോകാത്ത ചായക്കൂട്ടുകൾ ചാലിച്ച സൂര്യരശ്മികൾ, ലൗകിക ഭാവനയ്ക്കു ചലനാത്മകത പകരുന്നവിധത്തിൽ, ശിലാഫലകങ്ങളിലൊരു നിമിഷം വന്നു വീഴുകയും തൊട്ടടുത്ത നിമിഷം മാഞ്ഞുപോവുകയും ചെയ്തുകൊണ്ടിരുന്നു. നൂറ്റാണ്ടുകളുടെ പൊടിപടലങ്ങൾ കുന്നുകൂടി പൗരാണിക പ്രതാപം ജ്വലിച്ചുനിൽക്കുന്ന സ്ഫടികസമാനമായ ചിത്രകംബളങ്ങളുടെ സൗന്ദര്യം അന്തരീക്ഷത്തിൽ പ്രത്യക്ഷവും ഉജ്ജ്വലവുമായ പ്രഭാപൂരം പരത്തി. ചാൾസ് ആറാമൻ ചക്രവർത്തിയെ കബളിപ്പിയ്ക്കാൻ വേണ്ടി നടന്ന രാജകീയമത്സരംപോലെ, നീലനിറത്തിൽ മേൽത്തട്ടിനോടുചേർന്നു നൂറിലേറെ ദീർഘചതുരങ്ങളുള്ള ഒരു സ്ഫടികജാലകം അങ്ങകലെ വെട്ടിത്തിളങ്ങുന്നതു ഞങ്ങളുടെ കണ്ണിൽപ്പെട്ടു. സൂര്യകിരണങ്ങളുടെ വർണജാലമെന്നോ, നടക്കുന്നതിനിടയിൽ സംഭവിക്കുന്ന കാഴ്ചയുടെ വൈചിത്ര്യമെന്നോ തിരിച്ചറിയാനാകാതെ ആ ജനൽപ്പാളികളിൽ ഒന്നിടവിട്ടു നിറങ്ങൾ മാറിമാറി പ്രതിഫലിച്ചു. തുടക്കത്തിൽ ക്ഷണികമായൊരു തീജ്വാലയായും അടുത്ത നിമിഷം ഒരു മായാമയൂരത്തിന്റെ വർണച്ചിറകുകളായും വിചിത്രമായ രൂപഭംഗിയോടെ ആടിയുലഞ്ഞ് ഇരുട്ടിന്റെ കമാനങ്ങളും പാറക്കെട്ടുകളുടെ വളവുകളും കടന്നു മഴവിൽക്കാവടിയുടെ മഞ്ചലിലെന്നപോലെ അവ മഴയേറ്റു നനഞ്ഞുകുതിർന്ന ചുമരുകളിലേയ്ക്കു സാവകാശം ഒലിച്ചിറങ്ങി. അപ്പോൾ പ്രാർത്ഥനാപുസ്തകം മാറോടു

ചേർത്തു പിടിച്ചു ഞാൻ അച്ഛനമ്മമാരുടെ പിന്നാലെ നടക്കുകയായിരുന്നു. ഒരു നിമിഷം കഴിഞ്ഞപ്പോൾ ആ ചതുരജാലകം അഗാധമായൊരു സുതാര്യത കൈവരിച്ച്, ഇന്ദ്രനീലക്കല്ലുകളുടെ കാഠിന്യം മുഴുവൻ അലിഞ്ഞുചേർന്നു വലിയൊരു കവചാകൃതിയായി രൂപാന്തരപ്പെട്ടു. തൊട്ടുപിന്നിൽ നവോന്മേഷഭരിതനായി നിൽക്കുന്ന സൂര്യന്റെ പുഞ്ചിരി, ചന്തയിലെ ചപ്പുചവറുകൾക്കും നടപ്പാതയിൽ നിറഞ്ഞുകിടന്ന കരിങ്കൽച്ചീളുകൾക്കുമിടയിൽ തൊട്ടറിയാവുന്നവിധം ഞാൻ തെളിഞ്ഞു കണ്ടു. ചരിത്രവസന്തത്തിലെ കണ്ണഞ്ചിപ്പിയ്ക്കുന്ന ഈ വർണപ്പരവതാനി പൊട്ടിത്തെറിച്ചു പുഷ്പിയ്ക്കുന്ന നഗ്നമായ ഭൂമിയുടെ കറുപ്പുനിറം, ഈസ്റ്ററിനുമുമ്പുള്ള ആദ്യത്തെ ഞായറാഴ്ച എനിയ്ക്കതെല്ലൊന്നുമല്ല ആശ്വാസം പകരാറുള്ളത്!

വർണഭേദങ്ങളുടെ വ്യത്യസ്തത മൂലം കാഴ്ചക്കാരുടെ സത്വരശ്രദ്ധ ആകർഷിയ്ക്കത്തക്കവിധത്തിൽ എസ്തറിന്റെ കിരീടധാരണത്തെ സൂചിപ്പിയ്ക്കുന്ന നിരവധി മടക്കുകളുള്ള രണ്ടു ചിത്രകംബളങ്ങൾ അനന്യമായ ഭാവവും സവിശേഷമായ സൗന്ദര്യവും പരത്തി ചുമരിൽ തൂങ്ങിക്കിടന്നു. (പാരമ്പര്യവിശ്വാസപ്രകാരം ഫ്രാൻസിലെ രാജാവിനേയും ഗ്വെർമാന്റിസിലെ പ്രഭ്വിയേയും മാതൃകയാക്കിയാണു നെയ്ത്തുകാർ അഹോസരസിന്റേയും എസ്തറിന്റേയും തിരുവുടയാടകൾ രൂപകൽപ്പന ചെയ്തത്!) എസ്തറിന്റെ ചുണ്ടിലെ ചുവപ്പുരാശി പരിധി കവിഞ്ഞു പടരുമ്പോൾ, അലസമായി ചുമലിൽനിന്നൂർന്നു വീഴുന്ന മഞ്ഞനിറത്തിലുള്ള അംഗവസ്ത്രത്തിന്റെ അതിലോലമായ മസൃണത കാരണം പശ്ചാത്തലദൃശ്യങ്ങളിൽനിന്നു മുന്നോട്ടു തള്ളി വരുന്നതുപോലെ കാണപ്പെട്ടു. ചിത്രത്തിൽ അദൃശ്യനായി നിന്ന സൂര്യന്റെ തീക്ഷ്ണമായ പാർശ്വരശ്മികൾ പതിച്ച ഫലകത്തിന്റെ കീഴ്ഭാഗം കൂടുതൽ തെളിഞ്ഞു പ്രകാശിയ്ക്കുകയും മേൽപ്പോട്ടു നീങ്ങുന്തോറും മങ്ങിയ വെളിച്ചത്തിൽ വിളറി വെളുക്കുകയും ചെയ്തു. വൃക്ഷങ്ങളുടെ കറുത്തിരുണ്ട പച്ചപ്പ്, മുകളിലുള്ള ശാഖകളിലെ പഴുത്തു തുടങ്ങിയ ഇലകളിലേയ്ക്കു പടർന്നപ്പോൾ പകുതിഭാഗം മിക്കവാറും ഊറയ്ക്കിട്ടതുപോലെ മാ

ഞ്ഞുപോയി. ഐതിഹാസികമാനമുള്ള മഹാപുരുഷന്മാരിൽനിന്നു ല ഭിച്ച അമൂല്യമായ നിരവധി പാരിതോഷികങ്ങൾ, പള്ളിയുടെ പരി പാവനതയ്ക്കു പരിപൂരകമായ സാക്ഷ്യപത്രങ്ങളായി മാറി. ഡാഗോ ബെർട്ട് സംഭാവന ചെയ്ത സ്വർണക്കുരിശും ചെമ്പുതകിടിൽ പൊതി ഞ്ഞു മനോഹരമായ കൊത്തുപണികളുള്ള ലൂയിസിന്റെ മക്കളുടെ ശ വക്കല്ലറയും കണ്ടുകഴിഞ്ഞു കുർബാന കൊള്ളുന്നതിനുവേണ്ടി അൾ ത്താരയുടെ മുന്നിലേയ്ക്കു നടക്കുമ്പോൾ പള്ളിയുടെ പരിസരം, പട്ടണ ത്തിന്റെ മറ്റു ഭാഗങ്ങളിൽനിന്നു വ്യത്യസ്തമായൊരു അനുഭവമായി, സ്വപ്നലോകത്തിന്റെ താഴ്‌വരയിൽ പാറക്കെട്ടുകളിലും ചതുപ്പുനില ങ്ങളിലും മരപ്പൊത്തുകളിലും പ്രാകൃതമനുഷ്യർ നിരത്തിവെച്ച പ്രത്യ ക്ഷമായ ചില തെളിവുകളാണെനിയ്ക്കു സമ്മാനിച്ചത്. അകത്തളവും ചുമരുകളും ഗർഭഗൃഹങ്ങളും കടന്നു ചെല്ലുമ്പോൾ, പൂമുഖത്തിനെതിർ വശത്തൊരു ചുമരിൽ കോണിപ്പടിയുടെ ഉണ്മറപ്പിയ്ക്കുന്നതിനുവേണ്ടി ആഴത്തിൽ കൊത്തിയെടുത്ത ചാലടക്കം കെട്ടിടസമുച്ചയത്തിന്റെ ഓരോ ഭാഗവും വിജയകരമായി കടന്നുപോന്ന ഒരു കാലഘട്ടത്തി ന്റെ അധികമാനം മാനത്തോളം വലിച്ചുനീട്ടുന്നതു ഞാനാദരവോടെ നോക്കിനിന്നു. പതിനൊന്നാം നൂറ്റാണ്ടിന്റെ കാടത്തങ്ങളൊന്നും പു റമേയ്ക്കു കാണിയ്ക്കാത്ത ആ മഹത്വം ഭാരമേറിയ കമാനങ്ങളിലും ചെ ത്തിത്തേയ്ക്കാത്ത ചെങ്കൽച്ചുമരുകളിലും സുതാര്യമായി തെളിഞ്ഞുകി ടന്നു. ചരിത്രത്തിലെങ്ങും നീണ്ടുനിവർന്നു നിൽക്കുന്ന അതുല്യമായ ആ വാസ്തുവിദ്യ, പള്ളിയ്ക്കു മുമ്പിൽ പരന്നു കിടക്കുന്ന മൈതാനത്തി ന്റെ ഏതാനും വാര ദൂരമല്ല, നൂറ്റാണ്ടുകൾ തരണം ചെയ്തുപോന്ന അ തീതകാലത്തെപ്പോലും കീഴടക്കി. പരിഷ്ക്കാരത്തിന്റെ മര്യാദകൾ മനസ്സിലാക്കാതെ പ്രാകൃതവേഷം ധരിച്ചു വന്ന സ്വന്തം അനുജനെ അപരിചിതരിൽനിന്നു മറച്ചു പിടിയ്ക്കാൻ യുവസോദരിമാർ ചിരിച്ചു കൈകോർത്തു നിൽക്കുന്നതുപോലെ, ചുമരുകളുടെ പ്രാകൃതത്വം അ ത്യാ കർഷകമായ ഗോഥിക്ക് കമാനങ്ങളുടെ മഹത്വത്തിൽ മാഞ്ഞു പോയി. തുറന്ന മൈതാനത്തിൽ അംബരചുംബിയായി നിൽക്കുന്ന

ഗോപുരം, താഴ്‌വരയിൽ മയങ്ങുന്ന സാങ്‌ലൂയിസിനെ സശ്രദ്ധം വീക്ഷിച്ച നിശ്ചലനായി നിലകൊണ്ടു. മെറോവിഞ്ജിയൻ രാവുകളുടെ അന്ധകാരം തുളച്ചുകയറുന്ന നിലവറയും വലിയൊരു വവ്വാലിന്റെ കരിങ്കൽച്ചിറകുപോലെ തോന്നിയ്ക്കുന്ന ഇരുണ്ട ഇടനാഴികളും നടന്നു കയറിയ ഞങ്ങളെ വിറയ്ക്കുന്ന വിരലുകളുമായി മുന്നോട്ടു നയിച്ച തിയഡോർ, സിഗെബെർട്ടിന്റെ മകളുടെ ശവക്കല്ലറയ്ക്കു മുമ്പിൽ തെല്ലിട നിന്നു മെഴുകുതിരി കൊളുത്തി പ്രാർത്ഥിച്ചു. ശിലാവശിഷ്ടം പൊഴിഞ്ഞുപോയതുപോലെ കാണപ്പെട്ട ആഴമുള്ള ആ തുരങ്കത്തിന്റെ കവാടത്തിൽ ഇങ്ങനെയൊരു കുറിപ്പു ഞാൻ വായിച്ചു: 'ഈ അൾത്താരാമണ്ഡപം സ്ഥിതി ചെയ്യുന്നിടത്തു ദാരുണമായി കൊല്ലപ്പെട്ട ഫ്രാങ്കിഷ്‌രാജകുമാരി, കല്ലറയിൽ അടക്കം ചെയ്യപ്പെട്ടശേഷം, പരൽവിളക്കിന്റെ വെളിച്ചത്തിൽ ഈ വഴി നടന്നാണു സ്വർഗം പൂകിയത്!'.

കോംബ്രേയിലെ അലൗകികമായ അൾത്താരാമണ്ഡപത്തെക്കുറിച്ചു ഞാനെന്താണു പറയേണ്ടത്? കലാസൗന്ദര്യം തൊട്ടുതീണ്ടാത്ത, മതപരമായൊരു ഭാവമില്ലാത്ത, ലളിതമായൊരു കലാസൃഷ്ടിയായിരുന്നു അൾത്താരാമണ്ഡപം! പുറമേനിന്നു നോക്കുമ്പോൾ നാലു തെരുവുകളും താഴ്ന്ന തലത്തിലായതുകൊണ്ട് മണ്ഡപത്തിന്റെ ചുമരുകൾ അടിത്തറയിൽനിന്നു ചെത്തിമിനുക്കാത്ത കരിങ്കല്ലിൽ മേലോട്ടുയർത്തിയ വലിയൊരു മതിലായി കാണപ്പെട്ടു. പതിവിലും കവിഞ്ഞ ഉയരത്തിൽ തുരന്നുവെച്ചതുപോലുള്ള ജനലുകൾ പള്ളിയേക്കാൾ ജയിലുകൾക്കാണു യോജിയ്ക്കുന്നതെന്നു തോന്നിപ്പോകും. പിന്നീടു കാണാനിടയായ അൾത്താരാമണ്ഡപങ്ങളുമായി പക്ഷേ കോംബ്രേയിലെ ഈ മണ്ഡപത്തെ താരതമ്യപ്പെടുത്താൻ എനിയ്ക്കൊരിയ്ക്കലും മനസ്സു വരാറില്ല. ഒരിയ്ക്കൽ അപരിചിതമായൊരു ഗ്രാമത്തിൽ ചെന്നു മൂന്നിടവഴികൾ കൂട്ടിമുട്ടുന്ന കവലയിൽവെച്ചു ഞാൻ തെരുവു മുറിച്ചു കടക്കാൻ തുടങ്ങുമ്പോൾ, പൊട്ടിത്തകർന്നു പൊളിഞ്ഞുവീണ പരസ്പരപ്പൊരുത്തമില്ലാത്ത ജനാലകളും അത്യധികമായ ഉയരവുമുള്ള ഒരു മതിൽ എന്റെ കണ്ണിൽപ്പെട്ടു. ചാർത്രേയിലും റീംസിലുമായിരു

ന്നെങ്കിൽ ആ സൃഷ്ടിവൈഭവത്തിൽ പ്രതിഫലിച്ച ആത്മീയാനുഭൂതിയെക്കുറിച്ചു ചിന്തിച്ചു ഞാൻ തെല്ലിട വിസ്മയപൂർവം നിൽക്കുമായിരുന്നു! എങ്കിലും പെട്ടെന്നു ജന്മവാസനകൊണ്ടു ഞാനുറക്കെ വിളിച്ചു പറഞ്ഞു: "നോക്കൂ, ഇവിടെയിതാ മഹത്തായൊരു ദേവാലയം!".

അതെ, സഹൃദയനും സുപരിചിതനുമായൊരു സുഹൃത്തായിരുന്നു, കോംബ്രേയിലെ ദേവാലയം! വടക്കേ ഗോപുരം തുറക്കുന്ന റൂസാങ് ഹിലൈരേ തെരുവോരത്ത് ഒരേ ചുമരുകൊണ്ടു വേർതിരിച്ച രണ്ടയൽക്കാരാണു മാഡം ലോയ്സോയുടെ വീടും റാപിന്റെ മരുന്നുകടയും. രാവിലെ കത്തു വിതരണം ചെയ്യാൻ വരുന്ന തപാൽശിപായി, അക്കമിട്ടു തിരിച്ച തെരുവുകളിൽ റാപിന്റെ മരുന്നുകട കഴിഞ്ഞു മാഡം ലോയ്സോയുടെ വീടെത്തുന്നതിനുമുമ്പൊരു നിമിഷം നിന്നു ശ്രദ്ധിച്ചാൽ പള്ളിക്കും വീടുകൾക്കുമിടയിൽ അദൃശ്യമായൊരു കരിങ്കൽത്തട്ടു കണ്ടെത്തിയെന്നു വരാം. ഈയൊരു ധാരണ പിന്നീടൊരിക്കലും മനസ്സിൽനിന്നു മായ്ച്ചുകളയാൻ എനിക്കായിട്ടില്ല. മാഡം ലോയ്സോ ജനാലയ്ക്കൽ ചില പൂച്ചെടികൾ നട്ടുവളർത്തുന്നതു വെറുതേയാണെന്നും, സ്വഭാവദൂഷ്യം മൂലം നാലുഭാഗത്തേക്കും പടരുന്ന ചെടിയുടെ ശാഖകൾ തലതാഴ്ത്തി വിടർത്തുന്ന പ്രത്യേകിച്ചൊരു പ്രയോജനവുമില്ലാത്ത പൂക്കളുടെ തണുത്തു ചുളിഞ്ഞ കവിളുകൾ ജീവിതത്തിന്റെ സന്തോഷം നുകരാനാവാതെ പള്ളിയുടെ ഇരുണ്ട ഭിത്തികളിൽ തലതല്ലി ജീവനൊടുക്കുമെന്നും, അത്തരമൊരു ദുരന്തം പൂക്കളുടെ നൈസർഗികവിശുദ്ധിക്കു യോജിച്ചതല്ലെന്നും ഞാൻ കരുതി. പൂക്കൾക്കും ചെങ്കൽച്ചുമരിനുമിടയിലൊരു ശൂന്യത കണ്ടെത്താനുള്ള ശ്രമത്തിൽ അവ്യക്തമായൊരു അഗാധഗർത്തത്തിന്റെ ചിത്രം എന്റെ മനസ്സിൽ അക്കാലത്തു മായാതെ കിടന്നിരുന്നു.

ചക്രവാളത്തിൽ മായ്ക്കാനാവാത്ത വിചിത്രരൂപങ്ങൾ വരയ്ക്കുന്ന സാങ്ഹിലൈരേയുടെ ഗോപുരചത്വരം, കോംബ്രേപട്ടണം പ്രത്യക്ഷപ്പെടുന്നതിനുമുമ്പേതന്നെ നമുക്കു വ്യക്തമായി തിരിച്ചറിയാം. ആകാശത്തിലെ മേഘപാളികളിൽ നാലുഭാഗത്തേക്കും ഗതിഭേദം വരുത്തി ഒ

ളിച്ചുകളിയ്ക്കുന്ന ഒരു പൂവൻകോഴിയുടെ ഉരുക്കുപ്രതിമ പാരീസിൽനിന്നുള്ള തീവണ്ടിയിലിരുന്നു കാണുമ്പോൾ അച്ഛനുടനെ വിളിച്ചു പറയും, "എല്ലാമെടുത്ത് ഒതുക്കിവെയ്ക്കു്, നമ്മളിതാ കോംബ്രേയിലെത്തി!". ഞങ്ങൾ റെയിൽവേസ്റ്റേഷൻ കടന്നു നടന്നുകയറുന്ന ഇടുങ്ങിയ പാത വിശാലമായൊരു സമതലത്തിലേയ്ക്കു പ്രവേശിയ്ക്കുന്നിടത്തു ചക്രവാളം മറയ്ക്കുന്ന വനങ്ങൾക്കുമേലേ, പ്രകൃതിയുടെ നിഷ്ക്കളങ്കമായ കലാസൃഷ്ടികൾക്കനുഗുണമായൊരു പശ്ചാത്തലമൊരുക്കുന്ന ചിത്രകാരൻ മാനത്തു വിരൽനഖംകൊണ്ടു കുത്തിക്കുറിച്ച രേഖാചിത്രംപോലെ, മനുഷ്യാസ്തിത്വത്തിന്റെ നിദർശനമായി കരുതാവുന്ന സാങ്ഹിലൈരേയുടെ ഗോപുരാഗ്രം, അലൗകികമായൊരു ശോഭ പരത്തി തലയുയർത്തി നിൽക്കുന്നതു കാണാം. പാതിയോളം നശിച്ചുപോയെങ്കിലും ഉയരത്തിനൊരു കോട്ടവും തട്ടാത്ത ഗോപുരചത്വരത്തിലെ ഇരുണ്ടുചുവന്ന ചില ശിലാശകലങ്ങൾ നമ്മുടെ ശ്രദ്ധയാകർഷിയ്ക്കാതിരിയ്ക്കില്ല. ശരത്ക്കാലത്തെ മഞ്ഞുമൂടിയ പ്രഭാതത്തിൽ മുന്തിരിത്തോട്ടങ്ങൾ വിടർത്തുന്ന മഴക്കാറുകൾക്കു മീതെ കാട്ടുവള്ളികൾക്കു നിറം പകരുന്ന ആ കാഴ്ച കുറച്ചുനേരമെങ്കിലും നോക്കി നിന്നു വിസ്മയിയ്ക്കാത്ത സന്ദർശകരില്ല!

വീട്ടിലേയ്ക്കു മടങ്ങുന്നവഴി മൈതാനത്തുവെച്ചു ഗോപുരം ഒരിയ്ക്കൽക്കൂടി നോക്കിക്കാണാൻ മുത്തശ്ശി എന്നെ പിടിച്ചുനിർത്തും; ഓരോ പാളിയും ഒന്നിനു മുകളിലൊന്നായി ചേരുംപടി ചേർത്ത്, സൗന്ദര്യത്തിലും സാരൂപ്യത്തിലും മനുഷ്യമുഖത്തോടു കടപ്പെട്ടിരിയ്ക്കുന്ന ഗോപുരജാലകങ്ങളിൽനിന്നു പ്രാവിൻകൂട്ടങ്ങൾ കൃത്യമായ ഇടവേളകളിൽ, അതുവരെ അഭയം തന്ന പൗരാണികശിലകൾ പെട്ടെന്നെന്തോ അസ്വസ്ഥത തോന്നിയതു മൂലം പുറത്തേയ്ക്കു തള്ളിപ്പറഞ്ഞയച്ചതുപോലെ, പരസ്പരം തമ്മിൽ കൊക്കിയും കുറുകിയും ബഹളം കൂട്ടി പുറത്തു വട്ടം ചുറ്റി പറക്കുന്നതു കാണാം. തിരമാലകളിൽ ശ്രദ്ധയൂന്നി നിന്ന മുക്കുവന്റെ ഏകാഗ്രത കടമെടുത്ത കടൽക്കഴുകന്മാരെപ്പോലെ, ചില പ്രാവുകൾ പാറി നടന്ന പ്രാണികളെ പിടിച്ചു വിഴുങ്ങി പതുക്കെ

താഴികക്കുടങ്ങളിലേയ്ക്കു ചേക്കേറി സന്ധ്യാന്തരീക്ഷത്തിന്റെ ശാന്തതയുടെ ഊതവർണം സമ്മാനിച്ച ഗോപുരത്തിനകത്തേയ്ക്കു മടങ്ങി. ശിൽപ്പികളുടെ കരവിരുതിനു വഴങ്ങാത്ത, ഒരിയ്ക്കലും ചെത്തിമിനുക്കപ്പെടാത്ത സാങ്ഹിലൈരേയുടെ ഗോപുരക്കാഴ്ചകളിൽ അലൌകികമായൊരു കലാസൃഷ്ടിയെന്ന നിലയ്ക്കു വെളിവാകുന്ന പുറംമോടിയില്ലാത്ത നൈസർഗികതയാണു മുത്തശ്ശിയ്ക്കേറെ ബഹുമാന്യമായി തോന്നിയത്. പള്ളിയുടെ ഓരോ ഭാഗവും പ്രത്യേകമെടുത്തു പരിശോധിയ്ക്കുമ്പോൾ അന്തരീക്ഷത്തിൽ പ്രസരിയ്ക്കുന്ന സവിശേഷമായൊരു ഗന്ധത്തോടെ ആത്മവിശ്വാസം വെളിവാക്കി ഉത്തരവാദിത്വമുറപ്പിയ്ക്കുന്ന ആ ഗോപുരം, മറ്റു കെട്ടിടസമുച്ചയങ്ങളിൽനിന്നു തീർത്തും വ്യത്യസ്തമായൊരു വ്യക്തിത്വമാണെന്നു നമുക്കു ബോദ്ധ്യപ്പെടും. ആ ഗോപുരങ്ങളാണു സത്യത്തിൽ പള്ളിയുടെ വക്താവായി സന്ദർശകരോടു സംസാരിച്ചത്. ഒരുപക്ഷേ ലോകത്തു മറ്റെന്തിലുമുപരി മുത്തശ്ശി വിലമതിച്ച സ്വച്ഛവും പ്രശാന്തവുമായ ശുദ്ധവായു നിറഞ്ഞ ഒരന്തരീക്ഷമാണു ഗോപുരങ്ങളുടെ പരിസരത്തു ഞാനനുഭവിച്ചത്. ശിൽപ്പകലയുടെ സങ്കീർണതകളെക്കുറിച്ചു നിരക്ഷരയായ അവർ പറയും: “നിങ്ങളെന്നെ എങ്ങനെ വേണമെങ്കിലും കളിയാക്കിക്കൊള്ളൂ! പക്ഷേ, മനോഹരമെന്നു പറയാനില്ലെങ്കിലും എനിയ്ക്കു സന്തോഷം പകരുന്ന എന്തോ ഒരു സവിശേഷത, ഗോപുരത്തിന്റെ ഈ വന്ദ്യവയോധികഭാവത്തിൽ ഒളിഞ്ഞിരിയ്ക്കുന്നുണ്ട്. പാടാൻ പഠിച്ചിട്ടുണ്ടെങ്കിൽ, ഞാനുറപ്പിച്ചു പറയുന്നു, ഈ ഗോപുരം പിയാനോ 'വായിയ്ക്കാ'തിരിയ്ക്കില്ല!”. ഗോപുരങ്ങൾക്കു നേരേ നീളുന്ന അവരുടെ കണ്ണുകൾ പ്രാർത്ഥനാനിർഭരമായി മേലോട്ടുയർന്നുപോകുന്ന കൽച്ചുമരുകളുടെ ചെരിവുകൾ പിന്തുടർന്നു മാനത്തേയ്ക്കുയരുമ്പോൾ, സർപ്പിളാകൃതിയിൽ സംഘർഷഭരിതമായ ആ ശിൽപ്പസൗന്ദര്യത്തിൽ ലയിച്ചു തെല്ലിട സ്വയം മറന്നു നിന്നുപോകും. അപ്പോൾ അസ്തമയസൂര്യന്റെ ശോണരശ്മികളിൽ തിളങ്ങുന്ന ഗോപുരത്തിനു കീഴെ, ചൈതന്യമറ്റു കിടക്കുന്ന കറുത്ത ശിലകളെ നോക്കി സൗഹൃദഭാവത്തിലൊരു ചിരി ആ ചുണ്ടിൽ വിട

രും. അന്തിവെയിലിന്റെ കസവണിഞ്ഞു പതിയ്ക്കുന്ന ആ നോട്ടം വിജ നമായ ചക്രവാളത്തോളം ചെന്നു, രാഗാലാപനത്തിനിടയിൽ പൊട്ടുന്നനെ ഉച്ചസ്ഥായിയിലേയ്ക്കു കടക്കുന്ന ഗായകനെപ്പോലെ, വിദൂരതയിലേയ്ക്കു മറയും.

പട്ടണത്തിൽ പകൽസമയത്തെ ഓരോ കൃത്യങ്ങളും കാഴ്ചകളും കൃത്യമായി പരിപാലിച്ചുപോന്നതു സാങ്ഹിലൈരേയുടെ ഗോപുരങ്ങളായിരുന്നു! കറുത്ത ഇഷ്ടിക വിരിച്ച ഗോപുരത്തിന്റെ അടിത്തറയോളം മാത്രമേ കിടപ്പുമുറിയുടെ ജനാലയ്ക്കലൂടെ നോക്കുമ്പോൾ എനിയ്ക്കു കാണാനായുള്ളൂ. പക്ഷേ, വേനലിന്റെ ചൂടുവെയിൽ പരക്കുന്ന ഞായറാഴ്ചയിലെ പ്രഭാതത്തിൽ, ആ ഗോപുരമൊരു കറുത്ത സൂര്യനായി തിളങ്ങുമ്പോൾ ഞാൻ സ്വയം പറയും: "ദൈവമേ, സമയം ഒൻപതുമണിയായി! കുർബാനയ്ക്കു പോകുന്നതിനുമുമ്പു ലിയോണി അമ്മായിയെ ചെന്നു കണ്ടു ശുഭദിനം നേരണമെങ്കിൽ ഞാനുടനെ പുറപ്പെടണം!". അപ്പോൾ മൈതാനത്തു വെയിലിന്റെ നിറമെന്തായിരിയ്ക്കുമെന്നു കൃത്യമായെനിയ്ക്കു പറയാൻ കഴിയും; ചന്തയിലെ ചൂടും പൊടിയും സ്വയം ഞാനനുഭവിയ്ക്കും; അമ്മ പള്ളിയിലേയ്ക്കു പോകുമ്പോൾ കയറുന്ന കടയിലെ വെയിൽമറയ്ക്കു പിന്നിലെ നിറഭേദങ്ങളും എനിയ്ക്കൂഹിയ്ക്കാം. കഞ്ഞിപ്പശ തേയ്ക്കാത്ത കാലിക്കോ തുണിയുടെ തുളച്ചുകയറുന്ന ഗന്ധം സഹിച്ച്, അവരൊരു കൈലേസു വാങ്ങാനായി കടയിലേയ്ക്കു കയറുമ്പോൾ, കടക്കാരൻ അരയോളം താണു കുനിഞ്ഞു വണങ്ങി അലമാരയിലുള്ളതെല്ലാം പുറത്തെടുത്തു പ്രദർശിപ്പിയ്ക്കും. ഉച്ചയ്ക്കു കടയടയ്ക്കാനുള്ള സമയമാകുമ്പോൾ സകലതും ഒതുക്കിവെച്ചു കൈകഴുകി ഞായറാഴ്ചവേഷം ധരിയ്ക്കാനായി അയാൾ പിന്നിലെ മുറിയിലേയ്ക്കു കടക്കും. ഉത്സാഹവും കൗശലവും പ്രകടമാക്കുന്നവിധം കൈകളിടയ്ക്കിടെ കൂട്ടിത്തിരുമ്മുന്നത് അയാളൊരു ശീലമാക്കി വളർത്തിയിരുന്നു.

കാലാവസ്ഥ നല്ലതാണെന്നു മനസ്സിലാക്കി തിബർസിയിൽനിന്നു ബന്ധുക്കളാരെങ്കിലും ഉച്ചഭക്ഷണത്തിനു വരാനിടയുണ്ടെന്നു ക

ണ്ടു പതിവിലും വലിയ റൊട്ടി വാങ്ങണമെന്നു പറയാൻവേണ്ടി കുർബാനയ്ക്കുശേഷം ഞങ്ങൾ തിയോഡോറിനെ തിരക്കി നടന്നു. അപ്പോൾ, 'വിശുദ്ധമായ അപ്പം'പോലെ എരിയുന്ന വെയിലിൽ ചുട്ടെടുത്ത തവിട്ടുപാളികളിൽ സ്വേദകണങ്ങൾ പൊടിഞ്ഞു നീലാകാശത്തേയ്ക്കുയർന്നു നിൽക്കുന്ന കൂർത്തുകോലുമായി പള്ളിയുടെ ഗോപുരം വീണ്ടും ഞങ്ങളുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. പക്ഷേ വൈകുന്നേരത്തെ പതിവുനടത്തം കഴിഞ്ഞു ശുഭരാത്രി പറയാനുള്ള സമയമടുക്കുന്നതും അമ്മയുടെ അസാന്നിദ്ധ്യവുമോർത്തു വിഷാദിയ്ക്കുമ്പോൾ, രാവിലെ കണ്ടതിനു കടകവിരുദ്ധമായി, പോക്കുവെയിലിന്റെ പട്ടുമെത്തയിൽ കിടക്കുന്ന ഗോപുരം കനത്ത ഭാരം താങ്ങാനാവാതെ മദ്ധ്യഭാഗം താഴ്ന്നു രണ്ടു വശങ്ങളും തെല്ലുയർന്ന ഒരു കളിത്തൊട്ടിൽപോലെ എന്നോടു വാത്സല്യം ചൊരിഞ്ഞാണു നിൽക്കാറുള്ളത്; ഗോപുരത്തിനു ചുറ്റും ചിറകിട്ടടിച്ചു പറക്കുന്ന പ്രാവുകളുടെ ആരവം, നിശ്ശബ്ദതയുടെ ഗഹനത വർദ്ധിപ്പിയ്ക്കുകയും സർപ്പിളാകാരമായ രൂപവൈഭവത്തിനു തക്കവിധം വാക്കുകൾക്കതീതമായൊരു ഭാവപ്രകർഷം അന്തരീക്ഷത്തിൽ പ്രസരിപ്പിയ്ക്കുകയും ചെയ്തു.

ഗോപുരങ്ങളുടെ സൗന്ദര്യം കണ്ടാസ്വദിയ്ക്കാൻ കഴിയാത്തവിധം പള്ളിയ്ക്കു പിൻവശത്താണു ഞങ്ങളുടെ ദൈനന്ദിനകൃത്യങ്ങൾ നടക്കാറുള്ളതെങ്കിലും, ആ സവിശേഷവ്യക്തിത്വത്തെ ആധാരമാക്കി മാത്രമാണു മറ്റേതു കാഴ്ചയും വിന്യസിയ്ക്കപ്പെട്ടത്. ഓരോ സമയത്തും ഓരോ സ്ഥാനത്തായി ഗോപുരത്തിന്റെ വിസ്മയദൃശ്യം വീടുകൾക്കിടയിൽ നിവർന്നു നിന്നു. പള്ളിയുടെ അഭാവത്തിൽ പ്രത്യക്ഷപ്പെടുമ്പോൾ ഒരുപക്ഷേ അത്തരമൊരു കാഴ്ച നമുക്കു ഭീഷണമായി തോന്നാം! കോംബ്രേയിലെ മുഷിഞ്ഞ തെരുവുകളുടെ കാഴ്ചയേക്കാൾ വേറേ പലതും ഹൃദ്യമായി തോന്നാറുള്ള എനിയ്ക്കു പക്ഷേ ഗോപുരങ്ങളെ ചൂഴ്ന്നുനിൽക്കുന്ന മേൽക്കൂരകളുടെ ചിത്രം പ്രത്യേകമായൊരു വിഭാഗത്തിൽപ്പെട്ട കലാസൃഷ്ടിയായി അനുഭവപ്പെട്ടു. ബാൽബെക്കിൽനിന്നേറെ ദൂരത്തല്ലാതെ, വിജനവും ഏകാന്തവുമായൊരു നോർമൻപട്ട

ണത്തിലെ പഴയ വീടുകൾക്കിടയിൽ പുഴയിലേയ്ക്കു താണിറങ്ങി തട്ടുകളായി കിടക്കുന്ന തോട്ടത്തിൽനിന്നു നോക്കിയാൽ ലഭിയ്ക്കുന്ന ഗോഥിക്ഗോപുരത്തിന്റെ ചിത്രം ജീവിതത്തിലൊരിയ്ക്കലും മറക്കാനാവാത്തവിധം എനിയ്ക്കാരാദ്ധ്യമായി തോന്നിയിരുന്നു. യാതൊരു പരസ്പരബന്ധവുമില്ലെന്നു തോന്നിച്ചു തൊട്ടടുത്തു കിടക്കുന്ന വെള്ളാരങ്കല്ലുകൾക്കിടയിൽ തിരമാലകൾ കഴുകിത്തുടച്ചു വർണാഭമാക്കിയ കടൽശംഖിന്റെ താഴികക്കുടം സ്വയം പ്രകാശിയ്ക്കുന്നതുപോലെ, ആ വീടുകളും ഗോപുരവും മേഘങ്ങൾക്കിടയിൽ തിളങ്ങി നിന്നു. നഗരത്തിലെ വൃത്തിഹീനമായ ഭാഗങ്ങളിൽ ഒന്നും രണ്ടുമല്ല മൂന്നടുക്കുവരെ ഒരടുക്കും ചിട്ടയുമില്ലാതെ താറുമാറായി കിടക്കുന്ന വീടുകളുടെ മേൽക്കൂരകൾ ചിരപരിചിതമായ ആ വീടിന്റെ ജനാലയിലൂടെ നോക്കിയാൽ എനിയ്ക്കു കാണാം. ചിലപ്പോൾ കറുപ്പുചായം കലക്കിയ ചാരനിറത്തിൽ അങ്ങകലെ ആകാശത്തൊരു പഞ്ചലോഹമണി പ്രത്യക്ഷപ്പെടാറുണ്ട്. പിരണേസിയുടെ ചിത്രങ്ങളിലെ ഭാവഗരിമ അതേപടി പകർത്തിവെച്ചതുപോലെ മാനത്തു ശിരസ്സുയർത്തി നിൽക്കുന്ന സാങ്അഗസ്റ്റിന്റെ താഴികക്കുടമാണു ഞാനന്നു കണ്ടത്. അത്തരത്തിലുള്ള രേഖാചിത്രങ്ങളെക്കുറിച്ചു വീണ്ടും ഓർമ്മിയ്ക്കാനിടയായ ജന്മവാസനകൾ എനിയ്ക്കെന്നോ നഷ്ടപ്പെട്ടു കഴിഞ്ഞു. വസ്തുക്കളെ വെറുമൊരു കൗതുകമായി കാണാതെ, സമാനതകളില്ലാത്ത ജീവിതമായി കരുതാനുള്ള ഉൾക്കാഴ്ച ഇനിയൊരിയ്ക്കലും വീണ്ടെടുക്കാൻ കഴിയാത്ത എനിയ്ക്കു പക്ഷേ കോംബ്രേ പള്ളിയുടെ പിൻഭാഗത്തെ തെരുവുകളിൽനിന്നുള്ള ഗോപുരക്കാഴ്ചപോലെ മറ്റൊരു ദൃശ്യവും വിസ്മയകരമായി അനുഭവപ്പെട്ടിട്ടില്ല. വൈകീട്ട് അഞ്ചുമണിയ്ക്കു കത്തെടുക്കാൻ തപാലാപ്പീസിലേയ്ക്കു പോകുമ്പോൾ വീടുകൾക്കിടതു വശത്ത് ഒറ്റയ്ക്കുയർന്നുനിൽക്കുന്ന ആ ഗോപുരശിഖരങ്ങൾ എനിയ്ക്കു നേരിട്ടു കാണാം; അല്ലെങ്കിൽ, നാട്ടുവിശേഷങ്ങൾ ചോദിച്ചറിയാൻ മാഡം സസറെറ്റിന്റെ വീട്ടിലേയ്ക്കു പോകുന്ന വഴി താഴോട്ടുള്ള ഇറക്കത്തിൽവെച്ചു ദൂരെ കുന്നിൻചെരിവിലേയ്ക്കു കണ്ണോടിയ്ക്കുമ്പോൾ ഗോപുരക്കാഴ്ച കഴിഞ്ഞു രണ്ടാ

മത്തെ വളവിലാണെന്നു നാം നിൽക്കുന്നതെന്നു കൃത്യമായി പറയാൻ കഴിയും; അല്ലെങ്കിൽ, പാടത്തിനു കുറുകേ നടന്നു റെയിൽവേസ്റ്റേഷനിലേയ്ക്കു പോകുമ്പോൾ അതുവരെ കാണാതിരുന്ന ചില അദൃശ്യകോണുകളും വശങ്ങളും വെളിവാക്കി സാങ്കൽപ്പികമായ ഭ്രമണപഥത്തിന്റെ കേന്ദ്രബിന്ദുവിനെക്കുറിച്ചു വിസ്മയം കൊള്ളുന്ന ഘനരൂപമായി, താനേ ചെരിഞ്ഞു നിൽക്കുന്ന ഗോപുരം നമ്മുടെ കണ്മുമ്പിൽ പ്രത്യക്ഷപ്പെട്ടും; ചിലപ്പോൾ വിവോന്നേയുടെ തീരത്തുനിന്നുള്ള ദൂരക്കാഴ്ചയിൽ, പേശീവ്യൂഹങ്ങൾക്കു ശക്തി പകരുന്നവിധം പ്രചണ്ഡത പ്രകടിപ്പിയ്ക്കുന്ന ആ അൾത്താരാമണ്ഡപം മേലോട്ടു കുതിച്ചു വരുമ്പോൾ ഗോപുരത്തിന്റെ കൂർത്ത മുന സ്വർഗകവാടം കടന്നുചെല്ലാൻ വെമ്പൽ കൊള്ളുന്നതായി നമുക്കു തോന്നും: യാത്രയുടെ അവസാനം എല്ലാവരും തിരിച്ചെത്തിയതു ഗോപുരത്തിന്റെ ദൃശ്യത്തിലേയ്ക്കുതന്നെയായിരുന്നു. മറ്റെല്ലാത്തിനും മീതെ അധികാരം ചെലുത്തി, വീടുകൾക്കു തനതായ പ്രാധാന്യം നൽകി, ഭൗതികമായ സ്വന്തം രൂപം ഭൂമിയിൽ മനുഷ്യരുടെ തിക്കിലും തിരക്കിലുമൊളിപ്പിച്ചു വെച്ച 'ദൈവത്തിന്റെ വിരലടയാള'മായി ആ ഗോപുരം സദാ ശിരസ്സുയർത്തി നിന്നു. അതുകൊണ്ട്, പ്രാദേശികമായൊരു നഗരത്തിലോ പാരീസിലെ പരിചയമില്ലാത്തൊരു കോണിലോവെച്ച് എനിയ്ക്കു 'നേരായ വഴി' പറഞ്ഞുതരുന്നവർ, അങ്ങകലേയ്ക്കു വിരൽ ചൂണ്ടി ഒരാസ്പത്രിയുടെ മുഖപ്പോ കന്യാസ്ത്രീമഠത്തിന്റെ പൂമുഖമോ പോകേണ്ട സ്ഥലത്തിനു തൊട്ടടുത്തായി കാണിച്ചു തരുമ്പോൾ, മറവിയിൽ മാഞ്ഞുപോയ ആ രൂപരേഖയുടെ മങ്ങിയ സാദൃശ്യം തീർച്ചയായും ഞാനോർക്കാതിരിയ്ക്കില്ല. ഞാൻ നേരായ വഴിയ്ക്കാണു നടക്കുന്നതെന്നുറപ്പു വരുത്താൻ തിരിഞ്ഞുനോക്കുന്ന അവർ ചിലപ്പോൾ യാത്രയുടെ ലക്ഷ്യം മറന്നു കണ്ണിമ ചിമ്മാതെ നിന്ന സ്ഥാനത്തു നിശ്ചലനായി, നദിയിൽനിന്നു വീണ്ടെടുത്ത സമതലം പച്ചപിടിച്ചു വൃക്ഷങ്ങളും വീടുകളും പുനർജ്ജനിയ്ക്കുന്നതുപോലെ, പരിചിതമായ ദൃശ്യങ്ങൾ ഓരോന്നായി ഓർത്തെടുക്കാൻ ശ്രമിയ്ക്കുന്ന എന്നെ കണ്ടു വിസ്മയിയ്ക്കാതിരിയ്ക്കില്ല; മാത്രമല്ല,

തൊട്ടുമുമ്പ് ചോദിച്ചപ്പോൾ തോന്നിയതിലേറെ പരുങ്ങലോടെ വീണ്ടും ഞാനവരോടു വഴി ചോദിച്ച് തെരുവിലേയ്ക്കു തിരിയും; ഞാനന്വേ ഷിയ്ക്കുന്ന ലക്ഷ്യം, പക്ഷേ, അപ്പോഴും എന്റെ മനസ്സിലായിരുന്നു!

പള്ളിയിലെ കുർബാന കഴിഞ്ഞു വീട്ടിലേയ്ക്കു മടങ്ങുന്ന വഴി പലപ്പോഴും ഞങ്ങൾ ലെഗ്രാൻഡിനെ കണ്ടുമുട്ടാറുണ്ട്. തിരക്കു പിടിച്ച ഒരെഞ്ചിനീയറുടെ ഔദ്യോഗികകാര്യങ്ങളുമായി മിക്കവാറും പാരീസിൽ തങ്ങുന്ന അദ്ദേഹത്തിനു ശനിയാഴ്ച സന്ധ്യയ്ക്കും തിങ്കളാഴ്ച പ്രഭാതത്തിനുമിടയ്ക്കുള്ള ഞായറാഴ്ച മാത്രമേ കോംബ്രേയിലെ വീടു സന്ദർശിയ്ക്കാൻ സമയം ലഭിയ്ക്കാറുള്ളൂ. ശാസ്ത്രവുമായി ബന്ധപ്പെട്ട ഔദ്യോഗിക പദവിയിൽ അസൂയാർഹമായ വിജയം വരിച്ചിട്ടും, കലയും സാഹിത്യവുംപോലെ വ്യത്യസ്തമായൊരു മേഖലയിൽ നേടിയ പ്രാവീണ്യം തൊഴിൽപരമായ ആവശ്യങ്ങൾക്കല്ലാതെ സംവാദങ്ങളുടെ സന്തോഷത്തിനുവേണ്ടി മാത്രം ഉപയോഗിയ്ക്കുന്ന വിചിത്രമായൊരു വ്യക്തിത്വമായിരുന്നു, അദ്ദേഹം. (എഴുത്തുകാരനെന്ന നിലയിൽ ലെഗ്രാൻഡിൻ അന്നു പ്രശസ്തനായിക്കഴിഞ്ഞ കാര്യം പക്ഷേ ഞങ്ങളറിഞ്ഞിരുന്നില്ല. അതുകൊണ്ട് സുപ്രസിദ്ധനായൊരു സംഗീതജ്ഞൻ അദ്ദേഹത്തിന്റെ കവിതയ്ക്കു സംഗീതസംവിധാനം നിർവഹിച്ചെന്ന വാർത്ത കേട്ടപ്പോൾ ഞങ്ങളുടെ അമ്പരപ്പു പരിധി കടന്നു!) 'ലബ്ധപ്രതിഷ്ഠരായ' എഴുത്തുകാരേക്കാൾ 'സഹൃദയത്വ'വും പ്രതിഭാശാലികളായ ചിത്രകാരന്മാരുടെ ഉൾക്കാഴ്ചയുമുള്ള അവർ, ഒരുപക്ഷേ അർഹതപ്പെട്ട ജീവിതമല്ല തങ്ങൾക്കു ലഭിച്ചതെന്നു കരുതി സാധാരണ ജോലികളിൽ വിചിത്രമായൊരു നിസ്സംഗതയും പരുഷമായ ഗൗരവവും ഭാവിച്ചെന്നു വരാം. ആകാരസുഭഗതയും ചിന്താബന്ധുരമായ മുഖഭാവവും താഴോട്ടു ചാഞ്ഞ മേൽമീശയും നീലക്കണ്ണുകളിൽ നിഴൽവിരിയ്ക്കുന്ന മോഹഭംഗവും അനന്യമായ വാഗ്വൈഭവവും വിനയവുമുള്ള അദ്ദേഹം ഞങ്ങളുടെ കുടുംബപശ്ചാത്തലത്തിലെന്നും ഒരദൃശ്യസാന്നിദ്ധ്യമായിരുന്നു. ജീവിതത്തെ ഗൌരവപൂർവം വീക്ഷിയ്ക്കുന്ന അദ്ദേഹം പൊതുവേ കുലീനതയ്ക്കൊരു മാതൃകയായി കണക്കാക്കപ്പെട്ടു. വിദ്യാർ

ത്ഥികളുടെ ഇറുകിക്കിടക്കുന്ന കോട്ടിൽ തൂക്കിയിട്ട 'ടൈ'പോലെ, മിക്കവാറും സ്വാഭാവികമായ വാക്കുകളുപയോഗിയ്ക്കാതെ അച്ചടിഭാഷയിൽ സംസാരിയ്ക്കുന്ന അദ്ദേഹത്തെ മുത്തശ്ശിയ്ക്കു താൽപ്പര്യമുണ്ടായിരുന്നില്ല. ആഡംബരജീവിതത്തിനും പ്രഭുവാഴ്ചയ്ക്കുമെതിരെ അദ്ദേഹം നടത്തുന്ന രോഷാകുലമായ ആക്ഷേപങ്ങൾ അവരെ അത്ഭുതപ്പെടുത്താറുണ്ട്. "സാങ്പോൾ അക്ഷന്തവ്യമായൊരു കുറ്റമായാണു പൊങ്ങച്ചത്തെ വിശേഷിപ്പിയ്ക്കുന്നത്!", മുത്തശ്ശി ഇടയ്ക്കിടെ പറയും.

മുത്തശ്ശിയ്ക്കൊരിയ്ക്കലും ഒരു വികാരവും സൃഷ്ടിയ്ക്കാത്ത വിഷയമായിരുന്നു, ലൗകികമായ ഉൽക്കർഷേച്ഛ! എന്നിട്ടും അതിനെതിരെ കഠിനമായി കണ്ഠക്ഷോഭം നടത്തുന്ന ലെഗ്രാൻഡിന്റെ പ്രയത്നം നിരർത്ഥകമായൊരു വ്യായാമമാണെന്നു പലപ്പോഴും അവരഭിപ്രായപ്പെട്ടു. ലെഗ്രാൻഡിന്റെ സഹോദരിയെ വിവാഹം കഴിച്ചതു ബാൽബെക്കിനടുത്തു താമസിയ്ക്കുന്ന നോർമാൻഡിയിലെ ഒരു ജന്മിയായിരുന്നു; പ്രഭുക്കളെ ശിരച്ഛേദം ചെയ്തു വധിയ്ക്കാത്തതിനു വിപ്ളവത്തെ കുറ്റപ്പെടുത്തുന്ന ലെഗ്രാൻഡിനെന്താണു സ്വന്തം കുടുംബത്തിൽ അങ്ങനെയൊരു സാമൂഹ്യനീതി നടപ്പാക്കാത്തതെന്നു മുത്തശ്ശി ചോദിച്ചു.

"കണ്ടതു നന്നായി, കൂട്ടുകാരേ!", ഞങ്ങളുടെ നേർക്കു നടന്നു വരുമ്പോൾ അദ്ദേഹം പറയും. "കുറച്ചു സമയം ഇവിടെയിങ്ങനെ ചിലവഴിയ്ക്കാൻ കഴിയുന്ന നിങ്ങളൊക്കെ തികച്ചും ഭാഗ്യവാന്മാരാണ്, അതെ, സമ്മതിയ്ക്കാതെ വയ്യ! എനിയ്ക്കു പക്ഷേ നാളെ വീണ്ടും നഗരത്തിലെ മാളത്തിൽ ചെന്നൊളിയ്ക്കണം!", അവ്യക്തമായൊരു മോഹഭംഗത്തിന്റെ പതിവുള്ള ചിരി, ഒരു വിരോധാഭാസത്തിന്റെ സൗമ്യതയിലൊതുക്കി അദ്ദേഹം പറഞ്ഞു, "ഈ ലോകത്തൊരു പ്രയോജനവുമില്ലാത്ത സകല വസ്തുക്കളും എന്റെ വീട്ടിലുണ്ട്. പക്ഷേ എല്ലാവർക്കും എപ്പോഴും അവശ്യം വേണ്ട ആകാശത്തിന്റെ ഒരു തുണ്ടുപോലും എന്റെ വീട്ടിലില്ല!"; എന്റെ നേരേ തിരിഞ്ഞ് അദ്ദേഹം തുടർന്നു, "നോക്കു യുവസുഹൃത്തേ, ജീവിതത്തിനുമേലേ ഇതുപോലൊരു തുണ്ട് തുറന്ന ആകാശം നിനക്കു തണലായി നിൽക്കട്ടെ! നിന്റെയുള്ളിൽ അ

പൂർവസിദ്ധിയുള്ള ഒരാത്മാവും പ്രതിഭാധനമായൊരു കലാഹൃദയവു മുണ്ട്; നീയതിനെ എന്തുവന്നാലും ഒരിയ്ക്കലും പട്ടിണിയ്ക്കിടരുത്!".

ഞങ്ങൾ വീട്ടിലെത്തിയ വിവരം അറിയുന്ന നിമിഷം അമ്മായി, കുർബാനയ്ക്ക് മാഡം ഗൗപിൽ വൈകിയാണ് വന്നതെന്നുറപ്പു വരു ത്താൻ ആരെയെങ്കിലും പറഞ്ഞുവിടും. അതിനെക്കുറിച്ചൊരു ധാര ണയുമില്ലാത്ത ഞങ്ങൾ പക്ഷേ, പകരം അവർക്കു വല്ലാത്ത ഉൽക്ക ണ്ഠയുളവാക്കുന്നവിധം, പള്ളിയിലൊരാൾ വന്നു ഗിൽബർത്തിന്റെ ചിത്രം പകർത്തുന്നതു കണ്ടതായി പറയും. വാർത്ത കേൾക്കുന്ന നി മിഷം, തിയഡോറിനോടു ചോദിച്ച് വിവരങ്ങൾ സൂക്ഷ്മമായി മനസ്സി ലാക്കി വരാൻ ഫ്രാങ്കോയ്സ് അടിയന്തിരമായി പലചരക്കുകടയി ലേയ്ക്കു പറഞ്ഞയയ്ക്കപ്പെടും. മിക്കവാറും തിയഡോറിനെ കാണാതെ അവൾ വെറുംകൈയോടെ മടങ്ങിവരും. പള്ളിയിലെ പാട്ടുകാരനും പലചരക്കുകടയിലെ സഹായിയുമായി പല ജോലികൾ ചെയ്തിരുന്ന തിയഡോർ എല്ലാവരുമായും നല്ല ബന്ധം പുലർത്തി സകല വിഷയ ങ്ങളിലും വിജ്ഞാനകോശതുല്യമായ അറിവു നേടിയിരുന്നു.

"ഹോ!", അപ്പോൾ അമ്മായി നെടുവീർപ്പിടും, "യൂലാലി വന്നിരു ന്നെങ്കിൽ! അവൾക്കു മാത്രമേ കാര്യം ശരിയ്ക്കു പറയാനറിയൂ!".

ബധിരയും മുടന്തിയും ഉത്സാഹിയുമായൊരു വൃദ്ധകന്യകയായിരു ന്നു, യൂലാലി. ചെറുപ്പം മുതൽക്കേ മാഡം ബ്രെറ്റോണറിയുടെ പരിചാ രികയായി കഴിഞ്ഞ അവൾ, അവരുടെ മരണശേഷം പള്ളിയുടെ തൊട്ടടുത്തൊരു മുറിയിൽ ഒറ്റയ്ക്കു താമസിച്ചുപോന്നു. ഞായറാഴ്ച കുർ ബാനയിൽ പങ്കെടുക്കാനോ ചടങ്ങുകളില്ലാത്തപ്പോൾ ഒറ്റയ്ക്കിരുന്നു പ്രാർത്ഥിയ്ക്കാനോ വല്ലപ്പോഴും തിയഡോറിനെ സഹായിയ്ക്കാനോവേ ണ്ടി അവളിടയ്ക്കിടെ മുറിയിൽനിന്നു പുറത്തേയ്ക്കു വരുന്നതു കാണാം. ബാക്കി സമയം മുഴുവൻ അവൾ ലിയോണി അമ്മായിയെപ്പോലുള്ള രോഗികളെ ചെന്നു കണ്ടു പള്ളിയിലെ വിശേഷങ്ങൾ വിവരിച്ചുകേ ൾപ്പിയ്ക്കുകയാണു പതിവ്. നല്ലകാലത്തു ജോലി ചെയ്തിരുന്ന വീട്ടുകാ

രിൽനിന്നുള്ള തുച്ഛമായ വരുമാനത്തിനു പുറമേ, അവൾ ചിലപ്പോഴൊക്കെ വികാരിയച്ചന്റെ വീട്ടിൽ തുണിയലക്കുകയോ സർക്കാരുദ്യോഗസ്ഥന്മാർക്കു വേണ്ടതൊക്കെ നിറവേറ്റിക്കൊടുക്കുകയോ ചെയ്തു ദൈനന്ദിനാവശ്യങ്ങൾക്കുള്ള പണം വേറേയും സമ്പാദിച്ചിരുന്നു. സദാ കറുത്ത തുണി പുതച്ചു വെളുത്ത ശിരോവസ്ത്രം മാത്രം ധരിയ്ക്കുന്ന അവളൊരു കന്യാമഠത്തിലെ അംഗമാണെന്നു പെട്ടെന്നു പലരും തെറ്റിദ്ധരിച്ചു പോകും. ഒരിയ്ക്കലും മാറാത്ത ഒരു ചർമ്മരോഗം അവളുടെ കവിളിൽ ചില വെളുത്ത പാടുകൾ സൃഷ്ടിച്ചു; അവളുടെ വളഞ്ഞ മൂക്ക് ബൽസാംപഴംപോലെ ചുവന്നു തുടുത്തിരുന്നു. ഇപ്പോൾ കുറച്ചു കാലമായി ബഹുമാനപ്പെട്ട വികാരിയച്ചനെയല്ലാതെ മറ്റാരേയും കാണാൻ താൽപ്പര്യം കാണിയ്ക്കാത്ത അമ്മായിയ്ക്കു ജീവിതത്തിന്റെ മടുപ്പിൽനിന്നു കുറച്ചു നേരത്തേയ്ക്കൊരു മോചനമാണു യൂലാലിയുടെ ഇടയ്ക്കിടെയുണ്ടാകാറുള്ള സന്ദർശനം. മാത്രമല്ല, അക്കാലത്തു സന്ദർശകപ്പട്ടികയിലെ പേരുകളോരോന്നായി പതുക്കെപ്പതുക്കെ അമ്മായി മായ്ക്കാനും തുടങ്ങിയിരുന്നു. തന്നെ കാണാൻ വരുന്നവരെ അമ്മായി രണ്ടു വിഭാഗത്തിൽപ്പെട്ട കുറ്റവാളികളായാണു കണക്കാക്കിയത്. രണ്ടു കവിൾ ജീരകവെള്ളം മാത്രം കുടിച്ചു പതിന്നാലു മണിക്കൂറോളം തള്ളിനീക്കുന്ന തന്നെ ഭക്ഷണത്തിന്റെ കാര്യത്തിൽ ശ്രദ്ധിയ്ക്കണമെന്നുപദേശിച്ചു നിലവിലെ മരുന്നുകൾക്കും വിശ്രമത്തിനും പകരം വെയിലത്തൊരു നടത്തവും ഗോമാംസം ചേർത്ത ഭക്ഷണവും ഗുണം ചെയ്യുമെന്ന വിധ്വംസകവാദം വിളമ്പാൻ വെമ്പി വരുന്നവരായിരുന്നു, ആദ്യത്തെ കുറ്റവാളികൾ! രണ്ടാമത്തെ കൂട്ടരാകട്ടെ, അമ്മായിയുടെ നിരന്തരമായ ആവലാതികൾ സാധൂകരിയ്ക്കുന്നവിധത്തിൽ അസുഖത്തിനു കരുതിയതിലേറെ ഗൗരവമുണ്ടെന്നു തുറന്നു പ്രഖ്യാപിച്ചു! അതുകൊണ്ടു തികഞ്ഞ ആശങ്കയോടും ഫ്രാങ്കോയ്സിന്റെ അടിയന്തിരമായ അപേക്ഷ മാനിച്ചും മാത്രമേ അമ്മായി ഈ രണ്ടുകൂട്ടരേയും തന്റെ മുറിയിലേയ്ക്കു പ്രവേശിപ്പിയ്ക്കാറുള്ളൂ. അങ്ങനെയൊരു ആദരവിനു പാത്രമാകാൻ തീർത്തും അനർഹരാണെന്ന ഭാവത്തിൽ സംസാരമദ്ധ്യേ

ചെറിയൊരു സങ്കോചത്തോടെ അവർ ചോദിയ്ക്കും: “നല്ല തെളിഞ്ഞ ദിവസം കുറച്ചുനേരം പുറത്തിറങ്ങി നടക്കുന്നതൊരു സുഖമല്ലേ?” അതല്ലെങ്കിൽ അമ്മായി അവരോടു പറയും: “പ്രിയപ്പെട്ടവരേ, എന്റെ കാര്യം വളരെ മോശമായിക്കഴിഞ്ഞു. എല്ലാം അവസാനിയ്ക്കാറായെന്നു തോന്നുന്നു!”. അപ്പോൾ കേട്ടു നിൽക്കുന്നവർ, “അതേയതെ, ആത്മബലമില്ലെങ്കിൽ പിന്നെയെന്തു ചെയ്യും? പക്ഷേ, അങ്ങനെ പേടിയ്ക്കാനുള്ള സമയമൊന്നുമായിട്ടില്ല”ന്നാണു പറയുന്നതെങ്കിൽ അവർക്കുവേണ്ടി പിന്നീടൊരിയ്ക്കലും ആ വാതിലുകൾ തുറക്കില്ല! കിടയ്ക്കയിൽ കിടന്നു തെരുവിലേയ്ക്കു കണ്ണോടിയ്ക്കുമ്പോൾ തന്നെ കാണാനുദ്ദേശിച്ച് അവരിലാരെങ്കിലും വരുന്നതായി കണ്ടാൽ, അല്ലെങ്കിൽ അപ്രതീക്ഷിതമായി വാതിൽമണി മുഴങ്ങിയാൽ, അവരുടെ മുഖത്തു പ്രത്യക്ഷപ്പെടുന്ന പരിഭ്രാന്തി ഫ്രാങ്കോയ്സ് സശ്രദ്ധം നിരീക്ഷിയ്ക്കും. വരുന്നവരെ വെറുംകൈയുമായി പറഞ്ഞയയ്ക്കാൻ അമ്മായി സ്വീകരിയ്ക്കുന്ന അടവുകളും അവരെ കാണാൻ കഴിയാതെ മടങ്ങേണ്ടി വരുന്നവരുടെ ആവലാതികളും ഫ്രാങ്കോയ്സിനു പലപ്പോഴും ഉള്ളു തുറന്നു ചിരിയ്ക്കാനുള്ള വക നൽകാറുണ്ട്. മാത്രമല്ല, മറ്റുള്ളവരേക്കാൾ ഒരുപടി മേലേയാണു സ്വന്തം സ്വാമിനിയെന്നു വിശ്വസിച്ചിരുന്ന അവളുടെ മനസ്സിൽ അതുകൊണ്ട് അമ്മായിയെക്കുറിച്ചു രഹസ്യമായൊരു ആരാധനപോലും കടന്നുകൂടി. ചുരുക്കത്തിൽ, കാണാൻ വരുന്നവരാരായാലും, തന്റെ നിലവിലെ ജീവിതരീതി അംഗീകരിയ്ക്കുകയും വേദനകളിൽ സഹതപിയ്ക്കുകയും ആത്യന്തികമായ രോഗമുക്തി ആശംസിയ്ക്കുകയും ചെയ്യണമെന്ന നിർബന്ധം അമ്മായി എന്നും പുലർത്തിപ്പോന്നു.

ഈ വിഷയങ്ങളിലെല്ലാം അതിശയകരമായ കഴിവും മികവും യൂലാലി പ്രകടിപ്പിച്ചിരുന്നു. മിനിട്ടിൽ ഒരിരുപതു തവണ അമ്മായി അവളോടു പറയും: “എന്റെ യൂലാലീ, സകലതും അവസാനിയ്ക്കാറായി!” അതു കേട്ട് ഇരുപതു തവണയും യൂലാലി തിരിച്ചടിയ്ക്കും: “മാഡം ഒക്ടേവ്, ഈ രോഗത്തെക്കുറിച്ചു നല്ല ബോദ്ധ്യമുള്ളതുകൊണ്ടു പറയട്ടെ,

മാഡം സസറേൻ പ്രവചിച്ചതുപോലെ അവിടുന്നൊരു നൂറുവയസ്സുവരെ ജീവിച്ചിരിയ്ക്കും!" മാഡം സസററ്റിനെ സസറേനായി കാണുന്ന ഒരന്ധവിശ്വാസം, അനുഭവംകൊണ്ടു തിരുത്താവുന്ന തെറ്റുകളുടെ പട്ടികയിൽനിന്നു മായ്ക്കാനാവാത്തവിധം യൂലാലിയുടെ മനസ്സിൽ വേരുറച്ചുപോയിരുന്നു.

"നൂറുവയസ്സുവരെയൊന്നും ജീവിച്ചിരിയ്ക്കാൻ എനിയ്ക്കാഗ്രഹമില്ല!", വരാനുള്ള ദിവസങ്ങൾക്കു കൃത്യമായൊരു പരിധി നിശ്ചയിയ്ക്കാൻ ഇഷ്ടപ്പെടാത്തതുപോലെ അമ്മായി പറയും.

ഇതിനൊക്കെ പുറമേ, അമ്മായിയ്ക്കു ക്ഷീണം തോന്നാത്തവിധം സംസാരം നീട്ടിക്കൊണ്ടു പോകാനും വേണ്ട സമയത്തു ശ്രദ്ധ തിരിയ്ക്കാനും യൂലാലിയ്ക്കു നല്ല വിരുതുണ്ട്. അപ്രതീക്ഷിതമായ തടസ്സങ്ങളില്ലെങ്കിൽ അവൾ ഞായറാഴ്ച വൈകുന്നേരമാണു വരാറുള്ളത്. സന്ദർശനത്തിനു മുന്നോടിയായി, സംസാരം തുടങ്ങിവെയ്ക്കാനുള്ള വിശപ്പുളവാക്കുന്ന ചില വാർത്തകൾ അമ്മായി നേരത്തെ കരുതിവെയ്ക്കും. യൂലാലി വരാൻ തെല്ലൊന്നു വൈകിയാൽ അവർ ദീർഘനേരമായി അടക്കിപ്പിടിച്ച ആ വിശപ്പിന്റെ വിവശതയിലേയ്ക്കു പെട്ടെന്നു പൊട്ടി വീഴും. അവസാനം യൂലാലിയെ കാത്തിരിയ്ക്കുന്ന ഹർഷോന്മാദം ഒരു പീഡനമായി മാറുമ്പോൾ, നാഴികമണിയിൽനിന്നു കണ്ണെടുക്കാതെ, താനനുഭവിയ്ക്കുന്ന ഓരോ രോഗലക്ഷണങ്ങളെക്കുറിച്ചും മാറിമാറി അവർ പരാതിപ്പെടും. അവളിനി വരാനിടയില്ലെന്നു കരുതി പ്രതീക്ഷ കൈവിടുമ്പോൾ, മുൻവശത്തെ വാതിൽമണി മുഴങ്ങുന്നതു കേട്ടാൽ അവരുടനെ വികാരമൂർച്ഛയുടെ ചില ലക്ഷണങ്ങൾ പ്രകടിപ്പിയ്ക്കും. ഞായറാഴ്ചദിവസം യൂലാലിയുടെ വരവിനെക്കുറിച്ചല്ലാതെ മറ്റൊന്നും അമ്മായി ചിന്തിയ്ക്കാറില്ല. അതുകൊണ്ട് കുറച്ചുനേരം അമ്മായിയെ 'സൽക്കരിച്ചുകളയാ'മെന്നു കരുതി ഉച്ചഭക്ഷണം കഴിഞ്ഞാലുടനെ ഞങ്ങൾ മുകളിലേയ്ക്കു കയറിച്ചെല്ലും. മാനത്തു സൂര്യൻ തെളിഞ്ഞു പ്രകാശിയ്ക്കുന്ന ദിവസങ്ങളിൽ അന്തരീക്ഷോഷ്മാവ് പതുക്കെ കുതിച്ചുയരുമ്പോൾ, സാങ്ഹിലൈരേയുടെ ഗോപുരാഗ്രത്തിൽ മുഴക്കത്തോടെ

പന്ത്രണ്ടു തവണ തട്ടിച്ചിതറുന്ന മണിനാദം ഞങ്ങളുടെ മേശപ്പുറത്തു വന്നെത്തിയ 'വിശുദ്ധമായ അപ്പ'ത്തിൽ തട്ടി പതിവുപോലെ പ്രതിധ്വനിച്ചു. അറബിക്കഥകളുടെ ചിത്രങ്ങളെഴുതിയ തളികകളും മുന്നിൽ വെച്ച്, പകലിന്റെ ചൂടും കനത്ത ഭക്ഷണവും മൂലം ആലസ്യം ബാധിച്ച ഞങ്ങളിരുന്നു. മുട്ട, കട്ലെറ്റ്, ഉരുളക്കിഴങ്ങ്, അച്ചാർ, ബിസ്ക്കറ്റ്, തുടങ്ങി ഞങ്ങളോടു ചോദിയ്ക്കുകയോ പറയുകയോ ചെയ്യാതെ മേശപ്പുറത്തു നിരത്തിവെച്ച വിഭവങ്ങളുടെ അചഞ്ചലമായ അസ്ഥിവാരത്തിനുമീതെ തോട്ടത്തിൽനിന്നുഴുതെടുത്ത കഠിനാദ്ധ്വാനവും, വസന്തത്തിലെ വിളവെടുപ്പും, ചന്തയിലെ സൗഭാഗ്യങ്ങളും, അയൽക്കാരുടെ അനുകമ്പയും, സർവ്വോപരി ആത്മപ്രതിഭയുടെ പ്രമാണങ്ങളും കൂടി കുറിപ്പടികളായി ഫ്രാങ്കോയ്സ് ചേർത്തുവെയ്ക്കും. അങ്ങനെ ഞങ്ങളുടെ വിഭവവിവരപ്പട്ടിക പതിമൂന്നാം നൂറ്റാണ്ടിൽ വിശുദ്ധദേവാലയങ്ങളുടെ പൂമുഖത്തു ചിത്രീകരിയ്ക്കാറുള്ള ശ്ലഥബിംബങ്ങൾപോലെ, മീൻവിൽപ്പനക്കാരി ജീവനുണ്ടെന്നു തീർച്ച വരുത്തിയ കുറച്ചു കരിമീൻ, റൂസ്സെൻവില്ലെ ചന്തയിൽനിന്നു ഫ്രാങ്കോയ്സ് നേരിട്ടു വാങ്ങിയ സുന്ദരനായ പൂവൻകോഴി, ഞങ്ങൾക്കുവേണ്ടി മുമ്പൊരിയ്ക്കലുമുണ്ടാക്കാത്ത മേദസ്സുറ്റ കൊള്ളിക്കിഴങ്ങ്, ആമാശയത്തിലെ ശുദ്ധവായുവിൽ കഴിച്ചതെല്ലാം 'ദഹിച്ചുപോകാനു'ദ്ദേശിച്ചു പൊരിച്ചെടുത്ത ഒരാട്ടിറച്ചിക്കഷണം, വെറുതെയൊരു മാറ്റത്തിനുവേണ്ടി ചുവന്ന ചീര, ദുർലഭമായ ബൽസാം പഴങ്ങൾ, രണ്ടാഴ്ച കഴിഞ്ഞാലൊരെണ്ണംപോലും കണി കാണാനാവാത്ത നെല്ലിയ്ക്ക, സ്വന്തം തോട്ടത്തിൽനിന്നു സ്വാൻ കൊണ്ടുവന്നു കൊടുത്ത ചാമ്പയ്ക്ക, രണ്ടു വർഷമായി കായ്ക്കാതിരുന്ന മരത്തിൽ ആദ്യമായുണ്ടായ ചെറിപ്പഴങ്ങൾ, എനിയ്ക്കു വളരെ പ്രിയപ്പെട്ട പാലട, തലേദിവസം വൈകുന്നേരത്തേയ്ക്കുവേണ്ടി വാങ്ങിയ ബദാം റൊട്ടി, പള്ളിയിലെ വിശുദ്ധമായ അപ്പത്തിനു പകരം ഞങ്ങൾ 'സമർപ്പിയ്ക്കാ'റുള്ള വിചിത്രമായ അപ്പം എന്നിങ്ങനെ കാലവസ്ഥയുടെ ആനുകൂല്യങ്ങളും മനുഷ്യജീവിതത്തിന്റെ ആകസ്മികതകളും ഒരുപോലെ

പ്രതിഫലിപ്പിച്ചു. ഇത്തരം വിഷയങ്ങളിൽ പ്രത്യേകതാൽപ്പര്യം കാണിയ്ക്കുന്ന അച്ഛനമ്മമാരെ മനസ്സിലോർത്തു പെട്ടെന്നു ചെയ്തു തീർക്കേണ്ട ഭക്ഷണകർമ്മം നിർവഹിച്ചുകഴിയുമ്പോൾ, സ്വന്തം കൈപ്പുണ്യമാകെ കോരിച്ചൊരിഞ്ഞ ഫ്രാങ്കോയ്സിന്റെ ചോക്കളേറ്റ്, രാഗവിസ്താരത്തിനുമുമ്പുള്ള 'ദ്രുതകാലപദം'പോലെ, മേശപ്പുറത്തു പ്രത്യക്ഷപ്പെടും. അപ്പോൾ, 'മതി, ഇനി വയ്യ, ഭക്ഷണം കഴിഞ്ഞു, വിശപ്പു മാറി',യെന്നൊരു കാരണം പറഞ്ഞു മധുരോപഹാരം നിരസിയ്ക്കുന്നവർ, കലാകാരൻ പാരിതോഷികമായി സമ്മാനിയ്ക്കുന്ന മൌലികസൃഷ്ടിയുടെ പ്രസക്തിയും കലാമൂല്യവും മനസ്സിലാക്കാതെ അളവും തൂക്കവും വിലയും മാത്രം പരിശോധിയ്ക്കുന്ന കപടാസ്വാദകരുടെ നിന്ദ്യമായ നിലവാരത്തിലേയ്ക്കു സ്വയം താഴ്ന്നുപോകാതിരിയ്ക്കില്ല! മാത്രമല്ല, വിഭവങ്ങളുടെ ചെറിയൊരംശംപോലും തളികയിൽ ബാക്കിവെയ്ക്കുന്നത്, സംഗീതജ്ഞൻ പാടുന്ന 'സ്വന്തം കൃതി' കേൾക്കാൻ വിമുഖത ഭാവിച്ചു സദസ്സിനു മുന്നിലൂടെ പരസ്യമായി പുറത്തേയ്ക്കു പോകുന്നതുപോലെ, തികഞ്ഞ അപമര്യാദയായും കണക്കാക്കപ്പെടും!

ഭക്ഷണം കഴിഞ്ഞാൽ അമ്മ വന്നെന്നോടു പറയും: "നോക്ക്, പകൽ മുഴുവൻ ഇവിടെയിങ്ങനെ ഇരിയ്ക്കണ്ട! പുറത്തു വല്ലാത്ത ചൂടു തോന്നുന്നുണ്ടെങ്കിൽ മുറിയിലേയ്ക്കു പൊയ്ക്കോ. പക്ഷേ, അതിനുമുമ്പ് കുറച്ചു ശുദ്ധവായു അകത്തേയ്ക്കു കടക്കട്ടെ, ഭക്ഷണം കഴിഞ്ഞയുടനെ വായിയ്ക്കാൻ തുടങ്ങേണ്ട!".

അങ്ങനെ കാറ്റു കൊള്ളാൻവേണ്ടി ഞാൻ തോട്ടത്തിലെ വെള്ളത്തൊട്ടിയ്ക്കടുത്തു ചെന്നിരിയ്ക്കും. വിചിത്രജീവികളുടെ രൂപങ്ങൾ കൊത്തിയ വെള്ളത്തൊട്ടി വലിയൊരു പാറയിൽനിന്നു തുരന്നെടുത്ത കൃശകണ്ഠമായൊരു ശരീരംപോലെ കാണപ്പെട്ടു. തോട്ടത്തിന്റെ മൂലയ്ക്കൽ തെരുവിലേയ്ക്കു തുറക്കുന്ന വാതിലിനരികെ ചാരുപടിയില്ലാത്ത ബെഞ്ചിൽ വെറുതേയിരിയ്ക്കുമ്പോൾ ഊഷരമായ മണ്ണിലുയർന്നു നിൽക്കുന്ന കറുത്ത രണ്ടു കരിങ്കൽപ്പാതകൾ, ഒന്നു വീട്ടിലേയ്ക്കും മറ്റൊന്നടുക്കളയിലേയ്ക്കും, നീണ്ടുകിടക്കുന്നതു ഞാൻ കണ്ടു. തോട്ടത്തിൽനിന്നു

നോക്കുമ്പോൾ ചുവന്ന ഇഷ്ടിക വിരിച്ച നിലം വജ്രംപോലെ വെട്ടി ത്തിളങ്ങി. വീനസിന്റെ ചെറിയൊരു ദേവാലയംപോലുള്ള ആ കെ ട്ടിടം യഥാർത്ഥത്തിൽ ഫ്രാങ്കോയ്സിന്റെ താവളമാണെന്നു തോന്നി ച്ചതേയില്ല. പാൽക്കാരനും പഴവ്യാപാരിയും പച്ചക്കറിക്കാരനും ഗ്രാ മീണരായ കർഷകരും സമർപ്പിക്കുന്ന കാഴ്ച്ചദ്രവ്യങ്ങളുടെ സമൃദ്ധിയിൽ ആ താവളം ചിലപ്പോഴൊക്കെ വായുസഞ്ചാരമില്ലാതെ ശ്വാസം മുട്ടാ റുണ്ട്. അടുക്കളയുടെ മേൽക്കൂരയിൽ താമസിക്കുന്ന പ്രാവുകളുടെ കുറു കൽ ഇടയ്ക്കിടെ അന്തരീക്ഷത്തിൽ മുഴങ്ങിക്കേൾക്കാം.

പണ്ടൊക്കെ ഫ്രാങ്കോയ്സിന്റെ 'ദേവാലയം' സ്ഥിതി ചെയ്യുന്ന ഈ തോട്ടത്തിൽ ഞാനിങ്ങനെയിരുന്നു സമയം കളയാറില്ല. മുകളി ലെ മുറിയിലേക്കു വായിക്കാൻ പോകുന്നതിനുമുമ്പ് മുത്തച്ഛന്റെ അനി യൻ, പട്ടാളത്തിൽ മേജറായി വിരമിച്ച അഡോൾഫ് അമ്മാമൻ, ഉ പയോഗിച്ചിരുന്ന താഴത്തെ നിലയിലെ മുറിയിലേക്കു ഞാനാരുമറി യാതെ ഒളിച്ചു കടക്കുകയാണു പതിവ്. തുറന്നു കിടന്ന ജനലിലൂടെ ചൂ ടു വരുമെങ്കിലും മുറിയിൽ പക്ഷേ സൂര്യരശ്മി പതിക്കാറില്ല. അന്തരീ ക്ഷത്തിൽ തളംകെട്ടിയ ദുഷിച്ച വായുവും പുറത്തെ ശുദ്ധവായുവും കൂ ടിക്കലരുമ്പോഴുള്ള ഗന്ധം ശ്വസിക്കുമ്പോൾ, ഉപയോഗശൂന്യമായൊ രു വെടിമരുന്നുമുറിയിലേക്കു കടന്നതുപോലെ എന്റെ നാസാദ്വാരങ്ങ ൾ വിടരും. പക്ഷേ, ഈയിടെയായി അമ്മാമന്റെ ആ മുറിയിലേക്കു ഞാൻ തീരെ പ്രവേശിക്കാറില്ല. ഞാനറിയാതെ ചെയ്തുപോയ ഒരു തെറ്റിന്റെപേരിൽ അദ്ദേഹം കുടുംബാംഗങ്ങളുമായി കലഹിച്ചു കോം ബ്രേയിലേക്കു വരാതായി. ഇതായിരുന്നു ആ സംഭവം: നഗരത്തിൽ താമസിക്കുന്ന അദ്ദേഹത്തെ മാസത്തിൽ ഒന്നുരണ്ടു തവണ ചെന്നു ക ണ്ട് ഉപചാരം പറയാൻ വീട്ടുകാരെന്നെ പതിവായി പറഞ്ഞയച്ചിരു ന്നു. ഞാൻ ചെല്ലുമ്പോൾ മിക്കവാറും വളരെ സാധാരണമായൊരു കോട്ടും ധരിച്ച് അദ്ദേഹം ഭക്ഷണം കഴിക്കുകയായിരിക്കും. വെളുപ്പും ചു വപ്പും വരകളുള്ള കുപ്പായം ധരിച്ച ഭൃത്യൻ അദ്ദേഹത്തിനു വേണ്ടതു ചെയ്തുകൊടുക്കാൻ തൊട്ടടുത്തു നിൽക്കുന്നുണ്ടാവും. എന്നെ കാണു

ന്ന നിമിഷം, 'കണ്ടിട്ടു വളരെ നാളായെന്നും തന്നെ മന:പൂർവം അവഗണിയ്ക്കുകയാണെ'ന്നും അമ്മാമൻ പരാതി പറയാൻ തുടങ്ങും. തുടർന്ന് എനിയ്ക്കൊരു ആപ്പിളോ മധുരനാരങ്ങയോ തന്ന് അദ്ദേഹം, മറ്റാരും ഒരിയ്ക്കലും പെരുമാറിയതായി തോന്നാത്ത, അടുത്ത മുറിയിലേയ്ക്കു കടക്കും. കസേരകളും മേശകളും മിനുസമുള്ള മഞ്ഞപ്പട്ടിൽ പൊതിഞ്ഞ്, ചുമരുകളിൽ കുമ്മായവും മേൽത്തട്ടിൽ ആകാശത്തിന്റെ നീലച്ഛായവും പൂശിയ ആ മുറി കടന്നു ഞങ്ങൾ അമ്മാമന്റെ 'പഠന'മുറിയിലെത്തും. സുന്ദരിയായൊരു നടി സ്വയം കാറോടിയ്ക്കുന്നതും ഗോളത്തിൽ കയറി നിൽക്കുന്നതും നെറ്റിയിൽ നക്ഷത്രം ധരിയ്ക്കുന്നതുമായി രണ്ടാം റിപ്പബ്ലിക്കിന്റെ ഭരണകാലത്തു ജനപ്രീതി നേടിയ ചില ചിത്രങ്ങൾ ചുമരിലെ ഇരുണ്ട പശ്ചാത്തലത്തിൽ തൂങ്ങിക്കിടന്നു. പുരാതനനഗരമായ പോമ്പെയുമായി അദൃശ്യബന്ധം സൂചിപ്പിയ്ക്കുന്ന അത്തരം ചിത്രങ്ങൾക്കു പൊതുവേ ജനങ്ങൾക്കിടയിൽ അക്കാലത്തൊരു അസ്വീകാര്യതയുണ്ടായിരുന്നു. പക്ഷേ, ഇന്നിപ്പോൾ അവ ശേഖരിയ്ക്കാൻ ജനങ്ങൾക്കൊരു ആവേശംതന്നെയുണ്ട്; രണ്ടാം റിപ്പബ്ലിക്കിന്റെ ഓർമ്മയുണർത്തുന്ന ആ ചിത്രങ്ങളിൽ അവരഭിമാനം കൊള്ളുന്നു. എപ്പോഴാണു യാത്ര പുറപ്പെടുന്നതെന്ന വണ്ടിക്കാരന്റെ ചോദ്യവുമായി ഭൃത്യൻ വരുന്നതുവരെ ഞാൻ അമ്മാമന്റെകൂടെ ആ മുറിയിൽ നിൽക്കും. ധ്യാനത്തിൽ മുഴുകി സ്വയം മറന്നു നിൽക്കുന്ന അമ്മാമനെ നോക്കി അത്ഭുതത്തോടെ, ചെറിയൊരു ചലനംകൊണ്ടുപോലും അദ്ദേഹത്തെ അലോസരപ്പെടുത്താതെ, ഒരിയ്ക്കലും മാറ്റമില്ലാത്ത ഒരേയൊരുത്തരത്തിനായി അയാൾ കാത്തുനിൽക്കും. ഒടുവിൽ, സംശയത്തിന്റെ വലിയൊരു പ്രതിസന്ധി തരണം ചെയ്തതുപോലെ അദ്ദേഹം പറയും: “രണ്ടേകാലിന്!“ രണ്ടാമതൊന്നു ചോദിയ്ക്കാൻ നിൽക്കാതെ വിസ്മയത്തോടെ അയാളാവർത്തിയ്ക്കും: “രണ്ടേകാലിന്! ശരി സർ, ഞാൻ ചെന്നു വണ്ടിക്കാരനോടു പറയാം.......!“

അച്ഛനമ്മമാർ ഒരൊറ്റ നാടകംപോലും കാണിച്ചു തന്നിട്ടില്ലെങ്കിലും അക്കാലത്തു ഞാൻ നാടകകലയുടെ കടുത്ത ആരാധകനായിരു

ന്നു. ഒരുപക്ഷേ വിഷയേച്ഛയില്ലാത്ത കാൽപ്പനികമായൊരു ആരാധ ന മൂലമായിരിയ്ക്കാം നാടകാസ്വാദനത്തിലെ ആനന്ദത്തെക്കുറിച്ചു ഞാ ൻ മെനഞ്ഞെടുത്ത ധാരണകൾ മിക്കതും പരമാബദ്ധങ്ങളായി മാറി. സദസ്യർക്കു മുമ്പാകെ അവതരിപ്പിയ്ക്കുന്ന രംഗങ്ങളുമായി പൊരുത്തമു ണ്ടെങ്കിലും, ഓരോ പ്രേക്ഷകനും തനിയ്ക്കായി മാത്രം തയാറാക്കിയ ദ്ര ശ്യങ്ങളാണു വേദിയിൽ കാണുന്നതെന്നു ഞാനുറച്ചു വിശ്വസിച്ചു.

ദിവസേന രാവിലെ പുതിയ നാടകങ്ങളെക്കുറിച്ചറിയുന്നതിനുവേ ണ്ടി ഞാൻ പത്രത്തിലെ നാടകപംക്തി ധൃതിയിൽ മറിച്ചു നോക്കും. ആ വാർത്തകൾ നൽകുന്ന സ്വപ്നസമാനമായ വിചാരങ്ങൾക്കുപരി മ റ്റൊന്നിനും അന്നെന്റെ മനസ്സിനെ സ്വാധീനിയ്ക്കാൻ കഴിഞ്ഞിട്ടില്ല. പശയുണങ്ങാതെ ഒട്ടിപ്പിടിച്ച പരസ്യവാചകങ്ങളിലെ നിറഭേദങ്ങളും നാടകത്തിന്റെ ശീർഷകത്തിൽ കണ്ട വാക്കുകളുടെ പരസ്പരബന്ധ ങ്ങളും എന്റെ ചിന്തയ്ക്കു ചിറകുകൾ നൽകി. 'ഒപ്പേറാകൊമിക്വേ'യുടെ പച്ചയായ കഥകളും 'കൊമേഡിഫ്രാങ്കൈസി'ന്റെ മഞ്ഞപ്രസാദവും അച്ചടിച്ചു കണ്ടപ്പോൾ 'ടെസ്റ്റമെന്റ് സീസർ ഗിരോഡോട്', 'ഈഡി പ്പെ റോയ്' തുടങ്ങിയ പേരുകളിലെ വാക്കുകളിൽനിന്നു ഡോമിനോ നോയറിന്റെ സുതാര്യമായ പട്ടുസാരിയേക്കാൾ ഡയമണ്ട് കോറോ ണിന്റെ വെള്ളത്തൂവൽത്തൊപ്പിയ്ക്കുള്ള മേന്മ എനിയ്ക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല. നാടകാസ്വാദനത്തിന്റെ തുടക്കം ഈ നാടകങ്ങളിൽനി ന്നാവണമെന്നു വീട്ടുകാർ ഉറപ്പിച്ചിരുന്നതുകൊണ്ട് ആ പേരുകൾ മാ റിമാറി ഉരുവിട്ട്, ഓരോന്നിൽനിന്നും ലഭിയ്ക്കാവുന്ന അനുഭൂതി മുൻകൂ ട്ടി പിടിച്ചെടുക്കാൻ ഞാനാവതും ശ്രമിച്ചു; മാത്രമല്ല, രണ്ടു രംഗാനുഭവ ങ്ങളുടേയും അനുഭൂതികൾ തമ്മിൽ താരതമ്യം ചെയ്തപ്പോൾ, ഒരുവശ ത്തു തീവ്രവും ഉൽക്കടവുമായൊരു ധാർഷ്ട്യത്തിന്റെ ചിത്രവും മറുവശ ത്തു ദുർബലവും മസൃണവുമായൊരു സൌമ്യതയുടെ ചിത്രവും ഞാൻ കണ്ടു. പക്ഷേ, രണ്ടിലേതിൽനിന്നു തുടങ്ങണമെന്നു കൃത്യമായി തീ രുമാനിയ്ക്കാനാകാതെ, വിഭവസമൃദ്ധമായ ഭക്ഷണത്തിനുശേഷം പാല ടയോ ചോക്കലേറ്റോ എന്തെങ്കിലുമൊന്നെടുക്കാൻ നിർബന്ധിയ്ക്കപ്പെ

ട്ടതുപോലെ, ഞാൻ കുഴങ്ങി.

കൂട്ടുകാരുമായുള്ള എന്റെ സംഭാഷണങ്ങളിൽ നടീനടന്മാരെക്കുറിച്ചുള്ള വിശേഷങ്ങളായിരുന്നു നിറഞ്ഞു നിന്നത്. അവരുടെ കലാപരമായ സിദ്ധികളെക്കുറിച്ച് വ്യക്തമായ അനുഭവജ്ഞാനമില്ലെങ്കിലും സംഖ്യാതീതമായ രൂപഭേദങ്ങൾ സങ്കൽപ്പിച്ച് ഞാൻ ആ ആനന്ദാനുഭൂതി മുൻകൂട്ടി കണ്ടറിഞ്ഞു. സ്വരഭേദം വരുത്തുന്നതിൽ ഒരു നടൻ പ്രകടിപ്പിക്കുന്ന വൈചിത്ര്യവിശേഷങ്ങൾക്കും മറ്റൊരാളുടെ നിരങ്കുശമായ കാർക്കശ്യത്തിനും മദ്ധ്യേ കാണുന്ന നിസ്സാരമായ വ്യത്യാസങ്ങൾക്കുപോലും പ്രവചനാതീതമായൊരു പ്രാധാന്യമുള്ളതായി ഞാൻ വിചാരിച്ചു. അവരെപ്പറ്റി പറഞ്ഞുകേട്ടതെല്ലാം ഞാൻ പ്രതിഭയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് പട്ടികകളുണ്ടാക്കി പകൽ മുഴുവൻ ഉരുവിട്ടു നടന്നു. അവസാനം, മായ്ച്ചാലും മായാത്ത ശിലാലിഖിതങ്ങൾപോലെ അവയെന്റെ തലച്ചോറിൽ നിരന്തരം അലോസരങ്ങളുണ്ടാക്കാൻ തുടങ്ങി.

വിദ്യാലയത്തിൽ ചെന്നിരുന്നു പഠിക്കുമ്പോൾ, അദ്ധ്യാപകന്റെ ശ്രദ്ധ മറ്റൊരിടത്തേക്കു തിരിയുന്നതു കണ്ടു പുതിയതായി വന്ന സുഹൃത്തിനോടു പതുക്കെ സംസാരിക്കാൻ ശ്രമിക്കുമ്പോൾ, നാടകങ്ങൾ കാണാൻ തുടങ്ങിയോ എന്ന ചോദ്യത്തിനാണു ഞാൻ പ്രധാനപരിഗണന നൽകിയത്. അനുകൂലമായ ഉത്തരമാണു ലഭിക്കുന്നതെങ്കിൽ, പറയത്തക്ക അഭിപ്രായവ്യത്യാസങ്ങളില്ലാതെ ഞങ്ങൾ ഒന്നാമത്തെ നടനായി ഗോട്ടിനേയും രണ്ടാമനായി ഡിലേനോവേയും സങ്കൽപ്പിക്കും. ഒരുപക്ഷേ അവന്റെ നോട്ടത്തിൽ ഡിലേനോവേ, കോക്വെലിനു താഴെയാണെന്നു വന്നാൽ അതുവരെ കോക്വെലിന്റെ പേരിനുണ്ടായിരുന്ന ശിലാതുല്യമായ ഗുരുത്വം നഷ്ടപ്പെട്ടു പെട്ടെന്നുണ്ടായ ലഘുത്വം മൂലം രണ്ടാമനായി ഉയരുകയും ഡിലേനോവേയുടെ പേരിൽ സഹജമായിരുന്ന ജീവോർജ്ജം ചോർന്നുപോയി മൂന്നാമനായി മാറുകയും ചെയ്യും; മാത്രമല്ല, അങ്ങനെ സ്ഥാനമാറ്റം നടക്കുന്നതിനിടയിൽ സ്വയം ഉത്തേജിതമാകുന്ന എന്റെ ബുദ്ധി സ്വപ്നസന്നിഭമായൊരു

ജീവിതത്തെക്കുറിച്ചുള്ള വിചാരത്തിൽ പ്രത്യാശാഭരിതവുമാകാറുണ്ട്.

നടീനടന്മാരെക്കുറിച്ചുള്ള അത്തരം സങ്കൽപ്പങ്ങൾ എന്നെ വളരെയേറെ സ്വാധീനിച്ചിരുന്നതുകൊണ്ട്, ഒരു ദിവസം ഫ്രാങ്കൈസ് തിയേറ്ററിൽനിന്നു പുറത്തേയ്ക്കിറങ്ങി വരുന്ന സുപ്രസിദ്ധനടിയായ മോബന്റിനെ കണ്ടു ഞാൻ പ്രഥമപ്രണയത്തിന്റെ പ്രാണവേദനയിൽ പിടഞ്ഞു വീണു. നാടകശാലയുടെ വാതിലിനു മുമ്പിൽ പതിച്ച നടികളുടെ പേരുകളോ, തെരുവിലൂടെ നടക്കുമ്പോൾ തൊട്ടുരുമ്മി കടന്നുപോയ കുതിരവണ്ടിയുടെ കിളിവാതിലിൽ കണ്ട റോസാപ്പൂ ചൂടിയ മുടിയോ അതല്ലെങ്കിൽ ഒരുപക്ഷേ നടിയാണെന്നു കരുതാവുന്ന ഒരു യുവതിയുടെ സുന്ദരമായ മുഖമോ യദൃച്ഛയാ കണ്ണിൽപ്പെട്ടാൽ, അവരുടെ സ്വകാര്യജീവിതത്തെക്കുറിച്ചു ചിന്തിച്ചു നടത്തുന്ന വ്യർത്ഥമായ വിചാരങ്ങൾ എന്റെ മനസ്സിൽ സൃഷ്ടിച്ച അസ്വസ്ഥതകൾക്കു യാതൊരു കൈയും കണക്കുമില്ല!

അഭിനയമികവിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധരായ നടികളെ സാറാ ബേൺഹാർഡ്, ബെർമ, മദലീൻ ബ്രോഹൻ, ജീൻ സമരി, എന്നിങ്ങനെ തരം തിരിയ്ക്കുമ്പോൾ ഞാൻ അവരോരോരുത്തരോടും പക്ഷപാതരഹിതമായ താൽപ്പര്യം പുലർത്തി. പ്രശസ്തരായ നടികൾക്കുപുറമേ മറ്റൊരു തരത്തിൽപ്പെട്ട ചില സ്ത്രീകളെയും അമ്മാമനു നല്ല പരിചയമുണ്ടായിരുന്നു; അവരിൽ പലരേയും അദ്ദേഹം സ്വന്തം വീട്ടിൽ വിളിച്ചു വരുത്തി സൽക്കരിയ്ക്കാനും മടിച്ചിരുന്നില്ല. ഞങ്ങളുടെ കുടുംബാംഗങ്ങൾക്കു നേരിട്ടിടപഴകാൻ തീരെ താൽപ്പര്യമില്ലാത്ത അവരുടെ സാന്നിദ്ധ്യമായിരുന്നു, സത്യത്തിൽ എന്റെ സന്ദർശനത്തിനു പ്രത്യേകമായ ചില ദിവസങ്ങൾ തിരഞ്ഞെടുക്കാൻ കാരണമായത്; അഥവാ ഞങ്ങളങ്ങനെ കരുതുകയെങ്കിലും ചെയ്തു. (ഒരിയ്ക്കലും വിവാഹിതരാകാത്ത) സുന്ദരികളായ വിധവകളും (ഉയർന്ന സ്ഥാനപ്പേരുകളുള്ള) അഭിജാതകളായ പ്രഭ്വികളും അവർക്കിടയിലുണ്ടായിരുന്നു. അവരെ ഞങ്ങൾക്കു പരിചയപ്പെടുത്തിത്തരാനുള്ള അമിതോത്സാഹവും, പൈതൃകമായി ലഭിച്ച രത്നാഭരണങ്ങൾ സമ്മാനി

ച്ച് അവരെ മാനിയ്ക്കാനുള്ള വ്യഗ്രതയും മൂലം അമ്മാമനു പലപ്പോഴും മുത്തച്ഛനുമായി മുഷിയേണ്ടി വന്നു. ചിലപ്പോൾ സംഭാഷണമദ്ധ്യേ ഒരു നടിയുടെ പേരു യാദൃച്ഛികമായി പരാമർശിയ്ക്കപ്പെട്ടാൽ അച്ഛൻ ചെറിയൊരു പുഞ്ചിരിയോടെ അമ്മയോടു പറയും, "ഒരുപക്ഷേ നിന്റെ അമ്മാമന്റെ അടുത്ത സുഹൃത്തായിരിയ്ക്കും!".

എത്രയേറെ ഉന്നതനായാലും പ്രായപൂർത്തിയായ ഒരു പുരുഷനു ചിലപ്പോഴൊക്കെ അത്തരക്കാരുടെ വീട്ടുവാതിൽക്കൽ വർഷങ്ങളോളം കാത്തുകെട്ടി കിടക്കേണ്ടിവരുമെന്നും കത്തുകൾക്കു മറുപടി ലഭിയ്ക്കാതെ പരിചാരകരുടെ പരിഹാസ്യമായ നോട്ടം നേരിടേണ്ടിവരുന്നും നിഷ്ക്കപടനായ ഒരു വിദ്യാർത്ഥിയെപ്പോലെ ഞാൻ മനസ്സിൽ സങ്കൽപ്പിയ്ക്കും; മാത്രമല്ല, അമ്മാമനൊരു ദിവസം സ്വന്തം വീട്ടിൽ വെച്ച് ആത്മസുഹൃത്തുക്കളായ ആ സൗന്ദര്യധാമങ്ങളെ തീർത്തും ദുർബലനായ എനിയ്ക്കു യാതൊരു പീഡനവുമേൽക്കാത്തവിധം നേരിട്ടു പരിചയപ്പെടുത്തിത്തരുമെന്നും ഞാൻ പ്രത്യാശിച്ചു.

അങ്ങനെയിരിയ്ക്കേ ഒരിയ്ക്കൽ, കുറച്ചേറെ പഠിയ്ക്കാനുള്ളതുകൊണ്ടോ അതല്ലെങ്കിൽ മുൻകൂട്ടി നിശ്ചയിച്ച തീയതി പെട്ടെന്നു മാറ്റിയതുകൊണ്ടോ അമ്മാമനുമായി നടക്കാറുള്ള എന്റെ കൂടിക്കാഴ്ചയുടെ ഇടവേള പതിവിലേറെ നീണ്ടുപോയി; ഒരു ദിവസം ഉച്ചഭക്ഷണം നേരത്തേ കഴിഞ്ഞതിന്റെ ആനുകൂല്യം മുതലാക്കി മറ്റാരും കൂട്ടിനില്ലാതെ ഞാൻ വീട്ടിൽനിന്നു പുറത്തിറങ്ങി. അന്നൊക്കെ എനിയ്ക്കു നാടകങ്ങളുടെ പരസ്യങ്ങൾ വായിയ്ക്കാൻ മാത്രമേ ഒറ്റയ്ക്കു പുറത്തിറങ്ങാൻ അനുവാദമുണ്ടായിരുന്നുള്ളൂ. അതുകൊണ്ടു ഞാൻ അമ്മാമന്റെ വീട്ടിലേയ്ക്കു മിക്കവാറും അക്ഷരാർത്ഥത്തിൽ ഓടുകയാണു ചെയ്തത്. വീടിനു മുന്നിൽ ചെന്നപ്പോൾ മുറ്റത്തൊരു കുതിരവണ്ടി നിർത്തിയിരിയ്ക്കുന്നതും വണ്ടിയുടെ ജാലകത്തിൽ ചില ചുവന്ന റോസാപ്പൂക്കൾ തിരുകി വെച്ചിരിയ്ക്കുന്നതും ഞാൻ കണ്ടു. മാത്രമല്ല, കോണിപ്പടി കയറുമ്പോൾ അമ്മാമന്റെ മുറിയിൽനിന്നൊരു സ്ത്രീയുടെ പൊട്ടിച്ചിരിയും ഞാൻ കേട്ടു. ഞാൻ വാതിൽമണി മുഴക്കി; പെട്ടെന്ന് അകത്തെ സംസാരം നിലച്ചു;

തികഞ്ഞ നിശ്ശബ്ദത. പുറത്തേയ്ക്കു വന്ന പരിചാരകൻ എന്നെ കണ്ടു തെല്ലൊരമ്പരപ്പോടെ അമ്മാമൻ തിരക്കിലാണെന്നും എന്നെ മിക്കവാറും കാണാനിടയില്ലെന്നും സൂചിപ്പിച്ചു. എങ്കിലും അയാൾ അകത്തു ചെന്നു ഞാൻ വന്നിട്ടുണ്ടെന്ന് അറിയിച്ചപ്പോൾ തൊട്ടു മുൻപു കേട്ട സ്ത്രീശബ്ദം വീണ്ടും മുഴങ്ങി: “അവനകത്തേയ്ക്കു വരട്ടെ, ഒരു നിമിഷം, നല്ല രസമായിരിയ്ക്കും. അവന്റെ ചിത്രമാണോ, നിങ്ങളുടെ മേശപ്പുറത്ത്, അവന്റെ അമ്മയുടെകൂടെ...? അതായത്, താങ്കളുടെ മരുമകൾ, അല്ലേ? അമ്മയുടെ അതേ ഛായ!, ആ കൊച്ചുപയ്യനെ കാണാൻ എനിയ്ക്കും താൽപ്പര്യമുണ്ട്, ഒരു നിമിഷം...!“.

അമ്മാമൻ എന്തോ പിറുപിറുത്തുകൊണ്ടു ദേഷ്യപ്പെടുന്നതു പുറത്തു നിൽക്കുന്ന എനിയ്ക്കു വ്യക്തമായി കേൾക്കാം. പക്ഷേ പരിചാരകൻ വന്ന് എന്നെ അകത്തേയ്ക്കു ക്ഷണിച്ചു.

എന്നത്തേയുംപോലെ അമ്മാമൻ നിറം മങ്ങിയ ഒരു സാധാരണ കോട്ടാണു ധരിച്ചിരുന്നത്. ആപ്പിൾപഴങ്ങളുടെ തളിക മേശപ്പുറത്തു പതിവു സ്ഥാനത്തുതന്നെയുണ്ട്. അദ്ദേഹത്തിനെതിരേ ഇരുന്ന ഇളം ചുവപ്പു നിറമുള്ള പട്ടുടുപ്പും പവിഴമാലയും ധരിച്ച ഒരു യുവതി മധുരനാരങ്ങയുടെ അല്ലികൾ സാവധാനം വേർപെടുത്തുന്നുണ്ടായിരുന്നു. അവരെ മാഡമെന്നാണോ മിസ്സെന്നാണോ അഭിസംബോധന ചെയ്യേണ്ടതെന്നറിയാത്ത അനിശ്ചിതത്വം മൂലം എന്റെ മുഖം പെട്ടെന്നു വിവർണമായി. അവരുടെ മുഖത്തേയ്ക്കു നോക്കിയാൽ ഒരുപക്ഷേ സംസാരിയ്ക്കേണ്ടിവരുമെന്നു ഭയന്നു ഞാൻ നേരേ അമ്മാമനെ ചുംബിയ്ക്കാൻ മുന്നോട്ടാഞ്ഞു; അതിനിടയിൽ അവരെന്നെ നോക്കി പുഞ്ചിരിച്ചു. പരസ്പരം പേരു പറയാതെ അമ്മാമൻ അവർക്കെന്നെ പരിചയപ്പെടുത്തി: “എന്റെ മരുമകൻ!“. മുത്തച്ഛനോടുള്ള അസ്വാരസ്യത്തിന്റെ പേരിൽ ഈയിടെയായി അദ്ദേഹം ഞങ്ങളുടെ കുടുംബാംഗങ്ങളുമായുള്ള സമ്പർക്കം കഴിയുന്നത്ര ഒഴിവാക്കാൻ ശ്രമിച്ചിരുന്നു.

“ഇവനമ്മയുമായി എന്തൊരു സാമ്യം!“, യുവതി അത്ഭുതപ്പെട്ടു.

"അതിനു നിങ്ങളെന്റെ മരുമകളെ കണ്ടിട്ടില്ലല്ലോ, ചിത്രത്തിലല്ലാതെ...", തെല്ലൊരു നീരസം ഭാവിച്ച് അമ്മാമൻ ഇടപെട്ടു.

"പക്ഷേ... കഴിഞ്ഞ വർഷം താങ്കൾ സുഖമില്ലാതെ കിടന്ന കാലത്തു കാണാൻ വന്നപ്പോൾ കോണിപ്പടിയിൽവെച്ച് ഞാനവരെ കണ്ടിരുന്നു; ഇരുട്ടിൽ ഒരുനോക്കു മാത്രമേ ശ്രദ്ധിച്ചുള്ളൂവെങ്കിലും എനിയ്ക്കപ്പോൾത്തന്നെ അവരെത്ര സുന്ദരിയാണെന്നു മനസ്സിലായി. മനോഹരമായ അതേ കണ്ണുകൾതന്നെ ഈ നാണംകുണുങ്ങി പയ്യനും ലഭിച്ചിട്ടുണ്ട്. മാത്രമല്ല...", നെറ്റിയുടെ കീഴ്ഭാഗത്തു വിരലുകൊണ്ടൊരു നേർരേഖ വരച്ച് അവർ തുടർന്നു, "ഈയൊരു വടിവും! പറയൂ, താങ്കളുടെ മരുമകൾ മാഡം... അവരുടെ പേര്... ഞാനതു മറന്നുപോയി!"

"ഇവനുള്ളതു സകലതും അച്ഛനിൽനിന്നാണു ലഭിച്ചത്!", അച്ഛനമ്മമാരെ നേരിട്ടു കൊണ്ടുവന്നു പരിചയപ്പെടുത്താനെന്നല്ല, അമ്മയുടെ പേരു പരോക്ഷമായി പറയാൻപോലും താൽപ്പര്യം കാണിയ്ക്കാതെ, അമ്മാമൻ പിറുപിറുത്തു. "അച്ഛന്റെ തത്സ്വരൂപമാണിവൻ, ബാക്കി വല്ലതുമുണ്ടെങ്കിൽ എന്റെ അമ്മയുടേയും!".

"ഞാനിവന്റെ അച്ഛനെ പരിചയപ്പെട്ടിട്ടില്ല". തല ചെറുതായൊന്നു ചെരിച്ച് യുവതി തുടർന്നു, "താങ്കളുടെ അമ്മയേയും കണ്ടിട്ടില്ല. അവരുടെ ദുഃഖകരമായ മരണത്തിനു ശേഷമാണു നാം തമ്മിൽ അടുക്കാൻ തുടങ്ങിയതെന്നു താങ്കൾ ഒരുപക്ഷേ ഓർക്കുന്നുണ്ടാകും!".

വീട്ടിൽവെച്ചു പലപ്പോഴും കാണാറുള്ള സുന്ദരികളായ യുവതികളിൽനിന്ന്, പ്രത്യേകിച്ചു നവവത്സരത്തിനു പതിവായി കാണുന്ന ഒരകന്ന ബന്ധുവിന്റെ മകളുമായി താരതമ്യം ചെയ്യുമ്പോൾ, അവർക്കു യാതൊരു വ്യത്യാസവുമില്ലെന്നു കണ്ടു വല്ലാത്തൊരു മോഹഭംഗം എന്നെ ബാധിച്ചു. നന്നായി അണിഞ്ഞൊരുങ്ങി എന്നല്ലാതെ ചടുലമായ കടാക്ഷത്തിലും സൗമ്യമായ പെരുമാറ്റത്തിലും അവർക്കു മറ്റു പ്രത്യേകതകളൊന്നും ഞാൻ കണ്ടില്ല. നടികളുടെ ചിത്രങ്ങളിൽ പൊതുവേ ആരാധ്യമായി തോന്നാറുള്ള നാടകീയതയുടെ, അവരുടെ ജീവിതത്തിന്റെ മുഖമുദ്രയായ നിഷ്ക്കരുണഭാവത്തിന്റെ, ലാഞ്ഛനപോ

ല്യം ഞാനവരിൽ കണ്ടില്ല. അമ്മാമന്റെ ഈ സുഹൃത്ത്, വേറൊരു 'വിഭാഗ'ത്തിൽപ്പെട്ടവരാണെന്നും എനിയ്ക്കു വിശ്വാസം വന്നില്ല. കുതിരവണ്ടിയും വിലപിടിച്ച വേഷവിധാനങ്ങളും പവിഴമാലയും നേരിട്ടു കണ്ടിരുന്നില്ലെങ്കിൽ, അവരിൽ അഭിജാതകളായ ചിലരുമായി മാത്രമേ അമ്മാമനു സൌഹൃദമുള്ളുവെന്ന വസ്തുത മനസ്സിലാക്കിയിരുന്നില്ലെങ്കിൽ, ഞാനൊരിയ്ക്കലും അവരൊരു 'ചുണക്കുട്ടി'യാണെന്നു കരുതുമായിരുന്നില്ല. ഇത്രയേറെ മാന്യതയും ലാളിത്യവുമുള്ള ഒരു സ്ത്രീയ്ക്കു കുതിരവണ്ടിയും മണിമാളികയും ആഭരണങ്ങളും യഥേഷ്ടം ദാനം ചെയ്തു സമ്പാദ്യം ധൂർത്തടിയ്ക്കുന്ന കോടീശ്വരന്മാർ എന്തുതരം നിർവൃതിയാണു നേടുന്നതെന്നു ഞാൻ സ്വയം ചോദിച്ചു. മാത്രമല്ല, അവരുടെ സ്വകാര്യജീവിതത്തിന്റെ വിശദാംശങ്ങൾ ഒരു നോവലിന്റെ കഥാതന്തുവായി സങ്കൽപ്പിച്ചപ്പോൾ, ആ നിഗൂഢരൂപം തൊട്ടുമുമ്പിൽ പ്രത്യക്ഷപ്പെട്ടതുപോലെ, അസാന്മാർഗികമായൊരു വിചാരം എന്നെ അസ്വസ്ഥനാക്കി. അപവാദങ്ങളും ആരോപണങ്ങളും നേരിട്ട് ഇടത്തരം കുടുംബങ്ങളിൽനിന്നു ബഹിഷ്കൃതരായി മനുഷ്യവംശത്തിന്റെ സേവനത്തിനു സ്വയം സമർപ്പിയ്ക്കുകയും സൗന്ദര്യത്തിന്റെ സമ്പത്സമൃദ്ധികൾ സമ്പാദിയ്ക്കുകയും ചെയ്തു കുപ്രസിദ്ധിയിലേയ്ക്കു കൂപ്പുകുത്തുന്ന യുവതികളുടെ ഭാവപ്രകടനങ്ങളും സ്വരവൈചിത്ര്യങ്ങളും അറിയാവുന്നതുകൊണ്ട്, അങ്ങനെയൊരു കുടുംബവുമായി ബന്ധമില്ലാത്ത മാന്യയുവതിയെന്ന നിലയിൽ എനിയ്ക്കവരോട് അത്യാദരവു തോന്നി.

അപ്പോഴേയ്ക്കും ഞങ്ങൾ അമ്മാമന്റെ 'പഠന'മുറിയിലെത്തി. എന്റെ അവിചാരിതസാന്നിദ്ധ്യത്തിൽ ചെറുതായി അമ്പരന്നതുപോലെ അമ്മാമൻ ഒരു സിഗരറ്റെടുത്ത് അവർക്കുനേരെ നീട്ടി.

“നന്ദി സുഹൃത്തേ, എനിയ്ക്കു വേണ്ട!“, അവർ പറഞ്ഞു. “താങ്കൾക്കു നന്നായറിയാമല്ലോ, പ്രഭു പ്രത്യേകം കൊടുത്തയയ്ക്കുന്ന സിഗരറ്റു മാത്രമേ ഞാൻ വലിയ്ക്കാറുള്ളൂ. അതിന്റെപേരിൽ ചിലർക്കൊക്കെ എന്നോട് അസൂയയുണ്ടെന്നും എനിയ്ക്കറിയാം!“. സ്വർണലിപികളോടെ

വിദേശഭാഷയിൽ പേരെഴുതിയ ഒരു കൂട്ടിൽനിന്നു സിഗരറ്റെടുത്തു കാണിച്ച് അവർ തുടർന്നു. “അപ്പോൾ..., എന്താണു പറഞ്ഞുകൊണ്ടിരുന്നത്? അതേ...“. അവർ വീണ്ടും തുടങ്ങി, “തീർച്ചയായും, ഈ കുഞ്ഞനിയന്റെ അച്ഛനെ ഞാൻ താങ്കളുടെകൂടെ കണ്ടിട്ടുണ്ട്. അദ്ദേഹം താങ്കളുടെ മരുമകനാണോ? ഞാനെന്താണിങ്ങനെ ഓരോന്നു മറന്നുപോകുന്നത്...? അദ്ദേഹം നന്നായി, ആകർഷകമായിത്തന്നെ, എന്നോടു പെരുമാറി.!“ വിനയവും ആത്മാർത്ഥതയും സമാസമം ചേർത്ത് അവർ പറഞ്ഞു. ഏറെ ആകർഷകമെന്നു വിശേഷിപ്പിക്കപ്പെട്ടെങ്കിലും സത്യത്തിൽ നടന്നിരിക്കാനിടയുള്ള പരുഷമായ ആ അഭിവാദ്യത്തെക്കുറിച്ചു ഞാൻ സ്വയം ആലോചിച്ചു. അച്ഛനെ നേരിട്ടറിയാവുന്ന എനിക്കു തീരെ മനസ്സിലാക്കാൻ കഴിയാത്ത ആ തണുപ്പൻപ്രകൃതത്തിനു ലഭിച്ച അമിതപ്രശംസയുടെ വൈരുദ്ധ്യം, മന:പൂർവം ചെയ്ത അസഭ്യമായൊരു കൃത്യംപോലെ, എന്നെ ഞെട്ടിച്ചു. സ്വന്തമായുള്ള സകല സന്മനോഭാവങ്ങളും, മൂല്യമില്ലാത്ത സൗന്ദര്യസങ്കൽപ്പങ്ങളുടെ ഭാവുകത്വങ്ങൾക്കും പുരുഷന്മാരുടെ പരുഷവ്യാമോഹങ്ങൾക്കും വേണ്ടി സമർപ്പിക്കുന്നതാണു വ്യർത്ഥജീവിതം നയിക്കുന്ന ഈ അഭിജാതവനിതകളുടെ കരളലിയിക്കുന്ന നിസ്സഹായതയെന്നു പിന്നീടു പലപ്പോഴും എനിക്കു തോന്നിയിട്ടുണ്ട്. (മികച്ച കലാകാരന്മാരെപ്പോലെ, ദൈനന്ദിനജീവിതത്തിന്റെ നാലു ചുമരുകൾക്കുള്ളിൽ ആ സ്വപ്നങ്ങളുടെ മൂല്യം കാണാനും ആസ്വദിക്കാനും പക്ഷേ അവർ ശ്രമിക്കാറില്ല!). ഇന്നിപ്പോൾ ഈ മുറിയിൽവെച്ചു തീർത്തും സാധാരണമായ വേഷത്തിൽ അമ്മാമൻ അവരുടെ മനോഹരമായ വ്യക്തിത്വവും ഇളംചുവപ്പു നിറമുള്ള പട്ടുടുപ്പും പവിഴാഭരണങ്ങളും പ്രഭുവിനോടു സൗഹൃദം സൂചിപ്പിക്കുന്ന സംസ്കാരമഹത്വവും കണ്ടറിഞ്ഞു മനസാ പ്രകീർത്തിക്കുമ്പോൾ, അവരാകട്ടെ അതേ രീതിയിൽത്തന്നെ അച്ഛന്റെ യാദൃച്ഛികമായൊരു പരാമർശം കവർന്നെടുത്തു തേച്ചു മിനുക്കി, അതിസൂക്ഷ്മമായ 'പരിവർത്തന'ത്തിനു വിധേയമാക്കി, ഓമനത്തം തുളുമ്പുന്ന പേരു വിളിച്ചു വില മതിക്കാനാകാത്ത ഒരു കലാസൃഷ്ടിപോലെ ന

ന്ദിപൂർവമായ കടാക്ഷത്തോടെ അദ്ദേഹത്തിനു സമ്മാനിയ്ക്കുന്നു!

"നോക്കൂ, നിനക്കു പോകാൻ സമയമായി!" അമ്മാമൻ എന്നോടു പറഞ്ഞു.

ഞാൻ എഴുന്നേറ്റു. പെട്ടെന്ന് ആ യുവതിയുടെ കൈ ചുംബിച്ചു വിട പറയാൻ അദമ്യമായൊരു ആഗ്രഹം എന്റെ മനസ്സിലുണർന്നു. പക്ഷേ അവരെ ബലാൽക്കാരേണ തട്ടിക്കൊണ്ടുപോകുന്നതിനേക്കാൾ സാഹസികത ആ ലക്ഷ്യം നിറവേറ്റാൻ വേണ്ടിവരുമെന്നു ഞാൻ മനസ്സിലാക്കി. എന്തു ചെയ്യണമെന്നു തീരുമാനിയ്ക്കാനാവാതെ പിടയ്ക്കുന്ന ഹൃദയത്തിന്റെ മിടിപ്പുകൾ ഞാൻ ഓരോന്നായി എണ്ണിക്കൊണ്ടിരുന്നു. ഒടുവിൽ, ചോദ്യങ്ങൾ അവസാനിപ്പിച്ച് എന്തെങ്കിലും ചെയ്യാൻ ഞാൻ തീരുമാനിച്ചു. സംഭ്രമവും ബദ്ധപ്പാടുംമൂലം അവരെനിയ്ക്കുനേരേ നീട്ടിയ കൈ കടന്നുപിടിച്ചു ഞാനെന്റെ ചുണ്ടിൽ ചേർത്തു!

"ഇവനെത്ര രസികനാണെന്നു നോക്കൂ....! അമ്മാമന്റെ വഴിയേ ഇവനിതാ ഇപ്പൊഴേ ഒരു പുരുഷനായിക്കഴിഞ്ഞു. ഭാവിയിലൊരു 'മാന്യ'നാവാൻ ഇവനൊരു വിഷമവുമുണ്ടാവില്ല, തീർച്ച!". 'മാന്യ'നെന്ന വാക്കിനൊരു വൈദേശികച്ചുവ വരുത്താൻ പല്ലുകൾ ചേർത്തുപിടിച്ച് അവർ തുടർന്നു. "ഒരുദിവസം ഇവനെ എന്റെ വീട്ടിലേയ്ക്ക്, നമ്മൾ തമ്മിൽ പറയാറുള്ളതുപോലെ 'ഒരു കപ്പു ചായ'യ്ക്കായി പറഞ്ഞയയ്ക്കില്ലേ? വരുന്ന ദിവസം എനിയ്ക്കൊരു 'സൂചന' തന്നാൽ മതി!".

ആ 'സൂചന' എന്താണെന്നു യാതൊരു ധാരണയും എനിയ്ക്കുണ്ടായില്ല. അവരുടെ സംസാരത്തിലെ മിക്ക വാക്കുകളും എനിയ്ക്കു ദുർഗ്രഹമായിരുന്നു. എങ്കിലും, അർത്ഥഗർഭമായ ആ ചോദ്യങ്ങൾക്ക് ഉത്തരം പറയാതിരിയ്ക്കുന്നതു മിക്കവാറും അപമര്യാദയാകുമെന്ന ഭയം മൂലം അവരുടെ ചുഴിഞ്ഞു കയറുന്ന നോട്ടത്തിൽനിന്നു ഞാൻ ഒഴിഞ്ഞുമാറാൻ ശ്രമിച്ചു; മാത്രമല്ല, അകാരണമായൊരു ക്ഷീണവും എന്നെ ബാധിയ്ക്കാൻ തുടങ്ങി.

"ഇല്ല, അതു മിക്കവാറും അസാദ്ധ്യമായിരിയ്ക്കും!" ചുമലിളക്കിക്കൊ

ണ്ട് അമ്മാമൻ പറഞ്ഞു. “പകൽ മുഴുവനും ഇവനു വീട്ടിൽ നല്ല തിര ക്കുണ്ട്. ഒരുപാടു ജോലികൾക്കു പുറമേ സ്ക്കൂളിൽനിന്നു സമ്മാനങ്ങ ളും വാങ്ങണം!“, അദ്ദേഹം ശബ്ദം താഴ്ത്തി പറഞ്ഞു. മന:പൂർവം പറയു ന്ന നുണ ഒരുപക്ഷേ ഞാൻ നിഷേധിയ്ക്കുമെന്നു ഭയപ്പെടുന്നപോലെ അദ്ദേഹം കൂട്ടിച്ചേർത്തു: “പറയാനാവില്ല, വിക്ടർ യൂഗോയെപ്പോലെ ഭാവിയിൽ ഇവനൊരു 'വികാരജീവി'യാവാനാണു സാദ്ധ്യത!“

“അതെ.., കലാകാരന്മാരെ എനിയ്ക്കു വലിയ മതിപ്പാണ്“, ആ സു ന്ദരി മറുപടി പറഞ്ഞു. “അവരെപ്പോലെ സ്ത്രീകളെ മനസ്സിലാക്കുന്നവ ർ മറ്റാരുമില്ല; പിന്നെ താങ്കളെപ്പോലെ ചില മാന്യരും! പക്ഷേ, ദയ വായി എന്റെ വിവരക്കേടു പൊറുക്കണം. ആരാണ് ഈ 'വികാരജീ വി'? എനിയ്ക്കു മനസ്സിലായില്ല. സ്വീകരണമുറിയിലെ ചില്ലലമാരയിൽ കണ്ട കാണാൻ കൗതുകമുള്ള പുസ്തകങ്ങളെക്കുറിച്ചാണോ താങ്കൾ പ റയുന്നത്? അവ വായിയ്ക്കാൻ തരാമെന്നു താങ്കളൊരിയ്ക്കൽ വാഗ്ദാനം ചെയ്തിരുന്നു. യാതൊരു കേടുപാടും കൂടാതെ ഞാൻ തിരിച്ചുതരാം.!“.

പുസ്തകങ്ങൾ കടംകൊടുക്കുന്നതിൽ താൽപ്പര്യമില്ലാത്ത അമ്മാമ ൻ യാതൊന്നും മറുപടി പറയാതെ എന്നെ പുറത്തെ ഹാളിലേയ്ക്കു കൊണ്ടുപോയി. സുന്ദരിയായ ആ യുവതിയോടു തോന്നിയ ഭ്രാന്തമാ യ സ്നേഹം, അമ്മാമന്റെ പുകയിലക്കറ പുരണ്ട കവിളിൽ ആവേശ പൂർവം ചുംബിച്ചുകൊണ്ടു ഞാൻ തുറന്നു പ്രകടിപ്പിച്ചു. ഈ സന്ദർശന ത്തെക്കുറിച്ച് അച്ഛനമ്മമാരോടു പറയേണ്ടതില്ലെന്നു ചില സൂചനക ളിലൂടെ അദ്ദേഹമെന്നെ പറഞ്ഞു ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചു. വി കാരവിവശമായിരുന്ന എന്റെ ഹൃദയത്തിൽ അദ്ദേഹത്തിന്റെ ഹൃദ്യ മായ സൗഹൃദം നല്ലൊരു മതിപ്പുളവാക്കുന്നതിനു കാരണമായി. കൃത ജ്ഞതകൊണ്ടു കണ്ണിൽ വെള്ളം നിറച്ചു പ്രത്യുപകാരത്തിനു തക്ക തായൊരു വഴി ഒരു ദിവസം കണ്ടെത്തുമെന്നു മനസാ ഞാനദ്ദേഹ ത്തിനു വാക്കു കൊടുത്തു. പക്ഷേ, രണ്ടു മണിക്കൂർ കഴിഞ്ഞപ്പോഴേ യ്ക്കും അമ്മാമന്റെ വീട്ടിൽവെച്ചു നടന്ന സംഭവത്തിന്റെ ഗൗരവത്തെ ക്കുറിച്ചു വ്യക്തമായൊരു ധാരണ അച്ഛനമ്മമാർക്കു നൽകുന്നതാണു

നല്ലതെന്ന തീരുമാനത്തിൽ ഞാനെത്തിച്ചേർന്നു. വിഷയം ചുരുക്കി പ്പറയാൻ സ്വയം മെനഞ്ഞെടുത്ത വാക്യശകലങ്ങൾ ദുർഗ്രഹങ്ങളാ യി തോന്നിയതുകൊണ്ട് വിശദാംശങ്ങളൊന്നും വിടാതെ സവിസ്തര മായൊരു വിവരണം നൽകുന്നതാണ് എളുപ്പമെന്നും ഞാൻ കണ്ടെ ത്തി. അങ്ങനെ ചെയ്യുന്നതു പക്ഷേ ഏതെങ്കിലും തരത്തിൽ അമ്മാമ ന്റെ അസന്തുഷ്ടിയ്ക്കു കാരണമാകുമെന്നു ഞാൻ തീരെ കരുതിയില്ല. ഒ രിയ്ക്കലും മനസ്സിലുദിയ്ക്കാത്ത വികാരത്തിൽനിന്നു ഞാനെങ്ങനെ തീ ർത്തും വിപരീതമായൊരു വിചാരം സൃഷ്ടിയ്ക്കും? മാത്രമല്ല, നിർദ്ദോ ഷമായൊരു സന്ദർശനത്തെച്ചൊല്ലി അച്ഛനമ്മമാർക്കു മറിച്ചൊരു ധാ രണയുണ്ടാകുമെന്നു മുൻകൂട്ടി കാണാനും എനിയ്ക്കു കഴിഞ്ഞില്ല. നേരിട്ടു ബന്ധപ്പെടാൻ വീട്ടുകാരുടെ വിലക്കുള്ളതുകൊണ്ട് സുഹൃത്തിന്റെ പേ രിൽ ചിലപ്പോൾ ചില സ്ത്രീകളോടു നമുക്കു ക്ഷമ ചോദിയ്ക്കേണ്ടി വരാ റില്ലേ? നിശ്ശബ്ദമായൊരു മൗനം അവരെ സംബന്ധിച്ചു യാതൊരു പ്രശ്നങ്ങളും സൃഷ്ടിയ്ക്കില്ലെന്നു തീർച്ചയുള്ളതുകൊണ്ട്, അനാസ്ഥ കാ ണിയ്ക്കരുതെന്നു പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും, നാമതു നിസ്സാ രമെന്നു കരുതി ചിലപ്പോൾ മറക്കുകയും പതിവുണ്ട്. പ്രത്യേകമാ യൊരു പ്രതികരണവും പുറപ്പെടുവിയ്ക്കാൻ കഴിയാത്ത, അനുസരണ ശീലം മാത്രമുള്ള, വെറുമൊരു ജഡവസ്തുവാണു മറ്റുള്ളവരുടെ തല ച്ചോറെന്നു ഞാൻ കരുതി. അമ്മാമന്റെ വീട്ടിൽവെച്ചുണ്ടായ സംഭവ ത്തിന്റെ വാർത്ത അച്ഛനമ്മമാരുടെ മനസ്സിലേയ്ക്കു തള്ളിവിട്ടപ്പോൾ, സ്വന്തം മനസ്സിന്റെ അനുകൂലമായ കാഴ്ചപ്പാടു കൂടി ചേർത്തുവെയ്ക്കുന്ന തിലും ഞാൻ അക്ഷന്തവ്യമായ അലംഭാവം കാണിച്ചു. അതുകൊണ്ട് അമ്മാമന്റെ പെരുമാറ്റത്തെക്കുറിച്ചു വിധിയെഴുതാനുള്ള മാനദണ്ഡം എന്തായിരിയ്ക്കണമെന്ന എന്റെ നിർദ്ദേശങ്ങൾക്കു തീർത്തും കടകവി രുദ്ധമായ ചില നിഗമനങ്ങളിലാണു നിർഭാഗ്യവശാൽ അവരെത്തി യത്. അതിനെച്ചൊല്ലി അച്ഛനും മുത്തച്ഛനും അദ്ദേഹവുമായി നേരിട്ടു ചില 'വാഗ്വാദ'ങ്ങൾ നടന്നതായി പിന്നീടു ഞാനറിഞ്ഞു. കുറച്ചുദിവ സങ്ങൾ കഴിഞ്ഞു തെരുവിൽവെച്ചൊരു തുറസ്സായ വണ്ടിയിൽ യാ

ത്രു ചെയ്യുന്ന അമ്മാമനെ യാദൃച്ഛികമായി കണ്ടപ്പോൾ മനസ്സിൽ വിങ്ങിനിൽക്കുന്ന പശ്ചാത്താപം നേരിട്ടു പ്രകടിപ്പിയ്ക്കാൻതന്നെ ഞാൻ തീരുമാനിച്ചു. പതിവിൽക്കവിഞ്ഞൊരു വികാരവും എന്റെ മുഖത്തു പ്രകടമല്ലെന്ന വസ്തുത അദ്ദേഹം കണ്ടുപിടിയ്ക്കുമെന്ന ക്രമാതീതമായ ആശങ്കമൂലം, വെറുതേ തൊപ്പിയുയർത്തി അഭിവാദ്യം ചെയ്യുന്നതു നിന്ദ്യവും അസംബന്ധവുമായി എനിയ്ക്കു തോന്നി. അതുകൊണ്ട് എന്നെ സംബന്ധിച്ചു മിക്കവാറും അസാദ്ധ്യമായ ആ ഭാവപ്രകടനത്തിൽനിന്നു പിന്തിരിയാൻ തീരുമാനിച്ചു ഞാൻ അദ്ദേഹത്തിന്റെ നേർക്കു നോക്കാതെ മറ്റൊരു ദിക്കിലേയ്ക്കു തലതിരിച്ചു. പക്ഷേ, അച്ഛനമ്മമാരുടെ നിർദ്ദേശവും ശാസനയുംകൊണ്ടാണു ഞാനങ്ങനെ ചെയ്തതെന്ന് അദ്ദേഹം വിശ്വസിച്ചു. അതിന്റെപേരിൽ അദ്ദേഹം അവർക്കൊരിയ്ക്കലും മാപ്പു കൊടുത്തില്ല. ആ സംഭവത്തിനുശേഷം വർഷങ്ങൾ കഴിഞ്ഞാണു മരിച്ചുപോയതെങ്കിലും ഞങ്ങളാരും അദ്ദേഹത്തെ പിന്നീടു നേരിട്ടു കണ്ടതുമില്ല.

അതുകൊണ്ട്, അഡോൾഫ് അമ്മാമന്റെ കുറേക്കാലമായി അടഞ്ഞുകിടന്ന സ്വീകരണമുറിയിലേയ്ക്കു ഞാൻ ഈയിടെയായി തീരെ പ്രവേശിയ്ക്കാറില്ല; പകരം, അടുക്കളയുടെ പിന്നിൽ കുറച്ചുനേരം ചുറ്റിക്കറങ്ങുകയാണു പതിവ്. ഫ്രാങ്കോയ്സ് ഉമ്മറപ്പടിയിൽ വന്നു നിന്ന്, “അടുക്കളക്കാരിയോടു കാപ്പി എടുത്തുവെയ്ക്കാനും ചൂടുവെള്ളമുണ്ടാക്കാനും പറഞ്ഞിട്ടുണ്ട്, എനിയ്ക്കു മാഡം ഒക്ടേവിന്റെ അടുത്തേക്കു പോകാൻ സമയമായെ“ന്നു വിളിച്ചു പറയുമ്പോൾ, ഞാൻ അകത്തേയ്ക്കു പോകാൻ തീരുമാനിച്ചു നേരേ മുകളിലെ മുറിയിൽ ചെന്നിരുന്നു പുസ്തകം വായിയ്ക്കാൻ തുടങ്ങും. അടുക്കളക്കാരി സത്യത്തിൽ വ്യക്തിത്വമില്ലാത്ത കേവലമായൊരു അസ്തിത്വം മാത്രമായിരുന്നു. മനുഷ്യാവസ്ഥകളുടെ സുദീർഘമായ പരമ്പരയിൽ ചില നിശ്ചിതഗുണങ്ങളുടെ ചേർച്ചയും തുടർച്ചയും പൊരുത്തവും ഒത്തുചേർന്നു സുസ്ഥിരമായൊരു സംവിധാനമായാണവർ ജനിയ്ക്കുന്നത്. അടുക്കളയിൽ രണ്ടു വർഷം തുടർച്ചയായി ഞങ്ങളൊരു പെൺകുട്ടിയേയും കണ്ടിട്ടില്ല.

കറികളിൽ കണക്കിലേറെ ചീര ഉപയോഗിച്ച ആ വർഷം, ചുവന്നു തുടുത്ത ഇലകളരിഞ്ഞു വൃത്തിയായി ഒതുക്കിവെയ്ക്കാറുള്ള അടുക്കളക്കാരി, എങ്ങനേയോ ഗർഭം 'ധരിച്ച' ദരിദ്രയായൊരു സാധുവായിരുന്നു. പാവാടയുടെ സമൃദ്ധമായ ഞെറികൾക്കിടയിൽ പരിധി വെളിപ്പെടുത്തി ദിവസേന നിറഞ്ഞു വീർക്കുന്ന രഹസ്യച്ചെപ്പിന്റെ ഭാരം താങ്ങാനാകാതെ കഷ്ടപ്പെടാൻ തുടങ്ങിയ കാലത്തുപോലും പട്ടണത്തിലേയ്ക്കു പല തവണ പോയിവരാനും വീട്ടുജോലികൾ ചെയ്തുതീർക്കാനും ഫ്രാങ്കോയ്സ് അവളെ നിർബന്ധിയ്ക്കുന്നതു കണ്ടു ഞാൻ അത്ഭുതപ്പെടാറുണ്ട്. സ്വാൻ എനിയ്ക്കു സമ്മാനിച്ച ചിത്രങ്ങളിലെ പ്രതീകാത്മകമായ ചില രൂപങ്ങൾക്കു മൂടുപടമായി ഗിയോട്ടോ വരച്ച മേൽക്കുപ്പായങ്ങളായിരുന്നു, അവളുടെ വേഷം. ആ സാദൃശ്യം ആദ്യമായി ചൂണ്ടിക്കാട്ടിയതും സ്വാനായിരുന്നു. അടുക്കളക്കാരിയെ അന്വേഷിച്ചു വരുമ്പോൾ അദ്ദേഹം പതിവായി ചോദിയ്ക്കും: “ഇന്നു ഗിയോട്ടോയുടെ 'ചാരിറ്റി'യെ കണ്ടില്ലല്ലോ!“ ആ സാധുവാകട്ടെ, ഗർഭകാലം അടുത്തതുകൊണ്ടു വയറു മാത്രമല്ല മുഖംപോലും വിങ്ങിവീർത്തു ലംബവും ചതുരവുമായ നേർവരകൾ തെളിഞ്ഞ കവിളുകളുമായി, പുണ്യസഞ്ചയം മുഴുവൻ ശക്തിയും പൗരുഷവുമായി മാറിയ മൂർത്തരൂപമായി, യഥാർത്ഥകുടുംബിനികളെന്നു തോന്നുന്ന അരീനാ ചാപ്പലിലെ കന്യകമാരെ ഓർമ്മിപ്പിച്ചു. പാദുവായുടെ 'പുണ്യപാപങ്ങൾ' മറ്റൊരർത്ഥത്തിൽ അവളുടെ മുഖത്തു പ്രതിഫലിയ്ക്കുന്നതായി എനിയ്ക്കു തോന്നി. വിശേഷാൽ ലഭിച്ച ആ പ്രതീകത്തിന്റെ അർത്ഥമെന്താണെന്നു വ്യക്തതയില്ലാതെ, വർദ്ധിച്ചുവരുന്ന സൗന്ദര്യവും ആത്മീയപ്രഭാവവും മുഖത്തു നിഴലിയ്ക്കാതെ, സ്വന്തം ശരീരത്തിലെ ഒരവയവംപോലെ കൊണ്ടുനടക്കുന്ന ജീവഭാരത്തിന്റെ ഗുരുത്വംമൂലം അവളുടെ ആകാരഭംഗി സ്വയമേവ വികസിച്ചു. ശക്തിസ്വരൂപിണികളായ കുടുംബിനികളെ അരീനാ ചാപ്പലിൽ 'കാരിറ്റാസെ'ന്ന പേരിൽ മിക്കവാറും നിർവികാരമായാണു ചിത്രീകരിച്ചിരുന്നതെങ്കിലും, കോംബ്രേയിൽ എ

ന്റെ ക്ലാസുമുറിയുടെ ചുമരിൽ തൂക്കിയ ചിത്രത്തിന്റെ പകർപ്പിൽ ദൃശ്യമായിരുന്ന പുണ്യസ്പർശംപോലെ, അനുകമ്പയുടെ എന്തെങ്കിലുമൊരു ലാഞ്ഛന അവളുടെ പരുഷമായ മുഖത്തു പ്രതിഫലിയ്ക്കുമെന്നു ഞാൻ പ്രതീക്ഷിച്ചില്ല. മുന്തിരി പിഴിഞ്ഞു രസമൂറ്റുമ്പോഴോ അതല്ലെങ്കിൽ ചാക്കുകെട്ടിൽ കയറിനിന്നു മുകളിൽനിന്നെന്തെങ്കിലും എടുക്കാൻ ശ്രമിയ്ക്കുമ്പോഴോ വ്യക്തമാകുന്ന അവളുടെ നാടകീയഭാവമാണു ചിത്രകാരൻ നേരിയ വിരൽസ്പർശംകൊണ്ടു ഭൂമിയുടെ സർഗസിദ്ധി മുഴുവനും പാദപൂജയ്ക്കായി സമർപ്പിക്കുന്ന ആ കുടുംബിനികളുടെ മുഖത്തു വെളിവാക്കിയത്. നാട്ടുവെളിച്ചം മാത്രമുള്ള അടുക്കളയുടെ പിന്നാമ്പുറത്തു നിന്നുകൊണ്ടു വിറകോ പാത്രമോ പുറത്തു നിൽക്കുന്ന ഭൃത്യനു കൈമാറുന്ന അവളുടെ അതേ ദൃശ്യഭംഗിയാണു നീറുന്ന ഹൃദയം ഇടതു കൈയിലൊതുക്കി വലതുകൈ നീട്ടി ആ കുടുംബിനികൾ ദൈവത്തോടു ഗ്രാമ്യഭാഷയിൽ 'വിളിച്ചു പറയുന്നത്'. 'ഇൻവിഡിയ'യിൽ, അവരുടെ നോട്ടത്തിനു ചെറിയൊരു അസൂയയുടെ ലാഞ്ഛനകൂടി കാണാം. പക്ഷേ, ആ ചിത്രത്തിലും പ്രതീകം പ്രകടമായ പ്രാധാന്യത്തോടെ നിറഞ്ഞു നിൽക്കുന്നുണ്ട്. 'എൻവി'യുടെ ചുണ്ടുകളിലേയ്ക്കു വിഷം ചീറ്റുന്ന ഭീമാകാരനായ സർപ്പം, അവളുടെ തുറന്ന വായ മുഴുവനും നിറയുമെന്നു തോന്നും; വായു നിറച്ച ഒരു ബലൂണിന്റെ വീർത്തുവരുന്ന കവിൾത്തടംപോലെ അവളുടെ മുഖപേശികൾ വലിഞ്ഞു വികൃതമായിരുന്നു; ദൃശ്യം നോക്കി നിൽക്കുന്ന നമ്മുടെ ശ്രദ്ധ പൂർണമായും ചുണ്ടുകളുടെ ചലനത്തിൽ മാത്രം കേന്ദ്രീകരിയ്ക്കുന്നതുകൊണ്ട് അസൂയ വിതയ്ക്കുന്ന അത്തരം ചിന്തകൾക്കു പക്ഷേ സാവകാശം ലഭിയ്ക്കാറില്ല.

ഗിയോട്ടോയുടെ ചിത്രങ്ങളെക്കുറിച്ചു സ്വാൻ ആരാധനയോടെ വാഴ്ത്തി പറഞ്ഞു വളരെ കഴിഞ്ഞാണു ഞങ്ങളുടെ ക്ലാസുമുറിയിൽ അദ്ദേഹംതന്നെ കൊണ്ടുവന്നു തൂക്കിയ പകർപ്പുകളിൽനിന്നു ചെറിയൊരു രസം ആസ്വദിയ്ക്കാൻ എനിയ്ക്കു കഴിഞ്ഞത്. 'ചാരിറ്റി'യിൽ ദീനാനുകമ്പയുടെ ചെറിയൊരു തരിപോലും കാണാനില്ലെന്നും, വിദഗ്ധനായൊരു ഭിഷഗ്വരൻ വൈദ്യശാസ്ത്രപരമായെഴുതിയ പാഠപുസ്തകത്തിൽ

അവതരിപ്പിയ്ക്കുന്ന രേഖാചിത്രങ്ങളേക്കാൾ 'എൻവി'യിൽ യാതൊരു കലാമൂല്യവുമില്ലെന്നും, പ്രായാധിക്യംമൂലം നരച്ച ചുളിവീണ സാധാരണ മുഖഭാവം മാത്രമുള്ള 'ജസ്റ്റിസി'നു കോംബ്രേയിലെ പള്ളിയിൽ ഞാൻ കാണാറുള്ള സ്ത്രീകളേക്കാൾ യാതൊരു മേന്മയുമില്ലെന്നും അന്നെനിയ്ക്കു തോന്നിയിരുന്നു. പക്ഷേ, വർഷങ്ങൾക്കുശേഷം ഒളിഞ്ഞിരിയ്ക്കുന്ന ആ പ്രതീകങ്ങൾ പരസ്പരം നടത്തുന്ന സംവാദങ്ങളിലാണു ചിത്രത്തിന്റെ സവിശേഷസൗന്ദര്യം നിറഞ്ഞു നിൽക്കുന്നതെന്നു ഞാൻ മനസ്സിലാക്കി. ഒരിക്കലും നേരിട്ട് ആവിഷ്ക്കരിയ്ക്കാതെ അനുഭവിയ്ക്കാനും കൈകാര്യം ചെയ്യാനും കഴിയുന്നവിധം അർത്ഥതലങ്ങൾക്കു സൂക്ഷ്മത പകർന്നു ധ്വന്യാത്മകസന്ദേശങ്ങൾക്കു ദാർഢ്യവും ആകർഷകത്വവും വരിയ്ക്കുന്ന അവ പ്രതീകങ്ങളായല്ല ജീവിയ്ക്കുന്ന യാഥാർത്ഥ്യങ്ങളായാണു ചിത്രീകരിയ്ക്കപ്പെട്ടതെന്നു പിന്നീടു ഞാൻ കണ്ടറിഞ്ഞു. അടുക്കളക്കാരിയുടെ ആ വീർത്ത വയറുപോലും ഭാരം കൊണ്ടു മാത്രമല്ല നമ്മുടെ ശ്രദ്ധയാകർഷിയ്ക്കുന്നത്. അങ്ങനെ ചിന്തിയ്ക്കുമ്പോൾ മരണയാതന അനുഭവിയ്ക്കുന്ന മനുഷ്യരുടെ ചിന്തകൾ പലപ്പോഴും മരണമെന്ന പേരുകൊണ്ടു പരിചിതമായ കേവലാശയത്തേക്കാൾ, പ്രായോഗികവും വേദനാകരവും ആന്തരികവും അതേസമയം അജ്ഞാതവുമായ ചില ഭാവങ്ങളെ, 'ഹീനവും വികൃതവു'മായ ചില രൂപഭേദങ്ങളെ, മരണം സ്വാഭാവികമായി അനുഭവിപ്പിയ്ക്കുന്ന തീവ്രമായ വേദനകളെ, അമിതഭാരം മൂലം തകർന്നു ദാഹവും ശ്വാസതടസ്സവും സൃഷ്ടിയ്ക്കുന്ന നിസ്സഹായതകളെത്തന്നെ ചിലപ്പോൾ വെളിവാക്കുന്നതായി പറയേണ്ടി വരില്ലേ?

ഗർഭിണിയായ അടുക്കളക്കാരിയോടു പ്രതീകാത്മകമായി പറയത്തക്ക സാദൃശ്യങ്ങളില്ലെങ്കിലും, ജീവൻ തുടിയ്ക്കുന്ന 'പാദുവായുടെ പുണ്യപാപ'ങ്ങളിൽ യാഥാർത്ഥ്യത്തിന്റെ നല്ലൊരംശമുണ്ടെന്നു ന്യായമായിത്തന്നെ ഞാൻ സംശയിച്ചു. പ്രകൃതിയുടെ സാരാംശവുമായി ആത്മാവിനു ബന്ധമില്ലെന്നു കണക്കാക്കുന്നതു സൗന്ദര്യശാസ്ത്രപരമായ അർത്ഥതലങ്ങൾക്കുപരി മുഖലക്ഷണപരമായൊരു പ്രത്യേക

തയായും വ്യാഖ്യാനിയ്ക്കപ്പെടുന്നുണ്ട്. പ്രായോഗികമായ ദീനാനുകമ്പ യുടെ ഉദാഹരണങ്ങളെന്ന നിലയിൽ കന്യാസ്ത്രീമഠങ്ങളിലെ സന്യാ സിനികളുമായി പരിചയപ്പെടാനൊരു അവസരം ലഭിച്ചപ്പോൾ, നി ശ്ചയദാർഢ്യവും ചുറുചുറുക്കും സ്ഫുരിയ്ക്കുന്നവിധം തിരക്കേറിയൊരു ശ സ്ത്രക്രിയാവിദഗ്ധന്റെ നിഷ്ഠുരഭാവമാണു ഞാനവരിൽ കണ്ടത്. കഷ്ട പ്പെടുന്നവരോടുള്ള അനുകമ്പയോ പീഡനത്തോടുള്ള ഭയാശങ്കകളോ ആ മുഖങ്ങളിൽനിന്നു വേർതിരിച്ചറിയാൻ എനിയ്ക്കായില്ല. സൗമ്യത യോ സഹതാപമോ നിഴലിയ്ക്കാത്ത തീർത്തും നിഷ്കളങ്കമായ നന്മയു ടെ നിസ്സംഗവും ഉദാത്തവുമായ മുഖഭാവങ്ങളായിരുന്നു, അവ.

അങ്ങനെ തുലനശക്തിയുടെ സവിശേഷമായൊരു പ്രഭാവത്തിൽ നുണ നേരിന്റെ വിജയത്തിനു വഴിയൊരുക്കുന്നതുപോലെ, ഫ്രാങ്കോ യ്സിന്റെ ചില അന്യാദൃശമായ വൈഭവങ്ങൾക്കു തിളക്കം വർദ്ധി പ്പിയ്ക്കുന്ന അടുക്കളക്കാരി, തിളപ്പിയ്ക്കുകപോലും ചെയ്യാത്ത കാപ്പി കൊ ണ്ടു തന്നു തണുപ്പു വിടാത്ത ചൂടുവെള്ളം മുറിയിലേയ്ക്കു കൊണ്ടുപോകു മ്പോൾ ഞാനൊരു പുസ്തകം വായിച്ചു കിടയ്ക്കയിൽ നീണ്ടുനിവർന്നു കിടക്കുന്നുണ്ടാകും. മദ്ധ്യാഹ്നസൂര്യന്റെ ഇളംചൂടിനെതിരെ തണുപ്പു വി ട്ടുമാറാത്ത മുറിയിൽ മിക്കവാറും അടഞ്ഞു കിടക്കുന്ന ജനൽപ്പാളിക ളിലൂടെ വെയിലിന്റെ വർണാഭമായൊരു തുണ്ട് അലമാരിയ്ക്കു പിൻവ ശത്ത്, വിടരുന്ന പൂവിതളിൽ ധ്യാനലീനനായിരിയ്ക്കുന്ന ചിത്രശലഭ ത്തെപ്പോലെ, സ്വർണച്ചിറകു വിരിച്ചു നിശ്ചലനായി കിടന്നു. വായി യ്ക്കാൻ വേണ്ട വെളിച്ചം അപ്പോഴും മുറിയിൽ പരന്നു കഴിഞ്ഞിട്ടില്ല. റൂ ലാക്യൂറിൽനിന്നു കാമസ് പഴകിദ്രവിച്ച മരപ്പലകകളിൽ ആഞ്ഞടി യ്ക്കുന്ന ശബ്ദത്തിൽനിന്നാണു പകലിനെക്കുറിച്ചൊരു ധാരണ എനിയ്ക്കു സ്വരൂപിയ്ക്കാൻ കഴിഞ്ഞത്. (അമ്മായി 'വിശ്രമിയ്ക്കുക'യല്ലെന്നു ഫ്രാ ങ്കോയ്സിന്റെ ഉറപ്പിൽ സ്വയം സ്വാതന്ത്ര്യം പ്രഖ്യാപിയ്ക്കുന്നതുപോ ലെ കാമസ് നിരന്തരം ശബ്ദമുണ്ടാക്കിക്കൊണ്ടിരുന്നു!). മരപ്പലകക ളിൽനിന്നു പുറപ്പെടുന്ന പൊടിയും ചൂടുള്ള അന്തരീക്ഷത്തിൽ മുഴങ്ങു ന്ന ശബ്ദവും രക്തനക്ഷത്രങ്ങളുടെ വർണമഴ പെയ്യിയ്ക്കുന്നതായി എ

നിയ്ക്കു തോന്നി. മനുഷ്യനാദത്തിന്റെ ഭാവതലങ്ങളിൽനിന്നു വേറിട്ടു തനതായൊരു ശൈലിയിൽ ഈണം മൂളുന്ന വണ്ടുകൾ അലൗകികമായ ചൂടും വെളിച്ചവും പകർന്നു മദ്ധ്യവേനലിനു സംഗീതവിരുന്നൊരുക്കി. പഴയ ചില വേനൽക്കാലങ്ങൾ വീണ്ടും എന്റെ മനസ്സിലേയ്ക്കു തിരിച്ചുവന്നു. വരാനിരിയ്ക്കുന്ന ഋതുക്കളുടെ സാരാംശവുമായി വെയിലിൽനിന്നു പുനർജ്ജനിയ്ക്കുന്ന വണ്ടുകളുടെ സംഗീതം സജീവമായൊരു ആത്മബന്ധമായി നമ്മെ ആകർഷിയ്ക്കുന്നു. അടുത്ത ഋതുവിനെക്കുറിച്ചു നാം ഓർമ്മയിൽ സൂക്ഷിച്ചിരുന്ന പ്രതിഛായ തട്ടിയുണർത്തുക മാത്രമല്ല, പരിചിതമായ പരിധിയിൽ തൊട്ടറിയാവുന്നവിധം അങ്ങനെയൊന്നു നിലനിൽക്കുന്നുണ്ടെന്ന ഉറപ്പും ആ സംഗീതം നമുക്കു പകർന്നു നൽകുന്നുണ്ട്.

തെരുവിലെ തെളിഞ്ഞ പകൽവെളിച്ചത്തിൽ, മുറിയ്ക്കകത്തെ മങ്ങിയ പ്രകാശം സൂര്യരശ്മികൾക്കു കീഴെ നിഴൽപോലെ കാണപ്പെട്ടു. അതേസമയം ഉജ്ജ്വലമായി തിളങ്ങുന്ന അന്തരീക്ഷം വേനൽക്കാലത്തിന്റെ സമസ്തഭാവങ്ങളും ഉൾപ്പെടുന്ന വിശാലമായൊരു ചിത്രമായി എന്റെ ഭാവനയിൽ വിടർന്നു വന്നു. പുറത്തു വെറുതേ അലഞ്ഞു നടന്നാൽ ഒരുപക്ഷേ ഇന്ദ്രിയങ്ങൾക്കു ഭാഗികമായി മാത്രമേ ആ സൗന്ദര്യം ആസ്വദിയ്ക്കാൻ കഴിയൂ. അതുകൊണ്ട് കുത്തിയൊഴുകുന്ന ജലപ്രവാഹത്തിൽ നിശ്ചലമായി നിൽക്കുന്ന വിരലുകൾപോലെ, ഉത്സാഹവും വേഗവും സൃഷ്ടിയ്ക്കുന്ന ചലനാത്മകത എന്റെ സ്വസ്ഥമായ വിശ്രാന്തിയുമായി പൊരുത്തപ്പെടുന്നതുപോലെ എനിയ്ക്കു തോന്നി.

പക്ഷേ അന്തരീക്ഷം ചിലപ്പോൾ പതിവിലേറെ ചൂടു പിടിച്ചു സ്വയം പൊട്ടിച്ചിതറി കാറ്റും മഴയുമായി മാറുമ്പോൾ മുത്തശ്ശി പുറത്തിരുന്നു ശുദ്ധവായു കൊള്ളാൻ എന്നോടു യാചനാസ്വരത്തിൽ അപേക്ഷിയ്ക്കും. പുസ്തകത്തിൽനിന്നു മനസ്സു മാറ്റാൻ മടിച്ചു ഞാനതും കൈയിലെടുത്തു തോട്ടത്തിലെ ഞാവൽമരത്തിനു കീഴെ, വീട്ടിലേയ്ക്കു വരുന്ന സന്ദർശകരുടെ കണ്ണിൽപ്പെടാതെ, ചണത്തുണി മേഞ്ഞ കുടാരത്തിലിരുന്നു ദിവാസ്വപ്നം കാണും.

കൂടാരത്തിനകത്തു നിശ്ശബ്ദനായിരുന്ന പുറത്തു നടക്കുന്ന സംഭവങ്ങൾ സശ്രദ്ധം നിരീക്ഷിച്ചുകൊണ്ടിരിയ്ക്കെ, മറ്റുള്ളവർക്കു തീർത്തും അദൃശ്യമായ ചില ചിന്തകൾ മനസ്സിന്റെ അഗാധതകളിലേയ്ക്ക് ഇറങ്ങിവന്ന് ഒരുതരം ഒളിത്താവളം സൃഷ്ടിയ്ക്കുന്നതായി തോന്നും. ഒരു വസ്തുവിനെ പുറത്തുനിന്നു നിരീക്ഷിയ്ക്കുമ്പോൾ അതിലോലമായ അതിരുകൊണ്ടു വേർതിരിച്ച ഭൗതികരൂപവുമായി ഇടപെടാൻ കഴിയാത്തവിധം, നേരേ 'കാണുക'യാണെന്ന ബോധം നമുക്കും വസ്തുവിനും മദ്ധ്യേ അദൃശ്യമായി നിൽക്കുന്നു. കത്തുന്ന കൈക്കൊള്ളി നനവുള്ള സ്ഥലത്തേയ്ക്കു കൊണ്ടുചെല്ലുമ്പോൾ ബാഷ്പീകരണത്തിന്റെ ഒരു തലം തരണം ചെയ്യാതെ വയ്യ; അതുകൊണ്ട് ഒരിയ്ക്കലും ഈർപ്പമെന്ന യാഥാർത്ഥ്യം തീനാളത്തിനു തൊട്ടറിയാൻ കഴിയാത്തതുപോലെ, നേരിട്ടറിയുന്നതിനു വളരെ മുമ്പേ നാം കണ്ട വസ്തു ആവിയായി അന്തരീക്ഷത്തിൽ ലയിച്ചു കഴിയും. പുസ്തകം വായിയ്ക്കുമ്പോൾ വ്യത്യസ്തങ്ങളായ ഭൌതികാവസ്ഥകളും ബോധസങ്കൽപ്പങ്ങളും ഇഴ നെയ്ത തിരശ്ശീലയുടെ പശ്ചാത്തലത്തിൽ, ഹൃദയത്തോടു ചേർന്നുനിൽക്കുന്ന സഹജമായ അഭിനിവേശങ്ങൾ മുതൽ ചക്രവാളത്തോളം നീളുന്ന നേർക്കാഴ്ചകൾവരെ എന്റെ മനസ്സിൽ ഉയർന്നുവരും. ആ നിമിഷം, വായിയ്ക്കുന്ന പുസ്തകത്തിന്റെ തത്വചിന്താപരമായ സമൃദ്ധിയിലും സൗന്ദര്യത്തിലും ലയിച്ച്, അവയോടുള്ള വിശ്വാസദാർഢ്യം മറ്റെല്ലാ ചിന്തകളും പിന്തള്ളുന്നവിധം അസാമാന്യമായൊരു ശക്തിവിശേഷമായി എന്റെ ഹൃദയത്തിൽ ചലിയ്ക്കാൻ തുടങ്ങും. വീട്ടിൽനിന്നു കുറച്ചകലെ പലചരക്കുസാധനങ്ങളും പുസ്തകങ്ങളും വിൽക്കുന്ന കടയിലെ മാർബിൾക്കൂടിനകത്ത്, ഒരു ഭദ്രാസനപ്പള്ളിപോലെ നിഗൂഢത തോന്നിയ്ക്കുന്ന ഇടനാഴിയുടെ ഇരുവശവും നിരത്തിയ മാസികകൾക്കും ലഘുലേഖകൾക്കും മദ്ധ്യേ ഒരു പുസ്തകം സ്ഥാനം തെറ്റാതെ ചരടു പിടിച്ചു വെച്ചിരിയ്ക്കുന്നതു ഞാൻ കണ്ടു. എന്റെ ചിന്തകളുടെ ആത്യന്തിക ലക്ഷ്യം സത്യസൗന്ദര്യങ്ങളുടെ ദുർഗ്രഹവും ദുരൂഹവുമായ വസ്തുതകൾ ഉൾക്കൊള്ളാനുള്ള പരിശ്രമമായതുകൊണ്ട്, ആ വിഷയങ്ങളുടെ

വിജ്ഞാനകോശമെന്നനിലയ്ക്കു സഹപാഠികളും അദ്ധ്യാപകരും ഒരു പോലെ നിർദ്ദേശിച്ച ആ പുസ്തകം, തീർച്ചയായും വാങ്ങിയ്ക്കണമെന്നു ഞാൻ തീരുമാനിച്ചു. ഒന്നുമില്ലെങ്കിൽ, കാമസിനോടു ദിവസവും പതിവുള്ളതുപോലെ ഒരു വിലപേശൽ നടത്തി സംതൃപ്തിയടയാനുള്ള സന്ദർഭം ഫ്രാങ്കോയ്സിനു സമ്മാനിയ്ക്കുകയെങ്കിലും ചെയ്യാമല്ലോ!

ഒരു ജീവിതകാലം മുഴുവൻ സംഭവിയ്ക്കാവുന്നതിലേറെ വൈകാരികവും നാടകീയവുമായ സംഭവപരമ്പരകൾ നിറഞ്ഞ അന്നത്തെ മദ്ധ്യാഹ്നങ്ങളിൽ, വായിയ്ക്കുന്ന പുസ്തകത്തിലെ സവിശേഷമായ ആശയത്തിനു പൂരകമായി സത്യാന്വേഷണതൽപ്പരതയോടെ ചില ചിന്തകൾ എന്റെ മനസ്സിൽ തിരനോക്കു നടത്താറുണ്ട്. സ്വയം അനുഭവിയ്ക്കുന്ന കഥാപരിസരത്തു ഞാൻകൂടി പങ്കെടുത്ത കൃത്യങ്ങളിൽനിന്നു പ്രചോദിതമായ അത്തരം വികാരങ്ങൾ ഇടതടവില്ലാതെ ഒന്നൊന്നായി പുറത്തേയ്ക്കു വന്നുകൊണ്ടിരുന്നു. പുസ്തകത്തിൽ വായിച്ചറിഞ്ഞ സംഭവങ്ങളുമായി ബന്ധപ്പെട്ടവർ, ഫ്രാങ്കോയ്സ് പലപ്പോഴും പറയുന്നതുപോലെ, ഒരിയ്ക്കലും 'യഥാർത്ഥ'മനുഷ്യരായിരുന്നില്ല; 'യഥാർത്ഥ' മനുഷ്യനു സന്തോഷവും സന്താപവും പകരുന്ന വികാരങ്ങൾ മാനസികമായൊരു മാദ്ധ്യമം വഴിയല്ലാതെ മറ്റുള്ളവരെ ധരിപ്പിയ്ക്കാനാവില്ല. വികാരങ്ങളുടെ സങ്കീർണവും ചടുലവുമായ വിന്യാസങ്ങളിൽ ഒരു പക്ഷേ അത്യന്താപേക്ഷിതമായ ഘടകം അത്തരമൊരു ദൃശ്യസാദ്ധ്യതയാണെന്നു കാണുമ്പോഴാണു നോവലിസ്റ്റിന്റെ കൽപ്പനാവൈഭവവും ഭാവനാചാതുരിയും ചിറകു വിടർത്തുന്നത്. 'യഥാർത്ഥ'മനുഷ്യരുടെ ശുദ്ധിയും ലാളിത്യവും സംയമനം ചെയ്തു ലഭിയ്ക്കുന്ന ലഘുത്വം തീരുമാനിച്ചുറപ്പിച്ച പ്രത്യേകമായൊരു സമൃദ്ധിയുടെ സൂചനയായും വേണമെങ്കിൽ വ്യാഖ്യാനിയ്ക്കാം. 'യഥാർത്ഥ'മനുഷ്യനോടു തോന്നുന്ന അഗാധമായ അനുകമ്പ, നല്ലൊരു പങ്കും ഇന്ദ്രിയങ്ങൾ വഴിയാണു പകർന്നു ലഭിയ്ക്കുന്നത്. അതായത്, നമ്മുടെ സംവേദനക്ഷമതയ്ക്കു പിടിച്ചുയർത്താൻ കഴിയാത്ത മൃതഭാരമായി, തീരെ അതാര്യമായി, ആ മനുഷ്യൻ നിൽക്കുന്നു. നിർഭാഗ്യകരമായൊരു ദുരന്തം നേരിടേണ്ടി വ

രുമ്പോൾ, പൊതുവായ ധാരണയുടെ ചെറിയൊരംശത്തിൽമാത്രമാണു നമുക്കയാളോടു വൈകാരികമായ അനുകമ്പ തോന്നുന്നത്. അതുപോലെ, തന്നെക്കുറിച്ചുള്ള അവബോധത്തിന്റെ ചെറിയൊരു അംശത്തിൽമാത്രമാണു വൈകാരികമായ അനുഭൂതി അയാൾക്കു സ്വയം അനുഭവിയ്ക്കാനും കഴിയുന്നത്. അങ്ങനെ മനുഷ്യാത്മാവിനു കടന്നുചെല്ലാൻ കഴിയാതെ അതാര്യമായി നിൽക്കുന്ന വശങ്ങളെ, സമാനവും അമൂർത്തവുമായ ഭാവങ്ങളായി പകരം വെയ്ക്കാമെന്ന ചിന്തയാണു നോവലിസ്റ്റിന്റെ കണ്ടുപിടിത്തം! പിന്നീടു വരുന്ന പ്രവൃത്തികൾക്കു യാതൊരു പ്രാധാന്യവുമില്ല. ഈ പുതിയതരം ജീവികളുടെ വികാരങ്ങൾ മുഴുവൻ സ്വായത്തമായതുകൊണ്ട്, അവർ ജീവിയ്ക്കുന്നതു നമ്മുടെ ഉള്ളിലായതുകൊണ്ട്, യഥാർത്ഥമെന്നു തോന്നുന്നവിധത്തിൽ അവർ തൊട്ടു മുമ്പിൽ പ്രത്യക്ഷപ്പെടും. പുസ്തകത്തിന്റെ ഏടുകൾ ആവേശത്തോടെ മറിയ്ക്കുമ്പോൾ, ഇമ ചിമ്മാൻപോലും ഇടനൽകാതെ ശ്വാസഗതി വർദ്ധിപ്പിച്ച് അവർ നമ്മെ പിടിച്ചുനിർത്തുന്നു. മനസ്സിന്റെ കേവലമായ ഭാവതലങ്ങൾക്കുപരി ഓരോ വികാരവും ശതഗുണീഭവിയ്ക്കുന്ന അത്തരമൊരു അവസ്ഥയിലേയ്ക്കു പ്രവേശിച്ചു കഴിഞ്ഞാൽ, ഒരുപക്ഷേ ഉറക്കത്തിൽ സംഭവിയ്ക്കാറുള്ളതിനേക്കാൾ സുദീർഘമായ ഒരവബോധമായി ആ പുസ്തകം അസ്വസ്ഥതകളിലേയ്ക്കു നമ്മെ വലിച്ചിഴയ്ക്കുന്നു. അപ്പോൾപ്പിന്നെ ലോകത്തിന്റെ സന്തോഷങ്ങളും സന്താപങ്ങളും നേരിട്ടു മനസ്സിലാക്കാൻ യഥാർത്ഥജീവിതത്തിൽ നാമെന്തിനു വർഷങ്ങളോളം കാത്തിരിയ്ക്കണം? സാവധാനം വളർന്നു വികസിയ്ക്കുന്ന സൂക്ഷ്മവികാരങ്ങളുടെ മന്ദഗതിമൂലം വേണ്ടവണ്ണം സംവേദനം ചെയ്യപ്പെടാതെ, ഒരുപക്ഷേ ഒരിയ്ക്കലും വെളിപ്പെടാതെ, കടന്നുപോകുന്ന അനുഭവങ്ങളെല്ലാം നമുക്കുവേണ്ടി നോവലിസ്റ്റ് ഒരൊറ്റ മണിക്കൂറിൽ സകല ബന്ധനങ്ങളും പൊട്ടിച്ചു സ്വതന്ത്രമാക്കി വിടുന്നു. ജീവിതത്തെക്കുറിച്ചും ഒരർത്ഥത്തിൽ നമുക്കങ്ങനെ പറയാം. ഓരോരുത്തരുടേയും ഹൃദയഗതി നിമിഷംപ്രതി മാറിക്കൊണ്ടിരിയ്ക്കുന്നു, അതാണു നമ്മുടെ നിർഭാഗ്യം! പക്ഷേ, വായനയുടെ അഥവാ ഭാവനയുടെ വഴി

യിൽ സഞ്ചരിയ്ക്കുമ്പോൾ മാത്രമേ നമുക്കതിന്റെ യാഥാർത്ഥ്യം ശരിയായി ഉൾക്കൊള്ളാൻ കഴിയുന്നുള്ളൂ. പലവിധ പ്രകൃതിപ്രതിഭാസങ്ങളുംപോലെ പരിവർത്തനം വളരെ പതുക്കെ നടക്കുന്ന ഒരു പ്രക്രിയയായതുകൊണ്ട്, ഓരോ അവസ്ഥയും ക്രമാനുഗതമായി തിരിച്ചറിയാൻ കഴിഞ്ഞാൽപ്പോലും, മാറ്റത്തിന്റെ സർവാതിശായിയായ അനുഭവം നമുക്കെന്നും അപ്രാപ്യമായിത്തന്നെ നിലനിൽക്കും.

അടുത്തതായി മാനുഷികമായ ഈ ഭാവതലങ്ങളോടു ചേർന്നുനിൽക്കാതെ, മനസ്സിനെ അഗാധമായി സ്പർശിയ്ക്കുന്നവിധം കഥ നടക്കുന്ന പ്രദേശത്തിന്റെ വിശാലമായൊരു ദൃശ്യം കൺമുന്നിൽ തെളിഞ്ഞുവരും. പുസ്തകത്തിൽനിന്നു തലയുയർത്തുമ്പോൾ കണ്ണുകളിൽ നേരേ പ്രതിഫലിയ്ക്കുന്നതു പക്ഷേ തൊട്ടു മുമ്പിൽ കാണുന്ന പ്രകൃതിയായിരിയ്ക്കും. വായിച്ചുകൊണ്ടിരുന്ന പുസ്തകത്തിലെ നാടും വീടും മലകളും വിദൂരതയോളം നീണ്ടു കിടക്കുന്ന പുഴകളും, തീരങ്ങളിലെ തടിമില്ലുകളും, സ്ഫടികതുല്യമായ ജലത്തിലൂടെ ഒഴുകിപ്പോകുന്ന മരച്ചീളുകളും, കരയോടു ചേർന്നു തനിച്ചും കൂട്ടമായും അലയുന്ന ആമ്പൽപ്പൂക്കളും, പായലിന്റെ മെത്തയിൽക്കിടന്നു ദ്രവിയ്ക്കുന്ന മരപ്പലകകളും മനസ്സിലേൽപ്പിച്ച വേദനയിൽ അങ്ങനെ രണ്ടു വേനൽക്കാലം ഞാൻ വെറുതേ ചിലവഴിച്ചു. അക്കാലത്തു ഞാൻ കൌമാരപ്രണയത്തിന്റെ മായാമുദ്ര മനസ്സിൽ പതിപ്പിച്ച നിഷ്കളങ്കയായൊരു പെൺകുട്ടിയുടെ ചിത്രം, നദിയിലൂടെ ഒഴുകുന്ന ജലത്തിന്റെ ശുദ്ധിയും ശൈത്യവും ഉൾക്കൊണ്ടു സാന്ദ്രമായൊരു സ്വപ്നാനുഭവമായി ഹൃദയത്തിൽ കൊണ്ടുനടന്നു. ആ രൂപം മനസ്സിലേയ്ക്കു കടന്നുവരുമ്പോൾ പരസ്പരപൂരകമായ വർണഭേദങ്ങളായി അവളുടെ ഇരുവശങ്ങളിൽ മഞ്ഞയും ചുവപ്പും കലർന്ന പൂക്കൾ താനേ വിടർന്നുവരാറുണ്ട്.

കൃത്രിമവർണവിധാനങ്ങൾകൊണ്ടു മോടിപിടിപ്പിച്ച മനോമുകുരത്തിൽ സദാ പ്രത്യക്ഷപ്പെടുന്നതുകൊണ്ടാണു നാം കാണുന്ന സ്വപ്നങ്ങളുടെ പ്രതിച്ഛായ ഒരിയ്ക്കലും മാഞ്ഞുപോകാതെ മനസ്സിൽ തങ്ങിനിൽക്കുന്നത്. പുസ്തകങ്ങളിൽ വായിച്ച ഏകതാനമായ പ്രകൃതിഭംഗിക

ൾ എന്നെ സംബന്ധിച്ച ഭാവനയിൽ ചാലിച്ചെടുത്ത മായക്കാഴ്ചകളായിരുന്നു. എനിയ്ക്കായി കോംബ്രേ നിവർത്തിയിട്ട പ്രകൃതിയേക്കാൾ അവ യാതൊരുവിധത്തിലും മെച്ചമായിരുന്നില്ല. നോവലിസ്റ്റ് തേടിപ്പിടിച്ച കണ്ടെത്തിയതായതുകൊണ്ട്, വെളിപാടിന്റെ വ്യാഖ്യാനം സശ്രദ്ധം കേൾക്കുന്നതുപോലെ, അച്ചടിമഷി പുരണ്ട ആ വാക്കുകളിൽ ഞാൻ വളരെയേറെ പ്രതീക്ഷയും വിശ്വാസവുമർപ്പിച്ചു. ഞങ്ങളുടെ തോട്ടത്തിൽ മുത്തശ്ശിയ്ക്കു മടുപ്പു തോന്നിയ്ക്കുന്നവിധം തോട്ടക്കാരൻ ചെയ്തുവെച്ച വിചിത്രമായ ഭാവനകൾപോലും പഠനത്തിനും പരീക്ഷണത്തിനുമുള്ള പ്രകൃതിയുടെ അംശാവതാരങ്ങളാണെന്ന സത്യം ഞാനപ്പോൾ വ്യക്തമായി തിരിച്ചറിഞ്ഞു.

പുസ്തകത്തിൽനിന്നു വായിച്ചറിഞ്ഞ വിദൂരസ്ഥലങ്ങളിലേയ്ക്കൊരു യാത്ര പുറപ്പെടാൻ വീട്ടുകാർ സൗകര്യം ചെയ്തു തന്നിരുന്നെങ്കിൽ, സത്യം തേടിയുള്ള അന്വേഷണത്തിൽ ആദ്യമായൊരു കുതിച്ചുചാട്ടം നടത്തിയതായി എനിയ്ക്കു പക്ഷേ ആശ്വസിയ്ക്കാമായിരുന്നു. നമ്മുടെ അസ്തിത്വത്തെ വലയം ചെയ്തു പരിധികൾ സൃഷ്ടിയ്ക്കുന്ന ആത്മാവിനെക്കുറിച്ചു വ്യക്തമായ ബോധമുണ്ടെങ്കിലും അതൊരു തടവറയായി നമുക്കൊരിയ്ക്കലും അനുഭവപ്പെടാറില്ല. മറിച്ച്, സ്വയം ആത്മാവില്ലാതെയാണു ജനിച്ചതെന്നു ഭാവിച്ചു പ്രപഞ്ചത്തിലേയ്ക്കു നിരന്തരം ഓടിക്കയറാൻ ശ്രമിയ്ക്കുമ്പോൾ, പുറമേയ്ക്കു പ്രകടമല്ലെങ്കിലും അകമേനിന്നൊരു പ്രകമ്പനത്തിന്റെ പ്രതിദ്ധ്വനി, നിരുത്സാഹത്തിന്റെ പിൻവിളിയായി, ഇടർച്ചയും തളർച്ചയുമില്ലാതെ അനുസ്യൂതം മുഴങ്ങുന്നതു കേൾക്കാം; മാത്രമല്ല, അവയിൽ ആരോപിയ്ക്കപ്പെട്ട ആത്മീയപ്രഭാവം വളരെ പ്രിയകരമായി തോന്നി വേറേ ചില വസ്തുക്കളിൽനിന്നതു വീണ്ടെടുക്കാൻ നാം ശ്രമിയ്ക്കുകയും ചെയ്യും. പക്ഷേ പിന്നീടു ചില പ്രത്യേകാശയങ്ങളുമായി ബന്ധപ്പെടുത്തി ചിന്തിയ്ക്കുമ്പോൾ അവയുടെ ആകർഷകത്വം മിഥ്യയാണെന്നും അന്തരംഗം ശൂന്യമാണെന്നും മനസ്സിലാക്കി നാം നിരാശരാകുന്നു. ചരിത്രത്തിൽ പലപ്പോഴും ആവർത്തിയ്ക്കപ്പെടുന്നതുപോലെ, ചിലപ്പോൾ സകല ആത്മീയശക്തികളും

സമാഹരിച്ച നാം വിദൂരദേശങ്ങളിൽ വസിയ്ക്കുന്ന മനുഷ്യരെ സ്വാധീനിയ്ക്കാനും ഭൂഖണ്ഡങ്ങൾ കീഴടക്കാനും ശ്രമിയ്ക്കും. അതുകൊണ്ട്, സന്ദർശിയ്ക്കാൻ മോഹിച്ച പ്രദേശങ്ങളുടെ പശ്ചാത്തലത്തിലാണ് മനോഹരിയായ ആ പെൺകുട്ടിയുടെ മുഖം ഞാൻ ഭാവനയിൽ കണ്ടത്. എന്റെ നിഗൂഢമായ ആഗ്രഹങ്ങൾക്കു നിദാനമായി അജ്ഞാതമായൊരു ലോകത്തിന്റെ കവാടം അവളെനിയ്ക്കു തുറന്നു തന്നു. പക്ഷേ, അവളൊരിയ്ക്കലും ചില ചിന്തകളുടെ ലളിതമായ സങ്കലനഫലം മാത്രമായിരുന്നില്ല; തീർച്ചയായും അതങ്ങനെയാവില്ല! യാത്രയും പ്രണയവും ഇടകലരുന്ന സ്വപ്നങ്ങൾ ഒരുപക്ഷേ, നിശ്ചലമായൊരു ജലധാരയുടെ പരിഛേദം മഴവില്ലിന്റെ മിന്നലായി മുറിച്ചെടുക്കുന്നതുപോലെ, കാലപ്രവാഹത്തിൽനിന്നൊരു ദിവസം കൃത്രിമമായി വേർപെടുത്തുന്നതുപോലെ, ജീവിതത്തിന്റെ അപ്രതിരോദ്ധ്യമായ കുത്തൊഴുക്കിൽ ഏതാനും തുള്ളികൾ ചേരുന്ന വെറുമൊരു നിമിഷത്തിന്റെ മതിഭ്രമം മാത്രമായിരിയ്ക്കാം!

പിന്നീട്, അന്തർബോധത്തിലെ ഉറവുകളിൽനിന്നു പുറത്തേയ്ക്കു പരക്കുന്ന ചിന്തകൾ സൂക്ഷ്മതയോടെ പിന്തുടർന്നു യാഥാർത്ഥ്യത്തിന്റെ ഭൂമികയിലേയ്ക്കു പ്രവേശിയ്ക്കുമ്പോൾ അന്തരീക്ഷത്തിന്റെ സുഗന്ധവും സ്വസ്ഥതയും പകരുന്ന വിശ്രാന്തിയുടെ സുഖാനുഭവം ഞാനാസ്വദിയ്ക്കും. സാങ്ഹിലൈരേ ഗോപുരത്തിൽ നിന്നു മദ്ധ്യാഹ്നത്തിലെ ആദ്യത്തെ മണിനാദമാണു ഞാനിപ്പോൾ കേൾക്കുന്നത്. കഴിഞ്ഞുപോയ നിമിഷങ്ങളുടെ ഇറ്റുവീഴുന്ന തുള്ളികൾ ഓരോന്നായി സശ്രദ്ധം ചേർത്തുവെയ്ക്കുന്ന ആ മുഴക്കം, തുടർന്നുവന്ന നിശ്ശബ്ദതയുടെ ശിഷ്ടഫലമായി നീലാകാശത്തിൽ ലയിച്ചു. ഫ്രാങ്കോയ്സ് തയാറാക്കുന്ന ഉച്ചഭക്ഷണം, തുടർന്നു വരാൻ പോകുന്ന നിമിഷങ്ങൾക്കു സന്തോഷം പകർന്നു നോവലിലെ നായകൻ നടത്തുന്ന നിസ്തുലമായ പ്രയത്നങ്ങൾക്കു വിരാമം കുറിച്ചു. ഓരോ മണിക്കൂറിലും ഇടവിട്ടു മുഴങ്ങുന്ന മണിനാദം തൊട്ടുമുമ്പത്തേതു കഴിഞ്ഞു ചില നിമിഷങ്ങൾ മാത്രമാണു കടന്നുപോയതെന്ന തോന്നലുളവാക്കും. അവസാനം കേട്ട മുഴക്കം നേ

രത്തേ കണ്ടതിനു തൊട്ടടുത്തായി മാനത്തു പ്രത്യക്ഷപ്പെടുമ്പോൾ, അറുപതു മിനിട്ടുകൾ സ്വർണഖചിതമായൊരു നീലചാപമായി രണ്ടു ബിന്ദുക്കൾക്കിടയിൽ ചിത്രീകരിയ്ക്കപ്പെടുന്നതു പക്ഷേ എനിയ്ക്കൊരു തരത്തിലും വിശ്വസിയ്ക്കാനായില്ല. സ്വയം കാലഹരണപ്പെടാൻ വെമ്പൽ കൊള്ളുന്ന ഈയൊരു മണിക്കൂറിൽ ഒരുപക്ഷേ രണ്ടു തവണ മണി ആവർത്തിച്ചു മുഴങ്ങിയിരിയ്ക്കാം. യഥാർത്ഥത്തിൽ നടന്നതാണെങ്കിലും, എന്നെ സംബന്ധിച്ച യാതൊരു സാദ്ധ്യതയുമില്ലാത്ത ആ നാദം എന്റെ ശ്രദ്ധയിൽപ്പെട്ടില്ല. പുസ്തകത്തിന്റെ വശീകരണ സാമർത്ഥ്യംമൂലം ഗാഢനിദ്രയോളം ഉന്മാദകരമായ ഒരവസ്ഥയിൽ ജാഗരൂകമായിരുന്ന എന്റെ ചെവിയിൽനിന്ന്, നിശ്ശബ്ദത പൊതിഞ്ഞു നിൽക്കുന്ന അന്തരീക്ഷത്തിന്റെ കാറ്റും കോളുമില്ലാത്ത പ്രതലത്തിൽനിന്ന്, ആ സുവർണനാദം നിശ്ശേഷം നീക്കം ചെയ്യപ്പെട്ടതായിരിയ്ക്കണം. കോംബ്രേയിലെ തോട്ടത്തിൽ ഞാവൽമരത്തിന്റെ തണലിലിരുന്ന ഞായറാഴ്ചകളുടെ മധുരമായ മദ്ധ്യാഹ്നങ്ങളിൽ അനുഭവിച്ച സംഭവങ്ങൾ ഒഴിവാക്കി പകരം ജലപ്രവാഹങ്ങൾകൊണ്ടു ഫലപുഷ്ക്കലമായ ഭൂപ്രദേശങ്ങളിലെ സാഹസികത നിറഞ്ഞ ജീവിതചര്യയിൽ മനസ്സർപ്പിച്ച ഞാൻ സ്വപ്നത്തിൽ കണ്ട അതേ പെൺകുട്ടിയെക്കുറിച്ചു വീണ്ടും ആലോചിച്ചു. അപ്പോൾ, ഒരു വികാരമായി മനസ്സിലേയ്ക്കു തള്ളിക്കയറിയ സാഹസികത കറങ്ങിത്തിരിഞ്ഞു സാന്ദ്രമായൊരു ഘനരൂപം പ്രാപിച്ച്, ഞാവൽമരത്തിന്റെ ഇലകളിൽ ചിത്രവർണം പകർന്ന സുഗന്ധപൂരിതമായ അന്തരീക്ഷത്തിൽ ഓരോ മണിക്കൂറും ഇടവിട്ടു നിശ്ശബ്ദമായി മുഴങ്ങുന്ന അവളുടെ മൂർത്തഭാവമായി മാറി.

ചിലപ്പോൾ നട്ടുച്ചസമയത്തു വായിയ്ക്കുന്ന പുസ്തകത്തിൽനിന്നു പെട്ടെന്നു ശ്രദ്ധ തിരിയ്ക്കുമ്പോൾ, തോട്ടക്കാരന്റെ മകൾ ആവേശത്തോടെ ഓടിവന്നു ചട്ടിയിൽനിന്നു നാരകച്ചെടി മറിച്ചിട്ടുകയോ തട്ടിവീണ പല്ലിളക്കുകയോ ചെയ്ത് അലറി വിളിച്ചു പറയും: "അതാ അവർ വരുന്നുണ്ട്...!". അപ്പോൾ അത്ഭുതകരമായ ആ കാഴ്ച ഒരുനിമിഷം

പോലും നഷ്ടപ്പെടാതിരിയ്ക്കാൻ ഞാനും ഫ്രാങ്കോയ്സും പടിവാതിൽ ക്കലേയ്ക്ക് ഓടിച്ചെല്ലും. കോംബ്രേയിൽ താവളമടിച്ച കുതിരപ്പട്ടാളം നിയമപ്രകാരമുള്ള സൈനികവ്യായാമത്തിനു റൂസാങ്ഹിൽഡെ വ ഴി പുറത്തേയ്ക്കു വരുന്ന കാഴ്ചയാണത്. വീട്ടുജോലിക്കാർ തോട്ടത്തി ന്റെ ഇരുമ്പുവേലിയ്ക്കു സമീപം വരിവരിയായി കസേരകളിട്ടു ഞായറാ ഴ്ചകളിൽ തെരുവിലൂടെ നടക്കാനിറങ്ങുന്ന നഗരവാസികളെ നിരീ ക്ഷിയ്ക്കുകയും അവരുടെ തിരിച്ചുള്ള നോട്ടം കണ്ടില്ലെന്നു നടിയ്ക്കുകയും ചെയ്യുന്നതിനിടയിൽ, അങ്ങകലെ വീടുകൾക്കിടയിലെ വിടവിലൂടെ അടിവെച്ചു നീങ്ങുന്ന ലോഹത്തൊപ്പികളുടെ തിളക്കം തോട്ടക്കാര ന്റെ മകളാണ് ആദ്യമായി കണ്ടത്. ജോലിക്കാർ കസേരകളുമെടുത്തു പെട്ടെന്നു പിൻവലിഞ്ഞു. കുതിരപ്പടയാളികൾ തെരുവിന്റെ ഇരുവശ വും തിങ്ങി നിരനിരയായി പോകുമ്പോൾ ഉന്തും തള്ളുമേറ്റ കുതിരക ൾ മതിലിലുരസി, വെള്ളപ്പൊക്കത്തിൽ തോടു നിറഞ്ഞു കവിഞ്ഞു പുഴയിലേയ്ക്ക് ഒഴുകുന്നതുപോലെ, നടപ്പാതകൾ മുക്കി.

"പാവം കുട്ടികൾ!" പട്ടാളക്കാർ ഇരുമ്പുവേലിയുടെ അടുത്തെത്തു ന്നതിനു മുമ്പേതന്നെ കണ്ണിൽ വെള്ളം നിറച്ചു ഫ്രാങ്കോയ്സ് സഹ താപത്തോടെ പറയും. "പാവങ്ങൾ, പുൽമേട്ടിലെ പുല്ലുപോലെ ചെ ത്തിവെടിപ്പാക്കാൻ വിധിയ്ക്കപ്പെട്ടവർ! ആലോചിയ്ക്കുമ്പോൾ നെഞ്ചു പൊട്ടിപ്പോകുന്നു!", കൈ ഹൃദയഭാഗത്ത്, ഞെട്ടൽ അനുഭവപ്പെട്ടിട ത്തുതന്നെ വെച്ച് അവൾ കൂട്ടിച്ചേർത്തു.

"നല്ല കാഴ്ച, അല്ലേ, മാഡം ഫ്രാങ്കോയ്സ്, സ്വന്തം ജീവനു പുല്ലി ന്റെ വിലപോലും കൊടുക്കാത്ത ചെറുപ്പക്കാർ?", തോട്ടക്കാരൻ അവ ളെയൊന്നു 'വലിയ്ക്കാൻ' ഉദ്ദേശിച്ചു ചോദിയ്ക്കും. അയാളുടെ ഉന്നം ഒരിയ്ക്ക ലും തെറ്റാറില്ല!

"ജീവനിൽ ശ്രദ്ധയില്ലെന്നോ, അതാണോ നിങ്ങളുദ്ദേശിച്ചത്...? ഈ ലോകത്തു സ്വന്തം ജീവിതമല്ലാതെ മറ്റെന്താണു നമ്മൾ നോ ക്കേണ്ടത്? ദൈവം രണ്ടാമതൊരിയ്ക്കൽ വെച്ചുനീട്ടാത്ത ഒരേയൊരു

സമ്മാനം ജീവിതം മാത്രമല്ലേ? അതെയതെ, നിങ്ങൾ പറഞ്ഞതും ഒരർത്ഥത്തിൽ ശരിയാണ്. അവരതു തീരെ ശ്രദ്ധിയ്ക്കുന്നില്ല! എഴുപതുകളിലെ കാര്യമാണു ഞാനിപ്പോൾ ഓർക്കുന്നത്. നശിച്ച യുദ്ധകാലത്ത് അവർക്കൊരു മരണഭയവുമില്ലായിരുന്നു. ഭ്രാന്തന്മാരെപ്പോലെ, തുക്കുകയറിന്റെ വിലപോലും അവർ സ്വജീവിതത്തിനു കൊടുത്തില്ല. വെറും മനുഷ്യരല്ല, സിം-ഹ-ങ്ങ-ളാ-യി-രു-ന്നു, അവർ!.“ മനുഷ്യരെ സിംഹവുമായി താരതമ്യം ചെയ്യുന്ന ആ ചിന്താഗതിയിൽ പക്ഷേ മനുഷ്യത്വത്തിനു യാതൊരു ബഹുമാന്യതയും കൽപ്പിയ്ക്കപ്പെട്ടില്ല!

ഞങ്ങളുടെ വീടിനു മുൻഭാഗത്തു റൂസാങ്ഹിൽഡെയുടെ വളവു തീർത്തും ചതുരമായതുകൊണ്ട് ദൂരെ നിന്നു വരുന്നവരെ കാണാൻ കഴിയുമായിരുന്നില്ല. വീടുകളുടെ വിടവിൽക്കൂടിയാണു വെയിലിൽ വെട്ടിത്തിളങ്ങുന്ന ലോഹത്തൊപ്പി ധരിച്ച പടയാളികൾ നേരേ നടന്നുവരുന്നതു തെല്ലെങ്കിലും ഞങ്ങൾക്കു കാണാൻ കഴിഞ്ഞത്. ഇനിയും എത്രപേർ വരാനുണ്ടെന്നറിയാൻ തോട്ടക്കാരനു കൗതുകം തോന്നി. പക്ഷേ, പൊരിയുന്ന വെയിൽ തലയ്ക്കു പിടിച്ചതുകൊണ്ട് അയാൾക്കു ദാഹവും അനുഭവപ്പെട്ടു. കൈയേറ്റത്തിനു വിധേയനായി പ്രത്യാക്രമണത്തിനു തയാറെടുക്കുന്നതുപോലെ അപ്പോൾ പെട്ടെന്നു തോട്ടക്കാരന്റെ മകൾ എഴുന്നേറ്റു തെരുവിലെ വളവു തിരിഞ്ഞു ചുരുങ്ങിയതൊരു നൂറു തവണ ജീവൻ പണയം വെച്ചു നടപ്പാത മുറിച്ചു കടന്നു മുന്നോട്ടു പോയി. അൽപ്പസമയം കഴിഞ്ഞു തിബർസിയിൽനിന്നും മെസെഗ്ലിസിൽനിന്നും ഒരായിരംപേർകൂടി തെരുവിൽ ഒഴുകിയെത്തുമെന്ന വാർത്തയും കൈയിലൊരു കൂജ നിറയെ കഞ്ഞിയുമായി അവൾ പ്രത്യക്ഷപ്പെട്ടു. ഫ്രാങ്കോയ്സും തോട്ടക്കാരനും അഭിപ്രായവ്യത്യാസങ്ങൾ സ്വയം ‘പരിഹരിച്ച്’, യുദ്ധമുണ്ടായാൽ സ്വീകരിയ്ക്കേണ്ട നിലപാടിനെക്കുറിച്ചു ചർച്ച ചെയ്യാൻ തുടങ്ങി.

“നിങ്ങൾ കാണുന്നില്ലേ, മാഡം ഫ്രാങ്കോയ്സ്?' അയാൾ പറയും, 'ഇതിലും ഭേദം വിപ്ളവമാണ്, അപ്പോൾപ്പിന്നെ താൽപ്പര്യമില്ലാത്തവർക്കു പട്ടാളത്തിൽ ചേരേണ്ടിവരില്ല“.

"അതെ, ശരിയാണത്, അതാണ കുറേക്കൂടി നേരായ വഴി!".

യുദ്ധം പ്രഖ്യാപിച്ചാൽ അവരുടനെ റെയിൽവേ സ്തംഭിപ്പിയ്ക്കുമെന്നു തോട്ടക്കാരൻ അഭിപ്രായപ്പെട്ടു.

"അതേ, തീർച്ചയായും, നമ്മളെങ്ങോട്ടും ഒളിച്ചോടിപ്പോകാതിരിയ്ക്കാൻ!", ഫ്രാങ്കോയ്സ് കൂട്ടിച്ചേർക്കും.

അങ്ങനെയൊരു സാദ്ധ്യത തൊട്ടു മുന്നിൽ കണ്ടു തോട്ടക്കാരൻ തുടരും, "നല്ല കൗശലക്കാരാണവർ!". സത്യത്തിൽ ഭരണകൂടം സാധാരണക്കാരുടെ പേരിൽ നടത്തുന്ന കപടനാടകമാണു യുദ്ധമെന്നും ഒഴിവു കിട്ടിയാൽ ഒളിച്ചോടാൻ ആഗ്രഹിയ്ക്കാത്തവരില്ലെന്നും വിശ്വസിയ്ക്കാതിരിയ്ക്കാൻ അയാൾക്കു കഴിഞ്ഞില്ല.

അതിനിടയിൽ ഫ്രാങ്കോയ്സ് അമ്മായിയുടെ അടുത്തേയ്ക്കും ഞാൻ പുസ്തകത്തിലേയ്ക്കും മടങ്ങിക്കഴിഞ്ഞിരിയ്ക്കും. ജോലിക്കാർ ഇരുമ്പുവേലിയ്ക്കരികെ വീണ്ടും അവരവരുടെ സ്ഥാനത്തു തെരുവിലെ പൊടിയടങ്ങുന്നതും നോക്കി കുതിരപ്പട്ടാളത്തിന്റെ വരവുകൊണ്ടുണ്ടായ കോലാഹലങ്ങൾ ഒതുങ്ങുന്നതു ശ്രദ്ധിച്ച് ഇരിപ്പുറപ്പിയ്ക്കും. പഴയ ശാന്തത പുന:സ്ഥാപിച്ചു കഴിഞ്ഞാൽ തെരുവുകളിൽ ഇരുട്ടു പരത്തി നഗരവാസികളുടെ അസാധാരണമായൊരു വേലിയേറ്റം കാണാം. 'കഥ കഴിയാത്ത' ഓരോ വീടുകളുടെ മുമ്പിലും ഒരു ചടങ്ങെന്ന രീതിയിൽ, ശക്തമായ വേലിയേറ്റത്തിനുശേഷം കടൽക്കരയിൽ ശേഷിയ്ക്കുന്ന പായലും കക്കകളും പെറുക്കുന്നതുപോലെ, വീട്ടുടമസ്ഥർ സ്വയം കുന്തിച്ചിരുന്നു പടിവാതിലുകൾക്കു ചുറ്റും ഇരുണ്ട നിറത്തിലുള്ള തോരണം തൂക്കി അലങ്കരിയ്ക്കും.

ഇതുപോലുള്ള ദിവസങ്ങളൊഴിച്ച് മിക്കവാറും എന്റെ വായനയ്ക്കു യാതൊരു തടസ്സവുമുണ്ടാകാറില്ല. പക്ഷേ, ഒരു ദിവസം ഗൌരവതരമായ വായനയെക്കുറിച്ചു സംസാരിയ്ക്കുമ്പോൾ ഞാനതുവരെ കേൾക്കാത്ത ബെർഗോത്തെന്ന പുതിയൊരു എഴുത്തുകാരനെക്കുറിച്ചു സ്വാൻ പരാമർശിയ്ക്കുകയുണ്ടായി. അതിനുശേഷം മഞ്ഞനിറത്തിൽ മായികമായ ചുമർചിത്രത്തേക്കാൾ വ്യത്യസ്തമായ ഒരു ഭദ്രാസനപ്പള്ളിയുടെ

പൂമുഖത്തിന്റെ പശ്ചാത്തലത്തിലാണ പതിവായി സ്വപ്നംകാണാറുള്ള ആ പെൺകുട്ടിയുടെ ചിത്രം എന്റെ മനസ്സിൽ പ്രത്യക്ഷപ്പെട്ടത്.

യുവത്വത്തിന്റെ പ്രതീകമായ എന്റെ സുഹൃത്ത് ബ്ലോക്കാണ സത്യത്തിൽ ബെർഗോത്തിനെക്കുറിച്ച് ആദ്യമായി എന്നോടു പറഞ്ഞത്. എന്നേക്കാൾ പ്രായമുള്ള അയാളോട് അക്കാലത്ത് എനിയ്ക്കതിയായ ആരാധന തോന്നിയിരുന്നു. മുസ്സെറ്റിന്റെ 'ന്യൂട് ഒക്ടോബ്രേ' യോടുള്ള മതിപ്പ് ഒരു ദിവസം ഞാൻ തുറന്നു പറഞ്ഞപ്പോൾ സൈറൺവിളിപോലെ ചെവിപൊളിയുമാറു പൊട്ടിച്ചിരിച്ച്, ഒരു മുന്നറിയിപ്പിന്റെ സ്വരത്തിൽ, അയാളെന്നോടു പറഞ്ഞു: “മുസ്സെറ്റിനോടുള്ള നിന്റെ ഈ അടുപ്പം അവസാനിപ്പിയ്ക്കുന്നതാണ നല്ലത്. താണതരത്തിൽപ്പെട്ട ഒരു ചീഞ്ഞ വിത്താണയാൾ. വെറുക്കപ്പെടേണ്ട മാതൃക! എങ്കിലും, എനിയ്ക്ക പറയാതിരിയ്ക്കാനാവില്ല,“ ആദരവോടെ അയാൾ കൂട്ടിച്ചേർത്തു: “അയാൾക്ക്, അതെ, എഴുത്തുകാരെന്നു സ്വയം വിശേഷിപ്പിയ്ക്കുന്നവർക്കു താളാത്മകമായ രണ്ടു വരി ഒരിയ്ക്കലെങ്കിലും എഴുതാതിരിയ്ക്കാൻ കഴിയില്ല, തീർച്ച. നിരുപാധികമായ ആ വരികൾക്കു പക്ഷേ അർത്ഥം കാണേണ്ട കാര്യമുണ്ടെന്നു ഞാൻ കരുതുന്നില്ല“.

അനശ്വരരായ ദൈവങ്ങൾക്കു മുമ്പിൽ സദാ പ്രസന്നവദനനായി മാത്രം പ്രത്യക്ഷപ്പെടുന്ന ഫാദർ ലെകോംതേയെന്ന എന്റെ പ്രിയപ്പെട്ട അദ്ധ്യാപകൻ, മുസ്സെറ്റിന്റെ രണ്ടു കഥാപാത്രങ്ങളേയും പ്രതിരോധിയ്ക്കാനുള്ള തെളിവുകൾ ഒരു ലേഖനത്തിലൂടെ എന്റെ വിധിനിർണയത്തിനു വിട്ടുതന്നു. വായിയ്ക്കാൻ തീരെ സമയമില്ലാതിരിയ്ക്കുമ്പോൾ ഇതാ, അതേ നാണയത്തിൽ മറ്റൊരു സുഹൃത്തു പുതിയൊരു പുസ്തകം എനിയ്ക്കു ശുപാർശ ചെയ്തിരിയ്ക്കുന്നു! ഈ എഴുത്തുകാരൻ, ബെർഗോത്ത്, സൂക്ഷ്മദർശിയായൊരു കവിയായി പേരെടുത്തു കഴിഞ്ഞിരുന്നു. വിമർശനപരമായ സമന്വയചിന്ത വെളിവാക്കുന്ന വാക്കുകൾക്കു ഡെൽഫിയിലെ വെളിപാടുപോലുള്ള ആധികാരികത അവകാശപ്പെടാനില്ലെങ്കിൽ ഒരിയ്ക്കലും അവയ്ക്കെന്നെ സ്വാധീനിയ്ക്കാൻ കഴിയുമെന്നു തോന്നുന്നില്ല. ഈ ഗദ്യകവിത വായിയ്ക്കുമ്പോൾ, താളത്തിന്റെ പ്ര

തിഭയായ ടൈറ്റാനിക് അസത്യവാദിയല്ലെങ്കിൽ എന്റെ പ്രിയഗുരു വിനുപോലും അപ്പോളോവിന്റെ അമൃതസമാനമായ അനുഭൂതി രുചിച്ചു നോക്കാവുന്നതാണ്! ബ്ലോക്ക് എന്നെ ഗുരുതുല്യനായി കണ്ടു; അതേ മട്ടിൽ ഞാനയാളേയും കാണണമെന്നു നിഷ്കർഷിച്ചു. വിഷയത്തിന്റെ അസ്തിത്വം നിലനിൽക്കുന്നതു നാമവിശേഷണങ്ങളിലാണെന്നു വിശ്വസിയ്ക്കുന്ന പ്രായമായതുകൊണ്ട് അത്തരം പരസ്പരോപചാരങ്ങളിൽ ഒരളവോളം ഞങ്ങൾ സംതൃപ്തിയും കണ്ടെത്തി.

സുന്ദരമായ കവിത നിരർത്ഥകമാണെങ്കിൽ കുറേക്കൂടി ഹൃദ്യമാകുമെന്നു ബ്ലോക്ക് പറഞ്ഞപ്പോൾ തോന്നിയ സംശയം വിശദീകരണത്തിലൂടെ നിവൃത്തി വരുത്താൻ നിർഭാഗ്യവശാൽ എനിയ്ക്കു കഴിഞ്ഞില്ല. ആദ്യമൊക്കെ അയാൾക്കു നല്ല സ്വീകരണമാണു വീട്ടിൽ ലഭിച്ചിരുന്നത്. സുദൃഢമായൊരു സുഹൃദ്ബന്ധം സ്ഥാപിച്ചു കഴിഞ്ഞ ബ്ലോക്കിനേയുംകൂട്ടി ഞാൻ വീട്ടിലെത്തുമ്പോൾ മിക്കവാറും അയാളൊരു ജൂതനാണെന്ന വസ്തുത മുത്തച്ഛൻ പെട്ടെന്നു തിരിച്ചറിയുന്നതു കണ്ടു ഞാൻ അത്ഭുതപ്പെടാറുണ്ട്. ആശയപരമായി യാതൊരെതിർപ്പുമില്ലാത്ത അദ്ദേഹത്തിന്റെ ആത്മാർത്ഥസുഹൃത്ത് സ്വാൻപോലും ജൂതവംശജനായിരുന്നു. ഞാൻ സുഹൃത്തുക്കളായി തിരഞ്ഞെടുക്കുന്നവരാരും മുത്തച്ഛന്റെ ദൃഷ്ടിയിൽ നല്ല ജാതിയിൽപ്പെട്ട ജൂതന്മാരായിരുന്നില്ല. അതുകൊണ്ട്, മുത്തച്ഛൻ ജ്യൂവിൽനിന്നുള്ള 'നമ്മുടെ പിതാവായ ദൈവമേ..'യെന്ന ഗാനശകലമോ, അതല്ലെങ്കിൽ 'അംതിതം തിതംതലാ'യെന്നൊരു താളവട്ടമോ പതുക്കെ മൂളുന്നതു കേൾക്കാതെ പുതിയൊരു സുഹൃത്തിനേയുംകൊണ്ട് ഒരിയ്ക്കലും എനിയ്ക്കു വീട്ടിലേയ്ക്കു ചെല്ലാൻ കഴിയാറില്ല. ആ ഈണം തിരിച്ചറിയുന്ന സുഹൃത്തു കവിതയിലെ വാക്കുകൾ സ്വയം പെറുക്കിയെടുക്കുമെന്ന ഭയം അക്കാലത്തെന്നെ വല്ലാതെ അലട്ടിയിരുന്നു.

സുഹൃത്തിന്റെ പേരു മനസ്സിലാക്കി പ്രത്യേകിച്ചൊരു ഹിബ്രൂബന്ധം സംശയിയ്ക്കാനില്ലെങ്കിലും നേരിട്ടു കാണുന്നതിനു മുമ്പേതന്നെ അയാളുടെ ജൂതപാരമ്പര്യം മാത്രമല്ല, കുടുംബരഹസ്യങ്ങളുടെ നിഗൂ

ഢതകൾപോലും മുത്തച്ഛൻ ഊഹിച്ചെടുക്കും.

'ഇന്നു വൈകുന്നേരം വരുന്ന നിന്റെ സ്നേഹിതനെ വീട്ടിലെന്താണു വിളിയ്ക്കുക പതിവ്?"

"ഡ്യൂമൺഡ്...., മുത്തച്ഛാ!".

"ഡ്യൂമൺഡ്...!, അതെ, ഡ്യൂമൺഡിനെ പക്ഷേ എനിയ്ക്കു പേടിയുണ്ട്!", തുടർന്ന് അദ്ദേഹം പാടും: "വില്ലാളിവീരരേ, ജാഗരൂകരാകുക...! വിശ്രമമില്ലാതെ, നിശ്ശബ്ദം, ശ്രദ്ധിച്ചുകൊണ്ടിരിയ്ക്കുക....!"

സുഹൃത്തു വരുമ്പോൾ വിവരങ്ങളറിയാൻ ചില കുശലാന്വേഷണങ്ങൾ നടത്തി അദ്ദേഹം എല്ലാവരും കേൾക്കെ പ്രഖ്യാപിയ്ക്കും: "ജാഗ്രത...! ജാഗ്രത...!".

ചിലപ്പോൾ ആ സുഹൃത്തു നേരേ വീട്ടിൽ വരുമ്പോഴായിരിയ്ക്കും മുത്തച്ഛന്റെ ഈ സൂക്ഷ്മനിരീക്ഷണത്തിനു വഴങ്ങി പാരമ്പര്യം പറഞ്ഞ് ആത്മപീഡനം ഏറ്റു വാങ്ങുന്നത്. അപ്പോൾ, സംശയങ്ങളൊന്നും ബാക്കിയില്ലെന്നു കാണിയ്ക്കാൻ മുത്തച്ഛൻ ഞങ്ങളെ നോക്കി ശബ്ദമടക്കി വ്യംഗ്യാർത്ഥത്തിൽ പാടും: "ആരാണു നിങ്ങളെ ഈ മധുരമായ താഴ്വരയിലേയ്ക്കു കൊണ്ടുവന്നത്? കാതരനായൊരു ഇസ്രയേലുകാരനോ?".

പക്ഷേ, മുത്തച്ഛന്റെ വിലക്ഷണമായ ഈ പെരുമാറ്റംകൊണ്ട് എന്റെ സ്നേഹിതന്മാർക്കു സത്യത്തിൽ യാതൊരു വിരുദ്ധാഭിപ്രായവും തോന്നാറില്ല. സത്യത്തിൽ മറ്റു ചില കാരണങ്ങൾകൊണ്ടാണു ബ്ലോക്ക് ഞങ്ങളുടെ കുടുംബത്തിൽ തീരെ അസ്വീകാര്യനായി മാറിയത്. പലപ്പോഴും അയാളുടെ പെരുമാറ്റരീതി അച്ഛനു വല്ലാത്ത അസ്വാരസ്യം ജനിപ്പിച്ചു. ഒരിയ്ക്കൽ നനഞ്ഞ വസ്ത്രങ്ങളുമായി വീട്ടിൽ വന്നുകയറിയ അയാളോട് അച്ഛൻ ചോദിച്ചു:

"ഇന്നെന്തു പറ്റി, ബ്ലോക്ക്! കാലാവസ്ഥയിൽ എന്തെങ്കിലും മാറ്റമുണ്ടോ? മഴ പെയ്തതൊന്നും ഞാൻ തീരെ അറിഞ്ഞില്ല. എന്റെ താപമാപിനിയ്ക്കു 'പനി' ബാധിച്ചിരിയ്ക്കുമോ?"

തികച്ചും നിർവികാരമായൊരു പ്രസ്താവനയാണു മറുപടിയായി

ബ്ലോക്കിൽനിന്നു പുറപ്പെട്ടത്: “സർ, മഴ പെയ്തോ എന്ന താങ്കളുടെ ചോദ്യത്തിനു കൃത്യമായൊരു ഉത്തരം നൽകാൻ ഞാൻ ശക്തനല്ല. ലോകത്തിന്റെ ഭൗതികമായ യാദൃച്ഛികതകളിൽനിന്നു മാറി കൃതനിശ്ചയനായി ജീവിക്കുന്ന എന്റെ ഇന്ദ്രിയങ്ങൾ ഇതുപോലുള്ള വിവരങ്ങൾ നൽകി ആത്മാവിനെ നോവിക്കാറില്ല!“.

“പാവം പയ്യൻ!“, ബ്ലോക്ക് പൊയ്ക്കഴിഞ്ഞപ്പോൾ അച്ഛൻ പറഞ്ഞു. “നിന്റെ സ്നേഹിതനു ബുദ്ധിക്കൽപ്പം തകരാറു സംഭവിച്ചിട്ടുണ്ടെന്നു തോന്നുന്നു. കാലാവസ്ഥയെക്കുറിച്ചുപോലും അവനു പറയാനറിയില്ല, വെറുമൊരു മന്ദബുദ്ധി!“

അടുത്ത തവണ ബ്ലോക്ക് അച്ഛനെ മാത്രമല്ല മുത്തശ്ശിയേയും മുഷിപ്പിച്ചു. ഉച്ചഭക്ഷണത്തിനുശേഷം തീരെ സുഖമില്ലെന്നു മുത്തശ്ശി പരാതി പറഞ്ഞപ്പോൾ, സ്വയം തേങ്ങലടക്കാൻ പണിപ്പെട്ട് അയാൾ കണ്ണീരു തുടയ്ക്കുന്നതായി ഭാവിച്ചു.

“അവനൊരു നിഷ്ക്കളങ്കനാണെന്നു തീർത്തും പറയാനാവില്ല“, മുത്തശ്ശി എന്നോടു സ്വകാര്യമായി പറഞ്ഞു. “എന്നെ യാതൊരു പരിചയവുമില്ലാത്ത അവനെന്തിനു വെറുതെ സങ്കടപ്പെടണം? അല്ലെങ്കിൽ അവനൊരു മുഴുത്ത ഭ്രാന്തനായിരിക്കണം!“.

മാത്രമല്ല, ഒരുദിവസം ആപാദചൂഡം ചെളിയിൽ മുങ്ങി ഒന്നരമണിക്കൂർ വൈകി ഉച്ചഭക്ഷണത്തിനു വന്ന അവനെ കണ്ടു കുടുംബമൊന്നാകെ ഇളകി മറിഞ്ഞു. ചെറിയൊരു ക്ഷമപോലും ചോദിക്കാതെ തികഞ്ഞ നിസ്സംഗതയോടെ അവൻ പറഞ്ഞു: “കാലാവസ്ഥയുടെ വ്യതിയാനങ്ങൾക്കോ സമയഭേദങ്ങളുടെ വിഭാഗീയതകൾക്കോ ഒരിക്കലും എന്നെ സ്വാധീനിക്കാനാവില്ല. ചൈനാക്കാരുടെ കറുപ്പും മലയക്കാരുടെ മയക്കമരുന്നും സമൂഹത്തിലേക്കു തിരിച്ചു കൊണ്ടുവരാൻ ഞാനെന്നും ബാദ്ധ്യസ്ഥനാണ്. കുടയും വാച്ചുംപോലുള്ള ബൂർഷ്വാസികളുടെ പീഡനോപാധികൾ യാതൊന്നും ഞാൻ ഉപയോഗിക്കാറില്ല!“.

ഇങ്ങനെയൊക്കെയാണെങ്കിലും ബ്ലോക്ക് പൊതുവേ എല്ലാവർക്കും സ്വീകാര്യനായിരുന്നു. എനിയ്ക്കുവേണ്ടി വീട്ടുകാർ ഒരിയ്ക്കലും തിരഞ്ഞെടുക്കാൻ ഇടയില്ലാത്ത സുഹൃത്തായിട്ടും മുത്തശ്ശിയുടെ രോഗവാർത്ത കേട്ട അയാളുടെ കണ്ണീർ മിക്കവാറും നിർവ്യാജമാണെന്ന തീരുമാനത്തിൽ അവർ ചെന്നെത്തി. ജീവിതത്തിന്റെ ആദ്യകാലത്തു പ്രകടമാകുന്ന ഇതുപോലുള്ള വൈകാരികതകൾ ക്രമേണ തണുത്തുറയുമെന്നും അവർക്കു ബോദ്ധ്യമുണ്ടായിരുന്നു. ഉൽക്കടമായ ഈ വികാരങ്ങളേക്കാൾ ധാർമ്മികതയോടുള്ള മതിപ്പ്, സുഹൃത്തുക്കളോടുള്ള വിശ്വസ്തത, മുതിർന്നവരോടുള്ള അനുസരണ, ചെയ്യുന്ന ജോലി ലക്ഷ്യത്തിൽ കൊണ്ടുചെന്നെത്തിയ്ക്കാനുള്ള ക്ഷമ തുടങ്ങിയ മൂല്യങ്ങളാണു സ്വഭാവശുദ്ധിക്കു നിദാനമെന്നു സ്വന്തം ജീവിതത്തിലെ അനുഭവങ്ങളിലൂടെ അവർ തിരിച്ചറിഞ്ഞു. മദ്ധ്യവർഗസദാചാരനിയമങ്ങളുടെ സാമാന്യതകൾക്കു വഴങ്ങി, സൗഹൃദത്തിന്റെ കടമകളും അവകാശങ്ങളും തമ്മിൽ കൃത്യമായൊരു ബലാബലം കണക്കാക്കി, വികാരാവേശത്തിന്റെ നിമിഷങ്ങളിൽപ്പോലും തീരെ സൗമനസ്യം കാണിയ്ക്കാത്ത നിരവധി കൂട്ടുകാർ എനിയ്ക്കുണ്ടായിരുന്നു. പെട്ടെന്നൊരു ദിവസം എന്നെക്കുറിച്ചു വളരെ പ്രതിപത്തിയോടെ ചിന്തിച്ചുകൊണ്ട്, പലരും പതിവുള്ളതുപോലെ, ഒരു കുട്ട നിറയെ പഴം സമ്മാനമായി കൊടുത്തയയ്ക്കുന്ന അവർക്കു യുക്തിഹീനമായ എന്റെ തീരുമാനങ്ങളെ ഒരുതരത്തിലും സമരസപ്പെടുത്താൻ കഴിയില്ല. നേരിട്ടുള്ള കല്ലേറുപോലും അവരെ സ്വന്തം ഉത്തരവാദിത്വത്തിൽനിന്നു പിന്തിരിപ്പിയ്ക്കാൻ പര്യാപ്തമാവില്ല. അത്തരക്കാരുടെ നല്ലൊരു മാതൃകയായിരുന്നു എന്റെ വലിയമ്മായി: ഒരു വാക്കുപോലും പരസ്പരം ഉരിയാടാതെ വർഷങ്ങളോളം ഒരുമിച്ചു ജീവിച്ച മരുമകളുടെപേരിൽ ജീവിതാവസാനം സകലതും എഴുതി വെയ്ക്കാൻ അവരുടെ മനസ്സിനു ചാഞ്ചല്യമുണ്ടായില്ല. അവരുടെ അടുത്ത അവകാശിയായിരുന്നു, അവൾ; മാത്രമല്ല, അതാണു 'സമുചിത'മെന്നും വലിയമ്മായി വിശ്വസിച്ചു.

ബ്ലോക്കിനെ സത്യത്തിൽ ഞാനിഷ്ടപ്പെട്ടു; എന്റെ സന്തോഷമാ

യിരുന്നു, വീട്ടുകാർ ആഗ്രഹിച്ചതും. പക്ഷേ അമ്മയ്ക്ക് ഞാനയാളുമായി ഇടപഴകുന്നതു പഥ്യമായിരുന്നില്ല. അതിലേറെ എന്നെ അസ്വസ്ഥ നാക്കിയതു 'ലാഫില്ലേ പസിഫേ'യിലെ 'നിരുപാധികവും അർത്ഥര ഹിതവുമായ' വരികളുടെ സൗന്ദര്യത്തെക്കുറിച്ചുള്ള ചില സംശയങ്ങ ളായിരുന്നു. അതിനിടയിൽ വീട്ടുകാരും ബ്ലോക്കും തമ്മിൽ അകലാ നിടയായ നിർഭാഗ്യകരമായൊരു സംഭവം അരങ്ങേറി. അത്താഴ ത്തിനുശേഷം എല്ലാവരും ഒരുമിച്ചിരുന്നു സംസാരിയ്ക്കുന്നതിനിടയി ൽ, സകല സ്ത്രീകളും സദാ പ്രണയത്തെക്കുറിച്ചാണു ചിന്തിയ്ക്കുന്നതെ ന്നും പുരുഷനു സ്വമേധയാ വഴങ്ങാൻ തയാറാകാത്ത ഒരൊറ്റ സ്ത്രീ പോലുമില്ലെന്നും ബ്ലോക്ക് തുറന്നടിച്ചു. സ്വന്തം വാദഗതിയ്ക്കു ബലം പ കരാനായി, ചെറുപ്പത്തിൽ 'ഉല്ലാസ'ജീവിതം നയിച്ചുപോന്ന വലിയ മ്മായി കുറച്ചുകാലം കുത്സിതമായ ചില സാഹചര്യങ്ങളിൽ 'താമസി ച്ചി'രുന്നതായി തികഞ്ഞ ആധികാരികതയോടെ അയാളെന്നോടു സ്വകാര്യമായി പറഞ്ഞു. അതീവപ്രാധാന്യമുള്ള ആ വാർത്ത അച്ഛന മ്മമാരോട് ആവർത്തിയ്ക്കാതെ മറച്ചുപിടിയ്ക്കാൻ എനിയ്ക്കു കഴിഞ്ഞില്ല. അതിന്റെ ഫലമായി അടുത്ത തവണ വീട്ടിലെത്തിയ ബ്ലോക്കിനെ ആരും അകത്തേയ്ക്കു കടത്തി വിട്ടില്ല. പിന്നീടൊരിയ്ക്കൽ തെരുവിൽ വെച്ചു കണ്ടപ്പോൾ അയാളൊരു തണുത്തമട്ടിൽ എന്നെ അഭിവാദ്യം ചെയ്യുതായി ഭാവിയ്ക്കുക മാത്രമാണു ചെയ്തത്!

പക്ഷേ, ബെർഗോത്തിന്റെ കാര്യത്തിൽ ബ്ലോക്ക് പറഞ്ഞതു തി കച്ചും സത്യമായിരുന്നു.

സദാ സമയവും കാതിൽ മുഴങ്ങുന്ന ഒരീണം ഒരു നിമിഷത്തേയ്ക്കു പോലും 'പിടിച്ചെടുക്കാൻ' പറ്റാത്തതുപോലെ, ചിന്തകളെ ആവേശഭ രിതമാക്കുന്നവിധം ബെർഗോത്തിന്റെ ശൈലിയിൽ ഒളിഞ്ഞുകിടക്കു ന്ന സവിശേഷതകൾ ഓരോന്നും ചികഞ്ഞെടുക്കാൻ കുറച്ചുകാലം ഞാൻ കിണഞ്ഞു പരിശ്രമിച്ചു. പ്രണയത്തിന്റെ ആദ്യദിനങ്ങളിൽ വിരുന്നിലും നാടകശാലയിലുംവെച്ചു കാണുന്ന പ്രണയിനിയുടെ ശ്രു

പപരമായ സൌന്ദര്യംമാത്രമാണ മുഖ്യാകർഷണമെന്ന കരുതുന്നതു പോലെ, അദ്ദേഹത്തിന്റെ നോവൽ താഴെ വെയ്ക്കാൻ തോന്നാതെ വായിച്ചപോകുന്നതു കഥാഗതിയുടെ പിരിമുറുക്കം മൂലമായിരിയ്ക്കാമെന്ന ഞാൻ സങ്കൽപ്പിച്ചു. പിന്നീട്, ചില പ്രത്യേകസന്ദർഭങ്ങളിൽ അദ്ദേഹം ഉപയോഗിയ്ക്കുന്ന അപൂർവവും മിക്കവാറും പൗരാണികവുമായ പ്രയോഗങ്ങളിൽ ഒളിപ്പിയ്ക്കുന്ന സൂത്രവാക്യങ്ങൾ, ഒരു വാഗർത്ഥപ്രവാഹമായി ആ ശൈലിയെ സവിശേഷവും സചേതനവുമാക്കി മാറ്റുന്നതു ഞാൻ കണ്ടു. അപ്പോൾ, 'ജീവിതത്തിന്റെ മിഥ്യയായ സങ്കൽപ്പ്'ങ്ങളും 'സുന്ദരമായ സൃഷ്ടിപരമ്പര'കളും 'സ്നേഹിയ്ക്കുകയും സ്നേഹിയ്ക്കപ്പെടുകയും ചെയ്യുന്ന വന്ധ്യയാതന'കളും 'ഭദ്രാസനപ്പള്ളികളിലെ പൂമുഖങ്ങളുടെ ചലനാത്മകമായ ശിൽപ്പ'ങ്ങളുമായി അദ്ദേഹത്തിന്റെ വശ്യമായ ആ വാചാലത താനേ പെട്ടെന്ന മനസ്സിലേയ്ക്കു കടന്നു വരും. അപരിചിതവും ആശ്ചര്യകരവുമായ കൽപ്പനകളിൽ നെയ്തെടുത്ത മനോഹരശൈലിയ്ക്കു സ്വർഗീയമായ ഉദാത്തത പകരുന്ന പക്കവാദ്യംപോലെ, എന്റെ ചെവികളിൽ പ്രതിദ്ധ്വനിയ്ക്കാൻ തുടങ്ങിയ ഒരു വീണാനാദത്തിന്റെ ജീവസ്വരമായി ആരോപിയ്ക്കാവുന്ന, പരിപൂർണമായൊരു ചിന്താപദ്ധതി അദ്ദേഹം അനാവരണം ചെയ്തു. ആദ്യത്തെ അദ്ധ്യായം വായിച്ചപ്പോഴുണ്ടായ ചെറിയ സന്തോഷവുമായി യാതൊരുതരത്തിലും താരതമ്യം ചെയ്യാൻ കഴിയാതെ, തീർത്തും വ്യത്യസ്തമായ മൂന്നും നാലും അദ്ധ്യായങ്ങൾ ആത്മാവിന്റെ അഗാധതകളിൽ ബന്ധങ്ങളും ബന്ധനങ്ങളും തട്ടിത്തകർത്തു ഗഹനവും വിശാലവുമായ അനുരണനങ്ങൾ സൃഷ്ടിയ്ക്കുന്ന അവാച്യമായൊരു അനുഭൂതിയാണെനിയ്ക്കു സമ്മാനിച്ചത്. ആദ്യഭാഗത്തു വ്യക്തമായ സൂചനകൾ നൽകിയിരുന്നെങ്കിലും ആനന്ദത്തിന കാരണമായ ആ സവിശേഷതകൾ പക്ഷേ എനിയ്ക്കു വേർതിരിച്ചറിയാൻ കഴിഞ്ഞില്ല. അസാധാരണമായ പദപ്രയോഗങ്ങൾ, സംഗീതസാന്ദ്രമായ സ്ഫോടനങ്ങൾ, ആശയസമ്പുദ്ധമായ ചിന്താപദ്ധതി, തുടങ്ങിയവയെല്ലാം ആ അദ്ധ്യായങ്ങളിൽ കണ്ടപ്പോൾ ബെർഗോത്തിന്റെ ഒരു കൃതിയിലെ

ഒരദ്ധ്യായം മാത്രമാണതെന്ന ചിന്തപോലും ഞാൻ മറന്നുപോയി. അദ്ദേഹത്തിന്റെ 'മുദ്ര പതിഞ്ഞ' ഒരദ്ധ്യായമെന്നല്ല, മനോമുകുരത്തിൽ പതിഞ്ഞ ഒരു ദ്വിമാനവിഗ്രഹത്തിന്റെ രൂപമായി, വായിച്ചു തീർത്ത സമാനതകളെല്ലാം സമഞ്ജസമായി സമ്മേളിച്ച്, ഒരുതരം സാന്ദ്രതയും വ്യാപകത്വവും വർദ്ധിപ്പിച്ച്, സ്വന്തം അവബോധങ്ങൾക്കു കൃത്യമായൊരു വികാസവും പരിപാകവും ലഭിക്കുന്നതായി എനിക്കനുഭവപ്പെട്ടു.

ബെർഗോത്തിന്റെ കടുത്ത ആരാധകനായി ഞാൻ മാത്രമായിരുന്നില്ല കോംബ്രേയിലുണ്ടായിരുന്നത്; സാഹിത്യവിഷയങ്ങളിൽ സഹൃദയത്വമുള്ള അമ്മയുടെ ഒരു സ്നേഹിതയ്ക്കും അദ്ദേഹത്തിന്റെ കൃതികൾ ഇഷ്ടമായിരുന്നു. ബെർഗോത്തിന്റെ വായിക്കാനെടുത്ത പുതിയ പുസ്തകം അവസാനിപ്പിക്കാതെ ഡോക്ടർ ബോൾബോൺ രോഗികളെ നോക്കാറില്ലെന്നു പലരും പറഞ്ഞു ഞാൻ കേട്ടു! ആ വീട്ടിലെ പരിശോധനാമുറിയിൽനിന്നാണു ബെർഗോത്തിന്റെ മഹത്വം നാലു ദിക്കിലേക്കും പരക്കാൻ തുടങ്ങിയത്. അക്കാലത്തു വളരെ ചെറിയ തോതിലായിരുന്നെങ്കിൽ, ഇന്നതു യൂറോപ്പിലും അമേരിക്കയിലും മാത്രമല്ല ലോകത്തെമ്പാടുമുള്ള ചെറിയ ചെറിയ ഗ്രാമങ്ങളിൽപ്പോലും സാംസ്കാരികമായ ചാരുതയോടെ പൂവിടാൻ തുടങ്ങിയിരിക്കുന്നു. ഡോക്ടർ ബോൾബോണിനും അമ്മയുടെ സ്നേഹിതയ്ക്കും ബെർഗോത്തിന്റെ കൃതികളിൽ കാണാൻ കഴിഞ്ഞ അതേ സവിശേഷതകളാണു യഥാർത്ഥത്തിൽ എന്നേയും ആ കൃതികളുടെ വായനയിലേക്കു നയിച്ചത്. സംഗീതാത്മകമായ തരളഗതിയും പഴയ രീതിയിലുള്ള വാമൊഴികളും തുടങ്ങി ലളിതവും പരിചിതവുമാണെങ്കിലും മൗലികമായൊരു അഭിരുചിയുടെ തിളക്കം ആ ശൈലിയുടെ മാറ്റു വർദ്ധിപ്പിച്ചു. മാത്രമല്ല, അദ്ദേഹത്തിന്റെ പുസ്തകങ്ങളിലെ ദു:ഖകരമായ ഭാഗങ്ങളിൽ മിക്കവാറും ഒരുതരം കാർക്കശ്യം പ്രകടമായിരുന്നു. സ്വന്തം പുസ്തകങ്ങളുടെ സവിശേഷതകൾ, തീർച്ചയായും, അദ്ദേഹം കണ്ടറിഞ്ഞു.

സനാതനസത്യങ്ങളെക്കുറിച്ചു വിശദീകരിയ്ക്കുമ്പോൾ, അഥവാ ചരിത്ര പ്രധാനമായ ദേവാലയങ്ങളുടെ മഹത്വം വിവരിയ്ക്കുമ്പോൾ വഴി ഞ്ഞൊഴുകുന്ന പദങ്ങളുടെ ശയ്യാഗുണം, ആദ്യകാലകൃതികളിൽ പ്രൗ ഢമായ ഗദ്യത്തിന്റെ ഗഹനതമൂലം വായനക്കാർക്കു വെളിവായിരു ന്നില്ല. അന്നു തിരമാലകൾപോലെ പുറമേയ്ക്കു മാത്രം ദൃശ്യമായ അവ പുതിയ കൃതികളിലെത്തുമ്പോൾ വിവരണം പെട്ടെന്നു നിർത്തിവെ യ്ക്കുന്ന ഒരർദ്ധവിരാമമായി, ധ്യാനശ്ലോമോ ഉദ്ധരണിയോ ഉപയോഗി ച്ചു കവിഞ്ഞൊഴുകുന്ന ശൈലിയ്ക്കു സ്വതന്ത്രമായൊരു നിർഗമനമാർ ഗം ഒരുക്കിക്കൊടുക്കുകയാണു ചെയ്തത്. അപ്പോൾ, ആ ഒഴുക്കിന്റെ പ്രഭവകേന്ദ്രവും വിലയസ്ഥാനവും എവിടെയാണെന്നു കൃത്യമായ സൂ ചന ലഭിയ്ക്കാതെ നേർക്കാഴ്ച മറയ്ക്കുന്നതുകൊണ്ടു വായനക്കാരന്റെ ആ നന്ദാനുഭൂതി കൂടുതൽ നിർവൃതികരവും ശ്രുതിമധുരവുമായി അനുഭവ പ്പെട്ടും. അദ്ദേഹം ആസ്വദിച്ചെഴുതിയ അത്തരം ഭാഗങ്ങൾ ഞാൻ മ ന:പാഠമാക്കി ഉരുവിട്ടു നടന്നു. രസനിഷ്യന്ദിയായ വർണനകൾക്കു ശേഷം കഥാഗതിയുടെ തുടർച്ചയിലേയ്ക്കു തിരിച്ചെത്തുമ്പോൾ പല പ്പോഴും എനിയ്ക്കു നിരാശ തോന്നാറുണ്ട്. പൈൻമരക്കാടുകളും ചുഴലി ക്കാറ്റും പാരീസും അഥാലീയും ഫേദ്രയുംപോലെ അതുവരെ കാണാ ത്ത അലൗകികമായ ദൃശ്യങ്ങളെക്കുറിച്ചു വിവരിയ്ക്കുമ്പോൾ, ബിംബ കൽപ്പനകളുടെ കുത്തൊഴുക്കിൽ സൗന്ദര്യകുംഭങ്ങൾ തല്ലിത്തകർത്തു പിഴിഞ്ഞെടുക്കുന്ന സത്തിൽ ഞാൻ സ്വയം അഭിഷിക്തനാകും. എ ണ്ണമറ്റ മൂലകങ്ങൾ തിങ്ങിനിറഞ്ഞ ഈ പ്രപഞ്ചം വേണ്ടതുപോലെ തിരിച്ചറിയാൻ ദുർബലമായ എന്റെ ഇന്ദ്രിയങ്ങൾ തീർത്തും അശക്ത മായതുകൊണ്ട്, എന്നോടുള്ള അമിതമായ വാത്സല്യം നിമിത്തം അ ദ്ദേഹം എനിയ്ക്കു കൈയെത്താവുന്ന ദൂരത്തേയ്ക്കവ അടുപ്പിയ്ക്കുകയാണെ ന്നു ഞാൻ കരുതി. ലോകത്തുള്ള സകലതും, പ്രത്യേകിച്ച് വരുംകാ ലങ്ങളിൽ എനിയ്ക്കു നേരിട്ടു കാണാവുന്ന കാഴ്ചകളും, വിശേഷേണ ഫ്രാൻസിലെ ചരിത്രപ്രസിദ്ധമായ സൗധങ്ങളും പ്രത്യേകമായ ചില കോണുകളിൽനിന്നുള്ള സമുദ്രദൃശ്യങ്ങളും സമൃദ്ധമായ സൗന്ദര്യം വെ

ളിവാക്കി, പ്രത്യേകമായ മതിപ്പിനു നിദർശകങ്ങളായി സ്വന്തം പുസ്തകങ്ങളിൽ അദ്ദേഹം ആവിഷ്ക്കരിച്ചു. ആ സമയം അദ്ദേഹം അനുഭവിയ്ക്കുന്ന അതേ മാനസികനിലയും തനതായ ശൈലിയുടെ രൂപകഭംഗിയും എനിയ്ക്കു സ്വായത്തമായെങ്കിലെന്നു ഞാൻ വൃഥാ വ്യാമോഹിച്ചു. എന്തുചെയ്യാം! ലോകത്തു നിലവിലുള്ള പല വിഷയങ്ങളെക്കുറിച്ചും അദ്ദേഹത്തിനു സഹജമായി ലഭിച്ച ഉൾക്കാഴ്ച പക്ഷേ എന്തുകൊണ്ടോ എനിയ്ക്കു തീർത്തും അന്യമായിരുന്നു. ഭാവിയിൽ ഒരു പക്ഷേ ഞാൻ ചെന്നുചേരാൻ സാദ്ധ്യതയുള്ള അജ്ഞാതമായൊരു ഗോളത്തിൽനിന്നു വരുന്ന എന്റെ ചിന്തകൾ അവയുമായി പൊരുത്തപ്പെടാതെ പോയതിൽ എനിയ്ക്കത്ഭുതം തോന്നിയില്ല. അതുകൊണ്ട് ആ വിശിഷ്ടാത്മാവിനു ശുദ്ധവിഡ്ഢിത്തമായി തോന്നുമെന്നു തീർച്ചയുള്ള പല ധാരണകളും മനസ്സിൽ നിന്നു ഞാൻ പാടേ തുടച്ചുമാറ്റി. മാത്രമല്ല, എന്റെ മനസ്സിൽ മുമ്പെപ്പോഴെങ്കിലും തോന്നിയ ഒരാശയം ഒരിടത്തു കാണാനിടയായാൽ, ദൈവത്തിന്റെ അപരിമേയമായ ഔദാര്യം മൂലം സ്വയമേവ ജനിച്ച ആ അനുഭവമാണു സത്യവും സൗന്ദര്യവുമെന്നു വ്യക്തമായി അദ്ദേഹം ഊന്നിപ്പറയുമ്പോൾ എന്റെ ഹൃദയം ചാരിതാർത്ഥ്യവും അഭിമാനവും മൂലം ഇളകിമറിയും. രാത്രി സമയം ഉറക്കംവരാതെ കിടക്കുമ്പോൾ ഞാൻ ചിലപ്പോൾ അമ്മയ്ക്കും മുത്തശ്ശിയ്ക്കുമായി കുത്തിക്കുറിയ്ക്കാറുള്ള വരികളിലെ ആശയം പ്രതിഫലിയ്ക്കുന്ന ചില ഭാഗങ്ങൾ ബെർഗോത്തിന്റെ പുസ്തകത്തിൽ സമഗ്രമായി സംഗ്രഹിച്ചു ചേർത്തിരിയ്ക്കുന്നതു കാണുമ്പോൾ, എന്റെ കത്തുകളുടെ ശീർഷകമായി ചേർക്കാവുന്ന മാതൃകാവാക്യങ്ങളായി ഞാനവയെ സങ്കൽപ്പിച്ചു. അതുകൊണ്ടു പിൽക്കാലത്തു സ്വന്തമായൊരു പുസ്തകരചനയ്ക്കു പുറപ്പെട്ടപ്പോൾ, വാചകങ്ങളുടെ ഘടനാപരമായ ലാളിത്യം അസ്വാഭാവികമാണെന്നു കണ്ട് ഉദ്യമം അവസാനിപ്പിയ്ക്കാമെന്നു സംശയിച്ചു നിന്നപ്പോൾ, പെട്ടെന്നവയ്ക്കു തുല്യമായ ചില പ്രയോഗങ്ങൾ ബെർഗോത്തിന്റെ കൃതികളിൽ വായിച്ചു ഞാൻ വിസ്മയം കൊള്ളാറുണ്ട്. പക്ഷേ, അദ്ദേഹത്തിന്റെ തൂലികയിൽനിന്നു വരുമ്പോൾ

മാത്രമേ ഞാനവ ഉള്ളറിഞ്ഞ് ആസ്വദിയ്ക്കാറുള്ളൂ. എഴുതിക്കൊണ്ടിരുന്നപ്പോൾ മനസ്സിൽ തെളിഞ്ഞു കണ്ട ആശയങ്ങൾ അതേപടി ആവിഷ്ക്കരിയ്ക്കാനുള്ള അമിതമായ വ്യഗ്രതമൂലം ഒരുപക്ഷേ അവയൊന്നും അനുവാചകനു 'യഥാർത്ഥജീവിത'മായി അനുഭവപ്പെടാനിടയില്ലെന്നു ഞാൻ സംശയിച്ചു. മാത്രമല്ല, സ്വയം എഴുതിയതു വായനക്കാരന്റെ ഭാഗത്തുനിന്നു നോക്കിക്കാണാനും ഞാൻ തീരെ മിനക്കെട്ടില്ല! അത്തരമൊരു ആലങ്കാരികശൈലിയല്ലാതെ മറ്റൊരു രീതിയും രുചികരമായി എനിയ്ക്കു തോന്നിയില്ല. അസംതൃപ്തവും ജ്വരാവേശിതവുമായ ആഉദ്യമങ്ങൾ മിക്കവാറും യാതൊരു ആനന്ദാനുഭൂതിയും നൽകാത്ത, തീവ്രവും അഗാധവുമായ, എന്റെ പ്രണയത്തിന്റെ പ്രതീകങ്ങളായിരുന്നു. അതുകൊണ്ട് അടിച്ചമർത്തലുകളും ആത്മപീഡനങ്ങളും അകമ്പടി സേവിയ്ക്കാത്ത അതേ പ്രയോഗങ്ങൾ പെട്ടെന്നു മറ്റൊരു രചനയിൽ കാണാനിട വന്നപ്പോൾ, അതിഥികളും ആതിഥേ-യരുമില്ലാത്ത അപൂർവം സന്ദർഭങ്ങളിൽ മൃഷ്ടാന്നഭോജനത്തിനു സമയം ധൂർത്തടിയ്ക്കുന്ന പാചകക്കാരെപ്പോലെ, അത്തരം വിഷയാസക്തികൾക്കു സ്വയം പുറത്തലഞ്ഞു നടക്കാനുള്ള സ്വാതന്ത്ര്യം ഞാനനുവ-ദിച്ചു. കുടുംബത്തിലൊരു ഭൃത്യയെക്കുറിച്ചു ഫലിതരൂപേണയുള്ള പരാമർശം ഉദാത്തവും രാജകീയവുമായ ശൈലിയിൽ വിപരീതാർത്ഥത്തോടെ എഴുതിയതു വായിച്ചപ്പോൾ, ഫ്രാങ്കോയ്സിനെക്കുറിച്ചു മുത്തശ്ശിയോടു ഞാൻ പറയാറുള്ള വാചകമാണതെന്നുപോലും എനിയ്ക്കു തോന്നി. മറ്റൊരിയ്ക്കൽ കുടുംബസുഹൃത്തായ ലെഗ്രാൻഡിനെക്കുറിച്ചു പരാമർശിയ്ക്കേണ്ടി വന്നപ്പോഴാണു കേവലസത്യത്തിന്റെ കണ്ണാടികളായ രചനകളിൽ സ്വന്തം പ്രതിബിംബങ്ങൾ നേരിട്ടു കാണാൻ അദ്ദേഹത്തിനു താൽപ്പര്യമില്ലെന്ന വസ്തുത ഞാൻ മനസ്സിലാക്കിയത്. (ബെർഗോത്ത് വെറുതേയൊന്നു മറിച്ചുനോക്കുകപോലും സാദ്ധ്യതയില്ലെന്നു ബോദ്ധ്യമുള്ളതുകൊണ്ട്, ഫ്രാങ്കോയ്സിനേയും ലെഗ്രാൻഡിനേയും കുറിച്ചുള്ള എന്റെ അഭിപ്രായങ്ങൾ നന്ദിപൂർവം അദ്ദേഹത്തിനു സമർപ്പിയ്ക്കാൻ കഴിയുമെന്നും ഞാൻ കരുതി!). അപ്പോഴാണു

ലൗകികമായ എന്റെ അസ്തിത്വവും സത്യത്തിന്റെ അലൗകികതയും തമ്മിലുള്ള യഥാർത്ഥദൂരം ഒരുപക്ഷേ ഞാൻ ഉദ്ദേശിച്ചതിൽനിന്നു വളരെ കുറവാണെന്നും ചിലപ്പോൾ അവ പരസ്പരം ഇഴുകി ചേർന്നു സമ്പർക്കത്തിലേർപ്പെടാനിടയുണ്ടെന്നും പെട്ടെന്നൊരു ബോധോദയം എനിയ്ക്കു വ ന്നത്. പുതിയതായി നേടിയ ആത്മവിശ്വാസത്തിലും ആനന്ദത്തിലും മതിമറന്ന ഞാൻ, സുദീർഘമായൊരു യാത്ര കഴിഞ്ഞു തിരിച്ചെത്തിയ മകൻ പിതാവിനെ ഗാഢാലിംഗനം ചെയ്യുന്നതുപോലെ, അദ്ദേഹത്തിന്റെ അച്ചടിച്ച കടലാസുകളിൽ മുഖം പൂഴ്ത്തി കണ്ണീരൊലിപ്പിച്ചു തേങ്ങിക്കരഞ്ഞു.

ജീവിതത്തിലൊരിയ്ക്കലും ഒരാശ്വാസവും ലഭിയ്ക്കാതെ, മക്കൾ നഷ്ടപ്പെട്ടു നിരാശനും ക്ഷീണിതനുമായ, ഒരു വൃദ്ധന്റെ രൂപമാണു പുസ്തകങ്ങളിൽനിന്നു ഞാൻ ബെർഗോത്തിനെക്കുറിച്ചു സങ്കൽപ്പിച്ചത്. അങ്ങനെയൊരു ധാരണയോടെ അദ്ദേഹത്തിന്റെ വാചകങ്ങൾ വായിയ്ക്കുമ്പോൾ, അല്ലെങ്കിൽ ഈണത്തോടെ ചൊല്ലുമ്പോൾ, അതുമല്ലെങ്കിൽ രാഗഭാവത്തോടെ ആലപിയ്ക്കുമ്പോൾ, വളരെ ലളിതമായ വാക്യശകലങ്ങൾപോലും സവിശേഷമായ സൗമ്യതയും സ്വരഭേദവും പകർന്നു ചെവിയിൽ താനേ മുഴങ്ങിക്കൊണ്ടിരിയ്ക്കും. അതുകൊണ്ട് ആജീവനാന്തം അദ്ദേഹത്തിന്റ തത്വചിന്തയിൽമാത്രം വിശ്വാസമർപ്പിച്ച് ഉപാസനാനിരതനായി ജീവിയ്ക്കുമെന്നു ഞാൻ മനസാ ശപഥം ചെയ്തു. വിദ്യാലയത്തിൽ 'തത്വചിന്ത' ഐച്ഛികമായെടുത്തു പഠിയ്ക്കാൻ തക്ക പ്രായമാകുന്നതുവരെ ഞാൻ അക്ഷമനായി കാത്തിരുന്നു. യാതൊന്നും ശ്രദ്ധിയ്ക്കാതെ നിഷ്ക്രിയനായി ബെർഗോത്തിന്റെ വിചാരങ്ങളിലൂടെ ജീവിയ്ക്കാനല്ലാതെ മറ്റെന്തെങ്കിലും ചെയ്യാനോ പഠിയ്ക്കാനോ ഞാൻ ശ്രമിച്ചില്ല. മറിച്ച്, ഞാൻ പിന്തുടരാനിടയുള്ള ആദ്ധ്യാത്മിക-ചിന്തയിലെ ആചാര്യന്മാർക്ക് അദ്ദേഹവുമായി യാതൊരു സാദൃശ്യവുമില്ലെന്നു നേരത്തേ മനസ്സിലായിരുന്നെങ്കിൽ, പാതിവ്രത്യശുദ്ധിയോടെ ജീവിയ്ക്കാമെന്നു പ്രതിജ്ഞ ചെയ്ത യുവകാമുകനോടു വരുംകാലങ്ങളിൽ അയാൾക്കുണ്ടാകാൻ പോകുന്ന നിരവധി ഭാര്യമാരെക്കുറിച്ചു

പ്രവചിയ്ക്കുമ്പോൾ സംഭവിയ്ക്കാവുന്നതുപോലെ, എനിയ്ക്കൊരിയ്ക്കലും സഹിയ്ക്കാനാവാത്ത കഠിനമായ ആ ആഘാതം ഒരുപക്ഷേ മതിഭ്രമത്തോളം ചെന്നെത്തുമായിരുന്നു.

ഒരു ഞായറാഴ്ച ഞാൻ പതിവുപോലെ പുസ്തകം വായിച്ചുകൊണ്ടിരിയ്ക്കുമ്പോൾ അച്ഛനമ്മമാരെ കാണാനെത്തിയ സ്വാൻ പെട്ടെന്നവിടേയ്ക്കു കടന്നുവന്നു ചോദിച്ചു.

“നീയെന്താണു വായിയ്ക്കുന്നത്? ഞാനൊന്നു നോക്കട്ടെ... എന്ത്..., ഇതു ബെർഗോത്തിന്റെ പുസ്തകമാണല്ലോ! ആരാണു നിനക്കിതു കൊണ്ടുവന്നു തന്നത്?“.

അതിനുത്തരവാദി ബ്ലോക്കാണെന്നു ഞാൻ പറഞ്ഞു..

“അതെ.., ഇവിടെ ഞാനൊരിയ്ക്കൽ കണ്ട ആ പയ്യൻ! ബെല്ലിനി വരച്ച മഹോമെറ്റ് രണ്ടാമന്റെ ചിത്രംപോലെ തോന്നിയ്ക്കുന്നയാൾ! വിസ്മയകരമായൊരു സാദൃശ്യമാണത്. വളഞ്ഞ പുരികവും നീണ്ട മൂക്കും കവിളെല്ലുകളും അതേപടി തന്നെയുണ്ട്. താടിരോമങ്ങൾ മുളയ്ക്കുമ്പോൾ അവൻ നല്ലൊരു മഹോമെറ്റായി മാറും. എന്തായാലും അവനു നല്ല സാഹിത്യവാസനയുണ്ട്. ബെർഗോത്ത് കഴിവുള്ള എഴുത്തുകാരനാണെന്ന കാര്യത്തിൽ സംശയമില്ല!. നേരിട്ടറിയാവുന്നവരെക്കുറിച്ച് പൊതുവേ മറ്റാരോടും പറയാത്ത സ്വാൻ, ബെർഗോത്തിനെ ഞാനെത്രമാത്രം ആരാധിയ്ക്കുന്നുണ്ടെന്നു മനസ്സിലാക്കാൻ തൽക്കാലം ഒരിളവു നൽകി പറഞ്ഞു: “എനിയ്ക്കദ്ദേഹത്തെ നല്ല പരിചയമുണ്ട്. നിനക്ക് അദ്ദേഹത്തിന്റെ കൈപ്പടയിൽ എന്തെങ്കിലും കുറിച്ചു കിട്ടണമെന്നുണ്ടെങ്കിൽ ഞാൻ ശുപാർശ ചെയ്യാം!“.

അങ്ങനെയൊരു നിർദ്ദേശം സ്വീകരിയ്ക്കാൻ ആ നിമിഷം സത്യത്തിൽ എനിയ്ക്കു ധൈര്യം വന്നില്ല, പക്ഷേ, സുഹൃത്തിനെക്കുറിച്ചുള്ള ചോദ്യങ്ങൾകൊണ്ട് ഞാനദ്ദേഹത്തെ അലോസരപ്പെടുത്തി. “അദ്ദേഹത്തിനേറെ ഇഷ്ടപ്പെട്ട നടൻ ആരാണെന്നു താങ്കൾക്കറിയാമോ?“

“നടനോ..? അതെനിയ്ക്കറിയില്ല. പക്ഷേ ഒരുകാര്യം ഞാൻ പറയാം: അരങ്ങത്തു ബെർമയ്ക്കു തുല്യയായി മറ്റൊരു നടിയില്ലെന്നാണ്

അദ്ദേഹത്തിന്റെ അഭിപ്രായം. നീയവരെ കണ്ടിട്ടുണ്ടോ?"

"ഇല്ല..., നാടകത്തിനു പോകാൻ വീട്ടുകാർ അനുവദിക്കാറില്ല!".

"കഷ്ടം, അവരെ നീയതിനു നിർബന്ധിച്ചേ തീരൂ! 'ഫേദ്രേ'യിലും 'സിഡി'ലും ബെർമയുടെ അഭിനയമുണ്ടല്ലോ..., അതേ, അങ്ങനെ പറയാമെങ്കിലും, അവരൊരു നടിമാത്രമാണ്. നിനക്കറിയാവുന്നതുപോലെ, എനിയ്ക്കു 'കലാപരമായ അധികാരശ്രേണി'കളിൽ തീരെ വിശ്വാസമില്ല!". വീട്ടിൽവെച്ചു മുത്തശ്ശിയുടെ സഹോദരിമാരുമായി നടക്കുന്ന ചില സംസാരങ്ങളിൽ കേൾക്കാറുള്ളതുപോലെ, ഗൗരവമുള്ള വിഷയങ്ങളെക്കുറിച്ചു പറയുമ്പോഴും പ്രധാനകാര്യങ്ങളിൽ കൃത്യമായ ഒരഭിപ്രായമായി തെറ്റിദ്ധരിയ്ക്കാവുന്ന ശൈലി പ്രയോഗിയ്ക്കുമ്പോഴും യാന്ത്രികമായ സ്വരഭേദത്തോടെ അദ്ദേഹം ആ പ്രസ്താവനകളുടെ ജീവൻ ചോർത്തി ഒറ്റയ്ക്കു മാറ്റിനിർത്തും. പ്രത്യേകിച്ച്, വാക്കുകളും വാക്യങ്ങളും ഉദ്ധരണികളാണെന്ന പ്രതീതി ജനിപ്പിയ്ക്കുന്നതരത്തിൽ വ്യക്തിപരമായ ഉത്തരവാദിത്വത്തിൽനിന്നു സ്വയം ഒഴിഞ്ഞുമാറാനുള്ള വെമ്പലോടെ, "അധികാരശ്രേണി'കളെക്കുറിച്ച് ആരു പറഞ്ഞു? നിനക്കറിയില്ലേ, കഥയില്ലാത്തവർ മാത്രമേ അങ്ങനെ പറയാറുള്ളൂ!', - എന്നൊരു രീതി അദ്ദേഹം അപ്പോഴും അനുവർത്തിയ്ക്കുന്നതായി ഞാൻ ശ്രദ്ധിച്ചു. സത്യത്തിലതു വളരെ പരിഹാസ്യമായും എനിയ്ക്കു തോന്നി. ഒരു നിമിഷം നിർത്തി അദ്ദേഹം തുടർന്നു: "അവരുടെ അഭിനയം, ലോകത്തേതു കലാസൃഷ്ടിയോടും കിട പിടിയ്ക്കത്തക്ക ഉദാത്തമായൊരു അനുഭവം നിനക്കു സമ്മാനിയ്ക്കും, എന്താണു പറയേണ്ടതെന്നറിയില്ല!", പെട്ടെന്നദ്ദേഹം ചിരിയ്ക്കാൻ തുടങ്ങി, "ചാർത്രേയിലെ 'രാജ്ഞി'യെന്നും പറയാം!". മുത്തശ്ശിയുടെ സഹോദരിമാർക്കു സഹജമായ സൈദ്ധാന്തികതയേക്കാൾ പാരീസുകാരുടെ സാംസ്ക്കാരികശുദ്ധികൊണ്ടാണു ഗൗരവമായൊരു അഭിപ്രായം വ്യക്തമായി പറയാൻ അദ്ദേഹം മടിയ്ക്കാറുള്ളതെന്നു ഞാൻ വിചാരിച്ചു. അശ്ലീലമെന്നു കരുതി 'ഭാവഗീത'പരമായ അഭിനിവേശങ്ങൾ മനസ്സിൽ സൂക്ഷിച്ച

പൂർവികരുടെ ശീലങ്ങളേക്കാൾ സൂക്ഷ്മവും കൃത്യവുമായ വസ്തുതകൾക്കു പ്രാധാന്യമുള്ള 'ഭാവകൽപ്പന'കൾ നിരോധിയ്ക്കപ്പെട്ടതിന്റേയോ അതല്ലെങ്കിൽ സ്വാൻ ഇടപഴകിയ സാമൂഹ്യവൃത്തങ്ങൾക്കു ജീവിതത്തോടുള്ള നിലപാടുകളുടെയോ ബഹിർസ്ഫുരണമായിരിയ്ക്കാം ആ മനോഭാവമെന്നു ഞാൻ സങ്കൽപ്പിച്ചിരുന്നു. പക്ഷേ, യാഥാർത്ഥ്യങ്ങളുമായി മുഖാമുഖം നേരിടേണ്ടി വന്നപ്പോൾ യാതൊരു ചമ്മലും കൂടാതെ അദ്ദേഹം സ്വീകരിച്ച നിലപാട് എന്നെ ചെറുതായി അത്ഭുതപ്പെടുത്തുകതന്നെ ചെയ്തു. സ്വന്തമായൊരു അഭിപ്രായം തുറന്നു പറയാൻ പോലും വിമുഖത ഭാവിച്ച് അപകടരഹിതമായ വിശദാംശങ്ങൾ അവതരിപ്പിയ്ക്കാനാണദ്ദേഹം ശ്രദ്ധിച്ചത്. പക്ഷേ, അങ്ങനെ ചെയ്യുമ്പോൾപ്പോലും വസ്തുതകളിലൂന്നി മന:പൂർവമല്ലാതുള്ള ആ പ്രസ്താവന ഒരഭിപ്രായമാണെന്ന സത്യം അംഗീകരിയ്ക്കാനും വിശദാംശങ്ങൾക്കു തനതായൊരു പ്രാധാന്യമുണ്ടെന്നു മനസ്സിലാക്കാനും അദ്ദേഹം മറന്നു. അമ്മയ്ക്ക് എന്റെ മുറിയിലേയ്ക്കു വരാൻ കഴിയാതിരുന്ന അന്നത്തെ രാത്രിയിലെ അത്താഴവിരുന്നിനു തൊട്ടുമുമ്പ് ലിയോൺ രാജകുമാരി നൽകിയ സൽക്കാരത്തിനു യാതൊരു വിലയും കൽപ്പിയ്ക്കാതെ അദ്ദേഹം നിഷ്ക്കരുണം നിഷേധിച്ച കാര്യം അപ്പോൾ എന്റെ ഓർമ്മയിൽ വന്നു. അതായത്, അദ്ദേഹം അത്തരം ചില ആത്മരതികൾക്കു മാത്രമായാണു ജീവിതം ഉഴിഞ്ഞുവെച്ചിരിക്കുന്നത്. സന്ദിഗ്ദ്ധമായൊരു വിഷയത്തെക്കുറിച്ച് വ്യക്തമായ തീരുമാനം തുറന്നു പറയുകയും ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്യുന്ന പ്രകൃതം അദ്ദേഹം ഇനിയെന്നാണു പഠിയ്ക്കുക? പറഞ്ഞതെല്ലാം അപഹാസ്യമാണെന്നു മനസ്സിലാക്കി അത്തരം രീതികളിൽനിന്നും അദ്ദേഹം ഇനിയെന്നാണു മാറാൻ പോകുന്നത്? ബെർഗോത്തിനെക്കുറിച്ചു സംസാരിച്ച രീതി പക്ഷേ, സ്വാനിന്റെ മാത്രം പ്രത്യേകതയായിരുന്നില്ല; അന്നദ്ദേഹത്തിന്റെ ആരാധകരെല്ലാവരും, ഡോക്ടർ ബോൾബോണും അമ്മയുടെ സ്നേഹിതയുമടക്കം, ഒരുപോലെ പങ്കു വെയ്ക്കാറുള്ള ചിന്താഗതികളായിരുന്നു, അവ. സ്വാനിനെപ്പോലെ അവരും പറയും: “ആരേയും

വശീകരിയ്ക്കുന്ന ഒരു സർഗസിദ്ധി ബെർഗോത്തിനുണ്ട്; വിഷയം അവതരിപ്പിയ്ക്കാൻ വലിച്ചു നീട്ടിയതാണെങ്കിലും മൗലികവും സരസവുമായൊരു ശൈലിയുണ്ട്. പുസ്തകത്തിന്റെ ചട്ടയിൽ നിങ്ങൾക്കൊരിക്കലും ഗ്രന്ഥകാരന്റെ പേരു നോക്കേണ്ടതില്ല, അതിനുമുമ്പേ നിങ്ങളദ്ദേഹത്തെ തിരിച്ചറിഞ്ഞു കഴിയും". പക്ഷേ, 'അദ്ദേഹം മഹാനായൊരു എഴുത്തുകാരനാണെന്നോ അത്യുന്നതനായ പ്രതിഭാശാലിയാണെന്നോ' അവരാരും പറയില്ല; നല്ലൊരു പ്രതിഭയുടെ സ്പർശം അദ്ദേഹത്തിനുണ്ടെന്നുപോലും അംഗീകരിയ്ക്കില്ല. പ്രതിഭയെക്കുറിച്ച് കൃത്യമായി അറിയാൻ വയ്യാത്തതുകൊണ്ടാകാം ഒരുപക്ഷേ അവരങ്ങനെ ചെയ്യുന്നത്. സാമാന്യമായ ചില വിശേഷണപദങ്ങൾ മാത്രം നിറഞ്ഞ കൗതുകശാലയിൽ 'മഹാപ്രതിഭ'യെന്ന പേരെഴുതി വെച്ചവരുടെ മൗലികമായ മുഖലക്ഷണങ്ങൾ ഏറെക്കാലത്തെ പരിചയവും അനുഭവവുംകൊണ്ടു മാത്രമേ നമുക്കു തിരിച്ചറിയാൻ കഴിയൂ. തികച്ചും അപരിചിതമായ ആ മുഖഭാവങ്ങളിൽ പ്രതിഭയെന്നു നാം വ്യവഹരിയ്ക്കുന്ന ലക്ഷണങ്ങൾ യാതൊന്നും ഒരുപക്ഷേ നമുക്കു കണ്ടെത്താനാവില്ല. പകരം മൗലികത, മനോജ്ഞത, മധുരത, മനോബലം എന്നൊക്കെ നാമവയെ വിശേഷിപ്പിയ്ക്കുന്നു. കുറേക്കാലം കഴിഞ്ഞ് ഒരു ദിവസം അതെല്ലാം ചേർത്തുവെച്ച് ആകത്തുക കണക്കാക്കി അവയുടെ പൂർണവിലയായി നാം പ്രതിഭയെ കണ്ടെത്തുകയും ചെയ്യും.

"ബെർമയെക്കുറിച്ചു ബെർഗോത്തെഴുതിയ പുസ്തകങ്ങളെന്തെങ്കിലും താങ്കൾ കണ്ടിട്ടുണ്ടോ?", ഞാൻ ചോദിച്ചു.

"ഉണ്ടെന്നു തോന്നുന്നു, റാസിനെക്കുറിച്ചെഴുതിയ ചെറിയ ലേഖനത്തിൽ ബെർമയെക്കുറിച്ചൊരു പരാമർശമുണ്ട്. പക്ഷേ, അതിപ്പോൾ കിട്ടാനില്ല. രണ്ടാം പതിപ്പ് ഒരുപക്ഷേ എവിടെയെങ്കിലും കണ്ടേക്കാം. എന്തായാലും നിനക്കു ഞാനതു കണ്ടുപിടിച്ചു തരാം. അടുത്ത തവണ നിനക്കറിയേണ്ടതെല്ലാം ഞാൻ അദ്ദേഹത്തോടു നേരിട്ടു ചോദിയ്ക്കാം. മിക്ക ആഴ്ചകളിലും ഞങ്ങൾ ഒരുമിച്ചു കൂടാറുണ്ട്. എന്റെ

മകളുടെ ഒരു സുഹൃത്തുകൂടിയാണദ്ദേഹം. ചിലപ്പോഴൊക്കെ അവർ പള്ളികളും വിനോദകേന്ദ്രങ്ങളും സന്ദർശിയ്ക്കാൻ പോകാറുണ്ട്".

സമൂഹത്തിന്റെ വിവിധതലങ്ങളിൽ പല ജാതികളായി വിഭജിയ്ക്കപ്പെട്ടു കിടക്കുന്നവരെക്കുറിച്ചു സാമാന്യമായൊരു വിവരംപോലും അന്നെനിയ്ക്ക് ഉണ്ടായിരുന്നില്ല. എന്റെ കുടുംബാംഗങ്ങൾക്കു സ്വാനിന്റെ ഭാര്യയും മകളും തീരെ അപരിചിതരാണെന്ന കാര്യവും വളരെക്കാലത്തേയ്ക്കു ഞാൻ മനസ്സിലാക്കിയില്ല; അവർക്കും ഞങ്ങൾക്കുമിടയിൽ അഗാധമായൊരു ഗർത്തം നിലവിലുണ്ടെന്ന ധാരണമൂലം, അവർ ഞങ്ങളേക്കാൾ പദവിയിൽ ഉയർന്നവരാണെന്ന ഒരു വിപരീതചിന്തയാണു സത്യത്തിൽ ഞാനന്നു വെച്ചുപുലർത്തിയിരുന്നത്. അമ്മ, മാഡം സ്വാനിനെപ്പോലെ മുടി കറുപ്പിയ്ക്കുകയും ചുണ്ടു ചുവപ്പിയ്ക്കുകയും ചെയ്യാതെ നടക്കുന്നതിൽ എനിയ്ക്കു വല്ലാത്ത വിഷമവും തോന്നിയിരുന്നു. അയൽക്കാരി മാഡം സസറെറ്റിന്റെ സംസാരത്തിൽനിന്നാണു മാഡം സ്വാൻ അങ്ങനെ ചെയ്യുന്നതു ഭർത്താവിനെയല്ല, ചാർലൂസിനെ സന്തോഷിപ്പിയ്ക്കാനാണെന്നു ഞാൻ മനസ്സിലാക്കിയത്. അതുകൊണ്ട്, മാഡം സ്വാനിന്റെ ദൃഷ്ടിയിൽ ഞങ്ങൾ വെറും പരിഹാസപാത്രങ്ങളാണെന്നു ഞാൻ വിചാരിച്ചു. പ്രത്യേകിച്ചും പറഞ്ഞുകേട്ടു പരിചയപ്പെട്ട അവരുടെ മകളെക്കുറിച്ച്, സുന്ദരിയായ ആ പെൺകുട്ടിയുടെ പേരിൽ, ഞാനേറെ വ്യാകുലനായി. സ്വയം സങ്കൽപ്പിച്ച ആകർഷകത്വവും സൌന്ദര്യവുമുള്ള അവളെക്കുറിച്ചു ഞാനെപ്പോഴും ചിന്തിയ്ക്കുകയും സ്വപ്നത്തിൽ നേരിട്ടു പരിചയപ്പെടുകയും ചെയ്തു. പക്ഷേ, അപൂർവമായ ജന്മവാസനകളുടെ അനുകൂലവും സവിശേഷവുമായ സാഹചര്യങ്ങളിൽ ജീവിയ്ക്കുന്ന മിസ് സ്വാൻ, ദിവസേന രാവിലെ ഭക്ഷണത്തിനു വിശേഷാൽ സന്ദർശകരാരാണുള്ളതെന്നു മാതാപിതാക്കളോടു ചോദിയ്ക്കുമ്പോൾ, സ്വർഗീയമായ മൂന്നക്ഷരങ്ങളിൽ പഴയ കുടുംബസുഹൃത്തു ബെർഗോത്തെന്ന വിശിഷ്ടാതിഥിയുടെ മഹനീയമായ പേരു ചിരപരിചിതമെന്നപോലെ കേൾക്കുമെന്ന യാഥാർത്ഥ്യം ഞാൻ കണ്ടറിഞ്ഞു. വലിയമ്മായിയുമായി ഞാൻ ദിവസേന

പതിവുള്ളതുപോലെ, മേശയ്ക്കിരുപുറവും ഇരുന്ന സൗഹൃദസംഭാഷണത്തിലേർപ്പെട്ടുമ്പോൾ ബെർഗോത്ത് പ്രകടിപ്പിയ്ക്കുന്ന അഭിപ്രായങ്ങൾ മറഞ്ഞു നിന്നു കേൾക്കാൻ കഴിഞ്ഞിരുന്നെങ്കിൽ ഒരുപക്ഷേ അവയെല്ലാം പരമമായ വെളിപാടുകളായി കരുതി ഹൃദയത്തോടു ചേർത്തുവെച്ചു ഞാൻ ആരാധിയ്ക്കുമായിരുന്നു; അതിലേറെ, പട്ടണത്തിലെ തെരുവുകളിൽ കാഴ്ചകൾ കണ്ടു നടക്കുന്ന അവളുടെ തൊട്ടടുത്ത്, മനുഷ്യർക്കിടയിൽ കുറച്ചു കാലം ചിലവഴിയ്ക്കാൻ സ്വർഗത്തിൽ നിന്നെത്തിയ ദൈവത്തിന്റെ ഭാവത്തോടെ, തോളുരുമ്മി നടക്കുന്നതു തീർച്ചയായും അദ്ദേഹമാണെന്നു മനസ്സിലാക്കുമ്പോൾ, അത്യുന്നതമായ പദവിയിൽ നിൽക്കുന്ന മിസ് സ്വാനിന്റെ മുമ്പിൽ ഞാനെത്ര പരുക്കനും നിരക്ഷരനുമാണെന്ന യാഥാർത്ഥ്യം വ്യക്തമായി എനിയ്ക്കു ബോദ്ധ്യം വന്നു. അവളുടെ സുഹൃത്തായി സ്വയം സങ്കൽപ്പിയ്ക്കുന്നതിന്റെ ആഹ്ലാദവും പ്രായോഗികമായ വിഷമതയും തിരിച്ചറിഞ്ഞപ്പോൾ, തീരാത്ത ഒരു വിഷാദവും അടങ്ങാത്ത നിരാശയും എന്നെ ബാധിച്ചു. അവളെക്കുറിച്ചു ചിന്തിയ്ക്കുമ്പോൾ, ആത്മസുഹൃത്തായ ബെർഗോത്തിനു പതിവായി സമ്മാനിയ്ക്കുന്ന ആകർഷകമായ മന്ദഹാസത്തോടെ, ഒരു ഭദ്രാസനപ്പള്ളിയുടെ പൂമുഖത്തു കൈകോർത്തു നിന്ന് ഓരോരോ വാസ്തുശിൽപ്പങ്ങളുടെ സവിശേഷതകൾ അവളെനിയ്ക്കു വിവരിച്ചു തരുന്നതായി ഞാൻ സ്വപ്നം കാണും. അപ്പോൾ, പള്ളികളെ സംബന്ധിച്ച വിഷയങ്ങൾ സ്വാഭാവികമായി എന്റെ മനസ്സിൽ ഉണർത്താറുള്ള ആവേശവും നോർമാൻഡിയിലെ സമതലപ്രദേശങ്ങളുടെ മനോഹാരിതയും ഒരുമിച്ചുചേർന്ന ബിംബകൽപ്പനകളായി ഞാൻ സങ്കൽപ്പിച്ച മിസ് സ്വാനിന്റെ മായാചിത്രത്തിനു തിളക്കം വർദ്ധിച്ച്, ഇനിയവളെ പരിചയപ്പെടുകയും പ്രണയിയ്ക്കുകയുമല്ലാതെ യാതൊന്നും ചെയ്യാനില്ലെന്ന അവസ്ഥയിൽ ഞാൻ എത്തിച്ചേർന്നു. സ്വന്തം സുഹൃത്തിനു നാമറിയാത്തൊരു ജീവിതമുണ്ടെന്നറിഞ്ഞാൽ, ആ ജീവിതത്തിന്റെ വാതിൽ തുറക്കാനുള്ള താക്കോലാണു നമ്മോടുള്ള അയാളുടെ സ്നേഹം; അതായത്, ആത്മാർത്ഥമായ സ്നേഹം

മുന്നോട്ടുവെയ്ക്കുന്ന പ്രാഥമികമായ നിബന്ധനകളിൽ നാമേറെ പ്രാധാന്യം നൽകുന്ന അഥവാ നമ്മുടെ മനസ്സിനെ ഉദാത്തമാക്കുന്ന ഒരുപാധിയാണത്. ആകാരസൗഭഗം മാത്രമാണു പുരുഷനെ വിലയിരുത്താനുള്ള മാനദണ്ഡമെന്നു കരുതുന്ന സ്ത്രീകൾപോലും, ബാഹ്യമായ മോടിയിൽ ജീവസ്സുറ്റ സവിശേഷമായ ഒരു ഭാവം തീർച്ചയായും കാണുന്നുണ്ട്. അതുകൊണ്ടാണു പ്രണയിനിയായ ഭാര്യ പോലീസുകാരന്റെ ഒരേ മട്ടിൽ മനം മടുപ്പിയ്ക്കുന്ന വേഷം മുഖതേജസ്സിനേക്കാൾ നിസ്സാരമായി കാണുന്നത്; തന്റെ ചുംബനം പതിയ്ക്കുന്ന ഉരുക്കുകവചത്തിനുള്ളിൽ ധീരോദാത്തവും ഉദാരവുമായൊരു ഹൃദയത്തിന്റെ സ്പന്ദനം അവൾക്കു കേൾക്കാം; അതുകൊണ്ടുമാത്രമാണൊരു രാജാവിനു വിദേശങ്ങൾ കീഴടക്കി വിജയശ്രീലാളിതനായി ചാരിതാർത്ഥ്യത്തോടെ തിരിച്ചെത്താൻ കഴിയുന്നത്; വിശിഷ്ടവും അനിവാര്യവുമായ ആ ഭാഗ്യത്തിന്റെ സമ്പൂർണമായ അഭാവമാണു വിദേശിയായൊരു ദല്ലാളിൽ കാണാവുന്നതെന്നുകൂടി ഞാൻ കൂട്ടിച്ചേർക്കട്ടെ!

ഞായറാഴ്ചദിവസം ഗൗരവമേറിയ എന്തെങ്കിലും ജോലി ചെയ്യുന്നതു ഞങ്ങളൊരിയ്ക്കലും നിയമവിധേയമായി കണക്കാക്കാറില്ല. അതുകൊണ്ട് ഞാൻ തോട്ടത്തിലിരുന്നു വായിയ്ക്കുമ്പോൾ, അന്നത്തെ ദിവസം അങ്ങനെയൊരു കാര്യം ചെയ്യുന്നതെന്തിനാണെന്നു സംശയം പ്രകടിപ്പിച്ചു വലിയമ്മായി തുന്നൽപ്പണി ഒരിടത്തൊതുക്കിവെയ്ക്കും. (ഇടദിവസങ്ങളിൽ അവർ പതിവായി പറയാറുണ്ട്: “നീയെന്താണിങ്ങനെ പുസ്തകവും കൈയിൽപിടിച്ചു ധ്യാനിച്ചിരിയ്ക്കുന്നത്? ഇന്നു ഞായറാഴ്ചയല്ലെന്നു നിനക്കറിയില്ലേ?“). ലിയോണി അമ്മായിയാകട്ടെ യൂലാലി വരുന്നതുവരെ നേരം കളയാൻ ഫ്രാങ്കോയ്സിനോടു പരദൂഷണം പറഞ്ഞിരിയ്ക്കും. ‘മാഡം ഗൗപിൽ ചാറ്റൗഡണിൽവെച്ചു തയ്പിച്ച പട്ടുകുപ്പിട്ടു കുടയൊന്നും കൂടാതെ തെരുവിലൂടെ പോകുന്നതു' താനിപ്പോൾ കണ്ടതായി അവരവളോടു സൂചിപ്പിയ്ക്കും; “വളരെ ദൂരം പോകാനുണ്ടെങ്കിൽ പട്ടുകുപ്പു മഴയിൽ നനഞ്ഞുകുതിർന്നതുതന്നെ!“.

“മിക്കവാറും!“, ('അല്ലെ'ന്ന് അർത്ഥം വരാവുന്ന രീതിയിൽ) ഫ്രാ

ക്കോയ്സ് മറുപടി പറയും. സന്തോഷകരമായ മറ്റൊരു സാദ്ധ്യത തീർത്തും ഒഴിവാക്കാൻ അവളാഗ്രഹിച്ചില്ല.

“അതിപ്പോൾ..“, പുരികം ചുളിച്ച് അമ്മായി തുടർന്നു. “ഇന്നു രാവിലെ കുർബാനയ്ക്കുമുമ്പ് അവർ പള്ളിയിലെത്തിയ കാര്യം തീർച്ച വരുത്താൻ എനിയ്ക്കു കഴിഞ്ഞില്ല. യൂലാലിയോടതു ചോദിയ്ക്കാൻ മറക്കാതിരുന്നാൽ മതി, ഫ്രാങ്കോയ്സ്, ആ ഗോപുരത്തിന്റെ പിറകിലെ കറുത്ത മേഘം നീ കണ്ടോ? കൽച്ചുമരുകളിൽ തീരെ പ്രകാശമില്ല, സന്ധ്യയ്ക്കു മുമ്പേതന്നെ മഴ പെയ്യുമെന്നു തോന്നുന്നുണ്ട്! ഇതിങ്ങനെ അധികകാലം തുടരാനാവില്ല, ചൂട് അത്ര അസഹ്യമായിരിയ്ക്കുന്നു. എത്രയും നേരത്തേയായാൽ അത്രയും നല്ലത്. നന്നായി കാറ്റടിയ്ക്കുന്നതു വരെ എന്തായാലും എന്റെ കഞ്ഞിവെള്ളം 'താഴോട്ട്' പോകുമെന്നു തോന്നുന്നില്ല!“, അവർ ഉപസംഹരിച്ചു. മാഡം ഗൗപിലിന്റെ പുത്തൻ പട്ടുടുപ്പ് മഴയിൽ നനഞ്ഞു കുതിരുമെന്ന ആശങ്കയേക്കാൾ പ്രാധാന്യം അവർക്കന്നു രാവിലെ കുടിച്ച കഞ്ഞിവെള്ളത്തിന്റെ ദഹനത്തിനു വേഗത വർദ്ധിപ്പിയ്ക്കാനുള്ള വിങ്ങലായിരുന്നു!

“മിക്കവാറും!“. ഫ്രാങ്കോയ്സ് ആവർത്തിച്ചു.

“നിനക്കറിയാമോ, മൈതാനത്തുവെച്ചാണു മഴ പെയ്യുന്നതെങ്കിൽ കയറി നിൽക്കാൻ ഒരിടംപോലുമില്ല!“.

പെട്ടെന്ന് അമ്മായിയുടെ മുഖം വിവർണമായി, “എന്ത്, മൂന്നുമണി കഴിഞ്ഞോ?“, അവരാശ്ചര്യപ്പെട്ടു. “ഒരുപക്ഷേ, സന്ധ്യാപ്രാർത്ഥന ഇപ്പോൾ തുടങ്ങിക്കാണും. ഞാൻ മരുന്നു കഴിയ്ക്കാൻ മറന്നുപോയി! കഞ്ഞിവെള്ളം ഒഴിഞ്ഞു പോകാത്തതിന്റെ കാരണം ഇപ്പോഴാണു മനസ്സിലായത്“. ചുവന്ന പട്ടിൽ പൊതിഞ്ഞു കസവു തുന്നിയ പ്രാർത്ഥനാപുസ്തകം ഉടനെ വലിച്ചെടുത്തപ്പോൾ അതിനകത്തുനിന്നു മഞ്ഞക്കടലാസിൽ അരികു വകഞ്ഞ കുറേയേറെ ചിത്രങ്ങൾ തുരുതുരാ താഴെവീണു. പള്ളിയിലെ പെരുന്നാൾദിനങ്ങൾ അടയാളപ്പെടുത്തിവെയ്ക്കാനാണ് അവരതുപയോഗിച്ചിരുന്നത്. മരുന്നു വിഴുങ്ങുന്നതിനി

ടയിൽ അവർ വിശുദ്ധഗ്രന്ഥത്തിനു മീതേ കമിഴ്ന്നു കിടന്നു പ്രാർത്ഥനകളെല്ലാം അതിവേഗം ഉരുവിടാൻ തുടങ്ങി. വളരെ വൈകി കഴിച്ച മരുന്നിനു പക്ഷേ കഞ്ഞിവെള്ളത്തെ 'താഴോട്ട്' പറഞ്ഞയയ്ക്കാൻ കഴിയുമോ എന്ന അനിശ്ചിതത്വം തലച്ചോറിനെ ബാധിച്ചതുകൊണ്ട് പ്രാർത്ഥനയായി ഉരുവിട്ട വാക്യങ്ങളുടെ അർത്ഥം അവരുടെ മനസ്സിൽ അവ്യക്തമായൊരു പുകമറ സൃഷ്ടിച്ചു.

“മൂന്നു മണിയായി...! സമയം പറന്നുപോകുന്നതു വിശ്വസിയ്ക്കാനാവുന്നില്ല“, അമ്മായി ആവർത്തിച്ചു.

പെട്ടെന്നാരോ കല്ലെടുത്തെറിഞ്ഞതുപോലെ ജനലിലൊരു ചെറിയ മുട്ടു ഞങ്ങൾ കേട്ടു. മുകളിൽനിന്നു ചരൽക്കല്ലുകൾ ചിതറിത്തെറിപ്പിയ്ക്കുന്നതുപോലെ കനത്ത മഴത്തുള്ളികൾ തുരുതുരാ വന്നു വീഴുന്ന ശബ്ദം; പതുക്കെപ്പതുക്കെ, ക്രമമായ താളത്തിൽ, സംഗീതാത്മകമായി, ആരോഹണവും അവരോഹണവും നിർവഹിച്ചു സർവവ്യാപിയായി ഒരു നാദവിന്യാസം ഒഴുകിപ്പരന്നു.... മഴ പെയ്തു തുടങ്ങി!

“നോക്ക്, ഫ്രാങ്കോയ്സ്, ഞാനെന്താണു നിന്നോടു പറഞ്ഞത്? എത്ര ശക്തിയായാണു മഴ പെയ്യുന്നത്! വാതിലിൽ ആരോ മണിയടിയ്ക്കുന്നതു കേട്ടല്ലോ, ഈ മഴയത്ത് ആരാണു പുറത്തു നിൽക്കുന്നതെന്നു നോക്കി വാ!“.

ഫ്രാങ്കോയ്സ് പറഞ്ഞു: “മാഡം അമേദിയാണ്! (എന്റെ മുത്തശ്ശി). പുറത്തു നടക്കാൻ പോകുകയാണെന്നു പറഞ്ഞു. മഴ എത്ര ശക്തിയായി പെയ്താലും അവർക്കതൊരു പ്രശ്നമല്ല!“.

“എനിയ്ക്കു തീരെ അത്ഭുതം തോന്നുന്നില്ല!“, ആകാശത്തേയ്ക്കു നോക്കി അമ്മായി പറഞ്ഞു. “അവരൊരു തരിമ്പുപോലും ഞങ്ങളെപ്പോലെയല്ലെന്നു ഞാൻ പലപ്പോഴും പറയാറില്ലേ?. എന്തായാലും ഈ മഴ കൊള്ളുന്നതു ഞാനല്ലെന്നോർത്ത് എനിയ്ക്കു വല്ലാത്തൊരു ആശ്വാസം തോന്നുന്നു!“.

“മാഡം അമേദി എപ്പോഴും മറ്റുള്ളവരിൽനിന്നു വിപരീതമായേ ഓരോന്നു ചെയ്യൂ!“, നിർദ്ദോഷമായി ഫ്രാങ്കോയ്സ് പറഞ്ഞൊപ്പിച്ചു.

മുത്തശ്ശിയുടെ തലയ്ക്ക് 'ചെറിയൊരിളക്ക'മുണ്ടെന്ന തന്റെ പൂർണബോദ്ധ്യം ജോലിക്കാരോടു പങ്കു വെയ്ക്കാൻ മറ്റുള്ളവർ ഒഴിഞ്ഞുപോകുന്നതു വരെ അവൾ സ്വയം നിയന്ത്രിച്ചു.

“ഇപ്പോൾ പള്ളിയിലെ ആശീർവാദച്ചടങ്ങു കഴിഞ്ഞിരിയ്ക്കും. ഇനിയെന്തായാലും യൂലാലി വരാൻ സാദ്ധ്യതയില്ല“, അമ്മായി നെടുവീർപ്പിട്ടു. “ഒരുപക്ഷേ കാലാവസ്ഥയായിരിയ്ക്കാം അവളെ ചതിച്ചത്“.

“പക്ഷേ, ഇനിയും അഞ്ചുമണിയായിട്ടില്ല, മാഡം ഒക്ടേവ്, നാലര കഴിഞ്ഞിട്ടേയുള്ളൂ“.

“നാലരയോ...! അകത്തു പകൽവെളിച്ചത്തിന്റെ ചെറിയൊരു കീറെങ്കിലും വേണമെങ്കിൽ കർട്ടൻ വലിച്ചു നീക്കണം. തിരുന്നാൾദിനങ്ങൾക്ക് ഒരാഴ്ച മുമ്പേ!. എന്റെ ഫ്രാങ്കോയ്സ്, പൊന്നുതമ്പുരാൻ നമ്മോടെല്ലാം കഠിനമായി കോപിച്ചിരിയ്ക്കുന്നു. ഈയിടെയായി ഭൂമി എത്ര വേഗത്തിലാണു തിരിയുന്നത്. പാവം ഒക്ടേവ് പറയാറുള്ളതുപോലെ..., നാമെല്ലാം ദൈവത്തെ മറന്നു. അദ്ദേഹമതിനു പകരം വീട്ടുകയാവാം!“.

അമ്മായിയുടെ കവിളുകൾ പെട്ടെന്നൊരു തിളക്കത്തോടെ തുടിച്ചു; കാരണം, യൂലാലിയുടെ വരവായിരുന്നു! അവൾ അകത്തേയ്ക്കു കടന്നയുടനെ, നിർഭാഗ്യമെന്നു പറയട്ടെ, ഫ്രാങ്കോയ്സ് വീണ്ടും പ്രത്യക്ഷപ്പെട്ടു. പറയാൻ പോകുന്ന വിഷയം അവരുടെ മനസ്സിൽ സൃഷ്ടിയ്ക്കാൻ സാദ്ധ്യതയുള്ള അതിരറ്റ സന്തോഷത്തിൽ യാതൊരു സംശയവും കൂടാതെ, അവൾ പുതിയ സന്ദർശകന്റെ ആഗമനവാർത്ത അമ്മായിയെ ധരിപ്പിച്ചു. ആഗതൻ സവിനയം പറഞ്ഞേൽപ്പിച്ച വാക്കുകൾ സ്വന്തം ശൈലിയിലേയ്ക്കു പരാവർത്തനം ചെയ്യാതെ അതേപടി ആവർത്തിച്ച് അക്ഷരങ്ങളോരോന്നും സ്പഷ്ടമായി ഉച്ചരിച്ചുകൊണ്ട് അവൾ പറഞ്ഞു: “‘മാഡം ഒക്ടേവ് ക്ഷീണിച്ചു വിശ്രമിയ്ക്കുകയല്ലെങ്കിൽ, ബഹുമാന്യനായ വികാരിയച്ചനു നേരിൽ കാണാൻ താൽപ്പര്യവും സന്തോഷവുമുണ്ട്. പക്ഷേ മാഡം ഒക്ടേവിനെ ബുദ്ധിമുട്ടിയ്ക്കാ

ൻ അദ്ദേഹം ആഗ്രഹിക്കുന്നില്ല'. താഴെത്തന്നെ നിന്നുകളഞ്ഞ അദ്ദേഹത്തോടു ഞാൻ ഇടനാഴിയിലേയ്ക്കു കടന്നിരിയ്ക്കാൻ പറഞ്ഞു".

ഫ്രാങ്കോയ്സ് കരുതിയതുപോലെ വികാരിയച്ചന്റെ സന്ദർശനം അമിതമായ ഹർഷോന്മാദമൊന്നും അമ്മായിയ്ക്കു സമ്മാനിച്ചില്ല. അദ്ദേഹത്തിന്റെ വരവറിയിയ്ക്കുമ്പോൾ അമ്മായിയുടെ മുഖത്തു സാധാരണ പ്രത്യക്ഷപ്പെടാറുള്ള സന്തോഷഭാവം ഫ്രാങ്കോയ്സിനു സ്വയം അനുഭവപ്പെടാറുള്ളതുമായി തുലനം ചെയ്യാവുന്നതുമല്ല. പള്ളിയുടെ പരിസരത്തെ വിശിഷ്ടരായ വ്യക്തികളെ ഇടയ്ക്കൊക്കെ സന്ദർശിയ്ക്കുന്നതു പതിവാക്കിയ വികാരിയച്ചൻ വിശദാംശങ്ങൾക്കു പ്രാധാന്യം നൽകി ഒരേരീതിയിൽ സംസാരിയ്ക്കുന്ന ഒരു പ്രകൃതമായതുകൊണ്ടു മിക്കവാറും അമ്മായിയെ മുഷിപ്പിയ്ക്കുകയാണു പതിവ്. മാത്രമല്ല, അദ്ദേഹത്തിന്റെ സന്ദർശനവും യൂലാലിയുടെ വരവും ഒരേസമയം സന്ധിച്ചതുകൊണ്ട് അന്നു പക്ഷേ അതവർക്കു വളരെ അസ്വീകാര്യമായി തോന്നി. (ചിത്രകലയെക്കുറിച്ചു പറയത്തക്ക വിവരമില്ലെങ്കിലും ശബ്ദോൽപ്പത്തിശാസ്ത്രത്തിൽ സാമാന്യത്തിൽ കവിഞ്ഞ വ്യൽപ്പത്തിയുള്ള നല്ലൊരു മനുഷ്യനെന്ന നിലയിൽ അദ്ദേഹവുമായി അടുത്തു പരിചയപ്പെടാതിരുന്നതു വലിയൊരു നഷ്ടബോധമായി ഇന്നെനിക്കു തോന്നുന്നുണ്ട്. കോംബ്രേ ഇടവകയെക്കുറിച്ച് ആധികാരികമായൊരു ചരിത്രമെഴുതാൻപോലും ഒരുകാലത്ത് അദ്ദേഹമുദ്ദേശിച്ചിരുന്നു!). ഒരുമിച്ചിരുന്നുള്ള സംഭാഷണത്തേക്കാൾ ഒറ്റയ്ക്കിരുന്നു യൂലാലിയുടെ പക്കൽനിന്നു കഴിയുന്നത്ര വിവരങ്ങൾ ചോർത്താനായിരുന്നു, പക്ഷേ അമ്മായിയ്ക്കു താൽപ്പര്യം. എങ്കിലും വികാരിയച്ചനെ വെറുംകൈയോടെ പറഞ്ഞയയ്ക്കാൻ ധൈര്യമില്ലാതെ, അദ്ദേഹം പൊയ്ക്കഴിഞ്ഞാൽ കുറച്ചുനേരം സംസാരിയ്ക്കാമെന്നു കരുതി യൂലാലിയോടു മിണ്ടാതിരിയ്ക്കാൻ ആംഗ്യം കാണിച്ചു തൽക്കാലം അവർക്കു തൃപ്തിപ്പെടേണ്ടിവന്നു.

"ഞാനെന്താണു കേൾക്കുന്നത്, ഫാദർ? മുക്കാലിയും കൈയിൽ പിടിച്ചു നടക്കുന്ന ഏതോ ഒരു ചിത്രകാരൻ പള്ളിയിലെ ജനൽചിത്ര

ങ്ങൾ ഓരോന്നായി പകർത്തിക്കൊണ്ടിരിയ്ക്കുന്നു! എനിയ്ക്കിപ്പോൾ ഇത്രയും പ്രായമായില്ലേ, ഈ കാലത്തിനിടയിൽ ഇങ്ങനെയൊന്നു നടന്നതായി ഞാൻ കേട്ടിട്ടില്ല! ഇനി എന്തൊക്കെയാണു ലോകത്തു സംഭവിയ്ക്കാൻ പോകുന്നത്, എനിയ്ക്കത്ഭുതം തോന്നുന്നു! പള്ളിയെ സംബന്ധിച്ച് ഇതേതായാലും ദൗർഭാഗ്യകരമായൊരു കാര്യമാണെന്നുതന്നെ പറയണം!".

"അതങ്ങനെ തീരെ മോശമാണെന്നൊന്നും പറയാൻ ഞാനൊരുക്കമല്ല. കോംബ്രേ രൂപതയിൽ ഇത്രകാലമായി പുനരുദ്ധാരണപ്രവർത്തനം നടക്കാത്ത ഒരേയൊരു ഇടവകപ്പള്ളി എന്റെ ഈ സാങ്ഹിലൈരേ മാത്രമാണ്. താരതമ്യേന ദരിദ്രമായ ഈ പള്ളിയിൽ സന്ദർശകർക്കു കാണാൻ കൊള്ളാവുന്നതു പലതും വളരെ പഴക്കം ചെന്നവയാണെന്നുകൂടി ഓർക്കണം. പള്ളിയുടെ പൂമുഖം എത്ര അറുപഴഞ്ചനാണെന്നു കർത്താവിനുമാത്രമേ അറിയാവൂ!. പക്ഷേ അതിനൊരു രാജകീയപ്രൗഢിയുണ്ട്; ഉദാഹരണത്തിനു നിങ്ങൾ എസ്തറിന്റെ മനോഹരമായ ചിത്രകംബളങ്ങൾ നോക്കു! സത്യത്തിലൊരു ചെമ്പുനാണയത്തിന്റെ വിലപോലും പറയാനില്ലെങ്കിലും, വിദഗ്ധരുടെ അഭിപ്രായത്തിൽ സെൻസിലെ ചിത്രങ്ങളുടെ തൊട്ടടുത്താണതിന്റെ സ്ഥാനം. പ്രത്യേകമായ ചില വിശദാംശങ്ങൾ ഒഴിച്ചു നിർത്തിയാൽ എനിയ്ക്കുമതു മനസ്സിലാക്കാൻ കഴിയുന്നുണ്ട്. അതെ, നിർവ്യാജമായ നിരീക്ഷണത്തിനു വക തരുന്ന പലതുമതിൽ കാണാം. ജനൽചിത്രങ്ങളെക്കുറിച്ചു പക്ഷേ, എന്നോടൊന്നും പറയരുത്! പകൽ മുഴുവൻ വെളിച്ചം കടക്കാതെ അടച്ചിട്ട ജനലിന്റെ വിടവിലൂടെ പതിയ്ക്കുന്ന വെയിലേറ്റു കണ്ണു മഞ്ഞളിയ്ക്കുമ്പോൾ, തറയോടുകൾ ഒരേ തലത്തിലില്ലാതെ പൊട്ടിപ്പൊളിഞ്ഞ നിലത്തു നിഴലിയ്ക്കുന്ന ചിത്രങ്ങൾക്കു മഹത്വം കൽപ്പിയ്ക്കുന്നതു, ഞാൻ ചോദിയ്ക്കട്ടെ, സാമാന്യബുദ്ധിക്കു നിരക്കുന്നതാണോ? എന്നിട്ടും നിലത്തിന്റെ കേടുപാടു തീർക്കാൻ അവരെന്നെ അനുവദിയ്ക്കുന്നില്ല. എന്താണെന്നോ, ദയവായി കേൾക്കു, കോം

ബ്രേയിലെ മൺമറഞ്ഞ മഠാധിപതികളും ഗ്വെർമാന്റിസിലെ രാജാക്കന്മാരും, നിങ്ങൾക്കു നന്നായറിയാമല്ലോ, ഇന്നത്തെ പ്രഭുവിന്റെ നേരേ പൂർവികനായി ഗ്വെർമാന്റിസ് കുടുംബത്തിലെ അംഗമായിരിയ്ക്കേ സ്വന്തം മാതാവിന്റെ സഹോദരിയുടെ മകനെ അടക്കം ചെയ്ത സ്ഥലത്തു കാണുന്ന സ്മാരകശിലകളാണവ.' (കുടുംബപരമായ ബന്ധങ്ങളെക്കുറിച്ചു പറയുമ്പോൾ താൽപ്പര്യമെടുക്കാത്ത മുത്തശ്ശി ചിലപ്പോൾ പേരുകളും പദവികളും അറിയാതെ മാറ്റിപ്പറയാറുണ്ട്. ആരെങ്കിലും ഗ്വെർമാന്റിസ് പ്രഭ്വിയെക്കുറിച്ചു പരാമർശിച്ചാൽ അവരതു മാഡം വിൽപാരിസിസിന്റെ അടുത്ത ബന്ധുവാണെന്നുതന്നെ ഉറപ്പിയ്ക്കും. അതു കേട്ടു സകലരും പൊട്ടിച്ചിരിയ്ക്കുമ്പോൾ, സ്വയം ന്യായീകരിയ്ക്കാനുള്ള ശ്രമത്തിൽ ഏതെങ്കിലും മാമോദീസാ ചടങ്ങിന്റേയോ ശവസംസ്ക്കാരത്തിന്റേയോ ക്ഷണപത്രത്തിലേയ്ക്കു ശ്രദ്ധ തിരിച്ച് അവർ പറയും: 'അതിലെവിടേയോ ഒരു ഗ്വെർമാന്റിസ് കണ്ടതായി ഞാനോർക്കുന്നു!'. ചിലപ്പോൾ മുത്തശ്ശിയ്ക്കെതിരെ മറുപക്ഷം ചേർന്നു ഞാനും അവർക്കു ജനീവിവേ ബ്രാബന്റെ പിന്തുടർച്ചക്കാരുമായി ബന്ധമുണ്ടെന്ന വാദം നിരസിയ്ക്കും!)

"റൂസ്സെൻവില്ലെയിലേയ്ക്കു നോക്കു", വികാരിയച്ചൻ തുടർന്നു. "പണ്ടു കമ്പിളിത്തൊപ്പികളും കുപ്പായങ്ങളും കച്ചവടം ചെയ്തിരുന്നതിന്റേപേരിൽ വളരെ പ്രാധാന്യമുണ്ടായിരുന്ന ആ സ്ഥലം ഇന്നു ചെറുകിടകർഷകരുടെ ഒരിടവക മാത്രമായി മാറിയിരിയ്ക്കുന്നു. (ഇടയ്ക്കു പറയട്ടെ, 'റൂസ്സെൻവില്ലെ'യുടെ ശബ്ദോൽപ്പത്തിയെക്കുറിച്ച് എനിയ്ക്കത്ര തീർച്ചയില്ല. ആദ്യകാലത്ത് ഒരുപക്ഷേ 'റൂവില്ലെ'യെന്ന പേരായിരിയ്ക്കാം പ്രയോഗിച്ചിരുന്നത്. 'റാഡൾഫി വില്ല'യിൽനിന്നു ചത്രോരോക്'സിലേക്ക്.., ഞാൻ പറയുന്നതു കേൾക്കുന്നില്ലേ, തുടർന്നു 'കാസ്റ്റം റാഡൾഫി'യിലേക്ക്, അതിനെക്കുറിച്ചു നമുക്കു പിന്നീടൊരിയ്ക്കൽ സംസാരിയ്ക്കാം!) പള്ളിയിലെ ആധുനികവും സുന്ദരവുമായ ജനൽചിത്രങ്ങളിൽ അത്യാകർഷകമായ 'ലൂയി ഫിലിപ്പിന്റെ വരവ്', കോംബ്രേയിൽ സൂക്ഷിയ്ക്കേണ്ടതായിരുന്നു, തീർച്ച!. പ്രസിദ്ധമായ ചാർത്രേ

യിലെ ജനൽചിത്രങ്ങളെപ്പോലെ, എനിയ്ക്കറിയാൻ കഴിഞ്ഞിടത്തോളം, ഏതൊരു അംശത്തിലും മികവു പുലർത്തുന്നതാണവ. ഡോക്ടർ പെർസെപ്പൈഡിന്റെ സഹോദരനുമായി ഇന്നലെ ഞാനിക്കാര്യം ചർച്ച ചെയ്യാനിടവന്നു. അപൂർവമായൊരു കലാസൃഷ്ടിയാണതെന്ന് അദ്ദേഹവും പറഞ്ഞു. ഇത്തരം വിഷയങ്ങളുടെ പിന്നാലെ പോകുന്നതിൽ താൽപ്പര്യമുള്ള അദ്ദേഹം, ചിത്രങ്ങളുടെ മഹത്വം വിലയിരുത്തുന്നതിൽ യഥാർത്ഥകലാകാരന്റെ കഴിവാണു കാണിയ്ക്കുന്നത്. "ഈ ലോകത്തെ എന്തൊരു സവിശേഷതയാണ്", ഞാൻ ചോദിച്ചു: "അത്യസാധാരണമായി ഈ ചിത്രത്തിൽ നിങ്ങൾ കാണുന്നത്. അഥവാ എന്തെങ്കിലുമുണ്ടെങ്കിൽ, കുറച്ചേറെ അഴുക്കുണ്ടെന്നല്ലാതെ!"

"ബഹുമാന്യനായ പ്രഭുവിനോടു ചോദിച്ചാൽ", സ്വയം കീഴടങ്ങുന്ന സ്വരത്തിൽ അമ്മായി പറഞ്ഞു. 'ക്ഷീണിയ്ക്കാൻ' പോകുകയാണെന്നൊരു തോന്നൽ അതിനിടയിൽ അവർക്കു വന്നു കഴിഞ്ഞിരുന്നു. "എനിയ്ക്കുറപ്പുണ്ട്, അദ്ദേഹം താങ്കൾക്കൊരു പുതിയൊരു ജനൽചിത്രം വാങ്ങിത്തരാതിരിയ്ക്കില്ല!".

"അങ്ങനെതന്നെ വിശ്വസിയ്ക്കാം, മാഡം ഒക്ടേവ്", വികാരിയച്ചൻ പറഞ്ഞു. "എന്തിനേറെ വിസ്തരിയ്ക്കണം, 'അയോഗ്യനായ ഗിൽബർത്തെ'ന്നു പ്രസിദ്ധനായ ഗ്വെർമന്റെസിലെ പ്രഭുവും ബ്രാബന്റിന്റെ അവകാശിയായ ഒരു പെൺകുട്ടിയും സാങ്ഹിലൈരേയിൽ വന്നു കുമ്പസാരിയ്ക്കുന്ന ജനൽചിത്രത്തിനു വേണ്ടി മുറവിളി കൂട്ടിയതു സത്യത്തിൽ പ്രഭുതന്നെയായിരുന്നു!"

"പക്ഷേ, അതിലെവിടെയാണു സാങ്ഹിലൈരേ വരുന്നത്?".

"അതേ, നിങ്ങളതൊരിയ്ക്കലും ശ്രദ്ധിച്ചുകാണില്ല. ചിത്രത്തിന്റെ മൂലയ്ക്കൽ മഞ്ഞ വസ്ത്രം ധരിച്ച ഒരു സ്ത്രീയെ കണ്ടതായി നിങ്ങളോർക്കുന്നുണ്ടോ? അതെ, അതാണു സാങ്ഹിലൈരേ. സാധാരണ സാങ് ഇല്ലിയേഴ്സെന്നോ സാങ് ഹെലിയറെന്നോ പറയുമ്പോൾ, ചിലയിടങ്ങളിൽ സാങ്യലീയെന്നുപോലും അവർ അറിയപ്പെടുന്നുണ്ട്. സാ

ങ്കൂസ് ഹിലാറിയസിന്റെ ഭാഷാപഭ്രംശങ്ങൾ, വാഴ്ത്തപ്പെട്ട പുണ്യവാളന്മാരുടെ മറ്റു പേരുകളോർക്കുമ്പോൾ വിചിത്രമാണെന്നു പറയാനാവില്ല. ഉദാഹരണത്തിനു നിങ്ങളുടെ രക്ഷകയായ ഈ യൂലാലിയുടെ കാര്യമെടുക്കു, സാങ്ക്റ്റാ യൂലാലിയാ..! ബർഗണ്ടിയിൽ ചെന്നപ്പോൾ അവരുടെ പേരെന്തായെന്നറിയാമോ? സാങ് എലോയ്! യാതൊരു അതിശയോക്തിയും കൂടാതെയാണു ഞാൻ പറയുന്നത്...! കുലീനയായ സ്ത്രീ പെട്ടെന്നൊരു മാന്യനായ പുരുഷനായി മാറി! നീയിതു കേൾക്കുന്നുണ്ടോ, യൂലാലി മരിച്ചാൽ ഒരുപക്ഷേ അവരെല്ലാവരുംകൂടി നിന്നെയൊരു പുരുഷനാക്കിക്കളയും!".

"അച്ചനെപ്പോഴും തമാശതന്നെ!". യൂലാലിയ്ക്കു മിണ്ടാതിരിയ്ക്കാനായില്ല.

"ഗിൽബർത്തിന്റെ സഹോദരൻ, 'വിക്കനായ' ചാൾസ്, ധർമ്മിഷ്ഠനായ രാജകുമാരനായിരുന്നു. ചെറുപ്പത്തിൽ മാനസികരോഗം ബാധിച്ച് അച്ഛനായ 'ഭ്രാന്തൻ' പെപിൻ, പെട്ടെന്നു മരിച്ചതുമൂലം അച്ചടക്കം ശീലിയ്ക്കാതെ വളർന്ന യുവത്വത്തിന്റെ അഹങ്കാരത്തോടെ അയാൾ രാജ്യാധികാരം കൈയടക്കി. പട്ടണത്തിൽ പ്രത്യക്ഷപ്പെടുന്ന അപരിചിതമായ മുഖങ്ങളെ തൽക്ഷണം ചുട്ടു ചാമ്പലാക്കാൻ അയാൾ ഉത്തരവിട്ടു. ചാൾസിനോടു പ്രതികാരം ചെയ്യാൻ ഗിൽബർത്ത് കോംബ്രേയിലെ പണ്ടത്തെ പള്ളി തീവെച്ചു നശിപ്പിച്ചു. തൊട്ടടുത്തു താമസിച്ചിരുന്ന തിയോഡെബർട്ടും സംഘവും സ്വന്തം രാജ്യം വിട്ടു പലായനം ചെയ്യുമ്പോൾ തിബർസിയിൽവെച്ച് (തീർച്ചയായും തിയോഡെബെരിയാക്കസെന്നാണു പറയേണ്ടത്!) ബർഗണ്ടിക്കാരുമായി ഏറ്റുമുട്ടി. യുദ്ധം വിജയിച്ചാൽ സാങ്ഹിലൈരേയുടെ കല്ലറ പുതുക്കിപ്പണിയാമെന്ന് അയാൾ വാഗ്ദാനം ചെയ്തു. തിയഡോർ നിങ്ങളെ കൂട്ടിക്കൊണ്ടുപോയ ആ നിലവറയല്ലാതെ മറ്റൊന്നും ബാക്കി വെയ്ക്കാതെ സകലതും ഗിൽബർത്ത് നശിപ്പിച്ചു. അവസാനം, നിർഭാഗ്യവാനായ ചാൾസിനെ അയാൾ 'ജേതാവാ'യ വില്യമിന്റെ (വികാരിയച്ചൻ 'വില്ല്'മെന്നാണു പക്ഷേ ഉച്ചരിച്ചത്) സഹായത്തോടെ യുദ്ധത്തിൽ

തോൽപ്പിച്ചു. അതാണു നിരവധി ഇംഗ്ളീഷുകാർ വർഷന്തോറും ഈ സ്ഥലം കാണാൻ വരുന്നത്. പക്ഷേ, ഗിൽബർത്തിനു കോംബ്രേയിലെ ജനങ്ങളുടെ സ്നേഹം നേടാൻ കഴിഞ്ഞില്ല. കുർബാനകഴിഞ്ഞു മടങ്ങുന്നവഴി അവരദ്ദേഹത്തിന്റെ തല വെട്ടിവീഴ്ത്തി. ഈ കഥകളെല്ലാം വിവരിക്കുന്ന ചെറിയൊരു പുസ്തകം തിയഡോറിന്റെ പക്കലുണ്ട്, അതവൻ പലർക്കും വായിക്കാൻ കൊടുക്കുന്നുമുണ്ട്...“

“പക്ഷേ, ഗോപുരത്തിൽനിന്നു നോക്കുമ്പോൾ കാണുന്ന ഗാംഭീര്യത്തിന്റെ മൂർത്തിമദ്ഭാവമായ നിശ്ചലദൃശ്യമാണു പള്ളിയുടെ അതിപ്രധാനമായ മഹത്വം. മുകളിലേക്കു കയറാനുള്ള ത്രാണിയില്ലാത്തതുകൊണ്ട്, നിങ്ങളുടെ കാര്യത്തിൽ, തീർച്ചയായും, ഞാൻ വേണമെന്നു പറയുന്നില്ല: ഏഴും പിന്നെ തൊണ്ണൂറും പടികൾ കയറിയിറങ്ങണം. മിലാൻ പള്ളിയിൽ ഇതിന്റെ പാതിപോലുമില്ല. ചുറുചുറുക്കുള്ള യുവാക്കൾക്കുപോലും എളുപ്പമല്ല, ആ അത്യദ്ധ്വാനം; തലയോട്ടു പൊട്ടാതെ സൂക്ഷിക്കുകയും വേണം! കൈകൾ കാൽമുട്ടിൽ ചേർത്തുപിടിച്ചു കയറുമ്പോൾ കോണിപ്പടികളിലെ ചിലന്തിവലകൾ വസ്ത്രത്തിൽ അള്ളിപ്പിടിക്കും; ശരീരം നന്നായി പുതച്ചേ കയറാൻ തുടങ്ങാവൂ!“ എപ്പോഴെങ്കിലും ആ ഗോപുരത്തിൽ കയറാൻ കഴിയുമെന്ന സാദ്ധ്യത വെറുതെയാണെങ്കിലും സൂചിപ്പിക്കപ്പെട്ടതിൽ അമ്മായിക്കു തോന്നിയ അമർഷം ശ്രദ്ധിക്കാതെ, അദ്ദേഹം തുടർന്നു, “മുകളിൽ ചെന്നാൽ ശക്തമായ കൊടുങ്കാറ്റാണു നമ്മെ സ്വാഗതം ചെയ്യുന്നത്. മരണത്തിന്റെ ശൈത്യമാണവിടെ അനുഭവപ്പെടുന്നതെന്നു ചിലർ പറയുന്നു. ഞായറാഴ്ചകളിൽ ദൂരസ്ഥലങ്ങളിൽനിന്നുപോലും നിരവധി സംഘടനകളും സൗഹൃദക്കൂട്ടായ്മകളും വിസ്മയകരമായ ആ വിശാലദൃശ്യം ആസ്വദിക്കുന്നതിനു വന്നെത്തി ആ വശ്യതയിൽ മയങ്ങി മടങ്ങിപ്പോകാറുണ്ട്. അടുത്ത ഞായറാഴ്ച നോക്കിക്കൊള്ളൂ, കാലാവസ്ഥ അനുവദിക്കുമെങ്കിൽ പെരുന്നാൾ പ്രമാണിച്ച് നല്ലൊരു ജനാവലി വന്നുകൂടായ്കയില്ല. ഗോപുരമുകളിലെ മോഹനദൃശ്യം ഒരു ദിവാസ്വപ്നംപോ

ലെ മനോഹരമാണെന്ന നിങ്ങൾക്ക സമ്മതിയ്ക്കേണ്ടിവരും. നല്ല സൂര്യപ്രകാശമുള്ള പകൽസമയത്തു സമതലപ്രദേശങ്ങളിലെ വൃക്ഷങ്ങൾക്കിടയിൽ വെർണിയൂൽ വരെയുള്ള ദൂരം നേരേ കാണാം. മാത്രമല്ല, ഒന്ന കാണുമ്പോൾ മറ്റൊന്ന മറഞ്ഞു നിൽക്കുന്ന അനുഭവം ഒരിയ്ക്കലും നിങ്ങൾക്കവിടെ അനുഭവപ്പെടില്ല. രണ്ടു സ്ഥലങ്ങൾ, ഉദാഹരണത്തിന്, ഉയർന്ന വൃക്ഷങ്ങളുടെ മറവു മൂലം പകുത്തു കിടക്കുന്ന വി-വോണേയിലെ പാതകളും സാങ്അസ്സീസ്സെ കിടങ്ങുകളും നമുക്ക് ഒരേ സമയം കാണാൻ കഴിയും. അതുപോലെ, ജോയ്‌ലെ വികോംതെയിലെ സകല അരുവികളും നമുക്കവിടെ ഒറ്റനോട്ടത്തിൽ കാണാം. ഓരോ തവണയും ജോയ് സന്ദർശിയ്ക്കുമ്പോൾ ഒരിടത്ത് ഒരരുവിയുടെ ഒരു പ്രത്യേകദൃശ്യം മാത്രമേ കാണാൻ കഴിയൂ. ഒരു വളവു തിരിഞ്ഞു രണ്ടാമത്തേതു കാണുമ്പോഴേയ്ക്കും ആദ്യത്തേതു കാണാതാകും. എങ്ങനെയാണവ കെട്ടുപിണഞ്ഞു വരുന്നതെന്ന ഞാൻ പലപ്പോഴും സങ്കൽപ്പിച്ച നോക്കാറുണ്ട്. പക്ഷേ, ഇതുവരെ എനിയ്ക്കൊരു ഉത്തരം കിട്ടിയിട്ടില്ല. സാങ്ഹിലൈരേയുടെ മുകളിൽനിന്ന നോക്കുമ്പോൾ തീർത്തും മറ്റൊരു ദൃശ്യമാണ കണ്മുമ്പിൽ തെളിയുന്നത്. ഗ്രാമവും പട്ടണവും ഒന്നാകെ ഒരു ഭൂപടംപോലെ നിവർത്തിയിട്ടിരിയ്ക്കുന്നു; കരയും ജലവും നിങ്ങൾക്ക തിരിച്ചറിയാനാവില്ല. വലിയൊരു അപ്പം കഷണങ്ങളാക്കി മുറിച്ചിട്ടും വീണ്ടും പരസ്പരം ചേർന്നിരിയ്ക്കുന്നതുപോലെ, പട്ടണത്തിൽ അവിടവിടെ വലിയ പിളർപ്പുകളുണ്ടെന്ന നിങ്ങൾക്കൊരുപക്ഷേ തോന്നും! അതത്രയും സമഗ്രമായി കാണണമെങ്കിൽ നിങ്ങളുടെ സാന്നിദ്ധ്യം ഒരേസമയം രണ്ടു സ്ഥലത്തും വേണം: മുകളിൽ സാങ് ഹിലൈരേയിലും, താഴെ ജോയ് ലെ വികോംതേയിലും!"

വികാരിയച്ചൻ പൊയ്ക്കഴിഞ്ഞ ഉടനെ, അമ്മായി വളരെ 'ക്ഷീണിച്ച്' പോയതുകൊണ്ടു യൂലാലിയെ പെട്ടെന്ന പറഞ്ഞയയ്ക്കാൻ നിർബന്ധിതയായി!

"ഇതാ, ഇതു നീയെടുത്തോ, എന്റെ യൂലാലി", കൈയെത്തുംദൂര

ത്തു വെച്ചിരുന്ന ചെറിയ പഴ്സിൽനിന്നൊരു നാണയമെടുത്തു യൂ ലാലിയ്ക്കു നീട്ടി ദുർബലസ്വരത്തിൽ അവർ പറഞ്ഞു. “നിന്റെ പ്രാർ ത്ഥനയിൽ എന്നെക്കൂടി മറന്നുപോകാതിരിയ്ക്കാൻവേണ്ടിമാത്രം!“

“പക്ഷേ, മാഡം ഒക്ടേവ്, ഇതൊന്നും വേണ്ടിയിരുന്നില്ല. ഇതി നൊന്നും വേണ്ടിയല്ല ഞാനിവിടെ വരുന്നതെന്നു നിങ്ങൾക്കു നന്നാ യറിയാം!“, ഓരോ പ്രലോഭനവും ആദ്യത്തേതുമാത്രമാണെന്ന മട്ടിൽ, ഓരോ ഞായറാഴ്ചയും അതേ അമ്പരപ്പും അതേ സംശയവും പ്രകടി പ്പിച്ചു യൂലാലി മറുപടി പറയും. അതേസമയം മുഖത്തൊരു അസംതൃ പ്തി വെളിവാക്കി അമ്മായിയെ പ്രകോപിപ്പിയ്ക്കുന്നതിൽ അവൾക്കൊ രു അപരാധബോധം തോന്നാറുമില്ല. പണം കൈപ്പറ്റുന്ന അവളുടെ മു ഖം ചെറുതായൊന്നു വീർത്തു കണ്ടാൽ അമ്മായി ഞങ്ങളോടു പറ യും: “യൂലാലിയ്ക്ക് എന്താണു സംഭവിച്ചതെന്നറിയില്ല. ഞാൻ പതിവു ള്ളതു കൊടുത്തു, എന്നിട്ടും അവൾക്കൊരു തൃപ്തി വന്ന മട്ടില്ല!“.

“അവൾക്കു പരാതിപ്പെടാൻ എന്തെങ്കിലുമുണ്ടെന്നു ഞാൻ കരുതു ന്നില്ല”, ഫ്രാങ്കോയ്സ് നീരസത്തോടെ നെടുവീർപ്പിടും. അമ്മായിയു ടെ കൈയിൽ വന്നു ചേരുന്ന നാണയങ്ങൾ തനിയ്ക്കും കുട്ടികൾക്കും വേണ്ടി മാത്രമാണെന്നു കരുതാനൊരു പ്രവണത അവൾക്കുണ്ടായി രുന്നു. ലാളിച്ചു വഷളാക്കപ്പെട്ട മക്കൾക്കായി സൂക്ഷിച്ചുവെച്ച നിധി ധൂ ർത്തടിക്കുന്നതുപോലെ, ആ പണം ഞായറാഴ്ചതോറും യൂലാലിയുടെ ഉള്ളംകൈയിലേയ്ക്കുതന്നെ ചിതറി വീണുകൊണ്ടിരുന്നു. യൂലാലിയ്ക്കു വേണ്ടി അമ്മായി നീക്കിവെയ്ക്കുന്ന പണംകൂടി തനിയ്ക്കു ലഭിയ്ക്കണമെ ന്ന അത്യാഗ്രഹം പക്ഷേ ഫ്രാങ്കോയ്സിനുണ്ടായിരുന്നില്ല. സ്വാമിനി യുടെ സ്വത്ത് സ്വാഭാവികമായും പണിക്കാരുടെ പദവി ഉയർത്തുമെ ന്ന വിശ്വാസത്തിൽ, ആ സമ്പാദ്യത്തിന്റെ പേരിലൊരു സ്വയംപ ര്യാപ്തത അവൾ നേരത്തേ നേടിയെടുത്തിരുന്നു. വികാരിയച്ചന്റെ ഇ ടയ്ക്കിടെയുള്ള സന്ദർശനങ്ങളുടേയും കണക്കില്ലാതെ കുടിച്ചു തീർക്കു ന്ന മരുന്നുകളുടേയുംപേരിൽ കോംബ്രേനിവാസികൾ മാത്രമല്ല വിദൂര മായ ഗ്രാമങ്ങളിൽനിന്നു വരുന്നവരും അമ്മായിയെ അതിരറ്റ് ആദരി

യ്ക്കുന്നതുകൊണ്ട് ആ പദവിയ്ക്കു ഫ്രാങ്കോയ്സ് സ്വയം സമർഹയായി കരുതിപ്പോന്നു. അമ്മായിയെച്ചൊല്ലി മാത്രമാണു ഫ്രാങ്കോയ്സ് സത്യത്തിൽ അത്യാഗ്രഹം കാണിച്ചത്. അവരുടെ സ്വത്തിന്മേൽ തെല്ലെങ്കിലും സ്വാധീനമുണ്ടായിരുന്നെങ്കിൽ യൂലാലിയെപ്പോലുള്ള അപരിചിതരുടെ അപ്രതീക്ഷിതമായ ആക്രമണങ്ങളിൽനിന്നു മാതൃതുല്യമായ ക്രൗര്യം പ്രദർശിപ്പിച്ച് അവളവരെ സംരക്ഷിയ്ക്കുമായിരുന്നു. അതേസമയം അമ്മായിയുടെ സഹജമായ ഔദാര്യഭാവത്തിനു സാരമായ ദോഷമൊന്നും അവൾ കണ്ടതുമില്ല.

അമ്മായി സ്വന്തം സമ്പാദ്യം നല്ല ധനശേഷിയുള്ളവർക്കാണു വിതരണം ചെയ്തിരുന്നതെങ്കിൽ ഫ്രാങ്കോയ്സിനൊരു ആശങ്കയും ഉണ്ടാകുമായിരുന്നില്ല. അമ്മായിയുടെ ഔദാര്യം സ്വീകരിയ്ക്കേണ്ട സാഹചര്യം നിലവിലില്ലാത്തവരോടു പ്രത്യേകമൊരു പ്രതിപത്തി തോന്നേണ്ടതില്ലെന്നും അവൾ കരുതിയിരിയ്ക്കാം. പണവും പദവിയുമുള്ള മാഡം സസററ്റ്, സ്വാൻ, ലെഗ്രാൻഡിൻ, മാഡം ഗൗപിൽ തുടങ്ങിയവരെപ്പോലെ അമ്മായിയുടെ അതേ 'നിലവാര'ത്തിൽത്തന്നെ നിരന്തരം 'കുടിക്കഴിയുന്ന'വർക്കു നൽകുന്ന സമ്മാനങ്ങൾ, വിനോദങ്ങളും വിരുന്നുകളും സന്ദർശനങ്ങളും പതിവായ ധനാഢ്യരുടെ ആർഭാടപൂർണമായ ജീവിതത്തിന്റെ ആരാദ്ധ്യമായ ആചാരങ്ങളാണെന്നു ന്യായമായും അവൾ വിശ്വസിച്ചു. രാജകീയമായ ഈ പരസ്പരോപചാരത്തിനു പകരം വെറും ദീനാനുകമ്പയെ പ്രതിഷ്ഠിച്ച അമ്മായിയുടെ നടപടി അതുകൊണ്ടു ഫ്രാങ്കോയ്സിനു രുചിച്ചില്ല. അമ്മായിയുടെ ഗുണഭോക്താക്കളിൽ 'തന്നെപ്പോലുള്ള'വരും 'തന്നേക്കാൾ മീതെ അല്ലാത്ത'വരും കൂടാതെ, 'മാഡം ഫ്രാങ്കോയ്സെ'ന്നു തന്നെ അഭിസംബോധന ചെയ്യാൻ മടിച്ച് 'അത്രത്തോളമില്ലെ'ന്നു വില കുറച്ചു കാണുന്നവരേയും അവൾ വെറുത്തു. തന്റെ മുന്നറിയിപ്പുകൾ അവഗണിച്ച് അമ്മായി സ്വന്തം ഇഷ്ടപ്രകാരം തീർത്തും അനർഹരായവർക്കു രണ്ടു കൈകൊണ്ടും പണം വാരിയെറിയുന്നതു കണ്ടപ്പോൾ, യൂലാലിയ്ക്കു വേണ്ടി ധൂർത്തടിയ്ക്കുന്ന അധികധനവുമായി താരതമ്യം ചെയ്തു തന്റെ

പങ്കു നിസ്സാരമാണെന്നും അവൾക്കു തോന്നിത്തുടങ്ങി. അമ്മായിയുടെ പക്കൽനിന്നു ലഭിക്കുന്ന 'വരുമാനം'കൊണ്ട്, കോംബ്രേയുടെ പരിസരത്തൊരു കൃഷിഭൂമി വാങ്ങാൻ യൂലാലിക്കു കഴിയുമെന്നു പക്ഷേ, ഫ്രാങ്കോയ്സിനു നല്ല ഉറപ്പുണ്ടായിരുന്നില്ല. അതേസമയം, ഫ്രാങ്കോയ്സിന്റെ രഹസ്യവും വിപുലവുമായ ഒളിവുധനത്തെക്കുറിച്ച് ഇതുപോലൊരു കണക്കെടുപ്പ് യൂലാലിയും നടത്തിയിരുന്നു. അതുകൊണ്ട്, ഞായറാഴ്ചദിവസം യൂലാലി പൊയ്ക്കഴിയുമ്പോൾ അവളുടെ സർവനാശത്തിനായി ഫ്രാങ്കോയ്സ് ദയാരഹിതമായി പ്രാർത്ഥിക്കും. യൂലാലിയെ വെറുക്കുകയും ഭയപ്പെടുകയും ചെയ്തിരുന്നതുകൊണ്ട് അവളവിടെയുള്ളപ്പോൾ ഫ്രാങ്കോയ്സ് സ്വയം 'പ്രസന്നവതി'യായിരിക്കാൻ ശ്രദ്ധിച്ചു. പക്ഷേ യൂലാലി പൊയ്ക്കഴിഞ്ഞാൽ ജനൽക്കർട്ടൻ പതുക്കെ ഉയർത്തി മുൻവശത്തെ വാതിൽ വലിച്ചടച്ച്, പേരെടുത്തു പറയാതെ അമ്മായിയുടെ ശ്രദ്ധയിൽപ്പെടത്തക്കവിധം അവളെ കൊള്ളിച്ചുകൊണ്ട്, പ്രവാചകരെപ്പോലെ ഫ്രാങ്കോയ്സ് നാനാർത്ഥസൂചകമായ ചില വെളിപാടുകൾ പ്രഖ്യാപിക്കും.

"മറ്റുള്ളവരുടെ മുമ്പിൽ നല്ലക്ഷ ചമയാനും അപ്പക്കഷണം ചോദിച്ചു വാങ്ങാനും സ്തുതിപാഠകർക്കു നന്നായറിയാം. ക്ഷമ..., ക്ഷമയാണു മനുഷ്യനു വേണ്ടത്... ദൈവത്തിനുപോലും അസൂയയുണ്ട്. നല്ലൊരു ദിവസം നോക്കി സകലരോടും അദ്ദേഹം പകവീട്ടും, തീർച്ച!", അമ്മായി ഒറ്റയ്ക്കാണെന്നു കണ്ട് ഒരു കുത്സിതകടാക്ഷത്തോടെ അവൾ പ്രവചിക്കും: "കുത്തിയൊഴുകുന്ന വെള്ളച്ചാട്ടംപോലെ ദുഷ്ടന്മാരുടെ വളർച്ച പെട്ടെന്നു വറ്റിപ്പോകു"മെന്ന ജോഷിന്റെ വാക്കുകളാണു ഞാനോർക്കുന്നത്". ഇന്നു പക്ഷേ, വികാരിയച്ചന്റെ അവസാനിക്കാത്ത സംസാരം മൂലം ശക്തി മുഴുവനും ചോർന്നു പോയ അമ്മായിയോട്, "മാഡം ഒക്ടേവ് വല്ലാതെ തളർന്നുപോയി, കുറച്ചുനേരം വിശ്രമിക്കൂ, ഞാനുടനെ വരാ"മെന്നു പറഞ്ഞ് അവൾ പുറത്തേക്കു പോയി.

അമ്മായി അവളോട് ഒരക്ഷരംപോലും പറയാതെ, അവസാന

ശ്വാസം ആഞ്ഞു വലിയ്ക്കുന്നമട്ടിൽ ദീർഘമായ നെടുവീർപ്പിട്ടു കണ്ണുക ളടച്ചു മരിച്ചതുപോലെ കിടന്നു. പക്ഷേ, ഫ്രാങ്കോയ്സ് താഴെയെ ത്തേണ്ട താമസം, പരിഭ്രാന്തി പരത്തുന്ന ഒരു കുട്ടമണി വീടാകെ പ്ര കമ്പനം കൊള്ളിച്ചു. അമ്മായി കിടയ്ക്കയിൽ എഴുന്നേറ്റു നിവർന്നിരു ന്നുകൊണ്ട് ഉറക്കെ വിളിച്ചു ചോദിച്ചു:

“യൂലാലി പടി കടന്നു പോയോ..? ഉറപ്പാണോ..? ഞാൻ ചോദി യ്ക്കാൻ മറന്നുപോയി, ഇന്നു മാഡം ഗൗപിൽ കുർബാനയ്ക്കു മുമ്പേതന്നെ പള്ളിയിലെത്തിയോ? ചെല്ല്, ചെന്നു ചോദിച്ചു വാ, അവളുടെ പി ന്നാലെ ഓടിക്കോ..., വേഗം!“

പക്ഷേ, യൂലാലിയെ മറികടക്കാനുള്ള ത്രാണിയില്ലാതെ ഫ്രാ ങ്കോയ്സ് വെറുംകൈയോടെ മടങ്ങിവന്നു. “കഷ്ടമായിപ്പോയി...“ അ മ്മായി തലവെട്ടിച്ചു പറഞ്ഞു, “അവളോടു ചോദിയ്ക്കേണ്ട ആ പ്രധാന കാര്യം മറക്കാൻ പാടില്ലായിരുന്നു!“.

ഇതുപോലെ എന്നും ഒരേമട്ടിൽ പുറമേയ്ക്കു നിഷ്കപടമായ പ്രകൃത വും ഉള്ളിൽ കപടാർദ്രമായ പ്രാർത്ഥനയുമായി അമ്മായിയുടെ ജീവി തം 'മന്ദമായ ഒരു ഉല്ലാസഗതി'യോടെ മുന്നോട്ടു പോയി. വീട്ടിലുള്ളവ ർ മാത്രമല്ല, പുറത്തുള്ളവരും അവരോട് ആദരവോടെ പെരുമാറിയെ ങ്കിലും ആരോഗ്യകരമായൊരു ജീവിതരീതി ശുപാർശ ചെയ്യുന്നതി ന്റെ വ്യർത്ഥത കണ്ടറിഞ്ഞു നിശ്ശബ്ദമായ നിരീക്ഷണങ്ങളിൽമാത്രം ഒതുങ്ങിനിന്നു. തെരുവുകൾക്കപ്പുറത്തു ഗ്രാമത്തിൽ കഴിയുന്ന മരാശാ രിപോലും കോഴിക്കൂട്ടു പണിയുമ്പോൾ ആണിയടിയ്ക്കുന്നതിനു മുന്നോ ടിയായി ഒരാളെ പറഞ്ഞയച്ച് അമ്മായി 'വിശ്രമിയ്ക്കുക'യല്ലെന്നു തീർ ച്ച വരുത്തും. അക്കൊല്ലം അവരുടെ 'ഉല്ലാസഗതി'ക്കു മാരകമായി പ രിക്കേൽപ്പിച്ച ഒരു സംഭവമുണ്ടായി. ആരും ശ്രദ്ധിയ്ക്കാതെ, ഇലകൾ ക്കിടയിൽ കിടന്നു മൂത്തു പഴുത്തു താഴോട്ടു വീഴുന്ന പഴംപോലെ, ഒരു ദിവസം രാത്രി അടുക്കളക്കാരിയ്ക്കു വല്ലാത്ത വയറുവേദന തുടങ്ങി. കാ ണാൻ വയ്യാത്തവിധം തീർത്തും അസഹ്യമായിരുന്നു, അവളുടെ പേ റ്റുനോവ്. കോംബ്രേയിൽ തിരഞ്ഞിട്ടു കിട്ടാതെ തിബർസിയിൽനി

ന്നൊരു വയറ്റാട്ടിയെ കൊണ്ടുവരാൻ ഫ്രാങ്കോയ്സ് നേരം വെളുക്കുന്നതിനു മുമ്പേ പുറപ്പെട്ടു. പെണ്ണിന്റെ നിർത്താത്ത കരച്ചിൽ കാരണം അമ്മായിയ്ക്കു തീരെ 'വിശ്രമിയ്ക്കാ'ൻ കഴിഞ്ഞില്ല. ഫ്രാങ്കോയ്സ് മടങ്ങിവന്നപ്പോഴേയ്ക്കും നേരം വൈകി അവരുടെ പ്രഭാതകൃത്യങ്ങൾ പലതും അവതാളത്തിലായി. അന്നു രാവിലെ അമ്മ എന്നോടു വന്നു പറഞ്ഞു, "മുകളിൽ ചെന്ന് അമ്മായിയ്ക്കെന്തെങ്കിലും ആവശ്യമുണ്ടോ എന്നന്വേഷിച്ചു വാ!".

മുകളിലെ രണ്ടു മുറികളിൽ ആദ്യത്തേതിലേയ്ക്കു ഞാൻ പ്രവേശിച്ചപ്പോൾ മറ്റേ മുറിയുടെ തുറന്നു കിടന്ന വാതിലിലൂടെ അമ്മായി ഒരുവശം ചെരിഞ്ഞു കിടന്നുറങ്ങുന്നതു ഞാൻ കണ്ടു. മിക്കവാറും ഒരു കൂർക്കംവലിപോലെ തോന്നുന്ന അവരുടെ ശ്വാസോച്ഛ്വാസം ഞാൻ വ്യക്തമായി കേട്ടു. ശബ്ദമുണ്ടാക്കാതെ ഞാനിറങ്ങിപ്പോരാൻ തുടങ്ങുമ്പോൾ, അവിചാരിതമായി അവരുടെ ഉറക്കത്തിനെന്തോ തടസ്സം നേരിട്ടു. മോട്ടോർകാറിന്റെ ഇരമ്പംപോലുള്ള കൂർക്കംവലിയുടെ 'ഗതിവേഗ'ത്തിനു പെട്ടെന്നു മാറ്റം വന്നു; ഒരുമാത്ര നിശ്ചലമായി, വീണ്ടും അതു മന്ദ്രസ്ഥായിയിൽ ആരംഭിച്ചു. കുറച്ചുകഴിഞ്ഞ് അവരുണർന്നു നേരേ കാണാവുന്ന രീതിയിൽ എന്റെ നേർക്കു മുഖംതിരിച്ചു. ഒരുപക്ഷേ ഭയപ്പെടുത്തുന്ന സ്വപ്നത്തിൽ നിന്നു തൽക്ഷണം രക്ഷപ്പെട്ടതുകൊണ്ടാവാം, ഒരുതരം ഭീതി അവരുടെ മുഖത്തു പ്രകടമായിരുന്നു. കിടന്ന കിടപ്പിൽ എന്നെ അവർക്കു കാണാൻ കഴിഞ്ഞില്ല. മുമ്പോട്ടു പോകണോ അതോ പിന്തിരിയണോ എന്നു തീരുമാനിയ്ക്കാനാകാതെ ഞാൻ അവിടെത്തന്നെ നിന്നു. പക്ഷേ, പെട്ടെന്നവർക്കു ബോധം തിരിച്ചുകിട്ടി ഉറക്കത്തിൽ തന്നെ വന്നു പേടിപ്പിച്ച കാഴ്ചകളുടെ കാപട്യം തിരിച്ചറിയാൻ കഴിഞ്ഞു. യഥാർത്ഥജീവിതം സ്വപ്നത്തോളം ക്രൂരമല്ലെന്നു കാണിച്ചുതന്ന ദൈവത്തോടു നന്ദിസൂചകമായി പുറപ്പെടുവിച്ച കൃതജ്ഞതയുടെ ഒരു മന്ദസ്മിതം അവരുടെ മുഖത്തു മെല്ലെ തെളിഞ്ഞു. തനിച്ചാകുമ്പോൾ പാതിയുറക്കെ തന്നോടുതന്നെ സം

സാരിയ്ക്കുന്ന പതിവു രീതിയിൽ അവർ പിറുപിറുത്തു: 'ദൈവത്തിനു സ്തുതി! ഞങ്ങൾക്കിവിടെ അലോസരമുണ്ടാക്കുന്ന യാതൊന്നുമില്ല, അടുക്കളക്കാരിയുടെ പിഞ്ചുകുഞ്ഞല്ലാതെ! പാവം ഒക്ടേവ് സ്വർഗ ത്തിൽനിന്നു തിരിച്ചെത്തി എന്നെ പതിവു നടത്തത്തിനു കൂട്ടിക്കൊ ണ്ടുപോകുന്നതു സ്വപ്നം കാണുകയായിരുന്നു, ഞാൻ!'. അടുത്തു കിട ന്ന ചെറിയ മേശപ്പുറത്തുനിന്നു പ്രാർത്ഥന ചൊല്ലാനുള്ള മണിമാല വലിച്ചെടുക്കാൻ അവർ കൈനീട്ടി. പക്ഷേ, ഉറക്കം ഒരിയ്ക്കൽക്കൂടി അ വരുടെ മനസ്സിൽ ആധിപത്യം ചെലുത്തി, നീട്ടിയ കൈ പതുക്കെ ത ളർന്നു തീർത്തും ദുർബലമായി. വീണ്ടും അവർ ഉറക്കത്തിലേയ്ക്കു വഴു തി വീണു, സംതൃപ്തമായ ഉറക്കം. അന്നവിടെ കണ്ടതും കേട്ടതും മറ്റാ രും അറിയാനിട വരാതെ ഞാൻ പതുക്കെ പെരുവിരലൂന്നി നിശ്ശബ്ദം പുറത്തു കടന്നു.

അടുക്കളക്കാരിയുടെ അന്നത്തെ പ്രസവംപോലെ അത്യപൂർവമാ യ ചില സംഭവങ്ങളൊഴിച്ച് അമ്മായിയുടെ ജീവിതം യാതൊരു തട സ്സങ്ങളും കൂടാതെ തുടർന്നതായി പറയുമ്പോൾ, അവരുടെ സ്വസ്ഥമാ യ ദിനചര്യയിൽ ഒരുതരം ഏകതാനചിത്രങ്ങൾ നെയ്തതുപോലെ, നിശ്ചിതമായ ഇടവേളകളിൽ ഒരേമട്ടിൽ ആവർത്തിയ്ക്കുന്ന ചില വ്യ- തിയാനങ്ങൾ കൂടി ഉൾപ്പെടുത്താൻ ഞാൻ വിട്ടുപോയി. ഉദാഹരണ ത്തിനു ശനിയാഴ്ച ഉച്ചകഴിഞ്ഞു ഫ്രാങ്കോയ്സിനു റൂസ്സൈൻവില്ലെ ച ന്തയിൽനിന്നു സാമാനങ്ങൾ വാങ്ങാനുള്ളതുകൊണ്ട്, എല്ലാവരും ഒ രുമണിക്കൂർ നേരത്തേ ഉച്ചഭക്ഷണം കഴിയ്ക്കുകയാണു പതിവ്. ആഴ്ച തോറുമുള്ള ഈയൊരു വ്യത്യാസം, വിശ്രമംപോലെ ഒഴിവാക്കാനാ വാത്ത കൃത്യമായി, ദിനചര്യയുടെ ഒരനിവാര്യഭാഗമായി, അമ്മായി കണക്കാക്കി. ഫ്രാങ്കോയ്സ് പറയുന്നതുപോലെ അവർക്കതൊരു 'അനുഷ്ഠാന'മായിരുന്നു. ശനിയാഴ്ച ഭക്ഷണം പതിവിലേറെ ഒരു മണി ക്കൂർ വൈകിപ്പോയാൽ, സാധാരണദിവസത്തെ ഭക്ഷണം ഒരുമണി ക്കൂർ നേരത്തെ നിശ്ചയിച്ചതുപോലെതന്നെ, അവർ ‘പരിഭ്രാന്ത‘യാ കും. യാദൃച്ഛികമെന്നു പറയട്ടെ, ഉച്ചഭക്ഷണത്തിന്റെ ഈ സമയഭേദം

മൂലം ഞങ്ങളുടെ ശനിയാഴ്ചകൾക്കു വ്യക്തവും ആകർഷകവുമായൊരു വ്യക്തിത്വം കൂടി കൈവന്നു. സാധാരണഗതിയിൽ ഭക്ഷണത്തിനുള്ള മണിയടി കേൾക്കാൻ ഇനിയും ഒരുമണിക്കൂർ വേണമെന്നു തോന്നുന്ന നിമിഷം, രുചികരമായ വിഭവങ്ങൾക്കുപുറമേ പ്രത്യേകമായൊരു സൗമനസ്യത്തോടെ തയാറാക്കിയ ഓംലറ്റും നിരുപദ്രവമായൊരു മീൻകഷണവും ഓരോന്നായി മേശപ്പുറത്തു പ്രത്യക്ഷപ്പെടാൻ തുടങ്ങും. വ്യത്യസ്തമായ ഈ ശനിയാഴ്ചകളുടെ ആവർത്തനം, സ്വയം പണിത മതിലുകൾക്കുള്ളിൽ ഒതുങ്ങി ജീവിക്കുന്ന ജനങ്ങളുടെ വിരസ ജീവിതത്തിൽ, നിയമബദ്ധമായ സംവിധാനങ്ങൾ പാലിച്ചുപോരുന്ന സമൂഹത്തിൽ, ഒരുതരം ദേശീയൈക്യം സൃഷ്ടിക്കാൻപോലും ഒരു പക്ഷേ ഉപകരിച്ചേക്കാം. സംസാരപ്രിയർക്കു ധാരാളം പൊടിപ്പും തൊങ്ങലുംവെച്ചു നേരമ്പോക്കുകൾ പറഞ്ഞു രസിക്കാനുള്ള നല്ലൊരു സന്ദർഭമാണത്. മാത്രമല്ല, ഇതിഹാസസമാനമായ സഹൃദയത്വമുള്ളവർക്കു പുരാണങ്ങളുടെ മൂലകഥയായി സങ്കൽപ്പിക്കാവുന്ന ഒരധികമാനംപോലും ചിലപ്പോഴതിനു കൈവരും. നേരം പുലർന്നു പ്രാഥമികകൃത്യങ്ങൾക്കുശേഷം വേഷം മാറാൻ തുടങ്ങുന്നതിനുമുമ്പേ, ഐകമത്യത്തിന്റെ മഹാബലം തെളിയിക്കാനുള്ള ഔത്സുക്യത്തോടെ ഞങ്ങൾ ദേശാഭിമാനം തുളുമ്പുന്നവിധം, ഉച്ചാരണവൈകല്യങ്ങളൊന്നും കണക്കാക്കാതെ, ഉറക്കെ വിളിച്ചു പറയും: “വേഗമാവട്ടെ, സമയമില്ല, ഇന്നു ശനിയാഴ്ചയാണെന്ന കാര്യം മറന്നുപോയോ?“. അമ്മായി ഫ്രാങ്കോയ്സുമായി വെടിപറഞ്ഞിരിക്കുമ്പോൾ അന്നത്തെ ദിവസത്തിനു പതിവിലേറെ നീളമുണ്ടെന്ന വിചാരത്തോടെ പറയും: “ശനിയാഴ്ചയായതുകൊണ്ടു നല്ലൊരു കന്നുകുട്ടിയുടെ ഇറച്ചിക്കറികൂടി നീയിന്നു തയാറാക്കിക്കോ!“. ദിവസത്തിന്റെ പ്രത്യേകത മറന്നതുപോലെ ആരെങ്കിലും പത്തരമണിക്കു വാച്ചു നോക്കി 'ഭക്ഷണത്തിനു തൊണ്ണൂറു മിനിട്ടു കഴിയണ’മെന്നു പറഞ്ഞാൽ, തിരിച്ചടിക്കാനൊരവസരം ലഭിച്ച നിർവൃതിയോടെ മറ്റെല്ലാവരുംകൂടി ഒന്നിച്ചു വിളിച്ചു പറയും: 'എന്ത്, എ

ന്താണു നിങ്ങൾ ചിന്തിയ്ക്കുന്നത്? ഇന്നു ശനിയാഴ്ചയല്ലേ?'. മാത്രമല്ല, ഞങ്ങളതുതന്നെ വീണ്ടും ഓർത്തോർത്തു ചിരിച്ച്, അമ്മായിയുമായി ആ അസംബന്ധം പങ്കു വെയ്ക്കാൻ മുകളിലേയ്ക്കു ചെല്ലും. ആ ദിവസങ്ങളിൽ ആകാശത്തിന്റെ മുഖച്ഛായപോലും വലിയൊരു മാറ്റത്തിനു വിധേയമാകുന്നതുപോലെ ഞങ്ങൾക്കു തോന്നാറുണ്ട്. അന്നു ശനിയാഴ്ചയാണെന്ന ഉത്തമബോദ്ധ്യത്തോടെ ഉച്ചഭക്ഷണത്തിനുശേഷം ആകാശത്തു സൂര്യൻ അത്യുച്ചനിലയിൽ ഒരുമണിക്കൂർ കൂടുതൽ നിലകൊള്ളും. ഉച്ചഭക്ഷണം കഴിഞ്ഞ പാതിമയക്കത്തിനുവേണ്ടി തീർത്തും ഉപേക്ഷിയ്ക്കപ്പെട്ട പാതയിലൂടെ ആ സമയം ആരും നടന്നു പോകാറില്ല. മീൻപിടിയ്ക്കാൻ ചൂണ്ടക്കാരില്ലാത്തതുകൊണ്ട് ശുദ്ധവും നിശ്ചലവുമായ തെളിനീരൊഴുകുന്ന നദിക്കരയിൽ ആരും അനുഗമിയ്ക്കാനില്ലാതെ ചില മേഘശകലങ്ങൾ ശൂന്യാകാശത്തേയ്ക്കു രക്ഷപ്പെടും. പതിവുനടത്തത്തിനു പുറപ്പെടാൻ വൈകിയെന്നു കരുതുമ്പോൾ സാങ്ഹിലൈരേയുടെ ഗോപുരത്തിൽ നിന്നു രണ്ടു തവണ മണിയടിയ്ക്കുന്ന ശക്തമായ മുഴക്കം അന്തരീക്ഷത്തിൽ പ്രതിദ്ധ്വനിയ്ക്കുന്നതു കേട്ടു ചിലർ 'രണ്ടുമണിയായതേയുള്ളൂ'വെന്നു വിസ്മയപൂർവം പറഞ്ഞാൽ ഞങ്ങളൊന്നടങ്കം ഉച്ചസ്വരത്തിൽ ആർത്തുചിരിയ്ക്കും:

"ഉച്ചഭക്ഷണം കഴിഞ്ഞിട്ടിതാ ഒരു മണിക്കൂർ കഴിഞ്ഞതേയുള്ളൂ! ഇന്നു ശനിയാഴ്ചയാണെന്നു നിങ്ങൾക്കോർമ്മയില്ലേ?"

രാവിലെ പതിനൊന്നു മണിയ്ക്കുതന്നെ അച്ഛനെ നേരിട്ടു കാണാനൊരു 'പ്രാകൃതൻ' (ശനിയാഴ്ചയുടെ ആചാരങ്ങളുമായി പരിചയമില്ലാത്തവരെ ഞങ്ങളങ്ങനെയാണു വിളിയ്ക്കുക പതിവ്!) അപ്രതീക്ഷിതമായി കടന്നു വരുമ്പോൾ, മേശയ്ക്കു ചുറ്റുമിരുന്നു ഭക്ഷണം കഴിയ്ക്കുന്ന ഞങ്ങളെ കാണുന്നതു ഫ്രാങ്കോയ്സിനെ സംബന്ധിച്ചിടത്തോളം ജീവിതത്തിലൊരിയ്ക്കലും മറക്കാനാവാത്ത ആഹ്ലാദമായിരുന്നു സമ്മാനിച്ചത്. ശനിയാഴ്ച ഒരുമണിക്കൂർ നേരത്തേയാണു ഞങ്ങൾ ഭക്ഷണം കഴിയ്ക്കാറുള്ളതെന്നു മനസ്സിലാക്കാത്ത സന്ദർശകന്റെ അമ്പരപ്പ് അവൾക്കേറെ രസകരമായി തോന്നിയെങ്കിൽ, അതിലേറെ തമാശയ്ക്കു വക

നൽകുന്നതായിരുന്നു അച്ഛന്റെ പെരുമാറ്റം. ഉച്ചഭക്ഷണം കഴിയ്ക്കുന്ന ഞങ്ങളെ കണ്ട് അത്ഭുതം കൂറുന്ന അയാൾക്കതിനെക്കുറിച്ച് യാതൊരു വിവരവും നൽകാതെ, ലളിതമായൊരു കാര്യംപോലും മനസ്സിലാക്കാൻ കഴിവില്ലാത്ത ആഗതനെ നോക്കി, 'അറിയില്ലേ, ഇന്നു ശനിയാഴ്ചയാണെ'ന്നു നിസ്സംഗനായി അദ്ദേഹം പ്രഖ്യാപിയ്ക്കും. സംഗതി അത്രത്തോളമെത്തുമ്പോൾ ഹർഷോന്മാദത്തിന്റെ കണ്ണീർത്തുള്ളി തുടച്ചുകളഞ്ഞു 'ശനിയാഴ്ച'യുടെ അർത്ഥമറിയാതെ നിസ്സഹായനായി നിൽക്കുന്ന സന്ദർശകനുവേണ്ടി ഒരു മറുപടി കണ്ടെത്തി സംഭാഷണം തുടരാൻ ഫ്രാങ്കോയ്സ് കിണഞ്ഞു പരിശ്രമിയ്ക്കുമ്പോൾ ഞങ്ങളും അവളുടെ പക്ഷം ചേരും.

അപ്പോൾ വലിയമ്മായി ചെയ്തുകൊണ്ടിരുന്ന ജോലി മാറ്റിവെച്ച്, തല ഉയർത്തി കണ്ണടയ്ക്കു മുകളിലൂടെ ഞങ്ങളെ നോക്കും.

മേയ്മാസത്തിലെ ശനിയാഴ്ചകളിൽ ഉച്ചഭക്ഷണം കഴിഞ്ഞു 'മേരിയുടെ മാസാരാധന'യിൽ പങ്കെടുക്കാൻ ഞങ്ങൾ പള്ളിയിലേയ്ക്കു പോകാറുണ്ട്. 'ചെറുപ്പക്കാരുടെ അധിക്ഷേപാർഹമായ വസ്ത്രധാരണരീതി'യും ഈയിടെയായി അതിനു ലഭിയ്ക്കുന്ന പ്രചാരവും സംബന്ധിച്ച് കർക്കശമായ നിലപാടു പുലർത്തുന്ന വിന്റെയിലിനെ നേരിട്ടു കണ്ടുമുട്ടാൻ സാദ്ധ്യതയുള്ളതുകൊണ്ട്, പള്ളിയിലേയ്ക്കു പുറപ്പെടുന്നതിനുമുമ്പേ അമ്മ എന്റെ വേഷത്തിൽ അപാകതകളൊന്നുമില്ലെന്നു പ്രത്യേകം ഉറപ്പാക്കും. 'മേരിയുടെ മാസാരാധന'യുമായി ബന്ധപ്പെട്ട പള്ളിയിലെ ചടങ്ങിൽവെച്ചാണു ഞാനാദ്യമായി പൂവിടാൻ വെമ്പുന്ന റോസാപ്പൂക്കളെ കണ്ടു പ്രണയത്തിലായത്. പള്ളിയങ്കണത്തിനു പുറത്തെ തോട്ടത്തിൽ കുലകളായി റോസാച്ചെടികൾ പൂത്തുനിൽക്കുന്നതു കാണാം. അൾത്താരാമണ്ഡപത്തിലെ വിശുദ്ധാരാധനയുടെ നിഗൂഢതകളിൽ അനിവാര്യമായ പങ്കു സ്തുത്യർഹമായി നിർവഹിച്ച്, മെഴുകുതിരികൾക്കും മൺഭരണികൾക്കുമിടയിൽ ചെറുകമ്പുകളിൽ സമാന്തരമായി ചേർത്തുവെച്ച പൂക്കുലകളുടെ നീണ്ട നിര ഉത്സവാഘോഷങ്ങ

ളുടെ വിന്യാസഭംഗിയോടെ നിറഞ്ഞു നിന്നു. ഇരുണ്ട നിറമുള്ള ഇലകളിൽ ഞൊറിഞ്ഞു പകുത്ത അരികുകളുടെ പശ്ചാത്തലത്തിൽ ചിതറിക്കിടന്ന ചെറിയ കുലകളായുള്ള പൂമൊട്ടുകളുടെ കണ്ണഞ്ചിയ്ക്കുന്ന വെണ്മയിൽ അനന്യമായ മനോഹാരിതയാണു ഞാൻ കണ്ടത്. വിരലു കൊണ്ടു സ്പർശിയ്ക്കാനല്ലാതെ പൂവിനു നേരേ കണ്ണയയ്ക്കാൻ എനിയ്ക്കു ധൈര്യം വന്നില്ല. പരമപാവനമായ ഒരുതരം നിഗൂഢത ഉള്ളിലടക്കി, ഹിമശുഭ്രമായ മുകുളങ്ങളുടെ കിരീടം ധരിച്ച പ്രകൃതിയുടെ നൈസർഗികമായ ആ ചൈതന്യത്തിന്റെ രചനാസംവിധാനം ഞാൻ തൊട്ടറിഞ്ഞു. അൾത്താരയുടെ മുകളിലെ ഏകാന്തതയിൽ ഇതൾ വിടർന്നു ലോലമായ സൗകുമാര്യത്തോടെ, ചിലന്തിവലപോലുള്ള കേസരങ്ങൾക്കിടയിൽ മൂടൽമഞ്ഞു പൊതിഞ്ഞു തീരെ തെളിച്ചമില്ലാതെ ഉദാസീനമായൊരു പൂവ് നിവർന്നു നിൽക്കുന്നതു ഞാൻ കണ്ടു. എന്റെ കണ്ണുകൾ സാവധാനം ആ പൂവിന്റെ സൗന്ദര്യം നുകരുന്നതിനിടയിൽ, അനായാസം പുഷ്പിയ്ക്കുന്ന അതിന്റെ അന്തഃചോദന അറിയാതെ അനുകരിയ്ക്കാൻ ഞാൻ ശ്രമിച്ചു; അപ്പോൾ, വെളുത്ത വസ്ത്രങ്ങളണിഞ്ഞ നിഷ്ക്കളങ്കയായൊരു പെൺകുട്ടി ചടുലമായ ശിരശ്ചലനത്തിലൂടെ എന്നെ പതുക്കെ കടാക്ഷംകൊണ്ടു വശീകരിയ്ക്കുന്നതായി എനിയ്ക്കനുഭവപ്പെട്ടു.

വിന്റെയിൽ മകളേയും കൂട്ടി ഞങ്ങളുടെ തൊട്ടടുത്താണു വന്നിരുന്നത്. ഒരു കുലീനകുടുംബാംഗമായ അദ്ദേഹം ഒരുകാലത്തു മുത്തശ്ശിയുടെ സഹോദരിമാരെ സംഗീതം പഠിപ്പിച്ചിരുന്നു. ഭാര്യയുടെ മരണശേഷം കോംബ്രേയുടെ സമീപത്തു പൈതൃകമായി ലഭിച്ച വീട്ടിൽ സ്വസ്ഥമായി താമസിയ്ക്കുന്ന അദ്ദേഹം പലപ്പോഴും ഞങ്ങളുടെ വീടു സന്ദർശിയ്ക്കാറുണ്ട്. 'ഇക്കാലത്തെ പരിഷ്ക്കാരരീതിയനുസരിച്ചു തീർത്തും അനുചിതമായൊരു വിവാഹത്തിനു വഴിപ്പെട്ട' സ്വാനിനെ കാണേണ്ടി വരുമെന്ന അത്യധികമായ സങ്കോചം നിമിത്തം ഈയിടെയായി അദ്ദേഹത്തിന്റെ സന്ദർശനം വളരെ വിരളമായിരുന്നു. സംഗീതരചനകൾ സ്വയം 'സംവിധാനം' ചെയ്യാറുള്ള അദ്ദേഹം, വീട്ടിലേയ്ക്കു

വരുമ്പോൾ സ്വന്തം കൃതികളിലൊന്നു വായിച്ചു കേൾക്കാനുള്ള മോഹം അമ്മ അദ്ദേഹത്തോട് ഒരിക്കൽ അനുമോദനസൂചകമായി അറിയിച്ചിരുന്നു. വിന്റെയിലിനെ സംബന്ധിച്ച് അതിലേറെ ആഹ്ലാദം നൽകുന്ന മറ്റൊരു വിഷയമില്ല. മറ്റുള്ളവരോടു കാണിക്കേണ്ട വിനയവും പരിഗണനയും സൂക്ഷ്മതയോടെ പാലിക്കുന്ന അദ്ദേഹം, പലപ്പോഴും തന്നെത്തന്നെ അവരുടെ സ്ഥാനത്തു നിർത്തി ആത്മപരിശോധന നടത്താറുണ്ട്. മറ്റുള്ളവർ തന്നെയൊരു അഭിമാനിയായി ചിത്രീകരിക്കുന്നതിലും സ്വന്തം മോഹങ്ങൾ അവരോടു തുറന്നു പറയുന്നതിലും അദ്ദേഹം ആശങ്ക പുലർത്തി. വിന്റെയിലിനെ കാണാൻ പോയ ദിവസം ഞാനും അച്ഛനമ്മമാരെ അനുഗമിച്ചിരുന്നു; അന്നു പതിവിനു വിപരീതമായി അവരെന്നെ വീടിനു പുറത്ത് ഒറ്റയ്ക്കു കളിയ്ക്കാൻ വിട്ടു. മൊണ്ട്ജോവൈനിൽ കുറ്റിച്ചെടികൾ നിറഞ്ഞു കുത്തനെയുള്ള ഒരു കുന്നിൻപുറത്താണു വിന്റെയിൽ താമസിച്ചിരുന്നത്. കുറ്റിച്ചെടികൾക്കിടയിൽ നടക്കുമ്പോൾ മുകളിലെ നിലയിൽ അദ്ദേഹത്തിന്റെ സ്വീകരണമുറിയുടെ ജനലുകൾ ഏതാണ്ട് എന്റെ ഉയരത്തിൽ ഏതാനുമടി ദൂരത്തായി ഞാൻ കണ്ടു. അച്ഛനമ്മമാർ വന്നിട്ടുണ്ടെന്നു പരിചാരകൻ ചെന്നു പറഞ്ഞപ്പോൾ അദ്ദേഹം പിയാനോയുടെ സമീപത്തേയ്ക്ക് ഓടിച്ചെന്നു പെട്ടെന്നു കണ്ണിൽപ്പെടുന്നവിധം ഒരു സംഗീതകൃതിയുടെ സ്വരസൂചിക നിവർത്തി വെച്ചു. അതിഥികൾ അകത്തേയ്ക്കു പ്രവേശിച്ച ഉടനെ അദ്ദേഹമതു കടന്നെടുത്തു മൂലയ്ക്കലേയ്ക്കു മാറ്റി. സന്ദർശകരെ സ്വീകരിയ്ക്കുന്നതിന്റെ സന്തോഷം, സ്വന്തം കൃതികൾ വായിച്ചുകേൾപ്പിയ്ക്കാനൊരു അവസരം ലഭിച്ചതിന്റെ ആഹ്ലാദമായി വ്യാഖ്യാനിയ്ക്കപ്പെടുമെന്ന ആശങ്ക അദ്ദേഹത്തെ അലട്ടുന്നതായി എനിയ്ക്കു തോന്നി. സംഭാഷണത്തിനിടയിൽ അമ്മ പിയാനോ വായിയ്ക്കുന്ന വിഷയത്തിലേയ്ക്കു ശ്രദ്ധ തിരിച്ചപ്പോൾ അദ്ദേഹം പെട്ടെന്നു പറഞ്ഞു: “ആരാണ് ഈ സ്വരസൂചിക ഇവിടെ പിയാനോയുടെ പുറത്തു കൊണ്ടുവന്നു വെച്ചത്? ഇതിന്റെ ശരിയായ സ്ഥാനം ഇതല്ലല്ലോ!“. മാത്രമല്ല, പിയാനോ വായിയ്ക്കാൻ തീരെ താൽപ്പര്യം കാണിയ്ക്കാതെ അദ്ദേഹം സം

സാരം മറ്റു വിഷയങ്ങളിലേയ്ക്കു മന:പൂർവം തിരിയ്ക്കുകയും ചെയ്തു.

അദ്ദേഹത്തിന്റെ ഒരേയൊരു ഉൽക്കണ്ഠ സ്വന്തം മകളെക്കുറിച്ചായിരുന്നു. പുരുഷന്മാരെപ്പോലെ കായികബലമുള്ള അവളുടെ ആരോഗ്യത്തിൽ അദ്ദേഹം ചെലുത്തുന്ന ശ്രദ്ധ കണ്ടാൽ മനസ്സു തുറന്നു ചിരിയ്ക്കാത്തവർ ചുരുക്കമായിരിയ്ക്കും. അവൾക്കു തണുത്ത കാറ്റടിയ്ക്കാതെ കഴുത്തിൽ കെട്ടാനുള്ള ഷാൾ വേണ്ടതിലേറെ അദ്ദേഹം കരുതിവെയ്ക്കും. ഒറ്റനോട്ടത്തിൽ ചുറുചുറുക്കില്ലെന്നു തോന്നുമെങ്കിലും, ചെറിയ കുരുക്കൾ നിറഞ്ഞു പൊടി പുരണ്ടതുപോലെ തോന്നിയ്ക്കുന്ന അവളുടെ മുഖത്ത് ഇടയ്ക്കിടെ മിന്നിമായുന്ന സൗമ്യവും സൂക്ഷ്മവും മിക്കവാറും കാതരവുമായ ഭാവത്തിലേയ്ക്കു മുത്തശ്ശി ഞങ്ങളുടെ ശ്രദ്ധ ക്ഷണിച്ചു. സംസാരിയ്ക്കുമ്പോൾ പുറത്തു വിടുന്ന വാക്കുകൾ എങ്ങനെയാണു ശ്രോതാക്കൾ സ്വീകരിയ്ക്കുന്നതെന്നു തീർച്ച വരാതെ, തെറ്റിദ്ധാരണയുടെ സാദ്ധ്യതയെക്കുറിച്ചുള്ള ഒരാശങ്ക അവളുടെ മുഖത്തു സദാ നിഴലിച്ചിരുന്നു. 'കുലീന'മായൊരു പുരുഷത്വം തുടിയ്ക്കുന്ന ആ മുഖത്തിനു പിന്നിൽ സുതാര്യമായ വിഷാദത്തിന്റെ സൂക്ഷ്മഭാവവും നമുക്കു കാണാം.

പള്ളിയിൽനിന്ന് ഇറങ്ങുന്നതിനുമുമ്പ് ഒരിയ്ക്കൽക്കൂടി ഞാൻ അൾത്താരയ്ക്കു മുമ്പിൽ ചെന്നു മുട്ടുകുത്തി പ്രാർത്ഥിച്ചു. തലയുയർത്തുമ്പോൾ പെട്ടെന്നു വെളുത്ത റോസാപ്പൂക്കളിൽനിന്നു മധുരമായൊരു സൗരഭ്യം പ്രസരിച്ച്, പൂവിതളിനുമേൽ പാടലനിറത്തിലുള്ള ചില ചെറിയ പുള്ളികൾ പ്രത്യക്ഷപ്പെടുന്നതു ഞാൻ കണ്ടു. ബദാംകേക്കിന്റെ രുചി മുഴുവനും മൊരിഞ്ഞ ഭാഗത്തു പറ്റിപ്പിടിയ്ക്കുന്നതുപോലെ, അഥവാ മി സ് വിന്റെയിലിന്റെ മുഖക്കുരുക്കൾ നിറഞ്ഞ കവിളിന്റെ സഹജമായ ഓമനത്തംപോലെ, അന്തരീക്ഷത്തിൽ പരന്ന ആ സൗരഭ്യം പൂക്കളിൽ നേരത്തേ ഒളിഞ്ഞിരുന്നതായി ഞാൻ വിശ്വസിച്ചു. പൂക്കളുടെ നിർവികാരമായ നിശ്ശബ്ദത മറികടന്ന ആ സുഗന്ധപ്രവാഹങ്ങളൊരു തീവ്രമർമ്മരമായി എന്നെ ആവേശിച്ചു. ക്ഷുദ്രപ്രാണികളുടെ ആക്രമണമേറ്റ കുറ്റിച്ചെടിപോലെ, അൾത്താരയൊന്നാകെ സ്വയം വിറയ്ക്കുന്നതും രക്താഭമായ ചില കേസരങ്ങൾ കുത്തി നോവിയ്ക്കുന്ന വണ്ടുകളു

ടെ ക്ഷാരശക്തിയേറ്റ റോസാപ്പൂക്കളായി മാറുന്നതും ഞാൻ ഭാവനയിൽ പലവുരു കണ്ടു.

പുറത്തേയ്ക്കിറങ്ങുമ്പോൾ പൂമുഖത്തുവെച്ച് വിന്റെയിലുമായി ഞങ്ങളൊരു മിനിട്ടു സംസാരിച്ചു നിന്നു. അപ്പോൾ മൈതാനത്തു കുട്ടികൾ ഓടിക്കളിയ്ക്കുകയും പരസ്പരം കെട്ടിമറിയുകയും ചെയ്തു. മിസ് വിന്റെയിൽ, സഹജമായ കനത്ത ശബ്ദത്തിൽ, ഞങ്ങളെ കണ്ടതിൽ സന്തോഷമുണ്ടെന്നു പറഞ്ഞു; അങ്ങനെ തീരെ ആലോചിയ്ക്കാതെ പറഞ്ഞതു ഞങ്ങളുടെ വീട്ടിലേയ്ക്കുവരെ ക്ഷണിയ്ക്കാനുള്ള ചൂണ്ടയിടലായി വ്യാഖ്യാനിയ്ക്കപ്പെടാമെന്നു, പക്വമതിയായൊരു സഹോദരി മനസ്സിൽ മറഞ്ഞിരുന്നു മുന്നറിയിപ്പു നൽകിയതുപോലെ, അവളുടെ മുഖം പെട്ടെന്നു വിവർണമായതു ഞാൻ ശ്രദ്ധിച്ചു. അപ്പോഴേയ്ക്കും പുറത്തുനിന്നുള്ള തണുത്ത കാറ്റടിയ്ക്കാതെ വിന്റെയിൽ അവളെ ഒരു പുതപ്പുകൊണ്ടു തലവഴി മൂടി; അവളുടനെ പതിവായി ഓടിയ്ക്കാറുള്ള ഒറ്റക്കുതിരവണ്ടിയിൽ കയറി വീട്ടിലേയ്ക്കു യാത്രയായി. ഞങ്ങൾക്കാകട്ടെ, പിറ്റേന്നു ഞായറാഴ്ചയായതുകൊണ്ട് വലിയ കുർബാനയ്ക്കുമുമ്പ് എഴുന്നേൽക്കേണ്ട കാര്യമില്ല; അന്തരീക്ഷത്തിനു നല്ല ചൂടുള്ള പകലാണെങ്കിൽ, തന്റെ വ്യക്തിപ്രഭാവം തെളിയിയ്ക്കാനൊരു സന്ദർഭത്തിനായി കാത്തിരിയ്ക്കുന്ന അച്ഛൻ, അമ്മയുടെ നിശ്ശബ്ദമായ പ്രതിഷേധം വകവെയ്ക്കാതെ വീട്ടിലേയ്ക്കു മടങ്ങുന്നതിനുപകരം കാൽവരി വലംവെച്ചു നീണ്ട ഒരു നടത്തത്തിനു തയാറെടുക്കും; മാത്രമല്ല, വഴിയ്ക്കു ദിക്കറിയാതെ നാലുപാടും നോക്കി നിൽക്കുന്ന അമ്മയെ തന്റെ അപാരജ്ഞാനവും ആസൂത്രണപാടവവും ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞതിൽ അദ്ദേഹം അഭിമാനം കൊള്ളുകയും ചെയ്യും. റെയിൽവേസ്റ്റേഷൻ പിന്നിട്ടു കരിങ്കൽക്കാലുകളിൽ പാളങ്ങൾ കവച്ചു നിൽക്കുന്ന മേൽപ്പാലംവരെ ഞങ്ങൾ നടക്കും. സംസ്ക്കാരത്തിന്റെ അവസാനത്തെ കാവൽപ്പുരയും കടന്നു വൈദേശികജീവിതത്തിന്റെ സമസ്തഭാവങ്ങളും നിറഞ്ഞ പ്രതിരൂപമായിരുന്നു, ആ മേൽപ്പാലം. ഞങ്ങൾ പാരീസിൽനിന്നു കോംബ്രേയിൽ വന്നെത്തുമ്പോൾ തീവണ്ടി നിർത്തുന്നതിനുമുമ്പേതന്നെ

ഇറങ്ങാനുള്ള തയാറെടുപ്പു തുടങ്ങാറുണ്ട്. സ്റ്റേഷനിൽനിന്നു രണ്ടു മിനിട്ടിനുള്ളിൽ, ക്രൈസ്തവഭ്രമിയുടെ അവസാനത്തെ അതിരായി ഞാൻ കണ്ട കോംബ്രേയെ പിന്നിലാക്കി, തീവണ്ടി മേൽപ്പാലവും കടന്നു മുന്നോട്ടു യാത്ര തുടരും. പട്ടണത്തിലെ ചെറുവീടുകൾ നിരന്നുനിൽക്കുന്ന ബോലെവാർഡിലെത്തിയാൽ ഞങ്ങൾ മടക്കയാത്ര തുടങ്ങും. വീടുകളുടെ മുന്നിൽ ഉദ്യാനത്തിലെ മാർബിൾതറയിൽ പ്രതിഫലിയ്ക്കുന്ന നിലാവെളിച്ചം, ഹ്യൂബർട്ട് റോബർട്ടിന്റെ ചിത്രം നേരേ പകർത്തിവെച്ചതുപോലെ, നാലുപാടും ചിതറി വീഴുമ്പോൾ വാതിലുകളും ജനാലകളും പ്രലോഭിപ്പിയ്ക്കുന്നവിധം ചെറുതായൊന്നു തുറന്നുവെച്ചിരിയ്ക്കും. നിലാവിന്റെ നനുത്ത കിരണങ്ങൾ തപാലാപ്പീസിനെ മൂടിക്കളഞ്ഞു. സർവനാശത്തിന്റെ സൗന്ദര്യമാകെ ആവാഹിച്ച പാതി തകർന്ന ഒരു തൂണുമാത്രം ബാക്കിനിന്നു. അപ്പോഴേക്കും ഉറക്കം തൂങ്ങി വീഴാൻ തയാറായ ശരീരവും താങ്ങി മന്ദഗതിയിലാണു ഞാൻ നടന്നുകൊണ്ടിരുന്നത്. ചെറിയൊരു സാന്ത്വനമായി തോന്നിയ നാരകമരങ്ങളുടെ പ്രലോഭനീയഗന്ധം ആസ്വദിയ്ക്കാൻ പക്ഷേ മയക്കത്തിന്റെ ക്ഷീണം എന്നെ അനുവദിച്ചില്ല. കാവൽനായ്ക്കൾ ദൂരെ നിന്നുതന്നെ ഞങ്ങളുടെ കാലടിശബ്ദം കേട്ടുണർന്നു തീരെ വാചികമല്ലാത്ത ഒരാരവം മുഴക്കി. സന്ധ്യയോടെ ബോലെവാർഡ് പരിസരത്തെ സംരക്ഷണം സ്വയമേറ്റെടുക്കുന്ന ആ നായ്ക്കൾ പലപ്പോഴും നിർത്താതെ കുരയ്ക്കുന്നതു ഞാൻ കേൾക്കാറുണ്ട്. അവരുടെ ഉദ്ധതമായ വെല്ലുവിളി തുടങ്ങുന്ന നിമിഷം ഞാൻ കോംബ്രേയിലെ പൂർണചന്ദ്രനു താഴെ തിളങ്ങുന്ന നടപ്പാതകൾ നേരിട്ടു കണ്ടു തുടങ്ങും.

നടന്നുകൊണ്ടിരിയ്ക്കുന്ന ഞങ്ങളെ പെട്ടെന്നു പിടിച്ചു നിർത്തി അച്ഛൻ അമ്മയോടു ചോദിയ്ക്കും: “നാമിപ്പോൾ എവിടെയാണെന്നറിയാമോ?“. വളരെ ദൂരം നടന്നു ക്ഷീണിച്ചു പരവശയാണെങ്കിലും അച്ഛനെക്കുറിച്ചുള്ള അഭിമാനം മൂലം യാതൊരു വിവരവുമില്ലെന്നു പറഞ്ഞു സ്നേഹപൂർവം അവർ അദ്ദേഹത്തിനു വഴങ്ങിക്കൊടുക്കും. അപ്പോൾ ഉറക്കെ പൊട്ടിച്ചിരിച്ചു താഴെ വീണതെന്തോ പെട്ടെന്നെടുക്കുന്നതു

പോലെ അദ്ദേഹം പോക്കറ്റിൽനിന്നു വലിച്ചെടുത്ത കൈ മുന്നോട്ടു ചൂണ്ടിക്കാണിയ്ക്കും. അവിടെയതാ, റൂസാങ്സ്പിരിറ്റിന്റെ വളവിനോടു ചേർന്നുള്ള തോട്ടത്തിന്റെ പിൻവാതിൽ, അജ്ഞാതമായ വഴികൾ താണ്ടി തളർന്നെത്തിയ ഞങ്ങളെ സ്വീകരിയ്ക്കാൻ അക്ഷമനായി കാത്തുനിൽക്കുന്നു...! ആ കാഴ്ച കണ്ട് ആരാധനാഭാവത്തോടെ അമ്മ അച്ഛന്റെ ചെവിയിൽ മന്ത്രിയ്ക്കും: "നിങ്ങളുടെ ദീർഘവീക്ഷണം അപാരം തന്നെ!" ആ നിമിഷം മുതൽ ഒരടി മുന്നോട്ടു വെയ്ക്കാൻ എനിയ്ക്കു കഴിയാറില്ല; എന്റെ കാൽക്കീഴിൽ ഭൂമി സ്വയം മുൻപോട്ടു ചലിച്ചു; എന്റെ ഇച്ഛാശക്തി നഷ്ടപ്പെട്ടു. എന്റെ സന്തതസഹചാരിയായ ശീലം, ബലിഷ്ഠമായ സ്വന്തം കരങ്ങളിൽ ഒരു ശിശുവിനെപ്പോലെ എന്നെ സാവധാനം താങ്ങിയെടുത്തു മുകളിലെ മുറിയിൽ കൊണ്ടുചെന്നു കിടയ്ക്കയിൽ കിടത്തിയുറക്കി.

ഫ്രാങ്കോയ്സിന്റെ സേവനം ലഭിക്കാതെ പതിവിലും നേരത്തേ തുടങ്ങുന്ന ശനിയാഴ്ചകൾപോലും, അമ്മായിയെ സംബന്ധിച്ചു വളരെ സാവകാശമാണു നീങ്ങിയത്. എന്നിട്ടും ഒരാഴ്ച കഴിഞ്ഞു മറ്റൊന്നു വരുമ്പോൾ നേരമ്പോക്കു നിറഞ്ഞ പുതിയൊരു ശനിയാഴ്ചയ്ക്കുവേണ്ടി, പരവശയാണെങ്കിലും, അവർ കാത്തിരിയ്ക്കും. ദിനചര്യയിൽ മനോല്ലാസകരമായ മറ്റൊരു മാറ്റവും വരുത്താൻ അവർ തയാറായില്ല. സ്വന്തം സ്വാധീനത്തിൽ സുലഭമായ സമയം എങ്ങനെ ചിലവഴിയ്ക്കണമെന്നു തീരുമാനിയ്ക്കാൻ കഴിയാതെ ഓരോ മണിക്കൂറും തള്ളി നീക്കാൻ പാടുപെടുന്നവർ, ഭാവനാശക്തിയും ജീവോർജ്ജവും നിശ്ശേഷം നശിച്ചു നാഴികമണിയുടെ മുഴക്കത്തിനു കോട്ടുവായിട്ടു തപാൽശിപായിയുടെ വരവിനു കാതോർത്തു വൈകാരികമായൊരു ഉത്തേജനത്തിനുവേണ്ടി വ്യാകുലപ്പെടുന്നു; അതേസമയം, സമ്പത്സമൃദ്ധിയുടെ നിസ്സംഗതയിൽ നിശ്ശബ്ദമായ സ്വന്തം ഹൃദയതന്ത്രികളിൽ വിധിയുടെ വിരൽസ്പർശമേറ്റു വീണ്ടുമൊരു സ്വരപ്രപഞ്ചം ഉണരണമെന്നവർ വ്യാമോഹിയ്ക്കുകയും ചെയ്യുന്നു. അടങ്ങാത്ത മോഹങ്ങൾക്കും ഒടുങ്ങാത്ത കഷ്ടപ്പാടുകൾക്കും വിധേയനാകാനുള്ള അത്തരം പ്രലോഭനങ്ങ

ൾ പ്രതിരോധിച്ചു നിരവധി ക്ളേശങ്ങൾ സഹിയ്ക്കുന്ന ഇച്ഛാശക്തി, ചിലപ്പോഴെങ്കിലും നിയന്ത്രണം നഷ്ടപ്പെട്ടു ഭീഷണമായ സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങളിൽ ചെന്നു വീഴാറുണ്ട്. നിസ്സാരമായ ആയാസംകൊണ്ടുപോലും പെട്ടെന്നു ചോർന്നുപോകുന്ന അമ്മായിയുടെ ആത്മബലം പിന്നീടു വളരെ സാവകാശമാണു വിശ്രമത്തിന്റെ ഊർജ്ജസംഭരണിയിൽ ഓരോ തുള്ളിയായി തിരിച്ചെത്തിയത്. നിരന്തരമായ പരിശ്രമത്തിന്റെ ഫലമായി മാസങ്ങൾകൊണ്ടു നേടിയെടുത്ത ആ മിച്ചബലം, സാധാരണക്കാർ യാതൊരു മുൻകരുതലുമില്ലാതെ ധൂർത്തടിയ്ക്കുന്ന വിശ്രമസമയം, ചിലവഴിയ്ക്കാൻപോലും നല്ലൊരു വഴി കാണാതെ അവരമ്പരന്നു നിന്നു. ഒരിക്കലും 'മടുക്കാത്ത' ഉരുളക്കിഴങ്ങുകറി ദിവസേന മേശപ്പുറത്തു കാണുന്നതുകൊണ്ടാകാം, ഒരുപക്ഷേ ഒരു മാറ്റത്തിനുവേണ്ടി, തൈരുസാദത്തിനും ഉരുളക്കിഴങ്ങുകറി വേണമെന്നവർ വാശിപിടിച്ചത്. വിരസമായ ദിവസങ്ങളുടെ ഈടുവെയ്പ്പിൽ നിന്ന്, പെട്ടെന്നു സംഭവിയ്ക്കാൻ സാദ്ധ്യതയുള്ള ചില വിപത്തുകളെക്കുറിച്ചു സൂക്ഷ്മമായൊരു പ്രതീക്ഷയും അവർ വെച്ചുപുലർത്തിയിരുന്നു. ചില മാറ്റങ്ങൾ ആരോഗ്യത്തിനു നല്ലതാണെന്നു ബോദ്ധ്യമുണ്ടെങ്കിലും തക്ക പ്രചോദനമില്ലാതെ അവരതിനു മുന്നിട്ടിറങ്ങിയില്ല. ഞങ്ങളവരോടു കാണിയ്ക്കുന്ന നിഷ്ക്കപടമായ സൗഹൃദം മുതലാക്കി ഒരിയ്ക്കലും വിട്ടു മാറാത്ത രോഗങ്ങളുടെ പേരു പറഞ്ഞു സുദീർഘമായി വിലപിയ്ക്കുന്ന ഒരുതരം 'ആർഭാട'വും അവർ ആസ്വദിച്ചു. ആകുലതകളില്ലാതെ 'സുഖ'മാണെന്നു തോന്നുന്ന നിമിഷം, പെട്ടെന്നു വീടിനു തീ പിടിച്ചു ഞങ്ങളെല്ലാം മരിച്ചുപോയതായി അവർ സങ്കൽപ്പിയ്ക്കും; മിനിട്ടുകൾക്കകം തീ പടർന്നു പിടിയ്ക്കാൻ സാദ്ധ്യതയുണ്ടെന്ന വാർത്ത കേട്ടു യാതൊരു ബദ്ധപ്പാടും കാണിയ്ക്കാതെ, രക്ഷപ്പെടാൻ ധാരാളം സമയമുണ്ടെങ്കിലും കട്ടിലിൽ നിന്നുടനെ എഴുന്നേൽക്കണമെന്ന അവസ്ഥ നേരിടേണ്ടി വന്നാൽ, നീണ്ടുനിൽക്കുന്ന ഒരു ദു:ഖാചരണത്തിലൂടെ ഞങ്ങളോടുള്ള വാത്സല്യത്തിന്റെ രസം ആസ്വദിയ്ക്കാൻ വേണ്ടത്ര സമയം അനുവദിച്ച്, ഞങ്ങളുടെ ശവസംസ്ക്കാരച്ചട

ങ്ങുകൾ നേരിട്ടു നടത്താൻപോലും ഒരുപക്ഷേ അവർ മുന്നോട്ടു വരും; പിന്നീട് ഗ്രാമത്തിലാകെ പടരുന്ന ശ്മശാനമൂകതയ്ക്കു ദൃക്സാക്ഷിയായി, തകർച്ചയിലും വിപദിധൈര്യം അവലംബിച്ച്, യാതൊരു ചപല വികാരങ്ങൾക്കും വിധേയയാകാതെ, കട്ടിലിൽ എഴുന്നേറ്റിരുന്നു പരമമായ ദൈവാനുഗ്രഹത്തിനു മുമ്പിൽ അവർ സ്വയം വഴങ്ങും; തുടർന്നു മിറോമെസ്നിലിലെ കൃഷിസ്ഥലത്തു പ്രകൃതിയുടെ നയനമനോഹരമായ കാഴ്ചകൾ കണ്ടു വേനൽക്കാലം ചിലവഴിയ്ക്കാമെന്ന ഒരു പ്രത്യാശ, ഒരുപക്ഷേ ഒരിയ്ക്കലും ഒഴിഞ്ഞുപോകാത്ത സ്വപ്നമായി അവരെ പ്രലോഭിപ്പിയ്ക്കുകയും ചെയ്യും. അങ്ങനെ യാതൊന്നും ഒരിയ്ക്കലും നടക്കാതെ വന്നപ്പോൾ സഹനശക്തിയുടെ ഒടുങ്ങാത്ത കൗശലങ്ങൾ അവർ ഓരോന്നായി പുറത്തെടുത്തു. അതേ സമയം, ഏതെങ്കിലുമൊരു പ്രതീക്ഷ സഫലമാകുന്ന നിമിഷം, മരണത്തിന്റെ കേവലസാദ്ധ്യതയെക്കുറിച്ചുള്ള യുക്ത്യനുസൃതമായ നിഗമനത്തേക്കാൾ ഭീകരവും യഥാർത്ഥവുമായ ഭൗതികനാശത്തിന്റെ മുദ്ര പതിഞ്ഞ സകലതും തീവ്രമായൊരു നൈരാശ്യത്തിന്റെ വക്കിലേയ്ക്കവരെ തള്ളിയിട്ടു! അങ്ങനെ ഏകാന്തമായ മനോരാജ്യങ്ങളിൽ വിഹരിയ്ക്കുമ്പോൾ ഇടയ്ക്കു ജീവിതത്തിനൊരു രസം ചേർക്കാനെന്നമട്ടിൽ സ്വയം സങ്കൽപ്പിച്ചുണ്ടാക്കുന്ന ചെറിയ ദുരന്തങ്ങളെ അത്യാവേശത്തോടെ അവർ പിന്തുടരും. ചിലപ്പോഴൊക്കെ ഫ്രാങ്കോയ്സ് തന്നെ നിരന്തരം കബളിപ്പിയ്ക്കുന്നുണ്ടെന്നു തോന്നുന്ന നിമിഷം, എതിരാളിയുടെ ചീട്ടു സ്വയം കളിയ്ക്കുന്ന രീതിയിൽ, അമ്മായി കൌശലപൂർവം ഒരുക്കുന്ന കെണിയിൽ വീണ തൊണ്ടിസഹിതം അവൾ പിടിയ്ക്കപ്പെടും. അപ്പോൾ, ഫ്രാങ്കോയ്സിന്റെ മാപ്പപേക്ഷ നിഷ്ക്കരുണം തള്ളിക്കളഞ്ഞു ജ്വലിയ്ക്കുന്ന കോപത്തോടെ അവർ അട്ടഹസിയ്ക്കും. അപ്പോൾ ഞങ്ങളാരെങ്കിലും വിഷയത്തിലിടപെടാൻ ചെന്നാൽ, വിയർപ്പിൽ കുളിച്ചു കണ്ണു തുറിപ്പിച്ചു കഷണ്ടി വെളിവാകുന്നവിധം മുടി കാറ്റിൽ പറത്തുന്ന അവരുടെ രൂപം കൂടുതൽ ബീഭത്സമായി മാറും. ഉള്ളിൽക്കിടന്നു തിളയ്ക്കുന്ന വികാരങ്ങൾ ശുദ്ധമായൊരു ആശയം മാത്രമായി ബാക്കി നിൽക്കാ

ൻ അനുവദിയ്ക്കാതെ, ധാരണകൾക്കു വെറുമൊരു വാഗ്‌രൂപം കൊടു ത്തതിൽ മാത്രം ആശ്വാസം ലഭിയ്ക്കാതെ, പൊടിപ്പും തൊങ്ങലും ചേ ർത്തു പാതിയുറക്കെ ഓരോന്നു പറയുമ്പോൾ, അടുത്ത മുറിയിൽനി ന്നു ഫ്രാങ്കോയ്സ് തനിയ്ക്കെതിരെ ഉന്നയിയ്ക്കുന്ന കുത്തുവാക്കുകളും അ വർ ശ്രദ്ധിച്ചു കേൾക്കും. കണ്ണാടിമറയ്ക്കകത്തു നടക്കുന്ന ഈ നാടകം വേണ്ടതുപോലെ തൃപ്തികരമാകുന്നില്ലെങ്കിൽ, ചിലപ്പോൾ സ്വന്തം രച ന നേരിട്ടു വേദിയിൽ അവതരിപ്പിയ്ക്കാൻതന്നെ അവർ നിശ്ചയിയ്ക്കും. അങ്ങനെ ഒരു ഞായറാഴ്ച, വീട്ടിലെ സകല വാതിലുകളും ഭദ്രമായി ബന്ധിച്ചു ഫ്രാങ്കോയ്സിന്റെ വിശ്വസ്തതയെ സംബന്ധിച്ച സംശയ ങ്ങൾ ഓരോന്നായി വെളിപ്പെടുത്തി, അവളെ എങ്ങനേയും ഒഴിവാ ക്കാനുള്ള ഉറച്ച തീരുമാനം അമ്മായി യൂലാലിയോടു തുറന്നുപറയും. അതുപോലെ മറ്റൊരു ദിവസം, യൂലാലി പൊയ്ക്കഴിഞ്ഞശേഷം മു ന് വശത്തെ വാതിലടച്ചു വരുന്ന ഫ്രാങ്കോയ്സിനോട് തൊട്ടു മുമ്പ ത്തെ നിമിഷം നടന്ന നെറികേടിനെക്കുറിച്ചു തോന്നിയ വികാരങ്ങ ൾ അവർ പങ്കുവെയ്ക്കുകയും ചെയ്യും. കുറച്ചുദിവസം കഴിയുമ്പോൾ അ ന്നത്തെ വിശ്വസ്തയെ മടുത്തുപോയ അവർ ഒരിയ്ക്കൽക്കൂടി 'കള്ളനും പോലീസും' കളിയ്ക്കാൻ തുടങ്ങും അങ്ങനെ അടുത്ത പരിപാടിയ്ക്കുമുമ്പ് രണ്ടുപേരും ഈരണ്ടുവട്ടമെങ്കിലും മറുപക്ഷത്തു ചേർന്നു കഴിഞ്ഞിരി യ്ക്കും. പക്ഷേ, ഒരിയ്ക്കലും ഒരുമിച്ചു താമസിയ്ക്കാത്തതുകൊണ്ട് യൂലാലി യുടെ നേർക്കുള്ള സംശയം വൈക്കോൽത്തുറുവിനു തീപിടിച്ചതുപോ ലെ പെട്ടെന്നു കെട്ടടങ്ങിയെങ്കിൽ, ഫ്രാങ്കോയ്സിനു നേരേയുള്ള വി ദ്വേഷം അത്ര എളുപ്പത്തിൽ അവസാനിയ്ക്കാറില്ല. പരസ്പരം ഒരേ മേ ൽ ക്കൂരയ്ക്കു കീഴിലാണു കഴിയുന്നതെങ്കിലും ജലദോഷം പകരുമെന്നു പറഞ്ഞു മുറി വിട്ടു താഴോട്ടിറങ്ങുന്ന ഫ്രാങ്കോയ്സിനെ അടുക്കളവരെ പിന്തുടർന്നു ചെല്ലാനുള്ള കായികശേഷിയും മനോബലവുമില്ലാത്ത തുകൊണ്ട്, ഓരോ നിമിഷവും ഫ്രാങ്കോയ്സ് എന്താണു തന്നിൽനി ന്നു മറയ്ക്കാൻ ശ്രമിയ്ക്കുന്നതെന്ന വിഷയത്തിലല്ലാതെ മറ്റൊന്നിലും അ വരുടെ മനസ്സ് വ്യാപരിച്ചില്ല. ഫ്രാങ്കോയ്സ് ആരുമറിയാതെ രഹ

സ്യമായി നടത്തുന്ന ചില നീക്കങ്ങൾ, വാക്കുകളിലെ വൈരുദ്ധ്യങ്ങളിൽനിന്നുതന്നെ അവർ കണ്ടുപിടിയ്ക്കും. മൂർച്ചയേറിയ ചില പ്രയോഗങ്ങൾകൊണ്ടു മുഖം കരുവാളിയ്ക്കുന്ന വിധം കാപട്യം വെളിവാക്കുന്നതിൽ മാത്രമല്ല, അവളുടെ കാതരമായ മനസ്സിൽ മുറിവേൽപ്പിയ്ക്കുന്നതിലും അവർ ക്രൂരമായൊരു സംതൃപ്തി കണ്ടെത്തി. അതുവരെ പിന്തുടർന്നുപോന്ന യാഥാസ്ഥിതികതയുടെ വഴികളിൽനിന്നു വ്യത്യസ്തമായി ആധുനികശാസ്ത്രം പുതിയ ഗവേഷണമേഖലകൾക്കു ജന്മം നൽകുന്നതുപോലെ തൊട്ടടുത്ത ഞായറാഴ്ച യൂലാലി നടത്തുന്ന മറ്റൊരു പ്രസ്താവനയിൽനിന്നു ഫ്രാങ്കോയ്സിനെക്കുറിച്ചു തോന്നിയ നികൃഷ്ടമായ സംശയം യാഥാർത്ഥ്യവുമായി ഒരു പുലബന്ധവും പുലർത്തുന്നില്ലെന്നു വ്യക്തമായി അമ്മായിയ്ക്കു മനസ്സിലാകും.

"വണ്ടി ഏർപ്പാടു ചെയ്തതു നിങ്ങളാണെന്ന വിചാരമെങ്കിലും അവൾക്കു വേണ്ടതായിരുന്നു...!", യൂലാലി പറഞ്ഞു.

"സത്യത്തിൽ, ഇപ്പോഴാണു ഞാനവൾക്കൊരു വണ്ടി വാങ്ങിക്കൊടുക്കേണ്ടിയിരുന്നത്!", അമ്മായി സ്വയം നെടുവീർപ്പിട്ടു.

"പക്ഷേ, എനിയ്ക്കറിയില്ല, ഞാനങ്ങനെ കരുതിയെന്നുമാത്രം. ഇന്നലെ റൂസ്സെൻവില്ലെ ചന്തയിലേയ്ക്കൊരു തുറന്ന വണ്ടിയിൽ, 'അർടബ'നെപ്പോലെ, അവൾ ഞെളിഞ്ഞിരുന്നു പോകുന്നതു ഞാൻ കണ്ടു. വണ്ടി ഏർപ്പാടു ചെയ്തതു മിക്കവാറും മാഡം ഒക്ടേവായിരിയ്ക്കുമെന്നാണു ഞാൻ കരുതിയത്...!".

അങ്ങനെ ഇരയും വേടനുമായി പരസ്പരം പ്രയോഗിയ്ക്കുന്ന തന്ത്രങ്ങൾ തടയാൻ അവരിരുവരും ദിവസേന മത്സരിച്ചു. ഫ്രാങ്കോയ്സ് അമ്മായിയെ നിരന്തരം ശല്യപ്പെടുത്താൻ ശ്രമിയ്ക്കുന്നതു കണ്ട്, അവർ തമ്മിലുള്ള വിദ്വേഷം പരിഹരിയ്ക്കാൻ വയ്യാത്തവിധം വളരുമെന്നു പലപ്പോഴും അമ്മ ആശങ്കപ്പെട്ടു. പക്ഷേ, അമ്മായിയുടെ നിസ്സാരമായ വാക്കുകളും ഭാവങ്ങളും നിഷ്ക്കർഷയോടെ ഫ്രാങ്കോയ്സ് ശ്രദ്ധിച്ചിരുന്നു. അവരോടെന്തെങ്കിലും ചോദിയ്ക്കണമെന്നുണ്ടെങ്കിൽ, എങ്ങ

നെയാണ് തുടങ്ങേണ്ടതെന്ന് ആലോചിച്ച് കുറേനേരം അവൾ സംശ യിച്ചു നിൽക്കും. പ്രശ്നം അവതരിപ്പിച്ചു കഴിഞ്ഞാൽ, അവരുടെ മുഖഭാ വത്തിൽ വരുന്ന ഓരോ മാറ്റവും അവൾ രഹസ്യമായി നിരീക്ഷിക്കും. പതിനേഴാം നൂറ്റാണ്ടിലെ ചരിത്രക്കുറിപ്പുകൾ വായിച്ചു മഹാനായ ലൂ യിയുമായി സൗഹൃദം സ്ഥാപിക്കുന്ന ഒരു സാധാരണ കലാകാരൻ ഒ രുപക്ഷേ ഈ രീതിയിലായിരിക്കാം മഹനീയമായ ആ വംശപരമ്പര യിലെ അവസാനത്തെ അവകാശിയായി തന്നെത്തന്നെ യദൃച്ഛയാ കണ്ടെത്തുന്നത്; ജീവനില്ലാത്ത രൂപങ്ങളുടെ നേർപ്പകർപ്പുകളുമായി സാത്മ്യം സ്ഥാപിക്കാൻ നടത്തുന്ന യത്നങ്ങളുടെ വ്യർത്ഥത മനസ്സി ലാക്കി അപ്പോഴയാൾ സ്വയം കണ്ണുകളടയ്ക്കും; അതേസമയം, ചെറി യൊരു പട്ടണത്തിൽ ജീവിക്കുന്ന മദ്ധ്യവയസ്ക്കയായൊരു സ്ത്രീ, ജീ വിതത്തിലെ സകല വിലക്ഷണഭാവങ്ങളും ആവോളമാസ്വദിച്ചു കുസൃ തികളായ കുട്ടികളുടെ ഇഷ്ടാനിഷ്ടങ്ങൾക്കു കീഴടങ്ങി, ലൂയി പതിന്നാ ലാമനെക്കുറിച്ചു ചിന്തിക്കുകപോലും ചെയ്യാതെ, നിഷ്ക്രിയയായി ക ഴിയുന്നു; അവരുടെ ദിനചര്യയിലെ നിസ്സാരമായ വിശദാംശങ്ങൾ പോലും ഒരുതരം ഏകാധിപത്യപ്രവണത മൂലം മറ്റുള്ളവർക്കു പ്രത്യേ കമായ താൽപ്പര്യം ജനിപ്പിക്കുന്നു. അങ്ങനെ, സേവകന്റെ പക്കൽനി ന്നു നിവേദനം സ്വീകരിക്കുന്ന രാജാവിന്റെ മനോഭാവത്തോടെ, ഫ്രാ ങ്കോയ്സിന്റെ മനസ്സിൽ ഭീതിയും ആശങ്കയും വിതച്ചു പിരിമുറുക്കം സൃഷ്ടിക്കാൻ തന്റെ മൗനവും ഭാവനയും അധികാരഗർവും പര്യാപ്തമാ ണെന്നു സ്വയം വിശ്വസിപ്പിക്കാൻ അമ്മായി ശ്രമിച്ചു.

വികാരിയച്ചനും യൂലാലിയും ഒരേസമയം കാണാനെത്തിയ ഞാ യറാഴ്ച, അവസാനം അമ്മായി വിശ്രമിക്കാനൊരുങ്ങുമ്പോൾ, ശുഭരാ ത്രി ആശംസിക്കാൻ ഞങ്ങളെല്ലാവരുംകൂടി മുകളിലേക്കു കയറിച്ചെ ന്നു. ഒരേസമയം രണ്ടുപേരെ സ്വീകരിക്കേണ്ടിവരുന്ന ദുരവസ്ഥ പല പ്പോഴും ആവർത്തിക്കുന്നതിനെക്കുറിച്ച് അവരോട് അനുശോചിക്കാൻ അമ്മ ധൈര്യപ്പെട്ടു.

“വീണ്ടും കാര്യങ്ങൾ താറുമാറായെന്നു കേട്ടല്ലോ, ലിയോണീ!“,

അമ്മ അനുകമ്പയോടെ പറഞ്ഞു. “ഇന്നിവിടെ നിരവധി പേർ വന്നിരുന്നു, അല്ലേ?“

പക്ഷേ, വലിയമ്മായി ഇടയ്ക്കു കയറി പറഞ്ഞു, “ഒരുപാടു നല്ല കാര്യങ്ങൾ..!“. വിഷയങ്ങളുടെ നല്ല വശം മാത്രം കാണിച്ചു മകളുടെ മനസ്സിൽ ഉണർവുണ്ടാക്കേണ്ടതു തന്റെ കടമയാണെന്ന് അവരെപ്പോഴും കരുതി. പക്ഷേ, അപ്പോഴേയ്ക്കും അച്ഛൻ സംസാരിയ്ക്കാൻ തുടങ്ങി:

“എല്ലാവരും ഇവിടെത്തന്നെയുണ്ടല്ലോ, ഇനിയിപ്പോൾ ഓരോരുത്തരോടും പ്രത്യേകം ആവർത്തിയ്ക്കാതെ ഞാനൊരു വിഷയം പറയാം! നമ്മെക്കുറിച്ചു വളരെ മോശമായൊരു ധാരണയാണു ലെഗ്രാൻഡിനുള്ളതെന്നു ഞാൻ സംശയിയ്ക്കുന്നു. ഇന്നു രാവിലെ കണ്ടപ്പോൾ 'എങ്ങനെയുണ്ടെ'ന്നൊരു കുശലം ചോദിയ്ക്കാനുള്ള സാമാന്യമര്യാദ പോലും അദ്ദേഹമെന്നോട് കാണിച്ചില്ല!“

കുർബാന കഴിഞ്ഞു മടങ്ങുന്നവഴി ലെഗ്രാൻഡിനെ കാണുമ്പോൾ അച്ഛന്റെ കൂടെ ഞാനുമുണ്ടായിരുന്നു. അതുകൊണ്ടു കഥയുടെ അവസാനം കേൾക്കാൻ കാത്തുനിൽക്കാതെ ഞാൻ താഴെ അടുക്കളയിലേയ്ക്കു ചെന്നു. ദിവസേന പുതിയ വിഷയങ്ങൾ രുചിയോടെ വിളമ്പിത്തരുന്ന പത്രവാർത്തകളിൽ ആസന്നമായ ഉത്സവപരിപാടികളുടെ വിവരങ്ങൾ വായിച്ചറിഞ്ഞു പുളകം കൊള്ളുന്നതുപോലെ, അത്താഴ വിഭവങ്ങളുടെ ഒരവലോകനം നടത്താമെന്ന വിചാരത്തിൽ ഞാൻ സ്വയം ഉത്തേജിതനായി.

പള്ളിയിൽനിന്നു വീട്ടിലേയ്ക്കു മടങ്ങുന്നവഴി ലെഗ്രാൻഡിൻ ഞങ്ങളുടെ തൊട്ടടുത്തുകൂടിയാണു കടന്നുപോയത്. ഞങ്ങൾക്കറിയാവുന്ന അയൽപക്കത്തെ ഒരു സ്ത്രീ അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു. പതിവുശൈലിയിൽ നടത്തം നിർത്താതെ സൗഹൃദഭാവത്തിൽ അച്ഛൻ അദ്ദേഹത്തെ അഭിവാദ്യം ചെയ്തു. ലെഗ്രാൻഡിൻ പ്രത്യഭിവാദ്യം ചെയ്തില്ലെന്നു മാത്രമല്ല, തിരിച്ചറിഞ്ഞില്ലെന്ന മട്ടിൽ, പരസ്പരം പങ്കുവെയ്ക്കാൻ യാതൊന്നുമില്ലെന്ന മട്ടിൽ ഉദാസീനമായി ഞങ്ങളെ നോ

ക്കി നിന്നു. പക്ഷേ, ആ നേർക്കാഴ്ചയുടെ വിദൂരതയിൽ, ഒരാൾരൂപ ത്തിന്റെ മിന്നലാട്ടംപോലെ, ദുർഗമമായ ദൂരം നടന്നു ചെല്ലാൻ മടിച്ചു നിൽക്കുന്ന ഒരു കളിപ്പാവയെപ്പോലെ, അഗോചരമായ ആ ചെറുരൂ പ ത്തിനു തക്ക സൂക്ഷ്മമായൊരു ശിരശ്ചലനംകൊണ്ടു സംതൃപ്തിയട യുന്ന ഭാവം, അദ്ദേഹത്തിന്റെ സ്വയം പിൻവലിയുന്ന കണ്ണുകളിൽ നിഴലിക്കുന്നതായി ഞങ്ങൾ സംശയിച്ചു.

നാട്ടിൽ പൊതുവേ സദാചാരത്തിന്റ മാതൃകയായി അറിയപ്പെട്ട ഒ രു സ്ത്രീയായിരുന്നു, ലെഗ്രാൻഡിന്റെ കൂടെയുണ്ടായിരുന്നത്; അതു കൊണ്ട്, എന്തെങ്കിലും സാഹസത്തിനു ശ്രമിക്കുമ്പോൾ കൈയോടെ പിടിക്കപ്പെട്ട അലോസരമാണു ലെഗ്രാൻഡിൻ കാണിച്ചതെന്നു കരു താനുള്ള യാതൊരു സാംഗത്യവും ഞങ്ങൾക്കു തോന്നിയില്ല. പിന്നെ എങ്ങനെയാണു ഞങ്ങളദ്ദേഹത്തെ മുഷിപ്പിച്ചതെന്ന് അച്ഛൻ സ്വയം ചോദിച്ചു.

“അദ്ദേഹത്തിന്റെ നിസ്സംഗമായ മൗനം കണ്ടു മനസ്സിൽ വല്ലാത്ത വിഷമം തോന്നുന്നു“, അച്ഛൻ പറഞ്ഞു. ഒഴിവുദിവസത്തെ വേഷവും ധരിച്ചു നടക്കാനിറങ്ങുന്നവരുടെ കൂട്ടത്തിൽ തീർച്ചയായും അദ്ദേഹ ത്തിനൊരു പ്രത്യേകതയുണ്ട്. ഇറക്കിവെട്ടിയ കോട്ടും വീതികുറഞ്ഞ ടൈയുമായി അനാർഭാടമായ ലാളിത്യവും അതിലേറെ നിഷ്ക്കളങ്ക മായ മുഖഭാവവും കണ്ടാൽ ആരായാലും അദ്ദേഹത്തെ ഒരു നിമിഷം നോക്കി നിൽക്കാതിരിക്കില്ല!.

പക്ഷേ, ഈ വിഷയം അച്ഛന്റെ വെറുമൊരു സങ്കൽപ്പസൃഷ്ടിയാ ണെന്നും അല്ലെങ്കിൽ ലെഗ്രാൻഡിൻ തത്സമയം മറ്റെന്തോ ആലോ ചനയിൽ മുഴുകിയതു മൂലം സംഭവിച്ചതാണെന്നുമുള്ള കുടുംബയോഗ ത്തിന്റെ അഭിപ്രായം ഒടുവിൽ ഏകകണ്ഠമായി അംഗീകരിക്കപ്പെട്ടു. എന്തായാലും പിറ്റേന്നു വൈകുന്നേരംതന്നെ അച്ഛന്റെ ആശങ്ക ദൂരീക രിക്കപ്പെടാൻ ഒരവസരമുണ്ടായി. ഒഴിവുകാലം പ്രമാണിച്ചു കുറച്ചുദിവ സങ്ങൾകൂടി കോംബ്രേയിൽ തങ്ങാൻ തീരുമാനിച്ച ലെഗ്രാൻഡിൻ നടത്തം കഴിഞ്ഞു മടങ്ങുന്നവഴി പോണ്ട്‌വ്യൂക്സിനു സമീപത്തു വെ

ച്ച് നീട്ടിപ്പിടിച്ച കൈകളുമായി ഞങ്ങളുടെ നേർക്കു വന്നു: “പുസ്തകപ്പു ഴുവായ പ്രിയസുഹൃത്തേ“, അദ്ദേഹം എന്നെ നോക്കി ചോദിച്ചു. “പോൾ ഡെസ്ജാർഡിൻസിന്റെ ഈ വരികൾ നീ കേട്ടിട്ടുണ്ടോ? 'കാടു മുഴുവൻ കറുത്തിരിക്കുന്നു, പക്ഷേ, ആകാശത്തിന്റെ നീലിമ ഇപ്പോഴും മാഞ്ഞിട്ടില്ല!'. ഈ നിമിഷത്തിനു യോജിച്ച സുന്ദരമായൊരു കവിതയല്ലേ, അത്? ഒരുപക്ഷേ, നീയദ്ദേഹത്തിന്റെ പുസ്തകങ്ങളൊന്നും വായിച്ചിരിക്കില്ല. പോൾ ഡെസ്ജാർഡിൻസിനെ വായിക്കൂ, എന്റെ കുട്ടീ, വീണ്ടും വീണ്ടും വായിക്കൂ! ഈയിടെ അദ്ദേഹം ഒരു മതപ്രഭാഷകനായെന്നു കേൾക്കുന്നുണ്ട്; ഒരുതരം ജലച്ഛായാസ്പർശം ആ കവിതകളിൽ പ്രത്യക്ഷമായി കാണാം. 'കാടു മുഴുവൻ കറുത്തിരിക്കുന്നു, പക്ഷേ, ആകാശത്തിന്റെ നീലിമ ഇപ്പോഴും മാഞ്ഞിട്ടില്ല'. നിന്റെ തലയ്ക്കു മേലേ സദാ സമയവും നീലാകാശത്തിന്റെ ഒരു തുണ്ടു നിലനിൽക്കട്ടെ, എനിയ്ക്കിപ്പോൾ വേണ്ടിവരുന്നതുപോലെ യുവസുഹൃത്തേ, പിന്നീടെന്നെങ്കിലും സമയം ലഭിയ്ക്കുമ്പോൾ, കാടെല്ലാം കറുത്തു രാത്രിയാകുമ്പോൾ, മുകളിലെ ആകാശത്തേയ്ക്കു നോക്കി സ്വയമൊരു ദീർഘനിശ്വാസം വിടാൻ ഒരുപക്ഷേ നിനക്കു കഴിഞ്ഞേക്കും!“. പോക്കറ്റിൽനിന്നു സിഗരറ്റെടുത്തു ചക്രവാളത്തിലേയ്ക്കു ദൃഷ്ടികളൂന്നി ദീർഘനേരം അദ്ദേഹം നിശ്ശബ്ദനായി നിന്നു. പെട്ടെന്നൊരു നിമിഷം ധ്യാനത്തിൽനിന്ന് ഉണരുന്നതുപോലെ അദ്ദേഹം ഞങ്ങളോട്, “വിട തരൂ, പ്രിയപ്പെട്ടവരേ!' എന്നാശംസിച്ച് അതിവേഗം നടന്നുപോയി.

സാധാരണ ഞാൻ അടുക്കളയിലെത്തുമ്പോൾ അത്താഴത്തിനുള്ള ഒരുക്കം മിക്കവാറും തുടങ്ങിക്കഴിഞ്ഞിരിയ്ക്കും. യക്ഷിക്കഥകളിലെ ഭീകരരാക്ഷസന്മാരെ പാചകഭീമന്മാരായും പ്രകൃതിയുടെ പടനായകരെ കിങ്കരന്മാരായും രൂപാന്തരം വരുത്തുന്ന സർവസൈന്യാധിപനായി വാഴുന്ന ഫ്രാങ്കോയ്സ്, വിറകുകൊള്ളികൾ അടുപ്പിൽ തള്ളുകയും ഉരുളക്കിഴങ്ങ് ആവിയിലിടുകയും വിഭവങ്ങൾ പാകമാകുന്ന സമയത്തു തീയണയ്ക്കുകയും ചെയ്തു പാചകോചിതമായ കലാസൃഷ്ടികൾ രചിയ്ക്കും.

കുംഭാരന്റെ കരകൗശലവൈദഗ്ധ്യത്തിനു നിദർശകങ്ങളായ ഭരണികൾ, കലങ്ങൾ, കുടങ്ങൾ, കുട്ടകങ്ങൾ, വാൽപാത്രങ്ങൾ മുതൽ പലഹാരങ്ങൾക്കുള്ള അച്ചുകളും കാരകളുമുൾപ്പെടെ പല വലിപ്പവും രൂപവും ചേർന്ന പാത്രങ്ങളുടെ കൂട്ടത്തിൽനിന്ന് അവളോരോന്നു തിരഞ്ഞെടുക്കും. ഞാനപ്പോൾ, അടുക്കളക്കാരി പച്ചക്കറികൾ നിരത്തുന്ന മേശയ്ക്കു സമീപം ചെന്നു പച്ചമാർബിൾഗോളങ്ങൾ പോലുള്ള നിലക്കടലയുടെ പുറത്തു കാണുന്ന ചതുരങ്ങളുടെ എണ്ണവും വലിപ്പവും പരിശോധിച്ചു നിൽക്കും. ചീരച്ചെടികളുടെ അലൌകികമായ ചാരുതയായിരുന്നു പക്ഷേ എന്നെയേറെ വശീകരിച്ചത്. സാഗരശോഭയും ആകാശനീലിമയും ചെറിയ പുള്ളിക്കുത്തുകളായി, തോട്ടത്തിലെ മണ്ണിൽ വീണു തെല്ലൊന്നു മുഷിഞ്ഞെങ്കിലും തിരിച്ചറിയാനാകാത്ത നിറഭേദങ്ങളോടെ, ലോകത്തൊരിടത്തും തെളിയാത്ത ഒരു മഴവില്ലിന്റെ ഓമനത്തം അവയിൽ സവിശേഷമായി തിളങ്ങിനിന്നു. സ്വമേധയാ സസ്യരൂപം ധരിച്ച സുന്ദരികളായ ഈ ചെറുജീവികളുടെ ഭക്ഷണയോഗ്യമായ മാംസളഭാഗം വേഷപ്പകർച്ചയിൽ പക്ഷേ മന:പൂർവം മറയ്ക്കപ്പെട്ടതായി ഞാൻ കണ്ടു. പുലരിയുടെ തുടിപ്പും സായംസന്ധ്യയുടെ ശോണിമയും ഓർമ്മിപ്പിയ്ക്കുന്ന ഈ മഴവില്ലിന്റെ സംഗീതത്തിൽ അന്തർലീനമായ രാഗഭാവങ്ങൾ, അത്താഴം കഴിഞ്ഞു രാത്രി മുഴുവൻ (ഷേയ്ക്സ്പിയറുടെ 'സ്വപ്ന'ത്തിൽനിന്നു പുറത്തു വന്ന യക്ഷികളുടെ ഈണവും നർമ്മവുമുള്ള ഗ്രാമ്യഭാഷയിൽ) ഗാനങ്ങളാലപിച്ച് സ്വകാര്യമായ എന്റെ മുറിയെ സുഗന്ധപൂരിതമായൊരു ലതാകുഞ്ജമാക്കുന്നതിൽ അനന്യമായ പങ്കു വഹിച്ചു.

സ്വാൻ വിശേഷിപ്പിച്ച 'ചാരിറ്റി', ഫ്രാങ്കോയ്സിന്റെ നിർദ്ദേശപ്രകാരം ചീരച്ചെടികൾ ഓരോന്നും മേശപ്പുറത്തു നിരത്താനായി തൊട്ടടുത്ത കുട്ടയിലേയ്ക്കു പകരുമ്പോൾ, ലോകത്തിന്റെ സകലസന്താപങ്ങളും സ്വന്തം തലയിൽ വന്നു പതിച്ചതുപോലെ, ഒരിടത്തു വിഷാദമഗ്നയായി കുനിക്കൂടി ഇരുന്നു. മുകുളങ്ങളുടെ അഗ്രം മൂടിയ ആകാശനീലിമയുടെ ലോലമായ കിരീടം ഇളംചുവപ്പു നിറമുള്ള ഉടുപ്പിനുമീതെ ഓ

രോ നക്ഷത്രമായി, ഗിയോട്ടോയുടെ ചിത്രത്തിൽ പൂരികത്തിനുമീതെ തോരണം ചാർത്തിയ പൂക്കളായും 'പുണ്യപാപങ്ങ'ളുടെ അലങ്കാരങ്ങ ളായും സൂക്ഷ്മതയോടെ അടയാളപ്പെടുത്തിയിരുന്നു. അതിനിടയിൽ ഫ്രാങ്കോയ്സ്, ഗ്രാമത്തിൽനിന്നു വള്ളത്തിൽ കൊണ്ടുവന്ന കോഴി ക്കുഞ്ഞിനെ പൊരിച്ചെടുക്കാൻ കൊടിലിൽ കൊളുത്തി തീനാളങ്ങ ൾക്കുമീതെ തല കീഴായി പിടിയ്ക്കും. ആ സുകൃതങ്ങളുടെ മധുരരസം പിന്നീട്ട മേശപ്പുറത്തു ഞങ്ങളുടെ തളികകളിലേയ്ക്കു പകരുമ്പോൾ, അ വളുടെ സ്വഭാവത്തെക്കുറിച്ചുള്ള എന്റെ ധാരണയിൽ മിക്കവാറും അ നുകമ്പാമസൃണമായൊരു ഭാവമാണു മുന്നിട്ടു നിന്നത്; മാർദ്ദവത്തോ ടെ പാകം ചെയ്ത മാംസത്തിന്റെ പരിമളം അവളുടെ പല നന്മകളുടേ യും സമുചിതമായൊരു സൗരഭ്യംപോലെ പുറത്തേയ്ക്കു പരന്നു.

പക്ഷേ, ലെഗ്രാൻഡിനുമായി നടന്ന വിചിത്രസമാഗമത്തെക്കുറി ച്ച് അച്ഛൻ കുടുംബാംഗങ്ങളുമായി ചർച്ചചെയ്ത ദിവസം ഞാൻ താഴെ അടുക്കളയിലേയ്ക്കു ചെല്ലുമ്പോൾ, ഗിയോട്ടോയുടെ പാവം 'ചാരിറ്റി' അ ടുത്തിടെ നടന്ന പ്രസവം മൂലം ക്ഷീണിച്ചവശയായി കട്ടിലിൽ കിട ക്കുകയായിരുന്നു. സഹായത്തിനാരുമില്ലാതെ ഫ്രാങ്കോയ്സിനു പ ണി ഇരട്ടിച്ചു. ഞാനകത്തേയ്ക്കു കടക്കുമ്പോൾ അടുക്കളയുടെ പിന്നാ മ്പുറത്ത് അവളൊരു കോഴിക്കുഞ്ഞിനെ കൊല്ലുന്നതിന്റെ തിരക്കിലാ യിരുന്നു. നിസ്സഹായമായ പ്രതിഷേധങ്ങൾ വകവെയ്ക്കാതെ കോഴി ക്കുഞ്ഞിന്റെ കഴുത്തു നിഷ്ഠുരം ഞെരിയ്ക്കുന്ന ഫ്രാങ്കോയ്സ് രൂക്ഷമായ ചില ശബ്ദങ്ങളുമുയർത്തി. 'വൃത്തികെട്ട ജന്തു!'വെന്നു വീണ്ടും വീണ്ടും ആക്ഷേപിയ്ക്കുന്ന വിശ്വസ്തയായ ആ പരിചാരികയുടെ ദീനാനുകമ്പയ്ക്കു പക്ഷേ, മേശപ്പുറത്തു കസവു തുന്നിയ ചർമ്മഭംഗിയോടെ പ്രത്യക്ഷ പ്പെടുന്ന തളികയിലേയ്ക്കു രുചികരമായ നീരു പുഷ്പകോശത്തിൽനി ന്നെന്നപോലെ തുള്ളിതുള്ളിയായി വീഴുന്നതു കാണുമ്പോഴുള്ള വികാ രത്തിന്റെ മഹത്വമുണ്ടായിരുന്നില്ല. ജീവൻ നഷ്ടപ്പെട്ട കോഴിക്കുഞ്ഞി ന്റെ ഒഴുകുന്ന ചോര സ്വന്തം കൈകൊണ്ടു വടിച്ചുകളയുമ്പോൾ ആ

വിദ്വേഷം കൂടി ഒഴുക്കിക്കളയാതെ, അടങ്ങാത്ത രോഷത്തിന്റെ മറ്റൊരു പൊട്ടിത്തെറിയിൽ, താഴെ ചലനമറ്റു കിടക്കുന്ന ശത്രുവിന്റെ ശവം നോക്കി ഫ്രാങ്കോയ്സ് ഒന്നുകൂടി ശപിയ്ക്കാൻ മറന്നില്ല: "വൃത്തികെട്ട ജന്തു!"

അടുക്കളയിൽനിന്നു പുറത്തു കടന്ന ഞാൻ ഭയന്നു വിറച്ചു നേരേ മുകളിലെ മുറിയിലേയ്ക്കു രക്ഷപ്പെട്ടു. ഫ്രാങ്കോയ്സിനെ ആ നിമിഷംതന്നെ വീട്ടിൽനിന്നു പുറത്താക്കാൻ ആവശ്യപ്പെടണമെന്നു ഞാൻ മനസാ തീരുമാനിച്ചു. പക്ഷേ, എനിയ്ക്കുവേണ്ടി പിറ്റേന്നു മധുരമൂറുന്ന പലഹാരങ്ങളും സുഗന്ധമുള്ള കാപ്പിയും രസനിഷ്യന്ദിയായ കോഴിക്കറിയും ആരാണു പാകം ചെയ്തു തരുന്നത്? അങ്ങനെ, സദാ സംഭവിയ്ക്കാറുള്ളപോലെ, ഭീരുത്വത്തോടു സന്ധിചെയ്യാൻ ഞാൻ നിർബന്ധിതനായി. മകൾക്കും മരുമക്കൾക്കുംവേണ്ടി യാതൊരു മുറുമുറുപ്പും കൂടാതെ ജീവൻപോലും ബലികഴിയ്ക്കാൻ തയാറുള്ള ഫ്രാങ്കോയ്സ്, മറ്റുള്ളവരോട് ഒരു തീരാപ്പക പുലർത്തുന്നതിനെക്കുറിച്ച്, അന്നെനിയ്ക്കു മനസ്സിലായില്ലെങ്കിലും, ലിയോണി അമ്മായിയ്ക്കു ബോദ്ധ്യമുണ്ടായിരുന്നു. ക്രൂരതയേക്കാൾ സേവനത്തിനു വില കൽപ്പിച്ചാണ് അമ്മായി അവളെ കൂടെ കൊണ്ടുനടന്നത്. ചരിത്രത്തിലെ പരമാധികാരികളായിരുന്ന രാജാക്കന്മാരും രാജ്ഞിമാരും ദേവാലയങ്ങളിലെ വിശുദ്ധരൂപങ്ങൾക്കു മുമ്പിൽ ഇരുകൈകളും മേലോട്ടുയർത്തി മുട്ടുകുത്തി നിന്നു പ്രാർത്ഥിയ്ക്കുന്നതു കാണുമ്പോൾ, അവർക്കു പിന്നിൽ കാണാവുന്ന പീഡനങ്ങളുടെ രക്തക്കറപോലെ, ഫ്രാങ്കോയ്സിന്റെ അനുകമ്പയും പശ്ചാത്താപവുമുൾപ്പെടെ സകല നന്മകളുടേയും പിന്നിൽ ഇതുപോലുള്ള പിന്നാമ്പുറദുരന്തങ്ങൾ മറഞ്ഞു കിടക്കുന്നുണ്ടെന്നു ഞാൻ മനസ്സിലാക്കാൻ തുടങ്ങി. അന്യരുടെ ദുരിതങ്ങൾ കേട്ട് അവളുടെ ഉള്ളിലുണരുന്ന ദീനാനുകമ്പയുടെ തീവ്രത, അവരോടുള്ള അടുപ്പത്തിന്റെ വിപരീതമായ അനുപാതത്തിലാണെന്ന വസ്തുത ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. തീർത്തും അപരിചിതരായ സാധുക്കളെക്കുറിച്ചു പത്രത്തിൽ വരുന്ന വാർത്ത വായിയ്ക്കുമ്പോൾ അവളുടെ കണ്ണിലൊഴുകുന്ന കണ്ണുനീർ,

ആ ഹതഭാഗ്യരെ അടുത്തു പരിചയപ്പെടുമ്പോൾ പെട്ടെന്ന വറ്റിവരളു ന്നതു ഞാൻ കാണാറുണ്ട്. പ്രസവം കഴിഞ്ഞു താമസിയാതെ ഒരു ദിവസം രാത്രി അടുക്കളക്കാരിയ്ക്കു വയറ്റിൽ വല്ലാത്ത വേദന അനുഭവപ്പെട്ടു. അവളുടെ ഞരക്കം കേട്ട് അമ്മയെഴുന്നേറ്റു വന്നു ഫ്രാങ്കോയ്സിനെ വിളിച്ചുണർത്തി. നിലവിളി അവളുടെ അഭിനയമാണെന്നും, അവൾ വീട്ടിലെ 'രാജ്ഞി ചമയാൻ' ശ്രമിയ്ക്കുകയാണെന്നും പ്രഖ്യാപിച്ച് എഴുന്നേൽക്കാൻ കൂട്ടാക്കാതെ ഫ്രാങ്കോയ്സ് മൂടിപ്പുതച്ചു കിടന്നുറങ്ങി. പ്രസവത്തിനുശേഷം അങ്ങനെയൊരു പ്രതിസന്ധിയെക്കുറിച്ചു സംശയം പറഞ്ഞിരുന്ന ഡോക്ടർ, ആവശ്യം വന്നാൽ ചെയ്യേണ്ട പ്രഥമശുശ്രൂഷയുടെ വിവരങ്ങളൊരു ചെറിയ പുസ്തകത്തിൽ അടയാളപ്പെടുത്തി ഞങ്ങളെ ഏൽപ്പിച്ചിരുന്നു. അടയാളം വെച്ച പേജു മറിയ്ക്കാതെ, ആ പുസ്തകം എടുത്തു കൊണ്ടുവരാൻ അമ്മ ഫ്രാങ്കോയ്സിനോട് ആവശ്യപ്പെട്ടു. ഒരു മണിക്കൂർ കഴിഞ്ഞിട്ടും അവൾ മടങ്ങി വന്നില്ല. വീണ്ടും കിടന്നുറങ്ങാൻ പോയതാണെന്നു കരുതി അമ്മ എന്നോടുതന്നെ അലമാരയിൽ നിന്നു പുസ്തകം എടുത്തു കൊണ്ടുവരാൻ പറഞ്ഞു. ഞാനവിടെ ചെന്നപ്പോൾ, പുസ്തകത്തിൽ വിവരിച്ച രോഗലക്ഷണങ്ങളും വിഷമതകളും വായിച്ചു ഫ്രാങ്കോയ്സ് സങ്കടം സഹിയ്ക്കാതെ തേങ്ങിക്കരയുകയായിരുന്നു. വേദനയുടെ ഓരോ ലക്ഷണം വായിയ്ക്കുമ്പോഴും അവളുറക്കെ വിളിച്ചു പറയും: "വിശുദ്ധകന്യാമറിയമേ, ഇങ്ങനെ വേദന സഹിയ്ക്കാൻ ദൈവം അവൾക്കു ശക്തി കൊടുക്കണേ...! പാവം, പാവം പിടിച്ച പെണ്ണ്...!"

പക്ഷേ, ഞാനവളേയും കൂട്ടി 'ചാരിറ്റി' സുഖമില്ലാതെ കിടക്കുന്ന കട്ടിലിനരികെ ചെല്ലുമ്പോഴേയ്ക്കും ആ കണ്ണീർത്തുള്ളികളാകെ വറ്റിപ്പോയിരുന്നു. പത്രത്തിലെ വാർത്ത വായിച്ചു മനസ്സുരുകുമ്പോൾ പ്രകടമാകുന്ന അനുകമ്പയുടെ ചെറിയൊരു അംശംപോലും അവൾക്കപ്പോൾ അനുഭവപ്പെട്ടില്ല. മാത്രമല്ല, അർദ്ധരാത്രി ഉറക്കത്തിൽനിന്ന് ഉണർത്തിയതിന്റെ അലോസരവും അവളുടെ മനസ്സിൽ നീറിക്കൊണ്ടിരു

ന്നു. അങ്ങനെ അച്ചടിമഷി പുരണ്ടു കാണുമ്പോൾ കണ്ണീരടക്കാൻ കഴിയാത്ത അതേ വേദന, നേരിട്ടു കണ്ട നിമിഷം പെട്ടെന്നു പരിഹാസത്തിന്റെ മേമ്പൊടി ചേർന്ന ചില മുറുമുറുപ്പുകളായി മാറി. ആരും കേൾക്കുന്നില്ലെന്നു തീർച്ച വരുത്തി അവൾ ഇങ്ങനെക്കൂടി പറഞ്ഞു:

"നന്നായി, ഇങ്ങനെയൊന്നും വരുത്തി വെയ്ക്കേണ്ട ഒരു കാര്യവും അവൾക്കില്ല! അവൾക്കതിൽ അത്ര ആനന്ദം തോന്നിയിരിയ്ക്കണം, എനിയ്ക്കുറപ്പുണ്ട്! ഇനിയിപ്പോൾ കരയാതിരിയ്ക്കുന്നതാണു ബുദ്ധി. എന്തായാലും 'ഇവളുടെ' പുറകെ കൂടാൻ ദൈവംപോലും തള്ളിക്കളഞ്ഞ ചില ചെറുപ്പക്കാർക്കല്ലാതെ മനസ്സു വരില്ല. തീർച്ച! പണ്ടൊരു നാടോടിപ്പാട്ടിൽ മാത്രമേ ഇങ്ങനെയൊരു കഥ ഞാൻ കേ ട്ടിട്ടുള്ളൂ!".

ഒരിയ്ക്കൽ സ്വന്തം പേരക്കിടാവിനു ചെറിയൊരു ജലദോഷം വന്നപ്പോൾ, പതിവുപോലെ കിടക്കാൻ പോകുന്നതിനു പകരം രാത്രി മുഴുവൻ ഉറക്കമിളച്ചിരുന്നു ശുശ്രൂഷിച്ചു വീട്ടുജോലി തുടങ്ങാൻ പാകത്തിനു കാൽനടയായി വെളുപ്പിനുതന്നെ പത്തുമൈലോളം അവൾ യാത്ര ചെയ്തു. കുടുംബത്തിനു ശക്തമായ ഒരടിത്തറ പണിതു ഭാവി ഉറപ്പാക്കാനുള്ള അവളുടെ ശുഷ്കാന്തി, പക്ഷേ മറ്റുള്ളവരോടുള്ള പെരുമാറ്റത്തിൽ നേർവിപരീതമായാണു പ്രവർത്തിച്ചത്. മറ്റു പരിചാരികമാരിൽ ഒരാളെപ്പോലും അമ്മായിയുടെ മുറിയിലേയ്ക്കു കടക്കാൻ അവൾ അനുവദിയ്ക്കാറില്ല. അമ്മായിയുടെ അടുത്തേയ്ക്കു ചെല്ലുന്നവരെ തടയുന്നതിൽ ഒരുതരം അഭിമാനംതന്നെ അവൾ പ്രകടിപ്പിച്ചു. അസുഖമുള്ള സമയമാണെങ്കിലും അമ്മായിയുടെ മുറിയിൽ കടക്കാനുള്ള അവകാശം അടുക്കളക്കാരിയുടെ പേരിൽ അടിയറ വെയ്ക്കാതെ, അവൾതന്നെ എഴുന്നേറ്റുചെന്നു കഞ്ഞി തയാറാക്കും. വേട്ടാളവർഗത്തിൽപ്പെട്ട ചില ജീവികൾ, കുഞ്ഞുങ്ങൾക്കു രോഗം വന്നാൽ മാംസാഹാരം സമ്പാദിയ്ക്കാൻ സഹജമായ ക്രൂരത ഒന്നുകൂടി പൊലിപ്പിയ്ക്കുന്ന ചില അടവുകളെക്കുറിച്ചു ഫേബർ നിരീക്ഷിക്കുന്നുണ്ട്: പരിസരത്തു പറന്നു നടക്കുന്ന വണ്ടുകളെ ആകർഷിച്ചു പിടിച്ചശേഷം അവ സ്വന്തം കൊമ്പുകൾ അസാധാരണമായ കൃത്യതയോടെ ഇരയുടെ ചലനശക്തി നിയന്ത്രി

യ്ക്കുന്ന നാഡിയിലേയ്ക്കു ഇളച്ചു കയറ്റും; അനങ്ങാൻ കഴിയാതെ മരവിച്ചു പോയ ഇരയുടെ മുട്ട പൊട്ടി പുറത്തുവരുന്ന പുഴുക്കളുടെമേൽ അവ സ്വയം അടയിരിയ്ക്കും; മാത്രമല്ല, പുഴുക്കളിൽനിന്നു വളരുന്ന വണ്ടുകളെ പറക്കാനറിയാത്ത നിരുപദ്രവികളാക്കി മാറ്റി അവ സ്വന്തം ഭക്ഷണക്കലവറയിൽ സൂക്ഷിയ്ക്കുകയും ചെയ്യും. ഇങ്ങനെ തനതായൊരു ഏകാധിപത്യം സ്ഥാപിയ്ക്കാൻ ബദ്ധശ്രദ്ധയായി ദയാരഹിതമായ പല തന്ത്രങ്ങളും ഫ്രാങ്കോയ്സ് ആസൂത്രണം ചെയ്തു നടപ്പാക്കി. ആ വേനൽക്കാലം മുഴുവൻ ദിവസേന ഞങ്ങൾക്കു വീണ്ടും വീണ്ടും ചീരക്കറി വിളമ്പിയതു വാസ്തവത്തിൽ, ചീര കഴുകി വൃത്തിയാക്കുന്ന മണം സഹിയ്ക്കാതെ ശ്വാസരോഗം മൂർച്ഛിച്ച് അടുക്കളക്കാരി സ്വയം വീട്ടിൽനിന്നു വിട്ടുപോകാൻ ഫ്രാങ്കോയ്സ് സ്വീകരിച്ച ഒരടവായിരുന്നുവെന്നു വർഷങ്ങൾക്കു ശേഷമാണു ഞങ്ങൾ മനസ്സിലാക്കിയത്.

കഷ്ടം! ലെഗ്രാൻഡിനെക്കുറിച്ചുള്ള ഞങ്ങളുടെ ധാരണ തെറ്റാണെന്നു തെളിഞ്ഞു. പോണ്ട്വ്യൂക്സിൽവെച്ച് അദ്ദേഹത്തെ കണ്ടുമുട്ടിയപ്പോൾ തോന്നിയ അഭിപ്രായം അച്ഛനു മാറ്റേണ്ടതായി വന്നു. അടുത്ത ഞായറാഴ്ച കുർബാന അവസാനിയ്ക്കാറായ സമയം, ശബ്ദവും പ്രകാശവും പ്രതിഫലിച്ച പാവനമായ അന്തരീക്ഷത്തിനു വിരുദ്ധമായ ഒരുതരം നിഗൂഢത പള്ളിയുടെ പരിസരമാകെ പടർന്നു. പുറത്തെ മൈതാനത്തിൽ നിൽക്കുന്നതുപോലെ മാഡം ഗൗപിലും മാഡം പെർസെപ്പൈഡും വെറും ലൗകികമായ കാര്യങ്ങളെക്കുറിച്ചു ഞങ്ങളോട് ഉറക്കെയുറക്കെ സംസാരിയ്ക്കാൻ തുടങ്ങി. (കുർബാനയ്ക്കു ഞാൻ കുറച്ചു വൈകി ചെല്ലുമ്പോൾ, പ്രാർത്ഥനാപുസ്തകത്തിൽ കണ്ണുകളുറപ്പിച്ചു നിശ്ചലരായി ഇരുന്ന അവർ രണ്ടുപേരും തൊട്ടു മുമ്പിൽ കിടന്ന നമസ്ക്കാരമേശ കാലുകൊണ്ടൊന്നു തട്ടിനീക്കാൻ ശ്രമിയ്ക്കാതെ എന്നെ കണ്ടില്ലെന്നു നടിയ്ക്കുകയാണു ചെയ്തത്!). അപ്പോൾ, ചന്തയുടെ ആരവം തട്ടിത്തിളങ്ങുന്ന പൂമുഖപ്പടിയിൽ കഠിനമായ വെയിലത്തു നിൽക്കുകയായിരുന്നു, ലെഗ്രാൻഡിൻ. കഴിഞ്ഞ തവണ കൂടെ കണ്ട സ്ത്രീയുടെ ഭർത്താവ്, അദ്ദേഹത്തെ ഇടവകയിലൊരു ജന്മിയുടെ ഭാര്യയ്ക്കു പ

രിചയപ്പെടുത്താൻ ശ്രമിയ്ക്കുന്നതാണ ഞങ്ങൾ കണ്ടത്. പ്രത്യഭിവാദ്യമെന്ന നിലയ്ക്കു താണുവണങ്ങി നടത്തിയ പ്രണാമത്തിൽ ശരീരം തെല്ലൊന്നു പിന്നോട്ടു വളഞ്ഞപ്പോൾ ലെഗ്രാൻഡിന്റെ നട്ടെല്ല്, ആദ്യത്തെ സ്ഥാനത്തുനിന്നു സ്വൽപ്പം ഉയർന്ന തലത്തിൽ കാണപ്പെട്ടു. അങ്ങനെയൊരു അംഗവിക്ഷേപം ഒരുപക്ഷേ അദ്ദേഹം സഹോദരിയായ മാഡം കാംബ്രെമറുടെ ഭർത്താവിന്റെ പക്കൽനിന്നു പരിശീലിച്ചതായിരിയ്ക്കണം! പിന്നീടു നിവർന്നെഴുന്നേറ്റപ്പോൾ പേശിവലിവു മൂലം തീരെ മാംസളമല്ലാത്ത അദ്ദേഹത്തിന്റെ അരക്കെട്ടിലൊരു കൊള്ളി യാൻ മിന്നി. ശാരീരികമായ ആ ചലനവേഗത്തിലും അനായാസതയിലും ആത്മീയതയുടെ ലാഞ്ഛനപോലുമില്ലാത്ത താഴ്ന്നതരത്തിലുള്ള ഒരു സേവകഭാവത്തിന്റെ നിഴൽ പതിയുന്നതു ഞാൻ കണ്ടു. പക്ഷെ എത്ര ആലോചിച്ചിട്ടും അതിന്റെ സംഗത്യം എനിയ്ക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല. പെട്ടെന്നൊരു കൊള്ളിയാന്റെ ആഘാതം നേരിടേണ്ടി വന്നപ്പോൾ അതുവരെ ഞങ്ങൾ കണ്ട ലെഗ്രാൻഡിനിൽനിന്നു വ്യത്യസ്തമായൊരു വ്യക്തിത്വം എന്റെ മനസ്സിലുണർന്നു വന്നു. സംസാരിച്ചു നിന്ന സ്ത്രീ വണ്ടിക്കാരനു കൊടുത്തയച്ച ഒരു നിർദ്ദേശവുമായി വണ്ടിയുടെ അടുത്തേയ്ക്കു നടക്കുന്ന ലെഗ്രാൻഡിന്റെ മുഖത്തു ചിരകാലാഭിലാഷമായൊരു സമാഗമത്തിന്റെ ചാരിതാർത്ഥ്യംപോലെ, സന്തോഷവും സങ്കോചവും മാത്രമല്ല, ആരാധനയും നിഴലിച്ചിരുന്നു. ഒരു സ്വപ്നാടകനെപ്പോലെ അദ്ദേഹം സ്വയം ചിരിച്ചു; ദൗത്യം നിർവഹിച്ചു കഴിഞ്ഞ ഉടനെതന്നെ അദ്ദേഹം അവരുടെ സമീപത്തേയ്ക്കു മടങ്ങി. ദ്രുതഗതിയിലുള്ള ആ നടത്തത്തിൽ അദ്ദേഹത്തിന്റെ ചുമലുകൾ മുന്നോട്ടും പിന്നോട്ടും ഇടത്തോട്ടും വലത്തോട്ടും പരിഹാസ്യമെന്നു തോന്നുന്നവിധം ചാഞ്ചാടി. പ്രതികൂലമായ സകല പരിഗണനകളും മാറ്റിവെച്ചു പൂർണമായൊരു കീഴടങ്ങലിനെത്തുടർന്നു മനസ്സിൽ പതയുന്ന സന്തോഷത്തിന്റെ ചരടുവലിയിൽ ആടിക്കളിയ്ക്കുന്ന ഒരു കളിപ്പാവയായി അദ്ദേഹം സ്വയം മാറി. അതിനിടയിൽ പൂമുഖത്തേയ്ക്കു പ്രവേശിച്ച ഞങ്ങളെ തൊട്ടുരുമ്മി കടന്നുപോയിട്ടും കാണാ

ത്ത മട്ടിൽ തലതിരിയ്ക്കാൻ തക്ക ആത്മനിർവൃതിയിലായിരുന്നു, അദ്ദേഹം. ഒരു ത്രികാലജ്ഞാനിയുടെ ഭാവത്തോടെ വിദൂരമായ ചക്രവാളത്തിൽ ദൃഷ്ടി പതിപ്പിച്ച് അതീന്ദ്രിയമായൊരു ദർശനസൗഭാഗ്യത്തിൽ മതിമറന്നു മറ്റൊന്നും കാണാതെ പോയ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം, അതുകൊണ്ടു ഞങ്ങൾക്ക് അറിഞ്ഞതായി നടിയ്ക്കേണ്ടി വന്നില്ല. ആഡംബരങ്ങളുടെ വെറുക്കപ്പെടേണ്ട ചതുപ്പുനിലത്തു മാർഗഭ്രംശം സംഭവിച്ചു ചെന്നിറങ്ങേണ്ടി വന്ന അദ്ദേഹത്തിന്റെ നിഷ്കപടമായ മുഖം, ഉലഞ്ഞ വേഷത്തിൽനിന്നു പതുക്കെ പുറത്തു വന്നു. അദ്ദേഹം ധരിച്ച പുള്ളിക്കുത്തുകളുള്ള ടൈ, സ്വാതന്ത്ര്യവും ഏകാന്തതയും സ്വയം പ്രഖ്യാപിച്ചു മൈതാനത്തു വീശുന്ന കാറ്റിൽ ഇളകിയാടി. വീട്ടിലെത്തിയ ഉടനെ അമ്മ പള്ളിയിൽ മറന്നുവെച്ച പ്രസാദം എടുത്തു കൊണ്ടുവരാൻ അച്ഛന്റെകൂടെ ഞാൻ വീണ്ടും പള്ളിയിലേയ്ക്കു തിരിച്ചു നടന്നു. മൈതാനത്തിനു മുമ്പിൽ വെച്ച്, നേരത്തേ കണ്ട സ്ത്രീയുടെ വശം ചേർന്നു നടന്നുവരുന്ന ലെഗ്രാൻഡിനെ ഞങ്ങൾ ഒരിയ്ക്കൽക്കൂടി കണ്ടുമുട്ടി. അദ്ദേഹം ഞങ്ങളെ തൊട്ടുരുമ്മി കടന്നു പോകുമ്പോൾ അവരോടുള്ള സംസാരം നിർത്താതെ, അതേ സമയം യാതൊരു തരത്തിലും അവരുടെ ശ്രദ്ധയിൽപ്പെടാതെ, മുഖത്തെ പേശികൾ ചെറുതായൊന്നു ചലിപ്പിയ്ക്കുകപോലും ചെയ്യാതെ, നീലനിറമുള്ള കൺപോളകളിൽ തുടങ്ങുകയും അവസാനിയ്ക്കുകയും ചെയ്ത സൂക്ഷ്മമായൊരു സന്ദേശം ഞങ്ങൾക്കു കൈമാറി. സഹജവികാരങ്ങൾ വെളിപ്പെടുത്താൻ തടസ്സമായി നിൽക്കുന്ന സാഹചര്യങ്ങൾ മറികടക്കാനെന്നവിധം ആ കണ്ണുകളിൽ ഞങ്ങൾക്കായി ഒഴിച്ചിട്ട വിടവുകൾ, സൗഹൃദത്തിന്റെ ജീവചൈതന്യത്തിൽ തിളങ്ങി വെറുമൊരു നേരമ്പോക്കിലേറെ അസഭ്യതയുടെ അതിർത്തിരേഖകളിലാണു ചെന്നുനിന്നത്. സംവേദനത്തിന്റെ അതിസൂക്ഷ്മമായ ബോധതലങ്ങൾ ഒരു മൗനാനുവാദത്തിന്റെ ഇമചിമ്മലായി, സന്ദേശമായി, നിഗൂഢാർത്ഥമായി, രഹസ്യധാരണയായി, ഒരുപജാപത്തിന്റെ സകല സങ്കീർണ

തകളും ഉൾക്കൊള്ളുന്നവിധം അദ്ദേഹം ഉദാത്തവൽക്കരിച്ചു. അവസാനം, കളിക്കോപ്പു കണ്ടു ഭ്രമിച്ച കുട്ടിയെ തികഞ്ഞ നിസ്സംഗതയിലേയ്ക്കു തള്ളി വിടുന്നതുപോലെ, തൊട്ടുരുമ്മി നടക്കുന്ന യുവതിയുടെ കണ്ണിൽപ്പെടാതെ സ്വയം കൊളുത്തിയ സ്നേഹപ്രഖ്യാപനമായി, സൗഹൃദത്തിന്റെ വാഗ്ദാനങ്ങൾ ഞങ്ങൾക്കുവേണ്ടി രഹസ്യമായൊരു നിഷേധത്തോളം അദ്ദേഹം വലിച്ചു നീട്ടി.

അടുത്ത ഞായറാഴ്ച വൈകുന്നേരം ഒരുമിച്ചിരുന്നു ഭക്ഷണം കഴിയ്ക്കാൻ എന്നെ പറഞ്ഞയയ്ക്കണമെന്നു തലേ ദിവസംതന്നെ അദ്ദേഹം അച്ഛനമ്മമാരോട് ആവശ്യപ്പെട്ടിരുന്നു. “വരൂ, നിന്റെ ഈ വൃദ്ധസുഹൃത്തുമായി സൗഹൃദം പങ്കിടൂ!“, അദ്ദേഹം എന്നോടു പറഞ്ഞു. “ഇനിയൊരിയ്ക്കലും തിരിച്ചു ചെല്ലാനാവാത്ത ഏകാന്തമായ ദ്വീപിൽനിന്നൊരു സഞ്ചാരി സമ്മാനിയ്ക്കുന്ന പൂച്ചെണ്ടുപോലെ, വർഷങ്ങൾക്കു മുമ്പു ഞാൻ അലഞ്ഞുനടന്ന കൗമാരത്തിന്റെ വശ്യതകളിൽ, പുതിയതായി വിരിഞ്ഞ വസന്തത്തിന്റെ സൗരഭ്യം ഞാനൊന്നുകൂടി നുകരട്ടെ!. വരൂ, ചെത്തിയും ചെമ്പരത്തിയും ചെമ്പകപ്പൂവുമായി, മഞ്ഞമന്ദാരത്തിന്റെ പൂക്കുലകളും, പ്രണയത്തിന്റെ പ്രതിജ്ഞകളും, ബൽസേഷ്യൻ വസന്തങ്ങളിലെ ഉണർവിന്റെ പ്രഭാതഗീതവുമായി വരൂ, അവസാനത്തെ ഹിമകണവും ഉരുകി തീരുന്നതിനു മുമ്പേ, നിന്റെ വലിയമ്മായിയുടെ ഉദ്യാനത്തിലെ ഇടവഴികൾ സുരഭിലമാക്കുന്ന വെള്ളറോസാപ്പൂക്കളുമായി, വരൂ! സോളമൻ ചക്രവർത്തിയുടെ പട്ടുടയാട ധരിച്ച ലില്ലിപ്പൂക്കളുമായി, ജറുസലേമിൽ വിടരാൻ വിതുമ്പുന്ന പൂവിതളുകളിലെ ചിത്രശലഭങ്ങൾക്കായി, മഞ്ഞുകണികകൾ വീണ ശീതളമായ വസന്തത്തിലെ മന്ദമാരുതനുമായി, നീ വരൂ!“

ലെഗ്രാൻഡിന്റെകൂടെ ഭക്ഷണം കഴിയ്ക്കാൻ എന്നെ പറഞ്ഞയയ്ക്കുന്ന വിഷയം വളരെ വസ്തുനിഷ്ഠമായിത്തന്നെ വീട്ടിൽ ചർച്ച ചെയ്യപ്പെട്ടു. അദ്ദേഹം ആരോടെങ്കിലും അപമര്യാദയായി പെരുമാറുമെന്ന കാര്യം പക്ഷേ, മുത്തശ്ശിയ്ക്കു വിശ്വസിയ്ക്കാൻ കഴിഞ്ഞില്ല.

“അദ്ദേഹം വളെ ലളിതമായ വേഷത്തിലാണു പള്ളിയിൽ വരാറു

ള്ളതെന്നു നിങ്ങൾതന്നെ സമ്മതിയ്ക്കുന്നു. പുതിയ പരിഷ്ക്കാരരീതി കളൊന്നും അദ്ദേഹത്തെ ബാധിച്ചതായി എനിയ്ക്കിതുവരെ തോന്നി യിട്ടില്ല!", മുത്തശ്ശി ഉറപ്പിച്ചു പറഞ്ഞു, "അതല്ല, ചിലരോടു പരുഷമാ യി പെരുമാറുന്നതു മന:പൂർവമാണെങ്കിൽ നമ്മെ സംബന്ധിച്ച് അ ങ്ങനെ യാതൊന്നും സംഭവിച്ചതായി ഭാവിയ്ക്കാതിരിയ്ക്കുന്നതാണു നല്ല തെ"ന്നും അവർ കൂട്ടിച്ചേർത്തു. ലെഗ്രാൻഡിന്റെ നിലപാടിനോടു കൂടു തൽ വിഷമം തോന്നിയിരുന്ന അച്ഛനു പക്ഷേ അവസാനിയ്ക്കാത്ത ഒ രനിശ്ചിതത്വം പിന്നേയും ബാക്കി നിന്നു. വ്യക്തിത്വത്തിന്റെ അഗാ ധവും അദൃശ്യവുമായ പ്രകൃതം സ്വയം വെളിപ്പെടുന്ന ചില ഭാവങ്ങളാ യിരുന്നു അദ്ദേഹത്തിന്റെ പെരുമാറ്റത്തിൽ പ്രതിഫലിച്ചിരുന്നത്. പ റയുന്ന കാര്യങ്ങളുമായി ബന്ധം സ്ഥാപിയ്ക്കാതെ, നേരിട്ടു കണ്ടതൊ ന്നും അംഗീകരിയ്ക്കാതെ, തെറ്റു ചെയ്തതിന്റെ തെളിവുകൾകൊണ്ടുമാ ത്രം സംശയങ്ങൾ സാധൂകരിയ്ക്കാനാവില്ല. ഓർമ്മകളിലെ പരസ്പരവി രുദ്ധമായ ശകലങ്ങളിൽ കിടന്നു കറങ്ങുന്ന ഇന്ദ്രിയങ്ങൾ യാതൊരു മതിവിഭ്രമങ്ങൾക്കും വിധേയമായിട്ടില്ലെന്നുകൂടി നാം തീർച്ച വരു ത്തേണ്ടതുണ്ട്. അങ്ങനെ വരുമ്പോൾ പലപ്പോഴും യഥാർത്ഥപ്രകൃത ത്തിന്റെ സൂചകങ്ങളായ ആ പെരുമാറ്റം വെറുമൊരു മതിഭ്രമം മാത്ര മാണെന്നു നാം അമ്പരപ്പോടെ കണ്ടെത്തിയേക്കാം.

ലെഗ്രാൻഡിന്റെ മട്ടുപ്പാവിൽ മഞ്ഞുമൂടിയ നിലാവ് ആസ്വദിച്ചു കൊണ്ടാണു ഞങ്ങൾ ഭക്ഷണം കഴിച്ചത്. "വിജനമായ ഈ വീടിനും പരിസരം നിറഞ്ഞു നിൽക്കുന്ന മൗനത്തിനും സവിശേഷമായൊരു ആകർഷകത്വമില്ലേ?", അദ്ദേഹം എന്നോടു ചോദിച്ചു. "മുറിവേറ്റ ഹൃദ യങ്ങൾക്കു മൗനവും നിഴലുമല്ലാതെ മറ്റൊരു പരിഹാരവും നിർദ്ദേശി യ്ക്കാനില്ലെന്ന് ഒരെഴുത്തുകാരൻ അവകാശപ്പെടുന്നുണ്ട്; താമസിയാ തെ ആ പുസ്തകം നീ വായിയ്ക്കാതിരിയ്ക്കില്ല, എന്റെ സുഹൃത്തേ കേൾ ക്കു..., ഇനിയും ഒരുപാടു ദൂരം നിനക്കു പോകാനുണ്ട്, പക്ഷേ, എല്ലാ വരുടെ ജീവിതത്തിലും ഒരു സമയം വരും! അന്നു ക്ഷീണിച്ചവശമാ

യ കണ്ണുകൾക്ക് ഒരൊറ്റ പ്രകാശമേ താങ്ങാൻ കഴിയൂ, ഇരുട്ടിന്റെ പശ്ചാത്തലത്തിൽ ഒരുങ്ങിവരുന്ന പോക്കുവെയിലിന്റെ പ്രകാശം മാത്രം. അന്ന മൗനത്തിന്റെ പുല്ലാങ്കുഴലിൽ ഒഴുകുന്ന നിലാവിന്റെ ഈറനുത്ത നിശ്വാസമല്ലാതെ മറ്റൊരു സംഗീതവും നമുക്കു മധുരമായി അനുഭവപ്പെടുകയില്ല!"

ലെഗ്രാൻഡിൻ പറയാൻ പോകുന്ന വിഷയം എനിയ്ക്കു മനസ്സിലായി; പതിവുപോലെ അദ്ദേഹത്തിന്റെ സംസാരവും ആകർഷകമായിരുന്നു. പക്ഷേ, ഈയിടെ ഞാൻ കണ്ടുമുട്ടിയ ഒരു യുവതിയെക്കുറിച്ചുള്ള വിചാരത്തിൽ എന്റെ മനസ്സാകെ അസ്വസ്ഥമായിരുന്നു. ആ പ്രദേശത്തെ പ്രഭുകുടുംബങ്ങളുമായി ലെഗ്രാൻഡിനു നല്ല സൗഹൃദബന്ധമുണ്ടെന്ന ബോദ്ധ്യമുള്ളതുകൊണ്ട്, ഒരുപക്ഷേ ആ യുവതിയെ അദ്ദേഹത്തിന്നു പരിചയമുണ്ടായിരിയ്ക്കാമെന്നു കരുതി, സകല ധൈര്യവും സംഭരിച്ചു ഞാൻ ചോദിച്ചു, "സർ, താങ്കൾക്ക് ഏതെങ്കിലും വിധത്തിൽ അവരെ, ഗ്വെർമാന്റിസിലെ പ്രഭ്വിയെ... പരിചയമുണ്ടോ?". ചോദ്യത്തിന്റെ കൂടെ, സ്വപ്നങ്ങളിൽനിന്നു വാക്കുകളുടെ ലോകത്തേയ്ക്കു വസ്തുതാപരമായ അസ്തിത്വം നൽകി ഇറക്കിക്കൊണ്ടുവന്നു നാവിൽനിന്നു പുറത്തുവിട്ട ആ പേരിൽ ഒരുതരം അധികാരം കൈവന്നതുപോലെ എനിയ്ക്കു സന്തോഷം തോന്നി.

പക്ഷേ, 'ഗ്വെർമാന്റിസെ'ന്ന വാക്കു കേട്ട നിമിഷം, അദ്ദേഹത്തിന്റെ കണ്ണിൽ നേരിയൊരു സൂചി തറച്ചതുപോലെ ഒരു കറുത്ത പാടു പ്രത്യക്ഷപ്പെട്ടു; അതേസമയം, കൃഷ്ണമണിയുടെ ബാക്കിയുള്ള ഭാഗങ്ങൾ യാദൃച്ഛികമായുണ്ടായ ആ ആഘാതത്തോടു പ്രതികരിയ്ക്കുന്നവിധം നിറഞ്ഞുകവിഞ്ഞ ആകാശനീലിമ സമൃദ്ധമായി പുറത്തേയ്ക്കു പ്രസരിപ്പിച്ചു; കൺപോളകളുടെ ഇരുണ്ട അരികുകൾ തളർന്നു താഴോട്ടു തൂങ്ങി. ശരീരത്തിൽ അസ്ത്രങ്ങൾ വന്നു തറച്ച സുഭഗനായൊരു യോദ്ധാവിന്റെ വേദന തളം കെട്ടിയ മുഖഭാവത്തോടെ, വരണ്ടുണങ്ങി വിണ്ടുകീറിയ ആ ചുണ്ടുകളിൽ ചെറിയൊരു ചിരി വിടർന്നു.

"ഇല്ല, എനിയ്ക്കവരെ അറിയില്ല!", അദ്ദേഹം പെട്ടെന്നു പറഞ്ഞു. പ

ക്ഷേ, നിസ്സാരമായൊരു മറുപടിയ്ക്കു യോജിച്ച സാധാരണശൈലി സ്വീകരിയ്ക്കുന്നതിനു പകരം, ശരീരം തെല്ലൊന്നു മുന്നോട്ടു കുനിച്ചു തല താഴ്ത്തി അസംഭവ്യമായൊരു പ്രസ്താവന നടത്തുന്നതുപോലെ അദ്ദേഹം ഓരോ വാക്കിനും പ്രത്യേകമായൊരു ഊന്നൽ നൽകി. ഗ്വെർമാന്റീസ് കുടുംബത്തിൽ ആരേയും പരിചയമില്ലെന്ന വസ്തുത ഭാഗ്യത്തിന്റെ വിചിത്രമായൊരു യാദൃച്ഛികതയാണെന്ന ബോധത്തോടെ, വേദനാകരമായ ആ ദുരവസ്ഥയിൽ നിശ്ശബ്ദത പാലിയ്ക്കാൻ കഴിയാതെ, വളരെ അനായാസവും പരസ്യവുമായാണു കുറ്റം സമ്മതിയ്ക്കുന്നതെന്നു കേൾവിക്കാർക്കു ബോദ്ധ്യം വരുത്തുന്ന ഒരുതരം വികാരവിവശത അദ്ദേഹത്തിന്റെ മുഖത്തു പ്രതിഫലിച്ചു. ഗ്വെർമാന്റീസ് കുടുംബവുമായി യാതൊരു ബന്ധവുമില്ലെന്ന സ്ഥിതിവിശേഷം സത്യത്തിൽ അടിച്ചേൽപ്പിയ്ക്കപ്പെട്ടതല്ല, മറിച്ച് അവരുമായുള്ള വേഴ്ച നിഷേധിയ്ക്കുന്ന സാമൂഹ്യസാഹചര്യങ്ങൾകൊണ്ടു പ്രതീകാത്മകമായി സ്വയം സൃഷ്ടിച്ചതാണെന്നപോലെ അദ്ദേഹം ഓരോ വാക്കും എണ്ണിപ്പെറുക്കി ഉരുവിടുകയാണു ചെയ്തത്.

“ഇല്ല...!“, പറഞ്ഞതിന്റെ ധ്വനി ഒന്നുകൂടി വിശദീകരിയ്ക്കാനെന്നപോലെ അദ്ദേഹം ആവർത്തിച്ചു. “ഇല്ല, അവരെ എനിയ്ക്കറിയില്ല. സത്യത്തിൽ അവരെ പരിചയപ്പെടണമെന്നു ഞാനൊരിയ്ക്കലും ആഗ്രഹിച്ചിട്ടില്ല. ജീവിതത്തിൽ എന്നെ സംബന്ധിച്ചു വളരെ പ്രധാനമാണു വ്യക്തിസ്വാതന്ത്ര്യം; ഇന്നേവരെ ഞാനതു നിഷ്ക്കർഷയോടെ സൂക്ഷിച്ചുപോന്നു. നിനക്കറിയാവുന്നതുപോലെ, ഹൃദയത്തിൽ ഞാനൊരു ഉൽപ്പതിഷ്ണുവാണെന്നു പറയാം. പക്ഷേ, ഗ്വെർമാന്റീസുകാരുമായി ബന്ധപ്പെടാത്തതിന്റെ പേരിൽ പലരുമെന്നെ പഴി പറയുന്നുണ്ട്. ഞാനൊരു മുരടനും സംസ്ക്കാരശൂന്യനുമാണെന്നവർ ആരോപിയ്ക്കുന്നു; ആരോപണത്തിൽ കഴമ്പുണ്ടെങ്കിലും അത്തരം അപവാദങ്ങൾ എന്നെ ഭയപ്പെടുത്താൻ പോകുന്നില്ല! ചില ദേവാലയങ്ങൾ, പുസ്തകങ്ങൾ, ചിത്രങ്ങൾ... ഇതൊക്കെയല്ലാതെ ഞാൻ മറ്റൊന്നിനെ

ക്കുറിച്ചും ചിന്തിക്കാറില്ല. കൂടാതെ, കാഴ്ച നഷ്ടപ്പെട്ട കണ്ണുകൾക്കു തിരിച്ചറിയാനാകാത്ത പൂക്കളുടെ ഈ സൗരഭ്യം, ഉന്മേഷം പകരുന്ന ഈ കാറ്റ്, യുവത്വത്തിന്റെ പ്രസരിപ്പോടെ ഇന്ദ്രിയങ്ങളെ തഴുകിയെത്തുന്ന നിലാവിന്റെ ഈ അപൂർവശോഭയുള്ള വെണ്മ... ഇത്രമാത്രം!"

അപരിചിതരെ വീട്ടിൽ ചെന്നു കണ്ടു പരിചയപ്പെടാത്തവർ വെറും മുരടന്മാരായി ചിത്രീകരിയ്ക്കപ്പെടുന്നതും അവരുടെ വ്യക്തിസ്വാതന്ത്ര്യം സംരക്ഷിയ്ക്കപ്പെടാതെ പോകുന്നതും എങ്ങനെയാണെന്നു സത്യത്തിൽ എനിയ്ക്കു മനസ്സിലായില്ല. പക്ഷേ, മനസ്സിൽ ചില ദേവാലയങ്ങളും പുസ്തകങ്ങളും ചിത്രങ്ങളും മാത്രമാണുള്ളതെന്ന ലെഗ്രാൻഡിന്റെ പ്രസ്താവനയ്ക്കു യാഥാർത്ഥ്യവുമായി യാതൊരു പൊരുത്തവുമില്ലെന്നു ഞാൻ കണ്ടറിഞ്ഞു. പലപ്പോഴും നേരിട്ടിടപഴകുന്ന ഗ്രാമീണരുടെ നീരസം ഭയന്നു നിയമപാലകരും ദല്ലാളന്മാരുമായ മദ്ധ്യവർഗസമൂഹത്തിൽ ചിലരെ അറിയാമെന്നു തുറന്നു പറയാൻ ഒരിയ്ക്കലും അദ്ദേഹം ധൈര്യപ്പെട്ടില്ല; അഥവാ ആ വസ്തുത യാദൃച്ഛികമായി വെളിവായാൽപ്പോലും അദ്ദേഹം, തന്റെ അസാന്നിദ്ധ്യത്തിൽ, തനിയ്ക്കെതിരായ വിധി സ്വാഭാവികമായി നടക്കണമെന്നും ആഗ്രഹിച്ചു. ചുരുക്കത്തിൽ, പൊങ്ങച്ചത്തിന്റെ ഒരു ഉത്തമമാതൃകയായിരുന്നു, അദ്ദേഹം. ഞങ്ങളുടെ കുടുംബം ആരാധനയോടെ കേൾക്കാനിഷ്ടപ്പെട്ട കവിത തുളുമ്പുന്ന ആ സംസാരശൈലിയിൽ പക്ഷേ അതൊന്നും ഒരിയ്ക്കലും അദ്ദേഹം സമ്മതിച്ചു തരാറില്ല. "ഗ്വെർമാന്റിസ് കുടുംബത്തെ താങ്കൾക്കറിയാമോ?" എന്നു ഞാൻ നേരിട്ടു ചോദിച്ചാൽ മധുരഭാഷിയായ ലെഗ്രാൻഡിൻ ഇങ്ങനെ മറുപടി പറയും, "ഇല്ല, എനിയ്ക്കവരെ പരിചയപ്പെടണമെന്നു യാതൊരു മോഹവുമില്ല!". സംഭാഷണചതുരനായ അദ്ദേഹം അങ്ങനെ പ്രതികരിയ്ക്കുന്നതു മിക്കവാറും അപരനായൊരു ലെഗ്രാൻഡിനോടു വിധേയത്വം പുലർത്തിയായിരിയ്ക്കും. ആ അപരനാകട്ടെ, നമുക്കു പരിചിതനായ ലെഗ്രാൻഡിന്റെ പൊങ്ങച്ചങ്ങളെക്കുറിച്ച് ഒരുപാടു കഥകൾ തുറന്നു പറയാനും സാദ്ധ്യതയുണ്ട്. തന്നെക്കുറിച്ചുള്ള മതിപ്പ് മറ്റുള്ളവർക്കു നിശ്ശേഷം നശിയ്ക്കുമെന്ന ആശങ്ക

മൂലം ഈ അപരത്വം ഒരിക്കലും ബോധപൂർവം പ്രദർശിപ്പിയ്ക്കാതെ സ്വന്തം മനസ്സിൽ അദ്ദേഹം ഒളിപ്പിച്ചുവെച്ചു. ഘനഗൗരവമുള്ള ചുരുക്കം ചില വാക്കുകളും മുറിവേറ്റ മുഖഭാവവും വരണ്ട ചിരിയുമായി അദ്ദേഹത്തിന്റെ മനസ്സിലുള്ള ഈ അപരനാണു സത്യത്തിൽ അന്നെന്റെ ചോദ്യത്തിനു മറുപടി പറഞ്ഞത്. അതേ സമയം നമുക്കു പരിചയമുള്ള ലെഗ്രാൻഡിൻ, അൽപ്പത്തത്തിന്റ അപ്പോസ്തലനായ സെബാസ്റ്റ്യനെപ്പോലെ, ഒരായിരം വാക്ശരങ്ങൾ നിരന്തരമെയ്തു സ്വയം വിലപിയ്ക്കുമായിരുന്നു: “ഹാ, നിങ്ങളെന്നെ മന:പൂർവം നോവിയ്ക്കുന്നു! എനിയ്ക്കു ഗ്വെർമാന്റിസ് കുടുംബത്തെ പരിചയമില്ല. ജീവിതത്തിൽ വന്നുപെട്ട ആ ദുരന്തത്തെക്കുറിച്ച് എന്നെ ഓർമ്മപ്പെടുത്താതിരിയ്ക്കൂ!“

ലെഗ്രാൻഡിന്റെ വശീകരണസമർത്ഥമായ വാക്ചാതുരി പ്രകടിപ്പിയ്ക്കാൻ പ്രാപ്തനല്ലെങ്കിലും ഏകാധിപതിയായ ആ അപരൻ 'പ്രത്യുൽപ്പന്നമതിത്വ'ത്തിന്റെ ചടുലമായ പ്രതികരണങ്ങളിലൂടെ സ്വന്തം ആശയങ്ങൾ പ്രകാശിപ്പിയ്ക്കുന്നതിൽ കൃത്യമായ വൈദഗ്ദ്ധ്യം കാണിച്ചിരുന്നു. അതുകൊണ്ട് സംഭാഷണകുശലനായ അദ്ദേഹത്തിനു സ്വന്തം അപരത്വം മറയ്ക്കാൻ ശ്രമിയ്ക്കുമ്പോൾ, നേരത്തേ വെളിപ്പെട്ടുപോയ തെറ്റിദ്ധാരണകളെ തള്ളിപ്പറയുന്നതു നിഷ്ഫലമാണെന്നു മനസ്സിലാക്കി അതിന്റെ സ്വാധീനശക്തി ലഘൂകരിയ്ക്കാൻ ശ്രമിയ്ക്കുകയല്ലാതെ മറ്റു യാതൊരു വഴിയുമുണ്ടായിരുന്നില്ല.

പൊങ്ങച്ചസ്വഭാവത്തിന്റെപേരിൽ ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ ലെഗ്രാൻഡിൻ അധിക്ഷേപാർഹമായ രീതിയിൽ പ്രതികരിയ്ക്കുമെന്നു പക്ഷേ ഇതുകൊണ്ട് അർത്ഥമില്ല. മറ്റുള്ളവരുടെ ശീലങ്ങളിലും രുചികളിലും മാത്രമാണു നാം കൂടുതൽ വ്യാകുലപ്പെടുന്നത്; അവർ പറയുന്നതിലേറെ നമുക്കു നമ്മെക്കുറിച്ചു യാതൊന്നുമറിയാനും വയ്യ; അതുകൊണ്ട് അത്തരമൊരു ദുശ്ശീലം തനിയ്ക്കുണ്ടെന്നു കൃത്യമായ ആത്മപരിശോധനയിൽപ്പോലും അദ്ദേഹത്തിനു ബോദ്ധ്യം വന്നില്ല. ആപേക്ഷികമായ ചില ഉൾക്കാഴ്ചകൾക്കു പകരം സ്വന്തം സങ്കൽപ്പങ്ങൾക്കു യോജിയ്ക്കുന്നവ മാത്രം സ്വീകരിച്ചു പരോക്ഷമായാണു മറ്റു

ള്ളവരുടെ ചിന്താഗതി നമ്മെ സ്വാധീനിയ്ക്കുന്നത്. സഹജമായ പൊ ങ്ങച്ചംമൂലം കുലീനയായ പ്രഭ്വിയെ നേരിട്ടു ചെന്നു കാണാൻ അദ്ദേ ഹത്തിനു മനസ്സു വന്നില്ല; മറിച്ച്, അവർ സകല ഗുണങ്ങൾക്കും നിറ കുടമാണെന്നു തീരുമാനിച്ചുറപ്പിച്ച്, അൽപ്പന്മാർക്കു തീരെ മനസ്സിലാ ക്കാൻ കഴിയാത്ത ആകർഷകത്വവും സ്വഭാവമഹിമയും ഒന്നുകൊണ്ടു മാത്രമാണു താനവരുമായി ബന്ധപ്പെടുന്നതെന്നു സ്വയം വിശ്വസി പ്പിയ്ക്കാൻ അദ്ദേഹം ശ്രമിക്കും. പണത്തിനും പദവിയ്ക്കും പ്രാധാന്യം ന ൽകി ജീവിയ്ക്കുന്ന ചിലർ ലെഗ്രാൻഡിനെ സ്വന്തം പാളയത്തിലേയ്ക്കു ക്ഷണിയ്ക്കാറുണ്ട്; പക്ഷേ, അദ്ദേഹത്തിന്റെ ഭാവനാവിലാസങ്ങൾ വേ ണ്ടവിധം ഉൾക്കൊള്ളാൻ അവർക്കു കഴിയാറില്ല; അതുകൊണ്ടു ത ങ്ങളുടെ ഉൾക്കാഴ്ചകളും അദ്ദേഹത്തിന്റെ സാമൂഹ്യസമ്പർക്കങ്ങളും തമ്മിൽ അടുത്ത ബന്ധമുണ്ടെന്ന അസംഗതമായൊരു നിഗമനത്തി ലാണു സ്വാഭാവികമായും അവർ എത്തിച്ചേർന്നത്.

ഞങ്ങളുടെ വീട്ടിൽ ആർക്കുംതന്നെ ലെഗ്രാൻഡിനെക്കുറിച്ചു മറി ച്ചൊരു ധാരണ പുലർത്താൻ കഴിഞ്ഞില്ല; മാത്രമല്ല, പരസ്പരബന്ധ ത്തിൽ ചില വിള്ളലുകൾ സ്വയം വന്നു വീഴാനും തുടങ്ങി. അൽപ്പ ത്തത്തിന്റെ അക്ഷന്തവ്യമായ അപരാധമെന്നു പലപ്പോഴും വിശേഷി പ്പിയ്ക്കാറുള്ള എന്തെങ്കിലും വിഷയത്തിൽ അദ്ദേഹത്തെ തൊണ്ടിസ ഹിതം പിടികൂടാനൊരു സന്ദർഭത്തിനുവേണ്ടി അമ്മ ക്ഷമയോടെ കാത്തിരുന്നു. അച്ഛനാകട്ടെ, വിരക്തിയും ലാഘവത്വവും നിറഞ്ഞു തു ളുമ്പുന്ന ലെഗ്രാൻഡിന്റെ സംസാരം അതേപടി സ്വീകരിയ്ക്കുന്നതിൽ തികഞ്ഞ വൈമനസ്യം കാണിച്ചു. അങ്ങനെയിരിയ്ക്കേ, വേനലവധി ചിലവഴിയ്ക്കാൻ എന്നെ മുത്തശ്ശിയുടെകൂടെ ബാൽബെക്കിലേയ്ക്കു പറ ഞ്ഞയയ്ക്കുന്ന വിഷയം ചർച്ചയ്ക്കു വന്നപ്പോൾ അച്ഛൻ പറഞ്ഞു: “നീ ബാൽബെക്കിലേയ്ക്കാണു പോകുന്നതെന്നു പറയുമ്പോൾ, ലെഗ്രാൻ ഡിന്റെ പ്രതികരണം നമുക്കൊന്നു ശ്രദ്ധിയ്ക്കാം; സ്വാഭാവികമായും അ ദ്ദേഹം സ്വന്തം സഹോദരിയെ നിനക്കു പരിചയപ്പെടുത്തി തരണം; അവർ ബാൽബെക്കിനു തൊട്ടടുത്താണു താമസിയ്ക്കുന്നതെന്നു പണ്ടു

പറഞ്ഞു പക്ഷേ, ഇന്നദ്ദേഹം മന:പൂർവം മറക്കാനിടയുണ്ട്!".

കടൽത്തീരം കാണാൻ പോകുന്നവർ തീർച്ചയായും ഉപ്പുകാറ്റിന്റെ രുചി നുണഞ്ഞു പുലരി മുതൽ സന്ധ്യവരെ സമയം ചിലവഴിയ്ക്കണമെന്ന കാര്യത്തിൽ മുത്തശ്ശിയ്ക്കു കടുത്ത നിർബന്ധമുണ്ടായിരുന്നു. കടൽക്കാറ്റിനുവേണ്ടി നീക്കിവെച്ച സമയത്തിലൊരു നല്ല ഭാഗം, വിനോദങ്ങളും സൽക്കാരങ്ങളുമായി ധൂർത്തടിയ്ക്കാൻ അവരിഷ്ടപ്പെട്ടില്ല. അതുകൊണ്ടു ഞങ്ങളുടെ യാത്രയെക്കുറിച്ചു ലെഗ്രാൻഡിനോടു പറയേണ്ടതില്ലെന്ന് അവരഭിപ്രായപ്പെട്ടു. ബാൽബെക്കിലെ ഹോട്ടലിൽനിന്നു വളരെ ഉത്സാഹത്തോടെ കടലിൽ മീൻപിടിയ്ക്കാൻ പുറത്തിറങ്ങുന്ന നിമിഷം, വണ്ടിയിൽ വന്നിറങ്ങുന്ന ലെഗ്രാൻഡിന്റെ സഹോദരിയെ സൽക്കരിയ്ക്കാനായി പകൽ മുഴുവനും അകത്തെ മുറിയിൽ അടച്ചിരിയ്ക്കാൻ നിർബന്ധിതമാവുന്ന ഒരവസ്ഥയാണു മുത്തശ്ശി മനസ്സിൽ കണ്ടത്. പക്ഷേ, അങ്ങനെയൊരു അപകടം ഒരിയ്ക്കലും സംഭവിയ്ക്കില്ലെന്നു പൂർണബോദ്ധ്യമുണ്ടായിരുന്ന അമ്മ, ലെഗ്രാൻഡിൻ സ്വന്തം സഹോദരിയെ ഞങ്ങൾക്കു പരിചയപ്പെടുത്തുന്നതിൽ യാതൊരുവിധ ആവേശവും കാണിയ്ക്കില്ലെന്നു പറഞ്ഞു മുത്തശ്ശിയുടെ ആശങ്ക പുഞ്ചിരിയോടെ തള്ളിക്കളഞ്ഞു. പക്ഷേ, സംഭവിച്ചതു മറ്റൊന്നായിരുന്നു: ബാൽബെക്കിലേയ്ക്കുള്ള യാത്രയുടെ വിഷയം അവതരിപ്പിയ്ക്കുന്നതിനു മുമ്പേതന്നെ, പരിപാടിയെക്കുറിച്ചു യാതൊന്നുമറിയാത്ത ലെഗ്രാൻഡിൻ, ഒരു വൈകുന്നേരം വിവോണേയുടെ തീരത്തു നടക്കുന്നതിനിടയിൽ ഞങ്ങളെ കണ്ടുമുട്ടി സ്വയം ആ കെണിയിലേയ്ക്കു വഴുതിവീഴുകയാണു ചെയ്തത്.

"നോക്കൂ, ഇന്നത്തെ സായംസന്ധ്യയിൽ ആകാശത്തു പ്രത്യക്ഷപ്പെട്ട ഈ മേഘങ്ങളുടെ ഇളംചുവപ്പും നീലിമയും ചേർന്ന ചില വർണഭേദങ്ങൾ എത്ര മനോഹരമായിരിയ്ക്കുന്നു, സുഹൃത്തേ?", അദ്ദേഹം അച്ഛനോടു ചോദിച്ചു. "പ്രത്യേകിച്ചും അന്തരീക്ഷത്തിന്റെ അലൗകികമായ നീലിമയേക്കാൾ കുറേക്കൂടി ആവേശം ജനിപ്പിയ്ക്കുന്ന ഈ നിറം ആകാശത്തിനു യോജിച്ചതുതന്നെ! ആശ്ചര്യം, അതാ അവിടെ,

ആ ചുവന്ന ചെറിയ മേഘം ഒരു പൂവിന്റെ ലാഘവത്തോടെ സാവകാശം നീങ്ങിപ്പോകുന്നതു കാണുമ്പോൾ ആമ്പൽപ്പൂവിന്റെ സുന്ദരമായൊരു അവതാരംപോലെ തോന്നുന്നില്ലേ? മഴമേഘങ്ങളുടെ സസ്യസാമ്രാജ്യമെന്നു വിശേഷിപ്പിയ്ക്കാവുന്നവിധം സമ്പന്നമായ ഇത്തരം ഉദാഹരണങ്ങൾ, ഒരുപക്ഷേ, ഇംഗ്ളീഷ്ചാനലിന്റെ തീരത്തു നോർമാന്റിയും ബ്രിട്ടാനിയും ചേരുന്ന ഭാഗത്തു മാത്രമേ എനിയ്ക്കു കാണാൻ കഴിഞ്ഞിട്ടുള്ളൂ. താഴെ ബാൽബെക്കിനോടു ചേർന്നുള്ള പ്രാകൃതമായ പ്രദേശങ്ങൾക്കിടയിൽ ശാന്തമനോഹരമായൊരു ഉൾക്കടൽ ഇന്നും കാണാം. രക്താഭമായ സൂര്യാസ്തമയങ്ങൾക്കു പേരുകേട്ട ആ ഏഗേ താഴ്‌വരകൾ ഒരുപക്ഷേ സാധാരണവും അപ്രസക്തവുമായി നിലനിൽക്കുന്നു. സുന്ദരമായ സന്ധ്യാവേളകളിലെ ഈർപ്പമുള്ള സൗമ്യമായ അന്തരീക്ഷത്തിൽ അവിടത്തെ സ്വർഗീയപുഷ്പങ്ങൾ പെട്ടെന്നു പൊട്ടി വിടർന്നു മണിക്കൂറുകൾ നീണ്ടുനിൽക്കുന്ന അഭൗമമായ സുഗന്ധം പ്രസരിപ്പിയ്ക്കും. പെട്ടെന്ന് ഇലപൊഴിയ്ക്കുന്ന വൃക്ഷങ്ങൾ, ഗന്ധകത്തിന്റെ മഞ്ഞപ്പും റോസാപ്പൂവിന്റെ ചുവപ്പും ചേർന്ന ഇതളുകൾകൊണ്ടു നീലാകാശത്തിന്റെ വിചിത്രശകലങ്ങൾ എത്രമാത്രം ചമൽക്കാര ചാരുതയാണു പ്രതിഫലിപ്പിയ്ക്കുന്നതെന്നു പറഞ്ഞു ഫലിപ്പിയ്ക്കാവുന്നതല്ല! നാട്ടുകാർ 'ഒപ്പലെ'ന്നു പറയുന്ന ഉൾക്കടലിൽ, സുന്ദരിയായ ആൻഡ്രോമേഡയെപ്പോലെ, ഭീമാകാരമായ പാറക്കെട്ടുകളെ പുണർന്നു കിടക്കുന്ന സ്വർണനിറമുള്ള മണൽപ്പരപ്പുകൾ വളരെ ആകർഷകമാണ്. ശ്മശാനതീരമെന്നു പൊതുവേ അറിയപ്പെടുന്ന ആ കടൽത്തീരത്തു വർഷകാലങ്ങളിൽ വേലിയേറ്റത്തിനിരയായി വൻകപ്പലുകൾ തകർന്നടിയാറുണ്ട്. ബാൽബെക്ക്...! ഭൂമിയുടെ അസ്ഥിസഞ്ചയത്തിലെ ഏറ്റവും ചിരപുരാതനമായ ഭൗതികാവശിഷ്ടം!. യഥാർത്ഥയോദ്ധാവിന്റെ വീര്യം തുളുമ്പുന്ന അഗാധമായ ഉൾക്കടൽ! അനട്ടോലെ ഫ്രാൻസ് - വശ്യവചസ്സായ അദ്ദേഹത്തിന്റെ പുസ്തകങ്ങൾ ഈ സുഹൃത്തു തീർച്ചയായും വായിച്ചിരിയ്ക്കണം - ഒരിയ്ക്കൽ ശപിയ്ക്കപ്പെട്ട ഭൂമിയെന്നു വിശേഷിപ്പിച്ച ലോകത്തിന്റെ മുനമ്പ്! അനന്തമായ മൂടൽമ

ഞ്ഞിൽ വിന്യസിയ്ക്കപ്പെട്ട സിമ്മേറിയക്കാരുടെ മാതൃഭൂമി! പൗരാണി കതയുടെ മാറ്റു മാറ്റി മറിയ്ക്കാനെന്നപോലെ ചില ഹോട്ടലുകളും കെട്ടിടങ്ങളും അവരവിടെ ഇപ്പോൾ പണിയുന്നുണ്ട്. പ്രാചീനമായ ആ തീരഭൂമി ഒരിയ്ക്കലെങ്കിലും സന്ദർശിയ്ക്കുന്നത് എത്ര ആഹ്ലാദകരമായൊരു അനുഭവമായിരിയ്ക്കും!"

"തീർച്ചയായും, അതെ! താങ്കൾക്കു ബാൽബെക്കിൽ ആരെയെങ്കിലും അറിയാമോ?" അച്ഛൻ നിഷ്കളങ്കതയോടെ ആരാഞ്ഞു. "ഇവനവിടെ മുത്തശ്ശിയേയും കൂട്ടി വേനലവധി ചിലവഴിയ്ക്കാൻ പോകുന്നു. ഒരു പക്ഷേ, എന്റെ ഭാര്യയും കൂടെയുണ്ടാകും".

അച്ഛന്റെ മുഖത്തേയ്ക്കുതന്നെ കണ്ണു നട്ടിരുന്ന ലെഗ്രാൻഡിനു പക്ഷേ, പെട്ടെന്നങ്ങനെ അപ്രതീക്ഷിതമായൊരു ചോദ്യം വന്നു വീണപ്പോൾ മറ്റെങ്ങും നോട്ടം തിരിയ്ക്കാൻ കഴിഞ്ഞില്ല; വർദ്ധിച്ചു വരുന്ന വികാരാവേശം നിയന്ത്രിയ്ക്കാൻ ബദ്ധപ്പെടുന്നതുപോലെ അദ്ദേഹം കുറച്ചുനേരം ചിന്താകുലനായി പുഞ്ചിരി തൂകി നിന്നു. അതേസമയം അച്ഛന്റെ മുഖഭാവം നേരിടാൻ യാതൊരു ഭയവുമില്ലെന്നു സൂചിപ്പിയ്ക്കുന്ന നിഷ്കപടഭാവത്തോടെ, വെറുമൊരു സ്ഫടികഗോളം മാത്രമായ തലയോട് തുളച്ചു മറുപുറം കടന്നതായി ബോദ്ധ്യപ്പെടുന്നതുവരെ ആ നോട്ടത്തിന്റെ തീക്ഷ്ണതയ്ക്കു കാഠിന്യം സാവകാശം വർദ്ധിപ്പിച്ചു; മാത്രമല്ല, ബാൽബെക്കിൽ പരിചയമുള്ളവരെ സംബന്ധിച്ച ചോദ്യത്തിനു മറ്റേതോ ചിന്തിച്ചതുകൊണ്ടാണു മറുപടി പറയാതിരുന്നതെന്നു ഭാവിച്ചു ലെഗ്രാൻഡിൻ അങ്ങകലെ വിദൂരതയിൽ തിളങ്ങുന്ന ഒരു മേഘശകലത്തിലേയ്ക്കു കണ്ണയയ്ക്കുകയും ചെയ്തു. ചിലപ്പോൾ ഈ തന്ത്രത്തിനു മറുപടിയായി ചോദ്യകർത്താവ് വീണ്ടും ആരാഞ്ഞെന്നു വരും: 'എന്ത്, എന്തിനെക്കുറിച്ചാണു താങ്കൾ ചിന്തിയ്ക്കുന്നത്?'. പക്ഷേ, അച്ഛൻ ക്രൂരമായ സത്യാന്വേഷണതൃഷ്ണയോടെ കടുത്ത അസഹ്യത ഭാവിച്ചു ചോദ്യം ഒരിയ്ക്കൽക്കൂടി ആവർത്തിയ്ക്കുകയാണു ചെയ്തത്: "ബാൽബെക്കിനെക്കുറിച്ചു നന്നായറിയാവുന്ന താങ്കൾക്ക് ആ പ

രിസരത്തു സുഹൃത്തുക്കളാരുമില്ലേ?“

ആശയറ്റ അവസാനത്തെ പരിശ്രമത്തിൽ ലെഗ്രാൻഡിന്റെ ശൂന്യമായ നോട്ടം, അവ്യക്തതയും അസ്വസ്ഥതയും ചേർന്ന ഒരു സമ്മിശ്രഭാവത്തിലേയ്ക്കു വഴുതിവീണു. ഇനി ഉത്തരം പറയുകയല്ലാതെ മറ്റൊരു മാർഗമില്ലെന്നു വെളിവായ അദ്ദേഹം ഞങ്ങളോടു പറഞ്ഞു: “എനിയ്ക്കു ലോകത്തെമ്പാടും സുഹൃത്തുക്കളുണ്ട്! കാറ്റും കോളും നിറഞ്ഞു ക്ഷോഭിച്ചിരുണ്ട ആകാശം നിർദ്ദയം പ്രയോഗിയ്ക്കുന്ന ചാട്ടവാറേറ്റു വേദനിച്ചിട്ടും തല കുനിയ്ക്കാത്ത വൃക്ഷനിരകൾ നിരനിരയായി നിന്നു കരളലിയിയ്ക്കുന്ന നിർബന്ധബുദ്ധിയോടെ സഹായത്തിനു കേഴുന്നിടത്തൊക്കെ എനിയ്ക്കു സുഹൃത്തുക്കളുണ്ട്!“.

“സത്യത്തിൽ, ഞാനതല്ല ഉദ്ദേശിച്ചത്!“, തരുനിരകളുടെ പിടിവാശിയും ആകാശത്തിന്റെ നിർദ്ദയത്വവും വാക്കുകളിൽ കുത്തിനിറച്ച് അച്ഛൻ ഇടയ്ക്കുകയറി പറഞ്ഞു. “എന്റെ ഭാര്യയുടെ അമ്മയ്ക്കു വല്ലതും സംഭവിച്ചാൽ, ഭൂമിയുടെ ആ മുനമ്പത്തു തീർത്തും ഒറ്റയ്ക്കല്ലെന്നു തോന്നാതിരിയ്ക്കാൻ തക്കവിധം താങ്കൾക്കാരെയെങ്കിലും പരിചയമുണ്ടോ എന്നാണു ഞാൻ ചോദിച്ചത്!“.

“അവിടെ എനിയ്ക്കെല്ലാവരേയും അറിയാം. പക്ഷേ പറയത്തക്ക ആരേയും പരിചയവുമില്ല!“, അപ്പോഴും കീഴടങ്ങാൻ തയാറാകാതെ ലെഗ്രാൻഡിൻ പറഞ്ഞു. “ദേശത്തിന്റെ ഭൂമിശാസ്ത്രം അറിയാമെങ്കിലും ജനങ്ങളെക്കുറിച്ചു വ്യക്തമായൊരു ധാരണ എനിയ്ക്കില്ല!. ഓരോ ദേശത്തേയും ഒരു മനുഷ്യനായാണു ഞാൻ കാണുന്നത്. ജീവിതത്തിന്റെ ആകുലതകളിൽ ദുഷിച്ചു നാമാവശേഷമാകാതെ മൃദുലമായ ചില ഭാവങ്ങളുടെ വരദാനത്തിൽ അനുഗൃഹീതരായ ജനങ്ങൾ! കിഴുക്കാംതൂക്കായ പാറകൾക്കു മുകളിലെ പാതയോരത്തു നിങ്ങളെ കാത്തിരിയ്ക്കുന്നതു മിക്കവാറും സന്താപങ്ങളിൽ മുഴുകിയ പൂർണചന്ദ്രനും സാന്ധ്യാകാശനീലിമയിൽ ധ്യാനിച്ചു നിൽക്കുന്ന ഒരു മണിമന്ദിരവുമായിരിയ്ക്കും. നീലപ്പട്ടു പുതച്ച ജലപ്പരപ്പു കീറി മുറിച്ച് തീരത്തേയ്ക്കു മടങ്ങുന്ന വള്ളങ്ങളുടെ മേലോട്ടു വലിച്ചുയർത്തിയ പായകളിൽ ആകാ

ശത്തിന്റെ വർണഭംഗിയാകെ വിടർന്നുവരുന്നതു നമുക്കു നേരിട്ടു കാണാം. ഭയപ്പെടുത്തുന്നവിധം വിജനവും വിരൂപവുമാണെങ്കിലും, ഒരു പക്ഷേ, ഉല്ലാസവും വൈരാഗ്യവും നിറഞ്ഞു തുളുമ്പുന്ന നിഗൂഢമായൊരു ലതാനികുഞ്ജമായും നമുക്കതിനെ വിശേഷിപ്പിയ്ക്കാം". മാക്കിയവെല്ലിയുടെ യുക്തിവൈചിത്ര്യത്തോടെ അദ്ദേഹം തുടർന്നു, "യാഥാർത്ഥ്യത്തെ നേരിൽ കാണാത്ത ആ കേദാരഭൂമിയുടെ അനന്തമായ കൽപ്പിതകഥകൾ ഒരുപക്ഷേ, കുട്ടികളെ വഴിപിഴപ്പിച്ചേക്കാം. വിഷാദചിന്തകളിലേയ്ക്കു നടന്നടുക്കുന്ന ഈ യുവസുഹൃത്തിനു പക്ഷേ ഞാനതു ചൂണ്ടിക്കാണിയ്ക്കുന്നതു ശരിയല്ല. കാമനയും പശ്ചാത്താപവും ഉണർന്നു വരുന്ന കാലാവസ്ഥാവ്യതിയാനങ്ങൾ, ഒരുപക്ഷേ, വയോവൃദ്ധനും മോഹമുക്തി വന്നവനുമായ എനിയ്ക്കു യോജിച്ചതായിരിയ്ക്കാം; പക്ഷേ, സഹജഭാവങ്ങൾക്കു രൂപം കൈവരാത്ത ഇളംതലമുറക്കാർക്കതു മാരകമായി തീർന്നേക്കാം! ഞാൻ പറയുന്നതു വിശ്വസിയ്ക്കൂ", വാക്കുകൾക്കു പ്രത്യേകം ഊന്നൽകൊടുത്ത് അദ്ദേഹം തുടർന്നു, "വെറുമൊരു നോർമനേക്കാൾ മിക്കവാറും ബ്രിട്ടനായ ആ ഉൾക്കടലിലെ ജലവിതാനത്തെക്കുറിച്ച് അഭിപ്രായവ്യത്യാസങ്ങളുണ്ടെങ്കിലും, യാതൊരുവിധ മരുന്നുകളും ഫലിയ്ക്കാതെ ആസന്നമരണനായി കഴിയുന്ന എന്നെപ്പോലുള്ളവർക്കു ശാന്തിയും സമാധാനവും നൽകാനുള്ള കഴിവ് തീർച്ചയായും അവയ്ക്കുണ്ട്. പക്ഷേ നിന്റെ ഈ ഇളംപ്രായത്തിൽ, എന്റെ യുവസുഹൃത്തേ, ആ ജലോപരിതലം വഴുതി വീഴാവുന്ന വിപരീതപ്രകൃതിയായിരിയ്ക്കും...! ശുഭരാത്രി, നല്ലവരായ അയൽക്കാരേ, നിങ്ങൾക്കു ശുഭരാത്രി...!". ഇതിനകം ഞങ്ങൾക്കേറെ പരിചിതമായ പെട്ടെന്നുള്ള ഒഴിഞ്ഞുമാറലിന്റെ ഒഴുക്കിൽ അദ്ദേഹം ധൃതിപ്പെട്ടു നടന്നകന്നുപോയി. അടുത്ത നിമിഷം പിന്തിരിഞ്ഞുനിന്ന്, ഒരു വൈദ്യന്റെ കർക്കശഭാവത്തോടെ അദ്ദേഹം വിരലുയർത്തി സ്വന്തം അഭിപ്രായം ഒരിയ്ക്കൽക്കൂടി ആവർത്തിച്ചു: "അൻപതു വയസ്സിനു മുമ്പ് ബാൽബെക്കിനെക്കുറിച്ചു ചിന്തിയ്ക്കുകയേ വേണ്ട!". പിന്നീട് എന്നോടു മാ

ത്രുമായി അദ്ദേഹം വിളിച്ചുപറഞ്ഞു, "അതെ, കരളിനും മനസ്സിനും ആരോഗ്യം ഉറപ്പാക്കാമെങ്കിൽ മാത്രം!".

പിന്നീട്ട തമ്മിൽ കാണുമ്പോഴൊക്കെ അച്ഛൻ ബാൽബെക്കിനെക്കുറിച്ചുള്ള ചോദ്യങ്ങൾകൊണ്ട് ലെഗ്രാൻഡിനെ പൊറുതിമുട്ടിച്ചു; പക്ഷേ, സ കലതും പാഴ്വേലയായി മാറി. അപൂർവഗ്രന്ഥങ്ങളുടെ ദുർലഭമായ കൈയെഴുത്തുപ്രതി കൃത്രിമമായി രചിച്ച പേരും പെരുമയും നേടുന്ന വിദ്യാസമ്പന്നരായ ചില കപടനാട്യക്കാരുണ്ട്; അതിനുവേണ്ടി സമർപ്പിയ്ക്കുന്ന അദ്ധ്വാനത്തിന്റെ നൂറിലൊരംശം ഉപയോഗിച്ചാൽ ബഹുമാന്യമായ പദവികളലങ്കരിയ്ക്കാൻ കഴിയുമെങ്കിലും അവരതിനു സാധാരണ മുതിരാറില്ല; അതുപോലെ, ഞങ്ങൾ നിർബന്ധിച്ചിരുന്നെങ്കിൽ നോർമാൻഡി താഴ്വരയുടെ സ്വർഗീയമായൊരു ഭൂമിശാസ്ത്രവും കാലാവസ്ഥയും ആധാരമാക്കി നല്ലൊരു ധർമ്മസംഹിതപോലും ലെഗ്രാൻഡിൻ രചിയ്ക്കുമായിരുന്നു; പക്ഷേ, ബാൽബെക്കിൽനിന്നൊരു മൈലകലെ സ്വന്തം സഹോദരി താമസിയ്ക്കുന്ന വസ്തുതമാത്രം ഒരിയ്ക്കലും അദ്ദേഹം സമ്മതിച്ചതരില്ല. മുത്തശ്ശിയുടെ പ്രകൃതം നന്നായറിയാവുന്ന കുടുംബസുഹൃത്തെന്ന നിലയിൽ, ഞങ്ങൾക്കു നൽകുന്ന കത്ത് എങ്ങനെയൊക്കെ ഉപയോഗിയ്ക്കപ്പെടാമെന്നു ചിന്തിച്ചിരുന്നെങ്കിൽ അതിലേറെ ഭീകരമായൊരു ഭയാശങ്ക ജീവിതത്തിലൊരിയ്ക്കലും അദ്ദേഹം അനുഭവിയ്ക്കാൻ സാദ്ധ്യതയില്ല!.

അത്താഴത്തിനുമുമ്പ് അമ്മായിയെ ഒരിയ്ക്കൽക്കൂടി കാണാമെന്നു കരുതി വൈകുന്നേരത്തെ നടത്തം നേരത്തേ മതിയാക്കി ചില ദിവസങ്ങളിൽ ഞങ്ങൾ പെട്ടെന്നു തിരിച്ചെത്തും. കോംബ്രേയിൽ പകലിനു നീളം കുറഞ്ഞ ദിവസങ്ങളിൽ, ഞങ്ങൾ റൂസാങ്സ്പിരിറ്റിന്റെ വളവു തിരിയുമ്പോഴേയ്ക്കും വീടിന്റെ ജനാലകളിലും കാൽവരിയുടെ അടിവാരത്തും ചുവപ്പുരാശി കലർന്ന മഞ്ഞനാടയായി കാണുന്ന പശ്ചിമാകാശത്തിന്റെ ശോണശോഭ, തടാകത്തിലെ ജലോപരിതലത്തിൽ ദീപ്തമായൊരു പോക്കുവെയിലായി ഒഴുകിനീങ്ങും. കുത്തിനോവിയ്ക്കുന്ന ഒരുതരം തണുപ്പ് അരിച്ചരിച്ചു കയറുന്ന ആ സമയം, സായംസ

സന്ധ്യയുടെ കാവ്യാനുഭൂതിയ്ക്കു പകരമായി എന്റെ മനസ്സിൽ അടുപ്പിലെ തീനാളങ്ങൾക്കു മുകളിൽ പൊരിയുന്ന കോഴിയിറച്ചിയുടെ ഓർമ്മ യും ഊഷ്മളമായ വിശ്രമത്തിന്റെ രസാനുഭൂതികളും കടന്നുവന്നു. വേ നൽക്കാലത്തു ഞങ്ങൾ വീട്ടിൽ തിരിച്ചെത്തുമ്പോൾ പക്ഷേ സൂര്യൻ അസ്തമിച്ചു കഴിഞ്ഞിരിയ്ക്കില്ല. അമ്മായിയുടെ മുറിയിൽ ജനലഴികളെ സ്പർശിച്ചു മങ്ങിത്തുടങ്ങുന്ന സൂര്യരശ്മികൾ കർട്ടന്റെ മടക്കുകളിലും ചു റ്റിവരിഞ്ഞ ചരടിലും കുറച്ചുനേരം തങ്ങിനിന്നശേഷം പല കഷണ ങ്ങളായി ചിതറിത്തെറിച്ചു മേശവലിപ്പിനു പുറത്തെ പതക്കങ്ങളിൽ തട്ടി, വൃക്ഷങ്ങളുടെ തായ്ത്തടികളിൽ സുതാര്യവും സൂക്ഷ്മവുമായി ചെ രിഞ്ഞുപതിയ്ക്കുന്ന നിഴൽപോലെ, മുറിയാകെ പ്രകാശപൂരിതമാക്കും. അപൂർവം ചില ദിവസങ്ങളിൽ, ഞങ്ങളെത്തുമ്പോൾ പടിഞ്ഞാറേ മാനത്തുനിന്നുള്ള രശ്മികൾക്കു ജനലഴികളിൽ പ്രതിഫലിയ്ക്കാനുള്ള ബലം നഷ്ടപ്പെട്ടു മേശവലിപ്പുകളുടെ ക്ഷണികഭംഗി മങ്ങിക്കഴിഞ്ഞി രിയ്ക്കും. കാൽവരിയുടെ താഴെ തടാകത്തിൽ വൈവർണ്യഭാവം പകർ ന്ന നിലാവിന്റെ ഒരു നാട, ജലോപരിതലത്തിലെ ഓളങ്ങൾക്കനുസ രിച്ചു വളയുകയും മുറിയുകയും വിരിയുകയും ചെയ്തു നീണ്ടു കിടക്കുന്നതു കാണാം. വീട്ടിലെത്തുന്ന ഞങ്ങളെ കാത്തു വാതിൽക്കൽ നിൽക്കു ന്ന അവ്യക്തരൂപത്തെ തിരിച്ചറിഞ്ഞ് അമ്മ പറയും: "ദൈവമേ! അ വിടെയതാ ഫ്രാങ്കോയ്സ് നമ്മെ കാത്തു നിൽക്കുന്നു, നിന്റെ അമ്മാ യിക്ക് ഉൽക്കണ്ഠ വല്ലാതെ വർദ്ധിച്ചിരിയ്ക്കും. അതായത് നമ്മൾ വള രെയേറെ വൈകിപ്പോയെന്നർത്ഥം!".

കൈവശമുള്ള 'സാധന'ങ്ങൾ താഴെവെയ്ക്കാൻ മിനക്കെടാതെ ഉട നെ ശാരീരികമായ സാന്നിദ്ധ്യംകൊണ്ട് അമ്മായിയുടെ ആശങ്ക അ സ്ഥാനത്താണെന്നു തെളിയിച്ചു സാന്ത്വനം പകരാൻ ഞങ്ങൾ മുക ളിലെ മുറിയിലേയ്ക്കു ഓടിക്കയറും. അന്നേദിവസം യാത്ര പുറപ്പെട്ടതു ഗ്വെർമാന്റിസ് വഴിയായിരുന്നെന്നും, ആ വഴി പോയാൽ എപ്പോഴാ ണു തിരിച്ചെത്തുന്നതെന്നു തീർത്തു പറയാനാവില്ലെന്ന വസ്തുത അ മ്മായിയ്ക്കു നല്ല ബോദ്ധ്യമുള്ളതാണെന്നും, അതുകൊണ്ടു പ്രത്യേകിച്ച്

ഒരപകടവും സംഭവിച്ചിട്ടില്ലെന്നും അവരെ പറഞ്ഞു മനസ്സിലാക്കാൻ ഞങ്ങളേറെ ബദ്ധപ്പെടും.

“നോക്ക്, ഫ്രാങ്കോയ്സ്“, അമ്മായി പറയും. “ഞാൻ നിന്നോടു പറഞ്ഞില്ലേ, ഗ്വെർമാന്റിസ് വഴിയായിരിയ്ക്കും അവർ പോയതെന്ന്? ദൈവത്തിനു സ്തുതി, അവർക്കു വല്ലാതെ വിശക്കുന്നുണ്ടാകും! നാവിൽ വെള്ളമൂറുന്ന ആട്ടിറച്ചി അടുപ്പത്തു കരിയാൻ തുടങ്ങിയിരിയ്ക്കും. അപ്പോൾ.. നിങ്ങൾ ഗ്വെർമാന്റിസ് വഴിയാണു പോയത്, അല്ലേ?“.

“അതേ, ലിയോണി! ഒരുപക്ഷേ നിങ്ങളതു മനസ്സിലാക്കിയിരിയ്ക്കുമെന്നു ഞാൻ കരുതി“, അമ്മ മറുപടി പറയും. “തോട്ടത്തിന്റെ പടിവാതിലിലൂടെ ഞങ്ങൾ പുറത്തുകടക്കുന്നതു ഫ്രാങ്കോയ്സ് കണ്ടുകാണുമെന്നു ഞാൻ വിചാരിച്ചു“.

കോംബ്രേയുടെ പരിസരത്തു സായാഹ്നസഞ്ചാരത്തിനു ഞങ്ങൾ രണ്ടു 'വഴി'കളാണുപയോഗിച്ചിരുന്നത്. രണ്ടും വിപരീതദിശയിലായതുകൊണ്ട് ഓരോ ദിവസവും തിരഞ്ഞെടുക്കുന്ന വഴിയനുസരിച്ച് ഞങ്ങൾ വീട്ടിൽ നിന്നു പുറത്തു കടക്കുന്ന വാതിലും വ്യത്യാസപ്പെട്ടിരുന്നു: മെസെഗ്ലിസെ വിനെയൂസിനു നേർക്കു നടന്നാൽ സ്വാനിന്റെ തോട്ടം ചുറ്റിക്കടക്കണം; അതുകൊണ്ടു ഞങ്ങളതിനെ 'സ്വാനിന്റെ സഞ്ചാരവഴി'യെന്നും മറ്റേതിനെ 'ഗ്വെർമാന്റിസ് സഞ്ചാരവഴി'യെന്നും പേരിട്ടു വിളിച്ചു. ഞായറാഴ്ചകളിൽ കോംബ്രേയിൽ കാറ്റുകൊള്ളാൻ വരുന്ന അപൂർവം ചില അപരിചിതരെയല്ലാതെ, മെസെഗ്ലിസെ വിനെയൂസിൽ ഞങ്ങൾക്കാരേയും 'പരിചയ'മുണ്ടായിരുന്നില്ല. നേരേ മറിച്ച്, ഗ്വെർമാന്റിസ് വഴിയെക്കുറിച്ചു വളരെ വിസ്തരിച്ചുതന്നെ എനിയ്ക്കു പറയാനുണ്ട്. അങ്ങനെ ‘മെസെഗ്ലിസെ‘ന്നാൽ എത്രയേറെ മുന്നോട്ടു പോയാലും നാട്ടുവഴികളുമായി യാതൊരു ബന്ധവുമില്ലാതെ, നേർക്കാഴ്ചയിൽനിന്നു മറഞ്ഞുനിൽക്കുന്ന ചക്രവാളംപോലെ, എത്തിപ്പിടിയ്ക്കാൻ കഴിയാത്ത ഒരു ലക്ഷ്യസ്ഥാനമായി മാറി; അതേസമയം, സാങ്കൽപ്പികമായൊരു മുനമ്പിലേയ്ക്കു നടന്നു കയറുന്ന 'ഗ്വെർമാന്റിസ് വഴി' ഭൂഖണ്ഡങ്ങളെ വേർതിരിയ്ക്കുന്ന ഭൂമദ്ധ്യരേഖയും ഉത്ത

രധ്രുവവുംപോലെ കേവലമായൊരു ഭ്രമിശാസ്ത്രസംജ്ഞയായി മാത്ര മേ ഞാനക്കാലത്തു മനസ്സിലാക്കിയിരുന്നുള്ളൂ. അതുകൊണ്ട് 'മെസ് ഗെലെസ്' ലക്ഷ്യം വെച്ച 'ഗ്വെർമാന്റിസ് വഴി' പോകുന്നതും, നേരേ മറിച്ചും, പടിഞ്ഞാറു ലക്ഷ്യമാക്കി കിഴക്കോട്ടു നടക്കുന്നതുപോലെ അസംബന്ധജടിലമായാണു ഞാൻ കണ്ടത്. സമതലദൃശ്യങ്ങളുടെ ചാരുതയാണു 'മെസ്ഗെലെസ് വഴി'യെന്നും നദീതടങ്ങളുടെ നിദർ ശനമാണു 'ഗ്വെർമാന്റിസ് വഴി'യെന്നും പതിവായി പറഞ്ഞു കേൾ ക്കുമ്പോൾ, മനസ്സിന്റെ മതിഭ്രമങ്ങൾക്കു മനസ്സിലാക്കാവുന്ന പരസ്പരാ ശ്രിതത്വത്തിന്റെ രണ്ടു വ്യത്യസ്തസത്തകളായി ഞാനവയെ ഹൃദയത്തി ൽ പ്രതിഷ്ഠിച്ചു. രണ്ടു വഴികൾക്കും തൊട്ടു താഴെയുള്ള പുണ്യഭ്രമിയി ൽ കാലെടുത്തുവെയ്ക്കുമ്പോൾ, നാടകശാലയിലേയ്ക്കു കുതിച്ചോടുന്ന ആ സ്വാദകന്റെ കണ്ണിൽ വിസ്മൃതങ്ങളാകുന്ന ഇടുങ്ങിയ തെരുവുകൾപോ ലെ, ലൗകികത തുളുമ്പുന്ന പാതകളുടെ ചില സന്ധികളിൽനിന്നുള്ള കാഴ്ചകളായി സമതലങ്ങളും നദീതടങ്ങളും രണ്ടാമതൊന്നുകൂടി ശ്ര ദ്ധിയ്ക്കാനിടയില്ലാത്തവിധം ആകർഷകത്വം നഷ്ടപ്പെട്ടതായി എനിയ്ക്കു തോന്നി. മൈലുകളും വാരകളുമായി അളന്നു കുറിയ്ക്കുന്ന ഭൗതികദൂര ത്തേക്കാൾ വ്യതിരിക്തമായി പക്ഷേ ആ രണ്ടു പ്രദേശങ്ങളും തമ്മിലു ള്ള ദൂരം ഞാനെന്റെ മനസ്സിൽ പ്രത്യേകമായി വ്യവസ്ഥ ചെയ്തു സൂ ക്ഷിച്ചു. ഓരോ വസ്തുവിനും കൃത്യമായൊരു മൌലികത നൽകി വ്യ ത്യസ്തതലങ്ങളിലാണെന്നു തോന്നിയ്ക്കുന്നതാണു കാലംകൊണ്ടു മാ ത്രം വലിച്ചു നീട്ടാൻ കഴിയുന്ന സവിശേഷമായ ആ ദൂരം! ഒരേ സമ യം അതല്ലെങ്കിൽ ഒരേ നടത്തത്തിൽ നമുക്കൊരിയ്ക്കലും രണ്ടു വഴി യേ നടക്കാൻ കഴിയാത്തതുകൊണ്ട്, ഒരിയ്ക്കൽ 'മെസെഗ്ലിസെ വ ഴി'യും മറ്റൊരിയ്ക്കൽ 'ഗ്വെർമാന്റിസ് വഴി'യുമെന്ന രീതിയിലാകുമ്പോ ൾ, ഒന്നിനു മറ്റൊന്നിന്റെ അസ്തിത്വം മനസ്സിലാക്കാനാവാതെ, അടച്ചു പൂട്ടിയ പാത്രങ്ങളിൽ പൊതുവായ വിനിമയോപാധികളില്ലാതെ ര ണ്ടിനും കേവലമായൊരു മാനം വന്നു മൗലികവും വ്യത്യസ്തവുമായ

സഞ്ചാരങ്ങളായി മനസ്സിലെന്നും അവശേഷിയ്ക്കും.

'മെസെഗ്ലിസെ വഴി'യാണ് പോകുന്നതെന്ന് തീരുമാനിച്ചു കഴിഞ്ഞാൽ, മാനത്തു കറുത്ത മേഘങ്ങൾ ഇരുണ്ടു കൂടുന്നതു കണ്ടാൽപ്പോലും, സമയവും ദൂരവും കുറവായതുകൊണ്ട് അനാവശ്യമായ ബദ്ധപ്പാടു കാണിയ്ക്കാതെ, മുൻവശത്തു റൂസാങ്സ്പിരിറ്റിലേയ്ക്കുള്ള വാതിൽ തുറന്നു ഞങ്ങൾ പുറത്തുകടക്കും. പോകുന്ന വഴി കൊല്ലപ്പണിക്കാരന്റെ ഉപചാരം സ്വീകരിയ്ക്കുകയും തപാൽപ്പെട്ടിയിൽ കത്തിടുകയും ഫ്രാങ്കോയ്സിന്റെ ആവശ്യപ്രകാരം തിയഡോറിനോടു കാപ്പിപ്പൊടി തീർന്നുപോയ കാര്യം പറഞ്ഞേൽപ്പിയ്ക്കുകയും ചെയ്തു ഞങ്ങൾ പട്ടണം വിട്ടു നാട്ടുവഴിയിലൂടെ സ്വാനിന്റെ തോട്ടത്തിനു ചുറ്റും ചായം പൂശിയ വേലിയുടെ ഓരം ചേർന്നു നടക്കും. അതിനുമുമ്പേതന്നെ തോട്ടത്തിലെ ചെമ്പകപ്പൂക്കളുടെ സൗരഭ്യം ഞങ്ങളെ സ്വാഗതം ചെയ്തു പുറത്തേയ്ക്കു പ്രസരിയ്ക്കും. പൊൻവെയിലിൽ കുളിച്ചു വെള്ളയും ചുവപ്പും നിറമുള്ള റോസാപ്പൂക്കൾ, മുകുളങ്ങളായി പൊട്ടിപ്പടരുന്ന പച്ചിലപ്പടർപ്പിനിടയിൽനിന്നു തിളക്കം നഷ്ടപ്പെടാതെ വേലിയുടെ പുറത്തേയ്ക്കു ജിജ്ഞാസാഭാവത്തോടെ തലനീട്ടി നോക്കും. ചെടികളുടെ ഇളംചുവപ്പു കലർന്ന വിടരാറായ പൂമൊട്ടുകൾ, സ്വാനിന്റെ കാവൽക്കാരൻ താമസിയ്ക്കുന്ന ഓടിട്ട വീടിന്റെ ത്രികോണമുഖപ്പിനു മുകളിൽ മസ്ജിദുകളുടെ ഗോപുരശിഖരംപോലെ കാണപ്പെട്ടു. വസന്തകന്യകകളെ വെറും പ്രാകൃതകളാക്കി മാറ്റി നിർത്തുന്ന ആ യവനസുന്ദരികൾ, ഈ യൂറോപ്യൻ പൂങ്കാവനത്തിനു പക്ഷേ ഉജ്ജ്വലമായൊരു പേർഷ്യൻ പ്രതിരൂപാത്മകതയാണ് സമ്മാനിച്ചത്. ചാഞ്ഞു കിടക്കുന്ന ശാഖകൾ താഴോട്ടു വലിച്ചടുപ്പിച്ചു സുഗന്ധസുരഭിലമായ ശിരസ്സിൽ വിടർന്ന നക്ഷത്രങ്ങൾ ചുംബിയ്ക്കാൻ എനിയ്ക്കു വല്ലാത്തൊരു ദാഹം അനുഭവപ്പെട്ടു. പക്ഷേ, സ്വാനിന്റെ വിവാഹശേഷം ടാൻസൻവില്ല സന്ദർശിയ്ക്കുന്നതിൽ കുടുംബാംഗങ്ങൾ തീരെ താൽപ്പര്യം കാണിയ്ക്കാത്തതുകൊണ്ട്, തോട്ടത്തിലേയ്ക്കു നോക്കുന്നതായി ഭാവിയ്ക്കാതെ അവർ നടത്തം തുടർന്നു. തോട്ടത്തിന്റെ അതിരിനോടു ചേർന്നു തുറസ്സായ പാട

ത്തേയ്ക്കു കയറുന്ന പാതയിലൂടെ നടക്കുന്നതിനു പകരം ഞങ്ങൾ അതേ ദിശയിൽ, വീട്ടിൽനിന്നു കുറച്ചേറെ മാറി വളഞ്ഞു തിരിഞ്ഞ മറ്റൊരു വഴിയാണു തിരഞ്ഞെടുത്തത്.

ഒരുദിവസം ഞങ്ങൾ ആ വഴി നടന്നുപോകുമ്പോൾ മുത്തച്ഛൻ അച്ഛനോടു പറഞ്ഞു: "ഭാര്യയും മകളും റീംസിലേയ്ക്കു പോയതുകൊണ്ട് ഒന്നുരണ്ടു ദിവസം സ്വാൻ പാരീസിലുണ്ടാകുമെന്നു പറഞ്ഞതു നീയോർക്കുന്നില്ലേ? സ്ത്രീകളാരും വീട്ടിലില്ലാത്തതുകൊണ്ടു നമുക്കിന്നു തോട്ടത്തിനരികിലൂടെ നടക്കാം; വഴി കുറെ ലാഭിയ്ക്കുകയും ചെയ്യാം!".

ഞങ്ങൾ തോട്ടത്തിന്റെ വേലിയ്ക്കരികെ ഒരു നിമിഷം നിന്നു. പൂക്കാലം മിക്കവാറും അവസാനിയ്ക്കാറായെങ്കിലും ചില വൃക്ഷങ്ങൾ വിടർന്നുല്ലസിയ്ക്കുന്ന ചെറുപുഷ്പങ്ങളുടെ ബഹുശാഖാദീപങ്ങൾ തെളിയിച്ച പ്രൗഢമായ ശിരസ്സുയർത്തി നിന്നു. ഒരാഴ്ച മുമ്പുവരെ പച്ചിലപ്പടർപ്പിൽനിന്നു സുരഭിലഗന്ധം പരത്തിയ പുഷ്പദളങ്ങൾ പലതും വാടി നിറം മങ്ങി മലിനാവശിഷ്ടങ്ങളായി മണ്ണിൽ വീണു കിടന്നു. വർഷങ്ങൾക്കുശേഷവും തോട്ടത്തിന്റെ ചില ഭാഗങ്ങൾ മാറ്റമില്ലാതെ തുടരുന്നതും ചിലയിടത്തെ പുതുമകളും വിശദീകരിയ്ക്കുന്നതിനിടയിൽ മുത്തച്ഛൻ, മരിച്ചുപോയ സ്വാനിന്റെ ഭാര്യയുടെ മരണദിവസം ആ വഴി ഒരുമിച്ചു സംസാരിച്ചു നടന്ന കഥ വീണ്ടും ആവർത്തിയ്ക്കാൻ മറന്നില്ല.

ശക്തമായ സൂര്യാതപം സഹിച്ചും വാടാതെ നിൽക്കുന്ന മൈലാഞ്ചിയുടെ വേലികൊണ്ടു മോടിയോടെ അതിരു തിരിച്ച ഒരു നടപ്പാത ഞങ്ങളുടെ മുമ്പിൽ വീടിനു നേർക്കായി നീണ്ടുനിവർന്നു കിടന്നു. വലതുവശത്തെ തോട്ടം ബഹുദൂരം പരന്നു സമനിരപ്പായിരുന്നു. സ്വാനിന്റെ അച്ഛൻ നേരത്തേ പണി കഴിപ്പിച്ച 'ജലാശയം' നിരന്നു നിൽക്കുന്ന ചില വൃക്ഷങ്ങളുടെ തണലിലായി ഞങ്ങൾ കണ്ടു. മനുഷ്യന്റെ സൂക്ഷ്മമായ കലാസൃഷ്ടികൾക്കുപോലും അസംസ്കൃതവസ്തുവായി മാറുന്നതു പ്രകൃതിയാണെന്നു തെളിയിയ്ക്കുന്നവിധം നൈസർഗികമായൊരു ചാരുത അന്തരീക്ഷത്തിൽ നിറഞ്ഞു. തോട്ടത്തിന്റെ ചില ഭാഗങ്ങൾ ജലാശയത്തിന്റെ പ്രത്യേകമായ പരമാധികാരത്തിനു വഴി

പ്പെട്ടു ജൈവികമായ മാറ്റങ്ങൾക്കു വിധേയമാകാതെ, 'ആസൂത്രണം ചെയ്യപ്പെട്ട' ദൃശ്യങ്ങൾക്കുപരി അലൗകികമായ മാനം പകർന്നു മനുഷ്യന്റെ കരവിരുതിനുമേൽ തനതായൊരു മുദ്ര പതിപ്പിച്ചു. അതു കൊണ്ടാണു കൃത്രിമമായ തടാകത്തിലേയ്ക്കു നയിയ്ക്കുന്ന നടവഴിയ്ക്കരികെ ഇരുവശവും നിരന്ന നാലുമണിപ്പൂക്കളും ഇമചിമ്മുന്ന ഉഷമലരികളും തികച്ചും സ്വാഭാവികമായ രീതിയിൽ ജലദേവതമാരുടെ പുരികക്കൊടികൾക്കു മീതെ ചാർത്തിയ നീലഹാരങ്ങളായി മാറുന്നത്! അതുകൊണ്ടാണു ജലപുഷ്പങ്ങളുടെ വർണരാജികളിൽ ഇളകിയാടുന്ന മഴവിൽക്കാവടികൾ ആ ജലസാമ്രാജ്യത്തിന്റെ മഹിമകൾ പാടിപ്പുകഴ്ത്തുന്നത്!

ബെർഗോത്തിനെ അടുത്ത സുഹൃത്തായി അവരോധിയ്ക്കുകയും ഒരുമിച്ചു ദേവാലയങ്ങൾ സന്ദർശിയ്ക്കുന്ന അസൂയാർഹമായ ആനുകൂല്യം അനുഭവിയ്ക്കുകയും ചെയ്യുന്ന മിസ് സ്വാൻ ഒരുപക്ഷേ ആ നടവഴിയിൽനിന്നു പൊടുന്നനെ പുറത്തു വരുമെന്നു ഞാൻ പ്രതീക്ഷിച്ചു. അവളെന്നെ തിരിച്ചറിഞ്ഞു പുച്ഛത്തോടെ നോക്കുന്ന ദാരുണമായൊരു അപകടസാദ്ധ്യത മനസ്സിൽ ഉറഞ്ഞുകിടന്നതു മൂലം, ടാൻസൻവില്ലയിലേയ്ക്ക് ആദ്യമായി നടത്തുന്ന ഈ സഹസികപര്യടനം തികഞ്ഞ നിസ്സംഗതയോടെ കാണാൻ അവളുടെ അസാന്നിദ്ധ്യത്തിൽ എനിയ്ക്കു കഴിഞ്ഞു. മാത്രമല്ല, അച്ഛന്റേയും മുത്തച്ഛന്റേയും കണ്ണിൽ ആ തോട്ടത്തിനു കൈവന്ന ഉന്മേഷകരമായ ചാരുതയിൽ, പർവതാരോഹണ സമയത്തു മേഘങ്ങളൊഴിഞ്ഞു തെളിഞ്ഞ നീലാകാശംപോലെ, പ്രസന്നമായ ആ ദിവസം, ഉത്സാഹത്തോടെ മുന്നോട്ടു നടക്കാൻ ഞങ്ങൾ തീരുമാനിച്ചു. എങ്കിലും, അവരുടെ കണക്കുകൂട്ടലുകൾ തെറ്റാണെന്നു തെളിയിച്ചു മിസ് സ്വാൻ അച്ഛന്റെകൂടെ തൊട്ടടുത്തു ഞങ്ങൾക്കു രക്ഷപ്പെടാൻ പഴുതു ലഭിയ്ക്കുന്നതിനുമുമ്പേ പ്രത്യക്ഷപ്പെടുകയും അവളുമായി നേർക്കുനേരേ കാണാൻ നിർബന്ധിയ്ക്കപ്പെടുകയും ചെയ്യുന്ന സവിശേഷമായൊരു സാഹചര്യവും ഞാൻ മനസ്സിൽ ചെറുതായൊന്നു ലാളിച്ചിരുന്നു. അതുകൊണ്ട്, നടന്നുപോകുന്നതിനിടെ വഴിവക്കിൽ

ആരോ അൽപ്പം മുമ്പ് ഉപേക്ഷിച്ചുപോയ പുൽത്തൊട്ടിയിലെ വെള്ള ത്തിൽ പൊങ്ങിക്കിടന്ന തുളുമ്പുന്ന ഒരു കപ്പും കയറും എന്റെ ശ്രദ്ധ യിൽപ്പെട്ടപ്പോൾ, ഒരുപക്ഷേ അവളവിടെ ഉണ്ടായേക്കാമെന്ന സൂച ന കണ്ണിൽപ്പെടാതെ അവരുടെ നോട്ടം മറ്റൊരു ദിക്കിലേയ്ക്കു തിരി യ്ക്കാൻ ഞാനേറെ പണിപ്പെട്ടു. വീട്ടിൽ ചില അതിഥികളുള്ളതുകൊ ണ്ട് ഉടനേതന്നെ പാരീസിലേയ്ക്കു പുറപ്പെടാൻ സാദ്ധ്യതയില്ലെന്നും തലേന്നു സ്വാൻ ഞങ്ങളോടു സൂചിപ്പിച്ചിരുന്നു. അതുകൊണ്ട്, ഞാൻ നേരത്തേ കണ്ട കപ്പും കയറും ഒരുപക്ഷേ അവരുടേതാകാമെന്ന സം ശയവും എനിയ്ക്കുണ്ടായി. പക്ഷേ, ആ ഭാഗത്തു തീരെ ആൾപ്പെരുമാ റ്റം കേൾക്കാനുണ്ടായിരുന്നില്ല. വൃക്ഷങ്ങളുടെ ഉയരങ്ങളിലിരുന്ന് അ ദൃശ്യനായൊരു പക്ഷി, വിരസമായ പകലിന്റെ ദൈർഘ്യം കുറച്ചു സ ന്ധ്യയെ വരവേൽക്കാനുള്ള പരിശ്രമത്തിൽ നീട്ടിക്കുറുകി തുടർച്ച യായി പുറപ്പെടുവിയ്ക്കുന്ന സ്വരത്തിന്റെ വന്യമായ ഏകാന്തത നാലുഭാ ഗത്തും മുഴങ്ങി. അതേസമയം പകൽ അവസാനിയ്ക്കുന്നതിനായി പ്രാ ർത്ഥിച്ച ആ നിമിഷാർദ്ധത്തെ, മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, നി ശ്ശബ്ദതയും നിശ്ചലതയും നിറഞ്ഞു തുളുമ്പുന്ന പ്രതിദ്ധ്വനിയ്ക്കു മറുപടി യായി ആ പക്ഷി നിത്യതയിൽ നിരോധിച്ചു നിർത്തുകയാണു ചെയ്ത ത്. നിശ്ചലമായ ആകാശത്തുനിന്നു തീരാത്ത ഉൾപ്പകയോടെ താ ഴോട്ടു വന്നു വീഴുന്ന തീക്ഷ്ണമായ സൂര്യപ്രകാശമേറ്റു മയങ്ങുന്ന അരു വിയുടെ ജലോപരിതലത്തിൽ ചൂടു സഹിയ്ക്കാൻ കഴിയാത്ത ചെറുപ്രാ ണികൾ കൂട്ടമായി വന്നു സ്വാഭാവികമായ ഒഴുക്കിനു ഭംഗം സൃഷ്ടിച്ചു. ആ നിമിഷം, പുൽത്തൊട്ടിയിൽ പൊങ്ങിക്കിടന്ന കപ്പിന്റെ കാഴ്ച തീ വ്രമായൊരു അസ്വസ്ഥതയായി എന്റെ മനസ്സിലുണർന്നു. സാങ്കൽ പ്പികമായൊരു വൻചുഴി ജലത്തിൽ പ്രതിഫലിച്ചു കണ്ട ആകാശ ത്തിന്റെ വിജനതീരത്തേയ്ക്കു വളരെ വേഗം എന്നെ വലിച്ചടുപ്പിയ്ക്കുന്ന തായി ഞാൻ സ്വപ്നം കണ്ടു. ആ ചുഴി ലംബമാനമായി മുങ്ങിത്താഴ് ന്നു കാഴ്ചയ്ക്കപ്പുറം മറയുന്നതായി കണ്ടപ്പോൾ, മിസ് സ്വാനുമായി പരിചയപ്പെടാനുള്ള ആവേശം തൽക്കാലം പിൻവലിച്ചു, മത്സ്യം ഇ

ര വിഴുങ്ങുന്നതുപോലെ, മനസ്സാക്ഷിയുടെ മുന്നറിയിപ്പിനു വിധേയനാകുന്നതാണു നല്ലതെന്നു ഞാൻ തീരുമാനിച്ചു. പക്ഷേ, അപ്പോൾ വളരെ ദൂരത്തു പിൻതിരിഞ്ഞുനിന്നു വിളിയ്ക്കുന്ന അച്ഛന്റെ അടുത്തെത്താൻ എനിയ്ക്കു ബദ്ധപ്പെട്ടു നടക്കേണ്ടി വന്നു. അവരുടെകൂടെ കുന്നു കയറി സമതലത്തിലേയ്ക്കു പ്രവേശിയ്ക്കുന്ന നാട്ടുവഴി വിസ്മയത്തോടെ ശ്രദ്ധിയ്ക്കുമ്പോൾ, ഇരുവശങ്ങളിൽ സൗരഭ്യം പരത്തി വിരിഞ്ഞു നിൽക്കുന്ന വെള്ളനിറത്തിലുള്ള റോസാപ്പൂക്കൾ എന്റെ കണ്ണിൽപ്പെട്ടു. വേലിയ്ക്കരികിൽ ദേവാലയങ്ങളുടെ നീണ്ട വരിയായി ആ കുറ്റിച്ചെടികൾ നിരന്നുനിന്നു. അവയ്ക്കിടയിലെ ചുമരുകൾ അൾത്താരയ്ക്കു മുമ്പിൽ സമർപ്പിച്ച പൂക്കളുടെ കൂമ്പാരത്തിൽ അദൃശ്യമായി. മുകളിലെ ജനാലവഴി നൂഴ്ന്നു കടന്നു താഴോട്ടു വീണ സൂര്യരശ്മി സമനിരപ്പായ നിലത്തു ചതുരാകൃതിയിലൊരു കളം വരച്ചു. എന്നെ തൊട്ടുതലോടിയ സുഗന്ധത്തിന്റെ മഹത്വം കണ്ടറിഞ്ഞു വിശുദ്ധകന്യാമറിയത്തിന്റെ അൾത്താരയ്ക്കു മുമ്പിലാണു നിൽക്കുന്നതെന്നുപോലും എനിയ്ക്കു തോന്നി. അശ്രദ്ധമായ അലങ്കാരഭംഗിയോടെ തിളങ്ങുന്ന കേസരങ്ങൾ വർണോജ്ജ്വലമായ വാസ്തുശിൽപ്പശൈലിയുടെ 'കേന്ദ്രനാഡി'കളിലേയ്ക്കു സസൂക്ഷ്മം പ്രവേശിച്ചു. പള്ളിയിലെ കോണിപ്പടികളും ജനാലകളും പരസ്പരം ബന്ധിപ്പിച്ചിരുന്നതു കമാനങ്ങളായിരുന്നെങ്കിൽ, ഇവിടെ വസന്തകാലത്തിന്റെ മുകുളങ്ങളായി വെണ്മയുടെ കയങ്ങളിലേയ്ക്കവ വിടർന്നു വികസിയ്ക്കുകയാണു ചെയ്തത്. അടുത്ത ചില ദിവസങ്ങൾക്കകം ഗ്രീഷ്മത്തിന്റെ സൂര്യാതപവുമായി പ്രത്യക്ഷപ്പെടുന്ന വായുവിന്റെ ആർദ്രനിശ്വാസത്തിൽ ഇതേ കുന്നിൻചെരുവിൽ അനാവൃതമാകുന്ന പൂമൊട്ടുകൾക്കുമീതെ മസൃണമായ ഉടയാടകളുമായി വിടരുന്ന റോസാപ്പൂക്കൾ, ഒരുപക്ഷേ ഇന്നു ഞാൻ കണ്ട മനോഹരമായ പൂക്കളുമായി താരതമ്യപ്പെടുത്തുമ്പോൾ എത്ര ലളിതവും ഗ്രാമ്യവുമായിരിയ്ക്കും!

എന്താണു ചെയ്യേണ്ടതെന്നറിയാതെ നിശ്ചലമായ മനസ്സിലെ ചിന്തകൾ ക്രമീകരിച്ചു ഞാനൊരു ദീർഘശ്വാസം വിട്ടു. അദൃശ്യമായി പ്രവഹിയ്ക്കുന്ന സൗരഭ്യം നിരന്തരം നുകർന്ന്, യൗവനത്തിന്റെ വിവേ

കരാഹിത്യം വെളിവാക്കി ചിതറിയ താളംപോലെ സാന്ദ്രമായ സംഗീതധാരയിൽ അപ്രതീക്ഷിതമായി കടന്നുവരുന്ന നിശ്ശബ്ദത ആസ്വദിച്ച്, വെളുത്ത ആ റോസാപ്പൂക്കൾക്കു മുമ്പിൽ ഞാനേറെ നേരം ചിലവഴിച്ചു പക്ഷേ വെറുതെയായി. ഒരിയ്ക്കലും നിലയ്ക്കാത്ത പ്രതീക്ഷയും അനന്തമായ വൈവിദ്ധ്യവും ചേർത്തു യഥാർത്ഥത്തിൽ അതേ മധുരാനുഭൂതിയായിരുന്നു അവയെനിയ്ക്കു സമ്മാനിച്ചത്. നൂറുതവണ തുടർച്ചയായി പാടിയാൽപ്പോലും ഭാവം മനസ്സിലാക്കാൻ കഴിയാത്ത രാഗങ്ങൾപോലെ, കൂടുതൽ അഗാധതയിലേയ്ക്കു കടന്നു ചെല്ലാൻ അവയെന്നെ അനുവദിച്ചില്ല. പൂർവാധികം ആർജ്ജവം കൈവരിച്ചു മടങ്ങിയെത്താമെന്ന ദൃഢനിശ്ചയത്തോടെ ഞാനൊരു നിമിഷം പൂക്കളിൽനിന്നു മാറി വേലിയ്ക്കപ്പുറത്തെ കുന്നിൻചെരിവിലേയ്ക്കു കണ്ണയച്ചു. സമനിരപ്പായി ഉയർന്നു നിൽക്കുന്ന തോട്ടത്തിൽ കൂട്ടുകാർ നഷ്ടപ്പെട്ട് ഒറ്റയ്ക്കൊരു തേക്കുമരവും തൊട്ടുതാഴെ ചിതറിക്കിടക്കുന്ന ചുവന്ന പൂക്കളും ആ നിശ്ചലദൃശ്യത്തിനൊരു വിജയഭാവം പകർന്നു. കൃത്യമായ ഇടവേളകളിൽ ഗ്രാമ്യതയുടെ അടയാളം ആലേഖനം ചെയ്തു പ്രകൃതി നിവർത്തി വിരിച്ച ഒരു ചിത്രകംബളത്തിന്റെ അരികുകളായിരുന്നു, അവ. മാത്രമല്ല, അങ്ങുകലെ ഇടവിട്ടു കാണുന്ന വീടുകൾ ഒരു ഗ്രാമത്തിലേയ്ക്കാണു പ്രവേശിയ്ക്കുന്നതെന്ന സൂചനകളും നൽകി. വിശാലമായ ചോളവയലുകൾ ഇളംകാറ്റിൽ ആടിയുലഞ്ഞു. കറുത്ത മണ്ണിൽ കാലുറപ്പിച്ചു നാട്ടിയ കൊടിമരംപോലെ, ഒരു ഞാവൽമരം ബലഹീനമായ മെലിഞ്ഞ ശരീരംകൊണ്ടു കാറ്റിനെതിരെ പ്രതിരോധിച്ചു നിന്നു ചുവന്ന പൂക്കളുടെ പതാക കാറ്റിലാഞ്ഞുവീശി. ചതുപ്പുനിലങ്ങളിൽ തകർന്നുപോയ പടക്കപ്പലിന്റെ വിള്ളലടയ്ക്കുന്ന കാഴ്ച കാണാനിടയായ സഞ്ചാരിയെപ്പോലെ എന്റെ ഹൃദയം ശക്തിയായി മിടിച്ചു. അങ്ങനെയൊരു ദൃശ്യം ഒരിയ്ക്കലും നേരിൽ കാണാത്ത ഞാൻ ഉറക്കെ വിളിച്ചുപറഞ്ഞു, “അതെ, ഇതാണു കടലിന്റെ അഗാധസൗന്ദര്യം!“.

വീണ്ടും ഞാൻ റോസാപ്പൂക്കളിലേയ്ക്കുതന്നെ തിരിച്ചെത്തി. ഒരു നിമിഷം മറ്റെവിടേയ്ക്കെങ്കിലും ദൃഷ്ടി പതിപ്പിയ്ക്കുകയോ മറ്റെന്തെങ്കിലും ചി

ന്തിയ്ക്കുകയോ ചെയ്താൽ ചിത്രത്തിന്റെ മനോഹാരിത കുറേക്കൂടി 'ഉള്ളിലേയ്ക്കാവാഹിയ്ക്കാ'ൻ കഴിയുമെന്നു കരുതി, ചിത്രകലയുടെ മഹനീയമാതൃകയായി കണക്കാക്കാവുന്ന ആ പൂച്ചെണ്ടുകളെ ഞാൻ ദത്തശ്രദ്ധനായി നോക്കിനിന്നു. കണ്ണുകൾക്കു മുമ്പിൽ വെളുത്ത റോസാപ്പൂക്കളല്ലാതെ മറ്റൊന്നും വരാതിരിയ്ക്കാൻ ഞാനെന്റെ വിരലുകൾ നെറ്റിയിൽ ചേർത്തുപിടിച്ചു. പൂക്കളിലൊന്നായി രൂപാന്തരം പ്രാപിച്ച നിരുപാധികമായ സ്വാതന്ത്ര്യം പ്രഖ്യാപിയ്ക്കുന്നതിൽ പരാജയപ്പെട്ടുന്ന എന്റെ മനസ്സിൽ ആ നിമിഷം ഉയർന്നു വന്ന വികാരങ്ങൾ തീർത്തും അവ്യക്തവും അവ്യാഖ്യേയവുമായിരുന്നു. യാതൊരുവിധത്തിലുള്ള സാമാന്യാവബോധങ്ങളും അവയെനിയ്ക്കു സമ്മാനിച്ചില്ല. അതേസമയം, ആത്മീയമായ ആഗ്രഹസാഫല്യത്തിനു മറ്റൊരു പുഷ്പത്തേയും സമീപിയ്ക്കാൻ എനിയ്ക്കു മനസ്സു വന്നതുമില്ല. ആരാദ്ധ്യനായ ചിത്രകാരൻ രൂപകൽപ്പന ചെയ്ത കലാസൃഷ്ടി എത്ര മഹനീയമാണെന്ന പരിപൂർണമായ ബോദ്ധ്യത്തോടെ ഹർഷോന്മാദം കൊള്ളുന്ന സമയം, തൊട്ടടുത്ത ഫലകത്തിൽ അവ്യക്തമായ വെറും ചില രേഖകളല്ലാതെ യാതൊന്നും നമുക്കു കാണാനാവില്ല. ആ നിമിഷം, പിയാനോയിൽ പല തവണ വായിച്ചു കേട്ടു ഹൃദയത്തിൽ ആഴ്ന്നിറങ്ങിയ ഒരീണം ഓർക്കസ്ട്രയുടെ അകമ്പടിയോടെ ചെവിയിൽ മുഴങ്ങുന്നതുപോലെ, ടാൻസൻവില്ലയുടെ വേലിപ്പടർപ്പിലേയ്ക്കു കൈചൂണ്ടി മുത്തച്ഛൻ എന്നോടു പറഞ്ഞു: “നിനക്കു റോസാപ്പൂ ഇഷ്ടമാണെന്നു തോന്നുന്നല്ലോ. നോക്ക്, ഈ ഇളംചുവപ്പിനു നല്ല ഭംഗിയില്ലേ?“

അതെ, തീർച്ചയായും, അതൊരു റോസാപ്പൂവായിരുന്നു! ഇളംചുവപ്പു നിറത്തിൽ, വെളുപ്പിനേക്കാൾ ഓമനത്തമുള്ള ആ പൂവ് ഒരൊഴിവുദിനത്തിനു യോജിച്ച വേഷത്തിലാണു പ്രത്യക്ഷപ്പെട്ടത്. ആഘോഷത്തിന്റെ അവശ്യമായ ഭാവങ്ങളൊന്നും പ്രകടിപ്പിയ്ക്കാത്ത അത്തരം പൂക്കൾ അനുഷ്ഠാനങ്ങൾക്കായി ആരും നീക്കിവെയ്ക്കാറില്ല. പ്രത്യേകിച്ചൊരു അലങ്കാരവുമില്ലാതെ ഒന്നിനുമീതെ മറ്റൊന്നായി അവ കുലകളായി തൂങ്ങിക്കിടന്നു. കോംബ്രേയുടെ സൗന്ദര്യനിലവാരം നോക്കു

മ്പോൾ, 'സമതല'ങ്ങളുടെ ഗുണവും ലാസ്യഭാവങ്ങളുടെ 'വർണഭംഗി' യും ചാലിച്ച ഒരിടയപ്പെൺകൊടിയുടെ മുഖകാന്തി ആ റോസാച്ചെടികളിൽ ഞാൻ കണ്ടു. കാമസിന്റെ 'കലവറ'യുടെ വിലനിലവാരമനുസരിച്ച്, വർണാങ്കിതമായ കേയ്ക്കുകളിൽ പറ്റിപ്പിടിച്ച പഞ്ചസാരത്തരികളിലും ഇതേ ഇളംചുവപ്പു നിറമാണു ഞാൻ കണ്ടത്. സ്വാദിഷ്ഠമായ ചില വിഭവങ്ങളുടേയും ആഡംബരപൂർണമായ അംഗവസ്ത്രങ്ങളുടേയും അധികമൂല്യം ആ പൂവിന്റെ സഹജഭാവമാണെന്നു ഞാൻ മനസ്സിലാക്കി. മനുഷ്യകരസ്പർശമേൽക്കാത്ത പൂവിതളുകൾ വിടരുന്നതിനുമുമ്പേ വളരെ അകൃത്രിമവും ആകർഷകവുമായി പ്രകടമാകുന്ന ഈ ഉത്സാഹപ്രകർഷം യാതൊരു ബാഹ്യപ്രേരണയും കൂടാതെ അന്തരീക്ഷത്തിൽ പ്രസരിയ്ക്കുമ്പോൾ, പൊന്തക്കാടിന്റെ തീർത്തും ഗ്രാമ്യമായ 'കേശാലങ്കാര'ങ്ങൾക്കിടയിൽ വശ്യമായ ഈ പൂച്ചെണ്ടുകൾ ആകസ്മികമെന്നു തോന്നുന്നവിധം മന:പൂർവം ഒളിപ്പിച്ചതു പ്രകൃതിയാണെന്നു ഞാൻ കണ്ടറിഞ്ഞു. സാധാരണവേഷം ധരിച്ച നിരവധി സ്ത്രീകളുടെ കൂട്ടത്തിൽ ഒഴിവുദിനത്തിന്റെ ആകർഷകമായ ഉടയാടയണിഞ്ഞു പ്രത്യക്ഷപ്പെട്ട സുന്ദരിയെപ്പോലെ, വേലിപ്പടർപ്പിൽ 'മേരിയുടെ മാസാരാധന'യ്ക്കു തയാറായി നിൽക്കുന്ന കത്തോലിയ്ക്കാവിശ്വാസിയായ ആ റോസാപ്പൂ, പ്രശാന്തമായി മന്ദഹസിച്ചുകൊണ്ടിരുന്നു.

വേലിയ്ക്കരികെ വളർന്നു നിന്ന കുറ്റിച്ചെടികൾക്കിടയിലൂടെ നോക്കിയാൽ തോട്ടത്തിനകത്തെ ചില ദൃശ്യങ്ങൾ പുറമേ നിൽക്കുന്നവർക്കു കാണാം. മുല്ലയും തുമ്പയും നന്ത്യാർവട്ടവും അതിരു തിരിച്ച നടപ്പാതയിൽ നിറഞ്ഞു കവിഞ്ഞ ചെടികൾ സ്വന്തം മടിശ്ശീല തുറന്നുവെച്ചു പഴകിയ സ്പാനിഷ് തുകലിന്റെ ഗൃഹാതുരമായ മണം പൊഴിച്ചു. ചരൽവഴിയിൽ ഒരിടത്തു താഴെ ചുരുണ്ടുകിടന്ന പച്ചനിറമുള്ള ജലവാഹിനിക്കുഴൽ അന്തരീക്ഷത്തിലെ സുഗന്ധം സൂക്ഷ്മമായ സുഷിരങ്ങളിലൂടെ വലിച്ചെടുക്കുകയും അനുപമസുന്ദരമായ മഴവിൽത്തുള്ളികൾ സ്ഫടികവിശറിപോലെ ചിതറിത്തെറിപ്പിയ്ക്കുകയും ചെയ്തു. ആ നിമിഷം, പെട്ടെന്നു ചലനശേഷി നഷ്ടപ്പെട്ടതുപോലെ ഞാൻ നിശ്ചേഷ്ട

നായി നിന്നു! ചില കാഴ്ചകളുടെ ശരിയായ അർത്ഥതലം വിവേചിച്ച റിയാൻ സ്വന്തം കണ്ണുകൾ അസമർത്ഥമാകുമ്പോൾ ആഴത്തിലുള്ള സംവേദനത്തിനു സമ്പൂർണമായ ശ്രദ്ധതന്നെ ചിലവഴിക്കേണ്ടിവരും. കൈയിലൊരു മൺകോരികയും പിടിച്ചു നടന്നു വരുന്ന കറുത്തുചുരു ണ്ട മുടിയുള്ള സുന്ദരിയായൊരു പെൺകുട്ടി, മുഖക്കുരുക്കൾ നിറഞ്ഞ് ഇളംചുവപ്പായ മുഖമുയർത്തി ഞങ്ങളെത്തന്നെ നോക്കി നിൽക്കുന്നു! അവളുടെ കറുത്ത കണ്ണുകൾ കാന്തികദീപ്തിയോടെ മിന്നിത്തിളങ്ങി യതു പക്ഷേ, ആ സമയം ഞാൻ ശ്രദ്ധിച്ചില്ല. വസ്തുനിഷ്ഠമായ വിശേ ഷതകൾ എങ്ങനെയാണു ശക്തമായ ബോധധാരയായി മാറ്റേണ്ട തെന്നു ഞാനൊരിക്കലും പഠിക്കാൻ ശ്രമിച്ചിട്ടില്ല; അതായത്, നിറ ത്തിൽനിന്നു ഭാവം വേർതിരിച്ചെടുക്കുന്ന 'നിരീക്ഷണപാടവം' എനി ക്കുണ്ടായിരുന്നില്ല. വളരെക്കാലം കഴിഞ്ഞു ഞാനവളെ ഓർക്കുമ്പോ ഴെല്ലാം സുഭഗമായ ശാരീരികശോഭകൊണ്ടു തിളങ്ങുന്ന ആ കണ്ണുകളു ടെ ഓർമ്മ, ഒരു ആകാശനീലിമയായി പൊടുന്നനെ എന്റെ മനസ്സി ൽ ഉണർന്നുവരും. ആദ്യമായി കാണുന്നവരുടെ സകല ശ്രദ്ധയും പി ടിച്ചടക്കുന്ന കരിമഷിയുടെ കറുപ്പ് ആ കണ്ണുകൾക്കില്ലായിരുന്നെങ്കി ൽ, ഒരുപക്ഷേ ആ സാങ്കൽപ്പികനീലിമയിൽ ഞാനത്രയൊന്നും ഭ്ര മിക്കുമായിരുന്നില്ല.

ഞാനവളെ കണ്ണിമയ്ക്കാതെ നോക്കി നിന്നു. കണ്ണുകളിൽനിന്നു പ ുക്കെ പുറപ്പെടുന്ന വെറുമൊരു സന്ദേശവാഹകന്റെ നോട്ടമല്ല, സക ല ഭാവേന്ദ്രിയങ്ങളും ജാലകപ്പഴുതിൽ ചേർത്തു ശരീരഭാഗങ്ങളും ആ ത്മാവും നിർബന്ധബുദ്ധിയോടെ പിടിച്ചടക്കുന്ന ഉദ്വേഗജനകമായ ആദ്യത്തെ ആ നോട്ടം! അച്ഛനോ മുത്തച്ഛനോ ഏതു നിമിഷവും എ ന്നെ അവളിൽനിന്നു വേർപെടുത്താവുന്ന സാദ്ധ്യതയെക്കുറിച്ചു ചി ന്തിച്ച്, നേരിട്ടു കണ്ടറിയാനുള്ള അഭ്യർത്ഥനയായി, പൂർണശ്രദ്ധയും എന്നിലേക്കുതന്നെ കേന്ദ്രീകരിക്കണമെന്ന അപേക്ഷയോടെ രണ്ടാമ തൊരു നോട്ടംകൂടി ഞാനവളുടെ നേർക്കു തൊടുത്തുവിട്ടു! അപ്പോൾ, നേരിൽ കണ്ട കാഴ്ചയെക്കുറിച്ചു സ്വയമൊരു ധാരണ സ്വരൂപിക്കാൻ,

അവളിരുവശത്തേയ്ക്കും കണ്ണുകളയച്ചു. നിമിഷങ്ങൾക്കുശേഷം, തീർത്തും പരിഹാസ്യരാണു ഞങ്ങളെന്ന നിലപാടിൽ ചെന്നെത്തിയതുപോലെ അവജ്ഞാപൂർവമായ നിസ്സംഗഭാവത്തിൽ, ഞങ്ങളുടെ കാഴ്ചവട്ടത്തു നിൽക്കുന്നതുപോലും അഭിമാനക്ഷതമാണെന്നു കരുതി അവൾ തല തിരിച്ചു. അച്ഛനും മുത്തച്ഛനുമാകട്ടെ, അവളെ ശ്രദ്ധിയ്ക്കാതെ എന്നെ മറികടന്നു നടത്തം തുടർന്നു. ഞങ്ങൾക്കിടയിലെ ശുദ്ധമായ ശൂന്യതയിലേയ്ക്കു നിമിഷനേരം അവളുടെ ദൃഷ്ടി വന്നുവീണപ്പോൾ, സ്വഭാവരൂപീകരണത്തിന്റെ സാത്വികരീതികളനുസരിച്ചു വിശദീകരിയ്ക്കാൻ കഴിയാത്ത നിന്ദ്യമായ വെറുപ്പിന്റെ പാതിയോളം ഒളിപ്പിച്ചുവെച്ച ഒരു പുഞ്ചിരി ആ ചുണ്ടിൽ തങ്ങി നിന്നതു ഞാൻ ശ്രദ്ധിച്ചു; അതേസമയം, അവളുടെ കൈകൾ അന്തരീക്ഷത്തിൽ അസഭ്യകരമായ ചില അംഗവിക്ഷേപങ്ങൾ കോറിവരയ്ക്കുകയും ചെയ്തിരുന്നു. അപരിചിതരുടെ നേർക്കു പരസ്യമായി പ്രകടിപ്പിയ്ക്കുന്ന ഈ ഭാവത്തിനു പക്ഷേ ഞാൻ മനസ്സിൽ കരുതുന്ന പെരുമാറ്റമര്യാദകളുടെ നിഘണ്ടുവിൽ ഒരൊറ്റ അർത്ഥമേയുള്ളൂ: മന:പൂർവമായ അധിക്ഷേപം!

“ഗിൽബർത്ത്, ഇവിടെ വാ, നീയെന്താണവിടെ ചെയ്യുന്നത്?“, ആ നിമിഷംവരെ എന്റെ കണ്ണിൽപ്പെടാതിരുന്ന വെള്ളവസ്ത്രം ധരിച്ച ഒരു സ്ത്രീ, തുളച്ചുകയറുന്ന അധികാരസ്വരത്തിൽ അവളെ വിളിച്ചു. കുറച്ചകലെ മാറിനിന്നു തീരെ പരിചയമില്ലാത്ത കുലീനനായൊരു മനുഷ്യൻ, തലയോടിനകത്തു നിന്നു പുറപ്പെടുന്ന കണ്ണുകളോടെ എന്നെ തറപ്പിച്ചു നോക്കി. പെൺകുട്ടിയുടെ പുഞ്ചിരി പെട്ടെന്നു മാഞ്ഞു. എന്റെ നേർക്കു രണ്ടാമതൊന്നു നോക്കാതെ മൺകോരിക കടന്നെടുത്തു ദുർഗ്രഹമായ അനുസരണഭാവത്തോടെ അവൾ ഓടിപ്പോയി.

അങ്ങനെ, സൂത്രവാക്യങ്ങൾ കുറിച്ചിട്ട ഒരു രക്ഷാകവചംപോലെ എന്റെ ചെവികളിൽ അറിയാതെ പാറിവീണ ഗിൽബർത്തെന്ന പേരിൽനിന്ന്, ഒരു നിമിഷം മുമ്പുവരെ അവളെക്കുറിച്ചുണ്ടായിരുന്ന അവ്യക്തമായ ധാരണയ്ക്കു പകരം കൃത്യമായ വ്യക്തിത്വത്തെ കണ്ടുപിടി

യ്യാൻ സഹായകമായൊരു സൂചന എനിയ്ക്കു ലഭിച്ചു. ജലവാഹിനിക്കു ഴലിൽനിന്നു തുള്ളിതുള്ളിയായി ചെടികൾക്കുമീതെ വന്നു വീഴുന്ന ത ണുപ്പുപോലെ, അന്തരീക്ഷം മുഴുവൻ ബോധവൽക്കരിച്ചു സമ്പന്നമാ ക്കി, സഹവസിയ്ക്കുന്ന ജീവജാലങ്ങൾക്കായി അനാവരണം ചെയ്യ പ്പെട്ട ജീവിതത്തെ സ്വാംശീകരിച്ച്, എന്റെ ചുമലോളം ഉയരത്തിൽ വിടർന്നുനിൽക്കുന്ന ഇളംചുവപ്പു നിറമുള്ള റോസാപ്പൂക്കളുടെ കമാനം കടന്നു പോകാനാകാത്ത അസ്തിത്വത്തിന്റെ സകല നിഗൂഢതകളുമാ യി, തീവ്രവേദന സൃഷ്ടിയ്ക്കുന്ന സുപരിചിതത്വത്തിന്റെ സൂക്ഷ്മസംവേദ നങ്ങളോടെ ആ വാക്കുകൾ എന്റെ ഹൃദയത്തിൽ ആഴ്ന്നിറങ്ങി.

ഞങ്ങൾ വീണ്ടും മുന്നോട്ടു നടക്കാൻ തുടങ്ങിയപ്പോൾ, ആത്മഗ തംപോലെ മുത്തച്ഛൻ പിറുപിറുത്തു: “പാവം സ്വാൻ! കുലടയായ അ വൾ അദ്ദേഹത്തെ എന്തൊരു ജീവിതത്തിലേയ്ക്കാണു വലിച്ചിഴയ്ക്കുന്ന ത്. ജാരനായ ചാർല്യൂസിന്റെകൂടെ സ്വൈരസംസർഗം നടത്താൻ ഭർ ത്താവിനെ ദൂരത്തേയ്ക്കു പറഞ്ഞയയ്ക്കുകയെന്നു വെച്ചാൽ, അതെ, അ താണു ചാർല്യൂസ്! ഞാനയാളെ ഒറ്റനോട്ടത്തിൽ തിരിച്ചറിഞ്ഞു! പോ രാത്തതിനൊരു പെൺകുട്ടിയും..., ഈ ചെറിയ പ്രായത്തിൽ ഇതി ലൊക്കെ ഇടപെടേണ്ടിവരുന്നതുതന്നെ കഷ്ടം!“ മറുപടി പറയാതെ ഓടിപ്പോയ അവളുടെ നിസ്സഹായതയും അമ്മയുടെ സ്വേച്ഛാധിപത്യ പരമായ സ്വരവും ഓർത്തപ്പോൾ, ഈ ഭൂമിയിൽ പ്രത്യേകമായൊരു മഹത്വവുമില്ലാത്ത ആ പെൺകുട്ടി ആരുടേയോ നിർബന്ധത്തിനു വ ഴങ്ങി അനുസരണ കാണിയ്ക്കുകയാണെന്ന ധാരണ, ഒരു നിമിഷനേര ത്തേയ്ക്കെങ്കിലും എന്റെ ആകുലതകൾക്കു ശമനൗഷധമായി അവളുടെ പേരിൽ ചെറിയൊരു ശുഭപ്രതീക്ഷ നിലനിർത്താൻ സഹായകമാ യിത്തീർന്നു. അതേസമയം, പീഡിതമായ എന്റെ ഹൃദയം അവളെ ഉ യർത്തിക്കൊണ്ടുവരാനോ അതല്ലെങ്കിൽ തൊട്ടുതാഴെ പ്രതിഷ്ഠിയ്ക്കാ നോ ശ്രമിച്ചതിന്റെ പ്രത്യാഘാതമായി എന്റെ ഉള്ളിന്റെയുള്ളിൽ പ്ര ക്ഷുബ്ധമായൊരു പ്രണയവും ഉണർന്നു; അവളോട് എനിയ്ക്കു വല്ലാത്ത ഒരു ഇഷ്ടം തോന്നി. അധിക്ഷേപിയ്ക്കുകയോ ഏതെങ്കിലും തരത്തിൽ

പരിക്കേൽപ്പിക്കുകയോ ചെയ്തുകൊണ്ട് എന്നെക്കുറിച്ചൊരു വിചാരം അവളുടെ മനസ്സിൽ ബാക്കി നിർത്താൻ സമയവും സാവകാശവും ലഭിയ്ക്കാതെ പോയതിൽ ഞാൻ സ്വയം സഹതപിച്ചു. അവളൊരു സുന്ദരിയാണെന്ന തികഞ്ഞ ബോദ്ധ്യമുള്ളതുകൊണ്ട്, രണ്ടടി പിറകോട്ടു മാറി വലതുകൈ ചുരുട്ടിക്കാണിച്ച് 'അവലക്ഷണം പിടിച്ച വൃത്തികെട്ട നിന്നെ കാണുന്നതുപോലും വെറുപ്പാ'ണെന്ന വിളിച്ചു പറയാൻ ഞാനാഗ്രഹിച്ചു. പക്ഷേ, എന്നെപ്പോലൊരു ചെറിയ ബാലനു തടസ്സമായി നിൽക്കുന്ന ചില പ്രകൃതിനിയമങ്ങൾ മറികടക്കാൻ തൽക്കാലം എനിയ്ക്കു കഴിഞ്ഞില്ല. എങ്കിലും ഇളംചുവപ്പുനിറമുള്ള ചെറിയ കുരുക്കൾകൊണ്ടു മുഖമാകെ പ്രകാശിപ്പിച്ചു കൈയിലൊരു മൺകോരികയുമായി എന്റെ നേർക്കു മന്ദഹാസത്തോടെ നടന്നു വരുന്ന കറുത്തു ചുരുണ്ട മുടിയുള്ള ഒരു പെൺകുട്ടിയുടെ ചിത്രം, എത്തിപ്പിടിയ്ക്കാനാവാത്ത ഒരു ആഹ്ലാദത്തിന്റെ ആദ്യസ്മരണമായി എന്നെന്നേയ്ക്കും ഹൃദയത്തിൽ സൂക്ഷിച്ചു ഞാൻ പിന്തിരിഞ്ഞു. സുഗന്ധവിളകളുടെ മേഘച്ഛായപോലെ അവളുടെ പേരിനോടു ചേർന്നുനിൽക്കുന്ന സവിശേഷമായ ചാരുത, ചുവന്ന റോസാപ്പൂക്കളുടെ കമാനവഴികളിൽ നിറഞ്ഞു ഞാനും അവളും ഒരുപോലെ കേട്ട സ്വരമാധുര്യവുമായി സഹവർത്തിത്വമുള്ള സകലതിനേയും തഴുകി കീഴടക്കി. അപ്പോൾ, ഓഹരിദല്ലാളെന്ന മഹനീയമായ പദവിമൂലം എന്റെ മുത്തച്ഛനു പണ്ട് അവളുടെ മുത്തച്ഛനെ പരിചയപ്പെടാൻ കഴിഞ്ഞ അസുലഭമായ സൗഭാഗ്യത്തെ മാത്രമല്ല, അവൾ താമസിച്ചിരുന്ന പാരീസിലെ മൗനമൂകമായ കാംപ്സ്എലീസിസ് പരിസരത്തെപ്പോലും സുന്ദരമാക്കി അവതരിപ്പിയ്ക്കാനുള്ള ശ്രമം എന്റെ മനസ്സിൽ ആരംഭിച്ചുകഴിഞ്ഞു.

“ലിയോണീ,“ വീട്ടിലെത്തിയ ഉടനെ മുത്തച്ഛൻ പറഞ്ഞു, “ഇന്നുച്ചയ്ക്കു നീയുംകൂടി ഞങ്ങളുടെകൂടെ വരേണ്ടതായിരുന്നു. ടാൻസൻവില്ല നീയൊരിയ്ക്കലും കണ്ടിട്ടില്ലല്ലോ. നിനക്കേറെ പ്രിയപ്പെട്ട ചുവന്ന റോസാപ്പൂവിന്റെ ഒരു കമ്പുകൂടി, ചെറിയൊരു ധൈര്യമുണ്ടെങ്കിൽ, ഞാൻ കൊണ്ടുവരുമായിരുന്നു!“. അവരെ വെറുതെയൊന്നു രസിപ്പിയ്ക്കാനുള്ള

കൌതുകമോ അതല്ലെങ്കിൽ പുറത്തേയ്ക്കിറങ്ങാൻ പ്രേരിപ്പിയ്ക്കാമെന്ന പ്രതീക്ഷയോ മനസ്സിൽവെച്ച് മുത്തച്ഛൻ അന്നുണ്ടായ സംഭവങ്ങൾ അമ്മായിയെ വിസ്തരിച്ച് ധരിപ്പിച്ചു. ടാൻസൻവില്ലയെക്കുറിച്ച് ഒരുകാലത്തവർക്കു നല്ല മതിപ്പായിരുന്നുവത്രേ! കൂടാതെ, പുറംലോകവുമായുള്ള സകല വാതിലുകളും കൊട്ടിയടച്ചപ്പോഴും സ്വാനിന്റെ സന്ദർശനം മാത്രമാണവർ സ്വാഗതം ചെയ്തിരുന്നത്. ഈയടുത്ത കാലത്തുപോലും അദ്ദേഹം അവരുടെ ക്ഷേമാന്വേഷണങ്ങൾക്കു വരുമ്പോൾ (ഞങ്ങളുടെ കുടുംബത്തിൽ അമ്മായിയെ മാത്രമേ സ്വാൻ പ്രത്യേകം 'ചെന്നു' കാണാറുള്ളൂ!) വല്ലാതെ ക്ഷീണിച്ചതുകൊണ്ടു താനിപ്പോൾ വിശ്രമിയ്ക്കുകയാണെന്നും മറ്റൊരവസരത്തിൽ നേരിട്ടു കാണാൻ സന്തോഷമാണെന്നും ധരിപ്പിയ്ക്കാൻ അവർ ആരെയെങ്കിലും താഴോട്ടു പറഞ്ഞു വിടും. അതുകൊണ്ട് അന്നു വൈകുന്നേരം അമ്മായി മുത്തച്ഛനോടു പറഞ്ഞു, “അതേ, നല്ലൊരു തെളിഞ്ഞ ദിവസം വണ്ടിയിൽ കയറി തോട്ടത്തിന്റെ പടിവരെയൊന്നു പൊയ്ക്കളയാം!“. അവരങ്ങനെ പറഞ്ഞതു സ്വാഭാവികമായും തികഞ്ഞ ആത്മാർത്ഥതയോടെയാണെന്നു ഞാൻ ധരിച്ചു. ടാൻസൻവില്ല വീണ്ടും കാണാനുള്ള അദമ്യമായൊരു മോഹം തീർച്ചയായും അവർക്കുണ്ടായിരുന്നു. പക്ഷേ സഫലീകരിയ്ക്കാൻ സാദ്ധ്യതയില്ലാത്ത മോഹങ്ങൾ പ്രകടിപ്പിയ്ക്കാനുള്ള ശക്തിമാത്രമേ അവരുടെ ആത്മബലത്തിൽ അവശേഷിച്ചിരുന്നുള്ളൂ. ചിലപ്പോൾ നല്ല കാലാവസ്ഥയാണെന്നു തോന്നുമ്പോൾ, ഉത്സാഹത്തോടെ അവരെഴുന്നേറ്റു പുറത്തേയ്ക്കു പോകാനൊരുങ്ങും. പക്ഷേ, പൂമുഖം കടക്കുമ്പോഴേയ്ക്കും അവർ 'ക്ഷീണ'ത്തിലേയ്ക്കു വീണു കിടയ്ക്കയിലേയ്ക്കു മടങ്ങാൻ നിർബന്ധം പിടിക്കും. നമുക്കൊക്കെ വരാനിരിയ്ക്കുന്നതിനേക്കാൾ നേരത്തേയാണെങ്കിലും, അവരുടെ ജീവിതത്തിൽ തുടക്കം കുറിച്ചുകഴിഞ്ഞ ആ പരിണാമപ്രക്രിയ യഥാർത്ഥത്തിൽ വാർദ്ധക്യം മരണവുമായി സന്ധി ചെയ്യുന്ന ചിരസാധാരണമായ വൈരാഗ്യചിന്ത മാത്രമായിരുന്നു; ജീവിതം അനിശ്ചിതമായി നീണ്ടുപോകുന്നവർക്കു പൊതുവേ അനുഭവപ്പെടുന്ന പരിവർത്തനഘട്ടത്തിന്റെ ഒരവ

സ്ഥാവിശേഷം! ഒരുകാലത്തു തീവ്രമായ ആവേശത്തോടെ പ്രണയി ച്ചിരുന്നവരും അഗാധമായ സൗഹൃദംമൂലം വേർപിരിയാൻ കഴിയാ ത്തവരുമായ സുഹൃത്തുക്കൾപോലും, ജീവിതത്തിലൊരു ഘട്ടത്തിൽ പരസ്പരമുള്ള ആശയവിനിമയം അവസാനിപ്പിയ്ക്കാൻ മന:പൂർവം ശ്ര മിയ്ക്കും. ഈ ജീവിതത്തിൽ ഇനിയൊരു സമ്പർക്കത്തിനു സാദ്ധ്യത യില്ലെന്ന വ്യക്തമായ തിരിച്ചറിവോടെ അന്യോന്യം കാണാനൊരു തെരുവു മുറിച്ചു കടന്നു ചെല്ലാൻപോലും അവർ തയാറാവില്ല. ഇനി വീടുവിട്ട് പുറത്തേയ്ക്കു പോവില്ലെന്നും സ്വാനിനെ ഒരിയ്ക്കലും നേരിട്ടു കാണാനാവില്ലെന്നും അമ്മായി ഉറച്ചു വിശ്വസിച്ചു. എങ്കിലും ആ ഒ രൊറ്റ കാരണംകൊണ്ടുതന്നെ, അതവർക്കു താങ്ങാൻ കഴിഞ്ഞില്ല. ആത്യന്തികമായ ഈ ഏകാന്തത അവർ പൂർണമനസ്സോടെ സ്വീക രിച്ചതായി ഞങ്ങൾക്കു തോന്നി. സ്വന്തം ആരോഗ്യം നിരന്തരമായ അപചയത്തിലേയ്ക്കു നീങ്ങുകയാണെന്നു ദിവസേന അവർ അളന്നു കു റിച്ചു കണ്ടറിഞ്ഞു. മരണവേദന വർദ്ധിപ്പിയ്ക്കുന്ന ആ സൂചനകൾ കടു ത്ത 'ക്ഷീണ'ത്തിലേയ്ക്കു വഴുതി വീണപ്പോൾ ഏകാന്തതയും നിശ്ശബ്ദ തയും നിഷ്ക്രിയത്വവും മുഖമുദ്രയായ വിശ്രാന്തിയുടെ അനുഗൃഹീത മായ വശ്യതയിൽ അവർ സ്വയം സമർപ്പിച്ചു.

എന്നെ സംബന്ധിച്ചു ദൈവതുല്യരായി മാറിക്കഴിഞ്ഞ മിസ് സ്വാനിന്റെ കുടുംബാംഗങ്ങളെക്കുറിച്ചു കൂടുതൽ അറിയാനുള്ള ജി ജ്ഞാസ സഹിയ്ക്കവയ്യാതെ, വേലിപ്പടർപ്പുകളിൽ വിടർന്നു നിൽക്കു ന്ന റോസാപ്പൂക്കൾ കാണാൻ അമ്മായി പുറത്തേയ്ക്കിറങ്ങുന്ന ആ ദിവ സത്തെക്കുറിച്ചു ചിന്തിച്ചു പകൽ മുഴുവനും ഞാൻ ജാഗ്രതയോടെ നട ന്നു. ഒരുകാലത്ത് അമ്മായി ഇടയ്ക്കിടെ ടാൻസൻവില്ല സന്ദർശി യ്ക്കാറുണ്ടെന്ന വാർത്തയുടെ സത്യാവസ്ഥ ഓരോരുത്തരോടും ഞാൻ ആവർത്തിച്ചാരാഞ്ഞു. എന്റെ മനസ്സിൽ മിക്കവാറും ഐതിഹാസിക മാനം വരിച്ചു കഴിഞ്ഞ സ്വാനിന്റെ പേര്, അവരുടെ സംഭാഷണങ്ങ ൾക്കിടയിൽ ഉച്ചരിച്ചു കേൾക്കാൻ ഞാൻ ആകാംക്ഷയോടെ കാ ത്തിരുന്നു. പക്ഷേ, ഒരിയ്ക്കൽപ്പോലും ആ പേരു സ്വയം ഉച്ചരിയ്ക്കാൻ

ധൈര്യപ്പെടാതെ, ആ കുടുംബത്തെക്കുറിച്ചുള്ള വിഷയങ്ങളിലേയ്ക്കു സ്വാഭാവികമായി അവരുടെ ചർച്ച തിരിയ്ക്കാനാണു ഞാൻ ശ്രമിച്ചത്. അപ്പോൾ, അവളുടെ സാമീപ്യത്തിൽനിന്നു ഞാൻ വളരെയൊന്നും ദൂരത്തല്ലെന്ന തിരിച്ചറിവ് എനിയ്ക്കൊരു ആശ്വാസമായി അനുഭവപ്പെട്ടു. ചില വിഷയങ്ങളിൽ, മുത്തച്ഛന്റെ തൊഴിൽ കുടുംബപാരമ്പര്യമായി വന്നതാണെന്നും റോസാപ്പൂക്കൾ വിടരുന്ന സ്വാനിന്റെ വേലിപ്പടർപ്പൊരു സ്വകാര്യഭൂമിയല്ലെന്നും കരുതിയിരുന്ന, എന്റെ ധാരണകളെ ഖണ്ഡിച്ചുകൊണ്ട് അച്ഛൻ പറയും: 'അല്ല, മുത്തച്ഛന്റെ തൊഴിൽ സ്വാനിന്റെ അച്ഛനിൽനിന്നാണു വന്നത്, ആ വേലിപ്പടർപ്പ് സ്വാനിനുമാത്രം അവകാശപ്പെട്ടതാണ്...'. ആ നിമിഷം, മറ്റേതു പേരിനേക്കാളും മഹത്വസൂചകമായ ആ പേരു കേൾക്കുന്ന നിമിഷം, രഹസ്യമായി മന്ത്രിയ്ക്കുന്ന സകല സന്ദർഭങ്ങളും സ്വയം ഉയിർത്തെഴുന്നേൽക്കുന്നതുപോലെ എനിയ്ക്കു തോന്നും. മാത്രമല്ല, എന്റെ തലച്ചോറിൽ ആ പേര് ആലേഖനം ചെയ്തിരിയ്ക്കുന്ന ഭാഗത്ത് അനുഭവപ്പെടുന്ന അമിതമായ സമ്മർദ്ദം അതിജീവിച്ച് അനായാസമായി ശ്വാസം വിടുന്നതിനു തെല്ലിട വിശ്രമിയ്ക്കാൻ ഞാനപ്പോൾ നിർബന്ധിയ്ക്കപ്പെട്ടും. മാതാപിതാക്കളോടു നേരിട്ടാവശ്യപ്പെടാൻ ലജ്ജിയ്ക്കേണ്ടവിധം നിഗൂഢമായൊരു സ്വകാര്യനിർവൃതിയായതുകൊണ്ട്, ആ ശബ്ദവിശേഷത്തിലൊരു പ്രത്യേകതയും കാണാത്ത അവരിൽനിന്നതു നേടിയെടുക്കാനുള്ള കഠിനയത്നത്തിന്റെ ഭാഗമായി, ചെറിയൊരു മനശ്ചാഞ്ചല്യത്തോടെ ഞാൻ സംഭാഷണത്തിന്റെ വഴി തിരിച്ചുവിട്ടു. സ്വാനെന്ന പേരിന്റെ ശബ്ദവിന്യാസത്തിൽ ഒളിപ്പിച്ചുവെച്ച വിലോഭനങ്ങൾ ഓരോന്നും അവരുടെ ഉച്ചാരണത്തിൽ ഞാൻ നേരിട്ടനുഭവിച്ചു. സാങ്കൽപ്പികമായ ഈ വ്യാമോഹങ്ങൾ കൃത്യമായി മനസ്സിലാക്കി മാപ്പു നൽകുകയും ചിലപ്പോൾ സ്വാംശീകരിയ്ക്കുകയും ചെയ്യുന്ന അവർക്ക് ഒരിയ്ക്കലും എന്റെ വികാരങ്ങൾ പങ്കു വെയ്ക്കാതെ മാറിനിൽക്കാനാവില്ല; അങ്ങനെ അവരുടെ നിഷ്ക്കളങ്കത നശിപ്പിച്ച ഞാനൊരു നികൃഷ്ടനാണെന്നും ചിലപ്പോഴൊക്കെ എനിയ്ക്കു തോന്നും.

അക്കൊല്ലം ഞങ്ങൾ പതിവിലും നേരത്തേ പാരീസിലേയ്ക്കു മടങ്ങാനുള്ള തീയതി നിശ്ചയിച്ചു. യാത്ര പുറപ്പെടുന്ന ദിവസം രാവിലെ ഛായാഗ്രാഹകന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നതിനു മുന്നോടിയായി അമ്മ എന്റെ തലമുടി മുറിച്ചു ചുരുളുകളാക്കി പുതിയൊരു തൊപ്പി തലയിൽവെച്ചു മിനുമിനുത്ത വേഷവും ധരിപ്പിച്ചു. കുറച്ചു നേരം കഴിഞ്ഞു പോകേണ്ട സമയമായപ്പോൾ എന്നെ എവിടേയും കാണാതെ അമ്മ സകല ദിക്കിലും അന്വേഷിച്ചു നടന്നു. അവസാനം, ടാൻസൻവില്ലയുടെ പരിസരത്തുള്ള കുന്നിൻചെരുവിൽ റോസാച്ചെടികളുടെ മുള്ളു നിറഞ്ഞ ശാഖകൾ മാറോടു ചേർത്തുപിടിച്ച്, അനാവശ്യമായ ആഭരണങ്ങളുടെ അമിതഭാരംമൂലം ശിരസ്സുയർത്താൻ കഴിയാതെ കേഴുന്ന ദുരന്തനാടകത്തിലെ രാജകുമാരിയെപ്പോലെ, ഇളംചുവപ്പു നിറമുള്ള റോസാപ്പൂക്കളോടു കണ്ണീരോടെ വിടപറയുന്ന നിലയിൽ അവരെന്നെ കണ്ടെത്തി. ചുരുട്ടിവെച്ച മുടിയിൽനിന്നു വലിച്ചെടുത്ത കടലാസുവളയങ്ങളും പുതിയ തൊപ്പിയും കാൽക്കീഴിലിട്ടു ചവിട്ടി മെതിച്ച്, നെറ്റിയിലേയ്ക്കു പാറിവീണ മുടിച്ചുരുളൊതുക്കാൻ പാടുപെട്ടു കണ്ണീരിൽ കുതിർന്നു നിൽക്കുന്ന എന്നെ കണ്ടു പക്ഷേ യാതൊരുവിധ മനശ്ചാഞ്ചല്യവും അമ്മയ്ക്കുണ്ടായില്ല. തകർന്ന തൊപ്പിയും കീറിയ വേഷവുംകൂടി നേരിൽ കണ്ട അവരുടെ ഉള്ളിൽനിന്നുയർന്ന നിലവിളി എന്റെ ചെവികളെ തൊട്ടുതലോടി കടന്നുപോയി. “പ്രിയപ്പെട്ട പൂക്കളേ“, തേങ്ങലിനിടയിൽ ഞാനെന്റെ കൂട്ടുകാരെ ആശ്വസിപ്പിച്ചു, “നിങ്ങളെ വിട്ടുപോകാൻ എന്നെ നിർബന്ധിയ്ക്കുന്നത്, അഥവാ നമ്മുടെ ഈ സന്തോഷം നശിപ്പിയ്ക്കുന്നതു തീർച്ചയായും നിങ്ങളല്ല... നിങ്ങൾ.., നിങ്ങളൊരിയ്ക്കലും എനിയ്ക്കൊരു ദ്രോഹവും ചെയ്തിട്ടില്ല. എക്കാലവും ഞാൻ നിങ്ങളെ സ്നേഹിയ്ക്കുകതന്നെ ചെയ്യും!“. വളർന്നു വലുതാകുമ്പോൾ മറ്റുള്ളവരുടെ വിവേകശൂന്യമായ മാതൃക ഒരിയ്ക്കലും പിന്തുടരില്ലെന്നും, തെളിഞ്ഞ പകലിൽ കൂട്ടുകാരെ സന്ദർശിച്ചു കൊച്ചുവർത്തമാനം പറഞ്ഞു സമയം പാഴാക്കുന്നതിനു പകരം, ഗ്രാമങ്ങളിൽ ചെന്നു റോസാച്ചെടികൾ പുഷ്പിയ്ക്കുന്നതു കാണാൻ ശ്രമിയ്ക്കുമെ

ന്നും, വിറയ്ക്കുന്ന വിരലുകൾകൊണ്ടു കണ്ണീരു തുടച്ചു കളഞ്ഞു ഞാൻ അവർക്കുറപ്പു നൽകി.

മെസെഗ്ലിസെ വഴി നടന്നു പോകുമ്പോൾ കണ്ണിൽപ്പെടുന്ന വയലുകൾ പിന്നീടൊരിയ്ക്കലും കൺവെട്ടത്തുനിന്നു മാറിപ്പോകാറില്ല. കോംബ്രേയിൽവെച്ച് എന്നെ സദാ വലയം ചെയ്തു കഴിയുന്ന അദൃശ്യങ്ങളായ വായുവേഗങ്ങൾക്കു ഞാനെന്റെ രക്ഷാകർത്തൃത്വഭാവം ഏൽപ്പിച്ചു കൊടുത്തു. വർഷന്തോറും ഞങ്ങൾ വന്നെത്തുന്ന ആദ്യദിവസം കോംബ്രേയിലാണെന്നു ബോദ്ധ്യപ്പെടാൻ കുന്നിൻമുകളിൽ കയറിനിന്നു ശരീരം തൊട്ടു തഴുകി കടന്നു പോകുന്ന ഇളംകാറ്റു ഞാൻ നേരിട്ടനുഭവിയ്ക്കാറുണ്ട്. 'മെസെഗ്ലിസെ വഴി'യുടെ ഇരുവശങ്ങളിലും നീണ്ടുപരന്നു കിടക്കുന്ന സമതലപ്രദേശങ്ങളിൽ, ഒരുപക്ഷേ മൈലുകളോളം സഹജമായ സൗമ്യഭാവത്തിനു കുറവു വരാതെ ഒരു സഹയാത്രികനായി ഇളംകാറ്റു സദാ നമ്മെ അനുഗമിയ്ക്കും. മിസ് സ്വാൻ ഒഴിവുദിനങ്ങൾ ചിലവഴിയ്ക്കാൻ ചിലപ്പോൾ ലാവോണിലേയ്ക്കു പോകാറുണ്ടെന്നു ഞാൻ മനസ്സിലാക്കിയിരുന്നു. ലാവോൺനഗരം മൈലുകൾക്കകലെയാണെങ്കിലും വഴിയിൽ വേറെ തടസ്സങ്ങൾ ഇല്ലാത്തതുകൊണ്ട് ദൂരമൊരു പ്രശ്നമായിരുന്നില്ല. ചൂടുള്ള അപരാഹ്നങ്ങളിൽ അങ്ങകലെ ചക്രവാളത്തിൽ ഒരിളംകാറ്റ് ഉയരുന്നതു ഞാൻ ശ്രദ്ധിയ്ക്കാറുണ്ട്. വയലുകളിൽ ചോളച്ചെടികളുടെ ശിരസ്സു തലോടി, വിശാലമായ സമതലം മുഴുവൻ പ്രളയത്തിൽ മുക്കി, കറുകപ്പുല്ലിനും തൊട്ടാവാടികൾക്കുമിടയിൽ മർമ്മരശബ്ദം പുറപ്പെടുവിച്ച് ഊഷ്മളതയോടെ അതെന്റെ കാൽക്കീഴിൽ വന്ന് അമർന്നടങ്ങും. അപ്പോൾ, എനിയ്ക്കും അവൾക്കുമിടയിൽ നീണ്ടുനിവർന്നു കിടക്കുന്ന ആ സമതലം ഞങ്ങളെ തമ്മിൽ വലിച്ചടുപ്പിയ്ക്കുന്നതായി ഞാൻ സങ്കൽപ്പിയ്ക്കും. അവളെ തഴുകി കടന്നുപോരുന്ന ഇളംകാറ്റ് എനിയ്ക്കു മനസ്സിലാക്കാനാവാത്ത ഒരു സന്ദേശവാക്യം ചെവികളിൽ മന്ത്രിയ്ക്കുന്നതായി തോന്നുമ്പോൾ ഞാനതിനെ പിടിച്ചു ചുംബിയ്ക്കാൻ ശ്രമിയ്ക്കും. എന്റെ ഇടതുവശത്തെ കാംപ്യെയ്യു ഗ്രാമത്തിനും (വികാരിയച്ചന്റെ ഭാഷ്യത്തിൽ

'കാംപസ് പഗാനി') വലതുവശത്തെ സാങ്ആൻഡ്രേ പള്ളിയ്ക്കും മ ദ്ധ്യേ ഗ്രാമ്യശിൽപ്പമാതൃകയിലുള്ള രണ്ടു ഗോപുരാഗ്രങ്ങൾ, ഗോതമ്പു ചെടിയുടെ ചെവിപോലെ, തേനീച്ചക്കൂടിന്റെ രൂപത്തിൽ കൂർത്തുയർ ന്നു നിൽക്കുന്നതു ഞാൻ പലപ്പോഴും കാണാറുണ്ട്.

തളിരിലകളുടെ അനനുകരണീയമായ അലങ്കാരവിശേഷങ്ങളിൽ മറ്റൊരു വൃക്ഷമായും തെറ്റിദ്ധരിയ്ക്കപ്പെടാതെ കൃത്യമായ ഇടവേളകളി ൽ നിരന്നു നിൽക്കുന്ന ആപ്പിൾമരങ്ങളുടെ വിശാലപത്രങ്ങൾക്കു താ ഴെയുള്ള ശാഖകളിൽ ഇളംമൊട്ടുകൾ കൈകൂപ്പി വിവർണഭാവത്തോ ടെ ശിരസ്സു കുനിച്ചുനിന്നു. 'മെസെഗ്‌ലിസെ വഴി' നടക്കുമ്പോഴാണു സൂര്യപ്രകാശം നേരിട്ടു പതിയ്ക്കുന്ന ഭൂമിയിൽ ആപ്പിൾമരങ്ങളുടെ വൃ ത്താകൃതിയിലുള്ള നിഴലുകൾ ഞാനാദ്യമായി ശ്രദ്ധിച്ചത്. ഇലകൾ ക്കു താഴെ അസ്തയസൂര്യൻ നെയ്യുന്ന തൊട്ടറിയാനാവാത്ത സുവർണ നാരുകൾ മണ്ണിലേയ്ക്കു ചെരിഞ്ഞു വീഴുമ്പോൾ, കൈയിലൊരു വടി യും വീശി തോട്ടത്തിൽ നടക്കുന്ന അച്ഛനു പക്ഷേ അവയുടെ നേർഗ തിയ്ക്കു തെല്ലെങ്കിലും വ്യതിയാനമുണ്ടാക്കാൻ ഒരിയ്ക്കലും കഴിഞ്ഞിട്ടില്ല.

ചിലപ്പോൾ അപരാഹ്നത്തിലെ ആകാശത്തൊരു മേഘശകലം പോലെ ആരുമറിയാതെ വെളുത്ത ചന്ദ്രൻ, അരങ്ങിൽനിന്നു കുറച്ചു നേരത്തേയ്ക്കു 'വിശ്രമം' അനുവദിയ്ക്കപ്പെട്ട മുഖ്യനടി മറ്റുള്ളവരുടെ പ്രക ടനം ആസ്വദിയ്ക്കാൻ സാധാരണ വേഷത്തിൽ 'മുൻവശ'ത്തു പ്രേക്ഷക രുടെ ശ്രദ്ധയാകർഷിയ്ക്കാതെ ഒതുങ്ങി നിൽക്കുന്നതുപോലെ, യാതൊ രു പ്രകടനപരതയുമില്ലാതെ പതുക്കെ തെളിഞ്ഞു വരും. ആ വിസ്മയ ദൃശ്യത്തിന്റെ പ്രതിച്ഛായ പുസ്തകങ്ങളിൽ ചിത്രങ്ങളായി പുനരാവിഷ് ക്കരിച്ചു കാണാൻ കൗതുകം തോന്നിയെങ്കിലും യഥാർത്ഥത്തിൽ ആ കലാസൃഷ്ടി അവയിൽനിന്നെല്ലാം വളരെ വ്യത്യസ്തമാണെന്നു ഞാന റിഞ്ഞു. ബ്ലോക്കിന്റെ സ്വാധീനത്തിൽ ഇന്ദ്രിയങ്ങളുടെ സൂക്ഷ്മമായ സംവേദനതലങ്ങൾ പഠിച്ചെടുക്കുന്നതിനുമുമ്പ് ഇന്നു കാണുന്ന പൂർ ണചന്ദ്രന്റെ സൌന്ദര്യം കൃത്യമായി തിരിച്ചറിയാൻ എനിയ്ക്കു കഴി ഞ്ഞിരുന്നില്ല. ഈയൊരു സിദ്ധി ഒരുപക്ഷേ സാന്റിനേയുടെ നോവ

ലിൽനിന്നോ, വെള്ളിയരിവാളിന്റെ ആകൃതിയിൽ മാനത്തു നിന്നു നേരേ മുറിച്ചെടുത്തതുപോലുള്ള ഗ്ലെയറുടെ ചിത്രത്തിൽനിന്നോ നേരിട്ടു ഞാൻ കണ്ടെടുത്തതായിരിക്കാം. അപൂർണമെങ്കിലും സങ്കീർണതകളില്ലാത്ത ആ കലാസൃഷ്ടികൾ തനതായ രീതിയിൽ ആസ്വദിക്കുന്നതിനോടു മുത്തശ്ശിയുടെ സഹോദരിമാർ പലപ്പോഴും നീരസം കാണിച്ചിരുന്നു. പക്വമായൊരു മനസ്സിൽ ആരാധന തോന്നുന്ന പുസ്തകങ്ങളും ചിത്രങ്ങളും മാത്രമേ കുട്ടികളുടെ വാസന വളർത്താനുള്ള മാതൃകകളായി ഉപയോഗിക്കാവൂവെന്ന് അവരുറച്ചു വിശ്വസിച്ചു. ആസ്വാദകന്റെ മനസ്സിൽ പലപ്പോഴായി സമാഹരിക്കപ്പെടുന്ന അനുഭവങ്ങളുടെ ഈടുവെയ്പ്പില്ലാത്ത സുതാര്യമായൊരു കാഴ്ചപ്പാടിൽ സൗന്ദര്യമൂല്യങ്ങളെ വെറും ഭൗതികവസ്തുക്കളായിമാത്രം അവർ കണക്കാക്കി.

'മെസെഗ്ലിസെ വഴി'യിൽ മോണ്ട്ജോവൈനിലെ കുറ്റിക്കാടു നിറഞ്ഞ കുത്തനെയുള്ള കുന്നിന്റെ കീഴിൽ വലിയൊരു തടാകത്തിന്റെ കരയ്ക്കു പണിത വീട്ടിലാണു വിന്റെയിൽ താമസിച്ചിരുന്നത്. അദ്ദേഹത്തിന്റെ മകൾ പലപ്പോഴും ആ വഴിയിലൂടെ ഒരൊറ്റക്കുതിരവണ്ടി അതിവേഗം ഓടിച്ചുപോകുന്നതു ഞങ്ങൾ കാണാറുണ്ട്. പക്ഷേ, ഈയിടെയായി മൂത്ത സഹോദരിയെപ്പോലെ പ്രായമേറിയ ഒരു പെൺകുട്ടിയുടെ കൂടെയല്ലാതെ ഞങ്ങളൊരിക്കലും അവളെ കാണാറില്ല. പരിസരവാസികളുടെ നോട്ടത്തിൽ ദു:സ്വഭാവിയായ ആ പെൺകുട്ടി പിന്നീടു വിന്റെയിലിന്റെ വീട്ടിൽ സ്ഥിരതാമസമാക്കി; മാത്രമല്ല, താമസിയാതെ അവരുടെ ബന്ധത്തെക്കുറിച്ചു ജനങ്ങൾ പരസ്യമായി അപവാദം പറയാനും തുടങ്ങി:

“നോക്കൂ, മകളോടുള്ള വാത്സല്യം നിമിത്തം ആ പാവം വിന്റെയിൽ നമ്മൾ പറയുന്നതൊന്നും കേൾക്കുന്നില്ല; അദ്ദേഹം അവളോടു വല്ലാത്ത ക്രൂരതയാണു ചെയ്യുന്നത്! 'അത്തര'ത്തിലുള്ള ഒരു പെൺകുട്ടിയെ മകളുടെകൂടെ ഒരേ മേൽക്കൂരയ്ക്കു കീഴിൽ ജീവിക്കാനനുവദിക്കുക! നല്ല പ്രായത്തിൽ നല്ലതുപോലെ പഠിച്ചിരുന്നെങ്കിൽ അവളിന്നൊരു നല്ല സംഗീതജ്ഞയായേനേയെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു;

എന്തൊക്കെ പറഞ്ഞാലും അവൾ കൊള്ളാവുന്നതൊന്നുമല്ല മകളെ പഠിപ്പിയ്ക്കുന്നതെന്ന മനസ്സിലാക്കാനുള്ള വിവേകമെങ്കിലും അദ്ദേഹം കാണിയ്ക്കേണ്ടതായിരുന്നു!" മറ്റുള്ളവരുടെ ആരാധന പിടിച്ചുപറ്റുന്നവിധം സ്വന്തം കഴിവുകൾ പ്രദർശിപ്പിയ്ക്കുന്നതിൽ ഒരാളും ഒരിയ്ക്കലും ഉപേക്ഷ കാണിയ്ക്കാറില്ലെന്നു മറുപടിയായി അദ്ദേഹം അവരോടു പറഞ്ഞു; അധാർമ്മികവും നിഷിദ്ധവുമായി കരുതിപ്പോരുന്ന ശാരീരികമായ അഭിനിവേശം ചിലപ്പോൾ നിസ്വാർത്ഥതയും ഉദാരതയും നിരുപാധികമായി സമർപ്പിയ്ക്കുകവഴി ജന്മസാഫല്യത്തിനുപ്പോലും ചിലർക്കു വഴിയൊരുക്കുന്നുണ്ട്. ഉച്ചത്തിലുള്ള ശബ്ദവും ഇടതൂർന്ന പുരികങ്ങളും സഹജമായുള്ള ഡോക്ടർ പെർസെപ്പൈഡ്, ദയാലുവായ പിശുക്കനെന്ന നിലയ്ക്കും പ്രശസ്തനായിരുന്നു; ചെറിയൊരു പിഴവുപോലുമില്ലാതെ വിന്റെയിലിന്റെ ആ 'ഇരട്ടവേഷം' സുഹൃദ്സദസ്സിൽ അദ്ദേഹം അനായാസം അഭിനയിച്ചു കാണിയ്ക്കും; വികാരിയച്ചനുൾപ്പെടെയുള്ള ശ്രോതാക്കൾ കരച്ചിലിന്റെ വക്കത്തോളം ചിരിച്ചു കുഴയുമ്പോൾ പരുഷമായ ശബ്ദത്തിൽ അദ്ദേഹം പറയും: "എന്താണു നിങ്ങൾ കരുതുന്നത്? മിസ് വിന്റെയിൽ ആ സംഗീതജ്ഞയ്ക്കു പിന്നണി പാടുന്നുണ്ടെന്നോ? അത്ഭുതം തോന്നുന്നു, അല്ലേ? അതെ, എനിയ്ക്കൊന്നുമറിയില്ല.., യാതൊന്നും! അതിനെക്കുറിച്ച് ഇന്നലെ ആ കാരണവർതന്നെയാണു പറഞ്ഞത്. എന്തായാലും, മകൾക്കു സംഗീതത്തിൽ ഭ്രമം തോന്നാൻ പാരമ്പര്യവും അവകാശവുമുണ്ട്. അവളുടെ കലാഭിരുചിയെ സ്വപ്നത്തിൽപ്പോലും ഞാൻ തള്ളിപ്പറയില്ല. ഒരുപക്ഷേ വിന്റെയിലും അവരുടെകൂടെ കൂടിയിരിയ്ക്കാം. അദ്ദേഹം മകളുടെ കൂട്ടുകാരിയിൽ നിന്നു പാട്ടു പഠിയ്ക്കുന്നുണ്ടത്രേ! എന്തൊരു സ്വർഗീയാനന്ദം! അവരുടെ വീടുതന്നെ ഒരു പാട്ടുപെട്ടിയായി മാറിക്കഴിഞ്ഞു! നിങ്ങളെന്തിനാണു ചിരിയ്ക്കുന്നത്? അവരൊന്നിച്ചു പാടുന്നുണ്ടെന്നുമാത്രമേ ഞാനുദ്ദേശിച്ചുള്ളൂ! ഇന്നലെ ഭാര്യയുടെ ശവമാടത്തിനു സമീപം മുട്ടുകുത്തിനിന്നു പ്രാർത്ഥിയ്ക്കുന്ന കാരണവരെ ഞാൻ കാണുകയുണ്ടായി. അദ്ദേ

ഹത്തിനു സ്വന്തം കാലിൽനിന്നു ചെയ്യാൻ കഴിയുന്ന ഒരേയൊരു കാര്യം ഇന്നിപ്പോൾ ഒരുപക്ഷേ ആ പ്രാർത്ഥന മാത്രമായിരിക്കും!“

അക്കാലത്തു സത്യം പറഞ്ഞാൽ സങ്കടങ്ങളുടെ നിലയില്ലാക്കയത്തിൽ വീണുഴലുകയായിരുന്നു, വിന്റെയിൽ. മകൾക്കു പരോക്ഷമായിപ്പോലും സാന്ത്വനം നൽകാനാവാതെ, നാട്ടുനീളെ പരക്കുന്ന അപവാദങ്ങൾ കേട്ടില്ലെന്നു നടിച്ച്, പരിചയക്കാരിൽനിന്നെല്ലാം ഒഴിഞ്ഞുമാറി അഥവാ അറിയാതെ മുമ്പിൽ ചെന്നു പെട്ടാൽ പെട്ടെന്നു തിരിഞ്ഞു നടന്നു സദാ ഭാര്യയുടെ കുഴിമാടത്തിനു സമീപത്തുതന്നെ അദ്ദേഹം സമയം ചിലവഴിച്ചു. നിരന്തരം ദുർബലമായ ഹൃദയമിടിപ്പുമായി സാവകാശം സമീപിക്കുന്ന മരണത്തെ മുഖാമുഖം കണ്ടു ചുരുങ്ങിയ നാളുകളിൽ താനൊരു പടുവൃദ്ധനായി മാറിയെന്നു സ്വയം അദ്ദേഹം അത്ഭുതപ്പെട്ടു. പക്ഷേ, അയൽക്കാരുടെ ആരോപണങ്ങൾ അദ്ദേഹം വ്യക്തമായിത്തന്നെ തിരിച്ചറിഞ്ഞു; ഒരുപക്ഷേ, അവയെല്ലാം അദ്ദേഹം വിശ്വസിക്കുകകൂടി ചെയ്തു. ദുരാചാരങ്ങളെ നിന്ദിക്കുന്നതിൽ അമിതാവേശം പുലർത്തുന്ന സാത്വികരായ ജനങ്ങൾപോലും സാഹചര്യങ്ങളുടെ സമ്മർദ്ദംമൂലം ദുർവൃത്തരുമായി ഇടപഴകുമ്പോൾ, സ്വന്തം കൺമുമ്പിൽവെച്ച് അവരെടുത്തണിയുന്ന വേഷപ്പകർച്ച തിരിച്ചറിയാതെ സ്വയം പീഡിപ്പിക്കപ്പെടുന്നു. മറ്റൊരാളെ ഇഷ്ടപ്പെടാനുള്ള കാരണങ്ങൾ ആർക്കും എത്ര വേണമെങ്കിലും നിരത്താവുന്നതേയുള്ളൂ; ഒറ്റപ്പെട്ട ഒരു വാക്ക്, ശ്രദ്ധിക്കപ്പെടാതെ പോയ ഒരു ഭാവം, സുന്ദരമായൊരു സായാഹ്നം തുടങ്ങി അത്തരത്തിൽ ഒരുപാടു കാര്യങ്ങളുണ്ട്. ബൊഹീമിയൻസമൂഹത്തിൽമാത്രം അരങ്ങേറുന്നതെന്നു തെറ്റായി വ്യാഖ്യാനിക്കപ്പെടുന്ന സാഹചര്യങ്ങളിലേക്കു ശാരീരികബലത്തിൽ കരുത്തനായ ഒരാളേക്കാൾ സൂക്ഷ്മഗ്രഹണശക്തിയുള്ള വിന്റെയിലിനെപ്പോലുള്ളവർ സ്വയം ചെന്നുചാടുന്നതു വേദനാകരമെന്നുതന്നെ കരുതണം. മക്കൾക്ക് അച്ഛനമ്മാരുടെ പ്രത്യേകതകളേക്കാൾ പൈതൃകമായി ലഭിക്കുന്ന കണ്ണിന്റെ സാദൃശ്യംപോലെ, മനുഷ്യമനസ്സിൽ പ്രകൃതി പ്രതിഷ്ഠിക്കുന്ന തിന്മയുടെ വിത്തു സ്വയമേവ വളർന്നു വിക

സിയ്ക്കുന്നതിനാകാം ഒരുപക്ഷേ അത്തരം സാഹചര്യങ്ങൾ സമൂഹ ത്തിൽ താനേ ഉരുത്തിരിഞ്ഞു വരുന്നത്. അസ്വാഭാവികമായ പെരു മാറ്റംകൊണ്ടു പക്ഷേ വിന്റെയിലിന്റെ മനസ്സിൽ മകളോടുള്ള ആരാ ധനയ്ക്കു യാതൊരു കുറവുമുണ്ടായില്ല. ജീവിതയാഥാർത്ഥ്യങ്ങൾ പല പ്പോഴും വിശ്വാസങ്ങളുടെ വിഷയങ്ങളിൽ കടന്നു ചെല്ലാറില്ല; വി ശ്വാസങ്ങളുടെ പ്രണേതാക്കൾക്കു യാഥാർത്ഥ്യങ്ങളുമായി തീരെ ബ ന്ധമില്ലാത്തതുകൊണ്ട് ജീവിതത്തെ പരിവർത്തനോന്മുഖമാക്കുന്ന ഊർജ്ജസ്വവും സഹജമായി ലഭിയ്ക്കാറില്ല. നിഷേധിയ്ക്കുകയും നിരാകരി യ്ക്കുകയും ചെയ്തു നമുക്കു വിശ്വാസങ്ങളുടെ നേർക്കു നിരന്തരം പ്രഹര ങ്ങളേൽപ്പിയ്ക്കാം; പക്ഷേ, ഒന്നിനൊന്നു പിന്നാലെ രോഗങ്ങളും ദുരി തങ്ങളും ഹിമപാതവർഷമായി വന്നു വീണാൽപ്പോലും വിശ്വാസിക ൾക്കു ദൈവത്തിന്റെ ദയാവായ്പിലും വൈദ്യന്റെ കൈപ്പുണ്യത്തിലുമു ള്ള വേരുറച്ച വിശ്വാസം ഒരിയ്ക്കലും നഷ്ടപ്പെടില്ല. പൊതുവേ ലോകദൃ ഷ്ടിയിൽ തനിയ്ക്കും മകൾക്കും അനുവദിച്ചു കിട്ടിയ സാമൂഹ്യനിലവാ രം കണ്ടറിഞ്ഞ്, അയൽക്കാരുടെ വിലയിരുത്തലിൽ അവൾക്കുള്ള സ്ഥാനത്തിനു തൊട്ടടുത്തു തന്നേയും പ്രതിഷ്ഠിയ്ക്കാനാണു വിന്റെയിൽ ശ്രമിച്ചത്. അപ്പോൾ, കോംബ്രേയിലെ ജനങ്ങൾ അവരുടെനേർക്കു പ്രയോഗിച്ച, വിദ്വേഷം വമിയ്ക്കുന്ന, അതേ ഭാഷയിൽ തങ്ങളുടെ സാമൂ ഹ്യവിചാരണയെക്കുറിച്ചു സ്വയമൊരു വിധി പുറപ്പെടുവിയ്ക്കാനും അ ദ്ദേഹം ബാദ്ധ്യസ്ഥനായി. അങ്ങനെ, സ്വന്തം നില വളരെ 'നിന്ദ്യ' മാണെന്നും നിലയില്ലാത്ത വളരെയേറെ 'താഴ്ന്ന ജലനിരപ്പി'ലാണു തങ്ങൾ താമസിയ്ക്കുന്നതെന്നും അദ്ദേഹം കണ്ടറിഞ്ഞു. അതുകൊണ്ട് ഈയിടെയായി അദ്ദേഹത്തിന്റെ പെരുമാറ്റത്തിൽ സാമൂഹ്യമായൊ രു വണക്കത്തിന്റെ, എത്രയോ താഴെയുള്ളവരോടുപോലും, തന്നേ ക്കാൾ ഉയർന്ന തലത്തിൽ നിൽക്കുന്നവരെ കാണാൻ ശിരസ്സുയർ ത്തേണ്ടി വരുന്ന ഒരുതരം കപടമായ ആദരവിന്റെ ലക്ഷണം പ്രകട മായി; മനുഷ്യസഹജമായ ദൗർഭാഗ്യങ്ങളുടെ സ്വാഭാവികപരിണാമ മെന്ന നിലയ്ക്കു നഷ്ടപ്പെട്ട സ്വന്തം സ്ഥാനം വീണ്ടെടുക്കാനുള്ള നിരന്ത

രയത്നങ്ങളുടെ പ്രത്യക്ഷസൂചനകളുമായിരുന്നു, അവ.

ഒരുദിവസം ഞങ്ങൾ സ്വാനുമായി തെരുവിലൂടെ നടക്കുമ്പോൾ മറ്റൊരു വഴി വന്ന വിന്റെയിൽ, രക്ഷപ്പെടാൻ സമയമോ സൗകര്യമോ ലഭിയ്ക്കാതെ, പെട്ടെന്നു ഞങ്ങൾക്കു മുമ്പിൽ മുഖാമുഖം പ്രത്യക്ഷപ്പെട്ടു. ലൗകികമനുഷ്യർക്കു പൊതുവേ സഹജമായ അധികാരത്തിന്റെ അനുകമ്പയോടെ, ധാർമ്മികതയുടെ മുഖാവരണത്തിനു പിന്നിൽ സ്ഥിരമായി ആവർത്തിയ്ക്കുന്ന ദുരാചാരങ്ങൾ മറച്ചു വെച്ചു മറ്റൊരാൾക്കു സംഭവിച്ച അപമാനം സൗഹാർദ്ദപരമായ ഔദാര്യംകൊണ്ടു സൽക്കരിയ്ക്കാൻ അവസരം ലഭിച്ചതിന്റെ ചാരിതാർത്ഥ്യത്തോടെ, അയാളോടുള്ള പെരുമാറ്റത്തിൽ അക്കാര്യങ്ങളാണു സുപ്രധാനമെന്നു കരുതി തന്നെക്കുറിച്ചുള്ള മതിപ്പ് ഉയർത്തിക്കാണിച്ചു സ്വയം സംതൃപ്തിയടയുന്ന ബാഹ്യലക്ഷണങ്ങളോടെ, കുശലാന്വേഷണം നടത്താനുള്ള ബന്ധം പോലും മാസങ്ങളായി നഷ്ടപ്പെട്ടിരുന്ന വിന്റെയിലിനോടു സ്വാൻ ദീർഘനേരം സംസാരിച്ചു. പരസ്പരം പിരിയുന്നതിനു മുമ്പ് സ്വന്തം മകളുടെകൂടെ കളിയ്ക്കാൻ ടാൻസൻവില്ലയിലേയ്ക്കു വിന്റെയിലിന്റെ മകളെ ക്ഷണിയ്ക്കാനും അദ്ദേഹം മറന്നില്ല. രണ്ടുവർഷം മുമ്പായിരുന്നെങ്കിൽ വിന്റെയിലിനു പ്രകോപനം സൃഷ്ടിയ്ക്കുന്ന ആ ക്ഷണം, പക്ഷേ, ഇന്നിപ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽ അതിരറ്റ കൃതജ്ഞതയാണു ജനിപ്പിച്ചത്; മാത്രമല്ല, ക്ഷണം സ്വീകരിയ്ക്കുന്ന അവിവേകത്തിൽനിന്നു സ്വയം ഒഴിഞ്ഞുനിൽക്കാൻ ആ ഭാവം അദ്ദേഹത്തെ നിർബന്ധിതനാക്കുകയും ചെയ്തു. മകളോടുള്ള സ്വാനിന്റെ സുഹൃദ്സമീപനം വളരെ അമൂല്യവും ആദരണീയവുമായി വിന്റെയിലിനു തോന്നി. എങ്കിലും, ആ ആനുകൂല്യം തൽക്കാലം ധൂർത്തടിയ്ക്കാതെ ഒരു കരുതൽധനമായി സൂക്ഷിയ്ക്കുന്ന കാൽപ്പനികസംതൃപ്തിയാണു മെച്ചമെന്ന നിഗമനത്തിൽ അദ്ദേഹം എത്തിച്ചേർന്നു.

“എന്തൊരു ആകർഷണീയമായ വ്യക്തിത്വം!“ സ്വാൻ പൊയ്ക്കഴിഞ്ഞ നിമിഷം വിന്റെയിൽ ഞങ്ങളോടു പറഞ്ഞു. വിഡ്ഢിയും വിരൂപയുമായ പ്രഭ്വിയുടെ വശ്യതയിൽ മയങ്ങുന്ന വിരുതരായ ചില സ്ത്രീ

കളെപ്പോലെ അദ്ദേഹം കൂട്ടിച്ചേർത്തു: “എന്തൊരു ഉദാരമനസ്കത! പക്ഷേ, ഈ പരിതാപകരമായൊരു വിവാഹത്തിൽ അദ്ദേഹം ചെന്നു ചാടിയതു കഷ്ടമായിപ്പോയി!“.

നേരിട്ടു പരിചയപ്പെട്ട ഒരു വ്യക്തിയെക്കുറിച്ചു രൂപീകരിച്ച വ്യക്തവും സത്യസന്ധവുമായ അഭിപ്രായം അയാളുടെ അസാന്നിദ്ധ്യത്തിൽ മറ്റുള്ളവരോടു പറയുന്ന ഗർഹണീയമായ കാപട്യം, ആത്മാർത്ഥതയുള്ളവരിൽപ്പോലും കണ്ടുവരുന്നുണ്ട്. എവിടെനിന്നൊക്കെയോ കേട്ടു സ്വാംശീകരിച്ച ആദർശങ്ങളും ആചാരങ്ങളും മൊണ്ട്ജോവൈനിൽ തീരെ ബാധകമല്ലെന്ന പ്രത്യക്ഷസൂചന നൽകി, സ്വാനിന്റെ വിവാഹത്തെ വിന്റെയിലിനോടു ചേർന്നുനിന്നു ഞങ്ങളും അപലപിച്ചിരുന്നു. വീട്ടിലേയ്ക്കു മകളെ പറഞ്ഞയയ്ക്കാൻ വൈമുഖ്യം കാണിച്ച വിന്റെയിലിനോടു സ്വാൻതന്നെ പിന്നീടു ഖേദവും പ്രകടിപ്പിച്ചു. വിന്റെയിലിനെ കാണുമ്പോഴൊക്കെ, അതേ പേരിൽ പരിചയമുള്ള മറ്റൊരാളെക്കുറിച്ചു ചോദിച്ചു മനസ്സിലാക്കാൻ സ്വാൻ പലവട്ടം മനസ്സിലോർത്തിരുന്നു. അദ്ദേഹം മകളുമായി ടാൻസൻവില്ലയിലേയ്ക്കു വരുന്ന ദിവസം, സംസാരിയ്ക്കാനുള്ള വിഷയങ്ങളെ സംബന്ധിച്ചും സ്വാൻ നേരത്തേ നിശ്ചയിച്ചുറപ്പിയ്ക്കാറുണ്ട്.

കോംബ്രേയുടെ പരിസരത്തു ചുറ്റിനടക്കാൻ ഞങ്ങളുപയോഗിയ്ക്കാറുള്ള രണ്ടു വഴികളിൽ ദൈർഘ്യം കുറഞ്ഞതു 'മെസെഗ്ലിസെ വഴി'യായതുകൊണ്ട്, കാലാവസ്ഥ അനിശ്ചിതമായ ദിവസങ്ങൾക്കായി ഞങ്ങളതു കരുതിവെയ്ക്കും. മെസെഗ്ലിസെയുടെ ശീതോഷ്ണമായ കാലാവസ്ഥ പെട്ടെന്നൊരു പേമാരിയുടെ സൂചന നൽകുമ്പോൾ, റൂസ്സെൻവില്ലയിലെ ഇടതിങ്ങിയ വൃക്ഷങ്ങൾക്കു കീഴെ അഭയം തേടാൻ തക്കവണ്ണം ഞങ്ങൾ വനത്തിന്റെ അതിരുകളിൽനിന്നു കണ്ണെടുക്കാതെ ശ്രദ്ധിയ്ക്കും.

ചിലപ്പോൾ സ്വന്തം രൂപഭംഗി സ്വൽപ്പനേരത്തേയ്ക്കു മറയ്ക്കാൻവേണ്ടി സൂര്യനൊരു മേഘത്തിനു പുറകിലേയ്ക്കു നീങ്ങി നിൽക്കുമ്പോൾ,

പ്രത്യുപകാരമായി സൂര്യപ്രകാശം ആ മേഘത്തിന്റെ അരികുകൾക്കു വജ്രശോഭ പകരും. പകലിന്റെ വെണ്മയെ അതിശയിക്കുന്ന ആ വജ്രത്തിളക്കത്തിൽ, ചെറിയൊരു ഗ്രാമമായ റൂസ്സൈൻവില്ലയിലെ ത്രികോണമുഖപ്പുകൾ ചക്രവാളത്തിൽ ഒഴുകിനടക്കുന്ന വെൺമേഘസഞ്ചയങ്ങളായി മാറി. പെട്ടെന്നുണ്ടായ ഒരു കാറ്റിന്റെ ഒഴുക്കിൽ മാനത്തേക്കു ചേക്കേറിയ മാടപ്രാവുകൾ ചിറകടിച്ചു പറന്നു ദൂരത്തെവിടെയോ അദൃശ്യമായി. വിളറിയ ആകാശത്തിനു കീഴെ, പഴയ കെട്ടിടങ്ങളുടെ ചുമരുകളിൽ പാകിയ രത്നക്കല്ലുകൾക്കു ചായം പൂശിയതുപോലെ, കാടുകൾ അഗാധനീലിമ പുതച്ചു കിടന്നു.

ചില ദിവസങ്ങളിൽ കണ്ണട നന്നാക്കുന്ന വൃദ്ധന്റെ കടയ്ക്കു മുമ്പിൽ തൂക്കിയ അന്തരീക്ഷമാപിനി, പെയ്യാൻ തുടങ്ങുന്ന മഴയെക്കുറിച്ചു ഞങ്ങൾക്കു മുന്നറിയിപ്പു നൽകും. ഒരൊറ്റ ശരീരമെന്നമട്ടിൽ കൂട്ടംകൂട്ടമായി പറന്നു പോകുന്ന ദേശാടനക്കിളികളെപ്പോലെ, മഴത്തുള്ളികൾ മാനത്തു പടയോട്ടം നടത്തി ഒന്നിച്ചു താഴോട്ടു പതിക്കും. പരസ്പരം ഒരിക്കലും വേർപിരിയാതെ, ത്വരിതഗതിയിലുള്ള പ്രയാണത്തിൽ ചടുലനീക്കങ്ങൾക്കു മുതിരാതെ, ഒന്നിനു പുറകെ മറ്റൊന്നായി ഓരോന്നും തനതായ സ്ഥാനത്തു പരസ്പരം ആകർഷിക്കപ്പെടുമ്പോൾ, തെക്കേ ദിക്കു നോക്കി പറന്നു പോകുന്ന മീവൽപ്പക്ഷികളുടെ നിഴൽ തട്ടിയതുപോലെ, ആകാശം കറുത്തിരുണ്ടു കഴിഞ്ഞിരിക്കും. മഴ കൊള്ളാതിരിക്കാൻവേണ്ടി ഞങ്ങൾ വൃക്ഷങ്ങൾക്കിടയിൽ അഭയം പ്രാപിക്കും. മഴയുടെ പലായനം പൂർത്തിയായെന്നു തീർച്ച വന്നാൽ, പതിവിലേറെ ദുർബലവും വിളംബിതവുമായി അവസാനത്തെ ചില തുള്ളികൾകൂടി താഴോട്ടു വീഴും. മഴ മരച്ചില്ലകളിൽ താളമിടാൻ തുടങ്ങുന്ന സമയം ഞങ്ങൾ അഭയസ്ഥാനങ്ങളിൽ നിന്നെഴുന്നേറ്റു മിക്കവാറും നനവു വറ്റിയ മണ്ണിലേക്കു നീങ്ങിനിന്നു മുകളിലേക്കു നോക്കുമ്പോൾ, വൃക്ഷത്തിന്റെ ഉയരമുള്ള ശാഖകളിൽ ആടിയുലയുന്ന ഇലകളിൽ തട്ടി താഴോട്ടൊഴുകാൻ തുടങ്ങുന്ന ഒന്നോ രണ്ടോ തുള്ളികൾ, ഇലയുടെ അഗ്രഭാഗത്തു തെല്ലിട തിളക്കത്തോടെ തൂങ്ങിനിന്നു പെട്ടെന്നു

ഞങ്ങളുടെ തണുത്ത മുഖത്തു വന്നു വീണു ചിതറിത്തെറിയ്ക്കും.

മഴ പെയ്യാൻ തുടങ്ങി അഭയസ്ഥാനം തേടി സാങ്ആൻഡ്രേ പള്ളിയുടെ പൂമുഖത്തേയ്ക്ക് ഓടിക്കയറുമ്പോൾ വിശുദ്ധരുടേയും ചക്രവർത്തിമാരുടേയും പ്രതിമകളിൽ കാൽ തട്ടി ചിലപ്പോഴൊക്കെ ഞങ്ങൾ താഴെ വീഴും. ഫ്രാൻസിന്റെ തനിമയുടെ പ്രതീകമായിരുന്നു ആ ദേവാലയം! പ്രവേശനകവാടത്തിൽ, പുണ്യാത്മാക്കളുടെ രൂപങ്ങളും, പടച്ചട്ടയും പൂക്കളും ധരിച്ച രാജാക്കന്മാരുടെ വിവാഹരംഗങ്ങളും ശവസംസ്ക്കാരയാത്രകളും, ഫ്രാങ്കോയ്സ് മനസ്സിൽ കണ്ടതുപോലെ, വരച്ചു വെച്ചിരുന്നു. സാങ്ലൂയിസുമായി താരതമ്യപ്പെടുത്തി മുത്തച്ഛനും മുത്തശ്ശിയ്ക്കും 'ധാർമ്മികനിലവാരം' മോശമാണെന്നു കാണിയ്ക്കാൻ ഫ്രാങ്കോയ്സ് അടുക്കളയിൽവെച്ചു ചിലപ്പോഴൊക്കെ ഉദ്ധരിയ്ക്കാറുള്ള വാക്യങ്ങൾപോലെ, അരിസ്റ്റോട്ടിലും വെർജിലും വിവരിച്ച ചില ഉപാഖ്യാനങ്ങൾകൂടി ആ പ്രതിമകളിൽ കൃത്യമായി കുറിച്ചിരുന്നു. മദ്ധ്യകാലഘട്ടത്തിലെ അജ്ഞാതനായൊരു കലാകാരനും, ഇന്നു ഞങ്ങൾക്കു ഭക്ഷണം പാകംചെയ്യാൻ മാത്രമായി പത്തൊമ്പതാംനൂറ്റാണ്ടിന്റെ അവസാനം വരെ ജീവിച്ചിരുന്ന, അപരിഷ്കൃതയായൊരു ഗ്രാമീണസ്ത്രീയും ആദ്യകാലക്രൈസ്തവചരിത്രത്തെക്കുറിച്ചു പുലർത്തിപ്പോന്ന ഉന്നതാശയങ്ങൾ സത്യസന്ധതയുടെ സരളതയിൽ പരിഹരിയ്ക്കപ്പെടുന്ന അപ്രമാദിത്വങ്ങളുമായി ഒരിയ്ക്കലും പുസ്തകങ്ങളിൽനിന്നു കടമെടുത്തവയായിരുന്നില്ല; നേരേ മറിച്ച്, അവ പഴക്കംകൊണ്ടു തിരിച്ചറിയാൻ കഴിയാതെ അപചയം വന്നതാണെങ്കിലും സജീവമായൊരു വാങ്മയപാരമ്പര്യം വഴി തുടർന്നതാണെന്നു തെളിയിയ്ക്കപ്പെട്ടു. സാങ്ആൻഡ്രേയിലെ പ്രാചീനശിൽപ്പങ്ങളുടെ പ്രബലമായൊരു ദൃഷ്ടാന്തമായി എനിയ്ക്കു തിരിച്ചറിയാൻ കഴിഞ്ഞ കോംബ്രേയിലെ മറ്റൊരാൾ, കാമസിന്റെ സഹായി തിയഡോറെന്ന ചെറുപ്പക്കാരനായിരുന്നു; ആ വ്യക്തിത്വത്തിൽ പഴയ ഗ്രാമീണതയും സമകാലികമായ ആധുനികതയും ഒരുപോലെ പ്രകടമാണെന്നു ഫ്രാങ്കോയ്സിനു നന്നായറിയാം. അമ്മായിയ്ക്ക് അസുഖം വർദ്ധിച്ചു പരസഹായം കൂടാ

തെ എഴുന്നേൽക്കാനും ഇരിയ്ക്കാനും കഴിയാതെ വന്നപ്പോൾ, മുകളിൽ കയറി വന്നു സ്വയം അമ്മായിയ്ക്കു 'മതിപ്പു'ണ്ടാക്കാനുള്ള അവസരം അടുക്കളക്കാരിയ്ക്കു നിഷേധിക്കുന്ന ഫ്രാങ്കോയ്സ് തിയഡോറിനെ പ്രത്യേകം ആളയച്ചു വിളിപ്പിയ്ക്കും. സാങ്ആൻഡ്രേയുടെ പൂമുഖത്തു തിളങ്ങുന്ന രൂപങ്ങളുടെ പ്രസരിപ്പുള്ള ആ യുവാവ്, പട്ടണത്തിലെ അറിയപ്പെടുന്ന ഒരു 'ദു:സ്വഭാവി'യെണെന്നു വ്യക്തമായിരുന്നു. 'പാവം സാധു'ക്കളോടും അതിലുപരി 'പാവമായ സ്വന്തം സ്വാമിനി'യോടുമുള്ള ആദരവു മുഴുവൻ മനസ്സിൽ സമാഹരിയ്ക്കുന്ന ഫ്രാങ്കോയ്സ് അമ്മായിയുടെ ശിരസ്സ് പതുക്കെ തലയണയിൽനിന്നുയർത്താൻ കുനിയുമ്പോൾ, വിശുദ്ധമാതാവിന്റെ മരണക്കിടയ്ക്കയ്ക്കു സമീപം കൈയിൽ മെഴുകുതിരിയുമായി തിക്കിത്തിരക്കുന്ന മാലാഖമാർ നവോത്ഥാനകാലഘട്ടത്തിനു മുമ്പുള്ള ചിത്രങ്ങളിൽ എടുത്തണിഞ്ഞ ആർജ്ജവം സ്ഥുരിയ്ക്കുന്ന ഭാവത്തോടെ, കല്ലിൽ കൊത്തിയ ചാരനിറത്തിലുള്ള മുഖങ്ങൾ അർദ്ധനിമീലിതമായി നിദ്രാധീനങ്ങളെന്നു തോന്നുമ്പോഴും ലൗകികത വിടരാൻതക്ക ജീവചൈതന്യമുള്ള തിയഡോറിന്റെ മുഖത്തെ വൈദികോചിതമായ കൗശലഭാവം പഴുത്ത ആപ്പിളിന്റെ രക്തപ്രസാദത്തോടെ മിന്നിത്തിളങ്ങും.

പൂമുഖത്തു ചുമരിൽ തൂക്കിയ മാലാഖകളുടെ ചിത്രങ്ങൾക്കു പുറമേ, പുറത്തു നനവുള്ള മണ്ണിൽ ഉയർത്തിക്കെട്ടിയ പീഠത്തിൽ മനുഷ്യരൂപത്തേക്കാൾ മീതേ, ഗ്രാമീണസ്ത്രീകളുടെ ആർജ്ജവം നിറഞ്ഞു കവിയുന്ന മുഖത്തോടെ, കരുത്തുറ്റ തൊലിക്കട്ടിയും ആഴ്ന്നിറങ്ങുന്ന കണ്ണുകളും പതിഞ്ഞ മൂക്കും ഇടുങ്ങിയ നെറ്റിയും പഴുത്ത മുന്തിരിക്കുലപോലെ തുളുമ്പുന്ന ഉറച്ച മാറിടവും തുടുത്ത കവിളുകളുമുള്ള ഒരു വിശുദ്ധന്റെ പ്രതിമ നിൽക്കുന്നതു കാണാം. ചിലപ്പോൾ ഞങ്ങളെപ്പോലെ മഴയത്തൊരു തോർച്ച തേടി പാടത്തുനിന്നു കയറിവരുന്ന ഗ്രാമീണയായൊരു പെൺകുട്ടിയുടെ സാന്നിദ്ധ്യം ആ രൂപത്തിൽ ഞാൻ കണ്ടു. കല്ലിൽ കൊത്തിയ ഇലകളോടു ചേർന്നു സ്വാഭാവികമായി പടർന്നുകയറുന്ന വള്ളികൾപോലെ, ആ കലാസൃഷ്ടിയുടെ സത്യവും

സൗന്ദര്യവും പ്രകൃതിയുടെ നൈസർഗികതയുമായി ബന്ധിപ്പിച്ച നിരൂപണാത്മകമായൊരു വിലയിരുത്തലിനു ഞാൻ തയാറായി. അങ്ങകലെ, ഞങ്ങളുടെ കൺമുന്നിൽ റൂസ്സെൻവില്ല! വാഗ്ദത്തഭൂമിയെന്നോ ശാപഭൂമിയെന്നോ തിരിച്ചറിയാൻ കഴിയാത്ത ആ ഗ്രാമത്തിന്റെ അതിരു കടന്നു കയറാൻ എനിക്കൊരിക്കലും സന്ദർഭം ലഭിച്ചിട്ടില്ല. മഴ നിലച്ചിട്ടും കൊടുങ്കാറ്റിന്റെ ശരങ്ങൾ വീടുകളുടെമേൽ വന്നു ചെരിഞ്ഞു പതിച്ച റൂസ്സെൻവില്ല സ്വയം പവിത്രീകരിക്കപ്പെട്ടു.

ചിലപ്പോൾ കാലാവസ്ഥ പൂർണമായും മോശമായി പെട്ടെന്നു മടങ്ങാൻ നിർബന്ധിതരായ ഞങ്ങൾക്കു ബാക്കി സമയം വാതിലടച്ച വീട്ടിനത്തുതന്നെ കഴിയേണ്ടി വരും. മങ്ങിയ വെളിച്ചത്തിലും കനം തൂങ്ങിയ അന്തരീക്ഷത്തിലും വെള്ളത്തിലാണ്ടുപോയ ഭൂപ്രദേശങ്ങൾ സമുദ്രദൃശ്യങ്ങളായും കുന്നിൻചെരിവിൽ ഒറ്റപ്പെട്ട വീടുകളുടെ മേൽക്കൂര കാർമേഘങ്ങളിൽ മുങ്ങി പായ ചുരുട്ടിക്കെട്ടി കടലിലെ ഓളത്തിലൊഴുകുന്ന ചെറുവള്ളങ്ങളായും കാണപ്പെടും. പക്ഷേ, മഴയും കാറ്റും സത്യത്തിൽ എന്തനുഭവമാണു നമുക്കു പകരുന്നത്? വേനൽക്കാലത്തെ തെളിഞ്ഞു പ്രസന്നമായ 'ദുഷിച്ച' കാലാവസ്ഥ, ഒരുപക്ഷേ, തിരയിളക്കി കടന്നു പോകുന്ന ക്ഷണികവും ഉപരിപ്ളവവുമായ ആവേശമാകാം. വർഷകാലത്തെ അസ്ഥിരവും അനിശ്ചിതവുമായ 'നല്ല' കാലാവസ്ഥ, മണ്ണിൽ സ്വയം കാലൂന്നി നിന്ന സസ്യജാലങ്ങളായി രൂപാന്തരം പ്രാപിക്കുന്ന പച്ചപ്പടർപ്പുകൾക്കുമേൽ തോരാതെ പെയ്യുന്ന മഴയുടെ നിഷ്ക്കപടമായ ആഹ്ലാദത്തിനു യാതൊരു മങ്ങലുമേൽപ്പിക്കാതെ, വീടുകളിലും തോട്ടങ്ങളിലും വർണാഭമായ കൊടിക്കൂറകൾ ഉയർത്താതെ, വിപരീതവും വ്യത്യസ്തവുമായ മറ്റൊരു കാലാവസ്ഥയായി മാറുന്നു. ഇടനാഴിയിൽ കൈയിലൊരു പുസ്തകവുമായി ഉച്ചഭക്ഷണത്തിനു നേരമാകുന്നതു വരെ കാത്തിരിക്കുന്ന എനിക്കു ഞാവൽമരത്തിൽനിന്നു വീഴുന്ന മഴത്തുള്ളികളുടെ ശബ്ദം വ്യക്തമായി കേൾക്കാം; കനത്തു ചുരുണ്ട ഇലകളുടെ പച്ചപ്പു മുഴുവൻ മിനുക്കി പ്രകാശം തെളിക്കുന്ന നല്ല കാലാവസ്ഥ ഇനിയും തുടരുമെന്ന ആശ്വാ

സം പകർന്ന തോരാത്ത വേനലിന്റെ നീക്കിയിരുപ്പായി രാവു മുഴുവൻ മഴ പെയ്തു. ഇന്നിങ്ങനെ നിർത്താതെ പെയ്യുന്ന മഴ മൂലം നാളെ ടാൻസൻവില്ലയുടെ വെളുത്ത ചായം പൂശിയ വേലിയിൽ ഹൃദയാകൃതിയിലുള്ള തളിരിലകളുടെ ഒരു മഹാസമുദ്രം ഉയർന്നു പൊങ്ങി പരന്നൊഴുകും. റൂകാപ്സിലെ വാകമരങ്ങൾ കൊടുങ്കാറ്റിനോടു താണുകേണു പ്രാർത്ഥിയ്ക്കുന്നതു യാതൊരുൽക്കണ്ഠയുമില്ലാതെ നിസ്സംഗതയോടെ ഞാൻ നോക്കിയിരുന്നു; ചെമ്പകമരങ്ങളിൽ ഇടിമുഴക്കത്തിന്റെ അവസാനത്തെ പ്രതിദ്ധ്വനി മൂളിപ്പറക്കുന്നതും യാതൊരുൽക്കണ്ഠയുമില്ലാതെ നിസ്സംഗതയോടെ ഞാൻ കേട്ടിരുന്നു!

രാവിലെ മുഴുവൻ കാലാവസ്ഥ മോശമായതുകൊണ്ടു നടത്ത ത്തി-ന്റെ ആശയംതന്നെ ഉപേക്ഷിയ്ക്കുമ്പോൾ എനിയ്ക്കു വീട്ടിനകത്തു കഴിയാതെ യാതൊരു നിർവാഹവുമില്ലെന്നു വരും. ലിയോണി അമ്മായിയുടെ മരണശേഷം സ്വത്തു ഭാഗം വെച്ചു കണക്കുതീർക്കാൻ ഞങ്ങൾ കോംബ്രേയിലെത്തിയ ശരത്ക്കാലത്ത്, തനിച്ചു പുറത്തു പോകുന്നതൊരു ശീലമാക്കി ഞാൻ മെസെഗ്ലിസെ വഴി നേരേ നടക്കും. അമ്മായിയുടെ മരണം, അയൽക്കാരിൽ രണ്ടു വിഭാഗക്കാരേയും ഒരു തരത്തിൽ സംതൃപ്തരാക്കുകയാണു ചെയ്തത്. സ്വന്തം ജീവിതരീതികൊണ്ടു നിരന്തരം ക്ഷീണിതയായി അവർ സ്വയം മരണത്തിലേയ്ക്കു പ്രവേശിയ്ക്കുമെന്നു കരുതിയവരും, അവരുടെ രോഗത്തിനു സാങ്കൽപ്പികമല്ലാതെ ജൈവികമായ ചില കാരണങ്ങൾകൂടിയുണ്ടെന്നു കരുതിയവരും, ഒരുപോലെ ആശ്വാസം പൂണ്ടു. സംശയാലുക്കളെക്കൂടി ബോദ്ധ്യപ്പെടുത്തുന്നവിധം കൃത്യമായ ചില തെളിവുകൾ ബാക്കി നിർത്തിയാണവർ മരണത്തിനു കീഴടങ്ങിയത്. പക്ഷേ, ഒരാൾക്കുമാത്രം ആ മരണദു:ഖം മാരകവും പ്രാകൃതവുമായ പ്രതികരണങ്ങൾക്കു കാരണമായി മാറി. അമ്മായിയ്ക്കു രോഗം മൂർച്ഛിച്ച അവസാനത്തെ രണ്ടാഴ്ച, ഒരു മാത്രപോലും ഫ്രാങ്കോയ്സ് അവരുടെ മുറിയിൽനിന്നു പുറത്തിറങ്ങിയില്ല; ഒരിയ്ക്കൽപ്പോലും അവൾ വസ്ത്രം മാറിയിട്ടില്ല; അമ്മായിയ്ക്കു വേണ്ടി എന്തെങ്കിലും ചെയ്യാൻ അവൾ മറ്റാരേയും അനുവദിച്ചതുമില്ല.

മൃതദേഹം കല്ലറയിലേയ്ക്ക് ഇറക്കിവെയ്ക്കുന്നതുവരെ അവൾ ജഡശരീരത്തിനു സമീപത്തു കാവൽനിന്നു. അമ്മായിയുടെ കർക്കശമായ വാക്കുകൾ നിരന്തരം കേട്ടു കോപത്തിനും സംശയങ്ങൾക്കുമിരയായി ഭീതിയോടെ കഴിഞ്ഞുപോന്ന ഫ്രാങ്കോയ്സിന്റെ മനസ്സിൽ വിദ്വേഷത്തിന്റെ വികാരങ്ങൾ മുള പൊട്ടാൻ സാധ്യതയുണ്ടെന്നു ധരിച്ച ഞങ്ങൾക്കു പക്ഷേ തെറ്റി; തനിയ്ക്കെതിരെ പലപ്പോഴും അന്ത്യവിധി പുറപ്പെടുവിയ്ക്കുകയും പലായനത്തിനു യാതൊരു പഴുതും നൽകാതെ കുടിലതന്ത്രങ്ങൾ മെനയുകയും ചെയ്തു അവളുടെ ആ പരമാധികാരി, കാലയവനികയ്ക്കുള്ളിൽ മറഞ്ഞ സർവശക്തയായ സ്വാമിനിയുമായി താരതമ്യം ചെയ്യുമ്പോൾ ഞങ്ങളൊക്കെ നിസ്സാരജീവികളായി ഫ്രാങ്കോയ്സിനു തോന്നി. അവളുടെ കണ്ണിൽ അമ്മായിയുടെ തൊട്ടടുത്തു ഞങ്ങളോടുണ്ടായിരുന്ന മതിപ്പിന്റെ കാലം അതോടെ കഴിഞ്ഞുപോയി.

അമ്മായിയുടെ മരണവുമായി ബന്ധപ്പെട്ട പൈതൃകവും നിയമപരവുമായ ഔപചാരികതകൾ പൂർത്തിയാക്കുന്നതിനുവേണ്ടി അച്ഛനമ്മമാർ അഭിഭാഷകരും കൃഷിക്കാരുമായുമുള്ള ചർച്ചകളിലേർപ്പെട്ടു മുഴുവൻ സമയവും തിരക്കിലായിരുന്ന ആ ശരത്ക്കാലത്തു സായാഹ്നസവാരിയ്ക്കു വേണ്ടത്ര സമയം നീക്കിവെയ്ക്കാൻ ആർക്കും കഴിഞ്ഞില്ല. അങ്ങനെ ചിലപ്പോൾ കാലാവസ്ഥ അനിശ്ചിതമാകുമ്പോൾ അവരെക്കൂടാതെ 'മെസെഗ്ലസെ വഴി', മഴയിൽനിന്നു രക്ഷനേടാൻ നല്ലൊരു കമ്പിളിയും പുതച്ചു ഞാൻ പുറപ്പെടും. പുതപ്പിലെ ആഡംബരപൂർണമായ വരകളും വർണങ്ങളും ഫ്രാങ്കോയ്സിനെ ശുണ്ഠി പിടിപ്പിച്ചിരുന്നതുകൊണ്ട് എനിയ്ക്കതു വിസ്തരിച്ചു പുതയ്ക്കുന്നതിൽ നിഗൂഢമായൊരു കൗതുകംപോലും തോന്നി. ധരിയ്ക്കുന്ന വേഷത്തിന്റെ നിറവും മരിച്ചവരോടുള്ള ദുഃഖാചരണവുമായി യാതൊരു ബന്ധവുമില്ലെന്ന് ആരു പറഞ്ഞാലും അവൾക്കു ബോദ്ധ്യമാവില്ല. അമ്മായിയുടെ മരണവുമായി ബന്ധപ്പെട്ടുള്ള ഞങ്ങളുടെ ദുഃഖാചരണം തീരെ തൃപ്തികരമല്ലെന്നും, വിഭവസമൃദ്ധമായ സർവാണിസദ്യ നൽകി അയൽക്കാരെ സൽക്കരിച്ചില്ലെന്നും, അമ്മായിയെക്കുറിച്ചു പരാമർശിയ്ക്കുമ്പോൾ വാ

ക്കുകൾക്കു സവിശേഷമായൊരു വിഷാദത്തിന്റെ സ്വരം വരുത്തുന്നി ല്ലെന്നും മാത്രമല്ല ചിലപ്പോഴൊക്കെ ഞാനൊരു സംഗീതാത്മകരാ ഗം മൂളാറുണ്ടെന്നുകൂടി അവൾ കടുത്ത രീതിയിൽ ആക്ഷേപിച്ചു. ദു: ഖാചരണത്തെക്കുറിച്ചുള്ള അത്തരമൊരു സങ്കൽപ്പം, 'ചാൻസൻ റോ ളന്റി'ന്റെ പുസ്തകത്തിൽ വായിക്കുമ്പോൾ നമുക്കൊരുപക്ഷേ ആകർഷ കമായി തോന്നാം. ചിലപ്പോൾ, ദുർഭൂതം ബാധിച്ചതുപോലെ, ഫ്രാ ങ്കോയ്സിനെ കളിയാക്കാനും ശുണ്ഠി പിടിപ്പിക്കാനുമുള്ള ഒരാവേശം എന്റെ മനസ്സിലുണരും; അമ്മായിയുടെ മരണത്തിൽ ഞാൻ ഖേദി ക്കുന്നതു സ്നേഹംകൊണ്ടല്ലെന്നും, വിലക്ഷണതകൾ നിരവധിയുണ്ടെ ങ്കിലും അവരൊരു നല്ല സ്ത്രീയായതുകൊണ്ടുമാത്രമാണെന്നും ഞാൻ പ്രഖ്യാപിക്കും; ഒരു നിമിഷനേരത്തെ സങ്കടംപോലും ജനിപ്പിക്കാത്ത വിധം ആ മരണം സാധാരണമാണെന്ന, പുസ്തകത്തിലാണെങ്കിൽ പേക്കുത്തെന്നു പറയുന്ന ചില വാചകങ്ങൾ, ഞാനവളോട് ആവേശ പൂർവം വിളിച്ചു കൂവും!

അമ്മായിയുമായി ഒരുമിച്ചുകഴിഞ്ഞ കാലത്തെ ഓരോരോ ഓർമ്മ കളും അയവിറക്കി വിഷാദം പൂണ്ട വിചാരങ്ങളുടെ വേലിയേറ്റത്തിൽ മുങ്ങിപ്പൊങ്ങുന്ന അവൾ, എന്റെ പ്രസ്താവന നിരാകരിക്കാനുള്ള ശ ക്തിയില്ലാതെ, ഒരു കവിയുടെ നിസ്സഹായതയുമായി മല്ലിടുമ്പോൾ, ഡോക്ടർ പെർസെപ്പൈഡിനു യോജിച്ച നിഷ്ഠുരവും വിരോധാഭാസ കരവുമായ ബുദ്ധിയുടെ വിജയത്തിൽ ഞാനഹങ്കരിക്കും. എന്നിട്ടും അ വൾ, 'എന്തൊക്കെയായാലും അവർക്കൊരു 'പാരമ്പര്യ'മുണ്ടല്ലോ, ഓ രോരുത്തരും അവനവന്റെ 'പാരമ്പര്യ'ത്തെ ബഹുമാനിക്കേണ്ടതാ ണെന്നു വീണ്ടും വാദിക്കാൻ വന്നാൽ, ഞാൻ ചുമലൊന്നിളക്കി 'സ്വ ന്തം ഭാഷപോലും ഉച്ചരിക്കാനറിയാത്ത നിരക്ഷരയായൊരു വൃദ്ധ യോട് ഇത്തരം കാര്യങ്ങളെക്കുറിച്ചു സംസാരിക്കുന്നതു നിഷ്ഫലമാ ണെ'ന്നു വീമ്പിളക്കും. വല്ലപ്പോഴുമൊരിക്കൽ മാത്രം അഭിനയിക്കാൻ വേദി ലഭിക്കുന്ന വിദ്യാഡംഭിയുടെ നിന്ദ്യമായ ഭാവത്തോടെ ഫ്രാ ങ്കോയ്സിനെക്കുറിച്ചു ഞാനങ്ങനെ അന്ത്യവിധി പുറപ്പെടുവിക്കും.

അക്കാലത്ത്, നീണ്ട മണിക്കൂറുകൾ വായനയിൽ മുഴുകിയശേഷമാണു ഞാൻ സായാഹ്നസവാരിയ്ക്കു പുറപ്പെടാറുള്ളത്. അതുകൊണ്ടു തന്നെ ആ യാത്ര എനിയ്ക്കേറെ ഹൃദ്യമായി തോന്നാറുണ്ട്. രാവിലെ മുഴുവൻ വീട്ടിനകത്തിരുന്നു വായിച്ചു മടുക്കുമ്പോൾ കമ്പിളിയും ചുമലിലിട്ടു ഞാൻ പുറപ്പെടും. ദീർഘനേരത്തെ നിർബന്ധിതമായ നിശ്ചലാവസ്ഥ മൂലം ശരീരത്തിൽ ഈട്ടം കൂടിയ ജീവോർജ്ജം, യന്ത്രപ്പൂട്ടു തുറന്നതുപോലെ, നാലുഭാഗത്തേയ്ക്കും ചിതറിത്തെറിയ്ക്കാൻ വെമ്പൽ കൊള്ളും. വീടിന്റെ മതിൽ, ടാൻസൻവില്ലയുടെ വേലി, റൂസ്സൈൻവില്ലയിലെ മരങ്ങൾ, മോണ്ട്ജോവൈനിൽ തലചായ്ച്ചു കിടക്കുന്ന കുറ്റിക്കാട്ടുകൾ, അങ്ങനെ ഒന്നൊഴിയാതെ ഓരോന്നും എന്റെ കുടയുടേയോ വടിയുടേയോ പ്രഹരങ്ങളും ആഹ്ലാദകരമായ ആക്രോശങ്ങളും നേരിട്ടനുഭവിച്ചു. പലപ്പോഴും ഹർഷോന്മാദം നൽകുന്ന ആ അനുഭൂതി, പകൽവെളിച്ചത്തിൽ വ്യക്തമായി വെളിപ്പെടുകയും ശ്രമകരമായ വിശദീകരണത്തിനു വിധേയമാകുകയും ചെയ്യുന്നതിനു പകരം അനായാസമായ കൈവഴിയിലേയ്ക്കു വഴുതി വീണതിന്റെ പ്രകാശനമല്ലാതെ മറ്റൊന്നുമായിരുന്നില്ല. ഉള്ളറകളിലെ ബോധം വൈകാരികപ്രതികരണങ്ങളായി പ്രത്യക്ഷപ്പെട്ട് അവ്യക്തമായൊരു രൂപത്തിൽ പുറമേയ്ക്കു രക്ഷപ്പെടുമ്പോൾ, ഭാരവാഹിത്വത്തിൽനിന്നു മാത്രമല്ല അതെങ്ങനെയാണു വ്യാഖ്യാനിയ്ക്കേണ്ടതെന്ന സന്ദിഗ്ധതയിൽനിന്നുകൂടി നാം മോചിയ്ക്കപ്പെടും. 'മെസെഗ്ലിസെ വഴി'യോടുള്ള എന്റെ കടപ്പാടുകൾ, യാദൃച്ഛികമായി ലഭിച്ചതും പ്രത്യക്ഷപ്രചോദനങ്ങൾക്കു കാരണവുമായ സകല കണ്ടെത്തലുകളും, ഞാനൊന്നു സംഗ്രഹിച്ചു നോക്കാൻ ശ്രമിച്ചു. അന്നൊരു ദിവസം കുന്നിൻചെരിവിൽ മണ്ണൊലിച്ചു പോകാതെ തടഞ്ഞു നിർത്തിയ കുറ്റിക്കാടിനു സമീപം നിൽക്കുമ്പോൾ, നമ്മുടെ മനസ്സിൽ രൂഢമൂലമായ ധാരണകളും ഇന്ദ്രിയങ്ങൾക്കു പരിചിതവും സാധാരണവുമായ പ്രകാശനോപാധികളും തമ്മിലുള്ള പൊരുത്തമില്ലായ്മയെക്കുറിച്ചു ഞാനാദ്യമായി ആശ്ചര്യത്തോടെ മനസ്സിലാക്കി. ഒ

രു മണിക്കൂറോളം മഴയോടും കാറ്റിനോടും പടവെട്ടി തടാകത്തിനരികെ വിന്റെയിലിന്റെ തോട്ടക്കാരൻ പണിയായുധങ്ങൾ സൂക്ഷിക്കുന്ന ഓടു മേഞ്ഞ കുടിലിനു സമീപം ചെന്നു നിന്നപ്പോൾ സൂര്യൻ വീണ്ടും തെളിഞ്ഞു പ്രകാശിച്ചു. മഴത്തുള്ളികളുടെ തലോടലേറ്റു പൂർവാധികം പ്രസന്നമായ സുവർണകിരണങ്ങൾ മരങ്ങളിലും കുടിലിന്റെ ചുമരുകളിലും നനവു മാറാത്ത മേൽക്കൂരയിലെ ഓടുകളിലും ഒരിക്കൽക്കൂടി പ്രഭാപൂരം ചൊരിഞ്ഞു. കുടിലിന്റെ ചുമരിൽ വേരു പിടിച്ചു വളർന്ന കാട്ടുപുല്ലുകൾ വകഞ്ഞു മാറ്റി വീശിയടിച്ച കാറ്റ്, മേൽക്കൂരയുടെ മുകപ്പിൽ ചേക്കേറിയ കോഴിക്കുഞ്ഞിന്റെ നനഞ്ഞ ചിറകുകളിലെ ഈർപ്പം ഒപ്പിയെടുത്തു. ഭാരം തീരെ കുറഞ്ഞ അചേതനമായ പദാർത്ഥങ്ങളുടെ അപ്രതിരോദ്ധ്യമായ സഹിഷ്ണുതയോടെ കാറ്റിന്റെ ശക്തമായ പ്രവാഹത്തിൽ ആ മുഖപ്പുകൾ ആടിയുലഞ്ഞു. അപ്പോൾ, തടാകത്തിലേക്കു ചെരിഞ്ഞു നിൽക്കുന്ന ഓടിട്ട മേൽക്കൂരയുടെ പ്രതിബിംബം, തെളിഞ്ഞ സൂര്യപ്രകാശത്തിൽ കൂടുതൽ വ്യക്തമായി മുമ്പൊരിക്കലും കാണാത്തവിധം ഇളംചുവപ്പു കലർന്ന മാർബിളിന്റെ ഘനരൂപംപോലെ കാണപ്പെട്ടു. ചിരിക്കുന്ന ആകാശത്തോടു പ്രതികരിച്ചു വിളറിയ മന്ദഹാസം പൊഴിക്കുന്ന ചുമരിന്റെ പ്രതിഛായ ജലോപരിതലത്തിൽ ദൃശ്യമായപ്പോൾ, അതിരു കവിഞ്ഞ ആഹ്ലാദം അടക്കാനാവാതെ ചുരുട്ടിവെച്ച കുട തലയ്ക്കു മുകളിൽ ചുഴറ്റിവീശി നടന്ന എന്റെ ഉള്ളിൽനിന്നു ഞാനറിയാതെ അവ്യക്തമായ ചില ശബ്ദങ്ങൾ പുറത്തു വന്നു: 'ഡാം...ഡാം...ഡാം.....!'. പക്ഷേ, അർത്ഥരഹിതമായ ആ അക്ഷരങ്ങളിൽ സംതൃപ്തനാകാതെ, ആനന്ദനിർവൃതിയുടെ ആ നീരുറവ നേരിട്ടു കാണാൻ പരിശ്രമിക്കേണ്ടത് എന്റെ ഉത്തരവാദിത്വവും ബാദ്ധ്യതയുമാണെന്നു ഞാൻ മനസ്സിലാക്കി.

അന്നത്തെ പണികഴിഞ്ഞു തീർത്തും പരിക്ഷീണനായി, സഹൃദയത്വം തൊട്ടുതീണ്ടാതെ, ആ വഴി കടന്നുപോയ ഒരു വൃദ്ധഗ്രാമീണൻ എന്റെ കുടയുടെ പ്രഹരത്തിൽനിന്നു കടുകിട വ്യത്യാസത്തിലാണു രക്ഷപ്പെട്ടത്. ആനന്ദകരമായ അനുഭൂതിയിൽ സർവവും മറന്ന ഞാൻ

പക്ഷേ യാതൊന്നുമറിഞ്ഞില്ല. 'എത്ര സുന്ദരമായ അന്തരീക്ഷം, ചുറ്റി നടന്നു കാണാൻ പറ്റിയ അപൂർവമായൊരു ദിവസം!' എന്നിങ്ങനെ അത്യാവേശം കലർന്ന എന്റെ ആഹ്ലാദഭാവത്തോടു തീരെ നിർവികാരമായാണു ഗ്രാമീണൻ പ്രതികരിച്ചത്. മുൻകൂട്ടി നിശ്ചയിച്ചുറപ്പിച്ച പദ്ധതികളും പരിപാടികളുമനുസരിച്ച് സമാനമായ വികാരങ്ങൾ ഒരേ സമയം ഒരുപോലെ എല്ലാവർക്കും ഉണർന്നു വരണമെന്നില്ലെന്ന സത്യം ആ നിമിഷം ഞാൻ മനസ്സിലാക്കി. ഏറെ നേരം പുസ്തകം വായിച്ചു മടുത്തു കുറച്ചു സമയം ആരോടെങ്കിലും സംസാരിക്കാമെന്നു കരുതി ഉള്ളിലുള്ള വിചാരങ്ങൾ ഒഴുക്കി വിടാൻ ബദ്ധപ്പെട്ടു നാമൊരു സുഹൃത്തിനെ സമീപിക്കുമ്പോൾ, തൊട്ടു മുമ്പ് മറ്റൊരാളുമായി സംഭാഷണത്തിന്റെ പൂർണസംതൃപ്തി അനുഭവിച്ച ആലസ്യത്തിൽ അയാൾ നിശ്ശബ്ദനായി ആരുടേയും ശല്യമില്ലാതെ വായിക്കാൻ തയാറെടുത്തു കഴിഞ്ഞിരിക്കും. അച്ഛനമ്മമാരോടുള്ള അകൈതവമായ ആദരവോടെ, അവർക്കു സന്തോഷമുള്ള കാര്യങ്ങൾ എത്രയും പെട്ടെന്നു നടപ്പാക്കാൻ മുന്നിട്ടിറങ്ങി ഞാനവരെ ചുംബിക്കാനായുന്ന നിമിഷം, പണ്ടെന്നോ ചെയ്ത ഒരു കുസൃതി ഓർത്തെടുത്ത് അവരെന്നെ കഠിനമായി ശകാരിക്കാനൊരുങ്ങിയ സന്ദർഭങ്ങളും ജീവിതത്തിൽ വിരളമല്ല.

ഏകാന്തതയിൽ അനുഭവപ്പെടുന്ന അത്തരം ഹർഷോന്മാദങ്ങൾക്കിടയിൽ ചിലപ്പോഴൊക്കെ എന്റെ കരവലയത്തിൽ ഒതുങ്ങിനിൽക്കുന്ന ശാലീനയായൊരു പെൺകുട്ടിയെ പെട്ടെന്നു കൺമുന്നിൽ പ്രത്യക്ഷപ്പെട്ടു കാണാൻ മോഹിക്കുന്ന മറ്റൊരു വികാരവും മനസ്സിലേക്കു കടന്നുവരും. ആ നിമിഷം, എന്തിനാണു നിർണായകാനുമതി നൽകേണ്ടതെന്നു തീരുമാനിക്കാൻ എനിക്കു കഴിയാറില്ല. മനസ്സിൽ പലപ്പോഴായി വന്നുകൂടിയ വ്യത്യസ്തങ്ങളായ പല ആശയങ്ങളിൽ എവിടെനിന്നാണു വരുന്നതെന്നു കണ്ടുപിടിക്കാനുള്ള സാവകാശം നൽകാതെ പൊടുന്നനെ പൊട്ടിപ്പുറപ്പെടുന്ന ആ മോഹത്തിനു മറ്റു വിചാരങ്ങളിൽനിന്നു ലഭിക്കുന്നതിനേക്കാൾ അത്യധികമായൊരു ആനന്ദം അകമ്പടി സേവിക്കുന്നതു ഞാൻ കണ്ടറിഞ്ഞു. കുടിലിന്റെ ഓടിട്ട മേ

ൽക്കൂരയുടെ പ്രതിഛായയിലും ചുമരിൽ പടർന്നുകിടന്ന കാട്ടുചെടിക ളിലും വളരെക്കാലമായി കാണണമെന്നു മോഹിച്ച റൂസ്സെൻവില്ലയു ടെ വനാന്തരങ്ങളിലും പള്ളിയുടെ ഗോപുരാഗ്രങ്ങളിലുംനിന്നു പുറപ്പെ ട്ടതാണെന്നു തോന്നുന്നതരത്തിൽ പുതിയതായി ഉത്ഭവിച്ച ആ വി കാരം എനിയ്ക്കു നവീനമായൊരു ഉന്മേഷം പകരും. ഉന്മാദകമായൊ രു കുളിർകാറ്റായി ആസന്നവികാരങ്ങളുടെ പായ്ക്കപ്പൽ ആ സവി ശേഷാനുഭൂതിയിലേയ്ക്കു സ്വയം വശീകരിയ്ക്കപ്പെട്ടു. പക്ഷേ, പ്രകൃതിയു ടെ വശ്യഭാവങ്ങളേക്കാൾ സുന്ദരിയായൊരു പെൺകുട്ടിയെക്കുറിച്ചു ള്ള മോഹം മനസ്സിലുണർത്തിയ ആ അനുഭൂതി, തിരിച്ച് അതേ വിധ ത്തിൽത്തന്നെ അവളുടെ ആകർഷകത്വത്തെക്കുറിച്ച് അതുവരെ എ നിയ്ക്കു തോന്നിയിരുന്ന പരിമിതമായ ബോദ്ധ്യം ഊട്ടിയുറപ്പിയ്ക്കുകയും ചെയ്തു. വൃക്ഷങ്ങളുടെ സൗന്ദര്യവും അങ്ങകലെ കാണുന്ന ചക്രവാളവും റൂസ്സെൻവില്ലാ വനങ്ങളും ആയിടെ വായിച്ചാസ്വദിച്ച പുസ്തകങ്ങളും അവളുടെ ചുംബനം വഴി മാത്രമേ സ്വാംശീകരിയ്ക്കാൻ കഴിയൂ എന്നെ നിയ്ക്കു തോന്നി. വിഷയാസക്തിയിൽ നിന്ന് ഉത്തേജിതമായ ഭാവന യും, ഭാവനകളിൽ അനായാസവിഹാരം നടത്തുന്ന വിഷയാസക്തി യും ചേർന്ന് എന്റെ മോഹങ്ങളുടെ അതിരുകൾ മായ്ച്ചുകളഞ്ഞു. മാ ത്രമല്ല, മനസ്സിന്റെ സ്വാഭാവികമായ കൃത്യങ്ങളെല്ലാം തൽക്കാല ത്തേയ്ക്കു നിർത്തി, വസ്തുതകളുടെ കേവലാശയങ്ങൾ ഒരിടത്തൊതു ക്കി, പ്രകൃതിയിൽ മാത്രം ധ്യാനനിമഗ്നനാകുന്ന നിമിഷം, ഇരിയ്ക്കുന്ന സ്ഥലത്തിന്റെ മൗലികമായ അസ്തിത്വം പരിശോധനയ്ക്കു വിഷയമാ കുമ്പോൾ, മനസ്സിൽ മോഹമുണർത്തിയ ആ ക്ഷണികരൂപം വെറു മൊരു 'സ്ത്രീ'ത്വത്തിന്റെ സവിശേഷമാതൃകയല്ല, മറിച്ച്, ഭൂമിയുടെ സ്വാ ഭാവികമായ ഉൽപ്പന്നങ്ങളിൽ ഒന്നുമാത്രമാണെന്നു ഞാൻ കണ്ടു! സർവചരാചരങ്ങളുമടങ്ങുന്ന ഭൂമിയുടെ യാഥാർത്ഥ്യവും പ്രാധാന്യവും, പ്രായം ചെന്നവർക്കു തോന്നുന്നതിനേക്കാൾ ഒരുപടിമേലേ, ആ നി മിഷം അമൂല്യമായി എനിയ്ക്കനുഭവപ്പെട്ടു; ഭൂമിയെ ഞാൻ ജീവികളി ൽനിന്നു പ്രത്യേകം വേറിട്ടു കണ്ടില്ല. ബാൽബെക്കിനോടും മെസെ

ഗ്‌ലിസെയോട്ടും തോന്നിയ അതേ ആവേശമാണ ഗ്രാമീണയായ ഒ രു പെൺകുട്ടിയോട്ടും നാഗരികവനിതയോട്ടും എനിയ്ക്കനുഭവപ്പെട്ടത്. അവരുടെ സഹജമായ അവസ്ഥാഭേദങ്ങൾ എനിയ്ക്കനുകൂലമായി മാ റ്റിമറിയ്ക്കാൻ സ്വാതന്ത്ര്യം ലഭിച്ചിരുന്നെങ്കിൽ, ആ ആനന്ദത്തിന മൂല്യ ക്ഷയം വന്നതായിപ്പോലും ഒരുപക്ഷേ ഞാൻ കണക്കാക്കും. ബാൽ ബെക്ക് കടൽത്തീരത്തെ മുക്കുവകന്യകയേയും മെസെഗ്‌ലിസെയി ലെ ഗ്രാമീണയായ പെൺകിടാവിനേയും പാരീസ്നഗരത്തിലെ ഒരു തെരുവിൽവെച്ച കണ്ടുമുട്ടുന്നത്, കടലോരങ്ങളിൽ കാണാത്ത കക്ക യോ വനാന്തരങ്ങളിൽനിന്ന ലഭിയ്ക്കാത്ത വിത്തോ സമ്മാനമായി വാങ്ങുന്നതുപോലെ, സങ്കൽപ്പങ്ങളിൽ പൊതിഞ്ഞ അനുഭൂതികളിൽ നിന്ന് അവളെനിയ്ക്ക നൽകുന്ന ആനന്ദം സ്വയമേവ ഉരിഞ്ഞു കളയു ന്നതിന തുല്യമായിരിയ്ക്കും. അതേസമയം, ആശ്ലേഷിയ്ക്കാനൊരു കുട്ടി ല്ലാതെ റൂസ്സെൻവില്ല വനാന്തരങ്ങളിൽ നടക്കുന്നത്, കാടിന്റെ നിഗൂ ഢത മനസ്സിലാക്കാതെ, കാടിനുള്ളിൽ ഒളിഞ്ഞിരിയ്ക്കുന്ന സൗന്ദര്യം തൊട്ടുണർത്താതെ, വെറുതെ അലഞ്ഞുതിരിയുന്നതുപോലെ നിഷ്ഫ ലമാണെന്നും ഞാനറിഞ്ഞു. ഇലകളുടെ നിഴലിൽ പുള്ളിയുടുപ്പു ധരിച്ച നിൽക്കുന്ന അവൾ എന്നെ സംബന്ധിച്ച ഭൂമിയുടെ ഗന്ധം മണക്കു ന്ന, വനത്തിൽ വളരുന്ന, ഉയരമുള്ളതുകൊണ്ടു കുറച്ചുകൂടി അടുത്തുചെ ന്നു നോക്കി കാണാൻ തോന്നുന്ന രൂപഭംഗിയുള്ള, ഒരു പ്രാദേശിക സസ്യം മാത്രമായിരുന്നു. വിഷയാസക്തിയുടെ ആനന്ദം പലവിധ സ്ത്രീകളുമായി ഇടപെട്ടു വെറുമൊരു സാധാരണവിഷയമായി പരിമി തപ്പെട്ടശേഷം, അവരെല്ലാം ഒരേ തരത്തിൽ ആനന്ദം നൽകുന്ന വി വിധോപാധികൾമാത്രമാണെന്നു കാണുന്ന പരമാവസ്ഥയിലേയ്ക്കു പ ക്ഷേ ഞാൻ അടുത്ത കാലത്തൊന്നും ചെന്നെത്താൻ സാദ്ധ്യതയില്ല. ജീവിതത്തിന്റെ ഈ കാലഘട്ടത്തിൽ (അവളിൽനിന്നല്ലാതെ മറ്റൊ രിടത്തുനിന്നും നേടാനാവാത്ത സവിശേഷമായ പരിലാളനകളോ ടെ) ആ മണ്ണിന്റെ മണം ഇന്ദ്രിയങ്ങളിലേയ്ക്കു പകരുമ്പോൾ ലഭ്യമാക

ന്ന അസുലഭമായ ആ നിർവൃതി അനായാസമായിത്തന്നെ എനിയ്ക്കാസ്വദിയ്ക്കാൻ കഴിഞ്ഞു. ബോധതലത്തിൽ പ്രത്യേകമായ രൂപം നൽകി വേർതിരിയ്ക്കപ്പെട്ട ആ അനുഭൂതി, ആത്യന്തികമായ ലക്ഷ്യമായോ തത്സമയം തോന്നുന്ന അസ്വസ്ഥതയായോ ഒരിയ്ക്കലും നിലനിൽക്കുന്നില്ല. അവനവനിൽ നിന്നു രക്ഷപ്പെടാനല്ലാതെ ആരും ഒരിയ്ക്കലും അവനവനെക്കുറിച്ചു ചിന്തിയ്ക്കാറില്ല. പ്രതീക്ഷകളുണർത്തുന്ന ആ അനുഭൂതി ഒടുവിൽ സ്വയം അനുഭവവേദ്യമായി നമ്മുടെ മനസ്സിൽ അസഹ്യമായൊരു പാരവശ്യം പടരുന്ന നിമിഷം, തൊട്ടടുത്തു നിൽക്കുന്ന അവളുടെ ചുംബനങ്ങളും കടാക്ഷങ്ങളും ആ ദയാവായ്പ്പിനു മുമ്പിൽ സമർപ്പിയ്ക്കുന്ന കൃതജ്ഞതയും നമ്മുടെമേൽ ചൊരിയുന്ന സവിശേഷമായ ആനുകൂല്യങ്ങളും മാത്രമായേ അനുഭവപ്പെടുകയുള്ളൂ.

കഷ്ടം! മനസ്സിലെ മോഹങ്ങൾ തുറന്നു പറയാൻ തക്ക വിശ്വസ്തത റൂസ്സെൻവില്ലയുടെ ഇരുട്ടറകൾക്കു മാത്രമാണെന്നു കരുതി ഗ്രാമീണയായ ആ പെൺകുട്ടിയെ സമീപത്തേയ്ക്കു പറഞ്ഞയക്കാൻ ഞാനപേക്ഷിച്ചതു പക്ഷേ വെറുതയായി. കോംബ്രേയിൽ ഞങ്ങളുടെ വീടിന്റെ മുകളിലത്തെ നിലയിൽ ഔഷധവേരിന്റെ ഗന്ധം മണക്കുന്ന മുറിയിൽനിന്നു പുറത്തേയ്ക്കു നോക്കുമ്പോൾ, പാതി തുറന്ന ജാലകത്തിന്റെ ചതുരമായ ചട്ടക്കൂടിൽ നിറഞ്ഞു നിൽക്കുന്ന പള്ളിയുടെ ഗോപുരം മാത്രമേ കാണാനുള്ളൂ. അജ്ഞാതമായ ദേശങ്ങളിലേയ്ക്ക് ആത്മസന്ദേഹത്തോടെ യാത്ര പോകുന്ന സാഹസികനായൊരു സഞ്ചാരിയായി, ആത്മനാശത്തിന്റെ വക്കിൽ വികാരപാരവശ്യത്തോടെ സംശയിച്ചു നിൽക്കുന്ന നിർഭാഗ്യവാനായി, എന്റെ അമിതാഭിനിവേശം സ്വയം പെയ്തു തീർന്നപ്പോൾ ചുമരിന്റെ വിടവുകളിൽ പുഷ്പിയ്ക്കാൻ തുടങ്ങിയ കാട്ടുചെടികളുടെ ജലശീകരത്തിൽ സകലതും അടർന്നു വീഴുന്നതു കണ്ടു ഞാൻ ഞെട്ടിയുണർന്നു. മരണത്തിനുപോലും കടന്നു ചെല്ലാവുന്ന ദുർഗമമാർഗങ്ങളിൽ, അനുഭവങ്ങളുടെ അപാരതയിലേയ്ക്കു സൂക്ഷ്മനിരീക്ഷണം നടത്തിയപ്പോൾ ഞാനോർത്തെടുത്ത സകല വിഷയങ്ങളും നിഷ്ഫലമായി ഞാൻ കണ്ടു. പരിക്ഷീണമായ എന്റെ കണ്ണിലൊരു

സ്ത്രീരൂപം പ്രതിഷ്ഠിയ്ക്കാനായി വിശാലമായ ഭൂഭാഗങ്ങൾ പരിമിതമായ കാഴ്ചവട്ടത്തിൽ ഒതുക്കാൻ ശ്രമിച്ചതു വെറുതെയായി. ഒരുപക്ഷേ, ഞാൻ സാങ്ആൻഡ്രേയുടെ പൂമുഖംവരെ മുത്തച്ഛന്റെ കൈപിടിച്ചു നടന്നു പോയിരുന്നെങ്കിൽ തീർച്ചയായും നേരിട്ടു ബന്ധപ്പെട്ടുമായിരുന്ന ആ പെൺകുട്ടിയെ പരിസരത്തെങ്ങും കാണാതെ, അവളുമായൊന്നു സല്ലപിയ്ക്കാൻ അവസരം ലഭിയ്ക്കാതെ, ഞാൻ അസ്വസ്ഥനായി. അങ്ങകലെ അവിചാരിതമായി അവൾ പ്രത്യക്ഷപ്പെട്ടുമെന്നു കരുതി ഒരു വൃക്ഷത്തിന്റെ തായ്ത്തടിയിലേയ്ക്കുതന്നെ ഞാൻ കണ്ണിമയ്ക്കാതെ നോക്കിയിരുന്നു. എന്റെ സൂക്ഷ്മനിരീക്ഷണത്തിൽ പക്ഷേ ചക്രവാളം വന്ധ്യമായിത്തീർന്നു. രാവു വീഴാൻ തുടങ്ങി. ഇരുട്ട് മന:പൂർവം ഒളിപ്പിച്ചുവെച്ച ജീവികളെ ബലാൽക്കാരേണ പുറത്തേയ്ക്കു കൊണ്ടുവരാൻ പുതുമ നഷ്ടപ്പെട്ടു തേയ്മാനം വന്ന മണ്ണിലേയ്ക്കു ഞാൻ ശ്രദ്ധ കേന്ദ്രീകരിച്ചു. അതുകൊണ്ട് റൂസ്സൈൻവില്ലയിലെ വൃക്ഷങ്ങൾക്കു ഞാൻ പ്രഹരമേൽപ്പിച്ചതു ഹൃദയലാഘവത്വത്തോടെയല്ല, മനസ്സു മരവിച്ച കടുത്ത കോപത്തോടെയായിരുന്നു. വിശാലമായൊരു പശ്ചാത്തലത്തിൽ വരച്ചു ചേർത്ത തരുനിരകളുടെ നിശ്ചലദൃശ്യമല്ലാതെ ആ വനത്തിൽനിന്നു ജീവനുള്ള യാതൊന്നും പ്രത്യക്ഷപ്പെടാത്തതുമൂലം, ഏറെക്കാലമായി മോഹിച്ച പെൺകുട്ടി കരവലയത്തിലില്ലാതെതന്നെ ഞാൻ വീട്ടിലേയ്ക്കു മടങ്ങിയേ തീരൂ. മുന്നോട്ടുള്ള വഴിയിൽ അവൾ പ്രത്യക്ഷപ്പെടാനുള്ള സാദ്ധ്യത ഓരോ നിമിഷവും കുറഞ്ഞു വരുന്നതു സ്വയം ബോദ്ധ്യപ്പെടുത്തി കാലുകൾ കോംബ്രേയുടെനേർക്കുതന്നെ പിൻവലിയ്ക്കാൻ ഞാൻ നിർബന്ധിതനായി. അഥവാ, അവൾ പ്രത്യക്ഷപ്പെട്ടാൽ എനിയ്ക്കവളോടു സംസാരിയ്ക്കാൻ ധൈര്യമുണ്ടാകുമോ? നടക്കുന്നതിനിടയിൽ മനസ്സിലേയ്ക്കു ചേക്കേറിയ മോഹങ്ങൾ മറക്കുകയോ, മറ്റുള്ളവരുമായി പങ്കുവെയ്ക്കാൻ പരാജയപ്പെടുകയോ ചെയ്യുന്ന എന്നെ അവളൊരു ഭ്രാന്തനായിത്തന്നെ കണക്കാക്കും! ഇപ്പോൾ എന്റെ മനസ്സിൽ ആത്മനിഷ്ഠമായ വ്യാപാരങ്ങളല്ലാതെ യാതൊന്നുമില്ല; അവയിപ്പോൾ പ്രകൃതിയും പ്രപഞ്ചവുമായി ബന്ധപ്പെടാതെ, ആ

കർഷകത്വവും പ്രസക്തിയും നഷ്ടപ്പെട്ട്, എന്റെ ജീവിതത്തെ സംബന്ധിച്ച വ്യവസ്ഥാപിതമായൊരു ചട്ടക്കൂട്ടു മാത്രമായി മാറിയിരിക്കുന്നു. തീവണ്ടിയിലെ ഇരിപ്പിടത്തിലിരുന്നു പുസ്തകം വായിക്കുന്ന യാത്രക്കാരനു ചുറ്റും നടക്കുന്ന സംഭവങ്ങൾ ഒരു നോവലായി വിടർന്നു വികസിക്കുന്നതുപോലെ, എന്റെ ജീവിതം ഇന്നിപ്പോൾ വ്യർത്ഥവും നിരർത്ഥകവുമായി മാറിക്കഴിഞ്ഞു.

കുറച്ചുകാലത്തിനുശേഷം മൊണ്ട്ജോവൈനിൽവെച്ച് ഞാൻ മറ്റൊരു സംഭവത്തിനു ദൃക്സാക്ഷിയായി. അക്കാലത്തു തീരെ അപ്രധാനമായി തോന്നിയ ആ അനുഭവമാണു വികാരങ്ങളുടെ നിഷ്ഠുരതയായി അറിയപ്പെടുകയും 'ക്രൂരതയിൽ ആനന്ദിക്കുന്ന വാസനാവൈകൃത'മായി വ്യവഹരിക്കപ്പെടുകയും ചെയ്യുന്ന ചില ആശയങ്ങൾ എന്റെ മനസ്സിലേക്കു കടത്തിവിട്ടത്. ആ അനുഭവം, തീർത്തും വ്യത്യസ്തമായ മറ്റൊരു കാരണംകൊണ്ട് എന്റെ ജീവിതത്തിൽ സുപ്രധാനമായൊരു വഴിത്തിരിവിനു നിയോഗമായതായി പിന്നീടു നമുക്കു കാണാം. അന്നു നല്ല ചൂടുള്ള കാലാവസ്ഥയുടെ ദിവസമായിരുന്നു. അച്ഛനമ്മമാർ ദൂരത്തെവിടെയോ പോയിരുന്നതുകൊണ്ട്, ഇഷ്ടംപോലെ പുറത്തു സമയം ചിലവഴിക്കാൻ എനിക്കനുവാദം ലഭിച്ചു. ഞാൻ മൊണ്ട്ജോവൈൻ തടാകംവരെ നടന്നു കുടിലിന്റെ ഓടിട്ട മേൽക്കൂര ജലത്തിൽ പ്രതിഫലിക്കുന്ന ദൃശ്യം നോക്കി കുറച്ചുനേരം ആസ്വദിച്ചു നിന്നു. വർഷങ്ങൾക്കു മുമ്പൊരു ദിവസം ഞങ്ങൾ വിന്റ്യൂയിലിനെ കാണാൻ ചെന്നപ്പോൾ ഞാൻ അച്ഛനമ്മമാരെ കാത്തുനിന്ന അതേ സ്ഥലത്ത്, വീടിനു പിന്നിലെ കുത്തനെയുള്ള ചെരിവിൽ കുറ്റിക്കാടുകളുടെ തണലിൽക്കിടന്നു ഞാനറിയാതെ മയങ്ങിപ്പോയി. ഉണർന്നപ്പോഴേക്കും മിക്കവാറും ഇരുട്ടു പരന്നുകഴിഞ്ഞു; ഞാൻ പെട്ടെന്നെഴുന്നേറ്റു വീട്ടിലേക്കു മടങ്ങാൻ ഒരുങ്ങി. പക്ഷേ, ഞാൻ കിടന്നതിനു കുറച്ചകലെ, അന്നു വിന്റ്യൂയിൽ അച്ഛനുമായി സംസാരിച്ചു നിന്ന അതേ മുറിയിൽ എനിക്കു വ്യക്തമായി കാണാവുന്നവിധം, എവിടെനിന്നോ വന്നുകയറിയ മിസ് വിന്റ്യൂയിലിനെ ഞാൻ കണ്ടു; അഥവാ, കോം

ബ്രേയിൽവെച്ച പിന്നീട്ട തീരെ കാണാതിരുന്ന അന്നത്തെ ആ പെ ൺകുട്ടിയെ ഇന്നൊരു യുവതിയായി ഞാൻ തിരിച്ചറിഞ്ഞു; അന്ന ത്തെ മുറി അവളുടെ സ്വകാര്യമുറിയായി മാറിക്കഴിഞ്ഞിരുന്നു. ജനൽ പകുതി തുറന്നു കിടന്നു. വിളക്കു കത്തിക്കൊണ്ടിരുന്നു. എന്നെ കാ ണാൻ കഴിയാത്തവിധം എനിയ്ക്കവളുടെ ഓരോ ചലനവും ശ്രദ്ധിയ്ക്കാ ൻ കഴിഞ്ഞു. പക്ഷേ, എഴുന്നേൽക്കാൻ തുടങ്ങിയ എന്റെ ചെവിയിൽ പെട്ടെന്നു ചെടികളുടെ മർമ്മരം പതിച്ചു. ആ ശബ്ദം കേട്ടു രഹസ്യമാ യി അവളെ ഒളിഞ്ഞു നോക്കുകയാണെന്ന ധാരണ മറയ്ക്കാൻ കുറച്ചു നേരംകൂടി ഞാനവിടെത്തന്നെ അനങ്ങാതിരുന്നു.

അച്ഛന്റെ മരണം കഴിഞ്ഞു നാളേറെയാകാത്തതുകൊണ്ട് അവള ന്നു ദുഃഖാചരണത്തിലായിരുന്നു. അതിനിടയ്ക്കൊന്നും ഞങ്ങളവളെ ക ണ്ടിരുന്നില്ല. അമ്മയുടെ മനുഷ്യസ്നേഹപരമായ വികാരങ്ങൾക്കു പ രിധി നിർണയിയ്ക്കുന്ന ഒരേയൊരു ഗുണം പാതിവ്രത്യമായതുകൊണ്ട് അവർക്കവിടെ പോകുന്നതിൽ തീരെ താൽപ്പര്യവുമുണ്ടായിരുന്നില്ല. എങ്കിലും അമ്മയുടെ മനസ്സിൽ അവളോടുള്ള അനുകമ്പ നിറഞ്ഞുക വിഞ്ഞിരുന്നു. വിന്റെയിലിന്റെ ദുരന്തപര്യവസായിയായ അവസാന കാലത്തെക്കുറിച്ച്, ഭാര്യയുടെ മരണശേഷം മകളുടെ അമ്മയായും ആയയായും ജീവിച്ച്, പിന്നീട് അവൾതന്നെ വരുത്തിവെച്ച ദുഃഖങ്ങ ളിൽ ആണ്ടു മുഴുകിയ ആ സങ്കടദിനങ്ങൾ അമ്മയ്ക്കു പക്ഷേ മറക്കാനാ യില്ല. അക്കാലത്ത് അദ്ദേഹത്തിന്റെ മുഖത്തു മായാതെ നിഴലിച്ചുകാ ണാറുള്ള പീഡിതഭാവം അവർ നേരിട്ടു കണ്ടറിഞ്ഞു. അവസാനകാ ലത്തെഴുതിയ സംഗീതകൃതികൾ വേണ്ടവിധം വൃത്തിയായി പകർ ത്തിയെഴുതി സൂക്ഷിയ്ക്കുന്നതിൽ തീരെ ശ്രദ്ധിയ്ക്കാതെ അദ്ദേഹം നി ശ്ശേഷം ഉപേക്ഷിച്ചതായി അമ്മ മനസ്സിലാക്കിയിരുന്നു. ഉദ്യോഗത്തി ൽനിന്നു വിരമിച്ച ഗ്രാമീണനായൊരു സംഗീതാദ്ധ്യാപകന്റെ കൃതി കൾക്കു വലിയ മഹത്വം പറയാനില്ലെങ്കിലും, മകൾക്കായി ഉഴിഞ്ഞു വെയ്ക്കുന്നതിനുമുമ്പ് ജീവിതത്തിന്റെ പ്രചോദനമായി അദ്ദേഹം കരു തിയ സംഗീതത്തെ പൂർണമായും തള്ളിക്കളയാൻ ഞങ്ങൾ തയാറാ

യില്ല. മിക്കതും മുഴുവനാക്കാതെ, എഴുതിയവതന്നെ പലതും ഒറ്റപ്പെട്ട കടലാസുകളിൽ അവ്യക്തമായി കുത്തിക്കുറിച്ചതിനു പുറമേ അദ്ദേഹം ഓർമ്മയിൽമാത്രം സൂക്ഷിച്ച സംഗീതകൃതികൾ ഒരുപക്ഷേ ഇനിയൊരിയ്ക്കലും വെളിച്ചം കാണാൻ സാദ്ധ്യതയില്ല. സ്നേഹസമ്പന്നവും നിഷ്ക്കപടവുമായൊരു ഭാവി ഉറപ്പാക്കി സന്തോഷപൂർവം ജീവിയ്ക്കുന്ന മകളെ നേരിട്ടു കാണാനുള്ള ഭാഗ്യം ലഭിയ്ക്കാതെ, ഒരനിവാര്യദുരന്തമായി അദ്ദേഹത്തിനുമേൽ വന്നു പതിച്ച ക്രൂരമായ വിധിയും അമ്മ മനസ്സിലാക്കി. അമ്മായിയുടെ പഴയ സംഗീതാദ്ധ്യാപകനു വന്നു ചേർന്ന ഹൃദയഭേദകമായ ദുരവസ്ഥയിൽ മനസ്താപം പൂണ്ടിരുന്ന അമ്മയ്ക്ക്, അതിലേറെ കയ്പ്പു നിറഞ്ഞതായിരുന്നു തുടർന്നുണ്ടായ സങ്കടം; യഥാർത്ഥത്തിൽ അച്ഛന്റെ മരണത്തിനു കാരണം താനാണെന്ന പശ്ചാത്താപത്തോടെ നീറുന്ന മിസ് വിന്റെയിൽ അനുഭവിയ്ക്കുന്ന ആത്മവേദനയെക്കുറിച്ച്, നടുക്കത്തോടെയല്ലാതെ അമ്മയ്ക്കു ചിന്തിയ്ക്കാനായില്ല. “പാവം വിന്റെയിൽ!“, അമ്മ പറയും. “അദ്ദേഹം മകൾക്കുവേണ്ടി ജീവിച്ചു, പ്രതിഫലം ലഭിയ്ക്കാതെ അവൾക്കുവേണ്ടി മരിയ്ക്കുകയും ചെയ്തു. ഇനിയെങ്കിലും അദ്ദേഹത്തിനു നീതി ലഭിയ്ക്കുമോ? എനിക്കാശ്ചര്യം തോന്നുന്നു, പക്ഷേ എങ്ങനെയാണതു സംഭവിയ്ക്കുക? അവളിൽനിന്നല്ലാതെ മറ്റൊരിടത്തു നിന്നതു ലഭിയ്ക്കാൻ ഞാനൊരു സാദ്ധ്യത കാണുന്നില്ല!“.

പുറത്തു തെരുവിൽ വണ്ടിച്ചക്രങ്ങളുടെ ശബ്ദം കേട്ടമാത്രയിൽ അവൾ എഴുന്നേറ്റു ചെന്നു മുറിയുടെ മൂലയ്ക്കുലൊരു അലമാരയിൽ വെച്ചിരുന്ന അച്ഛന്റെ ചിത്രം എടുത്തുകൊണ്ടുവന്നു തൊട്ടടുത്ത മേശപ്പുറത്തു പ്രതിഷ്ഠിച്ചു ചെറിയൊരു അലസതയോടെ സോഫയിൽ ചാരിയിരുന്നു. മുമ്പൊരിയ്ക്കൽ അച്ഛനമ്മമാരെ കേൾപ്പിയ്ക്കാൻ വിന്റെയിൽ സ്വന്തം കൃതി അലമാരയിൽ നിന്നു കൊണ്ടുവന്നു 'പ്രതിഷ്ഠിച്ച'തുപോലെയായിരുന്നു, ആ കാഴ്ച. അപ്പോഴേയ്ക്കും അവളുടെ സുഹൃത്തു കടന്നുവന്നു. ഇരുന്നിടത്തുനിന്നും എഴുന്നേൽക്കാതെ രണ്ടു കൈകളും തലയ്ക്കു പിറകിൽ പിണച്ചു സോഫയിൽ 'സ്ഥലമുണ്ടാക്കാ'ൻ ശ്രമിയ്ക്കുന്നതു

പോലെ മിസ് വിന്റെയിൽ ഒരുവശത്തേയ്ക്ക് ഒതുങ്ങിയിരുന്ന് അവളെ സ്വീകരിച്ചു. ഉടനെതന്നെ സുഹൃത്തിനുവേണ്ടി താൻ പ്രത്യേകമായൊരു സ്ഥാനം ചൂണ്ടിക്കാണിച്ച് ഒരുതരം ഊന്നലോടെ അപേക്ഷിയ്ക്കുകയാണെന്നു കണക്കാക്കാനുള്ള സാദ്ധ്യത അവൾ മനസ്സിൽ കണ്ടു. അതേ സമയം സുഹൃത്ത്, കുറച്ചു മാറി മറ്റൊരു കസേരയിൽ ഇരിയ്ക്കാനാണു താൽപ്പര്യപ്പെടുന്നതെന്നു പെട്ടെന്നവൾക്കു തോന്നി. അവിവേകം പ്രവർത്തിച്ചതിന്റെ സന്ദിഗ്ധതയിൽ അവളുടെ ലോലഹൃദയം വിറച്ചു. വീണ്ടും സോഫയുടെ നീളത്തോളം ഇരുകൈകളും നിവർത്തി കണ്ണുകളടച്ച് ഉറങ്ങാനുള്ള ആഗ്രഹം പ്രകടിപ്പിച്ച്, അവിടെയങ്ങനെ കിടക്കുന്നത് ഉറങ്ങാൻ മാത്രമാണെന്നു കാണിയ്ക്കുന്നവിധം, അവൾ കോട്ടുവായിട്ടു. സുഹൃത്തിനോടുള്ള പെരുമാറ്റത്തിലെ പരുഷമായ അലോസരഭാവത്തേക്കാൾ, വിന്റെയിലിനു സഹജമായിരുന്ന ചില സന്ദേഹങ്ങളും സംയമനങ്ങളും മൗനസാന്ദ്രമായ സേവകഭാവമായി അവളുടെ വ്യക്തിത്വത്തിൽ വളർന്നുകഴിഞ്ഞതായി ഞാൻ തിരിച്ചറിഞ്ഞു. പെട്ടെന്നവൾ എഴുന്നേറ്റു ചെന്നു ജനൽപാളികൾ വലിച്ചടയ്ക്കാൻ ശ്രമിച്ചു പരാജയപ്പെടുന്നതായി ഭാവിച്ചു.

“ജനൽ തുറന്നിട്ടേക്ക്“, അവളുടെ സുഹൃത്തു പറഞ്ഞു, “ വല്ലാത്ത ചൂടു തോന്നുന്നു!“.

“വേണ്ട, അതിലൊരു അപകടമുണ്ട്, ആരെങ്കിലും നമ്മെ കണ്ടെന്നു വരാം!“, മിസ് വിന്റെയിൽ പറഞ്ഞു. ഇതേ മട്ടിൽ, വാക്കുകളിലൊരു നിഗൂഢത ഒളിപ്പിച്ച മറുപടി കേൾക്കാൻ മോഹമുണ്ടെങ്കിലും അങ്ങനെ യാതൊന്നും പറയാൻ പാടില്ലെന്നു പെട്ടെന്നവൾക്കു തോന്നി. ആ വീണ്ടുവിചാരത്തിന്റെ ഫലമായി സംസാരം തുടങ്ങാൻ സുഹൃത്തിനെ പ്രകോപിപ്പിയ്ക്കുകയാണെന്നു മിക്കവാറും അവൾ മനസ്സിലാക്കിയിരിയ്ക്കുമെന്നും മിസ് വിന്റെയിൽ ഊഹിച്ചു. അതുകൊണ്ട്, മുഖം വ്യക്തമായില്ലെങ്കിലും അവളുടെ ഭാവം എനിയ്ക്കു കൃത്യമായി തിരിച്ചറിയാൻ കഴിഞ്ഞു. മുത്തശ്ശി ചിലപ്പോൾ പറയാറുണ്ട്: “'നമ്മെ കാ

ണുന്നു'ണ്ടെന്നു പറഞ്ഞാൽ 'നാം വായിയ്ക്കുന്നതു കാണുന്നു'ണ്ടെന്നാണർത്ഥം. നാം ചെയ്യുന്ന ഓരോ നിസ്സാരകാര്യവും മറ്റൊരാൾ ഒളിഞ്ഞു നിന്നു നോക്കുന്നതു ഭീഷണമായൊരു അവസ്ഥയാണെന്നു പറയാതെ വയ്യ!". മുത്തശ്ശി ഉദ്ദേശിച്ച അതേ ഭാവമാണു മിസ് വിന്റെയിലിന്റെ മുഖത്തു ഞാനന്നു കണ്ടത്.

മോഹസാക്ഷാത്ക്കാരത്തിനു തീർത്തും അനിവാര്യമാണെന്നു കണ്ടറിഞ്ഞു നിരന്തരം ഉരുവിട്ടു പഠിച്ച വാക്കുകൾ ഉച്ചരിയ്ക്കുന്നതിൽനിന്നു പക്ഷേ സഹജമായ മഹാമനസ്കതയും സംയമനവും വെളിവാക്കി തൽക്കാലം അവൾ പിന്തിരിഞ്ഞു. ആത്മാവിന്റെ അഗാധതകളിൽ ഒളിഞ്ഞിരുന്ന കാതരയായ കന്യക, കരുത്തനായ പോരാളിയുടെ മുന്നിൽ മുട്ടുമടക്കി പരാജയം സമ്മതിച്ചെങ്കിലും വിപദിധൈര്യം പകർന്ന വിജയഭാവത്തോടെ യുക്തിയുക്തമായ ന്യായങ്ങൾ നിരത്തി സ്വയം പിൻവാങ്ങാൻ തയാറാകുന്നതുപോലെ അവൾക്കു തോന്നി.

"അതേയതെ.., ജനങ്ങൾ ഇടതിങ്ങി താമസിയ്ക്കുന്ന ഈ ഭാഗത്ത്, രാത്രി അസമയത്ത്, ആരെങ്കിലും കാണാനുള്ള സാദ്ധ്യത വളരെ കൂടുതലായിരിയ്ക്കും!", രൂക്ഷമായ പരിഹാസത്തോടെ സുഹൃത്തു പറഞ്ഞു. "അല്ല, കണ്ടെങ്കിൽത്തന്നെ എന്താണു പ്രശ്നം?", മിസ് വിന്റെയിലിനെ സന്തോഷിപ്പിയ്ക്കാൻ തയാറാക്കിയ മന:പാഠംപോലെ അവൾ കൂട്ടിച്ചേർത്തു. അങ്ങനെ ആവർത്തിച്ചു പറയുന്ന വാക്കുകൾക്കു സഹജമായ സംസ്ക്കാരത്തിൽനിന്നു മാറി വിദ്വേഷവും സൗഹൃദവും ഒരേ സമയം വെളിപ്പെടുത്തുന്ന ഒരു കണ്ണിറുക്കലിന്റെ ഭാഷ്യംകൂടി ചമയ്ക്കണമെന്ന വിചാരത്തോടെ അവൾ തുടർന്നു: "അതുകൊണ്ട് അവർക്കെന്തു നഷ്ടം? സത്യത്തിലവർ നമ്മെ കാണുകയാണു വേണ്ടത്!".

മിസ് വിന്റെയിൽ പെട്ടെന്നു ഞെട്ടി വിറച്ച് എഴുന്നേറ്റു നിന്നു. ഇന്ദ്രിയങ്ങൾ അത്യാവേശത്തോടെ ആരവമുയർത്തുന്ന ഒരു രംഗസൃഷ്ടിയ്ക്കു പര്യാപ്തമായ വാക്കുകളുടെ ചേരുവ എങ്ങനെയാണു നാവിൽനിന്നു പുറത്തുവിടേണ്ടതെന്നു തീരുമാനിയ്ക്കാൻ കഴിയാത്ത മനസ്സാക്ഷിക്കുത്തുമൂലം അവളുടെ മസൃണഹൃദയം പ്രകമ്പനംകൊണ്ടു. മനസ്സിൽ

കരുതിയപോലെ ദുർവൃത്തയായൊരു യുവതിയ്ക്കു യോജിച്ച വാക്കുകൾ തേടി നൈസർഗികമായ അവബോധത്തിന്റെ പരിധിയിൽ കഴിയാവുന്നത്ര ദൂരം കടന്നുചെന്നെങ്കിലും, അതേ വാക്കുകൾ പക്ഷേ അവളുടെ നാവിൽ കനം തൂങ്ങി നിന്നു. സ്വയമേവ പ്രകടമായ ശബ്ദശകലങ്ങൾപോലും ഓജസ്സും ആർജ്ജവവും ചോർത്തിക്കളയുന്ന സങ്കോചത്തിൽ പരിക്ഷീണമായ സ്വരത്തിലാണു പുറത്തു വന്നത്. ഇടയ്ക്കിടെ അവൾ സുഹൃത്തിനോടു "നിനക്കു തണുക്കുന്നുണ്ടോ? ചൂടു കൂടുതലില്ലല്ലോ, അല്ലേ? നിനക്കിന്നു വായിയ്ക്കാനാണോ തോന്നുന്നതെ"ന്നു വെറുതേ ഓരോന്നു ചോദിച്ചുകൊണ്ടിരുന്നു. അവസാനം ഗത്യന്തരമില്ലാതെ അവൾ നേരിട്ടു ചോദിച്ചു: "ഇന്നത്തെ ഈ തണുത്ത രാത്രിയിൽ ഒരു പ്രണയിനിയുടെ 'ചൂടു' നിനക്കു സുഖകരമായി തോന്നുന്നില്ലേ?". മുമ്പൊരു ദിവസം ഇതേ സുഹൃത്തിന്റെ നാവിൽനിന്നു പുറത്തു വന്ന ഒരു വാചകം അതേപടി തെറ്റാതെ അനുകരിയ്ക്കുക മാത്രമാണു സത്യത്തിൽ അവൾ ചെയ്തത്.

മിസ് വിന്റെയിലിന്റെ ത്രികോണാകൃതിയിൽ തുറന്നുകിടന്ന മാറിടത്തിൽ പെട്ടെന്നൊരു ചുംബനത്തിന്റെ ചൂട് പതിഞ്ഞു; ചെറിയൊരു നിലവിളിയോടെ അവൾ ഒഴിഞ്ഞുമാറി; കട്ടിലിനും മേശയ്ക്കുമിടയിലെ വിടവിലൂടെ സുഹൃത്ത് അവളെ പിന്തുടർന്നു കയറിപ്പിടിച്ചു; തുടർന്നു പരസ്പരം വിരലുകൾ കോർത്തു പിടിയ്ക്കുകയും രണ്ടു കൈകളുമുയർത്തി ചിറകടിയ്ക്കുകയും ചെയ്തു രസം പിടിച്ച കോഴികളെപ്പോലെ അവർ കൊക്കിയും കുറുകിയും മുറിയിലാകെ ഓടിനടന്നു. അവസാനം, ക്ഷീണിച്ചു തളർന്നു സോഫയിലേയ്ക്കു വീണ മിസ് വിന്റെയിലിന്റെ മുഖം തൊട്ടടുത്തു കുനിഞ്ഞുനിന്ന സുഹൃത്തിന്റെ മറവു മൂലം എനിയ്ക്കു കാണാൻ കഴിഞ്ഞില്ല. വിന്റെയിലിന്റെ ചിത്രത്തിനു നേരേ പുറം തിരിഞ്ഞാണവൾ നിന്നത്. പെട്ടെന്നു മിസ് വിന്റെയിൽ, ആ ചിത്രം ആദ്യമായാണു കാണുന്നതെന്നമട്ടിൽ ഉറക്കെ വിളിച്ചുപറഞ്ഞു: "അതാ.., അവിടെ.., അച്ഛൻ... നമ്മെത്തന്നെ ശ്രദ്ധിച്ചു നോക്കുന്നു! ആരാണത

വിടെ കൊണ്ടുചെന്നുവെച്ചത്? എനിയ്ക്കു മനസ്സിലാകുന്നില്ല, അതിന്റെ ശരിയായ സ്ഥാനം അവിടെയല്ലെന്നു ഞാനൊരു നൂറു തവണയെങ്കിലും പറഞ്ഞിട്ടുണ്ട്!".

സ്വന്തം സംഗീതകൃതി കുത്തിക്കുറിച്ച കടലാസ് പെട്ടെന്നു ശ്രദ്ധിച്ചപ്പോൾ അച്ഛനമ്മമാരോടു ക്ഷമ ചോദിച്ച വിന്റെയിൽ അന്നു പറഞ്ഞ വാക്കുകളാണു ഞാനപ്പോൾ ഓർത്തത്. ഇത്തരം അനുഷ്ഠാനങ്ങളിൽ ഒരുപക്ഷേ പതിവായി അവഹേളനത്തിനു വിധേയമാക്കുന്ന ഒരു ചിത്രമായിരിയ്ക്കാമത്; അതുകൊണ്ടു പ്രകടമായ പ്രാർത്ഥന പോലെയാണു സുഹൃത്ത് പ്രതികരിച്ചത്: "അയാളവിടെ നിൽക്കട്ടെ, ഇനിയേതായാലും അയാൾക്കു നമ്മെ ദ്രോഹിയ്ക്കാനാവില്ല; അയാളിനി ആരോടെങ്കിലും പരാതിപ്പെടുമെന്നു നീ കരുതുന്നുണ്ടോ? അഥവാ ഈ കാഴ്ച കണ്ട് അയാൾ നിന്നെ ജനാലവഴി പുറത്തേയ്ക്കു വലിച്ചെറിയുമോ? വൃത്തികെട്ട തന്തക്കുരങ്ങൻ..!"

"ശ്.ശ്.., പതുക്കെ!", സൗമ്യമായ ശകാരസ്വരത്തിൽ പറഞ്ഞ മറുപടി പക്ഷേ മിസ് വിന്റെയിലിന്റെ സഹജമായ നന്മ വെളിപ്പെടുത്തുന്നതായിരുന്നു. നിരുപാധികമായ കീഴടങ്ങലിനു വിധേയയാകുന്നതിനുമുമ്പ് ഒരുപാടു കാപട്യങ്ങൾ പയറ്റി പരിശീലിച്ചെടുത്ത ആ വികാരം ഒരിയ്ക്കലും പിതാവിനെ നിന്ദിയ്ക്കുന്നതിൽ തോന്നിയ നീരസമായിരുന്നില്ല; മറിച്ച്, സുഹൃത്ത് അവൾക്കു സമർപ്പിയ്ക്കാൻ ശ്രമിയ്ക്കുന്ന ചാരിതാർത്ഥ്യം നിയന്ത്രിച്ചുനിർത്തി അമിതമായ പ്രയോഗങ്ങൾക്കു കടിഞ്ഞാണിടാൻ മാത്രമാണു ഹീനമായ ആ പിതൃദൂഷണത്തിനു സൗമ്യമായൊരു പുഞ്ചിരിയുടെ മുഖാവരണം അവൾ നൽകിയത്. സാവധാനം സ്വാംശീകരിയ്ക്കാൻ ശ്രമിയ്ക്കുന്ന ഒരു കുത്സിതജീവിതത്തിലെ അനിവാര്യമായ അധമവാസനകളുടെ പ്രലോഭനീയമാതൃകയായി തോന്നിയതുകൊണ്ടാകാം, ഒരുപക്ഷേ സുതാര്യമായ സഹജഭാവത്തിൽനിന്നു മാറി അവൾ കാപട്യത്തിന്റെ ഭർത്സനങ്ങൾക്കു സ്വയം വഴങ്ങിക്കൊടുത്തത്. നിരായുധവും നിർജ്ജീവവുമായൊരു ജഡശരീരത്തിനുനേരെ കടുത്ത വിദ്വേഷം ചൊരിയുന്ന സുഹൃത്തു തന്നോടു

കാണിയ്ക്കുന്ന വാത്സല്യത്തിന്റെ ആകർഷണവലയത്തിൽനിന്നു രക്ഷ നേടാനും പക്ഷേ അവൾക്കു കഴിഞ്ഞില്ല. സുഹൃത്തിന്റെ കാൽമുട്ടുകൾ രണ്ടു കൈകൊണ്ടും കൂട്ടിപ്പിടിച്ച്, അമ്മയുടെ മുമ്പിൽ നിൽക്കുന്ന വിശ്വസ്തയായ മകളായി, അവളൊരു ചുംബനത്തിനുവേണ്ടി സ്വന്തം നെറ്റിത്തടം ഉയർത്തിക്കാണിച്ചു. അങ്ങനെ അവരിരുവരുംകൂടി, വിന്റെയിലിന്റെ ശരീരം കീറിമുറിക്കുന്നതുപോലെ, പിതൃത്വത്തിന്റെ പവിത്രാധികാരാവകാശങ്ങൾ കവർന്നു കൊട്ടുംക്രൂരതയുടെ അവസാനത്തെ ആണിയും തറച്ചു. അനാഥയായ ആ പെൺകുട്ടിയുടെ വിരസവും വിഷാദമഗ്നവുമായ ജീവിതം മോചിപ്പിയ്ക്കാനുള്ള ആത്മാർത്ഥമായ ആഗ്രഹത്തോടെ സുഹൃത്ത് അവളുടെ ശിരസ്സു കൈയിലെടുത്തു നെറ്റിയിൽ ഒരു ചുംബനമർപ്പിച്ചു.

"ഈ തന്തക്കുരങ്ങനെ എന്താണു ചെയ്യേണ്ടതെന്നു നിനക്കറിയാമോ?", വിന്റെയിലിന്റെ ചിത്രം കടന്നെടുത്ത സുഹൃത്ത് അവളുടെ ചെവിയിൽ പതുക്കെ മന്ത്രിച്ചു പക്ഷേ, എനിയ്ക്കു കേൾക്കാൻ കഴിഞ്ഞില്ല.

"പക്ഷേ, നിനക്കതിനു ധൈര്യം പോര!"

"ധൈര്യം പോരെന്നോ..? ഈ ചിത്രത്തിൽ കാർക്കിച്ചു തുപ്പാൻ എനിയ്ക്കു ധൈര്യം പോരെന്നോ?", മന:പൂർവമായ ക്രൗര്യത്തോടെ സുഹൃത്ത് ആക്രോശിച്ചു.

പിന്നീടു ഞാൻ യാതൊന്നും കേട്ടില്ല. മിസ് വിന്റെയിൽ അപ്പോഴേയ്ക്കും ക്ഷീണിച്ചവശയായിക്കഴിഞ്ഞിരുന്നു. സ്നേഹവും വിഷാദവും ബാധിച്ച അവൾ അസ്വസ്ഥതയോടെ ജനലിനരികെ വന്നു പാളികൾ വലിച്ചടച്ചു. പക്ഷേ, ഒരു ജീവിതം മുഴുവൻ മകളുടെപേരിൽ അനുഭവിച്ച പീഡനങ്ങൾക്കും ദുരിതങ്ങൾക്കും പകരമായി മരണശേഷം വിന്റെയിലിനു ലഭിച്ച പാരിതോഷികം എന്താണെന്നു ഞാനന്നു നേരിട്ടു കണ്ടു!

അന്നത്തെ സംഭവത്തെക്കുറിച്ചു പിന്നീടു കുലങ്കഷമായി ചിന്തിച്ച

പ്പോൾ, ഒരുപക്ഷേ ആ രംഗത്തിനു നിശ്ശബ്ദസാക്ഷിയായി നിന്ന വിന്റെയിൽപോലും നേരിൽ കണ്ടതു നിരാകരിച്ച മകളുടെ നന്മയോടുള്ള നിരുപാധികമായ വിശ്വാസം തുടരുമെന്നുതന്നെ ഞാൻ കരുതി. അവളുടെ പ്രവൃത്തികളിൽ പ്രത്യക്ഷപ്പെടുന്ന ദുഷ്ടത ശക്തമാണെങ്കിലും ആ ഭാവം പൂർണമായ തോതിൽ പ്രകടമാകുന്നതു 'ക്രൂരതയിൽ ആനന്ദിക്കുന്ന വാസനാവൈകൃത'ക്കാരിൽ മാത്രമാണെന്നു ഞാൻ മനസ്സിലാക്കി. ജീവിതത്തിൽ യാതൊന്നും മോഹിക്കാതെ സ്വന്തം മകൾക്കായി മാത്രം ജീവിക്കുകയും മരിക്കുകയുംചെയ്ത ഒരച്ഛന്റെ ചിത്രത്തിൽ സുഹൃത്തിനേയും കൂട്ടിക്കൊണ്ടുവന്നു കാർക്കിച്ചു തുപ്പുന്ന മകളെ മറ്റെവിടെയാണു നാം സത്യത്തിൽ കണ്ടുമുട്ടേണ്ടത്? ഗ്രാമീണതയുടെ ഗൃഹാതുരത്വം നിറഞ്ഞ അന്തരീക്ഷത്തിലല്ല, മറിച്ച് പാരീസുപോലുള്ള നഗരങ്ങളിലെ വിദ്യുത്പ്രഭ ചൊരിയുന്ന രംഗവേദികളിൽ മാത്രമേ നമുക്കതു കാണാൻ കഴിയൂ! സാധാരണമെന്നു വിശേഷിപ്പിക്കപ്പെടുന്ന ഈ 'ആനന്ദവാസന'തന്നെയാണു പിന്നീടു ജീവിതത്തിൽ അതിഭാവുകത്വത്തോടുള്ള അടങ്ങാത്ത ദാഹത്തിനും കാരണമായി മാറുന്നത്. ഈ 'വൈകൃത'ത്തോടു ചെറിയ ചായ്‌വുപോലുമില്ലാത്ത സാധുവായൊരു പെൺകുട്ടി, ഒരുപക്ഷേ മിസ് വിന്റെയിൽ കാണിച്ച നിഷ്ഠുരതയോടെ മൺമറഞ്ഞ പിതാവിന്റെ ഓർമ്മകൾ മനസ്സിൽനിന്നു മായ്ച്ചു കളഞ്ഞേക്കാം. പക്ഷേ, മന:പൂർവവും പരുഷവുമായൊരു കൃത്യത്തിലൂടെ ആ കൊടുംക്രൂരത അവൾ പ്രതീകാത്മകമായി പ്രകടിപ്പിക്കുമെന്നു കരുതാൻതക്ക യാതൊരു ന്യായവുമില്ല. തെറ്റാണു ചെയ്യുന്നതെന്നു ബോദ്ധ്യമില്ലാത്തതുമൂലം ആ പെരുമാറ്റത്തിൽനിന്നു വെളിവാകുന്ന കുറ്റവാസന അവൾക്കോ മറ്റുള്ളവർക്കോ തിരിച്ചറിയാനും കഴിയില്ല. ആദ്യകാലത്തൊരുപക്ഷേ അവളുടെ ആത്മാവിൽ ദുഷ്ടതയുടെ ഈയൊരംശം നിലനിന്നതു പരസ്പരം കൂടിക്കലരാതെ ശുദ്ധമായ കേവലാവസ്ഥയിലായിരിക്കാം. അതുകൊണ്ടുതന്നെ ദിനചര്യയും സപര്യയുമായി സമൂഹത്തിൽ ദുഷ്ടത പരത്തുന്ന ഒരു വിഭാഗം കലാകാരന്മാരായിരിക്കണം, ഈ 'ക്രൂരവിനോദി'കൾ.

ബാഹ്യമായൊരു ആഡംബരമല്ലാത്തതുകൊണ്ട് ദുഷ്ടതയെ സംബന്ധിച്ചു കുടിലബുദ്ധികൾക്കൊരിയ്ക്കലും ചിന്തിയ്ക്കേണ്ടി വരാറില്ല. അവളെ സംബന്ധിച്ചിടത്തോളം ആ ക്രൂരത വേർതിരിച്ചെടുക്കാൻപോലും കഴിയാത്തവിധം വ്യക്തിത്വത്തിൽ അലിഞ്ഞുചേർന്നു കഴിഞ്ഞു. മരിച്ചവരോടുള്ള ബഹുമാനവും പുത്രോചിതമായ കടമയുംപോലെ ആദരണീയമായ ഗുണങ്ങൾ ഒരുകാലത്തും ശീലിയ്ക്കാതിരുന്നതുകൊണ്ട് അവയെ നിന്ദിയ്ക്കുന്നതിൽ അധാർമ്മികമായൊരു ആഹ്ലാദവും അവൾക്കു തോന്നേണ്ട കാര്യമില്ല. മിസ് വിന്റെയിലിനെപ്പോലുള്ള 'ക്രൂരവിനോദി'കൾ പ്രകൃത്യാതന്നെ ദുർബലരായ സദാചാരികളായതുകൊണ്ട്, കുടിലബുദ്ധികൾക്കായി നീക്കിവെച്ച വിഷയാസക്തിയുടെ സുഖാനുഭൂതിപോലും നിന്ദ്യമായി കരുതാൻ സാദ്ധ്യതയുണ്ട്. ആ അനുഭൂതി ആസ്വദിയ്ക്കുന്നതിനുമുമ്പ് സൗമ്യവും ചപലവുമായ സ്വന്തം പ്രകൃതത്തെ മറികടന്നു മനുഷ്യത്വരഹിതമായ സുഖാനുഭവത്തിന്റെ മേഖലകളിലേയ്ക്കൊരു നിമിഷം കടന്നു കയറാൻ മന:പൂർവം അവർ ശ്രമിയ്ക്കും. പാപത്തിന്റെ പങ്കാളിയെപ്പോലെ സ്വയം ആൾമാറാട്ടത്തിനു വിധേയരായി അവർ കുടിലബുദ്ധികളുടെ സകല വേഷവിധാനങ്ങളും എടുത്തു ധരിയ്ക്കും. അതൊരിയ്ക്കലും പ്രായോഗികമല്ലെന്നു കണ്ടപ്പോൾ, മിസ് വിന്റെയിൽ ഒരൊളിച്ചോട്ടത്തിനാണു ശ്രമിച്ചതെന്നുകൂടി എനിയ്ക്കു വ്യക്തമായ ബോദ്ധ്യം വന്നു. അച്ഛനു നേർവിപരീതമായ സ്ഥാനത്തു തന്നെത്തന്നെ പ്രതിഷ്ഠിയ്ക്കാൻ ആഗ്രഹിച്ച ആ നിമിഷം, അവൾ സാധുവായ സംഗീതാദ്ധ്യാപകന്റെ വാക്കിലും വിചാരത്തിലുമുള്ള ചേഷ്ടാവിശേഷങ്ങളാണ് അനുകരിയ്ക്കാൻ ശ്രമിച്ചത്. അതുകൊണ്ട് അച്ഛന്റെ ചിത്രം, അവൾക്കൊരു നിമിത്തമായില്ല; അവൾ സ്വന്തം സുഖാനുഭൂതിയിലേയ്ക്കു പകർന്നു മലിനപ്പെടുത്താൻ ശ്രമിച്ചത്, കുടുംബത്തിൽ പരമ്പരയാ സൂക്ഷിയ്ക്കുന്ന യന്ത്രത്തകിടുകളെപ്പോലെ, പിതാവിന്റെ മുഖവും മാതാവിന്റെ കണ്ണുകളുമുൾപ്പെടെ ചില കുലചിഹ്നങ്ങളായിരുന്നു. സഹജമായ പാപവിചാരവും യഥാർത്ഥപ്രകൃതവും വെളിവാക്കു

ന്ന ചാഞ്ഞും ചെരിഞ്ഞുമുള്ള ചലനങ്ങളും, ഉപചാരമര്യാദകളിൽ സ്വീകരിയ്ക്കുന്ന സാത്വികനിലയും അവൾക്കു സുഖാനുഭൂതിയുടെ ആസ്വാദനത്തിൽ നേരിട്ടു തടസ്സങ്ങൾ സൃഷ്ടിച്ചു. സുഖാനുഭൂതിയുടെ ആശയം അവൾക്കാദ്യമായി സമ്മാനിച്ചതും അവളെ ആകർഷണീയമായി വ്യാമോഹിപ്പിച്ചതും സഹജമായ പാപചിന്തകളായിരുന്നില്ല; സുഖാനുഭൂതി അവളൊരു പാപകർമ്മമായിത്തന്നെ കണ്ടു; സ്വതവേ സാത്വികമായ മനസ്സിൽ സാധാരണഗതിയിൽ സ്ഥാനമില്ലാത്ത ചില പാപചിന്തകൾ, ഓരോ തവണയും കടന്നുവന്നപ്പോൾ, സുഖാനുഭൂതി പോലും പാപത്തോടു സാത്മ്യമുള്ള ഒരു പൈശാചികവൃത്തിയായി അവൾ കണക്കാക്കാൻ തുടങ്ങി. സുഹൃത്തിന്റെ ചിരിയും നോട്ടവും ചുംബനവും, കപടനാട്യങ്ങളാണെന്നു മനസ്സിലാക്കി, യാതൊരു ഭാവവ്യത്യാസങ്ങളും കൂടാതെ അവൾ സസന്തോഷം സ്വീകരിച്ചു. നീണ്ട കാലത്തെ ദുരിതങ്ങളുടെ ഫലമായി മുഖത്തു പ്രത്യക്ഷപ്പെടുന്ന നിസ്സംഗമായ സാത്വികതയല്ല, മറിച്ച്, ആത്മനിയന്ത്രണമില്ലാതെ ജീവിച്ചതുമൂലം വ്യക്തമായി തിരിച്ചറിയാവുന്ന പ്രകടനപരതയുടെ ആവിഷ്കാരമായിരുന്നു, ആ ഭാവം. പിതാവിനെക്കുറിച്ചു കിരാതമായ വിദ്വേഷം പുലർത്തുന്നതിൽ ആനന്ദം കാണുന്ന ഒരു പെൺകുട്ടി ചെയ്യാൻ സാദ്ധ്യതയുള്ള കാര്യങ്ങൾതന്നെയാണു താൻ അസ്വാഭാവികപ്രകൃതിയായ ഒരു പങ്കാളിയുമൊത്തു ചെയ്യുന്നതെന്നു വിശ്വസിച്ച് ഒരു നിമിഷനേരത്തേയ്ക്കെങ്കിലും സ്വയം കബളിപ്പിയ്ക്കാൻ അവൾക്കു കഴിഞ്ഞു. എന്തൊക്കെ പറഞ്ഞു വിളിച്ചാലും, ഒരിയ്ക്കലും അവസാനിയ്ക്കാത്ത ക്രൂരതയുടെ ആ ഭീകരരൂപം സൃഷ്ടിയ്ക്കുന്ന കടുത്ത ദുരിതങ്ങളോടു നിസ്സംഗമായി പ്രതികരിയ്ക്കുന്ന സാത്വികമനോഭാവം തന്റേയും സഹജീവികളുടേയും ഉള്ളിൽ ഉറങ്ങിക്കിടക്കുന്നതു തിരിച്ചറിയാൻ കഴിഞ്ഞിരുന്നെങ്കിൽ, അപൂർവവും അനിവാര്യവുമാണെന്നു കണ്ടു വീണ്ടും വീണ്ടും ആസ്വദിയ്ക്കാൻ തക്ക ഉല്ലാസപ്രദമായൊരു അഭയസ്ഥാനമാണു കുടിലതയെന്ന് ഒരിയ്ക്കലും അവൾ കരുതാൻ സാദ്ധ്യതയില്ല.

'മെസെഗ്ലിസെ വഴി'യുള്ള സഞ്ചാരം അനായാസകരമായിരു

ങ്കിൽ, വ്യത്യസ്തമായൊരു അനുഭവമാണു 'ഗ്വെർമാന്റിസ് വഴി' ഞങ്ങൾക്കു പകർന്നത്. ആ വഴിയുള്ള യാത്രയ്ക്കു ദൂരം കൂടുതലായതുകൊണ്ട് കാലാവസ്ഥയെക്കുറിച്ച് തുടക്കത്തിൽത്തന്നെ ചിന്തിച്ചുറപ്പിയ്ക്കണം. വെയിൽ പതുക്കെ തെളിഞ്ഞു വരുന്ന ഒരിടവേളയിലേയ്ക്കാണു കാലാവസ്ഥ നീങ്ങുന്നതെന്നു കണ്ടു 'പാവം വയലു'കളിൽ ഒരു തുള്ളി വെള്ളംപോലുമില്ലെന്ന വേവലാതിയോടെ ഫ്രാങ്കോയ്സ് മാനത്തേയ്ക്കു സശ്രദ്ധം കണ്ണയയ്ക്കും; അപ്പോൾ, നീലാഭമായൊരു പ്രതലത്തിൽ ചെറിയൊരു വെളുത്ത മേഘംമാത്രം ശാന്തമായി ഒഴുകി നടക്കുന്നതു കണ്ടു പരിഭവത്തോടെ അവൾ വിളിച്ചുപറയും: "ഒരുപാടു വമ്പൻസ്രാവുകൾ നീന്തിത്തുടിച്ചു വാ പിളർന്നു നാവു നീട്ടി കളിയ്ക്കുന്നുണ്ട്, തീർച്ച! പക്ഷേ, ഒന്നും പറയാറായിട്ടില്ല. തോട്ടങ്ങളിൽ പണിയെടുക്കുന്ന പാവങ്ങൾക്കുവേണ്ടി ഒരൽപ്പം മഴ പെയ്യിയ്ക്കുന്നതിനെക്കുറിച്ച് അവർ ചിന്തിയ്ക്കുന്നതേയില്ല! ഒടുവിൽ ചോളമെല്ലാം വിളഞ്ഞു കൊയ്യാറാകുമ്പോൾ സകല ദിക്കിലും ഇടിമുഴക്കി കടലിലും കരയിലും ഒരുപോലെ ഇരമ്പത്തോടെ പേമാരി വന്നു വീഴും!" അച്ഛന്റെ നിരന്തരമായ ചോദ്യങ്ങൾക്കു മറുപടിയായി തോട്ടക്കാരൻ നല്ല കാലാവസ്ഥയാണു പ്രവചിയ്ക്കുന്നതെങ്കിൽ, ഉച്ചഭക്ഷണത്തിനു വരുമ്പോൾ ആരെങ്കിലും പറയും: "ഈ കാലാവസ്ഥ ഇങ്ങനെ തുടർന്നാൽ നാളെ വൈകീട്ടു നമ്മുടെ യാത്ര ഗ്വെർമാന്റിസ് വഴിയാക്കാം!". അങ്ങനെ ഉച്ചഭക്ഷണം കഴിഞ്ഞു റൂ പെർകാംപ്സിലേയ്ക്കു തുറക്കുന്ന ചെറുവാതിൽ വഴി ഞങ്ങൾ പുറത്തിറങ്ങും. ഇടുങ്ങിയ വളവു കടന്നാൽ കാണുന്ന പച്ചപ്പുൽത്തകിടിയിൽ രണ്ടു വണ്ടുകൾ പ്രഭാതംമുതൽ പ്രദോഷംവരെ സസ്യശാസ്ത്രഗവേഷണത്തിൽ മുഴുകി ധ്യാനിച്ചിരിയ്ക്കുന്നുണ്ടാകും; തെരുവിന്റെ മൗലികത മുഴുവനും 'പെർകാംപ്സെ'ന്ന വിചിത്രമായ പേരിൽ നിന്നാണു ജനിച്ചതെന്നു ഞാൻ വിചാരിച്ചു. ഇന്നത്തെ സർക്കാർവിദ്യാലയം പണ്ടൊരുകാലത്തു തെരുവിന്റെ പേരെഴുതിവെച്ച അതേ സ്ഥാനത്തായതുകൊണ്ട് കോംബ്രേയുടെ ചരിത്രത്താളുകളിൽ അതി

നെക്കുറിച്ച് യാതൊരു പരാമർശവും കണ്ടെന്നു വരില്ല. പക്ഷേ, വിയോലെറ്റ്‌ലെ പ്രഭുവിന്റെ ശിഷ്യരായ ശില്പികൾ പതിനെട്ടാം നൂറ്റാണ്ടിലെ അൾത്താരാമണ്ഡപത്തിനും നവോത്ഥാനകാലത്തെ കുരിശിനും പിന്നിലൊരു ഭജനമണ്ഡപമുണ്ടായിരുന്നെന്ന തീരുമാനിച്ച് ദേവാലയം പന്ത്രണ്ടാംനൂറ്റാണ്ടിലെ നിലയിലേയ്ക്കു പുനരുദ്ധരിയ്ക്കാൻ ശ്രമിച്ചതുപോലെ, ഈ കെട്ടിടസമുച്ചയത്തിന്റെ ഓരോ ഭാഗവും പരിശോധിച്ച് സ്വപ്നത്തിലെ കോംബ്രേയിൽ കണ്ടവിധം റൂപെർകാംപ്സ് ഞാൻ 'വീണ്ടെടുക്കും'. പുരാവസ്തുവിദഗ്ദ്ധരുടെ പക്കലുള്ളതിനേക്കാൾ വിശദമായ മാർഗനിർദ്ദേശങ്ങൾ എനിയ്ക്കെന്റെ ഓർമ്മശക്തി സമാഹരിയ്ക്കാതിരിയ്ക്കില്ല. പണ്ടുകാലത്തു കോംബ്രേ എങ്ങനെയായിരുന്നെന്ന വ്യക്തമാക്കുന്നവിധം, താമസംവിനാ വിസ്മൃതിയിൽ മറയാൻ പോകുന്ന അവസാനകാലത്തെ ചില ചിത്രങ്ങൾ, എന്റെ ഓർമ്മശക്തി യാതൊരു കേടുപാടുംകൂടാതെ ഭദ്രമായി സൂക്ഷിച്ചുവെച്ചിരുന്നു. പഴയ കോംബ്രേ ഭൂമിയിൽനിന്ന മാഞ്ഞുപോകുന്നതിനുമുമ്പ് കോറിയിട്ട ചില രൂപരേഖകൾ, 'സിനക്കോലോ'യിലെ പ്രാചീനലിഖിതങ്ങളെപ്പോലെ, അപ്പോൾ എന്റെ മനസ്സിൽ നിന്ന ചലനാത്മകതയോടെ ഉയിർത്തെഴുന്നേറ്റു.

റൂലൊയ്സ്യൂവിൽ ഒയ്സ്യൂ ഫ്ളെഷേയുടെ പഴയ സത്രത്തിനുമുമ്പിൽ ഒരു കാലത്തു കർഷകരുടെ വ്യവഹാരങ്ങൾ തീർപ്പാക്കുന്നതിനും ബഹുമാനാദരങ്ങൾ സ്വീകരിയ്ക്കുന്നതിനുംവേണ്ടി ഗ്വെർമാന്റിസ് രാജകുമാരനും മോണ്ട്പെൻസിയർ പ്രഭ്വിയും പരിവാരസമേതം വന്നുചേരുമ്പോൾ കുതിരവണ്ടികളുടെ ഇരമ്പത്തിൽ മുഖരിതമാകുന്ന വിശാലാങ്കണത്തിലേയ്ക്കു ഞങ്ങൾ പ്രവേശിയ്ക്കും. നടക്കാവിൽ നിരന്നുനിന്ന വൃക്ഷങ്ങളുടെ ശിരസ്സിനുമീതെ സാങ്ഹിലൈരേയുടെ ഗോപുരാഗ്രം ഉയർന്നു കാണാം. പകലന്തിയോളം അവിടെയിരുന്നു പുസ്തകം വായിയ്ക്കാനും ഇടയ്ക്കിടെ പള്ളിയിൽനിന്നുള്ള മണിനാദം കേൾക്കാനും കഴിഞ്ഞെങ്കിലെന്ന പലപ്പോഴും ഞാൻ മോഹിച്ചു. ഒരു മണിനാദത്തിന്റെ മുഴക്കം പകലിന്റെ ശാന്തത തകർക്കുകയല്ല, നി

രർത്ഥകമായ നിലയിൽനിന്നു പകലിനെ രക്ഷിയ്ക്കുകയാണു ചെയ്യുന്നത്. വെയിലിൽനിന്നു സാവകാശം സമാഹരിയ്ക്കുന്ന സുവർണകണങ്ങൾ പിഴിഞ്ഞെടുത്ത് പ്രത്യേകമൊരു നിമിഷത്തിൽ നിശ്ശബ്ദതയുടെ ആഴങ്ങളിലേയ്ക്കു നിമജ്ജനം ചെയ്യാനായിമാത്രം ആ ഗോപുരാഗ്രങ്ങൾ, അദ്ധ്വാനശീലനായൊരു മനുഷ്യനെപ്പോലെ, കൃത്യമായ സമയവും സന്ദർഭവും കാത്തു നിന്നു.

നടക്കുമ്പോൾ മിക്കവാറും ഞങ്ങളുടെ തൊട്ടടുത്തായി ഒഴുകിക്കൊണ്ടിരുന്ന വിവോണേനദിയാണു 'ഗ്വെർമാന്റിസ് വഴി'യുടെ മുഖ്യമായ ആകർഷണം. വീട്ടിൽ നിന്നിറങ്ങി പത്തുമിനിട്ടു കഴിഞ്ഞാൽ പോണ്ട്‌വ്യൂക്സിലെ നടപ്പാലംവഴി ഞങ്ങൾ ആദ്യമായി വിവോണേ മുറിച്ചുകടക്കും. ഈസ്റ്റർദിവസം പള്ളിയിലെ പ്രഭാഷണം കഴിഞ്ഞു സൂര്യൻ തെളിഞ്ഞു പ്രകാശിച്ചാൽ, ആവശ്യം കഴിഞ്ഞു പുറത്തേയ്ക്കു വലിച്ചെറിയാതെ സൂക്ഷിച്ചുവെച്ച വീട്ടുപകരണങ്ങളുടെ നഗ്നമായ മലിനത പൂർവാധികം പ്രകടമാകുന്ന പ്രഭാതത്തിന്റെ കോലാഹലങ്ങൾ വക വെയ്ക്കാതെ, നദിയൊഴുകുന്നതു കാണാൻവേണ്ടി മാത്രം ഞാൻ ഔത്സുക്യത്തോടെ ഓടിച്ചെല്ലും. കറുത്തു വെളിവായ തീരങ്ങൾക്കിടയിൽ ആകാശനീലിമ കലർന്ന ജലപ്പരപ്പിനു കൂട്ടായി പതിവിലും നേരത്തേ വിരിഞ്ഞ ഒരുകൂട്ടം മുക്കുറ്റിപ്പൂക്കളും തണ്ടുകൾ കമാനം പോലെ വളയുന്ന വയലറ്റ്പുഷ്പങ്ങളും, നീലനാളം ഉരുക്കിയതുപോലെ, സുഗന്ധലേപം സംഭരിച്ച ദുർബലനാളികളോടെ വിടർന്നു നിൽക്കുന്നതു കാണാം. പോണ്ട്‌വ്യൂക്സിൽനിന്നു പുറപ്പെടുന്ന പാതയുടെ ഇരുവശവും വേനൽക്കാലത്തു നീലാഭമായ പച്ചിലപ്പടർപ്പുകളോടെ ഒരുതരം ചെടികൾ, വൈയ്ക്കോൽത്തൊപ്പി ധരിച്ച മുക്കുവൻ കരയ്ക്കിരുന്നു മീൻ പിടിയ്ക്കുന്നതുപോലെ, വഴിയോരങ്ങളിൽ തൂങ്ങിക്കിടക്കും. ഒരുവിധം നാട്ടുകാരെയെല്ലാം നേരിട്ടറിയാവുന്ന കോംബ്രേയിൽ, ഗായകസംഘാംഗങ്ങളുടെ വേഷത്തിലോ പുരോഹിതരുടെ പരികർമ്മികളായോ വേഷപ്രച്ഛന്നരായി വരുന്ന കൊല്ലന്റേയും പലചരക്കുകടക്കാരന്റേയും മക്കളെ ഞാൻ കണ്ടറിയാറുണ്ടെങ്കിലും, ഈയൊരു മു

ക്കവനെമാത്രം എനിയ്ക്കൊരിയ്ക്കലും തിരിച്ചറിയാൻ കഴിഞ്ഞില്ല. തൊട്ടടുത്തുകൂടി കടന്നുപോകുമ്പോഴൊക്കെ തൊപ്പി ഉയർത്തി അഭിവാദ്യം ചെയ്യുന്ന അയാൾക്കു പക്ഷേ ഞങ്ങളുടെ കുടുംബത്തെ തീർച്ചയായും പരിചയമുണ്ടായിരിയ്ക്കണം. പേരു ചോദിയ്ക്കാൻ നാവെടുക്കുമ്പോൾ ഞാനയാളുടെ കൈയിൽ സ്വസ്ഥമായിരിയ്ക്കുന്ന മീനിനെ ഭയപ്പെടുത്തുമെന്നു കരുതി കൂടെയുള്ളവർ എന്നോടു നിശ്ശബ്ദനായിരിയ്ക്കാൻ ആംഗ്യം കാണിയ്ക്കും. ജലനിരപ്പിൽനിന്നു കുത്തനെ ഉയർന്നു കിടക്കുന്ന ഒറ്റയടിപ്പാതയിലൂടെ ഞങ്ങൾ നടക്കും. മറുവശത്തെ താഴ്ന്ന പ്രദേശങ്ങൾ, വിശാലമായ പുൽത്തകിടികളും ഗ്രാമാതിർത്തിയും കടന്നു റെയിൽവേസ്റ്റേഷന്റെ കെട്ടിടത്തോളം നീണ്ടുകിടന്നു. മദ്ധ്യകാലഘട്ടത്തിൽ ഗ്വെർമാന്റ്സ് രാജാക്കന്മാരിൽനിന്നും മാർട്ടിൻവില്ലെ മഠാധിപതികളിൽനിന്നുമുള്ള ആക്രമണം ചെറുക്കാൻ വിവോണേനദിയുടെ ഈ കരയിൽ കോംബ്രേയിലെ മൺമറഞ്ഞ പ്രഭുക്കന്മാർ പണിത കോട്ടകളുടെ അവശിഷ്ടങ്ങൾ, തഴച്ചു വളർന്നു നിൽക്കുന്ന പുല്ലുകൾക്കിടയിൽ അവിടവിടെ മറഞ്ഞു കിടക്കുന്നുണ്ട്. മൈതാനത്തിന്റെ മേച്ചിൽസ്ഥലങ്ങളിൽ കുന്നുകളും കടപുഴകിയ ശുണ്ഠകളും തിരിച്ചറിയാൻ കഴിയാത്ത കോട്ടച്ചുമരുകളുടെ തകർന്ന ഭാഗങ്ങളുമല്ലാതെ യാതൊന്നും ബാക്കിയില്ല. ഒരുകാലത്തു വില്ലാളിവീരന്മാർ ഉരുളൻകല്ലുകൾ വീശിയെറിഞ്ഞ കോട്ടച്ചുമരിലെ പഴുതില്ലാത്ത ദ്വാരങ്ങളിലേയ്ക്കു ഗ്വെർമാന്റ്സിന്റെ സൈനികമേഖലകളിലെ കാവൽക്കാർ ജാഗരൂകരായി കണ്ണു നട്ടു നോക്കിനിൽക്കുമായിരുന്നു. ഇന്നിപ്പോൾ തകർന്നുവീണു തറപറ്റിക്കിടക്കുന്ന അവശിഷ്ടങ്ങളുടെമേൽ, സമീപത്തെ വിദ്യാലയത്തിൽനിന്നു കുട്ടികൾ വന്നു ഗണിതപാഠങ്ങൾ ഉരുവിടുകയോ ഒഴിവുസമയം ചിലവഴിയ്ക്കുകയോ ചെയ്യുന്നു. അലസനായൊരു പഥികനു കാറ്റുകൊള്ളാൻമാത്രം ഉപകരിയ്ക്കുന്നവിധം മണ്ണിന്റെ ആഴങ്ങളിൽ അപ്രത്യക്ഷമായ ഭൂതകാലത്തിന്റെ അത്തരം പാദമുദ്രകൾ എന്റെ ഭാവനകൾക്കു നല്ലൊരു വിരുന്നാവുകയാണു ചെയ്തത്. എന്നെ സംബന്ധിച്ചു കോംബ്രേയുടെ പേരുതന്നെ ഈ പട്ടണ

മായി മാത്രമല്ല, കോളാമ്പിപ്പൂക്കളുടെ മഞ്ഞനിറമുള്ള മൂട്ടുപടത്തിനു പിന്നിൽ പാതി മറഞ്ഞു വിദൂരതയിൽ ഒറ്റപ്പെട്ടു നിൽക്കുന്ന വളരെ വ്യത്യസ്തതകളുള്ള ഒരു പൗരാണികനഗരമായിരുന്നു. പുൽമേട്ടിലിരുന്നു പരസ്പരം നേരമ്പോക്കു പറയുന്നതുപോലെ, ഈ ഭാഗത്തു വിടരുന്ന കോളാമ്പിപ്പൂക്കൾ ഒറ്റയായും ഇരട്ടയായും ചിലപ്പോഴൊക്കെ കൂട്ടമായും മുട്ടയുടെ ഉൾഭാഗംപോലുള്ള കടുത്ത മഞ്ഞനിറത്തിൽ ഉജ്ജ്വലകാന്തിയോടെ മിന്നുന്ന വിസ്മയക്കാഴ്ചയുടെ പരമാനന്ദം സാക്ഷാ-ത്ക്കരിയ്ക്കാൻ പലപ്പോഴും എന്റെ രോഗാതുരമായ മനസ്സിനു കഴിയാറില്ല. കേവലവും നിർഗുണവുമായ സൗന്ദര്യത്തിന്റെ സംശുദ്ധമായൊരു മാതൃക സൃഷ്ടിയ്ക്കാൻ ക്ഷീണമറിയാതെ പരിശ്രമിയ്ക്കുമെന്നു ഞാൻ മനസാ ശപഥം ചെയ്തു. ബാല്യത്തിൽ, ഒരു ഫ്രഞ്ചു നാടോടിക്കഥയിലെ രാജകുമാരനു യോജിയ്ക്കുന്ന പേരുകൾ ഉച്ചരിയ്ക്കാൻപോലും കഴിയുന്നതിനുമുമ്പു ഞാൻ നടവഴിയിൽനിന്ന് ആ പൂക്കളുടെ നേർക്കു കൈ നീട്ടാറുണ്ട്. ഒരുപക്ഷേ, ചരിത്രാതീതകാലത്ത് ഏഷ്യയിൽനിന്നു കുടിയേറിയ ആ കോളാമ്പിപ്പൂക്കൾ, ഈ ഗ്രാമാന്തരീക്ഷവുമായി സമരസപ്പെട്ടു പരിമിതമായ ചക്രവാളത്തിൽ സംതൃപ്തി പൂണ്ടു സമ്പന്നമായ പ്രകാശവും സസ്യജലസുലഭതയും അനുഭവിച്ച് ആഹ്ലാദചിത്തരായിരിയ്ക്കുന്നു. റെയിൽവേസ്റ്റേഷനു നേർക്കുള്ള ദർശനത്തിൽ മനസ്സു മുഴുവനായും സമർപ്പിച്ചു കറകളഞ്ഞ വിശ്വസ്തതയോടെ ജീവിയ്ക്കുന്നവരാണെങ്കിലും, ചില പൗരാണികചിത്രങ്ങളിലെപ്പോലെ, അസാധാരണമായ ലാളിത്യംമൂലം പൗരസ്ത്യസംസ്ക്കാരത്തിന്റെ അലൗകികമായ കാവ്യസൗന്ദര്യം അതേപടി അവരിവിടേയും കാത്തുപോന്നു.

കുട്ടികൾ ചെമ്മീൻ പിടിയ്ക്കാൻ വിവോണേയിലെ നീലജലപ്പരപ്പിലേയ്ക്കു സ്ഫടികക്കുപ്പികൾ ഓരോന്നായി താഴ്ത്തുന്നതു നോക്കി ഞാൻ കരയിലിരിയ്ക്കും. നദിയുടെ ഒഴുക്കിൽ സുതാര്യജലം പെട്ടെന്നു ഘനീഭവിച്ചതുപോലെ 'ഭരണി'യുടെ നാലുവശവും നിറയുമ്പോൾ, 'ഉള്ളടക്ക' ത്തിലേറെ വ്യാപനശക്തിയുള്ള വലിയൊരു സംഭരണിയിൽ കഴുകിയെടുത്ത പരൽരൂപങ്ങളായി മാറി. ഭക്ഷണത്തിനുവേണ്ടി മേശപ്പുറ

ത്ത് ഒരുക്കിവെച്ച ഭരണിയിലെ മത്സ്യങ്ങൾ വിരലുകൾകൊണ്ടു തൊടാൻ കഴിയാത്ത ജലത്തിൽ കിടന്നു നിരന്തരം പലായനം ചെയ്തു രസകരമായൊരു നിസ്സംഗത സ്വയം വെളിവാക്കി. അടുത്ത തവണ വരുമ്പോൾ മീൻപിടിയ്ക്കാനൊരു ചൂണ്ടയും കൈയിൽ കരുതണമെന്നു ഞാൻ തീരുമാനിച്ചു. ഉച്ചഭക്ഷണത്തിനുള്ള പാത്രത്തിൽനിന്നൊരു കഷണം അപ്പം ചോദിച്ചു വാങ്ങി ഞാൻ നദിയിലേയ്ക്കു വലിച്ചെറിഞ്ഞു. വെള്ളത്തിൽ മെലിഞ്ഞു നീണ്ട തവളക്കുഞ്ഞുങ്ങളെപ്പോലെ ഒന്നിനുപുറകേ മറ്റൊന്നായി രൂപംകൊണ്ട ദീർഘവലയങ്ങൾ ഘനാകൃതി വരിച്ച്, ആ ഉരുളകൾക്കൊരു രാസമാറ്റം വരുത്താൻ തുനിഞ്ഞു. അതുവരെ ജലപ്പരപ്പിൽ അദൃശ്യമായി ലയിച്ചുകിടന്ന അവ പരൽരൂപത്തിലേയ്ക്കു സംക്രമിയ്ക്കാനുള്ള തത്രപ്പാടിൽ ജാഗ്രതയോടെ ഉണർന്നെഴുന്നേറ്റു.

ജലസസ്യങ്ങളുടെ ബാഹുല്യം നിമിത്തം ഇന്നിപ്പോൾ വിവോണേയുടെ ഒഴുക്കിനു ശക്തി കുറഞ്ഞിരിയ്ക്കുന്നു. ആദ്യമൊക്കെ ഓരോന്നോരോന്നായാണവ പ്രത്യക്ഷപ്പെട്ടത്. നിർഭാഗ്യവശാൽ ഒഴുക്കിനെതിരെയുള്ള വഴിയിൽ വളർന്നുവന്ന ഏകാന്തപഥികനായ ഒരാമ്പൽ, അടിവെച്ചടിവെച്ചു യാന്ത്രികമായി നീങ്ങുന്ന കടത്തുവള്ളംപോലെ, ഒരു കരയിൽനിന്നു മറുകരയിലേയ്ക്കും പിന്നീടു തിരിച്ചും അനന്തമായ യാത്ര തുടർന്നു. ഇടയ്ക്കു കരയ്ക്കടിഞ്ഞാലും തുവൽത്തണ്ടുകൾ നീണ്ടു നിവരുമ്പോഴേയ്ക്കും നദിയുടെ ഒഴുക്കു വീണ്ടും കടന്നു പിടിച്ചു മിക്കവാറും സ്വയം പൊട്ടിപ്പോകുന്ന നിലയിലേയ്ക്കു ചെടി വലിഞ്ഞു പോകും. ഒരുമാത്രപോലും വിശ്രമം വിധിയ്ക്കാത്തതുകൊണ്ട് വീണ്ടും യാത്ര തിരിയ്ക്കാൻ പച്ചനിറത്തിലുള്ള കാറ്റുപായ ഇരുവശത്തേയ്ക്കും ഉലച്ചു മുഖം കുനിക്കുന്ന വിഷാദമഗ്നയായ ആ ചെടിയെ ഉദ്ഭവസ്ഥാനത്തേയ്ക്കുതന്നെ വീണ്ടും തള്ളിവിടും. ഓരോ തവണ നടത്തം കഴിഞ്ഞു മടങ്ങുമ്പോഴും ആ ചെടി അതേ സ്ഥാനത്ത്, നാഡികൾക്കു ബലക്ഷയം വന്ന രോഗികളെപ്പോലെ, നിസ്സഹായരായി നിൽക്കുന്നതു ഞാൻ കാണാറുണ്ട്. വിചിത്രമായ ചില പെരുമാറ്റരീതികൾക്കു വർഷങ്ങ

ളോളം യാതൊരു മാറ്റവും വരുത്താൻ ശ്രമിക്കാത്ത നാഡീരോഗികൾ, സഹജമായി ലഭിയ്ക്കുന്ന അത്തരം അനാസ്ഥകൾ തൊട്ടടുത്ത നിമിഷം കുടഞ്ഞുകളയാമെന്നു ഭാവിച്ചു ജീവിതാവസാനംവരെ നിലനിർത്തിപ്പോരുന്നതു കാണാം. അവരുടെ ഗണത്തിലാണു മുത്തച്ഛൻ, ലിയോണി അമ്മായിയെ കണക്കാക്കിയിരുന്നത്. സ്വന്തം മനോവ്യാധികളും വിലക്ഷണതകളും സൃഷ്ടിച്ച തിരികല്ലിൽ കിടന്നുഴറി രക്ഷപ്പെടാൻ നടത്തുന്ന വ്യർത്ഥശ്രമങ്ങൾ പക്ഷേ ദിനചര്യയുടെ അനിവാര്യമായ യാന്ത്രികതകളെ ചലനോന്മുഖമാക്കുന്നതിനുമാത്രമേ ഉപകരിയ്ക്കൂ. അതുപോലെ ഈ ആമ്പൽച്ചെടിയും തീവ്രയാതനകൾ അനന്തകാലത്തോളം അനിശ്ചിതമായ ആവർത്തനങ്ങൾക്കു വിധേയയാക്കി. പ്രകൃതിയിൽനിന്നു വിശദവിവരങ്ങൾ ആരാഞ്ഞു തെല്ലിട ധ്യാനിച്ചുനിന്ന കവി ദാന്തെ, സ്വയം ആദർശപുരുഷനായി കരുതി ആരാധിച്ച വെർജിലിനെ പിന്തുടരാൻ നിർബന്ധിതനായതുപോലെ, മുൻപേ നടന്നുപോയ അച്ഛനമ്മമാരുടെ കൂടെയെത്താൻ ഞാനിപ്പോൾ വല്ലാതെ ബദ്ധപ്പെടേണ്ടിയിരിയ്ക്കുന്നു!

ജലോദ്യാനനിർമ്മാണത്തിൽ കൗതുകമുണ്ടായിരുന്ന ഒരു പഴയ ജന്മി പൊതുജനങ്ങൾക്കായി തുറന്നുകൊടുത്ത തോട്ടത്തിനു സമീപമെത്തുമ്പോൾ നദിയുടെ ഒഴുക്കു ഗണ്യമായി കുറഞ്ഞുവന്നു. വിവോണേ വഴി തിരിച്ചുവിട്ടു കൃത്രിമമായി നിർമ്മിച്ച ചെറിയ കുളങ്ങളിൽ നിരവധി ആമ്പൽപ്പൂക്കൾ വിടർന്നു നിന്നു. കുളത്തിന്റെ കരയ്ക്കു ചുറ്റും നിബിഡമായി വളരുന്ന വൃക്ഷങ്ങളുടെ തണൽ പച്ചനിറത്തിലുള്ള പശ്ചാത്തലദൃശ്യമായി ജലോപരിതലത്തിൽ പ്രതിഫലിച്ചു. ചിലപ്പോഴൊക്കെ ഉച്ചനേരത്തെ ശക്തമായ കൊടുങ്കാറ്റിനുശേഷം ശാന്തമായ സായാഹ്നങ്ങളിൽ, പളുങ്കു വിരിച്ച നിലംപോലെ, മിക്കവാറും പരുഷമായൊരു നീലനിറം നദിയുടെ ആഴങ്ങളിൽ ഞാൻ നിഴലിച്ചുകാണാറുണ്ട്. ആമ്പൽപ്പൂക്കളുടെ കടുഞ്ചുവപ്പു കലർന്ന ഹൃദയങ്ങൾ വെളുത്ത ഇതളുകളുടെ വലയങ്ങളിൽ കുരുങ്ങി സങ്കോചത്തോടെ ജലോപരിതലത്തിൽ ഒഴുകി നടന്നു.

കുറച്ചുകൂടി മുന്നോട്ടു ചെന്നാൽ പലവിധത്തിലുമുള്ള പൂക്കൾ പ്രത്യക്ഷപ്പെട്ടു തുടങ്ങും. അടക്കിപ്പിടിച്ച വിത്തുകളും കനത്ത ഇതളുകളുമായി തിളക്കം മങ്ങി വിഷാദം പൂണ്ടും ചിലപ്പോഴൊക്കെ അകാരണമായി പൊട്ടിച്ചിരിച്ചും പുഴയിൽ ഒഴുകുന്ന വർണാഭമായ ആ തോരണങ്ങൾ, വാട്ടോവോ ഉത്സവാഘോഷത്തിന്റെ അലങ്കാരങ്ങൾക്കുപയോഗിച്ച നീളമേറിയ മാലകളിൽനിന്നു താഴെ ഉതിർന്നുവീണ പൂക്കളാണെന്നു ഞാൻ സങ്കൽപ്പിച്ചു. വീട്ടമ്മയുടെ പരിചരണത്തിലെന്നപോലെ സ്ഫടികസമാനം കഴുകി വെടിപ്പാക്കി നിഷ്കളങ്കമായ ഇളംചുവപ്പും വെളുപ്പും കലർന്ന പൂച്ചെണ്ടുകൾ ഒരിടത്തൊരുങ്ങി നിന്നു. അങ്ങകലെ, പൂക്കളും ഇലകളും ചങ്ങാടംപോലെ കെട്ടിപ്പൊക്കിയ പുഷ്പതൽപ്പത്തിൽനിന്നു വിഷയലമ്പടരായ ചില ചിത്രശലഭങ്ങൾ ജലോപരിതലത്തിന്റെ സുതാര്യതകൾക്കു മേലേ തേച്ചു മിനുക്കിയ നീലച്ചിറകുകൾ വീശി പറന്നുപൊങ്ങി. പൂക്കളുടെ താഴെ നിറംമങ്ങിയ മണ്ണിനു ചലനാത്മകമായ കാന്തിപ്രകർഷം പകരാൻ വിദൂരതയിൽനിന്നുപോലും ആകാശനീലിമയ്ക്കു കഴിയും. വെളുത്ത ആമ്പലുകൾക്കുകീഴെ ആഹ്ലാദത്തിന്റെ ചിത്രദർശിനിയിൽ വിവിധഭാവവിശേഷങ്ങളോടെ ഒത്തുചേർന്ന ആ ദൃശ്യം ഞാൻ നിശ്ശബ്ദം ആസ്വദിച്ചു. അസ്തമയസൂര്യന്റെ അരുണാഭമായ സ്വപ്നങ്ങളുരുക്കി വിദൂരസ്വർഗത്തിൽനിന്നു പരന്നൊഴുകുന്ന പൂക്കളുടെ വർണങ്ങളിൽ ഗഹനതയും നിഗൂഢതയും പൊരുത്തം വിടാതെ ഒരുപോലെ കാണപ്പെട്ടു. അപരാഹ്നത്തിലും സായാഹ്നത്തിലും നിരന്തരമായ മാറ്റങ്ങൾക്കു വിധേയമായി അനന്തതയുടെ മൗനസൂചന നൽകുന്ന അവ എന്നെന്നും എന്റെ ഹൃദയാകാശത്തിൽ പുഷ്പിച്ചുനിന്നു.

ഉദ്യാനം വിട്ടുകഴിഞ്ഞാൽ വിവോണേനദി കുറേക്കൂടി വേഗത്തിലൊഴുകാൻ തുടങ്ങും. നദീമദ്ധ്യത്തിൽ നീങ്ങുന്ന വള്ളത്തിന്റെ തലയ്ക്കൽ, കൈയെത്താവുന്ന ദൂരത്തു പങ്കായം നീക്കിവെച്ച് കടത്തുകാരൻ നീണ്ടുനിവർന്നു മലർന്നു കിടന്നു. കാറ്റിന്റെ ഗതിയ്ക്കും വെള്ളത്തിന്റെ ഒഴുക്കിനും അനുകൂലമായി സ്വയം സമർപ്പിച്ച്, നിശ്ശബ്ദം നിരങ്ങിനീ

ങ്ങുന്ന മാനത്തു മാത്രം ദൃഷ്ടി പതിപ്പിച്ച്, ആത്മസംതൃപ്തിയും സമാധാനവും അയാൾ അന്തരീക്ഷത്തിൽ പ്രസരിപ്പിച്ചു. ജീവിതമാർഗം സ്വയം തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അത്യാകാംക്ഷയോടെ ആഗ്രഹിയ്ക്കുന്ന ഞാൻ ദീർഘനേരം ആ കാഴ്ച നോക്കിയിരുന്നു, നിരവധി തവണ അനുകരിയ്ക്കാനും ശ്രമിച്ചു!

കരയിൽ ജലനിരപ്പിനു തൊട്ടുമുകളിലായി ഒരൊഴിഞ്ഞ സ്ഥലം നോക്കി ഞങ്ങളിരിയ്ക്കും. ഒഴിവുദിനംപോലെ വിജനമായ ആകാശത്ത് മന്ദഗതിയായൊരു മേഘം ചക്രവാളസീമകളിലേയ്ക്കു പലായനം ചെയ്യാൻ ശ്രമിച്ചു. ആലസ്യത്തിന്റെ ഭാരം സഹിയ്ക്കാനാവാതെ ഒരു കരിമീൻ ഇടയ്ക്കിടെ ഉദ്വേഗകരമായി കിതച്ചു വെള്ളത്തിനു മുകളിലേയ്ക്കു കുതിച്ചുചാടി. വീട്ടിലേയ്ക്കു മടങ്ങുന്നതിനുമുമ്പ് കുറച്ചു നേരംകൂടി ഞങ്ങൾ പുൽത്തകിടിയിൽ അപ്പവും പഴവും ചോക്ലേറ്റും രുചിച്ചു വിശ്രമിയ്ക്കുമ്പോൾ, തരണം ചെയ്യാനുള്ള സുപരിചിതമായ അന്തരീക്ഷത്തിൽ സ്വയം ഉരുകിത്തീരാതെ സാങ്ഹിലൈരേ ഗോപുരത്തിൽനിന്നുള്ള മണിനാദം, മുഴക്കത്തിന്റെ തുടർച്ചയായ സ്പന്ദനങ്ങളിൽ പതുക്കെപ്പതുക്കെ പൊട്ടിച്ചിതറി പാരവശ്യത്തോടെ, ചിലമ്പിച്ചതെങ്കിലും ദാർഢ്യം കൈവിടാതെ ചെവികളിൽ പ്രതിദ്ധ്വനിച്ചു ഞങ്ങളുടെ കാൽക്കീഴിലുള്ള പൂക്കളെ തൊട്ടുതലോടും.

കരയോടു ചേർന്നു വൃക്ഷങ്ങളുടെ മറവിൽ പരിസരദൃശ്യങ്ങളിൽനിന്നെല്ലാം മാറി സ്വന്തം കാലുകളാഴ്ന്നു നിൽക്കുന്ന നദിയെക്കുറിച്ചല്ലാതെ യാതൊന്നിനെക്കുറിച്ചും വ്യാകുലപ്പെടാതെ, 'ഉല്ലാസസദനങ്ങളെ'ന്നു പറയപ്പെടുന്ന ചില വീടുകൾ ഞങ്ങളുടെ കണ്ണിൽപ്പെടാറുണ്ട്. ദു:ഖാകുലമായ ഭാവവും മോടിയുള്ള മുഖാവരണവും ധരിച്ച് നാട്ടുകാരിയല്ലാത്തൊരു യുവതി, ജനലിൽ തറച്ച നിശ്ചലചിത്രമായി, വാതിലിനു സമീപം കെട്ടിയിട്ട ചെറുവള്ളത്തിലേയ്ക്കു ദൃഷ്ടി പതിപ്പിച്ചു നിൽക്കുന്നതു കാണാം. സ്വന്തം പേരിന്റെകൂടെ ഹൃദയത്തോടു ചേർത്തുപിടിച്ചിരുന്ന മറ്റൊരാളുടെ പേരു നാട്ടിലാർക്കും അറിയില്ലെന്ന കയ്പ്പും മധുരവും നിറഞ്ഞ അനുഭൂതി നുകരാൻ, നാടൻഭാഷയിൽ

പറഞ്ഞാൽ 'സ്വന്തം കുഴി തോണ്ടാനായി' ഒരുങ്ങി പുറപ്പെട്ടു വന്നതാണവൾ! വിശ്വാസവഞ്ചകനായ സ്വന്തം കാമുകനെ ആ വഴി കടന്നുപോകുന്നവർക്കു പരിചയമില്ലെന്നും, അവരുടെ കഴിഞ്ഞ ജന്മങ്ങളിൽ അയാളുടെ വ്യക്തിപരമായൊരു മുദ്രയും പതിഞ്ഞിട്ടില്ലെന്നും ഭാവിയിൽ അവർക്കതിനൊരു സന്ദർഭം ലഭിയ്ക്കില്ലെന്നും അവൾക്കു നല്ല ബോദ്ധ്യമുണ്ട്. നദീതീരത്തു നിരന്നു നിൽക്കുന്ന മരങ്ങൾക്കിടയിൽ തുഴഞ്ഞുനീങ്ങുന്ന വള്ളക്കാരുടെ നിരർത്ഥകമായ സംസാരം കേട്ട് അലോസരത്തോടെ അവൾ മിഴികളുയർത്തി. അവൻ നടന്നു പോയ വഴി മറ്റാർക്കും പരിചയമില്ലാത്തതുകൊണ്ട് ആത്മാർത്ഥസ്നേഹത്തിന്റെ പാരിതോഷികമായി ഇനിയും ഒരുപക്ഷേ നേരിട്ടു കാണാവുന്ന സ്ഥലങ്ങളെക്കുറിച്ചു മനസ്സിൽ സൂക്ഷിച്ച ചെറിയൊരു ഓർമ്മപോലും അവൾ മന:പൂർവം ഉപേക്ഷിച്ചു. അവൻ പ്രത്യക്ഷപ്പെടാൻ സാദ്ധ്യതയില്ലാത്ത വഴിയിലൂടെ ഒറ്റയ്ക്കു നടക്കുമ്പോൾ ഉപയോഗശൂന്യമായ കൈയുറ വലിച്ചു കയറ്റി അനുസരണശീലം കാണിയ്ക്കുന്ന അവളുടെ കൈവിരലിലേയ്ക്കു പലപ്പോഴും ഞാൻ ഉറ്റുനോക്കാറുണ്ട്!

'ഗ്വെർമാന്റിസ് വഴി' നടക്കുന്നതിനിടയിൽ ഒരിയ്ക്കൽപ്പോലും വിവോണേ നദിയുടെ ഉത്ഭവസ്ഥാനത്തേയ്ക്കു ഞങ്ങൾ കടന്നുചെന്നിട്ടില്ല. കോംബ്രേയിൽ നിന്ന് ഏതാനും മൈലകലെ ഭൂമിയുടെ അതേഭാഗത്താണു നദിയുടെ ഉറവെന്നു ഞാൻ മനസ്സിൽ സങ്കൽപ്പിച്ചിരുന്നു. പൌരാണികരുടെ വിശ്വാസമനുസരിച്ച് ഭൂമിയിലെവിടെയോ നരകത്തിന്റെ ദംഷ്ട്രകൾ തുറക്കുന്ന ഒരു സ്ഥാനമുണ്ടെന്നു കഥകളിൽനിന്നു കേട്ടറിഞ്ഞു ചിലപ്പോൾ ഞാനത്ഭുതപ്പെടാറുണ്ട്. അതുപോലെ, ഞാൻ വളരെയേറെ കാണാൻ മോഹിച്ചിരുന്ന ഗ്വെർമാന്റിസിലും ഞങ്ങൾക്ക് എത്തിച്ചേരാൻ കഴിഞ്ഞില്ല. ഗ്വെർമാന്റിസിലെ പ്രഭുവും പ്രഭ്വിയും സത്യമായും നമുക്കിടയിൽ ജീവിക്കുന്ന വ്യക്തികളാണെന്നും അവരുടെ വാസസ്ഥാനമാണു ഞാൻ കാണാനാഗ്രഹിച്ചതെന്നും എനിയ്ക്കു നല്ല ബോദ്ധ്യമുണ്ടായിരുന്നു. പക്ഷേ, അവരെക്കുറിച്ചു ഞാൻ പള്ളിയുടെ പഴയ ചുമരിൽ പണ്ടൊരിയ്ക്കൽ സ്ഥാപിച്ച 'എസ്റ്ററിന്റെ കി

രീടധാരണ'ത്തിലെ ചിത്രകംബളങ്ങളായും, 'അയോഗ്യനായ ഗിൽ ബർട്ടി'ന്റെ ജനൽച്ചിത്രത്തിൽ മങ്ങിമായുന്ന മഴവിൽക്കൊടികളായും, എന്റെ മുറിയുടെ മേൽത്തട്ടിൽ ഇളങ്ങുന്ന മാന്ത്രികദീപത്തിൽ പ്രതിഫ ലിച്ച അവരുടെ പൂർവികനായ ബ്രാബന്റെ പ്രതിമയായും, മെറോവി ഞ്ജിയൻ ഭൂതകാലങ്ങളുടെ നിഗൂഢതയിൽ പൊതിഞ്ഞ 'ആന്റിസിൽ' നിന്ന പ്രസരിയ്ക്കുന്ന സാന്ധ്യസൂര്യന്റെ ദൃശ്യമായും ബന്ധിപ്പിച്ചാണ ചിന്തിയ്ക്കാറുള്ളത്. ബഹുമാന്യരായ പ്രഭുവും പ്രഭ്വിയുമെന്നനിലയ്ക്ക പരി ചയമില്ലെങ്കിലും ഞാനവരെ യഥാർത്ഥമനുഷ്യരായി കാണാൻ ശ്രമി ച്ച; അപ്പോൾ, അവരുടെ പദവിയ്ക്കനുസൃതമായ വ്യക്തിത്വവും അധി കാരഭാവവും ഉൾക്കൊള്ളിയ്ക്കാൻ വെയിലിൽ കുളിച്ചനിന്ന 'ഗ്വെർമാ ന്റിസ് വഴി'യും വിവോണേയുടെ ഒഴുക്കും വെള്ളാമ്പൽപ്പൂക്കളും നദി യിലേയ്ക്കു വീണ കിടക്കുന്ന വൃക്ഷങ്ങളും വേനലിന്റെ അപരാഹ്നങ്ങളും അമൂർത്തമായ രൂപത്തിൽ എനിയ്ക്കു സങ്കൽപ്പിയ്ക്കേണ്ടതായി വന്നു. ഗ്വെർമാന്റിസിലെ പ്രഭുവും പ്രഭ്വിയുമെന്ന പദവി മാത്രമായിരുന്നില്ല അവരുടെ പ്രസക്തി. പതിനാലാംനൂറ്റാണ്ടു മുതൽ കോംബ്രേപട്ടണം ആക്രമിച്ച കീഴടക്കാൻ നടത്തിയ വിഫലശ്രമങ്ങൾക്കുശേഷം വിവാ ഹബന്ധത്തിലൂടെ പട്ടണത്തിന്റെ പ്രഭുക്കളും പ്രഥമപൗരന്മാരുമായി, നാട്ടിൽ താമസിയ്ക്കാതെതന്നെ പൗരത്വാവകാശം നേടി, പേരിലും പ ദവിയിലും ‘കോംതേ കോംബ്രേ‘യെന്ന സ്ഥാനപ്പേരിൽ വിശുദ്ധമാ യൊരു വിഷാദത്തിന്റെ നേർത്ത ഭാവം അവർ സ്വാംശീകരിച്ചതായി ഞാൻ മനസ്സിലാക്കി. സ്വന്തമായി പ്രത്യേകിച്ചൊരു വസതിയുമില്ലാ ത്ത പട്ടണത്തിന്റെ ഉടമസ്ഥരായിരുന്ന, അവർ. കാമസിന്റെ കടയി ലേയ്ക്കൊരു പൊതി ഉപ്പ വാങ്ങാൻ പോകുന്ന വഴി കണ്ണയർത്തി നോ ക്കിയാൽ സാങ്ഹിലൈരേയുടെ അൾത്താരാമണ്ഡപത്തിന്റെ കറ പിടിച്ച കണ്ണാടിയിൽ നിറംമങ്ങിയ ഒരു 'പ്രതിരൂപ'മായി കാണാവു ന്ന ഗിൽബർട്ട് ഗ്വെർമാന്റിസിനെപ്പോലെ മിക്കവാറും തെരുവിൽ, ഭൂ മിയ്ക്കും സ്വർഗത്തിനും മദ്ധ്യേ, അവരെപ്പോഴും താമസിച്ചപോന്നു.

'ഗ്വെർമാന്റിസ് വഴി' തഴച്ചു വളരുന്ന ചെറിയ പൂന്തോട്ടങ്ങൾ കടന്നു മുന്നോട്ടു പോകുമ്പോൾ വേലിപ്പടർപ്പുകൾക്കു മേലേ ഇരുട്ടിന്റെ പശ്ചാത്തലത്തിൽ ശിരസ്സുയർത്തിനിൽക്കുന്ന ചില പൂക്കുലകൾ ഞാൻ കാണാറുണ്ട്. എനിയ്ക്കേറെ പ്രിയപ്പെട്ട എഴുത്തുകാരന്റെ ആശയത്തെ പിന്തുടർന്നു ചിരകാലമായി കാണാനും അറിയാനുമാഗ്രഹിച്ച വാഗ്ദത്തഭൂമിയുടെ ചെറിയൊരു ഭാഗമാണു തൊട്ടുമുമ്പിൽ വിടരുന്നതെന്നു കരുതി നൂതനവും അമൂല്യവുമായ ഒരനുഭൂതിയ്ക്കു കാതോർത്തു തെല്ലിട ഞാനവിടെ നിൽക്കും. സുഗന്ധം പൊഴിയ്ക്കുന്ന പൂക്കളും അരുവികളും ജലധാരകളുമായി അത്യാകർഷകമെന്നു ഡോക്ടർ പെർസെപ്പൈഡ് പറഞ്ഞു കേട്ട ഗ്വെർമാന്റിസ്, സങ്കൽപ്പങ്ങളുടെ മണ്ണിൽ ഭാവനകൾ പുഷ്പിച്ച് വർണങ്ങളും ഗന്ധങ്ങളും അലയടിയ്ക്കുന്ന കഥാപുസ്തകത്തിലെ ഭൂപ്രദേശമാണെന്നു ഞാൻ തിരിച്ചറിഞ്ഞു. എന്നോട് അകാരണമായി താൽപ്പര്യം തോന്നിയ മാഡം ഗ്വെർമാന്റിസ്, ചിലപ്പോൾ സ്വപ്നങ്ങളിൽ പെട്ടെന്നു പ്രത്യക്ഷപ്പെട്ട്, എന്നെ ഗ്വെർമാന്റിസിലേയ്ക്കു ക്ഷണിച്ചു പകൽസമയം മുഴുവൻ പുഴയിൽ ചൂണ്ടയിട്ടു മീൻപിടിച്ചു വൈകുന്നേരമാകുമ്പോൾ കൈകോർത്തു ചുറ്റിനടന്ന് അടിയാന്മാരുടെ തോട്ടത്തിന്റെ മതിലിൽ പടരുന്ന ചുവപ്പും മഞ്ഞയും നിറമുള്ള പൂക്കളെക്കുറിച്ചു വിശദമായി പറഞ്ഞു തരാറുണ്ട്. തുടർന്നു ഭാവിയിൽ ഞാനെഴുതാൻ ഉദ്ദേശിയ്ക്കുന്ന കവിതകളെക്കുറിച്ചു പറയാൻ അവരെന്നെ നിർബന്ധിയ്ക്കും. കാൽപ്പനികമായ ഇത്തരം സ്വപ്നങ്ങൾ ഭാവിയിലൊരു എഴുത്തുകാരനാകാനുള്ള എന്റെ മോഹം ക്രമാതീതമായി പൊലിപ്പിച്ചപ്പോൾ, എന്തുതരം പുസ്തകങ്ങളാണു ഞാനെഴുതാൻ ഉദ്ദേശിയ്ക്കുന്നതെന്നു വ്യക്തമായൊരു തീരുമാനത്തിലെത്തേണ്ട സമയം വല്ലാതെ അതിക്രമിച്ചതായി എനിയ്ക്കു തോന്നി. മൂല്യങ്ങളുടെ ദർശനപരമായ പ്രസക്തി പകർന്നുകൊടുക്കാൻ കഴിവുള്ള ചില വിഷയങ്ങൾ കണ്ടെത്താൻ ശ്രമിച്ചു ഞാൻ ആ ചോദ്യം ഒന്നുകൂടി ചോദിച്ചപ്പോൾ പക്ഷേ, പെട്ടെന്നൊരു ഘടികാരത്തിന്റെ നിമിഷസൂചിപോലെ എന്റെ മനസ്സു നിശ്ചലമായിത്തീർന്നു; എനിയ്ക്കു തൊട്ടു മുമ്പിൽ രൂപര

ഹിതമായൊരു ഭാവശൂന്യതമാത്രം! എഴുത്തുകാരനാകാൻ തക്ക മൌലികമായ പ്രതിഭ എനിയ്ക്കില്ലെന്നും ഒരുപക്ഷേ, തലച്ചോറിന്റെ വളർച്ച തടയുന്ന ഒരു മാറാവ്യാധി എന്നെ ബാധിച്ചിരിയ്ക്കാമെന്നും ഞാൻ സംശയിച്ചു. എനിയ്ക്കു വേണ്ടതെല്ലാം വേണ്ടതുപോലെ ഒരുക്കിത്തരുന്ന അച്ഛന്റെ ചില രീതികൾ ഞാനും ചിലപ്പോഴൊക്കെ അനുകരിയ്ക്കാൻ ശ്രമിയ്ക്കാറുണ്ട്. സമൂഹത്തിലെ 'എണ്ണപ്പെട്ട' വ്യക്തികളുമായി ബന്ധം സ്ഥാപിയ്ക്കാൻ അദ്ദേഹം അമിതമായ താൽപ്പര്യം കാണിച്ചിരുന്നു. ജീവിതവും മരണവും പഠിപ്പിയ്ക്കുന്ന അലിഖിതമായ നിയമങ്ങളേക്കാൾ പരിപാവനമായി പാലിയ്ക്കേണ്ടതാണെന്നു ഫ്രാങ്കോയ്സ് പഠിപ്പിച്ച ചില ലൌകികമര്യാദകൾ മന:പൂർവം മറികടന്നു പലരിൽനിന്നും പല കാര്യങ്ങളും അദ്ദേഹം നേടിയെടുത്തു. വീടിന്റെ മതിലുകൾ വർഷത്തിലൊരിയ്ക്കൽ നിർബന്ധമായും വെള്ളപൂശണമെന്ന നിയമത്തിൽനിന്നു ഞങ്ങളുടെ തെരുവിലെ മതിലുകൾ ഒഴിവാക്കാനും, നിർബന്ധിതപരിശീലനത്തിനു നിയോഗിയ്ക്കപ്പെട്ട വിദ്യാർത്ഥികളിൽനിന്നു മാഡം സസററ്റിന്റെ മകനു ശരിയായ ഊഴംവരുന്നതുവരെ കാത്തിരിയ്ക്കാതെ രണ്ടുമാസം നേരത്തേ ബിരുദം ലഭിയ്ക്കാൻ മന്ത്രിയുടെ പക്കൽ നിന്നു പ്രത്യേകാനുവാദം വാങ്ങിയ്ക്കാനും അദ്ദേഹത്തിനൊരു മനസ്സാക്ഷിക്കുത്തു തോന്നിയില്ല. ഞാനെന്തെങ്കിലും ഗുരുതരമായ രോഗം ബാധിച്ചു കിടപ്പിലാവുകയോ കൊള്ളക്കാർ പിടിച്ചുകൊണ്ടുപോയി തടങ്കലിലാക്കുകയോ ചെയ്തിരുന്നെങ്കിൽ, ഭരണാധികാരികളുമായുള്ള ആ അടുത്ത ബന്ധം കണക്കിലെടുത്തു സർവ്വേശ്വരൻ എന്റെ രോഗവും തടവും വെറുമൊരു മായയായി മാറ്റുമായിരുന്നു; അങ്ങനെ രോഗമുക്തിയും തടങ്കലിൽനിന്നു മോചനവും ലഭിയ്ക്കുമെന്ന ആശ്വാസത്തിൽ പൂർവാവസ്ഥ വീണ്ടെടുക്കാനുള്ള അനിവാര്യമായ സമയം ആത്മസംയമനം പാലിച്ചു കാത്തിരിയ്ക്കാനും എനിയ്ക്കു കഴിയുമായിരുന്നു; മാത്രമല്ല, പ്രതിഭയുടെ അഭാവം അഥവാ എഴുത്തിന്റെ വിഷയങ്ങളെക്കുറിച്ചു നടത്തിയ സൂക്ഷ്മമായ പരിശോധനയിൽ മനസ്സിന്റെ കോണിൽ കണ്ടെത്തിയ ആ തമോഗഹ്വരം, വാസ്തവത്തിൽ അ

യഥാർത്ഥമാണെന്നോ അതല്ലെങ്കിൽ കാതലില്ലാത്തൊരു തോന്ന ലാണെന്നോ കണക്കാക്കി അക്കാലത്തെ ഒന്നാംകിട എഴുത്തുകാര നായി എന്നെ പ്രഖ്യാപിയ്ക്കാൻ സർക്കാരിനേയും സർവ്വേശ്വരനേയും സന്ദർഭോചിതമായ ഇടപെടലുകളിലൂടെ സ്വാധീനിച്ച് അച്ഛനൊരു പരിഹാരം കണ്ടെത്തുമെന്ന കാര്യത്തിലും എനിയ്ക്കു സംശയമുണ്ടായി രുന്നില്ല. പക്ഷേ, ഒരുമിച്ചു നടക്കുന്നതിനു പകരം വളരെ പിന്നിൽ പെട്ടെന്ന് ആകർഷണം തോന്നിയ ഒരു വസ്തുവിൽ നോക്കിനിന്നു വൈകിയതിന്റെപേരിൽ നീരസം ഭാവിയ്ക്കുന്ന സന്ദർഭങ്ങളിൽ, എ ന്റെ യഥാർത്ഥജീവിതം അച്ഛനു തോന്നുന്നവിധം രൂപപ്പെടുത്താവു ന്ന ഒരു കൃത്രിമസൃഷ്ടിയാണെന്നു പ്രത്യക്ഷത്തിൽ എനിയ്ക്കനുഭവപ്പെ ടാറില്ല. നേരേമറിച്ച്, ലൌകികത മറികടക്കാനുള്ള സകല സാദ്ധ്യ തകളും അടഞ്ഞു ബന്ധുക്കളും സുഹൃത്തുക്കളുമില്ലാതെ നിസ്സഹായനും വിചാരണയില്ലാത്ത വിധിനിർണയത്തിനു വിധേയനുമായി, എന്റെ സവിശേഷമായ ആനുകൂല്യങ്ങൾക്കു യാതൊരു വിലയും ലഭിയ്ക്കാത്ത വിപുലമായൊരു അധികാരപരിധിയിൽ അകപ്പെട്ടിരിയ്ക്കുകയാണെ ന്ന അനുഭവത്തിലാണു ഞാൻ താനേ ചെന്നു വീഴാറുള്ളത്. എന്റെ ജീവിതം, സകല ജീവജാലങ്ങളുടേയും ജീവിതംപോലെ ഒരലിഖിത നിയമത്തിന്റെ കീഴിലാണെന്നും, ഞാനവരെപ്പോലെ വളർന്നു വലു തായി അവരെപ്പോലെ മരിയ്ക്കേണ്ടതാണെന്നും, അവർക്കിടയിൽ എ ഴുത്തിനു വാസനയില്ലാത്തവനെന്ന ചെറിയൊരു വ്യത്യാസം മാത്ര മാണെനിയ്ക്കുള്ളതെന്നും ഞാനപ്പോൾ മനസ്സിലാക്കി. അതുകൊണ്ട്, എന്റെ സ്നേഹിതൻ ബ്ലോക്ക് എനിയ്ക്കു നൽകിപ്പോന്ന സകല പ്രോ ത്സാഹനങ്ങളും തിരസ്ക്കരിച്ചു തികഞ്ഞ നിരാശയോടെ സാഹിത്യ സപര്യ എന്നെന്നേയ്ക്കുമായി പരിത്യജിക്കാൻ ഞാൻ തീരുമാനിച്ചു. കു ടിലബുദ്ധിയായൊരു മനുഷ്യന്റെ സദ്ഗുണങ്ങളെക്കുറിച്ച് എല്ലാവരും ഒരേസ്വരത്തിലും ഭാവത്തിലും ഏകകണ്ഠമായി പ്രശംസിയ്ക്കുമ്പോൾ അയാൾമാത്രം മനസ്സാക്ഷിക്കുത്തേറ്റു പുളയുന്നതുപോലെ, സ്വയമേവ ഉണർന്നുവന്ന ഈയൊരു നിശ്ചയദാർഢ്യം അഥവാ ബുദ്ധിപരമായ

ശൂന്യതാബോധം എന്റെ നേർക്കു ചൊരിയാനിടയുള്ള സകല പ്രശം സകളേയും അതിജീവിയ്ക്കാൻ തക്ക കെൽപ്പുള്ളതായിരുന്നു.

ഒരു ദിവസം അമ്മ പറഞ്ഞു: “മാഡം ഗ്വെർമാന്റിസിനെക്കുറിച്ചു നീ പലപ്പോഴും പറയാറുണ്ടല്ലോ. നാലു വർഷങ്ങൾക്കുമുമ്പ് അസുഖം ബാധിച്ചു കിടന്ന കാലത്തു ഡോക്ടർ പെർസെപ്പൈഡ് അവരെ ഒരു പാടു സഹായിച്ചിരുന്നു. അതുകൊണ്ട്, അദ്ദേഹത്തിന്റെ മകളുടെ വിവാഹത്തിൽ പങ്കെടുക്കാൻ അവർ കോംബ്രേയിലേയ്ക്കു വരുന്നുണ്ട്. പള്ളിയിൽവെച്ച് നിനക്കൊരുപക്ഷേ അവരെ കാണാൻ കഴിഞ്ഞേക്കും“. ഡോക്ടർ പെർസെപ്പൈഡിൽനിന്നാണു മാഡം ഗ്വെർമാന്റിസിനെക്കുറിച്ച്, യാദൃച്ഛികമായി, ഞാനേറെ പറഞ്ഞു കേൾക്കാറുള്ളത്. ലിയോൺ രാജകുമാരി നൽകിയ വേഷവിധാനമത്സരത്തിൽ പങ്കെടുത്തപ്പോൾ അവർ ധരിച്ച സവിശേഷമായൊരു വേഷത്തെക്കുറിച്ച് ഒരു വാരികയിൽ വന്ന വാർത്തയും ചിത്രവും അദ്ദേഹം ഞങ്ങൾക്കൊരിയ്ക്കൽ കാണിച്ചുതരികയുണ്ടായി.

പള്ളിയിൽ വിവാഹത്തിന്റെ കുർബാന നടക്കുമ്പോൾ മുഖ്യപുരോഹിതൻ പെട്ടെന്നൊരു ഭാഗത്തേയ്ക്കു മാറിനിന്നതുകൊണ്ട് കപ്പേളയ്ക്കു മുമ്പിൽ അഴകുള്ള മുടിയും നീണ്ട മൂക്കും തൊട്ടുതാഴെ ചെറിയൊരു കറുത്ത മറുകും നീലക്കണ്ണുകളുമായി തിളങ്ങുന്ന നീലപ്പട്ടുസാൽവ പുതച്ച ഒരു മാന്യസ്ത്രീ ഇരിയ്ക്കുന്നതു ഞാൻ കണ്ടു. വല്ലാത്ത ചൂടനുഭവിയ്ക്കുന്നതുപോലെ അവരുടെ മുഖമാകെ ചുവന്നു തുടുത്തിരുന്നു. ഞാൻ നേരത്തേ മനസ്സിൽ കണ്ട ചിത്രത്തോടു സാദൃശ്യം പുലർത്തുന്ന പല സവിശേഷതകളും അവരുടെ രൂപഭാവങ്ങളിൽ മങ്ങിയ തോതിലാണെങ്കിലും എനിയ്ക്കു തിരിച്ചറിയാൻ കഴിഞ്ഞു. പ്രത്യേകിച്ച് ഡോക്ടർ പെർസെപ്പൈഡ് അവരെക്കുറിച്ചു പറഞ്ഞ വാക്കുകൾ ഉപയോഗിച്ചു ക്രമാനുഗതമായി വിവരിച്ചാൽ, ‘നീണ്ട മൂക്ക്, നീലക്കണ്ണുകൾ.., ഈ മാന്യസ്ത്രീ ഗ്വെർമാന്റിസ് പ്രഭ്വിതന്നെ!'. അവർ 'അയോഗ്യനായ ഗിൽബർട്ടി'ന്റെ കപ്പേളയ്ക്കു തൊട്ടു മുമ്പിലിരുന്നാണു കുർബാനയിൽ പങ്കെടുത്തത്. ആ സ്മാരകശിലകൾക്കു താഴെ ബ്രാബന്റിലെ പഴയ പ്രഭുക്ക

ന്മാരുടെ ഭൗതികാവശിഷ്ടങ്ങൾ, തേനീച്ചക്കൂട്ടിലെ തേനറകളുടെ മാം സളമായ മഞ്ഞനിറത്തോടെ, ചിരകാലമായി അന്ത്യവിശ്രമം കൊള്ളുന്നുണ്ട്. ഗ്വെർമാന്റിസ് കുടുംബാംഗങ്ങളിൽ ആരെങ്കിലും എന്നെ ങ്കിലും ഏതെങ്കിലുമൊരു ചടങ്ങിൽ പങ്കെടുക്കാൻ കോംബ്രേയിലെത്തുമ്പോൾ ഈ കപ്പേള അവർക്കായി നീക്കിവെയ്ക്കും. അന്നത്തെ ദിവസം, മാഡം ഗ്വെർമാന്റിസിന്റെ ചിത്രത്തോടു സാദൃശ്യമുള്ള ഒരേയൊരു സ്ത്രീരത്നംമാത്രമേ ആ കപ്പേളയ്ക്കുമുമ്പിൽ ഇരിയ്ക്കാൻ സാദ്ധ്യതയുള്ളൂ: അതേ, അതവർതന്നെയായിരുന്നു! എന്റെ ഇച്ഛാഭംഗം അതിരു കവിഞ്ഞു പുറത്തേയ്ക്കു പരന്നൊഴുകി. യാഥാർത്ഥ്യം മനസ്സിലാക്കാതെ ഒരു നിമിഷത്തിന്റെ പിഴവിലാണതു സംഭവിച്ചത്. മാഡം ഗ്വെർമാന്റിസിനെക്കുറിച്ചു ചിന്തിച്ചപ്പോഴൊക്കെ മനുഷ്യവംശത്തിൽനിന്നു മാറി മറ്റൊരു ലോകത്തു മറ്റൊരു നൂറ്റാണ്ടിൽ ജീവിയ്ക്കുന്ന സ്ത്രീയായി, ചിത്രകംബളങ്ങളിലും ജനൽച്ചിത്രങ്ങളിലും കാണുന്ന വർണഭേദങ്ങളായി മാത്രമാണു ഞാൻ സങ്കൽപ്പിച്ചത്. അവർക്കു ചുവന്നുതുടുത്ത ഒരു മുഖമുണ്ടെന്നും, അവർ മാഡം സസറ്റിനെപ്പോലെ നീലപ്പട്ടുസാൽവ പുതയ്ക്കുമെന്നുമുള്ള വസ്തുത ഞാൻ കണക്കിലെടുത്തില്ല. കവിളത്തു തെളിഞ്ഞു കണ്ട ദീർഘവൃത്താകൃതിയായ ചുളിവ്, അവരുടെ സൃഷ്ടി സംവിധാനത്തിൽ തന്മാത്രകളുടെ സങ്കലനങ്ങൾക്കു ലഭിച്ച പ്രാധാന്യം എന്നെ ഓർമ്മപ്പെടുത്തി. ജനങ്ങൾ സ്വമേധയാ അനുവദിച്ച ആദരവ് കണ്ടറിയാത്ത അഭിജാതരായ വനിതകളുടെ കൂട്ടത്തിൽ ഒരു പ്രത്യേകവിഭാഗത്തിന്റെ പ്രതിനിധിയെന്ന നിലയ്ക്കു പക്ഷേ അവർക്കു നാട്ടിൽ സാധാരണ പരിചയമുള്ള പലരുടേയും ശക്തമായ രൂപസാദൃശ്യം ഞാൻ കണ്ടു. ഇവിടെ ഈ പള്ളിയിൽ ഒരുനിമിഷംമുമ്പു മാത്രം കാണാനിടയായ ഈ രൂപസൌഭഗം എന്റെ വെറുമൊരു കൽപ്പനാസൃഷ്ടിയല്ല. അതുകൊണ്ട് സ്വപ്നങ്ങളിൽ മിക്കവാറും 'മാഡം ഗ്വെർമാന്റിസെ'ന്ന പേരിൽ പ്രത്യക്ഷപ്പെടാറുള്ള സ്ത്രീയുമായി സാദൃശ്യമില്ലെങ്കിലും 'ഇതു മറ്റാരുമല്ല, മാഡം ഗ്വെർമാന്റിസായിരിയ്ക്കുണ'മെന്ന വാക്കുകളിൽ സ്ഫുരിയ്ക്കുന്ന ആശ്ചര്യത്തോടെ ഞാനവരെ ഉറ്റുനോക്കി. ഇ

ഷ്ടാനുസരണം വർണഭേദം വരുത്താൻ കഴിയാതെ, മുഴക്കമേറിയ ശബ്ദം ചിത്രീകരിയ്ക്കുമ്പോൾ ദൃശ്യത്തിനു ചിലപ്പോൾ ഓറഞ്ചുനിറം നൽകുന്നതുപോലെ, നാടകവേദിയിൽ രംഗം മാറുന്നതിനിടയ്ക്കു മാലാഖയുടെ വസ്ത്രത്തിന്റെ മർമ്മരവും വിറയ്ക്കുന്ന വിരലുകളും കഥാപാത്രത്തിനുള്ളിൽ ജീവനുള്ള ഒരു നടിയുടെ സാന്നിദ്ധ്യം വെളിവാക്കുന്നതുപോലെ, മൂക്കിനു താഴെ കണ്ട ചെറിയ മറുകുപോലും, അവർ ലോകനിയമങ്ങൾക്കു വിധേയയാണെന്ന കൃത്യമായ സൂചന നൽകി.

അതേസമയം, പെട്ടെന്നു ശ്രദ്ധ പിടിച്ച പറ്റുന്ന മൂക്കും കാഴ്ചവട്ടത്തിൽ തറയ്ക്കുന്ന കണ്ണുകളുമായി അചഞ്ചലവും ഉന്മേഷദായകവുമായ ആ പ്രതിച്ഛായ 'മാഡം ഗ്വെർമാന്റിസ്തന്നെയാണെ'ന്ന ആശയത്തിനു ദൃഢത വരുത്താനുള്ള പരിശ്രമത്തിലായിരുന്നു, ഞാൻ. പക്ഷേ വ്യത്യസ്തതലങ്ങളിൽ ചലിയ്ക്കുന്ന രണ്ടു ചക്രങ്ങൾപോലെ, ഇടയിലെ ശൂന്യത പൂരിപ്പിയ്ക്കാൻ ശ്രമിച്ച ആ ആശയം ഞങ്ങൾക്കിടയിലെ മൗനത്തിലേയ്ക്കു കടത്തിവിടാൻ മാത്രമേ എനിയ്ക്കായുള്ളൂ. എങ്കിലും, ഞാൻ പലപ്പോഴും സ്വപ്നം കണ്ട മാഡം ഗ്വെർമാന്റിസിനു തികച്ചും മൗലികമായൊരു അസ്തിത്വമുണ്ടെന്നു കണ്ടപ്പോൾ, എന്റെ ഭാവനകൾക്കാകെ ഉജ്ജ്വലമായൊരു നവോന്മേഷം കൈവന്നു. ഒരുനിമിഷം പകച്ചു നിന്നെങ്കിലും, പ്രതീക്ഷിച്ചതിൽനിന്നേറെ വ്യത്യസ്തമായി നേരിടേണ്ടിവന്ന യാഥാർത്ഥ്യത്തോടു പ്രതികരിച്ചുകൊണ്ട് എന്റെ മനസ്സിലൊരു സ്വരം ഇങ്ങനെ മന്ത്രിച്ചു:

“മഹനീയവും സുപ്രസിദ്ധവുമാണു ചരിത്രത്തിൽ ചാർലമേയ്നുമുമ്പുള്ള സുവർണകാലം! ഗ്വെർമാന്റിസിനു സ്വന്തം അടിമകളുടെമേൽ ജീവിതത്തിലും മരണത്തിലും അധികാരമുണ്ടായിരുന്നു... ഗ്വെർമാന്റിസ് പ്രഭ്വിയുടെ അവതാരം ജെനീവിവെ ബ്രാബന്റിൽനിന്നു തുടങ്ങുന്നു.. അവർക്കുപോലും ആ സത്യമറിയില്ല.. അതറിയാൻ ഇന്നിപ്പോൾ ആരേയും അവരനുവദിക്കുകയുമില്ല!“.

നീലനിറമുള്ള ആ കണ്ണുകളുടെ നിഗൂഢമായ വശ്യത പ്രലോഭനീ

യമായി എനിയ്ക്കു തോന്നി! അപരിമിതവും അനിയതവുമായ ഒരു ചരടുകൊണ്ടു മുഖം ബന്ധിച്ച് നേരവും ദൂരവും നോക്കാതെ സ്വേച്ഛാനുസരണം അലയുന്ന മെയ്‌വഴക്കത്തോടെ പരിപൂർണസ്വാതന്ത്ര്യം അനായാസമൊഴുകുന്ന മനുഷ്യദൃഷ്ടി! പിതാമഹന്മാരുടെ കല്ലറകളും സ്മാരകശിലകളും അടക്കം ചെയ്ത കപ്പേളയിലിരുന്ന ചടങ്ങുകൾ വീക്ഷിയ്ക്കുന്ന മാഡം ഗ്വെർമാന്റിസിന്റെ നീണ്ടിരുണ്ട നീലക്കണ്ണുകൾ നാലുപാടും പരതുന്നതിനിടയിൽ ചിത്രസ്തംഭങ്ങളുടെ ഉയരത്തിൽ ചെന്നു ദേവാലയത്തിന്റെ ഗർഭഗൃഹത്തിലേയ്ക്കു താഴ്ന്നിറങ്ങിയ സൂര്യരശ്മി പോലെ ഒഴുകി ഒടുവിൽ ഒരുമാത്ര എന്റെമേൽ വന്നു പതിച്ചു; മൃദുവായ ആ തലോടലേറ്റ നിമിഷം, എവിടെയാണു ചെന്നുവീണതെന്ന അവബോധം ഒരുപക്ഷേ ആ കണ്ണുകൾക്കു ലഭിച്ചിരിയ്ക്കണം. മക്കളുടെ പരുഷവും വിലക്ഷണവുമായ പ്രകൃതം ശ്രദ്ധിയ്ക്കുന്നതായി ഭാവിയ്ക്കാത്ത ഒരമ്മയെപ്പോലെ മാഡം ഗ്വെർമാന്റിസ് സ്വന്തം ഇരിപ്പിടത്തിൽ നിശ്ചലയായി ഇരുന്നു. അപരിചിതരോടു സംസാരിച്ച സ്വാഭാവികമായ ആശയമിനിമയങ്ങളിൽ മുഴുകിയ അവരുടെ ഹൃദയം പക്ഷേ, സ്വന്തം കണ്ണുകളുടെ അലസസഞ്ചാരത്തെ നിസ്സംഗതയോടെ അപലപിയ്ക്കുകയാണോ അംഗീകരിയ്ക്കുകയാണോ ചെയ്യുന്നതെന്നു വ്യക്തമായി തീരുമാനിയ്ക്കാൻ എനിയ്ക്കു കഴിഞ്ഞില്ല.

മാഡം ഗ്വെർമാന്റിസിനെ നേരിൽ കാണുന്നതു വളരെ മഹനീയമായൊരു വിഷയമായി ഏറെക്കാലം മനസ്സിൽ കൊണ്ടുനടന്നതാണെന്നു ഞാൻ സ്വയം ഓർമ്മപ്പെടുത്തി. കണ്ണുകൾക്കു മതിയാവോളം സംതൃപ്തി ലഭിയ്ക്കാൻ തക്ക സമയം ലഭിയ്ക്കുന്നതിനുമുമ്പു യാതൊരു കാരണവശാലും അവർ പള്ളി വിട്ടു പോകാൻ പാടില്ലെന്ന നിർബന്ധബുദ്ധിയോടെ അവരുടെനേരെ ദൃഷ്ടിയുറപ്പിച്ചു ഞാനേറെ നേരം നിന്നു. അങ്ങനെ നോക്കിയിരിയ്ക്കുമ്പോൾ, ചുവന്നു തുടുത്ത കവിളുകളും പ്രത്യേകശ്രദ്ധ പിടിച്ചുപറ്റുന്ന മൂക്കുമായി മുഖത്തെ സംബന്ധിച്ച് ആകർഷകവും ആധികാരികവുമായി തോന്നിയ വിശദാംശങ്ങൾ പിന്നീടു സംശയനിവൃത്തി വരുത്താൻവേണ്ടി ഓർമ്മയുടെ ഈടുവെയ്

പ്പിൽ ചേർത്തു വെയ്ക്കാൻ ഞാൻ നിർബന്ധിതനായി. പ്രിയപ്പെട്ട, വിലപിടിച്ച വിഷയങ്ങൾ ഉള്ളിൽത്തന്നെ ഒളിപ്പിയ്ക്കാനുള്ള ആത്മാവിന്റെ സഹജമായ വാസനമൂലം, നിശ്ചയദാർഢ്യത്തിൽ കബളിയ്ക്കപ്പെടാതെ, ആ സുന്ദരമുഖം മനസ്സിലേയ്ക്കു പെട്ടെന്നു വലിച്ചെടുക്കാൻ ശ്രമിച്ചപ്പോൾ എനിയ്ക്കവിടെ ശുദ്ധമായ സൗന്ദര്യം മാത്രമേ കാണാനായുള്ളൂ. മതിവരാതെ ഒന്നുകൂടി ഞാനവരുടെ നേർക്കു ദൃഷ്ടി പതിപ്പിച്ചു; എന്റെ തൊട്ടു മുമ്പിലിരിയ്ക്കുന്ന അഭിജാതയായ സ്ത്രീയും മന്ത്രം ജപിച്ചു ഞാൻ ഭാവനയിൽ മെനഞ്ഞെടുത്ത ഗ്വെർമാന്റിസ് പ്രഭ്വിയും ഒരേ വ്യക്തിതന്നെയായതുകൊണ്ട്, മനുഷ്യസഹജമായ രീതികളിൽനിന്നു മാറി ശുദ്ധവും ലളിതവുമായി നേരേ കണ്ട കണ്ണുകളിലെ ഭാവം മനസ്സിലാകാതെ അവരൊരു നിമിഷം കുഴങ്ങി. നാലു വശവും കൂടിയിരുന്നു പരസ്പരം മന്ത്രിയ്ക്കുന്നവർ 'മാഡം സസററ്റിനെക്കാളേറെ' അഥവാ 'മിസ് വിന്റെയിലിനെക്കാൾ' സുന്ദരിയാണവരെന്നു പറഞ്ഞു കേട്ടപ്പോൾ അങ്ങനെ താരതമ്യപ്പെടുത്താൻ കഴിയുന്നവരുടെ നിരയിലേയ്ക്കു മാഡം ഗ്വെർമാന്റിസിനെ ഇറക്കിക്കൊണ്ടുവന്നതിൽ അവരോടെനിയ്ക്കു വല്ലാത്ത കോപവും വെറുപ്പും തോന്നി. അവരുടെ അഴകുള്ള മുടിയിലും നീലക്കണ്ണുകളിലും കഴുത്തിന്റെ വടിവിലും ഇടയ്ക്കിടെ ചെന്നു വിശ്രമിച്ച എന്റെ ദൃഷ്ടി, ഏതെങ്കിലുമൊരു സ്ത്രീയുടെ മുഖലക്ഷണവുമായി പൊരുത്തപ്പെടുത്താൻ പരിശ്രമിയ്ക്കുമ്പോൾ ഉള്ളിലുണർന്ന ആനന്ദനിർവൃതിയോടെ മന:പൂർവം അപൂർണമാക്കിയ ആ രേഖാചിത്രത്തിനു നേർക്കു ഞാൻ അത്യാദരവു പ്രകടിപ്പിച്ചു. “എന്തൊരു മനോഹാരിത! എന്തൊരു ഉദാത്തമായ സൗന്ദര്യം! എന്റെ മുമ്പിൽ ജീവതേജസ്സോടെ കാണുന്നതു ജെനീവിവെ ബ്രാബന്റെ വംശജയും പ്രൗഢയുമായ ഗ്വെർമാന്റിസ് പ്രഭ്വിതന്നെ!“ ഞാനാശ്ചര്യപ്പെട്ടു; മാത്രമല്ല, അവരുടെ മുഖത്തേയ്ക്കുതന്നെ കേന്ദ്രീകരിക്കുന്നതിൽ വിജയം വരിച്ച എന്റെ ശ്രദ്ധ പരിസരത്തുനിന്നു മറ്റുള്ളവരെ ആട്ടിയോടിയ്ക്കുകയും ചെയ്തു. അന്നത്തെ ദിവസം ആ വിവാഹച്ചടങ്ങിനു സാക്ഷ്യം

വഹിച്ചവരിൽ മാഡം ഗ്വെർമാന്റിസും, എന്റെ അന്വേഷണത്തിനു മറുപടിയായി അവരുടെ യാഥാർത്ഥ്യത്തെക്കുറിച്ച് സമ്മതഭാവത്തോടെ തലയാട്ടിയ പുരോഹിതനുമല്ലാതെ മറ്റാരും എന്റെ ഓർമ്മച്ചെപ്പിലേയ്ക്കു ചേക്കേറിയില്ല; ആ രൂപം എനിയ്ക്കിപ്പോഴും മനസ്സിൽ വ്യക്തമായി തെളിഞ്ഞുകാണാം. മഴയും കാറ്റും അകമ്പടി സേവിച്ച അന്നത്തെ വെയിലിന്റെ മാസ്മരപ്രഭയിൽ ഇടയ്ക്കിടെ മിന്നിത്തിളങ്ങിയ ഘോഷയാത്ര പള്ളിയ്ക്കകത്തെ വിവാഹമണ്ഡപത്തിലേയ്ക്കു കയറിയപ്പോൾ തത്സമയം സന്നിഹിതരായ കോംബ്രേവാസികളിൽ പ്രത്യേകിച്ചു പ്രകടമായ അപകർഷതാബോധം മാഡം ഗ്വെർമാന്റിസിന്റെ മഹത്വത്തിനും വരേണ്യതയ്ക്കും സാധൂകരണമായി മാറി. അവരിൽ ഒരാളുടെപോലും പേരോ കുടുംബസ്ഥിതിയോ അറിയില്ലെങ്കിലും ആ അംഗീകാരം സ്വാഗതം ചെയ്യുന്ന നിർവ്യാജമായൊരു അനുകമ്പ അവരുടെ ഉള്ളിന്റെയുള്ളിൽ നിറഞ്ഞു തുളുമ്പി. തന്റെ സ്വാഭാവികമായ ലാളിത്യവും വശ്യമായ ആകർഷകത്വവും അവരിൽ കുറേക്കൂടി മതിപ്പുളവാക്കാൻ സമർത്ഥമാണെന്ന ഒരു ഭാവം അവർ ഉള്ളിലൊതുക്കുന്നതുപോലെ കാണപ്പെട്ടു. എന്നിട്ടും, ആൾക്കൂട്ടത്തിനിടയിൽ നേരിട്ടറിയാവുന്നവരുടെ നേർക്കു നിയതമായ അർത്ഥം കുറിയ്ക്കുന്ന സന്ദേശം കണ്ണിലൂടെ കൈമാറുന്നതുപോലെ, അവരുടെ അനിയന്ത്രിതമായ വിചാരങ്ങൾ കണ്ണുകളിൽനിന്നൊരു നീലവെളിച്ചത്തിന്റെ നിരന്തരപ്രവാഹമായി പുറമേയ്ക്കു പ്രസരിച്ചു. ആ പ്രകാശഗതി തടുത്തുനിർത്താൻ ശ്രമിയ്ക്കുന്ന സാധുക്കളോടു യാതൊരു വിദ്വേഷവും കാണിയ്ക്കാതെ, അവരുടെ ദുരിതങ്ങളിൽ ഉൽക്കണ്ഠാകുലയായി, ആ നോട്ടങ്ങൾക്കു മന:പൂർവമായൊരു ദിശാബോധം നൽകാൻ കഴിയാതെ മാഡം ഗ്വെർമാന്റിസ് വിഷമിച്ചുനിന്നു. നീലപ്പട്ടുസാൽവയ്ക്കു മുകളിൽ തിളങ്ങുന്ന ആ നീലക്കണ്ണുകളിൽനിന്നു പുറപ്പെട്ട നോട്ടത്തിലെ സൗമ്യമായ ആശ്ചര്യവും, പ്രത്യേകിച്ച് ഒരാളുടെ നേർക്കുമാത്രമായി തൊടുത്തു വിടാതെ ഓരോരുത്തർക്കും അവരവരുടേതായ പങ്ക് ആസ്വദിയ്ക്കാൻ തക്കവണ്ണം കൂട്ടിച്ചേർത്ത കുലീനതയുടെ കാതരത്വം കലർന്ന മന്ദഹാസവും,

സ്വന്തം പ്രജകൾക്കിടയിൽ തന്റെ സാന്നിദ്ധ്യത്തിനു മാപ്പു ചോദിക്കു ന്നതുപോലെ എനിക്കു തോന്നി. ഒരുമാത്രപോലും അവരിൽനിന്നു ക ണ്ണെടുക്കാതിരുന്ന എന്റെ നേരേ ആ മന്ദഹാസം തെല്ലിട തങ്ങിനി ന്നു. കുർബാനസമയത്ത് 'അയോഗ്യനായ ഗിൽബർട്ടി'ന്റെ ജനലുക ളെ അതിക്രമിച്ചു കടന്ന നീലാഭമായ സൂര്യരശ്മിപോലെ എന്റെമേൽ വന്നു തറച്ച ആ നോട്ടത്തെക്കുറിച്ചു ചിന്തിച്ചു ഞാൻ സ്വയം പറഞ്ഞു: "തീർച്ചയായും, എന്നെക്കുറിച്ചാണ് അവർ ആലോചിക്കുന്നത്!". ആ നോട്ടത്തിൽ എന്നോടവർക്കു പ്രത്യേകമൊരു മമതയുള്ളതായി ഞാ ൻ വ്യാമോഹിച്ചു. പള്ളിയിൽനിന്നു തിരിച്ചുപോയാലും അവരെന്നെ ക്കുറിച്ചുതന്നെ ചിന്തിക്കുമെന്നും, ഒരുപക്ഷേ ഗ്വെർമാന്റിസിലെത്തുന്ന ദിവസം വൈകുന്നേരം എന്നെച്ചൊല്ലി വ്യാകുലപ്പെടുമെന്നും ഞാൻ വിചാരിച്ചു. ആ നിമിഷം എനിക്കവരോടു പെട്ടെന്നു പ്രണയം തോ ന്നി. മിസ് സ്വാൻ ചെയ്തതുപോലെ, ഒരിക്കലും സ്വന്തമാവില്ലെന്നു തീ ർച്ചയുള്ള ഒരു സ്ത്രീയുടെ അവജ്ഞാപൂർവമായ നോട്ടംപോലും ചില പ്പോൾ അവരോടു പ്രണയം തോന്നാൻ മതിയായ കാരണമായിത്തീ രും. അങ്ങനെ മാഡം ഗ്വെർമാന്റിസ് ചെയ്തതുപോലെ, ചിലപ്പോൾ നമ്മെ ദയാപൂർവം നോക്കുന്നവർ മിക്കവാറും നമുക്കു സ്വന്തമായതാ യി നാം വിചാരിക്കുന്നു. അപ്രാപ്യയാണെങ്കിലും, ശംഖുപുഷ്പത്തിന്റെ നീലിമകൊണ്ടു മഷിയെഴുതിയ ആ മിഴികൾ അവരെനിക്കു മാത്രമാ യി സമർപ്പിച്ചു കഴിഞ്ഞു! കറുത്തിരുണ്ട ഭീഷണമായ മേഘങ്ങളിൽ നിന്നു പെട്ടെന്നു തെറിച്ചുവീണ ചില സൂര്യകിരണങ്ങൾ പൂർവാധി കം ശക്തിയോടെ മൈതാനത്തിലാകെ പരന്നു പതുക്കെ വിവാഹമ ണ്ഡപത്തിലേക്കു പ്രവേശിച്ചു ഘോഷയാത്രയ്ക്കുവേണ്ടി നിലത്തു നിവർ ത്തി വിരിച്ച ചുവന്ന പരവതാനിയിൽ വജ്രക്കസവു നെയ്യുമ്പോൾ, മാഡം ഗ്വെർമാന്റിസ് പുഞ്ചിരിയോടെ മുന്നോട്ടു നീങ്ങി ആ കമ്പിളി പ്പാവിന്റെ ഇഴയടുപ്പം മസൃണമായ സ്വന്തം പട്ടിന്റെ മയക്കംകൊണ്ടു മറച്ചു. അപ്പോൾ ആ പ്രകാശതാരുണ്യം ആഹ്ലാദകരമായ ആഘോ ഷങ്ങളുടെ ആഡംബരങ്ങൾക്കിടയിൽ ഉദാത്തമായൊരു മാധുര്യ

ത്തിന്റെ മൃദുലത പകർന്ന്, കാർപ്പാഷ്യോയുടെ ചിത്രങ്ങളെപ്പോലെ, അതല്ലെങ്കിൽ 'ലൊഹൻഗ്രിനി'ലെ വിവരണങ്ങളെപ്പോലെ, ബോദ് ലയർക്ക 'സ്വാദിഷ്ഠ'മെന്ന പദമുപയോഗിച്ച കാഹളനാദത്തെ വിശേഷിപ്പിയ്ക്കാൻ കഴിഞ്ഞതെങ്ങനെയാണെന്ന വിശദീകരിച്ചു.

അന്നത്തെ സംഭവത്തിനുശേഷം 'ഗ്വെർമാന്റിസ് വഴി' നടക്കുമ്പോൾ പല തവണ തീവ്രമായ വിഷാദത്തോടെ സാഹിത്യത്തിന്റെ വഴി സ്വീകരിയ്ക്കുന്നതിൽ തടസ്സമായി നിൽക്കുന്ന എന്റെ ന്യൂനതകളെക്കുറിച്ചു ഞാൻ പേർത്തും പേർത്തും ആലോചിച്ചു. പ്രശസ്തനായ ഒരെഴുത്തുകാരനാകാമെന്ന സകല പ്രതീക്ഷകളും എന്നെന്നേയ്ക്കുമായി ഞാൻ ഉപേക്ഷിച്ചേ തീരൂ! തനിച്ചിരുന്നു ദിവാസ്വപ്നം കാണുമ്പോൾ, നോവിനുശേഷം സ്വാഭാവികമായി സംഭവിയ്ക്കുന്ന നിരാസത്തിന്റെ ഫലമായി, മനസ്സിലുണരുന്ന വ്യസനവും വേദനയും സഹിയ്ക്കാതെ, പ്രതിഭയുടെ അഭാവംമൂലം അപ്രാപ്യമായി മാറിയ സാഹിത്യമഹത്വത്തെക്കുറിച്ചു മാത്രമല്ല കഥയേയും കവിതയേയുംകുറിച്ചു ചിന്തിയ്ക്കുന്നതുപോലും ഞാൻ നിശ്ശേഷം നിർത്തിവെച്ചു. അത്തരം മാനസികവ്യാപാരങ്ങളിൽനിന്നു തീരെ വിട്ടൊഴിഞ്ഞു യാതൊന്നിനോടും മമത പുലർത്താതിരിക്കുമ്പോൾ പെട്ടെന്നു യാദൃച്ഛികമായി കണ്ണിൽപ്പെടുന്ന ഒരു വീടിന്റെ മേൽക്കൂരയോ വെള്ളാരങ്കല്ലിൽ പ്രതിഫലിയ്ക്കുന്ന പ്രകാശദീപ്തിയോ തെരുവിന്റെ സവിശേഷഗന്ധമോ പകരുന്ന അലൌകികമായ അനുഭൂതി ആസ്വദിയ്ക്കാൻവേണ്ടി ഞാനൊരു മാത്ര നിശ്ചേഷ്ടനായി നിൽക്കും. അപ്പോൾ, എന്റെ കണ്ണുകൾക്ക കാണാവുന്ന ലോകത്തിനുപരി ഒളിഞ്ഞിരിയ്ക്കുന്ന ആ അനുഭൂതികൾ എന്നെ വിദൂരതയിൽനിന്നു മാടിവിളിയ്ക്കുകയാണെന്നു തോന്നും. പക്ഷേ, എന്റെ സകലവിധ പരിശ്രമങ്ങളും വന്ധ്യവും വ്യർത്ഥവുമായിപ്പോയി; എനിയ്ക്കൊരിയ്ക്കലും അവ നേരിട്ടനുഭവിയ്ക്കാൻ കഴിഞ്ഞില്ല. നിഗൂഢമായ പരമസത്യം ആ സവിശേഷവസ്തുക്കളുടെ ഉള്ളിലാണെന്നു കരുതി പലപ്പോഴും ഞാനവയുടെ മുമ്പിൽ ദൃഷ്ടി പതിപ്പിച്ചു ശ്വാസം വിടാതെ നിശ്ചലനായി നിന്നു കാഴ്ചയ്ക്കും കേൾവിയ്ക്കുമുപരിയായ ആ പ്രതിഭാസം

പിടിച്ചെടുക്കാൻ പരിശ്രമിച്ചു. ആ നിമിഷം പക്ഷേ മുത്തച്ഛന്റെ കൂടെ യെത്താൻ ധൃതിപ്പെട്ട് ഓടേണ്ടി വന്നാൽ, ആ പ്രതിഭാസത്തെക്കുറി ച്ചുള്ള അവബോധം പിന്നീടു സാവകാശം ലഭിയ്ക്കുമ്പോൾ വീണ്ടെടു ക്കുന്നതിനുവേണ്ടി ഞാൻ കണ്ണുകളിറുക്കിയടച്ചു നേരിട്ടു കണ്ട കാഴ്ച ഉ ള്ളിലേയ്ക്കു വലിച്ചെടുക്കാൻ ശ്രമിയ്ക്കും. ബാഹ്യരൂപങ്ങൾക്കു പുറമേ യാതൊന്നും ബാക്കിവെയ്ക്കാത്ത ആ അമൂല്യനിധി ഏതു നിമിഷവും സ്വാധീനത്തിലേയ്ക്കൊഴുകി വരാൻ തയാറായി നിറഞ്ഞു നിൽക്കുന്ന തുപോലെ തോന്നുന്നതിന്റെ പരമാർത്ഥം പരിശോധിയ്ക്കുന്നതിനുവേ ണ്ടി നേരിൽ കണ്ട മേൽക്കൂരയുടെ രൂപവും കല്ലിന്റെ നിറവുംപോലു ള്ള വസ്തുതകൾ ഏകാഗ്രമായ മനസ്സിലേയ്ക്കു ഞാൻ കൃത്യമായി പ്ര ത്യാനയിയ്ക്കും. ബുദ്ധിപരമായ മൂല്യങ്ങൾ തീരെ ഉൾക്കൊള്ളാതെ, കേ വലമായ സത്യത്തിന്റെ സൂചനകൾ നൽകാതെ, സദാ ഭൗതികവ സ്തുക്കളുമായിമാത്രം ബന്ധം പുലർത്തുന്ന ആ അവബോധം, ഒരു ക വിയും എഴുത്തുകാരനുമാകാമെന്ന എന്റെ പ്രതീക്ഷ പുനരുജ്ജീവിപ്പി യ്ക്കാൻ യാതൊരു വിധത്തിലും പര്യാപ്തമല്ലെന്നു ഞാൻ മനസ്സിലാക്കി. എങ്കിലും മനസ്സിന്റെ സവിശേഷമായ സർഗശക്തിയുടെ ഫലമായി സംഭവിയ്ക്കുന്ന ഒരു മിഥ്യാബോധം അഥവാ യുക്തിയും കാരണവും ക ണ്ടെത്താനാവാത്ത ഒരു സന്തോഷം, മഹത്തായ സാഹിത്യരചനയ്ക്കു വേണ്ടി തത്വദർശനപരമായ പ്രമേയം തേടി നടക്കുന്നവർക്കു പൊതു വേ തോന്നുന്ന അപകർഷതാബോധത്തിന്റെ സ്വാഭാവികമായ മടു പ്പിൽനിന്നു ശ്രദ്ധ തിരിയ്ക്കാൻ എന്നെ സഹായിച്ചു. രൂപവും രസവും ഗന്ധവും വർണവും നാദവും പകരുന്ന ഈ മിഥ്യാധാരണകൾക്കുപി ന്നിൽ ഒളിഞ്ഞിരിയ്ക്കുന്ന പരമമായ സത്യം കണ്ടെത്താനും തിരിച്ചറി യാനുമുള്ള മനസ്സാക്ഷിയുടെ നിയോഗം അത്യാസന്നമായതുകൊണ്ട്, ആ പരിശ്രമത്തിൽനിന്നു നിസ്സാരമായ കാരണങ്ങൾ പറഞ്ഞു മാറി നിൽക്കാനോ ക്ഷീണിച്ചവശനായി വിശ്രമിയ്ക്കാനോ എനിയ്ക്കു കഴി ഞ്ഞില്ല. ഭാഗ്യമെന്നു പറയട്ടെ, ആ നിമിഷം വളരെ മുമ്പിലെത്തിയ അച്ഛനമ്മമാർ എന്നെ പിൻതിരിഞ്ഞു വിളിച്ചു. എന്റെ ഗവേഷണം

വിജയകരമായ പരിസമാപ്തിയിലെത്തിയ്ക്കാനുള്ള സ്വച്ഛവും ശാന്തവുമായ സാഹചര്യങ്ങളുടെ അഭാവത്തിൽ വീട്ടിൽ ചെന്നെത്തുന്നതുവരെ യാതൊന്നും ആലോചിയ്ക്കാതെ നിശ്ചിന്തനാകുന്നതാണ് നല്ലതെന്നും ഇതുപോലെ നിഷ്ഫലമായ യത്നങ്ങളിലേർപ്പെട്ടു പരിക്ഷീണനാകേണ്ടതില്ലെന്നും ഞാൻ തീരുമാനിച്ചു. നദിയിൽനിന്നു മീൻപിടിയ്ക്കാൻ അവസരം ലഭിക്കുമ്പോഴെല്ലാം തിരിച്ചുവരുമ്പോൾ തോളത്തു തൂങ്ങിക്കിടക്കുന്ന സഞ്ചിയിലെ പച്ചപ്പുല്ലിനുള്ളിൽ തണുപ്പു വിടാത്ത മീൻ കിടന്നു പിടയ്ക്കുന്നതുപോലെ, രൂപരസഗന്ധാദിയായ നിഗൂഢതകളെക്കുറിച്ചൊന്നും വ്യാകുലപ്പെടാതെ അത്തരം അവബോധങ്ങളെല്ലാം പ്രകടമായൊരു മൗനത്തിന്റെ മൂടുപടത്തിൽ ഭദ്രമായി പൊതിഞ്ഞു ജീവൻ വിടാതെ ഹൃദയത്തോടു ചേർത്തുപിടിച്ചു വീട്ടിൽ ചെന്നെത്തുന്നതുവരെ ഞാൻ സ്വസ്ഥത പാലിച്ചു. എന്റെ മുറി നിറയെ യാത്രയ്ക്കിടയിൽ ശേഖരിച്ച പൂക്കളും വഴിയിൽ കണ്ട പരിചയക്കാർ സമ്മാനമായി തന്ന സാധനസാമഗ്രികളുംകൂടി താറുമാറായി കിടക്കുന്നതുകൊണ്ട്, വീട്ടിലെത്തിക്കഴിഞ്ഞു ഞാൻ വേറേ പല കാര്യങ്ങളെക്കുറിച്ചും ചിന്തിയ്ക്കുമ്പോൾ, പ്രകാശം തട്ടി പ്രതിഫലിച്ച കല്ലിന്റെ പ്രതലവും, വീടിന്റെ മേൽക്കൂരയും, ഇടവിട്ട മണിനാദവും, കൊഴിഞ്ഞു വീഴുന്ന ഇലകളുടെ അപൂർവഗന്ധവും തുടങ്ങി തികച്ചും വ്യത്യസ്തങ്ങളായ നിരവധി ബിംബങ്ങളുടെ കുത്തൊഴുക്കിൽ, തൊട്ടുമുമ്പ് ഒരേകദേശരൂപമെങ്കിലും ലഭിച്ച ആ സത്യം പിന്നീടൊരിയ്ക്കലും വീണ്ടെടുക്കാനാകാത്തവിധം എങ്ങനെയോ മനസ്സിൽ നിന്നു താനേ ഒഴിഞ്ഞു പോകും. അങ്ങനെയിരിയ്ക്കേ ഒരു ദിവസം പതിവുള്ള പരിധിയും കടന്നു വൈകുന്നേരത്തെ നടത്തം കുറച്ചേറെ നീണ്ടുപോയി സമയം സന്ധ്യയിലേയ്ക്കു കടന്നപ്പോൾ, വീട്ടിലേയ്ക്കുള്ള വഴിയിൽ ഞങ്ങൾ അതിവേഗം വണ്ടിയോടിച്ചുവരുന്ന ഡോക്ടർ പെർസെപ്പൈഡിനെ യാദൃച്ഛികമായി കണ്ടുമുട്ടി. അദ്ദേഹം ഞങ്ങളെ തിരിച്ചറിഞ്ഞു വണ്ടിയിൽ കയറ്റി. വണ്ടിക്കാരന്റെ കൂടെ ഇടുങ്ങിയ ഒരറയിലാണു ഞാനിരുന്നത്. ആ യാത്രയിൽ നേരത്തേ പലപ്പോഴും ഞാനനുഭവിയ്ക്കാറുള്ള അ

ലൌകികാനുഭൂതി അവിചാരിതമായി ഒരിക്കൽക്കൂടി എനിക്കു ലഭിച്ചു; പതിവുപോലെ അനുഭൂതി ആസ്വദിച്ചശേഷം വെറുതെ വിട്ടു കളയാതെ സൂക്ഷ്മമായൊരു പരിശോധനയ്ക്കു വിധേയമാക്കണമെന്നു ഞാൻ തീരുമാനിച്ചു. കോംബ്രേയിലേക്കു മടങ്ങുന്നതിനുമുമ്പ് ഡോക്ടർക്കു മാർട്ടിൻവില്ലെ ലെസെക്കിൽ മറ്റൊരു രോഗിയെ കാണാനുള്ളതുകൊണ്ട് വണ്ടി വായുവേഗത്തിൽ പറന്നു. റോഡിന്റെ വളവു തിരിയുമ്പോൾ വണ്ടിയുടെ വേഗവും കാഴ്ചയുടെ ഗതിയും വ്യത്യാസപ്പെട്ടു മാർട്ടിൻവില്ലെയിലെ ഇരട്ടഗോപുരങ്ങൾ നിരന്തരം സ്ഥാനം മാറുന്നതുപോലെ എനിക്കു തോന്നി. അവയുടെമേൽ അസ്തമയസൂര്യൻ നടത്തുന്ന വിനോദങ്ങളുടെ വിസ്മയദൃശ്യം കണ്ടപ്പോൾ, അനിർവചനീയമായ ആ അനുഭൂതിവിശേഷം വീണ്ടും ഞാനനുഭവിച്ചു. മലയും താഴ്‌വരയുമായി ഒരുപോലെ വേർതിരിക്കപ്പെട്ട വ്യൂക്സ്‌വിക്കിന്റെ മൂന്നാമത്തെ ഗോപുരംകൂടി അപ്പോൾ എന്റെ കണ്മുന്നിൽ പ്രത്യക്ഷപ്പെട്ടു. കുന്നിന്റെ മുകളിൽ അങ്ങകലെ ഉയർന്നു നിൽക്കുന്ന രണ്ടു ഗോപുരങ്ങൾ പോലെ മൂന്നാമത്തേതും പ്രൌഢഗംഭീരമായി നിലകൊണ്ടു.

ഗോപുരങ്ങളുടെ സർപ്പിളാകൃതിയായ രൂപഭേദങ്ങളും വീക്ഷണപരമായ വ്യത്യാസങ്ങളും നേരേ പതിച്ച സൂര്യതാപത്തിന്റെ അളവും കണക്കാക്കി മാത്രം എനിക്കു ലഭിച്ച അനുഭൂതിയുടെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാനാവില്ലെന്നും ആ ചലനവേഗത്തിനും വിസ്മയദൃശ്യത്തിനും പിന്നിൽ ഒളിക്കുകയും ഒളിപ്പിക്കുകയും ചെയ്യുന്ന അദൃശ്യമായൊരു ശക്തിയുടെ കരവിരുതു പ്രകടമാണെന്നും ആ നിമിഷം കൃത്യമായി ഞാൻ മനസ്സിലാക്കി.

മാർട്ടിൻവില്ലെ പള്ളിയുടെ പുറത്തെ തെരുവിൽ, അടുക്കാൻ കഴിയാതെ അതിവിദൂരതയിലാണെന്നു മോഹം ജനിപ്പിച്ച ഗോപുരങ്ങളുടെ കാൽക്കീഴിൽ, നിമിഷങ്ങൾക്കകം ഞങ്ങളെത്തിയപ്പോൾ എന്റെ അത്ഭുതം അതിരു കവിഞ്ഞു! ഗോപുരാഗ്രങ്ങൾ ചക്രവാളത്തിൽ ഉയർന്നുനിൽക്കുന്നതു കണ്ടപ്പോൾ അനുഭവിച്ച ആനന്ദാനുഭൂതിയുടെ കാരണം എനിക്കിനിയും മനസ്സിലായിട്ടില്ല; ആ വഴിക്കുള്ള വിചാരം

പോലും എന്റെ മനസ്സിൽ അലോസരങ്ങൾ സൃഷ്ടിച്ചു. സൂര്യാഭിമുഖമായി ചലിയ്ക്കുന്ന രശ്മികളുടെ നേർരേഖകൾമാത്രം മനസ്സിൽ സൂക്ഷിച്ചു തൽക്കാലം യാതൊന്നും ചിന്തിയ്ക്കാതെ നിഷ്ക്രിയനായിരിയ്ക്കാൻ ഞാൻ തീരുമാനിച്ചു. പക്ഷേ, അങ്ങനെ ചെയ്തിരുന്നെങ്കിൽ അതിനിടയ്ക്കു ഞാൻ പലപ്പോഴായി മനസ്സിൽ കരുതിവെച്ച വൃക്ഷങ്ങൾക്കും വീടുകൾക്കും ഗന്ധങ്ങൾക്കും നാദങ്ങൾക്കുമിടയിൽ ആ ഗോപുരങ്ങൾ പകർന്ന അനുഭൂതി പിന്നീടൊരു പരിശോധനയ്ക്കു കഴിയാത്ത വിധം എന്നെന്നേയ്ക്കുമായി മാഞ്ഞു പോകുമായിരുന്നു. രോഗിയുടെ വീടിനുമുമ്പിൽ ഞങ്ങളോടു കാത്തുനിൽക്കാൻ പറഞ്ഞു ഡോക്ടർ അകത്തേയ്ക്കു കയറിപ്പോയി. അദ്ദേഹം തിരിച്ചെത്തുന്നതുവരെ അച്ഛനമ്മമാരോടു സംസാരിയ്ക്കാൻ വണ്ടിയിൽ നിന്നു ഞാൻ പുറത്തേയ്ക്കിറങ്ങി. ഡോക്ടർ വന്നു വണ്ടി പുറപ്പെട്ടപ്പോൾ ഞാൻ വീണ്ടും പഴയ സ്ഥാനത്തു ചെന്നിരുന്നു. ഒരിയ്ക്കൽക്കൂടി റോഡിന്റെ വളവിൽവെച്ചു ഞാൻ പിന്നോട്ടു തിരിഞ്ഞു ഗോപുരങ്ങളോടു വിടവാങ്ങുന്നവിധം വികാരാർദ്രമായ ഒരു നോട്ടമയച്ചു. സംഭാഷണത്തിൽ താൽപ്പര്യം കാണിയ്ക്കാതെ എന്റെ ചില അഭിപ്രായങ്ങളോടു ചുരുക്കത്തിൽ മറുപടി പറയുന്ന വണ്ടിക്കാരനൊഴികെ മറ്റാരുമില്ലാതെ തനിച്ചിരിയ്ക്കാൻ നിർബന്ധിതനായപ്പോൾ, ഏകാന്തമൌനത്തിൽ ഗോപുരങ്ങളുടെ ദൃശ്യം ഒരിയ്ക്കൽക്കൂടി ഞാൻ മനസ്സിൽ പുനരാവിഷ്ക്കരിയ്ക്കാൻ ശ്രമിച്ചു. ആ ദൃശ്യങ്ങളുടെ രൂപരേഖകളും പ്രതലങ്ങളും പുറന്തോടുകൾപോലെ പുറത്തു ചാടിയപ്പോൾ തൊട്ടുമുമ്പുപോലും നിലവിലില്ലാതിരുന്ന ചില ആശയങ്ങൾ മനസ്സിനുള്ളിൽ വിടർന്നു വികസിച്ചു പ്രത്യക്ഷമാകുന്നതു ഞാനറിഞ്ഞു; മാത്രമല്ല, ആ ചിന്തകൾക്കു വളരെ പതുക്കെ വാക്കുകളുടെ രൂപം കൈവരുന്നതും ഞാൻ ശ്രദ്ധിച്ചു. വിസ്മയകരമായ ആ ദൃശ്യം ആദ്യമായി കണ്ടപ്പോൾ അനുഭവിച്ച ആനന്ദാനുഭൂതി ഇപ്പോഴിതാ പതിന്മടങ്ങായി വർദ്ധിയ്ക്കുന്നു! ഹർഷോന്മാദത്തിനു കീഴ്പ്പെട്ടതുപോലെ ഞാനിതാ നിശ്ചിന്തനായിരിയ്ക്കുന്നു. മാർട്ടിൻ വില്ലെയിൽനിന്നു വളരെ ദൂരം സഞ്ചരിച്ചെങ്കിലും, തിരിഞ്ഞുനോക്കിയപ്പോൾ സൂര്യാസ്ത

മയം കഴിഞ്ഞു കറുത്ത പൊട്ടുപോലെ വീണ്ടും ആ ഗോപുരങ്ങൾ എന്റെ കണ്ണിൽപ്പെട്ടു. വണ്ടി ഓരോ വളവു തിരിയുമ്പോഴും അവ അകന്നകന്നു മാഞ്ഞുകൊണ്ടിരുന്നു. ഒടുവിൽ, ഒരിയ്ക്കൽക്കൂടി കൺമുമ്പിൽ പ്രത്യക്ഷപ്പെട്ട ആ ഗോപുരങ്ങൾ പിന്നീടു തീരെ കാണാതായി.

മാർട്ടിൻവില്ലെ ഗോപുരങ്ങളുടെ ശിൽപ്പചാരുതയിൽ മയങ്ങിക്കിടക്കുന്ന സൗന്ദര്യാത്മകമായ സവിശേഷതകൾ ഉള്ളിലേയ്ക്കെടുക്കാത്ത അലൌകികമായ ആ ആനന്ദാനുഭൂതി അന്നെനിയ്ക്കു വാക്കുകളുടെ രൂപത്തിലാണു പ്രത്യക്ഷപ്പെട്ടത്. ആ വിസ്മയദൃശ്യത്തിനു ചില പദവിന്യാസങ്ങളുടെ വൃത്തവൈചിത്ര്യവുമായി ബന്ധമുണ്ടെന്നു കണ്ടപ്പോൾ ഞാൻ ഡോക്ടറുടെ പക്കൽനിന്നു കടലാസ്സും പെൻസിലും കടം വാങ്ങി, വണ്ടിയുടെ കുലുക്കത്തിലും, ചിലതു കുത്തിക്കുറിച്ചു; യാത്ര അവസാനിയ്ക്കുന്നതിനുമുമ്പ് ആത്മീയമായ ആവേശത്തിനു വിധേയനായി മന:സാക്ഷിയെ തൃപ്തിപ്പെടുത്താനെന്നപോലെ മനസ്സിൽ മായാതെ കിടന്ന ആ അനുഭൂതിയെക്കുറിച്ചു ചെറിയൊരു വിവരണം ഞാനെഴുതി. വളരെക്കാലം കഴിഞ്ഞു കണ്ടെത്തിയ ആ കുറിപ്പു ചില്ലറ ചില ഭേദഗതികളോടെ ഞാനിപ്പോൾ അവതരിപ്പിയ്ക്കാം:

'വിജനവും ഏകാന്തവുമായ സമതലത്തിൽനിന്നും ഉദിച്ചുയർന്നു ചക്രവാളത്തിന്റെ വിശാലതയിലേയ്ക്കു സ്വയം പിൻവാങ്ങിയതുപോലെ മാർട്ടിൻവില്ലെയുടെ ഗോപുരങ്ങൾ മാനത്തു പടർന്നു കയറാൻ ശ്രമിയ്ക്കുമ്പോൾ അതാ മൂന്നാമതൊരു ഗോപുരംകൂടി കൺവെട്ടത്തിലേയ്ക്കു കടന്നു വരുന്നു; സാഹസികത കാണിയ്ക്കുന്ന കോമാളിയെപ്പോലെ സ്വന്തമായൊരു സ്ഥാനം പിടിച്ചെടുക്കാൻ കുതിച്ചുയരുന്ന വ്യൂക്സ്‌വിക്കിലെ തടിച്ചുരുണ്ട ഗോപുരം മാർട്ടിൻവില്ലെയോടു മത്സരിയ്ക്കാൻ വെമ്പൽകൊള്ളുന്നു. നിമിഷങ്ങൾ പൊഴിഞ്ഞുപൊയ്ക്കൊണ്ടിരിയ്ക്കേ ദൂരങ്ങൾ താണ്ടി അതിവേഗം ഞങ്ങളുടെ വണ്ടി മുന്നോട്ടു നീങ്ങി; സമതലങ്ങളിൽ ചേക്കേറുന്ന കിളികളെപ്പോലെ, സൂര്യപ്രകാശത്തിൽ മുങ്ങിമയങ്ങിയ മൂന്നു ഗോപുരങ്ങൾ ഞങ്ങൾക്കു തീർത്തും അപ്രാപ്യമായി അതിവിദൂരത്തുതന്നെ അപ്പോഴും കാണപ്പെട്ടു. പൊടുന്ന

നെ, വ്യുക്സ്‌വിക്കിലെ ഗോപുരം ഉചിതമായൊരു അകലം പാലിച്ച സ്വയം പിൻവലിഞ്ഞപ്പോൾ മാനത്തു മാർട്ടിൻവില്ലെയുടെ ഇരട്ട ഗോപുരങ്ങൾ മാത്രമായി. തങ്കക്കസവണിഞ്ഞ ആ ഗോപുരങ്ങളുടെ മൃദുലമായ കവിൾത്തടങ്ങളിൽ തടവുകയും തലോടുകയും ചെയ്ത പുഞ്ചിരി പൊഴിയ്ക്കുന്ന അസ്തമയസൂര്യന്റെ വിസ്മയദൃശ്യം ദൂരത്തുനിന്നാണെങ്കിലും എനിയ്ക്കു നേരിട്ടു കാണാൻ കഴിഞ്ഞു. അവയുടെ സാമീപ്യസുഖം അനുഭവിയ്ക്കാൻ പക്ഷേ ഞങ്ങൾക്കേറെ മുന്നോട്ടു പോകാനുണ്ടെന്നു കരുതി ഗതിവേഗത്തെക്കുറിച്ച ഞാൻ വ്യാകുലപ്പെടാൻ തുടങ്ങുമ്പോൾ, പെട്ടെന്നൊരു വളവു തിരിഞ്ഞ വണ്ടി കൃത്യമായി ഗോപുരങ്ങളുടെ കാൽക്കീഴിൽ ചെന്നു നിന്നു. അവിചാരിതമായി ചുഴറ്റിയെറിഞ്ഞതുപോലെ തൊട്ടു മുമ്പിൽ പ്രത്യക്ഷപ്പെട്ട ഇരട്ടഗോപുരങ്ങൾ പക്ഷേ, പള്ളിയുടെ പൂമുഖത്തേയ്ക്കു ചാടിയിറങ്ങുന്ന ഞങ്ങളെ ഒരു നിമിഷംപോലും തിരിഞ്ഞു നോക്കാൻ അനുവദിച്ചില്ല.

വീണ്ടും യാത്ര തുടർന്ന ഞങ്ങൾക്കു പിന്നിൽ നിമിഷങ്ങൾക്കകം മാർട്ടിൻവില്ലെയും വിടാതെ പിന്തുടർന്ന ഗ്രാമദൃശ്യങ്ങളും അപ്രത്യക്ഷമായി. ഞങ്ങളുടെ പലായനം കാതരതയോടെ നോക്കിനിന്ന ഗോപുരങ്ങളുടെ പോക്കുവെയിലിൽ കുളിച്ച താഴികക്കുടങ്ങൾ ചക്രവാളത്തിൽ ഒരിയ്ക്കൽക്കൂടി വിടപറയുന്നതുപോലെ കൈവീശി നിന്നു. ചിലപ്പോഴൊക്കെ അവയിലൊന്നു സ്വയം പിൻവലിഞ്ഞു ഞങ്ങളെ നിശ്ചലം നോക്കിക്കൊണ്ടിരുന്നു. വഴിയുടെ ഗതി മാറുമ്പോൾ സൂര്യപ്രഭ പ്രതിഫലിച്ച സ്വർണഫലകങ്ങൾപോലെ അതേ ഗോപുരങ്ങൾ ചുറ്റിക്കറങ്ങി വീണ്ടും ഞങ്ങളുടെ ദൃഷ്ടിയിൽ നിന്നു മാഞ്ഞുപോകും. സൂര്യാസ്തമയത്തോടെ കോംബ്രേയുടെ സമീപത്തെത്തിയ ഞങ്ങൾക്കു പക്ഷേ, താഴ്‌വരയിലെ പച്ചപ്പടർപ്പുകൾക്കു മീതെ കഴുത്തു നീട്ടി നിൽക്കുന്ന മൂന്നു പൂക്കളെപ്പോലെ ആ ഗോപുരങ്ങൾ ഒരിയ്ക്കൽക്കൂടി കാണാൻ കഴിഞ്ഞു. ഇരുട്ടു പരക്കാൻ തുടങ്ങി; ആ മൂന്നു പൂക്കൾ, വിജനമായ ഏകാന്തതയിൽ ഉപേക്ഷിയ്ക്കപ്പെട്ട മൂന്നു കന്യകമാരുടെ കഥ എന്നെ ഓർമ്മിപ്പിച്ചു. വണ്ടിയുടെ പെട്ടെന്നൊരു കുതിപ്പിൽ പിന്തിരി

ഞ്ഞു നോക്കിയപ്പോൾ, സങ്കോചപൂർവം തെറ്റിയ വഴി തപ്പി നടക്കു-ന്ന ആ പൗരാണികകന്യകകൾ എന്റെ കണ്ണിൽപ്പെട്ടു. ഇരുട്ടു പരന്നെങ്കിലും വെളിച്ചം വറ്റാത്ത ആകാശത്തു വിറച്ചിടറി നീങ്ങുന്ന കുലീനവും പ്രൌഢവുമായ ആ നിഴൽരൂപങ്ങൾ ഒന്നിനുപുറകെ മറ്റൊന്നായും ചിലപ്പോൾ പരസ്പരം കെട്ടിപ്പുണർന്നും മനം കവരുന്ന വശ്യതയോടെ രാത്രിയുടെ നിശ്ശബ്ദതയിൽ അലിഞ്ഞുചേർന്നു'.

അന്നെഴുതിയ ഈ വിവരണത്തെക്കുറിച്ചു പിന്നീടു ഞാൻ ഓർത്തതേയില്ല. ഡോക്ടറുടെ വണ്ടിക്കാരൻ മാർട്ടിൻവില്ലെ ചന്തയിൽനിന്നു പതിവായി വാങ്ങുന്ന കോഴിക്കുഞ്ഞുങ്ങളെ ഒതുക്കിവെക്കാറുള്ള ഇരിപ്പിടത്തിന്റെ മൂലയ്ക്കലിരുന്നാണു ഞാനതെഴുതിത്തീർത്തത്. മൂന്നു ഗോപുരങ്ങളുടെ നിഗൂഢതയിൽ ഒളിഞ്ഞിരുന്ന ഒരുതരം അത്യാസക്തിയിൽനിന്നു മോചനം നേടാൻ കഴിഞ്ഞ അമിതാഹ്ളാദത്തിൽ, പിടക്കോഴി മുട്ടയിടുന്ന നിർവൃതി ആഘോഷിക്കുന്നതുപോലെ, കഴി-യാവുന്നത്ര ഉച്ചസ്ഥായിയിൽ ഞാൻ കൂവിപ്പാടി...!.

സായാഹ്നസവാരിക്കിടയിൽ ഗ്വെർമാന്റിസ് പ്രഭ്വിയുമായി സംഭവിക്കാൻ സാദ്ധ്യതയുള്ള ചങ്ങാത്തത്തെത്തുടർന്നു വിവോണേയിൽ കരിമീൻ പിടിക്കുന്നതും വള്ളത്തിൽ കയറി നടക്കുന്നതും സ്വപ്നം കാണുന്ന നിർവൃതിയിൽ ലയിച്ചാണു ഞാനക്കാലത്തു പകൽ മുഴുവൻ ചിലവഴിച്ചത്. മോഹങ്ങളുടെ കുത്തൊഴുക്കിൽ മറ്റൊന്നും ചിന്തിക്കാതെ അത്തരം അപരാഹ്നങ്ങളുടെ തുടർച്ച മാത്രമായിരിക്കും യഥാർത്ഥ ജീവിതമെന്നു ഞാൻ വ്യാമോഹിച്ചു. വൈകുന്നേരങ്ങളിൽ വീട്ടിലേക്കു മടങ്ങുന്ന വഴി ഇടതുവശം ചേർന്നുകിടക്കുന്ന രണ്ടു കൃഷിയിടങ്ങൾക്കു കുറച്ചകലെ മാറി ഓക്കുമരങ്ങൾ നിറഞ്ഞ പറമ്പു മുറിച്ചു കടന്നാൽ കോംബ്രേയിലേക്കുള്ള തുറസ്സായ പാതയിലെത്തിച്ചേരും. ഒരുവശം മുഴുവൻ ഒന്നിടവിട്ട് ഓർക്കാർഡും ആപ്പിളും വെച്ചുപിടിപ്പിച്ച തോട്ടത്തിലെ പോക്കുവെയിലിൽ മയങ്ങി നിൽക്കുന്ന വൃക്ഷങ്ങളുടെ നിഴലുകൾ ചില ജാപ്പനീസ് രേഖാചിത്രങ്ങളെപ്പോലെ താഴെ വീണു പ്രതിഫലിക്കുന്ന കാഴ്ചയിൽ എന്റെ ഹൃദയം ദ്രുതഗതിയിൽ മിടിക്കാൻ

തുടങ്ങും. അരമണിക്കൂറിനകം ഞങ്ങൾ വീട്ടിലെത്തുമെന്നും, 'ഗ്വെർമാന്റിസ് വഴി' പോയ ദിവസങ്ങളിലെ പതിവനുസരിച്ച് അത്താഴം പതിവിലും വൈകാനിടയുണ്ടെന്നും എനിക്കോർമ്മ വരും. മാത്രമല്ല, കഞ്ഞി 'വിഴുങ്ങി'ക്കഴിഞ്ഞാൽ ഉടനെ എന്നെ മുകളിലേക്കു കിടക്കാൻ പറഞ്ഞയച്ച്, ആരൊക്കെയോ അത്താഴത്തിനുണ്ടെന്ന മട്ടിൽ താഴെ ചുറ്റിക്കറങ്ങുന്ന അമ്മ ശുഭരാത്രി പറയാൻ മുകളിലേക്കു വരില്ലെന്നും എനിക്കു ബോദ്ധ്യമുണ്ടായിരുന്നു. ആകാശത്തിന്റെ ചുവപ്പുനിറം കാർമേഘത്തിന്റെ ഇരുളിൽനിന്നു നേർത്ത അദൃശ്യമായൊരു രേഖയിൽ മറഞ്ഞിരിക്കുന്നതുപോലെ, ആ നിമിഷം എന്നെ കടന്നാക്രമിക്കുന്ന വിഷാദം, ആഹ്ലാദത്തിൽ തിളച്ച നടന്ന സമയത്തെ അലൗകികാനുഭൂതിയിൽനിന്നു തീർത്തും കടകവിരുദ്ധമായിരുന്നു. മേഘങ്ങൾക്കിടയിൽ ഏകാകിയായി പറന്നുപോയ ഒരു പക്ഷി, ആകാശത്തിന്റെ അതിർത്തി സ്പർശിച്ച തൽക്ഷണം അന്ധകാരത്തിലേക്കു തിരോധാനം ചെയ്തു. ഭാവിയിൽ ഗ്വെർമാന്റിസുപോലുള്ള വിദൂരദേശങ്ങളിലേക്കു യാത്ര ചെയ്തു സന്തോഷകരമായ ജീവിതം നയിക്കുന്ന തരത്തിലുള്ള സ്വപ്നങ്ങളുടെ ആവേശം കെട്ടടങ്ങിയ ആ നിമിഷം എനിക്കുവയുടെ സാക്ഷാത്ക്കാരംപോലും സന്തോഷം പകർന്നില്ല. അമ്മയുടെ കൈകളിൽക്കിടന്നു രാത്രി മുഴുവൻ കരഞ്ഞു തീർക്കാൻ ലഭിക്കുന്ന ഒരൊറ്റ ആനുകൂല്യത്തിനു ഞാനവയെല്ലാം സ്വയമേവ പരിത്യജിക്കാൻ തയാറായി! അന്നുരാത്രി മുറിയിൽ ഒറ്റയ്ക്കു കിടക്കുകയാണെന്നു ഭാവിച്ച വികാരവിക്ഷോഭം മൂലം ഞെട്ടിത്തെറിച്ച എനിക്കു പക്ഷേ പ്രത്യക്ഷപ്പെടാൻ സാദ്ധ്യതയില്ലാത്ത അമ്മയുടെ മുഖത്തുനിന്നു കണ്ണുകൾ തിരിച്ചെടുക്കാൻ കഴിഞ്ഞില്ല. തൽക്ഷണം താഴെ കുഴഞ്ഞു വീണു മരിക്കാൻപോലും ഞാനാഗ്രഹിച്ചു. ഈയൊരു അവസ്ഥ പുലരുന്നതുവരെ തുടർന്നേക്കാം. ജനലഴികളിൽ പടർന്നു കയറിയ കാട്ടുചെടികൾ പറിക്കാൻ തോട്ടക്കാരൻ ചുമരിൽ കോണി ചാരുന്നതുപോലെ, പ്രഭാതത്തിന്റെ മെലിഞ്ഞ പ്രകാശം പടവുകൾ കയറിവരുമ്പോൾ, ഇനിയൊരു രാത്രി വീണ്ടും അമ്മയെ പിരിയേണ്ടി വരുമെന്ന ചി

ന്തിയ്ക്കാതെ, കിടയ്ക്കയിൽ നിന്നു പെട്ടെന്നു ചാടിയെഴുന്നേറ്റു ഞാൻ താഴെ പൂന്തോട്ടത്തിലേയ്ക്കു ചെല്ലും. 'ഗ്വെർമാന്റിസ് വഴി' യാത്ര ചെയ്യുതിന്റെ അനുഭവങ്ങളിൽനിന്നാണു ദിവസങ്ങളെ സമയത്തിന്റെ ഒന്നിടവിട്ട ചില ഖണ്ഡങ്ങളായി പങ്കുവെയ്ക്കാൻ ഞാൻ പരിശീലിച്ചത്. അവ ഓരോന്നും കൃത്യമായ വേവലാതികളും ജ്വരാവേശങ്ങളും സമ്മാനിച്ചു തൊട്ടു മുമ്പത്തേതിനെ സ്ഥാനഭ്രഷ്ടമാക്കാൻ നിരന്തരം ശ്രമിയ്ക്കുമ്പോൾ മനസ്സിനെ കീഴടക്കിയ രണ്ടവസ്ഥാവിശേഷങ്ങളും കൃത്യമായി വേർതിരിച്ചെടുക്കാൻ ഞാൻ പഠിച്ചു. ആദ്യത്തേതു രണ്ടാമത്തേതിന്റെ തുടർച്ചയാണെങ്കിലും സംവേദനസമർത്ഥമായ വിനിമയോപാധികളുടെ അഭാവംമൂലം പലപ്പോഴും യാതൊരു ബന്ധവുമില്ലാത്ത വിധം വ്യതിരിക്തമായി കാണപ്പെട്ടു. ഒരവസ്ഥയിൽ ജീവിയ്ക്കുമ്പോൾ ചെയ്യുതും ചിന്തിച്ചതുമായ വിഷയങ്ങൾ പക്ഷേ മറ്റേ അവസ്ഥയിൽ എനിയ്ക്കു തിരിച്ചറിയാൻ കഴിഞ്ഞില്ല.

അങ്ങനെ 'മെസെഗ്ലിസെ വഴി'യും 'ഗ്വെർമാന്റിസ് വഴി'യും, നാനാവിധമായി വിഭജിയ്ക്കപ്പെട്ടു കിടന്ന ഭാഗ്യനിർഭാഗ്യങ്ങളുടെ ആകസ്മികമായ വിപര്യയങ്ങൾമൂലം സങ്കീർണവും സമ്പന്നവുമായ സമാന്തരരേഖകളിലൂടെ സഞ്ചരിയ്ക്കുന്ന ഒരനുഭവമായി, ജീവിതത്തിന്റെ മാനസികവും ആത്മീയവുമായ തലങ്ങളെ സ്പർശിയ്ക്കുന്ന സംവേദനങ്ങളുമായാണു ബന്ധപ്പെട്ടു കിടന്നത്. നിരന്തരം മാറുന്ന അർത്ഥതലങ്ങളും വീക്ഷണവഴികളും സമാഹരിച്ചു ഞാൻ കാണാനാഗ്രഹിച്ച സത്യത്തിന്റെ വഴി തുറന്നു തന്നു മാനസികമായ പുരോഗതിയ്ക്കു തീർച്ചയായും അവ കാരണമായിത്തീർന്നു. പക്ഷേ, ആ ഒരുക്കങ്ങൾ ഒരിയ്ക്കലും ബോധപൂർവമായിരുന്നില്ല; സത്യമാകട്ടെ, വെളിവായ നിമിഷം മുതൽ മാത്രമേ നിലനിൽക്കുന്നുമുള്ളൂ. പുൽമേടുകളിൽ ചിരിയ്ക്കുന്ന പൂക്കളും വെയിലിൽ മയങ്ങുന്ന നദിയുമടക്കം പ്രകൃതിയ്ക്കു പശ്ചാത്തലം ഒരുക്കുന്ന വിസ്മയദൃശ്യങ്ങൾ, ബോധവും ശ്രദ്ധയുമില്ലാത്ത വെറും ഓർമ്മയുടെ അന്തരീക്ഷത്തിലാണു തങ്ങിനിൽക്കുന്നത്. അവയോരോന്നും പതുക്കെ ചികഞ്ഞു നോക്കാൻ ശ്രമിയ്ക്കുന്ന സ്വപ്നാടകനായൊരു ബാ

ലൻ, ആൾക്കൂട്ടത്തിൽ സ്വത്വം നഷ്ടപ്പെട്ട പരാതിക്കാരൻ രാജാവിന്റെ മുഖഭാവം നിരീക്ഷിയ്ക്കുന്നതുപോലെ, ഭൂമിയിലെ പല ഭാഗങ്ങളും നിസ്സാരമെന്നു കരുതി തള്ളിക്കളയാൻ സാദ്ധ്യതയുണ്ട്. ദൈവത്തിനു നന്ദി! അവ സൂക്ഷ്മമായ ക്ഷണികവികാരങ്ങളോടെ അതിജീവനത്തിനു തിരഞ്ഞെടുക്കപ്പെടുമെന്നു കരുതാനും വഴിയില്ല. ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ കാട്ടുചെടികൾ പടർന്നു നാമാവശേഷമാകാനുള്ള ഈ പച്ചിലപ്പടർപ്പുകളിൽ ഊളിയിടുന്ന റോസാപ്പൂക്കളുടെ ഗന്ധവും ചരൽപ്പാതയിൽ പ്രതിദ്ധ്വനിയ്ക്കുന്ന പാദപതനവും ജലസസ്യങ്ങൾക്കു സമീപം മുകളിലേയ്ക്കുയർന്നു വന്നു പൊട്ടിച്ചിതറുന്ന നീർക്കുമിളകളും ഒരുപോലെ കണ്ടു വളർന്ന എന്റെ മനസ്സിനു വർഷങ്ങളുടെ പരിവർത്തനങ്ങൾ പ്രശ്നങ്ങളില്ലാതെ ഉൾക്കൊള്ളാൻ കഴിഞ്ഞു. അന്നത്തെ ഒറ്റയടിപ്പാതകളൊന്നും ഇന്നിപ്പോൾ കാണാനില്ല. മഞ്ഞു മൂടിയ വഴികളിൽ കൈകോർത്തു നടന്നവരുടെ ഭൌതികസ്മാരകങ്ങൾ പാടേ മാഞ്ഞുപോയി. ചിലപ്പോൾ അപ്രതീക്ഷിതമായി ഓർമ്മയുടെ ഒരു തുണ്ടുകഷണം വർത്തമാനകാലത്തേയ്ക്കു സ്വയം ഇറങ്ങിവന്നു ബന്ധം വേർപെട്ടു ചിന്നിച്ചിതറി പൂത്തുലയുന്ന ഹൃദയത്തിൽ പറന്നു നടക്കുമ്പോൾ, എവിടെ, എപ്പോൾ, ഏതു സ്വപ്നത്തിൽനിന്നാണവ ചിറകു വിരിച്ചു വന്നതെന്നു തീർത്തു പറയാൻ എനിയ്ക്കു കഴിയാറില്ല. പക്ഷേ, മെസെഗ്ലിസെയും ഗ്വെർമാന്റിസുംപോലുള്ള 'വഴി'കൾ ഇനിയും വളർന്നു വരാനിരിയ്ക്കുന്ന എന്റെ മനോഭൂമിയുടെ അടിത്തട്ടിൽനിന്നാണു രൂപംകൊണ്ടതെന്ന കാര്യത്തിൽ എനിയ്ക്കു സംശയമില്ല. ആ വഴി നടക്കുമ്പോൾ ചില സവിശേഷസംഭവങ്ങളേയും വ്യക്തികളേയുംകുറിച്ചു ഞാനാലോചിയ്ക്കും. അവയിൽനിന്നു പഠിച്ചറിഞ്ഞ വിഷയങ്ങൾ മാത്രമേ ഞാനിപ്പോൾ ഗൗരവമായി കണക്കാക്കാറുള്ളൂ; അവ മാത്രമേ എനിയ്ക്കിപ്പോൾ ആനന്ദാനുഭൂതി പകരുന്നുള്ളൂ. ഈയിടെയായി ആരെങ്കിലുമൊരു റോസാപ്പൂവ് സമ്മാനിയ്ക്കുമ്പോൾ, സൃഷ്ടിയുടെ സംവിധാനത്തിൽ വിശ്വാസം നഷ്ടപ്പെട്ടതുകൊണ്ടായിരിയ്ക്കാം, അതൊരു പൂവാണെന്നുപോലും എനിയ്ക്കു തോന്നാറില്ല. റോസാപ്പൂക്ക

ളും ചോളവയലുകളും ചെമ്പകമരങ്ങളും നിറഞ്ഞ 'മെസെഗ്‌ലിസെ വഴി'യും, ആമ്പൽപ്പൂക്കളും മുക്കുറ്റിച്ചെടികളും തവളകൾ തുള്ളിച്ചാടുന്ന തടാകങ്ങളുമുള്ള 'ഗ്വെർമാന്റിസ് വഴി''യുമാണു ഞാൻ ജീവിച്ചു തീർക്കാനുദ്ദേശിയ്ക്കുന്ന ഭൂമിയുടെ യഥാർത്ഥചിത്രം എനിയ്ക്കു കാണിച്ചു തന്നത്. നദീതീരത്തു നടന്നു മീൻ പിടിയ്ക്കുകയും വള്ളത്തിൽ കയറി ചുറ്റിക്കറങ്ങുകയും പുൽമേടുകളിൽ പൗരാണികസൗധങ്ങളുടെ അവശിഷ്ടങ്ങൾ നോക്കിക്കണ്ടു ചിന്തിച്ചിരിയ്ക്കുകയും ചോളവയലുകളിൽ പഴയൊരു പള്ളിയുടെ സ്ഥാനം കണ്ടെത്തുകയും ചെയ്യാനുള്ള സ്വാതന്ത്ര്യവും സാഹചര്യങ്ങളും മാത്രമേ ഇന്നിപ്പോൾ എനിയ്ക്കാവശ്യമുള്ളൂ. എന്റെ ഭൂതകാലത്തിന്റെ ആഴങ്ങളിൽ നിലയുറപ്പിച്ച അവയോരോന്നും ഹൃദയവുമായി പെട്ടെന്നു സൗഹൃദത്തിലേർപ്പെടുന്നു. ഓരോ സ്ഥലവും കാലവും സവിശേഷവും മൗലികവുമായൊരു വ്യക്തിത്വത്തിന്റെ അവകാശികളാണ്. അതുകൊണ്ട്, വീണ്ടും 'ഗ്വെർമാന്റിസ് വഴി' യാത്ര ചെയ്യാനുള്ള മോഹത്തോടെ, വിവോണേയിൽ കണ്ടതിനേക്കാൾ സുന്ദരമായ ആമ്പൽപ്പൂക്കൾ വിടരുന്ന മറ്റൊരു നദിക്കരയിൽ ചെന്നു നിന്നതുകൊണ്ടുമാത്രം ഞാൻ സംതൃപ്തനാവില്ല. യാത്ര കഴിഞ്ഞു വീട്ടിലേയ്ക്കു മടങ്ങുമ്പോൾ ഉള്ളിലുണരുന്ന ഉൽക്കടമായ വേദനയുടെ നിമിഷങ്ങളിൽ, ജീവിതത്തിലെ പ്രണയാവേശങ്ങളുടെ ഫലമായി അമ്മയെക്കാൾ സുന്ദരിയും ബുദ്ധിമതിയും വേർപിരിയാത്ത വാത്സല്യനിധിയുമായി അപരിചിതയായൊരു അമ്മ വന്നു ശുഭരാത്രി പറഞ്ഞതുകൊണ്ടുമാത്രം ഞാൻ സംതൃപ്തനാവില്ല. ഇല്ല: വിശേഷിച്ചൊരു കരുതലും സന്ദേഹവുമില്ലാതെ അമ്മയെനിയ്ക്കു നൽകിയ ചുംബനത്തിൽ എന്നെക്കുറിച്ചല്ലാതെ മറ്റൊരു ചിന്തയുമുണ്ടായിരുന്നില്ല. ഞാനേറ്റു വാങ്ങിയ ആ ഹൃദയസമ്പന്നതയെക്കുറിച്ചു ചിന്തിയ്ക്കാൻ തുടങ്ങുന്ന നിമിഷം നിരുപാധികസ്നേഹം നിറഞ്ഞു തുളുമ്പുന്ന മറ്റൊരു മനസ്സു കൈവശമില്ലാതെ ഞാൻ പലവിധ സംശയങ്ങൾക്കും വിധേയനാകും. അമ്മയുടെ മുഖം എന്റെ മുഖവുമായി ചേരുമ്പോൾ ആ കണ്ണുകൾക്കുകീഴെ പ്രത്യക്ഷപ്പെടുന്ന അവാച്യമായ ഭാവവിശേ

ഷം നുകർന്നു ഞാൻ സമാധാനത്തിന്റെ പ്രശാന്തവും സംതൃപ്തവുമായ സുഷുപ്തിയിലേയ്ക്കു പ്രവേശിയ്ക്കും. അങ്ങനെ ഓർമ്മകളെ നിരന്തരം സമ്പന്നമാക്കി, രാത്രികളിൽ അസാധാരണശക്തിയോടെ സ്വപ്നങ്ങളെ ,ഉഴവൻ വരിഞ്ഞുകെട്ടി, നേരം പുലരുമ്പോൾ യാതൊരടയാളവും ബാക്കിവെയ്ക്കാതെ നിസ്സംഗമായി നില നിൽക്കുന്ന ആ 'ഗ്വെർമാന്റിസ് വഴി'യാണു ഞാൻ വീണ്ടും വീണ്ടും കാണാനാഗ്രഹിച്ചത്.

ഒരു കാര്യം ഞാൻ നിസ്സംശയം തുറന്നു പറയാം: മനസ്സിന്റെ പല തട്ടുകളിൽ പരസ്പരപൂരകമല്ലാതെ ഇഴുകിക്കിടന്ന വ്യത്യസ്താനുഭവങ്ങൾ ഒരേ സമയം വിഭിന്നവും വിവിധവുമായ അനുഭൂതികൾക്കു ജന്മം നൽകിയതു മൂലം എന്റെ പിൽക്കാലജീവിതത്തിൽ ആ രണ്ടു 'വഴി' കൾ ഒട്ടേറെ മോഹഭംഗങ്ങൾക്കും അബദ്ധങ്ങൾക്കും കാരണമായി. അപരിചിതരെ ആദ്യമായി കാണുമ്പോൾ മനസ്സിലേയ്ക്കു കടന്നുവരുന്നതു പച്ചിലപ്പടർപ്പുകളിൽ വിടർന്നുനിൽക്കുന്ന ഒരു റോസാപ്പൂവിന്റെ ഓർമ്മയാണെന്നു മനസ്സിലാക്കാതെ ഞാനവരെ വീണ്ടും കാണാനാഗ്രഹിച്ചു. സ്നേഹബന്ധത്തെ തുടർന്നുണ്ടാകുന്ന സൗഹൃദം പരസ്പരം കാണാനുള്ള നിമിത്തമല്ലാതെ മറ്റൊന്നുമല്ലെന്നു ഞാൻ വിശ്വസിച്ചു. പക്ഷേ എന്റെ അവബോധങ്ങൾക്കു ശക്തിയും ആധാരവും പകർന്നു വ്യത്യസ്തമായൊരു മാനം സമ്മാനിച്ച ആ രണ്ടു ‘വഴി’കളാണു സത്യത്തിൽ സ്നേഹത്തോടൊരു മമത നിരന്തരം നിലനിർത്താൻ എന്നെ സഹായിച്ചത്. വേനൽക്കാലത്തെ വൈകുന്നേരങ്ങളിൽ ദാഹം സഹിയ്ക്കാനാവാത്ത സിംഹത്തെപ്പോലെ ആകാശം അത്യുച്ചത്തിൽ അലറുകയും കൊടുങ്കാറ്റ് ആഞ്ഞടിക്കുകയും ചെയ്യുമ്പോൾ, എന്റെ മനസ്സ് മഴയുടെ മർമ്മരങ്ങൾക്കിടയിൽ ചെമ്പകപ്പൂക്കളുടെ നിർവൃതികരമായ ഗന്ധം നുകർന്നു സുഖദമായ ആനന്ദാനുഭൂതിയിൽ ലയിച്ച് 'മെസെഗ്ലിസെ വഴി' അലഞ്ഞു നടക്കുകയായിരിയ്ക്കും.

അങ്ങനെ കോംബ്രേയിൽ ഉറക്കം വരാതെ കിടന്ന വിഷാദപൂർണമായ രാത്രികളെക്കുറിച്ചു ചിന്തിയ്ക്കുമ്പോൾ ഒരു കപ്പു ചായയുടെ ഓർമ്മകൂടി ചിലപ്പോൾ രുചിയുമായി ബന്ധപ്പെട്ടു മനസ്സിലേയ്ക്കു കടന്നു

വരും. അത്തരം ‘സുഗന്ധ'ങ്ങളുടെ കൂട്ടത്തിൽ, എന്റെ ജനനത്തിനുമു മ്പേ നടന്നതാണെങ്കിലും വർഷങ്ങൾക്കുശേഷം സ്വാനുമായി ബന്ധ പ്പെടുത്തി പറഞ്ഞുകേട്ട ഒരു പ്രണയകഥയെക്കുറിച്ചോർത്തു പലപ്പോ ഴും ഞാൻ നേരം പുലരുന്നതുവരെ ഉണർന്നു കിടക്കാറുണ്ട്. അടുത്ത ചില ബന്ധുക്കളുടെ ജീവിതത്തിൽ നടന്ന സംഭവങ്ങൾ ഓരോന്നാ യി അന്വേഷിച്ചു കണ്ടുപിടിയ്ക്കുന്നതിനേക്കാൾ അനായാസമായി ചി ലപ്പോൾ നൂറ്റാണ്ടുകൾക്കുമുമ്പു മരിച്ചുപോയവരുടെ വിശദവിവരങ്ങൾ കൃത്യതയോടെ കണ്ടെത്താൻ കഴിയും. രണ്ടു നഗരങ്ങളിലിരിയ്ക്കുന്ന വർ പരസ്പരം സംസാരിയ്ക്കാൻ ഉപയോഗിയ്ക്കുന്ന ഉപകരണങ്ങൾക്കു സാദ്ധ്യമായതിലേറെ സൂക്ഷ്മതയോടെ അവ നമ്മുടെ ഓർമ്മച്ചെപ്പുക ളിൽ സമാഹരിച്ചിരിയ്ക്കുന്നു. ഒന്നിനുപുറകെ ഒന്നായി കടന്നുവരുന്ന ആ ഓർമ്മകളോരോന്നും ഒരൊറ്റ പദാർത്ഥമാക്കി മാറ്റി കൃത്യമായ ഐകരൂപ്യം വരുത്താൻ എന്റെ മനസ്സിനു പക്ഷേ ഇനിയും കഴി ഞ്ഞിട്ടില്ല. അതുകൊണ്ട് സഹജമെന്നു പറയാവുന്ന പ്രാക്തനസ്മരണ കളായും, രുചിയും ഗന്ധവുമായി ബന്ധപ്പെട്ട് അടുത്ത കാലത്തുമാത്രം മനസ്സിലേയ്ക്കു കടന്നുവന്നവയായും, മറ്റൊരു ഓർമ്മയുടെ അനുബന്ധ മെന്ന നിലയ്ക്കു വ്യാഖ്യാനിക്കപ്പെടുന്നവയുമായി പൊതുവേ ഓർമ്മക ൾ മൂന്നടുക്കുകളായി മനസ്സിൽ നിബന്ധിച്ചിരിയ്ക്കുന്നു. അവയ്ക്കിടയിലെ ഭൂമിശാസ്ത്രപരമായ വിടവുകളും വീഴ്ചകളും കാണാതെ, ചില പാറകളി ൽ പിറവിയും പ്രായവും പ്രകൃതവും സൂചിപ്പിയ്ക്കുന്ന വർണരേഖകളുടെ, നേരിയ വിള്ളൽപോലും എനിയ്ക്കു തിരിച്ചറിയാൻ കഴിഞ്ഞില്ല.

പ്രഭാതം അടുത്തുവരുമ്പോൾ ഉണർത്തുപാട്ടുപോലെ സമീപിയ്ക്കുന്ന ഈ സ്വപ്നങ്ങളുടെ അനിശ്ചിതത്വത്തിൽനിന്നു വിട്ടുമാറി ഞാൻ ഏതു മുറിയിലാണു കിടക്കുന്നതെന്ന വസ്തുത തിരിച്ചറിയാൻ കിണഞ്ഞു ശ്രമിയ്ക്കും. ഓർമ്മകളുടെ ക്രമാനുഗതമായ സംവിധാനങ്ങളുപയോഗി ച്ചോ അതല്ലെങ്കിൽ ജനലിനുതാഴെ കത്തുന്ന വിളക്കിന്റെ മങ്ങിയ വെളിച്ചത്തിലോ മുറിയുടെ രൂപഭാവങ്ങൾ ഞാൻ പുന:സൃഷ്ടിയ്ക്കും. അങ്ങനെ വാതിലുകളും ജനലുകളും ഒഴിവാക്കിയ ആദ്യത്തെ രൂപ

രേഖയിൽനിന്ന് ഒരു വാസ്തുശിൽപ്പിയുടെ ചാതുര്യത്തോടെ കണ്ണാടികളും വലിപ്പുകളുമടക്കം സകല സാധനസാമഗ്രികളും യഥാസ്ഥാനത്തു പ്രതിഷ്ഠിച്ച് ആ മുറി പൂർണമായും പുന:സ്ഥാപിയ്ക്കുന്നതിൽ ഞാനൊരിയ്ക്കലും വീഴ്ച വരുത്താറില്ല. പക്ഷേ, ഈയം പൂശിയ ജനൽക്കമ്പികളിൽ പ്രതിഫലിയ്ക്കുന്ന നാട്ടുവെളിച്ചത്തിൽ നിന്നു വ്യത്യസ്തമായ പകൽവെളിച്ചത്തിന്റെ ആദ്യത്തെ രശ്മി തിരശ്ശീലകളും ജനാലകളും അപ്രസക്തമാക്കി, കറുത്ത പലകയിൽ വെളുത്ത ചോക്കുകൊണ്ടു വരച്ച ഒരു നേർരേഖപോലെ, ഒഴുകിവരുമ്പോൾ ഞാൻ തെറ്റായ സ്ഥാനത്തു സങ്കൽപ്പിച്ച വാതിൽ സ്വയം വഴിമാറി, ജനലിനടുത്തായി ഉറപ്പിച്ച എഴുത്തുമേശ അതിവേഗത്തിൽ കറങ്ങിത്തിരിഞ്ഞ് ഇടനാഴിയുടെ ചുമരുകളിലുരസി തിണ്ണയുടെ മുമ്പിൽ ചെന്നു നിന്നു. ഒരു നിമിഷംമുമ്പേ കിടപ്പുമുറിയുടെ സ്ഥാനം അപഹരിച്ച മുറ്റത്തെ കിണറും കുരിരുട്ടിൽ പണിത സ്വീകരണമുറിയും തുടങ്ങി നിത്യേന പെരുമാറുന്ന സ്ഥലങ്ങളുടെ ഏകദേശമായൊരു വിഹഗവീക്ഷണം നടത്തിയ ഞാൻ ബോധോദയത്തിന്റെ നീർച്ചുഴിയിൽ കിടന്നുഴന്നു ജനലിലൂടെ അരിച്ചു വന്ന വിളറിയ വെളിച്ചത്തിൽ പകലിന്റെ ചൂണ്ടുവിരൽ പതുക്കെ ആകാശത്തേയ്ക്കുയരുന്നതു നിശ്ശബ്ദം നോക്കിനിന്നു.

മൂന്ന് : സ്വാൻ പ്രണയത്തിൽ

മാഡം വെർഡുരിന്റെ വിശ്വാസസംഹിതയോടു നൂറുശതമാനവും കൂറു പുലർത്തുന്നവർക്കു മാത്രമേ അവരുടെ 'അണുകുടുംബ'ത്തിലേയ്ക്കു പ്രവേശനം ലഭിയ്ക്കൂ; അംഗങ്ങൾ ആ നിബന്ധന നിർബന്ധമായും പാലിച്ചിരിയ്ക്കണം! മാഡം വെർഡുരിൻ നേരിട്ടു രക്ഷാകർത്തൃത്വം ഏറ്റെടുത്ത ചെറുപ്പക്കാരനായ പിയാനിസ്റ്റായിരുന്നു, ആ സംഹിതയുടെ പ്രാമാണികൻ. 'പ്ളാന്റെ', 'റുബിൻസ്റ്റെയിൻ' തുടങ്ങി പ്രശസ്തരായ സംഗീതജ്ഞരെ 'ഇരുത്തു'ന്നവിധം അവർ അയാളെക്കുറിച്ചു പറയും: "സത്യത്തിൽ, ഇത്ര ഭംഗിയായി വാഗ്നറെ അനുകരിയ്ക്കുന്നതു തീരെ അനുവദിയ്ക്കാവുന്നതല്ല!'. അതുപോലെ പ്രസിദ്ധഭിഷഗ്വരൻ 'പോട്ടെനെ'ക്കാൾ സൂക്ഷ്മഗ്രാഹിയായൊരു 'രസമർമ്മജ്ഞ'നെന്നു സ്വയം അവകാശപ്പെടുന്ന ഡോക്ടർ കോത്താർഡാണു മറ്റൊരംഗം. തന്റെ കുടുംബത്തിലല്ലാതെ മറ്റെവിടെയെങ്കിലും സായാഹ്നവേളകൾ ചിലവഴിയ്ക്കുന്നതു കെട്ടിക്കിടക്കുന്ന ചെളിവെള്ളത്തിൽ കൈകാലിട്ടടിയ്ക്കുന്നതു പോലെ നിഷ്പ്രയോജനമാണെന്ന സിദ്ധാന്തത്തോടു യോജിയ്ക്കാത്ത 'യുവതുർക്കി'കളെ മാഡം വെർഡുരിൻ തൽക്ഷണം നാടുകടത്തുകയാണു പതിവ്. ഈ വിഷയത്തിൽ പുരുഷന്മാരേക്കാൾ വിപ്ളവാത്മകമായി പ്രതികരിയ്ക്കുന്ന സ്ത്രീകളാരെങ്കിലും ലൗകികകൗതുകം വെടിയാനുള്ള വൈമനസ്യത്തോടെ ചിലപ്പോൾ മറ്റു ചില കുടുംബങ്ങളുടെ ആസ്വാദനനിലവാരം അറിയാനൊരു ആകാംക്ഷ പ്രകടിപ്പിയ്ക്കും; ആസുരമായ അത്തരം വിമർശനബുദ്ധി, സഹജമായ സാംക്രമികത മൂലം കുടുംബത്തിന്റെ യാഥാസ്ഥിതികത്വത്തിനു ഭീഷണിയാകുമെന്നു ഭയപ്പെട്ടു മാഡം വെർഡുരിൻ, 'വിശ്വസ്ത'രായ അത്തരം വനിതകളെ പതുക്കെപ്പതുക്കെ പുറത്താക്കാൻ നിർബന്ധിതയായി.

അതുകൊണ്ട്, ഡോക്ടറുടെ യുവതിയായ ഭാര്യയെ മാറ്റി നിർത്തി യാൽ, ഒരു 'പ്രത്യേകവിഭാഗ'ത്തിൽപ്പെടുന്നതുകൊണ്ടു മാഡം വെർ ഡുരിൻ 'വാത്സല്യ'പൂർവം ഓദത്തെന്ന ഓമനപ്പേരിൽ വിളിയ്ക്കാറുള്ള മാഡം ക്രേസിയും, 'മരണത്തിന്റെ മണിമുഴക്കം' ഒരു തവണ വ്യക്ത മായി കേട്ട പിയാനിസ്റ്റിന്റെ അമ്മായിയും മാത്രമായി കുടുംബത്തി ലെ സ്ത്രീകളുടെ അംഗബലം വല്ലാതെ ചുരുങ്ങിപ്പോയി. നല്ല പൈതൃ കസ്വത്തുള്ള അമാന്യമായൊരു മദ്ധ്യവർഗകുടുംബത്തിലെ അംഗമാ യ മാഡം വെർഡുരിൻ, 'കുലീന'യാകാനുള്ള ബദ്ധപ്പാടിലായിരുന്നു, അതുപോലുള്ള പുതിയ ബന്ധങ്ങൾ തേടി നടന്നത്; സാഗൻ രാജകു മാരിയും ഗ്വെർമാന്റിസ് പ്രഭ്വിയും നടത്തുന്ന വിരുന്നുകൾക്കു പകിട്ടു പകരാൻ നിരവധി പണം ചിലവിട്ടു ധാരാളം സാധുക്കളെ ക്ഷണി യ്ക്കാറുണ്ടെന്നും ആ ക്ഷണം വിശ്വസ്തരായ ഗൃഹസ്ഥന്മാരും 'സദ്ഗുണ വതി'കളായ സ്ത്രീകളും അർഹിയ്ക്കുന്ന അവജ്ഞയോടെ നിരസിയ്ക്കാറു മുണ്ടെന്ന കിംവദന്തി, ലോകകാര്യങ്ങളെക്കുറിച്ച് ഒരു വിവരവുമില്ലാ ത്ത മാഡം വെർഡുരിൻ തികഞ്ഞ ശുദ്ധഗതി മൂലം നിർവ്യാജം വി ശ്വസിച്ചുപോന്നു.

വെർഡുരിൻകുടുംബക്കാർ ഒരിയ്ക്കലും ആരേയും വിരുന്നിനു ക്ഷണി യ്ക്കാറില്ല; പക്ഷേ, സദസ്സിൽ ഓരോരുത്തർക്കും അർഹമായ 'സ്ഥാനം' യഥാവിധി തയാറായിരിയ്ക്കും; സായാഹ്നവിനോദങ്ങൾക്കുവേണ്ടി അ വരൊരിയ്ക്കലും ഒരു പരിപാടിയും മുൻകൂട്ടി ആസൂത്രണം ചെയ്യാറില്ല; ആരും ആരേയും ഒന്നിനും നിർബന്ധിയ്ക്കാത്തതുകൊണ്ട് ഉത്സാഹം തോന്നിയാൽമാത്രം പിയാനിസ്റ്റ് ഏതെങ്കിലുമൊരു സംഗീതകൃതി വായിയ്ക്കും. വെർഡുരിൻ പതിവായി പറയും: “ഇതൊരു 'സമസംഗമ ശാല'യാണ്! സത്യത്തിൽ നാമെല്ലാം അടുത്ത ബന്ധുക്കളാണെന്നു നിങ്ങൾക്കറിയാമല്ലോ!“.

ചെറിയൊരു നേരമ്പോക്കിനുവേണ്ടി 'പ്രിലൂഡ് ട്രിസ്റ്റാ'നോ അത ല്ലെങ്കിൽ 'റൈഡോഫ് വാൾക്രൈസോ' വായിയ്ക്കാമെന്നു പിയാനിസ്റ്റ് അഭിപ്രായപ്പെട്ടാൽ, അഹിതമായതുകൊണ്ടല്ല മറിച്ച് വികാരവിവശ

യായിപ്പോകുമെന്ന ഭയത്തോടെ മാഡം വെർഡുരിൻ പ്രതിഷേധിയ്ക്കും: “കൊള്ളാം, എനിയ്ക്കു തലവേദന വരുന്നതു കാണാൻ നിങ്ങൾക്കിത്ര മോഹമോ? ഇതിനുമുമ്പ് ഓരോ തവണയും അയാളതു വായിച്ചപ്പോൾ എന്റെ തല പൊളിഞ്ഞുപോയതു നിങ്ങൾ നേരിട്ടു കണ്ടതല്ലേ? എന്താണു സംഭവിയ്ക്കാൻ പോകുന്നതെന്ന് എനിയ്ക്കറിയാം, നാളെ കാലത്ത് ഉണരുമ്പോൾ, വേണ്ട, അതൊന്നും ആലോചിയ്ക്കണ്ട!“ സംഗീതപരിപാടി നടക്കുന്നില്ലെങ്കിൽ അവർ ഓരോ വിഷയത്തെക്കുറിച്ചു വെറുതെ സംസാരിയ്ക്കും. ആരെങ്കിലും, മിക്കവാറും അക്കൊല്ലം പുതിയതായി വന്ന ചിത്രകാരൻ, വെർഡുരിൻ വിശേഷിപ്പിച്ചതു പോലെ 'സകലരുടേയും തലച്ചോറു തെറിച്ചു പോകത്തക്കവിധം തമാശ പറഞ്ഞു' മതിവരുവോളം ചിരിച്ചു 'മണ്ണു കപ്പും'. പ്രത്യേകിച്ചും ചില വിഷയങ്ങൾ അക്ഷരാർത്ഥത്തിൽ ആലങ്കാരികമായ കൽപ്പനകളോടെ അവതരിപ്പിയ്ക്കുന്നതിൽ മാഡം വെർഡുരിനു സഹജമായൊരു സിദ്ധിയുണ്ടായിരുന്നു. ആയിടയ്ക്കു ചികിത്സയുടെ ഭാഗമായി ശസ്ത്രക്രിയകൂടി തുടങ്ങിയ ഡോക്ടർ കോത്താർഡ്, 'ചിരിച്ചു കുഴഞ്ഞതു മൂലം ഒരു വശത്തേയ്ക്കു കോടിപ്പോയ അവരുടെ താടിയെല്ലു ശരിപ്പെടുത്താൻ ഒരു ദിവസം നീക്കിവെയ്ക്കാ'മെന്നുപോലും അഭിപ്രായപ്പെട്ടു.

കുടുംബസദസ്സുകളിൽ ഒരു പകർച്ചവ്യാധിപോലെ ഒഴിവാക്കപ്പെടേണ്ട 'അരസിക'ഭാവം വരാതിരിയ്ക്കാൻ 'കുലീന'രായ അംഗങ്ങൾക്കു സായാഹ്നവേഷം തീരെ നിഷിദ്ധമായിരുന്നു. ചിത്രകാരന്റെ വെറുമൊരു രസത്തിനോ പിയാനിസ്റ്റിനു വേണ്ടപ്പെട്ടവരുമായി സന്ധിയ്ക്കാനോവേണ്ടി വല്ലപ്പോഴുമൊരിയ്ക്കൽ നടക്കാറുള്ള സൽക്കാരത്തിനു മാത്രമേ 'അരസികർ'ക്കു പ്രവേശനമുള്ളൂ. ബാക്കി ദിവസങ്ങളിൽ 'അണുകുടുംബ'ത്തിനു നേരിട്ടു ബന്ധമില്ലാത്ത യാതൊരു വിഷയവും ചർച്ച ചെയ്യാതെ, മോടിയാർന്ന വേഷത്തിൽ അത്താഴവിരുന്ന് ആസ്വദിച്ച്, പരിഹാസ്യമായ അഭിനയങ്ങളിൽ മതി മറന്ന് അവർ പരസ്പരം ആഹ്ലാദം പങ്കുവെച്ചു.

മാഡം വെർഡുരിന്റെ ജീവിതത്തിൽ സ്വാധീനം കൂടി വന്ന 'കൂലീന'രായ അത്തരം സുഹൃത്തുക്കളെ ഈയിടെയായി ഓരോ 'അലോസര'ങ്ങളും 'വിരസത'കളും ബാധിച്ചു തുടങ്ങി. ഒരാൾക്കു മുൻകൂട്ടി നിശ്ചയിച്ച ഒരു 'പരിപാടി'യും മറ്റൊരാളുടെ അമ്മയ്ക്കു 'രോഗ'വും വേറൊരാൾക്ക് 'ഔദ്യോഗികകാര്യ'ങ്ങളും ഇനിയൊരാൾക്കു 'ഗൃഹസന്ദർശന'വുമായി ഓരോരുത്തർക്കും ഒരുമിച്ചുകൂടുന്നതിൽ അസൗകര്യങ്ങളേറി വന്നു. ഡോക്ടർ കോത്താർഡ്, ഗുരുതരമായ രോഗം ബാധിച്ച് അത്യാസന്നനായി കിടക്കുന്ന ഒരാളെ നോക്കാൻ വിരുന്നു കഴിഞ്ഞ ഉടനെ കൈകഴുകി ശുഭരാത്രി ആശംസിച്ചു പോകാൻ തുടങ്ങുമ്പോൾ മാഡം വെർഡുരിൻ പറയും: "ഈ രാത്രി, ഇത്ര വൈകി രോഗിയെ വിളിച്ചുണർത്തി ബുദ്ധിമുട്ടിയ്ക്കാതിരിയ്ക്കുന്നതാണു ബുദ്ധി! അയാൾക്കതു വളരെ ആശ്വാസമാകുമെന്ന കാര്യത്തിൽ എനിയ്ക്കു തീരെ സംശയമില്ല. നാളെ രാവിലെ ചെന്നു നോക്കുമ്പോൾ അസുഖം താനേ കുറഞ്ഞതായി താങ്കൾക്കുതന്നെ ബോദ്ധ്യപ്പെടാതിരിയ്ക്കില്ല!" ക്രിസ്തുമസിനും നവവത്സരദിനത്തിനും 'വിശ്വസ്ത'രായവർ പിരിഞ്ഞുപോകുമെന്ന ആശങ്കമൂലം ഡിസംബർ ആരംഭിയ്ക്കുമ്പോഴേയ്ക്കും അവർ അസ്വസ്ഥയായിത്തുടങ്ങും. വീട്ടിൽ നടക്കുന്ന വിരുന്നിൽ പങ്കെടുക്കാതെ മറ്റെങ്ങും പോകരുതെന്നു പിയാനിസ്റ്റിനെ അവർ പ്രത്യേകം പറഞ്ഞു ചട്ടം കെട്ടിയിരുന്നു.

"നവവത്സരദിനത്തിൽ ഒരുമിച്ചിരുന്നു ഭക്ഷണം കഴിച്ചില്ലെങ്കിൽ, നിന്റെ അമ്മ, നാട്ടിൻപുറത്തെ പ്രാകൃതരെപ്പോലെ, ആത്മഹത്യ ചെയ്യുമെന്നു നീ വിചാരിയ്ക്കുന്നുണ്ടോ?" മാഡം വെർഡുരിൻ രൂക്ഷമായ പരിഹാസത്തോടെ ചോദിയ്ക്കും.

നോമ്പുകാലത്ത് അവരുടെ അസ്വസ്ഥത ഒന്നുകൂടി ഇരട്ടിയ്ക്കും. 'അണുകുടുംബ'ത്തിന്റെ ആദ്യവാർഷികത്തിൽ ഡോക്ടറുടെ മറുപടിയെക്കുറിച്ചു യാതൊരു ആശങ്കയുമില്ലെന്നമട്ടിൽ ആത്മവിശ്വാസത്തോടെ ഉറച്ച സ്വരത്തിൽ മാഡം വെർഡുരിൻ പറഞ്ഞു: "നോക്കൂ, താങ്കളൊരു വിശാലമനസ്കനായ സഹൃദയനാണല്ലോ, എന്നത്തേയും

പോലെ ദു:ഖവെള്ളിയാഴ്ച തീർച്ചയായും താങ്കൾ വരും?". അദ്ദേഹം വന്നില്ലെങ്കിൽ ഒറ്റയ്ക്കിരുന്നു ഭക്ഷണം കഴിയ്ക്കേണ്ടിവരുമെന്നോർത്തു മറുപടിയ്ക്കു കാതോർക്കുമ്പോൾ അവരുടെ ഹൃദയം വല്ലാതെ പിടച്ചു കൊണ്ടിരിയ്ക്കും!

"വെള്ളിയാഴ്ച തീർച്ചയായും ഞാൻ വരുന്നുണ്ട്, യാത്ര പറയാൻ വേണ്ടി! ഒഴിവുകാലം ഓവേർനേയിൽ ചിലവഴിയ്ക്കാനാണു ഞങ്ങൾ തീരുമാനിച്ചിരിയ്ക്കുന്നത്"

"ഓവേർനേയിലോ...! കൊതുകുകടിയേറ്റു ശരീരമാകെ നീരു വന്നു വീർക്കാനോ! കൊള്ളാം, നല്ല അനുഭവമായിരിയ്ക്കും!', ചെറിയൊരു മൗനത്തിനു ശേഷം അവർ തുടർന്നു, "നേരത്തേ പറഞ്ഞിരുന്നെങ്കിൽ, കുറച്ചുപേരേയും കൂട്ടി നമുക്കൊരുമിച്ചു രസമായൊരു യാത്ര സംഘടിപ്പിയ്ക്കാമായിരുന്നു..."

അതുപോലെ, 'വിശ്വസ്ത'രായവർ എന്തെങ്കിലും കാരണവശാൽ അടുത്ത സുഹൃത്തുക്കളെ വിട്ടുപിരിയാനിടവന്നാൽ, അവർ വീണ്ടും ഒരുമിയ്ക്കുന്നതു തന്റെ 'കുടുംബ'ത്തിൽവെച്ചായിരിയ്ക്കണമെന്ന നിർബന്ധബുദ്ധിയോടെ മാഡം വെർഡുരിൻ പറയും: "നിങ്ങളൊരുമിയ്ക്കാൻ തീരുമാനിച്ചതു നന്നായി, എങ്കിൽപ്പിന്നെ ഒരു ദിവസം അദ്ദേഹത്തേയും കൂട്ടി വരൂ!". വന്നു കഴിഞ്ഞാലുടനെ അദ്ദേഹം 'അണുകുടുംബ' ത്തിന്റെ സാഹചര്യങ്ങളുമായി നന്നായിണങ്ങിച്ചേരുമെന്നും, മാഡം വെർഡുരിനിൽനിന്നു സ്വകാര്യമായൊരു രഹസ്യവും മറച്ചുവെയ്ക്കില്ലെ ന്നും ഉറപ്പു വരുത്തുന്ന കർശനമായൊരു പരീക്ഷ നടക്കും. പരീക്ഷ യിൽ പരാജയപ്പെടുന്നപക്ഷം അദ്ദേഹത്തെ കൂട്ടിക്കൊണ്ടു വന്ന 'വിശ്വസ്ത'നെ ഒരുവശത്തേയ്ക്കു മാറ്റിനിർത്തി, അവർ തമ്മിൽ സൗമ്യമായൊരു കലഹത്തിനുള്ള സൗകര്യവും മാഡം വെർഡുരിൻ തന്ത്രപൂർവം ആസൂത്രണം ചെയ്യും; മറിച്ചാണെങ്കിൽ, അന്നു മുതൽ അദ്ദേഹം കുടുംബത്തിലെ 'വിശ്വസ്ത'നായി കണക്കാക്കപ്പെടും. അങ്ങനെയിരിയ്ക്കേ ഒരു ദിവസം ഓദത്ത്, അടുത്തയിടെ പരിചയപ്പെട്ട മാന്യനും സുഭഗനുമാ

യ സ്വാനിനു ‘കുടുംബ’ത്തിലെ അംഗമാകാൻ താൽപ്പര്യമുണ്ടെന്നു ഗൃഹനാഥനായ വെർഡ്യൂരിനെ ധരിപ്പിച്ചു. മാഡം വെർഡ്യൂരിന്റെ അഭിപ്രായമറിയുന്നതിനുമുമ്പ് ഒരിയ്ക്കലും ഒന്നിലും തീരുമാനമെടുക്കാത്ത വെർഡ്യൂരിൻ ഉടനെ അപേക്ഷ ഭാര്യയുടെ മുമ്പിൽ അവതരിപ്പിച്ചു. ഭാര്യയ്ക്കും 'വിശ്വസ്ത'ർക്കും വേണ്ടതു ചെയ്തു കൊടുക്കുക മാത്രമാണു തന്റെ കർത്തവ്യമെന്നു നിർദ്ദോഷം വിശ്വസിച്ച്, അതിരറ്റ ആത്മാർത്ഥതയോടെ നിറവേറ്റിപ്പോന്ന ഒരാളായിരുന്നു, വെർഡ്യൂരിൻ!.

“പ്രിയപ്പെട്ടവളേ, മാഡം ക്രേസിയ്ക്കു നിന്നോടെന്തോ പറയാനുണ്ടെന്നു തോന്നുന്നു. അവളുടെ സുഹൃത്തിനെ ഇവിടേയ്ക്കു കൂട്ടിക്കൊണ്ടുവരാൻ താൽപ്പര്യമുണ്ടത്രേ! നീയെന്തു പറയുന്നു?“

“അതിനെന്ത്? ഇവളെപ്പോലൊരു സുന്ദരിക്കുട്ടിയോടു മറുത്തു പറയാൻ ആർക്കെങ്കിലും കഴിയുമോ? ഇക്കാര്യത്തിൽ നിങ്ങളുടെ അഭിപ്രായം കണക്കാക്കാനില്ല. അനാവശ്യമായി ഇടയ്ക്കിടെ ഓരോന്നു പറയാതിരുന്നാൽ മതി. ഞാൻ തുറന്നു പറയട്ടെ ഓദത്ത്, നീയൊരു സൗന്ദര്യറാണിതന്നെയാണ്!“.

“നിങ്ങളുടെ തങ്കമനസ്സിനു നന്ദി!“, കൃത്രിമമായ ഒരീണത്തിൽ ഓദത്ത് പറഞ്ഞു: “നല്ലതുമാത്രം കേൾക്കാൻ ഞാൻ വലവീശുകയല്ലെന്നു നിങ്ങൾക്കുറപ്പുണ്ടല്ലോ, അല്ലേ?“.

“ശരി, നിന്റെ സുഹൃത്തിനെ കൂട്ടിക്കൊണ്ടു വരൂ.., അയാളൊരു കൊള്ളാവുന്നവനാണെങ്കിൽ..!“.

സത്യത്തിൽ, സ്വാൻ ഇടപഴകുന്ന സമൂഹവും ഈ 'അണുകുടുംബ'വും തമ്മിൽ യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. അതുകൊണ്ടു പൊതുവേ മാന്യനും സർവസമ്മതനുമായ അദ്ദേഹം, വെർഡ്യൂരിൻകുടുംബത്തിലെ അംഗത്വത്തിനായി അപേക്ഷിയ്ക്കുന്നതിന്റെ യുക്തി സാധാരണക്കാർക്കു ചിന്തിയ്ക്കാൻപോലുമാവില്ല. ഉന്നതകുടുംബങ്ങളിൽപ്പെട്ട മിക്കവരേയും പരിചയപ്പെട്ടു വേണ്ടതെല്ലാം നേടിക്കഴിഞ്ഞപ്പോൾ സാധാരണത്വംകൊണ്ടു നിറംമങ്ങിയ ആ ആനുകൂല്യം, അഭിജാതവർഗത്തിന്റെ ജീവിതശൈലിയിൽ സഹജമായ മാന്യതയുടെ, പരസ്പ

രം കൈമാറാവുന്ന, ഒരവകാശപത്രമായിമാത്രമായി അദ്ദേഹം കാണാൻ തുടങ്ങി. സ്ത്രീകളോട് അത്യുൽക്കടമായൊരു ആരാധനാമനോഭാവം സഹജമായും അദ്ദേഹത്തിനുണ്ടായിരുന്നു. ഒരു കുഗ്രാമത്തിലെ ജന്മിയുടേയോ, പാരീസിലെ അറിയപ്പെടാത്ത തെരുവിൽ താമസിയ്ക്കുന്ന ഒരഭിഭാഷകൻ്റേയോ, സുന്ദരിയായ മകൾക്കു തന്നോടു തോന്നിയ അഭിനിവേശം ഒന്നുകൂടി പരിപോഷിപ്പിയ്ക്കാനായി മാത്രമേ മാന്യതയുടെ ആ അവകാശപത്രം അദ്ദേഹം ഉപയോഗിയ്ക്കാറുള്ളൂ. ദൈനന്ദിനജീവിതത്തിൽ പൊതുവേ പ്രകടമാകാത്ത ഒരുതരം മിഥ്യാവേശം, അത്തരം സന്ദർഭങ്ങളിലൊരു മോഹവും പ്രണയവുമായി സ്വാനിൻ്റെ മനസ്സിൽ തിരനോക്കും. അങ്ങനെ അദ്ദേഹം ബുദ്ധിപരമായ കഴിവുകൾ നിരർത്ഥകമായ നേരംപോക്കുകളുടെ പേരിൽ ദുർവ്യയംചെയ്യുന്ന ഒരു പച്ചപരിഷ്ക്കാരിയുടെ ജീവിതചര്യയിലേയ്ക്ക് അറിയാതെ ചെന്നുവീണു. കലാപരമായ വിഷയങ്ങളിൽ വർഷങ്ങൾ കൊണ്ടു നേടിയെടുത്ത അനിതരസാധാരണമായ പാണ്ഡിത്യം, അദ്ദേഹം അഭിജാതവനിതകളുടെ വസതി മോടി പിടിപ്പിയ്ക്കുന്ന ചിത്രങ്ങളുടെ തിരഞ്ഞെടുപ്പിനുവേണ്ടി മാത്രമായി ഒതുക്കിത്തീർത്തു. പൊങ്ങച്ചം കാണിയ്ക്കാനുള്ള അടങ്ങാത്ത ഭ്രമം മൂലം നേരിട്ടു പരിചയമില്ലാത്ത ഒരു സുന്ദരിയെ കാണുന്ന നിമിഷം, അദ്ദേഹത്തിൻ്റെ മുഖഭാവം ഉൽക്കടമായ കാന്തിയോടെ തിളങ്ങാൻ തുടങ്ങും; പ്രത്യേകിച്ചും അവൾ പരിമിതമായ സാഹചര്യങ്ങളിൽ നിന്നാണു വരുന്നതെങ്കിൽ ആ മിഥ്യാവേശം ഇരട്ടിയായി വർദ്ധിയ്ക്കുന്നതു കാണാം. ബുദ്ധിമാനായ ഒരാൾക്കു സ്വയം വിഡ്ഢിയായി ചിത്രീകരിയ്ക്കപ്പെട്ടുമെന്ന ഭയം ഒരിയ്ക്കലും ബുദ്ധിമാന്മാരിൽനിന്നല്ല നേരിടുന്നത്; അതുപോലെ കുലീനനായ ഒരാൾ, സ്വന്തം മാന്യതയ്ക്കു ഭംഗംവരുമെന്നു ഭയക്കുന്നതു കുലീനരിൽനിന്നല്ല; മറിച്ച്, അധ:കൃതരിൽനിന്നായിരിയ്ക്കും! ഈ ലോകത്തിന്നോളം കാപട്യങ്ങളെക്കുറിച്ചു നടന്ന പ്രഘോഷണങ്ങളിലെ കൽപ്പനാചാതുര്യത്തിൻ്റെ മുക്കാൽ ഭാഗവും സ്വന്തം പ്രാമാണ്യത്തിനു

വീഴ്ച വന്നവരിൽനിന്നു മാത്രമേ പുറപ്പെട്ടിട്ടുള്ളൂ; അതിനിരയായവരാകട്ടെ, വെറും സാധുക്കളും. അതുകൊണ്ട്, അഭിജാതകളായ വനിതകളോടു വളരെ അനായാസം പെരുമാറുന്ന സ്വാൻ, തൊട്ടു മുമ്പിൽ നിൽക്കുന്ന ഭൃത്യയോടു സംസാരിക്കുമ്പോൾ മാന്യതയ്ക്കു കുറവു വന്നേക്കുമെന്ന ഭയാശങ്കയോടെ തീർത്തും കൃത്രിമമായൊരു ഭാവം മുഖത്തു പ്രദർശിപ്പിക്കാറുണ്ട്.

നദിയുടെ ഒഴുക്കിനൊത്തു നീങ്ങി ചില പ്രത്യേകസ്ഥാനങ്ങളിൽ നങ്കൂരമിട്ടു കിടക്കുന്ന കെട്ടുവള്ളങ്ങൾപോലെ, ജീവിതത്തിലെ അവസ്ഥാഭേദങ്ങൾകൊണ്ടു വരുന്ന പ്രതികൂലസാഹചര്യങ്ങളുടെ സമ്മർദ്ദവും ആന്തരികമായ ഊർജ്ജത്തിന്റെ അപര്യാപ്തതയും മൂലം, മരണംവരെ ഒരേ സ്ഥാനത്തു നിലയുറപ്പിച്ച് ഇരുവശത്തു നിന്നും ലഭിക്കുന്ന അനുഭവങ്ങളുടെ ആനന്ദാനുഭൂതി നുകരാൻ താൽപ്പര്യമില്ലാതെ, സംതൃപ്തിയോടെ ദിവസങ്ങൾ തള്ളിനീക്കി, ഒടുവിൽ ദുസ്സഹമായ മടുപ്പിൽ നിന്നു മോചനം നേടാൻ സ്വയം കണ്ടെത്തിയ നിസ്സാരമായ നേരമ്പോക്കുകൾ യഥാർത്ഥത്തിലുള്ള സുഖാനുഭവങ്ങളായി ചിത്രീകരിക്കുന്ന ചിലരെ നമുക്കു കാണാം. സ്വാൻ ഒരിക്കലും അത്തരത്തിൽ ഒരാളായിരുന്നില്ല. ഒരുമിച്ചു ജീവിക്കാൻ വിധിക്കപ്പെട്ടവരുടെ നല്ല ഭാവങ്ങൾ കഷ്ടപ്പെട്ടു കണ്ടെത്തുന്നതിനു പകരം ആകർഷകത്വമുണ്ടെന്ന് ഉറപ്പു വരുത്തിയ സ്ത്രീകളുടെകൂടെ സമയം ചിലവഴിക്കാനായിരുന്നു സ്വാനിനു താൽപ്പര്യം. അങ്ങനെ തിരഞ്ഞെടുക്കപ്പെട്ടവർക്കാകട്ടെ പൊതുവേ 'സാധാരണ'യിൽ കവിഞ്ഞ സൗന്ദര്യം ഉണ്ടായിരുന്നതുമില്ല. സ്വയം ആത്മാർത്ഥമായി ആരാധിച്ചുപോന്ന കലാകാരന്മാരുടെ ചിത്രങ്ങളിലെ സ്ത്രീകളുടേതിൽനിന്നു നേർവിപരീതവും പ്രത്യക്ഷവുമായ സവിശേഷതകളിലാണു സ്വാൻ നേരിട്ടു താൽപ്പര്യം പ്രകടിപ്പിച്ചിരുന്നത്. അവരുടെ സ്വഭാവഗുണമോ വിഷാദഭാവമോ ഒരു മാത്ര നേരത്തേയ്ക്ക് അദ്ദേഹത്തെ പിടിച്ചുനിർത്തിയേക്കാം; പക്ഷേ,, സമൃദ്ധമായ യൗവനത്തിന്റെ ആകർഷണത്തിൽ ആ ഉദാത്തഭാവം പെട്ടെന്ന് ഉരുകിത്തീരുകയാണു പതിവ്.

സാധാരണഗതിയിൽ നേരിട്ടു പരിചയപ്പെടാതിരിയ്ക്കുന്നതാണു ന ല്ലതെന്നു തോന്നുന്ന ഒരു കുടുംബത്തെ യാത്രയ്ക്കിടയിൽ യദൃച്ഛയാ ക ണ്ടുമുട്ടുകയും അവരുടെ കൂട്ടത്തിൽ സവിശേഷചാരുതയുള്ള ഒരുവളോ ടു മോഹം തോന്നുകയും ചെയ്താൽ, അവളുമായുള്ള ആനന്ദാനുഭവ ത്തിനു പകരംവെയ്ക്കാനെന്ന വ്യാജേന പരിചയത്തിലുള്ള മറ്റൊരുവ ളെ ക്ഷണിച്ചു വരുത്താനോ, അതല്ലെങ്കിൽ സ്വന്തം 'ചില്ലുമേട'യിൽ നിന്ന് ഇളകാതെ അവൾ കൊളുത്തിയ മോഹത്തിരി വൈമനസ്യ ത്തോടെ ഊതിക്കെടുത്താനോ അദ്ദേഹം ശ്രമിയ്ക്കാറില്ല. വീടിനു പുറ ത്തിറങ്ങി നേരിട്ടു കാണുന്നതിനുപകരം നഗര'ദൃശ്യങ്ങൾ' മുറിയ്ക്കുള്ളി ൽ അടച്ചിരുന്നു ജനലിലൂടെ ആസ്വദിയ്ക്കുന്നതുപോലെ, അതൊരുപ ക്ഷേ, ജീവിതത്തിന്റെ പരുഷമായ യാഥാർത്ഥ്യങ്ങളെ നേരിടാൻ മടിച്ചു ഭീരുത്വപരമായ പിൻവലിയലാണെന്നു സ്വാൻ വിശ്വസിച്ചു. നിരന്തരം ഇടപഴകുന്ന സാമൂഹ്യബന്ധങ്ങളുടെ ചട്ടക്കൂടിൽ സ്വയം തളച്ചിടാൻ ഒരിയ്ക്കലും അദ്ദേഹം തയാറായില്ല. മറിച്ച്, ഭൂമി അളന്നു തിട്ടപ്പെടുത്തുന്നവർ കൂടെ കൊണ്ടുനടക്കുന്ന താൽക്കാലികകൂടാരങ്ങ ൾപോലെ, എവിടെയെങ്കിലും ഒരു പെൺകുട്ടിയ്ക്കു മോഹം തോന്നിയ തായി ബോദ്ധ്യം വന്നാൽ അവിടത്തെ സാഹചര്യങ്ങളിൽ കൂടാരം ഉറപ്പിച്ചു നിർത്താൻ അദ്ദേഹം ശ്രദ്ധിച്ചു. കൂടെ കൊണ്ടുനടക്കാനാവാ ത്ത അഥവാ പുതിയ ആനന്ദാനുഭവങ്ങൾക്കു യോജിയ്ക്കാത്ത എന്തെ ങ്കിലുമൊന്നു ബാക്കി വന്നാൽ, മറ്റുള്ളവർക്കെത്ര അമൂല്യമാണെങ്കി ലും, നിഷ്പ്രയോജനമായി കണ്ടു തള്ളിക്കളയാനും അദ്ദേഹം മടിയ്ക്കാ റില്ല. സ്വാനിനോടു പ്രണയവും സൌമനസ്യവും നടിയ്ക്കാൻ വർഷങ്ങ ളായി അവസരം കാത്തിരിയ്ക്കുന്ന പ്രഭ്വികളുടെ നിഷ്ക്കപടമായ ആ രാധന, ചിലപ്പോഴൊക്കെ ഒരു നിമിഷത്തിന്റെ ചാപല്യത്തിൽ അ ദ്ദേഹം വെറുതെ ധൂർത്തടിച്ചു കളഞ്ഞ സന്ദർഭങ്ങളുമുണ്ട്! പട്ടിണി സ ഹിയ്ക്കാതെ ഒരു കഷണം അപ്പത്തിനായി രത്നക്കല്ലു പണയം വെയ്ക്കു ന്നവരെപ്പോലെ, ഒരുൾനാടൻഗ്രാമത്തിൽവെച്ചു കണ്ട കർഷകന്റെ മ കളുമായി അടുപ്പം സ്ഥാപിയ്ക്കാൻ തന്നെ പരിചയപ്പെടുത്തുന്ന ഒരു സ

ന്ദേ ശം അയച്ചുതരണമെന്ന് അതേ ഗ്രാമാധികാരിയായ പ്രഭുവിയോട് അദ്ദേഹം ചിലപ്പോൾ ആവശ്യപ്പെട്ടുകളയും!. സാംസ്ക്കാരികമായ ചാരുതകൾ സ്വന്തം ചെയ്തെടുത്ത അദ്ദേഹത്തിന്റെ പ്രകൃതത്തിൽ ഒരു വിദൂഷകഭാവംകൂടി പ്രകടമായതുകൊണ്ട്, ചോദിച്ചതു ലഭിയ്ക്കാതിരുന്നാൽ ആത്മഗതമായി ചിലപ്പോൾ അദ്ദേഹം സ്വയം പുഞ്ചിരിയ്ക്കുന്നതും കാണാം. അലസജീവിതത്തിൽ മുഴുകിയ ഒരു ബുദ്ധിജീവികൂടിയായിരുന്നു, സ്വാൻ! കലയും ശാസ്ത്രവുംകൊണ്ടു നേടാൻ കഴിയുന്നവ മാത്രമാണു പരിഗണനാർഹമെന്നും, പ്രണയകഥകളേക്കാൾ രസകരമായി യഥാർത്ഥ'ജീവിത'ത്തിൽ പലതും കാണാനുണ്ടെന്നുമുള്ള ചിന്ത ഒരുപക്ഷേ അലസത അത്തരക്കാരുടെ ബുദ്ധിയിലേയ്ക്കു കടത്തിവിട്ട ആശ്വാസത്തിന്റെ അഥവാ ഒരൊഴികഴിവിന്റെ ആശയങ്ങളായിരിയ്ക്കാം. അതുകൊണ്ട്, പരിഷ്ക്കൃതലോകത്തെ സുഹൃത്തുക്കൾക്കിടയിൽ സൂക്ഷ്മബുദ്ധികളായവരെപ്പോലും പറഞ്ഞു വശത്താക്കാൻ സ്വാനിനൊരു ബുദ്ധിമുട്ടും തോന്നാറില്ല. പ്രത്യേകിച്ച്, സ്വന്തം സാഹസകൃത്യങ്ങളുടെ വീരകഥകൾ സ്വാൻ പലപ്പോഴും ബാരൺ ചാർലൂസുമായി പങ്കുവെയ്ക്കാറുണ്ട്. തീവണ്ടിയിൽവെച്ചു കണ്ടുമുട്ടിയ അപരിചിതയായൊരു സ്ത്രീയുടെ വീട്ടിൽ ചെന്നപ്പോഴാണു യൂറോപ്പിലെ രാഷ്ട്രീയകാര്യങ്ങളിൽ നിർണായകസ്വാധീനമുള്ള രാജാവിന്റെ സഹോദരിയാണവരെന്നു മനസ്സിലായത്; അവരുമായുള്ള സ്വൈരസല്ലാപത്തിൽ രാജ്യാന്തരവൃത്തങ്ങളിലെ അധികാരമത്സരങ്ങളുമായി ബന്ധപ്പെട്ടു രാജാവു നടത്തുന്ന ചില ഗൂഢനീക്കങ്ങളെക്കുറിച്ചും സാഹചര്യങ്ങളുടെ സമ്മർദ്ദത്തിൽ അന്ത:പുരദാസിയുമായി നടന്ന വേഴ്ചയെക്കുറിച്ചും യാതൊരുവിധ മറവുമില്ലാതെ അദ്ദേഹം ആവേശപൂർവം സംസാരിയ്ക്കും. അങ്ങനെ സദാചാരസമ്പന്നകളും വിധവകളും പട്ടാളമേധാവികളും പണ്ഡിതന്മാരുമടങ്ങുന്ന വലിയൊരു സമൂഹവുമായി അടുത്ത ബന്ധം സ്ഥാപിയ്ക്കുക മാത്രമല്ല, അവരെ സ്വന്തം ഹീനാഭിലാഷങ്ങൾ സാധിയ്ക്കുന്നതിനു നിർദ്ദയം നിർബന്ധിയ്ക്കുകകൂടി ചെയ്തിരുന്നു, അദ്ദേഹം. ഇന്നല്ലെങ്കിൽ നാളെ ഒരു ശുപാർശ ആവശ്യപ്പെട്ടുകൊണ്ടുള്ള

അദ്ദേഹത്തിന്റെ കത്തു മിക്ക സുഹൃത്തുക്കളും പതിവായി പ്രതീക്ഷിച്ചിരുന്നു. ഒന്നിനൊന്നായി തുടരുന്ന 'വിഷയ'ങ്ങളിൽനിന്നു പിടിവിടാതെ, ഓരോ തവണയും ഓരോ കപടയുക്തിയോടെ, വിലക്ഷണമായ വിവേകശൂന്യതയും അചഞ്ചലമായ അന്വേഷണതൃഷ്ണയും അസാമാന്യമായ നയതന്ത്രകുശലതയും സത്യത്തിൽ അദ്ദേഹത്തിന്റെ സ്വഭാവത്തിലെ ഒരു സ്ഥായീഭാവമായി മാറി. വളരെ വർഷങ്ങൾക്കുശേഷം, മറ്റൊരു വ്യത്യസ്തതലത്തിലാണെങ്കിലും, അദ്ദേഹവുമായുള്ള സാദൃശ്യം സ്വയം കണ്ടറിഞ്ഞു ഞാൻ ആ പ്രകൃതം കൂടുതൽ താൽപ്പര്യത്തോടെ പഠിയ്ക്കാൻ ശ്രമിച്ചപ്പോൾ, അദ്ദേഹം മുത്തച്ഛനെഴുതാറുള്ള ചില കത്തുകൾ എന്റെ ഓർമ്മയിൽ വന്നു. (നാമിപ്പോൾ പരിഗണിയ്ക്കുന്ന കാലത്തിനു വളരെ മുമ്പ്! സ്വാനിന്റെ പേരിൽ പരക്കെ പേരുകേട്ട 'വിഷയം' തുടങ്ങിയതു മിക്കവാറും എന്റെ ശൈശവകാലത്തായിരുന്നു.) കവറിനു പുറത്തു സ്വാനിന്റെ കൈയക്ഷരം തിരിച്ചറിഞ്ഞാലുടനെ മുത്തച്ഛൻ വിളിച്ചു പറയും: “ഇതാ, സ്വാനിന്റെ കത്തു വന്നിരിയ്ക്കുന്നു! അദ്ദേഹമെന്തോ ചോദിയ്ക്കാൻ പോകുന്നു, ജാഗ്രത!“. മറ്റുള്ളവർക്കു നൽകുന്നതെന്തും പ്രയോജനമില്ലാതെ പോകണമെന്ന അബോധപൂർവമായ ഒരു ദുഷ്ടബുദ്ധി മൂലം എളുപ്പത്തിൽ സാധിച്ചു കൊടുക്കാവുന്ന അദ്ദേഹത്തിന്റെ അഭ്യർത്ഥനകൾപോലും മുത്തച്ഛൻ നിഷ്ക്കരുണം നിരസിയ്ക്കുകയാണു പതിവ്. ഞായറാഴ്ച ഞങ്ങളുടെ കൂടെ ഭക്ഷണത്തിനു വരാറുള്ള ഒരു പെൺകുട്ടിയെ പരിചയപ്പെടുത്താൻ സ്വാൻ ഒരുതരം നിർബന്ധബുദ്ധിയോടെ നിരന്തരം യാചിച്ചപ്പോൾ അവളുടെ സമ്മതം ചോദിയ്ക്കാൻ സൗകര്യം ലഭിച്ചില്ലെന്ന കപടയുക്തി പറഞ്ഞു മുത്തച്ഛൻ ഒഴിഞ്ഞു മാറുകയാണു ചെയ്തത്. അതേസമയം, തൊട്ടടുത്ത ഞായറാഴ്ച അവളുടെ ആവശ്യത്തിനൊരാളെ കിട്ടാതെ മുത്തച്ഛൻ വല്ലാതെ കഷ്ടപ്പെടുകയുമുണ്ടായി. എങ്കിൽപ്പോലും അവളുടെ ആവശ്യത്തെക്കുറിച്ചു ചെറിയൊരു സൂചന ലഭിയ്ക്കേണ്ട താമസം സ്വാൻ ആ ദൌത്യം സസന്തോഷം ഏറ്റെടുത്തു.

ഒരുപക്ഷേ മുത്തച്ഛനു തെല്ലൊരസൂയ ജനിപ്പിയ്ക്കാമെന്നു കരുതി

ബന്ധുക്കളാരെങ്കിലും, ഈയിടെ പുറത്തേയ്ക്കെങ്ങും പോകാത്ത സ്വാൻ പെട്ടെന്നൊരു ദിവസം സഹജമായ ആർജ്ജവത്തോടെ തങ്ങളുടെ വീട്ടിൽ പ്രത്യക്ഷപ്പെട്ടെന്നും തുടർന്നു പുറത്തിറങ്ങിയിട്ടേയില്ലെന്നും പ്രഖ്യാപിയ്ക്കും. അപ്പോൾ, അവരുടെ സന്തോഷം തച്ചുടയ്ക്കുന്നതിൽ ഒരു കുറ്റബോധവും തോന്നാത്ത മുത്തച്ഛൻ, മുത്തശ്ശിയെ നോക്കി കണ്ണിറുക്കി ചില വരികൾ മൂളാൻ തുടങ്ങും: “ഇതെന്തു മായ? എനിയ്ക്കറിയില്ല, ഇത്തരം കാര്യങ്ങളുടെ നേർക്കു കണ്ണടയ്ക്കുന്നതാണു നല്ലത്..!“

കുറച്ചുമാസങ്ങൾക്കുശേഷം അതേ ബന്ധുവിനോടു മുത്തച്ഛൻ, “എന്തുണ്ടു വിശേഷങ്ങൾ? ഇപ്പോൾ സ്വാനിനെ കാണാറില്ലേ?“യെന്നെങ്ങാനും ചോദിച്ചാൽ, ആ ബന്ധു മുഖം വികൃതമാക്കി, പരുഷസ്വരത്തിൽ പറയും: “അയാളുടെ പേര് ഇനിയൊരിയ്ക്കൽപ്പോലും എന്നോടു മിണ്ടിപ്പോകരുത്!“

“പക്ഷേ, ഞാൻ കരുതി, നിങ്ങൾ വളരെ അടുത്ത സുഹൃത്തുക്കളായി കഴിഞ്ഞിരിയ്ക്കുമെന്ന്........!“

ഇതുപോലെ മുത്തച്ഛന്റെ പല സുഹൃത്തുക്കളുമായും സ്വാൻ മാസങ്ങളോളം സൗഹൃദം പുലർത്തിയിരുന്നു. വൈകുന്നേരങ്ങളിൽ അദ്ദേഹം അവരുടെ വീട്ടിൽനിന്നു ഭക്ഷണം കഴിയ്ക്കുകയും പതിവുണ്ട്. പക്ഷേ അങ്ങനെയിരിയ്ക്കേ, ഒരു ദിവസം യാതൊരു മുന്നറിയിപ്പുമില്ലാതെ അദ്ദേഹം അപ്രത്യക്ഷനാവും. എന്തെങ്കിലും അസുഖമായിരിയ്ക്കുമെന്നു കരുതി വിവരമറിയാൻ ഒരാളെ പറഞ്ഞയയ്ക്കാൻ ശ്രമിയ്ക്കുന്നതിനിടയിൽ, അദ്ദേഹത്തിന്റെ കൈപ്പടയിലെഴുതിയ ഒരു കത്ത് തീർത്തും യാദൃച്ഛികമായി അവർ അടുക്കളയിൽ സൂക്ഷിച്ചിരുന്ന കണക്കുപുസ്തകത്തിൽനിന്നു കണ്ടെത്തും. അടുക്കളക്കാരിയുടെപേർക്കുള്ള ആ കത്തിൽ, താൻ പാരീസിലേയ്ക്കു പോകുകയാണെന്നും ഇനി വീട്ടിലേയ്ക്കു വരാനാവില്ലെന്നും അദ്ദേഹം വ്യക്തമായി എഴുതിയിട്ടുണ്ടാവും. കുടുംബവുമായി ബന്ധം വേർപെടുത്തുമ്പോൾ മര്യാദയുടെ പേരിലെങ്കിലും വിടപറയണമെന്ന വിചാരം അദ്ദേഹത്തിനു കാമുകിയായ അടുക്കളക്കാരിയോടു മാത്രമാണു തോന്നിയത്!

സമൂഹത്തിൽ അറിയപ്പെടുന്ന ഒരു മാന്യവനിതയോ അഭിജാതമായൊരു കുടുംബത്തിൽ ജനിച്ചവളോ ‘ചിലരുടെ’ കണ്ണിൽ സ്വീകാര്യതയ്ക്കുവേണ്ടി ബദ്ധപ്പെടുന്നവളോ കാമുകിയായി പ്രത്യക്ഷപ്പെട്ടാൽ, അവൾക്കുവേണ്ടിമാത്രം, ആ സുഹൃദ്വലയത്തിലേയ്ക്കു വീണ്ടും അദ്ദേഹം തിരിച്ചുചെല്ലും. “ഇന്നേതായാലും വൈകുന്നേരം സ്വാനിനെ കാത്തിരിയ്ക്കേണ്ട കാര്യമില്ല“, ചില സുഹൃത്തുക്കൾ പറയും, “ഒപ്പേറയിൽ അദ്ദേഹത്തിന്റെ വക സൽക്കാരമുണ്ടെന്നു കേട്ടില്ലേ?“. വിരുന്നിനോ ചീട്ടുകളിയ്ക്കാനോ പതിവായി പോകുന്ന വീടുകളിൽ സാധാരണക്കാർക്കു പൊതുവേ പ്രവേശനമില്ലാത്ത സ്വീകരണമുറിയിൽ സ്വന്തം കാമുകിയ്ക്കുള്ള ക്ഷണം എന്തായാലും അദ്ദേഹം മുൻകൂട്ടി ഉറപ്പാക്കിയിരിയ്ക്കും. മിക്കവാറും വൈകുന്നേരങ്ങളിൽ കറുത്തിരുണ്ട മുടിയിഴകൾ ചെറുതായൊന്നു 'തലോടി' മിഴിവു വരുത്തി, കുപ്പായക്കുടുക്കിലൊരു പനിനീർപ്പൂവു തിരുകി, കണ്ണുകളിൽ വികാരതീക്ഷ്ണത നിറച്ച് അദ്ദേഹം അത്തരം കുടുംബങ്ങളിൽ താമസിയ്ക്കുന്ന കാമുകിയെ സന്ദർശിയ്ക്കാൻ പുറപ്പെടും. ആതിഥേയരോടു കൃത്യമായി അളന്നുകുറിച്ചു മാത്രമേ അദ്ദേഹം സംസാരിയ്ക്കാറുള്ളൂ; പക്ഷേ അവർ ചൊരിയുന്ന ആദരവും പ്രശംസയും, പ്രത്യേകിച്ചും കാമുകിയുടെ സാന്നിദ്ധ്യത്തിൽവെച്ചു, കേൾക്കുമ്പോൾ ലൗകികജീവിതത്തിൽ തീർത്തും അസുലഭമായൊരു നിർവൃതി അദ്ദേഹം അനുഭവിച്ചിരുന്നു. ഈയിടെയായി ചെറിയ മടുപ്പു തോന്നാൻ തുടങ്ങിയിരുന്നെങ്കിലും സഹജമായ പ്രണയകാമന, സ്വയം തൊടുത്തുവിട്ട മഴവില്ലിന്റെ വർണാഭയോടെ, പുതിയൊരു പരിവേഷത്തിന്റെ അപൂർവചാരുതയോടെ, അവതരിയ്ക്കുന്നതായി അദ്ദേഹം കണ്ടറിഞ്ഞു.

യദൃച്ഛയാ കണ്ണിൽപ്പെട്ട മുഖം ആകർഷകമായി തോന്നിയതുകൊണ്ടു പ്രത്യേകിച്ചൊരു പരിശ്രമവും കൂടാതെ രൂപപ്പെട്ടു വന്ന സ്വപ്നങ്ങളുടെ സാക്ഷാത്ക്കാരങ്ങളായിരുന്നു, സ്വാനിന്റെ ഓരോ പ്രണയാസക്തിയും. പക്ഷേ, ഒരു ദിവസം നാടകശാലയിൽവെച്ചു പഴയൊരു സു

ഹ്‌ത്ത്, സ്വാനുമായി ബന്ധം പുലർത്താൻ സകല സാദ്ധ്യതകളുമുള്ള ഓദത്തിനെ, വശീകരണനിപുണയെന്നു വിശേഷിപ്പിച്ചുകൊണ്ടുതന്നെ, പരിചയപ്പെടുത്തിയതു പതിവിൽനിന്നു വ്യത്യസ്തമായ ഒരനുഭവമായി അദ്ദേഹത്തിനു തോന്നി. പുറമേയ്ക്കു കാണുന്നതുപോലെ എളുപ്പത്തിൽ കീഴടക്കാവുന്നവളല്ല മാഡം ക്രേസിയെന്നു പൊതുവേ ബോദ്ധ്യമുള്ളതുകൊണ്ടാണു പരിചയപ്പെടുത്തലിന്റെ പ്രത്യേകാനുകൂല്യം അദ്ദേഹത്തിനു ലഭിച്ചത്. സ്വാനിന്റെ നോട്ടത്തിൽ അവളുടെ സൗന്ദര്യം തീരെ മോശമായിരുന്നില്ല. പക്ഷേ, വിഷയാസക്തി ജനിപ്പിയ്ക്കാൻ ശേഷിയില്ലാതെ, ശാരീരികമായ അകൽച്ച തോന്നിയ്ക്കുന്ന വിധം നിസ്സംഗമായിരുന്നു, ആ സൗന്ദര്യം! ഇന്ദ്രിയങ്ങളുടെ ആഗ്രഹങ്ങൾക്കു നേർവിപരീതമായൊരു അനുഭവമുണ്ടാക്കുന്ന അവളുടെ ആകാരവടിവ് സൂക്ഷ്മവും സുദൃഢവുമായിരുന്നു; ചർമ്മഭംഗി അതിലോലമായിരുന്നു; കവിളുകൾ വ്യക്തമായി തള്ളിനിന്നിരുന്നു; അംഗോപാംഗങ്ങൾക്കു പൊരുത്തമുണ്ടായിരുന്നു; നീണ്ടിരുണ്ട കണ്ണുകൾ വിശാലമായിരുന്നു; സഹജഭാരം മൂലം താഴോട്ടു കനംതൂങ്ങി നിന്ന അവളുടെ കൺപോളകൾ മുഖത്തൊരു അസ്വസ്ഥതയുടെ നിഴൽ പടർത്തി. ആദ്യത്തെ പരിചയപ്പെടലിനുശേഷം കുറച്ചു ദിവസം കഴിഞ്ഞപ്പോൾ, സ്വാനിന്റെ കലാശേഖരം കാണാൻ മോഹമുണ്ടെന്നു സൂചിപ്പിച്ച് ഓദത്ത് അദ്ദേഹത്തിനൊരു കത്തെഴുതി. അങ്ങനെയൊരു സന്ദർശനം 'സുന്ദരവസ്തുക്കളിൽ കമ്പമുള്ള വിവരദോഷി'യായ തനിയ്ക്കു രസകരമായൊരു അനുഭവമായി മാറുമെന്നും 'വീട്ടിൽ തനിച്ചിരുന്നു ചായ കുടിയ്ക്കുകയും പുസ്തകം വായിയ്ക്കുകയും ചെയ്യുന്ന' അദ്ദേഹത്തെ അടുത്തറിയാൻ ആ സന്ദർഭം ഉപകരിയ്ക്കുമെന്നും അവളെഴുതി. 'കുലീനർക്കും അഭിജാതർക്കും യോജിയ്ക്കാത്തവിധം' പട്ടണത്തിലെ മനം മടുപ്പിയ്ക്കുന്ന ഭാഗത്ത് അദ്ദേഹത്തെ കാണാനിടയായതിലുള്ള ആശ്ചര്യവും അവൾ മറച്ചുവെച്ചില്ല. മുൻകൂട്ടി അനുവാദം വാങ്ങി വീട്ടിൽ കുറച്ചു സമയം ചിലവഴിച്ചു വിട പറയുമ്പോൾ, ചിരകാലമായി അന്വേഷിയ്ക്കുന്ന ജീവിതത്തിന്റെ അർത്ഥം നേരിട്ടു കണ്ടെത്താൻ കഴിഞ്ഞതിൽ സ

ന്തോഷവതിയാണെന്ന് അവൾ ഭംഗിവാക്കും പറഞ്ഞു; ഒരുമിച്ചു ചിലവഴിച്ച അമൂല്യമായ നിമിഷങ്ങൾ പെട്ടെന്നു കടന്നുപോയതിൽ ദു:ഖമുണ്ടെന്നും വിചിത്രമായൊരു ജന്മാന്തരബന്ധത്തിന്റെ അടങ്ങാത്ത ആസക്തി അവൾക്കു തന്നോടുണ്ടെന്നും കൂടി പറഞ്ഞു കേട്ടപ്പോൾ സ്വാനിനു സ്വയം ഉള്ളു തുറന്നു ചിരിയ്ക്കാതിരിയ്ക്കാൻ കഴിഞ്ഞില്ല. പക്ഷേ, വൈരാഗ്യചിന്ത പതുക്കെ മനസ്സിലേയ്ക്കു കടന്നുവരുന്ന പ്രായത്തിൽ, പ്രത്യേകിച്ചൊരു പ്രതീക്ഷയുമില്ലാതെ, സ്നേഹത്തിന്റെ സുഖത്തിനായി മാത്രം സ്നേഹിച്ചു സംതൃപ്തിയടയാൻ അദ്ദേഹത്തിനു കഴിഞ്ഞു. എങ്കിലും പ്രണയം ഒരാവശ്യമായി മാറുന്ന കൗമാരത്തിൽ അത്തരം സ്നേഹബന്ധങ്ങൾ സ്വാഭാവികലക്ഷ്യത്തിലേയ്ക്കു നീങ്ങുന്നില്ലെങ്കിൽ, വളരെ ശക്തമായ വികാരങ്ങളായിരിക്കും പുറത്തേയ്ക്കു വിടുന്നത്; അവയുടെ സ്വാധീനത്തിൽ സ്നേഹബദ്ധരാകുന്നവർ സ്വാഭാവികമായ പ്രണയത്തിൽ ചെന്നു ചാടുകയും ചെയ്യും; അന്നു പ്രണയിനിയുടെ ഹൃദയം പൂർണമായും നമ്മുടെ അധീനത്തിലായിരിയ്ക്കണമെന്നു നാം ചിന്തിയ്ക്കും; കുറച്ചുകൂടി കഴിഞ്ഞാൽ ആ ഹൃദയം നമ്മുടെ അധീനതയിലാണെന്ന ചിന്ത മാത്രം മതി, നമുക്കവളുമായി സ്നേഹബന്ധം പുലർത്താൻ! ആത്മനിഷ്ഠമായ ആനന്ദമാണു പ്രണയത്തിൽനിന്നു പലരും പ്രതീക്ഷിയ്ക്കുന്നത്; പക്ഷേ, പ്രണയത്തിന്റെ മുക്കാൽപങ്കും സ്ത്രൈണതയോടുള്ള അഭിരുചിയായി കാണുന്ന അൻപതാമത്തെ വയസ്സിൽ കാമാധിഷ്ഠിതമല്ലാത്ത ശുദ്ധമായ രൂപത്തിലാണു പ്രണയഭാവം പ്രത്യക്ഷപ്പെടുന്നത്. അതിനിടയിൽ ഒന്നിലേറെ തവണ പ്രണയത്തിലെ വിഷകീടങ്ങളുടെ കടിയേറ്റു ചിലരെങ്കിലും ചകിതരായി കഴിഞ്ഞിരിയ്ക്കും. അപ്പോൾ നിഷ്ക്രിയമായ അവരുടെ ഹൃദയത്തിൽ പ്രണയം ദുർഗ്രഹവും മാരകവുമായ നിയമങ്ങൾക്കു വിധേയമായി പുറമേയ്ക്കു വെളിപ്പെടാതെ കിടക്കും; ഓർമ്മകളും സൂചനകളും തെറ്റിദ്ധരിപ്പിയ്ക്കപ്പെടും; ഓർമ്മയിൽനിന്നു പുറത്തെടുത്ത സൂചനയുടെ ബലത്തിൽ ബാക്കിയുള്ളതെല്ലാം പുന:സൃഷ്ടിയ്ക്കപ്പെടും; മനസ്സിൽ സു

വ്യക്തമായി എഴുതിയിരിയ്ക്കുന്ന പ്രണയമന്ത്രം പൂർണമായും ഹൃദിസ്ഥ മാക്കി ആദ്യത്തെ വരി ആലപിയ്ക്കാൻ നമുക്കൊരു പ്രണയിനിയുടെ സാന്നിദ്ധ്യം ആവശ്യമില്ല; പക്ഷേ, തുടർന്നുള്ള വരികൾ ഓർത്തെടു ക്കാൻ മിക്കവാറും അവളുടെ സൗന്ദര്യത്തോടുള്ള ആരാധനമാത്രം മ തിയാകും; അവൾ പാടിത്തുടങ്ങുന്ന ഈരടിയുടെ ആദ്യത്തെ അർദ്ധ വിരാമത്തിൽ, നിശ്ശബ്ദമായൊരു മൗനത്തിന്റെ സന്ദിഗ്ധതയില്ലാതെ, പിന്നണി പാടാൻ തക്കവണ്ണം നമ്മുടെ ഹൃദയത്തിന്റെ ശ്രുതിയും താ ളവും ഒന്നായി ചേർന്നു കഴിഞ്ഞിരിയ്ക്കും!

ഓദത്ത് വീണ്ടും സ്വാനിനെ കാണാനെത്തി. പതുക്കെപ്പതുക്കെ ആ വരവിന്റെ ഇടവേള കുറഞ്ഞു വന്നു. ഓരോ സന്ദർശനം കഴിയു മ്പോഴും യുവത്വത്തിനു യോജിയ്ക്കാത്ത വികാരങ്ങളുമായി മാറിമറിയു ന്ന അവളുടെ മുഖഭാവം കൃത്യമായി ഓർത്തെടുത്ത് ഒരു തീരുമാന ത്തിലെത്താൻ കഴിയാതെ സ്വാൻ നിരാശനായി. മുഖത്തു നോക്കി സംസാരിയ്ക്കുന്ന അവളുടെ സൗന്ദര്യം സത്യത്തിൽ താനാരാധിയ്ക്കുന്ന തരത്തിൽപ്പെട്ടതല്ലെന്നു കണ്ടു പലപ്പോഴും അദ്ദേഹത്തിനു ഖേദം തോന്നി. ഇടതുകവിളിന്റെ മേൽഭാഗവും നെറ്റിയും മറയ്ക്കുന്ന മുടിയിഴ കൾ ചെവികൾക്കു മീതെ ചുരുളുകളായി വീഴുന്നവിധം വിടർത്തിയിട്ട ഓദത്തിന്റെ മുഖം വളരെ കനം കുറഞ്ഞും മുൻപോട്ടുയർന്നും കാണ പ്പെട്ടു. മാത്രമല്ല, പാരീസിലെ പരിഷ്ക്കൃതരീതികൾക്കനുസരിച്ചു ന ന്നായി വേഷവിധാനം ചെയ്തിട്ടും അവളുടെ അസൂയാർഹമായ ആ കാരവടിവിനൊരു തുടർച്ച കണ്ടെത്താൻ സ്വാനിനു കഴിഞ്ഞില്ല. ക മാനാകൃതിയിൽ വിടരുന്ന മേൽക്കുപ്പായത്തിനു തൊട്ടുതാഴെ പുറ ത്തേയ്ക്കു തള്ളി നിൽക്കുന്ന പാവാടയുടെ ഞൊറികൾ തീർത്തും വില ക്ഷണമായി വിവിധഭാഗങ്ങൾ ചേർത്തു പിടിപ്പിച്ച കളിപ്പാവകളെ പ്പോലെ തോന്നിച്ചു. തയ്യൽക്കാരന്റെ ഭ്രാന്തമായ ഭാവനകളും വസ്ത്ര ത്തിന്റെ അയവില്ലായ്മയും മൂലം ഒന്നിനൊന്നു വിട്ടു തുന്നിയ നാടകളും കസവുതൊങ്ങലുകളും ജീവനുള്ള ഒരു ശരീരവുമായി ബന്ധമുണ്ടെന്നു തോന്നാത്തവിധം അവിടവിടെ നാനാവിധമായി ചിതറിക്കിടന്നു.

ചുരുക്കത്തിൽ, വിലപിടിച്ച വേഷവിധാനങ്ങളുടെ വാസ്തുവിദ്യ അവ ളുടെ ശരീരത്തെ അയഞ്ഞ വേഷത്തിൽ പൂർണമായി മറയ്ക്കുകയോ അതല്ലെങ്കിൽ ഇറുകിയ കുടുക്കുകളിട്ടു ശ്വാസം മുട്ടിയ്ക്കുകയോ ചെയ്തു.

അടുത്ത തവണ കാണുന്നതുവരെയുള്ള ഇടവേള എത്ര മന്ദഗതി യിലായിരിയ്ക്കും നീങ്ങുന്നതെന്ന വിഷാദത്തോടെ പിരിഞ്ഞുപോയ ഓദത്തിനെക്കുറിച്ചോർത്തു സ്വാൻ സ്വയം ചിരിച്ചു. യാത്ര പറയു മ്പോൾ അടുത്ത സമാഗമം പതിവുപോലെ നീണ്ടുപോവില്ലെന്ന പ്ര തീക്ഷയോടെ അവൾ, ചെറിയൊരു ആകാംക്ഷയും യാചനയും നിഴ ലിയ്ക്കുന്ന കണ്ണുകൾ അദ്ദേഹത്തിന്റെ മുഖത്തു തെല്ലിട തറപ്പിച്ചു നിർ ത്തി; അപ്പോൾ, കറുത്ത നാടകൊണ്ടു ബലമായി ബന്ധിച്ചിരുന്ന അ വളുടെ മാറിടം വികാരതീക്ഷ്ണതയിൽ വിജൃംഭിയ്ക്കുന്നതു സ്വാൻ കണ്ടു. അവളദ്ദേഹത്തോടു പ്രലോഭനസ്വരത്തിൽ പറഞ്ഞു: “അപ്പോൾ.., താ ങ്കൾ ഒരിയ്ക്കൽപ്പോലും എന്റെ വീട്ടിൽ ചായ കുടിയ്ക്കാൻ വരില്ലെ ന്നോ?“. വെർമീറിന്റെ 'ഡെൽഫ്റ്റിലെ ദൃശ്യ'ത്തെക്കുറിച്ച് ഒരു വർ ഷം മുമ്പേ തുടങ്ങിവെച്ച ലേഖനം പൂർത്തിയാക്കാനുണ്ടെന്നു പറഞ്ഞ് അദ്ദേഹം ഒഴിഞ്ഞുമാറാൻ ശ്രമിച്ചു. “അത്തരം വിഷയങ്ങളിൽ എ നിയ്ക്കു യാതൊരു വിവരവുമില്ല. താങ്കളുമായി താരതമ്യം ചെയ്യുമ്പോൾ യാതൊന്നിനും കൊള്ളാത്ത, നാടോടിക്കഥകളിൽ പറയുന്നപോലെ ഒരു കിണറ്റിലെ തവളയാണു ഞാൻ! പക്ഷേ, എനിയ്ക്കു കാര്യങ്ങൾ പ ഠിച്ചറിയാനുള്ള വിരുതും വീണ്ടുമൊരു വിദ്യാർത്ഥിയാകാനുള്ള മോ ഹവുമുണ്ട്; അതേ സമയം, പഴകിപ്പിഞ്ഞിയ കടലാസിൽ മുഖം പൂഴ് ത്തി പുസ്തകപ്പുഴുവായി ജീവിയ്ക്കാൻ താൽപ്പര്യവുമില്ല!“. അഴുക്കു പറ്റുമെ ന്നു പേടിയ്ക്കാതെ വിരലുകൾ 'കറിയിൽ മുക്കി' പാചകം ചെയ്യുന്ന ചുറു ചുറുക്കുള്ള ഒരു യുവതിയുടെ ആത്മവിശ്വാസത്തോടെ അവൾ തുടർ ന്നു: “താങ്കളെന്നെ പരിഹസിച്ചു ചിരിയ്ക്കുമായിരിയ്ക്കും. പക്ഷേ നമ്മെ തമ്മിൽ അകറ്റുന്ന ആ ചിത്രകാരനെക്കുറിച്ചു ഞാനൊന്നും കേട്ടിട്ടില്ല. അദ്ദേഹം ഇപ്പോഴും ജീവിച്ചിരിപ്പുണ്ടോ? പാരീസിലെവിടെയെങ്കി

ല്യം അദ്ദേഹത്തിന്റെ ചിത്രങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ടോ? മറ്റൊന്നിനു മല്ല, താങ്കളുടെ തലയ്ക്കകത്തു നടക്കുന്ന വിചാരങ്ങളെക്കുറിച്ചൊരു ധാരണയുണ്ടാകാൻവേണ്ടി മാത്രം! അങ്ങനെയെങ്കിലും താങ്കളെ സഹായിയ്ക്കാൻ കഴിയുന്നതു ഞാൻ ജന്മസാഫല്യമായി കരുതുന്നു!".

പുതിയൊരു സൗഹൃദം തുടങ്ങുന്നതിന്റെ ഓരോ പങ്കപ്പാടുകൾ, ധീരോദാത്തനായൊരു നായകനെപ്പോലെ, സവിസ്തരം വിവരിച്ചു സ്വാൻ വീണ്ടും ഒഴിഞ്ഞുമാറാൻ ശ്രമിച്ചു. "എന്ത്, പ്രണയിയ്ക്കാൻ താങ്കൾക്കു ഭയമാണെന്നോ? മറ്റൊന്നും ആഗ്രഹിയ്ക്കാതെ ഒരിറ്റു സ്നേഹത്തിനുവേണ്ടി സർവസ്വവും സമർപ്പിച്ചു ഞാൻ തയാറായി നിൽക്കുമ്പോൾ, ഇതെത്ര വിചിത്രം!" സ്വാനിന്റെ ഹൃദയത്തെ വശീകരിച്ചു വീഴ്ത്തുന്ന നിശ്ചയദാർഢ്യവും സ്വാഭാവികതയും ഒരുപോലെ ചാലിച്ച് അവൾ തുടർന്നു. "ഒരുപക്ഷേ, മുമ്പൊരിയ്ക്കൽ മറ്റൊരു സ്ത്രീ താങ്കളെ വല്ലാതെ വേദനിപ്പിച്ചിട്ടുണ്ടായിരിയ്ക്കണം. അങ്ങനെ ബാക്കിയുള്ളവരും അവളെപ്പോലെ സ്വാർത്ഥമതികളാണെന്നു താങ്കൾ കരുതുന്നു. അവൾക്കു താങ്കളുടെ പ്രത്യേകത മനസ്സിലാക്കാൻ കഴിഞ്ഞില്ല, അതാണു സത്യം! ഒരുപക്ഷേ ആദ്യത്തെ കാഴ്ചയിൽത്തന്നെ എനിയ്ക്കു താങ്കളെ ഇഷ്ടപ്പെട്ടതിനു കാരണവും അതായിരിയ്ക്കണം. താങ്കളൊരിയ്ക്കലും മറ്റുള്ളവരെപ്പോലെയല്ലെന്നു ഞാനൊരു മാത്രയിൽ മനസ്സിലാക്കി!".

"മാത്രമല്ല, നിങ്ങൾക്കൊരുപാട്..," സ്വാൻ വീണ്ടും ഒഴിഞ്ഞുമാറാൻ ശ്രമിച്ചു. "സ്ത്രീകളെക്കുറിച്ചു പലതും എനിയ്ക്കറിയാം. നിങ്ങൾക്കൊരുപാടു കാര്യങ്ങളുണ്ടാവും.., ഒരൊഴിവുമില്ലാതെ..!".

"എനിയ്ക്കോ? എനിയ്ക്കുമാത്രമായി ഞാനൊരിയ്ക്കലും ഒന്നും ചെയ്യാറില്ല. പരിപൂർണസ്വതന്ത്രയാണു ഞാൻ. താങ്കൾ ആഗ്രഹിയ്ക്കുന്നെങ്കിൽ ഞാനെപ്പോഴും സ്വതന്ത്രയായിരിയ്ക്കുകയും ചെയ്യും. രാത്രിയോ പകലോ എപ്പോഴായാലും എന്നെ കാണാൻ തോന്നുമ്പോൾ ഒരാളെ പറഞ്ഞയച്ചാൽ മതി! ഈ വീട്ടിലേയ്ക്കു വരാൻ എനിയ്ക്കെന്നും സന്തോഷമേയുള്ളൂ. പക്ഷേ, എന്റെ ഒരഭ്യുദയകാംക്ഷിയായ മാഡം വെർഡുരി

നെ താങ്കളുമായി പരിചയപ്പെടുത്താൻ എനിയ്ക്കൊരാഗ്രഹമുണ്ട്. ദിവസവും വൈകുന്നേരം ഞങ്ങളൊന്നിച്ചു കൂടും. മാഡം വെർഡൂരിന്റെ വീട്ടിൽ എനിയ്ക്കുവേണ്ടി താങ്കൾ വരുന്നതിനെക്കുറിച്ചു ചിന്തിയ്ക്കുന്നതുതന്നെ സന്തോഷകരമായൊരു അനുഭവമായി തോന്നുന്നു!".

വീട്ടിൽ ഒറ്റയ്ക്കിരുന്ന് ഓദത്തിനെക്കുറിച്ചു ചിന്തിയ്ക്കുമ്പോൾ, അവരുടെ സംഭാഷണങ്ങൾ ഓരോന്നായി ഓർത്തെടുക്കുമ്പോൾ, തന്റെ സ്വപ്നങ്ങളിൽ കടന്നുവരാറുള്ള നിരവധി സ്ത്രീകളിൽനിന്ന് അവളുടെ മുഖം മാത്രമായി സ്വാൻ ഒന്നിലേറെ തവണ പുറത്തെടുത്തു പരിശോധിച്ചു. അപ്പോൾ അതുവരെ മനസ്സിൽ ഉറങ്ങിക്കിടന്ന ഒരു വിശേഷവികാരം അദ്ദേഹത്തിനു പെട്ടെന്നു വെളിവായി വന്നു. മാത്രമല്ല, മറ്റു ചില സാഹചര്യങ്ങളുടെ സ്വാധീനത്തിൽ, സ്വപ്നങ്ങൾക്കു നിറം പകരുന്ന ഓദത്തിന്റെ രൂപസൗഭഗം അദ്ദേഹത്തിന്റെ മനസ്സിൽ തെളിഞ്ഞു വന്നു. ഒരിയ്ക്കലും മായ്ക്കാനാവാത്തവിധം സുദൃഢമായ ആ ചിന്തയ്ക്കു നിദാനമായതു സത്യത്തിൽ ശാരീരികമായ ഒരാരാധനയായിരുന്നു; അതുകൊണ്ട് അവളോടു തുടർന്നുണ്ടായ ആവേശങ്ങളോരോന്നും ജന്മവാസനകളെ മറികടന്നും അദ്ദേഹം പരിലാളിയ്ക്കാൻ തുടങ്ങി.

എന്റെ മുത്തച്ഛൻ വർഷങ്ങൾക്കുമുമ്പു യാദൃച്ഛികമായി വെർഡൂരിൻ കുടുംബവുമായൊരു വേഴ്ച തുടങ്ങിവെച്ചിരുന്നു. പക്ഷേ ബൊഹീമിയൻ പ്രകൃതക്കാരുമായുള്ള സമ്പർക്കത്തെത്തുടർന്നു സമ്പാദ്യം നഷ്ടപ്പെട്ടു സമൂഹത്തിൽ തരം താഴ്ത്തപ്പെട്ട അവരുമായി മുത്തച്ഛൻ പിന്നീടു തീരെ ബന്ധപ്പെട്ടിരുന്നില്ല. മാഡം വെർഡൂരിനെ പരിചയപ്പെടാൻ മദ്ധ്യസ്ഥത വഹിയ്ക്കണമെന്ന അഭ്യർത്ഥനയുമായി അതിനിടെ സ്വാനിന്റെ ഒരു കത്തു മുത്തച്ഛനു ലഭിച്ചു. "ജാഗ്രത! ജാഗ്രത!", കത്തു വായിയ്ക്കുന്നതിനിടയിൽ മുത്തച്ഛൻ ഉറക്കെ വിളിച്ചുപറഞ്ഞു, "എനിയ്ക്കത്ഭുതം തോന്നുന്നില്ല, ഇങ്ങനെ കത്തിത്തീരാൻ വിധിയ്ക്കപ്പെട്ടവനാണു സ്വാൻ!. കഷ്ടം, ഒരുവക കൂട്ടർ...! ഒന്നാമത്, ഇപ്പറയുന്നയാളെ എനിയ്ക്കറിയില്ല. ഇതിലെവിടെയോ ഒരു സ്ത്രീകൂടിയുണ്ടെന്നാണു ഞാൻ ക

രുതുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ ഇടപെടാൻ എനിയ്ക്കാവില്ല. നോക്കാം, സ്വാൻ വെർഡ്യുരിൻകാരുടെ പിന്നാലെ കൂടിയാൽ നമുക്കിനിയും ചില തമാശകളൊക്കെ കാണാം!"

മദ്ധ്യസ്ഥത വഹിയ്ക്കുന്നതിൽനിന്നു മുത്തച്ഛൻ പിന്മാറിയതിനു പിന്നാലെ ഓദത്തുതന്നെ സ്വാനിനെ വെർഡ്യുരിൻകുടുംബത്തിലേയ്ക്കു കൂട്ടിക്കൊണ്ടു പോകാൻ തീരുമാനിച്ചു.

വെർഡ്യുരിൻകുടുംബത്തിലെ സുഹൃദ്സദസ്സിൽ ആദ്യമായി സ്വാൻ പ്രത്യക്ഷപ്പെട്ട ദിവസം, വെർഡ്യുരിനും മാഡം വെർഡ്യുരിനും ഡോക്ടർ കോത്താർഡും ഭാര്യയും ചെറുപ്പക്കാരനായ പിയാനിസ്റ്റും അയാളുടെ അമ്മായിയും വിശിഷ്ടാതിഥിയായ ചിത്രകാരനും പുറമേ, വൈകുന്നേരമായപ്പോൾ അത്താഴത്തിനു ചില അടുത്ത 'വിശ്വസ്ത'രും സന്നിഹിതരായിരുന്നു.

മറ്റുള്ളവർ കളിയാണോ കാര്യമാണോ പറയുന്നതെന്നു മനസ്സിലാക്കാൻ കഴിയാത്ത ഡോക്ടർ കോത്താർഡ്, സ്വന്തം അഭിപ്രായം ഏതു ഭാവത്തിലും സ്വരത്തിലുമാണു പ്രകടിപ്പിയ്ക്കേണ്ടതെന്നു തീരുമാനിയ്ക്കാനാവാതെ പലപ്പോഴും വല്ലാതെ കഷ്ടപ്പെടുന്നതു കാണാം. അതുകൊണ്ട് നേരേ വരുന്ന ഒരഭിപ്രായം നിരർത്ഥകമാണെന്നു തോന്നിയാൽ, വെറുമൊരു വിഡ്ഢിയായി ചിത്രീകരിയ്ക്കപ്പെടുന്ന സാദ്ധ്യത ഒഴിവാക്കാൻ വേണ്ടി മുഖത്തു കൃത്രിമമായൊരു പുഞ്ചിരിയുടെ പ്രതീക്ഷ നിലനിർത്താൻ അദ്ദേഹം ശ്രമിയ്ക്കും. അതേസമയം, നേർവിപരീതമായ സാദ്ധ്യതയാണു നേരിടേണ്ടതെങ്കിൽ ആ പുഞ്ചിരി തന്റെ സ്ഥായീഭാവമായി തെറ്റിദ്ധരിയ്ക്കാൻ അനുവദിയ്ക്കാതെ, ഒരനിശ്ചിതത്വത്തിന്റെ നിഴലിൽ 'നിങ്ങളതല്ലേ സത്യത്തിൽ ഉദ്ദേശിച്ചതെ'ന്ന ചോദ്യഭാവവും ആ മുഖത്തുനിന്നു നമുക്കു വായിച്ചെടുക്കാം. സൗഹൃദസദസ്സിൽ മാത്രമല്ല, തെരുവിലും ജീവിതത്തിലും എങ്ങനെയാണു മര്യാദ പാലിച്ചു പെരുമാറേണ്ടതെന്ന സന്ദേഹം ഒരിയ്ക്കലും അദ്ദേഹത്തെ അലട്ടാറില്ല. വഴിയേ നടന്നു പോകുന്നവരോടും വണ്ടിയിൽ ഇരിയ്ക്കുന്നവരോടും വിരുന്നിൽ പങ്കെടുക്കുന്നവരോടും ഒരുപോലെ കൈ

യുയർത്തി അഭിവാദ്യമർപ്പിയ്ക്കുമ്പോൾ ആ മുഖത്തു വിടരുന്ന മന:പൂർവമായ പുഞ്ചിരി, സന്ദർഭത്തിനു തീരെ യോജിയ്ക്കാതെ വന്നാൽ തുടർന്നു നടക്കാനിടയുള്ള അനൗചിത്യപരമായ പെരുമാറ്റങ്ങൾക്കു മുൻകൂറായ മാപ്പപേക്ഷയായും അഥവാ മറ്റുള്ളവർക്കു മനസ്സിലാകാത്ത സ്വകാര്യമായൊരു പരിഹാസത്തിന്റെ രുചികരമായ ആസ്വാദനമായും അദ്ദേഹം വ്യാഖ്യാനിയ്ക്കും.

എങ്കിലും സംഭാഷണങ്ങൾക്കിടയിൽ ലളിതമായൊരു ചോദ്യം അനുവദനീയമാണെന്നു ബോദ്ധ്യപ്പെട്ടാൽ അജ്ഞതയുടെ അതിരുകൾ കടന്നു സ്വയം വിദ്യാസമ്പന്നനായി മാറാനുള്ള പരിശ്രമങ്ങളിൽ അദ്ദേഹം ഒരിയ്ക്കലും അലംഭാവം കാണിയ്ക്കാറില്ല.

അതുകൊണ്ടു ഗ്രാമത്തിൽനിന്നു നഗരത്തിലേയ്ക്കു പോകുന്ന മകനോടു ബുദ്ധിമതിയായ അമ്മ നൽകുന്ന ഉപദേശമനുസരിച്ച്, ആദ്യമായി കേൾക്കുന്ന ഓരോ പ്രയോഗത്തിന്റേയും സർവനാമത്തിന്റേയും പൂർണമായ അർത്ഥവും സാംഗത്യവും മനസ്സിലാക്കാതെ ഒരിയ്ക്കലും അദ്ദേഹം വെറുതെ വിട്ടുകളയാറില്ല.

വാക്യങ്ങളേയും പ്രയോഗങ്ങളേയുംകുറിച്ചുള്ള ഡോക്ടർ കോത്താർഡിന്റെ ജിജ്ഞാസ അപരിമിതമായിരുന്നു. ഇടയ്ക്കിടെ ഉപയോഗിച്ചു കേൾക്കുന്ന പ്രയോഗങ്ങൾക്കു പലപ്പോഴും പ്രത്യക്ഷത്തിൽ അനുഭവപ്പെടുന്നതിനേക്കാൾ അധികമായൊരു അർത്ഥമുണ്ടെന്നു സങ്കൽപ്പിച്ച്, യഥാർത്ഥസൂചനയെക്കുറിച്ചു കൃത്യമായറിയാൻ അദ്ദേഹം തിടുക്കം കൂട്ടും; 'ചെകുത്താന്റെ സൗന്ദര്യം', 'നീലരക്തം', 'പൂച്ചയുടേയും പട്ടിയുടേയും ജീവിതം', 'വിധിനിർണായകമായ ദിവസം', ‘കൈവിട്ടു കളിയ്ക്കുക’, 'പരിഷ്ക്കാരത്തിന്റെ രാജ്ഞി', 'അഴിയാക്കുരുക്കിൽപ്പെടുക', തുടങ്ങിയ പ്രയോഗങ്ങൾ ഏതേതു സാഹചര്യങ്ങളിലാണു സംഭാഷണത്തിൽ ഉചിതമായി ഉൾപ്പെടുത്തേണ്ടതെന്ന് അദ്ദേഹം നിരന്തരം ആരാഞ്ഞുകൊണ്ടിരിയ്ക്കും. അതിനൊന്നും കഴിയാതെ വന്നാൽ സ്വയം ഉരുവിട്ടുറപ്പിച്ച 'പദകേളി'കളും ശ്ലേഷോക്തികളും അദ്ദേഹം നിർലോഭം പ്രയോഗിയ്ക്കും. ആരോ പറഞ്ഞുകേട്ട ഒരപരിചിതന്റെ

പേരു ചോദ്യരൂപേണ ആവർത്തിയ്ക്കുമ്പോൾ പ്രത്യേകമായൊരു അന്വേഷണം കൂടാതെതന്നെ മതിയായ വിശദീകരണം ലഭിച്ചതായി ചിലപ്പോൾ അദ്ദേഹത്തിനു തോന്നാറുണ്ട്.

നാമൊരാളെ വ്യക്തിപരമായി സഹായിയ്ക്കുമ്പോൾ, തീരെ വിശ്വസിയ്ക്കാൻ സാദ്ധ്യതയില്ലെന്ന പൂർണബോദ്ധ്യത്തോടെ, അയാളോടു നമുക്കാണു കടപ്പാടെന്നു തുറന്നു പറയാൻ കഴിയുന്ന സാംസ്കാരികമായ ഒരുതരം പരിശുദ്ധി, മിക്കവാറും സ്വഭാവരൂപവൽക്കരണത്തിന്റെ ഉദാത്തമായ ശൈലിയിൽനിന്നാണു പുറത്തു വരുന്നത്. അത്തരമൊരു പരിശുദ്ധി തൊട്ടു തെറിയ്ക്കാതെ, മറ്റുള്ളവർ പറയുന്നതെന്തും അക്ഷരാർത്ഥത്തിൽ മാത്രമെടുക്കുന്നതുകൊണ്ട് അദ്ദേഹത്തിന്റെ ജന്മസിദ്ധമായ വിമർശനബുദ്ധി പക്ഷേ ഒരിയ്ക്കലും ലക്ഷ്യത്തിൽ ചെന്നു തറയ്ക്കാറില്ല. അദ്ദേഹത്തിന്റെ അസാമാന്യമായ സാമർത്ഥ്യത്തിൽ അമിതവിശ്വാസം വെച്ചുപുലർത്തിയിരുന്ന മാഡം വെർഡുരിനു ചില സന്ദർഭങ്ങളിലെങ്കിലും ആ അപവാദങ്ങൾ തികഞ്ഞ സ്വൈരക്കേടിനു കാരണമാകാറുണ്ട്. സംഗീതക്കച്ചേരിയ്ക്കു സദസ്സിന്റെ മുൻനിരയിലിരിയ്ക്കുന്ന അവർ, തൊട്ടടുത്തു വന്നിരുന്ന ഡോക്ടറോട് ഉപചാരപൂർവം പറയും: "വന്നതു നന്നായി, സാറാ ബേൺഹാർഡിന്റെ സംഗീതം താങ്കൾ പലതവണ കേട്ടിരിയ്ക്കുമല്ലോ. നമ്മളിപ്പോൾ വേദിയോടു വല്ലാതെ അടുത്തുപോയോ എന്നൊരു സംശയം!" സദസ്സിലേയ്ക്കു കടന്നുവന്നപ്പോൾ സന്ദർഭത്തിന്റെ ഗൗരവം ആധികാരികതയോടെ ആരെയെങ്കിലും ബോദ്ധ്യപ്പെടുത്തുന്നതുവരെ മുഖത്തു മായാതെ സൂക്ഷിച്ച പുഞ്ചിരിയോടെ അദ്ദേഹം പറഞ്ഞു: "തീർച്ചയായും, നമ്മൾ വേദിയോടു പതിവിലേറെ അടുത്തു പോയി. മാത്രമല്ല, തൊള്ള തുറന്നു പാടുന്ന സാറാ ബേൺഹാർഡിന്റെ ശബ്ദം ഇവിടെയിരിയ്ക്കുമ്പോൾ തീരെ സഹിയ്ക്കാനും പറ്റുന്നില്ല. നിങ്ങൾ പറഞ്ഞതുകൊണ്ടാണു ഞാൻ വന്നത്; എന്നെ സംബന്ധിച്ചിടത്തോളം തടുക്കാനാവാത്ത ഒരു കൽപ്പനയാണു നിങ്ങളുടെ മോഹം! ഇതുപോലൊരു സൗമനസ്യം ചെയ്തു തരാൻ എനിയ്ക്കു സന്തോഷമേയുള്ളൂ; നിങ്ങളെ സന്തുഷ്ടയാക്കാ

ൻ ആരെന്താണ ചെയ്യാത്തത്? നിങ്ങളുടെ മഹത്വത്തിന്റെ സവി ശേഷതയാണത്!“ സജീവമായൊരു ചർച്ച പ്രതീക്ഷിയ്ക്കുന്നതുപോലെ അദ്ദേഹം തുടർന്നു, “സാറാ ബേൺഹാർഡ്! ഇവരെക്കുറിച്ചല്ലേ ദൈ വത്തിന്റ സ്വരമെന്നൊക്കെ ചിലർ പറയുന്നത്? നോക്കൂ, ചിലപ്പോ ഴൊക്കെ ഇവർ 'കപ്പലിനു തീ കൊളുത്തു'മെന്നും പറഞ്ഞു കേൾക്കു ന്നുണ്ട്. ഛെ, വിചിത്രമായൊരു പ്രയോഗം, അല്ലേ?“. പക്ഷേ, അദ്ദേ ഹം പ്രതീക്ഷിച്ചതുപോലെ പിന്നീടു യാതൊന്നും സംഭവിച്ചില്ല!

പരിപാടി കഴിഞ്ഞപ്പോൾ മാഡം വെർഡുരിൻ ഭർത്താവിനോടു സ്വകാര്യമായി പറഞ്ഞു, “നിങ്ങൾക്കറിയാമോ, ദൈനന്ദിനജീവിത വുമായൊരു ബന്ധവുമില്ലാത്ത ജ്യോതിശ്ശാസ്ത്രജ്ഞന്റെ ലോകത്താണ ഡോക്ടർ ജീവിയ്ക്കുന്നത്. ഒന്നിനെക്കുറിച്ചും ഒരു ധാരണയുമില്ലാത്ത അദ്ദേഹം നാം പറയുന്നതെന്തും വേദവാക്യമായി സ്വീകരിയ്ക്കും!“.

“എനിയ്ക്കു തോന്നായ്കയല്ല, നിന്നോടു തുറന്നു പറയാൻ ധൈര്യം വന്നില്ലെന്നുമാത്രം“, വെർഡുരിൻ പറഞ്ഞു. അടുത്ത നവവത്സരദിന ത്തിനു വെർഡുരിൻ മൂവായിരം ഫ്രാങ്ക് വിലമതിയ്ക്കുന്ന ഒരു മാണിക്യ ക്കല്ലിനു പകരം, വിലയൊന്നും കാര്യമല്ലെന്ന മട്ടിൽ, മുന്നൂറു ഫ്രാങ്കി ന്റെ ഒരു കൃത്രിമക്കല്ലു സമ്മാനമായി ഡോക്ടർക്കു നൽകി; മാത്രമല്ല, അത്തരത്തിലൊന്നു മറ്റൊരിടത്തും കണ്ടെത്താനാവില്ലെന്നു കൃത്യമാ യി അദ്ദേഹത്തെ പറഞ്ഞു ബോദ്ധ്യപ്പെടുത്തുകയും ചെയ്തു.

അന്നു വൈകുന്നേരം മാഡം വെർഡുരിർ എല്ലാവരും ആകാംക്ഷ യോടെ പ്രതീക്ഷിച്ചിരുന്ന സ്വാനിനെ നേരിട്ടു കാണാമെന്നു പ്രഖ്യാ പിച്ചപ്പോൾ, എന്തും നേരിടാൻ സന്നദ്ധനാണെന്നു സദാ അഭിമാനി യ്ക്കുകയും നിസ്സാരമായൊരു വാർത്തപോലും സസംഭ്രമം സ്വീകരിയ്ക്കുക യും ചെയ്യുന്ന ആ മനുഷ്യൻ, ആശ്ചര്യത്തോടെ മൃഗീയമായൊരു ശ ബ്ദത്തിൽ ആക്രോശിച്ചു: “സ്വാൻ...?“ ചോദ്യത്തിനാരും മറുപടി പറ യുന്നില്ലെന്നു കണ്ടു മത്തുപിടിച്ചതുപോലെ അദ്ദേഹം അലറി: “സ്വാ ൻ...! ആരാണ സ്വാൻ?“ മാഡം വെർഡുരിൻ പറഞ്ഞു: “നിങ്ങൾക്കറി

യില്ലേ? ഓദത്തിന്റെ സുഹൃത്ത്! അവളുടെ ക്ഷണം സ്വീകരിച്ചാണ് അദ്ദേഹം വരുന്നത്!". അതോടെ രംഗം ശാന്തമായി.

"നല്ലത്, വളരെ നല്ലത്, എങ്കിൽ എല്ലാം ശരിയായി!", ആവേശം പെട്ടെന്ന തണുത്തുറഞ്ഞുപോയ ഡോക്ടർ അഭിപ്രായപ്പെട്ടു. ചിത്രകാരനാകട്ടെ വെർഡുരിൻ സദസ്സിലേയ്ക്കുള്ള സ്വാനിന്റെ വരവ്, ഓദത്തിനോടുള്ള പ്രണയവുമായി ബന്ധപ്പെടുത്തിയാണ കണ്ടത്. കമിതാക്കളുടെ സംഗമത്തിനുവേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിൽ ദത്തശ്രദ്ധനായ അയാൾക്ക് ആവേശം അടക്കാനായില്ല. "ദല്ലാൾപണിപോലെ രസമുള്ള മറ്റൊരു തൊഴിലില്ല", അയാൾ ഡോക്ടറോടു സ്വകാര്യമായി പറഞ്ഞു. "ഞാനതിൽ വലിയ വിജയം കൊയ്യാറുണ്ട്, സ്ത്രീകൾക്കിടയിൽപ്പോലും!".

സ്വാൻ നല്ലൊരു 'രസിക'നാണെന്നുകൂടി വിശേഷിപ്പിച്ചതുവഴി ഓദത്ത്, സത്യത്തിൽ, മറ്റൊരു 'അരസികൻ' കടന്നുവരാനുള്ള സാദ്ധ്യതയെക്കുറിച്ച് വെർഡുരിൻകുടുംബത്തെ ഭയപ്പെടുത്തുകയാണ ചെയ്തത്. പക്ഷേ, നേരിൽ കണ്ടതോടെ എല്ലാവരും സ്വാനിനെക്കുറിച്ച് വലിയ മതിപ്പ് രേഖപ്പെടുത്തി. അവർ സ്വയം സമ്മതിച്ചില്ലെങ്കിലും ഉന്നതരുമായുള്ള സ്വാനിന്റെ സൌഹൃദമായിരുന്നു, അതിനൊരു പരോക്ഷമായ കാരണം. ബഹുമാന്യരുമായി ഇടപഴകിയതുമൂലം ലഭിയ്ക്കുന്ന സ്വാധീനത്തിന്റെ ആനുകൂല്യം അദ്ദേഹത്തിനു വേണ്ടതിലധികമുണ്ടായിരുന്നു. ബുദ്ധിയും സംസ്ക്കാരവുമുള്ളവർ പലപ്പോഴും തങ്ങളുടെ ഭാവനകൾക്കു പൊലിമ പകരുന്ന മോഹവും വിരക്തിയും നേരിൽക്കാണാൻ സമൂഹത്തിലേയ്ക്ക് ഇറങ്ങിച്ചെല്ലാതെ അവയെല്ലാം അപ്രസക്തമെന്നു പറഞ്ഞു തള്ളിക്കളയുകയാണ പതിവ്. അതേ സമയം, പൊങ്ങച്ചത്തിന്റെ കറ പുരളാതെ, സൗഹൃദത്തിന്റെ ബന്ധനങ്ങളിൽ നിന്നു മോചനം നേടിയവർ സമൂഹത്തിൽ അനായാസം ഇടപഴകുന്നതു നാം കാണാറുണ്ട്. പക്ഷേ, ശരീരത്തിലെ വിലക്ഷണമായ ചില അവയവങ്ങളെ നിശ്ചലമാക്കി നിർത്തുന്ന കായികാഭ്യാസിയുടെ മെയ്വഴക്കമായി മാത്രമേ നാമതിനെ കണക്കാക്കാറുള്ളൂ! അ

തുപോലെ അപരിചിതനായൊരു യുവാവിനെ പരിചയപ്പെടുത്തു മ്പോൾ, ലൗകികജീവിതത്തിൽ മുഴുകി ജീവിക്കുന്നവർ രണ്ടു കൈക ളും ഉപചാരപൂർവം നീട്ടി പ്രകടിപ്പിക്കുന്ന സൗഹൃദവും, ഒരു നയത ന്ത്രോദ്യോഗസ്ഥനെ പരിചയപ്പെടുത്തുമ്പോൾ ശരീരമാകെ വളച്ചു വ ണങ്ങുന്ന ആദരവും, ലളിതമായ ചില അംഗവിക്ഷേപങ്ങളോടെ സ്വാനിന്റെ സകല സമ്പർക്കഭാവങ്ങളിലും പ്രതിഫലിച്ചിരുന്നു. അ തുകൊണ്ട്, വെർഡുരിൻകുടുംബത്തെപ്പോലെ തരം താഴ്ന്നവരുമായി ഇടപഴകുമ്പോൾ ഒരു ജന്മവാസനപോലെ 'അരസിക'ർ മിക്കവാറും ഒഴിവാക്കാറുള്ള സൗഹൃദത്തിന്റെ ചില പ്രാരംഭകൃത്യങ്ങൾ സ്വാൻ തു ടങ്ങിവെയ്ക്കാറുണ്ട്. ഡോക്ടർ കോത്താർഡിനെ നേരിട്ടു കണ്ടപ്പോൾ, അദ്ദേഹം ഒരു നിമിഷം തരിച്ചു നിന്നു; പരസ്പരം സംസാരിക്കുന്നതിനു മുമ്പ്, ഡോക്ടറുടെ മുഖത്തു പ്രത്യക്ഷപ്പെട്ട വ്യംഗ്യാർത്ഥത്തിലുള്ള ഒരു പുഞ്ചിരി, എവിടെയോവെച്ചു കണ്ടു മറന്നതുപോലെ അദ്ദേഹത്തിനു തോന്നി. ഇടയ്ക്കു വല്ലപ്പോഴും സന്ദർശിക്കാറുള്ള 'കുപ്രസിദ്ധ'മായൊരു വീട്ടിൽവെച്ചു പരസ്പരം കണ്ടുമുട്ടാനിടയായ ഡോക്ടർ ഒരുപക്ഷേ ത ന്നെ തിരിച്ചറിഞ്ഞതായിരിക്കുമെന്നു സ്വാൻ തെറ്റിദ്ധരിച്ചു. പ്രത്യേകി ച്ചും ഓദത്തിന്റെ മുമ്പിൽവെച്ചു തന്നെക്കുറിച്ചുള്ള മതിപ്പ് നഷ്ടപ്പെടു ത്താൻ സാദ്ധ്യതയുള്ള ആ പരോക്ഷസൂചന കണ്ടറിഞ്ഞ ഉടനെ അ ദ്ദേഹം നിർവികാരമായൊരു ഭാവം മുഖത്തു ക്ഷണിച്ചു വരുത്തി. പക്ഷേ, അടുത്തിരുന്ന സ്ത്രീ മാഡം കോത്താർഡാണെന്നു മനസ്സിലാ യപ്പോൾ, ഭർത്താവ് ഭാര്യയുടെ മുമ്പിൽവെച്ച് ബോധപൂർവം അത്ത രമൊരു സൂചന നൽകാനിടയില്ലെന്നും അദ്ദേഹം തീരുമാനിച്ചു. അ തുകൊണ്ട്, ഡോക്ടറുടെ മുഖഭാവത്തിൽനിന്നു തുടക്കത്തിൽ തോന്നി യ സംശയം കൂടുതൽ വിശകലനത്തിനു വിധേയമാക്കാതെ സ്വാൻ പിന്തിരിഞ്ഞു. ചിത്രകാരൻ യാതൊരു മുഖവുരയും കൂടാതെ സ്വാനി നോട് ഒരു ദിവസം ഓദത്തിനേയും കൂട്ടി ചിത്രശാല കാണാൻ വര ണമെന്നു ക്ഷണിച്ചു. ചിത്രകാരന്റെ പെരുമാറ്റം സ്വാനിനു വളരെ ഹൃ

ദ്യമായി തോന്നി. പക്ഷേ, ആ സൗമനസ്യത്തിനെതിരെ കപടനീരസം ഭാവിച്ചു പൊടുന്നനെ മാഡം വെർഡുരിൻ, 'കോത്താർഡിന്റെ ഛായാചിത്രം കാണുമ്പോൾ എന്നേക്കാളേറെ ആഹ്ളാദം താങ്കൾക്കുണ്ടാകു'മെന്ന് ഇടയ്ക്കുകയറി പറഞ്ഞു. ആ ഛായാചിത്രം വരയ്ക്കാൻ നല്ലൊരു പാരിതോഷികം അവർ ചിത്രകാരനു നൽകിയിരുന്നു. ആ ദരിയ്ക്കപ്പെട്ടതിൽ അഭിമാനിയ്ക്കുന്ന ചിത്രകാരനെ നോക്കി അവർ ഓർമ്മപ്പെടുത്തി: "കണ്ണിന്റെ ആകർഷകത്വവും രസികത്വവും ചിത്രത്തിലേയ്ക്കു കൊണ്ടുവരാൻ അസാമാന്യമായൊരു പ്രതിഭതന്നെ വേണം! നിങ്ങൾക്കറിയാമല്ലോ, മുഖത്തേക്കാൾ ഞാനേറെ വില മതിയ്ക്കുന്ന ആ പുഞ്ചിരിയാണു സത്യത്തിൽ നിങ്ങളോടു പകർത്താൻ ആവശ്യപ്പെട്ടത്; ഒരു പുഞ്ചിരിയുടെ ചിത്രം!". ശ്രദ്ധേയമായൊരു പ്രയോഗമാണു താൻ നടത്തിയതെന്നു ബോദ്ധ്യം വന്നപ്പോൾ, അതിഥികളിൽ പരമാവധിപേർ കേൾക്കണമെന്ന ഉദ്ദേശത്തോടെ, എല്ലാവരേയും അടുത്തേയ്ക്കു വിളിച്ചു വരുത്തി അവർ പ്രസ്താവന ഒരിയ്ക്കൽക്കൂടി ആവർത്തിച്ചു. സദസ്യരെ മുഴുവൻ, വെർഡുരിൻകുടുംബത്തിലെ പഴയ സുഹൃത്തായ സാനിയേറ്റിനെപ്പോലും, സ്വാൻ പരിചയപ്പെടാൻ തയാറായി. ഉന്നതമായ കുടുംബവും സമ്പന്നമായ പൈതൃകവും പുരാതനലിപിവിജ്ഞാനീയത്തിലുള്ള അഗാധപാണ്ഡിത്യവും നൽകേണ്ട സ്വാഭാവികമായ ആത്മവിശ്വാസം, പക്ഷേ സഹജമായ ലജ്ജയും ലാളിത്യവും മൂലം സാനിയേറ്റിനു തീരെ പുറത്തെടുക്കാൻ കഴിഞ്ഞില്ല. അദ്ദേഹം സംസാരിയ്ക്കുമ്പോൾ സംഭ്രമത്തോടെ പുറത്തു വരുന്ന വാക്കുകൾ കേൾക്കാൻ രസകരമായിരുന്നു. സംസാരശൈലിയുടെ വൈകല്യം സ്വഭാവമായല്ല, വളർച്ചയെത്താത്ത നിഷ്ക്കളങ്കതയുടെ ബാക്കിപത്രമായാണു മറ്റുള്ളവർക്കു തോന്നിയത്. ഉച്ചരിയ്ക്കാനൊരു ശ്രമംപോലും നടത്താത്ത ഖരാക്ഷരങ്ങൾ അദ്ദേഹത്തിന്റെ സൗമ്യമായ അധരങ്ങൾക്കു പുറപ്പെടുവിയ്ക്കാൻ കഴിയാത്ത കഠോരശബ്ദങ്ങളായി മാറി. സാനിയേറ്റിനെ അടുത്തറിയണമെന്നു സ്വാൻ പ്രത്യേകം ആവശ്യപ്പെട്ടപ്പോൾ, വെർഡുരിൻ ആദരവോടെ 'ഇതാ ഞങ്ങളുടെ അടു

ത്ത സുഹൃത്തിനെ താങ്കളുടെ മുമ്പിൽ സമർപ്പിയ്ക്കുന്നു'വെന്ന പതിവു രീതി ഉപേക്ഷിച്ച്, സാനിയേറ്റിന്റെ മനസ്സിൽ തങ്ങളോടുള്ള കൃത ജ്ഞത തട്ടിയുണർത്താനാണ ശ്രമിച്ചത്. വെർഡ്യൂരിൻകുടുംബത്തെ പലപ്പോഴും അലോസരപ്പെടുത്താറുള്ള സാനിയേറ്റിനു സുഹൃത്തുക്ക ളെ സമ്പാദിച്ചു കൊടുക്കേണ്ട ബാദ്ധ്യത തങ്ങൾക്കില്ലെന്നു സ്വാനി നോടവർ തുറന്നു പറഞ്ഞില്ലെന്നു മാത്രം! മറിച്ച്, പരിചയപ്പെടാൻ അടുത്തുവന്ന സ്വാനിനെ കണ്ടപ്പോൾ പിയാനിസ്റ്റിന്റെ അമ്മായിയു ടെ ഹൃദയം സന്തോഷംകൊണ്ടു നിറഞ്ഞു. സ്ത്രീകൾക്ക് ആകർഷക ത്വം നൽകുന്ന നിറം കറുപ്പാണെന്നു വിശ്വസിച്ചുപോരുന്ന അവർ പ തിവായി കറുത്ത വസ്ത്രങ്ങളാണ ധരിയ്ക്കാറുള്ളത്. ഭക്ഷണത്തിനു ശേ ഷം കുറച്ചുനേരത്തേയ്ക്ക് അവരുടെ മുഖം കണക്കിലേറെ ചുവന്നു തുടു ത്തിരുന്നു. സ്വാനിന്റെ നേർക്ക് ആദരവോടെ തലകുനിച്ച ഉടനെ അ വർ കുലീനമായ അന്തസ്സു ഭാവിച്ചു സ്വയം പിൻവാങ്ങി. തീർത്തും നി രക്ഷരയായതുകൊണ്ട് ഉച്ചാരണവൈകല്യവും വ്യാകരണപ്പിശകും ഭയന്നു മന:പൂർവം സ്വരം താഴ്ത്തി മാത്രമേ അവർ സംസാരിയ്ക്കാറു ള്ളൂ. അങ്ങനെ സംഭാഷണത്തിൽ സംഭവിയ്ക്കുന്ന പിഴവുകൾ സദസ്സി ലെ കോലാഹലത്തിൽ മുങ്ങിപ്പോകുമെന്നും തെറ്റുകൾ ആരും ശ്രദ്ധി യ്ക്കില്ലെന്നും അവർ പ്രതീക്ഷിച്ചു. അതുകൊണ്ട് അവരുടെ സംസാര ശൈലി, കഫശല്യമുള്ളവർ കാർക്കിച്ചു തുപ്പുന്നതുപോലെ തോന്നിച്ചി രുന്നു. അതിനിടയിൽ വല്ലപ്പോഴും കൃത്യമായ ചില വാക്കുകളും അവ രിൽനിന്നു പുറപ്പെടാറുണ്ട്. അവരെക്കുറിച്ചു തമാശയായൊരു പരാ മർശം നടത്താനുള്ള സ്വാനിന്റെ ശ്രമം പക്ഷേ വെർഡ്യൂരിൻ ഇടപെട്ടു തള്ളിക്കളഞ്ഞു. “കഴിവുറ്റ ഒരു സ്ത്രീ!“, അദ്ദേഹം പറഞ്ഞു: “ബുദ്ധിയി ല്ലെന്നു വേണമെങ്കിൽ പറയാം; പക്ഷേ, ഒറ്റയ്ക്കു സരസമായി സംസാ രിയ്ക്കാൻ അവരെ കവിഞ്ഞൊരാളില്ല!"

“അതെ, എനിയ്ക്കങ്ങനെ തോന്നി“, വെർഡ്യൂരിനുമായൊരു സമവാ യത്തിനു വഴങ്ങി സ്വാൻ പറഞ്ഞു: “വലിയ 'വിശേഷ'മൊന്നുമില്ലെ

ന്നു പറയാനേ ഞാനുദ്ദേശിച്ചുള്ളൂ“, 'വിശേഷ'ത്തിനു പ്രത്യേകമായൊരു ഊന്നൽ നൽകി അദ്ദേഹം തുടർന്നു, “എന്തായാലും പറയുന്നതൊരു അനുമോദനമാണല്ലോ!“.

“ഒന്നു നിൽക്കൂ!“, വെർഡുരിൻ പറഞ്ഞു, “താങ്കളൊരുപക്ഷേ അത്ഭുതപ്പെട്ടേക്കും. അവർ വളരെ നന്നായി എഴുതാറുണ്ട്. അവരുടെ മരുമകൻ നന്നായി പിയാനോ വായിയ്ക്കും. അസൂയാർഹമെന്നുതന്നെ പറയാം, അല്ലേ, ഡോക്ടർ? അയാളെക്കൊണ്ട് എന്തെങ്കിലും വായിപ്പിയ്ക്കണമെന്നു താങ്കൾക്കു തോന്നുന്നുണ്ടോ?“

“എങ്കിൽ ഞാൻ കൃതാർത്ഥനായി!". പക്ഷേ, സ്വാനിന്റെ ആലങ്കാരികമായ ഉപചാരവാക്കു തടഞ്ഞു ഡോക്ടർ പെട്ടെന്നു പരിഹാസഭാവത്തോടെ ഇടങ്കോലിട്ടു. സൗഹൃദസംഭാഷണങ്ങളിൽ ഔപചാരികമായ പ്രയോഗങ്ങളുടെ ഉപയോഗം കാലഹരണപ്പെട്ട രീതിയാണെന്നു പലരും പറഞ്ഞു മനസ്സിലാക്കിയിരുന്ന ഡോക്ടർ, 'കൃതാർത്ഥനെ' ന്ന സ്വാനിന്റെ പ്രയോഗം, മന:പൂർവമായ വിദ്യാഡംഭിന്റെ ലക്ഷണമായാണു വ്യാഖ്യാനിച്ചത്. മാത്രമല്ല, ആ വാക്ക് പഴയൊരു 'ലോകോക്തി'യിലോ 'ആപ്തവാക്യ'ത്തിലോ ഉൾപ്പെടുന്നതാണെങ്കിൽ ഡോക്ടർ, സംസാരം തമാശയിലേയ്ക്കു മാറുകയാണെന്നു ധരിച്ചു വക്താവ് മനസ്സിൽ ഉദ്ദേശിച്ചതായി സ്വയം സങ്കൽപ്പിച്ച വാചകത്തിന്റെ ബാക്കി, അയാൾക്ക് ഊർജ്ജം പകരാനെന്നപോലെ ഇടയ്ക്കുകയറി പറയുകയാണു പതിവ്.

“ഭൂമിയിലെ ഏറ്റവും കൃതാർത്ഥനായ മനുഷ്യൻ!“, രണ്ടു കൈകളും ശക്തിയായി വീശി കൗശലഭാവത്തോടെ അദ്ദേഹം ആവർത്തിയ്ക്കുന്നതു കേട്ടു വെർഡുരിനു ചിരിയടക്കാൻ കഴിഞ്ഞില്ല.

“എന്താണവിടെ, ആ ഭാഗത്തൊരു ആർപ്പുവിളി ഉയരുന്നുണ്ടല്ലോ! വിഷാദത്തിന്റെ നേരിയൊരു നിശ്വാസംപോലും കേൾക്കാനില്ല!“, മാഡം വെർഡുരിൻ ഉറക്കെ വിളിച്ചു ചോദിച്ചു. “ഞാനിവിടെ, എന്റെ മനസ്താപങ്ങളുമായി സല്ലപിച്ചിരിയ്ക്കുമ്പോൾ?", വളർത്തി വഷളാക്കിയ മുൻകോപത്തോടെ അവർ ആവലാതിപ്പെട്ടു.

പൈൻമരത്തടിയിൽ പണിതു മെഴുകിട്ടു മിനുക്കിയ, ഗ്രാമത്തിലെ വയലിനിസ്റ്റ് സമ്മാനമായി നൽകിയ, ഉയരമുള്ള ഒരു കസേരയിലായിരുന്നു മാഡം വെർഡുരിൻ ഇരുന്നത്. അവരുടെ സ്വീകരണമുറിയ്ക്കു പക്ഷേ, ഒരു പാഠശാലയുടെ 'അനൗചിത്യ'വും 'ചതുരത'യും പ്രകടമായിരുന്നു. ഓരോ സന്ദർഭങ്ങളിൽ 'വിശ്വസ്ത'രായ സുഹൃത്തുക്കൾ നൽകുന്ന പാരിതോഷികങ്ങൾ, പിന്നീടെന്നെങ്കിലും വീട്ടിൽ വരുന്ന അവർക്കു നേരിട്ടു കണ്ട് ആസ്വദിയ്ക്കാവുന്നവിധം പ്രദർശിപ്പിയ്ക്കുന്നതിൽ മാഡം വെർഡുരിൻ പ്രത്യേകമായ ശ്രദ്ധ പുലർത്തിയിരുന്നു. അത്തരം ഉപഹാരങ്ങൾ നശ്വരതയുടെ ആശ്വാസം പ്രസരിപ്പിയ്ക്കുന്ന പൂക്കളിലോ പലഹാരങ്ങളിലോ ഒതുക്കണമെന്നു കഴിയുന്നത്ര അനുനയത്തോടെ പറഞ്ഞാലും പക്ഷേ ഫലമുണ്ടാകാറില്ല. അങ്ങനെ പൂത്താലങ്ങളും പാദരക്ഷകളും ഉപധാനങ്ങളും നാഴികമണികളും തിരശ്ശീലകളും തുടങ്ങി ഉപയോഗശൂന്യമായ നിരവധി വസ്തുക്കൾ, അസംബന്ധങ്ങളുടെ ആവർത്തനവിരസതപോലെ, അവരുടെ വീടു മുഴുവൻ നിറഞ്ഞു കവിഞ്ഞു.

അങ്ങനെയൊരു ഉയർന്ന വേദിയിലിരുന്നു മാഡം വെർഡുരിൻ, ദിവസേന 'വിശ്വസ്ത'രുടെ നേരമ്പോക്കുകൾ സ്വയം ആസ്വദിയ്ക്കുകയും, അവർക്കു തിമർത്തുല്ലസിയ്ക്കാനുള്ള സന്ദർഭം മന:പൂർവം സൃഷ്ടിയ്ക്കുകയും ചെയ്തുപോന്നു. താടിയെല്ലിനു സംഭവിച്ച ഒരപകടത്തിനുശേഷം ആഹ്ലാദപ്രകടനങ്ങളിൽ ശാരീരികമായ അദ്ധ്വാനം അവർ തീരെ ഉപേക്ഷിച്ചു. പകരം ഒരിയ്ക്കലും ആയാസം വരില്ലെന്നുറപ്പുള്ള പ്രതീകാത്മകമായ ഒരു മൂകാഭിനയത്തിലൂടെ 'കരയുന്നതുവരെ ചിരിയ്ക്കുന്നതായി' ഭാവിയ്ക്കുകമാത്രമേ അവർ ചെയ്യാറുള്ളൂ. സദസ്യരിലാരെങ്കിലും ഒ'രരസിക'നെതിരെയോ അല്ലെങ്കിൽ മറവിയിലേയ്ക്കു തരംതാഴ്ത്തിയ പഴയൊരു അംഗത്തിനെതിരെയോ തൊടുത്തു വിടുന്ന ചെറിയ പരിഹാസംപോലും ശ്രദ്ധിച്ചു കേട്ടു ചെവി തുളച്ചു കയറുന്ന ഒരു കഠോരശബ്ദം അവർ പുറപ്പെടുവിയ്ക്കും. ഭാര്യയെപ്പോലെ നല്ലൊരു ആ

സ്വാദകനായി സ്വയം അഭിമാനിയ്ക്കുന്ന വെർഡ്യുരിനെ സംബന്ധിച്ച പക്ഷേ തമാശയുടെ 'മൂല്യം' ചിരിയിൽ മാത്രമായി ഒതുങ്ങി. അങ്ങനെ ശ്വാസം കിട്ടാതെ വിഷമിച്ച ഒരു നിമിഷം, മാഡം വെർഡ്യുരിന്റെ തുടർച്ചയായ ആഹ്ലാദാഘോഷം തന്റെ ചിരിയെ തോൽപ്പിച്ച കടന്നു പോയത് അദ്ദേഹത്തെ വല്ലാത്ത നിരാശയിലാഴ്ത്തി. അതേസമയം മാഡം വെർഡ്യുരിൻ തിമിരംമൂലം മങ്ങിത്തുടങ്ങിയ, കിളികളുടേതു പോലുള്ള തീരെ ചെറിയ കണ്ണുകൾ ഇറുക്കിയടച്ച്, അശ്ലീലമായ കാഴ്ചകളും മാരകമായ പ്രഹരങ്ങളും സഹിയ്ക്കാൻ വയ്യെന്നു ഭാവിച്ചു സ്വയം ഒഴിഞ്ഞുമാറുന്നതുപോലെ മുഖം കൈപ്പടംകൊണ്ടു മൂടും. യാതൊന്നും കാണുകയോ കേൾക്കുകയോ ചെയ്യാതെ ഉള്ളിൽനിന്നുയർന്നു വരുന്ന ചിരിയ്ക്കു നിരായാസം വഴങ്ങിയാൽ ഒരുപക്ഷേ ശരീരംതന്നെ നിശ്ചലമാകുമെന്നു ഭയന്നു മേലോട്ടുള്ള ശ്വാസഗതി അടിച്ചമർത്താനും അതിനിടയിൽ അവർ പ്രയത്നിച്ചുകൊണ്ടിരിയ്ക്കും. അങ്ങനെ 'വിശ്വസ്ത'രുടെ ആഹ്ലാദങ്ങളിൽ മതി മയങ്ങി, അപവാദങ്ങളും ഉപജാപങ്ങളും മേമ്പൊടി ചേർത്ത ലഹരിയിൽ മുങ്ങി, കൂട്ടിലിട്ട കിളിയെപ്പോലെ ഉയർന്ന പീഠത്തിലിരുന്നു മധുരമുള്ള വീഞ്ഞിൽ മുക്കിയ ബിസ്ക്കറ്റു സാവധാനം രുചിച്ചുനോക്കി മഹാമനസ്ക്കതയുടെ ഔദാര്യം പ്രദർശിപ്പിയ്ക്കുന്ന മാഡം വെർഡ്യുരിൻ ചിലപ്പോൾ ചിലരോടു മാത്രമുള്ള സഹാനുഭൂതി മൂലം തേങ്ങിക്കരയുകപോലും ചെയ്യാറുണ്ട്!

വെർഡ്യുരിൻ സിഗരറ്റു കത്തിയ്ക്കാനുള്ള അനുവാദം, 'നാമെല്ലാം തുല്യരായ ഇവിടെ ഉപചാരങ്ങളുടെ ആവശ്യമില്ലെ'ന്ന മുഖഭാവത്തോടെ, സ്വാനിൽനിന്നു വാങ്ങിയശേഷം സംഗീതജ്ഞനോടു പിയാനോയ്ക്കു മുമ്പിൽ ചെന്നിരിയ്ക്കാൻ അഭ്യർത്ഥിച്ചു.

“സ്വാനിനെ വെറുതേ വിട്ടേക്കു! പീഡിപ്പിയ്ക്കപ്പെടാനല്ല, അദ്ദേഹമിവിടെ വന്നിരിയ്ക്കുന്നത്. അതിഥിയാണെന്നു കരുതി അങ്ങനെയങ്ങു കഷ്ടപ്പെടുത്താൻ ഞാനാരേയും അനുവദിയ്ക്കില്ല!', മാഡം വെർഡ്യുരിൻ വിളിച്ചുപറഞ്ഞു.

“പക്ഷേ, നമ്മുടെ ഈ 'സ്വർഗ'ത്തിലെങ്ങനെ നരകയാതന കട

ന്നവരും?" വെർഡുരിൻ വെറുതെ വാദിച്ചുനോക്കി. "ഈയിടെ തീവ്ര ധൈവതത്തിന്റെ ഒരു പ്രയോഗംകൂടി ഉൾപ്പെടുത്തി നാം ചിട്ടപ്പെടുത്തിയ മധുരഗീതം സ്വാൻ കേട്ടിരിയ്ക്കാനിടയില്ല. എനിയ്ക്കു നല്ല ഉറപ്പുണ്ട്. പിയാനോയിൽ നമുക്കതു വായിച്ചു കേൾക്കാം".

"അല്ല, അല്ല! അതെന്റെ ഗീതമൊന്നുമല്ല!", മാഡം വെർഡുരിൻ അലറിക്കരഞ്ഞു, "കഴിഞ്ഞതവണ സംഭവിച്ചതുപോലെ, തലയ്ക്കകത്തു ജലദോഷവും മുഖമാകെ ഞരമ്പുവേദനയും പടരുന്നതുവരെ കരഞ്ഞിരിയ്ക്കാൻ എനിയ്ക്കു വയ്യ. നന്ദി.., നിങ്ങൾക്കു ചെറിയൊരു ദയയുണ്ടെന്നു ഞാൻ കരുതുന്നു... ഒരാഴ്ച കിടയ്ക്കയിൽ കഴിയേണ്ട ഗതികേടു നിങ്ങൾക്കു വരില്ലെന്നും എനിയ്ക്കറിയാം".

ചെറുപ്പക്കാരനായ പിയാനിസ്റ്റ് എന്തെങ്കിലും വായിയ്ക്കാനിരിയ്ക്കുമ്പോൾ പതിവായി ആവർത്തിയ്ക്കാറുള്ള ഈയൊരു രംഗം, പക്ഷേ, ഒരിയ്ക്കലും സദസ്സിനെ ആഹ്ലാദഭരിതമാക്കുന്നതിൽ പരാജയപ്പെടാറില്ല. 'സ്വാമിനി' ചമയുന്ന മാഡം വെർഡുരിന്റെ പ്രലോഭനീയതയും സംവേദനക്ഷമമായ സൂക്ഷ്മതയും ആസ്വദിച്ചു സദസ്യർ ആ ചടങ്ങിൽ അകമലിഞ്ഞു പങ്കുചേരും. അവരുടെ അടുത്തിരിയ്ക്കുന്നവർ, അങ്ങിങ്ങു പുകവലിയ്ക്കുകയും ചീട്ടുകളിയ്ക്കുകയും ചെയ്യുന്നവരുടെ ശ്രദ്ധ ആകർഷിച്ചു വിളിച്ചു കൂവും: "ഇവിടേയ്ക്കു ശ്രദ്ധിയ്ക്കൂ!". ജനപ്രതിനിധിസഭയിലെ ചർച്ചകൾക്കിടയിലാണെങ്കിൽ സദസ്യരെല്ലാം ശ്രദ്ധിയ്ക്കേണ്ട പരമപ്രധാനമായൊരു വിഷയം സഭാദ്ധ്യക്ഷൻ അവതരിപ്പിയ്ക്കാൻ പോകുന്നുവെന്നാണ് അതിനർത്ഥം. വ്യക്തിപരമായ എന്തെങ്കിലും കാരണം മൂലം പരിപാടിയിൽ പങ്കെടുക്കാൻ കഴിയാതിരുന്നവരോടു സഹതാപം പ്രകടിപ്പിച്ചു പിറ്റേന്ന് അവർ ആ 'രംഗം' അത്രയും രസകരമായി മറ്റൊരിയ്ക്കലും അവതരിപ്പിച്ചു കണ്ടിട്ടില്ലെന്നു സാക്ഷ്യപ്പെടുത്തുകയും ചെയ്യും.

"ശരി, ശരി, എന്നാൽ..", വെർഡുരിൻ ചെറിയൊരു ഇളവനുവദിച്ചു പറഞ്ഞു, "ഒരു ചരണമെങ്കിലും അയാൾ വായിയ്ക്കട്ടെ!".

“ഒരു ചരണമോ! അതെങ്ങനെ സാധിയ്ക്കും?“, മാഡം വെർഡ്യൂരിൻ അത്ഭുതപ്പെട്ടു. “ഇതുവരെ എന്റെ എല്ലുകളൊന്നും നുറുങ്ങാതിരുന്നതിനു കാരണം അങ്ങനെയൊരു 'ചരണ'മാണെന്നാണോ താങ്കൾ സൂചിപ്പിയ്ക്കുന്നത്? സത്യത്തിൽ അത്രയും കഴിവു കെട്ടവനാണോ നമ്മുടെ സംഗീതജ്ഞൻ? എന്തായാലും നമുക്കിപ്പോൾ ചെറിയൊരു ‘മംഗളം’ മാത്രം മതി! ഏറിപ്പോയാൽ ഒരു ‘പല്ലവി’കൂടി!“.

എങ്കിലും അവസാനം ഡോക്ടറുടെ അഭിപ്രായം മാനിച്ചു മാഡം വെർഡ്യൂരിൻ പിയാനിസ്റ്റിനെ വായിയ്ക്കാൻ അനുവദിച്ചു. സംഗീതം കേൾക്കുമ്പോൾ അവർക്കുണ്ടാകുന്ന ഉൽക്കടവ്യഥകൾ വെറും കാപട്യമാണെന്നു കരുതിയല്ല, മറിച്ച്, നാഡീരോഗികളിൽ അത്തരം മതിഭ്രമങ്ങൾക്കു ധാരാളം സാദ്ധ്യതയുണ്ടെന്ന ഉത്തമബോദ്ധ്യത്തോടെയാണു ഡോക്ടർ അവരെ നിർബന്ധിച്ചത്; ചികിത്സയുടെ നിബന്ധനകൾ അപകടനിലയിലേയ്ക്കു നീങ്ങുന്നതു കണ്ടു ചെറിയൊരു ഇളവ് അനുവദിയ്ക്കുന്നതിനു പകരം ഇന്നിപ്പോൾ അദ്ദേഹം രോഗിയോടു തൽക്കാലം വേദന മറക്കാനാവശ്യപ്പെട്ടു പരസ്പരസൗഹൃദം ഊട്ടിയുറപ്പിയ്ക്കാനാണു ശ്രമിച്ചത്.

“നോക്കിക്കൊള്ളൂ, ഇത്തവണ നിങ്ങൾക്കു യാതൊരസുഖവും വരില്ല!“, അദ്ദേഹം മാഡം വെർഡ്യൂരിനെ ആശ്വസിപ്പിച്ചു. മാത്രമല്ല, കണ്ണിന്റെ കാന്തശക്തി ഉപയോഗിച്ച് അവരുടെ മനസ്സു കീഴ്പ്പെടുത്താൻ ശ്രമിയ്ക്കുമ്പോൾ അദ്ദേഹം കൂട്ടിച്ചേർത്തു: “അങ്ങനെയെന്തെങ്കിലും സംഭവിച്ചാൽ ഞാനിവിടെയുണ്ടല്ലോ!“.

“നിങ്ങൾക്കുറപ്പുണ്ടല്ലോ, അല്ലേ?“, അങ്ങനെയൊരു സഹായസന്നദ്ധത അദ്ദേഹത്തിനു തന്നോടുണ്ടെങ്കിൽ, മറിച്ചൊന്നും ചെയ്യാനില്ലെന്ന ഭാവത്തോടെ മാഡം വെർഡ്യൂരിൻ അടിയറവു പറഞ്ഞു. പക്ഷേ, തലവേദന തുടങ്ങാനിടയുണ്ടെന്നു പറഞ്ഞതിന്റെ പ്രത്യാഘാതമായി, ഒരുപക്ഷേ അതൊ'രഭിനയ‘മാണെന്നുപോലും മറന്നു മിക്കവാറും ഒരു രോഗിയുടെ കാഴ്ചപ്പാടിൽ അവർ കാര്യങ്ങൾ കാണാൻ തുടങ്ങി. താൽക്കാലികശമനത്തിനുശേഷം രോഗം വരാതിരിയ്ക്കാൻ വി

വേകപൂർണമായ വീണ്ടുവിചാരം നടത്തുന്നതിൽ പരാജയപ്പെട്ടു തോന്നുന്നതെന്തും ചെയ്യാൻ സ്വാതന്ത്ര്യമുണ്ടെന്നു ധരിയ്ക്കുന്ന രോഗികൾ വീണ്ടും രോഗാവസ്ഥയിലേയ്ക്കു തിരിച്ചെത്താതിരിയ്ക്കില്ല. രോഗാവസ്ഥ മൂലമുള്ള ചെറിയൊരു അസൗകര്യംപോലും നേരിടാൻ സഹിഷ്ണുതയില്ലാത്ത അവർ പക്ഷേ ചിലപ്പോൾ സർവാധികാരികളായ മന്ത്രവാദികൾക്കും മുറിവൈദ്യന്മാർക്കും മുമ്പിൽ സകലതും സമർപ്പിച്ചു കീഴടങ്ങാനും മടിയ്ക്കാറില്ല.

"എനിയ്ക്കിവിടെ, എന്റേതായൊരു ചെറിയ മൂലയുണ്ട്, അല്ലേ?", ഓദത്ത്, പിയാനോയുടെ അടുത്തു ചിത്രകംബളം വിരിച്ച ഒരു സോഫയിൽ ചെന്നിരുന്നു.

അതുപോലെ മറ്റൊരു കസേരയിൽ ചെന്നിരിയ്ക്കാൻ ശ്രമിയ്ക്കുന്ന സ്വാനിനെ കണ്ടു മാഡം വെർഡുരിൻ ഇടപെട്ടു: "താങ്കൾക്ക് ഓദത്തിന്റെ അടുത്തുതന്നെ ചെന്നിരിയ്ക്കാം. അദ്ദേഹത്തിനുവേണ്ടി കുറച്ചു സ്ഥലം നീക്കിവെയ്ക്കാൻ നിനക്കാവില്ലേ, ഓദത്ത്?"

"എന്തൊരു മനോഹരമായ ചിത്രവേല!", ഇരിയ്ക്കാൻ തുടങ്ങുന്നതിനുമുമ്പു മര്യാദ ഭാവിച്ചു സോഫയുടെ ഭംഗി നോക്കി സ്വാൻ പ്രശംസിച്ചു പറഞ്ഞു.

"എന്റെ സോഫയെ പുകഴ്ത്തി പറഞ്ഞതിൽ സന്തോഷമുണ്ട്", മാഡം വെർഡുരിൻ തുടർന്നു, "ഇതുപോലൊരു സോഫ മറ്റെവിടെയെങ്കിലും കാണാമെന്നു കരുതുന്നുണ്ടെങ്കിൽ, താങ്കൾ ആ ധാരണ ഉടനെ ഉപേക്ഷിയ്ക്കുന്നതാണു നല്ലത്! താങ്കൾക്ക് ഒരു നിമിഷം ശ്രദ്ധിച്ചാലറിയാം, പൂർണതയുടെ മാതൃകകളാണ് ഇവയോരോന്നും. വെള്ളോടിൽ പണിത ഈ അലങ്കാരവിശേഷങ്ങൾ താഴെ വിരിച്ച ചിത്രകംബളത്തിലെ വിഷയവുമായി പൊരുത്തപ്പെടുന്ന രീതിയിലാണു നിബന്ധിച്ചിരിയ്ക്കുന്നത്. വിനോദവും വിജ്ഞാനവും ഒരുപോലെ പകരുന്നവിധം നോക്കിയിരിയ്ക്കുന്തോറും ആഹ്ലാദകരമായ ഒരനുഭവമാണു താങ്കൾക്കു ലഭിയ്ക്കുകയെന്നു ഞാനുറപ്പുതരുന്നു. അഗ്രഭാഗങ്ങളി

ലെ ചെറിയ അതിർരേഖകളിലേയ്ക്കൊന്നു നോക്കൂ. ഇവിടെ.., ഈ ഭാഗത്തു ശ്രദ്ധിയ്ക്കൂ, ഈ ചുവന്ന പശ്ചാത്തലത്തിൽ കാണുന്ന 'കുറുക്കനും മുന്തിരിക്കുലകളും', എത്ര മനോഹരമായിരിയ്ക്കുന്നു, അല്ലേ? താങ്കൾക്കെന്തു തോന്നുന്നു? ഭാവനയുടെ ഒന്നുരണ്ടു തുള്ളി എന്തായാലും ആ ശിൽപ്പികൾക്കുണ്ടെന്നുതന്നെ ഞാൻ കരുതുന്നു! ഈ മുന്തിരിവള്ളി കണ്ടിട്ട് താങ്കളുടെ വായിൽ വെള്ളമൂറുന്നില്ലേ? എനിയ്ക്കു പഴങ്ങളോടു തീരെ താൽപ്പര്യമില്ലെന്നു ഭർത്താവു പറയുന്നു. പക്ഷേ, അതിലൊരു തരിമ്പുപോലും സത്യമില്ല. അക്കാര്യത്തിൽ ആരേക്കാളും അത്യാഗ്രഹിയായ ഞാൻ നാവുകൊണ്ടല്ലെങ്കിൽ കണ്ണിലൂടെ ഭക്ഷിയ്ക്കും; യാതൊന്നും വായിൽ വെച്ചു നിറയ്ക്കേണ്ട ആവശ്യം എനിയ്ക്കില്ല, എന്തിനാണു നിങ്ങളിങ്ങനെ ചിരിയ്ക്കുന്നത്, പറയൂ? അല്ലെങ്കിൽ ഡോക്ടറോടു ചോദിയ്ക്കൂ.. മുന്തിരിപ്പഴങ്ങൾ എനിയ്ക്കൊരു വിരേചനൗഷധമാണെന്നു പലപ്പോഴും അദ്ദേഹം പറയാറുണ്ട്. രോഗശമനത്തിനു പലരും പലയിടത്തും പോകുന്നു; ഞാനിവിടെ ഈയൊരു ഔഷധപ്രയോഗംകൊണ്ടു തൃപ്തിയടയുന്നു. പക്ഷേ സ്വാൻ, വെള്ളോട്ടുശിൽപ്പങ്ങളുടെ മുൻവശത്തെ ചെറിയ മൊട്ടുകൾ കൈകൊണ്ടൊന്നു തടവിനോക്കാതെ പെട്ടെന്നങ്ങനെ ഉപേക്ഷിച്ച് ഓടിപ്പോകരുത്. എത്ര മിനുസവും ദൃഢവുമായിരിയ്ക്കുന്നു, അല്ലേ? അല്ല..., ഉള്ളംകൈ കൊണ്ടല്ല.. വിരലുകൾകൊണ്ടു പതുക്കെ ആ മൊട്ടുകൾ നന്നായി തടവിനോക്കൂ!"

"മാഡം വെർഡ്യുരിൻ ശിൽപ്പങ്ങളെ പ്രണയിച്ചു തുടങ്ങിയാൽപ്പിന്നെ..", ചിത്രകാരൻ കടുത്ത അസഹിഷ്ണുതയോടെ പറഞ്ഞു, "ഇന്നത്തെ സംഗീതവിരുന്നു നമുക്കു നഷ്ടപ്പെട്ടതുതന്നെ!".

"ഛെ, മിണ്ടാതിരിയ്ക്ക്, വൃത്തികെട്ടവനേ! ഞങ്ങൾ പാവം സ്ത്രീകൾ", അവർ തുടർന്നു, "ഇതിനേക്കാൾ രുചികരമായ എത്ര സുഖാനുഭവങ്ങളാണു നമുക്കുള്ളത്? ഇത്രയും മാർദ്ദവമുള്ള മേദസ്സു മറ്റൊരിടത്തുമില്ല, തീർച്ച! വെർഡ്യുരിൻ ഭ്രാന്തമായ അസൂയയോടെ ആ ആദരവ് എനിയ്ക്കു സമർപ്പിച്ചപ്പോൾ... പറയൂ, നിങ്ങളൽപ്പം മര്യാദയെങ്കിലും

കാണിയ്ക്കു! എന്തായാലും നിങ്ങൾക്ക് അസൂയ തോന്നിയില്ലെന്നുമാത്രം പറഞ്ഞു കളയരുത്!"

"പക്ഷേ, പ്രിയപ്പെട്ടവളേ, ഞാനങ്ങനെയൊന്നും പറഞ്ഞതായി ഓർക്കുന്നില്ല. നോക്കൂ ഡോക്ടർ, ഞാൻ നിങ്ങളെ സാക്ഷിയായി ക്ഷണിയ്ക്കുന്നു. ഞാനെന്തെങ്കിലും ഒരക്ഷരം പറഞ്ഞിട്ടുണ്ടോ?"

സ്വാൻ ഉപചാരപൂർവം വിരലുകൾകൊണ്ടു ശിൽപ്പങ്ങളുടെ മൊട്ടുകൾ തൊട്ടു തലോടി. സ്പർശസുഖം മൂലം അദ്ദേഹത്തിനു വിരലുകൾ പിൻവലിയ്ക്കാൻ മനസ്സു വന്നില്ല.

"വരട്ടെ, താങ്കൾക്കതു പിന്നീടു സൗകര്യംപോലെ തഴുകാം. ഇപ്പോൾ താങ്കളുടെ തങ്കമനസ്സാണു തഴുകപ്പെടാൻ പോകുന്നത്, കേൾക്കൂ, ചെവികളിൽ സൗമ്യവും സുഖകരവുമായൊരു തലോടൽ! താങ്കൾക്കു തീർച്ചയായും ഇഷ്ടപ്പെടാതിരിക്കില്ല. ഈ ചെറുപ്പക്കാരനാണതിന്റെ ചുമതല ഏറ്റെടുക്കാൻ പോകുന്നത്".

പരിപാടി സമാപിച്ചപ്പോൾ, സ്വാനിനു മറ്റാരേക്കാളും പിയാനിസ്റ്റിനോടാണു താൽപ്പര്യം വർദ്ധിച്ചത്. കാരണം ഇതായിരുന്നു:

സ്വാൻ കുറച്ചുകാലം മുമ്പു പങ്കെടുത്ത ഒരു വിരുന്നിൽവെച്ചു പിയാനോയും വയലിനും ചേർന്നുള്ള ഒരു ജുഗൽബന്ദി കേൾക്കാനിടയായിരുന്നു. തുടക്കത്തിൽ വ്യത്യസ്തമായ രണ്ടു സംഗീതോപകരണങ്ങൾ പുറപ്പെടുവിയ്ക്കുന്ന സ്വരങ്ങളുടെ 'പദാർത്ഥഗുണ'ത്തിനനുസരിച്ചു കാതിനിമ്പം നൽകിയ അപൂർവമായൊരു നാദമാധുര്യം മാത്രമായിരുന്നു, അദ്ദേഹം ആസ്വദിച്ചത്. കുറച്ചു കഴിഞ്ഞപ്പോൾ, വയലിന്റെ ഇടുങ്ങിയ കഴുത്തിനു കീഴ്ഭാഗത്തുനിന്നും ഉറവു പൊട്ടി, വളരെ സാവധാനം സൂക്ഷ്മമായൊരു സ്വരധാരയായി യാതൊന്നിനും വഴങ്ങാതെ അതേസമയം സകലതിനേയും നിയന്ത്രിയ്ക്കുന്ന ആധാരശ്രുതിയുടെ വേലിയേറ്റത്തിൽ മേലോട്ടുയരാൻ ശ്രമിച്ച്, അഗാധമായൊരു നീലക്കടലിന്റെ ആരവംപോലെ മൗനത്തിന്റെ നിമിഷങ്ങളിൽ വീണു ചിന്നിച്ചിതറി, സ്വരഗ്രാഹിയായ പിയാനോയുടെ ഹൃദയത്തിൽനിന്നു നറു

നിലാവിന്റെ വെണ്മയാർന്ന മനോഹരമായൊരു രാഗഭാവം, സഹജ മായ സൌരഭ്യം പുറത്തു പരത്തി, അന്തരീക്ഷത്തിൽ അലഞ്ഞൊഴു കിനടക്കുന്നതു തൊട്ടറിയാൻ കഴിഞ്ഞപ്പോൾ, അതിലോലമായൊരു നിർവൃതി ചുരത്തുന്ന ആ നീരുറവയ്ക്കു സമീപം ഏകാകിയായി നിൽ ക്കുന്ന സ്വന്തം അസ്തിത്വത്തെ സ്വാൻ തിരിച്ചറിഞ്ഞു. പക്ഷേ, ആ അ നുഭൂതിയുടെ കൃത്യമായ മൌലികത വേർതിരിച്ചെടുക്കാൻ കഴിയാ തെ, സ്വരസാന്ദ്രമായ ആ രാഗഭാവത്തിനൊരു പേരിടാനാവാതെ, പെട്ടെന്നുണ്ടായ ഹർഷോന്മാദത്തിൽ തൊട്ടുമുമ്പ് വായിച്ചുകേട്ട സ്വര വും ലയവും താളവും എന്താണെന്നുപോലും ഓർത്തെടുക്കാൻ സ്വാ നിനു കഴിഞ്ഞില്ല. ചില പ്രത്യേകതരം റോസാപ്പൂക്കളുടെ സുഗന്ധം സായംസന്ധ്യയിലെ തണുത്ത കാറ്റിൽ പാറി നടക്കുമ്പോൾ നാസാ രന്ധ്രങ്ങൾക്കു വികസിയ്ക്കാനുള്ള പാടവം സ്വയം കൈവരുന്നതുപോ ലെ, ആ രാഗഭാവത്തെ ഓർമ്മയുടെ ഉള്ളറകളിൽ ഒരമൂല്യനിധിയാ യി സൂക്ഷിച്ചുവെയ്ക്കാൻ ശ്രമിച്ചപ്പോൾ സ്വന്തം ആത്മാവിന്റെ സൂക്ഷ്മക വാടങ്ങൾ താനേ തുറക്കുന്നതായി അദ്ദേഹം കണ്ടു. ഒരുപക്ഷേ, ആ സംഗീതത്തിന്റെ മൗലികതയെക്കുറിച്ചുള്ള അറിവില്ലായ്മയായിരി യ്ക്കാം അദ്ദേഹത്തെ അത്തരത്തിലൊരു ചിന്താക്കുഴപ്പം പിടിച്ച ധാര ണയിലേയ്ക്കു കൊണ്ടുപോയത്. എങ്കിൽപ്പോലും പരിശുദ്ധവും അപരി മിതവും അനന്യവുമായ സംഗീതത്തിന്റെ ഒരംശമായി പൊടുന്നനെ അപ്രത്യക്ഷമായ ആ അവബോധം, രാഗഭാവത്തിന്റെ 'പദാർത്ഥഗു ണ'വുമായി ആത്മബന്ധം പുലർത്തിയിരുന്നു; മാത്രമല്ല, ആ നിമിഷം കേട്ടറിഞ്ഞ സ്വരങ്ങളുടെ സാന്ദ്രതയും വ്യാപ്തിയും, സൂക്ഷ്മവും സ്ഥൂല വുമായ പ്രതലങ്ങൾക്കുമീതെ സ്ഥിരവും അസ്ഥിരവുമായ ചില ധാര ണകൾ സമ്മാനിച്ച ചടുലമായ നൃത്തവിന്യാസങ്ങളുടെ ഗതിഭേദങ്ങ ളായി അന്തരീക്ഷത്തിൽ പരന്നു പടരുന്നതും അദ്ദേഹം അനുഭവിച്ച റിഞ്ഞു. പക്ഷേ, ആ അവബോധത്തിനു വേണ്ട ശക്തിയും പ്രാഭവവും ലഭിയ്ക്കുന്നതിനുമുമ്പേതന്നെ അതുവരെ ആധാരമായി നിന്ന ജീവസ്വ രങ്ങൾ സ്വയം നഷ്ടപ്പെട്ടു പുനർജ്ജനിയ്ക്കുന്നതുപോലെ പുതിയൊരു

ഭാവവിശേഷം നമ്മുടെ ഹൃദയത്തെ തൊട്ടു വിളിച്ചുണർത്തും. അങ്ങനെ അനുസ്യൂതമായി നടക്കുന്ന ആ രാഗധാരയുടെ ഉരുകിയ ലാവാജലത്തിൽ ഇടയ്ക്കിടെ പൊങ്ങിയും താണും, തൊട്ടറിയാനാവാതെ, ഓർക്കാനും ചിന്തിയ്ക്കാനും പേരിടാനുമാവാതെ, പ്രത്യക്ഷപ്പെട്ടു പുറത്തേയ്ക്കു തള്ളിവിടുന്ന പ്രമേയങ്ങൾ, പ്രത്യേകമായ ചില അനുഭൂതിവിശേഷങ്ങളായി മാത്രമേ നമുക്കു മനസ്സിലാക്കാൻ കഴിയൂ! തിരമാലകളുടെ കലമ്പലുകൾക്കു കീഴെ അചഞ്ചലമായൊരു അടിത്തറ പണിതുയർത്താൻ അത്യദ്ധ്വാനം ചെയ്യുന്ന തൊഴിലാളികളെപ്പോലെ സഹജമായ ഓർമ്മശക്തി, അത്തരത്തിൽ ഒളിച്ചോടുന്ന രാഗഭാവങ്ങളുടെ പകർപ്പെടുത്തു രൂപസൗകുമാര്യം വരുത്തി പിന്നീടു പ്രത്യക്ഷപ്പെടുന്നവയുമായി താരതമ്യം ചെയ്യാൻ നമ്മെ സഹായിയ്ക്കുന്നു. ഒരു നിമിഷം അനുഭവിച്ചതിനുശേഷം താനേ മാഞ്ഞുപോയ ആ മധുരാവബോധത്തിന്റെ ശരിപ്പകർപ്പോ സംഗ്രഹമോ ഓർമ്മയിലേയ്ക്കു ചേക്കേറുന്നതിനു മുമ്പ്, പിയാനോയിൽനിന്നു ധാര മുറിയാതെ പുറപ്പെടുന്ന സ്വരങ്ങളിൽത്തന്നെ ദത്തശ്രദ്ധനായ അദ്ദേഹത്തിനു തിരിച്ചു വരുന്ന ആ അവബോധം വീണ്ടും പിടിച്ചെടുക്കാന് കൂടുതൽ കഷ്ടപ്പെടേണ്ടിവന്നില്ല. അപ്പോൾ രാഗത്തിന്റെ ഘടനാപരമായ പൊരുത്തവും പ്രൌഢിയും കൃത്യമായ സ്വരചിഹ്നങ്ങളും താളമാത്രകളുമായി വേർതിരിച്ചെടുത്തു നിർണയിയ്ക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ശുദ്ധസംഗീതത്തിൽനിന്നു തീർത്തും വ്യത്യസ്തമായ ആ മൂല്യബോധം, ഒരു പരികൽപ്പനയും വാസ്തുശിൽപ്പവും ചിന്താധാരയുമെന്ന നിലയിൽ അനശ്വരമായ സംഗീതത്തെ ആവാഹിയ്ക്കാനുള്ള പ്രാപ്തി കൈവരിച്ചുകഴിഞ്ഞിരുന്നു. നാദതരംഗങ്ങളായി ഉയർന്നുവരുന്ന ആ രാഗഭാവത്തെ ഇത്തവണ പതിവിലേറെ സമയം മന:പൂർവം പിടിച്ചുനിർത്തി അദ്ദേഹം വ്യക്തമായി തിരിച്ചറിഞ്ഞു. നേരിട്ടു കേൾക്കുന്നതിനുമുമ്പ് അങ്ങനെയൊന്നു നമുക്കിടയിൽ നിലനിൽക്കുന്നതായി ഒരിയ്ക്കലും സങ്കൽപ്പിയ്ക്കാനാവില്ല; നിസ്തുലമായ ആ ആനന്ദാനുഭവത്തിൽ പങ്കുചേരാൻ നിരുപാധികമായൊരു ക്ഷണപത്രവുമായാണു പക്ഷേ ആ രാഗഭാവം സ്വാനിന്റെ

മനസ്സിലേയ്ക്കു കടന്നുവന്നത്. വിസ്മയലോകത്തെ കാഴ്ചകൾ ഓരോന്നായി കാണാൻ കൈപിടിച്ചു കൂട്ടിക്കൊണ്ടുപോകുന്ന ഒരാത്മസുഹൃത്തായി മാറിയ ആ രാഗഭാവത്തോടുള്ള അകൈതവമായ പ്രണയം, വിചിത്രമായ അഭിനിവേശങ്ങളുടെ ജലകണങ്ങളായി അദ്ദേഹത്തിന്റെ മനസ്സിൽ പതുക്കെ പെയ്തു നിറഞ്ഞു.

വിളംബകാലത്തിൽ താളാത്മകമായ ഗതിഭേദങ്ങളോടെ പെയ്തിറങ്ങിയ ആ രാഗാലാപനം അപരിചിതമായ പല ദൃശ്യങ്ങളിലേയ്ക്കും നയിച്ച്, അവസാനം അദ്ദേഹത്തെ ഉദാത്തവും ദുർഗ്രഹവുമെങ്കിലും കൃത്യമായ സൂചനകൾ നൽകുന്ന ഒരു സായൂജ്യാവസ്ഥയിൽ കൊണ്ടുചെന്നെത്തിച്ചു. തുടർന്നു പരസഹായമില്ലാതെ പിന്തുടരാവുന്ന നിശ്ചയദാർഢ്യത്തോടെ ആ രാഗാലാപനം സവിശേഷമായൊരു സ്വരസന്ധിയിൽ ചെന്നുനിന്നപ്പോൾ, ഒരു മാത്ര സംശയിച്ച്, ഊർജ്ജസ്വലമായ താളവിന്യാസത്തോടെ മറ്റൊരു വഴിയിലേയ്ക്കു തിരിഞ്ഞു. ദ്രുതഗതിയിൽ, സന്തോഷവും സന്താപവും ഇടകലർന്ന ചടുലവേഗങ്ങളായി, അനുഭൂതികളുടെ അറിയപ്പെടാത്ത താഴ്വരകളിൽ അലഞ്ഞു തിരിയുമ്പോൾ ഓർത്തിരിയ്ക്കാതെ ആ രാഗഭാവം വീണ്ടും കൺമുന്നിൽനിന്ന് അപ്രത്യക്ഷമായി. അതൊരിയ്ക്കൽക്കൂടി പ്രത്യക്ഷപ്പെടുമെന്ന പ്രത്യാശയോടെ അദ്ദേഹം ക്ഷമാപൂർവം കാത്തിരുന്നു. അവസാനം ആ അനുഭൂതി അദ്ദേഹത്തിന്റെ ഹൃദയത്തിലേയ്ക്കു തിരിച്ചെത്തിയെങ്കിലും യാതൊന്നും തുറന്നു പറയാത്ത മൗഢ്യഭാവത്തിൽ, നേരത്തേ സമ്മാനിച്ച മൂല്യത്തേക്കാൾ നിസ്സാരമായ ചില അനുരണനങ്ങൾ മാത്രമാണദ്ദേഹത്തിനു കേൾക്കാൻ കഴിഞ്ഞത്. അനുഭവത്തിന്റെ ആർജ്ജവമില്ലാത്ത ശൂന്യമായ അവബോധം നിറഞ്ഞുനിന്ന സ്വന്തം മനസ്സിന്റെ വന്ധ്യത അപ്പോൾ അദ്ദേഹം കണ്ടറിഞ്ഞു. അതേസമയം തൊട്ടുമുമ്പ് തന്നെ കടന്നുപോയ ഒരു സ്ത്രീരൂപം, സംവേദനക്ഷമതയുടെ വ്യാപ്തി വർദ്ധിപ്പിയ്ക്കുന്ന ദിവ്യകാന്തിയായി, തന്റെ ജീവിതത്തിലേയ്ക്കു കടന്നുവരുന്നതായി സ്വാനിനു തോന്നി. അവളെ ഒരിയ്ക്കൽക്കൂടി കാണാൻ കഴിയുമെന്ന പ്രതീക്ഷയില്ലാതെ, അ

വളുടെ പേരും നാളും ദേശവുമറിയാതെ, ആ ഒരൊറ്റ നിമിഷത്തിൽ അദ്ദേഹം അവളുമായി പ്രണയത്തിലായി.

ഈ രാഗഭാവത്തോടുള്ള ഒരഭിനിവേശം തുടർന്നുള്ള കാലത്തു സ്വാനിന്റെ ജീവിതത്തിൽ സവിശേഷമായൊരു ഭാവമാറ്റത്തിനു കാരണമായി. ആദർശാത്മകമായ സ്വപ്നസാക്ഷാത്ക്കാരങ്ങൾക്കു മുതിരാതെ, ക്ഷണികമായ സംതൃപ്തികളിലൊതുങ്ങി അലസമായൊരു ജീവിതമാണു വളരെക്കാലമായി അദ്ദേഹം നയിച്ചിരുന്നത്. തന്നോടുപോലും യാതൊന്നും തുറന്നു പറയാനാവാത്ത, മരണത്തിനുമാത്രം വഴിതിരിച്ചു വിടാവുന്ന ഈയൊരവസ്ഥ ജീവിതാന്ത്യംവരെ തുടരേണ്ടിവരുമെന്നും ഈയിടെയായി അദ്ദേഹം വിശ്വസിയ്ക്കാൻ തുടങ്ങിയിരുന്നു. പരസ്യമായി ഒരിയ്ക്കലും തള്ളിപ്പറഞ്ഞില്ലെങ്കിലും, മനസ്സിനെ സ്വാധീനിയ്ക്കാതെപോയ ഉദാത്താശയങ്ങളുടെ വാസ്തവികതയെത്തന്നെ അദ്ദേഹം സംശയിച്ചു തുടങ്ങി. അടിസ്ഥാനവിഷയങ്ങളിൽ രണ്ടിലൊരു പക്ഷം ചേരാൻ സഹായകമായ നിസ്സാരവസ്തുതകൾ പെരുപ്പിച്ചു കാണിയ്ക്കാനുള്ള ഒരു പ്രവണതയും കുറച്ചുകാലമായി അദ്ദേഹത്തെ ബാധിച്ചിരുന്നു. ആരെങ്കിലും ഒരു ക്ഷണം വെച്ചു നീട്ടിയാൽ ആ പരിപാടിയ്ക്കു പങ്കെടുക്കാൻ തനിയ്ക്കു ധാർമ്മികമായൊരു ബാധ്യതയുണ്ടെന്നും, അതിന്റെ നന്ദി നേരിട്ടറിയിയ്ക്കാൻ കഴിഞ്ഞില്ലെങ്കിൽ ആതിഥേയയുടെ പേർക്കൊരു കുറിപ്പെഴുതണമെന്നും ഉത്തമബോദ്ധ്യമുള്ള അദ്ദേഹം, പക്ഷേ സമൂഹത്തിലെ വിവിധവിഭാഗങ്ങളുമായി നേരിട്ടിടപഴകി ജീവിയ്ക്കുന്നതിനേക്കാൾ മെച്ചപ്പെട്ട ഒരു ജീവിതചര്യയെക്കുറിച്ച് ഒരിയ്ക്കൽപ്പോലും ആത്മപരിശോധന നടത്താൻ ശ്രമിച്ചില്ല. സൗഹൃദസംഭാഷണങ്ങളിൽ ഒരു വിഷയത്തിലും അഭിപ്രായം പറയാതെ, അദ്ദേഹം സ്വന്തം ചിന്താഗതികൾ മന:പൂർവം മറ്റുള്ളവരിൽനിന്നു മറച്ചുവെച്ചു; മാത്രമല്ല, അമൂല്യമായ ചില വിവരങ്ങൾ പുറത്തുവിടുമ്പോൾ, അറിയാവുന്നതു മുഴുവൻ വെളിവാക്കിയതിൽ ജാള്യത ഭാവിച്ച് അദ്ദേഹം വിനയപൂർവം മാപ്പപേക്ഷിയ്ക്കുകയും ചെയ്തു, വിഭവത്തിന്റെ പാചകവിധിയോ ചിത്രത്തിന്റെ ശീർഷകമോ ചിത്രകാ

രന്റെ ജന്മദിനമോ കൃത്യമായി പറയുന്നതിൽ അദ്ദേഹം ജാഗ്രത പുലർത്തി; അതേസമയം, പ്രശസ്തനായൊരു കലാകാരന്റെ ചിത്രത്തെ വിമർശനപരമായി വ്യാഖ്യാനിക്കേണ്ടി വരുന്ന അപൂർവം സന്ദർഭങ്ങളിൽ അദ്ദേഹം വാക്കുകൾക്കു വ്യാജോക്തിയുടെ നിറം ചാലിച്ചു പറയാൻ പോകുന്ന കാര്യങ്ങളുമായി തനിക്കൊരു ബന്ധവുമില്ലെന്നു വരുത്തിത്തീർക്കാൻ ശ്രമിച്ചു. അങ്ങനെ സ്വാൻ പുതിയൊരു ചികിത്സയുടെ ഫലമായി, അഥവാ ജൈവപരിണാമത്തിനു വിധേയനായി, അംഗീകരിക്കപ്പെട്ട ഒരു രോഗിയായി മാറിക്കഴിഞ്ഞു. പിന്നീടു പക്ഷേ, സാഹചര്യങ്ങളിൽ പെട്ടെന്നുണ്ടായ ഗുണാത്മകമായൊരു മാറ്റത്തെ തുടർന്നു രോഗാവസ്ഥയിൽനിന്നു മുക്തി നേടി, വൈകിയാണെങ്കിലും, തികച്ചും വ്യത്യസ്തമായ മറ്റൊരു ജീവിതം തുടങ്ങാനുള്ള ഒരു സാദ്ധ്യത അദ്ദേഹം നേരിൽ കണ്ടു. അന്നു കേൾക്കാൻ കഴിഞ്ഞ രാഗഭാവത്തിന്റെ ഓർമ്മയിൽനിന്നും പിന്നീടു പലരും വായിച്ചുകേട്ട ഗീതങ്ങളിൽനിന്നും തനിക്കേറെ അനുഭൂതി പകർന്ന ആ സംഗീതകൃതിയെക്കുറിച്ചു കൂടുതലറിയാൻ അദ്ദേഹം ബദ്ധപ്പെട്ടു. ഒരുകാലത്തു തീരെ അവിശ്വാസപൂർവം നോക്കിക്കണ്ട അദൃശ്യമായ യാഥാർത്ഥ്യങ്ങളുടെ നിറസാന്നിദ്ധ്യമായി, ഇന്നു താനനുഭവിക്കുന്ന ധാർമ്മികമായ വന്ധ്യതയ്ക്കൊരു പരിഹാരമായി, സംഗീതത്തിനു ചെലുത്താൻ കഴിയുന്ന സൃഷ്ടിപരമായ സ്വാധീനം സ്വാൻ അനുഭവിച്ചറിഞ്ഞു. ഒരിക്കൽക്കൂടി ജീവിതത്തിനു നവോന്മേഷം പകരുന്ന അഭിനിവേശത്തിന്റെ ശക്തിയെക്കുറിച്ചു മിക്കവാറും അസന്ദിഗ്ദ്ധമായി അദ്ദേഹത്തിനു ബോദ്ധ്യം വന്നു. അന്നു വൈകുന്നേരം വിരുന്നിൽവെച്ചു വായിച്ചുകേട്ട സംഗീതകൃതി ആരുടേതാണെന്നു മനസ്സിലാക്കാൻ നടത്തിയ പരിശ്രമം പക്ഷേ യാതൊരു ഫലവും കണ്ടില്ല. വിരുന്നിൽ പങ്കെടുത്തവർ മിക്കവരും സംഗീതപരിപാടി കഴിഞ്ഞതിനുശേഷം വന്നവരും അതല്ലെങ്കിൽ നേരത്തേ പിരിഞ്ഞുപോയവരുമായിരുന്നു; ചിലർ സ്ഥലത്തുണ്ടായിരുന്നെങ്കിലും മറ്റുള്ളവരുമായി സംസാരിച്ചുനിന്നതുകൊണ്ടു സംഗീതം വേണ്ടത്ര ശ്രദ്ധിച്ചതുമില്ല; പരിപാടി ആസ്വദിച്ച

തായി ഭാവിച്ചവർക്കാകട്ടെ സംഗീതത്തിന്റെ സാങ്കേതികവശങ്ങളും അറിയാമായിരുന്നില്ല. അവസാനം, പരിപാടി അവതരിപ്പിച്ച സംഗീതജ്ഞർ ആയിടെ പുറത്തിറങ്ങിയ പുതിയൊരു കൃതി വായിക്കാൻ ആതിഥേയരുടെ അനുവാദം ചോദിച്ചിരുന്നതായി അദ്ദേഹം മനസ്സിലാക്കി. അപ്പോഴേക്കും അവരെങ്ങോ യാത്ര പോയിരുന്നതുകൊണ്ട് കൂടുതൽ വിവരങ്ങളൊന്നും ചോദിച്ചു മനസ്സിലാക്കാൻ സ്വാനിനു സാധിച്ചില്ല. സംഗീതവുമായി ബന്ധമുള്ള നിരവധി അടുത്ത സുഹൃത്തുക്കൾ സ്വാനിനുണ്ടായിരുന്നു; പക്ഷേ, ആ സവിശേഷരാഗഭാവം പകർന്ന അനുപമമായ അനുഭൂതി ഓർത്തെടുത്തു കൃതിയുടെ രൂപരേഖ വ്യക്തമായി പാടിക്കേൾപ്പിക്കാൻ അദ്ദേഹത്തിനും കഴിഞ്ഞില്ല. അങ്ങനെ ആ സംഗീതകൃതിയുടെ ഒരു പകർപ്പുപോലും സമ്പാദിക്കാനാവാതെ അദ്ദേഹം പരിശ്രമം ഉപേക്ഷിച്ചു.

പക്ഷേ, ഇന്നു മാഡം വെർഡ്യുരിന്റെ സദസ്സിൽവെച്ചു ചെറുപ്പക്കാരനായ പിയാനിസ്റ്റ് വായിക്കാൻ തുടങ്ങിയ രാഗാലാപനം മന്ദ്രമദ്ധ്യസ്ഥായികൾ കടന്നു താരസ്ഥായിയിലെ ഒരു സ്വരത്തിൽ ചെന്നു വിശ്രമിച്ചപ്പോൾ, സംഗീതത്തിന്റെ വിശാലമായ തിരശ്ശീലയിൽനിന്നു മേലോട്ടുയർന്നു സ്വന്തം ജന്മരഹസ്യംതന്നെ അനാവരണം ചെയ്യുന്ന വിധത്തിൽ അനുരണനാത്മകമായൊരു ഭാവവിശേഷം, വളരെക്കാലമായി സ്വയം പ്രണയിച്ചുപോരുന്ന നിഗൂഢവും സുഗന്ധപൂരിതവുമായ അന്നത്തെ ആ രാഗഭാവം, സ്വാൻ പെട്ടെന്നു തിരിച്ചറിഞ്ഞു. യാതൊന്നുകൊണ്ടും പകരം വെയ്ക്കാൻ കഴിയാത്തവിധം വൈയക്തികമായ ആ അനുഭൂതിയുടെ തരളമായ തലോടലേറ്റു സ്വാനിന്റെ ഹൃദയം കോരിത്തരിച്ചു. യാദൃച്ഛികമായി തെരുവിൽവെച്ചു കണ്ടു പരിചയപ്പെട്ടു പ്രഥമപ്രണയം മൊട്ടിട്ട പെൺകുട്ടിയെ പിന്നീടു കാണാനാവാതെ വിഷാദിച്ചിരിക്കുമ്പോൾ, അവളെ പെട്ടെന്നൊരു സുഹൃത്തിന്റെ വീട്ടിൽവെച്ചു കണ്ടുമുട്ടുന്നതുപോലെ, നൈസർഗികമായ ഭാവസുഗന്ധങ്ങളുമായി ബഹുകാര്യവ്യഗ്രതയോടെ കറങ്ങിത്തിരിയുന്ന ആ രാഗഭാവം സ്വാനിന്റെ ചുണ്ടിൽ ദീപ്തമായൊരു പുഞ്ചിരിയുണർത്തി താനേ

പിൻവലിഞ്ഞു. അറിയപ്പെടാതെ കിടന്ന ആ അനുഭൂതിയുടെ പേരും വിവരവും പിന്നീട് നേരിട്ട് മനസ്സിലാക്കാൻ കഴിഞ്ഞപ്പോൾ, പിയാനോയും വയലിനുമായി വിന്റെയിൽ രചിച്ച ആ ഗീതത്തിന്റെ ചരണസ്വരം, സ്വന്തം ഹൃദയത്തിൽ ചേർത്തുവെച്ച് തോന്നുമ്പോഴൊക്കെ ആസ്വദിയ്ക്കാൻവേണ്ടി ആ സംഗീതകൃതിയുടെ വ്യാകരണം പഠിയ്ക്കാനും ഗൂഢാർത്ഥം സ്വാംശീകരിയ്ക്കാനും അദ്ദേഹം വെമ്പൽകൊണ്ടു.

പിയാനിസ്റ്റ് പരിപാടി അവസാനിപ്പിച്ചപ്പോൾ സ്വാൻ മുറിയ്ക്കു കുറുകേ ചെന്ന്, മാഡം വെർഡുരിനെ വളരെയേറെ ആഹ്ലാദിപ്പിച്ച ആർജ്ജവത്തോടെ, അയാളോടു നന്ദി പറഞ്ഞു.

“ഇന്നത്തെ കൃതി അയാൾ വളരെ മനോഹരമായി വായിച്ചു, അല്ലേ?“, മാഡം വെർഡുരിൻ അദ്ദേഹത്തോടു ചോദിച്ചു. 'ഭാവം ശരിയായിത്തന്നെ അയാൾ ഉൾക്കൊണ്ടു! താങ്കൾ തീരെ പ്രതീക്ഷിച്ചില്ലെന്നു തോന്നുന്നു, ഒരു പിയാനോ വിചാരിച്ചാൽ ഇങ്ങനെയൊക്കെ വികാരംകൊള്ളിയ്ക്കാൻ കഴിയുമോ? ഞാൻ പറയട്ടെ, പിയാനോ ഒഴിച്ച് സംഗീതത്തിന്റെ സകല ഭാവതലങ്ങളും ആ കൃതിയിലുണ്ട്! ഓരോ തവണ കേൾക്കുമ്പോഴും ഒരോർക്കസ്ട്രയുടെ പ്രകമ്പനംപോലെ എനിയ്ക്കു തോന്നും. സത്യത്തിൽ, ഒരുപടി മേലേയാണെന്നു പറയണം!“.

പിയാനിസ്റ്റ് മാഡം വെർഡുരിന്റെ അടുത്തു ചെന്നു കുനിഞ്ഞുനിന്ന്, ഓരോ വാക്കും ഒരു ലഘുകവിതപോലെ അടിവരയിട്ടു, ചിരിച്ചുകൊണ്ടു പറഞ്ഞു: “മാഡം, നിങ്ങളെന്നോടു കണക്കില്ലാത്ത മഹാമനസ്ക്കത കാണിയ്ക്കുന്നു!“.

മാഡം വെർഡുരിൻ ഭർത്താവിനെ നോക്കി കൽപ്പിച്ചു: “ഓടിച്ചെന്ന് ഒരു ഗ്ലാസ് ഓറഞ്ചുനീരു കൊണ്ടുവരൂ, ഇയാളതു ശരിയ്ക്കും അർഹിയ്ക്കുന്നുണ്ട്!“ ആ സമയം കുറച്ചകലെ മാറി നിന്നു പിയാനിസ്റ്റ് വായിച്ച രാഗഭാവവുമായി സ്വയം പ്രണയത്തിലാകാനുണ്ടായ കാരണം സ്വാൻ ഓദത്തിനോടു വിശദീകരിയ്ക്കാൻ തുടങ്ങുകയായിരുന്നു. മാഡം വെർഡുരിൻ അവരുടെ സംസാരം ശ്രദ്ധിച്ചു വിളിച്ചു പറഞ്ഞു: “ഓദത്ത്, ആരോ നിന്നോടു ചില മധുരങ്ങൾ മന്ത്രിയ്ക്കുന്നപോലെ തോന്നു

ന്നല്ലോ, നല്ലത്!“. “അതെയതെ, ചില നല്ല കാര്യങ്ങൾ!“, ഓദത്ത് സൌമ്യമായി പ്രതികരിച്ചു. അവരുടെ ഹൃദ്യമായ പെരുമാറ്റം കണ്ടു സ്വാൻ എന്തെന്നില്ലാതെ ആഹ്ലാദഭരിതനായി.

പിയാനിസ്റ്റ് വായിച്ച രാഗഭാവത്തിന്റെ രചയിതാവായ വിന്റെയിലിന്റെ മറ്റു രചനകളെക്കുറിച്ചു സ്വാൻ പലരോടും അന്വേഷിച്ചു; അങ്ങനെയൊരു കൃതി എഴുതാനുണ്ടായ സാഹചര്യത്തെക്കുറിച്ച് അറിയാനും അദ്ദേഹത്തിനൊരു കൌതുകം തോന്നി. അങ്ങനെ ആ കൃതി തന്നിൽ ചെലുത്തിയ സ്വാധീനത്തിന്റെ അർത്ഥവും വ്യാപ്തിയും എത്രയുണ്ടെന്നു മനസ്സിലാക്കാനാണു സത്യത്തിൽ സ്വാൻ ശ്രമിച്ചത്.

പക്ഷേ, വിന്റെയിലിനെ അറിയുകയും ആരാധിയ്ക്കുകയും ചെയ്യുന്നവർക്കാർക്കും പക്ഷേ അത്തരമൊരു ചോദ്യത്തിനു മറുപടി പറയാൻ കഴിഞ്ഞില്ല. ആ കൃതി ഹൃദ്യമായൊരു അനുഭവമാണെന്നു സ്വാൻ അഭിപ്രായപ്പെട്ടപ്പോൾ മാഡം വെർഡുരിൻ അത്ഭുതത്തോടെ പറഞ്ഞു, “ഞാനും അങ്ങനെതന്നെ കരുതുന്നു! തീർച്ചയായും! വിന്റെയിലിന്റെ കൃതി മനസ്സിലായില്ലെന്നു തുറന്നു പറയാൻ പക്ഷേ, താങ്കൾക്കു ധൈര്യമുണ്ടാവില്ല!“. ചിത്രകാരൻ കൂട്ടിച്ചേർത്തു: “അതേ, നല്ല കലാസൃഷ്ടി തന്നെ, തർക്കമില്ല. പക്ഷേ, ആരും വിചാരിയ്ക്കാത്തപ്പോഴാണവ ‘പ്രകട'വും 'ജനപ്രിയ'വുമായി മാറുന്നത്! തീർച്ചയായും, ഞങ്ങൾ, കലാകാരന്മാർക്കു വളരെ മതിപ്പുളവാക്കിയ ഒരു കൃതിയാണത്!“

വിന്റെയിലിന്റെ സംഗീതകൃതിയിൽ സ്വാനിനു പ്രിയങ്കരമായിത്തോന്നിയ രാഗഭാവത്തെക്കുറിച്ചുള്ള പരാമർശങ്ങൾക്കു മാഡം വെർഡുരിൻ ഇങ്ങനെയാണു പ്രതികരിച്ചത്: “താങ്കൾക്കറിയില്ലേ, ഇതൊരു നേരമ്പോക്കുമാത്രം. ഞാനിതുവരെ അങ്ങനെയൊന്നും ശ്രദ്ധിച്ചിട്ടില്ല. മാത്രമല്ല, ഭൂതക്കണ്ണാടിവെച്ചു നോക്കി ചെറിയ ചെറിയ വ്യത്യാസങ്ങൾ എണ്ണിപ്പെറുക്കുന്ന രീതിയോട് എനിയ്ക്കു തീരെ മതിപ്പുമില്ല. ഇല്ല.., ഇവിടെ ഞങ്ങളാരും ഇതുപോലെ ഓരോന്നും തലനാരിഴ കീറി സമയം കളയാറില്ല. അതുകൊണ്ട് എന്താണൊരു പ്രയോ

ജനം? ശരി.., അതു ഞങ്ങളുടെ ശീലമല്ല, അത്രേയുള്ളൂ!". സംസാരിയ്ക്കു മ്പോൾ സ്വന്തം പദാവലിയിൽ നിന്നു തോന്നുന്നവ ആവശ്യത്തി നെടുത്തു തരാതരം പ്രയോഗിയ്ക്കുന്നതിൽ മാഡം വെർഡ്യുരിൻ കാണി യ്ക്കുന്ന അനായാസത കണ്ട്, ഡോക്ടർ കോത്താർഡ് വായ തുറന്നു പിടിച്ച് ആരാധനയോടെ അവരെ നോക്കി. സാധാരണ സാഹചര്യ ങ്ങളിൽനിന്നു വരുന്നവർ പലരും സ്വീകരിയ്ക്കുന്ന സാമാന്യബുദ്ധി യോടെ ഡോക്ടർ കോത്താർഡും ഭാര്യയും അത്തരം സന്ദർഭങ്ങളിൽ വ്യക്തമായൊരു അഭിപ്രായം ഒരിയ്ക്കലും തുറന്നു പറയാറില്ല. അതേ സമയം വീടിന്റെ സുരക്ഷിതത്വത്തിലേയ്ക്കു കടന്നാലുടനെ അന്നത്തെ പരിപാടിയെ അഭിനന്ദിച്ചു പറഞ്ഞതു വെറുമൊരു അഭിനയമായിരു ന്നെന്നും, ചിത്രകാരന്റെ പുതിയൊരു ചിത്രത്തിനു മുമ്പിൽ കണ്ണു മിഴി ച്ചു നിൽക്കുന്നതുപോലെ, സംഗീതം ദുർഗ്രഹമായിരുന്നെന്നും അവർ പരസ്പരം തുറന്നു സമ്മതിയ്ക്കും. വളരെ സാവകാശം ഉള്ളിലേയ്ക്കെടുക്കു ന്ന ചില ചിരകാലധാരണകളുടെ പിൻബലത്തിലാണു സാധാരണ ക്കാരായ ആസ്വാദകർ പുതിയൊരു കലാസൃഷ്ടി മനസ്സിലാക്കാൻ ശ്ര മിയ്ക്കുന്നത്; അത്തരം ധാരണകൾ നിശ്ശേഷം നിരാകരിച്ചു മൌലിക തയുടെ വഴിയേ പോകുന്ന ഒരു കലാകാരന്റെ സൃഷ്ടികളിലെ സൌന്ദ ര്യം അതുകൊണ്ടുതന്നെ അവർക്കു മനസ്സിലാക്കാനാവില്ല. ഇക്കാര്യ ത്തിൽ പക്ഷേ സാധാരണക്കാരുടെ പ്രതിനിധികളായ ഡോക്ടർക്കും ഭാര്യയ്ക്കും വിന്റെയിലിന്റെ ഗീതത്തിൽ പ്രതിഫലിച്ച സ്വരഭേദങ്ങളുടെ മനോഹാരിതയോ ചിത്രകാരന്റെ ചിത്രങ്ങളിൽ ചാലിച്ച ചായങ്ങളു ടെ ചാരുതയോ ഉൾക്കൊള്ളാൻ കഴിയാതെ പോയതിൽ അത്ഭുത പ്പെടാനില്ല. ചിരപരിചിതമായ ആസ്വാദനരീതിയുമായി യാതൊരു വിധത്തിലും ബന്ധിപ്പിയ്ക്കാൻ കഴിയാത്ത കലാസങ്കൽപ്പങ്ങളുമായി പിയാനിസ്റ്റ് എന്തൊക്കെയോ സ്വരഭേദങ്ങൾ ഇടകലർത്തി അപ്പ പ്പോൾ തോന്നിയപോലെ വായിയ്ക്കുകയാണെന്നും ചിത്രകാരൻ യാ തൊരാസൂത്രണവുമില്ലാതെ ഓരോ ചായക്കൂട്ടുകൾ ഫലകത്തിൽ വാ രിവിതറുകയാണെന്നും അവർക്കു തോന്നാനിടയുണ്ട്; ചിത്രത്തിലൊ

രു മനുഷ്യരൂപം കണ്ടാൽ, തെരുവിലൂടെ നടന്നു പോകുന്ന മനുഷ്യരെ കണ്ടു പരിചയമുള്ള അതേ കണ്ണട വെച്ചു നോക്കുമ്പോൾ, പ്രാകൃതവും വികൃതവുമായി ചിത്രീകരിച്ചിരിയ്ക്കുന്ന രൂപവിശേഷങ്ങളിൽ തന്മയത്വം തൊട്ടു തെറിച്ചിട്ടില്ലെന്നു പ്രഖ്യാപിച്ച് അവർ കലാകാരന്റെ കഴിവില്ലായ്മയിൽ സഹതപിച്ചു വിലപിയ്ക്കുകപോലും ചെയ്യും; ആ ചർച്ച കേട്ടാൽ മനുഷ്യശരീരത്തെക്കുറിച്ചൊരു ധാരണയുമില്ലാത്ത വെറും വിഡ്ഢിയാണു ചിത്രകാരനെന്ന് അവർ കരുതുന്നതായി തോന്നും.

എന്നിട്ടും, 'വിശ്വസ്ത'രായവർ കേൾക്കാപ്പുറത്തേയ്ക്കു മാറിപ്പോയെന്നു തീർച്ചയായാൽ, നീന്തൽവിദ്യാർത്ഥി വെള്ളത്തിലേയ്ക്കെടുത്തുചാടുന്നതുപോലെ, ഈയൊരവസരം പാഴാക്കാനുള്ളതല്ലെന്ന നിശ്ചയദാർഢ്യത്തോടെ അദ്ദേഹം പറയും: "അതേ, അവർ പറഞ്ഞതുപോലെ അദ്വിതീയനായൊരു സംഗീതജ്ഞനാണദ്ദേഹം!".

കുറച്ചുകാലം മുമ്പുമാത്രം പുറത്തിറങ്ങിയ വിന്റെയിലിന്റെ ആ ഗീതം, സംഗീതജ്ഞരുടെ വിദഗ്ധസമിതികളിൽ ചർച്ചകൾക്കു വിധേയമായതാണെന്നും പക്ഷേ ആസ്വാദകർക്കിടയിൽ അറിയപ്പെടാതെ കിടക്കുകയാണെന്നുമല്ലാതെ മറ്റൊന്നും സ്വാനിനു പിന്നീടുള്ള അന്വേഷണത്തിൽ കണ്ടെത്താൻ കഴിഞ്ഞില്ല.

"വിന്റെയിലെന്നു പേരായ ഒരാളെ, സത്യത്തിൽ, എനിയ്ക്കു വളരെ അടുത്തറിയാം", കോംബ്രേയിൽവെച്ചു മുത്തച്ഛന്റെ സഹോദരിമാരെ പണ്ടു സംഗീതം പഠിപ്പിച്ചിരുന്ന അയൽക്കാരനെക്കുറിച്ചോർത്തു സ്വാൻ പറഞ്ഞു.

"ഒരുപക്ഷേ, അദ്ദേഹംതന്നെയായിരിയ്ക്കുമോ ഈ മനുഷ്യൻ?", മാഡം വെർഡുരിൻ ശബ്ദമുയർത്തി ചോദിച്ചു.

"ഇല്ല, അങ്ങനെയൊരു സാദ്ധ്യതയില്ല!', സ്വാൻ ആ നിർദ്ദേശം ചിരിച്ചുതള്ളി. "അദ്ദേഹത്തെ ഒരു നിമിഷം നേരിട്ടു കണ്ടിരുന്നെങ്കിൽ നിങ്ങൾ ഈ ചോദ്യം ചോദിയ്ക്കുമായിരുന്നില്ല!".

"അപ്പോൾപ്പിന്നെ.., ചോദ്യം ചോദിയ്ക്കുകയാണു പ്രശ്നപരിഹാര

ത്തിനുള്ള ഒരേയൊരു ഉത്തരം!", ഡോക്ടറൊരു തെളിഞ്ഞ പോംവഴി നിർദ്ദേശിച്ചു.

"ഒരുപക്ഷേ, അദ്ദേഹത്തിന്റെ ബന്ധുക്കളാരെങ്കിലുമായിരിയ്ക്കാം", സ്വാൻ ആത്മഗതംപോലെ തുടർന്നു. "പക്ഷേ, അതിലൊരു യുക്തിരാഹിത്യമുണ്ട്, ആലോചിച്ചു നോക്കിയാൽ പ്രതിഭാശാലിയായ സംഗീതജ്ഞനു കഥയില്ലാത്ത ഒരു കിഴവൻ ബന്ധുവായി വരാൻ പാടില്ലെന്നു നിയമമൊന്നുമില്ല. ഇനി അങ്ങനെയാണെങ്കിൽത്തന്നെ, അദ്ദേഹത്തെ പരിചയപ്പെടാൻ ഞാൻ ആ കിഴവനിൽനിന്നെത്ര പീഡനം നേരിടേണ്ടിവരും! അതിനുവേണ്ടി അയാളെ സമീപിയ്ക്കുന്നതിനെക്കുറിച്ചു ചിന്തിയ്ക്കാൻപോലും വയ്യ!".

അക്കാലത്തു ഗുരുതരമായ രോഗം ബാധിച്ചു തീരെ കിടപ്പിലായിരുന്ന വിന്റെയിലിന്റെ ജീവിതം ഡോക്ടർ പോട്ടൈൻ മിക്കവാറും എഴുതിത്തള്ളിക്കഴിഞ്ഞതായി ആരോ പറഞ്ഞു കേട്ടു ചിത്രകാരൻ മനസ്സിലാക്കിയിരുന്നു.

"എന്ത്!", മാഡം വെർഡുരിൻ അസഹ്യത ഭാവിച്ചു, "ജനങ്ങളിപ്പോഴും ഡോക്ടർ പോട്ടൈനെയാണോ കാണുന്നത്?"

"അതെ! മാഡം", കോത്താർഡ് മുഖത്തു തെല്ലൊരു ജാള്യതയോടെ പറഞ്ഞു, "എന്റെ സഹപ്രവർത്തകനും ഗുരുസ്ഥാനീയനുമായ ഒരാളെക്കുറിച്ചാണു നിങ്ങൾ പറയുന്നതെന്നു മറക്കണ്ട!"

രോഗം ഗുരുതരമാകുന്നതിനുമുമ്പേതന്നെ വിന്റെയിലിനു വിവേചനാശക്തി നഷ്ടപ്പെട്ടതായി ചിത്രകാരൻ പറഞ്ഞു. കൂടാതെ, രോഗത്തിന്റെ ചില സൂചനകൾ ആ ഗീതത്തിൽ അവിടവിടെയായി കാണാനുണ്ടെന്ന അദ്ദേഹത്തിന്റെ അഭിപ്രായം സ്വാനിനെ ചെറുതായൊന്നു സംഭ്രമിപ്പിയ്ക്കുകയും ചെയ്തു. പരിശുദ്ധമായൊരു സംഗീതകൃതിയിൽ തീരെ യുക്തിരഹിതമായ അത്തരം ആശയങ്ങൾക്കു പക്ഷേ യാതൊരു സാദ്ധ്യതയുമില്ല; മറിച്ച്, സംസാരത്തിലും എഴുത്തിലും അതേ ആശയങ്ങൾ ഉന്മാദത്തിന്റെ ലക്ഷണമായി പൊതുവേ കരുതപ്പെടുന്നുമുണ്ട്. നായ്ക്കൾക്കും കുതിരകൾക്കും അപൂർവമായിമാത്രം

ബാധിയ്ക്കുന്ന ഉന്മാദാവസ്ഥപോലെ, ഒരു ഗീതത്തിൽ രോഗലക്ഷണ ങ്ങൾ പ്രകടമാകുന്നതു മനസ്സിലാക്കാനാവാത്ത ഒരത്ഭുതമായി അദ്ദേ ഹത്തിനു തോന്നി.

"നിങ്ങളുടെ 'ഗുരുക്കന്മാരെ'ക്കുറിച്ചൊന്നും എന്നോടു പറയേണ്ട, അവരേക്കാൾ പതിന്മടങ്ങു വിവരം നിങ്ങൾക്കുണ്ട്!", പൂർണബോ ദ്ധ്യമുള്ള ഒരു വിഷയത്തിൽ എതിരഭിപ്രായം പ്രകടിപ്പിയ്ക്കുന്നവരെ നേരിടാൻ തയാറെടുത്ത തന്റേടിയായ സ്ത്രീയെപ്പോലെ, ധൈര്യം നി റഞ്ഞു തുളുമ്പുന്ന സ്വരത്തിൽ മാഡം വെർഡുരിൻ പറഞ്ഞു. "എന്താ യാലും, നിങ്ങളൊരു രോഗിയെ ഇതുവരെ കൊന്നിട്ടൊന്നുമില്ലല്ലോ!".

"പക്ഷേ മാഡം, അദ്ദേഹം അക്കാദമിയിലെ ബഹുമാന്യനായ ഒ രംഗമാണ്!", ഡോക്ടർ പരിഹാസപൂർവം ചിരിച്ചു. "വൈദ്യശാസ്ത്രത്തി ലെ രാജകുമാരന്മാരുടെ കൈകൊണ്ടു മരിയ്ക്കണമെന്നൊരു മോഹം ആർക്കെങ്കിലും തോന്നിയാൽ.. 'അതേ, ഡോക്ടർ പോട്ടൈനാണെ ന്നെ നോക്കുന്നതെ'ന്നു പറയുന്നതു രോഗിയ്ക്കെത്ര മതിപ്പാണുണ്ടാക്കു ന്നതെന്ന് അറിയാമോ?".

"തീർച്ചയായും, നല്ല മതിപ്പുതന്നെ!", മാഡം വെർഡുരിൻ പറഞ്ഞു. "അപ്പോൾ, ഈയിടെയായി രോഗങ്ങളിലും കലശലായ പരിഷ്ക്കാ രഭ്രമം കടന്നു കൂടിയിട്ടുണ്ട്, അല്ലേ? ഞാനറിഞ്ഞില്ല.... അതെ, നിങ്ങ ളെന്നെ ചിരിപ്പിയ്ക്കാൻ നോക്കുന്നു!", പെട്ടെന്നു മുഖത്തു കൈപ്പടമമർ ത്തി അവരലറി വിളിച്ചു. "ഞാനൊരു പാവം സ്ത്രീ! കാര്യഗൗരവ ത്തോടെ ഓരോന്നു പറയുമ്പോൾ നിങ്ങളെന്റെ കാലുകൾ പിന്നിൽ നിന്നു വലിച്ചതു ഞാനറിഞ്ഞില്ല!".

വെറുമൊരു നിസ്സാരകാര്യത്തിന്റെപേരിൽ വീണ്ടുമൊരു ചിരി തു ടക്കം മുതൽ ആവർത്തിയ്ക്കുന്ന കഷ്ടപ്പാടിന്റെ കാഠിന്യം കണ്ടറിഞ്ഞു വെർഡുരിൻ സിഗരറ്റിൽനിന്നു സാവകാശം പുറത്തേയ്ക്കൊരു പുകച്ചു രുൾ ഊതിവിട്ടു സ്വയം സംതൃപ്തനായി. ഉല്ലാസക്കടലിനു മേലേ ആ കാശസഞ്ചാരം നടത്തുന്ന ഭാര്യയുടെ അടുത്തെത്താമെന്ന വിദൂരപ്ര

തീക്ഷ പൊലിഞ്ഞുപോയതിലുള്ള വിഷാദത്തോടെ അദ്ദേഹം ചിന്താമഗ്നനായി ഇരുന്നു.

"നിനക്കറിയാമോ, ഓദത്ത്! ഞങ്ങൾക്കു നിന്റെ സുഹൃത്തിനെ നന്നായി ബോധിച്ചു", ശുഭരാത്രി നേർന്നു യാത്ര പറയാൻ വന്ന ഓദത്തിനോടു മാഡം വെർഡുരിൻ പറഞ്ഞു. "കൃത്രിമഭാവങ്ങളില്ലാതെ ആകർഷകത്വമുള്ള ഒരു മാന്യൻ! ഇനിയും ഇത്തരം സുഹൃത്തുക്കളുണ്ടെങ്കിൽ നിനക്കിങ്ങോട്ടു കൊണ്ടുപോരാം!".

പക്ഷേ, പിയാനിസ്റ്റിന്റെ അമ്മായിയെ സ്വാൻ വേണ്ടതുപോലെ പരിചയപ്പെട്ടില്ലെന്നു വെർഡുരിൻ ഭാര്യയോടു പരിഭവം പറഞ്ഞു.

"ഇതൊരു തുടക്കമല്ലേ, അദ്ദേഹം അൽപ്പം പരിഭ്രമിച്ചിട്ടുണ്ടെന്നാണു തോന്നുന്നത്!", മാഡം വെർഡുരിൻ തിരിച്ചടിച്ചു. "ആദ്യത്തെ വരവിൽത്തന്നെ എല്ലാവരും ഇവിടത്തെ രീതി മനസ്സിലാക്കിക്കൊള്ളണമെന്നു പ്രതീക്ഷിക്കാൻ വയ്യ. എന്തായാലും ഇത്തവണ ചുറ്റുമൊന്നു നടന്നു കണ്ടാൽ മതി. ഓദത്ത്, നാളെ നമുക്കു ചാറ്റ്ലെറ്റിൽ ഒരുമിച്ചു കൂടാം. ഒരുപക്ഷേ, അദ്ദേഹത്തെ നീ കൂടെ കൂട്ടിക്കൊണ്ടു വരുന്നതാണു നല്ലതെന്നു തോന്നുന്നു".

"വേണ്ട.., അതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല".

"അങ്ങനെയാണെങ്കിൽ നന്നായി, നിന്റെ ഇഷ്ടംപോലെ. അവസാനനിമിഷം അദ്ദേഹത്തെ കാണാതെ വരരുതെന്നുമാത്രം!".

പിറ്റേന്നു സ്വാൻ, മാഡം വെർഡുരിനു നിരാശയല്ല, അത്ഭുതമാണു സമ്മാനിച്ചത്. ഹോട്ടലോ നാടകശാലയോ എവിടെയായാലും അദ്ദേഹം പതിവായി അവരുടെ കൂട്ടത്തിൽ ചേരാൻ തുടങ്ങി. ഒരു വൈകുന്നേരം ഭക്ഷണം കഴിയ്ക്കുമ്പോൾ, നാടകശാലയിലെ ജനക്കൂട്ടത്തിനു പിന്നിൽ ടിക്കറ്റിനു കാത്തുനിൽക്കേണ്ട കഷ്ടപ്പാടൊഴിവാക്കാൻ അധികൃതരുടെ ഒരനുവാദപത്രം തനിയ്ക്കില്ലാതെ പോയതിൽ മാഡം വെർഡുരിൻ ആവലാതിപ്പെടുന്നത് അദ്ദേഹം യദൃച്ഛയാ കേട്ടു. നാടകശാലയിലെ ആദ്യപ്രദർശനങ്ങളിലും ഒപ്പേറയുടെ വാർഷികത്തിലും അങ്ങനെയൊരു അനുവാദപത്രമുണ്ടെങ്കിൽ എത്രയെളുപ്പമാണെന്നും,

ഗമ്പെട്ടായുടെ മരണാനന്തരചടങ്ങിൽ പങ്കെടുക്കാൻ ചെന്നപ്പോൾ അകത്തു കടക്കാൻ എത്ര ബുദ്ധിമുട്ടിയെന്നും അവർ പരാതിപ്പെട്ടു. പൊങ്ങച്ചക്കാരനെന്ന ആരോപണം ഒഴിവാക്കാൻവേണ്ടി ഒരിയ്ക്കലും സ്വാൻ ഉന്നതരായ സുഹൃത്തുക്കളെക്കുറിച്ച് സംസാരിയ്ക്കാറില്ല. അങ്ങനെ മന:പൂർവം മറച്ചുപിടിയ്ക്കുന്നതു ചിലപ്പോൾ അവർക്കുതന്നെ ഹാനികരമാകുന്ന സന്ദർഭങ്ങളിൽമാത്രമേ അദ്ദേഹം ആ ബന്ധം വെളി-പ്പെടുത്താറുള്ളൂ. പതിവായി സാങ്ജർമ്മൻ സന്ദർശിയ്ക്കുന്ന സ്വാനിന്റെ സുഹൃദ്വലയത്തിൽ റിപ്പബ്ലിക്കിന്റെ ഭരണാധികാരികൾ സ്വാഭാവികമായും ഉൾപ്പെട്ടിരുന്നു. അതുകൊണ്ടു രണ്ടാമതൊന്നു ചിന്തിയ്ക്കാതെ അദ്ദേഹം പറഞ്ഞു: "അതിനെന്താ, ഞാനൊരെണ്ണം ശരിയാക്കാം. ഡാനിഷെഫ് പുനരുദ്ധാരണപരിപാടിയ്ക്കു മുമ്പേതന്നെ നിങ്ങൾക്കതു ലഭിച്ചിരിയ്ക്കും. നാളെ എലിസീയിൽവെച്ചു നടക്കുന്ന വിരുന്നിൽ പതിവുപോലെ പാരീസിലെ മുഖ്യന്യായാധിപനെ ഞാൻ കാണാനിടയുണ്ട്".

"എന്ത്! എലിസീയോ...?', ഡോക്ടർ കോത്താർഡ് ഇടിമുഴക്കംപോലെ ഗർജ്ജിച്ചു.

"അതേ, ഗ്രെവിയുടെ വിരുന്നുസൽക്കാരത്തിൽവെച്ച്!", അറിയാതെ പുറത്തു വന്ന പ്രതികരണത്തിൽ ചെറിയൊരു സങ്കോചത്തോടെ സ്വാൻ മറുപടി പറഞ്ഞു.

"നിങ്ങളിതുപോലെ എവിടേയ്ക്കെങ്കിലും പോകാറുണ്ടോ?", ചിത്രകാരൻ തമാശയും ഗൗരവവും കലർത്തി ഡോക്ടറോടു ചോദിച്ചു. സാധാരണനിലയിൽ, ആദ്യത്തെ വിശദീകരണം കേട്ടുകഴിഞ്ഞ ഉടനെ കോത്താർഡ് പറയും: "വളരെ നന്നായി, എങ്കിൽപ്പിന്നെ എല്ലാം ശരിയായി!". പക്ഷേ, ഇത്തവണ സ്വാനിന്റെ വാക്കുകൾ, പതിവുള്ള ശീതളസ്പർശത്തിനു പകരം അദ്ദേഹത്തെ ചുട്ടുപൊള്ളിയ്ക്കുകയാണു ചെയ്തത്. ഒരേ മേശയ്ക്കിരുപുറത്തായി, യാതൊരു പദവിയും സ്ഥാനവുമില്ലാതെ, തന്റെകൂടെ ഇരിയ്ക്കുന്ന ഈ മനുഷ്യൻ, രാഷ്ട്രത്തിന്റെ പര

മാധികാരിയുമായി സൗഹൃദത്തിലാണെന്ന വിസ്മയകരമായ കണ്ടു പിടുത്തം, അദ്ദേഹത്തിന്റെ ആശ്ചര്യത്തെ ആവി പുറപ്പെട്ടുവിക്കുന്ന താപനിലയിലേക്കുയർത്തി.

"എന്താണ താങ്കൾ പറയുന്നത്..? ഗ്രെവി..!! ഗ്രെവിയെ താങ്കൾക്ക നേരിട്ടറിയാമെന്നോ?" വിശ്വാസം വരാത്ത സ്വരത്തിൽ അദ്ദേഹം ആവർത്തിച്ചു. റിപ്പബ്ലിക്കിന്റെ പ്രസിഡണ്ടിനെ കാണണമെന്ന പറഞ്ഞു കൊട്ടാരത്തിൽ യദൃച്ഛയാ വന്ന ഒരപരിചിതന്റെ മട്ടും മാതിരിയും വാക്കുകളും ശ്രദ്ധിച്ച കാവൽക്കാരൻ ഉടനെ അകത്തേക്കു കടത്തിവിടാമെന്ന പറഞ്ഞശേഷം, ഒരുപക്ഷേ, അദ്ദേഹത്തെ അടുത്ത പോലീസ്സ്റ്റേ ഷനിലെ സ്വീകരണമുറിയിലേക്കായിരിക്കും വഴി കാണിക്കുന്നത്. 'കൊട്ടാരത്തിലൊരു അപൂർവസംഭവ'മെന്ന ശീർഷകത്തിൽ പിറ്റേന്ന പത്രത്തിൽ വരാൻ പോകുന്ന അത്തരം വാർത്ത പോലെയായിരുന്നു, ഡോക്ടറുടെ ആ ചോദ്യം.

"ചില സുഹൃത്തുക്കൾ വഴി അദ്ദേഹത്തെ എനിക്കൊരു ചെറിയ പരിചയമുണ്ട്, ", (ആ സുഹൃത്തു പക്ഷേ, വെയിൽസ് രാജകുമാരനാണെന്ന പറയാൻ സ്വാൻ ധൈര്യപ്പെട്ടില്ല!). "എല്ലാവരോടും വളരെ അടുത്തു പെരുമാറുന്ന നല്ലൊരു മാന്യനാണദ്ദേഹം. പക്ഷേ ഒരു കാര്യം പറയാം, ഒരിക്കലും എനിക്കദ്ദേഹത്തിന്റെ വിരുന്ന രസകരമായി തോന്നാറില്ല, ലളിതമായൊരു ചടങ്ങു മാത്രം! പങ്കെടുക്കുന്നവരാകട്ടെ, കൂടിയാൽ എട്ടുപേർ!". പ്രസിഡണ്ടുമായുള്ള അടുപ്പത്തിന്റെ പ്രാധാന്യം കുറച്ചു കാണിക്കാനും ഡോക്ടറുടെ കണ്ണിലെ വജ്രത്തിളക്കം ഊതിക്കെടുത്താനും വല്ലാതെ സാഹസപ്പെട്ട് അദ്ദേഹം പറഞ്ഞു.

കോത്താർഡ് ഉടനെ സ്വാൻ പറഞ്ഞ വാക്കുകളുടെ അക്ഷരാർത്ഥം വ്യാഖ്യാനിച്ച്, ആരും വിലമതിക്കാത്ത ഗ്രെവിയുടെ ക്ഷണപത്രങ്ങൾ പൊതുവഴികൾക്കിരുവശത്തുമുള്ള വേലിപ്പത്തലുകളിൽ പരസ്യമായി പ്രദർശിപ്പിക്കുകയാണ പതിവെന്ന നിഗമനത്തിൽ ചെന്നെത്തി. അന്നു മുതൽ ആരെങ്കിലും 'എലിസീ'യിലേക്കു പോകുന്നതായി പറഞ്ഞു കേട്ടാൽ അദ്ദേഹത്തിന യാതൊരത്ഭുതവും തോന്നാ

തായി. മാത്രമല്ല, വിരസമായൊരു വിരുന്നുസൽക്കാരത്തിൽ പതിവായി പങ്കെടുക്കേണ്ടി വരുന്ന സ്വാനിന്റെപേരിലൊരു സഹതാപവും അദ്ദേഹത്തിനു തോന്നിത്തുടങ്ങി.

“വളരെ നന്നായി, എങ്കിൽപ്പിന്നെ എല്ലാം ശരിയായി“, കുറ്റവാളിയെന്നു സംശയിച്ചു തടഞ്ഞുവെച്ച യാത്രക്കാരന്റെ വിശദീകരണം കേട്ട ശേഷം അനുവാദപത്രം തിരികെ നൽകി പെട്ടി പരിശോധിയ്ക്കാതെ യാത്ര തുടരാൻ അനുവദിയ്ക്കുന്ന പോലീസ് ഉദ്യോഗസ്ഥന്റെ സ്വരത്തിൽ, അദ്ദേഹം പറഞ്ഞു.

“തീർച്ചയായും നല്ലൊരു പ്രകൃതംകൊണ്ടു മാത്രമാണു താങ്കൾ മനം മടുപ്പിയ്ക്കുന്ന ആ വിരുന്നിൽ പതിവായി പങ്കെടുക്കുന്നതെന്നു ഞാൻ കരുതട്ടെ!“ മാഡം വെർഡുരിൻ പറഞ്ഞു. അതേസമയം, പ്രസിഡണ്ട് ഒരുപക്ഷേ പ്രലോഭനവും നിർബന്ധവും പ്രയോഗിച്ചാൽ 'വിശ്വസ്ത'രുടെ എണ്ണം ഇനിയും കുറയാനുള്ള സാദ്ധ്യത മുൻകൂട്ടി കണ്ട്, ഒഴിവാക്കപ്പെടേണ്ട ഒരരസികനെന്ന നിലയ്ക്ക്, അവർ അദ്ദേഹത്തെ നോക്കി ആത്മഗതമായി പറഞ്ഞു: “മരക്കുറ്റിപോലത്തെ ഒരു ചെവിപൊട്ടനാണെന്നു തോന്നുന്നു, സ്വന്തം വിരൽതന്നെ വായിലിടുന്നവൻ!“.

“അപ്പോൾ, ആ വിരുന്നിൽ പങ്കെടുക്കുന്നതുകൊണ്ട് താങ്കൾക്കു പ്രത്യേകിച്ചൊരു പ്രയോജനവുമില്ല“. ഡോക്ടർ ഒരനുകമ്പയുടെ സ്വരത്തിൽ അഭിപ്രായപ്പെട്ടു. പക്ഷേ, പെട്ടെന്നു വിരുന്നിൽ പങ്കെടുക്കുന്നവരുടെ എണ്ണത്തിന്റെ കാര്യം അദ്ദേഹത്തിനോർമ്മ വന്നു. എട്ടു പേർ മാത്രം! “ആ സൽക്കാരങ്ങളൊക്കെ താങ്കൾ പറയുന്നതുപോലെ അടുത്ത സുഹൃത്തുക്കളെ ഉൾപ്പെടുത്തിയാണോ നടക്കാറുള്ളത്?“. ഭാഷാവിഷയകമായ ജിജ്ഞാസയോളംതന്നെ പ്രകടമായ ചടുലതയോടെ അദ്ദേഹം ചോദിച്ചു.

റിപ്പബ്ലിക്കിന്റെ പ്രസിഡണ്ടിനെക്കുറിച്ചു ഡോക്ടർ കോത്താർഡിന്റെ മനസ്സിൽ നേരത്തേ പതിഞ്ഞിരുന്ന ചിത്രത്തിനു മഹത്വവും തിളക്കവുമുണ്ടായിരുന്നു; സ്വാനിന്റെ വിനയാന്വിതമായ പെരുമാറ്റമോ

മാഡം വെർഡ്യുരിന്റെ വിദ്വേഷഭാവമോ ആ ധാരണ മായ്ച്ചു കളയാൻ പര്യാപ്തമായില്ല. അതുകൊണ്ടു പിന്നീടു വെർഡ്യുരിൻകുടുംബത്തിൽ ഭക്ഷണം കഴിയ്ക്കാൻ തുടങ്ങുമ്പോഴൊക്കെ അദ്ദേഹം ആകാംക്ഷയോടെ അദ്ദേഹം ചോദിയ്ക്കും: “ഇന്നു വൈകുന്നേരം സ്വാൻ വരുമെന്നു തോന്നുന്നുണ്ടോ? ഗ്രെവിയുടെ സുഹൃത്തായതുകൊണ്ട്, നിങ്ങളുടെ ഭാഷയിൽ, അദ്ദേഹം നല്ലൊരു 'തറവാടി'യാണെന്നു ഞാൻ വിചാരിയ്ക്കുന്നു“. മറ്റൊരിയ്ക്കൽ, തന്റെ നേതൃത്വത്തിൽ നടക്കുന്ന ദന്തപ്രദർശനത്തിന്റെ ക്ഷണം സ്വാനിനു വെച്ചു നീട്ടി ഡോക്ടർ പറഞ്ഞു: “താങ്കൾക്കും, താങ്കളുടെ സുഹൃത്തുക്കൾക്കും വരാം! പക്ഷേ, നായ്ക്കൾക്കു പ്രവേശനമുണ്ടാവില്ല, മനസ്സിലായല്ലോ! കാര്യമറിയാതെ ചിലരവിടെ വന്നു കാണിച്ചു കൂട്ടിയ കോലാഹലം പറഞ്ഞറിയിയ്ക്കാനാവില്ല!“.

സ്വാധീനശക്തിയുള്ള ചില സുഹൃത്തുക്കൾ തനിയ്ക്കുണ്ടെന്ന സത്യം സ്വാൻ നേരത്തേ പറയാതിരുന്നതിൽ ഭാര്യയുടെ മനസ്സിൽ തോന്നിയ അസഹ്യത വെർഡ്യുരിൻ പ്രത്യേകം ശ്രദ്ധിച്ചു.

'മറ്റൊരു സ്ഥല'വും സമാഗമത്തിനു തിരഞ്ഞെടുത്തിട്ടില്ലെങ്കിൽ 'അണുകുടുംബം' പതിവായി സമ്മേളിയ്ക്കുന്ന വെർഡ്യുരിന്റെ വീട്ടിൽത്തന്നെ സ്വാൻ എത്തിച്ചേരും. വൈകുന്നേരമല്ലാതെ പകൽ സമയങ്ങളിൽ പക്ഷേ അദ്ദേഹം അങ്ങനെ ചെയ്യാറില്ല. ഓദത്ത് പലതവണ പറഞ്ഞെങ്കിലും ഉച്ചഭക്ഷണത്തിനുള്ള ക്ഷണം സ്വാൻ ഒരിയ്ക്കലും സ്വീകരിച്ചില്ല.

“എങ്കിൽ നമുക്കെവിടെയെങ്കിലും ഒറ്റയ്ക്കു ചെന്നിരുന്നു ഭക്ഷണം കഴിയ്ക്കാം!”, അവൾ ചിലപ്പോൾ നിർദ്ദേശിയ്ക്കും.

“അപ്പോൾ, മാഡം വെർഡ്യുരിനോ?“

“അതൊരു പ്രശ്നമല്ല. വണ്ടിക്കാരൻ വരാൻ വൈകിയെന്നോ മറ്റോ കാരണം പറയാം. എപ്പോഴും എന്തെങ്കിലും ഒഴികഴിവുകൾ ഉണ്ടാവാതിരിയ്ക്കില്ല!“.

“ഓദത്ത്.., നീയെത്ര മനോഹരമായി സംസാരിയ്ക്കുന്നു!“.

അവളുടെ സഹവാസത്തേക്കാൾ പ്രിയപ്പെട്ട മറ്റു ചില ഉല്ലാസങ്ങ

ൾക്കൂടി തനിയ്ക്കുണ്ടെന്നു സൂചിപ്പിച്ചാൽ, ഒരുപക്ഷേ അവൾക്കു തന്നോടു തോന്നുന്ന അഭിനിവേശം പൂർണമായ സുഖാനുഭവമെത്തുന്നതുവരെ നീട്ടിക്കൊണ്ടു പോകാമെന്നു സ്വാൻ സ്വയം വിചാരിച്ചു. മാത്രമല്ല, ഓദത്തിന്റെ ശൈലിയിലുള്ള സൗന്ദര്യത്തേക്കാൾ അഭികാമ്യമായി തോന്നിയ, റോസാപ്പൂവിന്റെ സൌകുമാര്യം നിറഞ്ഞു തുളുമ്പുന്ന, ഗ്രാമീണയായൊരു പെൺകുട്ടിയുമായി ആയിടെ അദ്ദേഹം പ്രണയത്തിലായിരുന്നു. വൈകുന്നേരങ്ങളിൽ എന്തായാലും ഓദത്തിനെ കാണാമെന്ന ഉറപ്പുള്ളതുകൊണ്ട് ഉച്ചകഴിഞ്ഞു കുറച്ചുനേരം അവളുടെകൂടെ ചിലവഴിയ്ക്കാനാണു സ്വാൻ താൽപ്പര്യപ്പെട്ടത്. അതുകൊണ്ട് വെർഡുരിൻകുടുംബത്തിലേയ്ക്കു തന്നെ കൂട്ടിക്കൊണ്ടുപോകാനായി ഓദത്ത് വീട്ടിലേയ്ക്കുവരുന്നതിനോടു സ്വാൻ ഒരിയ്ക്കലും അനുകൂലിച്ചില്ല. അദ്ദേഹത്തിന്റെ വീട്ടിൽനിന്നു കുറച്ചുമാറി തെരുവിന്റെ വളവിൽ കൃത്യസമയത്തു പതിവായി ആ പെൺകുട്ടി കാത്തു നിൽക്കാറുണ്ട്. വണ്ടിക്കാരൻ റെമിയ്ക്കു വണ്ടിയെവിടെയാണു നിർത്തേണ്ടതെന്നു നന്നായറിയാം. അവൾ അകത്തേയ്ക്കു ചാടിക്കയറി അദ്ദേഹത്തിന്റെ അടുത്തുവന്നിരുന്നു പരസ്പരം കെട്ടിപ്പിടിച്ചു പ്രണയബദ്ധരായി യാത്ര തുടരും. മാഡം വെർഡുരിന്റെ വീടെത്തിയാൽ വണ്ടി തിരിച്ചയച്ചു സ്വാൻ പതുക്കെ സ്വീകരണമുറിയിലേയ്ക്കു പ്രവേശിയ്ക്കും. അന്നു രാവിലെ അദ്ദേഹം ഓദത്തിനു കൊടുത്തയച്ച റോസാപ്പൂച്ചെണ്ടു ചൂണ്ടിക്കാണിച്ചു മാഡം വെർഡുരിൻ പറയും: "ഇക്കാര്യത്തിൽ പക്ഷേ എനിയ്ക്കു താങ്കളോടു പരിഭവമുണ്ട്!". സ്വാൻ ഓദത്തിന്റെ അടുത്തു ചെന്നിരുന്നാൽ ഉടനെ പിയാനിസ്റ്റ്, അവർക്കുവേണ്ടി മാത്രം, അവരുടെ പ്രണയത്തിന്റെ ദേശീയഗാനമായി മാറിക്കഴിഞ്ഞ വിന്റെയിലിന്റെ സംഗീതകൃതി വായിയ്ക്കാൻ തുടങ്ങും. പതിവായി വിസ്തരിക്കാറുള്ള രാഗത്തിന്റെ ആദ്യത്തെ പകുതിയിൽ, വയലിന്റെ മന്ദ്രവും അവിരാമവുമായ ജീവശ്രുതി നിരവധി താളവട്ടങ്ങൾ യാതൊരകമ്പടികളുമില്ലാതെ മുഴങ്ങുമ്പോൾ മുറിയിലാകെ അലൌകികമായൊരു നാദസൗരഭ്യം പരന്നൊഴുകുന്നതായി സ്വാനിനു തോന്നും. ആ വിസ്മയാനുഭൂതിയ്ക്കു പി

ന്നാലെ, പീറ്റർ ഹ്ലേച്ചിന്റെ ചിത്രങ്ങളിലെ അന്ത:പുരാലങ്കാരങ്ങളിൽ പാതി തുറക്കുന്ന വാതിലിന്റെ ഇടുങ്ങിയ ചട്ടക്കൂടിൽ ദൂരത്തേയ്ക്കു നീക്കി നിർത്തിയ പ്രധാനദൃശ്യംപോലെ, വിശാലതയുടെ പ്രകാശത്തിൽ വ്യത്യസ്തവർണഭേദങ്ങളായി മിന്നുന്ന തരളമധുരമായ നൃത്തവിന്യാസങ്ങളോടെ, ഒരിടയഗീതത്തിന്റെ ചരണമായിപ്പോലും സങ്കൽപ്പിയ്ക്കാവുന്ന ആനുഷംഗികചലനങ്ങളോടെ, ആ രാഗഭാവം പ്രത്യക്ഷപ്പെട്ടു. അനുപമമായ സൗന്ദര്യസാരം നാലുപാടും ചിതറി തെറിപ്പിച്ചു ലളിതമായ ഗതിഭേദങ്ങളോടെ കടന്നുപോകുന്ന ആ രാഗഭാവത്തിൽ മോഹമുക്തിയുടെ നേരിയൊരു സുഖസ്പർശം തിരിച്ചറിയാൻ കഴിഞ്ഞേക്കുമെന്നു ചിലപ്പോൾ സ്വാൻ വ്യാമോഹിയ്ക്കും. സ്വയം തുറന്നിട്ടു കഴിഞ്ഞ ആനന്ദത്തിന്റെ വഴികൾ വ്യർത്ഥവും വ്യാജവുമാണെന്നു ബോദ്ധ്യപ്പെടുത്തുന്നവിധം ആ രാഗഭാവത്തിൽ ഒളിഞ്ഞുകിടന്ന, വിഫലമായ പശ്ചാത്താപത്തിന്റെ വിസ്ഫോടനത്തിൽ സംഭവിയ്ക്കുന്ന ആത്മീയവൈരാഗ്യത്തെ, സ്വയംപര്യാപ്തമായൊരു ആത്മാവബോധത്തെ, അദ്ദേഹം പക്ഷേ തിരിച്ചറിഞ്ഞില്ല. സത്യത്തിൽ, സംഗീതകൃതി സംഗീതജ്ഞനോടു പറയാനുദ്ദേശിച്ച ആശയം, സ്വാനിനും ഓദത്തിനും ഒരിയ്ക്കലും മനസ്സിലാക്കാനാവാത്ത നൈസർഗികമായൊരു പ്രവാഹമായാണു പുറത്തേയ്ക്കു വന്നത്. വരുംനൂറ്റാണ്ടുകളിലെ ആസ്വാദകർക്കു വരദാനമാകാനുള്ള ആ സൌന്ദര്യസാരം പാടേ പിൻവലിച്ച്, ഓദത്തിനെക്കുറിച്ചു മാത്രം ചിന്തിയ്ക്കാൻ പ്രേരകമാകുന്ന പ്രണയചിഹ്നമായി, ഓദത്തിനെ തന്നോടു ബന്ധിപ്പിയ്ക്കുന്ന അനശ്വരമായൊരു ഉടമ്പടിയായി മാത്രമാണു സ്വാൻ ആ രാഗഭാവത്തെ അനുഭവിച്ചത്. അതുകൊണ്ട്, 'വിദഗ്ധ'രുടെ അകമ്പടിയോടെ ആ സംഗീതകൃതി മുഴുവനായും വായിച്ചുകേൾക്കണമെന്ന ഓദത്തിന്റെ വിചിത്രമായ അഭ്യർത്ഥന, അദ്ദേഹം നിരാകരിച്ചു. അപ്പോഴും, കൃതിയുടെ ഒരു സവിശേഷചരണമൊഴിച്ചു മറ്റു ഭാഗങ്ങളൊന്നും അദ്ദേഹം ശ്രദ്ധിച്ച് ആസ്വദിച്ചിരുന്നില്ല. “ബാക്കി കേട്ടതുകൊണ്ടു നമുക്കെന്തു പ്രയോജനം?“, അവളദ്ദേഹത്തെ പിന്താങ്ങി. “നമുക്കു നമ്മുടേതായ ഈ ചെറിയൊ

രു ഉണ്ടു മാത്രം മതി!". ആത്മാവിൽനിന്നും ഉറവെടുത്തു ഹൃദയത്തിലേയ്ക്കിറങ്ങി മനസ്സിനെ തൊട്ടുരുമ്മി കടന്നുപോകുന്ന ആ സവിശേഷ രാഗഭാവം അനന്തതയിൽ അലയടിയ്ക്കുമ്പോൾ അന്തരീക്ഷത്തിൽ മുഴങ്ങുന്ന മാറ്റൊലി ശ്രദ്ധിച്ച പീഡിതമനസ്ക്കരായ അവർക്കു പക്ഷേ അതിന്റെ യഥാതഥമായ മൂല്യം തിരിച്ചറിയാൻ കഴിഞ്ഞില്ല. അവരുടെ വ്യക്തിത്വങ്ങളിൽനിന്നു വ്യത്യസ്തവും വ്യതിരിക്തവുമായി പകരംവെയ്ക്കാനാവാത്ത സൗന്ദര്യം ആ രാഗഭാവത്തിനുണ്ടെന്നു വെളിവായ നിമിഷം, പ്രണയിനികളിൽനിന്നു ചിലപ്പോൾ സമ്മാനമായി ലഭിയ്ക്കുന്ന കത്തിൽ അവസരോചിതമല്ലാത്ത ചില വാക്കുകളും, മോതിരത്തിലെ ദേവകന്യയുടെ മുഖത്തെ മറുകും ചൂണ്ടിക്കാണിച്ചു കുറ്റാരോപണം നടത്തുന്നതുപോലെ, സ്വാനിനു പക്ഷേ സ്വയം പശ്ചാത്തപിയ്ക്കേണ്ടതായി വന്നു.

ചിലപ്പോൾ വെർഡുരിൻകുടുംബത്തിലേയ്ക്കു പോകുന്നതിനുമുമ്പ് ഗ്രാമത്തിലെ പെൺകുട്ടിയുമായി പതിവിലേറെ നേരം ചുറ്റിക്കറങ്ങിയാൽ, പിയാനിസ്റ്റ് വിന്റെയിലിന്റെ കൃതി വായിച്ചവസാനിപ്പിയ്ക്കുമ്പോഴേയ്ക്കും ഓദത്തിനു വീട്ടിലേയ്ക്കു മടങ്ങാനുള്ള സമയമാകും. അപ്പോഴൊക്കെ സ്വാൻ, ആർക്ക്ട്രയോംഫേയുടെ പിന്നിൽ റൂലാപെറോസിലുള്ള വീടിന്റെ പടിവാതിൽ വരെ അവളെ അനുഗമിയ്ക്കും; ഈയൊരു ആനുകൂല്യം ആസ്വദിയ്ക്കാനും ഓദത്തിന്റെ സൗമനസ്യത്തിനു വിധേയനാകാതിരിയ്ക്കാനുമാണു രണ്ടുപേരും ഒരുമിച്ചു വെർഡുരിൻസദസ്സിലേയ്ക്കു ചെല്ലുന്ന സന്തോഷാനുഭവം സ്വാൻ വേണ്ടെന്നു വെച്ചത്. വീട്ടിലേയ്ക്ക് ഒരുമിച്ചു മടങ്ങുന്ന ആനുകൂല്യത്തിന്റെപേരിൽ അവളദ്ദേഹത്തോടു പലവുരു നന്ദി പറഞ്ഞു. സ്വാനിനാകട്ടെ, അവർക്കിടയിൽ മറ്റാരും ബലാൽക്കാരേണ വന്നു നിൽക്കരുതെന്നും പരസ്പരം പിരിഞ്ഞശേഷം അവളെക്കുറിച്ചു ചിന്തിയ്ക്കുന്നതിന്നു മറ്റൊരു തടസ്സം വരാൻ പാടില്ലെന്നും പ്രത്യേകമായൊരു നിർബന്ധവുമുണ്ടായിരുന്നു.

അങ്ങനെ, ഓരോ രാവിലും ഓദത്ത് സ്വാനിന്റെ വണ്ടിയിലാണു വീട്ടിലേയ്ക്കു പൊയ്ക്കൊണ്ടിരുന്നത്. ഒരു ദിവസം പതിവുപോലെ

സ്വാൻ വണ്ടിയിൽനിന്നു താഴെയിറങ്ങി പടിവാതിൽക്കൽനിന്നു കൊണ്ട് അവളോടു വിട പറഞ്ഞു: "ശരി, നാളെക്കാണാം!"; പെട്ടെന്നൊരു ആവേശത്തിൽ അവൾ പിന്തിരിഞ്ഞു വീട്ടിലേയ്ക്കുള്ള നടപ്പാതയുടെ വശത്തു വിടർന്നു നിന്ന ഒരു ജമന്തിപ്പൂ ഇറുത്തെടുത്തു വണ്ടിയിൽ കയറാനൊരുങ്ങുന്ന അദ്ദേഹത്തിന്റെ കൈയിലർപ്പിച്ചു. വീട്ടിലേയ്ക്കുള്ള യാത്രയിൽ അദ്ദേഹം ആ ജമന്തിപ്പൂ ചുണ്ടോടു ചേർത്തു; കുറച്ചു കഴിഞ്ഞു സ്വാഭാവികമായും ഇതളുകൾ വാടിപ്പോയ പൂവ്, അമൂല്യമായൊരു വസ്തുപോലെ, അദ്ദേഹം വീട്ടിൽ ചെന്നു മേശയുടെ വലിപ്പിലേയ്ക്കു തള്ളി.

സാധാരണഗതിയിൽ വീടിന്റെ മുറ്റം വരെ മാത്രമേ അദ്ദേഹമവളെ അനുഗമിയ്ക്കാറുള്ളൂ. എങ്കിൽപ്പോലും രണ്ടു തവണ അവളുടെ 'അത്താഴവിരുന്നി'ൽ പങ്കു കൊള്ളാനെന്ന വ്യാജേന അദ്ദേഹം വീട്ടിനകത്തേയ്ക്കു കടക്കുകയുണ്ടായി. ഉയരം കുറഞ്ഞ മേൽക്കൂരയുമായി നിരന്നു നിന്ന വീടുകളുടെ വിരസതയ്ക്കു ഭംഗം വരുത്തി, അവിടവിടെ സ്വാർത്ഥചിന്തയോടെ കാണാവുന്ന ചില കടകൾ, ഒരിയ്ക്കൽ കുപ്രസിദ്ധമായിരുന്ന ആ പട്ടണത്തിന്റെ ചരിത്രാവശിഷ്ടമായി മാറിക്കഴിഞ്ഞിരുന്നു. ഇടുങ്ങിയ തെരുവിന്റെ വിജനതയും തോട്ടത്തിലെ പുൽത്തകിടികളിൽ വീണു കിടക്കുന്ന മഞ്ഞുപാളികളും കാലാവസ്ഥയുടെ അനുചിതമായ നീക്കങ്ങളും പ്രകൃതിയുടെ നൈസർഗികത വെളിവാക്കി; പക്ഷേ, വീടിനകത്തു കാണപ്പെട്ട അമിതമായ ആഡംബരവും പുഷ്പാലങ്കാരങ്ങളും ഊഷ്മളതയും ബാഹ്യാന്തരീക്ഷവുമായി തീരെ പൊരുത്തപ്പെടാനാവാതെ നിഗൂഢമായൊരു ഭാവം കൈവരിച്ചു.

മുൻവശത്തെ തെരുവിനു സമാന്തരമായി മറ്റൊരിടവഴിയിലേയ്ക്കു തുറക്കുന്ന ജനാലയോടു കൂടിയ ഓദത്തിന്റെ കിടപ്പുമുറി കാണാൻ ഇരുണ്ട ചായം തേച്ച ചുമരിനോടു ചേർന്നു മേലോട്ടൊരു കോണിപ്പടി അദ്ദേഹത്തിനു കയറേണ്ടി വന്നു. തെരുവിനേക്കാൾ ഉയർത്തിക്കെട്ടിയ തറയാണു വീടിന്റെ താഴത്തെ നില. വിശാലമായ കിടപ്പുമുറിയുടെ ജനാലകളിൽ ടർക്കിഷ്മണികൾ കോർത്ത തിരശ്ശീലകളും, മേ

ൽത്തട്ടിൽ ജപ്പാനിൽനിന്നു കൊണ്ടുവന്ന വലിയൊരു റാന്തൽവിളക്കും തൂങ്ങിക്കിടന്നു. ആധുനികസൗകര്യങ്ങളുടെ കുറവിനെക്കുറിച്ച് സന്ദർശകർ പരാതിപ്പെടരുതെന്നു കരുതി ഒരു വാതകനാളി വഴിയാണു നിലവിളക്കിന്റെ തിരി തെളിയിച്ചിരുന്നത്! ചില പൂന്തോട്ടങ്ങളിലെ മതിലിൽ കാണാറുള്ളതുപോലെ, ഇടനാഴിയുടെ ചുമരുകളിൽ ഷഡ്ഭുജാകൃതിയിൽ അഴികളിട്ട പെട്ടികൾക്കകത്തു നട്ടുവളർത്തിയിരുന്ന ജമന്തിച്ചെടികളിൽ, സസ്യപരിപാലനകേന്ദ്രങ്ങളിലെപ്പോലെ, ധാരാളം പൂക്കുലകൾ വിടർന്നു നിന്നു. പാരീസിൽ ആയിടയ്ക്കു മിക്കവാറും ഒരാവേശമായി മാറിയ ആ പൂക്കൾ പൊതുവേ സ്വാനിനു പഥ്യമായിരുന്നില്ല. വർഷകാലത്തെ ഇരുണ്ട അപരാഹ്നങ്ങളുടെ വിഷാദഭരിതമായ അന്തരീക്ഷത്തിൽ ഊഷ്മളത പരത്തുന്ന ആ ക്ഷണികതാരകളുടെ സുഗന്ധസുരഭിലമായ ഇതളുകൾ, മഞ്ഞയും ചുവപ്പും വെളുപ്പും നിറമുള്ള നാളങ്ങൾ തെളിച്ചു പരിസരമാകെ പ്രഭാപൂരിതമാക്കുന്ന ദൃശ്യം, പക്ഷേ ഈയൊരു സന്ദർഭത്തിൽ അദ്ദേഹത്തെ എന്തെന്നില്ലാതെ സന്തോഷിപ്പിച്ചു. ഇളംചുവപ്പു നിറത്തിൽ കഴുത്തും കൈകളും മറയ്ക്കാത്ത പരിഷ്കൃതവേഷം ധരിച്ച ഓദത്ത് സ്വാനിനെ സ്വീകരിയ്ക്കാൻ വന്നു. മുറിയിൽ അവിടവിടെ വിദഗ്ധമായി സംവിധാനം ചെയ്ത ഏകാന്തമായ മൂലകളിൽ കൃത്യമായി സ്ഥാപിച്ച ചൈനീസ് സ്ഫടികപ്പാത്രത്തിൽനിന്നു പുറത്തേയ്ക്കു നാമ്പു നീട്ടുന്ന പനയോലത്തണലിൽ, ഞൊറികളും നാടകളും സമൃദ്ധമായി തൂങ്ങിക്കിടന്ന തിരശ്ശീലയ്ക്കു കീഴെ അവൾ അദ്ദേഹത്തെ കൈപിടിച്ചിരുത്തി. പക്ഷേ ഉടനെതന്നെ എഴുന്നേറ്റുകൊണ്ട് അവൾ പറഞ്ഞു: “ഒരു നിമിഷം നിൽക്കൂ, ഈ ഇരിപ്പിടത്തിൽ താങ്കൾക്കു സുഖം തോന്നാനിടയില്ല, ഞാനൊന്നു ശരിയാക്കട്ടെ!“. സമ്പന്നതയുടെ മൂല്യം മറച്ചു വെയ്ക്കാതെ സകലതും സമൃദ്ധമായി വാരിച്ചൊരിയണമെന്ന നിശ്ചയദാർഢ്യത്തോടെ അവൾ മസൃണമായ ചില ഉപധാനങ്ങൾ കൈപ്പടംകൊണ്ടു പതം വരുത്തി അദ്ദേഹത്തിന്റെ തലയ്ക്കു പിന്നിലും കാൽക്കീഴിലും ഉയർത്തി വെച്ചു. പരിചാരകൻ മുറിയിലേയ്ക്കു കൊണ്ടുവന്ന സ്ഫടികപ്പാത്രങ്ങ

ളിൽ ഉറപ്പിച്ചു വെച്ച വിളക്കുകൾ സന്ധ്യയുടെ അസ്തമയശോഭ അന ശ്വരമാക്കുന്ന അൾത്താരപോലെ, അഭൌമമായ പ്രഭ ചൊരിഞ്ഞു. താഴെ തെരുവിൽ അലഞ്ഞു നടക്കുന്നവരുടെ നേർക്കാഴ്ചയിൽനിന്നു മറഞ്ഞു നിൽക്കുമ്പോൾപ്പോലും പ്രകാശം പരത്തുന്ന ജനൽപ്പാളിക ൾ ദൂരത്താണെങ്കിലും അദൃശ്യമായൊരു മാനുഷികസാന്നിദ്ധ്യം വെ ളിവാക്കി. ഏകാന്തകാമുകന്റെ വിചാരങ്ങളിൽ വിസ്മയങ്ങൾ സൃഷ്ടിച്ചു നിഗൂഢമായി പ്രത്യക്ഷപ്പെടുന്ന ആ പ്രകാശദീപങ്ങൾ മുറിയിൽ ഓ രോരോ സ്ഥാനത്തു സ്ഥാപിക്കുമ്പോൾ, അവളൊരു കണ്ണുകൊണ്ടു പ രിചാരകനെ ശ്രദ്ധാപൂർവം നിരീക്ഷിച്ചു. അവയിലൊന്നിന്റെ സ്ഥാ നം തെറ്റിപ്പോയാൽ മുറിയുടെ ദൃശ്യഭംഗിക്കു സമൂലമായ ദോഷം സംഭ വിക്കുമെന്നും, മേശപ്പുറത്തൊരു പീഠത്തിൽ വർണനാടകൾകൊണ്ട് അലങ്കരിച്ചുവെച്ച തന്റെ ഛായാചിത്രത്തിന്റെ ചാരുത കുറയുമെന്നും അവൾ കരുതുന്നതായി തോന്നി. ഇടയ്ക്കു മുഖസൗന്ദര്യം നോക്കാൻ ഉപയോഗിക്കാറുള്ള കണ്ണാടിയുടെ തൊട്ടടുത്തു കൂടി കടന്നുപോയ പ രിചാരകനെ കർക്കശസ്വരത്തിൽ ശാസിച്ച്, വിലക്ഷണമായ അ യാളുടെ ചില നീക്കങ്ങൾകൊണ്ടു ചെടികൾ മറിഞ്ഞുവീഴുകയോ പൂ ക്കൾ കേടു വരികയോ സ്ഫടികപ്പാത്രങ്ങൾ പൊട്ടുകയോ ചെയ്യുന്നില്ലെ ന്നുറപ്പു വരുത്താൻ അവൾ അങ്ങുമിങ്ങും ഓടിനടന്നു. ചൈനീസ് ആ ഭരണങ്ങളുടെ ഭംഗിയിലും കാറ്റില്യാസ്‌വർഗത്തിലുള്ള ഓർക്കിഡ്പു ഷ്പങ്ങളുടെ വിന്യാസസംവിധാനത്തിലും അവൾ സവിശേഷമായൊ രു ചാതുര്യംതന്നെ പ്രദർശിപ്പിച്ചു. ഒരുപക്ഷേ മറ്റൊരു തരത്തിൽപ്പെ ട്ട പൂക്കൾക്കും അവകാശപ്പെടാനില്ലാത്ത ഉദാത്തമായൊരു ഭാവം അ വയ്ക്കുണ്ടെന്നും അവൾ വിചാരിച്ചു. തൊട്ടടുത്തു കണ്ട ഒരു ഓർക്കി ഡ്പുഷ്പം ചൂണ്ടിക്കാണിച്ച് അവൾ പറഞ്ഞു: "നോക്കൂ, എന്റെ ഈ പാവാടയുടെ ഞൊറികളിൽനിന്നു മുറിച്ചെടുത്തപോലെ എത്ര മനോ ഹരമായിരിക്കുന്നു!". പ്രകൃതി അവൾക്കു മാത്രമായി സമ്മാനിച്ച 'ചുണ യും ചുറുചുറുക്കു'മുള്ള ആ അമൂല്യപുഷ്പം ലോലവും സൂക്ഷ്മവുമായിരുന്നു; അതുകൊണ്ട്, പണ്ടെന്നോ പിരിഞ്ഞുപോയ ഒരു സഹോദരിയെ യാ

ദൃച്ഛികമായി കണ്ടെത്തിയപോലെ, അവളുടെ മുറിയിൽ പ്രദർശിപ്പിയ്ക്കാൻ തക്ക യോഗ്യത തീർച്ചയായും ആ പൂവിനുണ്ടായിരുന്നു! തിരശ്ശീലയിലും പാത്രങ്ങളിലും ചിത്രീകരിച്ച തീനാവുള്ള വ്യാളീരൂപത്തിലേയ്ക്കും, തഴച്ചു വളരുന്ന ഓർക്കിഡ്പുഷ്പങ്ങളിലേയ്ക്കും, ഒറ്റക്കുളമ്പും ചുവന്ന കണ്ണുകളുമുള്ള ഒട്ടകത്തിന്റെ ശിൽപ്പത്തിലേയ്ക്കും അദ്ദേഹത്തിന്റെ ശ്രദ്ധ ക്ഷണിയ്ക്കുമ്പോൾ, വിചിത്രാകൃതിയുള്ള ആ ഭീകരജീവികളുടെ ക്രൗര്യം കണ്ടു സ്വയം ചൂളുകയും, പരിഹാസ്യത കണ്ട് ആസ്വദിച്ച ചിരിയ്ക്കുകയും, ആഭാസഭാവം ഓർത്തെടുത്തു മുഖം വിവർണമാക്കുകയും ചെയ്ത അവൾ, പക്ഷേ ആ ജഡജീവികളെ 'പ്രിയപ്പെട്ടവ'രെന്നു വിളിച്ചു ചുംബിയ്ക്കാൻപോലും തുനിഞ്ഞു. ഈ കപടനാട്യങ്ങൾ ആത്മാർത്ഥമായ അവളുടെ മറ്റു പല മനോഭാവങ്ങൾക്കും കടകവിരുദ്ധമാണെന്ന വസ്തുത സ്വാൻ പ്രത്യേകം ശ്രദ്ധിച്ചു. നൈസിൽ താമസിച്ചിരുന്ന കാലത്തു ഗുരുതരമായൊരു രോഗത്തിൽനിന്നു തന്നെ രക്ഷിച്ച ലാഗെറ്റോ പുണ്യവാളനോടുള്ള ഉപകാരസ്മരണ, ദിവ്യശക്തിയുണ്ടെന്നു സങ്കൽപ്പിച്ച ഒരു സ്വർണപ്പതക്കം സദാ കഴുത്തിലണിഞ്ഞ് അവൾ പ്രകടിപ്പിച്ചിരുന്നു. സ്വാനിനു ചായ തയാറാക്കുന്നതിനിടയിൽ അവൾ ചോദിച്ചു: "പാലോ നാരങ്ങാനീരോ എന്താണു താങ്കൾക്കിഷ്ടം?" പുഞ്ചിരിയോടെ അദ്ദേഹം പറഞ്ഞു: "എനിയ്ക്കു പാലുമതി, അൽപ്പം കട്ടപ്പത്തിൽ!" അന്നു ചായയുടെ പേരിൽ അവൾ കാണിച്ച ആത്മാർത്ഥമായ ആ ശുഷ്കാന്തി അതേപടി രുചിയായി മാറി സ്വാനിന്റെ നാവിൽ ആസ്വാദ്യകരമായി അനുഭവപ്പെട്ടു. പരസ്പരമുള്ള സ്നേഹബന്ധങ്ങൾക്കു സ്വയമൊരു ന്യായീകരണം കാണാൻ കഴിഞ്ഞില്ലെങ്കിൽ, അഥവാ ആനന്ദാനുഭവങ്ങളുടെ കാലദൈർഘ്യത്തെക്കുറിച്ചൊരു ധാരണയില്ലെങ്കിൽ, മറവിയിലേയ്ക്കു മായുന്ന സ്നേഹം സ്വയമലിഞ്ഞു ശിഥിലമായിപ്പോകാനിടയുണ്ട്. അതുകൊണ്ട്, രാത്രി അവളെ വിട്ടുപോരുമ്പോൾ അന്നത്തെ സാഹസങ്ങളോർത്തു വണ്ടിയിൽ ചിന്താധീനനായിരുന്ന മനസ്സിൽ വന്നു നിറയുന്ന ആഹ്ലാദം

അടക്കാനാവാതെ ആത്മഗതമായി അദ്ദേഹം പറയും: "ഒരു കപ്പ് ന ല്ല ചായ ലഭിയ്ക്കാനിടയില്ലാത്ത ഒരിടത്ത്, സ്നേഹവതിയായൊരു യുവതി നമ്മെ കാത്തിരിയ്ക്കുന്നുണ്ടെന്നു കരുതാൻ കഴിയുന്നതുതന്നെ എന്തൊരു ഭാഗ്യം!" അവർ തമ്മിൽ പിരിഞ്ഞ് ഒരു മണിക്കൂർ കഴി ഞ്ഞപ്പോൾ, ഒറ്റനോട്ടത്തിൽത്തന്നെ തിരിച്ചറിയാവുന്ന, ഓദത്തിന്റെ കൈപ്പടയിലുള്ള ഒരു കുറിപ്പ് അദ്ദേഹത്തിനു ലഭിച്ചു. വടിവില്ലാത്ത അക്ഷരങ്ങൾക്കുമേൽ കർക്കശമായ അച്ചടക്കം അടിച്ചേൽപ്പിയ്ക്കുന്ന നാട്യത്തിൽ, അടുപ്പമില്ലാത്തവർക്കു പെട്ടെന്നു മനസ്സിലാക്കാവുന്ന ഒ രു വിഭ്രാന്തിയും കാപട്യവും ആ കുറിപ്പിൽ പ്രകടമായിരുന്നു. തിരി ച്ചുപോരുമ്പോൾ സിഗരറ്റുകൂട് എടുക്കാൻ മറന്നതു സൂചിപ്പിച്ചുകൊണ്ട് അവളെഴുതി: "എന്തുകൊണ്ട്, താങ്കളുടെ ഹൃദയംകൂടി ഇവിടെ മറന്നു വെച്ചില്ല? എങ്കിൽ, ഞാനതൊരിയ്ക്കലും തിരിച്ചുതരുമായിരുന്നില്ല!".

കുറച്ചു ദിവസങ്ങൾക്കുശേഷം നടന്ന രണ്ടാമത്തെ സന്ദർശനമാ ണു പക്ഷേ നിർണായകമായൊരു വഴിത്തിരിവായി മാറിയത്. വീട്ടി ലേയ്ക്കു പോകുന്നവഴി വണ്ടിയിലിരുന്നു സ്വാൻ അവളെത്തന്നെ നോ ക്കി മനസ്സിലൊരു സാങ്കൽപ്പികചിത്രം വരയ്ക്കാൻ ശ്രമിച്ചു. മുഖഭാവം കൂടുതൽ വ്യക്തമാകാൻവേണ്ടി കവിളെല്ലിനു മുകളിലെ തുടുത്തു ചുവ ന്ന കപോലങ്ങളിലേയ്ക്കു ശ്രദ്ധിച്ചു നോക്കിയപ്പോൾ, അവിടവിടെ പ്ര ത്യക്ഷപ്പെട്ട ചില ചെറിയ ശോണബിന്ദുക്കളൊഴികെ ബാക്കി ഭാഗ ങ്ങളെല്ലാം മിക്കവാറും ക്ഷീണിച്ചു വിവശമായാണു കാണപ്പെട്ടത്; അ ങ്ങനെ ഭാവനയിൽ സ്വരൂപിച്ചെടുക്കുന്ന ദൃശ്യങ്ങൾക്കു യാതൊരു സാധൂകരണവുമില്ലെന്നും ഇന്നത്തെ ഈ സന്തോഷം സത്യത്തിൽ വെറുമൊരു സാധാരണമായ അനുഭവമാണെന്നും വ്യക്തമായി കണ്ട റിഞ്ഞപ്പോൾ സ്വാൻ പെട്ടെന്നു തീവ്രമായൊരു വിഷാദത്തിലേയ്ക്കു വ ഴുതി വീണു. മറ്റൊരിയ്ക്കൽ അവൾ കാണണമെന്നു മോഹം പറഞ്ഞ പ്രശസ്തമായൊരു ചിത്രം അദ്ദേഹം കൈയിൽ കരുതിയിരുന്നു. പ ക്ഷേ, അന്നവൾക്കു തീരെ സുഖമുണ്ടായിരുന്നില്ല. അദ്ദേഹത്തെ സ്വീ കരിയ്ക്കാൻ ഒരു ചൈനീസ് കമ്പിളിയും പുതച്ചാണവൾ പുറത്തേയ്ക്കു

വന്നത്. ചിത്രവേലകൾകൊണ്ടു സമൃദ്ധമായ ആ വേഷവിധാനം, ഒരു സ്വർണവലക്കൂടുപോലെ അവളുടെ മാറിടം മറച്ചിരുന്നു. ചിത്രപീഠത്തിൽ ചാരി ഒരു കാൽ പിന്നോട്ടു മടക്കി ഏതാണ്ടൊരു നർത്തകിയുടെ അംഗവിക്ഷേപങ്ങളുമായി, അഴിഞ്ഞുകിടന്ന മുടിച്ചുരുളുകൾ ഓരോന്നായി മാടിയൊതുക്കുന്ന അവൾ അദ്ദേഹത്തെ സാവധാനം അടുത്തേയ്ക്കു ചേർത്തുനിർത്തി. നിർവികാരയായി, ക്ഷീണിച്ചു കനം തൂങ്ങിയ വലിയ കണ്ണുകൾ ചിത്രത്തിൽ സശ്രദ്ധം പതിപ്പിച്ചു തല കുനിച്ചു നിൽക്കുന്ന അവളുടെ രൂപസൗന്ദര്യത്തിനു സിസ്റ്റൈൻ ചുമർച്ചിത്രങ്ങളിലെ സിപ്പോറായുമായുള്ള അടുത്ത സാദൃശ്യം കണ്ടു സ്വാൻ അത്ഭുതപ്പെട്ടു. വിഖ്യാതരായ പഴയ കലാകാരന്മാർ ചിത്രീകരിച്ച ചില പൌരാണികകഥാപാത്രങ്ങളുടെ മാത്രമല്ല, ദൈനന്ദിനജീവിതത്തിൽ നേരിട്ട് ഇട പഴകുന്നവരുടെ വ്യക്തിത്വത്തിൽപ്പോലും സാമാന്യവൽക്കരണത്തിനതീതമായി ഒളിഞ്ഞിരിയ്ക്കുന്ന വിശേഷഭാവങ്ങൾ നിരീക്ഷിച്ചു പഠിയ്ക്കാനുള്ള അത്യധികമായൊരു കൗതുകം സ്വാൻ സദാ പ്രദർശിപ്പിച്ചിരുന്നു. ഉദാഹരണത്തിന്, അന്റോണിയോ റിസോ രൂപകൽപ്പന ചെയ്ത ലോരെഡാന്റെ അർദ്ധകായപ്രതിമയിൽ മുഴച്ചു നിൽക്കുന്ന കവിളെല്ലുകളും വളഞ്ഞു ചെരിഞ്ഞ പുരികക്കൊടികളും, അതേപടി വണ്ടിക്കാരൻ റെമിയിൽ പകർത്തിവെച്ചിട്ടുണ്ടെന്നു പലപ്പോഴും അദ്ദേഹത്തിനു തോന്നിയിരുന്നു. അതുപോലെ, ഗിർലാന്റിയോയുടെ ചിത്രത്തിൽ പലൻസിപ്രഭുവിന്റെ നീണ്ട മൂക്കും, ടിന്റോരെറ്റോയുടെ ചിത്രത്തിൽ ഡോക്ടർ ബോൾബോണിന്റെ ചീർത്ത കവിളുകളും കനത്ത കൺപോളകളും അദ്ദേഹം പ്രത്യേകം ശ്രദ്ധിയ്ക്കാറുണ്ട്. അപ്പോഴൊക്കെ ഒരു പുരുഷായുസ്സിന്റെ അദ്ധ്വാനം മുഴുവൻ സാമൂഹ്യവിഷയങ്ങളിൽ മാത്രമൊതുക്കി, പ്രവൃത്തിയേക്കാൾ സംസാരത്തിനു പ്രാധാന്യം നൽകി ജീവിച്ചതിന്റെ പശ്ചാത്താപം അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഊറി വരും. ആത്മാവിന്റെ സത്യാവസ്ഥ വെളിപ്പെടുത്താനുള്ള ഉപാധികളായി, മുഖലക്ഷണങ്ങളും അംഗവിക്ഷേപങ്ങളും ചിത്രത്തിലുൾക്കൊള്ളിയ്ക്കാൻ ശ്രമിയ്ക്കുന്ന പ്രതിഭാശാ

ലികൾക്കു വേണമെങ്കിൽ തനിയ്ക്കെതിരെ ഒരുതരം അനവധാനത പോലും ആരോപിയ്ക്കാമെന്ന് അദ്ദേഹം ഭയപ്പെട്ടു. പരിഷ്കൃതലോകത്തിന്റെ ലാഘവബുദ്ധിയ്ക്കു വശംവദനായി, വിശിഷ്ടകലാസൃഷ്ടികളിൽ നിന്നു പുതുമയാർന്ന ഓരോരോ പരോക്ഷസൂചനകൾ കണ്ടെത്തി, ജീവിച്ചിരിയ്ക്കുന്നവരെക്കുറിച്ചു പലപ്പോഴും തമാശ പറഞ്ഞു രസിയ്ക്കുന്നതിൽ സ്വാൻ അമിതോത്സാഹം കാണിയ്ക്കാറുണ്ട്. ചരിത്രപരമായി പ്രാധാന്യമുള്ള പഴയൊരു ചിത്രത്തിന്റെ സാന്ദർഭികവും വസ്തുതാപരവുമായ അംശങ്ങളൊഴിവാക്കി ആധുനികമായ പതിപ്പു സൃഷ്ടിച്ചു താരതമ്യാത്മകമായ ചില വ്യാഖ്യാനങ്ങൾക്കും അദ്ദേഹം ചിലപ്പോൾ ശ്രമിയ്ക്കും; ഒരുപക്ഷേ ആ ചിത്രത്തിന്റെ ആനുഷംഗികഭാവങ്ങൾക്കു സമകാലികമായി കൈവന്ന പ്രസക്തി, സ്വയം ഉരുത്തിരിഞ്ഞുവന്നതാണെന്നു കാണാനുള്ള കലാവബോധം സഹജമായതുകൊണ്ടായിരിയ്ക്കാം അദ്ദേഹമതിനു മുതിരുന്നത്. എന്തായാലും, സംഗീതാസ്വാദനത്തിന്റെ വഴിയിൽ ഈയിടെയായി ഇടതടവില്ലാതെ ലഭിയ്ക്കുന്ന ഉൾക്കാഴ്ചയുടെ ധാരാളിത്തത്തിൽ, അതേ അവബോധം ചിത്രകലയോടുള്ള അദ്ദേഹത്തിന്റെ അടങ്ങാത്ത അഭിനിവേശത്തിലും പ്രകടമായി. അങ്ങനെ ജീവിതത്തിലുടനീളം സ്വാധീനം ചെലുത്തിപ്പോന്ന കലയുടെ അസാധാരണമായ ഒരുതരം ആനന്ദമൂർച്ഛയാണു സ്വാൻ, ഓദത്തിനെ സിസ്റ്റൈൻ ദേവാലയത്തിലെ സിപ്പോറായുമായി താരതമ്യപ്പെടുത്തി കണ്ടപ്പോൾ അനുഭവിച്ചത്. മനം മയക്കുന്ന ആ കവിൾത്തടങ്ങളുടെ മാർദ്ദവവും പെട്ടെന്നൊരു ഗാഢാലിംഗനത്തിനു തുനിഞ്ഞാൽ ഉപചാരപൂർവം സ്വാഗതം ചെയ്യാൻ തയാറായി നിൽക്കുന്ന ചുണ്ടുകളുടെ ചുവന്ന മധുരരസവും മുൻനിർത്തിയല്ല, മുഖസൗന്ദര്യത്തിന്റെ മഹത്വം മാത്രമാണു സ്വാൻ വിലയിരുത്തിയത്. അവളുടെ മുഖത്തേയ്ക്കു സൂക്ഷിച്ചു നോക്കുന്ന കണ്ണുകളെ അനുഗമിയ്ക്കുന്നവിധം ഒരു കൂട്ടം വളഞ്ഞുരുണ്ടു ലോലമായി പാറിപ്പറക്കുന്ന മുടിയിഴകൾ, കഴുത്തിന്റെ താളാത്മകമായ ചലനവും കനം തൂങ്ങി നിന്ന കൺപോളകളുടെ ചെറിയ ചായ്‌വുമായി ചേരുമ്പോൾ മുഖകാന്തിയ്ക്കുണ്ടാകുന്ന

അധികമായ മനോഹാരിത അദ്ദേഹം പ്രത്യക്ഷമായി കണ്ടറിഞ്ഞു.

അദ്ദേഹം അവളെത്തന്നെ നോക്കിയിരുന്നു; ആ അംഗോപാംഗങ്ങളിലും മുഖത്തും വ്യാപിച്ചു നിന്ന ചുമർചിത്രത്തിന്റെ നിഴൽ, അവളുടെ സാന്നിദ്ധ്യത്തിലും അസാന്നിദ്ധ്യത്തിലും മനസ്സിലേയ്ക്കു വലിച്ചെടുക്കാൻ അദ്ദേഹം പലവുരു ശ്രമിച്ചുനോക്കി. അമൂല്യമായ ആ ഫ്ലോറന്റൈൻ കലാസൃഷ്ടി പൂർണമായും പുനരാവിഷ്ക്കരിയ്ക്കപ്പെട്ടതായി ബോദ്ധ്യം വന്നതുകൊണ്ടായിരിയ്ക്കാം ഒരുപക്ഷേ അദ്ദേഹത്തിന് അന്നവളോട് അത്യധികമായ ആദരവ് തോന്നിയത്; ആ സാദൃശ്യം അവളുടെ സൗന്ദര്യത്തിനൊന്നുകൂടി മാറ്റു കൂട്ടി, സ്വാനിന്റെ കണ്ണിൽ പ്രലോഭനീയമാക്കി മാറ്റി. ആ അനുഭൂതിയുടെ യഥാർത്ഥമൂല്യം കണക്കാക്കുന്നതിൽ വന്ന കാലതാമസത്തെച്ചൊല്ലി സ്വാൻ സ്വയം കുറ്റപ്പെടുത്തുകയും അതേസമയം തനതായൊരു സൗന്ദര്യശാസ്ത്രസിദ്ധാന്തം വഴി സാധൂകരിയ്ക്കാൻ കഴിഞ്ഞതിൽ അഭിമാനിയ്ക്കുകയും ചെയ്തു. കലാഭിരുചിയുടെ സൂക്ഷ്മമായ തലങ്ങൾപോലും അവളെക്കൊണ്ടു സംതൃപ്തമാക്കാമെന്ന ആത്മവിശ്വാസത്തിൽനിന്നു പരമമായ ആനന്ദത്തിന്റെ മായികസ്വപ്നങ്ങൾക്കു പ്രചോദകമായ ആ ചിന്തകൾ തിരഞ്ഞെടുത്തതിൽ തെറ്റുപറ്റിയിട്ടില്ലെന്നും സംശയകരമായൊരു ഹിതോപായത്തിലേയ്ക്കു യദൃച്ഛയാ വഴുതിവീണതല്ലെന്നും അദ്ദേഹം ആശ്വസിച്ചു. പക്ഷേ, സൗന്ദര്യാഭിരുചിയുടെ നേരേ വിപരീതദിശയിലാണു മിക്ക കാമനകളും നീങ്ങാറുള്ളതെന്ന ഒരേയൊരു കാരണംകൊണ്ടുതന്നെ, മോഹിയ്ക്കത്തക്ക യുവതികളുടെ ഗണത്തിലേയ്ക്കു സ്വാഭാവികമായി ഓദത്തിനെ ആനയിയ്ക്കാൻ കഴിയില്ലെന്ന യാഥാർത്ഥ്യം മനസ്സിലാക്കുന്നതിൽ അദ്ദേഹം പാടേ പരാജയപ്പെട്ടു. സ്വാനിനെ സംബന്ധിച്ചിടത്തോളം 'ഫ്ലോറന്റൈൻ ചിത്രങ്ങളെ'ന്ന വാക്കു തന്നെ അക്ഷരാർത്ഥത്തിൽ അമൂല്യമായിരുന്നു. ഒരു നിയമാവകാശംപോലെ സ്വാൻ കരുതിപ്പോന്ന ആ വാക്കുകൾ, അതുവരെ അവൾക്കു പ്രവേശനം നിഷേധിച്ചിരുന്ന സ്വപ്നങ്ങളുടെ ലോകത്തു മഹനീയമായൊരു പ്രതിച്ഛായയായി അവളെ പ്രതിഷ്ഠിയ്ക്കാൻ അദ്ദേഹ

ത്തിനു കഴിഞ്ഞു. അങ്ങനെ മജ്ജയും മാംസവുമുള്ള ഒരു സ്ത്രീശരീരമായിമാത്രം കാണാൻ തുടങ്ങിയപ്പോൾ, അവളുടെ രൂപവും ഭാവവും സൗന്ദര്യവും സംബന്ധിച്ചുണ്ടായ സംശയങ്ങൾ ഓരോന്നായി ഒഴിഞ്ഞുമാറി, തണുത്തു ഘനീഭവിച്ച പ്രണയത്തെ സ്വന്തം സൗന്ദര്യാത്മകസിദ്ധാന്തങ്ങളുടെ കരുത്തുറ്റ അടിത്തറയിൽ ഉറപ്പിച്ചുനിർത്തി വിലയിരുത്താൻ സ്വാൻ ശ്രമിച്ചു. ആരോഗ്യവും ഉത്സാഹവും ചോർന്നുപോയ യുവതിയുടെ അപ്രതീക്ഷിതമായ ചുംബനത്തിനു സ്വാഭാവികമായൊരു ആകർഷകത്വം മാത്രമേയുള്ളൂ; പക്ഷേ, വിശിഷ്ടചിത്രങ്ങളുടെ പ്രദർശനശാലയിൽ ആരാധനയോടെ അലങ്കരിച്ചുവെച്ച കലാസൃഷ്ടികളിൽ നിന്നാകുമ്പോൾ അതേ ആനുകൂല്യം ഒരിക്കലും അലൗകികവും അനുപമവുമായി അനുഭവപ്പെടാതെ വയ്യ!

കഴിഞ്ഞ മാസങ്ങളിൽ ഓദത്തിനെ വെറുതെ സന്ദർശിക്കുകയല്ലാതെ മറ്റു യാതൊന്നും ചെയ്യാതിരുന്നതിന്റെ പശ്ചാത്താപം മനസ്സിനെ ബാധിച്ചപ്പോൾ ആ വികാരത്തിനൊരു സാംഗത്യവുമില്ലെന്നു സ്വയം വിശ്വസിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചു. അവളോടൊത്തു കഴിഞ്ഞ സന്ദർഭങ്ങളിൽ ഏറിയപങ്കും വിശിഷ്ടമായൊരു കലാസൃഷ്ടിയെ അഥവാ അമൂല്യമായ ലോഹത്തിൽ പണിതെടുത്ത അനനുകരണീയമായൊരു മാതൃകയെ, നൂതനവും വ്യത്യസ്തവുമായ രീതിയിൽ അടുത്തറിഞ്ഞു പഠിക്കാനാണു ചിലവഴിച്ചതെന്നും അദ്ദേഹം സമാധാനിച്ചു; മാത്രമല്ല, ഭാവിയിൽ അവളെക്കുറിച്ചു രണ്ടുവിധത്തിൽ, കലാകാരന്റെ നിസ്വാർത്ഥവും ആത്മീയവുമായൊരു തലത്തിലും ആസ്വാദകന്റെ സ്വാർത്ഥവും വിഷയാസക്തവുമായ മറ്റൊരു തലത്തിലും, വേറേ വേറേ ചിന്തിക്കേണ്ടതുണ്ടെന്നും അദ്ദേഹം തീരുമാനിച്ചുറപ്പിച്ചു.

പതിവായി എഴുതാൻ ഉപയോഗിക്കുന്ന മേശപ്പുറത്ത് ഓദത്തിന്റെ ഒരു ചിത്രവും തൊട്ടടുത്തു 'സിപ്പോറോ''യുടെ പകർപ്പും അദ്ദേഹം സൂക്ഷിച്ചിരുന്നു. ആനന്ദോന്മത്തമായ ആരാധനയോടെ ഇടയ്ക്കിടെ അദ്ദേഹം ആ വിശാലമായ കണ്ണുകളിലേക്കും മധുരമൂറുന്ന ചുണ്ടിലേക്കും മുഖത്തു വിടരുന്ന ഭാവങ്ങളിലേക്കും കവിൾത്തടങ്ങളിൽ വീണു കിടന്ന

മുടിയിഴകളിലേയ്ക്കും കണ്ണിമ വെട്ടാതെ നോക്കിക്കൊണ്ടിരിയ്ക്കും. സൗന്ദര്യത്തിന്റെ സകലവിധ ഉപാധികളും ഭൌതികമായ ഗുണവിശേഷങ്ങളായി രൂപാന്തരം പ്രാപിച്ച ജീവിച്ചിരിയ്ക്കുന്ന അവളുടെ ശരീരത്തിലേയ്ക്ക സംക്രമിച്ചതായി അദ്ദേഹം സങ്കൽപ്പിച്ചു. 'സിപ്പോറോ'പോലുള്ള മികച്ച കലാസൃഷ്ടിയിൽ അനുവാചകനെ ഹഠാദാകർഷിയ്ക്കുന്ന അവ്യക്തമായ ഒരു സഹതാപസ്പർശം ഇന്നിപ്പോൾ ഊഷ്മളമായ രക്തവും മാംസവുമായി തിരിച്ചറിഞ്ഞപ്പോൾ, ഓദത്തിന്റെ ശാരീരികമായ പ്രലോഭനത്തിനു തുടക്കത്തിൽ ജനിപ്പിയ്ക്കാൻ കഴിയാതിരുന്ന വികാരതീവ്രത അനിവാര്യമായൊരു മോഹമായിത്തന്നെ അദ്ദേഹത്തിന്റെ മനസ്സിലുണർന്നു. കുറെയേറെ സമയം ചിത്രത്തിലേയ്ക്ക നോക്കിയിരിയ്ക്കുമ്പോൾ ജീവിയ്ക്കുന്ന സിപ്പോറോയുടെ മനോഹാരിത താരതമ്യേന കൂടുതലാണെന്നും സ്വാൻ വ്യാമോഹിച്ചു; ആ ചിത്രം ഹൃദയത്തോടു ചേർത്തു വെയ്ക്കുമ്പോൾ, ഓദത്തിനെ മാറോടുചേർത്ത് ആലിംഗനം ചെയ്യുകയാണെന്നും അദ്ദേഹം സ്വപ്നം കാണാൻ തുടങ്ങി.

എന്തായാലും ഇക്കാര്യത്തിൽ ഓദത്തിന്റെ മാത്രമല്ല സ്വന്തം അലംഭാവം കൂടി ഇനി മറികടക്കാനുണ്ടെന്നു സ്വാനിനു ബോദ്ധ്യം വന്നു. പരസ്പരം പങ്കുവെച്ച നിരവധി സന്ദർഭങ്ങളിൽ യാതൊരു വിഷയവും സംസാരിയ്ക്കാനില്ലാതെ ഓദത്ത് സദാ ഒരുതരം മട്ടപ്പിയ്ക്കുന്ന ബാലിശഭാവം പ്രദർശിപ്പിയ്ക്കുന്നതിനെക്കുറിച്ച് അദ്ദേഹം ചിന്തിച്ചു; അതുകൊണ്ടുതന്നെ അവൾ ഹൃദയത്തിൽ രഹസ്യമായി സൂക്ഷിയ്ക്കുന്ന അഭിനിവേശം ഒരുദിവസം തന്നോടു തുറന്നു പറയുമെന്ന പ്രതീക്ഷ അസ്ഥാനത്താണെന്നും അദ്ദേഹം സംശയിച്ചു. സത്യത്തിൽ ആ പ്രതീക്ഷ മാത്രമായിരുന്നു, അവളുടെ കാമുകപദവി തുടരാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ഒടുവിൽ അക്ഷമയും ആശങ്കയും സഹിയ്ക്കാനാവാതെ, നിസ്സംഗമായി തുടരുന്ന ഓദത്തിന്റെ മനോഭാവത്തിനു മന:പൂർവമായൊരു മാറ്റം വരുത്താൻവേണ്ടി സ്വയം കണ്ടുപിടിച്ച ചില സൂചനകൾ ഉൾപ്പെടുത്തി കപടരോഷം ഭാവിച്ചു സ്വാൻ അവൾക്കൊരു കത്തെഴുതി. ആശങ്ക പരിഹരിയ്ക്കാനെങ്കിലും അവളുടനെ മറുപടി

എഴുതുമെന്നു സ്വാൻ കരുതി. ഇഷ്ടകാമുകനെ നഷ്ടപ്പെടുന്ന ഹൃദയഭേദകമായ വേദനയിൽ അതുവരെ ഒരിയ്ക്കലും ഉച്ചരിച്ചു കേൾക്കാതിരുന്ന ആ മധുരവാക്കുകൾ അവളുടെ നാവിൽനിന്നു പുറത്തേയ്ക്കു വരുമെന്നു തന്നെ അദ്ദേഹം പ്രത്യാശിച്ചു. പ്രതീക്ഷ തെറ്റിയില്ല. ഈയൊരു ഉപായം പലവുരു ആവർത്തിച്ച് വികാരനിർഭരമായ പല കത്തുകളും അദ്ദേഹം അവളിൽനിന്നു നേടിയെടുത്തു. ആയിടയ്ക്കു വെള്ളപ്പൊക്കത്തിൽ മരിച്ചവരുടെ ഓർമ്മയ്ക്കായി ആചരിയ്ക്കപ്പെട്ട 'പാരീസ്മുർസീ' ദിവസം മൈസൺഡൊറീയിൽനിന്നും ഉച്ചയ്ക്കൊരു ദൂതൻ മുഖേന അവൾ സ്വാനിന്റെ പേർക്കയച്ച കത്ത് ഇങ്ങനെയായിരുന്നു തുടങ്ങിയത്: "പ്രിയപ്പെട്ടവനേ, എന്റെ കൈകൾ എന്തെന്നില്ലാതെ വിറയ്ക്കുന്നു, എനിയ്ക്കെഴുതാനേ കഴിയുന്നില്ല!". പണ്ടു വാടിപ്പോയ ജമന്തിപ്പൂ നിക്ഷേപിച്ച അതേ മേശവലിപ്പിൽ സ്വാൻ അവളുടെ കത്തുകളെല്ലാം സൂക്ഷിച്ചുവെച്ചു. കത്തെഴുതാൻ സമയം ലഭിച്ചില്ലെങ്കിൽ വൈകുന്നേരം അദ്ദേഹം വെർഡുരിൻകുടുംബത്തിലേയ്ക്കു കയറി ചെല്ലുമ്പോൾ അവളോടിവന്നു പറയും: "എനിയ്ക്കു താങ്കളോടു ചിലതു പറയാനുണ്ട്!". അപ്പോൾ അവളുടെ മുഖഭാവം ശ്രദ്ധിച്ചുകൊണ്ട്, അവളതുവരെ ഹൃദയത്തിൽ ഒളിപ്പിച്ചു വെച്ച വിഷയങ്ങൾ മുഴുവൻ അദ്ദേഹം അതീവ ജിജ്ഞാസയോടെ കേൾക്കും.

ജനാലകൾ ഒരിയ്ക്കലും അടച്ചിടാത്തതുകൊണ്ട് പ്രകാശം പുറത്തേയ്ക്കു പരക്കുന്ന വെർഡുരിൻകുടുംബത്തിന്റെ വാതിൽക്കൽ എത്തുമ്പോഴേയ്ക്കും, തന്നെക്കാത്തു സ്വർണപ്രഭയിൽ മുങ്ങിക്കുളിച്ചു നിൽക്കുന്ന ആ സൗന്ദര്യധാമത്തെക്കുറിച്ചോർത്തു സ്വാനിന്റെ ഹൃദയം ഉരുകാൻ തുടങ്ങും. ദീപങ്ങൾക്കും ജനാലകൾക്കുമിടയിൽ വെളിച്ചം തടയുന്ന സുതാര്യമായ തിരശ്ശീലയിൽ പതിച്ച ചിത്രങ്ങൾപോലെ, അവിടവിടെ കൂട്ടംകൂടി നിൽക്കുന്ന അതിഥികളുടെ നിഴൽരൂപങ്ങളിൽനിന്നും ഓദത്തിനെ കണ്ടു പിടിയ്ക്കാൻ അദ്ദേഹം ബദ്ധപ്പെടും. അകത്തു കടന്നാൽ അത്യാവേശത്തോടെ തിളങ്ങുന്ന സ്വാനിന്റെ കണ്ണുകൾ ശ്രദ്ധിച്ചു വെർഡുരിൻ ചിത്രകാരനോടു പറയും: "കൊള്ളാം, വ്യായാമ

ത്തിനു ചൂടേറിവരുന്നുണ്ട്!'. പതിവായി പോകാറുള്ള വീടുകൾക്കൊന്നും അവകാശപ്പെടാനില്ലാത്ത ഒരുതരം സ്പർശബോധം, ഓരോ മുറിയിലും പടർന്നുകയറി ഹൃദയത്തിൽ ഉത്തേജനം പകരുന്ന ഒരു നാഡീവ്യവസ്ഥ, അവളുടെ സാന്നിദ്ധ്യംമൂലം ആ വീടിനു കൈവന്നതായി അപ്പോഴൊക്കെ അദ്ദേഹത്തിനു തോന്നാറുണ്ട്.

അങ്ങനെ, 'അണുകുടുംബ'മെന്ന ആ സാമൂഹ്യാചാരത്തിന്റെ ലളിതമായ ചടങ്ങുകൾ സ്വാനിനെ സംബന്ധിച്ചിടത്തോളം ഓദത്തുമായുള്ള സംഗമങ്ങളുടെ വേദിയായി മാറി. അവളെ കാണാമെന്ന പ്രതീക്ഷ മാത്രമല്ല, കപടഭാവത്തോടെ ചിലപ്പോൾ അവളെ കാണാതിരിയ്ക്കണമെന്ന നിശ്ചയദാർഢ്യവും സ്വേച്ഛാനുസാരം നടപ്പാക്കാൻ ആ സംവിധാനം അദ്ദേഹത്തെ സഹായിച്ചു. പകൽസമയം കത്തെഴുതി, വൈകുന്നേരം നേരിട്ടു കണ്ട്, രാത്രി വീട്ടിലേയ്ക്കനുഗമിയ്ക്കുന്ന പതിവുചടങ്ങിന്റെ കാപട്യത്തിൽ യാതൊരുവിധ അപായശങ്കയും അദ്ദേഹത്തിനു തോന്നിയില്ല.

ഒരുദിവസം വൈകുന്നേരം അനിവാര്യമായ രാത്രിയിലെ യാത്രയെക്കുറിച്ചു ചിന്തിച്ചു വെറിപിടിച്ച മനസ്സുമായി വെർഡുരിൻകുടുംബത്തിലേയ്ക്കു പതുക്കെ ചെന്നാൽ മതിയെന്ന മന:പൂർവമായ ഉദ്ദേശത്തോടെ, അദ്ദേഹം ഗ്രാമീണയായ പെൺകുട്ടിയേയും കൂട്ടി ബോയ്സ്‌വരെ പോയി തിരിച്ചെത്തിയപ്പോഴേയ്ക്കും സമയം വിചാരിച്ചതിലേറെ വൈകിപ്പോയി. അപ്പോഴേയ്ക്കും സ്വാൻ വരാനിടയില്ലെന്നു കരുതി ഓദത്ത് പൊയ്ക്കഴിഞ്ഞിരുന്നു. അവളുടെ അഭാവത്തിൽ നിസ്സഹായമായ സ്വന്തം ഹൃദയം ഉദ്വേഗം പൂണ്ടു പുളയുന്നതു സ്വാൻ വേദനയോടെ തൊട്ടറിഞ്ഞു. ഏതു നിമിഷം വേണമെങ്കിലും വിളിപ്പുറത്തു ലഭിയ്ക്കുമെന്നു കരുതി വില കുറച്ചു കണ്ട ആ സന്തോഷാനുഭവം അപ്രതീക്ഷിതമായൊരു സാഹചര്യത്തിൽ നിശ്ശേഷം ചോർന്നുപോയതായി അദ്ദേഹം കണ്ടറിഞ്ഞു. നഷ്ടബോധത്തിന്റെ തീവ്രത ആദ്യമായി അനുഭവപ്പെട്ട ആ നിമിഷം, പക്ഷേ, സ്വാനിനു സാമാന്യബോധവും

നഷ്ടപ്പെട്ടു.

"ഓദത്ത് ഇവിടെയില്ലെന്നു മനസ്സിലായപ്പോൾ അദ്ദേഹത്തിന്റെ വലിച്ചു കയറ്റിയ മുഖം നീ ശ്രദ്ധിച്ചോ?", വെർഡൂരിൻ ഭാര്യയോടു ചോദിച്ചു. "അദ്ദേഹം ചൂണ്ടയിൽ കൊത്തിയെന്നുതന്നെയാണു ഞാൻ വിചാരിക്കുന്നത്!".

"വലിച്ചു കയറ്റിയ മുഖമോ, ആരുടെ?", ഡോക്ടർ കോത്താർഡ് അത്ഭുതം കൂറി. കുറച്ചുമുമ്പ് ഒരു രോഗിയെ പരിശോധിക്കാൻ പുറത്തു പോയ അദ്ദേഹം ഭാര്യയെ കൂട്ടിക്കൊണ്ടുപോകാൻ അപ്പോൾ തിരിച്ചു വന്നതേയുള്ളൂ. അവർ ആരെക്കുറിച്ചാണു സംസാരിക്കുന്നതെന്നു പോലും അദ്ദേഹം മനസ്സിലാക്കിയില്ല.

"വാതിൽക്കൽവെച്ചു കണ്ടില്ലേ... പ്രേമസ്വരൂപനായ സ്വാൻ?".

"ഇല്ല.... സ്വാനിനെ ഞാനിവിടെ കുറച്ചു മുമ്പു കണ്ടല്ലോ?"

"അതെ, അതൊരു നിമിഷത്തേയ്ക്കുമാത്രം! ഞങ്ങളൊരു നോക്കു മാത്രമേ കണ്ടുള്ളൂ, പരിഭ്രമിച്ചു പിടയ്ക്കുന്ന അദ്ദേഹത്തിനു സാരമായെന്തോ പറ്റിയിട്ടുണ്ട്. നോക്കൂ, ഓദത്ത് പൊയ്ക്കഴിഞ്ഞു!"

"എന്ത്.. അവൾ 'പന്നിക്കുഞ്ഞുങ്ങളേ'യും കൂടെ കൂട്ടി പോയെന്നാണോ നിങ്ങൾ ഉദ്ദേശിച്ചത്. അതായത്, അവൾ 'സ്വന്തം കപ്പൽതന്നെ തീവെച്ചു നശിപ്പിച്ചു?!" പഴയൊരു പ്രയോഗം ശ്രദ്ധാപൂർവം പരീക്ഷിച്ച് ഡോക്ടർ ആരാഞ്ഞു.

"അല്ല.., തീർച്ചയായുമല്ല!. അങ്ങനെയൊന്നും കണക്കാക്കാനില്ല. സത്യം പറഞ്ഞാൽ..., നമ്മൾ മാത്രമറിഞ്ഞാൽ മതി, അവളൊരു അബദ്ധത്തിൽ ചെന്നു ചാടിയെന്നാണു തോന്നുന്നത്. മാത്രമല്ല, ഇപ്പോൾ ഒരു മണ്ടിപ്പെണ്ണിനെപ്പോലെയാണ് അവളുടെ പെരുമാറ്റം... ഒന്നോർത്താൽ, അവൾക്കതേ ചെയ്യാനറിയൂ!".

"വരട്ടെ, വരട്ടെ!", വെർഡൂരിൻ പറഞ്ഞു, "ഇവിടെ ഈ സ്വർഗത്തിൽ എന്തിനാണൊരു കുറവുള്ളത്? സത്യത്തിൽ നാമാരും യാതൊന്നും കണ്ടിട്ടില്ല, ഇപ്പോഴും നമ്മൾ ദൃക്സാക്ഷികളല്ല!"

“അവളെന്നോട്ട സകലതും തുറന്ന പറയാറുണ്ട്...“, മാഡം വെർഡു രിൻ പറഞ്ഞു. 'ഇനിയിപ്പോൾ രണ്ടുപേരും ഒരുമിച്ച താമസിയ്ക്കുന്നതാ ണ നല്ലതെന്ന ഞാനവളെ ഉപദേശിച്ചു. എന്നിട്ടും അവൾക്കു സംശ യം തീരുന്നില്ല.. ആദ്യമൊക്കെ അവൾക്ക് അദ്ദേഹത്തോടൊരു ആ കർഷണം തോന്നിയിരുന്നു. പക്ഷേ, അദ്ദേഹം ഒരുതരം നാണംകു ണുങ്ങിയെപ്പോലെ പെരുമാറുന്നത് അവൾക്കു തീരെ രസിയ്ക്കുന്നില്ല. ഒരുപക്ഷേ അതൊരു ആദർശപ്രണയമായിരിയ്ക്കാം, 'കാൽപ്പനിക' മെന്നും വേണമെങ്കിൽ പറയാം. അതേസമയം താരുണ്യകാലം വെ റുതെ തഴുകിപ്പോകുന്നതിൽ അവൾക്കു വല്ലാത്ത ഭയവുമുണ്ട്.. അതെ, അവൾ പതിവായി പറയുന്നതിന്റെ പകുതിപോലും എനിയ്ക്കു പറയാ നറിയില്ല; അല്ലെങ്കിൽത്തന്നെ എനിയ്ക്കെങ്ങനെ പറയാൻ കഴിയും? ഒരു കാര്യം എനിയ്ക്കുറപ്പുണ്ട്. അവളുടെ മനസ്സിലുള്ള ശരിയായ പുരു ഷനാണദ്ദേഹം!“.

“ഇക്കാര്യത്തിൽ പക്ഷേ ഞാൻ നിങ്ങളോട്ട വിയോജിയ്ക്കുന്നു“, വെ ർഡുരിൻ ഉപചാരമര്യാദയോടെ ഇടയ്ക്കു കയറി പറഞ്ഞു. “ആ മാന്യ നെക്കുറിച്ച് എനിയ്ക്കു തീരെ അഭിപ്രായമില്ല. അദ്ദേഹം 'അഭിനയി യ്ക്കുക'യാണെന്ന പലപ്പോഴും എനിയ്ക്കു തോന്നാറുണ്ട്“.

പൊടുന്നനെ ഒരു കളിമൺശിൽപ്പമായി രൂപാന്തരം പ്രാപിച്ചതു പോലെ മാഡം വെർഡുരിന്റെ ശരീരമാകെ മരവിച്ചു നിശ്ശൂന്യമായ ര ണ്ടു കണ്ണുകൾ പുറത്തേയ്ക്കു തള്ളി. അവരുടെ സ്വന്തം വീട്ടിൽ, അവരു ടെ മുമ്പിൽവെച്ച്, ആർക്കെങ്കിലും 'അഭിനയിയ്ക്കാൻ' കഴിയുമെന്നും, അവരേക്കാൾ 'പ്രാധാന്യ'മുള്ള ചിലർ ഈ ലോകത്തുണ്ടെന്നും സൂചി പ്പിയ്ക്കുന്നവിധം, ഒരിയ്ക്കലും ഉച്ചരിച്ചു കേൾക്കാൻ വയ്യാത്ത ആ വാക്കി ന്റെ അർത്ഥം കാതിലേയ്ക്കു കടക്കാതിരിയ്ക്കാൻ മന:പൂർവമെടുത്ത ഒരു മുൻകരുതലായിരുന്നു, അത്!

“എന്തായാലും, അവളുടെ പാതിവ്രത്യത്തിൽ പക്ഷേ നമ്മുടെ സു ഹൃത്തിനു വിശ്വാസമുണ്ടെന്ന ഞാൻ കരുതുന്നില്ല. അതേസമയം അ

വളുടെ ബുദ്ധിയിൽ അദ്ദേഹത്തിനു മതിപ്പുള്ളതുപോലെ തോന്നുന്നുമു ണ്ട്. കഴിഞ്ഞദിവസം അദ്ദേഹം വിന്റെയിലിന്റെ ഗീതത്തെക്കുറിച്ച് അവളോടു നടത്തിയ പ്രഭാഷണം നിങ്ങൾ ശ്രദ്ധിച്ചിരിയ്ക്കുമെന്നു കരു തുന്നു; ഓദത്തിനോടു കറകളഞ്ഞ ആരാധനയാണ് എനിയ്ക്കുള്ളത്; പക്ഷേ, അവളോടു സൗന്ദര്യാത്മകസിദ്ധാന്തങ്ങളെക്കുറിച്ചു സംസാ- രിയ്ക്കുന്ന ആ മനുഷ്യൻ സത്യത്തിലൊരു മരമണ്ടനായിരിയ്ക്കണം!".

"നോക്കൂ! ഓദത്തിനെക്കുറിച്ചു മോശമായ കാര്യങ്ങൾ പറയാൻ ഞാനൊരിയ്ക്കലും അനുവദിയ്ക്കില്ല", വളർത്തി 'വഷളാക്കിയ' ഒരു കുട്ടി യെപ്പോലെ മാഡം വെർഡ്യുരിൻ പറഞ്ഞു. "അവളൊരു വിശ്വസുന്ദരി യാണെന്നു ഞാൻ ഉറപ്പിച്ചു പറയുന്നു!"

"ഞങ്ങളവളെ മോശമെന്നു പറയുന്നില്ല. അവളൊരു സൌന്ദര്യ ധാമമായി സ്വയം കരുതുന്നുണ്ടാകാം; പക്ഷേ, ബുദ്ധിശക്തിയും പാ തിവ്രത്യവുമുണ്ടെന്ന് അവകാശപ്പെടാൻ ഒരിയ്ക്കലും അവൾക്കാവില്ല. അല്ലെങ്കിൽ..", ചിത്രകാരന്റെ നേരെതിരിഞ്ഞു വെർഡ്യുരിൻ തുടർന്നു, "അവളുടെ പാതിവ്രത്യം അത്ര വലിയ ഒരു വിഷയമാണോ? അങ്ങ നെയായിരുന്നെങ്കിൽ അവളെയിങ്ങനെ നമുക്കു കാണാനാവുമോ?".

പെട്ടെന്നുതന്നെ വെർഡ്യുരിൻകുടുംബത്തിൽനിന്നു പുറത്തിറങ്ങിയ സ്വാൻ യദൃച്ഛയാ ഒരു ഭൃത്യനെ കണ്ടുമുട്ടി. ഓദത്ത് വീട്ടിലേയ്ക്കു പോകു ന്നവഴി ഒരു കപ്പു ചോക്കലേറ്റു കഴിയ്ക്കാൻ ഒരുപക്ഷേ പ്രിവോസ്റ്റിൽ കയറിയേക്കുമെന്നു പറഞ്ഞേൽപ്പിച്ചിരുന്നതായി അയാളദ്ദേഹത്തെ ധരിപ്പിച്ചു. സ്വാൻ ഉടനെ പ്രിവോസ്റ്റിലേയ്ക്കു തിരിച്ചെങ്കിലും തെരുവു മുറിച്ചു കടക്കുന്ന കാൽനടക്കാരുടെ ബാഹുല്യം നിമിത്തം വണ്ടി ഇ ടയ്ക്കിടെ നിർത്തേണ്ടി വന്നു. വണ്ടിച്ചക്രങ്ങളേറ്റു ചതഞ്ഞരയുന്ന തട സ്സങ്ങൾ നീക്കാൻ കൈയിലൊരു നോട്ടുപുസ്തകവുമായി പരിശോധ നയ്ക്കു നിൽക്കുന്നവരുടെ ഇടപെടൽ മൂലം യാത്ര പതിവിലേറെ നീണ്ടു പോയി. ഉൽക്കണ്ഠ സഹിയ്ക്കാതെ മിനിട്ടുകൾ എണ്ണിത്തീർക്കുമ്പോൾ, സമയത്തിന്റെ കണക്കുകൂട്ടലിൽ പിഴവു വരാതിരിയ്ക്കാൻ ഓരോ മി നിട്ടിനും ചില നിമിഷങ്ങൾ അദ്ദേഹം കൂടുതൽ വരവുവെച്ചു. പക്ഷേ,

പ്രിവോസ്റ്റിൽ സമയത്തിനു ചെന്നെത്തി അവളെ കാണാമെന്ന സാദ്ധ്യത അപ്പോൾ സത്യത്തിൽ പർവതീകരിയ്ക്കപ്പെടുകയാണു ചെയ്തത്. ഉറക്കത്തിൽനിന്നുണർന്നു പരിസരബോധം ലഭിയ്ക്കുന്ന ജ്വരബാധിതനു കൃത്യമായ വിവേചനാശക്തി നഷ്ടപ്പെട്ട്, അതുവരെ വ്യാപരിച്ച സ്വപ്നലോകത്തിന്റെ വ്യർത്ഥതയെക്കുറിച്ചു ബോദ്ധ്യം വരുന്നതുപോലെ, ഒരു നിമിഷാർദ്ധത്തിലുണ്ടായ അവിചാരിതമായൊരു വെളിപാടിൽ അദ്ദേഹത്തിന്റെ മനസ്സൊന്നു പുളഞ്ഞു. ഓദത്ത് വെർഡ്യുരിൻകുടുംബത്തിൽനിന്നു പൊയ്ക്കഴിഞ്ഞെന്ന വിവരം അറിഞ്ഞ നിമിഷം മുതൽ മനസ്സിലൂടെ കടന്നുപോയ ഓരോ വിചാരവും ഇപ്പോൾ അനുഭവിയ്ക്കുന്ന ഹൃദയവേദനയും യഥാർത്ഥമായ തന്റെ പ്രകൃതത്തിൽനിന്നു വളരെ വ്യത്യസ്തവും വിചിത്രവുമാണെന്നു സ്വാൻ പൊടുന്നനെ തിരിച്ചറിഞ്ഞു. എന്ത്! ഈ സൈ്വരക്കേടു മുഴുവൻ സംഭവിച്ചതു വെറുമൊരു ദിവസം അവളെ കാത്തിരിയ്ക്കാനുള്ള ക്ഷമ നഷ്ടപ്പെട്ടതുകൊണ്ടു മാത്രം! നാളെ വെർഡ്യുരിൻകുടുംബത്തിലേയ്ക്കു കടന്നുചെല്ലുന്ന പതിവുസമയംവരെ ഓദത്തിനെ കാണാതിരിയ്ക്കാനാവില്ലെന്ന നിസ്സാരമായ ഒരൊറ്റ കാരണംകൊണ്ടു മാത്രം!! വീട്ടിൽനിന്നു പുറത്തിറങ്ങിയ അതേ വണ്ടിയിലിരുന്നു പ്രിവോസ്റ്റിലേയ്ക്കു പോകുന്ന സ്വന്തം വ്യക്തിത്വത്തിനുപോലും പൊടുന്നനെ സമൂലമായൊരു മാറ്റം സംഭവിച്ചതായി സ്വാനിനു സമ്മതിയ്ക്കേണ്ടിവന്നു; വണ്ടിയിൽ ഒരുമിച്ചിരുന്നു യാത്ര ചെയ്യുന്ന സ്വന്തം അപരത്വത്തെ അദ്ദേഹം തിരിച്ചറിഞ്ഞു. ആ അപരനിൽ നിന്നു തനിയ്ക്കൊരു മോചനമില്ലെന്നും അയാളെ ഒഴിവാക്കാൻ ഒരുപക്ഷേ, തീരാരോഗത്തേയും സൂത്രശാലിയായ ശത്രുവിനേയും തോൽപ്പിയ്ക്കുന്ന അപൂർവതന്ത്രങ്ങളെന്തെങ്കിലും പ്രയോഗിയ്ക്കേണ്ടിവരുമെന്നും അദ്ദേഹം കണ്ടറിഞ്ഞു. പക്ഷേ, അങ്ങനെ തന്നോടു ചേർന്നിരിയ്ക്കുന്ന ആ അപരത്വത്തിന്റെ സാന്നിദ്ധ്യം അനുഭവപ്പെട്ട നിമിഷം, എന്താണെന്നറിയില്ല, അദ്ദേഹത്തിനു ജീവിതം കൂടുതൽ രസകരമായിത്തീരുന്ന ഒരു തോന്നലാണുണ്ടായത്.

എന്തായാലും, കാത്തിരിപ്പിന്റെ സമ്മർദ്ദം മൂലം നിർവീര്യമായ

ആ നിമിഷങ്ങളിൽ കലുഷിതമായ ആത്മാവിനൊരു സാന്ത്വനം ന ൽകാവുന്ന ഒരൊറ്റ ചിന്തപോലും സ്വന്തം ഓർമ്മയുടെ ഉള്ളറകളിൽ നിന്നു വീണ്ടെടുക്കാൻ സ്വാനിനു കഴിഞ്ഞില്ല. പ്രിവോസ്റ്റിൽവെച്ച് അവളെ കണ്ടുമുട്ടാൻ കഴിയുമെന്ന വിചാരം സഫലമായാലും, അതി നു നേരത്തേ നടന്ന സംഗമങ്ങളിൽനിന്നു പ്രത്യേകമായൊരു പ്രാധാ ന്യമില്ലെന്നു വിശ്വസിപ്പിയ്ക്കാൻ അദ്ദേഹം സ്വയം നടത്തിയ ശ്രമം വിഫലമായി. ദിവസേന പരസ്പരം സംസാരിയ്ക്കുമ്പോൾ ഓദത്തിന്റെ മുഖത്തു മാറിമറിയുന്ന ഭാവങ്ങൾ ഒളികണ്ണിട്ടു ശ്രദ്ധിയ്ക്കാറുള്ള അദ്ദേ ഹം, തന്റെ പ്രകടമായ നിസ്സംഗതയ്ക്കു കടകവിരുദ്ധമായ ആസക്തി യുടെ ആദ്യസൂചന അവൾ വായിച്ചെടുക്കുമെന്ന ആശങ്കയോടെ പെ ട്ടെന്നു നോട്ടം പിൻവലിയ്ക്കാൻ ശ്രമിയ്ക്കുമായിരുന്നു. അവളെ വിട്ടു പിരി യാനുള്ള സമയം കുറച്ചുകൂടി നീട്ടാൻ തക്ക ഒരൊഴികഴിവു കണ്ടെത്തു ന്ന തിരക്കിൽ, ഉൽക്കണ്ഠ പുറത്തേയ്ക്കു കാണിയ്ക്കാതെ അവളെക്കുറിച്ചു ചിന്തിയ്ക്കുന്നതു നിർത്തി, അടുത്ത ദിവസം വെർഡൂരിൻകുടുംബത്തിൽ വെച്ചു കാണാമെന്നു സ്വാൻ സ്വയം ആശ്വസിയ്ക്കും. പലവുരു ഒരുമിച്ചി രുന്നിട്ടും ഒരിയ്ക്കലും ആലിംഗനബദ്ധരാകാൻ കഴിയാത്ത അവരുടെ വ്യർത്ഥസാന്നിദ്ധ്യത്തിൽ അനുഭവപ്പെടാറുള്ള നിരാശയും ഒരുതരം പീഡനത്തിന്റെ ദ്രോഹചിന്തയും ഒരു ദിവസത്തേയ്ക്കുകൂടി നീട്ടാൻ മാ ത്രമേ സത്യത്തിൽ ആ ഒഴികഴിവുകൾ ഉപകരിയ്ക്കാറുള്ളൂ.

പ്രിവോസ്റ്റിലെവിടേയും അവളെ കാണാതെ സ്വാൻ, ചോലമര ങ്ങൾ വെച്ചു പിടിപ്പിച്ച നടപ്പാതയിലെ ഇരുവശത്തുമുള്ള ഹോട്ടലുക ളിൽ കയറി അന്വേഷിച്ചു; സമയം വല്ലാതെ വൈകുന്നതു കണ്ടു തെ രുവിന്റെ മറുവശം നോക്കിവരാൻ വണ്ടിക്കാരൻ റെമിയേയും പറ ഞ്ഞുവിട്ടു. നിഷ്ഫലമായൊരു കറക്കത്തിനുശേഷം തിരിച്ചെത്താ മെന്നു പറഞ്ഞ സ്ഥാനത്തു സ്വാൻ റെമിയെ പ്രതീക്ഷിച്ചു നിന്നു. പ ക്ഷേ വണ്ടി പ്രത്യക്ഷപ്പെട്ടില്ല. അടുത്ത നിമിഷം സംഭവിയ്ക്കാവുന്ന പല സാദ്ധ്യതകളും ചില നിശ്ചലചിത്രങ്ങളായി സ്വാൻ മനസ്സിലിട്ടു കശക്കി; അതിലൊന്നിൽ, റെമി വന്നു പറയും: 'സർ, ഞാനവരെ ക

ണ്ടു!'; അടുത്തതിൽ, 'സർ, അവരെ ഒരിടത്തും കാണാനില്ല!'. അങ്ങനെ അന്നു രാത്രി, ഓദത്തിനെ നേരിൽ കണ്ട് ഇപ്പോൾ അനുഭവിച്ചു കൊണ്ടിരിയ്ക്കുന്ന മന:ക്ലേശം അവസാനിപ്പിയ്ക്കുകയോ അല്ലെങ്കിൽ അവളെ കാണാമെന്ന പ്രതീക്ഷ ഉപേക്ഷിയ്ക്കുകയോ ചെയ്തു വീട്ടിലേയ്ക്കു മടങ്ങേണ്ടിവരുമെന്ന, സത്യത്തിൽ ഒന്നാണെങ്കിലും സാദ്ധ്യതയുടെ പ്രകൃതത്തിൽ രണ്ടായി തോന്നുന്ന ആത്യന്തികമായ പരമാർത്ഥം, സ്വാനിനു ബോദ്ധ്യം വന്നു.

വണ്ടിക്കാരൻ മടങ്ങിയെത്തി. അയാൾ പക്ഷേ, അദ്ദേഹത്തിനു നേരേ എതിർവശത്താണു വണ്ടി നിർത്തിയത്. സ്വാൻ “നീയവരെ കണ്ടോ?“ എന്നല്ല, മറിച്ച്, “നാളെ, കുറച്ചു വിറകു വാങ്ങുന്ന കാര്യം ഓർമ്മിപ്പിയ്ക്കാൻ മറക്കരുത്, ഈ മാസത്തെ ആവശ്യത്തിനു തികയുമെന്നു തോന്നുന്നില്ല!“, എന്നൊരു നിർദ്ദേശം നൽകുകയാണു ചെയ്തത്. ഒരുപക്ഷേ, ഏതെങ്കിലുമൊരു ലഘുഭക്ഷണശാലയിൽ അപ്പോഴും അദ്ദേഹത്തെ കാത്തിരിയ്ക്കുന്ന ഓദത്തിനെ അവസാനം കണ്ടുമുട്ടി, ഈ ദുരിതരാവ് മറ്റൊരു സന്തോഷദിനത്തിനു വഴിമാറുമെന്ന പ്രതീക്ഷയിൽ, സുരക്ഷിതമായൊരു സ്ഥാനത്തു പിടിവിടാതെ സൂക്ഷിച്ചിരുന്ന സുഖാനുഭവത്തിനു തീരെ തിരക്കുകൂട്ടേണ്ടെന്നു സ്വാൻ സ്വയം സമാധാനിച്ചിരിയ്ക്കാം. പക്ഷേ, തീനാളങ്ങളിൽനിന്നു വസ്ത്രാഞ്ചലം വലിച്ചെടുക്കാനോ യദൃച്ഛയാ കണ്ടുമുട്ടിയ പ്രതിയോഗിയെ കടന്നുപോകാനോ വേണ്ടിവരുന്ന ചടുലമായ നീക്കത്തിനു തൊട്ടു മുമ്പു മിക്കവാറും നാം നിന്നിടത്തുതന്നെ ഒരു നിമിഷം നിശ്ചലനായി നിൽക്കും; പരിസരവുമായി പെട്ടെന്ന് ഇണങ്ങിച്ചേരാനുള്ള സഹജമായ ആസിദ്ധി ഒരുതരം ആലസ്യത്തിന്റെ സ്വാധീനത്തിൽ സ്വാനിനു പണ്ടേതന്നെ നഷ്ടപ്പെട്ടു കഴിഞ്ഞിരുന്നു. വണ്ടിക്കാരൻ 'ഞാനവരെ കണ്ടെ'ന്നാണു പറഞ്ഞിരുന്നതെങ്കിൽ അദ്ദേഹം ഒന്നുകൂടി കൂട്ടിച്ചേർക്കുമായിരുന്നു: 'വളരെ നന്നായി. അതെ, അതാണല്ലോ ഞാൻ നിന്നെ പറഞ്ഞേൽപ്പിച്ചത്, വേറേ ചിലതു ചിന്തിയ്ക്കുന്നതിനിടയിൽ അക്കാ

ര്യം ഞാൻ തീരെ മറന്നുപോയി'. മാത്രമല്ല, ആ വാർത്ത നൽകിയ സന്തോഷം പുറത്തു പ്രകടിപ്പിയ്ക്കാതെ, ആകുലതയുടെ നരകത്തിൽ നിന്നു സ്വർഗീയമായ ആനന്ദത്തിലേയ്ക്കു നടന്നു കയറാനൊരു സാവകാശം ലഭിയ്ക്കാനായി, അദ്ദേഹം വിറകു വാങ്ങുന്ന കാര്യത്തെക്കുറിച്ചു വീണ്ടും ചർച്ച തുടങ്ങുകയും ചെയ്യും.

സത്യത്തിൽ, ഓദത്തിനെ ഒരിടത്തും കണ്ടില്ലെന്ന വാർത്തയുമായാണു വണ്ടിക്കാരൻ തിരിച്ചു വന്നത്; വിശ്വസ്തഭൃത്യനെന്ന നിലയിൽ അയാളൊരു ഉപദേശവും നൽകി, “സർ, ഇനി നമുക്കു വീട്ടിലേയ്ക്കു മടങ്ങുകയല്ലാതെ മറ്റൊരു വഴിയില്ല!"

ഒരുതരം അലംഭാവത്തിന്റെ സന്ദിഗ്ധതയിലായിരുന്ന സ്വാൻ, പക്ഷേ അനിവാര്യമായ അവസാനവിധിപോലെ വണ്ടിക്കാരൻ അന്വേഷണത്തിൽനിന്നു തന്നെ പിന്തിരിപ്പിയ്ക്കാൻ ശ്രമിയ്ക്കുകയാണെന്നു മനസ്സിലാക്കി, പെട്ടെന്നു മേൽക്കുപ്പായം ഊരി താഴോട്ടിടുന്നതുപോലെ, പറഞ്ഞു:

“പാടില്ല, നമുക്കവരെ കണ്ടെത്തിയേ തീരൂ. അല്ലെങ്കിൽ അവർ ബുദ്ധിമുട്ടിലാവും. ഒരിടപാടുമായി ബന്ധപ്പെട്ടു ചില കാര്യങ്ങൾ പെട്ടെന്നു പറഞ്ഞുതീർക്കാനുണ്ട്. എന്നെ കണ്ടില്ലെങ്കിൽ ഒരുപക്ഷേ അവൾക്കു വല്ലാത്ത നിരാശയും കോപവും തോന്നും!“

“പക്ഷേ, അവർക്കെങ്ങനെ കോപിയ്ക്കാൻ കഴിയും, സർ?', റെമി ചോദിച്ചു. “താങ്കളെ കാത്തിരിയ്ക്കാതെ അവരാണല്ലോ ആദ്യം പുറത്തിറങ്ങിയത്. പ്രിവോസ്റ്റിലേയ്ക്കു പോകുകയാണെന്നു പറഞ്ഞു, ഇവിടെയൊന്നും കാണാനുമില്ല!“.

അതിനിടയ്ക്കു പരിചാരകർ വിളക്കുകൾ ഓരോന്നായണച്ചു ഹോട്ടലുകൾ അടയ്ക്കാൻ തുടങ്ങി. ചോലമരങ്ങൾക്കു കീഴെ കനത്ത കൂരിരുട്ടിൽ തീരെ തിരിച്ചറിയാൻ കഴിയാത്ത ചിലർ മാത്രം അങ്ങിങ്ങു ചുറ്റി നടക്കുന്നുണ്ടായിരുന്നു. ദേഹത്തു തൊട്ടുരുമ്മി കടന്നുപോയ ഒരു യുവതിയുടെ നിഴൽരൂപം സ്വാനിന്റെ ചെവിയിലെന്തോ മന്ത്രിച്ചു. അവരെ വീട്ടിലേയ്ക്കു കൂട്ടിക്കൊണ്ടുപോകാനാണു പറയുന്നതെന്നു കണ്ട്

അദ്ദേഹം ഞെട്ടിവിറച്ചു. ഇരുട്ടിന്റെ ലോകത്തു പ്രേതങ്ങൾക്കിടയിൽ വഴി നഷ്ടപ്പെട്ട യൂറിഡിസിനെ തിരയുന്നതുപോലെ, അത്തരക്കാർ ക്കിടയിലും അദ്ദേഹം അത്യാകാംക്ഷയോടെ ഓദത്തിനെത്തന്നെ യാണു പരതിയത്!

പ്രണയം ഒഴുകിവരുന്ന സകല വഴികളേയും, അനുഗ്രഹീതമായ ആ അനർത്ഥം പുറത്തേയ്ക്കു പ്രസരിപ്പിയ്ക്കുന്ന സകല മാധ്യമങ്ങളേയും, സമൂലം ആവേശിച്ച് ഇടയ്ക്കിടെ ഉയരുന്ന അസ്വസ്ഥതകളുടെ തിരമാ ലയേക്കാൾ മനുഷ്യന്റെ ജീവചൈതന്യം നിശ്ശേഷം നിർവീര്യമാക്കു ന്ന മറ്റൊരു വികാരവുമില്ല. വിനോദാകാംക്ഷയോടെ ഒരു നിമിഷനേ രത്തെ സഹവാസം മാത്രം മോഹിയ്ക്കുന്ന അവളുടെ ജീവിതം അ തോടെ നമ്മുടെ വിധിയുമായി ബന്ധപ്പെട്ടു കഴിയും; അന്നു മുതൽ അ വളെയാണു നാം ജീവിതം മുഴുവൻ പ്രണയിയ്ക്കേണ്ടത്; ആ നിമിഷം വരെ, അവൾ നമ്മെ പ്രീതിപ്പെടുത്തണമെന്നു നമുക്കു നിർബന്ധമില്ല; അന്യർക്കു പ്രവേശനമില്ലാത്തവിധം അവളോടുള്ള താൽപ്പര്യം സ്വ കാര്യമായിരിയ്ക്കണമെന്ന ഒരേയൊരു ഉപാധി മാത്രമേ നമുക്കു മുന്നോ ട്ടു വെയ്ക്കാനുള്ളൂ; ആ നിബന്ധന മാനിയ്ക്കാതെ, നമ്മെ പരിപൂർണമാ യി ഉൾക്കൊള്ളാൻ പരാജയപ്പെടുന്ന നിമിഷം, അവളുടെ രമണീയ മായ സഹവാസംകൊണ്ടു നാം ആസ്വദിയ്ക്കാമെന്നു കരുതിയ പരമാ നന്ദം, പൊടുന്നനെ പരിഷ്ക്കൃതസമൂഹത്തിന്റെ നിയമങ്ങൾക്കു കട കവിരുദ്ധമായി, യുക്തിഹീനവും അസംബന്ധജടിലവും ഉദ്വേഗകരവു മായൊരു പീഡനാസക്തിയായി, അവളുടെമേൽ അധീശത്വം നേടാ നുള്ള നിർവികാരമായൊരു അഭിനിവേശമായി മാറും!

ആ വൈകിയ അസമയത്തും തുറന്നിരിയ്ക്കുന്ന ചില ഹോട്ടലുകളി ലേയ്ക്കു വണ്ടി തിരിച്ചുവിടാൻ സ്വാൻ റെമിയോട് ആവശ്യപ്പെട്ടു. ഇ ന്നിപ്പോൾ, അദ്ദേഹത്തിന്റെ മനസ്സിൽ ഒരേയൊരു ചിന്ത മാത്രമേയു ള്ളൂ; ശാന്തമായി ധ്യാനിച്ചാസ്വദിച്ച ആ ആനന്ദാനുഭവം മാത്രം! ആ സമാഗമത്തിന്റെ മൂല്യം മറച്ചുവെയ്ക്കാൻ അദ്ദേഹത്തിന്റെ അപ്പോഴ

ത്തെ അസ്വസ്ഥതയ്ക്കു കഴിഞ്ഞില്ല. ഒരുപക്ഷേ, ഓദത്ത് നേരത്തേ വീട്ടിലേയ്ക്കു തിരിച്ചു പോയിരിയ്ക്കാമെങ്കിലും, ഹോട്ടലിൽ ഭക്ഷണം കഴിച്ചുകൊണ്ടിരിയ്ക്കുന്ന അവളെ ദിവ്യാത്ഭുതംപോലെ കാണാൻ കഴിയുമെന്ന ഒരു വിജയതൃഷ്ണ വണ്ടിക്കാരനിൽ ഉണർത്താൻവേണ്ടി, ദൗത്യം സഫലമായാൽ ഒരു പാരിതോഷികംപോലും അദ്ദേഹം അവനു വാഗ്ദാനം ചെയ്തു. തുടർന്നു മൈസൺഡോരീവരെ പോയ അദ്ദേഹം രണ്ടു തവണ ടൊർടോണീ ഹോട്ടലിൽ ഇടിച്ചുകയറി ചെന്നന്വേഷിച്ചു. എന്നിട്ടും അവളെ കാണാതെ ആൻഗ്ലൈസ് ഭക്ഷണശാലയിൽനിന്നു പുറത്തിറങ്ങി ചോലമരത്തണലിൽ കാത്തുകിടക്കുന്ന വണ്ടിയുടെ സമീപത്തേയ്ക്കു കാലുകൾ നീട്ടി വലിച്ചു ക്ഷീണിച്ച കണ്ണുകളുമായി ധൃതിപ്പെട്ടു നടക്കുമ്പോൾ, ഇരുട്ടത്തു നേരേ എതിർദിശയിൽനിന്നു വന്ന ഒരു യുവതിയുമായി അദ്ദേഹം കൂട്ടിമുട്ടി. അത്ഭുതം! ഓദത്തായിരുന്നു, അവൾ! അന്നു രാത്രി പ്രിവോസ്റ്റിൽ മുറി ലഭിയ്ക്കാതെ മൈസൺഡോരീവരെ പോകേണ്ടിവന്നെന്നും, ഭക്ഷണശേഷം മുറിയുടെ മൂലയ്ക്കൽ വെറുതേയിരുന്ന നേരം കളഞ്ഞെന്നും, ഒരുപക്ഷേ അദ്ദേഹം ശ്രദ്ധിയ്ക്കാത്തതുകൊണ്ടാകാം കാണാതിരുന്നതെന്നും, തത്സമയം സ്വന്തം വണ്ടിക്കാരനുവേണ്ടി കാത്തുനിൽക്കുകയാണെന്നും അവളദ്ദേഹത്തോടു വിശദീകരിച്ചു.

അവിടെ, ആ സമയത്തു തീരെ പ്രതീക്ഷിയ്ക്കാതെ സ്വാനിനെ കണ്ടപ്പോൾ അവളാകെ പരിഭ്രമിച്ചു! അദ്ദേഹം പാരീസിലെ തെരുവുകളിൽ അലഞ്ഞുനടന്നതു പക്ഷേ അവളെ കണ്ടെത്താമെന്ന വ്യാമോഹത്തിലായിരുന്നില്ല; മറിച്ച്, ആ ശ്രമം ഉപേക്ഷിച്ചാൽ അതിലേറെ ക്രൂരവും തീവ്രവുമായൊരു വേദന സ്വയം അനുഭവിയ്ക്കേണ്ടിവരുമെന്ന വിചാരം മൂലമായിരുന്നു. ഇപ്പോൾ പരമാനന്ദത്തിന്റെ സാക്ഷാത്ക്കാരത്തിൽ സംശയമില്ലെങ്കിലും തൽക്ഷണം ആ സാദ്ധ്യത വിരളമാണെന്നു വന്നപ്പോൾ, സ്വയമേവ യാഥാർത്ഥ്യമായി പരിണമിച്ച ഭാവി, സ്വയം പ്രവചനസന്നദ്ധമായി അദ്ദേഹത്തിനു മുമ്പിൽ പ്രത്യക്ഷപ്പെട്ടു; അതിനെ സത്യത്തിന്റെ പരിവേഷമണിയിയ്ക്കാൻ പ്രത്യേകി

ച്ചൊരു കഴിവും അദ്ദേഹത്തിനു പുറത്തെടുക്കേണ്ടി വന്നില്ല; സ്വയം ഭൂവായ ആ ആനന്ദാനുഭൂതിയാണു സത്യത്തെ അദ്ദേഹത്തിനു കാണിച്ചു കൊടുത്തത്. ആ ഉൾക്കാഴ്ചയ്ക്ക് ആധാരമായ സത്യത്തിന്റെ പ്രകാശത്തിൽ തനിയ്ക്കുമേൽ നിഴൽവീശിയ ധൂമപടലങ്ങൾ സ്വപ്നമേഘങ്ങളായി ചിന്നിച്ചിതറി അന്തരീക്ഷത്തിൽ അപ്രത്യക്ഷമാകുന്നതു സ്വാൻ നേരിൽ കണ്ടു. നല്ല തെളിഞ്ഞ കാലാവസ്ഥയിൽ മെഡിറ്ററേനിയൻ കടൽത്തീരത്തു ചെന്നെത്തുന്ന യാത്രക്കാരൻ, തൊട്ടു മുമ്പിൽ കണ്ട പ്രകാശവിസ്മയത്തിൽ കണ്ണു മഞ്ഞളിച്ചു നിൽക്കുമ്പോൾ സ്വന്തം കാൽക്കീഴിൽ പ്രതിഫലിച്ച ആകാശനീലിമയിൽ സഞ്ചാരത്തിനിടയിൽ കടന്നുപോന്ന നാടുകളൊന്നാകെ കാണാൻ കഴിയുന്ന അപൂർവമായൊരു അനുഭൂതിയായിരുന്നു, ആ സത്യദർശനം!

റെമിയോടു പിന്നാലെ വരാൻ നിർദ്ദേശിച്ചു സ്വാൻ അവളുടെ വണ്ടിയിൽ അവൾക്കു പിന്നാലെ കയറി.

ഓദത്ത് രണ്ടു കൈയിലുമായി ഒരു കുടന്ന ഓർക്കിഡ്പുഷ്പങ്ങൾ ചേർത്തു പിടിച്ചിരുന്നു; ശിരോവസ്ത്രത്തിന്റെ തൊങ്ങലിനു താഴെ അരയന്നത്തൂവലുമായി ബന്ധിപ്പിച്ചു കുറേക്കൂടി പുഷ്പങ്ങൾ സ്വാൻ കണ്ടു. മേലുടുപ്പിനുള്ളിൽ ധരിച്ചിരുന്ന മസൃണമായ കഞ്ചുകത്തിന്റെ ഒരുവശത്തേയ്ക്കു മടങ്ങിക്കിടന്ന വിടവിനിടയിൽ നിന്നു വെളുത്ത പട്ടുപാവാട-യുടെ ഒരു ഭാഗം ത്രികോണാകൃതിയിൽ പുറത്തേയ്ക്കു തൂങ്ങിക്കിടന്നു; കഴുത്തു താഴോട്ടിറക്കി വെട്ടിയ മാർക്കുപ്പായത്തിന്റെ 'ഇടുക്കി'ലും അവൾ കുറച്ചു പൂക്കൾ തിരുകിയിരുന്നു. സ്വാനിനെ തീരെ അപ്രതീക്ഷിതമായി കണ്ടതിന്റെ പരിഭ്രമം അവളുടെ മുഖത്തുനിന്നു നീങ്ങിക്കഴിഞ്ഞിരുന്നില്ല. പെട്ടെന്നു വഴിയിലെന്തോ ഒരു വസ്തു തടസ്സമായി കിടക്കുന്നതു കണ്ടു കുതിര ചെറുതായി ചാടിയപ്പോൾ വണ്ടി ഒരുവശത്തേയ്ക്കു ശക്തിയായി ആഞ്ഞുലഞ്ഞു. രണ്ടുപേരും ഇരിപ്പിടത്തിൽ നിന്നു മുമ്പോട്ടു തെറിച്ചു; അവൾ ഉറക്കെ നിലവിളിച്ചു, ശ്വാസം കിട്ടാതെ ദേഹം വിറച്ചു, പിന്നോട്ടു ചാഞ്ഞു.

"ഇല്ല, കുഴപ്പമൊന്നുമില്ല!", സ്വാൻ പറഞ്ഞു; "പേടിയ്ക്കേണ്ട!" അ

വളെ സ്വന്തം ശരീരത്തിലേയ്ക്കു ചേർത്തുപിടിച്ച് അദ്ദേഹം തുടർന്നു: “നീ വല്ലാതെ ക്ഷീണിച്ചിട്ടുണ്ടല്ലോ, കിതപ്പുമുണ്ട്, ഇനിയൊന്നും പറയണ്ട, എന്തെങ്കിലും വേണമെങ്കിൽ എന്നോടു കൈ ചൂണ്ടിക്കാണിച്ചാൽ മതി, അല്ലെങ്കിൽ ശ്വാസം കിട്ടാതെ വിഷമിയ്ക്കേണ്ടിവരും... വണ്ടിയുടെ ചാട്ടത്തിൽ കഴുത്തിനുതാഴെ പിടിപ്പിച്ച ചില പൂക്കൾ ഇളകിപ്പോയി... ഞാനതു ശരിയായ സ്ഥാനത്തുതന്നെ വെയ്ക്കുന്നതിനു വിരോധമില്ലല്ലോ.. പൂക്കൾ പുറത്തേയ്ക്കു തെറിച്ചു പോകാതെ ഈ മാർക്കുപ്പായം ഞാനൊന്നു നന്നായി മുറുക്കിക്കെട്ടാം!“.

പുരുഷന്മാരാരും പതിവായി അവളോട് അത്രയും ഔപചാരികതയോടെ പെരുമാറാത്തതുകൊണ്ട് ചുണ്ടിലൊരു പുഞ്ചിരിയോടെ അവൾ പറഞ്ഞു: “ഇല്ല, എനിയ്ക്കു വിരോധമില്ല... സത്യത്തിൽ ഞാനതു തീരെ ഗൗനിയ്ക്കുന്നില്ല!“.

അവളുടെ മറുപടി കേട്ടു തെല്ലിട ശങ്കിച്ചു നിന്ന സ്വാൻ തന്റെ തന്ത്രം തീർത്തും ആത്മാർത്ഥമാണെന്ന ഭാവം ഊട്ടിയുറപ്പിയ്ക്കുന്ന സ്വരത്തിൽ പറഞ്ഞു: “വേണ്ട, വേണ്ട. നീയിനി ഒന്നും സംസാരിയ്ക്കണ്ട! വെറുതെ ശ്വാസംമുട്ടു വരും.. വേണ്ടതെല്ലാം ഞാൻ കണ്ടറിഞ്ഞു ചെയ്തുകൊള്ളാം. ഞാനിങ്ങനെ പെരുമാറുന്നതിൽ നിനക്കു ദേഷ്യം തോന്നുന്നുണ്ടോ? നോക്കൂ, അവിടെ അതാ ചെറുതായെന്തോ കാണുന്നു.. ഉടുപ്പിൽ പറ്റിപ്പിടിച്ച പൂമ്പൊടിയായിരിയ്ക്കും, ഞാൻ വിരലുകൊണ്ടു തട്ടിക്കളയാം.. തൊട്ടപ്പോഴേയ്ക്കും തെറിച്ചു പോയി.. നിനക്കു വേദനിച്ചില്ലല്ലോ, അല്ലേ? ചെറിയൊരു ഇക്കിളി തോന്നിയിരിയ്ക്കും.. സാരമി-ല്ല.. വല്ലാതെ പിടിച്ചമർത്തിയാൽ പൊടി ഉടുപ്പിൽത്തന്നെ പറ്റിയിരിയ്ക്കും.. അതാ, ആ പൂക്കൾ വീണ്ടും മുറുക്കിക്കെട്ടേണ്ടി വന്നു... അല്ലെങ്കിൽ ഇനിയും പുറത്തേയ്ക്കു തെറിച്ചുവീഴും... ഇപ്പോൾ.... ഞാനൊന്നുകൂടി താഴോട്ടു തള്ളിയാൽ.. കാര്യമായിത്തന്നെ ചോദിക്കട്ടെ, ഞാൻ ശല്യപ്പെടുത്തുന്നില്ലല്ലോ, അല്ലേ? ഒരുപക്ഷേ പൂക്കളുടെ സുഗന്ധം മാഞ്ഞുപോയിരിയ്ക്കും.. അതറിയാൻ ഞാനൊന്നു ചുംബിയ്ക്കുന്നതിൽ നിനക്കു വിരോധം തോന്നേണ്ട കാര്യമില്ല! അതെ, ഇത്ര നല്ലൊരു പൂവ്

ഇതിനു മുമ്പു ഞാനൊരിയ്ക്കലും മണപ്പിച്ചതായി ഓർക്കുന്നില്ല. അതെ.. ഇപ്പോൾ.. സത്യത്തിൽ നിനക്കെന്തു തോന്നുന്നു?"

അപ്പോഴും ചുണ്ടിലൊരു ചെറുചിരിയോടെ ചുമലുകൾ മൃദുവായൊന്നിളക്കി, ആരായാലും ചെയ്യുന്നതുപോലെ, അവൾ പറഞ്ഞു: "താങ്കളൊരു ഭ്രാന്തനായി മാറിയിരിയ്ക്കുന്നു. എനിയ്ക്കതിഷ്ടമാണെന്നു താങ്കൾക്കു നന്നായറിയാം!".

അദ്ദേഹത്തിന്റെ വലതുകൈ ഓദത്തിന്റെ കവിളുകൾ തൊട്ടുതലോടി പതുക്കെ മേലോട്ടു നീങ്ങി. അപ്പോൾ അവളുടെ രൂപഭാവങ്ങൾ ഫ്ലോറന്റൈൻ ചിത്രത്തിലെ സുന്ദരികളായ സ്ത്രീകളുടെ തനിപ്പകർപ്പായി അദ്ദേഹം കണ്ടു. അവരുടെ മുഖമുദ്രയായ ക്ഷീണിച്ചുതളർന്ന ഒരുദാരഭാവം ആ മുഖത്തു വ്യക്തമായി നിഴലിച്ചു; കൺപോളകളുടെ തീരങ്ങളിൽ നീന്തിക്കളിച്ച ചടുലനയനങ്ങൾ, ചിത്രത്തിൽ വരച്ചുവെച്ചതുപോലെ, പൊട്ടിയടർന്നു വീഴുന്ന രണ്ടു കണ്ണീർത്തുള്ളികളായി മാറി. ആത്മീയവും ഭൗതികവുമായ ശിൽപ്പങ്ങളിൽ ചിത്രീകരിയ്ക്കപ്പെടുന്നതുപോലെ, അവളുടെ കഴുത്തു അൽപ്പമൊന്നു ചെരിഞ്ഞാണു കാണപ്പെട്ടത്. സന്ദർഭത്തിനു തീർത്തും അനുയോജ്യമെന്നമട്ടിൽ മുഖഭാവം സ്വാഭാവികമായിരുന്നു; എങ്കിലും, യഥാർത്ഥഭാവം മറച്ചുവെയ്ക്കാനുള്ള ഒരുതരം ശ്രദ്ധ മുഖത്തു പ്രകടമായിരുന്നു. ഒരദൃശ്യശക്തിയുടെ സ്വാധീനത്തിൽ സ്വാനിന്റെ മുഖത്തോടു ചേരാൻ വെമ്പൽ കൊള്ളുന്ന സ്വന്തം മുഖം തൽസ്ഥാനത്തു പിടിച്ചുനിർത്താൻ ആത്മബലം മുഴുവൻ പ്രയോഗിയ്ക്കുന്നതുപോലെ അവൾ ഭാവിച്ചു. ആ കരുതലും പ്രയത്നവും മറികടന്നു സ്വന്തം ചുണ്ടുകൾ അദ്ദേഹത്തിന്റെ ചുണ്ടുകളോടു ചേരുന്നതിനു മുമ്പേ, സ്വാൻ രണ്ടു കൈകൊണ്ടും അവളുടെ മുഖം ചേർത്തുപിടിച്ച് ഒരു നിമിഷം നിർന്നിമേഷം നോക്കി നിന്നു. വളരെ കാലമായി താലോലിച്ചുപോരുന്ന സ്വപ്നം സഫലീകരിയ്ക്കാനുള്ള സാവകാശം അവൾക്കനുവദിച്ചു കൊടുത്തു തൽക്കാലം ശാരീരികമായ യാതൊരു നീക്കങ്ങൾക്കും സ്വാൻ മുതിർന്നില്ല. ആത്മാർത്ഥമായി

സ്നേഹിച്ചു വളർത്തിയ മകളെ ആദരിയ്ക്കുന്ന ചടങ്ങിലൊരു കാഴ്ചക്കാരിയായി ക്ഷണം ലഭിച്ച അമ്മയെപ്പോലെയായിരുന്നു, അദ്ദേഹം. ചുംബനത്തിന്റെ കളങ്കം പതിയ്ക്കാത്ത ഓദത്തിന്റെ സവിശേഷമായ മുഖഭാവങ്ങളിലേയ്ക്കു ശ്രദ്ധയൂന്നി അദ്ദേഹം തെല്ലിട നിന്നു. അവധൂതനായ സഞ്ചാരി നാടു മുഴുവൻ കണ്ടു ജനങ്ങളോടു വിടപറയുമ്പോൾ ഇനിയൊരിയ്ക്കലും കാണാൻ സാദ്ധ്യതയില്ലാത്ത ചില ദൃശ്യങ്ങൾ ഓർമ്മയിലേയ്ക്കു പകർത്തിയെടുക്കാൻ ശ്രമിച്ചു നാലുപാടും കണ്ണു പായിയ്ക്കുന്നതുപോലെ, ഒരുപക്ഷേ അവളുടെ സൗന്ദര്യം ഒരിയ്ക്കൽക്കൂടി നേരിട്ട് ആസ്വദിയ്ക്കണമെന്ന് അദ്ദേഹത്തിനു തോന്നിയിരിയ്ക്കാം.

ഓർക്കിഡ്പൂക്കൾ ഒതുക്കിവെയ്ക്കുന്നതിൽ തുടങ്ങി ഓദത്തിന്റെ പൂർണവും നിരുപാധികവുമായ കീഴടങ്ങലിൽ ചെന്നവസാനിച്ച അന്നത്തെ രാവിനുശേഷം, സഹജമായ സങ്കോചം മറി കടക്കാനാവാതെ, അടുത്ത ദിവസങ്ങളിലും സ്വാൻ അതേ ചടങ്ങ് ആവർത്തിച്ചു. ആദ്യത്തേതിനേക്കാൾ കാര്യക്ഷമമായ മറ്റൊരു സാഹസികത ആസൂത്രണം ചെയ്തു നടപ്പാക്കാനുള്ള ആത്മധൈര്യത്തിന്റെ അഭാവവും നുണ പറയാനുള്ള വൈമനസ്യവും പുതിയ നീക്കങ്ങൾ ഒരുപക്ഷേ അവളെ നിസ്സംഗയും നിർവികാരയുമാക്കുമെന്ന ഭയവും അദ്ദേഹത്തെ ബാധിച്ചിരുന്നു. അവളുടെ മാർക്കപ്പായത്തിൽ ഓർക്കിഡ്പൂക്കൾ നന്നായി ചേർന്നിരിയ്ക്കുന്നതു കണ്ടാൽ അദ്ദേഹം പറയും: “കഷ്ടം, ഇന്നെനിയ്ക്കു പൂക്കളൊതുക്കേണ്ട പണിയില്ല.! എങ്കിലും നോക്കട്ടെ, ഇടയിലൊരെണ്ണം നിവർന്നു നിൽക്കുന്നതായി തോന്നുന്നുണ്ട്, ഞാനതൊന്നു ചേർത്തുപിടിച്ചു മണക്കട്ടെ!“. മറിച്ച്, പൂക്കളൊന്നും ധരിയ്ക്കാതെയാണ് അവൾ വന്നതെങ്കിൽ അദ്ദേഹം പറയും: “ഇന്നു പൂക്കളൊന്നും വിടർന്നിട്ടില്ല! എനിയ്ക്കു പ്രത്യേകിച്ചൊന്നും ചെയ്യാനുമില്ല“. അങ്ങനെ ആദ്യദിവസം സ്വീകരിച്ച നടപടികൾക്കു പിന്നീടു കുറച്ചുകാലത്തേയ്ക്കു യാതൊരു മാറ്റവുമുണ്ടായില്ല. വിരലുകളിൽനിന്നു തുടങ്ങി കൈകളും കഴുത്തും കടന്നു സാവകാശം അധരങ്ങളെ സ്പർശിയ്ക്കാൻ തുടങ്ങുന്ന പരിലാളനകൾ അദ്ദേഹം വളരെ സൌമ്യമായാണു ചെയ്തുപോന്നത്.

കുറച്ചു കഴിഞ്ഞപ്പോൾ ഓർക്കിഡ്പൂക്കളുടെ ക്രമീകരണം, അഥവാ ആ അനുഷ്ഠാനാഭിനയം, അലസമായൊരു നിഷ്ക്രിയത്വമായി, വെറും 'ഓർക്കിഡ് ഒരുക്കലെ'ന്ന ചടങ്ങായി മാറി. ശാരീരികമായ അധിനിവേശത്തിന്റെ തുടക്കത്തിൽ പറയുന്ന ചില വാക്കുകൾ പിന്നീടു ശബ്ദകോശത്തിൽ ബാക്കി നിർത്തിയ ഒരാചാരത്തിന്റെ പേരായാണു പൊതുവേ പ്രയോഗിയ്ക്കപ്പെടുന്നത്; അപ്പോൾ അധീശത്വം പ്രയോഗിയ്ക്കുന്നതുവഴി പ്രത്യേകിച്ചൊരു നേട്ടവും ആർക്കും ലഭിയ്ക്കാനിടയില്ല. അങ്ങനെ, 'പ്രണയ'മെന്ന പ്രയോഗത്തിനു സമാനപദങ്ങളിൽനിന്നു വ്യത്യസ്തമായൊരു അർത്ഥതലംതന്നെ അവർക്കിടയിൽ ഉയർന്നുവന്നു. ഓരോ നീക്കവും വ്യക്തമായി നേരത്തേ കാണാവുന്നതുകൊണ്ടു സന്തോഷാനുഭവങ്ങൾ തീരെ വിരസമായി മാറി സ്ത്രീകളോടു കടുത്ത വിരക്തിപോലും തോന്നുന്ന ചില സന്ദർഭങ്ങളുണ്ട്. പക്ഷേ, പരസ്പരബന്ധത്തിൽ അഭ്യാസപരിചയമില്ലാത്തതുകൊണ്ടു കീഴടങ്ങാൻ മടിച്ചു നിൽക്കുന്നവരിൽനിന്നു നേടിയെടുക്കുന്ന അനുഭൂതി വളരെയേറെ ഉന്മേഷകരവും ഹൃദ്യവുമായിരിയ്ക്കും. സ്വാനിനെ സംബന്ധിച്ചിടത്തോളം 'ഓർക്കിഡ് ഒരുക്കലി'ന്റെ കാര്യത്തിൽ അതാണു സംഭവിച്ചത്. പൂക്കളിൽനിന്നു വരുന്ന സുഗന്ധം ഓദത്തിനുമേൽ ലഭിച്ച പൂർണമായ അധീശത്വമാണെന്നു സ്വാൻ കരുതി; അതേസമയം, അന്നു വൈകുന്നേരം ആ വിധേയത്വം അവൾക്കു തീരെ ബോദ്ധ്യപ്പെടാതിരുന്നതു മൂലമാണ് അനായാസകരമായ സന്തോഷാനുഭവം നേടാൻ കഴിഞ്ഞതെന്നും അദ്ദേഹം സംശയിച്ചു. അങ്ങനെ, ഭൂമിയിൽ വിടർന്ന സ്വർഗീയപുഷ്പങ്ങളിൽനിന്നു മുമ്പൊരിയ്ക്കലും ലഭിയ്ക്കാത്ത ആനന്ദാനുഭൂതി അനുഭവിച്ച ആദ്യമനുഷ്യനെപ്പോലെ, സ്വാൻ അനന്യവും വൈയക്തികവുമായൊരു സുഖാനുഭവത്തിന്റെ പരികൽപ്പന സ്വയം സൃഷ്ടിച്ചു നാമകരണം ചെയ്യാൻ മുന്നോട്ടു വന്നു.

അവർക്കിടയിലെ മൂടൽമഞ്ഞ് ഒരുതവണ ഉരുകിപ്പോയതിന്റെ ബലത്തിൽ വൈകീട്ടു വീട്ടിലെത്തിയാൽ സ്വാൻ ഓദത്തിനു പിന്നാലെ നേരേ അകത്തേയ്ക്കു കടക്കും. വസ്ത്രം മാറി നിശാവേഷത്തിൽ പുറ

ത്തിറങ്ങുന്ന അവൾ വണ്ടിയുടെ അടുത്തു വന്നു വണ്ടിക്കാരന്റെ മുമ്പിൽവെച്ച് 'ഇവിടെയിപ്പോൾ ആരും കാണാനില്ല, അഥവാ കണ്ടാലും പ്രശ്നമില്ലെ'ന്നു പറഞ്ഞ് അദ്ദേഹത്തെ ചുംബിച്ചു യാത്രയാക്കും. അനിവാര്യമായ കാര്യങ്ങൾക്കു മറ്റെവിടേയ്ക്കെങ്കിലും യാത്ര പോയി പരസ്പരം കണ്ടുമുട്ടാൻ കഴിയാത്ത ദിവസങ്ങളിൽ രാത്രി എത്ര വൈകിയാലും മടങ്ങുന്ന വഴി വീട്ടിൽ കയറണമെന്ന് അദ്ദേഹത്തോടു യാചനാസ്വരത്തിൽ അവളാവശ്യപ്പെടാറുണ്ട്. വസന്തകാലത്തെ പ്രസന്നവും ശീതളവുമായ ഒരു രാത്രി ദൂരത്തെവിടെയോ അത്താഴവിരുന്നിൽ പങ്കെടുത്തു വൈകി പുറത്തിറങ്ങിയ സ്വാനിനോടു സുഹൃത്തുക്കൾ ഒരുമിച്ചു മടങ്ങാമെന്നു നിർദ്ദേശിച്ചു. പക്ഷേ, മറ്റൊരു വഴിയ്ക്കു പോകേണ്ട അത്യാവശ്യമുണ്ടെന്നു പറഞ്ഞു സ്വാൻ വണ്ടിയിലേയ്ക്കു ചാടിക്കയറി പെട്ടെന്നു സ്ഥലം വിട്ടു. എവിടേയ്ക്കാണു പോകേണ്ടതെന്നു നന്നായറിയാവുന്ന റെമി നിർദ്ദേശത്തിനു കാത്തു നിൽക്കാതെ അതിവേഗം വണ്ടി തെളിയ്ക്കുന്നതു കണ്ടു സുഹൃത്തുക്കൾ വിസ്മയപൂർവം നോക്കിനിന്നതേയുള്ളൂ! സ്വാൻ മറ്റൊരാളായി മാറിയ കാര്യം അവർക്കു നേരിട്ടു ബോദ്ധ്യമായി. അപരിചിതയായൊരു യുവതിയെ പരിചയപ്പെടുത്തണമെന്ന ആവശ്യവുമായി അദ്ദേഹത്തിന്റെ കത്തുകൾ ഈയിടെയായി അവർക്കാർക്കും ലഭിക്കാറില്ല. വിരുന്നുകളിൽ യുവതികളോടു കാണിയ്ക്കാറുള്ള പ്രത്യേകമായ പരിഗണനപോലും സ്വാൻ ഉപേക്ഷിച്ചു; അവരെ കണ്ടുമുട്ടാനിടയുള്ള ഇടങ്ങളിൽനിന്നു മന:പൂർവം അദ്ദേഹം ഒഴിഞ്ഞുമാറി. കുറച്ചുകാലം മുമ്പുവരെ, ഒരിയ്ക്കലും മാറ്റം വരില്ലെന്നു പലരും തെറ്റിദ്ധരിച്ച സ്വാനിന്റെ ശൈലിയിൽനിന്നു നേർവിപരീതമായിരുന്നു ആ പ്രകൃതം. പെരുമാറ്റത്തിൽ താൽക്കാലികമായി പ്രകടമാകുന്ന അഭിനിവേശങ്ങളുടെ സൂചനകൾ ചിലപ്പോൾ വ്യക്തിത്വത്തിന്റെ നൈസർഗികത തിരിച്ചറിയാനുള്ള ചിഹ്നങ്ങൾ പോലും നശിപ്പിച്ചുകളയും. സ്വാനിനെ സംബന്ധിച്ചിടത്തോളം യാതൊരു മാറ്റവുമില്ലാതെ തുടരുന്ന ഒരൊറ്റ വിഷയമേയുള്ളൂ: വൈകുന്നേരങ്ങളെവിടെ ചിലവഴിച്ചാലും രാത്രി ഓദത്തിന്റെ കൂടെ കഴിയു

ന്നതിൽ വീഴ്ച വരുത്താൻ പാടില്ല! ജീവിതത്തിന്റെ ചെങ്കുത്തായ ചെരിവിലൂടെ അപ്രതിരോദ്ധ്യമായ ഗുരുത്വാകർഷണത്തിന്റെ പിടി വിട്ടു താഴോട്ടു വീഴുന്നവവർക്കു തീർച്ചയായും തരണം ചെയ്യേണ്ട ഒരു ഗാധഗർത്തമായിരുന്നു, പക്ഷേ അവർക്കിടയിൽ വിലങ്ങുതടിയായി കിടന്നത്. ചിലപ്പോഴൊക്കെ വിരുന്നു കഴിഞ്ഞു പുറത്തിറങ്ങിയാൽ, പതിവു വഴി വിട്ടു വളരെ ദൂരം പോകുന്നതിനേക്കാൾ ഓദത്തുമായുള്ള സമാഗമം അടുത്ത ദിവസത്തേയ്ക്കു മാറ്റിവെച്ചു സ്വന്തം വീട്ടിലേയ്ക്കു മട ങ്ങാനായിരുന്നു, സത്യത്തിൽ, സ്വാനിനു താൽപ്പര്യം; പക്ഷേ, അവ ളെ കാണാൻവേണ്ടി സഹിയ്ക്കുന്ന കഷ്ടപ്പാടുകൾ പതുക്കെ അദ്ദേഹ ത്തിനൊരു മധുരാനുഭൂതിയായി തോന്നിത്തുടങ്ങി. സുഹൃത്തുക്കൾ തന്നെ പരിഹസിച്ചു പറയുന്ന വാക്കുകൾ പലതും സ്വാൻ സങ്കൽപ്പി ച്ചു കേൾക്കാറുണ്ട്: “അതെ, എവിടെയോ ഒരു യുവതി അദ്ദേഹത്തെ കൈയും കാലും കെട്ടി വരിഞ്ഞു കാത്തിരിയ്ക്കുന്നുണ്ട്!“. സ്വന്തം താ ൽപ്പര്യങ്ങൾ മുഴുവൻ പ്രണയത്തിന്റെ ചായം പൂശിയ വിഗ്രഹങ്ങൾ ക്കു മുമ്പിൽ ബലികഴിയ്ക്കുമ്പോൾ ഒരുതരം ആത്മീയമായ ചാരിതാർ ത്ഥ്യം പ്രസാദമായി ലഭിയ്ക്കുമെന്നു വിശ്വസിയ്ക്കുന്ന പ്രേമഭിക്ഷുകികളു ടെ ജീവിതമാണു താനിപ്പോൾ നയിയ്ക്കുന്നതെന്നു സ്വാനിനു ചില പ്പോൾ തോന്നും; അതേസമയം, അവൾ മറ്റെവിടേയും പോകാതെ, മറ്റാരും തുണയില്ലാതെ, വീട്ടിൽ തന്നെമാത്രം കാത്തിരിയ്ക്കുന്ന ചിത്രം ഒരു സിദ്ധൌഷധമായി അദ്ദേഹത്തിന്റെ ആത്മവേദന ചെറുതാ യൊന്നു ശമിപ്പിയ്ക്കും. തൽക്കാലം മറവിയിലേയ്ക്കു മറഞ്ഞാലും എപ്പോ ൾ വേണമെങ്കിലും പൂർവാധികം ശക്തിയോടെ ഉയിർത്തെഴുന്നേൽ ക്കാൻ സാദ്ധ്യതയുള്ള അതേ വേദനയാണു കഴിഞ്ഞ ദിവസം വെർ ഡുരിൻകുടുംബത്തിൽനിന്നു നേരത്തേതന്നെ ഓദത്ത് പൊയ്ക്കള ഞ്ഞപ്പോൾ അദ്ദേഹത്തിനു നേരിടേണ്ടിവന്നത്. അത്തരമൊരു വേ ദനയുടെ അനിവാര്യത, ജീവിതത്തിൽ അഭിമതവും സവിശേഷവു മായ ആ സമയസന്ധി, പരമമായൊരു ആനന്ദമായിത്തന്നെ സ്വാൻ സങ്കൽപ്പിച്ചു. ആ കഠിനവേദനയുടെ നിമിഷങ്ങളെ തുടർന്നാണു സ

ത്യത്തിൽ ഓദത്ത് തന്റെ ജീവിതത്തിലേയ്ക്കു കടന്നുവന്നതെന്നും അദ്ദേഹം ഓർത്തെടുത്തു. അത്യധികമായ സന്തോഷസന്താപങ്ങൾ ഒരുപോലെ നൽകാൻ കഴിയുന്ന സ്വാധീനശക്തി മറ്റൊരാൾക്കു സ്വമേധയാ ദാനം ചെയ്യുമ്പോൾ, അതുവരെ കാണാത്ത വ്യത്യസ്തമായൊരു ലോകത്തേയ്ക്കാണു കമിതാക്കൾ പെട്ടെന്നു പ്രവേശിയ്ക്കുന്നത്; പിന്നീടു രണ്ടുപേരും കാവ്യാത്മകമായ ചിന്തകളിൽ മുഴുകി പരസ്പരം ബന്ധപ്പെട്ട വികാരങ്ങളുടെ വിശാലഭ്രമികയായി ജീവിതത്തെ മാറ്റിമറിച്ച് മറ്റുള്ളവരുടെ അസ്തിത്വംപോലും അപ്രസക്തമാക്കിക്കളയും. അതുകൊണ്ട് ഓദത്തിന്റെ സ്വാധീനശക്തി സമീപഭാവിയിൽ എങ്ങനെയാണു തന്നെ ബാധിയ്ക്കാൻ പോകുന്നതെന്നു തീക്ഷ്ണമായ ഉൽക്കണ്ഠയോടെയല്ലാതെ സ്വാനിനു ചിന്തിയ്ക്കാൻ കഴിഞ്ഞില്ല. വസന്തനിലാവു പൊഴിഞ്ഞു വീഴുന്ന തണുത്ത രാവിൽ കുതിരവണ്ടിയിലിരുന്നു നക്ഷത്രാങ്കിതമായ മാനത്തേയ്ക്കു നോക്കുമ്പോൾ, കണ്ണുകളിൽ ഒരു നിമിഷനേരം തിളങ്ങിനിന്ന നിലാത്തുള്ളികൾ തൊട്ടുമുന്നിലെ വിജനമായ പാതയിൽ പാറിവീഴുന്നതു കണ്ട്, നിഗൂഢമായൊരു പരിവേഷത്തിൽ നേരിയ ചുവപ്പുരാശി പടർന്നു ദീപ്തമായ ഓദത്തിന്റെ മുഖം അദ്ദേഹത്തിന്റെ മനസ്സിൽ തെളിഞ്ഞു വരും. ഓദത്ത് ഭൃത്യരെ ഉറങ്ങാൻ പറഞ്ഞയച്ചശേഷമാണു ചെല്ലുന്നതെങ്കിൽ, മുൻവശത്തെ മണി മുഴക്കുന്നതിനുമുമ്പ് സ്വാൻ ചുറ്റി വളഞ്ഞു പിൻവശത്തെ തെരുവിൽ, ഒരുപോലെ പണിത അടുത്തടുത്ത വീടുകൾക്കിടയിൽ, പ്രകാശം ചൊരിയുന്ന അവളുടെ ജനാലയ്ക്കു സമീപം ചെന്നു പതുക്കെ മുട്ടും; ഉടനെ ശബ്ദം കേട്ടു സൂചന മനസ്സിലാക്കിയ അവൾ അദ്ദേഹത്തെ സ്വീകരിയ്ക്കാൻ മുൻവശത്തേയ്ക്ക് ഓടിവരും. അവൾക്കേറെ പ്രിയപ്പെട്ട (മരണപത്രപ്രകാരം ശവസംസ്ക്കാരസമയത്തു വിലാപസൂചകമായി പാടേണ്ട) ചില സംഗീതരചനകൾ, പിയാനോയുടെ പുറത്തു കിടക്കുന്നുണ്ടാവും; ഓദത്തിന്റെ വായന വളരെ മോശമാണെന്നു നല്ല ബോദ്ധ്യമുണ്ടെങ്കിലും അദ്ദേഹം അവളോട് വിന്റെയിലിന്റെ ഗീതം വായിയ്ക്കാൻ ആവശ്യപ്പെടും. ശ്രുതി ചേർക്കാത്ത പിയാനോയിൽ അപസ്വ

രങ്ങളുടെ അകമ്പടിയോടെ അവിദഗ്ധമായ വിരലുകൾകൊണ്ടു വായി ച്ചു കേൾക്കുമ്പോഴാണ് വളരെ വിശിഷ്ടമായ ചില കൃതികളുടെ ഏറ്റ വും സുന്ദരമായ ശ്രാവ്യാനുഭവം ഹൃദയത്തിൽ പതിയുന്നത്. സ്വാനി ന്റെ മനസ്സിൽ ഓദത്തിനോടുള്ള പ്രണയസൂചനയായി വിന്റെയിലി ന്റെ ആ രാഗഭാവം അപ്പോഴും ഉറങ്ങിക്കിടന്നിരുന്നു. പുറമേയ്ക്കു യാ തൊരു സൂചനകളും നൽകാതെ അഭൌമമായ ആ പ്രണയത്തിനു മറ്റാർക്കും തെളിയിയ്ക്കാനാവാത്ത ഒരർത്ഥവ്യാപ്തിയുണ്ടെന്നു വ്യക്തമാ യിത്തന്നെ അദ്ദേഹം കരുതി. പരസ്പരജീവിതത്തിൽ സാധാരണ സ ങ്കൽപ്പിയ്ക്കപ്പെടുന്ന ഉദാത്തമൂല്യങ്ങളോടു നീതി പുലർത്തുന്നവയല്ല, ഓ ദത്തിന്റെ ഗുണങ്ങളെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. യുക്തിയു ടെ വിവേകം വെല്ലുവിളിയ്ക്കപ്പെടുന്നില്ലെങ്കിൽ ഒരുപക്ഷേ സാങ്കൽപ്പി കമായ ആ ആനന്ദാനുഭൂതിയ്ക്കുവേണ്ടിമാത്രം ബുദ്ധിപരവും സാമൂഹ്യ വുമായ സ്വന്തം താൽപ്പര്യങ്ങളപ്പാടെ അദ്ദേഹം ബലികഴിയ്ക്കുമായിരു ന്നില്ല. മനസ്സിന്റെ ഒരു ഭാഗം ബലം പ്രയോഗിച്ചു കീഴടക്കുന്നതുപോ ലെയാണു വിന്റെയിലിന്റെ സംഗീതകൃതി ഓരോ തവണയും അദ്ദേ ഹത്തിന്റെ ചെവിയിൽ പ്രകമ്പനം സൃഷ്ടിച്ചത്. അങ്ങനെ ഓരോ വി ഷയങ്ങൾക്കും നേരത്തേ നിശ്ചയിച്ചുറപ്പിച്ചിരുന്ന അനുപാതങ്ങൾക്കു സ്വാനിന്റെ മനസ്സിൽ ഗണ്യമായ മാറ്റം വന്നു; ഓദത്തിനോടുള്ള പ്ര ണയം അടയാളപ്പെടുത്തിയ അനുഭൂതിയ്ക്കുവേണ്ടി പ്രത്യേകമായൊരു പ്രാന്തപ്രദേശം സദാ ഒഴിഞ്ഞുകിടന്നു. അതേ സമയം, പ്രണയാനുഭൂ തിപോലെ വ്യക്തിനിഷ്ഠമല്ലെങ്കിലും, വസ്തുനിഷ്ഠമായൊരു യാഥാർ ത്ഥ്യബോധവും അദ്ദേഹത്തെ ആവേശിയ്ക്കാൻ തുടങ്ങി. വിന്റെയിലി ന്റെ കൃതി ആവർത്തിച്ചു കേൾക്കുമ്പോൾ അജ്ഞാതമായ ചില മോ ഹങ്ങളോടുള്ള ദാഹം വ്യക്തമായ ചാരിതാർത്ഥ്യത്തോടെ സ്വാനി ന്റെ മനസ്സിലുണർന്നുവരും. ആ രാഗത്തിന്റെ സ്വാധീനത്തിൽ ഭൗ തികവിഷയങ്ങളോടുള്ള പരിഗണനകൾ നിശ്ശേഷം മാഞ്ഞുപോയി, ശൂന്യമായ ഹൃദയഭാഗത്തു സ്വേച്ഛാധികാരത്തിന്റെ സ്വാതന്ത്ര്യമുപ യോഗിച്ച്, ഓദത്തിന്റെ പേരു പലവുരു സ്വാൻ കുത്തിക്കുറിച്ചു. കുടാ

തെ, ഓദത്തിന്റെ സ്നേഹം നിരാശാജനകവും ക്ഷണികവുമായി തോന്നുമ്പോഴൊക്കെ, അവരുടെ പാരസ്പര്യം പരിപൂരകമാക്കാനെന്നപോലെ, ആ രാഗത്തിന്റെ ധ്വനിവിശേഷങ്ങൾ സ്വയമേവ മുന്നോട്ടു വരും. ചെറിയൊരു ആശ്വാസത്തിനുവേണ്ടി മയക്കമരുന്നു മൂക്കിലൂടെ ആഞ്ഞു വലിച്ചു ശ്വാസം വിടുന്ന ഭാവമാണു സംഗീതം ആസ്വദിക്കുമ്പോൾ സ്വാനിന്റെ മുഖത്തു നിഴലിച്ചിരുന്നത്. സുഗന്ധലേപനങ്ങൾ മാറിമാറി പരീക്ഷിച്ചു സംതൃപ്തമാകുന്ന ഒരു ക്ഷണികാനുഭൂതി മാത്രമേ അപ്പോൾ അദ്ദേഹത്തിനു ലഭിച്ചിരുന്നുള്ളൂ; മറിച്ച്, മനുഷ്യപ്രകൃതത്തിനു പ്രവേശനമില്ലാത്ത സംഗീതത്തിന്റെ അലൌകികവും അതീന്ദ്രിയവുമായ തലങ്ങളിൽ കണ്ണുകൊണ്ടു കാണാത്തവ അമൂർത്തവും ബുദ്ധികൊണ്ട് അറിയാത്തവ അജ്ഞാതവുമായി മാറി ഒരേയൊരു ഇന്ദ്രിയാവബോധംകൊണ്ടു മാത്രമേ യാഥാർത്ഥ്യം പൂർണമായി മനസ്സിലാക്കാൻ കഴിയൂ. ചിത്രകലയുടെ കൃതഹസ്തനായ വ്യാഖ്യാതാവും സാമൂഹ്യമായ ആചാരങ്ങളുടെ സൂക്ഷ്മനിരീക്ഷകനുമായ അദ്ദേഹത്തിനു പക്ഷേ വന്ധ്യതയുടെ മായാമുദ്രയാണു ജന്മനാ വരദാനമായി ലഭിച്ചത്. ചെവികൊണ്ടു പരിസരബോധം നേടുന്ന ജലജീവികളെപ്പോലെ, അദ്ദേഹം പരമമായ ആനന്ദവും വിശ്രാന്തിയും ലഭിക്കാൻ മനുഷ്യരിൽനിന്നു വിദൂരവും അന്യവുമായൊരു ജീവിതം സ്വയം സ്വീകരിച്ചു. എന്നിട്ടും തൃപ്തി വരാതെ അദ്ദേഹം യുക്തിയുടെ രക്ഷാകവചം ഭേദിക്കുന്ന ചില ഉന്മാദലഹരികൾ ഉപയോഗിച്ചു ശബ്ദത്തിന്റെ അന്ധകാരത്തിൽ പ്രകാശം ചൊരിയുന്ന ആ രാഗഭാവത്തിന്റെ ശരിയായ അർത്ഥതലം കണ്ടെത്താൻ ശ്രമിച്ചു. അതിന്റെ മാധുര്യത്തിനു പിന്നിൽ അടിഞ്ഞുകൂടി കിടന്ന വേദനകൾ ഓരോന്നായി പുറത്തു കൊണ്ടുവന്നപ്പോൾ ലഭിച്ച നിരുപാധികമായ സന്തോഷം അദ്ദേഹത്തെ അത്ഭുതപ്പെടുത്തി. ഓദത്തിനോടുള്ള വികാരം മനസ്സിൽ കത്തി നിൽക്കുമ്പോൾ നിരുപാധികമായ പ്രണയം ക്ഷണികവും ദുർബലവുമാണെന്നു വിലപിക്കുന്നതിൽ എന്തു യുക്തിയാണുള്ളത്! ആ ഗീതത്തിൽനിന്നു പുറത്തു വരുന്ന വിഷാദം മധുരമായൊരു ത്തുവൽ

സ്പർശംപോലെ പരമമായ ആനന്ദാനുഭവത്തെ പരിപോഷിപ്പിയ്ക്കുന്ന തായും അദ്ദേഹം കണ്ടറിഞ്ഞു. ഒരിയ്ക്കൽക്കൂടി ആ ഗീതം വായിയ്ക്കാൻ അദ്ദേഹം ഓദത്തിനോട് ആവശ്യപ്പെട്ടു; പിയാനോ വായിയ്ക്കുമ്പോൾ അവൾ തന്നെ ചുംബിയ്ക്കുകയും കൂടി ചെയ്യണമെന്നു സ്വാൻ നിർബ ന്ധം പിടിയ്ക്കും; ഓരോ ചുംബനവും അടുത്തതിനു പ്രചോദനമായി മാ റും; പ്രണയത്തിന്റെ ആദ്യദിവസങ്ങളിൽ എത്ര അനായാസമാണു ജീവിതാരാമത്തിലെ ചുംബനപ്പൂക്കൾ സ്വയം പൊട്ടി വിടരുന്നത്!. മേയ്മാസകാലത്തു പുൽത്തകിടിയിൽ വീണു കിടക്കുന്ന കണക്കറ്റ പൂക്കളെപ്പോലെ, അക്കാലത്ത് അവർ കൈമാറിയ ചുംബനങ്ങൾക്കു കണക്കുണ്ടായിരുന്നില്ല; ഒന്നിനെത്തുടർന്ന് അടുത്തതു പ്രത്യക്ഷപ്പെ ട്ടു. അപ്പോൾ, വായന ഏകപക്ഷീയമായി നിർത്തി അവൾ പറയും: "എന്നെയിങ്ങനെ കെട്ടിപ്പിടിച്ചിരുന്നാൽ ഞാനെങ്ങനെ പിയാനോ വായിയ്ക്കും? ഒരേസമയം പല കാര്യങ്ങൾ ചെയ്യാൻ എനിയ്ക്കറിയില്ല! താങ്കൾക്കെന്താണു വേണ്ടതെന്നു പറയൂ, പിയാനോ വായിയ്ക്കണോ, അല്ല ചുംബിച്ചു രസിയ്ക്കണോ?". ചോദ്യം കേട്ടു നീരസം ഭാവിയ്ക്കുന്ന അദ്ദേഹത്തെ പെട്ടെന്നു പൊട്ടിവിടർന്ന പുഞ്ചിരിയുമായി അവളുടെ ചുണ്ടുകൾ ചുംബനവർഷം പൊഴിയ്ക്കും; ചിലപ്പോൾ, ബോട്ടിസെല്ലി വരച്ച 'മോസസിന്റെ ജീവിത'ത്തിൽ ചേർക്കാൻ അനുയോജ്യമായ വിധത്തിൽ, പ്രണയകലഹം ഭാവിച്ചു വശം തിരിഞ്ഞിരിയ്ക്കുന്ന അവ ളുടെ മനോഹരമായ മുഖം തൊട്ടു മുമ്പിൽ പ്രത്യക്ഷപ്പെടുന്നതു കണ്ട്, കഴുത്തിനു മുന്നോട്ടു ചെറിയൊരു ചായ്‌വുകൂടി സങ്കൽപ്പിച്ച്, അദ്ദേഹ മവളെത്തന്നെ നോക്കിക്കൊണ്ടിരിയ്ക്കും. അപ്പോൾ, പതിനഞ്ചാം നൂ റ്റാണ്ടിലെ സിസ്റ്റൈൻ ചുമർചിത്രത്തിനു രൂപരേഖ വരച്ചു തീരുന്ന നിമിഷം തൊട്ടടുത്തു ചുംബിച്ചു വഴങ്ങാൻ തയാറായി ജീവനോടെ നിൽക്കുന്ന അവളുടെ അസ്തിത്വത്തെക്കുറിച്ചുള്ള ചിന്ത, തീവ്രമായൊ രു അഭിനിവേശമായി അദ്ദേഹത്തെ ആവേശിയ്ക്കും; പെട്ടെന്നു ഭയഭ ക്തിബഹുമാനങ്ങളോടെ തുറിച്ച കണ്ണുകളും പിളർന്ന വായുമായി

അദ്ദേഹം ഓടിച്ചെന്നു ബോട്ടിസെല്ലിയുടെ ആ കന്യകയെ കെട്ടിപ്പുണർന്നു കവിളിൽ കടുത്ത ദന്തക്ഷതമേൽക്കത്തക്കവിധം ആവേശപൂർവം ചുംബിയ്ക്കും. യാത്ര പറഞ്ഞു വീട്ടിൽനിന്നു പുറത്തിറങ്ങുമ്പോൾ അവളുടെ ഒരു ഭാവമോ ഗന്ധമോ ഓർമ്മച്ചെപ്പിൽ എടുത്തു വെയ്ക്കാൻ മറന്നതുപോലെ, അദ്ദേഹം പെട്ടെന്നു തിരികെച്ചെന്നു വീണ്ടുമവളെ ചുംബിയ്ക്കും. രാത്രി മടങ്ങുമ്പോൾ ദിവസേന തനിയ്ക്കു നിരുപാധികമായ സന്ദർശനാനുമതി നൽകുന്ന ഓദത്തിനെ സ്വാൻ വണ്ടിയിലിരുന്നു നന്ദിപൂർവം ഓർക്കാറുണ്ട്. വെർഡുരിൻകുടുംബത്തിൽവെച്ച് അന്നൊരു ദിവസം വൈകുന്നേരം അവളെ കാണാതിരുന്നപ്പോൾ അനുഭവപ്പെട്ട അസൂയയുടെ ജ്വരാവേശം വീണ്ടും പൊട്ടിപ്പുറപ്പെടാനുള്ള സകല സാദ്ധ്യതകളും ആ ആനുകൂല്യം സ്വാനിന്റെ മനസ്സിൽനിന്നു നീക്കിക്കളഞ്ഞു. കഠിനമായ ആദ്യത്തെ ആ അനുഭവം അവസാനത്തേതാകണമെന്നു സ്വാൻ ഉള്ളുരുകി പ്രാർത്ഥിച്ചു. ജീവിതത്തിലെ ആവേശോജ്ജ്വലമായ ഈ സന്ദിഗ്ദ്ധഘട്ടം ശുഭപരിസമാപ്തിയിലെത്തിയ്ക്കുന്ന പാഥേയമായി ആ പ്രത്യാശ അദ്ദേഹത്തിനു സാന്ത്വനം പകർന്നു. പാരീസിലെ വിജനമായ തെരുവുകളിലൂടെ മങ്ങിയ നിലാവെളിച്ചത്തിൽ വണ്ടിയോടിയ്ക്കുന്ന അദ്ദേഹം, ചക്രവാളത്തിലേയ്ക്കു നീങ്ങിക്കഴിഞ്ഞ പൂർണചന്ദ്രന്റെ സ്ഥാനം ആപേക്ഷികമായി തന്നിൽനിന്നു വളരെ ദൂരെ മാറി നിൽക്കുന്നതായി കണ്ടു. അതുപോലെ പ്രകൃതിനിയമങ്ങൾക്കു വിധേയമായി തുടങ്ങിവെച്ച സ്വന്തം പ്രണയജീവിതവും ഹൃദയാകാശത്തു തിളങ്ങുന്ന വശ്യമായ അവളുടെ മുഖവും പതുക്കെ മാഞ്ഞുപോയേക്കാമെന്ന ചെറിയൊരു ഭയാശങ്ക അദ്ദേഹത്തിന്റെ മനസ്സിൽ നാമ്പു നീട്ടി. ചെറുപ്പകാലത്തു കലാകാരന്റെ കണ്ണിലൂടെ സകല വിഷയങ്ങളിലും കണ്ടു ശീലിച്ച ഒരു പ്രലോഭനീയഭാവം, ഈയിടെയായി വീണ്ടും മനസ്സിൽ ഉണർന്നു വരുന്നതു സ്വാൻ പ്രത്യേകം ശ്രദ്ധിച്ചു; സത്യത്തിൽ ഓദത്തായിരുന്നു, ആ വികാരങ്ങളുടെ പ്രഭവകേന്ദ്രം; ഓരോ വികാരവും അവളുടെ സവിശേഷമായ മായാമുദ്രയോടെയാണു പഴയ കാലത്തുനിന്നും ഉയിർത്തെഴുന്നേറ്റത്.

അങ്ങനെ പുനർജ്ജനിച്ച ആ അപരത്വവുമായി ലയിച്ച വീടിന്റെ വിജനതയിൽ മണിക്കൂറുകളോളം ഒരുമിച്ചിരിയ്ക്കുന്നതിൽ അവാച്യമായൊരു ആനന്ദം അനുഭവിച്ച അദ്ദേഹം പതുക്കെ പഴയ വ്യക്തിത്വം വീണ്ടെടുത്തു; അപ്പോഴേയ്ക്കും അവൾ പക്ഷേ, മറ്റൊരാളുടെ പണയവസ്തുവായി മാറിക്കഴിഞ്ഞിരുന്നു!

പതിവായി വൈകുന്നേരങ്ങളിൽ മാത്രമേ സ്വാൻ ഓദത്തിന്റെ വീട്ടിലേയ്ക്കു പോകാറുള്ളൂ. പകൽസമയം അവളെങ്ങനെയാണു ചിലവഴിയ്ക്കുന്നതെന്നോ പഴയ ജീവിതത്തിൽ അവളെന്തൊക്കെയാണു ചെയ്യാറുള്ളതെന്നോ അദ്ദേഹത്തിനു യാതൊന്നും അറിയാമായിരുന്നില്ല. ആ വിഷയത്തിൽ ജിജ്ഞാസ ഉണർത്തുന്ന വിധത്തിലുള്ള ചെറിയൊരു സൂചനപോലും സ്വാനിന്റെ പക്കലില്ലായിരുന്നു. അതുകൊണ്ട് ഇപ്പോൾ അവളെന്താണു ചെയ്യുന്നതെന്നോ, പണ്ട് എങ്ങനെയാണു ജീവിച്ചിരുന്നതെന്നോ അദ്ദേഹം അന്വേഷിച്ചില്ല. നേരിട്ടു പരിചയപ്പെടുന്നതിനു മുമ്പ്, ഒരു ദിവസം 'വേശ്യ'യും 'വെപ്പാട്ടി'യുമെന്ന വിശേഷണവുമായി ഒരു സ്ത്രീയെക്കുറിച്ചുള്ള പരാമർശം ചില സുഹൃത്തുക്കൾ പറഞ്ഞു സ്വാൻ കേട്ടിരുന്നു; ആ സ്ത്രീ ഒരുപക്ഷേ ഓദത്തായിരിയ്ക്കാമെന്ന ഒരു സംശയം ഇപ്പോൾ അദ്ദേഹത്തിനു തോന്നിത്തുടങ്ങി. അങ്ങനെ വഴിപിഴച്ചവരുടെ പേരിൽ പൊതുവേ ആരോപിയ്ക്കപ്പെടുന്ന ഗുണഗണങ്ങൾ ചില നോവലിസ്റ്റുകളുടെ ഭാവനാവിലാസം മാത്രമാണെന്നു കരുതിയ കാലത്തെക്കുറിച്ചു ചിന്തിച്ച് അദ്ദേഹം ഈയിടെ ചിലപ്പോഴൊക്കെ സ്വയം ചിരിയ്ക്കാറുണ്ട്. ഒരു വ്യക്തിയെക്കുറിച്ചു നിഷ്പക്ഷമായി വിലയിരുത്താൻ മറ്റുള്ളവർ സങ്കൽപ്പിയ്ക്കുന്ന മതിപ്പിന്റെ വിപരീതമെടുത്താൽ മതിയെന്നു സ്വാനിനു ബോദ്ധ്യമുണ്ടായിരുന്നു. അത്തരമൊരു കാഴ്ചപ്പാടിൽ നന്മയും ലാളിത്യവും സത്യസന്ധതയും നിശ്ചയദാർഢ്യവും അവൾക്കുണ്ടെന്ന് അദ്ദേഹം മനസ്സിലാക്കി. ഒരുദിവസം വിജനമായൊരിടത്തു ചെന്നിരുന്നു ഭക്ഷണം കഴിയ്ക്കാൻവേണ്ടി തീരെ സുഖമില്ലെന്നു കാണിച്ചു മാഡം വെർഡുരിനൊരു കുറിപ്പെഴുതാൻ അദ്ദേഹം അവളോട് ആവശ്യപ്പെട്ടു. പിറ്റേന്നു

മാഡം വെർഡുരിൻ അവളെ കണ്ടയുടനെ അസുഖത്തിന്റെ കാര്യം എടുത്തു ചോദിച്ചപ്പോൾ, നുണപറഞ്ഞു ഫലിപ്പിയ്ക്കുന്നതു വലിയൊരു പീഡനമാണെന്ന മട്ടിൽ, ആ വേദന ഓരോ വാക്കിലും പ്രകടമാക്കി വിക്കിയും വിറച്ചും വിളറിയും അവൾ മറുപടി പറയുന്നത് അദ്ദേഹം കണ്ടു. സാങ്കൽപ്പികമായ അസുഖത്തിന്റെ വിശദാംശങ്ങൾ വിവരിയ്ക്കുമ്പോൾ മുഖത്തു വെളിവായ ദൈന്യതയും ഇടറുന്ന ശബ്ദവുംകൊണ്ട് അവൾ മന:പൂർവമായൊരു കാപട്യത്തിനു മാപ്പിരക്കുന്നതായി അദ്ദേഹത്തിനു തോന്നി.

അപൂർവം ചിലപ്പോൾ, ആയിടയ്ക്കു വീണ്ടും ആരംഭിച്ച വെർമീറിന്റെ പഠനത്തിനും സ്വകാര്യമായ നേരമ്പോക്കുകൾക്കും തടസ്സമായി, അവൾ ഉച്ചസമയത്തു സ്വാനിനെ കാണാൻ വരും. മാഡം ക്രേസി സ്വീകരണമുറിയിൽ വന്നിരിയ്ക്കുന്നതായി പരിചാരകൻ വന്നു പറയുമ്പോൾ അദ്ദേഹം ചെന്നു മുറിയുടെ വാതിൽ തുറക്കും. പെട്ടെന്നു ഞെട്ടിയെഴുന്നേൽക്കുന്ന അവൾ തുടുത്ത മുഖഭാവത്തോടെ ചുണ്ടിന്റെ വളവും കണ്ണിന്റെ തീവ്രതയും കവിളിലെ നിറഭേദങ്ങളും മതി മയക്കുന്ന ഒരു പുഞ്ചിരിയുടെ വശ്യതയാക്കി മന:പൂർവം മാറ്റുന്നതു സ്വാൻ ശ്രദ്ധിയ്ക്കും. അവൾ പൊയ്ക്കഴിഞ്ഞാൽ അന്നും തലേന്നും തുടർന്നു പിന്നോട്ടുള്ള ദിവസങ്ങളിലും അവൾ പൊഴിച്ച പുഞ്ചിരികൾ ഓരോന്നായി അദ്ദേഹം മനസ്സിലേയ്ക്കു കൊണ്ടുവന്നു പരിശോധിയ്ക്കും. അവളുടെ ദിനചര്യകളെക്കുറിച്ചു യാതൊന്നുമറിയാതെ, വാട്ടോയുടെ ചിത്രങ്ങളിൽ പ്രത്യക്ഷപ്പെടുന്ന പുഞ്ചിരികളുടെ വിവിധരൂപങ്ങളായി, നിർമ്മലമായൊരു പശ്ചാത്തലത്തിൽ തീർത്തും നിഷ്പക്ഷമായാണു സ്വാൻ ആ വശ്യത ആസ്വദിച്ചത്. ഓദത്തിന്റെ ജീവിതത്തിൽ മറ്റൊരാൾക്കു സ്വാധീനമുണ്ടാകുമെന്നു സങ്കൽപ്പിയ്ക്കാൻപോലും അദ്ദേഹത്തിനു കഴിഞ്ഞില്ല; പക്ഷേ, ആ വിശ്വാസത്തിനു വിള്ളലുണ്ടാക്കി ചിലപ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽ ചെറിയൊരു നിലാവെളിച്ചം വന്നു വീഴും. അവരിരുവരും പ്രണയബദ്ധരാണെന്നു മനസ്സിലാക്കിയ ഒരു സുഹൃത്ത്, നേരം പുലരുന്നതിനുമുമ്പേ കൈയുറയില്ലാതെ ഇറക്കി വെട്ടിയ

മാർക്കുപ്പായവും റെംബ്രാന്റ് തൊപ്പിയും ധരിച്ച ഓദത്ത് ഒരു കുടന്ന പൂക്കൾ മാറോട്ടു ചേർത്തു പിടിച്ച് കാൽനടയായി റൂവെബ്ബാട്ടു വഴി പോകുന്നതായി കണ്ടെന്നു പറഞ്ഞു കേൾക്കുമ്പോൾ, സ്വാൻ വല്ലാത്തൊരു ആശയക്കുഴപ്പത്തിൽ ചെന്നു ചാടും. തനിയ്ക്കു വിധേയയായി നിൽക്കുന്നതിനപ്പുറം അവൾക്കു മറ്റൊരു ജീവിതംകൂടിയുണ്ടെന്നു പെട്ടെന്നൊരു നിമിഷം അദ്ദേഹം മനസ്സിലാക്കും. തന്റെ മുമ്പിൽ ഒരിയ്ക്കലും വെളിവാക്കാത്ത സവിശേഷമായ വേഷത്തിൽ അവളാരെ മോഹിപ്പിയ്ക്കാനാണു തുനിഞ്ഞു പുറപ്പെട്ടിരിയ്ക്കുന്നതെന്നു കണ്ടെത്താൻ അപ്പോൾ അദ്ദേഹത്തിന്റെ മനസ്സു തിളയ്ക്കും. നിർമ്മലവും നിഷ്പക്ഷവും അയഥാർത്ഥവുമായ ആ ജീവിതം പൊഴിയ്ക്കുന്ന പുഞ്ചിരികളല്ലാതെ മറ്റൊന്നും കാണാത്ത സ്വാൻ പക്ഷേ, റെംബ്രാന്റ് തൊപ്പി ധരിച്ചു പൂക്കൾ മാറോട്ടു ചേർത്തു പിടിച്ചു തെരുവിലൂടെ അവളാരെ കാണാനാണു പോയതെന്ന സത്യം അവളിൽനിന്നുതന്നെ നേരിട്ടു മനസ്സിലാക്കുമെന്നു ശപഥം ചെയ്യും.

ഓദത്തിനു പ്രിയപ്പെട്ട വിലാപഗീതത്തിനു പകരം വിന്റെയിലിന്റെ കൃതി വായിയ്ക്കാൻ പറയുകയല്ലാതെ, മറ്റെന്തെങ്കിലും പിയാനോയിൽ പരീക്ഷിയ്ക്കാനുള്ള പ്രചോദനമോ സ്വാതന്ത്ര്യമോ സ്വാൻ അവൾക്കു നൽകിയില്ല. സംഗീതത്തിനു പുറമേ സാഹിത്യത്തിലും അവളുടെ രുചിഭേദങ്ങളിലെ വൈരുദ്ധ്യവും പോരായ്മയും പരിഹരിയ്ക്കാൻ അദ്ദേഹം മിനക്കെട്ടില്ല. ബുദ്ധിയും വിവേകവും അവൾക്കു തൊട്ടുതെറിച്ചിട്ടില്ലെന്ന വസ്തുത അദ്ദേഹത്തിനു പൂർണമായും ബോദ്ധ്യപ്പെട്ടിരുന്നു. മഹാന്മാരായ കവികളെക്കുറിച്ച് അദ്ദേഹം സംസാരിയ്ക്കുന്നതു കേൾക്കുമ്പോൾ, കാൽപ്പനികമായ കവിതകളിൽ വളരെ പെട്ടെന്നു പ്രാവീണ്യം നേടാൻ കഴിയുമെന്നവൾ വ്യാമോഹിച്ചു. ചിത്രകലയിൽ വെർമീറിന്റെ മഹത്വം വിശദീകരിയ്ക്കുമ്പോൾ, സ്ത്രീകളുമായുള്ള അദ്ദേഹത്തിന്റെ ബന്ധത്തെക്കുറിച്ച് അവൾ പ്രത്യേകമെടുത്തു ചോദിയ്ക്കും; അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ സ്ത്രീകളെക്കുറിച്ചൊരു പരാമർശവുമില്ലെന്നു പറഞ്ഞു കേൾക്കുന്ന നിമിഷം അവൾക്കു വെർമീറിനോ

ട്ടുള്ള ആദരവ് നിശ്ശേഷം അസ്തമിയ്ക്കും. അവൾ പറയും: “കവിതയെക്കുറിച്ച് എനിയ്ക്കറിയാം, എഴുതുന്നതെല്ലാം സത്യമാണെങ്കിൽ, അതിലേറെ രസം മറ്റൊന്നിനുമില്ല, പക്ഷേ, കവികൾക്കു വിഷയത്തിൽ വിശ്വാസമുണ്ടാകണം! അവരെപ്പോലെ കാപട്യം കാണിയ്ക്കുന്നവർ വേറെയില്ല. എന്റെയൊരു സുഹൃത്ത് തരക്കേടില്ലാത്ത ഒരു കവിയുമായി പ്രണയത്തിലായിരുന്നു. അദ്ദേഹത്തിന്റെ കവിതകളിൽ സ്നേഹവും സ്വർഗവും നക്ഷത്രങ്ങളും നിറഞ്ഞു നിന്നു. അതെ, അവളതിൽ വീണുപോയി! പക്ഷേ, കവി മരിയ്ക്കുന്നതിനുമുമ്പ് മിക്കവാറും മൂന്നു ലക്ഷത്തിലേറെ ഫ്രാങ്ക് അവൾക്കു നഷ്ടപ്പെട്ടു കഴിഞ്ഞിരുന്നു..!“. കലാസൗന്ദര്യത്തിന്റെ സവിശേഷതകൾ പറഞ്ഞു മനസ്സിലാക്കി, കവിതയും ചിത്രവും ആസ്വദിയ്ക്കുന്ന പ്രത്യേകരീതികൾ സ്വാൻ വിശദീകരിയ്ക്കുമ്പോൾ, ഒന്നുരണ്ടു മിനിട്ടു കഴിഞ്ഞു ശ്രദ്ധ തിരിച്ച് അവൾ പറയും: “അതങ്ങനെയാണെന്നു ഞാൻ കരുതിയില്ല!“. അവളുടെ നിരാശയിൽ അലിവു തോന്നി ഇതുവരെ ഉപരിതലസ്പർശിയായ ചില കാര്യങ്ങൾ മാത്രമാണു പറഞ്ഞതെന്നും രസാസ്വാദനത്തിന്റെ രഹസ്യതലങ്ങളിലേയ്ക്കു കടക്കാൻ തൽക്കാലം നേരമില്ലെന്നും പറഞ്ഞു സ്വാൻ മന:പൂർവം ഒഴിഞ്ഞുമാറി. പെട്ടെന്ന് ഇടയ്ക്കു കയറി ഉത്സാഹത്തോടെ അവൾ ചോദിക്കും: “രഹസ്യതലങ്ങളോ? എന്തായാലും അതെനിയ്ക്കു പറഞ്ഞുതരൂ!“. വികാരങ്ങൾക്കു പ്രസക്തിയില്ലാത്ത അത്തരം വിഷയങ്ങളുടെ മൂല്യം മനസ്സിലാക്കാൻ അവൾക്കു കഴിയില്ലെന്നു ബോദ്ധ്യമുള്ള അദ്ദേഹം യാതൊന്നും പറയാതെ നിശ്ശബ്ദത പാലിച്ചു. അതേസമയം കലാവിഷയത്തിൽ തോന്നിയ നിരാശ അവളൊരുപക്ഷേ പ്രണയാസ്വാദനത്തിൽ കാണിയ്ക്കാൻ സാദ്ധ്യതയുണ്ടെന്ന ചെറിയൊരു ആശങ്കയും അദ്ദേഹത്തെ ബാധിച്ചു.

സ്വാനിന്റെ ബുദ്ധിപരമായ നിലവാരം, കരുതിയതിലും താഴ്ന്നതാണെന്ന തീരുമാനത്തിലാണു പക്ഷേ ഓദത്ത് ചെന്നെത്തിയത്. “ഒരിയ്ക്കലും മനസ്സു തുറക്കാതെ താങ്കളെപ്പോഴും മുനിയെപ്പോലെ മൗഢ്യം പൂണ്ടിരിയ്ക്കുന്നതു പക്ഷേ എനിയ്ക്കു മനസ്സിലാകുന്നില്ല!“. അതേ

സമയം, കാണുന്നവരോടെല്ലാം ഒരേ തരത്തിൽ പ്രകടിപ്പിയ്ക്കുന്ന വിനയവും ലോലഭാവവും പണത്തിനോടുള്ള നിസ്സംഗതയും കണ്ട് അദ്ദേഹത്തെക്കുറിച്ച് അവൾക്ക് അത്യധികമായ ആശ്ചര്യവും തോന്നി. വിശിഷ്ടരായ വ്യക്തികളുടെ ബുദ്ധിയിലും മേധാശക്തിയിലും പൂർണ ബോദ്ധ്യം വരുന്നതുകൊണ്ടാണ പൊതുവേ ജനങ്ങൾ അവരെ തെറ്റിദ്ധരിയ്ക്കാത്തത്; സാധാരണക്കാരുടെ പരിഗണനയ്ക്കതീതമായ ആശയങ്ങളല്ല, മറിച്ച് അവരുടെ വ്യക്തിത്വത്തിലുള്ള വിശ്വാസമാണ ജനങ്ങൾ വിലമതിയ്ക്കുന്നത്. സമൂഹത്തിൽ സ്വാനിനു ലഭിയ്ക്കുന്ന ആദരവ് ഒരളവോളം ഓദത്തിനു സഹായകമായി; പക്ഷേ, ക്ഷണക്കത്തുപോലെ, പ്രത്യേകമായൊരു ആനുകൂല്യം നേടാനൊന്നും ആ സ്വാധീനം ഉപയോഗിയ്ക്കാമെന്ന ചിന്ത അവൾക്കുണ്ടായില്ല; അത്തരം പരിശ്രമങ്ങൾ ഒരുപക്ഷേ പരാജയപ്പെടാൻ സാദ്ധ്യതയുണ്ടെന്നും അവൾ കരുതി. സുഹൃത്തുക്കളോടു സംസാരിയ്ക്കുമ്പോൾ സ്വാൻ തന്നെക്കുറിച്ചു പറയുന്നതു സ്വാഗതാർഹമല്ലാത്ത ചില വെളിപ്പെടുത്തലുകൾക്കു കാരണമാകാമെന്നും അവൾ ഭയപ്പെട്ടു. ഒരിയ്ക്കലും ഒരിടത്തും തന്റെ പേരു പരാമർശിയ്ക്കില്ലെന്ന സ്വകാര്യമായ വാഗ്ദാനത്തെക്കുറിച്ച് അവൾ ഇടയ്ക്കിടെ അദ്ദേഹത്തെ ഓർമ്മിപ്പിയ്ക്കാറുണ്ട്. വളരെക്കാലം മുമ്പ് വ്യക്തിപരമായ ചില വിഷയങ്ങളുടെ പേരിൽ വഴക്കു കൂടിയ ഒരു പെൺകുട്ടി മന:പൂർവം പറഞ്ഞു പരത്തിയ കിംവദന്തികൾ മൂലമാണ സമൂഹത്തിൽ തനിയ്ക്കു സ്വതന്ത്രമായി ഇടപഴകാനാകാത്തതെന്നു സ്വാനിനെ അവൾ പറഞ്ഞു ധരിപ്പിച്ചിരുന്നു. പക്ഷേ, ആ വാദം ഖണ്ഡിച്ചു സ്വാൻ പറയും: “നിന്റെ സുഹൃത്തിനെ അവർക്കെല്ലാം ഒരുപോലെ അറിയണമെന്നില്ലല്ലോ!“. “നോക്കൂ, വെള്ളത്തിൽ വീണ ഒരു തുള്ളി എണ്ണപോലെ സകലയിടത്തും പരക്കും, അത്ര അസൂയാലുക്കളാണ ജനങ്ങൾ!“. തുറന്നു പറഞ്ഞാൽ, ഈ വാദഗതിയോടു സ്വാനിനു യോജിയ്ക്കാനായില്ല. പക്ഷേ, 'ജനങ്ങൾ അസൂയാലുക്കളാണെ'ന്നും 'വെള്ളത്തിൽ വീണ എണ്ണപോലെ അപവാദം പടർന്നു പിടിയ്ക്കു'മെന്നുമുള്ള

സാമാന്യവൽക്കരണങ്ങൾ സത്യമായി അദ്ദേഹം മനസ്സിലാക്കി. അങ്ങനെ അക്ഷരാർത്ഥത്തിൽത്തന്നെ സാംഗത്യമുള്ള ചില സംഭവങ്ങൾ പണ്ടു നടന്നിരിയ്ക്കാമെന്ന നിഗമനത്തിൽ അദ്ദേഹം ചെന്നെത്തി; മാത്രമല്ല, അതിൽ ഓദത്തിന്റെ പങ്കിനെക്കുറിച്ചുള്ള ചോദ്യം പിന്നീടൊരു പ്രഹേളികയായി അദ്ദേഹത്തെ അലട്ടാൻ തുടങ്ങി. വിഷമം പിടിച്ച പ്രശ്നങ്ങൾ നേരിടുമ്പോൾ സ്വന്തം പിതാവിനെ ബാധിയ്ക്കാറുള്ള അത്യധികമായ മാനസികപീഡനത്തിനു സ്വാനും വിധേയനാകാറുണ്ട്; അധികസമയം നീണ്ടുനിൽക്കാറില്ലെന്നുമാത്രം! എന്തായാലും, മനസ്സിൽ ഭീകരതയുടെ ഭയം കുത്തിവെയ്ക്കുന്ന ആ ചെറിയ സമൂഹത്തിനു പക്ഷേ ഓദത്ത് ദിവസവും ഇടപഴകുന്ന ലോകവുമായി വിദൂരമായൊരു ബന്ധം മാത്രമേയുണ്ടായിരുന്നുള്ളൂ; അതുകൊണ്ട് ആ സമൂഹത്തിലേയ്ക്കു നേരിട്ടു കടന്നു ചെല്ലാനോ വ്യക്തമായൊരു ധാരണയുണ്ടാക്കാനോ അവൾക്കു കഴിഞ്ഞില്ല. ജോലിയിൽനിന്നു വിരമിച്ച ഒരു തയ്യൽക്കാരനെ, ഇരുണ്ട ദുർഗന്ധം വമിയ്ക്കുന്ന കോണിപ്പടികൾ കയറി, അവൾ നിത്യേന വീട്ടിൽ ചെന്നു കാണാറുണ്ട്; ഇതുപോലുള്ള കാര്യങ്ങളിൽ നിഷ്ക്കപടമായ ലാളിത്യം പ്രകടിപ്പിയ്ക്കുന്ന അവൾ പരിഷ്ക്കാരജീവിതശൈലികളോടും കലശലായ ഭ്രമം പുലർത്തി; പരിഷ്ക്കാരത്തെക്കുറിച്ച് അവൾക്കുള്ള ധാരണ പൊതുവായ കാഴ്ചപ്പാടിൽനിന്നു വ്യത്യസ്തമായിരുന്നു. ചുരുക്കം ചില വ്യക്തികളുടെ കൂട്ടായ്മയായി ജന്മമെടുത്തു ബന്ധുക്കളും സുഹൃത്തുക്കളും വഴി അടുപ്പത്തിനാനുപാതികമായ സ്വാധീനശക്തിയോടെ പടർന്ന്, ഓരോരുത്തരുടെ പേരും മേൽവിലാസവും പട്ടികകളായി ചേർത്തു വളർന്നു വികസിയ്ക്കുന്ന സാമൂഹ്യമായൊരു സംവിധാനമാണു പരിഷ്ക്കൃതലോകമെന്നു പൊതുവേ വ്യവഹരിയ്ക്കപ്പെടുന്നത്. സാമൂഹ്യവിഷയങ്ങളിൽ അസാധാരണതാൽപ്പര്യം പ്രകടിപ്പിയ്ക്കുന്ന ചിലർക്കു സ്വയം മന:പാഠമാക്കിയ ഈ പട്ടികയിൽനിന്നു വിദ്വജ്ജനോചിതമായ ചില സവിശേഷനിഗമനങ്ങൾ കറന്നെടുക്കാൻ കഴിയും; നല്ല വായനാശീലമുള്ളവർക്കു വെറുമൊരു ഖണ്ഡിക വായിയ്ക്കുമ്പോൾ എഴുത്തുകാരന്റെ

മികവിനെക്കുറിച്ചു കൃത്യമായി പറയാൻ കഴിയുന്നതുപോലെ, ഒര ത്താഴവിരുന്നിൽ അതിഥികളായി പങ്കെടുത്തവരുടെ പേരുകൾ വാ യിച്ച്, ലൌകികകാര്യളിലെ പരിചയം പുറത്തെടുക്കാതെ, വിരുന്നി ന്റെ നിലവാരം വിലയിരുത്താൻ സ്വാനിനു കഴിഞ്ഞു. പക്ഷേ, ആ വൈഭവങ്ങളൊന്നും ഓദത്തിനുണ്ടായിരുന്നില്ല; പരിഷ്ക്കാരത്തെ തികച്ചും വ്യത്യസ്തമായ മറ്റൊരു തലത്തിലായിരുന്നു, അവൾ കണ്ട ത്: സ്വയം ഇടപഴകുന്ന സുഹൃദ്വലയത്തിന്റെ താൽക്കാലികനില വാരത്തിലേയ്ക്കു തൽക്ഷണം ലയിയ്ക്കാൻ കഴിയുന്ന അസാധാരണമാ യൊരു മെയ്‌വഴക്കമാണതിന്റെ കാതലായ അംശം; ഓദത്തിന്റെ സ്വപ്നങ്ങളോടു ചേർന്നു മാഡം കോത്താർഡിന്റെ ആരാധനയ്ക്കു പല പ്പോഴും വിധേയമാകുന്ന ഈ പരിഷ്കൃതസംവിധാനത്തിനു സകല വി ഭാഗക്കാരേയും ഉൾക്കൊള്ളാൻ സാധിയ്ക്കുമെന്ന ഒരു സവിശേഷതകൂ ടിയുണ്ട്. ഓദത്ത് ചിലപ്പോൾ ചിലരെക്കുറിച്ചു പറയും: “ഉല്ലാസം തു ളുമ്പുന്ന വേദികളിലല്ലാതെ അദ്ദേഹം മറ്റൊരിടത്തും പോകാറില്ല!“.

ആ പ്രയോഗത്തിന്റെ ശരിയായ അർത്ഥത്തെക്കുറിച്ചു സ്വാൻ ചോദിച്ചാൽ ചെറിയൊരു പുച്ഛവും വെറുപ്പും കലർന്ന സ്വരത്തിൽ അ വൾ പറയും: “ദൈവമേ, പാരീസിലെ ഉല്ലാസസ്ഥലങ്ങളെക്കുറിച്ച് താങ്കൾക്കറിയില്ലെന്നോ! ഈ പ്രായത്തിൽ ഞാനതെങ്ങനെ താങ്ക ളെ പറഞ്ഞു മനസ്സിലാക്കും? ഞായറാഴ്ച രാവിലെ ഇംപെരാട്രിസും വൈകുന്നേരം തടാകതീരവും, വ്യാഴാഴ്ച ഏദൻ തിയേറ്ററും വെള്ളിയാ ഴ്ച ഹിപ്പോഡ്രോമും ഉല്ലാസകേന്ദ്രങ്ങളായി മാറും. കൂടാതെ, ചിലപ്പോ ൾ ചില നൃത്തവിരുന്നുകളും....“

“എന്തുതരം നൃത്തവിരുന്നുകൾ?“

“കഷ്ടം, പാരീസിലെ ജനങ്ങളവതരിപ്പിയ്ക്കുന്ന വിരുന്നുകൾ..!; ചി ലപ്പോൾ 'ഉല്ലാസ'നൃത്തങ്ങളും കാണും; നോക്കൂ, ഹെർബിംഗറെ താ ങ്കൾക്കു പരിചയമില്ലേ, കരാറുപണിക്കാരുടെ ഓഫീസിൽ ജോലി ചെയ്യുന്ന മനുഷ്യൻ. അതേ, താങ്കളയാളെ അറിഞ്ഞിരിയ്ക്കണം.., മോ

ടികൂടിയ വസ്ത്രങ്ങൾ ധരിച്ച നല്ല തഴച്ച മുടിയുള്ള ഒരു ചെറുപ്പക്കാരൻ.., പാരീസിൽ സകലരും അയാളെ അറിയും, ഇളംനിറത്തിൽ പിന്നോട്ട മടങ്ങിക്കിടക്കുന്ന അയാളുടെ കോട്ടിന്റെ കുടുക്കിൽ എപ്പോഴും ഒരു പൂവു തിരുകിവെച്ചിരിയ്ക്കുന്നതു കാണാം. വൃദ്ധയായ ഒരുവളേയും കൂട്ടി അയാൾ നാടകശാലയിലേയ്ക്ക വരാറുണ്ട്. അതെ, കഴിഞ്ഞ രാത്രി അയാളുടെ വക നൃത്തവിരുന്നിൽ പാരീസിലെ ഒട്ടു മിക്ക പരിഷ്കാരികളും പങ്കെടുത്തു. എനിയ്ക്കു നല്ല മോഹമുണ്ടായിരുന്നു! പക്ഷേ, ക്ഷണക്കത്തു കാണിച്ചാൽ മാത്രമേ അകത്തു കടക്കാനാവൂ. പെട്ടെന്നൊരെണ്ണം തരപ്പെടുത്താനും കഴിഞ്ഞില്ല. എന്തായാലും, പോകാതിരുന്നതു നന്നായെന്നും തോന്നുന്നുണ്ട്... ആ തിക്കിലും തിരക്കിലും പെട്ടു യാതൊന്നും കാണാൻ കഴിയാതെ ഞാൻ ചത്തുപോയേനേ..! എന്നാലും ഹെർബിംഗറിന്റെ വിരുന്നിൽ പങ്കെടുക്കുന്നതുതന്നെ വലിയൊരു കാര്യം! പക്ഷേ, അങ്ങനെ അവകാശപ്പെടുന്നവരിൽ പകുതിപേരും കെട്ടുകഥ പറയുന്നവരാണെന്നു താങ്കൾക്കുറപ്പിയ്ക്കാം.... എങ്കിലും, താങ്കളെപ്പോലൊരു 'പച്ചപ്പരിഷ്കാരി' അങ്ങോട്ടൊന്നും തിരിഞ്ഞു നോക്കാത്തതാണ് എനിയ്ക്കുത്ഭുതം...!".

പരിഷ്ക്കാരത്തെക്കുറിച്ചുള്ള അവളുടെ ധാരണ പരമാർത്ഥവുമായി പുലബന്ധമില്ലാതെ തീർത്തും വികലമാണെന്നു കണ്ടു സ്വാൻ മറുപടി പറഞ്ഞില്ല. അതുകൊണ്ട് വിരുന്നുകളിലും നാടകശാലകളിലും പന്തയങ്ങളിലും പങ്കെടുക്കാനുള്ള അനുമതിപത്രം സമ്പാദിയ്ക്കാനുള്ള ഒരെളുപ്പവഴിയായി മാത്രമേ സ്വാനിന്റെ ഉന്നതരായ സുഹൃത്തുക്കളെ അവൾ കണക്കാക്കിയുള്ളൂ. അതുപോലുള്ള സൗഹൃദങ്ങൾ അദ്ദേഹം വീണ്ടും വളർത്തിയെടുക്കുമെന്നുതന്നെ അവൾ പ്രത്യാശിച്ചു. പക്ഷേ ഒരു ദിവസം മാർക്കിസ് മാഡം വിൽപാരിസിസ് കറുത്ത പ്രാകൃത വേഷത്തിൽ ചരടിൽക്കോർത്ത ചട്ടത്തൊപ്പിയും തലയിൽ വെച്ച തെരുവിലൂടെ നടന്നു പോകുന്നതു കണ്ടപ്പോൾ അവർക്കു തീരെ പരിഷ്കാരമില്ലെന്ന ഒരു ധാരണയിലാണ് അവൾ ചെന്നെത്തിയത്!

"കഷ്ടം! അവരെ കണ്ടാൽ പള്ളിയിലെ അടിച്ചുതളിക്കാരിയെ

പ്പോലെ തോന്നും! ഒന്നുമില്ലെങ്കിലും അവരൊരു മാർക്കിസല്ലേ? എന്തായാലും ഞാനൊരു മാർക്കിസല്ലെന്ന ദൈവത്തിനറിയാം, അല്ലെങ്കിൽ പാരീസിലേയ്ക്കു പുറപ്പെടുന്നതിനു മുമ്പ് എനിയ്ക്കുവേണ്ടി താങ്കൾ ഒരുപാടു പണം ചിലവാക്കേണ്ടിവരുമായിരുന്നു!"

സ്വാൻ, കൈ്വയ് ഓർലിയൻസിലെ വെറും സാധാരണമായൊരു വീട്ടിൽ താമസിയ്ക്കുന്നതിന്റെ യുക്തിയും അവൾക്കു മനസ്സിലായില്ല; ആ വീട് അദ്ദേഹത്തിനു തീരെ യോജിച്ചതല്ലെന്നു തുറന്നു പറഞ്ഞില്ലെങ്കിലും അതവൾ ഉറച്ചു വിശ്വസിച്ചു.

ഓദത്തിനു 'പുരാവസ്തു'ക്കളോടു ഭ്രമമുണ്ടെന്ന അവകാശവാദം സത്യമായിരുന്നു. പഴയ സാധനങ്ങൾ വിൽക്കുന്ന കടയിൽ ചെന്നു ചില അപൂർവവസ്തുക്കൾ 'കാലഘട്ടം' നോക്കി തരംതിരിച്ച് പകൽ മുഴുവനും തപ്പിത്തിരയുന്നതു വല്ലാത്തൊരു ആവേശമാണെന്നു സ്വയം പുകഴ്ത്തുമ്പോൾ, അവയെക്കുറിച്ചു നല്ല വിവരമുണ്ടെന്നൊരു ഹർഷോന്മാദം അവൾ ഭാവിയ്ക്കാറുണ്ട്. പകലൊക്കെ എന്താണു ചെയ്യുന്നതെന്ന ചോദ്യത്തിനു, കുടുംബത്തിലെ പഴയൊരു ആചാരം അഭിമാനപൂർവം ചിട്ട തെറ്റാതെ ചെയ്യുന്നതുകൊണ്ട് യാതൊരു വിശദീകരണവും ആവശ്യമില്ലെന്ന തികഞ്ഞ നിർബന്ധബുദ്ധിയോടെ അവൾ മൌനം പാലിയ്ക്കുകയാണു പതിവ്. എങ്കിലും അതിനിടയ്ക്കൊരു സുഹൃത്തിന്റെ വീട്ടിൽ കണ്ട ചില സാധനസാമഗ്രികൾ ഒരു 'പ്രത്യേക കാലഘട്ട'ത്തിൽ പണിതതാണെന്നു സ്വാനിനോട് അവൾ പറഞ്ഞു; 'കാലഘട്ടം' ഏതാണെന്നു പക്ഷേ അവളിൽനിന്നു മനസ്സിലാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല; ഒന്നുകൂടി ചിന്തിച്ച് അതൊരുപക്ഷേ 'മദ്ധ്യകാലഘട്ട'മാകാമെന്ന് അവൾ കൂട്ടിച്ചേർത്തു; ചുമരുകൾ നിറയെ നീണ്ട മരപ്പലകകൾ നിരത്തിയിട്ടുണ്ടെന്നാണു മാത്രമാണു യഥാർത്ഥത്തിൽ അവൾ ഉദ്ദേശിച്ചത്. കുറച്ചുദിവസങ്ങൾക്കുശേഷം, തലേന്നു രാത്രി പരിചയപ്പെട്ട പ്രസിദ്ധനായൊരു വ്യക്തിയെക്കുറിച്ചു പറയുമ്പോൾ ആനുപാതികമായൊരു ആദരവ് സ്വാനിൽനിന്നു പ്രതീ

ക്ഷിയ്ക്കുന്നതുപോലെ, സംശയിച്ചാണെങ്കിലും അവൾ ആത്മവിശ്വാസത്തോടെ പറഞ്ഞു: "'അദ്ദേഹത്തിന്റെ മുറിയ്ക്കൊരു പതിനെട്ടാം നൂറ്റാണ്ടിന്റെ പകിട്ടുണ്ട്!" അതേസമയം സുഹൃത്തിന്റെ ആ പണിതീരാത്ത വീട്ടിലെ അറപ്പുളവാക്കുന്ന മുറികളിൽ പേടിച്ചരണ്ടതുപോലെ കാണപ്പെട്ട യുവതികളുടെ അവസ്ഥ പരിഷ്ക്കാരത്തിനു യോജിച്ചതല്ലെന്നും യാദൃച്ഛികമായി അവൾ കൂട്ടിച്ചേർത്തു. ആ മുറി രൂപകൽപ്പന ചെയ്ത ശിൽപ്പിയുടെ പേരും വിലാസവുമുള്ള കാർഡ് സ്വാനിനെ കാണിച്ചു കൊടുത്തു മൂന്നാമതൊരു തവണ കൂടി ഓദത്ത് ആ വിഷയം പരാമർശിയ്ക്കുകയുണ്ടായി. മാത്രമല്ല, സ്വയം സ്വപ്നം കാണാറുള്ള അത്തരമൊരു മുറി അദ്ദേഹം തനിയ്ക്കുവേണ്ടി പണിതു തരുമെന്ന ഒരു പ്രതീക്ഷ കൂടി അവൾ വെളിപ്പെടുത്തി. നവോത്ഥാനകാലത്തെ സാധനസാമഗ്രികളും വിലപിടിച്ച നെരിപ്പോടുകളും വിശാലമായ കട്ടിലുകളും തന്റെ ചെറിയ വീട്ടിൽ നിർഭാഗ്യവശാൽ വിന്യസിയ്ക്കാൻ കഴിയാത്തതിൽ അവൾ പരിതപിച്ചു. അങ്ങനെ ആലോചിയ്ക്കുമ്പോഴാണു കൈ്വയ് ഓർലിയൻസിൽ സ്വാനിന്റെ പരിതാപകരമായ വീടിനെക്കുറിച്ച് അവൾ തുറന്നുപറഞ്ഞത്; പക്ഷേ, അവളുടെ വിമർശനത്തിനു വഴങ്ങാതെ പഴയൊരു മറിമായത്തിന്റെ സാഹസികത പ്രകടിപ്പിച്ച് അദ്ദേഹം ഉടനെ ഒഴിഞ്ഞുമാറി.

"താങ്കളുടെ വീട്ടിലെ പിഞ്ഞിപ്പൊളിഞ്ഞ പരവതാനിയ്ക്കും കാലൊടിഞ്ഞ കട്ടിലിനുമിടയിൽ അവളെ താമസിപ്പിയ്ക്കാമെന്നു കരുതരുത്!" 'ചപല'യായൊരു യുവതിയുടെ കലാഭിമാനം, ഒരിടത്തരം വീട്ടമ്മയ്ക്കു സഹജമായ ആവേശത്തോടെ പുറത്തേയ്ക്കു വന്നു.

ഓരോ വസ്തുതയും 'ചികഞ്ഞെ'ടുത്തു രസിയ്ക്കുന്നവർ, കഥയും കവിതയും ആസ്വദിയ്ക്കുന്നവർ, ലാഭനഷ്ടങ്ങളെ പുച്ഛത്തോടെ കാണുന്നവർ, സ്നേഹവും അഭിമാനവും നട്ടുവളർത്തുന്നവർ - ഇവരെയൊക്കെ ഓദത്ത് ഉന്നതമായൊരു സ്ഥാനത്താണു പ്രതിഷ്ഠിച്ചത്. അത്തരം വിഷയങ്ങളെക്കുറിച്ച് ആധികാരികമായി സംസാരിയ്ക്കാനുള്ള തന്റെ കഴിവ്, നൈസർഗികമായ ദുർവാസനകളെ മറികടക്കാൻ സഹായിയ്ക്കുമെ

ന്നും അവൾ ഉറച്ചു വിശ്വസിച്ചു. പുരാവസ്തുക്കളുടെ കടയിൽ ചെന്നിരുന്ന പകലന്തിയോളം ഓരോന്നു പരതുന്നതിൽ സായൂജ്യം തേടുമ്പോൾത്തന്നെ, ആ വിഷയങ്ങൾക്കു വാണിജ്യപരമായി യാതൊരംഗീകാരവുമില്ലെന്നു കണ്ടു സ്വയം പഴിയ്ക്കുന്നവരെക്കുറിച്ച് അവളാദരവോടെ പറയും: "നോക്കൂ, സാധുവായൊരു വികാരജീവി! പക്ഷേ, ആരാദ്ധ്യനായ മനുഷ്യൻ! ഇക്കാര്യത്തിൽ എനിയ്ക്കൊരെത്തും പിടിയും കിട്ടുന്നില്ല!". മാത്രമല്ല, ആ മനുഷ്യനുമായൊരു സൗഹൃദമുണ്ടാക്കാൻ അവളാവതു പരിശ്രമിയ്ക്കുകയും ചെയ്യും. മറിച്ച് സ്വാനിനെപ്പോലെ, ജന്മവാസനകൾ തീരെ പുറത്തു പറയാതെ സകലതും ഉള്ളിലൊതുക്കുന്നവരുടെ സാന്നിദ്ധ്യം അവളെ നിരുന്മേഷയാക്കുകയാണു ചെയ്യുന്നത്. പണത്തിന്റെ കാര്യത്തിൽ ഒടുങ്ങാത്ത ഉദാരതയാണെന്നു സമ്മതിയ്ക്കുമെങ്കിലും, അവൾ സ്വാനിനു നേരേ ചുണ്ടുകൂർപ്പിച്ച് പറയും: "ആ മനുഷ്യനെത്ര സരസമായാണു സംസാരിയ്ക്കുന്നതെന്നു നോക്കൂ!". നിസ്സംഗതയുടെ പ്രയോഗമല്ല, മറിച്ച് സ്വരങ്ങളുടെ ശബ്ദകോശമായിരുന്നു അവളിൽ മോഹം വിതച്ചത്!

ഓദത്ത് മോഹിയ്ക്കുന്ന തരത്തിലുള്ള സുഖാനുഭവം ഒരിയ്ക്കലും തനിയ്ക്കു നൽകാനാവില്ലെന്നു ബോദ്ധ്യം വന്ന സ്വാൻ, അവളുടെ സന്തോഷം മാനിച്ച്, അശ്ലീലമായ അത്തരം വിചാരങ്ങൾക്കു തടസ്സം നിന്നില്ല. അവളുടേതായ യാതൊന്നും നിഷേധിയ്ക്കാൻ കഴിയാത്ത ആ അവസ്ഥയിൽ, അനിയന്ത്രിതമായി പുറത്തേയ്ക്കു വരുന്ന ചില ദുർവാസനകൾ ചിലപ്പോഴൊക്കെ അദ്ദേഹത്തെ വശീകരിയ്ക്കുകയും ചെയ്തു. സത്യത്തിൽ അത്തരം ഭാവങ്ങളെ സ്വാശീകരിച്ചു പുറമേയ്ക്കു വരുന്ന സവിശേഷതകളാണല്ലോ പൊതുവേ സ്ത്രീകളുടെ ആകർഷണീയതയായി നാം മഹത്വവൽക്കരിയ്ക്കുന്നത്! അതുകൊണ്ടു പുതിയൊരു നാടകം കാണാൻ ഉത്സാഹപൂർവം അണിഞ്ഞൊരുങ്ങി പുറപ്പെടുകയോ, ഇന്നത്തെ പുഷ്പമേളയിൽ പങ്കെടുക്കാനാവില്ലെന്നു പറഞ്ഞു വിഷാദിച്ചിരിയ്ക്കുകയോ, 'പരിഷ്ക്കാരി'യാണെന്നു പരസ്യമായി പ്രഖ്യാപിയ്ക്കു

ന്ന പാനോപചാരവിരുന്നിലേയ്ക്കൊരു അനുവാദപത്രം സമ്പാദിച്ചശേഷം കൃത്യസമയത്തു ചെന്നെത്താൻ കഴിയില്ലെന്നു വിലപിയ്ക്കുകയോ ചെയ്യുമ്പോൾ, ശിശുസഹജമായ നിഷ്കളങ്കതയോടെ ആ കണ്ണുകളിൽ പടരുന്ന വിഷാദവും മുഖത്തു വെളിവാകുന്ന ആകർഷകത്വവും കണ്ടു തൽക്ഷണം മുന്നോട്ട് ഓടിച്ചെന്നു സ്നേഹോഷ്മളമായ ചുംബനപ്പൂക്കൾ ചൊരിഞ്ഞു പ്രിയതമയെ സാന്ത്വനിപ്പിയ്ക്കാതെ മാറിനിൽക്കാൻ സ്വാനിനു കഴിയാറില്ല. "അപ്പോൾ.. നിനക്കു പുഷ്പമേളയ്ക്കു പോകണമെന്നുണ്ട്.. അല്ലേ? ശരി, നമുക്കൊരു വഴി കണ്ടെത്താം, നോക്കൂ, പരിഭവം മാറിയില്ലേ? നിന്റെ മോഹങ്ങൾക്കു വഴങ്ങുന്നതല്ലേ, എനിയ്ക്കുള്ള ഒരേയൊരു സന്തോഷം!". ആയിടെ സ്വാനിന്റെ കാഴ്ചശക്തി പതുക്കെ മങ്ങിത്തുടങ്ങിയിരുന്നതുകൊണ്ടു വീട്ടിൽവെച്ചു ജോലിചെയ്യുമ്പോൾ അദ്ദേഹമൊരു ഇരട്ടക്കണ്ണടയാണു ധരിയ്ക്കാറുള്ളത്; പുറത്തേയ്ക്കു പോകുമ്പോൾ വൈരൂപ്യം തോന്നാത്ത ഒരൊറ്റക്കണ്ണടയും! ആദ്യമായി ഒറ്റക്കണ്ണട വെച്ച അദ്ദേഹത്തെ കണ്ടപ്പോൾ അവൾക്ക് ആഹ്ലാദം അടക്കാനായില്ല: "ഇതാ ഇപ്പോൾ താങ്കളൊരു പരിഷ്കാരിയായ പുരുഷനായി മാറിക്കഴിഞ്ഞു! ഈ കണ്ണട താങ്കൾക്കു നന്നായി യോജിയ്ക്കുന്നുണ്ട്! ഇപ്പോൾ ഓരോ ഇഞ്ചിലും മാന്യത തുളുമ്പുന്നുണ്ട്, ഇനിയൊരു സ്ഥാനപ്പേരാണു താങ്കൾക്കു വേണ്ടത്!", ശബ്ദത്തിൽ മനഃപൂർവമായൊരു വ്യസനം വരുത്തി അവൾ അഭിപ്രായപ്പെട്ടു. പ്രണയിനിയായ ഗ്രാമീണകന്യകയ്ക്കു പ്രേതങ്ങളെ ഭയമാണെന്നു പറഞ്ഞുകേൾക്കുന്ന മനോഭാവത്തോടെ ഓദത്തിന്റെ അത്തരം സംസാരങ്ങൾ അദ്ദേഹം ഉള്ളറിഞ്ഞ് ആസ്വദിച്ചു. വിഷയാസക്തിയിൽ നിന്നു വ്യത്യസ്തമായ കലാഭിരുചി സ്വതന്ത്രമായി വികസിച്ചു വരുന്നവരിൽ കാണുന്നതുപോലെ, രണ്ടു ജന്മവാസനകൾക്കും ഒരേസമയം വിധേയമാകുമ്പോൾ ലഭിയ്ക്കുന്ന അനുഭൂതികൾക്കു വിചിത്രമായൊരു വൈജാത്യം അദ്ദേഹത്തിനു പലപ്പോഴും അനുഭവപ്പെട്ടിരുന്നു. വിരുന്നിനു കൂടെ കൊണ്ടുപോകുന്ന യുവതിയുടെ നിരക്ഷരതയ്ക്കു നേർവിപരീതമായ അനുപാതത്തിൽ രസാസ്വാദനത്തിന്റെ സൂക്ഷ്മത വർദ്ധിച്ചുവരു

ന്നതായി സ്വാനിനു തോന്നാറുണ്ട്. നാടകത്തിനിടയിൽ ചില അശ്ലീലരംഗങ്ങൾ വരുമ്പോൾ ഒരു പെൺകുട്ടിയെ അടുത്തു വിളിച്ചിരുത്തുന്നതുപോലെ, പ്രതീതിപ്രധാനമായ ഒരു ചിത്രപ്രദർശനത്തിൽ പങ്കെടുക്കുന്ന വിദ്യാസമ്പന്നയായ യുവതിയ്ക്കു വിഷയം മനസ്സിലായില്ലെങ്കിലും വെറുതെ മൌനം പാലിയ്ക്കാനാവില്ലെന്നു സ്വാനിനു നന്നായറിയാം. പക്ഷേ, ഓദത്തുമായി പ്രണയത്തിലായതോടെ അദ്ദേഹത്തിന്റെ പരിഗണനകൾ പലതും മാറിമറിഞ്ഞു. അവളുടെ അനുഭവം പങ്കുവെച്ച്, അവളുടെ പ്രകൃതം പകർത്തി, അവളുടെ അഭിപ്രായങ്ങളംഗീകരിച്ച്, അദ്ദേഹം അവൾക്കിഷ്ടപ്പെട്ട വിഷയങ്ങളിൽ സന്തോഷം കാണാൻ ശ്രമിച്ചു; അവയോരോന്നും അദ്ദേഹത്തിനു പ്രാണനേക്കാൾ വിലയുള്ള പ്രണയത്തിന്റെ പ്രതിച്ഛായകളായിരുന്നു. അവളുടെ മനസ്സിലെ വികാരവിചാരങ്ങളിൽ പങ്കു ചേരുമ്പോൾ ലഭിയ്ക്കുന്ന അലൗകികമായ ആനന്ദം നുകരാൻവേണ്ടി മാത്രമായിരുന്നു, അദ്ദേഹം പലവുരു 'സെർഗേപാനിനേ' കാണുകയും ഒളീവിയർ മെട്രായുടെ പാട്ടു കേൾക്കാൻ അക്ഷമനായി കാത്തിരിയ്ക്കുകയും ചെയ്തത്. അവൾക്കിഷ്ടപ്പെട്ട ചിത്രങ്ങളിലെ വശ്യതയ്ക്കു സഹജമായ ചാരുതയേക്കാൾ നിഗൂഢതയുടെ ഭാവമാണുള്ളതെന്നു സ്വാൻ പ്രത്യേകം ശ്രദ്ധിച്ചു. യുവത്വത്തിന്റെ ബുദ്ധിപരതയ്ക്കു മങ്ങലേറ്റ ഒരു 'ലൗകികമനുഷ്യ'നെന്ന നിലയിൽ, ആരാദ്ധ്യമെന്നു വിശേഷിപ്പിക്കപ്പെട്ട പല ആശയങ്ങളും കേവലമൂല്യമില്ലാതെ ജാതിയും തീയതിയും കുറിയ്ക്കുന്ന പരിഷ്ക്കാരങ്ങളുടെ പരമ്പരമാത്രമാണെന്ന ചിന്താഗതിയാണു സ്വാൻ സ്വീകരിച്ചിരുന്നത്. സ്വകാര്യപ്രദർശനത്തിനൊരു ക്ഷണം ലഭിയ്ക്കുമ്പോൾ ഓദത്ത് പ്രകടിപ്പിയ്ക്കുന്ന ഉത്സാഹം, വെയിൽസ്‌രാജകുമാരന്റെ വസതിയിൽ ഒരു കാലത്തു വിരുന്നിനു പോയിരുന്നപ്പോൾ അനുഭവപ്പെട്ട ആഹ്ലാദത്തേക്കാൾ തീരെ പരിഹാസ്യമല്ലെന്നു സ്വാൻ ഉറപ്പിച്ചു. ‘മോൺടേകാർലോ‘യോടും ‘റിഘി‘യോടും അവൾക്കുള്ള പരസ്യമായ ആരാധന, ഹോളണ്ടിനോടും വെഴ്സയിൽസിനോടും തനിയ്ക്കു

തോ ന്നന്ന മതിപ്പിനേക്കാളേറെ അസംഗതമാണെന്ന സ്വാൻ തീരെ ക രുതിയില്ല. അതുകൊണ്ട് അത്തരം സ്ഥലങ്ങൾ സന്ദർശിയ്ക്കുന്നതി ന്റെ സന്തോഷം നിഷേധിച്ച് അവൾക്കിഷ്ടപ്പെടാത്തതൊന്നും സ്വീ കരിയ്ക്കാതെ, അവൾക്കുവേണ്ടി മാത്രം ജീവിയ്ക്കുന്നതിൽ അദ്ദേഹം ആ ഹ്ലാദം കണ്ടെത്തി.

ഓദത്തിന്റെ ദൈനന്ദിനജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങ ളേക്കാൾ, ഇടയ്ക്കിടെ കാണാനും സംസാരിയ്ക്കാനും സഹായകമായ സംവിധാനമെന്ന നിലയ്ക്കു വെർഡുരിൻകുടുംബവുമായുള്ള സൗഹൃദം സ്വാൻ വളരെയേറെ വില മതിച്ചു കണ്ടു. അവരുടെ കൂടെയുള്ള അ ത്താഴവിരുന്നുകൾ, സംഗീതസദസ്സുകൾ, ചൂതാട്ടങ്ങൾ, വേഷമത്സര ങ്ങൾ, വിനോദയാത്രകൾ, നാടകശാലാസന്ദർശനങ്ങൾ തുടങ്ങി 'അ രസിക'ന്മാരെ പങ്കെടുപ്പിച്ച് അപൂർവമായി നടക്കുന്ന 'പ്രൗഢമായ സ ദസ്സ്'കൾവരെ സകല പരിപാടികളിലും മുഖ്യാകർഷണമായി ഓദ ത്തിന്റെ സാന്നിദ്ധ്യം നിറഞ്ഞു നിന്നു. സ്വാനിന്റെ സാന്നിദ്ധ്യം വഴി വെർഡുരിൻസദസ്സിനു കൈവന്ന മഹത്വം അതേപടി തിരിച്ചുകിട്ടി യതിൽ അദ്ദേഹവും സന്തോഷിച്ചു. ആ സൌഹൃദം ഊട്ടിയുറപ്പിയ്ക്കാ ൻ സഹായകമാകുമെന്നു കരുതി കുടുംബത്തിലെ ഓരോരുത്തരുടേ യും അഭിരുചി കണ്ടറിഞ്ഞു പഠിയ്ക്കാൻ അദ്ദേഹം പരിശ്രമിച്ചു. ഓദ ത്തിനോടുള്ള പ്രണയമെന്ന സനാതനസത്യത്തിൽ സംശയത്തിന്റെ നേരിയ നിഴൽപോലും പരക്കുമെന്നു ചിന്തിയ്ക്കാൻ അദ്ദേഹം ഒരിയ്ക്ക ലും ധൈര്യപ്പെട്ടില്ല. വെർഡുരിൻകുടുംബത്തിലേയ്ക്കു മിക്ക ദിവസങ്ങ ളിലും പോകാൻ കഴിയുമെന്നു തീർച്ചയായപ്പോൾ, അവളുടെ മുഖം നിത്യവും കാണാമെന്ന വിചാരം സ്വാനിനെ വല്ലാതെ സന്തോഷി പ്പിച്ചു. പ്രണയത്തിന്റെ സ്വപ്നസാക്ഷാത്ക്കാരത്തിനുള്ള ആദ്യപടിയാ യി, പെട്ടെന്നൊരു ദിവസം അവളെ കാണാതാകുമെന്ന ഭയാശങ്ക യിൽനിന്നു മോചനം ലഭിച്ചതിൽ അദ്ദേഹത്തിനു തെല്ലൊന്നുമല്ല ആ ശ്വാസം തോന്നിയത്. “എത്ര മനോഹരമായ അന്തരീക്ഷം!“, സ്വാൻ ആത്മഗതമായി പറഞ്ഞു. “എത്ര അകൃത്രിമമാണിവരുടെ ജീവിതം!

വിവേകവും വിദ്യയുമുള്ളവരേക്കാൾ, തീർച്ചയായും, വളരെയേറെ ബുദ്ധിയും കലാഭിരുചിയും ഇവർക്കുണ്ട്. ചെറിയ ചില അതിശയോക്തി പ്രയോഗങ്ങൾ ഒഴിച്ചുനിർത്തിയാൽ മാഡം വെർഡുരിനു ചിത്രകലയോടും സംഗീതത്തോടും അദമ്യമായ ആഭിമുഖ്യവും കലാസൃഷ്ടികളോട് അടങ്ങാത്ത അഭിനിവേശവും, കലാകാരന്മാരെ ഉള്ളഴിഞ്ഞു പ്രോത്സാഹിപ്പിയ്ക്കുന്നതിൽ ഒടുങ്ങാത്ത ഉത്സാഹവുമുണ്ട്! പ്രസിദ്ധരായ ചിലരെക്കുറിച്ചുള്ള അവരുടെ വിലയിരുത്തലിൽ ഒരുപക്ഷേ പാകപ്പിഴകളുണ്ടാകാം; പക്ഷേ, ആസ്വാദകരെക്കുറിച്ചും അവരതേ അഭിപ്രായങ്ങളാണു പറയുന്നത്! സംസാരം ബുദ്ധിപരമാകണമെന്നു നിർബന്ധമില്ലാതെ, ദ്വയാർത്ഥപ്രയോഗങ്ങൾ ധാരാളമായി കോരിവിളമ്പുന്ന കോത്താർഡിനേയും ഞാൻ ആസ്വദിയ്ക്കുന്നുണ്ട്. വിരോധാഭാസകരമായ പ്രസ്താവനകൾ ചിലരെയൊക്കെ മുഷിപ്പിയ്ക്കുമെങ്കിലും ചിത്രകാരന്റെ ബുദ്ധിശക്തിയെ എനിയ്ക്കു മാനിയ്ക്കാതിരിയ്ക്കാനാവില്ല. സർവോപരി ലഹളയും ബഹളവുമില്ലാതെ ആർക്കും എന്തും ചെയ്യാൻ പരിപൂർണസ്വാതന്ത്ര്യമുള്ള ഒരന്തരീക്ഷമാണു പ്രധാനം. ഈ സ്വീകരണമുറിയിൽ പതിവായി പൊട്ടിച്ചിതറുന്ന തമാശകൾ എത്ര ഹൃദ്യം! ഈയിടെയായി മറ്റൊരിടത്തേയ്ക്കും പോകാൻ എനിയ്ക്കു മനസ്സു വരുന്നില്ല. ഇതൊരു ശീലമാക്കി മാറ്റി ശിഷ്ടജീവിതം ഇവരുടെകൂടെ കഴിച്ചുകൂട്ടാൻ ഞാൻ തീരുമാനിച്ചു!".

വെർഡുരിൻകുടുംബത്തിനു സഹജമായി സ്വാൻ കണ്ട സവിശേഷതകൾ പക്ഷേ, ഓദത്തിനോടുള്ള പ്രണയം ഒരുമിച്ചിരുന്നു രുചിച്ച ആനന്ദത്തിന്റെ ഉപരിപ്ളവമായ പ്രതിഫലനങ്ങൾ മാത്രമായിരുന്നു. അനുഭവത്തിന്റെ ആഴം വർദ്ധിയ്ക്കുന്തോറും ആ ഗുണങ്ങൾ അത്യന്താപേക്ഷിതവുമായി മാറി. ആ ആനന്ദത്തിനു മാറ്റു കൂട്ടുന്ന ഇടപെടലുകളും ഇടയ്ക്കിടെ മാഡം വെർഡുരിൻ നടത്തി. ഒരു വൈകുന്നേരം ഓദത്ത് ഓരോരുത്തരോടായി സംസാരിച്ചുനിന്നു വീട്ടിലേയ്ക്കുള്ള മടക്കം വല്ലാതെ വൈകുന്നതു കണ്ട് ഉൽക്കണ്ഠാകുലനായ സ്വാൻ പിരി

മുറുക്കം മൂലം എന്തു ചെയ്യണമെന്നറിയാതെ എരിപൊരിക്കൊണ്ടു; ആ നിമിഷം മാഡം വെർഡുരിന്റെ ഉച്ചത്തിലുള്ള ശബ്ദം അദ്ദേഹം കേട്ടു: “ഓദത്ത്! സ്വാനിനെ വീട്ടിലെത്തിയ്ക്കുന്ന കാര്യം നീയേറ്റല്ലോ, അല്ലേ?“; തികച്ചും ആകസ്മികമായ ഒരാശ്ചര്യപ്രസ്താവന വഴി അവരദ്ദേഹത്തിന്റെ അസ്വസ്ഥതയ്ക്കു പരിഹാരവും മനസ്സിനു സമാധാനവും ഉറപ്പാക്കി. വേനലൊഴിവു കാലത്തു മറ്റെങ്ങും പോകാതെ ഓദത്ത് പതിവു ദിനചര്യ തുടരുമെന്ന വിശ്വാസം അദ്ദേഹം തെല്ലൊരാശങ്കയോടെ മനസ്സിലേറ്റി നടന്നപ്പോൾ, മാഡം വെർഡുരിൻ രണ്ടുപേരേയും സ്വന്തം ഗ്രാമീണവസതിയിൽ കുറച്ചു ദിവസങ്ങൾ ചിലവഴിയ്ക്കാൻ ക്ഷണിച്ചു തന്നോടുള്ള നന്ദിയും ആദരവും അവരുടെ മനസ്സിലേയ്ക്കു കടത്തിവിട്ടു; അങ്ങനെ സ്വന്തം ചിന്തയെപ്പോലും സ്വാധീനിയ്ക്കാൻ ശ്രമിച്ച മാഡം വെർഡുരിനെ മനസ്സിലൊരു 'വിശിഷ്ടവ്യക്തിത്വ'മായിത്തന്നെ സ്വാൻ പ്രതിഷ്ഠിച്ചു. ലൂവ്രിലെ ചിത്രകലാവിദ്യാലയത്തിൽ സഹപാഠികളായിരുന്ന ആരെങ്കിലും അറിയപ്പെടാത്ത ഒരു കലാപ്രതിഭയെക്കുറിച്ചു ചോദിച്ചാൽ അദ്ദേഹം പറയും: “മഹത്വത്തിൽ മാഡം വെർഡുരിനെപ്പോലെ മറ്റാരും വരില്ല“; മാത്രമല്ല, അതുവരെ ഉപയോഗിയ്ക്കാത്ത പ്രൗഢഗംഭീരമായ ശൈലിയിൽ ഇതുകൂടി സ്വാൻ കൂട്ടിച്ചേർക്കും: “പ്രതിഭാശാലികളായ കലാകാരന്മാർ ഒരുപാടു പേരുണ്ട്; പക്ഷേ, ലോകത്തു മഹാമനസ്ക്കതപോലെ മഹനീയമായൊരു ഗുണമില്ല! നോക്കൂ, ഇവിടെ രണ്ടുതരം മനുഷ്യരേയുള്ളൂ: അൽപ്പന്മാരും ഉദാരമതികളും മാത്രം. വെറുക്കേണ്ടവരേയും ആദരിയ്ക്കേണ്ടവരേയും കണ്ടെത്തി, അവരിൽനിന്നു മനസ്സിനു ബോധിച്ചവരെ ജീവിതകാലം മുഴുവൻ കൂടെ കൊണ്ടുനടന്ന്, ഇതുവരെ വ്യർത്ഥമാക്കിക്കളഞ്ഞ കാലം വീണ്ടെടുക്കാൻ, ഞാനിതാ തീരുമാനിച്ചു കഴിഞ്ഞു!“. സത്യാവസ്ഥ മനസ്സിലാക്കാതെ, എന്താണു ചെയ്യുന്നതെന്നു ബോദ്ധ്യമില്ലാതെ, സ്വയം ഉച്ചരിച്ച വാക്കുകൾ മറ്റൊരാളിൽനിന്നു വരുന്നവിധം മാറ്റൊലിക്കൊള്ളുമ്പോൾ തോന്നുന്ന ഒരുതരം വികാരവായ്പ്പോടെ അദ്ദേഹം തുടർന്നു: “ഇനിയുള്ള ജീവിതത്തിന്റെ രൂപരേഖ വരച്ചു

തീർന്നു; ഉദാരമതികളുടെ സ്വർഗീയലോകത്തല്ലാതെ ജീവിയ്ക്കില്ലെന്ന്, നിഷ്ക്കളങ്കരെയല്ലാതെ സ്നേഹിയ്ക്കില്ലെന്നു ഞാൻ തീരുമാനിച്ചു കഴിഞ്ഞു. മാഡം വെർഡുരിന്റെ ബുദ്ധിവൈഭവത്തെക്കുറിച്ചു നിങ്ങൾക്കു സംശയം തോന്നാം. പക്ഷേ കുലീനമായ ഒരു ഹൃദയവും ഉദാത്തമായ മനസ്സും അവർക്കു ജന്മസിദ്ധമാണെന്നു മതിയായ തെളിവുകളോടെ ഞാൻ നിങ്ങളെ ബോദ്ധ്യപ്പെടുത്താം. കലാപരമായ വിഷയങ്ങളിൽ അവർക്കുള്ള ഉൾക്കാഴ്ച ഒരിയ്ക്കലും സംശയിയ്ക്കാവുന്നതല്ല. ഒരുപക്ഷേ, എന്നെ സംബന്ധിച്ച് അതൊന്നുമല്ല പ്രധാനം; എനിയ്ക്കു വേണ്ടി നിഷ്ക്കപടമായി അവർ ചെയ്തു തന്ന ഓരോ കാര്യവും, എന്റെ പേരിൽ വാത്സല്യത്തോടെ പുലർത്തിപ്പോന്ന ഓരോ ശുഷ്ക്കാന്തിയും, സത്യത്തിൽ വ്യക്തിപരവും ഗാർഹികവുമാണെങ്കിലും, നിങ്ങൾ വായിയ്ക്കുന്ന തത്വദർശനങ്ങളിൽ കാണുന്നതിലേറെ ജീവിതാവബോധവും ധാരണാശക്തിയും വെളിവാക്കുന്നവയാണ്!“.

* * * * *

വെർഡുരിൻകുടുംബത്തെപ്പോലെ മറ്റു ചില സദസ്സുകളിലും സ്വാൻ ഒരുകാലത്തു സജീവമായിരുന്നെന്നും, പഴയ സുഹൃത്തുക്കളിൽ പലർക്കും കലയോട് അടങ്ങാത്ത പ്രതിപത്തിയുണ്ടെന്നും, അവരിൽത്തന്നെ ‘ഉദാരമതികളാ’യി ചിലരുണ്ടെന്നും, ഓർമ്മിപ്പിയ്ക്കാൻ കഴിയുന്നവരുമായി പക്ഷേ അദ്ദേഹം ഈയിടെ തീരെ ബന്ധപ്പെടാറില്ല. മാത്രമല്ല, അവർക്ക് ഓദത്തിനെ അറിയാമായിരുന്നില്ല; അറിഞ്ഞിരുന്നെങ്കിൽ അവളെ അദ്ദേഹത്തിനു പരിചയപ്പെടുത്താനും അവർ മുതിരുമായിരുന്നില്ല!

അതേസമയം, വെർഡുരിൻകുടുംബത്തിൽ 'വിശ്വസ്ത'രായി ഭാവിച്ചിരുന്ന ഒരാൾപോലും മറ്റൊരാളെ സ്നേഹിയ്ക്കുകയോ സ്നേഹിയ്ക്കുന്നതായി വിശ്വസിയ്ക്കുകയോ ചെയ്തിരുന്നില്ല. സ്വാനിന്റെ കാര്യത്തിൽ സംതൃപ്തനല്ലെന്നു ഭാവിച്ച വെർഡുരിൻപോലും സ്വന്തം ഭാര്യയുടെ

ഹൃദയവികാരമാണു ബോധപൂർവമല്ലാതെ സ്വയം വെളിപ്പെടുത്തിയ ത്; മാത്രമല്ല, ഓദത്തിനോടു പ്രദർശിപ്പിയ്ക്കുന്ന പ്രത്യേകതരം സൌ ഹൃദവുമായി ബന്ധപ്പെട്ടു മാഡം വെർഡ്ധുരിനെ വിശ്വാസത്തിലെടുക്കു ന്നതിൽ സ്വാൻ അതിദയനീയമായി പരാജയപ്പെടുകയും ചെയ്തു. വെ ർഡ്ധുരിൻകുടുംബത്തിന്റെ അതിഥിയെന്ന നിലയിൽ ലഭിച്ചുപോന്ന നിരുപാധികമായ സ്വാതന്ത്ര്യം ഔചിത്യപൂർവം ഉപയോഗിയ്ക്കുന്നതി ലും അദ്ദേഹം വീഴ്ച വരുത്തി; ചിലപ്പോൾ യഥാർത്ഥകാരണം വെ ളിപ്പെടുത്താതെ വിരുന്നിൽനിന്നു വിട്ടു നിൽക്കുമ്പോൾ കാണിയ്ക്കുന്ന നിസ്സംഗതയ്ക്കു പകരം, ഒരു 'അരസിക'ന്റെ ക്ഷണം നിരസിയ്ക്കുമ്പോൾ അദ്ദേഹത്തിന്റെ മുഖത്തു വെറുമൊരു ഉൽക്കണ്ഠമാത്രമാണു പ്രകടമാ കുന്നതെന്നവർ ശ്രദ്ധിച്ചു. കൂടാതെ, എന്തൊക്കെ മുൻകരുതലുകളെടു ത്തു മറയ്ക്കാൻ ശ്രമിച്ചാലും സമൂഹത്തിലുള്ള അദ്ദേഹത്തിന്റെ സ്ഥാന വും സ്വാധീനവും അവർ കണ്ടെത്തുകയും ചെയ്തു. ഈ വക വിഷയ ങ്ങൾ മൂലം വെർഡ്ധുരിൻകുടുംബത്തിനു സ്വാനിനോടുള്ള ആദരവ് പ തുക്കെ കുറഞ്ഞു തുടങ്ങി. പക്ഷേ, ആ അനിഷ്ടത്തിനുള്ള അടിസ്ഥാന കാരണം മറ്റൊന്നായിരുന്നു: ഡോക്ടർ കോത്താർഡിന്റെ തമാശയ്ക്കു നിലവാരം കുറവാണെന്നും, സാഗൻ രാജകുമാരിയ്ക്കു പറയത്തക്ക വൈരൂപ്യമില്ലെന്നുമുള്ള പ്രായേണ നിരുപദ്രവമായ ചില ധാരണക ൾ അദ്ദേഹം സ്വകാര്യമായി കൊണ്ടുനടക്കുന്നുണ്ടെന്ന വിവരം അവ രെങ്ങനെയോ അറിയാനിടയായി. അതിനെത്തുടർന്നു വെർഡ്ധുരിൻ കുടുംബത്തിൽ മുമ്പൊരിയ്ക്കലും ഉണ്ടാകാത്ത ഒരു സവിശേഷപ്രതിസ ന്ധി സംജാതമായി; സൗഹൃദത്തിൽ ഉപേക്ഷ കാണിയ്ക്കുകയോ ആ ചാരങ്ങളിൽ എതിർപ്പു പ്രകടിപ്പിയ്ക്കുകയോ ചെയ്യാതെ പുറമേയ്ക്കു വി ധേയത്വം പുലർത്തുന്ന സ്വാനിനുമേൽ ‘അണുകുടുംബ‘ത്തിന്റെ മൗലി കസിദ്ധാന്തങ്ങൾ നിർബന്ധമായി അടിച്ചേൽപ്പിച്ചു മതപരിവർത്ത നം നടത്തുന്നതു തീരെ അപ്രായോഗികമാണെന്ന ഒരു തീരുമാന ത്തിൽ അവരെത്തിച്ചേർന്നു. 'വിശ്വസ്ത'രുടെ മുമ്പിൽവെച്ച് 'അരസിക' രെ തള്ളിപ്പറഞ്ഞു നല്ലൊരു മാതൃക സൃഷ്ടിയ്ക്കാൻ തയാറായിരുന്നെ

ങ്കിൽ, ഒരുപക്ഷേ അവർ അദ്ദേഹത്തോടു പൊറുക്കുമായിരുന്നു; പക്ഷേ, ബലാൽക്കാരേണ നടപ്പാക്കാനാവാത്ത ഒരൊത്തുതീർപ്പിന്റെ സാദ്ധ്യതമാത്രമായി അവസാനം അതവശേഷിച്ചു.

ഈയൊരു അന്തരീക്ഷത്തിൽ, 'പുതുമുഖ'മായി രംഗപ്രവേശം ചെയ്ത കോംതെ ഫോർഷ്‌വില്ലിനു പറയത്തക്ക എന്തെങ്കിലും വ്യത്യാസം സൃഷ്ടിയ്ക്കാൻ കഴിയുമോ? ഓദത്തിന്റെ പ്രത്യേകക്ഷണിതാവായതുകൊണ്ട് കുടുംബാംഗങ്ങൾ വലിയൊരു പ്രതീക്ഷ പുലർത്തിയ അദ്ദേഹം സാനിയേറ്റിന്റെ സഹോദരീഭർത്താവാണെന്നു തെളിഞ്ഞപ്പോൾ 'വിശ്വസ്ത'രാകെ അത്ഭുതപ്പെട്ടു! തീർത്തും വിനയാന്വിതമായ വേഷഭാവങ്ങൾകൊണ്ടു വളരെ താഴ്ന്ന നിലയിലാണെന്നു സകലരും മനസ്സിലാക്കിയിരുന്ന പുരാതനലിപിവിദഗ്ധനായ സാനിയെറ്റ്, താരതമ്യേന സമ്പന്നവും അഭിജാതവുമായൊരു കുടുംബത്തിലെ അംഗമാണെന്ന സത്യം അവരൊരിയ്ക്കലും പ്രതീക്ഷിച്ചില്ല. സ്വാൻ തീരെ ഉപേക്ഷിച്ചു കഴിഞ്ഞ ആ ആഢ്യത്വത്തിന്റെ 'തള്ളിച്ച' നല്ലൊരളവോളം കോംതെ ഫോർഷ്‌വില്ലിനു സഹജമായിരുന്നു. സ്വാൻ ചെയ്തതുപോലെ വെർഡുരിൻകുടുംബത്തെ മറ്റെല്ലാവരിലും മീതെ പ്രതിഷ്ഠിയ്ക്കാനൊന്നും അദ്ദേഹം ഒരുമ്പെട്ടില്ല. നേരിട്ടു പരിചയമുള്ള ചില വ്യക്തികളെക്കുറിച്ച് മാഡം വെർഡുരിൻ നിരത്തുന്ന അബദ്ധജടിലമായ പ്രസ്താവനകളുടെ നിജസ്ഥിതി മനസ്സിലാക്കാൻ സ്വാനിനെ സഹായിച്ച സംസ്ക്കാരവിശേഷം, ഫോർഷ്‌വില്ലിനു തീരെയുണ്ടായിരുന്നില്ല. ചിത്രകാരൻ ചിലപ്പോൾ പുലമ്പുന്ന വൃത്തികെട്ട കുത്തുവാക്കുകളും, കോത്താർഡ് സ്വയം ചെന്നു ചാടുന്ന നേരമ്പോക്കുകളുടെ പൊള്ളത്തരങ്ങളും ആസ്വദിച്ച് ഉള്ളറിഞ്ഞു രസിയ്ക്കാറുണ്ടെങ്കിലും അവരെ കൈയടിച്ചു പ്രോത്സാഹിപ്പിയ്ക്കാൻ ധൈര്യമില്ലാതെ ഒഴികഴിവു പറഞ്ഞു രക്ഷപ്പെടുകയാണു സ്വാൻ പതിവ്. നേരേ മറിച്ച്, ബുദ്ധിപരമായൊരു ഉയർന്ന തലത്തിൽ സ്വയം നിലയുറപ്പിച്ച ഫോർഷ്‌വിൽ, ആ പ്രാകൃതഭാഷണങ്ങളുടെ പ്രസക്തിയെക്കുറിച്ചു യാതൊരു ധാരണയുമില്ലാതെ, ഒരു നിമിഷം അന്ധാളിച്ചു നിന്നശേഷം പൊടുന്നനെ

അ തൃച്ചത്തിൽ കൈയടിച്ചു കൂട്ടത്തിൽ ചേരും. വെർഡുരിൻകുടുംബ ത്തിലേയ്ക്കു ഫോർഷ്‌വിൽ വന്ന ആദ്യദിവസത്തെ വിരുന്നിൽത്ത ന്നെ അവർ തമ്മിലുള്ള വ്യത്യാസം പുറമേയ്ക്കു പ്രകടമായി; അതോടെ സ്വാനിനു മിക്കവാറും മാനഹാനി വരുന്നവിധം കുടുംബസദസ്സിൽ ഫോർഷ്‌വില്ലിന്റെ പ്രസക്തിയ്ക്കു പ്രാധാന്യവും വർദ്ധിച്ചു.

'വിശ്വസ്ത'ർക്കു പുറമേ, എവിടെയോ ഒരുല്ലാസകേന്ദ്രത്തിൽവെച്ചു വെർഡുരിൻകുടുംബത്തെ കണ്ടു പരിചയപ്പെട്ട പ്രൊഫസർ ബ്രിക്കോ ട്ട് കൂടി അന്നത്തെ വിരുന്നിൽ പങ്കെടുത്തിരുന്നു. സർവകലാശാലയി ലെ ഭാരിച്ച ഉത്തരവാദിത്തവും അദ്ധ്യാപനസംബന്ധമായ തിരക്കുക ളും കഴിഞ്ഞു ബാക്കി ലഭിയ്ക്കുന്ന സമയം വെർഡുരിൻകുടുംബത്തിൽ ചിലവഴിയ്ക്കാനുള്ള പരിപൂർണസന്നദ്ധത അദ്ദേഹം തുറന്നു പ്രഖ്യാപി ച്ചു. മരുന്നിന്റെ ഫലസാദ്ധ്യതയിൽ തീരെ ബോദ്ധ്യം വരാത്ത ഡോ ക്ടർമാരും വ്യാകരണനിയമങ്ങളുടെ അഭ്യാസത്തിൽ വിശ്വാസം നഷ്ട പ്പെട്ട ഭാഷാദ്ധ്യാപകരും തുടങ്ങി ബുദ്ധിപരമായ കൃത്യങ്ങളിൽ മുഴുകു ന്നവർ പൊതുവേ അവരവരുടെ ഔദ്യോഗികരംഗങ്ങളിൽ വിശാല വും ഉൽകൃഷ്ടവുമായ നിലപാടു പുലർത്തുന്നവരാണെന്ന പ്രതീതി നി ലനിർത്താൻ അക്ഷീണം പ്രയത്നിയ്ക്കും. സ്വയം പിന്തുടരുന്ന പാഠ്യക്ര മങ്ങളും പഠനോപാധികളും അപര്യാപ്തമാണെന്ന സന്ദേഹാത്മകമാ യ അവിശ്വാസവും സാമൂഹ്യജീവിതത്തെക്കുറിച്ചു പൊതുവേ അന്ധ വിശ്വാസപരമായൊരു കാഴ്ചപ്പാടും ബ്രിക്കോട്ടിനു സ്വത:സിദ്ധമായി രുന്നു. ചരിത്രവും തത്വചിന്തയുംപോലെ തനതായൊരു അസ്തിത്വമി ല്ലാത്ത വൈജ്ഞാനികശാഖകൾ ജീവിതായോധനത്തിനുള്ള തയാ റെടുപ്പു മാത്രമാണെന്നു വിശ്വസിച്ചിരുന്നതുകൊണ്ട്, പുസ്തകങ്ങളിൽ നിന്നു സമ്പാദിച്ച ചില അറിവുകൾ 'അണുകുടുംബ'ത്തിൽ പ്രായോ ഗികമായി പരീക്ഷിയ്ക്കാനുള്ള കൌതുകത്തോടെ, സമകാലികസംഭവ ങ്ങൾ കോർത്തിണക്കി ക്രോഡീകരിച്ച ഉദാഹരണങ്ങളിൽനിന്നു സ ന്ദർഭങ്ങൾക്കു യോജിച്ചവ മാത്രം തിരഞ്ഞെടുക്കാൻ അദ്ദേഹം മാഡം വെർഡുരിനോട് ആവശ്യപ്പെടും; മാത്രമല്ല, സ്വന്തം ഉപബോധമന

സ്സിൽ ചില പ്രത്യേകവിഷയങ്ങളോട്ടു പുലർത്തുന്ന ആദരവിന്റെ ഫലമായി, ദേഹത്തു ജന്മനാ പറ്റിപ്പിടിച്ച കിടക്കുന്ന അദ്ധ്യാപകന്റെ മേലങ്കി താൽക്കാലികമായി ഊരിവെയ്ക്കുകയാണെന്ന ഭാവിച്ച്, സ്വയമൊരു വിദ്യാർത്ഥിയായി മാറി സംഭാഷണപരമായ ദുസ്വാതന്ത്ര്യത്തോടെ അദ്ദേഹം വിഷയങ്ങളോരോന്നും ചർച്ച ചെയ്യാൻ തുടങ്ങും.

അത്താഴവിരുന്ന തുടങ്ങുമ്പോൾ മാഡം വെർഡ്യുരിന്റെ വലതുവശത്തായി ഇരിപ്പുറപ്പിച്ച ഫോർഷ്‌വിൽ, 'പുതുമുഖ'ത്തോടുള്ള ബഹുമാനസൂചകമായി വളരെ കഷ്ടപ്പെട്ട് അണിഞ്ഞൊരുങ്ങി വന്ന ആതിഥേയയെ നോക്കി അഭിനന്ദനസ്വരത്തിൽ പറഞ്ഞു: "താങ്കളുടെ വേഷം വളരെ ഹൃദ്യമായിരിയ്ക്കുന്നു!". പുതുമുഖത്തിന്റെ സംസാരം നിരീക്ഷിച്ചു കൊണ്ടിരുന്ന ഡോക്ടർ, അദ്ദേഹത്തിന്റെ യഥാർത്ഥഭാവം കണ്ടറിയാനുള്ള ജിജ്ഞാസ സഹിയ്ക്കാതെ, കുറച്ചുകൂടി അടുത്തുചെന്ന ശ്രദ്ധയാകർഷിയ്ക്കാൻ അവസരം പാർത്തു നിൽക്കുമ്പോഴാണ ഫോർഷ്‌വില്ലിന്റെ നാവിൽനിന്ന 'ബ്ലാങ്കേ'യെന്നൊരു വാക്ക വീണുകിട്ടിയത്. ഉടനെ "ബ്ലാങ്കെ? കാസൈലിലെ ബ്ലാങ്കെ?", പൊട്ടിത്തെറിയ്ക്കുന്ന ശബ്ദത്തോടെ അദ്ദേഹം വിളിച്ചു ചോദിച്ചു; സദസ്സിലേയ്ക്കു തൊടുത്തുവിട്ട ചോദ്യശരത്തിന്റെ അനന്തരഫലം ആരാഞ്ഞു ശിരസ്സനക്കാതെ നാലുവശത്തേയ്ക്കും ഒളിഞ്ഞുനോക്കി അദ്ദേഹം കഷ്ടപ്പെട്ടു പുഞ്ചിരിയ്ക്കാൻ ശ്രമിക്കുമ്പോൾ, ആ ശ്ലേഷപ്രയോഗം തീരെ അസംഗതമാണെന്ന ഭാവത്തിൽ സ്വാൻ മുഖം തിരിച്ചു. പക്ഷേ, ഫോർഷ്‌വിൽ ഒരു കറകളഞ്ഞ ലൗകികനാണ താനെന്ന മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്തുന്ന മട്ടിൽ ചോദ്യത്തിന്റെ ധ്വനി നന്നായി ആസ്വദിയ്ക്കാനാണ ശ്രമിച്ചത്; യാദൃച്ഛികമായി ലഭിച്ച ആ ഉല്ലാസാനുഭവം പരിധി വിടാതെ രസനീയമായതു മാഡം വെർഡ്യുരിനു നന്നായി ബോധിയ്ക്കുകയും ചെയ്തു.

"ഡോക്ടറോടു രണ്ടു മിനിട്ടുപോലും ഗൌരവം വിടാതെ സംസാരിയ്ക്കാൻ നിങ്ങൾക്കാവില്ല. അപ്പോൾ ഇനി പ്രൊഫസറോടെന്തു പറയും?", മാഡം വെർഡ്യുരിൻ ഫോർഷ്‌വില്ലിനോടു ചോദിച്ചു; വീണ്ടും

ഡോക്ടറുടെ നേരേ തിരിഞ്ഞ് അവർ തുടർന്നു: “സത്യത്തിൽ ഇത്തരം കാര്യങ്ങളാണോ നിങ്ങൾ രോഗികൾക്കു മരുന്നായി നൽകുന്നത്? അങ്ങനെയാണെങ്കിൽ, അവരുടെ വിശ്രമവേളകൾ രസകരമാകാതെ വയ്യ! പക്ഷേ, നേരിട്ടു ബോദ്ധ്യപ്പെടണമെങ്കിൽ ഞാനവിടെ വന്നു രോഗിയായി കിടക്കേണ്ടിവരും!“.

“യഥാർത്ഥത്തിൽ, കാസെലിലെ ബ്ലാങ്കേയെന്നാണു ഞാൻ കേട്ടത്. ആ കുടിലവഞ്ചകനെക്കുറിച്ചാണു ഡോക്ടർ പറഞ്ഞതെന്നു ഞാൻ കരുതുന്നു. അല്ലേ, മാഡം?“, പ്രൊഫസർ ബ്രിക്കോട്ട് മാഡം വെർഡുരിനോട് ചോദിച്ചു. അവരാകട്ടെ, പരമാനന്ദത്തിൽ മതിമറന്നു കണ്ണു പൂട്ടി, മുഖം പൊത്തി, ഹർഷോന്മാദത്തിന്റെ ചില ആക്രന്ദനങ്ങൾ പുറപ്പെടുവിക്കുകമാത്രം ചെയ്തു.

“ദൈവം ക്ഷമിക്കട്ടെ! മാഡം, ഭക്ത്യാദരങ്ങൾ നിറഞ്ഞു തുളുമ്പുന്നവരെ ഞെട്ടിക്കാൻ ഞാനുദ്ദേശിക്കുന്നില്ല. ഇവിടെ അങ്ങനെ ആരെങ്കിലുമുണ്ടെങ്കിൽ, അണിയറയിലെങ്ങാനും., മാത്രമല്ല, പൂർണമായും ഞാനംഗീകരിക്കുന്നു.., നമ്മുടെ ഈ പരമാധികാരസ്വതന്ത്രരാഷ്ട്രം.... എന്തു സ്വാതന്ത്ര്യമാണു നമുക്കു നൽകുന്നത്! നോക്കൂ, പ്രിയപ്പെട്ട ആതിഥേയരേ, നമ്മുടെ ആദ്യത്തെ സൈന്യാധിപൻ, ക്യാപ്പേവംശത്തിലെ വഞ്ചകിയായ മഹാറാണിയെ ആദരിക്കാൻ സർവഥാ യോഗ്യനാണെന്നു ഞാൻ കരുതുന്നു!“. വെർഡുരിന്റെ പ്രതിഷേധത്തിനു മറുപടിയായി ഓരോ അക്ഷരവും പ്രത്യേകമായി ഉച്ചരിച്ചു മുഴങ്ങുന്ന സ്വരത്തിൽ അദ്ദേഹം പറഞ്ഞു. “അല്ലെങ്കിൽ സാങ്ഡെനിസിന്റെ പുരാവൃത്തം നോക്കൂ, വിവരങ്ങളുടെ കൃത്യതയിൽ യാതൊരു സംശയവും വേണ്ട; സുഗേർ പറയുന്നുണ്ട്, മതനിരപേക്ഷതൊഴിലാളിവർഗഭരണകൂടത്തിന്റെ അടുത്ത രക്ഷാധികാരിയായി തിരഞ്ഞെടുക്കപ്പെടാൻ, കപടസന്യാസികളേക്കാൾ യോഗ്യത തീർച്ചയായും ഒരു വിശുദ്ധമാതാവിനുണ്ട്. ഇഷ്ടമുള്ളതു തിരഞ്ഞെടുക്കുകമാത്രമേ അവർക്കു ചെയ്യാനുള്ളൂ!“.

“ആരാണ് ആ മാന്യൻ?“, ഫോർഷ്‌വിൽ മാഡം വെർഡുരിനോടു

ചോദിച്ചു. “ആധികാരികമായി സംസാരിക്കുന്ന അദ്ദേഹം?”

“എന്ത്! സുപ്രസിദ്ധനായ ബ്രിക്കോട്ടിനെ പരിചയമില്ലെന്നോ? യൂറോപ്പിൽ സകലർക്കും സുപരിചിതനാണ് അദ്ദേഹം!“.

“അതെയോ, ബ്രെച്ചോട്ട്.. അല്ലേ? പിന്നീടു പരിചയപ്പെടുത്തി തന്നാൽ മതി!“, പേരു പിടികിട്ടാതെ ഫോർഷ്‌വിൽ, ആ വിശിഷ്ടവ്യക്തിയെ തറപ്പിച്ചു നോക്കി തുടർന്നു: “അത്താഴവിരുന്നുകൾക്കിടയിൽ സുപ്രസിദ്ധരായ ചിലരെ പരിചയപ്പെടുന്നതു തീർച്ചയായും രസകരമായിരിക്കും! ഇവിടെ നിങ്ങളാണെങ്കിൽ, പ്രത്യേകം തിരഞ്ഞെടുത്തവരെ മാത്രമേ ക്ഷണിക്കാറുമുള്ളൂ. അതേതായാലും നന്നായി, ഒന്നിനും ഒരിക്കലും മടുപ്പു തോന്നാനിടയില്ല!“.

“അതെ, വസ്തുത നിങ്ങൾക്കു മനസ്സിലായല്ലോ“, മാഡം വെർഡുരിൻ വിനയപൂർവം പ്രതികരിച്ചു, “ഇവിടെ നല്ല സുരക്ഷിതത്വമുണ്ട്. ഇഷ്ടമുള്ളതെന്തും സംസാരിക്കാം, സംഭാഷണം ചിലപ്പോൾ വെടിക്കെട്ടുപോലെ കത്തിക്കയറും. ഇന്നിപ്പോൾ ബ്രിക്കോട്ട് സാധാരണ നിലവാരത്തിലേക്കു വന്നിട്ടില്ല. അറിയാമോ, കുറച്ചുനേരം കാതു കുളിർപ്പിക്കുന്ന ആ സംസാരം കേട്ടാൽ നിങ്ങളദ്ദേഹത്തിന്റെ മുമ്പിൽ ചെന്നു മുട്ടുകുത്തി കുമ്പിടും. മറ്റെവിടെയായാലും ഈയൊരു നർമ്മബോധം അദ്ദേഹം പുറത്തെടുക്കാറില്ല. അപ്പോഴൊക്കെ തീർത്തും അരസികനായി മാറുന്ന അദ്ദേഹത്തിന്റെ നാവിൽനിന്നു വാക്കുകൾ വലിച്ചെടുക്കേണ്ടി വരാറുണ്ട്..!“.

“അത്ഭുതം!“, സന്ദർഭത്തിനു ചേർന്ന ആശ്ചര്യഭാവത്തോടെ ഫോർഷ്‌വിൽ അഭിപ്രായപ്പെട്ടു.

പ്രൊഫസ്സർ ബ്രിക്കോട്ട് പറഞ്ഞ വിധത്തിലുള്ള നേർബുദ്ധിയുമായി ബന്ധപ്പെട്ട ഫലിതങ്ങൾ പക്ഷേ, സ്വാനിന്റെ സുഹൃത്തുക്കൾ വെറും വിഡ്ഢിത്തങ്ങളായി കരുതി തള്ളിക്കളയുകയാണു പതിവ്. അതേസമയം, നർമ്മബോധമുള്ളവർക്ക് അസൂയ ജനിപ്പിക്കുന്ന പ്രൊഫസറുടെ ബുദ്ധിക്കു മൌലികമായ ഒരുതരം ഊർജ്ജസ്വലതയുണ്ടെന്നു

സ്വാൻ കണ്ടെത്തി; പക്ഷേ, അത്തരക്കാരുടെ പ്രകൃതവും ശൈലിയും സ്വാംശീകരിച്ച സാധാരണമായ സംഭാഷണരീതികൾ മിക്കവാറും സുപരിചിതമായ അദ്ദേഹത്തിനു ബ്രിക്കോട്ടിന്റെ ഫലിതങ്ങളിൽ നിറഞ്ഞുനിന്ന വിദ്യാഗർവ്വും പ്രാകൃതത്വവും കണ്ടു വെറുപ്പാണു തോന്നിയത്. മാത്രമല്ല, നല്ല പെരുമാറ്റരീതികൾമാത്രം കണ്ടുപോന്ന സ്വാനിനു, കൃത്യമായ പട്ടാളച്ചിട്ടയിൽ, ഫോർഷ്‌വിൽ സ്വീകരിച്ച പരുഷവും ഉദ്ധതവുമായ സംസാരശൈലിയും പിടിച്ചില്ല. സർവോപരി, ഓദത്തിന്റെ നിർദ്ദേശപ്രകാരം ക്ഷണിച്ച വരുത്തിയ ഈ വിദ്വാനു മാഡം വെർഡുരിൻ അനാവശ്യമായ ആദരവോടെ സ്വാഗതം ആശംസിയ്ക്കുന്നതുകൂടി കണ്ടപ്പോൾ സ്വാനിനു ക്ഷമ നശിച്ചു. ഈ വിഷയങ്ങളൊന്നും മനസ്സിലാക്കാതെ ഓദത്ത് അദ്ദേഹത്തോടു ചോദിച്ചു: “ഞാൻ കൊണ്ടുവന്ന പുതിയ അതിഥിയെക്കുറിച്ച താങ്കളെന്തു പറയുന്നു?“.

നേരത്തേതന്നെ നേരിട്ടു പരിചയമുണ്ടായിരുന്ന ഫോർഷ്‌വില്ലിനു പക്ഷേ പൌരുഷം കാണിച്ചു യുവതികളെ വശീകരിയ്ക്കാൻകൂടി കഴിയുമെന്ന യാഥാർത്ഥ്യം ആദ്യമായി തിരിച്ചറിഞ്ഞ സ്വാൻ പൊടുന്നനെ തിരിച്ചടിച്ചു: “മൃഗീയം..!“. ഓദത്തിന്റെ പേരിൽ സ്വന്തം മനസ്സിൽ തിരനോട്ടം നടത്താൻ തുടങ്ങിയ അസൂയയെക്കുറിച്ചു തീരെ ബോധമില്ലാതിരുന്നിട്ടും, എന്തുകൊണ്ടോ, അന്നത്തെ വിരുന്നിൽ സ്വാനിനു പതിവുപോലെ സന്തോഷം തോന്നിയില്ല. ബ്ലാങ്കേയുടെ കഥയ്ക്കു മുഖവുരയായി ബ്രിക്കോട്ട് തുടങ്ങി: “ബ്ലാങ്കേയുടെ അമ്മ വിവാഹിതയാകുന്നതിനു മുമ്പ് ഹെൻറിയുടെ കൂടെയാണു ജീവിച്ചിരുന്നത്!“. കഥയുടെ തുടർന്നുള്ള ഭാഗം, പ്രൊഫസറുടെ അനുവാദം വാങ്ങി, വിവരിച്ചു തുടങ്ങിയ സ്വാനിനെ, വെറുമൊരു ഗ്രാമീണന്റെ തലത്തിലേയ്ക്കു തരം താഴ്ത്തുന്ന കർക്കശഭാവത്തോടെ തടഞ്ഞുകൊണ്ടു ഫോർഷ്‌വിൽ ഇടയ്ക്കുകയറി ചോദിച്ചു, “ആരിത്, സ്വാനോ?“. ആ ചോദ്യം കേൾക്കേണ്ട താമസം, മാഡം വെർഡുരിന്റെ മുഖത്തു പടരുന്ന അത്യുൽക്കടമായ രോഷം കണ്ട സ്വാൻ, ബ്ലാങ്കേയുടെ വിഷയത്തിൽ തീരെ താൽപ്പര്യം തോന്നുന്നില്ലെന്നു പറഞ്ഞു പെട്ടെന്നു കഥ നിർത്തി, സ്വകാ

ര്യമായെന്തോ ചോദിയ്ക്കാനുണ്ടെന്ന ഭാവത്തിൽ ചിത്രകാരന്റെ നേർക്കു തിരിഞ്ഞു. ആയിടെ അന്തരിച്ച സുപ്രസിദ്ധനായൊരു കലാകാരന്റെ പ്രദർശനം കാണാൻ അന്നുച്ചയ്ക്കു ചിത്രകാരൻ പോയിരുന്ന വിവരം തൊട്ടു മുമ്പായിരുന്നു സ്വാൻ മനസ്സിലാക്കിയത്. മാഡം വെർഡുരിന്റെ ഒരടുത്ത സുഹൃത്തുകൂടിയായിരുന്നു, അന്തരിച്ച ആ കലാകാരൻ. ആദ്യകാലചിത്രങ്ങളുടെ സാങ്കേതികതയേക്കാൾ ആസ്വാദകരെ പിടിച്ചിരുത്തുന്ന അസാധാരണതകളെന്താണു പിന്നീടുണ്ടായതെന്നു ചിത്രകാരനോടു ചോദിച്ചറിയാനാണു സ്വാൻ ഉദ്ദേശിച്ചത്.

“സാങ്കേതികതയുടെ കാര്യത്തിൽ ആ ചിത്രങ്ങൾക്കുള്ള മഹത്വം ഞാൻ കുറച്ചുകാണുന്നില്ല. പക്ഷേ, നിങ്ങളൊക്കെ പറയുന്നതുപോലെ അത്ര 'സമുന്നത'ശൈലിയാണെന്നൊരു അഭിപ്രായവും എനിയ്ക്കില്ല“, ചെറിയ പുഞ്ചിരിയോടെ സ്വാൻ പറഞ്ഞു.

“'സമുന്നതം!'... ഒരു മഹാസൌധംപോലെ!“, ഡോക്ടർ കോത്താർഡ് കപടഗൗരവത്തോടെ കൈകൾ മേലോട്ടുയർത്തി ഇടപെട്ടു; കേട്ടിരുന്ന സദസ്യർ ഒന്നടങ്കം പൊട്ടിച്ചിരിച്ചു.

“ഇനി ഞാനെന്തു പറയാൻ?“, മാഡം വെർഡുരിൻ നിസ്സഹായത പ്രകടിപ്പിച്ചു, “ഡോക്ടറോടൊരു വിഷയവും ഗൗരവത്തോടെ സംസാരിയ്ക്കാനാവില്ല. തീരെ പ്രതീക്ഷിയ്ക്കാത്ത സമയത്തു പെട്ടെന്നൊരു തമാശയുമായി അദ്ദേഹം ചാടിവീഴും!“.

കൂട്ടത്തിൽ ചേർന്നു ചിരിയ്ക്കാതെ നിസ്സംഗനായിരിയ്ക്കുന്ന സ്വാനിനെ മാഡം വെർഡുരിൻ പ്രത്യേകം ശ്രദ്ധിച്ചു; സ്വാൻ പക്ഷേ, ഫോർഷ്വില്ലിന്റെ മുമ്പിൽവെച്ചു തന്റെ ചിലവിലൊരു കൈയടി കോത്താർഡ് നേടിയെടുത്തതിലുള്ള അസന്തുഷ്ടി മറച്ചുവെച്ചതുമില്ല. അതേസമയം ചിത്രകാരനാകട്ടെ, സ്വാനിന്റെ ചോദ്യത്തിനു മറുപടി പറയുന്നതിനു പകരം, സദസ്യരുടെ മതിപ്പു നേടാൻവേണ്ടി തനതായ നർമ്മബോധം അന്തരിച്ച സുഹൃത്തിനുമേൽ ചാർത്താനാണു തുനിഞ്ഞത്.

“അദ്ദേഹം അവസാനകാലത്തു വരച്ച ഒരു ചിത്രം അടുത്തു ചെന്നു

ഞാൻ പരിശോധിച്ചു", അദ്ദേഹം തുടങ്ങി. "എന്താണ ചെയ്തിരിയ്ക്കുന്നതെന്നു മനസ്സിലാക്കാനുള്ള ഒരു കൌതുകംകൊണ്ടുമാത്രം! ചിത്രത്തിലേയ്ക്കു ഞാനെന്റെ മുഖം പൂഴ്ത്തിയെങ്കിലും എനിയ്ക്കു യാതൊന്നും പിടികിട്ടിയില്ല! ചിത്രം വരയ്ക്കാനുപയോഗിച്ചിരിയ്ക്കുന്ന ചായക്കൂട്ടുപോലും തിരിച്ചറിയാൻ കഴിഞ്ഞില്ല, പശയോ സോപ്പോ പുളിയോ അരക്കോ വെയിലോ വിസർ.........!"

"ഒന്നുംകൂടി കൂട്ടിയാൽ പന്ത്രണ്ടാവും.!", ഫലിതവും പ്രത്യുൽപ്പന്നമതിത്വവും സമാസമം ചേർത്തു ഡോക്ടർ ആർത്തലച്ചു പറഞ്ഞു. പക്ഷേ, ഒരു നിമിഷം വൈകിപ്പോയതുകൊണ്ട് ഇടയ്ക്കുകയറി പറഞ്ഞ ആ ശ്ളേഷപ്രയോഗം ആർക്കും മനസ്സിലായില്ല!

"പ്രത്യേകമായി യാതൊന്നും ഉപയോഗിച്ചിട്ടില്ലെന്നാണ ചിത്രം കണ്ടാൽ തോന്നുക", ചിത്രകാരൻ നിർത്തിയേടത്തു നിന്നു തുടർന്നു. "'നൈറ്റ് വാച്ചി'ലോ, 'റീജന്റ്സി'ലോ കാണാവുന്നവിധം ചിത്രത്തിന്റെ രചനാകൗശലം കണ്ടെത്താൻ വേറേ വഴികളൊന്നുമില്ല. പക്ഷേ റെംബ്രാന്റോ ഹാൽസോ ചെയ്യാനിടയില്ലാത്ത ഒരു മഹത്വമുണ്ടുതാനും! സകലതും അതിലുൾക്കൊള്ളുന്നതായി തോന്നും, പക്ഷേ സൂക്ഷിച്ചു നോക്കുമ്പോൾ പ്രത്യേകിച്ചൊന്നും കാണാനുമില്ല. എന്തായാ-ലും ചിത്രം വെറുമൊരു ശൂന്യതയായി കാണാനാണ് എനിയ്ക്കിഷ്ടം!".

അപ്പോഴേയ്ക്കും ഗായകസംഘം ഒരുങ്ങിക്കഴിഞ്ഞു; ആദ്യമായി ഉച്ചസ്ഥായിയിലെ പഞ്ചമത്തിൽ ചെന്നു തൊട്ടു താഴോട്ടിറങ്ങി വന്നു കൃത്രിമമായൊരു ശ്രുതിയിൽ അവർ രാഗാലാപനം തുടങ്ങി. ചിത്രകാരൻ പറഞ്ഞുപോന്ന വിഷയത്തിൽനിന്നു വ്യതിചലിയ്ക്കാതെ, ആ ചിത്രത്തിന്റെ അലൗകികസൗന്ദര്യത്തിൽ ഒളിഞ്ഞു കിടക്കുന്ന രസകരമായ ഭാവത്തെക്കുറിച്ചു ചിന്തിച്ചു ചുണ്ടിലെ ചിരി മായ്ക്കാതെ ചിലതു സ്വയം മന്ത്രിച്ചു: "ചിത്രത്തിൽനിന്നു പുറത്തു വരുന്ന ഗന്ധം തലയ്ക്കു പിടിച്ചാൽ ചിലപ്പോൾ ശ്വാസഗതിയ്ക്കുപോലും തടസ്സം വന്നേക്കും; ശരീരത്തിലാകെ ഒരുതരം ഇക്കിളി അനുഭവപ്പെട്ടുകയും ചെയ്യും. പക്ഷേ, അതെങ്ങനെ ചെയ്തെന്നുമാത്രം മനസ്സിലാവുന്നില്ല. ചിലപ്പോ

ൾ അയാളൊരു മന്ത്രവാദിയായിരിയ്ക്കാം, ചിത്രമൊരു ആഭിചാരപ്രയോഗവും, എന്തായാലും ഒരു ദിവ്യാത്ഭുതം!", പെട്ടെന്നു പൊട്ടിച്ചിരിയിലേയ്ക്കു വഴുതിവീണ ചിത്രകാരൻ മുഖമുയർത്തി സ്വരം മന്ദ്രസ്ഥായിഷഡ്ജത്തിൽ കൊണ്ടുചെന്നു സ്വയം ഉപസംഹരിച്ചു: "സത്യസന്ധമല്ലെങ്കിലും തികഞ്ഞ വിശ്വസ്തത അവകാശപ്പെടാവുന്ന ഒരു ചിത്രം!".

ലോകത്തിലെ ഏറ്റവും മികച്ച കലാസൃഷ്ടിയെന്നു കാലങ്ങളായി സ്വയം വിശ്വസിച്ചിരുന്ന 'നൈറ്റ് വാച്ചി'നെ വെല്ലുന്നതാണു താനന്നു കണ്ട ചിത്രമെന്നു ചിത്രകാരൻ പറഞ്ഞപ്പോൾ, ദൈവദൂഷണം കേട്ടതുപോലെ, മാഡം വെർഡുരിൻ ഉച്ചത്തിലൊരു പ്രതിഷേധസ്വരം പുറപ്പെടുവിച്ചു. 'വിസർജ്ജ്യ'മെന്ന വാക്കു സംഭാഷണത്തിൽ അനുവദനീയമല്ലെന്ന ഭാവത്തോടെ ഫോർഷ്‌വിൽ നാലുവശത്തേയ്ക്കും തിരിഞ്ഞു നോക്കി, അവസാനം ചുണ്ടിലൊരു അനുനയത്തിന്റെ പുഞ്ചിരി വിടർത്തി. ഈ രണ്ടു സന്ദർഭങ്ങളിലും, സ്വാനൊഴികെ, സകലരും ആരാധന നിറഞ്ഞ കണ്ണുകളോടെ ചിത്രകാരനെത്തന്നെ നോക്കിയിരിയ്ക്കുകയായിരുന്നു.

"ഇങ്ങനെ ഓരോന്നു പറഞ്ഞു കത്തിക്കയറുമ്പോൾ, ഞാനെങ്ങനെ അദ്ദേഹത്തെ ഇഷ്ടപ്പെടാതിരിയ്ക്കും?". ഫോർഷ്‌വിൽ വിരുന്നിൽ പങ്കെടുത്ത ആദ്യരാത്രിതന്നെ വെടിവട്ടം രസകരമായെന്നു തെളിയിയ്ക്കാൻ കഴിഞ്ഞതിലുള്ള ഹർഷോന്മാദത്തോടെ മാഡം വെർഡുരിൻ ഭർത്താവിനെ വിളിച്ചു പറഞ്ഞു: "ഹേയ്, നിങ്ങൾക്കിതെന്തു പറ്റി? പന്നിയെപ്പോലിരുന്നു കോട്ടുവായിടുന്നോ..?". തുടർന്നു ചിത്രകാരനോടു ക്ഷമാപണസ്വരത്തിൽ അവർ പറഞ്ഞു, "ഇദ്ദേഹം മനസ്സു തുറന്നാൽ പല തമാശകളും പറയും. ഇന്നുതന്നെ നിങ്ങളുടെ സംസാരം മുഴുവൻ ഇദ്ദേഹം അകത്തേയ്ക്കു വലിച്ചിട്ടുണ്ട്. നാളെ ഒരു വാക്കുപോലും വിടാതെ അതെല്ലാം നമുക്കിരുന്നു കേൾക്കാം!".

"ഞാൻ തമാശ പറഞ്ഞതല്ല..!", തന്റെ പ്രഭാഷണം വിജയിച്ചതി

ൽ മതിമയങ്ങി ചിത്രകാരൻ പ്രതിഷേധിച്ചു. “ഞാനൊരു മായാജാലം കാണിച്ചു കാലു വാരിയെന്നായിരിയ്ക്കും നിങ്ങൾ കരുതുന്നത്! എന്തായാലും നാളെ നിങ്ങളേയും കൂടി പ്രദർശനത്തിനു കൊണ്ടുപോകാം, ഞാൻ അതിശയോക്തി പറയുകയല്ലെന്നു നിങ്ങൾക്കപ്പോൾ ബോദ്ധ്യപ്പെടും. ഞാനിതാ പന്തയം വെയ്ക്കാം, നാളെ എന്നേക്കാളുയരത്തിൽ നിങ്ങൾ 'വായുവിൽ പറക്കും’!“.

“നിങ്ങൾ അതിശയോക്തി പറയുകയാണെന്നൊരു നിമിഷം ഞാൻ ചിന്തിച്ചിട്ടില്ല; തൽക്കാലം വർത്തമാനം നിർത്തി ഭക്ഷണത്തിലേയ്ക്കു കടക്കാമെന്നേ ഉദ്ദേശിച്ചുള്ളൂ. ഇതാ, എന്റെ ഭർത്താവ് തയാറായിക്കഴിഞ്ഞു, ചിത്രകാരനു കുറച്ചുകൂടി പഴച്ചാറു കൊടുക്കൂ, കറിയാകെ തണുത്തതുപോലെ തോന്നുന്നുണ്ടല്ലോ.. ധൃതി പിടിയ്ക്കേണ്ട.. എന്തിനിങ്ങനെ വീടിനു തീപിടിച്ചതുപോലെ നാലുപാടും ഓടുന്നു? പതുക്കെ മതി.. സലാഡ് ഉടനെ വേണ്ട!"

അത്യപൂർവമായി മാത്രം സംസാരിയ്ക്കുന്ന ഒരു നാണംകുണുങ്ങിയായിരുന്നു മാഡം കോത്താർഡ്. പക്ഷേ, അവസരത്തിനു യോജിച്ച യുക്തമായൊരു പ്രയോഗം കണ്ടുപിടിയ്ക്കാൻ കഴിഞ്ഞാൽ പിന്നെയവർക്കു യാതൊരു സങ്കോചവും തോന്നാറില്ല. സ്വന്തം വ്യക്തിത്വത്തിനു തിളക്കം കൂട്ടുന്നതിനേക്കാൾ ഭർത്താവിന്റെ ഔദ്യോഗികജീവിതം മഹത്വവൽക്കരിയ്ക്കാൻ സഹായകമായ കാര്യങ്ങൾ മാത്രമേ അവർ ചെയ്യാറുള്ളൂ. അതുകൊണ്ട് മാഡം വെർഡുരിന്റെ 'സലാഡെ'ന്ന പ്രയോഗം ചോദ്യം ചെയ്യപ്പെടാതെ പോകാൻ അവരനുവദിച്ചില്ല.

“ജാപ്പനീസ് സലാഡല്ല, അല്ലേ?“, ഓദത്തിനു നേരേ തിരിഞ്ഞ് അവർ സ്വകാര്യമായി ചോദിച്ചു.

അതേ പേരിൽ ഡ്യൂമാസിന്റെ ഉജ്ജ്വലവിജയം നേടിയ നാടകത്തെക്കുറിച്ചു വകതിരിവോടെ തെറ്റു പറ്റാതെ നടത്താൻ കഴിഞ്ഞ സൂചനയുടെ ആനന്ദത്തിലും ആശയക്കുഴപ്പത്തിലും ചെന്നു ചാടിയ അവർ പെട്ടെന്നു ബാലികാസഹജമായൊരു ചിരിയിലേയ്ക്കു വഴുതി വീണു; തീരെ തടുക്കാനാവാത്ത ആ ചിരി നിയന്ത്രിയ്ക്കാൻ അവർക്കേ

റെ പാടുപെടേണ്ടിയും വന്നു.

“പിശാചിനെപ്പോലെ കൌശലക്കാരിയായൊരു സ്ത്രീ! അവരാരാണ്?“, ഫോർഷ്‌വിൽ ചോദിച്ചു.

“അല്ല., ഇതു ജാപ്പനീസ് സലാഡല്ല! വെള്ളിയാഴ്ച വിരുന്നിനു വരുമ്പോൾ തീർച്ചയായും ഞങ്ങളതു ശരിയാക്കാം“.

“ഒരുപക്ഷേ, ഞാനൊരു സങ്കുചിതചിന്താഗതിക്കാരിയാണെന്നു താങ്കൾക്കു തോന്നാം“, മാഡം കോത്താർഡ് സ്വാനിനോടു പറഞ്ഞു, “താങ്കൾക്കറിയാമോ, ഈയിടെ സകലരും പറഞ്ഞുനടക്കുന്ന 'ഫ്രാൻസിലോൺ' നാടകം ഞാനിതുവരെ കണ്ടില്ല. ഡോക്ടർ നേരത്തേ കണ്ടുകഴിഞ്ഞു; അന്നവിടെ നാടകശാലയിൽവെച്ച് താങ്കളുടെ കൂടെ സമയം ചിലവഴിച്ചതിന്റെ ചാരിതാർത്ഥ്യം അദ്ദേഹം തുറന്നു പറഞ്ഞതു ഞാനോർക്കുന്നു. ഇനിയെനിയ്ക്കുമാത്രമായി രണ്ടു കസേരയ്ക്കു പണം മുടക്കുന്നതിൽ ഒരർത്ഥവുമില്ല. തീർച്ചയായും, ഫ്രാങ്കൈയ്സ് തിയേറ്ററിലെ ഒരു വൈകുന്നേരം ഒരിയ്ക്കലും വെറുതെയാവില്ലെന്ന് എനിയ്ക്കറിയാം. ഞങ്ങൾക്കു വളരെ അടുത്ത ചില സുഹൃത്തുക്കൾ അവിടെയുണ്ട്; അവർക്കവിടെ ചിലപ്പോൾ ഒരു മുറിതന്നെ കണ്ടേക്കാം. കൊള്ളാവുന്ന പുതിയ നാടകങ്ങൾ വന്നാൽ അവർ ഞങ്ങളെ ക്ഷണിയ്ക്കാറുമുണ്ട്. അതുകൊണ്ട്, ഈ 'ഫ്രാൻസിലോൺ' ഇന്നോ നാളെയോ ഞാൻ കാണാതിരിയ്ക്കില്ല. കണ്ടതിനുശേഷം മാത്രമേ തക്കതായൊരു നിലപാടെനിയ്ക്കു പറയാനാവൂ. എപ്പോഴും എവിടേയും എല്ലാവരും, വൃത്തികെട്ട ഈ ജാപ്പനീസ് സലാഡിനെക്കുറിച്ച് പറയുന്നതുകൊണ്ട് ആ വിഷയത്തിലൊരു നിരക്ഷരയാണെന്ന തോന്നൽ എനിയ്ക്കുണ്ടെന്നു സമ്മതിക്കാതെ വയ്യ. സത്യത്തിൽ, അതിനെക്കുറിച്ച് കേട്ടു കേട്ടു വല്ലാത്തൊരു ക്ഷീണംപോലും എനിയ്ക്കു തോന്നിത്തുടങ്ങിയിരിയ്ക്കുന്നു!‘ ചൂടേറിയ ഒരു സമകാലികവിഷയത്തിൽ പ്രതീക്ഷിച്ചത്ര താൽപ്പര്യം സ്വാൻ കാണിയ്ക്കാത്തതു കണ്ടു വിസ്മയത്തോടെ അവർ തുടർന്നു: “എന്നാലും, നാടകത്തെക്കുറിച്ച് പറഞ്ഞു കേൾക്കുന്ന നേരംപോ

ക്കുകളുടെ രീതി ചിലപ്പോൾ സഭ്യതയുടെ പരിധി ലംഘിയ്ക്കുന്നുണ്ട്; സുന്ദരിയും സമൂഹത്തിൽ സ്വീകാര്യയുമായ എന്റെ ഒരു സുഹൃത്തു വീട്ടിലെ പാചകക്കാരനോട് അത്തരമൊരു ജാപ്പനീസ് സലാഡ് തയാറാക്കാൻ ആവശ്യപ്പെട്ടു! നാടകത്തിൽ യുവാവായ ഡ്യൂമാസ് നിർദ്ദേശിയ്ക്കുന്നതുപോലെ എല്ലാം വേണ്ടതുപോലെ ചേർത്തു പാകം ചെയ്ത സലാഡ് ചില സുഹൃത്തുക്കളോടു രുചിച്ചു നോക്കാനും അവളാവശ്യപ്പെട്ടു. നിർഭാഗ്യവശാൽ, അങ്ങനെ തിരഞ്ഞെടുക്കപ്പെട്ടവരിൽ ഞാനുണ്ടായിരുന്നില്ല. പക്ഷേ, പിറ്റേന്നു സംഭവിച്ചതെല്ലാം അവൾ ഞങ്ങളോടു വിവരിച്ചു പറഞ്ഞു. ചിന്തിയ്ക്കാനാവാത്ത ആ സംഭവം കേട്ടു ഞങ്ങൾ കരയുവോളം ചിരിച്ചു. എനിയ്ക്കറിയില്ല, ഒരുപക്ഷേ, അതവൾ പറഞ്ഞ ശൈലികൊണ്ടായിരിയ്ക്കാം..!“, അപ്പോഴും സ്വാൻ നിർവികാരനായി നിൽക്കുന്നതു കണ്ട മാഡം കോത്താർഡ്, അദ്ദേഹത്തിനു 'ഫ്രാൻസിലോണി'ൽ പ്രത്യേകിച്ചു രസം തോന്നാത്തതുകൊണ്ടായിരിയ്ക്കാമെന്നു കരുതി ആവേശം വിടാതെ കൂട്ടിച്ചേർത്തു: “ഞാൻ നിരാശപ്പെടേണ്ടി വരുമെന്നാണു തോന്നുന്നത്. മാഡം ക്രേസിയ്ക്കു പ്രിയപ്പെട്ട 'സെർഗെപാനിനെ'പ്പോലെയല്ലെങ്കിലും, അങ്ങനെയൊരു നാടകമുണ്ടെന്ന കാര്യം അറിഞ്ഞുവെച്ചതു നന്നായി. താങ്കൾക്കു പക്ഷേ ഇഷ്ടപ്പെടുമെന്നു തോന്നുന്നില്ല. ഇരുത്തി ചിന്തിപ്പിയ്ക്കുന്നത്ര ഗഹനമാണത്! പക്ഷേ, ഫ്രാങ്കൈയ്സ് തിയേറ്ററിൽ ചെന്നു സ്വന്തം പണം മുടക്കി ഒരു സലാഡിന്റെ കുറിപ്പു വാങ്ങുന്നതിനെക്കുറിച്ചു ചിന്തിയ്ക്കാൻ വയ്യ! പിന്നെ, 'സെർഗെപാനിനെ'! ജോർജ്ജസ് ഓഹ്നെട്ടിന്റെ തൂലികയിൽനിന്നു നല്ലതല്ലാതെ യാതൊന്നും വരില്ല! 'സെർഗെപാനിനെ'ക്കാൾ ഒരുപടി മീതെ നിൽക്കുന്ന 'മൈത്രേഡെസ് ഫോർജസി' നെ സംബന്ധിച്ചു താങ്കൾക്കറിയുമോ എന്നെനിയ്ക്കറിയില്ല........“.

“എന്നോടു ക്ഷമിയ്ക്കൂ', സ്വാൻ മര്യാദ വിടാതെ അവരോടു പറഞ്ഞു. “ഇതുപോലുള്ള നാടകങ്ങളോടു പൊതുവേ എനിയ്ക്കൊരു നിസ്സംഗഭാവമാണുള്ളത്!"

“കൊള്ളാം. കേൾക്കാൻ രസമുണ്ട്. അവയിൽ എന്തൊക്കെയാ

ണ താങ്കൾക്കിഷ്ടപ്പെടാത്തത്? ഇക്കാര്യത്തിൽ താങ്കളൊരിയ്ക്കലും മനസ്സ മാറ്റാറില്ലേ? ഡോക്ടറൊരു വിഷാദരോഗിയാണെന്ന താങ്കളൊരുപക്ഷേ കരുതുന്നുണ്ടാവും. ശരി, നാടകത്തേയും നോവലിനേയുംകുറിച്ച് തർക്കിയ്ക്കാൻ പാടില്ലെന്നാണ ഞാനെപ്പോഴും പറയുന്നത്; കാര്യങ്ങൾ നോക്കിക്കാണുന്നതിൽ ഓരോരുത്തർക്കും ഓരോ വഴിയുണ്ടാവും, താങ്കൾക്കു ഭീകരമായി തോന്നുന്നത് എനിയ്ക്കൊരുപക്ഷേ, പ്രിയപ്പെട്ടതായിരിയ്ക്കും..".

മാഡം കോത്താർഡ് 'ഫ്രാൻസിലോണി'നെക്കുറിച്ചു സ്വാനുമായി ചർച്ച ചെയ്യുന്ന സമയത്തു ഫോർഷ്‌വിൽ മാഡം വെർഡൂരിനോടു ചിത്രകാരന്റെ 'പ്രഭാഷണ'ത്തിൽ മതിപ്പു രേഖപ്പെടുത്തുകയായിരുന്നു: "നിങ്ങളുടെ സുഹൃത്തിന്റെ അനർഗളമായ വാഗ്ധോരണിയും തീക്ഷ്ണമായ ഓർമ്മശക്തിയും എന്തുകൊണ്ടും അതിശയകരംതന്നെ! ഇതുപോലൊരു പ്രഭാഷണം ഞാനൊരിയ്ക്കലും കേട്ടിട്ടില്ല. ഒരുപക്ഷേ അദ്ദേഹത്തിനു നല്ലൊരു ഉപദേശിയാകാൻ കഴിയും. ദൈവത്തിന്റെ പേരിൽ പറയട്ടെ, അദ്ദേഹത്തെപ്പോലെയാകാൻപോലും ഞാനിപ്പോൾ മോഹിയ്ക്കുന്നു! ബ്രെച്ചോട്ടും ചിത്രകാരനുമായി ഇന്നു രാത്രി നിങ്ങൾ രണ്ടു ഭാഗ്യനമ്പറുകൾ നേടിക്കഴിഞ്ഞു. പ്രാസംഗികനെന്നനിലയിൽ ചിത്രകാരനു പ്രൊഫസറെ അതിശയിയ്ക്കാൻ കഴിയുമെന്നു ഞാൻ കരുതുന്നില്ല; പുസ്തകത്തിൽനിന്നു വായിച്ചെടുക്കുന്നതിനേക്കാൾ അദ്ദേഹത്തിന്റെ വാക്കുകൾ നാവിൽനിന്നു നൈസർഗികമായാണ പുറപ്പെടുന്നത്; ചിന്തയുടെ ഗതിഭേദങ്ങളും ശ്രദ്ധിയ്ക്കണം. മാത്രമല്ല, യാഥാർത്ഥ്യബോധമുള്ള നല്ല വാക്കുകളാണ, തീർച്ചയായും, അദ്ദേഹം പ്രയോഗിയ്ക്കുന്നത്. ഇക്കാലത്ത് ഇതാണ വേണ്ടത്. എന്തായാലും, സദസ്യരെ സമർത്ഥമായി പിടിച്ചടക്കുന്ന ഒരു വാഗ്മിയെ ഞാനിന്നു കണ്ടു. ഞങ്ങളിതിനെ പട്ടാളത്തിൽ 'കോളാമ്പി പിടിയ്ക്കുക'യെന്നു പറയും; ഇതുപോലെ ഒരാൾ പണ്ടു ഞങ്ങൾക്കിടയിലുണ്ടായിരുന്നു. സദസ്യർക്ക് ഇഷ്ടപ്പെട്ട എന്തു വിഷയവുമെടുക്കാം. ഉദാഹരണത്തി

ന്, ഈ ഗ്ലാസ്! അദ്ദേഹം മണിക്കൂറുകളോളം ഗ്ളാസിനെക്കുറിച്ചുത ന്നെ സംസാരിയ്ക്കും. വേണ്ട..., ഗ്ലാസ് നിസ്സാരം! നോക്കൂ, വാട്ടർലൂയു ദ്ധംപോലെ കുറച്ചുകൂടി വലിയതെന്തെങ്കിലും.., അതെ, നിങ്ങൾക്കു വിശ്വസിയ്ക്കാൻപോലും കഴിയാത്ത അദ്ദേഹം കൃത്യമായി ബോദ്ധ്യ പ്പെടുത്തിത്തരും. എന്തിനു പറയുന്നു, അന്നു ഞങ്ങളുടെ കൂട്ടത്തിൽ സ്വാനുണ്ടായിരുന്നല്ലോ, സ്വാനിനു തീർച്ചയായും അയാളെ അറിയാ മായിരിയ്ക്കും".

"അപ്പോൾ, നിങ്ങൾക്കു സ്വാനിനെ നന്നായറിയാം, അല്ലേ?", ആ കാംക്ഷ അടക്കാനാവാതെ മാഡം വെർഡുരിൻ ചോദിച്ചു.

"അങ്ങനെ പറയത്തക്ക പരിചയമൊന്നുമില്ല!", ഫോർഷ്വിൽ പ റഞ്ഞു. സത്യം തുറന്നു പറഞ്ഞാൽ, സ്വാനിനോടുള്ള ഓദത്തിന്റെ മ തിപ്പു വർദ്ധിയ്ക്കുന്ന ദുരവസ്ഥ തടയാൻ, തൽക്കാലം പരിഷ്ക്കൃതലോ കത്തു സ്വാനിനുള്ള സ്വാധീനം എടുത്തു പറഞ്ഞു പുകഴ്ത്തുകയാണു ചിതമെന്നു കരുതി, വെറുമൊരു ലൗകികമനുഷ്യനെപ്പോലെ നിർ ദ്ദോഷമായ നിരൂപണസ്വരത്തിൽ അദ്ദേഹം ചോദിച്ചു: "അല്ലേ, സ്വാ ൻ? എനിയ്ക്കു നിങ്ങളെക്കുറിച്ചു കൂടുതലൊന്നും അറിയാനിടവന്നിട്ടില്ല! നോക്കൂ, ഇദ്ദേഹത്തെ ആർക്കാണു നേരിട്ടു കാണാൻ കഴിയുന്നത്? ഈ മനുഷ്യൻ സദാ ഡിലാട്രൈമോയ്ലെസും ലോമസുംപോലുള്ള ഉ ന്നതരുടെകൂടെ സല്ലാപത്തിലായിരിയ്ക്കും!" ഇക്കഴിഞ്ഞ ഒരു വർഷം വെർഡുരിൻകുടുംബത്തിലല്ലാതെ മറ്റൊരിടത്തും പോകാത്ത സ്വാനി നെ സംബന്ധിച്ചു തികച്ചും തെറ്റായ ആ ആരോപണം വളരെ ഗൗര വതരമായി മാറി. മാഡം വെർഡുരിനു തീരെ പരിചയമില്ലാത്ത ആ കുടുംബനാമങ്ങൾ ഗർഹണീയമായ മൌനത്തോടെയാണു പരിഗ ണിയ്ക്കപ്പെട്ടത്. 'വിശ്വസ്ത'രുടെ മുമ്പിൽവെച്ച് 'അരസിക'രെക്കുറിച്ചുള്ള ആ പരാമർശം, പ്രത്യേകിച്ചും പരുഷഭാഷയിൽ ഊക്കോടെ വന്നു പതിച്ച ആ പ്രഹരം, കേൾക്കുന്ന നിമിഷം പ്രിയതമയ്ക്കു പൊട്ടിപ്പുറ പ്പെടാവുന്ന ഉൽക്കടമായ വേദനയെക്കുറിച്ചു ചിന്തിച്ചു വെർഡുരിൻ സഹജമായ ഉൽക്കണ്ഠ കലർത്തി നിഗൂഢമായൊരു നോട്ടം അവരു

ടെ നേർക്കയച്ചു. അടുത്ത ഒരു സുഹൃത്തു സംസാരത്തിൽ മന:പൂർവം തിരുകിച്ചേർത്ത ചില പ്രസ്താവനകളോടുള്ള നമ്മുടെ നിസ്സംഗമായ പ്രതികരണം ഒരംഗീകാരമായി കണക്കാക്കപ്പെടുന്നതുപോലെ, നമ്മുടെ സാന്നിദ്ധ്യത്തിൽ പറയാൻ പാടില്ലെന്നു വിലക്കുള്ള പ്രതിയോഗിയുടെ വിശേഷങ്ങൾ യദൃച്ഛയാ പറഞ്ഞു കേട്ടതുപോലെ, മൌനം മാത്രമല്ല ബധിരതകൂടി ഭാവിച്ചു യാതൊന്നും ശ്രദ്ധിയ്ക്കാതിരിയ്ക്കാനുള്ള ദൃഢനിശ്ചയത്തിൽ, അവർക്കുനേരേ വന്ന വാർത്തയ്ക്കു സമ്പർക്കശേഷിപോലും നഷ്ടപ്പെടുന്നതായി അദ്ദേഹം കണ്ടു. ആ നിസ്സംഗത ഒരംഗീകാരമല്ല, അജൈവവസ്തുക്കൾക്കു സഹജമായ ജഡതയായി വ്യാഖ്യാനിയ്ക്കപ്പെടണമെന്ന മട്ടിൽ, ചലനക്ഷമതയുടെ സകല ലക്ഷണങ്ങളും മാഡം വെർഡ്യുരിന്റെ മുഖത്തുനിന്നു തൽക്ഷണം മാഞ്ഞുപോയി. സ്വാൻ സദാ സമയവും 'അടയിരിയ്ക്കുന്ന'തായി പറയപ്പെടുന്ന ഡിലാട്രെമോയ്ലെസിന്റേയും മറ്റും അജ്ഞാതനാമങ്ങൾക്കു തുളച്ചു കയറാനാവാത്ത അവരുടെ വൃത്താകാരമായ നെറ്റിത്തടം, ഉടനെയൊരു ലംബശിൽപ്പത്തിന്റെ മാതൃകയായി മാറി; പരിഭവവും കോപവും മൂലം ചുളുങ്ങി വികൃതമായ അവരുടെ മൂക്കു കറുത്ത രണ്ടു ദ്വാരങ്ങൾ മാത്രമായി കാണപ്പെട്ടു; പാതി തുറന്നു പിടിച്ച ചുണ്ടുകൾ സംസാരം തുടങ്ങാനുള്ള ശ്രമമായി കാണികൾക്കു തോന്നാമെങ്കിലും, അവരുടെ മുഖം മിക്കവാറും മെഴുകിൽതീർത്ത ഒരു പൊയ്മുഖമായും വ്യാവസായികമേളയിൽ പ്രദർശിപ്പിയ്ക്കാനുദ്ദേശിച്ചു പണിത അർദ്ധകായപ്രതിമയായും തെറ്റിദ്ധരിയ്ക്കപ്പെടാനുള്ള സകല സാദ്ധ്യതകളും തെളിഞ്ഞു വന്നു; ആ പ്രതിമയ്ക്കു മുമ്പിൽ കൂട്ടം കൂടിയ ജനങ്ങൾ, ശിൽപ്പിയുടെ അതിശയകരമായ കരവിരുതിനെക്കുറിച്ചു വാഴ്ത്തി, ഡിലാട്രെമോയ്ലെസും ലോമസുംപോലുള്ള ചില 'അരസിക'രേക്കാൾ വെർഡ്യുരിൻ കുടുംബത്തിനുള്ള അധൃഷ്യമായ പ്രൗഢിയും പോപ്പിനോളംപോന്ന പ്രതാപവും എത്ര തന്മയത്വപൂർവമായാണു ശിലാപാളികളുടെ വെണ്മയിലും കാഠിന്യത്തിലും ഇഴുകിച്ചേർന്നിരിയ്ക്കുന്നതെന്നു വിസ്മയം പൂണ്ടു നിൽക്കും; സദാ സമയവും മദ്യലഹരിയിൽ മയങ്ങിയ ആതി

ഥേയയും ഇടനാഴിയെ 'ഇരുനാഴി'യാക്കുന്ന കുടുംബനാഥനുമുള്ള അത്തരമൊരു വീട്ടിലേയ്ക്കു യദൃച്ഛയാ കടന്നുവരുന്ന ഒരതിഥി, അപ്രതീക്ഷിതമായി ആ പ്രതിമയ്ക്കു കൈവരുന്ന ചലനശേഷി കണ്ടു മറ്റു കുടുംബാംഗങ്ങൾ യാതൊരു വിസ്മയപ്രകടനങ്ങൾക്കും മുതിരാതെ നിശ്ചേഷ്ടരായി തുടരുന്നതു കണ്ടു സ്വയം അത്ഭുതപ്പെടാതിരിയ്ക്കില്ല!.

“അവരിലൊരാൾ ഈ വീട്ടിൽ കാലെടുത്തു കുത്തണമെങ്കിൽ താങ്കളെനിയ്ക്കായി ഒരുപാടു പണം ചിലവഴിയ്ക്കേണ്ടിവരും!“, അധികാരഭാവത്തോടെ സ്വാനിനെ തറപ്പിച്ചു നോക്കി മാഡം വെർഡ്യുരിൻ അവസാനതീർപ്പു കൽപ്പിച്ചു.

പെട്ടെന്നു പിയാനിസ്റ്റിന്റെ അമ്മായി ഇടപെട്ടു: “നിങ്ങളിപ്പോഴാണോ അക്കാര്യം ആലോചിയ്ക്കുന്നത്? അവർക്കാരേയും വേണമെങ്കിലും പിടികൂടാം. എനിയ്ക്ക് അത്ഭുതം തോന്നുന്നില്ല. ഇപ്പോഴിതാ ഞാൻതന്നെ ഭയപ്പെടേണ്ടതായി വന്നിരിയ്ക്കുന്നു. ഒരു പരിധിയിലധികം ആർക്കും സ്വയം നിയന്ത്രിയ്ക്കാനാവില്ല. പക്ഷേ, നമ്മളിൽ ചിലർക്കെങ്ങനെ അവരുടെ പിന്നാലെ ചെന്നു സ്വയം തരം താഴാനാവുന്നു?“ അവരുടെ പരിപാവനമായ ശുദ്ധഗതിയ്ക്കു മാറ്റൊലിയായെങ്കിലും സ്വാൻ കീഴടങ്ങുമെന്നു പക്ഷേ, മാഡം വെർഡ്യുരിൻ പ്രതീക്ഷിച്ചില്ല.

“നോക്കൂ, അവരൊരു പ്രഭ്വിയാണെന്ന കാര്യം മറക്കരുത്. ഈ വിഷയങ്ങളിൽ പ്രത്യേകമഹത്വം കൽപ്പിയ്ക്കുന്നവർ ഇന്നും നമുക്കിടയിലുണ്ടെ'ന്നൊരു സാധാരണ മറുപടി സ്വാൻ പറഞ്ഞിരുന്നെങ്കിൽ, 'അതിലവർക്ക് ഒരുപാടു ഗുണവും ലഭിയ്ക്കുന്നുണ്ടെ'ന്ന ആരോപണം നടത്തി തിരിച്ചടിയ്ക്കാനുള്ള ഒരവസരം മാഡം വെർഡ്യുരിനു ലഭിയ്ക്കുമായിരുന്നു. മറിച്ച്, ആ അസംബന്ധപ്രസ്താവന ഒരിയ്ക്കലും ഗൗരവത്തിലെടുക്കാനാവില്ലെന്നു സൂചിപ്പിയ്ക്കുന്ന ഒരു പുഞ്ചിരി മാത്രമാണു സ്വാനിന്റെ മുഖത്തു തെളിഞ്ഞത്. ഇടയ്ക്കിടെ ഭാര്യയുടെനേർക്കു ശ്രദ്ധദൃഷ്ടികളയച്ചുകൊണ്ടിരുന്ന വെർഡ്യുരിനു പക്ഷേ അവരുടെ മുഖത്തുനിന്നു നാസ്തികരെ അടിച്ചമർത്തുന്നതിൽ പരിതാപകരമായി പരാജയപ്പെട്ട ഒരു മതാദ്ധ്യക്ഷന്റെ കത്തിജ്ജ്വലിയ്ക്കുന്ന കോപം കാണാനാ

യില്ലെങ്കിലും ആത്മസങ്കടം നിഴലിയ്ക്കുന്ന നിസ്സഹായത മനസ്സിലാക്കാൻ കഴിഞ്ഞു; ഒരുവശത്തെ മനോധൈര്യം മറുവശത്തു ഭീരുത്വത്തിന്റെ കൗശലമായി കരുതി, സ്വാനിനെ പഴയ നിലയിലേയ്ക്കു കൊണ്ടുവരാമെന്ന പ്രത്യാശയോടെ അദ്ദേഹം ചാടിവീണു:

"പറയൂ, അവരെക്കുറിച്ചുള്ള താങ്കളുടെ കൃത്യമായ അഭിപ്രായം പറയൂ! എന്തായാലും, ഞങ്ങളത് അവരുടെ ചെവിയിലെത്തിയ്ക്കില്ലെന്ന കാര്യം താങ്കൾക്കുറപ്പിയ്ക്കാം!".

"അതിനെന്ത്? എനിയ്ക്കവരെ ഭയമില്ല. മാത്രമല്ല, അവരെ ചെന്നു കാണുന്നതിൽ സന്തോഷവും തോന്നാറുണ്ട്. പക്ഷേ, അങ്ങനെ എടുത്തു പറയത്തക്ക ഒരു 'ഗഹനത' അവർക്കുണ്ടെന്നും ഞാൻ കരുതുന്നില്ല!'". 'ഗഹനത'യെന്ന വാക്കു ചെറിയൊരു പരിഹാസധ്വനിയോടെയായിരുന്നു, അദ്ദേഹം ഉച്ചരിച്ചത്. സംഗീതത്തോടുള്ള അഭിരുചി മൂലം മനസ്സിനു വന്ന ചില മാറ്റങ്ങളുടെ ഫലമായി, തൽക്കാലത്തേയ്ക്കു തള്ളിക്കളയുമെങ്കിലും, പ്രത്യേകമായ ചില കാഴ്ചപ്പാടുകൾ അദ്ദേഹം യഥാതഥമായിത്തന്നെ അവതരിപ്പിയ്ക്കാറുണ്ട്. "പക്ഷേ, അവരൊരു ബുദ്ധിമതിയാണെന്നും, ഭർത്താവൊരു പുസ്തകപ്പുഴുവാണെന്നും പൂർണബോദ്ധ്യത്തോടെ ഞാൻ പറയാം; വ്യക്തിപരമായി അവർക്കു നല്ല ആകർഷകത്വവുമുണ്ട്!".

സ്വാനിന്റെ നിർദ്ദോഷമായ വിശദീകരണം പക്ഷേ ദാരുണമായൊരു ദുരന്തത്തിലാണു പര്യവസാനിച്ചത്. 'അവിശ്വാസ'ത്തിന്റെ ഈയൊരു ദുരവസ്ഥ, 'അണുകുടുംബ'ത്തിന്റെ ഐക്യദാർഢ്യം എന്നെന്നേയ്ക്കുമായി തച്ചു തകർക്കാൻ സാദ്ധ്യതയുണ്ടെന്നു മാഡം വെർഡുരിൻ തൽക്ഷണം തിരിച്ചറിഞ്ഞു; സ്വാനിന്റെ വാക്കുകൾ വരുത്തിവെച്ച ഉദ്വേഗത്തിന്റെ തീവ്രത സഹിയ്ക്കാതെ, ആ നികൃഷ്ടജീവിയുടെ നിർബന്ധബുദ്ധി നിയന്ത്രിയ്ക്കാൻ കഴിയാതെ, അവരുടെ പീഡിതഹൃദയത്തിൽനിന്നു രൗദ്രമായൊരു നിലവിളി മേലോട്ടുയർന്നു: "താങ്കൾക്കങ്ങനെ വിശ്വസിയ്ക്കാം, പക്ഷേ, ഞങ്ങളെ പറഞ്ഞു മനസ്സിലാക്കേ

ണ്ട ബാദ്ധ്യത താങ്കൾക്കില്ല!".

"എല്ലാത്തിനും അടിസ്ഥാനമായി അവരുടെ ബുദ്ധിയെയാണു താങ്കളേറെ വിലമതിയ്ക്കുന്നത്", മുന്നോട്ടു വരാൻ ഊഴം കാത്തുനിന്ന ഫോർഷ്‌വിൽ ചോദിച്ചു, "പറയൂ സ്വാൻ, എന്താണു ബുദ്ധികൊണ്ടു താങ്കൾ ഉദ്ദേശിയ്ക്കുന്നത്?"

"അതേ..", ഓദത്തും കൂട്ടത്തിൽ ചേർന്നു, "അദ്ദേഹത്തോടു ഞാനെപ്പോഴും ചോദിയ്ക്കുന്ന ഒരു ചോദ്യമാണത്, ഒരിയ്ക്കൽപ്പോലും എനിയ്ക്കുത്തരം ലഭിച്ചിട്ടില്ല!".

"പക്ഷേ......... ", സ്വാൻ വെറുതെ പ്രതിഷേധിയ്ക്കാൻ ശ്രമിച്ചു.

"അതെ, അതിലൊരർത്ഥവുമില്ല!", ഓദത്ത് അഭിപ്രായപ്പെട്ടു.

"ബുദ്ധിയെ ഒരു 'ജലസംഭരണി'യെന്നു പറയാമോ?', ഡോക്ടർ ഇടയ്ക്കു കയറി ചോദിച്ചു.

"താങ്കൾ..", ഫോർഷ്‌വിൽ തുടർന്നു, "ബുദ്ധിയുടെ ലക്ഷണമായി ഉദാത്തമായ ചില സംഭാഷണശൈലികളെയാണോ കാണുന്നത്? അഭിജാതസമൂഹത്തിൽ പതുക്കെ നുഴഞ്ഞു കയറാനായി ചിലരുപയോഗിയ്ക്കുന്ന ചില കുറുക്കുവഴികൾ..?".

"വെറുതെ ധ്യാനിച്ചിരുന്നു സമയം കളയാതെ നിങ്ങൾ മധുരക്കറി അവസാനിപ്പിയ്ക്കൂ..!, പരിചാരകർക്കു പാത്രങ്ങൾ എടുത്തു കൊണ്ടു പോകാമല്ലോ!", ആലോചനയിൽ മുഴുകി ഭക്ഷണംപോലും മറന്ന സാനിയേറ്റിനോടു മാഡം വെർഡ്യുരിൻ കടുത്ത സ്വരത്തിൽ പറഞ്ഞു; ഉടനെ, വാക്കിൽ പാരുഷ്യം കൂടിപ്പോയതിന്റെ സങ്കോചത്തോടെ അവർ തുടർന്നു, "സാരമില്ല, പതുക്കെ മതി, മനസ്സിലായല്ലോ, മറ്റു ചിലരെക്കൂടി ഉദ്ദേശിച്ചാണു ഞാൻ പറഞ്ഞത്.. അല്ലെങ്കിൽ പണിക്കാർക്കു സ്വൈരക്കേടാവും!".

"സരസനും അരാജകവാദിയുമായ കിഴവൻ ഫെനെലോണിന്റെ വകയായി ബുദ്ധിയ്ക്കു കൗതുകകരമായൊരു നിർവചനമുണ്ട്", തന്റെ വാക്കുകൾ മാറ്റൊലിയോടെ സർവത്ര മുഴങ്ങുന്നുണ്ടെന്നു തീർച്ച വരുത്തി ബ്രിക്കോട്ട് ആരംഭിച്ചു.

“എല്ലാവരും ഇവിടെ ശ്രദ്ധിയ്ക്കുക!', മാഡം വെർഡ്യൂരിൻ, ഡോക്ടറേയും ഫോർഷ്‌വില്ലിനേയും വിളിച്ചുചേർത്തു പറഞ്ഞു, “ബുദ്ധിശക്തിയെക്കുറിച്ചുള്ള നിർവചനം ഇദ്ദേഹം നമുക്കു പറഞ്ഞുതരാൻ പോകുന്നു. ഇത്ര രസകരമായൊരു സംസാരം കേൾക്കാൻ എപ്പോഴും അവസരം ലഭിച്ചെന്നു വരില്ല!“

സ്വാൻ സ്വന്തം അഭിപ്രായം തുറന്നു പ്രകടിപ്പിയ്ക്കാതെ, ഫെനെലോണിന്റെ നിർവചനം പുറത്തുവിടാൻ ബ്രിക്കോട്ട് തയാറായില്ല; സ്വാനാകട്ടെ, മൗനം വെടിഞ്ഞതുമില്ല. അങ്ങനെ ഫോർഷ്‌വില്ലിനു വേണ്ടി മാഡം വെർഡ്യൂരിൻ ആദരപൂർവം സമർപ്പിച്ച സംവാദമത്സരത്തിന്റെ ഉജ്ജ്വലമായ ഹർഷോന്മാദം, സ്വാനിന്റെ ഭീരുത്വപരമായ പ്രതികരണത്തിൽ നിശ്ശേഷം ചോർന്നുപോയി.

“നോക്കൂ, ഇതാണു ഞാനെന്നും അനുഭവിയ്ക്കുന്നത്!“, വഴക്കുകൂടാൻ ഒരുമ്പെട്ടു വന്നതുപോലെ ഓദത്ത് ആവലാതി പറഞ്ഞു, “എന്നെപ്പോലെ നിലവാരം കുറഞ്ഞവർ വേറേയും ചിലരുണ്ടെന്നു മനസ്സിലാക്കി ഇനിയെങ്കിലും എനിയ്ക്കു സമാധാനിയ്ക്കാം!“.

“മാഡം വെർഡ്യൂരിൻ ചൂണ്ടിക്കാണിച്ച ലാട്രെമോയ്‌ലെസിന്റെ വിഷയത്തിൽ ആകർഷണീയമായി യാതൊന്നുമില്ല“, ബ്രിക്കോട്ട് ഊർജ്ജസ്വലമായ ഗവേഷണതൃഷ്ണയോടെ തുടർന്നു, “സെവിനേ പറയുന്നപോലെ, വെറുതെ സാധാരണക്കാരെ സന്തോഷിപ്പിയ്ക്കാൻവേണ്ടി പൊട്ടിമുളച്ചു വന്നവരാണോ അവർ? പത്രപ്രവർത്തനത്തിൽ മുഴുകി ജീവിയ്ക്കുന്ന മാർക്ക്വിസിനു പലപ്പോഴും 'പകർപ്പ്'കൾ വേണ്ടിവരും; മാത്രമല്ല, വിദേശങ്ങളിലെ സംഭവവികാസങ്ങൾ വസ്തുനിഷ്ഠമായി വിലയിരുത്തി അവർ മാസികയിൽ ലേഖനങ്ങളുമെഴുതാറുണ്ട്“.

“അല്ല, താങ്കൾക്കു തെറ്റി, അവർ ആ കുടുംബത്തിൽപ്പെട്ടവരല്ല!", മാഡം വെർഡ്യൂരിൻ ഏറെ നൈരാശ്യത്തോടെ പിൻവാങ്ങി.

ഒരിയ്ക്കൽപ്പോലും രുചിയ്ക്കാത്ത ഭക്ഷണം പാത്രത്തോടെ പരിചാരകനു തിരിച്ചു കൊടുത്തശേഷം വീണ്ടും ധ്യാനത്തിൽ മുഴുകിയ സാനി

യേറ്റ് പെട്ടെന്നു ഞെട്ടിയുണർന്നു ലാടൈമോയ്ലെസ് പ്രഭുവുമായി പണ്ടൊരിയ്ക്കൽ ഒരുമിച്ചിരുന്നു ചായ കുടിച്ച കഥ വികാരവിവശമായ പുഞ്ചിരിയോടെ വിശദീകരിച്ചു. 'ജോർജ്ജ് സാൻഡെ'ന്ന തൂലികാനാമത്തിൽ എഴുതുന്നതൊരു സ്ത്രീയാണെന്ന സത്യം പ്രഭുവിനെ പറഞ്ഞു ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ച വിശേഷമായിരുന്നു കഥയിലെ പ്രതിപാദ്യം. സാനിയേറ്റിന്റെ നിഷ്ക്കളങ്കമായ പ്രകൃതം സ്വാനിനു വളരെ നന്നായി ബോധിച്ചു. പക്ഷേ, പ്രഭുവിന്റെ ഭാഗത്തുനിന്നും അങ്ങനെയൊരു അനവധാനത വരാൻ സാദ്ധ്യതയില്ലെന്നു തെളിയിയ്ക്കുന്ന വ്യക്തിപരമായ ചില വസ്തുതകൾ സാനിയേറ്റിനെ ധരിപ്പിയ്ക്കേണ്ടതു സ്വന്തം ചുമതലയായി കണക്കാക്കി സ്വാനൊരു വിശദീകരണത്തിനു തുനിഞ്ഞെങ്കിലും, സാനിയേറ്റ് പറഞ്ഞ കാര്യം തൽക്ഷണം കെട്ടിച്ചമച്ച വെറുമൊരു കഥയാണെന്നു ബോദ്ധ്യം വന്നപ്പോൾ, തെളിവുകളുടെ ആവശ്യമില്ലെന്നു കണ്ടു സ്വയം പിൻവലിഞ്ഞു. വെർഡ്യൂരിൻകുടുംബക്കാർ തന്നെ വെറുമൊരു മന്ദബുദ്ധിയായി കാണുന്നതിൽ സാനിയേറ്റിനു കാലങ്ങളായി വല്ലാത്തൊരു ആത്മവേദന തോന്നാറുണ്ട്; അതുകൊണ്ട് അന്നു വൈകീട്ടു പതിവിലേറെ മുഖം കനപ്പിച്ചിരുന്ന അദ്ദേഹം, വിരുന്നു കഴിയുന്നതിനുമുമ്പ് ഒരു തവണയെങ്കിലും തന്നാലാവുന്നവിധം സദസ്സിനെ രസിപ്പിയ്ക്കണമെന്നു കരുതി പറഞ്ഞതായിരുന്നു, ആ കെട്ടുകഥ! സ്വാനിന്റെ വിശദീകരണത്തോടെ തകർന്നു വീണ ആ സ്വപ്നഗോപുരത്തെ നിസ്സഹായനായി നോക്കി നിന്നു മിക്കവാറും വഴങ്ങുന്ന മട്ടിൽ സാനിയേറ്റ് പറഞ്ഞു, "ശരി, എനിയ്ക്കു തെറ്റു പറ്റിയിരിയ്ക്കാം, എങ്കിലും അതത്ര വലിയ അപരാധമൊന്നുമല്ലല്ലോ, എന്തായാലും ഞാനങ്ങനെ കരുതുന്നില്ല!". രസകരമായ നർമ്മബോധത്തോടെ അവതരിപ്പിച്ച ആ കെട്ടുകഥ തീർത്തും സത്യമാണെന്നു പറഞ്ഞു സാനിയേറ്റിനെ സാന്ത്വനിപ്പിയ്ക്കാൻ സ്വാൻ ആഗ്രഹിച്ചു. പക്ഷേ, ഇടപെടാൻ പറ്റിയ ഒരു സമയം നോക്കി സകലതും ശ്രദ്ധിച്ചുകൊണ്ടിരുന്ന ഡോക്ടർ കോത്താർഡ്, ഗൂഢാർത്ഥത്തിൽ ഉറക്കെ വിളിച്ചു പറഞ്ഞു: "സെനോണെവെറോ!". ആ പ്രയോഗത്തിന്റെ സാ

ന്ദർഭികതയിൽ ഉറപ്പില്ലാതെ, കൈയോടെ പിടിയ്ക്കപ്പെട്ടുമെന്ന ഒരാ ശങ്ക അപ്പോൾ അദ്ദേഹത്തിന്റെ മുഖത്തു നിഴലിച്ചിരുന്നു.

അത്താഴത്തിനുശേഷം ഫോർഷ്‌വിൽ ഡോക്ടറുടെ അടുത്തു ചെന്നു സ്വകാര്യമായി പറഞ്ഞു. “ചെറുപ്പത്തിൽ മാഡം വെർഡ്യുരിൻ കാഴ്ചയ്ക്കത്ര മോശമായിരുന്നില്ലെന്നു തോന്നുന്നു. എന്തായാലും നന്നായി സംസാരിയ്ക്കാനറിയാം, അതാണ് എനിയ്ക്കാവശ്യം! അവരുടെ ചുമലിനു വല്ലാതെ വീതിയേറുന്നുണ്ട്. എന്നാൽ..., മാഡം ക്രേസി, അപാരം! ഇതുപോലൊരു യുവതിയെ എനിയ്ക്കു നേരത്തേ നേരിട്ടറിയാമായിരുന്നു. വാക്കിനും പൊരുളിനും ആണയിട്ടു ഞാൻ പറയുന്നു, അവളുടെ അതേ മഞ്ഞക്കണ്ണുകൾ ഇവൾക്കുമുണ്ടെന്നു ഞാനൊറ്റ നോട്ടത്തിൽ തിരിച്ചറിഞ്ഞു“. അദ്ദേഹം ചുണ്ടിലൊരു സിഗരറ്റുമായി വന്ന വെർഡ്യുരിനോടു വിശദീകരിച്ചു. “ഞങ്ങൾ മാഡം ക്രേസിയെക്കുറിച്ചു പറയുകയായിരുന്നു, സൗന്ദര്യത്തിന്റെ മാതൃകാരൂപമായ അവളെ...“

“...കിടയ്ക്കയിലേയ്ക്കു ക്ഷണിയ്ക്കുന്നതാണു ദൂരത്തു കാണുന്നതിനേക്കാൾ എനിയ്ക്കിഷ്ടം!“ ഡോക്ടറുടെ നാവിൽനിന്നു വാക്കുകൾ തെറിച്ചു വീണു. സംസാരം മറ്റൊരു വഴിയ്ക്കു തിരിഞ്ഞാൽ, ഒരുപക്ഷേ പഴകി ജീർണിച്ച ഫലിതം പുറത്തെടുക്കാൻ സന്ദർഭം ലഭിയ്ക്കില്ലെന്നു ഭയന്ന്, ഫോർഷ്‌വിൽ ശ്വാസം വിടുന്ന ഇടവേള നോക്കി കുറേനേരമായി കാത്തിരിയ്ക്കുകയായിരുന്നു, അദ്ദേഹം. ബോധപൂർവമായ വായനയിൽ സ്വാഭാവികമായി വരുന്ന നിസ്സംഗതയും ഉദാസീനതയും ഒഴിവാക്കി, തികച്ചും യാദൃച്ഛികമായി, ആത്മവിശ്വാസത്തോടെ അദ്ദേഹം അതവതരിപ്പിച്ചു; ഫോർഷ്‌വില്ലാകട്ടെ, ആ തമാശ കണ്ടറിഞ്ഞു രസിയ്ക്കുകയും ചെയ്തു. ആഹ്ലാദങ്ങളിൽ അലംഭാവം കാണിയ്ക്കാത്ത വെർഡ്യുരിൻ, ഭാര്യയുടേതിൽനിന്നു മാറി, ലളിതവും സുതാര്യവുമായ പുതിയൊരു ആസ്വാദനരീതി സ്വയം കണ്ടുപിടിച്ചു പരീക്ഷിയ്ക്കാൻ തീരുമാനിച്ചു; പക്ഷേ, ആഹ്ലാദലഹരിയിൽ ശരീരമാകെ കുലുക്കി, തലയും ചുമലുകളും ഇളക്കി, അത്യാവേശത്തോടെ ചിരിയ്ക്കാൻ തുടങ്ങിയ അ

തേ നിമിഷം തൊണ്ടയിൽനിന്നു പെട്ടെന്നുയർന്ന ചുമയിൽ വായ്ക്കകത്തെ പുക മുഴുവൻ അദ്ദേഹം അറിയാതെ വിഴുങ്ങിപ്പോയി; സിഗരറ്റ് ചുണ്ടിൽ ഉറപ്പിച്ചു നിർത്തിയിരുന്നതുകൊണ്ട് ശ്വാസംമുട്ടലും ആഹ്ലാദപ്രകടനവും കൂടിക്കലർന്ന ആ മൂകാഭിനയം അനന്തമായി നീട്ടിക്കൊണ്ടുപോകാൻ അദ്ദേഹത്തിനു കഴിഞ്ഞു. മുറിയുടെ മറുഭാഗത്തു ചിത്രകാരന്റെ കഥ കേട്ടുകൊണ്ടിരുന്ന മാഡം വെർഡുരിൻ ആഹ്ലാദാനുഭവത്തിനു മുന്നോടിയായി മുഖം കൈപ്പടംകൊണ്ടു മറയ്ക്കാനുള്ള ബദ്ധപ്പാടിൽ കണ്ണുകൾ പൂട്ടി ധ്യാനം ശീലിച്ചു. അങ്ങനെ, ആതിഥേയരായ ആ ദമ്പതികൾ ഹാസ്യരസത്തെ വ്യത്യസ്തരീതികളിൽ പ്രതിനിധീകരിയ്ക്കുന്ന രണ്ടു മാതൃകകളായി നാടകശാലയുടെ ഇരുവശത്തും സ്ഥാപിയ്ക്കാവുന്ന പൊയ്മുഖങ്ങളെപ്പോലെ നിലയുറപ്പിച്ചു.

രോഗികളെ സന്ദർശിയ്ക്കാൻ പോകുന്ന സ്ഥലത്തെക്കുറിച്ചുള്ള എന്തെങ്കിലുമൊരു ഹാസ്യാത്മകപരാമർശം നടത്താതെ ഈയിടെയായി ഡോക്ടർ യാത്ര പുറപ്പെടാറില്ല; അന്നത്തെ രോഗിയെക്കുറിച്ചു പെട്ടെന്നോർമ്മ വന്ന അദ്ദേഹം, "എനിയ്ക്കുടനെ ഓമാലെപ്രഭുവിനെ ഒന്നു കണ്ടുപോരണ"മെന്നു പിറുപിറുക്കുന്നതു കേട്ട വെർഡുരിന്റെ ചുമ പൂർവാധികം ഇളകിവശായി; അപ്പോൾ, സിഗരറ്റു ചുണ്ടിൽ നിന്നു പുറത്തെടുക്കാതിരുന്ന അതുല്യമായ ആ ബുദ്ധികൗശലത്തിന്റെ വ്യാപ്തി തീർത്തും പ്രവചനാതീതമായ പുതിയൊരു മാനം കൈവരിച്ചു!

"വേഗം, വായ്ക്കകത്തുനിന്ന് ആ സിഗരറ്റെടുത്തു മാറ്റൂ!. നിങ്ങൾക്കു പറഞ്ഞതു മനസ്സിലായില്ലേ? ഇതുപോലെ ചിരി അടക്കിപ്പിടിച്ചാൽ ഒടുവിൽ ശ്വാസംമുട്ടി ചത്തുപോകും!", തളികയിൽ മദ്യവുമായി ചുറ്റി നടക്കുന്നതിനിടയിൽ മാഡം വെർഡുരിൻ ഭർത്താവിനെ ശാസിച്ചു.

"നിങ്ങളുടെ ഭർത്താവൊരു കറകളഞ്ഞ രസികൻതന്നെ! കാതുകൂർപ്പിച്ചിരിയ്ക്കുന്നവർക്കുപോലും അദ്ദേഹത്തിന്റെ ഫലിതം മുൻകൂട്ടി കാണാനാവില്ല!", ഫോർഷ്‌വിൽ മാഡം കോത്താർഡിനെ അഭിനന്ദിച്ചു; തുടർന്നു മാഡം വെർഡുരിന്റെ കൈയിൽനിന്നു മദ്യചഷകം വാങ്ങി അദ്ദേഹം പ്രഖ്യാപിച്ചു: "നന്ദി, എന്നെപ്പോലൊരു പഴയ പ

ട്ടാളക്കാരൻ മദ്യം വേണ്ടെന്ന പറയില്ല!".

"ഓദത്തിന്റെ പേരിൽ ഫോർഷ്‌വില്ലിന നല്ല മതിപ്പ തോന്നിത്തു ടങ്ങിയിട്ടുണ്ട്!", വെർഡുരിൻ ഭാര്യയോട് അടക്കം പറഞ്ഞു.

"അതിനെന്താ, ഇനിയും കാണാമെന്ന പ്രതീക്ഷയോടെയാണ് അവളദ്ദേഹത്തെ കാത്തിരിയ്ക്കുന്നത്. എന്തായാലും അവർക്കൊരു ദി വസത്തെ ഉച്ചഭക്ഷണം നമ്മൾ ഏർപ്പാടു ചെയ്തു കൊടുക്കണം. പ ക്ഷേ, അക്കാര്യം സ്വാൻ ഒരു കാരണവശാലും അറിയാനിടവരരുത്. നിങ്ങൾക്കറിയില്ലേ, അദ്ദേഹം സകലതും താറുമാറാക്കും. എന്നുവെ ച്ചു നിങ്ങൾ അത്താഴവിരുന്നിന വരേണ്ടെന്ന ഞാൻ പറയുന്നില്ല. ഇ ടയ്ക്കിടെ വരണം. നോക്കു, ഇനിയിപ്പോൾ അന്തരീക്ഷം ചൂടു പിടിയ്ക്ക നാണ സാദ്ധ്യത, കഴിയുന്നത്ര ദിവസങ്ങളിലൊക്കെ ഞങ്ങൾ പുറ ത്തു പോകും. അതിന നിങ്ങൾക്കു മടുപ്പു തോന്നേണ്ട കാര്യമില്ല, വ ല്ലപ്പോഴുമൊരിയ്ക്കൽ ബോയ്സിൽ ഗംഭീരമായൊരു അത്താഴവിരു ന്ന്! അതെ, നല്ല രസമായിരിയ്ക്കും...!"'

"ഇന്നെന്തുപറ്റി? ഞാൻ ചോദിയ്ക്കട്ടെ, നിങ്ങളൊരു പണിയും ചെ യ്യാതെ വെറുതെയിരിയ്ക്കാനാണോ ഭാവം?", അവർ പിയാനിസ്റ്റിനെ നോക്കി ചോദിച്ചു. ഫോർഷ്‌വില്ലിനെപ്പോലെ ഒരു നാട്ടുപ്രമാണിയാ യ 'പുതുമുഖ'ത്തിന്റെ മുമ്പിൽവെച്ച്, 'വിശ്വസ്ത'രുടെമേലുള്ള അധികാ രവും സ്വന്തം നർമ്മബോധവും ഒരേസമയം പ്രദർശിപ്പിയ്ക്കാനുള്ള ഒര വസരവും അവർ വിട്ടുകളഞ്ഞില്ല.

"ഫോർഷ്‌വിൽ നിങ്ങളെക്കുറിച്ചു ഭീഷണമായ എന്തോ ഒന്നു പ റയാൻ തുടങ്ങുകയായിരുന്നു!", മാഡം കോത്താർഡ് പുറത്തുപോയി വന്ന ഭർത്താവിന മുന്നറിയിപ്പു നൽകി. ഫോർഷ്‌വില്ലിന്റെ ആഢ്യ ത്വത്തെക്കുറിച്ചുള്ള വിചാരം കുറേ സമയമായി മനസ്സിനെ അലോസ രപ്പെടുത്തിയിരുന്ന ഡോക്ടർ പറഞ്ഞു തുടങ്ങി: 'ഞാൻ ബാരൺ പു ട്ബസിന്റെ വീട്ടിലേയ്ക്കാണ പോയിരുന്നത്. കുരിശുയുദ്ധത്തിൽ പ ങ്കെടുത്ത പുട്ബസ് കുടുംബക്കാരെ കേട്ടിട്ടില്ലേ? പോമറേനിയയിൽ

ലാകൺകോർഡിനേക്കാൾ പത്തിരട്ടി വലിപ്പമുള്ള ഒരു തടാകം അവർക്കുണ്ട്. ബാരണിന്റെ പത്നിയ്ക്കു സന്ധിവീക്കത്തിനാണു ചികിത്സ, നല്ലൊരു മാന്യസ്ത്രീ.., മാഡം വെർഡുരിനും അവരെ നന്നായറിയാം!".

ആ പ്രസ്താവന, ഡോക്ടർക്കനുകൂലമായ ഒരന്തിമവിധി പുറപ്പെടുവിച്ച മാഡം കോത്താർഡിനെ കൈയിലെടുക്കാൻ ഫോർഷ്‌വില്ലിനെ സഹായിച്ചു: "നിങ്ങളുടെ ഭർത്താവിനു സമുന്നതരായ ചിലരുമായി അടുത്ത പരിചയവുമുണ്ട്. അതേ, ഈ ഡോക്ടർമാർക്ക്...., അവർക്കൊരുപാടു കാര്യങ്ങളറിയാൻ കഴിയും!".

"സ്വാനിന്റെ പേരിൽ വിന്റെയിലിന്റെ ഗീതമാണോ വായിക്കേണ്ടത്?", പിയാനിസ്റ്റ് ആരാഞ്ഞു.

"പാമ്പാട്ടിയുടെ പാട്ടോ?", അന്തരീക്ഷം ഒന്നുകൂടി കൊഴുപ്പിയ്ക്കാമെന്ന പ്രതീക്ഷയോടെ ഫോർഷ്‌വിൽ അട്ടഹസിച്ചു. അങ്ങനെയൊരു ശ്ലേഷപ്രയോഗം ഒരിയ്ക്കലും കേൾക്കാത്ത കോത്താർഡ്, ഫോർഷ്‌വില്ലിനു തെറ്റിയതാണെന്നു കരുതി, തിരുത്താനായി സ്വയം ചാടിവീണു: "അല്ല, അല്ല, 'പാമ്പാട്ടിയുടെ പാട്ടെ'ന്നല്ല, 'പാമ്പാട്ടെ'ന്നാണു പ്രയോഗം!", അക്ഷമയും ആവേശവും ഒരേസമയം സ്ഫുരിപ്പിച്ചുകൊണ്ട് അദ്ദേഹം വിശദീകരിച്ചു.

പക്ഷേ, പ്രയോഗത്തിന്റെ ശരിയായ അർത്ഥം ഫോർഷ്‌വിൽ പറഞ്ഞു കൊടുത്തപ്പോൾ ഡോക്ടറുടെ മുഖം വിവർണമായി.

"ഈ പ്രയോഗം കുറിയ്ക്കു കൊള്ളുന്നതായി നിങ്ങൾക്കു തോന്നുന്നില്ലേ, ഡോക്ടർ?"

"അതെയതെ, ഞാനതു പണ്ടേ മനസ്സിലാക്കിയിട്ടുണ്ട്!".

ആ നിമിഷം, വയലിനിൽനിന്നും ഉണർന്നുയർന്ന ചില തരംഗഗമകങ്ങളുടെ വിളംബരത്തിൽ അവരുടെ ശബ്ദം മുങ്ങിപ്പോയി. പാറക്കെട്ടുകൾ നിറഞ്ഞ മലയിടുക്കിൽ ലംബമാനമായി പതിയ്ക്കുന്ന വെള്ളച്ചാട്ടത്തിന്റെ നിശ്ചലമായ പശ്ചാത്തലത്തിൽ, ഏതാണ്ടൊരു ഇരുന്നൂറടി താഴെ അടിവാരത്തൊരു പുൽത്തകിടിയിൽ അലസമായി നടന്നുകൊണ്ടിരിയ്ക്കുന്ന സുന്ദരിയുടെ രൂപം തൊട്ടു മുമ്പിൽ പ്രത്യക്ഷ

പ്പെട്ടതുപോലെ, താരസ്ഥായിയ്ക്കു മുകളിൽ പെട്ടെന്നെത്തിപ്പിടിയ്ക്കാനാവാത്ത സവിശേഷമായ സ്വരത്തിനു രോമാഞ്ചത്തിന്റെ പരിവേഷം നൽകി, വിദൂരത്തു സുതാര്യവും സാവകാശത്തിലും ചുരുളഴിയുന്ന പട്ടുടയാട ധരിച്ച്, ഇടതടവില്ലാത്ത അനുരണനങ്ങളുണർത്തുന്ന ആ രാഗഭാവം പതുക്കെ ഉയർന്നുവന്നു. ഓദത്തിന്റെ ആ കൂടപ്പിറപ്പിനെ പുഞ്ചിരിയോടെ സ്വാഗതം ചെയ്ത സ്വാൻ, ഫോർഷ്‌വില്ലിന്റെപേരിൽ യാതൊരു ഭയാശങ്കയും വെച്ചുപുലർത്തേണ്ടതില്ലെന്ന ഉറപ്പു നൽകി, വിജനതയിൽ പ്രണയിനിയോടെന്നപോലെ,, സംസാരിച്ചു നിന്നു.

“ഹാ! നിങ്ങൾ വല്ലാതെ വൈകിപ്പോയി!“, അത്താഴവിരുന്നിനുശേഷം 'സൗഹൃദ'ത്തിനു മാത്രമായി വന്ന 'വിശ്വസ്ത'രിലൊരാളെ സ്വീകരിച്ചു മാഡം വെർഡ്യുരിൻ പറഞ്ഞു, “ഇന്നിവിടെ ഞങ്ങളുടെ അതിഥി സുപ്രസിദ്ധനായ ബ്രിക്കോട്ടായിരുന്നു! ഇതുപോലൊരു വാഗ്വിലാസം ഒരുപക്ഷേ നിങ്ങളൊരിയ്ക്കലും കേട്ടിരിയ്ക്കില്ല! ഞാൻ പറഞ്ഞതു ശരിയല്ലേ, സ്വാൻ? താങ്കളദ്ദേഹത്തെ ആദ്യമായാണു പരിചയപ്പെടുന്നതെന്നു തോന്നുന്നു!“. അങ്ങനെയൊരു സൌഹൃദം തരപ്പെടുത്തിയതിനു തന്നോടുള്ള കടപ്പാട് പ്രത്യേകം ഊന്നിപ്പറയുന്നതുപോലെ അവർ തുടർന്നു, “താങ്കൾ പറയൂ, നല്ലൊരു രസികനല്ലേ, നമ്മുടെ ബ്രിക്കോട്ട്?“.

സ്വാൻ വിനയപൂർവം തലകുനിയ്ക്കുക മാത്രമേ ചെയ്തുള്ളൂ!

“താങ്കൾക്കിഷ്ടപ്പെട്ടില്ലെന്നുണ്ടോ?“, അവർ നീരസം ഭാവിച്ചു.

“അതെ, അദ്ദേഹത്തിന്റെ വാഗ്ധോരണിയിൽ മയങ്ങിപ്പോയതു ഞാൻ നിഷേധിയ്ക്കുന്നില്ല. പക്ഷേ, എന്റെ രുചിയ്ക്കു യോജിയ്ക്കാത്ത നിർബ്ബന്ധബുദ്ധിയും ഉല്ലാസഭാവവുമുള്ള അദ്ദേഹത്തെ കുറച്ചുകൂടി വിനയത്തോടെ കാണാനാണെനിയ്ക്കു താൽപ്പര്യം. ഒരുപാടു വിഷയങ്ങൾ അദ്ദേഹത്തിനറിയാം, ആകപ്പാടെ ഒരുറച്ച വ്യക്തിത്വം!“.

അന്നത്തെ സദസ്സു വളരെ വൈകിയാണു പിരിഞ്ഞത്. ഡോക്ടർ ഭാര്യയോടു പറഞ്ഞു: “ഇത്രയേറെ ഉല്ലാസത്തോടെ മാഡം വെർഡ്യു

രിനെ ഞാനത്യപൂർവമായേ കണ്ടിട്ടുള്ളു!".

"സത്യത്തിൽ ഈ മാഡം വെർഡ്യുരിനെ എന്തിനു കൊള്ളാം? ചീഞ്ഞുനാറിയ ഒരു പട്ടുളുണി, അത്രേയുള്ളൂ!", സ്വന്തം വണ്ടിയിൽ 'സഹയാത്രിക'നായി കയറിയ ചിത്രകാരനോടു ഫോർഷ്‌വിൽ പറഞ്ഞു. ഫോർഷ്‌വിൽ യാത്ര പറഞ്ഞു പിരിയുന്നതു വ്യസനത്തോടെ ഓദത്ത് നോക്കിനിന്നു. സ്വാനിനെ പതിവുപോലെ വീട്ടിലേയ്ക്കു വരുന്നതിൽനിന്നു വിലക്കാനാവാതെ, അവൾ വണ്ടിയിൽവെച്ചു പ്രകടമായ അസ്വസ്ഥതയും മൌനവും പാലിച്ചു. വീട്ടിൽ ചെന്നു മുറിയിലേയ്ക്കു കടക്കാൻ അനുവാദം ചോദിച്ച സ്വാനിനെ ശ്രദ്ധിയ്ക്കാതെ ചുമൽ വെട്ടിച്ചു പരിഭവസ്വരത്തിൽ അവൾ പറഞ്ഞു: "നിങ്ങളുടെ ഇഷ്ടം പോലെ ചെയ്യാം!"

അതിഥികൾ പിരിഞ്ഞുപോയപ്പോൾ മാഡം വെർഡ്യുരിൻ ഭർത്താവിനോടു പറഞ്ഞു: "മാഡം ലാട്രെമോയ്‌ലെസിനെക്കുറിച്ചു പറഞ്ഞപ്പോൾ സ്വാനിന്റെ മുഖത്തെ പുഞ്ചിരി നിങ്ങൾ ശ്രദ്ധിച്ചോ, ഒരു തരം ബുദ്ധിശൂന്യമായ ചിരി?"

ആ പ്രൗഢവനിതയുടെ പേരിനു മുമ്പിലുള്ള 'ലാ'യെന്ന വിശേഷണപദം, സ്വാനും ഫോർഷ്‌വില്ലും എങ്ങനെയാണു മൂടിവെയ്ക്കാൻ ശ്രമിച്ചതെന്നു നിരവധി തവണ അവരാവർത്തിച്ചു. വെറുമൊരു സ്ഥാനപ്പേരിനെ യാതൊരു വിധത്തിലും ഭയപ്പെടേണ്ടതില്ലെന്നു കാണിയ്ക്കാൻ അവരതു മന:പൂർവം മറച്ചുവെച്ചതാണെന്നു മനസ്സിലാക്കാതെ, അതേപടി അനുകരിയ്ക്കാൻ തീരുമാനിച്ച മാഡം വെർഡ്യുരിനു പക്ഷേ ആ ധാർഷ്ട്യത്തിന്റെ വ്യാകരണരൂപം ശരിയ്ക്കു വ്യക്തമായില്ല. മാത്രമല്ല, ഒരിയ്ക്കലും യോജിയ്ക്കാത്ത ദുഷിച്ച ഒരു ശൈലിയിൽ 'ലാട്രെമോയ്‌ലെസെ'ന്നു പറഞ്ഞശേഷം അവരുടനെ 'മാഡം ലാട്രെമോയ്‌ലെസെ'ന്നു തിരുത്തും; പിന്നീട് സ്വാനിന്റെ ശൈലിയിൽ 'പ്രഭ്വി'യെന്നൊരു പാഠഭേദം നൽകാൻ ശ്രമിച്ചപ്പോൾ, ബാലിശമായ ആ വർഗീകരണത്തിന്റെ ചെറിയൊരു ഉത്തരവാദിത്തംപോലും തനിയ്ക്കില്ലെന്നു വരുത്തിത്തീർക്കുന്നവിധം അവർ ചെറുതായൊന്നു ചിരിച്ചു.

"സ്വാൻ തീർത്തും വിവേകശൂന്യമായാണു പെരുമാറിയതെന്നു പറയാൻ എനിയ്ക്കു യാതൊരു കുസലുമില്ല!" വെർഡ്യൂരിൻ ഭാര്യയുടെ ദൗത്യം ഏറ്റെടുത്തു. "അദ്ദേഹത്തിനൊരു ആത്മാർത്ഥതയുമില്ല. അങ്ങുമിങ്ങും കറങ്ങി നടക്കുന്ന കൌശലക്കാരനായൊരു ഇടപാടുകാരൻ! മുയലിനോടൊപ്പം ഓടി ചെന്നായ്ക്കളുമായി നായാടി നടക്കുന്ന പ്രകൃതം. ഫോർഷ്‌വില്ലും സ്വാനും തമ്മിലുള്ള വ്യത്യാസം നോക്കൂ! ഒരാൾ ചിന്തിയ്ക്കുന്നതു മുഖത്തുനോക്കി പറയാനുള്ള ആർജ്ജവം കാണിയ്ക്കും, നമുക്കു വേണമെങ്കിൽ യോജിയ്ക്കുകയോ യോജിയ്ക്കാതിരിയ്ക്കുകയോ ചെയ്യാം. മറ്റേയാളെപ്പോലെ, മീനോ പരുന്തോ എന്താണെന്നു തീരുമാനമാകാത്ത പ്രകൃതമല്ല. ഇടയ്ക്കൊന്നു പറയട്ടെ, നിങ്ങളൊരു പക്ഷേ ശ്രദ്ധിച്ചിരിയ്ക്കും, ഓദത്ത് നല്ലൊരു പങ്കും ഫോർഷ്‌വില്ലിനു വഴിപ്പെട്ടുകഴിഞ്ഞു; ഞാനവളെ കുറ്റം പറയില്ല. സന്തപ്തരായ പ്രഭ്വികളുടെ രക്ഷകനായി, പച്ചപ്പരിഷ്ക്കാരിയുടെ വേഷത്തിൽ സ്വാൻ നമ്മെ ഭരിയ്ക്കാൻ വന്നാൽ ഇതേ സംഭവിയ്ക്കൂ! എന്തായാലും, ഫോർഷ് വില്ലിനൊരു സ്ഥാനപ്പേരെങ്കിലും പറയാനുണ്ട്, കോംതേ ഫോർഷ് വിൽ!" ആ വിശിഷ്ടവ്യക്തിയുടെ ജീവിതത്തിലെ ഓരോ ഏടും സുപരിചിതമാണെന്ന മട്ടിൽ വെർഡ്യൂരിന്റെ നാവിൽ നിന്നു വാക്കുകൾ സൂക്ഷ്മതയോടെയാണു പുറത്തേയ്ക്കു വന്നത്.

"എനിയ്ക്കു തുറന്നു പറയാനൊരു ധൈര്യക്കുറവുമില്ല!", മാഡം വെർഡ്യൂരിൻ തുടർന്നു, "ബ്രിക്കോട്ടിനു നേരേ വിഷലിപ്തമായ കുത്തുവാക്കുകൾ പ്രയോഗിയ്ക്കാൻ അദ്ദേഹമൊരു പ്രത്യേകകൌതുകം കാണിച്ചു. പ്രൊഫസർ ബ്രിക്കോട്ട് എല്ലാവരേയും കൈയിലെടുത്തെന്നു കണ്ടപ്പോൾ നമ്മെ പിന്നിൽനിന്നു കുത്തുന്നവിധം അദ്ദേഹം വിരുന്നിന്റെ പൊലിമ മുഴുവൻ നശിപ്പിച്ചു. ഇത്തരക്കാരെ എനിയ്ക്കു നന്നായറിയാം, പ്രിയപ്പെട്ട കുടുംബസുഹൃത്തുക്കളായി ഭാവിച്ചു മേലോട്ടു കയറുന്തോറും താഴെയുള്ളവരെ ചവിട്ടിമെതിയ്ക്കുന്നവർ!".

"സ്വാനൊരു പരാജയമാകുമെന്നു ഞാൻ നേരത്തേ പറഞ്ഞിരുന്ന

ല്ലോ', വെർഡുരിൻ തിരിച്ചടിച്ചു. "കൊള്ളാവുന്നതെന്തു കണ്ടാലും അസൂയ പൂണ്ടു പിന്നാലെ നടക്കുന്ന നികൃഷ്ടജീവി!".

സത്യം പറഞ്ഞാൽ, 'വിശ്വസ്ത'രുടെ കൂട്ടത്തിൽ സ്വാനിനെപ്പോലെ മറ്റുള്ളവരോടു പകയും അസൂയയും പുലർത്തുന്ന മറ്റൊരാളുണ്ടായിരുന്നില്ല. പക്ഷേ, അവരെല്ലാം ആ വികാരം സഹജമായ തമാശകളും വൈകാരികപ്രകടനങ്ങളും വഴി ഒട്ടൊക്കെ മയപ്പെടുത്താൻ ശ്രമിച്ചിരുന്നു. 'ഇല്ല, ഇക്കാര്യത്തിൽ ഞാനൊന്നും പറയാൻ ഉദ്ദേശിയ്ക്കുന്നില്ല'ന്ന നിശ്ശബ്ദമായ പിന്മാറ്റംപോലും സ്വാൻ മന:പൂർവം ചെയ്യുന്ന വിശ്വാസവഞ്ചനയായി അവർ കണക്കാക്കി. സമകാലികമായ അഭിരുചികളെ വാഴ്ത്തിപ്പറഞ്ഞു തരംതാഴ്ന്ന ശൈലി പ്രയോഗിച്ചു ജനങ്ങളെ രസിപ്പിയ്ക്കുന്നതിൽ വിമുഖരായ മൗലികപ്രതിഭയുള്ള എഴുത്തുകാരുടെ പരിമിതമായ 'സ്വാതന്ത്ര്യം'പോലും അരോചകമാണെന്നു കരുതുന്ന വിധത്തിലാണു സ്വാൻ മാഡം വെർഡുരിനെ രോഷാകുലയാക്കിയത്. വായനക്കാരെപ്പോലെ അവർക്കും ആ ഉദ്ദേശശുദ്ധിയിൽ സംശയം തോന്നിയതിനു പ്രധാനകാരണം അദ്ദേഹം ഉപയോഗിച്ചുപോന്ന ഭാഷയുടെ പുതുമയായിരുന്നു.

വെർഡുരിൻസദസ്സിൽ തനിയ്ക്കെതിരെ ഭീഷണകരമായി വളർന്നു വരുന്ന വിദ്വേഷത്തെക്കുറിച്ചു തെല്ലും ബോധമില്ലാതെ, അവരുടെ സകലവിധ അസംബന്ധങ്ങളും പ്രണയത്തിന്റെ ആവേശഭരിതമായ കണ്ണുകളോടെ സ്വാൻ നിരീക്ഷിച്ചുകൊണ്ടേയിരുന്നു.

പൊതുവേ വൈകുന്നേരങ്ങളിലല്ലാതെ മറ്റൊരു സമയത്തും ഓദത്തുമായി അദ്ദേഹം ബന്ധപ്പെടാറില്ല. പകൽ മുഴുവൻ കണ്ടുകൊണ്ടിരുന്നാൽ ഒരുപക്ഷേ അവൾക്കു മടുപ്പനുഭവപ്പെടുമെന്നും അദ്ദേഹം ഭയപ്പെട്ടു. അതേ സമയം, അവളുടെ മനസ്സിൽ തനിയ്ക്കു ലഭിച്ച സ്ഥാനം ഒരു നിമിഷംപോലും അടിയറവെയ്ക്കാൻ അദ്ദേഹം തയാറായതുമില്ല; അതുകൊണ്ട് ഒരു തരത്തിലും അപ്രീതി തോന്നാത്തവിധം അവളുടെ ശ്രദ്ധ പിടിച്ചുപറ്റാൻ ഓരോരോ അവസരങ്ങൾ അദ്ദേഹം സ്വയം സൃഷ്ടിച്ചു. പൂക്കടയിലൊരു പുതിയതരം പൂവോ രത്നവ്യാപാരിയുടെ പക്ക

ലൊരു അമൂല്യമായ മോതിരമോ കണ്ടാൽ, അതുടനെ വാങ്ങി അദ്ദേഹം അവൾക്കു കൊടുത്തയയ്ക്കും; ആ പ്രണയോപഹാരം കൈനീട്ടി സ്വീകരിയ്ക്കുന്ന അവളുടെ സാമീപ്യസുഖം അപ്പോൾ സ്വയം അനുഭവിയ്ക്കുന്നതുപോലെ സ്വാനിനു തോന്നും. വൈകുന്നേരം വെർഡുരിൻകുടുംബത്തിലേയ്ക്കു ചെല്ലുമ്പോൾ അവളുടെ മുഖത്തു വിടരുന്ന സ്വാഗതഭാവത്തിൽ തന്നോടുള്ള കൃതജ്ഞത തെളിഞ്ഞു കാണാമെന്ന മോഹത്തോടെ അത്തരം പാരിതോഷികങ്ങൾ, ഉച്ചയ്ക്കുമുമ്പേ കൊടുത്തയയ്ക്കാൻ അദ്ദേഹം പ്രത്യേകനിഷ്ക്കർഷ പുലർത്തി. കടക്കാരൻ ജാഗ്രത കാണിച്ചാൽ ചിലപ്പോൾ നേരിട്ടു നന്ദി പറയാൻ ഒരുപക്ഷേ അവൾ അസാധാരണമായൊരു സന്ദർശനം നടത്തുമെന്നുപോലും അദ്ദേഹം പ്രതീക്ഷിച്ചു. തുടക്കത്തിൽ അവളുടെ സ്വഭാവത്തെച്ചൊല്ലി കൃത്രിമമായ കോപം പ്രകടിപ്പിച്ചു നടത്തിയ പരീക്ഷണങ്ങൾപോലെ, ഇതുവരെ വെളിവാകാത്ത ചില സ്വകാര്യമായ വികാരങ്ങളുടെ നവമുകുളങ്ങൾ വിടർത്താൻ ഈ ചാരിതാർത്ഥ്യബോധത്തിനു കഴിയുമെന്നും സ്വാൻ പ്രത്യാശിച്ചു.

ആവശ്യത്തിനു പണമില്ലാതെ വിഷമിയ്ക്കുമ്പോൾ, കടക്കാരന്റെ സമ്മർദ്ദം സഹിയ്ക്കാതെ ചിലപ്പോൾ ഓദത്ത് സ്വാനിന്റെ സഹായം തേടാറുണ്ട്. അവൾക്കു തന്നെക്കുറിച്ചു മതിപ്പുണ്ടാക്കുന്ന എന്തു വിഷയവും അദ്ദേഹം നന്നായി ആസ്വദിച്ചു; അതുകൊണ്ട് പ്രണയത്തിന്റെ, അഥവാ മന:പൂർവം പ്രയോഗിയ്ക്കാൻ ശ്രമിച്ച സ്വാധീനത്തിന്റെ, പേരിൽ അവൾക്കു നൽകുന്ന സാമ്പത്തികസഹായം സ്വാൻ ആസ്വദിയ്ക്കുകയാണു ചെയ്തത്. ആദ്യകാലത്ത് 'അവളുടെ ആദരവ് താങ്കളുടെ പദവിയോടാണെ'ന്നോ അല്ലെങ്കിൽ ഇന്നത്തെ അവസ്ഥയിൽ 'അവളുടെ പ്രണയം താങ്കളുടെ പണത്തോടാണെ'ന്നോ ആരെങ്കിലും പറഞ്ഞാൽ ആ സൂചന അദ്ദേഹത്തിനു തീരെ മനസ്സിലാവില്ല. മാത്രമല്ല, പണത്തിനും സ്വാധീനത്തിനും മേലേയാണു തങ്ങളുടെ പ്രണയമെന്നു വിശ്വസിച്ചിരുന്നതുകൊണ്ട്, അവൾ തന്നെ ആശ്രയിച്ചാണു ജീ

വിയ്ക്കുന്നതെന്ന പരമാർത്ഥം ഒരുതരത്തിലും അദ്ദേഹത്തെ ബാധിച്ചി ല്ല. അങ്ങനെയൊരു സാദ്ധ്യത അംഗീകരിച്ചാൽപ്പോലും, ബാഹ്യമാ യ ആകർഷണീയതയ്ക്കും വെറും സൗഹൃദത്തിലുപരി സുദൃഢമായൊരു വാണിജ്യബന്ധത്തെ മുൻനിർത്തിയുമാണെന്ന ബോദ്ധ്യത്തിൽ അ ദ്ദേഹത്തിനു പ്രത്യേകിച്ചൊരു ആശങ്ക തോന്നിയതുമില്ല. പരസ്പരബ ന്ധം അവസാനിപ്പിയ്ക്കാൻ അവൾതന്നെ മുന്നോട്ടു വരുന്ന നിർണായ കമായ നിമിഷം നീട്ടിക്കൊണ്ടുപോകാനും സ്വന്തം വ്യക്തിത്വത്തി ലും ബുദ്ധിയിലും സംഭവിക്കുന്ന അപചയത്തിന്റെ അനാകർഷകത്വം മറച്ചു വെയ്ക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. അങ്ങനെ പ്രണയത്തി ന്റെ വാസ്തവികതയെക്കുറിച്ചുള്ള സംശയങ്ങളും ഭാവിയിൽ സംഭവി യ്ക്കാവുന്ന കഷ്ടനഷ്ടങ്ങളും മനസ്സിൽ പലുക്കെ തിരനോട്ടം നടത്തിയി ട്ടും, അമൂർത്തമായ വികാരങ്ങളെ പിന്തുടരുന്ന ഒരു കലാഭിമാനിയെ പ്പോലെ, സ്വാൻ അവയെല്ലാം ആസ്വദിയ്ക്കുകയാണുണ്ടായത്. ഒരു ദി വസത്തെ താമസത്തിനു ഹോട്ടലിൽ മുറിയെടുത്തു നിർലോഭം പ ണം ചിലവാക്കി കടലിന്റെ കാഴ്ചയും തിരമാലകളുടെ ആരവവും ആ സ്വദിയ്ക്കുമ്പോൾ, സഹജമായി കലാവാസന ഇല്ലാത്തവർക്കുപോലും സ്വന്തം അഭിരുചികളുടെ സവിശേഷതകൾ തിരിച്ചറിയാൻ കഴിയും.

അങ്ങനെയോരോന്നു ചിന്തിച്ചിരിയ്ക്കുമ്പോൾ ആരോ ഒരിയ്ക്കൽ ഓ ദത്തിനെ 'വെപ്പാട്ടി'യെന്നു പറഞ്ഞു വിശേഷിപ്പിച്ചതു സ്വാനിന്റെ ഓ ർമ്മയിലേയ്ക്കു കടന്നുവന്നു; അപ്പോൾ, ഗസ്റ്റാവ് മോറോയുടെ ചിത്രങ്ങ ളിൽ വിഷത്തുള്ളികൾ വീഴുന്ന പൂക്കളുടെ തൊട്ടടുത്തായി രത്നങ്ങളു ടെ പരിവേഷം ചിത്രീകരിച്ചതുപോലെ, പൈശാചികമായ ചില ഗു ണവിശേഷങ്ങളുടെ മനുഷ്യത്വാരോപണം ഓദത്തിന്റെ സഹജപ്രകൃ തവുമായി അദ്ദേഹം വെറുതേ താരതമ്യം ചെയ്തു നോക്കി; അനീതി യോട് അമർഷവും വേദനിയ്ക്കുന്നവരോടു കാരുണ്യവും ഉദാരതയോടു നന്ദിയും തുടങ്ങി ചെറുപ്പത്തിൽ അമ്മയുടെ മുഖത്തു കണ്ടിരുന്ന അ തേ ഭാവവിശേഷങ്ങൾ അപ്പോൾ അവളുടെ മുഖത്തും അദ്ദേഹം ക ണ്ടു. അവളുമായി സംസാരിയ്ക്കുന്നതിനിടയിൽ വീട്ടിലെ ചിത്രശേഖര

വും വൃദ്ധനായ പരിചാരകനും കടപ്പത്രങ്ങൾ സൂക്ഷിയ്ക്കുന്ന വ്യാപാരിയും തുടങ്ങി തനിയ്ക്കുമാത്രം അറിയാവുന്ന വിഷയങ്ങളിലേയ്ക്കു സംസാരം തിരിഞ്ഞു പോകുന്നത് അദ്ദേഹം ശ്രദ്ധിച്ചു; വ്യാപാരിയെക്കുറിച്ചോർത്തപ്പോൾ അത്യാവശ്യമായി കുറച്ചു പണം ബാങ്കിൽനിന്നു പിൻവലിയ്ക്കേണ്ട വിഷയം അദ്ദേഹം മനസ്സിൽ കുറിച്ചുവെച്ചു. ഓദത്തിന്റെ സാമ്പത്തികബുദ്ധിമുട്ടുകൾക്കു പരിഹാരമായി കഴിഞ്ഞ മാസം അയ്യായിരം ഫ്രാങ്കു വെറുതേ നൽകിയതും അദ്ദേഹമോർത്തു. ഈ മാസം അങ്ങനെയൊരു ഔദാര്യത്തിന്റെ ആവശ്യം വരാത്തതുകൊണ്ട്, അവൾ കുറേക്കാലമായി മോഹിയ്ക്കുന്ന വജ്രത്തിന്റെ ഒരു നെക്ക്ലേസ് വാങ്ങിക്കൊടുക്കാതിരുന്നാൽ തന്നോടു കാണിയ്ക്കുന്ന ആദരവിനും കൃതജ്ഞതാബോധത്തിനും ഒരുപക്ഷേ കുറവു വന്നേക്കുമെന്നും അദ്ദേഹം വിചാരിച്ചു. ഈയിടെ അവൾ ചൂണ്ടിക്കാണിച്ചതുപോലെ പ്രണയത്തിന്റെ പ്രത്യക്ഷപ്രകടനങ്ങൾ പതുക്കെപ്പതുക്കെ കുറഞ്ഞുവന്നു തീർത്തും അവസാനിയ്ക്കുന്ന അപകടകരമായൊരു സ്ഥിതിവിശേഷത്തെ അദ്ദേഹം വല്ലാതെ ഭയപ്പെട്ടിരുന്നു. അതേസമയം, ഒരു യുവതിയെ 'വെച്ചുകൊണ്ടിരിയ്ക്കു'ന്നതിനു മറ്റെന്തു കാരണമാണുള്ളതെന്നു സ്വാൻ സ്വയം ചോദിച്ചു. വീട്ടുചിലവിനും വാടകയ്ക്കുമുള്ള പണം കൊടുത്തശേഷം, എഴുത്തുമേശയുടെ വലിപ്പിൽ പശയും കടലാസും ചേർത്തൊട്ടിച്ചു പൂട്ടിവെച്ചിരുന്ന ചില കീറിയ നോട്ടുകൾ, ഓദത്തിനു സമ്മാനിയ്ക്കാനുള്ള നാലായിരം ഫ്രാങ്കിന്റെ കൂടെ വെയ്ക്കാൻ വലിച്ചെടുക്കുന്നതുപോലെ, വഴിപിഴച്ച ചില വിഷയങ്ങളിൽനിന്നല്ലാതെ ദൈനന്ദിനജീവിതത്തിന്റെ പതിവുചര്യകളിൽനിന്നു 'വെച്ചുകൊണ്ടിരിയ്ക്കു ക'യെന്ന ആശയവും അനുമാനിച്ചെടുക്കാൻ കഴിയുമെന്നു സത്യത്തിൽ അദ്ദേഹം വിശ്വസിച്ചു. ഈ യുക്തി ഓദത്തിന്റെ കാര്യത്തിൽ പ്രയോഗിയ്ക്കുമ്പോൾ 'വെപ്പാട്ടി'യെന്ന പദവി അവൾക്കു ബാധകമല്ലെന്നു കൂടി അദ്ദേഹം കൂട്ടിച്ചേർത്തു. അവളിതുവരെ ഒരു ചില്ലിനാണയംപോലും മറ്റൊരാളുടെ പക്കൽനിന്നു കൈപ്പറ്റിയതായി ചിന്തിയ്ക്കാൻ അ

ദ്ദേഹത്തിനു കഴിഞ്ഞില്ല. ഈയിടെ പുതിയൊരു കണ്ടുപിടുത്തമായി നാട്ടിലെങ്ങും സ്ഥാപിച്ചുകഴിഞ്ഞ വൈദ്യുതദീപങ്ങൾ ഒരു വിരലമർത്തിയാൽ അണഞ്ഞുപോകുന്നതുപോലെ, ചിന്തയുടെ ആ നിമിഷം, ജന്മസിദ്ധമായി ഇടവിട്ടു സംഭവിയ്ക്കാറുള്ള മാനസികമാന്ദ്യം പെട്ടെന്നു കടന്നാക്രമിയ്ക്കപ്പെട്ട അദ്ദേഹത്തിന്റെ തലച്ചോറിലെ പ്രകാശകണങ്ങൾ ക്ഷണത്തിൽ പൊലിഞ്ഞുപോയി. കനത്ത ആ കൂരിരുട്ടിൽ ഒരു നിമിഷം സ്വാനിന്റെ മനസ്സു തപ്പിത്തടഞ്ഞു. അദ്ദേഹം കണ്ണട ഊരിയെടുത്തു ഗ്ലാസുകൾ തുടച്ചു രണ്ടുകൈകൊണ്ടും കണ്ണു തിരുമ്മി. എന്നിട്ടും അദ്ദേഹത്തിന്റെ ഉൾക്കണ്ണിൽ വെളിച്ചം തെളിഞ്ഞില്ല; പകരം വളരെ വ്യത്യസ്തമായൊരു വിചാരമാണു മുഖാമുഖം വന്നു നിന്നത്; ഓദത്തിന്റെ മനസ്സിൽ വിസ്മയം വിതച്ചു സന്തോഷം ഇരട്ടിപ്പിയ്ക്കാൻ, അടുത്ത മാസം നാലായിരമല്ല, എണ്ണായിരം ഫ്രാങ്കുതന്നെ കൊടുത്തയയ്ക്കണമെന്ന ഒരു വെളിപാടായിരുന്നു, ആ വിചാരം!.

വെർഡൂരിൻകുടുംബത്തിലേയ്ക്കു പോകാതെ വീട്ടിൽനിന്നു പുറത്തിറങ്ങുന്ന ദിവസങ്ങളിൽ, തുറസ്സായൊരു ഭക്ഷണശാലയിൽവെച്ച് ഓദത്തിനെ കണ്ടുമുട്ടുന്നില്ലെങ്കിൽ, പണ്ടു സ്ഥിരം ചെന്നുകയറാറുള്ള ഏതെങ്കിലും സുഹൃത്തിന്റെ വസതിയിലേയ്ക്കു സ്വാൻ ഉച്ചഭക്ഷണത്തിനായി കടന്നു ചെല്ലും. പഴയ സൗഹൃദങ്ങൾ തീരെ ഉപേക്ഷിയ്ക്കാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല; അതുവഴി ഓദത്തിനുപകാരപ്രദമായ എന്തെങ്കിലുമൊക്കെ സാധിച്ചെടുക്കാമെന്നും അദ്ദേഹം പ്രതീക്ഷിച്ചിരുന്നു; അതിനിടയ്ക്കു ചിലപ്പോഴൊക്കെ സ്വകാര്യമായ ചില ആനുകൂല്യങ്ങൾ നേടിയെടുക്കാനും അദ്ദേഹം ശ്രമിക്കായ്കയില്ല; അഭിജാതവർഗത്തിന്റെ ഉപചാരമര്യാദകളോടും ആഡംബരജീവിതത്തോടും ചെറിയൊരു പുച്ഛം മനസ്സിൽ സൂക്ഷിച്ചിരുന്ന സ്വാനിനു പക്ഷേ, നിരന്തരമായ സൌഹൃദവും ശീലവും മൂലം അവയെല്ലാം അനിവാര്യമായ ഒരാവശ്യമായി മാറിക്കഴിഞ്ഞിരുന്നു; പരിമിതസൗകര്യങ്ങൾ മാത്രമുള്ള ഒരു ഹോട്ടലും രാജകീയമായ മണിമാളികയും മനസ്സുകൊണ്ട് ഒരേനിലയ്ക്കു കണ്ടിരുന്ന അദ്ദേഹം പക്ഷേ, പ്രായോഗികമായി രണ്ടാമ

ത്തേതിനാണു മുൻഗണന നൽകിയത്. അതുകൊണ്ട് സാധാരണ ക്കാരുടെ കുടുംബത്തിലേയ്ക്ക്, പുറമേയ്ക്കു പ്രകടമാവാത്ത ഒരസ്വസ്ഥത യോടെ മാത്രമേ അദ്ദേഹത്തിനു ചെന്നു കയറാൻ കഴിഞ്ഞുള്ളൂ. 'അ ഞ്ചാമത്തെ നിലയിൽ, ഇടതുവശത്തു കാണുന്ന ആദ്യത്തെ വാതി ലെ'ന്ന സൂചനയോടെ ഒരു വാടകവീട്ടിൽ നടക്കുന്ന നൃത്തപരിപാടി യ്ക്ക്, പകിട്ടേറിയ വിരുന്നുകൾ നടത്തുന്ന പാർമെരാജകുമാരിയിൽനി ന്നെന്നപോലെ, ക്ഷണം ലഭിയ്ക്കാറുണ്ടെങ്കിലും ഒരു 'നൃത്തവിരുന്നിൽ' പങ്കെടുത്ത അനുഭൂതി സത്യത്തിൽ അദ്ദേഹത്തിനുണ്ടാകാറില്ല. വീട്ടു ടമസ്ഥയുടെ കട്ടിലിൽ അടുത്ത വീട്ടിലെ ഗൃഹനാഥനുമായി മുട്ടിയുരു മ്മി ഇരിയ്ക്കുമ്പോൾ, അയക്കോലിൽ കൈ തുടയ്ക്കുന്ന തോർത്തു നിവർ ത്തിയിട്ടിരിയ്ക്കുന്നതും മുറിയുടെ മൂലയ്ക്കൽ വസ്ത്രങ്ങൾ കുന്നുകൂടി കിടക്കു ന്നതും ജനലഴികളിൽ തൊപ്പികളും പുതപ്പുകളും തൂക്കിയിട്ടിരിയ്ക്കുന്ന തും കണ്ടു സ്വാനിനു വല്ലാത്തൊരു ഓക്കാനം തോന്നും. ജീവിത ത്തിൽ പാതിയോളം വൈദ്യുതവിളക്കുകൾ ഉപയോഗിച്ചു ശീലിച്ചവ ർ, കരിന്തിരി കത്തുന്ന നിലവിളക്കിനും മെഴുകുതിരിയ്ക്കും മുമ്പിലിരു ന്നു നേരിടുന്ന ഒരു ശ്വാസംമുട്ടൽ അദ്ദേഹത്തിനപ്പോൾ അനുഭവപ്പെ ടും. അത്താഴം കഴിയ്ക്കുന്നതു പുറത്തുനിന്നാണെങ്കിൽ ഏഴരയ്ക്കുതന്നെ വരണമെന്നു വണ്ടിക്കാരനെ അദ്ദേഹം നിർബന്ധിയ്ക്കാറുണ്ട്. സദാ സമയവും ഓദത്തിനെക്കുറിച്ചുതന്നെ ചിന്തിച്ചിരുന്ന സ്വാൻ വേഷം മാറുന്ന സമയത്തുപോലും ഒറ്റയ്ക്കായിരുന്നില്ല. അവളടുത്തിരിയ്ക്കുന്ന അ നുഭൂതി അതേ രീതിയിൽ അകന്നിരിയ്ക്കുന്ന നിമിഷങ്ങളിലേയ്ക്കും പക രാൻ നിരന്തരമായ ആ ചിന്തകൾക്കു കഴിഞ്ഞു. വണ്ടിയിൽ കയറി യാത്ര തുടങ്ങുമ്പോൾ അതേ വിചാരങ്ങളും വണ്ടിയിലേയ്ക്കു ചാടിക്കയ റി സ്വന്തം മടിയിൽ വന്നിരിപ്പുറപ്പിച്ചതായി അദ്ദേഹത്തിനു ബോ ദ്ധ്യപ്പെടും. അടുത്തിരുന്ന അതിഥികളുടെ കണ്ണിൽപ്പെടാതെ മേശപ്പു റത്തു തന്നെത്തന്നെ ശ്രദ്ധിയ്ക്കുന്ന, എവിടേയും കൊണ്ടുനടക്കാവുന്ന, ഒരു വളർത്തുനായയെപ്പോലെ ആ വിചാരങ്ങൾ അദ്ദേഹത്തെ പിന്തു

ടർന്നു; സുഖദമായ ഊഷ്മളതയിൽ ആണ്ടു മുഴുകി അദ്ദേഹമതിനെ തടവുകയും തലോടുകയും ചെയ്തുപോന്നു. ഉന്മേഷക്കുറവും ആലസ്യവും മൂലം തൊണ്ട വരണ്ടു ശ്വാസം കിട്ടാതാവുന്ന ദുരവസ്ഥ മറികടക്കാൻ, പെട്ടെന്നു സട കുടയുന്നതുപോലെ, അദ്ദേഹം കോട്ടിന്റെ കുടുക്കിൽ തിരുകിയ പൂക്കൾ ഒന്നുകൂടി മുറുക്കിക്കെട്ടാൻ ശ്രമിയ്ക്കും. ഈയിടെയായി, പ്രത്യേകിച്ചും ഓദത്ത് ഫോർഷ്‌വില്ലിനെ വെർഡുരിൻകുടുംബത്തിലേയ്ക്കു കൊണ്ടുവന്നതു മുതൽ, അദ്ദേഹത്തിന്റെ മനസ്സിൽ അകാരണമായൊരു വിഷാദം പ്രത്യക്ഷപ്പെട്ടു. ഏതെങ്കിലും ഒരുൾനാട്ടിൽ ചെന്നു കുറച്ചുദിവസം വിശ്രമിയ്ക്കാമെന്നു ചിലപ്പോൾ അദ്ദേഹം ആലോചിയ്ക്കും. പക്ഷേ, ഓദത്ത് സ്ഥലത്തുള്ളപ്പോൾ ഒരൊറ്റ ദിവസം പോലും പാരീസു വിട്ടുപോകാൻ അദ്ദേഹം ധൈര്യപ്പെട്ടതുമില്ല. വസന്തത്തിന്റെ ഊഷ്മളവും സുഖകരവുമായ കാലാവസ്ഥ തുടങ്ങിക്കഴിഞ്ഞു! എന്നിട്ടും, പൂക്കളും പുൽത്തകിടികളും ഇല്ലാത്ത വീട്ടിൽ തടവിലിട്ടതുപോലെ കഴിയേണ്ടിവരുന്ന ദുരന്തമോർത്ത് കല്ലു പാകിയ നഗരവീഥിയിലൂടെ നടക്കുമ്പോൾ അദ്ദേഹം സ്വയം സങ്കടപ്പെട്ടു. കോംബ്രേയിലുള്ള സ്വന്തം തോട്ടത്തിൽ, അപരാഹ്നത്തിലെ വെയിൽ മങ്ങിയ നേരത്തു നാലുമണിച്ചെടികളും മുക്കുറ്റിപ്പൂക്കളും അതിരിട്ട തടാകക്കരയിലെ വള്ളിക്കുടിലിൽ ചീരയിലകൾ വിരിച്ച മൃദുമെത്തയിൽ മലർന്നുകിടന്നു മെസെഗ്‌ലിസെ വയലുകളെ തഴുകിവരുന്ന മന്ദമാരുതന്റെ തലോടലേറ്റു സ്വച്ഛവും സുഗന്ധസുരഭിലവുമായ അന്തരീക്ഷത്തിന്റെ തണുപ്പ് ആസ്വദിയ്ക്കാൻ അദ്ദേഹം മോഹിച്ചു; അതിനുശേഷം അത്താഴത്തിനു ചെന്നിരിയ്ക്കുമ്പോൾ തോട്ടക്കാരന്റെ തഴക്കവും പഴക്കവുമുള്ള കൈകളുടെ ആശ്ലേഷമേറ്റ പഴങ്ങളും പച്ചക്കറികളും രൂപാന്തരം വന്നു മേശപ്പുറത്തെ തളികകളിൽ നിറഞ്ഞു കവിയുന്നത് അദ്ദേഹം സ്വപ്നം കണ്ടു!

ബോയ്സിലോ സാങ്ക്ലൌഡിലോ നേരത്തേ നിശ്ചയിച്ചുറപ്പിച്ച ഒരു വിരുന്നുണ്ടെങ്കിൽ, അഥവാ മഴ പെയ്യാൻ സാദ്ധ്യതയുണ്ടെങ്കിൽ, 'വിശ്വസ്ത'രൊക്കെ പെട്ടെന്നു പിരിയുമെന്നുറപ്പുള്ളതുകൊണ്ട്, പതിവു

നേരത്തിനുമുമ്പേ സ്വാൻ അത്താഴം അവസാനിപ്പിച്ച് പുറത്തിറങ്ങും. ആയിടയ്ക്കു ഡെസ്‌ലോമസ് രാജകുമാരിയുടെ വസതിയിൽവെച്ചു നടന്ന ഒരു വിരുന്നു വല്ലാതെ വൈകിപ്പോയിരുന്നു; വെർഡുരിൻകുടുംബത്തിലേയ്ക്കു പോകാൻ തിടുക്കപ്പെട്ടു കാപ്പിപോലും കുടിയ്ക്കാതെ സ്ഥലം വിട്ട സ്വാനിനെക്കുറിച്ച് ആതിഥേയ ഇങ്ങനെ അഭിപ്രായപ്പെട്ടു:

"വയസ്സു മുപ്പതു കഴിഞ്ഞു, പ്രമേഹത്തിന്റെ ശല്യമുള്ളവരാണെങ്കിൽ ഇങ്ങനെ തിടുക്കത്തിൽ ഓടിപ്പോകുന്നതു ന്യായീകരിയ്ക്കാമായിരുന്നു! സ്വാൻ നമ്മെയൊക്കെ വെറുമൊരു നേരംപോക്കിനുള്ള വകയായി മാത്രമേ കാണുന്നുള്ളൂ!".

കോംബ്രേയിലേയ്ക്കു ചെന്നാൽ സാങ്ക്ളൗഡിലെ വസന്തകാല ചാരുത കുറച്ചെങ്കിലും ആസ്വദിയ്ക്കാമെന്നു സ്വാൻ ചിലപ്പോൾ വിചാരിയ്ക്കും. പക്ഷേ, ഓദത്തിനെക്കുറിച്ചുമാത്രം ചിന്തിച്ച അദ്ദേഹം തളിരിലകളുടെ സൗരഭ്യമോ നിലാവിന്റെ സൗന്ദര്യമോ ഉൾക്കൊള്ളാനാവാതെ ശൂന്യമായ മനസ്സുമായി വീട്ടിലേയ്ക്കു മടങ്ങും. 'വിശ്വസ്ത'രാരും വന്നിട്ടില്ലെങ്കിൽ മാഡം വെർഡുരിനും ഭർത്താവും കൂടി അത്യധികം പ്രയത്നിച്ചു തൊട്ടടുത്ത ഭക്ഷണശാലയിൽനിന്നോ അയൽവീട്ടിൽനിന്നോ കൊണ്ടുവന്ന പിയാനോയുടെ മന്ദ്രശ്രുതി വളരെ ദൂരത്തുനിന്നുതന്നെ സ്വാനിനു കേൾക്കാം; ഇന്നിപ്പോൾ പക്ഷേ അദ്ദേഹത്തിന്റെ പേർക്കായിരുന്നില്ല അന്നത്തെ ഗീതം സമർപ്പിയ്ക്കപ്പെട്ടത്; ആ വിഷയം അവർ നിശ്ശേഷം കൈവിട്ടു കഴിഞ്ഞു; പതിവില്ലാത്തൊരു വിനോദപരിപാടി നടത്തി വിശ്വസ്തരിൽ സൗഹൃദത്തിന്റെ ക്ഷണികമായൊരു ബോധം സൃഷ്ടിയ്ക്കാമെന്ന ചിന്ത മാത്രമേ തൽക്കാലം അവർക്കുണ്ടായിരുന്നുള്ളൂ. പൂത്തുലഞ്ഞ വൃക്ഷനിരകളും നിർമ്മലമായ ആകാശവും കണ്ടു വസന്തത്തിന്റെ മനോഹരമായൊരു സായാഹ്നം കൂടി അവസാനിയ്ക്കാൻ പോകുകയാണെന്നു സ്വാൻ ഓർമ്മിച്ചു. പക്ഷേ, പ്രകൃതിയിൽനിന്നു ലഭിയ്ക്കുന്ന അലൗകികമായ നിർവൃതി ആസ്വദിയ്ക്കാനുള്ള ശാന്തതയും സ്വസ്ഥതയും അദ്ദേഹത്തിന്റെ മനസ്സിൽനിന്നു പൊയ്പ്പോയിരുന്നു. ഓദത്തിന്റെ സാമീപ്യത്തിൽ അനുഭവി

ച്ച അദമ്യമായ വികാരാവേശം, ഇന്നിപ്പോൾ സ്വാനിന്റെ മനസ്സിൽ ജ്വരസമാനമായൊരു രോഗത്തിന്ന വിത്തു പാകിക്കഴിഞ്ഞു!

ഒരു ദിവസം വൈകുന്നേരം വെർഡ്യുരിൻകുടുംബത്തിൽവെച്ചു ഭക്ഷണം കഴിയ്ക്കുന്നതിനിടയിൽ, പിറ്റേന്നു ചില സുഹൃത്തുക്കൾ സംഘടിപ്പിയ്ക്കുന്ന ഒരു കൂട്ടായ്മയുടെ വാർഷികത്തിന്ന പോകാനുണ്ടെന്നു സ്വാൻ പറഞ്ഞു. ഉടനെ കുടുംബത്തിലെ 'വിശ്വസ്ത'നായി മാറിയ ഫോർഷ് വില്ലൾപ്പെടെ സകലരും കേൾക്കെ ഓദത്ത് വിളിച്ചു പറഞ്ഞു:

“അതേ, എനിയ്ക്കറിയാം! നാളെ താങ്കൾക്കൊരു കൂട്ടായ്മയുടെ വാർഷികത്തിൽ പങ്കെടുക്കണം.. അപ്പോൾ വൈകുന്നേരം വീട്ടിലെത്തുന്നതുവരെ എനിയ്ക്കു താങ്കളെ കാണാനാവില്ല. എന്തായാലും, രാത്രി വല്ലാതെ വൈകിപ്പോകരുത്!“.

ഓദത്ത് ഒന്നോ രണ്ടോ 'വിശ്വസ്ത'രോട് ഇടയ്ക്കിടെ കാണിയ്ക്കുന്ന സൗഹൃദം സ്വാൻ ഒരിയ്ക്കലും കാര്യമായെടുക്കാറില്ല; അതിന്റെപേരിൽ അദ്ദേഹം അവളോടു യാതൊരു രസക്കേടും പ്രകടിപ്പിയ്ക്കാറുമില്ല. അങ്ങനെയിരിയ്ക്കേ അവർ ദിവസേന പരസ്പരം കണ്ടുമുട്ടാറുണ്ടെന്നും, വീട്ടിൽ തനിയ്ക്കു പ്രത്യേകമായ മുൻഗണനയും അവകാശവുമുണ്ടെന്നും സദസ്സിൽവെച്ച് അവൾ നിർലജ്ജം പ്രഖ്യാപിയ്ക്കുന്നതു കേട്ടപ്പോൾ അവാച്യമായൊരു ആഹ്ലാദം അദ്ദേഹം അനുഭവിച്ചു. ഓദത്തിന്ന പ്രത്യേകിച്ചൊരു മമത ആരോടുമില്ലെന്നു സ്വാനിന്ന നന്നായറിയാം; അങ്ങനെ തന്നേക്കാൾ താഴ്ന്ന തലത്തിലുള്ള അവളുടെ മേലുള്ള മേധാവിത്വം സകലരുടേയും സാന്നിദ്ധ്യത്തിൽ പ്രശംസിയ്ക്കപ്പെട്ടപ്പോൾ പ്രത്യേകമായൊരു വികാരവും അദ്ദേഹത്തിന്ന തോന്നേണ്ടതില്ല. പക്ഷേ, പലർക്കും മോഹം ജനിപ്പിയ്ക്കുന്നവിധം അഭികാമ്യയായ അവളുടെ ഹൃദയത്തിൽ നിരുപാധികമായ ആധിപത്യം ഉറപ്പിയ്ക്കാനുള്ള അദമ്യമായ ആഗ്രഹം അദ്ദേഹത്തിന്റെ ഉള്ളിലുണർന്നു. ദിവസേന വൈകുന്നേരം വീട്ടിൽ ഒരുമിച്ചിരുന്നു സല്ലപിയ്ക്കുന്ന സമയം അവളെ മടിയിലിരുത്തി ഓരോന്നു സംസാരിയ്ക്കുമ്പോൾ ലഭിയ്ക്കുന്ന ആനന്ദത്തിന്റെ ഓരോ നിമിഷവും അപരിമേയമായ മൂല്യത്തോടെ, ലൗകി

കമായ സകല സമ്പത്തിനും മീതെ ആശ്രയിയ്ക്കാവുന്ന ഒരഭയസ്ഥാനമായി, അദ്ദേഹം കണ്ടു. അതുകൊണ്ട് ആ ചാരിതാർത്ഥ്യത്തിനു തുടർച്ചയായി അന്നത്തെ വിരുന്നിനുശേഷം അദ്ദേഹമവളെ സ്വകാര്യമായി അടുത്തു വിളിച്ചു കലവറയില്ലാത്ത നന്ദി പ്രകടിപ്പിച്ചു; മാത്രമല്ല, ആ സന്തോഷാനുഭവം പകരാനുള്ള അധികാരവും അവകാശവും അവൾക്കുണ്ടെന്നും പ്രണയത്തിനു മുറിവേൽക്കാത്ത പരമമായ ആനന്ദം അസൂയയുടെ ആക്രമണം പ്രതിരോധിയ്ക്കുമ്പോഴാണു സാദ്ധ്യമാവുന്നതെന്നും അദ്ദേഹം സൂചിപ്പിച്ചു,

പിറ്റേന്നു വൈകുന്നേരം കൂട്ടായ്മയുടെ ആഘോഷപരിപാടികൾ കഴിഞ്ഞു സ്വാൻ പുറത്തിറങ്ങുമ്പോൾ ചെറിയ മഴ പെയ്യുന്നുണ്ടായിരുന്നു; കുതിരപ്പുറത്തെ യാത്ര ബുദ്ധിമുട്ടായതുകൊണ്ട് അദ്ദേഹം ഒരു സുഹൃത്തിന്റെ വണ്ടിയിലാണു മടങ്ങിയത്. അന്നു രാത്രി ഓദത്ത് മറ്റാരേയും പ്രതീക്ഷിയ്ക്കാതെ തന്നെ കാത്തിരിയ്ക്കുമെന്നു പറഞ്ഞിരുന്നില്ലെങ്കിൽ ഒരുപക്ഷേ ആ മഴയത്തു സ്വന്തം വീട്ടിലേയ്ക്കു മടങ്ങി സ്വസ്ഥമായ മനസ്സോടെ അദ്ദേഹം കിടന്നുറങ്ങുമായിരുന്നു. പക്ഷേ, എല്ലാ വൈകുന്നേരവും വീട്ടിൽ വന്നു കണ്ടുകൊള്ളാമെന്ന ശപഥത്തിനു തീക്ഷ്ണത പോരെന്നു കരുതി തീരെ ശുഷ്ക്കാന്തിയില്ലാതെ തനിയ്ക്കവശ്യം ആവശ്യമായ ഒരു രാത്രി അവളെന്നെന്നേയ്ക്കുമായി ഒഴിവാക്കുമെന്നു സ്വാൻ ഭയന്നു.

അദ്ദേഹം ഓദത്തിന്റെ വീട്ടുവാതിൽക്കലെത്തിയപ്പോൾ രാത്രി പതിനൊന്നു മണി കഴിഞ്ഞിരുന്നു; അവൾ സമയം വൈകിപ്പോയെന്നു പരിഭവിച്ചപ്പോൾ, നേരത്തേ വരാൻ കഴിയാതിരുന്നതിൽ സ്വാൻ ക്ഷമ ചോദിച്ചു. ശക്തമായി ആഞ്ഞടിയ്ക്കുന്ന തണുത്ത കാറ്റു മൂലം അസ്വസ്ഥയായ അവൾക്കു തലവേദനയുണ്ടായിരുന്നു; അരമണിക്കൂറിൽ കൂടുതൽ സമയം അനുവദിയ്ക്കാൻ കഴിയില്ലെന്നും അർദ്ധരാത്രിയോടെ അദ്ദേഹത്തെ പറഞ്ഞയയ്ക്കുമെന്നും അവൾ മുന്നറിയിപ്പു നൽകി. കുറച്ചു കഴിഞ്ഞപ്പോൾ അത്യധികമായ ക്ഷീണം മൂലം അവൾക്കുറക്കം വന്നു തുടങ്ങി.

"അപ്പോൾ, ഇന്ന്, ഓർക്കിഡ് പൂക്കളില്ലേ?", അദ്ദേഹം ചോദിച്ചു, "ചെറിയൊരു പൂവെങ്കിലും കാണുമെന്നു ഞാൻ കരുതി!".

പക്ഷേ, അവൾ തീരെ ഉദാസീനയായിരുന്നു. ദേഷ്യം വന്നതുപോലെ അവൾ പറഞ്ഞു: "ഇല്ല, സുഹൃത്തേ, ഇന്നു പൂക്കളൊന്നുമില്ല. എനിയ്ക്കു സുഖമില്ലെന്നു താങ്കൾക്കു മനസ്സിലായില്ലേ?"

"പൂക്കളുണ്ടെങ്കിൽ ഒരുപക്ഷേ, നിനക്കുത്സാഹം തോന്നുമായിരുന്നു. എന്തായാലും ഇന്നു ഞാൻ ശല്യപ്പെടുത്തുന്നില്ല..".

പോകുന്നതിനുമുമ്പ് മേശപ്പുറത്തെ വിളക്കണയ്ക്കാൻ അവളദ്ദേഹത്തോട് അപേക്ഷിച്ചു. കട്ടിലിനോടു ചേർന്നുള്ള ജനാലയുടെ കർട്ടൻ വലിച്ചിട്ട് അവളെ ഒറ്റയ്ക്കാക്കി അദ്ദേഹം പുറത്തേയ്ക്കു പോയി. പക്ഷേ, വീട്ടിലെത്തിയ ഉടനെ പെട്ടെന്നൊരു വിചാരം സ്വാനിന്റെ മനസ്സിൽ തിരനോട്ടം നടത്തി. ഒരുപക്ഷേ ഓദത്ത് അന്നു രാത്രി മറ്റൊരാളെ പ്രതീക്ഷിയ്ക്കുന്നുണ്ടെന്നും, അവളസുഖം അഭിനയിച്ചതാണെന്നും, ഉറങ്ങാൻ പോകുകയാണെന്നു ബോദ്ധ്യപ്പെടുത്താനാണു വിളക്കു കെടുത്താൻ ആവശ്യപ്പെട്ടതെന്നും, താൻ പുറത്തിറങ്ങിയ നിമിഷം അവൾ വീണ്ടും വിളക്കു കൊളുത്തിവെച്ച്, അതിഥിയായി വരുന്ന അപരിചിതനുവേണ്ടി വീണ്ടും വാതിൽ തുറക്കുമെന്നും, മനസ്സിൽ കൃത്യമായി കണ്ട അദ്ദേഹം വാച്ചിലേയ്ക്കു നോക്കി. ഇപ്പോൾ അവളെ വിട്ടു പോന്നിട്ടു മിക്കവാറും ഒന്നര മണിക്കൂറായി. സമയം കളയാതെ അദ്ദേഹം പുറത്തിറങ്ങി ഒരു വണ്ടി വിളിച്ചു നേരേ അവളുടെ വീടിനു തൊട്ടടുത്ത തെരുവിലെത്തി. രാത്രി വൈകിയെത്തുന്ന ദിവസങ്ങളിൽ അകത്തേയ്ക്കു പ്രവേശിയ്ക്കുന്നതിനുമുമ്പ് വീടിനു പിന്നിൽ ഇടവഴിയിലേയ്ക്കു തുറക്കുന്ന മുറിയുടെ ജനാലയ്ക്കൽ ചെന്നു മുട്ടി വിളിയ്ക്കാറുള്ള സ്ഥാനത്ത് അദ്ദേഹം വണ്ടിയിൽ നിന്നിറങ്ങി. നിരനിരയായി കാണപ്പെടുന്ന വീടുകളുടെ ഇരുളടഞ്ഞ ജനാലകളിൽ ഒന്നിൽനിന്നുമാത്രം പുറത്തേയ്ക്കു വരുന്ന പ്രകാശം അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. എണ്ണച്ചക്കിൽനിന്നു വീഞ്ഞു പിഴിഞ്ഞെടുക്കുന്നതുപോലെ, ജനൽപ്പാളികളുടെ വിടവിലൂടെ ഒഴുകി വരുന്ന വെളിച്ചം മുറിയ്ക്കകത്തു നിറഞ്ഞു നിന്നു. സാധാ

രണ തെരുവിന്റെ വളവു തിരിയുമ്പോൾ ദൂരെനിന്ന കാണാറുള്ള സുപരിചിതമായ ആ സൂചന കണ്ട് അദ്ദേഹത്തിന്റെ ഹൃദയം ആഹ്ലാദത്തോടെ പറയും: “അവളെന്നെ കാത്തിരിയ്ക്കുന്നു!“. പക്ഷേ, ഇന്നിപ്പോൾ, അവളൊരു അപരിചിതനുമായി സല്ലപിയ്ക്കുകയാണെ’ന്ന വിചാരം സ്വാനിനെ കണക്കറ്റ പീഡിപ്പിച്ചു. അതാരാണെന്ന മനസ്സിലാക്കാതെ ഇനിയദ്ദേഹത്തിനു സ്വസ്ഥതയില്ല! കാലടിശബ്ദം തീരെ കേൾപ്പിയ്ക്കാതെ അദ്ദേഹം ചുമരിനോടു ചേർന്നു ജനലിനടുത്തേയ്ക്കു നടന്നുചെന്നു. ജനൽപ്പാളിയുടെ നേരിയ വിടവിലൂടെ യാതൊന്നും കാണാനില്ല. രാത്രിയുടെ നിശ്ചലനിശ്ശബ്ദതയിൽ ആരോ സ്വരം താഴ്ത്തി സംസാരിയ്ക്കുന്നതു മാത്രമേ കേൾക്കാനുള്ളൂ. അർദ്ധസുതാര്യമായ ജനലിനു പിറകിലെ സുവർണപ്രഭയിൽ ആരും കാണാതെ വെറുക്കപ്പെട്ട രണ്ടു നിഴൽരൂപങ്ങൾ അങ്ങുമിങ്ങും നീങ്ങുന്നതു നോക്കിക്കൊണ്ടിരുന്നപ്പോൾ, താനവിടെനിന്ന പോന്നതിന്റെ അടുത്ത നിമിഷം അകത്തേയ്ക്കു നുഴഞ്ഞുകയറിയ അപരിചിതനുമായി ചേർന്ന് അവളാസ്വദിയ്ക്കുന്ന ആനന്ദാനുഭൂതിയുടെ മൃദുമർമ്മരം കേട്ടുകൊണ്ടിരുന്നപ്പോൾ, അസഹ്യവും കഠിനവുമായൊരു വേദന സ്വാനിന്റെ ഹൃദയത്തിൽനിന്നു പൊട്ടിപ്പുറപ്പെട്ടു!

എന്നിട്ടും, ആ ജനാലയ്ക്കു കീഴെ അസമയത്തു ചെന്നു നിന്നതിൽ അദ്ദേഹത്തിനു മനസ്താപം തോന്നിയില്ല. വീടു വിട്ടിറങ്ങാൻ നിർബന്ധിച്ച അസ്വസ്ഥതയുടെ അനിശ്ചിതത്വം അവസാനിച്ചതോടെ അദ്ദേഹം അനുഭവിച്ച വേദനയുടെ തീവ്രത തെല്ലൊന്നു നിർവീര്യമായി; ഓദത്തിന്റെ അപരമായൊരു ജീവിതത്തെക്കുറിച്ചു നേരത്തേ അറിയാമായിരുന്നെങ്കിലും ആ നിമിഷം പെട്ടെന്നു പൊട്ടി വീണ സന്ദേഹം അദ്ദേഹത്തെ അമ്പരപ്പിച്ചു; ദീപപ്രഭയിൽ മുങ്ങി നിൽക്കുന്ന ഒരു തടവുപുള്ളിയെ അദ്ദേഹം തൊട്ടുമുന്നിലെന്നപോലെ നേരിട്ടു കണ്ടു; സർവശക്തിയും സംഭരിച്ചു വാതിൽ തള്ളിത്തുറന്ന്, അവളുടെ മുമ്പിൽ വെച്ചുതന്നെ അയാളെ കടന്നുപിടിയ്ക്കാൻ അദ്ദേഹം വെമ്പൽകൊണ്ടു;

അതല്ലെങ്കിൽ പലപ്പോഴും വൈകിവരുന്ന രാത്രികളിൽ പതിവുള്ളതു പോലെ ജനൽപ്പാളിയിൽ വിരൽ മുട്ടുമ്പോൾ, മുറിയിലെ പ്രകാശം കാണുകയും സംസാരം കേൾക്കുകയും ചെയ്ത തനിയ്ക്കു കാര്യമെല്ലാം കൃത്യമായി മനസ്സിലായെന്ന ബോദ്ധ്യമെങ്കിലും അവൾക്കുണ്ടാകുമെന്നു സ്വാൻ വ്യാമോഹിച്ചു. വാതിൽ തുറക്കുമ്പോൾ അവളൊരു പരിഹാസത്തോടെ എത്ര സമർത്ഥമായാണു തന്നെ ഒഴിവാക്കിയതെന്നു മറ്റേയാൾക്കു പറഞ്ഞു കൊടുക്കുന്നതായി, തൊട്ടു മുമ്പേ മനസ്സിൽ വരച്ചുകൊണ്ടിരുന്ന ചിത്രം അദ്ദേഹം പെട്ടെന്നെടുത്തു മാറ്റി; പകരം, തെറ്റു ചെയ്തതിൽ പശ്ചാത്താപമില്ലാതെ നിശ്ചയദാർഢ്യത്തോടെ നിൽക്കുന്ന ഓദത്തിനെയാണു സ്വാൻ മുമ്പിൽ കണ്ടത്; തന്നെ കൗശലപൂർവം കെണിയിൽപ്പെടുത്തിയതു മറ്റാരുമല്ല, കൃത്യമായ ഉദ്ധോദ്ദേശത്തോടെ വീട്ടിലേയ്ക്കു മടങ്ങുകയാണെന്നു നുണ പറഞ്ഞു തൊട്ടടുത്ത നിമിഷം വാതിൽക്കൽ വന്നു മുട്ടി വിളിയ്ക്കാൻവേണ്ടി മന:പൂർവം മറഞ്ഞിരുന്ന സ്വാനാണെന്ന ഗുരുതരമായ കുറ്റാരോപണം കൂടി അവൾ നടത്തി. സംശയനിവാരണത്തിന്റെ സാന്ത്വനത്തേക്കാൾ, വേദനയുടെ ശമനത്തിൽനിന്നു ലഭിയ്ക്കുന്ന ബുദ്ധിപരമായ സംതൃപ്തിയാണു സ്വാൻ അപ്പോൾ അനുഭവിച്ചത്. ഓദത്തിന്റെ പ്രണയം നിഴലിയ്ക്കുന്ന പ്രകാശത്തിൽ അദ്ദേഹം ചിലപ്പോൾ ചെറുപ്പകാലത്തെ അഭിനിവേശങ്ങൾ ഓരോന്നായി ഓർത്തെടുക്കാറുണ്ട്; വിദ്യാഭ്യാസകാലത്ത് ആവേശപൂർവം പിന്തുടർന്ന സത്യാന്വേഷണകൌതുകം ഇന്നിപ്പോൾ അവളുടെകൂടെ ജീവിയ്ക്കുമ്പോൾ അദ്ദേഹത്തിനു പരമപ്രധാനമായി തോന്നി; പക്ഷേ ആ സത്യം, അവളിൽനിന്നു പ്രസരിയ്ക്കുന്ന പ്രകാശം സ്വീകരിച്ച്, അവളുടെ പരിസരങ്ങളും പദ്ധതികളും ഒരുപക്ഷേ ഭൂതകാലവും വെളിവാക്കുന്ന കേവലസൗന്ദര്യത്തിന്റെ ലക്ഷ്യസ്ഥാനമെന്ന നിലയ്ക്കു സ്വകാര്യവും വ്യക്തിപരവുമായി അദ്ദേഹം കണ്ടറിഞ്ഞു. ജീവിതത്തിലെ മറ്റൊരു കാലഘട്ടത്തിലും മറ്റുള്ളവരുടെ വാക്കുകൾക്കും പെരുമാറ്റങ്ങൾക്കും അളവിൽക്കവിഞ്ഞ പ്രാധാന്യം സ്വാൻ നൽകിയിട്ടില്ല. അത്തരം വിഷയങ്ങളുൾക്കൊ

ള്ളുന്ന കിംവദന്തികൾ അദ്ദേഹം തീരെ തള്ളിക്കളയുകയാണു പതിവ്; അഥവാ കേൾക്കാൻ സ്വയം നിർബന്ധിതനായാൽപ്പോലും മനസ്സിന്റെ ഉപരിപ്ലവമായൊരു തലത്തിൽ മാത്രമേ അദ്ദേഹം താൽപ്പര്യം കാണിയ്ക്കാറുള്ളൂ. മാത്രമല്ല, അത്തരം സന്ദർഭങ്ങളിൽ എന്തെന്നില്ലാത്ത ഒരു മൗഢ്യവും ഉന്മേഷക്കുറവും അദ്ദേഹത്തെ ബാധിച്ചിരുന്നു. പക്ഷേ, പ്രണയാവേശത്തിന്റെ വിചിത്രകാലത്തു പ്രണയിനിയുടെ ദിനചര്യകളുമായി ബന്ധപ്പെട്ട ചെറിയ വിഷയങ്ങൾപോലും അറിയാൻ ഉള്ളിന്റെയുള്ളിൽ ഉണരുന്ന കൗതുകം, ഒരുകാലത്തു ചരിത്രം പഠിയ്ക്കുമ്പോൾ തോന്നിയ വിജ്ഞാനദാഹത്തെപ്പോലും മറികടന്നു. ഇന്നു രാത്രി ജനാലയുടെ പുറത്തു നിന്നു നടത്തുന്ന ചാരവൃത്തി നാളെ സത്യത്തിൽ എന്തായി മാറുമെന്നും സ്വാനിനു ബോദ്ധ്യം വന്നു. സാക്ഷികളെ പ്രകോപിപ്പിച്ചു ചോദ്യം ചെയ്യുക, സേവകർക്കു കൈക്കൂലി നൽകുക, അടഞ്ഞു കിടക്കുന്ന വാതിൽക്കൽ മറഞ്ഞുനിൽക്കുക തുടങ്ങി ഒരുകാലത്തു ലജ്ജിച്ചു ചുരുണ്ടു പോകുമായിരുന്ന സകല പെരുമാറ്റരീതികളും ഇന്നിപ്പോൾ അദ്ദേഹത്തിന്നു പഥ്യമായിരിയ്ക്കുന്നു. തെളിവുകൾ അളന്നു തൂക്കി, കൈയെഴുത്തുപ്രതികളിലെ ഗൂഢാർത്ഥങ്ങൾ വ്യാഖ്യാനിച്ച്, പ്രാചീനചിഹ്നങ്ങൾക്കു ഭാഷ്യം ചമച്ചു നടത്തുന്ന ശാസ്ത്രീയാന്വേഷണങ്ങളുടെ മാർഗങ്ങൾ ബുദ്ധിപരമായ മൂല്യങ്ങളുടെ തോതിൽ വർഗീകരിച്ചു പട്ടികയുണ്ടാക്കി സത്യാന്വേഷണത്തിനു നിയമപരമായി ഉപയോഗിയ്ക്കാവുന്ന ഉപാധികളാക്കി മാറ്റാമെന്നു കൂടി അദ്ദേഹം കണ്ടെറിഞ്ഞു.

അവളെ ജനലിൽ മുട്ടിവിളിയ്ക്കാൻ കൈയുയർത്തുമ്പോൾ പെട്ടെന്ന് ആത്മനിന്ദയുടെ കഠിനമായൊരു നൊമ്പരം അദ്ദേഹത്തെ പിന്തിരിപ്പിച്ചു; യാത്ര പറഞ്ഞു പോയ താനിപ്പോൾ തിരിച്ചെത്തി ജനാലയുടെ പുറത്തു പതുങ്ങി നിന്നു മുറിയിലെ കാര്യങ്ങൾ സംശയത്തോടെ നിരീക്ഷിയ്ക്കുകയാണെന്ന വസ്തുത അവൾ മനസ്സിലാക്കും. അസൂയ സഹിയ്ക്കാതെ ഒളിഞ്ഞു നോക്കുന്ന കാമുകന്മാരെക്കുറിച്ച് അവളെത്ര വെറുപ്പോടെയാണു പലപ്പോഴും സംസാരിച്ചിട്ടുള്ളത്! അതേസമയം,

അവളുമായുള്ള ബന്ധം എന്നെന്നേയ്ക്കുമായി അവസാനിയ്ക്കാൻ സാദ്ധ്യ തയുള്ള നികൃഷ്ടമായൊരു കൃത്യമാണിപ്പോൾ ചെയ്യാൻ പോകുന്ന തെന്ന് അദ്ദേഹം ചിന്തിച്ചു. ഇപ്പോൾ, ജനലിൽ മുട്ടാൻ മടിച്ചു നിൽ ക്കുന്ന ഈ നിമിഷം, വിശ്വാസവഞ്ചനയുടെ പേരിലെങ്കിലും അവൾ ക്കു തന്നോടു സ്നേഹമുണ്ടായിരിയ്ക്കും; സത്വരസംതൃപ്തിയുടെ നിർബ ന്ധബുദ്ധി മൂലം വരാനിരിയ്ക്കുന്ന ആഹ്ലാദം എത്ര അനായാസമായാ ണു ബലി കഴിയ്ക്കപ്പെടുന്നത്! പക്ഷേ, ആ നിമിഷം, സത്യമറിയാനു ള്ള ആഗ്രഹം അവളോടുള്ള അഭിനിവേശത്തേക്കാൾ ശക്തവും അ ത്യാസന്നവുമായി സ്വാനിന്റെ മനസ്സിലുയർന്നു. പൌരാണികകാല ത്തെ കലാപാരമ്പര്യം ചികഞ്ഞെടുക്കാൻ ചിതലരിച്ച കൈയെഴുത്തു പ്രതികളിലെ അവ്യക്തമായ അക്ഷരങ്ങൾക്കിടയിൽ മുഖം പൂഴ്ത്തി നിശ്ചലനായിരിയ്ക്കുന്ന വിദ്യാർത്ഥിയെപ്പോലെ, സംഭവങ്ങളുടെ തത്സ മയചിത്രങ്ങളിൽനിന്നു യഥാർത്ഥജീവിതം കൃത്യമായി പുന:സൃഷ്ടി യ്ക്കാനുള്ള ഉദ്യമത്തിൽ ജനലഴികൾവഴി അരിച്ചിറങ്ങുന്ന വെളിച്ചത്തി ന്റെ തുണ്ടുകൾ സ്വാൻ വായിച്ചെടുക്കാൻ ശ്രമിച്ചു. ക്ഷണികവും അമൂ ല്യവുമായ ആ കൈയെഴുത്തുപ്രതിയുടെ സുതാര്യമായ ഏടുകളിൽ മറ ഞ്ഞിരുന്ന ഹർഷോന്മാദത്തിന്റെ ഹൃദ്യമായ ഊഷ്മളത പ്രസരിപ്പിയ്ക്കു ന്ന സത്യത്തിന്റെ സാക്ഷാത്ക്കാരസംതൃപ്തിയ്ക്കുവേണ്ടി സ്വാൻ അക മഴിഞ്ഞു ദാഹിച്ചു. അവളുടെമേലൊരു മേൽക്കോയ്മ എങ്ങനേയും നേ ടിയെടുക്കണമെന്നുതന്നെ അദ്ദേഹം തീരുമാനിച്ചു. ഈ വിഷയത്തെ ക്കുറിച്ചു സ്വയം അറിയുന്നതിനേക്കാൾ അറിയാമെന്നവളെ ബോദ്ധ്യ പ്പെടുത്തുന്നതാണു പ്രധാനമെന്നും ഒരുപക്ഷേ അദ്ദേഹം കരുതി. ജന ലിനു സമീപം ചേർന്നു നിന്നു ശബ്ദമുണ്ടാക്കാതെ അദ്ദേഹം വിരലു യർത്തി ജനൽപ്പാളിയിൽ മുട്ടി; അകത്തുനിന്നൊരു പ്രതികരണവു മില്ല; അദ്ദേഹം ഒരിയ്ക്കൽക്കൂടി മുട്ടി; അതാ ഒരു പുരുഷശബ്ദം! ആ ശ ബ്ദം ഓദത്തിന്റെ സുഹൃത്തുക്കളിൽ ആരുടേതാണെന്നു തിരിച്ചറിയാ ൻവേണ്ടി അദ്ദേഹം കാതു കൂർപ്പിച്ചു ചോദിച്ചു:

"ആരാണത്?"

പക്ഷേ, മറുപടിയായി വന്ന ശബ്ദം സ്വാനിനു വ്യക്തമായില്ല; വീണ്ടും അദ്ദേഹം ജനലിൽ മുട്ടി; ഇത്തവണ ആരോ ജനൽപ്പാളികൾ മലർക്കെ തുറന്നു; അതെ, ഇനിയിപ്പോൾ, പിൻവലിയാൻ സമയമില്ല! അവൾ സകലതും അറിഞ്ഞിരിയ്ക്കണമെന്ന വിചാരത്തോടെ, അതേസമയം താനൊരു അസൂയാലുവല്ലെന്നു വെളിവാക്കുന്നവിധം, ഹൃദ്യമായ മധുരസ്വരത്തിൽ അദ്ദേഹം പറഞ്ഞു:

"ദയവായി ശല്യപ്പെടുത്തുകയാണെന്നു കരുതരുത്. ഈ വഴിയ്ക്കു പോയപ്പോൾ ജനാലയ്ക്കൽ വെളിച്ചം കണ്ടു വെറുതെ എത്തിനോക്കിയെന്നു മാത്രം.. നിന്റെ അസുഖം എങ്ങനെയുണ്ടെന്ന് അന്വേഷിക്കാമെന്നും വിചാരിച്ചു..!"

അകത്തേയ്ക്കു സൂക്ഷിച്ചുനോക്കിയ സ്വാൻ ജനാലയ്ക്കൽ രണ്ടു വൃദ്ധരെയാണു കണ്ടത്! ഒരാൾ കൈയിലൊരു വിളക്കു പിടിച്ചു നിൽക്കുന്നു, മറ്റേയാൾ തൊട്ടുപിന്നിലും. അദ്ദേഹത്തിന്റെ കണ്ണുകൾ മുറിയിലേയ്ക്കു നീണ്ടുചെന്നു; മുമ്പൊരിയ്ക്കലും കാണാത്ത ഒരു മുറി.. സത്യത്തിൽ, പതിവുശീലം സമ്മാനിച്ച ഒരബദ്ധത്തിൽ ചെന്നു വീണതായിരുന്നു, അദ്ദേഹം! ഓദത്തിനെ കാണാൻ രാത്രി വൈകി ചെല്ലുമ്പോൾ, വീടുകളുടെ നീണ്ട നിരയിൽനിന്നു തിരിച്ചറിയാനുള്ള അടയാളമായി 'വെളിച്ചമുള്ള ജനാല'യെന്ന സൂചന പക്ഷേ ഇത്തവണ തെറ്റിപ്പോയി! ഓദത്തിന്റെ വീടിനു തൊട്ടടുത്ത ജനാലയ്ക്കലാണു സ്വാൻ ചെന്നു മുട്ടിവിളിച്ചത്! വൃദ്ധരോടു നിരുപാധികം മാപ്പു പറഞ്ഞ്, സത്യാന്വേഷണത്തിന്റെ ആവേശത്തിൽ ഓദത്തിനോടുള്ള പ്രണയം യാതൊരു പോറലുമേൽക്കാതെ നിലനിർത്താൻ കഴിഞ്ഞ ആത്മസംതൃപ്തിയോടെ അദ്ദേഹം വീട്ടിലേയ്ക്കു മടങ്ങി. കുറച്ചുകാലമായി ഓദത്തിന്റെ സാന്നിദ്ധ്യത്തിൽ കാണിച്ചുപോന്ന കപടമായ നിസ്സംഗത ഈ സംഭവത്തോടെ സ്വാനിന്റെ മനസ്സിൽനിന്നു നിശ്ശേഷം മാഞ്ഞുപോയി; പരസ്പരപ്രണയത്തിന്റെ ബാദ്ധ്യത സ്വീകർത്താവിൽനിന്നു തീർത്തും ഒഴിവാക്കുന്ന വിധത്തിൽ അവളോടുള്ള അത്യാസ

ക്തിയുടെ പ്രകടമായ തെളിവായിരുന്നു, അന്നദ്ദേഹം കാഴ്ചവെച്ച അസൂയയുടെ പ്രദർശനം! ആ സാഹസകൃത്യത്തെക്കുറിച്ച് പിന്നീട് ഒരിയ്ക്കൽപ്പോലും അദ്ദേഹം അവളോടു സംസാരിയ്ക്കുകയോ സ്വയം ചിന്തിയ്ക്കുകയോ ചെയ്തില്ല. പക്ഷേ, ഇടയ്ക്കിടെ അലഞ്ഞു തിരിയുന്ന ചിന്തകൾ വെളിപ്പെടാതെ കിടക്കുന്ന ആ ഓർമ്മയിൽ ചെന്നു മുട്ടി ജീവൻ പകർന്നു ബോധതലത്തിലേയ്ക്കു തിരിച്ചു വരുമ്പോൾ അടിവേരിൽനിന്നുയരുന്ന തീക്ഷ്ണമായൊരു വേദന അദ്ദേഹത്തെ വല്ലാതെ അലോസരപ്പെടുത്താറുണ്ട്. ശാരീരികവേദനയ്ക്കു കാരണം കണ്ടുപിടിയ്ക്കാനും ശമനൗഷധം നിർണയിയ്ക്കാനും മനസ്സിനൊരുപക്ഷേ കഴിയും; മാനസികവേദനയാകട്ടെ, ചിന്തിയ്ക്കുന്തോറും സ്വയം പെറ്റുപെരുകുകയാണു ചെയ്യുന്നത്; ചിന്തിയ്ക്കരുതെന്ന ദൃഢനിശ്ചയംപോലും നിശ്ചലമായ ചിന്തയും പീഡനവുമായി മാറുന്നു. അത്തരം വേദനകൾ തൽക്കാലത്തേയ്ക്കു മറന്നു സുഹൃത്തുക്കളോടു സംസാരിയ്ക്കുമ്പോൾ യാദൃച്ഛികമായി കേൾക്കുന്ന ഒരു വാക്ക്, നീരു വന്നു വീർത്ത കാലിൽ അറിയാതെ ആരുടേയോ കൈ തട്ടുമ്പോൾ സംഭവിയ്ക്കുന്നതുപോലെ, സ്വാനിന്റെ മുഖത്തു ചുളിവുകൾ വീഴ്ത്തി. ഓദത്തിന്റെ വീട്ടിൽനിന്നു മടങ്ങുമ്പോൾ അദ്ദേഹത്തിനു ചെറിയൊരു സന്തോഷവും ശാന്തതയും അനുഭവപ്പെട്ടു. ചിലപ്പോൾ സൗമ്യമായി കൊഞ്ചിയ്ക്കുമ്പോൾ അവളുടെ മുഖത്തു വിടരുന്ന മനോഹരമായ, തന്നോടുമാത്രം വിധേയത്വം പുലർത്തുന്ന പുഞ്ചിരി അദ്ദേഹം പലതവണ ആവർത്തിച്ച് ഓർത്തെടുത്തു. സ്വന്തം ഇഷ്ടപ്രകാരമല്ലെന്നു തോന്നിയ്ക്കുന്നവിധം സ്വന്തം ചുണ്ടുകളോടു ചേരാൻ സാവകാശം ഉയർന്ന്, ഉടനെ വാടിവീഴുന്നപോലെ താഴോട്ടു പതിയ്ക്കുന്ന അവളുടെ ശിരസ്സിന്റെ ഗുരുത്വാകർഷണം, മടിയിലൊരു കിളിക്കുഞ്ഞിനെപ്പോലെ കിടക്കുമ്പോൾ അലസമായി തൊടുത്തു വിടുന്ന പരിക്ഷീണമായ കടാക്ഷം, തണുപ്പു സഹിയ്ക്കാതെ മുഖം മാറിലേയ്ക്കു പൂഴ്ത്തുമ്പോൾ കുനിയുന്ന ശിരസ്സ്, തുടങ്ങി അവളുടെ ഓരോ ചിത്രവും സ്വാനിന്റെ ഓർമ്മയിൽ സവിശേഷചാരുതയോടെ തിളങ്ങി.

പക്ഷേ തൊട്ടടുത്ത നിമിഷം, പ്രണയത്തിന്റെ നിഴൽരൂപമായ

അസൂയ ആ ചിത്രങ്ങളുടെ മറുവശവും അദ്ദേഹത്തിനു കാണിച്ചുകൊടുത്തു. അന്നു വൈകുന്നേരം കണ്ട അവളുടെ വശ്യമായ പുഞ്ചിരിയ്ക്കു നേർവിപരീതമായി, ഇപ്പോൾ സ്വന്തം ഹൃദയം മറ്റൊരാൾക്കു സമർപ്പിച്ചു തൊടുത്തു വിടുന്ന പരിഹാസത്തിന്റെ ചിരിയും ഒരപരിചിതന്റെ ചുണ്ടുകളിലേയ്ക്കു സ്വയം ചേർന്നലിയുന്ന പ്രണയചേഷ്ടകളും സ്വാൻ കണ്ടറിഞ്ഞു. അവളുടെ വീട്ടിൽനിന്ന് അദ്ദേഹം കടത്തിക്കൊണ്ടുപോന്ന വിഷയവികാരങ്ങളുടെ ഓർമ്മകൾ, അലങ്കാരവിതാനങ്ങളുടെ വിന്യാസക്രമത്തിനു കലാസംവിധായകൻ സമർപ്പിയ്ക്കുന്ന രൂപരേഖപോലെ, മറ്റൊരാൾക്കുവേണ്ടി അവൾ സ്വീകരിയ്ക്കാൻ സാദ്ധ്യതയുള്ള ഭാവങ്ങളെക്കുറിച്ച് ഒരേകദേശധാരണ സ്വരൂപിയ്ക്കാൻ സഹായകമായ കരടുചിത്രങ്ങളായി മാറി. അങ്ങനെ അവൾ സമ്മാനിയ്ക്കുന്ന ഓരോ ആനന്ദാനുഭൂതിയും ഓരോ സ്പർശരോമാഞ്ചവും ഓരോ വിസ്മയദൃശ്യവും, തൊട്ടടുത്ത നിമിഷം രഹസ്യമായൊരു പീഡാഗാരത്തിലെ ആയുധശേഖരത്തിലേയ്ക്കു വരവു വെയ്ക്കാനുള്ളതാണെന്ന ബോദ്ധ്യംമൂലം ഒരുതരം നിസ്സംഗമായ വ്യസനത്തോടെമാത്രമേ സ്വാനിനു സ്വയം അനുഭവിയ്ക്കാനായുള്ളൂ.

ചിന്തയുടെ പിരിയാണി ഒന്നുകൂടി മുറുക്കുന്നവിധം, അതുവരെ കാണാത്ത സവിശേഷമായൊരു ഭാവം ഒരു ദിവസം ഓദത്തിന്റെ കണ്ണുകളിൽ തിളങ്ങിയതു സ്വാൻ പ്രത്യേകമായി ഓർമ്മിച്ചെടുത്തു. വെർഡ്യുരിൻകുടുംബത്തിലെ വിരുന്നിനു ശേഷമായിരുന്നു, ആ സംഭവം. സ്വന്തം സഹോദരീഭർത്താവായ സാനിയേറ്റ്, മാഡം വെർഡ്യുരിനുമായി നല്ല ലോഗ്യത്തിലല്ലെന്നു കുടുംബത്തിലേയ്ക്കു കടന്നു വന്ന ആദ്യദിവസംതന്നെ ഫോർഷ്‌വിൽ മനസ്സിലാക്കിയിരുന്നു; സദസ്യരുടെ കൈയടി നേടാമെന്നു കരുതി മന:പൂർവം സാനിയേറ്റിനെ ഒരു പരിഹാസകഥാപാത്രമാക്കാൻ അദ്ദേഹം തീരുമാനിച്ചതിനു പിന്നിൽ ഒന്നിലേറെ കാരണങ്ങളുണ്ടായിരുന്നു: സാനിയേറ്റ് നടത്തുന്ന ചില അഭിപ്രായപ്രകടനങ്ങളിലെ പരോക്ഷസൂചനകളിൽ വല്ലാത്തൊരു അസ്വസ്ഥത അനുഭവപ്പെട്ടതുകൊണ്ടും, തന്നെ നന്നായറിയുന്ന ഒ

രു ബന്ധുവിന്റെ സാന്നിദ്ധ്യം ചില സ്വകാര്യനിലപാടുകൾ സ്വീകരിയ്ക്കുന്നതിൽ തടസ്സം സൃഷ്ടിയ്ക്കുന്നതുകൊണ്ടും സൗമ്യനായ സാനിയേറ്റിനെ സദസ്സിൽനിന്നു നിഷ്ക്കാസനം ചെയ്യാൻ അദ്ദേഹം തക്കതായൊരു അവസരം കാത്തിരുന്നു. അതുകൊണ്ടു പലപ്പോഴും വ്യക്തിപരമായ ശകാരങ്ങളുടെ ശരമാരി ചൊരിഞ്ഞു സാനിയേറ്റിനെ നിർവീര്യനാക്കാൻ ഫോർഷ്‌വിൽ ശ്രമിച്ചു. ശബ്ദം ഉയരുന്തോറും ഭയന്നു വിറയ്ക്കുന്ന ആ പാവം മനുഷ്യന്റെ തേങ്ങലിനു കാതോർക്കാതെ അത്യാവേശത്തോടെ അദ്ദേഹം അട്ടഹാസം തുടർന്നു. ഒടുവിൽ ആക്ഷേപങ്ങൾ സഹിയ്ക്കാനാവാതെ നിസ്സംഗയായ ആതിഥേയയെ നോക്കി, ഗദ്ഗദകണ്ഠനായി കണ്ണീരൊലിപ്പിച്ച് ആ സാധുമനുഷ്യൻ വീടു വിട്ടു പുറത്തേയ്ക്കുപോയി. ഓദത്ത് ആ രംഗം ആദ്യന്തം നിർവികാരയായാണു നോക്കി നിന്നത്. സാനിയേറ്റിനു പിന്നിൽ പുറത്തേയ്ക്കുള്ള വാതിലടഞ്ഞ നിമിഷം, അവൾ ഫോർഷ്‌വില്ലിന്റെ ആഭാസകരമായ നിലവാരത്തിലേയ്ക്കു സ്വന്തം മുഖഭാവം ബലാൽക്കാരേണ പിടിച്ചു താഴ്ത്തി. അദ്ദേഹത്തിന്റെ സാഹസികതയോടുള്ള അഭിനന്ദനവും ഇരയോടു വിരോധാഭാസം കലർന്ന അനുകമ്പയും പ്രതിഫലിപ്പിച്ച് ഉൾപ്പക വമിയ്ക്കുന്ന ഒരു ചിരി അവളുടെ കണ്ണുകളിൽ തിളങ്ങി. ആ കുറ്റകൃത്യത്തിനു പിന്തുണയായി അവൾ അദ്ദേഹത്തിനു നേർക്കെറിഞ്ഞ കുടിലമായ കടാക്ഷത്തിന്റെ ധ്വനി ഇതായിരുന്നു: "എനിയ്ക്കു തെറ്റുപറ്റിയിട്ടില്ലെങ്കിൽ, അയാളുടെ കഥ ഇതോടെ കഴിഞ്ഞു! അയാളൊരു മണ്ടനെപ്പോലെ നിന്നു കരയുന്നതു കണ്ടില്ലേ?". കോപത്തിന്റെ കപടനാട്യത്തിൽനിന്നു പിൻവാങ്ങിയ ഫോർഷ്‌വില്ലിന്റെ കണ്ണുകൾ ഒരുനിമിഷം അവളുടെ നേർക്കു ചെന്നു; മാത്രമല്ല, മുഖം ചുവപ്പിച്ച് ചെറിയൊരു ചിരിയോടെ അദ്ദേഹം പറഞ്ഞു: "അയാളെന്തെങ്കിലും അതിക്രമത്തിനു തുനിയാതിരുന്നാൽ മതിയായിരുന്നു! ഇതുപോലെ ഇറങ്ങിപ്പോകേണ്ട ഒരാവശ്യവുമില്ല. എന്തായാലും നല്ലൊരു ശാസന, ഒരാൾക്കും ഒരിയ്ക്കലും ഒരിടത്തും ഒരലോസരമല്ല..!".

ഒരു ദിവസം ഉച്ചയ്ക്കു മുമ്പേ സ്വാൻ പഴയൊരു സുഹൃത്തിനെ കാ

ണാൻ പുറത്തിറങ്ങി; അദ്ദേഹം സ്ഥലത്തില്ലെന്നു കണ്ടപ്പോൾ പക രം ഓദത്തിന്റെ വീട്ടിലേയ്ക്കു പോകാമെന്നു പെട്ടെന്നു തീരുമാനിച്ചു. മു മ്പൊരിയ്ക്കലും ആ സമയത്തു പോയിട്ടില്ലെങ്കിലും സാധാരണനില യിൽ അപരാഹ്നംവരെ വിശ്രമിയ്ക്കുകയും കത്തെഴുതുകയും ചെയ്തു വീ ട്ടിൽത്തന്നെ കഴിയുന്ന അവളുടെകൂടെ കുറച്ചുനേരം ചിലവഴിയ്ക്കാമെ ന്ന് അദ്ദേഹം കരുതി. ഓദത്ത് അകത്തുണ്ടെന്നു വണ്ടിക്കാരൻ വന്നു പറഞ്ഞതു കേട്ടു സ്വാൻ മണിയടിച്ചു. മുറിയ്ക്കകത്തു പതിവില്ലാത്തൊരു ശബ്ദവും കാൽപ്പെരുമാറ്റവും അദ്ദേഹം കേട്ടു! പക്ഷേ, ആരും വന്നു വാതിൽ തുറന്നില്ല. കൌതുകം സഹിയ്ക്കാതെ ഇടവഴിയിലൂടെ ചുറ്റി ക്കറങ്ങി അദ്ദേഹം വീടിനു പിന്നിൽ കിടപ്പുമുറിയുടെ ജനാലയ്ക്കു കീ ഴെ ചെന്നു നിന്നു; കർട്ടൻ താഴ്ത്തിയിരുന്നതുകൊണ്ട് അദ്ദേഹത്തി നു യാതൊന്നും കാണാൻ കഴിഞ്ഞില്ല. ജനൽപ്പാളിയിൽ മുട്ടി അദ്ദേ ഹം ഉച്ചത്തിൽ വിളിച്ചു. എന്നിട്ടും ആരും വന്നില്ല. തെരുവിലെ ശ ബ്ദം കേട്ടു പുറത്തു വന്ന അയൽക്കാർ സ്വാനിനെ തുറിച്ചുനോക്കി. മു റിയ്ക്കകത്തു കേട്ട ശബ്ദം എന്തോ തെറ്റിദ്ധാരണയാണെന്നു കരുതി തിരിച്ചുനടന്ന അദ്ദേഹത്തിന്റെ മനസ്സിൽ സംശയത്തിന്റെ തിരമാല കൾ ഒന്നൊന്നായി തള്ളിക്കയറി. അദ്ദേഹം ഒരു മണിക്കൂർ കഴിഞ്ഞു വീണ്ടും ചെന്നപ്പോൾ പക്ഷേ അവൾ വീട്ടിലുണ്ടായിരുന്നു. നേരത്തേ മണിയടി കേട്ടപ്പോൾ വല്ലാത്ത മയക്കത്തിലായിരുന്നെന്നും വന്ന തൊരുപക്ഷേ സ്വാനായിരിയ്ക്കുമെന്നു കരുതി പുറത്തു വന്നു നോക്കി യപ്പോൾ ആരേയും കണ്ടില്ലെല്ലന്നും അവൾ വിശദീകരിച്ചു. ജനൽ പ്പാളിയിൽ മുട്ടിയ ശബ്ദവും അവൾ കേട്ടിരുന്നു. മന:പൂർവം നുണ പ റയുന്നവർ പെട്ടെന്നു പിടിയ്ക്കപ്പെട്ടാൽ പറഞ്ഞു കഴിഞ്ഞ കഥയ്ക്കൊരു സത്യാഭാസത്തിന്റെ പരിവേഷം ചാർത്തി, യാഥാർത്ഥ്യത്തിന്റെ ചി ല ശകലങ്ങൾ മന:പൂർവം ചേർത്തു വെയ്ക്കുന്നതുപോലെ, ഓദത്തിന്റെ വിശദീകരണത്തിൽനിന്നു ചില വസ്തുതകൾ സ്വാൻ കണ്ടെടുത്തു. പു റത്താരോടും പറയാൻ താൽപ്പര്യമില്ലാത്ത കൃത്യങ്ങൾ മനസ്സിന്റെ ര

ഹസ്യമായൊരു മൂലയ്ക്കൽ സുരക്ഷിതമായി ഒളിപ്പിച്ചുവെയ്ക്കുകയാണ് അവളുടെ പതിവ്. നുണ പറഞ്ഞു വിശ്വസിപ്പിയ്ക്കേണ്ട വ്യക്തി നേരിട്ടു വന്നാൽ പക്ഷേ അവൾ പൊടുന്നനെ അസ്വസ്ഥയാകും; തീയിൽ വീണ മെഴുകുപോലെ, ആശയങ്ങൾ ഉരുകിയൊലിച്ച്, യുക്തിയും ഭാവനയും മരവിച്ച്, തലച്ചോറിൽ സൂക്ഷ്മപരിശോധന നടത്തുന്ന അവൾക്കു തികഞ്ഞ ശൂന്യതയല്ലാതെ യാതൊന്നും കണ്ടെത്താൻ കഴിയില്ല. എന്നിട്ടും, എന്തെങ്കിലും പറയണമെന്ന നിർബന്ധത്തോടെ തിരയുമ്പോൾ സ്വയം ഒളിപ്പിയ്ക്കാൻ ശ്രമിച്ച അതേ സത്യമാണു കൈയകലത്തിൽ നിൽക്കുന്നതെന്നു വ്യക്തമായി അവൾ കണ്ടറിയും; എന്തായാലും അസത്യത്തേക്കാൾ അപകടരഹിതമായ സത്യത്തിന്റെ ഒരു ശകലം, തീരെ പ്രാധാന്യമില്ലെന്ന മട്ടിൽ, സമുചിതമായൊരു കാര്യമാണു ചെയ്യുന്നതെന്ന ഉത്തമബോദ്ധ്യത്തോടെ, അവൾ ചോദ്യകർത്താവിനു സമർപ്പിയ്ക്കും. 'ചോദ്യത്തിനു മറുപടിയെന്ന നിലയ്ക്കു സത്യമായ ഈ വസ്തുതയിൽനിന്നു യാതൊരപകടവും വരാനില്ല. എന്തായാലും ഈ സത്യം എന്നെ ഒറ്റിക്കൊടുക്കാൻ പോകുന്നില്ല, തീർച്ച!', അവൾ തന്നെത്തന്നെ ആശ്വസിപ്പിച്ചു. പക്ഷേ, അവൾക്കു തെറ്റി; ആ പറഞ്ഞ വസ്തുത അവളെ ഒറ്റിക്കൊടുത്തു! നിരങ്കുശമായി മുറിച്ചെ ടുത്ത സത്യത്തിന്റെ ശകലിതരൂപങ്ങൾക്കു പരമാർത്ഥത്തോടു തൊട്ടുചേർന്ന ഭാഗങ്ങളുമായല്ലാതെ പൂർണമായി യോജിയ്ക്കാനാവാത്തവിധം മൂർച്ചയേറിയ നിരവധി വായ്ത്തലകളുണ്ടെന്ന കാര്യം അവൾ കണക്കിലെടുത്തില്ല; സത്യത്തിന്റെ കൂർത്തുമൂർത്ത വായ്ത്തലയിൽ എന്തൊക്കെ സാങ്കൽപ്പികലേപനങ്ങൾ പുരട്ടിയാലും, കവിഞ്ഞുനിൽക്കുന്ന കോണുകളും നികത്താൻ വിട്ടുപോയ ചില വിടവുകളും ആ സത്യശകലങ്ങളുടെ യഥാർത്ഥസ്ഥാനം അതല്ലെന്നു നമ്മെ നിരന്തരം ഓർമ്മപ്പെടുത്തിക്കൊണ്ടിരിയ്ക്കും.

"മണിയടിച്ചതും ജനാലയ്ക്കൽ മുട്ടിയതും ഞാനാണെന്നു മാത്രമല്ല, എന്നെ കാണണമെന്നു മോഹിച്ചതായും അവൾ സമ്മതിയ്ക്കുന്നുണ്ട്!", സ്വാൻ സ്വയം പറഞ്ഞു. "പക്ഷേ, എന്നെ അകത്തേയ്ക്കു വിളിയ്ക്കാതി

രുന്നതുമായി പക്ഷേ ഇതൊന്നും തീരെ പൊരുത്തപ്പെടുന്നില്ല!".

എന്തായാലും, ഈ പൊരുത്തക്കേടിലേയ്ക്കു തൽക്കാലം അവളുടെ ശ്രദ്ധ മന:പൂർവം അദ്ദേഹം ക്ഷണിച്ചില്ല. അങ്ങനെ പൂർണസ്വതന്ത്ര യാക്കി വിട്ടാൽ, ഒരുപക്ഷേ, വീണ്ടും പറയാനിടയുള്ള നുണകളിൽ നിന്നു സത്യത്തിന്റെ പുതിയൊരു സൂചന ലഭിയ്ക്കുമെന്ന് അദ്ദേഹം പ്ര ത്യാശിച്ചു. പ്രതീക്ഷിച്ചതുപോലെ, അവൾ പലതും സംസാരിച്ചു; ചു ണ്ടുകളിൽനിന്നു വീഴുന്ന വാക്കുകൾക്കു ഭംഗം വരുത്താതെ, ഇടയ്ക്കുക യറി യാതൊന്നും ചോദിയ്ക്കാതെ, ഉൽക്കണ്ഠയും ആദരവും ചാലിച്ച് സകലതും അദ്ദേഹം സമാഹരിച്ചെടുത്തു. അവയോരോന്നും ശ്രീകോ വിലിനു മുമ്പിലെ മുഖപടംപോലെ അവ്യക്തവും അനന്തവും അമൂല്യ വും അജ്ഞാതവുമായ സത്യത്തിന്റെ നിറം മങ്ങിയ വെറുമൊരു രൂ പരേഖ മാത്രമാണെന്നു സ്വാൻ മനസ്സിലാക്കി; സത്യത്തെ വാക്കിനു പിന്നിൽ മറച്ചുവെയ്ക്കാനുള്ള അവളുടെ ബോധപൂർവമായ ശ്രമവും അ ദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടു. അസത്യപ്രസ്താവനകളും അവ്യക്തമായ അശരീരികളുമല്ലാതെ അന്നു മൂന്നു മണിയ്ക്കു കാണാൻ ചെന്നപ്പോൾ അവളെന്തു ചെയ്യുകയായിരുന്നെന്ന സത്യം മാത്രം അവൾ തുറന്നു പറഞ്ഞില്ല; അമൂല്യമായ ആ സത്യം രഹസ്യമയവും ധ്യാനാത്മകവു മായ അവളുടെ ഓർമ്മയിൽമാത്രം നിലനിന്നു! ഓദത്തിന്റെ ദിനച ര്യയിൽ തനിയ്ക്കു താൽപ്പര്യമുണർത്തുന്ന വിഷയങ്ങൾ തീരെ കുറവാ ണെന്നൊരു സംശയം ചിലപ്പോഴൊക്കെ അദ്ദേഹത്തെ ബാധിയ്ക്കാറു ണ്ട്. മറ്റുള്ളവരോടുള്ള ബന്ധങ്ങളിലെ വൈരുദ്ധ്യങ്ങൾ, ചിലർക്കു സംഭവിയ്ക്കാറുള്ളതുപോലെ, ആത്മഹത്യയിലേയ്ക്കോ ജ്വരബാധയിലേ യ്ക്കോ നയിക്കുന്നവിധം അനാരോഗ്യകരമായൊരു വിഷാദമായി ഒരി യ്ക്കലും അവളുടെ മനസ്സിൽനിന്നു പുറത്തേയ്ക്കു വന്നില്ല; അതേ വിഷാ ദംപോലും ചിലപ്പോൾ തനിയ്ക്കു സമ്മാനിയ്ക്കുന്ന രോഗാവസ്ഥയിൽനി ന്നു മോചനം നേടാൻ കഴിഞ്ഞാൽ, ഒരുപക്ഷേ ചുംബനങ്ങളടക്കം അവളുടെ ഓരോ പ്രണയചേഷ്ടയും ഒരിയ്ക്കൽക്കൂടി നിഷ്കളങ്കവും ആ

സ്വാദ്യകരവുമാകുമെന്ന് അദ്ദേഹം പ്രത്യാശിച്ചു. പക്ഷേ, ആ വിഷാദം ഉറവെടുക്കുന്നതു സ്വന്തം ഹൃദയത്തിൽനിന്നായതുകൊണ്ട് സത്യാന്വേഷണത്തിന്റെ ചോദനകൾ യുക്തിരഹിതമാണെന്നു കരുതി തള്ളിക്കളയാനോ ബഹുമാനിച്ചു തൃപ്തിപ്പെടുത്താനോ അദ്ദേഹത്തിനു കഴിഞ്ഞില്ല. സത്യത്തിൽ സ്വാൻ തത്വചിന്തയുടെ പുതിയൊരു ഉയർന്ന തലത്തിലേയ്ക്കാണു കടന്നത്; സമകാലികമായ ആശയങ്ങളും ഡെസ്‌ലോമസ് രാജകുമാരിയെപ്പോലുള്ളവരുടെ ജീവിതപ്രമാണങ്ങളും ചേർത്തുവെച്ച ആ ചിന്താധാരയിൽ അവിശ്വാസങ്ങൾക്ക് ആനുപാതികമായി വർദ്ധിയ്ക്കുന്ന ബുദ്ധിശക്തി ഉപയോഗിച്ചു വൈയക്തികമായ അഭിരുചികളുടെ സത്യം കണ്ടെത്തുകയാണു പരമമായ ലക്ഷ്യമെന്നുപോലും വ്യവഹരിയ്ക്കപ്പെട്ടു; ചെറുപ്പകാലത്തെ വിശ്വാസങ്ങളിൽനിന്നു വ്യത്യസ്തമായ, മിക്കവാറും ചികിത്സാസംബന്ധിയായ, ഈ തത്ത്വചിന്തയുടെ പ്രമാണമനുസരിച്ച് ജീവിതാഭിലാഷങ്ങൾ ബാഹ്യമായ ചില വസ്തുക്കളിൽ ഉറപ്പിച്ചുനിർത്തുന്നതിനു പകരം, അതുവരെ നേടിയ അനുഭവങ്ങളുടെ ഈടുവെയ്പ്പിൽ നിന്നു സ്ഥായിയായ മോഹങ്ങളുടെ ബാക്കിപത്രങ്ങൾ കൃത്യമായി വേർതിരിച്ചെടുത്തു പൊരുത്തക്കേടു വരാത്തവിധം തുടർന്നുള്ള ജീവിതത്തിലേയ്ക്കു യഥാതഥമായി വിന്യസിയ്ക്കുകയാണു നാം ചെയ്യേണ്ടത്. ആ ദിവസം ഓദത്ത് എന്താണു ചെയ്തതെന്ന വിവരം അറിയാത്തതുകൊണ്ടു നേരിടേണ്ടിവന്ന പീഡനത്തിനു പകരം സ്വന്തം ജീവിതത്തിൽ നിന്നൊരു ഇടം, തണുത്ത കാലാവസ്ഥയിൽ വർദ്ധിയ്ക്കുന്ന സന്ധിവേദന സ്വയം സഹിയ്ക്കുന്നതുപോലെ, അവൾക്കനുവദിച്ചു നൽകുന്നതാണു നല്ലതെന്ന ഉറച്ച തീരുമാനത്തിൽ അദ്ദേഹം എത്തിച്ചേർന്നു. അങ്ങനെ പ്രണയത്തിനുമുമ്പുള്ള ഓദത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ട വിവരങ്ങളറിയാതെ കടുത്ത അസന്തുഷ്ടിയ്ക്കു വിധേയനാണെങ്കിലും, പുരാവസ്തുക്കൾ ശേഖരിയ്ക്കാനും രുചികരമായ ഭക്ഷണം ആസ്വദിയ്ക്കാനുംവേണ്ടി വകയിരുത്തുന്നതുപോലെ, ഗണ്യമായൊരു തുക, ചിരപ്രതീക്ഷയോടെ കാത്തിരിയ്ക്കുന്ന ആനന്ദാനുഭൂതികളുടെ പേരിൽ,

അവൾക്കുവേണ്ടി നീക്കിവെയ്ക്കാൻ അദ്ദേഹം തീരുമാനിച്ചു,

യാത്ര പറഞ്ഞു വീട്ടിലേയ്ക്കു മടങ്ങാനൊരുങ്ങിയ സ്വാനിനോടു കുറച്ചു സമയം കൂടി തന്നോടൊത്തു ചിലവഴിയ്ക്കാൻ അവളപേക്ഷിച്ചു; വാതിൽ തുറന്നു പുറത്തിറങ്ങിയ അവൾ അദ്ദേഹത്തിന്റെ കൈ കടന്നു പിടിച്ചു ബലാൽക്കാരേണ തടഞ്ഞുനിർത്തി; പക്ഷേ, അദ്ദേഹമവളെ തീരെ അവഗണിച്ചു; സംസാരത്തിനു മുമ്പു പരസ്പരം കൈമാറുന്ന കുശലങ്ങൾക്കും അംഗവിക്ഷേപങ്ങൾക്കുംശേഷം സംശയാസ്പദമായ സത്യം മറയ്ക്കുന്നവരെ മറികടന്നു ചിലപ്പോൾ സുതാര്യത വെളിവാക്കുന്നവരെ നാം പരിശോധനയ്ക്കു വിധേയരാക്കിയെന്നുവരും. അപ്പോഴും അവൾ പറഞ്ഞുകൊണ്ടിരുന്നു: "എന്തൊരു വിരോധാഭാസം! ഉച്ചകഴിഞ്ഞു താങ്കൾ യാതൊരു കാരണവശാലും ഇവിടെ വരാറില്ല. വന്ന ദിവസമാകട്ടെ, എനിയ്ക്കു കാണാൻ കഴിഞ്ഞതുമില്ല!". ഒരു സന്ദർശനത്തിന്റെ ആനുകൂല്യം നഷ്ടപ്പെട്ടതിൽ മന:ക്ളേശം സഹിയ്ക്കാൻ തക്ക തീവ്രമായ സ്നേഹം അവൾക്കു തന്നോടില്ലെന്ന ബോദ്ധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. പക്ഷേ തന്നെ സന്തോഷിപ്പിയ്ക്കുന്നതിൽ ഉത്സാഹവും ശല്യപ്പെടുത്തുന്നതിൽ വിഷമവും കാണിയ്ക്കുന്ന അനുകൂലയായ സ്ത്രീയെന്ന നിലയ്ക്ക് അങ്ങനെയൊരു അനുഭവം നിഷേധിയ്ക്കപ്പെട്ടതിൽ ഖേദം തോന്നിയതു സ്വാഭാവികമായി അദ്ദേഹം കരുതി; ഈ സന്ദർഭത്തിൽ, ഒരുമിച്ചു ചിലവഴിയ്ക്കുന്ന കുറച്ചു സമയം, അവളേക്കാൾ സന്തോഷകരമായി തോന്നുന്നതു തനിയ്ക്കായതുകൊണ്ട്, തീരെ പ്രധാനമല്ലെങ്കിൽപ്പോലും പരിഹരിയ്ക്കപ്പെടാത്ത അവളുടെ സങ്കടം അദ്ദേഹത്തെ സംഭ്രമിപ്പിച്ചു; 'ട്രൈമാവെര'യിലെ സ്ത്രീകളുടെ മുഖഭാവങ്ങൾ സാധാരണയിൽ കവിഞ്ഞ് അവൾക്കപ്പോൾ യോജിയ്ക്കുന്നതായും അദ്ദേഹം കണ്ടു. മാതളനാരങ്ങ കൈയിലെടുത്തു കളിയ്ക്കാനുള്ള അനുവാദം ഉണ്ണിയേശുവിനു നൽകുമ്പോഴും പാത്രത്തിൽ വെള്ളം കോരിയൊഴിയ്ക്കുന്ന മോസസിനെ സശ്രദ്ധം നിരീക്ഷിയ്ക്കുമ്പോഴും താങ്ങാനാവാത്ത കദനഭാരത്തിനു കീഴടങ്ങാൻ തയാറായ അവരുടെ ഹതാശമായ ഹൃദയഭേദകഭാവം, ആ നിമിഷം അവളുടെ മുഖത്തു ദൃശ്യമായി;

അതേ വിഹ്വലഭാവം മുമ്പൊരിയ്ക്കൽ അവളുടെ മുഖത്തു കണ്ടതു കൃത്യ മായി ഓർത്തെടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. പക്ഷേ അടുത്ത നിമിഷം, ആ ചിത്രം സ്വാനിന്റെ മനസ്സിൽ തെളിഞ്ഞു വന്നു: വെർ ഡുരിൻകുടുംബത്തിലെ അത്താഴവിരുന്നിൽ പങ്കെടുക്കാതെ സ്വാനി ന്റെകൂടെ സമയം ചിലവഴിച്ചതിനു പിറ്റേ ദിവസം മാഡം വെർഡുരി നോട് ഒരസുഖത്തിന്റെ ഒഴികഴിവു പറഞ്ഞു ക്ഷമ ചോദിച്ചപ്പോൾ ഇതേ ഭാവമായിരുന്നു ഓദത്തിന്റെ മുഖത്തു നിഴലിച്ചിരുന്നത്. നല്ല മനസ്സാക്ഷിക്കുത്തുള്ളവർക്കുപോലും നിഷ്ക്കളങ്കമായൊരു നുണ പറ യാൻ പശ്ചാത്താപം തോന്നാറില്ല. പക്ഷേ, സുഹൃത്തുക്കളുമായി ബ ന്ധപ്പെട്ട വിഷയങ്ങളിൽ സ്വന്തം പങ്കു വെളിപ്പെടുന്നതു തടയാൻവേ ണ്ടി ഓദത്ത് പറയാറുള്ള നുണകൾ നിഷ്ക്കളങ്കമായിരുന്നില്ല. അതു കൊണ്ട്, വിശപ്പും ക്ഷീണവും മൂലം ഉറക്കം വരാതെ പിഞ്ചുകുഞ്ഞു ങ്ങൾ കരയുന്നതുപോലെ, പ്രതിരോധിയ്ക്കാൻ കഴിയുമെന്ന വിശ്വാസ മില്ലാതെ, ചെറിയൊരു ആശങ്കയോടെ, നുണ പറയുന്ന സന്ദർഭങ്ങ ളിൽ അവൾ പെട്ടെന്നു പൊട്ടിക്കരയാൻ തുടങ്ങും; മന:പൂർവം പറ ഞ്ഞ നുണ ഗുരുതരമായ പ്രത്യാഘാതമുണ്ടാക്കുമെന്നു ബോദ്ധ്യം വ ന്ന നിലയ്ക്കു ഫലം വിപരീതമായാൽ ശ്രോതാവിന്റെ ദയാവായ്പ്പിനു വിധേയയാകേണ്ടി വരുമെന്ന ഭയം അവൾക്കെപ്പോഴുമുണ്ടായിരുന്നു. അതുകൊണ്ട് സ്വാനിന്റെ സാന്നിദ്ധ്യത്തിൽ അവളെപ്പോഴും വിന യാന്വിതയായി പെരുമാറി. മാത്രമല്ല, എല്ലാവരേയും ബാധിയ്ക്കുന്ന അപ്രസക്തമായ നുണയാണു പറയുന്നതെങ്കിൽ, അതിന്റെ അപകട കരമായ ബന്ധങ്ങളും സാദ്ധ്യതകളും ചിന്തിച്ച്, അക്ഷന്തവ്യമായൊ രു തെറ്റു ചെയ്ത പശ്ചാത്താപത്തോടെ അവൾ തീരെ ദുർബലയും പ രിക്ഷീണയുമാകും.

ഇന്നിപ്പോൾ മുഖത്തു കൃത്രിമമായ ആർദ്രത ഭാവിച്ച്, വേദനയുടെ ഗദ്ഗദം പടരുന്ന സ്വരത്തിൽ സ്വാനിനു താൽപ്പര്യമുണർത്തുന്നവി ധം അവളെന്തു വില കുറഞ്ഞ നുണയാണു കെട്ടിച്ചമയ്ക്കാൻ പോകുന്ന ത്? അന്നത്തെ ദിവസം ഉച്ചയ്ക്കു നടന്ന സംഭവത്തിന്റെ സത്യസ്ഥിതി

മാത്രമല്ല, അതിലേറെ ഇതുവരെ നടക്കാത്തതും, എപ്പോൾ വേണമെങ്കിലും നടക്കാവുന്നതും, നടന്നു കഴിഞ്ഞാൽ നേരത്തേ നടന്നതിന്റെ സത്യം വെളിപ്പെടുന്നതുമായ എന്തോ ഒന്നുകൂടി, അവൾ മറച്ചു വെയ്ക്കാൻ ബദ്ധപ്പെടുന്നതായി അദ്ദേഹത്തിനു ചെറിയൊരു സംശയം തോന്നിയിരുന്നു. പെട്ടെന്നു മുൻവശത്തെ വാതിൽക്കൽ ആരോ മണിയടിച്ചു; സംസാരം തുടരുന്ന ഓദത്തിന്റെ വാക്കുകൾ അസ്പഷ്ടമായൊരു പ്രലപനമായി നേർത്തുവരുന്നതു സ്വാൻ ശ്രദ്ധിച്ചു. അങ്ങനെ അന്നുച്ചയ്ക്കു സ്വാനിനെ കാണാതിരുന്നതും വാതിൽ തുറക്കാതിരുന്നതുമായി ബന്ധപ്പെട്ട് അവളുടെ മനസ്സിൽ അവശേഷിച്ച ഖേദം വെറുമൊരു നൈരാശ്യത്തിന്റെ സാമാന്യപ്രസ്താവനയിൽ ഉരുകിത്തീർന്നു.

ഓദത്ത് വീട്ടിലില്ലെന്നു പരിചാരകൻ പറഞ്ഞതു കേട്ട് ആരോ പുറത്തേയ്ക്കു പോകുന്നതുപോലെ, പടിവാതിൽ ചേർത്തടയ്ക്കുന്ന ശബ്ദവും സ്വാൻ തുടർന്നു കേട്ടു. ഒരുപക്ഷേ, അദ്ദേഹം യാതൊരു കാരണവശാലും കണ്ടുമുട്ടാൻ പാടില്ലാത്ത ഒരാളായിരിയ്ക്കുമോ ആ മനുഷ്യൻ? അകന്നുപോകുന്ന വണ്ടിയുടെ ശബ്ദവും അദ്ദേഹം കാതോർത്തു കേട്ടു. അപ്പോൾ, പതിവില്ലാത്ത സമയത്തു വന്ന തന്റെ സാന്നിദ്ധ്യം മൂലം അവളുടെ പല പരിപാടികളും തകരാറിലായെന്നു ബോദ്ധ്യം വന്നപ്പോൾ, തീവ്രമായൊരു നിരാശയും ഉത്സാഹക്കുറവും അദ്ദേഹത്തെ ബാധിച്ചു. പക്ഷേ പ്രണയത്തിന്റെ പ്രകാശത്തിൽ സകല വിചാരങ്ങളും ഒരേ ദിശയിൽ തിരിച്ചുവെയ്ക്കുന്നതൊരു ശീലമാക്കിയതുകൊണ്ട്, തന്നോടു തോന്നിയ ആ അനുതാപംപോലും അദ്ദേഹം അവളുടെ പേരിലാണു കണ്ടത്. അദ്ദേഹം സ്വയം മന്ത്രിച്ചു: “പാവം, എന്റെ പ്രിയതമ!“. അവസാനം വീട്ടിലേയ്ക്കു മടങ്ങാൻ തുടങ്ങുന്ന അദ്ദേഹത്തോട്, അവൾ മേശപ്പുറത്തു കിടന്ന കത്തുകളിൽനിന്നു ചിലതെടുത്തു തപാൽപ്പെട്ടിയിലിടാൻ പറഞ്ഞേൽപ്പിച്ചു. പോകുന്ന വഴി പോക്കറ്റിൽ നിന്നു കത്തെടുത്തു പെട്ടിയിലിടുന്നതിനു മുമ്പ് അദ്ദേഹം ഓരോന്നിന്റേയും വിലാസത്തിലേയ്ക്കു വെറുതേ കണ്ണോടിച്ചു; ഓരോരോ വ്യാപാ

രികൾക്കുള്ള കത്തുകളായിരുന്നു മിക്കതും; അവസാനത്തേതു ഫോർഷ്വില്ലിന്റെ പേർക്കും! ആ കത്തു പക്ഷേ അദ്ദേഹം മനഃപൂർവം കൈവശം വെച്ചു. “ഇതിലെന്താണ് എഴുതിയിരിക്കുന്നതെന്നറിഞ്ഞാൽ“, അദ്ദേഹം വിചാരിച്ചു, “അവർ തമ്മിലെന്തൊക്കെയാണു പറയുന്നതെന്നും അവളദ്ദേഹത്തെ എങ്ങനെയാണു വിളിയ്ക്കുന്നതെന്നും മനസ്സിലാക്കാം. അവളെക്കുറിച്ചു സംശയനിവൃത്തി വരുത്താൻ ഇതല്ലാതെ മറ്റൊരു മാർഗവും എനിയ്ക്കില്ല; ഞാനിതു വായിയ്ക്കാതിരുന്നാൽ ഒരുപക്ഷേ അവളുടെ നേർക്കുള്ള എന്റെ പരിഗണനപോലും നഷ്ടപ്പെടാനിടയുണ്ട്; ചിലപ്പോൾ ആ സംശയം അവളുടെമേലുള്ള വെറുമൊരു ദോഷാരോപണമായിരിക്കാം; അപ്പോൾ വേദനാകരമായ ആ അവസ്ഥയ്ക്കൊരു പരിഹാരം കാണാനുള്ള സാദ്ധ്യതപോലും ഈ കത്തു വായിച്ചില്ലെങ്കിൽ എനിയ്ക്കു കൈവിട്ടുപോകും!“.

തപാലാപ്പീസിൽനിന്നു വീട്ടിലേയ്ക്കു പോകുമ്പോഴും അവസാനത്തെ ആ കത്ത് അദ്ദേഹത്തിന്റെ പോക്കറ്റിൽ ഭദ്രമായി കിടന്നു. മുറിയിൽ ചെന്നു മെഴുകുതിരി കൊളുത്തി, അതുവരെ തുറക്കാൻ ധൈര്യം വരാതിരുന്ന കവർ അദ്ദേഹം ദീപനാളത്തോടു ചേർത്തുപിടിച്ചു. ആദ്യം അദ്ദേഹത്തിനു യാതൊന്നും മനസ്സിലായില്ല. ലോലമായ കടലാസിന്റെ സുതാര്യതയിലൂടെ ചില വാക്കുകൾ വായിയ്ക്കാൻ അദ്ദേഹം കവർ അകത്തെ കട്ടിയുള്ള കടലാസിനോടു ചേർത്തുപിടിച്ചു; എന്നിട്ടും ചില പതിവുവാചകങ്ങൾ മാത്രമേ അദ്ദേഹത്തിനു വായിയ്ക്കാൻ കഴിഞ്ഞുള്ളൂ. അവൾ ഫോർഷ്വില്ലിന്റെ പേർക്കെഴുതിയ കത്തു താൻ വായിയ്ക്കുന്നതിനു പകരം തനിയ്ക്കെഴുതിയ കത്തു ഫോർഷ്വില്ലാണു വായിച്ചിരുന്നതെങ്കിൽ ഒരുപക്ഷേ കത്തിൽ കുറേക്കൂടി കാതരമായ ചില വാക്കുകൾ കാണാൻ കഴിയുമായിരുന്നു! പതിവിലേറെ വലിപ്പമുള്ള കവറിൽ അങ്ങോട്ടുമിങ്ങോട്ടും കിടന്നിളകിയ കട്ടിക്കടലാസ് വിരലുകൾ ചേർത്തു നീക്കാവുന്നവിധം അദ്ദേഹം ഉറപ്പിച്ചുപിടിച്ചു. മടക്കുവീഴാത്ത കടലാസിന്റെ ഭാഗം ഓരോ വരിയായി കട്ടിക്കടലാസിനു താഴെ കൊണ്ടുവന്നാൽ മാത്രമേ കത്തു പൂർണമായും വായിച്ചെ

ടുക്കാൻ കഴിയൂ!.

ഇത്രയൊക്കെ കൗശലങ്ങൾ പ്രയോഗിച്ചിട്ടും അദ്ദേഹത്തിനു വിഷയം മനസ്സിലായില്ല. പ്രണയവുമായി ബന്ധമില്ലാത്ത നിസ്സാരമായൊരു സംഭവമാണെന്നുമാത്രം അദ്ദേഹം ഊഹിച്ചെടുത്തു. കത്തു തുടങ്ങുമ്പോൾ, ഓദത്തിന്റെ അമ്മാമനെക്കുറിച്ചുള്ള ഒരു പരാമർശം അദ്ദേഹം കൃത്യമായി വായിച്ചു. 'എന്റെ ഊഹം ശരിയായിരുന്നു!', പക്ഷേ എന്താണവൾ ഊഹിച്ചതെന്നു വിശദീകരിക്കുന്നില്ല. കുറച്ചുകൂടി ചെന്നപ്പോൾ തുടക്കത്തിൽ തീരെ അവ്യക്തമായിരുന്ന ഒരു വാക്കു പെട്ടെന്നു തെളിഞ്ഞു വന്നു വാചകത്തിനു കൃത്യമായ അർത്ഥം പകർന്നു പ്രകാശം ചൊരിഞ്ഞു: 'ഞാൻ വാതിൽ തുറന്നതു നന്നായി, അമ്മാമനായിരുന്നു വന്നത്!'. വാതിൽ തുറക്കാൻ, അതായത്, സ്വാൻ മണിയടിക്കുമ്പോൾ ഫോർഷ്‌വിൽ വീട്ടിലുണ്ട്! പിന്നീടവൾ അദ്ദേഹത്തെ പുറത്തേക്കു പറഞ്ഞയച്ചു... അതാണു സ്വാൻ കേട്ട വണ്ടിയുടെ ശബ്ദം..!.

തുടർന്നു വല്ലാതെ പണിപ്പെട്ടു കത്തു മുഴുവൻ അദ്ദേഹം വായിച്ചെടുത്തു. അവസാനമെത്തിയപ്പോൾ വിരുന്നുപോലും ഒരുക്കാതെ ഫോർഷ്‌വില്ലിനെ സ്വീകരിക്കേണ്ടിവന്നതിൽ മാപ്പു ചോദിച്ച്, സ്വാനിന്റെ ആദ്യവരവിനുശേഷം എഴുതിയതുപോലെ, സിഗരറ്റുകൂട് വീട്ടിൽവെച്ചു മറന്ന കാര്യം അവൾ പ്രത്യേകം ഓർമ്മപ്പെടുത്തി. സ്വാനിനോടു പക്ഷേ അവളൊരു വാചകംകൂടി ചേർത്തിരുന്നു: 'എന്തുകൊണ്ട്, താങ്കളുടെ ഹൃദയംകൂടി ഇവിടെ മറന്നുവെച്ചില്ല? എങ്കിൽ, ഞാനതൊരിക്കലും തിരിച്ചുതരുമായിരുന്നില്ല!'. ഫോർഷ്‌വില്ലിനുള്ള കത്തിൽ അദ്ദേഹം അത്തരത്തിലൊന്നും കണ്ടില്ല. അവർക്കിടയിൽ എന്തെങ്കിലും ഉപജാപങ്ങളുള്ളതായി സൂചിപ്പിക്കുന്ന പരാമർശങ്ങളും കത്തിലുണ്ടായിരുന്നില്ല. അന്നത്തെ അതിഥി സ്വന്തം അമ്മാമനായിരുന്നെന്നു പറഞ്ഞു വിശ്വസിപ്പിക്കാൻ ശ്രമിച്ചതു വഴി തന്നേക്കാൾ മോശമായ പരിഗണന ലഭിച്ചതു ഫോർഷ്‌വില്ലിനാണെന്നും സ്വാനിനു സമ്മതി

യ്ക്കേണ്ടിവന്നു. അവളുടെ മനസ്സിൽ പ്രധാനപരിഗണന സ്വാനിനാണെന്നും അതാണു ഫോർഷ്‌വില്ലിനെ പെട്ടെന്നു പറഞ്ഞയച്ചതുമെന്ന നിഗമനത്തിലേയ്ക്കും കത്തു വിരൽ ചൂണ്ടുന്നുണ്ട്. പക്ഷേ, അവർക്കിടയിൽ മറ്റൊരു വിഷയവുമില്ലെങ്കിൽ, അവളെന്തുകൊണ്ടു വന്നു വാതിൽ തുറന്നില്ല? എന്തുകൊണ്ട്, 'ഞാൻ വാതിൽ തുറന്നതു നന്നായി, എന്റെ അമ്മാമനാണു വന്നതെ'ന്നു നുണ പറഞ്ഞു? ആ സമയം അരുതാത്തതൊന്നും ചെയ്യുകയായിരുന്നില്ലെങ്കിൽ വാതിൽ തുറക്കാതിരുന്നതിന്റെ കുറ്റം അവളുടെ പേരിൽ ആരോപിയ്ക്കാൻ ഫോർഷ് വില്ലിനു കഴിയുമോ? പെട്ടെന്നൊരു അസ്ഥാളിപ്പു മൂലം ഹൃദയം തകർന്നെങ്കിലും കുറച്ചു നേരത്തേയ്ക്കു സ്വാനിന്റെ മനസ്സു ശാന്തമായി; ഓദത്തിന്റെ അപരിമിതമായ വിശ്വാസത്തിനു തെളിവായി സംശയത്തിന്റെ കണികയില്ലാതെ ഏൽപ്പിച്ചുതന്ന ആ കവറിലേയ്ക്കു കണ്ണു പതിപ്പിച്ച് അദ്ദേഹം നിശ്ചിന്തനായി നിന്നു; ഒരിയ്ക്കലും ചികഞ്ഞെടുക്കാൻ കഴിയില്ലെന്നു കരുതി നിരാശ പൂണ്ടിരുന്ന സംഭവത്തിന്റെ ചരിത്രരേഖ മാത്രമല്ല, അനുവാദമില്ലാതെ മുറിച്ചെടുത്ത അവളുടെ ജീവിതത്തിന്റെ ചെറിയൊരംശംകൂടി, ആ കവറിന്റെ സുതാര്യമായ ജാലകവിടവിലൂടെ അദ്ദേഹത്തിനു വ്യക്തമായി കാണാൻ കഴിഞ്ഞു; ആ കണ്ടുപിടുത്തത്തിന്റെ പരിണതഫലമായി നേരത്തേ ഉള്ളിലുണർന്നു നാവു നീട്ടിയ അസൂയ, അതിജീവനത്തിനു വേണ്ടതെന്തും തികഞ്ഞ ബുഭുക്ഷയോടെ വിഴുങ്ങുന്ന ദുരഭിമാനിയായൊരു ക്ഷുദ്രജീവിയെപ്പോലെ, അവിചാരിതമായ സുഭിക്ഷതയിൽ മദോന്മത്തനായി സ്വാനിനെപ്പോലും ഭക്ഷിയ്ക്കാനുള്ള ഭീകരരൂപം കൈക്കൊണ്ടു. ഇന്നിതാ വളരെക്കാലത്തെ ഭക്ഷണത്തിനുവേണ്ട കരുതൽശേഖരം യദൃച്ഛയാ കൈവന്നിരിയ്ക്കുന്നു! ഓദത്തിന്റെ വീട്ടിൽ ദിവസേന അഞ്ചുമണിയ്ക്കു നടക്കുന്ന സംഗമങ്ങളെക്കുറിച്ച് സ്വാനിന്റെ മനസ്സിൽ പുതിയ അസ്വസ്ഥതകൾ വളർന്നുവരാൻ തുടങ്ങി; അപ്പോഴൊക്കെ ഫോർഷ് വിൽ എവിടെയായിരുന്നെന്നു കണ്ടുപിടിയ്ക്കാൻ അദ്ദേഹം പരിശ്രമിയ്ക്കും. പകൽസമയം അവളെങ്ങനെയാണു ചിലവഴിയ്ക്കുന്നതെന്ന അറി

വില്ലായ്മയും ആ വിടവ് ഭാവനയിലൂടെ പരിഹരിയ്ക്കാനാവാത്ത മാന സികമാന്ദ്യവും ചേർന്നുള്ള ആദ്യകാലത്തെ അതേ അവസ്ഥയിലാ യിരുന്ന ഓദത്തിനോടുള്ള സ്വാനിന്റെ മനോഭാവം അന്നും നിലനി ന്നിരുന്നത്. തെറ്റായി കരുതിയിരിയ്ക്കാമെങ്കിലും, തന്നെ തെറ്റിദ്ധരി പ്പിയ്ക്കാൻ സാദ്ധ്യതയുണ്ടെന്നു തോന്നിയ സംഭവത്തിന്റെ ചില നിമി ഷങ്ങളെക്കുറിച്ചല്ലാതെ അവളുടെ ജീവിതത്തെക്കുറിച്ച് സത്യത്തിൽ ഒരിയ്ക്കലും സ്വാൻ അസൂയാലുവായിരുന്നില്ല. ആദ്യമായി ചില നിമി ഷങ്ങൾ, പിന്നെ അപരാഹ്നത്തിലെ അഞ്ചുമണി, പിന്നീടു കൃത്യത യില്ലാത്തൊരു സമയഖണ്ഡം, അങ്ങനെയങ്ങനെ ഒരു കിനാവള്ളി പോലെ അദ്ദേഹത്തിന്റെ അസൂയ മുറിച്ചു മാറ്റാൻ കഴിയാത്തവിധം സ്വയം കെട്ടുപിണഞ്ഞു പുറത്തേക്കു നാവു നീട്ടിക്കൊണ്ടിരുന്നു. അ തേസമയം, സ്വന്തം പീഡാനുഭവങ്ങൾ വീണ്ടെടുക്കാൻ കഴിയാത്ത അവസ്ഥയിൽ ബാഹ്യമായ പീഡനങ്ങളുടെ ഘനരൂപങ്ങൾ മാത്രം സ്വാനിന്റെ ഓർമ്മകളിൽ അവശേഷിയ്ക്കുകയും ചെയ്തു.

പുറമേ നിന്നു പുതിയതായി വന്നതെന്തും അദ്ദേഹത്തിനു പീഡന ങ്ങളായി. ഫോർഷ്‌വില്ലിന്റെ കൺവെട്ടത്തുനിന്നു തൽക്കാലത്തേയ്ക്കു മാറ്റി നിർത്താൻ സ്വാൻ ഓദത്തിനേയും കൂട്ടി തെക്കൻപ്രവിശ്യകളി ലേയ്ക്കൊരു യാത്ര പുറപ്പെട്ടു. ഹോട്ടലിൽവെച്ചു യാദൃച്ഛികമായി കാണു ന്ന ഓരോ പുരുഷനും അവളെ കണ്ണു വെയ്ക്കുന്നുണ്ടെന്നും അവളവരേ യും അതേപടി നോക്കുന്നുണ്ടെന്നും അദ്ദേഹം സങ്കൽപ്പിച്ചു. ഒരുകാല ത്തു പുതിയ സുഹൃത്തുക്കളെ തേടി തിരക്കേറിയ നഗരങ്ങളിൽ ചുറ്റി നടക്കാറുള്ള അദ്ദേഹം വന്യമായ പീഡനം ഭയന്നു വിജനതയിലേയ്ക്കു പലായനം ചെയ്തു. ഓരോ പുരുഷനും ഓദത്തിന്റെ രഹസ്യകാമുകനാ ണെന്നു കരുതുന്ന അദ്ദേഹമെങ്ങനെ ഒരു ലോകവിദ്വേഷിയാകാതി രിയ്ക്കും? അങ്ങനെ ആദ്യകാലങ്ങളിൽ ഓദത്തിനോടു തോന്നിയ അ ഭിനിവേശംകൊണ്ടു താനേ വന്ന മാറ്റത്തേക്കാൾ ആ പ്രകൃതത്തിന്റെ സൂചനകളെത്തന്നെ ബാധിയ്ക്കുന്നവിധം, കുടിലമായ അസൂയ അദ്ദേഹ ത്തിന്റെ മനസ്സിനെ സമൂലവും സമഗ്രവുമായി ഇളക്കി മറിച്ചു.

ഓദത്ത് ഫോർഷ്‌വില്ലിനെഴുതിയ കത്തു രഹസ്യമായി വായിച്ച തിനു ശേഷം ഏതാണ്ടൊരു മാസം കഴിഞ്ഞു മാഡം വെർഡ്യുരിൻ ബോയ്സിൽവെച്ചു നടത്തിയ അത്താഴവിരുന്നിൽ സ്വാൻ പങ്കെടുത്തു. സദസ്സു പിരിയാൻ തുടങ്ങുമ്പോൾ, മാഡം വെർഡ്യുരിനും അതിഥികളും അവിടവിടെ നിന്നു സ്വകാര്യമായി സംസാരിക്കുന്നതും പിറ്റേന്നു ചാറ്റോവിലെ അത്താഴവിരുന്നിനു വരുന്ന കാര്യം ആരോ പിയാനിസ്റ്റിനെ ഓർമ്മിപ്പിക്കുന്നതും അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. അതോടെ വെർഡ്യുരിൻകുടുംബത്തിൽ ക്ഷണിക്കപ്പെടാത്ത ഒരതിഥിയായി താൻ തരംതാണു പോയെന്ന കാര്യം സ്വാനിനു നേരിട്ടു ബോദ്ധ്യപ്പെട്ടു; 'വിശ്വസ്ത'രാരും അദ്ദേഹത്തെ വിരുന്നിനു ക്ഷണിക്കുന്നില്ല!

മാഡം വെർഡ്യുരിൻ സ്വരം താഴ്ത്തിയാണു സംസാരിച്ചതെങ്കിലും ചിത്രകാരൻ, ആലോചിക്കാതെയാവാം, ഉറക്കെ വിളിച്ചുപറഞ്ഞു: “അവിടെ യാതൊരു ദീപാലങ്കാരങ്ങളും വേണ്ട, 'നിലാവിന്റെ ഗീതം' കനത്ത ഇരുട്ടത്താണു വായിക്കേണ്ടത്. രണ്ടുപേർക്കു പരസ്പരം കാണാനുള്ള വെളിച്ചം, അത്ര മതി!“.

തൊട്ടടുത്തു കേൾക്കാവുന്ന ദൂരത്തിലാണു സ്വാൻ നിൽക്കുന്നതെന്നു കണ്ടു ചിത്രകാരനെ നിശ്ശബ്ദനാക്കി, അതിഥികളുടെ മുമ്പിൽ നിഷ്ക്കളങ്കത നടിക്കാൻവേണ്ടി മാഡം വെർഡ്യുരിൻ ആ നിമിഷം എടുത്തണിഞ്ഞ പ്രച്ഛന്നവേഷം പക്ഷേ ഒടുവിൽ ദയനീയമായൊരു ഭാവശൂന്യതയായി മാറി. വലിയൊരബദ്ധം പറഞ്ഞുപോയതിന്റെ അമ്പരപ്പ് സ്വയം വെളിപ്പെടുന്നതു കേൾക്കാൻ പാടില്ലെന്നു കരുതുന്നവർക്കു സഹജമായി വരുന്നതാണു നിഷ്ക്കളങ്കതയുടെ പുഞ്ചിരിയിൽ പൊതിയുന്ന ബുദ്ധിപരവും സങ്കീർണവുമായ ആ ഭാവം! ജീവിതത്തെ കശക്കി ഞെരിക്കുന്ന കഷ്ടതകൾക്കെതിരെ പൊരുതിനിൽക്കാൻ ഇനിയേതായാലും കഴിയില്ലെന്നു തീരുമാനിച്ചുറച്ചതുപോലെ, ഓദത്ത് തീവ്രമായൊരു നിരാശയിലേക്കു കൂപ്പുകുത്തി. സ്വാനാകട്ടെ, വീട്ടിലേക്കുള്ള യാത്രാമദ്ധ്യേ അവളോടു വിശദീകരണം തേടി, പിറ്റേദിവസത്തെ ചാറ്റോവിലേക്കുള്ള വിനോദയാത്ര തടയാനോ അതല്ലേ

ങ്കിൽ തനിയ്ക്കുകൂടി ഒരു ക്ഷണം തരപ്പെടുത്താനോ ശ്രമിയ്ക്കുന്നതിനിടയിൽ, ആ നിമിഷം അനുഭവിച്ച മാനസികതാപം അവളുടെ മടിയിൽക്കിടന്നു തണുപ്പിയ്ക്കാനുള്ള സന്ദർഭത്തിനുവേണ്ടി ആകാംക്ഷാപൂർവം നിമിഷങ്ങളെണ്ണി കാത്തിരിയ്ക്കുകയായിരുന്നു. ഒടുവിൽ ഓരോരുത്തർക്കും പോകാനുള്ള വണ്ടികൾ വന്നു തുടങ്ങി. മാഡം വെർഡ്യുരിൻ 'ശരി, നാളെ ചാറ്റോവിൽ, മറ്റന്നാൾ വീട്ടില്'മെന്ന പതിവുവാചകമല്ല പറയുന്നതെന്നു ശ്രദ്ധിയ്ക്കപ്പെടാതിരിയ്ക്കാൻ സൗഹൃദത്തിന്റെ വശ്യത പുഞ്ചിരിയിലൊളിപ്പിച്ചു സ്വാനിനെ നോക്കി പറഞ്ഞു:

"ശരി, ഇന്നേയ്ക്കു വിട! അടുത്തുതന്നെ നമുക്കു കാണാം!".

മാഡം വെർഡ്യുരിൻ സ്വന്തം വണ്ടിയിൽത്തന്നെ ഫോർഷ്‌വില്ലിനേയും ക്ഷണിച്ചു കയറ്റി. തൊട്ടു പിന്നിൽ സ്വാനിന്റെ വണ്ടിവന്നു. ഓദത്തിനെ തന്റെ വണ്ടിയിൽ കയറാൻ സഹായിയ്ക്കുന്നതിനുമുമ്പ് സ്വാൻ, മാഡം വെർഡ്യുരിന്റെ വണ്ടി കടന്നു പോകട്ടെയെന്നു കരുതി അൽപ്പനേരം കാത്തുനിന്നു.

"ഓദത്ത്, നിന്നെ ഞങ്ങൾ കൊണ്ടുപോകാം!", മാഡം വെർഡ്യുരിൻ പറഞ്ഞു, "നിനക്കു ഫോർഷ്‌വില്ലിന്റെ തൊട്ടടുത്തൊരു ഇരിപ്പിടം പ്രത്യേകം കരുതിയിട്ടുണ്ട്!".

"ശരി, മാഡം!", ഓദത്ത് അനുസരണയോടെ പ്രതിവചിച്ചു.

വണ്ടിയുടെ വാതിൽ അവൾക്കായി മലർക്കെ തുറന്നപ്പോൾ, സമയം വളരെയേറെ വിലപിടിച്ചതാണെന്നും ഈയൊരവസ്ഥയിൽ ഒറ്റയ്ക്കു വീട്ടിലേയ്ക്കു പോകാൻ ഒരിയ്ക്കലും സാധിയ്ക്കില്ലെന്നുമുള്ള നിസ്സഹായതയിൽ, വിവേകം കാറ്റിൽ പറത്തി സ്വാൻ വിളിച്ചുപറഞ്ഞു: "എന്ത്! എന്റെ കൂടെയല്ലേ നീ വരുന്നത്..?".

"മാഡം വെർഡ്യുരിൻ എന്നോടിങ്ങനെ പറയുമ്പോൾ......"

"സാരമില്ല, താങ്കൾക്ക് ഒറ്റയ്ക്കു പോകാനൊരു ബുദ്ധിമുട്ടുമില്ല. ഞങ്ങളിതുപോലെ എത്രയോ തവണ ഒരുമിച്ചു പോയിരിയ്ക്കുന്നു!", മാഡം വെർഡ്യുരിൻ പെട്ടെന്നു വിഷയത്തിൽ ഇടപെട്ടു.

“പക്ഷേ.., എനിയ്ക്ക മാഡം ക്രേസിയോടു ചില കാര്യങ്ങൾ ചോദിച്ച മനസ്സിലാക്കാനുണ്ട്..”.

“ശരി, അത്യാവശ്യമാണെങ്കിൽ ഒരു കുറിപ്പെഴുതിയാൽ മതി!“.

“ഞാൻ പോകട്ടെ!“, ഓദത്ത് സ്വാനിനെ നോക്കി കൈ വീശി.

ചിരിയ്ക്കാൻ നടത്തിയ കഠിനമായ ശ്രമം സ്വാനിന്റെ മുഖത്തിനു പക്ഷേ ദയനീയമായ ഒരു വിഷണ്ണഭാവമാണു പകർന്നത്.

“ഇന്നു സ്വാൻ കാണിച്ച ഗർവിനെക്കുറിച്ചു നിങ്ങളെന്തു പറയുന്നു?“, വീട്ടിലെത്തിയ മാഡം വെർഡുരിൻ ഭർത്താവിനോടു ചോദിച്ചു. “ഓദത്തിനെ തിരിച്ചു വിളിച്ചതിന്റെപേരിൽ അദ്ദേഹമെന്നെ തിന്നാൻ വന്നു! സത്യത്തിൽ, ഇതൊക്കെ വളരെ മോശം... അദ്ദേഹത്തിനെന്തുകൊണ്ട് നമ്മളൊരു കുഴപ്പം പിടിച്ച വീടാണു കൊണ്ടുനടക്കുന്നതെന്നു തുറന്നു പറഞ്ഞുകൂടാ? ഓദത്ത് എങ്ങനെയാണിതൊക്കെ സഹിയ്ക്കുന്നതെന്ന് എനിയ്ക്കു മനസ്സിലാവുന്നില്ല. സദാ സമയവും 'നീയെന്റെ സ്വന്ത'മെന്ന ഒരൊറ്റ ചിന്തമാത്രം... ഞാനെല്ലാം കൃത്യമായി അവൾക്കു പറഞ്ഞുകൊടുക്കാറുണ്ട്. അവൾക്കെന്നെ നന്നായി മനസ്സിലാകുന്നുമുണ്ട്!“. ഒരു നിമിഷം നിർത്തി കോപാവേശത്തോടെ വാക്കുകളുടെ നിയന്ത്രണം നഷ്ടപ്പെട്ട് അവർ കൂട്ടിച്ചേർത്തു: “അല്ലെങ്കിൽ.. വേണ്ട, നിങ്ങൾ കണ്ടതല്ലേ..., വൃത്തികെട്ട ജന്തു......!“, കോംബ്രേയിൽവെച്ച ഫ്രാങ്കോയ്സ് ചെയ്തതുപോലെ, മരണവേദനയിൽ കിടന്നു പിടയ്ക്കുന്ന ഒരു കോഴിക്കുഞ്ഞിന്റെ, നിരുപദ്രവിയായൊരു ജീവിയുടെ, അവസാനത്തെ പിടച്ചിൽപോലും അടിച്ചമർത്തി ജീവനൊടുക്കിയ ഗ്രാമീണസ്ത്രീയുടെ അതേ വാക്കുകൾ, ബോധപൂർവമല്ലെങ്കിലും സ്വയം ന്യായീകരിയ്ക്കാനുള്ള സംതൃപ്തിയോടെ അവരുപയോഗിച്ചു.

മാഡം വെർഡുരിനും കൂട്ടരും കടന്നുപോയ സ്ഥാനത്തു സ്വാനിന്റെ വണ്ടി വന്നു നിന്നു. വണ്ടിക്കാരൻ അദ്ദേഹത്തിന്റെ വിഷണ്ണമായ മുഖഭാവം ശ്രദ്ധിച്ചു പ്രത്യേകിച്ചൊരു അസുഖവുമില്ലെന്നു ചോദിച്ച് ഉറപ്പു വരുത്തി.

സ്വാൻ വണ്ടിക്കാരനെ പറഞ്ഞയച്ചു കാൽനടയായി ബോയ്സ്

വഴി വീട്ടിലേയ്ക്കു മടങ്ങി. മാഡം വെർഡ്യുരിന്റെ മഹത്വം വാഴ്ത്തുമ്പോഴും 'അണുകുടുംബ'ത്തിലെ സൌഹൃദാന്തരീക്ഷം വിവരിയ്ക്കുമ്പോഴും സ്വീകരിയ്ക്കാറുള്ള ആവേശഭരിതമായ സ്വരത്തിൽ, വഴിനീളെ അദ്ദേഹം ഉറക്കെ സംസാരിച്ചു. ഒരുകാലത്തു തനിയ്ക്കു മാത്രമായി ഓദത്ത് ഉഴിഞ്ഞുവെച്ച മനോഹരമായ സംസാരങ്ങളും കളിചിരികളും ചുംബനങ്ങളും ഇന്നവൾ മറ്റൊരാളുടെ നേർക്കു തിരിയ്ക്കുന്നതു കണ്ടപ്പോൾ പറഞ്ഞറിയിയ്ക്കാനാവാത്ത ഒരസ്വസ്ഥത അദ്ദേഹത്തെ ബാധിച്ചു. കുലീനമായ ആഭിജാത്യവും പരിശുദ്ധമായ കലാനുഭൂതിയും നിറഞ്ഞുതുളുമ്പുന്നതായി ഇന്നലെവരെ അഭിമാനപൂർവം കരുതിയ വെർഡ്യുരിൻകുടുംബത്തിലെ സ്വീകരണമുറിയിൽ ഇന്നിപ്പോൾ ഓദത്തിനടുത്തിരുന്നു നിരുപാധികസ്നേഹം പങ്കിടുന്നതു തനിയ്ക്കുപകരം മറ്റൊരാളാണെന്ന സത്യം പരിഹാസ്യവും ലജ്ജാകരവുമായി സ്വാൻ കണ്ടു.

അടുത്തദിവസം ചാറ്റോവിൽവെച്ചു നടക്കാൻ പോകുന്ന വിരുന്നിന്റെ, മനസ്സിൽ സൃഷ്ടിച്ച സാങ്കൽപ്പികചിത്രം അടുത്തു ചെന്നു ശ്രദ്ധിച്ചു നോക്കിയപ്പോൾ അദ്ദേഹം ജുഗുപ്സകൊണ്ടു സ്വയം ഞെട്ടിവിറച്ചു. ‘ഇന്നത്തെ വിൽപ്പന കഴിഞ്ഞു ഭാണ്ഡം മുറുക്കി അടുത്ത ചന്തയിലേയ്ക്കു നീങ്ങുന്ന തുണിക്കച്ചവടക്കാരായാണോ ഇവർ ചാറ്റോവിലേയ്ക്കു പോകുന്നത്? മാന്യതയ്ക്കൊരു കുറവുമില്ല.., ഇവർക്കൊക്കെ ഒരു ജീവിതമുണ്ടോ? ‘ലാബിക്കേ'യുടെ നാടകത്തിൽനിന്നു ഭൂമിയിലേയ്ക്കു നേരിട്ടിറങ്ങി വന്നവർ..!’

തീർച്ചയായും ഡോക്ടർ കോത്താർഡും ഭാര്യയും വിരുന്നിനുണ്ടാവും; ബ്രിക്കോട്ടും വരാൻ സാദ്ധ്യതയുണ്ട്. ‘ഇങ്ങനെ പരസ്പരം കെട്ടുപിണഞ്ഞു കിടക്കുന്ന ക്ഷുദ്രജീവികളുടെ ജീവിതംപോലെ വികൃതമായി മറ്റെന്തെങ്കിലുമുണ്ടോ? നാളെ 'ചാറ്റോ'വിൽ ചെന്നില്ലെങ്കിൽ ജീവിതം നശിച്ചെന്നു കരുതുന്നവർ! ഒടുവിൽ ഇവരെല്ലാം ചീഞ്ഞുനാറി പുഴുത്തരിയ്ക്കും! കഷ്ടം! അതെ, ചിത്രകാരനും കൂട്ടത്തിൽ കൂടാതെ വയ്യ; പൊരുത്തം നോക്കാൻ വിരുതനായ അയാൾ ഓദത്തിനേയും

ഫോർഷ്‌വില്ലിനേയും ഒരു ദിവസം ചിത്രശാലയിലേയ്ക്ക ക്ഷണിയ്ക്കും. നാട്ടിലൊന്നും കാണാത്ത പരിഷ്ക്കൃതമായൊരു വേഷത്തിൽ അന്ന യാൾ അവളെ അണിയിച്ചൊരുക്കും. 'ചമയങ്ങളില്ലെങ്കിൽ അവളൊ രു വെറും പ്രാകൃതയാണെന്ന് അയാൾക്കു നന്നായറിയാം. പാവം ഓ ദത്ത്, പോരാത്തതിനു മന്ദബുദ്ധിയും..!'.

വിരുന്നിനുശേഷം മാഡം വെർഡ്യുരിൻ ചില 'അരസിക'രുടെ ചി ലവിൽ പറയാൻ പോകുന്ന തമാശകളും അദ്ദേഹത്തിനു കേൾക്കാം; ഒരിയ്ക്കൽ തന്റെ ചിരിയുടെ മാറ്റൊലിയായി ഓദത്ത് ചിരിയ്ക്കുന്നതു ക ണ്ട് ആസ്വദിയ്ക്കാൻ കഴിഞ്ഞ ആ തമാശകൾ അദ്ദേഹത്തിനെന്നും ര സകരമായിരുന്നു. ഇന്നിപ്പോൾ മിക്കവാറും അവർ തന്നെക്കുറിച്ചു പറ ഞ്ഞായിരിയ്ക്കും ഓദത്തിനെ ചിരിപ്പിയ്ക്കുകയെന്നു സ്വാനിനു ബോദ്ധ്യം വന്നു. 'ഫലിതത്തിന്റെ എന്തൊരു ബീഭത്സമായ മാതൃക!'. കഴുത്തി ലെ പേശികൾ വലിഞ്ഞു താടിയെല്ലിനെ സ്പർശിയ്ക്കുന്നതു തൊട്ടറിയാ ൻ കഴിയുന്നവിധം ഭീഷണമായൊരു വെറുപ്പിന്റെ ഭാവത്തിലേയ്ക്ക ചു ണ്ടുകൾ കോട്ടി അദ്ദേഹം വിളിച്ചു പറഞ്ഞു. 'ദൈവത്തിന്റെ ഛായയി ൽ സൃഷ്ടിയ്ക്കപ്പെട്ട ഒരു ജീവിയെക്കുറിച്ച് ഇങ്ങനെ മനംപിരട്ടുന്ന ഫലി തം പറഞ്ഞു പരിഹസിയ്ക്കാൻ ഇവർക്കെങ്ങനെ കഴിയുന്നു? മൂക്കു കൊണ്ടു ഗന്ധം തിരിച്ചറിയാൻ കഴിയുന്നവർ തീർച്ചയായും ഈ വ ളിച്ച ഉച്ഛ്വാസം സഹിയ്ക്കാതെ ഓടിയൊളിയ്ക്കും. അവളെ ആത്മാർത്ഥ മായി സമീപിച്ച സഹജീവിയെ യാതൊരു കാരണവും പറയാതെ പരിഹസിച്ചു ചിരിയ്ക്കുന്നതിന്റെ കാപട്യം കൂട്ടത്തിലൊരുത്തൻപോലും കാണുന്നില്ലേ? എനിയ്ക്ക വിശ്വസിയ്ക്കാനാവുന്നില്ല, ഇച്ഛാശക്തിയുള്ള വർക്കുപോലും രക്ഷിയ്ക്കാനാവാത്ത വിധം അഗാധമായൊരു ചെളിക്കു ണ്ടിലാണു, കഷ്ടം, അവൾ ചെന്നു ചാടിയിരിയ്ക്കുന്നത്. വൃത്തികെട്ട കൃ മികീടങ്ങൾ ചുരുണ്ടിഴഞ്ഞു പുളഞ്ഞു തമ്മിൽത്തമ്മിൽ തെറി പറയു ന്ന ഈ വാരിക്കുഴിയിൽനിന്നു വളരെ വളരെ ഉയരത്തിലാണു ഞാ ൻ. അതുകൊണ്ടുതന്നെ എന്റെ ദേഹത്തൊരു വെർഡ്യുരിനും പറയുന്ന അശ്ലീലത്തിന്റെ ചെളി തെറിയ്ക്കാൻ പോകുന്നില്ല!", നീണ്ടു നിവർന്നു

തല മേലോട്ടുയർത്തി അഹംഭാവത്തോടെ അദ്ദേഹം ആശ്വസിച്ചു. 'ഓദത്തിനെ ഈ അഴുക്കുചാലിൽനിന്നു കൈപിടിച്ചു കയറ്റി കുറച്ചു കൂടി ശുദ്ധവും ഉദാത്തവുമായ അന്തരീക്ഷത്തിലേയ്ക്കു കടത്തിവിടാനാണു ഞാൻ ശ്രമിച്ചതെന്നു വിശുദ്ധനായ ദൈവത്തിനു നല്ല ബോദ്ധ്യമുണ്ട്. പക്ഷേ, മനുഷ്യന്റെ കഴിവിനും ഒരു പരിധിയില്ലേ, ഇപ്പോൾ ഞാനേതാണ്ടു ക്ഷമയുടെ നെല്ലിപ്പടി കണ്ടു കഴിഞ്ഞു!". വെർഡ്യുരിൻ കുടുംബക്കാർ തനിയ്ക്കു നേരേ ചൊരിയുന്ന കുത്തുവാക്കുകൾ കേട്ട് ഒരുപക്ഷേ ഓദത്ത് സ്വയം പിരിഞ്ഞുപോകുമെന്ന ആശങ്കകൊണ്ടല്ല, മറിച്ച് അവളെ വ്യാജസ്തുതികളുടെ പെരുമഴയിൽനിന്നു മോചിപ്പിയ്ക്കുന്ന പാവനമായ ദൗത്യം മിനിട്ടുകൾക്കുമുമ്പേ ഏറ്റെടുത്തതാണെന്ന ഭാവത്തിൽ അദ്ദേഹം അവസാനിപ്പിച്ചു.

പിയാനിസ്റ്റ് 'നിലാവിന്റെ ഗീതം' വായിയ്ക്കുന്നതും, മാഡം വെർഡ്യുരിൻ ബീഥോവന്റെ സംഗീതം കേട്ടു ഞരമ്പുകൾ വലിഞ്ഞു മുറുകി പൊട്ടിപ്പോകുമെന്ന ഭാവത്തിൽ മുഖത്തു വികൃതഹാസം വരുത്തുന്നതും സ്വാൻ നേരിട്ടു കണ്ടു. 'പമ്പരവിഡ്ഢി, നുണച്ചിത്തള്ള..!", അദ്ദേഹം അത്യുച്ചത്തിൽ അട്ടഹസിച്ചു, 'ഈ വൃത്തികെട്ട ജന്തുവിനു 'സംഗീത'ത്തിൽ താൽപ്പര്യമുണ്ടത്രേ!". തനിയ്ക്കുവേണ്ടി പതിവുള്ളതുപോലെ, ഫോർഷ്‌വില്ലിനെക്കുറിച്ചു ദുസ്സൂചന നിറഞ്ഞ ചില തേന്മൊഴികൾ ചൊരിഞ്ഞുകൊണ്ട്, അവർ ഓദത്തിനോടു പറയും: 'അവിടെ.. നീയിരിയ്ക്കുന്നതിനു തൊട്ടടുത്ത്, ഫോർഷ്‌വില്ലിനൊരു ഇരിപ്പിടം ഒരുക്കാനാവില്ലേ, ഓദത്ത്?' 'കഷ്ടം! ചൂണ്ടയിട്ടു കൂട്ടിക്കൊടുക്കുന്നവൾ!' പരസ്പരം ഒരുമിച്ചു ചേർന്നിരുന്ന്, കണ്ണിൽക്കണ്ണു നോക്കി, കളിതമാശകൾ പറഞ്ഞ്, വിരലുകൾ തൊട്ടു തലോടി, സ്വപ്നം കാണുന്ന സംഗീതത്തിനു ചിലപ്പോഴൊക്കെ 'കൂട്ടിക്കൊടുക്കുന്നവരു'ടെ ഒരു പ്രകൃതമുണ്ടെന്നു സ്വാനിനു തോന്നിയിട്ടുണ്ട്. കലയുടെ ഗുണദോഷങ്ങളെക്കുറിച്ചു പ്ലേറ്റോ അനുശാസിയ്ക്കുകയും പിന്നീട് ഫ്രാൻസിലെ ചില ചിന്തകർ അനുവർത്തിയ്ക്കുകയും ചെയ്ത കർക്കശമായ നിലപാടുകൾ, ഇനി

യുമേറെ ചർച്ചചെയ്യപ്പെടാനുണ്ടെന്നും അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടു.

ചുരുക്കത്തിൽ, 'അകൃത്രിമ'മെന്നു സ്വയം വിശേഷിപ്പിച്ചു പിന്തുടർന്നുപോന്ന വെർഡ്യുരിൻകുടുംബസദസ്സ് ഇപ്പോൾ ജീവിതത്തിന്റെ നികൃഷ്ടരൂപമായും ആ 'അണുകുടുംബം' സമൂഹത്തിന്റെ തരംതാഴ്ന്ന തലമായും അദ്ദേഹം തിരിച്ചറിഞ്ഞു. ‘സത്യത്തിൽ,’ അദ്ദേഹം ആവർത്തിച്ചു, 'സാമൂഹ്യനിലവാരപ്രകാരം വർഗീകരിച്ചാൽ ദാന്തെയുടെ തരം താഴ്ന്ന നരകലോകമാണത്; ആ ഫ്ലോറന്റൈൻ കവിയുടെ മഹനീയമായ ഈരടികൾ ഇവരെ ഉദ്ദേശിച്ച് എഴുതിയതായിരിക്കണം! ആലോചിക്കുമ്പോൾ, ഇവരുമായി ഇടപഴകി, ദേഹത്തു തൊട്ടു വിരലുകൾ വൃത്തികേടാക്കാത്ത 'സാധാരണ'ക്കാരുടെ പ്രായോഗികബുദ്ധി വിലമതിക്കാതെ വയ്യ!’.

ബോയ്സിലെ വിശാലമായ വീഥികളും ഇടുങ്ങിയ ഇടവഴികളും കടന്നു സ്വാൻ മിക്കവാറും വീടിനടുത്തെത്തി. വിഷാദത്തിന്റെ ലഹരി വിട്ടുമാറാതെ, ആത്മാർത്ഥതയില്ലാത്ത മതിഭ്രമത്തിൽ മുഴുകി, രാവിന്റെ നിശ്ശബ്ദതയിൽ സ്വന്തം ശബ്ദത്തിന്റെ പ്രതിദ്ധ്വനിയും സ്വരഭേദങ്ങളും ആസ്വദിച്ച്, അദ്ദേഹം ഉറക്കെയുറക്കെ സംസാരിച്ചു: ‘സാധാരണജനങ്ങൾക്കു സ്വാഭാവികമായ ചില വൈകല്യങ്ങൾ കണ്ടേക്കാം; എന്നെപ്പോലെ എല്ലാം മനസ്സിലാക്കുന്നവർ ചുരുക്കമായിരിക്കും; എന്തായാലും, ചില കാര്യങ്ങളിലെങ്കിലും അസാദ്ധ്യത കാണുന്ന കൂട്ടരാണവർ! എനിക്കു നേരിട്ടു പരിചയമുള്ള പരിഷ്കാരിയായൊരു സ്ത്രീയുടെ കാര്യമെടുക്കാം: എല്ലാം തികഞ്ഞവളല്ലെങ്കിലും തന്റെ പ്രകൃതത്തോടു സത്യസന്ധത പുലർത്തുന്ന അവർക്കൊരിക്കലും ഇതുപോലുള്ള ക്രൂരകൃത്യങ്ങൾ ചെയ്യാനാവില്ല. ലളിതജീവിതം നയിക്കുന്ന അവരും ദുർമ്മന്ത്രവാദിനിയായ ഈ കിഴവിയും തമ്മിലുള്ള വ്യത്യാസം നോക്കൂ! വെർഡ്യുരിൻ, എന്തൊരു വൃത്തികെട്ട പേര്! പക്ഷേ, മികച്ചതെന്തോ ഈ കൂട്ടരുടെ പക്കലുണ്ട്; അതേ, സ്വവർഗക്കാരോടുള്ള ഒരൈക്യദാർഢ്യം; വെറുക്കപ്പെട്ട ഒരു വർഗത്തിന്റെ ഉൽകൃഷ്ടമാതൃകയാണവർ! ഈ വിസർജ്ജ്യവസ്തുക്കളുമായുള്ള സമ്പർക്കം അവസാ

നിപ്പിയ്ക്കേണ്ട കാലം അതിക്രമിച്ചു കഴിഞ്ഞു. ഇപ്പോഴെങ്കിലും കണ്ണു തുറന്നല്ലോ, ദൈവത്തിനു നന്ദി!'.

ഇന്നലെവരെ പാടി നടന്ന വെർഡുരിൻകുടുംബത്തിന്റെ ഗുണഗണങ്ങളിൽ ഒരളവോളം സത്യമുണ്ടെന്നു സമ്മതിച്ചാൽപ്പോലും, ഓദത്തിൽനിന്നു ലഭിച്ച സവിശേഷലഹരിയ്ക്കു വീര്യം പകർന്നു ഹർഷോന്മാദം വളർത്തുന്നവിധം മാഡം വെർഡുരിൻ പെരുമാറിയതുകൊണ്ടു കൂടിയാണു സ്വാൻ ആ മഹാമനസ്ക്കതയ്ക്കു സ്വയം വഴിപ്പെട്ടത്. മാത്രമല്ല, ആ സ്ഥാനത്തു ഫോർഷ്‌വില്ലിനെ പ്രതിഷ്ഠിച്ചു മാഡം വെർഡുരിൻ, ഓദത്തിനെ നീക്കി നിർത്തിയിരുന്നില്ലെങ്കിൽ, ഈ രോഷപ്രകടനങ്ങളും രൂക്ഷനിരൂപണങ്ങളുമായി അവരിൽ ആരോപിയ്ക്കുന്ന അധാർമ്മികതയ്ക്കു തീരെ സാധുത ലഭിയ്ക്കുമായിരുന്നില്ല. കൃത്രിമമായ വാചാലത ഒഴിച്ചുനിർത്തിയാൽ സ്വാൻ നടത്തിയ നിന്ദാപരമായ ആ ആത്മഗതത്തിൽ വെർഡുരിൻകുടുംബത്തോടുള്ള വെറുപ്പു മാത്രമല്ല അവരിൽനിന്നു രക്ഷപ്പെട്ടതിന്റെ ആഹ്ലാദവുമുണ്ടായിരുന്നു; ഉള്ളിലെ വിചാരങ്ങൾ പുറത്തു വിടുന്നതിനേക്കാൾ കോപാവേശം തണുപ്പിയ്ക്കാൻ പ്രയോഗിച്ച ആ വാക്കുകൾ പതിവിലേറെ കുശാഗ്രതയും വെളിപ്പെടുത്തി; പക്ഷേ, ആരോപണങ്ങളിൽനിന്നു പിന്മാറിയ ആ വിചാരങ്ങൾ അബോധപൂർവം തീർത്തും വ്യത്യസ്തമായ മറ്റൊരു കാര്യത്തിലാണു തത്സമയം മുഴുകിയിരുന്നത്; അതുകൊണ്ട് വീട്ടിൽ ചെന്നു മുറിയിലേയ്ക്കു കടന്ന ഉടനെ, ഒരു നിമിഷം എന്തോ ആലോചിച്ചു നിന്നു നെറ്റി തടവി, ഭൃത്യനോടു വാതിൽ തുറക്കാൻ പറഞ്ഞു പുറത്തു ചാടി തെരുവിലേയ്ക്ക് ഓടുമ്പോൾ തികച്ചും സ്വാഭാവികമായ ശബ്ദത്തിൽ സ്വാൻ ഉറക്കെ വിളിച്ചു പറഞ്ഞു: "നാളെ ചാറ്റോവിലെ വിരുന്നിൽ പങ്കെടുക്കാനൊരു വഴി ഞാൻ കണ്ടെത്തി..!"; പക്ഷേ, ആ നിമിഷം വരെ ഒരിടത്തുനിന്നും ഒരു ക്ഷണവും ലഭിയ്ക്കാതെ, അദ്ദേഹം കണ്ടുപിടിച്ച വഴി എന്തായാലും നേർവഴിയാകാൻ സാദ്ധ്യതയില്ല!

ഗുരുതരാവസ്ഥയിൽ കഴിയുന്ന ഒരു രോഗിയുടെ ആവശ്യപ്രകാരം ഗ്രാമത്തിലേയ്ക്കു പോയിരുന്നതുകൊണ്ട് ഒരാഴ്ച വെർഡുരിൻകുടുംബ

ത്തിലെ സദസ്സിൽ നിന്നു വിട്ടുനിന്ന കോത്താർഡിനു ചാറ്റോവിലെ വിരുന്നിൽ പങ്കെടുക്കാനായില്ല. പിറ്റേ ദിവസം ഭക്ഷണം കഴിയ്ക്കുന്ന തിനിടയിൽ അദ്ദേഹം ചോദിച്ചു:

"എന്തു പറ്റി, ഇന്നു സ്വാനിനെ കണ്ടില്ല? നിങ്ങൾ പറയുന്നതു പോലെ..., എന്തായാലും അദ്ദേഹം നല്ലൊരു സുഹൃത്ത്......"

"ഞങ്ങൾക്കങ്ങനെ തോന്നുന്നില്ല!", മാഡം വെർഡുരിൻ ഇടയ്ക്കു ക യറി പ്രഖ്യാപിച്ചു. "ആ ദു:സ്വാധീനത്തിൽനിന്നു ദൈവം നമ്മെ ര ക്ഷിച്ചു. എനിയ്ക്കു പറയാൻ വാക്കുകളില്ല... വെറുമൊരു മന്ദബുദ്ധി, കുടും ബത്തിൽ പിറക്കാത്ത പ്രാകൃതൻ!".

ആ നിമിഷംവരെ താലോലിച്ചുപോന്ന സകല വിശ്വാസങ്ങൾ ക്കും വിരുദ്ധമായി, അപ്രതിരോദ്ധ്യമായ തെളിവുകളുടെ പിൻബല ത്തിൽ ഉയർന്നുവന്ന ഒരു ശാസ്ത്രീയസത്യം നേരിൽ കണ്ടതുപോലെ, മാഡം വെർഡുരിന്റെ വാക്കു കേട്ട ഡോക്ടർ പൂർണവിധേയത്വത്തോ ടെ അത്യാശ്ചര്യം പ്രദർശിപ്പിച്ചു തല തളികയിലേയ്ക്കു പൂഴ്ത്തി കാത രസ്വരത്തിൽ പുലമ്പി: "അതെ, അതെയതെ...!" ആ ശബ്ദം ഉച്ചസ്ഥാ യിയിൽനിന്നു ക്രമാനുഗതമായി താഴോട്ടിറങ്ങി മന്ദ്രസ്ഥായിയിലെ ത്തി ശക്തി ക്ഷയിച്ച് ആത്മാവിന്റെ അഗാധതയിലേയ്ക്കു പിൻവാങ്ങി. അതിനുശേഷം സ്വാനിനെക്കുറിച്ച് വെർഡുരിൻകുടുംബത്തിലെ 'വി ശ്വസ്ത'രാരും ഒരിയ്ക്കൽപ്പോലും യാതൊന്നും സംസാരിച്ചിട്ടില്ല.

അങ്ങനെ സ്വാനും ഓദത്തും ഒരുദിവസം ഒത്തുചേർന്ന അതേ സ ദസ്സ് ഇന്നിപ്പോൾ അവരുടെ സംഗമത്തിനൊരു വിഘ്നവും വെല്ലുവി ളിയുമായി മാറി. പ്രണയത്തിന്റെ ആദ്യദിവസങ്ങളിൽ അവളദ്ദേഹ ത്തോടു പറയുമായിരുന്നു: 'എന്തായാലും നാളെ വൈകീട്ടു വീണ്ടും കാണാം. വെർഡുരിൻകുടുംബത്തിൽ അത്താഴവിരുന്നുണ്ടല്ലോ!'. ഇ ന്നിപ്പോൾ അവൾ മിക്കവാറും ഇങ്ങനെയായിരിയ്ക്കും പറയുക: 'എ ന്തായാലും നാളെ വൈകുന്നേരം കാണാനാവില്ല. വെർഡുരിൻകുടും ബത്തിൽ അത്താഴവിരുന്നുണ്ടല്ലോ!'. അല്ലെങ്കിൽ ചിലപ്പോൾ വെർ ഡുരിൻകുടുംബക്കാർ 'ക്ലിയോപാട്രെ' കാണിയ്ക്കാനായി അവളെ ഒപ്പേ

റാകോമിക്കിലേയ്ക്കു കൊണ്ടുപോകും; ഒരുപക്ഷേ താനവളെ പോകാൻ അനുവദിയ്ക്കില്ലെന്ന ഭീതി അപ്പോൾ ആ കണ്ണുകളിൽ തിളങ്ങിനിൽക്കുന്നതു സ്വാൻ വായിച്ചെടുക്കും. കുറച്ചു ദിവസങ്ങൾക്കു മുമ്പുവരെ കവിളിലൊരു ചുംബനം പൊഴിച്ചല്ലാതെ അദ്ദേഹമവളെ സ്വാഗതം ചെയ്യാറില്ല; പക്ഷേ, ഇന്നിപ്പോൾ ആ ചിന്തപോലും അദ്ദേഹത്തിനു പ്രകോപനപരമായി മാറി. 'തൊഴുത്തിൽക്കിടന്നു തമ്മിൽ കുത്തിമറിയുന്ന പുഴുക്കളുടെ ചൊറിച്ചിലേൽക്കാൻ ധൃതിപ്പെട്ട് ഓടിപ്പോകുന്ന അവളെ കാണുമ്പോൾ എനിയ്ക്കൊരു കോപവും തോന്നുന്നില്ല. പക്ഷേ അവളുടെപേരിൽ ചെറിയ നിരാശ എനിയ്ക്കുണ്ട്. ആറുമാസത്തോളം നിരന്തരം ബന്ധപ്പെട്ടിട്ടും സ്വന്തം മാനസികനിലവാരം ചെറുതായെങ്കിലും മെച്ചപ്പെടുത്താൻ അവൾക്കായില്ല; 'വിക്ടർ മാസെ' യോടുള്ള അമിതമായ താൽപ്പര്യം മനസ്സിൽനിന്നു നീക്കാനും ആരെങ്കിലുമൊരു പരിപാടിയ്ക്കു വിളിച്ചാൽ നിരസിയ്ക്കാനുമുള്ള നിശ്ചയദാർഢ്യം അവൾക്കിനിയും നേടാനായിട്ടില്ല. 'വരാൻ സാധ്യതയില്ലെ'ന്നു പറയാനുള്ള ചങ്കൂറ്റമെങ്കിലും അവൾ കാണിയ്ക്കേണ്ടതായിരുന്നു; ആ ഒരൊറ്റ ഉത്തരത്തിലാണു സത്യത്തിൽ അവളുടെ സംസ്ക്കാരം തീരുമാനിയ്ക്കപ്പെടുന്നത്!". അങ്ങനെ അവളുടെ ആത്മീയനിലവാരത്തെക്കുറിച്ച് അനുകൂലമായൊരു മൂല്യനിർണയം സാദ്ധ്യമാണെന്ന ആത്മവിശ്വാസത്തിലാണു സ്വാൻ, ഒപ്പേറാകോമിക്കിലേയ്ക്കു പോകുന്നതിനു പകരം അന്നത്തെ സായാഹ്നം വീട്ടിൽ ഒരുമിച്ചു ചിലവഴിയ്ക്കാമെന്ന നിർദ്ദേശം മുന്നോട്ടു വെച്ചത്; അതിനുവേണ്ടി അദ്ദേഹം നിരത്തിവെച്ച യുക്തികളിൽ, ആത്മാഭിമാനം പ്രയോഗിച്ച് അവളെ കീഴടക്കാമെന്ന വ്യാമോഹത്തിനുകൂടി ഒരു സാദ്ധ്യത നൽകിയിരുന്നതുകൊണ്ട്, തന്നോടു കാണിച്ച കാപട്യം അതേപടിയോ അതല്ലെങ്കിൽ ഒരളവുകൂടുതലോ പ്രകടമായും പ്രതിഫലിച്ചിരുന്നു.

തിയേറ്ററിലേയ്ക്കു പോകുന്നതിനു തൊട്ടുമുമ്പ് സ്വാൻ ഓദത്തിനോടു പറഞ്ഞു: "ഞാനുറപ്പിച്ചു പറയുന്നു, തികഞ്ഞ സ്വാർത്ഥത മൂലമാണു

നിന്നോടു പോകാതിരിയ്ക്കാൻ പറയുന്നതെങ്കിൽ, നിനക്കതു നിരസിയ്ക്കാൻ കൂടുതൽ ചിന്തിക്കേണ്ടതില്ല; ഇന്നു വൈകുന്നേരം ഒരായിരം കാര്യങ്ങൾ എനിയ്ക്കു ചെയ്തു തീർക്കാനുള്ളതുകൊണ്ട്, നീ പോകുന്നില്ലെങ്കിൽ, ഞാൻ കൗശലപൂർവം വെച്ച കെണിയിൽ സ്വയം ചെന്നു വീണതിന്റെ അലോസരം എനിയ്ക്കു വല്ലാത്ത അസ്വസ്ഥത സൃഷ്ടിയ്ക്കും. പക്ഷേ, എന്റെ സുഖസൗകര്യങ്ങളല്ല പ്രധാനം, ഞാൻ നിന്നെക്കുറിച്ചുകൂടി ചിന്തിയ്ക്കേണ്ടതുണ്ട്. ഒരിയ്ക്കലും വീണ്ടെടുക്കാൻ കഴിയാത്ത അകൽച്ചയിലേയ്ക്കു നീങ്ങുന്നതിനുമുമ്പ്, കറയറ്റ പ്രണയത്തിനുപോലും പിടിച്ചു നിർത്താൻ കഴിയാത്തവിധം നിന്നെക്കുറിച്ചു നിഷ്ഠുരമായ വിധി പുറപ്പെടുവിയ്ക്കുന്ന നിർണായകനിമിഷത്തിനുമുമ്പ്, ചെറിയൊരു മുന്നറിയിപ്പുപോലും തരാത്തതിനു നീയെന്നെ അധിക്ഷേപിയ്ക്കുന്ന ഒരവസരം വരും. നോക്കൂ, ഇക്കാര്യത്തിൽ നിന്റെ 'ക്ലിയോപാട്രെ'യ്ക്കു പ്രത്യേകിച്ചൊരു പ്രസക്തിയുമില്ല. ചെറിയൊരു സന്തോഷാനുഭവം പോലും ഉപേക്ഷിയ്ക്കാൻ കഴിയാത്ത മാനസികനിലവാരവും തരംതാണ ആകർഷകത്വവുമുള്ള വെറുക്കപ്പെടേണ്ട ഒരുവളാണോ നീയെന്നാണു ഞാൻ ചോദിയ്ക്കുന്നത്. അങ്ങനെയാണെങ്കിൽ, തീരെ വികലവും അനിയതവുമായി അസ്തിത്വംപോലുമില്ലാത്ത നിന്നെ ആർക്കാണു പ്രണയിയ്ക്കാനാവുക? ചാഞ്ഞും ചെരിഞ്ഞുമുള്ള പ്രതലങ്ങളിൽ ഇറ്റുവീഴുന്ന ജലകണംപോലെ രൂപരഹിതയാണു നീ! ചിന്തിയ്ക്കാനറിയാത്ത, ഓർമ്മകളില്ലാത്ത, വെറുമൊരു പിടയ്ക്കുന്ന മത്സ്യം! ചില്ലുകൂടിനുള്ളിൽ കിടന്നു മുങ്ങിയും പൊങ്ങിയും ദിവസത്തിലൊരു നൂറുതവണ ജലമെന്നു തെറ്റിദ്ധരിച്ചു സ്ഫടികച്ചുമരിൽ തല തല്ലിത്തകർക്കുന്ന ജീവിതം! നിന്റെ ഉത്തരം കേൾക്കുന്ന ആ നിർണായകനിമിഷം മുതൽ നിന്നോടുള്ള പ്രണയം അവസാനിപ്പിയ്ക്കുമെന്നു ഞാൻ പറയുന്നില്ല; പക്ഷേ, പറയാതെതന്നെ നിനക്കതറിയാം; ഒരിഞ്ച് ഉയരാനുള്ള ബുദ്ധിശക്തിയും കൃത്യമായ വ്യക്തിത്വവുമില്ലാത്ത നീ മറ്റെന്തിനും താഴെയാണെന്നു കണ്ടറിയുമ്പോൾ എന്റെ കണ്ണിൽ നിന്റെ ആകർഷണീയത പൊടുന്നനെ പൊലിഞ്ഞുപോകുമെന്നെങ്കിലും നീയറിയുന്നു

ണ്ടോ? യാതൊരു പ്രാധാന്യവുമില്ലാത്ത ഈ 'ക്ലിയോപാട്രെ' പരിപാടി ഉപേക്ഷിയ്ക്കാൻ ആദ്യമേ നിന്നോടു ഞാൻ ആവശ്യപ്പെടേണ്ടതായിരുന്നു. എന്തായാലും ത്രുലാസിൽ ത്രുക്കി നോക്കാൻ തീരുമാനിച്ചുറപ്പിച്ച സ്ഥിതിയ്ക്ക്, നിന്റെ ഉത്തരത്തെ ആശ്രയിച്ച ഗൗരവമുള്ള ഒരു പ്രശ്നം നിലനിൽക്കുന്നുണ്ടെന്നു യഥാവിധി മുന്നറിയിപ്പു നൽകുന്നതു മാന്യതയായി ഞാൻ കരുതി...".

സ്വാൻ സംസാരിയ്ക്കുന്നതിനിടയിൽ ഓദത്ത് അനുനിമിഷം പെരുകിവരുന്ന വികാരങ്ങളുടെ അനിശ്ചിതത്വം പ്രകടമായും വെളിപ്പെടുത്തിക്കൊണ്ടിരുന്നു. ആ ആക്ഷേപവർഷത്തിന്റെ അർത്ഥം ഗ്രഹണശക്തിയ്ക്കതീതമാണെങ്കിലും ഉച്ചരിച്ചുകേട്ട വാക്കുകൾ ശ്രദ്ധിയ്ക്കാതെ പല പുരുഷന്മാരുമായുള്ള പരിചയത്തിൽനിന്ന്, പ്രണയത്തിലല്ലെങ്കിൽ പറയാനിടയില്ലാത്ത, മിക്കവാറും അപേക്ഷയും അധിക്ഷേപവും നിറഞ്ഞ ചില അഭിനയമുഹൂർത്തങ്ങൾക്കു യോജിച്ചതാണെന്ന് അവൾ കണ്ടറിഞ്ഞു. നിമിഷന്തോറും വളരുന്ന പ്രണയത്തിൽ അനുസരണത്തിനു പ്രസക്തിയില്ലെന്നു ബോദ്ധ്യമുള്ളതുകൊണ്ട് സ്വാനിന്റെ സംസാരം എത്ര വേണമെങ്കിലും തികഞ്ഞ നിർമ്മമതയോടെ അവൾ കേട്ടിരിയ്ക്കുമായിരുന്നു. പക്ഷേ, പോകേണ്ട സമയം വൈകുന്നതു ശ്രദ്ധയിൽപ്പെട്ട അവൾ പിടിവാശി വിടാതെ പുഞ്ചിരിച്ച് പറഞ്ഞു: "ഒരിയ്ക്കലും., ആദ്യരംഗത്തിനു മുമ്പേ എനിയ്ക്കെത്താൻ കഴിയാറില്ല..!".

നുണ പറയുന്ന സഹജമായ ഭാവം ഒരിയ്ക്കലും ഉപേക്ഷിയ്ക്കില്ലെന്ന ഓദത്തിന്റെ നിർബന്ധബുദ്ധിയാണു പ്രണയം തുടരാൻ തടസ്സം സൃഷ്ടിയ്ക്കുന്നതെന്നു സ്വാൻ സ്വയം വിശ്വസിപ്പിയ്ക്കാൻ ശ്രമിച്ചു. "ശുദ്ധവും ലളിതവുമായ കാമവിലാസങ്ങളുടെ കണ്ണിൽപ്പോലും", അദ്ദേഹം പറഞ്ഞു, "നുണ പറയാൻ തുടങ്ങുമ്പോൾ നിന്റെ ഈ വശ്യമായ ആകർഷകത്വം സ്വയമേവ നഷ്ടപ്പെടുന്നതു നീയറിയുന്നുണ്ടോ? തുറന്നു പറഞ്ഞാൽ, എത്ര തെറ്റുകൾ നിനക്കു പ്രായശ്ചിത്തം ചെയ്തു തിരുത്താൻ കഴിയും? ഞാനുദ്ദേശിച്ചതിനേക്കാൾ വളരെ താഴ്ന്ന ബുദ്ധിശക്തി

യാണു നിനക്കുള്ളത്!" നുണ പറയാതിരിയ്ക്കാനുള്ള ഒരായിരം യുക്തികൾ അദ്ദേഹം അവൾക്കു വിശദീകരിച്ചുകൊടുത്താലും അവസാനം അതെല്ലാം ജലരേഖയായി മാറി; മിഥ്യാവാദത്തിന്റെ ഒരു സാർവലൗകികപദ്ധതിപോലും തകർത്തെറിയാൻ ആ വാദമുഖങ്ങൾ പര്യാപ്തമായിരുന്നു; പക്ഷേ അത്തരമൊരു പദ്ധതിയും ഓദത്തിന്റെ മനസ്സിലുണ്ടായിരുന്നില്ല! കരുതിക്കൂട്ടി ചെയ്ത കാര്യങ്ങൾ മന:പൂർവം മറച്ചുവെയ്ക്കുന്നതിൽത്തന്നെ അവൾ സംതൃപ്തയായി. ഒരു പ്രത്യേകകാര്യം സാധിച്ചെടുക്കാനുള്ള കൌശലം മാത്രമായിരുന്നു, അവൾക്കു നുണ. അതുകൊണ്ട്, പറഞ്ഞതു സത്യമല്ലെന്നു കണ്ടുപിടിയ്ക്കാനുള്ള അപകടസാദ്ധ്യത നേരിടുമ്പോൾ മാത്രമാണു മിക്കവാറും അവൾ നുണയിലേയ്ക്കു തിരിഞ്ഞത്.

അക്കാലത്തു ശാരീരികമായി നിർഭാഗ്യകരമായ ഒരവസ്ഥയിലൂടെ കടന്നു പോകുകയായിരുന്നു, ഓദത്ത്. ആ മുഖത്തെ ഭാവനിർഭരമായ വിഷാദചാരുത ആദ്യയൗവനത്തിനുശേഷം ശരീരത്തിനു സംഭവിച്ച മേദസ്സിൽ പതുക്കെ മാഞ്ഞു പോകാൻ തുടങ്ങിയിരുന്നു. സൗന്ദര്യം പ്രകടമായി കുറഞ്ഞു വന്നതോടെ സ്വാനിന്റെ കണ്ണിൽ അവളുടെ മൂല്യം വർദ്ധിയ്ക്കുകയാണു ചെയ്തത്. ഒരുകാലത്ത് ആ കണ്ണുകളിൽ തിളങ്ങിനിന്ന വശ്യത ഓർത്തെടുക്കാൻ ശ്രമിച്ചു മണിക്കൂറുകളോളം അദ്ദേഹം അവളെ നോക്കിക്കൊണ്ടിരിയ്ക്കും. വിചിത്രമായ ഈ പുതിയ രൂപാന്തരത്തിൽ ഒതുങ്ങി ജീവിയ്ക്കുന്നതു കൌശലവും മിടുക്കും ഉത്സാഹവുമുള്ള അതേ ഓദത്താണെന്നു തിരിച്ചറിയുമ്പോൾ അദ്ദേഹം അവളെ ആവേശത്തോടെ ഹൃദയത്തോടു ചേർത്തണയ്ക്കും; രണ്ടു വർഷങ്ങൾക്കു മുമ്പെടുത്ത ചിത്രങ്ങൾ ഓരോന്നായി മറിച്ചു നോക്കുമ്പോൾ അവളുടെ അന്നത്തെ സൌന്ദര്യമോർത്ത് അദ്ദേഹം അത്ഭുതപ്പെടും; അപ്പോൾ, അവളുടെപേരിൽ സ്വയം ഏറ്റെടുത്ത പീഡനങ്ങൾക്കു കുറച്ചുനേരത്തേയ്ക്കെങ്കിലും അദ്ദേഹത്തിനു സാന്ത്വനം ലഭിയ്ക്കും.

നല്ല തെളിഞ്ഞ കാലാവസ്ഥയുള്ള ദിവസങ്ങളിൽ മാഡം വെർഡ്യുരിൻ ഓദത്തുമായി സാങ്ജർമ്മനിലോ ചാറ്റോവിലോ ചിലപ്പോഴൊ

ക്കെ മോലനിലോ പോകുമ്പോൾ, രാത്രി അവിടെത്തന്നെ താമസിച്ച് പിറ്റേന്ന് കാലത്തു മാത്രമേ മടങ്ങാറുള്ളൂ. പാരീസിൽത്തന്നെ തങ്ങുന്ന അമ്മായിയെക്കുറിച്ചുള്ള പിയാനിസ്റ്റിന്റെ ആശങ്ക തീർക്കാൻ പണിപ്പെട്ടു മാഡം വെർഡുരിൻ പറയും: "ഒരുദിവസമെങ്കിലും നിന്റെ ശല്യമൊഴിഞ്ഞതിൽ ആഹ്ലാദിയ്ക്കുകയായിരിയ്ക്കും, അവർ. നീ ഞങ്ങളുടെ കൂടെയാണെന്നു ബോദ്ധ്യമായാൽ അവർക്കെങ്ങനെ ഉൽക്കണ്ഠപ്പെടാനാകും? എന്തായാലും, നിങ്ങളെ മുഴുവൻ ഞാനെന്റെ ചിറകിനു കീഴിൽ സൂക്ഷിച്ചോളാം; ആരോപണം എന്റെ നേർക്കായ്ക്കോട്ടെ!'.

അങ്ങനെയൊരു നിർദ്ദേശം, പ്രതീക്ഷിച്ച ഫലം കണ്ടില്ലെങ്കിൽ, അത്തരം ബന്ധുക്കളുടെ മേൽവിലാസം തേടി വിവരമറിയിയ്ക്കാനായി വെർഡുരിൻ തൊട്ടടുത്ത കമ്പിയാപ്പീസിലേയ്ക്കു പുറപ്പെടും. ഓദത്താകട്ടെ, മറ്റുള്ളവരുടെ മുമ്പിൽ വെച്ച് പരസ്യമായി സ്വാനിനു സന്ദേശം കൈമാറുന്നതിൽ സങ്കോചമുണ്ടെന്നു പറഞ്ഞുവെച്ചിട്ടുള്ളതുകൊണ്ട്, വെർഡുരിന്റെ ചോദ്യത്തിനു നിഷേധാർത്ഥത്തിൽ തലയാട്ടും. അപ്പോൾ അവർ ഡ്ര്യൂക്സിലെ സ്മാരകങ്ങൾ സന്ദർശിയ്ക്കാനോ ചിത്രകാരന്റെ ഉപദേശം മാനിച്ചു കോംപയിനിലെ വനത്തിൽ സൂര്യാസ്തമയം കാണാനോ അവളെ കൊണ്ടുപോയി രാത്രി പൈരെഫോൺഡ്സിലേയ്ക്കു മടങ്ങും.

"വാസ്തുശിൽപ്പവിദ്യയുടെ പഠനത്തിനായി പത്തുവർഷങ്ങൾ ചിലവഴിച്ച എന്നോടു നിർവ്യാജമായ മതിപ്പും അത്തരം വിഷയങ്ങളിൽ താൽപ്പര്യവുമുള്ളവർ വന്നു ബോവെയ്സും സാങ്ഡിനൗഡും സന്ദർശിയ്ക്കാൻ കൂട്ടിക്കൊണ്ടുപോകണമെന്നു നിരന്തരം അപേക്ഷിയ്ക്കുമ്പോൾ, ഞാനതെല്ലാം നിരസിച്ച് അവളേയും കൂട്ടി ചരിത്രസ്മാരകങ്ങൾ സന്ദർശിയ്ക്കുന്നതിന്റെ വിരോധാഭാസമൊന്നു ചിന്തിച്ചു നോക്കൂ! അതേസമയം, തരംതാഴ്ന്ന ചില നികൃഷ്ടജീവികളുമായി ഇടപഴകി നിർവ്വൃതി നുകരാൻ അവൾ വിയോലെ പ്രഭുവിനെപ്പോലുള്ളവരുടെ പാറപോലെ കറുത്ത വിസർജ്ജ്യങ്ങളുടെമേൽ സദാ കിടന്നു നിരങ്ങുന്നു!

ഇതിനു കലാപരമായ യാതൊരു വിവരവും ആവശ്യമില്ല; ഉച്ഛ്വാസ വായുവിന്റെ ഗന്ധം നുകരാൻ മാത്രമായി ആരും ഒരൊഴിവുദിവസം മുഴുവൻ കക്കൂസിൽ ചിലവഴിക്കാമെന്നു ചിന്തിക്കാറില്ല!".

ഡ്രൂക്സിലേക്കോ പൈരെഫോൺഡ്സിലേക്കോ പോകുന്ന ദിവസം ഓദത്ത്, വഴിയിൽവെച്ചു സ്വാനിനെ യദൃച്ഛയാ കണ്ടുമുട്ടുന്ന 'അരോചകമായ രംഗ'ത്തിന്റെ സാദ്ധ്യത കഴിയുന്നതും ഒഴിവാക്കാൻ ശ്രമിക്കും. അതേസമയം അദ്ദേഹം, അവൾ യാത്ര പുറപ്പെട്ടെന്നു കേട്ടാൽ, വായനശാലയിൽ കാമുകരെ ഹരം കൊള്ളിക്കുന്ന പുസ്തകമെന്നു പേരുകേട്ട, റെയിൽവേയുടെ സമയവിവരപ്പട്ടികയിൽ തല പൂഴ്ത്തി ഉച്ചക്കോ വൈകീട്ടോ കാലത്തോ നിർദ്ദിഷ്ടസ്ഥലത്തു ചെന്നെത്താനുള്ള വഴികൾ അന്വേഷിക്കും. വഴിയറിഞ്ഞാൽ പോര, അവളുടെമേലൊരു അവകാശവും അധികാരവുംകൂടി നേടിയെടുക്കണം! എന്തായാലും തീവണ്ടികളും സമയവിവരപ്പട്ടികയും സർക്കാർ തയാറാക്കുന്നതു നായ്ക്കൾക്കുവേണ്ടിയല്ല, തീർച്ച! ഒരു തീവണ്ടി രാവിലെ എട്ടുമണിക്കു യാത്ര പുറപ്പെട്ടു പത്തുമണിക്കു പൈരെഫോൺഡ്സിലെത്തുമെന്നു പരസ്യപ്പെടുത്തി പൊതുജനങ്ങളെ അറിയിക്കുന്നുണ്ടെങ്കിൽ, ഓദത്തിന്റെ അനുവാദമില്ലാതെ പൈരെഫോൺഡ്സിലേക്കു പോകുന്നതു തീർത്തും നിയമവിധേയമാണെന്നുകൂടി അതിനർത്ഥമുണ്ട്. മാത്രമല്ല, യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാനുള്ള അദ്ധ്വാനവും ചിലവും ന്യായീകരിക്കത്തക്കവിധം, ഓദത്തിനെക്കുറിച്ച് ഒരിക്കലും കേൾക്കാത്ത, നിരവധി യാത്രക്കാർ തികച്ചും വ്യത്യസ്തലക്ഷ്യങ്ങൾക്കായി ദിവസേന അനുഷ്ഠിക്കുന്ന ഒരു കൃത്യവുമാണത്!

പ്രതീക്ഷിച്ചതുപോലെതന്നെ സംഭവിച്ചു; പൈരെഫോൺഡ്സിലേക്കു പോകുന്നതിൽനിന്നു സ്വാനിനെ തടയാൻ ഓദത്തിനു കഴിഞ്ഞില്ല. അദ്ദേഹം അവളെ പരിചയമില്ലാത്ത ഒരു സാധാരണക്കാരനെപ്പോലെ യാത്ര പുറപ്പെടാനുറച്ചു. അതിനിടയിൽ, വിയോലെ പ്രഭുവിന്റെ ചില രചനകൾ ഒരു വിവർത്തകന്റെ കാഴ്ചപ്പാടോടെ വായിച്ചു കൃത്യമായ ധാരണ സ്വരൂപിക്കണമെന്നും കുറച്ചു കാലമായി അദ്ദേ

ഹം വിചാരിച്ചിരുന്നു; കാലാവസ്ഥ അനുകൂലമായതുകൊണ്ട് കോംപെയിനിലെ വനാന്തരത്തിൽ പകൽസമയം ചുറ്റിനടക്കാനും അദ്ദേഹത്തിനൊരു കൗതുകം തോന്നി.

ഇന്നിപ്പോൾ അവളുടെ സങ്കേതത്തിൽ പ്രവേശനം നിഷേധിക്കപ്പെട്ടതു നിർഭാഗ്യകരമെന്നേ പറയേണ്ടൂ! ഇന്നത്തെ ദിവസം...! നിരോധനം മറികടന്നു സ്വാൻ നേരേ ചെന്നിരുന്നെങ്കിൽ, ഇന്നുതന്നെ അവളെ കാണാമായിരുന്നു! പക്ഷേ, നേരിട്ടു പരിചയമുള്ള മറ്റൊരാളുടെ മുഖമാണു പൈരെഫോൺഡ്സിൽവെച്ചു യദൃച്ഛയാ കണ്ടുമുട്ടുന്നതെങ്കിൽ പ്രകടമായ ആശ്ചര്യത്തോടെ അവൾ ചോദിക്കും: "എന്ത്, നിങ്ങളിവിടെ?". മാത്രമല്ല, അവളയാളെ വെർഡുരിൻകുടുംബക്കാർ താമസിക്കുന്ന ഹോട്ടലിലേക്കു ക്ഷണിക്കുകയും ചെയ്യും. മറിച്ച്, സ്വാനിനെയാണു കാണുന്നതെങ്കിൽ സദാ സമയവും തന്നെ പിന്തുടരുന്നതിനെച്ചൊല്ലി അവൾ പരാതി പറഞ്ഞു പ്രണയത്തിന്റെ പതിവുപചാരങ്ങളിൽനിന്നു പിൻവാങ്ങാനാണു സാദ്ധ്യത; ചിലപ്പോൾ അദ്ദേഹത്തെ കാണുന്ന നിമിഷം കോപത്തോടെ തല വെട്ടിച്ചു തിരിഞ്ഞു നടക്കുകയും ചെയ്തേക്കാം. യാത്ര കഴിഞ്ഞു വീട്ടിലെത്തിയാൽ അവൾ അദ്ദേഹത്തോടു പരിഭവിക്കും: "ഒരുദിവസംപോലും താങ്കളെന്നെ പുറത്തു പോകാനനുവദിക്കില്ല, അല്ലേ?". പക്ഷേ പോകാനനുവാദമില്ലാതെ കടുത്ത വിലക്കു നേരിട്ടതു, സത്യത്തിൽ, അദ്ദേഹമായിരുന്നു!

സ്വാനിന്റെ മനസ്സിൽ പെട്ടെന്നൊരു യുക്തി തോന്നി. ഓദത്തുമായി ഒത്തുചേരാനുള്ള ഉദ്ദേശം വെളിപ്പെടുത്താതെ കോംപെയിനും പൈരെഫോൺഡ്സും ഉപായത്തിലൊന്നു സന്ദർശിക്കാമെന്ന് അദ്ദേഹം തീരുമാനിച്ചു. ആ പരിസരത്തു വീടു വെച്ചു താമസിക്കുന്ന, മാർക്വിസ് ഫോറെസ്റ്റില്ലിന്റെ, ഒരു ക്ഷണം എങ്ങനെ തരപ്പെടുത്താമെന്നായി പിന്നീടദ്ദേഹത്തിന്റെ ചിന്ത! ലക്ഷ്യം തുറന്നു പറയാതെ, വരവിനെക്കുറിച്ചു സൂചിപ്പിച്ചപ്പോൾ സുഹൃത്തിന്റെ ആഹ്ലാദം അതിരു കവിഞ്ഞു. പതിനഞ്ചുവർഷങ്ങളുടെ ഇടവേളയ്ക്കുശേഷം സ്വാൻ തന്നെ

കാണാൻ വരുന്ന അത്യാശ്ചര്യം അദ്ദേഹം മറച്ചുവെച്ചില്ല. താമസിയ്ക്കാനൊന്നും ഉദ്ദേശമില്ലെന്നു പ്രത്യേകം പറഞ്ഞിരുന്നതുകൊണ്ട് സ്വാനിനേയും കൂട്ടി തൊട്ടടുത്ത പ്രദേശങ്ങളിലെ കാഴ്ചകൾ കണ്ടു കുറച്ച് സമയം ചിലവഴിയ്ക്കാമെന്നു സുഹൃത്തു നിർദ്ദേശിച്ചു; അപ്പോഴേയ്ക്കും ഫോറെസ്റ്റിലിന്റെ അടുത്തെത്തിയതായി സ്വാൻ സങ്കൽപ്പിച്ചുകഴിഞ്ഞു. ഓദത്തിനെ കണ്ടുമുട്ടുന്ന കൃത്യമായ സ്ഥലം ഏതാണെന്നറിയാതെ, എപ്പോൾ വേണമെങ്കിലും മുമ്പിൽ പ്രത്യക്ഷപ്പെടാമെന്ന പ്രതീക്ഷയിൽ, ആ നിമിഷത്തിന്റെ കോരിത്തരിപ്പിയ്ക്കുന്ന സാദ്ധ്യതയെക്കുറിച്ചു ചിന്തിച്ചു പരിസരത്തെ ഓരോ കാഴ്ചകളും അദ്ദേഹം ആസ്വദിയ്ക്കാൻ തുടങ്ങി. ഈ വരവ് അവളുടെപേർക്കായതുകൊണ്ടു സ്വന്തം കണ്ണിൽ സുന്ദരമായി മാറിയ ആ മണ്ണിൽ സ്പർശിയ്ക്കുന്നതുപോലും ആഹ്ലാദകരമായ ഒരനുഭൂതിയായി അദ്ദേഹം അനുഭവിച്ചു. നഗരത്തിലെ തെരുവുകൾക്കു പതിവിലേറെ കാൽപ്പനികഭംഗിയുള്ളതായി അദ്ദേഹത്തിനു തോന്നി. സൂര്യാസ്തമയത്തിന്റെ അരുണിമയിൽ മുങ്ങി. പ്രത്യാശയുടെ അനിശ്ചിതമേഖലകളിൽ അലസമായി അലഞ്ഞുതിരിഞ്ഞു നടന്ന ആ ഭഗ്നഹൃദയം, ഒരേസമയം ഒന്നിടവിട്ട ഒളിത്താവളങ്ങളിലേയ്ക്കു ചേക്കേറാൻ വെമ്പൽകൊണ്ടു. “ഒരു കാരണവശാലും“, അദ്ദേഹം ഫോറെസ്റ്റിലിനു മുന്നറിയിപ്പു നൽകും, “നമ്മൾ ഓദത്തിനും മാഡം വെർഡുരിനും മുമ്പിൽ ചെന്നുപെടാൻ പാടില്ല. പരിസരത്തുള്ള സകല കാഴ്ചകളും കണ്ട് അവരിപ്പോൾ പൈരെഫോൺഡ്സിൽ ചെന്നെത്തിയതായി ഞാൻ കേട്ടു. പാരീസിൽവെച്ച് അവരെ എപ്പോൾ വേണമെങ്കിലും കാണാം; ഇവിടെവെച്ച് അവരെ കണ്ടുമുട്ടാതെ ഒരടി നടക്കാനാവില്ലെങ്കിൽ ഇത്ര ബുദ്ധിമുട്ടി ഇങ്ങോട്ടു വരേണ്ട യാതൊരു കാര്യവുമില്ല!“ ഒരിടത്താവളത്തിൽ ചെന്നു വിശ്രമിയ്ക്കുമ്പോൾ ഇരുപതു തവണയെങ്കിലും സ്വാൻ പരിപാടികൾ മാറ്റി മറിച്ചു. കോംപെയിനിലെ ഓരോ ഭക്ഷണശാലയും സസൂക്ഷ്മം പരിശോധിച്ച്, ഒരെണ്ണംപോലും തിരഞ്ഞെടുക്കാതെ അദ്ദേഹം പുറത്തിറങ്ങി; വെർഡുരിൻകുടുംബക്കാരുടെ പൊടിപോലും അവിടെയെങ്ങും

അവർ കണ്ടില്ല; ഒഴിവാക്കാൻ ഉദ്ദേശിച്ചതുതന്നെ അദ്ദേഹം അത്യൽ ക്കണ്ഠയോടെ തിരഞ്ഞു നടക്കുന്നതിന്റെ കാരണം സുഹൃത്തിനു മന സ്സിലായില്ല; അതല്ലെങ്കിൽ, 'അണുകുടുംബ'ത്തെ അഭിമുഖീകരിയ്ക്കേ ണ്ടി വരുന്ന നിമിഷം, ഓദത്തിനെക്കുറിച്ച് പ്രത്യക്ഷമായി ചിന്തിയ്ക്കാ തിരുന്നതുകൊണ്ടുമാത്രം, നിശ്ചയിച്ചുറപ്പിച്ച നിസ്സംഗത ഭാവിച്ചു രണ്ടു പേരും കണ്ടറിഞ്ഞ സംതൃപ്തിയോടെ പെട്ടെന്നു പിൻവാങ്ങി, സത്യ ത്തിൽ, ആ സമാഗമംതന്നെ അദ്ദേഹം ഒഴിവാക്കാനിടയുണ്ട്; പ ക്ഷേ, അതങ്ങനെ പെട്ടെന്നവസാനിയ്ക്കാൻ പോകുന്നില്ല; അദ്ദേഹമ വിടെ വന്നിരിയ്ക്കുന്നതു തന്നെമാത്രം അന്വേഷിച്ചാണെന്നു തൽക്ഷ ണം അവൾ മനസ്സിലാക്കും!

പൈരെഫോൺഡ്സിലേയ്ക്കു കൂട്ടിക്കൊണ്ടുപോകാൻ സുഹൃത്തു വ രുമ്പോൾ സ്വാൻ ഒഴിഞ്ഞുമാറും: "ഇല്ല, എനിയ്ക്കു പ്രത്യേകിച്ചു ഭയ മൊന്നുമില്ല. പക്ഷേ, ഇന്നെനിയ്ക്കു യാത്ര ചെയ്യാനൊരു ഉത്സാഹമില്ല; നോക്കൂ, ഓദത്ത് അവിടെ എത്തിയിട്ടുണ്ട്!". മറ്റെല്ലാ നശ്വരജീവിക ളിൽനിന്നും വ്യത്യസ്തയായ ഓദത്തിന്റെ കാമുകനെന്ന സവിശേഷ സൗഭാഗ്യംകൊണ്ടു മാത്രമാണു പൈരെഫോൺഡ്സിലേയ്ക്കു യാത്ര ചെയ്യുന്ന സാധാരണമനുഷ്യർക്കിടയിൽ ആ ദിവസം തനിയ്ക്കു സ്ഥാ നം ലഭിയ്ക്കാതിരുന്നതെന്ന് അദ്ദേഹം വിചാരിച്ചു. മനുഷ്യരുടെ സാർ വത്രികമായ സഞ്ചാരസ്വാതന്ത്ര്യത്തിനുമേൽ തനിയ്ക്കുമാത്രം ഏർപ്പെ ടുത്തിയ ഈ നിയന്ത്രണം, പ്രണയം അടിച്ചേൽപ്പിച്ച ബഹുവിധമാ യ അടിമത്തത്തിന്റെ നിബന്ധനകളിലൊന്നുമാത്രമാണെന്നും സ്വാ ൻ കണ്ടറിഞ്ഞു. മന:പൂർവമായ കലഹത്തിനൊരുങ്ങുന്നതിനേക്കാൾ അവൾ തിരിച്ചെത്തുന്നതുവരെ ക്ഷമാപൂർവം കാത്തിരിയ്ക്കുകയാണു നല്ലത്. വനങ്ങളുടെ ഭൂപടം പഠിച്ച്, ചിത്രങ്ങൾ നാലുപാടും നിരത്തി സ്വാൻ ദിവസങ്ങൾ തള്ളിനീക്കി. അവൾ മടങ്ങിവരാനിടയുള്ള ദി വസം നേരം പുലർന്നപ്പോൾ അദ്ദേഹം റെയിൽവേയുടെ സമയവി വരപ്പട്ടിക തുറന്ന് അവളേതു വണ്ടിയിലാണു വരുന്നതെന്നും, അതല്ല

ആകസ്മികമായി മടക്കയാത്ര നീട്ടിവെച്ചെങ്കിൽ ഇനി ഏതൊക്കെ വണ്ടികളിലാണ വരാൻ സാദ്ധ്യതയെന്നും കുറിച്ചു വെച്ചു. അവളുടെ കമ്പിസന്ദേശം കൈപ്പറ്റാനായി അന്നദ്ദേഹം വീടുവിട്ടു പുറത്തു പോയതേയില്ല; അവസാനത്തെ വണ്ടിയിൽ വന്നിറങ്ങി അർദ്ധരാത്രി അപ്രതീക്ഷിതമായൊരു സന്ദർശനംകൊണ്ട് അവൾ തന്നെ അത്ഭുതപ്പെടുത്താൻ നിശ്ചയിച്ചിരിയ്ക്കുമെന്ന കരുതി രാത്രി മുഴുവൻ അദ്ദേഹം ഉറങ്ങാതെ കാത്തിരുന്നു. അതെ, ആരോ മുൻവശത്തെ മണിയടിയ്ക്കുന്നുണ്ട്! വാതിൽ തുറക്കാൻ വൈകുന്നതു കണ്ടപ്പോൾ അദ്ദേഹം കാവൽക്കാരനെ വിളിയ്ക്കാൻവേണ്ടി എഴുന്നേറ്റു; ചുരുങ്ങിയതു പന്ത്രണ്ടു തവണ നേരേ ചെന്നു കാവൽക്കാരോടു ചട്ടം കെട്ടിയതാണെങ്കിലും അവൾ വരുമ്പോൾ താൻ വീട്ടിലില്ലെന്നു പറയാൻ അവർക്കൊരു മനസ്സാക്ഷിക്കുത്തുമുണ്ടാവില്ല! അതുകൊണ്ട്, വന്നതു തീർച്ചയായും ഓദത്താണെന്നു കണ്ട് അദ്ദേഹം ജാലകത്തിലൂടെ തല പുറത്തേയ്ക്കിട്ട് അവളെ വിളിച്ചു; പക്ഷേ, അകത്തേയ്ക്കു വന്നതൊരു ഭൃത്യയായിരുന്നു. ഇതിനുമുമ്പ് കാതോർക്കുകപോലും ചെയ്യാത്ത വണ്ടികളുടെ ഇടവിടാതുള്ള ചൂളംവിളികൾ ഒന്നിനു പിറകെ മറ്റൊന്നായി അകലെനിന്നു തുടങ്ങി അടുത്തടുത്തേയ്ക്കു വന്നു വീട്ടുവാതിൽക്കൽ നിർത്താതെ വേറേ ആർക്കൊക്കെയോവേണ്ടി സന്ദേശങ്ങളും വഹിച്ചു വിദൂരങ്ങളിലേയ്ക്കു പലായനം ചെയ്യുന്നത് അദ്ദേഹം ശ്രദ്ധിച്ചു; രാത്രി മുഴുവൻ കണ്ണടയ്ക്കാതെ കാത്തിരുന്നിട്ടും ഫലമുണ്ടായില്ല. വെർഡ്യുരിൻകുടുംബം തലേന്നുതന്നെ അപ്രതീക്ഷിതമായി യാത്ര മതിയാക്കി തിരിച്ചുപോയി; ഓദത്ത് ഉച്ചയ്ക്കുശേഷം നഗരത്തിലുണ്ടായിരുന്നു; തിരിച്ചെത്തിയ കാര്യം അദ്ദേഹത്തെ അറിയിയ്ക്കണമെന്നു പക്ഷേ അവൾക്കു തോന്നിയില്ല; പ്രത്യേകിച്ചൊന്നും ചെയ്യാനില്ലാതെ വൈകുന്നേരം അവൾ തിയേറ്ററിൽ ചിലവഴിച്ച്, വീട്ടിലെത്തി ഗാഢനിദ്രയിൽ മുഴുകി.

സത്യത്തിൽ, യാത്രയ്ക്കിടയിൽ ഓദത്ത് ഒരിയ്ക്കൽപ്പോലും സ്വാനിനെ ഓർത്തില്ല. വിശ്വാസവഞ്ചനയെ മറികടക്കുന്നവിധം വശീകരണസമർത്ഥമായി സ്വാനിന്റെ അസ്തിത്വംപോലും മറക്കുന്ന ആ നിമി

ഷങ്ങൾ അവളൊരു അമൂല്യമായ ഉപാധിയായി കരുതിപ്പോന്നു. തീർത്തും വേദനാകരമായ അസ്വസ്ഥതയിൽ ചെന്നുവീഴുന്ന അദ്ദേഹത്തിന്റെ താൽപ്പര്യം, വർദ്ധിതാവേശത്തോടെ പ്രണയമായി വികസിയ്ക്കുമെന്ന് അവൾക്കറിയാം. അന്നൊരു വൈകുന്നേരം സ്വാൻ അവളെ തിരഞ്ഞു വെർഡുരിൻകുടുംബത്തിൽ കാണാതെ രാത്രി വൈകുവോളം ഹോട്ടലുകൾതോറും കയറിയിറങ്ങിയ ദിവസം, ഈ ഉപായം വളരെ കാര്യക്ഷമമായി അവൾ പരീക്ഷിച്ചു നോക്കിയിട്ടുണ്ട്. കോംബ്രേയിൽവെച്ചു കുട്ടിക്കാലത്തു ഞാനനുഭവിച്ചതുപോലെ, രാത്രിയോടെ തുടങ്ങുന്ന പീഡാനുഭവങ്ങൾ മറക്കാൻതക്ക സന്തോഷകരമായ പകലുകൾ അദ്ദേഹത്തിനു ലഭിച്ചില്ല. പകൽ സമയം ഓദത്തിന്റെ സാമീപ്യമില്ലാതെ ആത്മഗതങ്ങളുമായി സ്വാനിനു തള്ളിനീക്കേണ്ടിവന്നു; ഇത്ര സുന്ദരിയായൊരു യുവതിയെ പാരീസിലെ തെരുവുകളിൽ ചുറ്റിനടക്കാൻ അനുവദിയ്ക്കുന്നതു, രത്നാഭരണങ്ങളുടെ പെട്ടി വഴിവക്കിൽ ഉപേക്ഷിയ്ക്കുന്നതിനു തുല്യമാണെന്നു സ്വാൻ ചിലപ്പോൾ ചിന്തിയ്ക്കും. ഈയൊരു മനോഭാവത്തോടെ തെരുവിലൂടെ പോകുന്നവർ മുഴുവൻ, പോക്കറ്റടിക്കാരാണെന്ന ഭാവത്തിൽ, അദ്ദേഹം ചിലരെ ഈർഷ്യയോടെ തുറിച്ചുനോക്കും. പക്ഷേ ഭാവരഹിതമായ ആ മുഖങ്ങൾ അത്തരമൊരു ഭാവനയുടെ പിടിയിൽനിന്നു രക്ഷപ്പെടുക മാത്രമല്ല, അദ്ദേഹത്തിന്റെ അസൂയ ആളിക്കത്തിയ്ക്കുന്നതിൽ പരാജയപ്പെടുകയും ചെയ്തു. നിരന്തരമായ ആ പരിശ്രമത്തിൽ മനസ്സു പരവശമായപ്പോൾ കൈപ്പടം കണ്ണിനു മീതേ പിടിച്ച്, അദ്ദേഹം അത്യുച്ചത്തിൽ നിലവിളിച്ചു: “ദൈവമേ, രക്ഷിയ്ക്കണേ!“. ബാഹ്യലോകവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കു ബുദ്ധിപരമായ പരിഹാരങ്ങളിലൂടെ ഫലം കാണാതിരുന്നപ്പോൾ അദ്ദേഹം പരിക്ഷീണമായ തലച്ചോറിനു സാന്ത്വനം പകരാൻ വിശ്വാസത്തിന്റെ ചില യുക്തിരാഹിത്യങ്ങളെ ആശ്രയിയ്ക്കുകയാണു ചെയ്തത്. പക്ഷേ, ഭക്ഷണം കഴിയ്ക്കുന്നതും വായിയ്ക്കുന്നതും നടക്കുന്നതും ഉറങ്ങുന്നതുംപോലുള്ള

സ്വാനിന്റെ ഓരോ ദിനചര്യയിലും ബ്രൂവിലെ പള്ളിയിൽ, ഫിലിബെർട്ട് രാജകുമാരന്റെ പേരിനു മീതേ പ്രണയിനിയായ മാർഗരറ്റിന്റെ പേരു കൂട്ടിപ്പിണച്ചെഴുതിയ ആലേഖനംപോലെ, ഓദത്തിന്റെ അസാന്നിദ്ധ്യമോർത്തുള്ള വ്യസനങ്ങൾ വേർപെടുത്താനാവാത്ത വിധം കൂടിക്കലർന്നു കിടന്നു. ചില ദിവസങ്ങളിൽ വീട്ടിലിരുന്നു മടുക്കുമ്പോൾ അദ്ദേഹം സമീപത്തെ ഭക്ഷണശാലയിലേയ്ക്കു പോകും; അവിടത്തെ വിഭവങ്ങളുടെ രുചിയാണു കുറച്ചുകാലം മുമ്പുവരെ ആകർഷകമായി തോന്നിയിരുന്നതെങ്കിൽ, ഇന്നിപ്പോൾ 'വൈകാരിക'മെന്നു വിശേഷിപ്പിയ്ക്കാമെങ്കിലും യോഗാത്മകവും തീരെ അസംബന്ധവുമായൊരു കാരണമാണു സ്വാനിനെ അങ്ങോട്ടേയ്ക്കു നയിച്ചത്; ആ ഭക്ഷണശാലയ്ക്കും ഓദത്ത് താമസിയ്ക്കുന്ന തെരുവിനും ഒരേ പേരായിരുന്നു: ‘ലാ പെറൗസ്‘!. ചിലപ്പോഴൊക്കെ പട്ടണത്തിനു പുറത്തൊരു സ്ഥലത്തേയ്ക്കു യാത്ര പോയി പാരീസിൽ തിരിച്ചെത്തി ദിവസങ്ങൾക്കുശേഷം മാത്രമേ വീട്ടിലുണ്ടെന്ന വിവരം അവളദ്ദേഹത്തെ അറിയിയ്ക്കാറുള്ളൂ. അപ്പോൾ, നേരത്തേ പലപ്പോഴും ചെയ്യാറുള്ളതുപോലെ, യാതൊരു മുൻകരുതലുമെടുക്കാതെ, സത്യത്തിൽനിന്നൊരു ഭാഗം കൃത്യമായി അടർത്തിയെടുത്തു തൊട്ടുമുമ്പാണു താൻ വന്നതെന്നു നിസ്സാരഭാവത്തിൽ മന:പൂർവമായി അവൾ നുണ പറയും; ആ പ്രസ്താവന, തീവണ്ടികളുടെ സമയപ്പട്ടികപോലെ, നിരവധി പൊരുത്തക്കേടുകൾ നിറഞ്ഞതായിരിയ്ക്കും; വണ്ടിയിൽനിന്നിറങ്ങുമ്പോൾ അവൾ ചെയ്തുകൊണ്ടിരുന്ന കാര്യങ്ങളെക്കുറിച്ചു മനസ്സിൽ നിറഞ്ഞുനിന്ന ചിത്രം, പറയുന്ന വിഷയങ്ങൾക്കു കടകവിരുദ്ധമായതുകൊണ്ടു സത്യമായൊരു മാനസികചിത്രം വരച്ചെടുക്കാൻപോലും അവൾക്കായില്ല. സ്വാനിന്റെ മനസ്സിലാകട്ടെ, അവളുടെ വാക്കുകൾ അതേപടി യാതൊരു പ്രതിരോധവും നേരിടാതെ അകത്തു കടന്നു താഴ്ന്നിറങ്ങി സംശയരഹിതമായ സത്യത്തിന്റെ നിത്യത കൈവരിയ്ക്കുകയും ചെയ്തു. അതേ വണ്ടിയിൽ വന്നിറങ്ങിയ ഒരു സുഹൃത്ത് അവളെ കണ്ടതായി തോന്നുന്നില്ലെന്നു പറഞ്ഞാൽ, ഓദത്ത് പറഞ്ഞ

വിവരങ്ങളുമായി പൊരുത്തപ്പെടാത്തതുകൊണ്ടു സുഹൃത്തിനു യഥാർ ത്ഥത്തിൽ സമയവും ദിവസവും മാറിപ്പോയതാണെന്നു നിസ്സംശയം അദ്ദേഹം തീരുമാനിയ്ക്കും. നുണ പറയാനിടയുള്ളപ്പോഴല്ലാതെ ഒരിയ്ക്ക ലും അവളുടെ വാക്കുകൾ അദ്ദേഹം അവിശ്വസിച്ചില്ല. നേരത്തേ അ ങ്ങനെയൊരു സംശയം ജനിച്ചാൽ ഓദത്ത് പറയുന്നതെന്തും സ്വാ നിനു നുണയായി മാറുകയും ചെയ്യും. സംസാരിയ്ക്കുന്നതിനിടയിൽ ആ രുടെയെങ്കിലും പേരു പരാമർശിച്ചാൽ അതവളുടെ കാമുകനാണെ ന്നതന്നെ അദ്ദേഹം തീരുമാനിയ്ക്കും; ഒരു തവണ അങ്ങനെയൊരു മു ൻവിധി രൂപപ്പെട്ടു കഴിഞ്ഞാൽ, ദിവസങ്ങളോളം അദ്ദേഹം ആത്മ പീഡനത്തിനു വിധേയനായി അതിനെക്കുറിച്ചു ചിന്തിച്ചിരിയ്ക്കും. മ ന:സമാധാനത്തിനു ഭീഷണിയായി മാറിയ ആ അജ്ഞാതപ്രതി യോഗിയുടെ മേൽവിലാസം കണ്ടെത്താൻ അദ്ദേഹമൊരു 'കുറ്റാ ന്വേഷക'നെപ്പോലും ഒരിയ്ക്കൽ സമീപിച്ചു. ഒടുവിൽ വിദേശത്തേയ്ക്കു കടന്നു കളഞ്ഞതായി തെളിഞ്ഞ അയാൾ പക്ഷേ, ഓദത്തിന്റെ ഇ രുപതുവർഷങ്ങൾക്കുമുമ്പേ മരിച്ചുപോയ ഒരമ്മാമനായിരുന്നു!.

സാധാരണനിലയിൽ, പരദൂഷണം ഭയന്നു പൊതുസ്ഥലങ്ങളിൽ വെച്ചു ബന്ധപ്പെടാൻ അവളദ്ദേഹത്തെ അനുവദിയ്ക്കാറില്ല. എങ്കിലും, ചിലപ്പോഴൊക്കെ കാരുണ്യപ്രവർത്തനങ്ങളുടെപേരിൽ സർക്കാർ നടത്തുന്ന പരിപാടിയിലോ രണ്ടു പേർക്കും വെവ്വേറെ ക്ഷണം ലഭി യ്ക്കുന്ന വിരുന്നുകളിലോ വെച്ചു യാദൃച്ഛികമായി നേരിട്ടു കാണാവുന്ന വിധം അദ്ദേഹം അവളിരിയ്ക്കുന്ന പരിസരത്തു ചെന്നുപെടും. അവൾ മറ്റുള്ളവരുമായി പങ്കു വെയ്ക്കുന്ന സന്തോഷം ഇടയ്ക്കിടെ ഒളികണ്ണിട്ടു നോക്കുന്നതു തീർച്ചയായും അവളെ അസ്വസ്ഥയാക്കുമെന്ന ഭയംമൂ ലം അദ്ദേഹം അധികനേരം അവിടെ ചെന്നിരിയ്ക്കാറില്ല. വർഷങ്ങൾ ക്കുശേഷം കോംബ്രേയിൽവെച്ച് അദ്ദേഹം ഞങ്ങളുടെ വീട്ടിൽ അ ത്താഴത്തിനു വരുന്ന വൈകുന്നേരങ്ങളിൽ, രാത്രി കിടക്കാൻ പോകു ന്ന സമയം ഞാനനുഭവിച്ച അതേ ഉദ്വേഗത്തോടെ, ഒറ്റയ്ക്കു വണ്ടിയി

ലിരുന്നു വീട്ടിലേയ്ക്കു മടങ്ങുമ്പോഴും ഉറങ്ങാൻ പോകുമ്പോഴും പതിവാ യി അവളാസ്വദിയ്ക്കുന്ന സന്തോഷാനുഭവം അദ്ദേഹത്തിനു തീർത്തും അസഹ്യമായി തോന്നി. ഒന്നോ രണ്ടോ തവണ അത്തരം വിരുന്നു കളിൽനിന്നു സാന്ത്വനകരമായ ചില അനുഭവങ്ങളും അദ്ദേഹത്തിനു ലഭിയ്ക്കായ്കയില്ല. ഒരുദിവസം ചിത്രകാരന്റെ കലാശാലയിൽവെച്ചു ന ടന്ന മദിരോത്സവത്തിൽ പങ്കെടുത്തശേഷം അദ്ദേഹം ഓദത്തിനെ വിട്ടു വീട്ടിലേയ്ക്കു പോകാനൊരുങ്ങി. ആ സമയം ഒരപരിചിതയുടെ അത്യുജ്ജ്വലമായ വേഷപ്പകർച്ചയോടെ, നാലുവശവും നിരന്നുനിന്ന പുരുഷന്മാരെ വശ്യമായി കടാക്ഷിച്ചുകൊണ്ട്, അവൾ നേരത്തേ നി ശ്ചയിച്ച സങ്കേതങ്ങളിൽ വെച്ചു നടക്കാൻ പോകുന്ന വിഷയാനുഭവം സൂചിപ്പിയ്ക്കുന്നതായി അദ്ദേഹത്തിനു തോന്നി; വിരുന്നിനുശേഷം അ വൾ മിക്കവാറും 'ബാൽഡെസി'ലേയ്ക്കു പോകാനിടയുണ്ടെന്നോർത്ത് അദ്ദേഹം പെട്ടെന്നു നടുങ്ങി! സങ്കൽപ്പിയ്ക്കാനസാദ്ധ്യമായ ശാരീരിക സംഗമത്തേക്കാൾ അവർ തമ്മിലുള്ള ആശയവിനിമയം അദ്ദേഹ ത്തിനു കൂടുതൽ അസൂയ ജനിപ്പിച്ചു. പുറത്തേയ്ക്കു പോകാൻ വാതിൽ തുറക്കുന്ന സമയം ആരോ പിന്നിൽനിന്നു പേരുപറഞ്ഞു വിളിയ്ക്കുന്ന ത് അദ്ദേഹം കേട്ടു. ഓദത്ത് അദ്ദേഹത്തിനു പിന്നാലെ ഓടിവന്നു പറഞ്ഞു: “ഒരു മിനിട്ടുനേരം എനിയ്ക്കുവേണ്ടി കാത്തുനിൽക്കാമോ? ഞാനിതാ ഇറങ്ങുകയായി. നമുക്കൊരുമിച്ചു വണ്ടിയിൽ പോകാം, താങ്കൾക്കെന്നെ വീട്ടിൽ കൊണ്ടുചെന്നു വിടുകയുമാവാം!“. അവളുടെ ആ വാക്കുകൾ, വിരുന്നിന്റെ സ്വാഭാവികമായ അവസാനം കൃത്യമാ യി മുറിച്ചെടുത്തു മനസ്സിൽ പ്രതിഷ്ഠിച്ച അദ്ദേഹത്തിന്റെ ഭയാശങ്ക കൾ നിശ്ശേഷം പിഴുതു നീക്കി; തിരിഞ്ഞുനോക്കുമ്പോൾ ഭീഷണമാ യി തോന്നിയ അവളുടെ മടക്കയാത്ര, വണ്ടിയിൽ അദ്ദേഹത്തോടു ചേർന്നിരുന്നു ദിനചര്യകളുടെ ഭാഗമായി മാറിയ ഒരു യാഥാർത്ഥ്യ മായി മാറി; അതോടെ ഓദത്തിന്റെ വേഷപ്പകർച്ചയിൽ ദൃശ്യമായി രുന്ന തിളക്കം ചോർന്ന്, നിഗൂഢമായ യാതൊന്നിനുമല്ലാതെ സ്വൽ പ്പനേരത്തേയ്ക്കു മാത്രം എടുത്തണിഞ്ഞു മടുപ്പു തോന്നിയപ്പോൾ ഊ

രിമാറ്റിയ വെറുമൊരു വേഷപ്രച്ഛന്നതയാണെന്നു വെളിപ്പെട്ടു. മറ്റൊരു ദിവസം വിരുന്നു കഴിഞ്ഞു മടങ്ങുമ്പോൾ അവർക്കു ഫോർഷ്‌വില്ലിനേയും വണ്ടിയിൽ കയറ്റേണ്ടി വന്നു; ഓദത്തിന്റെ വീട്ടുവാതിൽക്കൽവെച്ചു വണ്ടിയിൽ നിന്നിറങ്ങി അകത്തേയ്ക്കു കടക്കാൻ അനുവാദം ചോദിച്ച ഫോർഷ്‌വില്ലിനോടു സ്വാനിനുനേരേ വിരൽചൂണ്ടി അവൾ പറഞ്ഞു: 'താങ്കളുടെ കാര്യം ഇദ്ദേഹത്തോടു ചോദിയ്ക്കണം; അകത്തു വരാൻ തടസ്സമില്ല, പക്ഷേ ഒരു മിനിട്ടുമാത്രം! ഞാൻ മുന്നറിയിപ്പു തരുന്നു, കൂടുതൽ നേരം തങ്ങാനാവില്ല. എന്റെ കൂടെ ഒറ്റയ്ക്കിരുന്നു സംസാരിയ്ക്കാനാണ് ഇദ്ദേഹത്തിനിഷ്ടം! അപ്പോൾ ഞാൻ മറ്റുള്ളവരെ കാണുന്നതു മര്യാദയല്ല. നോക്കൂ, എനിയ്ക്കറിയാവുന്നപോലെ ഇദ്ദേഹത്തെ നിങ്ങൾക്കറിയില്ല! ശരിയല്ലേ, താങ്കളെ ശരിയായി മനസ്സിലാക്കുന്നവർ മറ്റാരുണ്ട്.., ഞാനല്ലാതെ?"

ഒരുപക്ഷേ, ഫോർഷ്‌വില്ലിന്റെ മുമ്പിൽവെച്ചുതന്നെ ഓദത്ത് ഇതുപോലെ അഭിസംബോധന ചെയ്ത ദൃശ്യം സ്വാനിനെ വളരെയേറെ സ്പർശിച്ചിരിയ്ക്കാം. അദ്ദേഹത്തോടു പ്രത്യേകമായ പക്ഷപാതം കാണിയ്ക്കുന്നതരത്തിൽ മൃദുലമായ വാക്കുകളുപയോഗിച്ചു സംസാരിയ്ക്കുകമാത്രമല്ല, ചിലപ്പോഴൊക്കെ ഒരുതരം വാത്സല്യത്തോടെ അവൾ വിമർശിയ്ക്കുകയും ചെയ്യാറുണ്ട്: "അടുത്ത ഞായറാഴ്ച ഒരുമിച്ചിരുന്നു ഭക്ഷണം കഴിയ്ക്കാമെന്ന വിവരം താങ്കളിനിയും സുഹൃത്തുക്കളെ ഓർമ്മിപ്പിച്ചിട്ടില്ല. താങ്കൾക്കു താൽപ്പര്യമില്ലെങ്കിൽ പോകാതിരിയ്ക്കാം, പക്ഷേ അതവരെ അറിയിയ്ക്കാനുള്ള സൗമനസ്യമെങ്കിലും കാണിയ്ക്കണം!"; അല്ലെങ്കിൽ, "വെർമീറിനെക്കുറിച്ചുള്ള ലേഖനത്തിന്റെ ബാക്കിഭാഗം എഴുതിത്തീർക്കുന്നതിനു പകരം ഇവിടെ ഉപേക്ഷിച്ചു പോകുകയാണോ? എന്തൊരു മടിയൻ, താങ്കളെ പണിയെടുപ്പിയ്ക്കാനുള്ള വഴി എനിയ്ക്കറിയാം!". അദ്ദേഹത്തിന്റെ സാമൂഹ്യബന്ധങ്ങളും സാഹിത്യപ്രവർത്തനങ്ങളും മനസ്സിലാക്കി അവർക്കിടയിൽ പൊതുവായൊരു ജീവിതമുണ്ടെന്ന് അവളുടെ ആ വാക്കുകൾ സൂചിപ്പിച്ചു; അ

പ്പോഴൊക്കെ അവൾ തൊടുത്തുവിടുന്ന കടാക്ഷത്തിനു പൂർണമായ ഒരവകാശത്തിന്റെ അർത്ഥംകൂടിയുണ്ടെന്നു സ്വാൻ വ്യാഖ്യാനിച്ചു.

ചിലപ്പോൾ രണ്ടുപേർക്കുംവേണ്ടി ഓറഞ്ചുനീരു തയാറാക്കുന്ന അവളെ നോക്കിക്കൊണ്ടിരിയ്ക്കുമ്പോൾ, വിളക്കിന്റെ ചിതറിയ ചില്ലുകൾ വഴി ചുമരിന്മേൽ പതിയ്ക്കുന്ന നിഴലുകൾ തുടക്കത്തിൽ വിചിത്രവും ഭീമാകാരവുമായി കാണപ്പെട്ടു പിന്നീടു വളരെ പതുക്കെ ചുരുങ്ങി യഥാർത്ഥരൂപമായി മാറുന്നതുപോലെ, അദ്ദേഹത്തിന്റെ മനസ്സിൽ അസ്വസ്ഥത വിതയ്ക്കുന്നവിധം കടന്നുകയറിയ ഭീഷണമായ ചില ചിന്തകൾ തൊട്ടുമുമ്പിൽ നിൽക്കുന്ന അവളുടെ വശ്യതയിൽ ഉരുകിയൊലിച്ചു നാമാവശേഷമാകും. അവളുടെ വീട്ടിലെ മങ്ങിയ വെളിച്ചത്തിൽ ചിലവഴിയ്ക്കുന്ന ഒരു മണിക്കൂർ നേരം ഒരുപക്ഷേ നാടകീയമായ രംഗസംവിധാനങ്ങൾ ഉപയോഗിച്ച്, അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിലുള്ള ആ മണിക്കൂറിനെക്കുറിച്ചൊരു തൃപ്തികരമായ ധാരണ നൽകാതെ മനസ്സിനെ നിരന്തരം അലോസരപ്പെടുത്തുന്ന ഭയജനകവും ആസ്വാദ്യവുമായ വിഷയം മറച്ചുവെയ്ക്കാൻ പ്രത്യേകം സൃഷ്ടിച്ച കൃത്രിമമായ ഒരു മണിക്കൂറാണെന്നുപോലും അദ്ദേഹം സംശയിച്ചു. സ്വാൻ പരിസരത്തില്ലെങ്കിൽ അതേ ചാരുകസേര ഫോർഷ്‌വില്ലിനു മുമ്പിലേയ്ക്കു നീക്കിയിട്ട്, ഇന്നിപ്പോൾ അവർക്കു രണ്ടുപേർക്കുമായി തയാറാക്കുന്ന അതേ ഓറഞ്ചുനീര് അവളദ്ദേഹത്തിനു പകർന്നു കൊടുക്കും. ഭാവനയിൽ കണ്ട അമാനുഷികമായൊരു ലോകത്തല്ല, നേരിട്ടു രുചിച്ച ഓറഞ്ചുനീരും കസേരയും മേശയുമുള്ള, വിഷാദത്തിന്റെ ഭാവസ്പർശമില്ലാത്ത, യഥാർത്ഥമായ ലോകത്താണു തങ്ങളെന്നു സ്വാനിന പ്പോൾ ബോദ്ധ്യപ്പെട്ടു. ഉപകാരസ്മരണപോലെ ചില കൗതുകകരവും ആരാദ്ധ്യവുമായ ചിന്തകൾ അദ്ദേഹത്തിന്റെ സ്വപ്നങ്ങൾക്കു നിറം പകർന്നു; മനസ്സിനു രസസന്ദായകമായി, അവയോരോന്നും ഭാവനയുടെ പ്രത്യക്ഷസാക്ഷാത്ക്കാരമായി, കണ്മുന്നിൽവെച്ചു ഘനരൂപങ്ങളായി വളർന്നു വിഷാദഭരിതമായ അദ്ദേഹത്തിന്റെ ഹൃദയത്തെ സാന്ത്വനിപ്പിച്ചു. ഇനിയിപ്പോൾ ഓദത്തുമായി നാട്യങ്ങളില്ലാതെ ഒരു

മിച്ച താമസിയ്ക്കാവുന്ന സുന്ദരമായൊരു വീട്ടുകുടി വിധി സ്വാനിനുവേണ്ടി പണിതിരുന്നെങ്കിൽ! ഉച്ചഭക്ഷണത്തിനു വിശേഷിച്ചെന്തു വിഭവമാണുള്ളതെന്നു ചോദിയ്ക്കുമ്പോൾ അവളുടെ സ്വകാര്യമായ ചിലവുകളുടെ പട്ടികയായിരിയ്ക്കും മറുപടിയായി അദ്ദേഹത്തിനു ലഭിയ്ക്കുന്നത്! അതിരാവിലെ അവൾ ബോയ്സ് മൈതാനത്തിലൂടെ നടക്കാമെന്നു പറയുമ്പോൾ, ചൂടുള്ള കാലാവസ്ഥയിൽ പുറത്തു പോകാൻ താൽപ്പര്യമില്ലെങ്കിലും ഭർത്താവിന്റെ ഉത്തരവാദിത്വം നിറവേറ്റുന്ന ചാരിതാർത്ഥ്യത്തോടെ, അവളുടെ മേലുടുപ്പു കൈത്തണ്ടയിൽ തൂക്കി അദ്ദേഹമവളെ അനുഗമിയ്ക്കുമായിരുന്നു! അത്താഴം കഴിഞ്ഞു പുറത്തു പോകാതെ വീട്ടിലിരുന്നു വെറുതേ സമയം ചിലവഴിയ്ക്കുമ്പോൾ, അദ്ദേഹവും കൂടെയുണ്ടായിരിയ്ക്കണമെന്ന നിർബന്ധത്തിനു വഴങ്ങി അവൾക്കു വേണ്ടതെല്ലാം സസന്തോഷം ചെയ്തു കൊടുക്കുമായിരുന്നു! ഇപ്പോൾ, സ്വാനിന്റെ ജീവിതത്തിൽ വിഷാദം പരത്തുന്ന നിസ്സാരമായ വിഷയങ്ങൾ ഓദത്തിന്റെ ജീവിതത്തിലേയ്ക്കു ലയിയ്ക്കുമ്പോൾ, സ്വപ്നങ്ങൾ സാക്ഷാത്ക്കരിയ്ക്കുന്ന വിളക്കിനും ഓറഞ്ചുനീരിനും കസേരയ്ക്കും അപരിമേയമായൊരു മാധുര്യവും സുദൃഢമായ രൂപപരിണാമവും സ്വാഭാവികമായി വന്നുചേരാതിരിയ്ക്കില്ല!

വളരെക്കാലമായി മോഹിയ്ക്കുന്ന, പ്രശാന്തതയും സമാധാനവും തുടിയ്ക്കുന്ന, അത്തരമൊരു സാഹചര്യം പക്ഷേ പ്രണയം പുഷ്ടിയ്ക്കുന്ന അന്തരീക്ഷത്തിനു പര്യാപ്തമല്ലെന്നു ചിലപ്പോഴൊക്കെ സ്വാനിനു സംശയം തോന്നും. അദ്ദേഹത്തിന്റെ മനസ്സിൽ ഓദത്ത് വ്യക്തവും പ്രസക്തവുമായൊരു സാന്നിദ്ധ്യമായി മാറിയപ്പോൾ, വിന്റെയിലിന്റെ ഗീതം കേൾക്കുമ്പോൾ തോന്നാറുള്ള അസ്വസ്ഥതയ്ക്കു പകരം ഹൃദ്യമായൊരു കൃതജ്ഞതാഭാവം അനുഭവപ്പെട്ടുതുടങ്ങിയപ്പോൾ, വിഷാദങ്ങൾക്കു പരിഹാരമായി പരസ്പരബന്ധം സുദൃഢമായി വളർന്നപ്പോൾ, അവളുടെ ദിനചര്യകളിൽ അദ്ദേഹം തീരെ താൽപ്പര്യം കാണിയ്ക്കാതായി. അതങ്ങനെ സംഭവിയ്ക്കുമെന്നു പലവുരു അദ്ദേഹത്തിനു തോ

ന്നിയിരുന്നു, പ്രത്യേകിച്ചും അവൾ ഫോർഷ്‌വില്ലിനെഴുതിയ കത്തു വായിച്ച ദിവസം! ചികിത്സയുടെ പാർശ്വഫലം മനസ്സിലാക്കാൻ സ്വയം മരുന്നു കുത്തിവെച്ച ശാസ്ത്രീയമായ നിസ്സംഗതയോടെ ലക്ഷണങ്ങൾ പരിശോധിച്ചപ്പോൾ, രോഗത്തിൽനിന്നു സുഖം പ്രാപിച്ചു കഴിഞ്ഞാൽ പിന്നെ ഓദത്ത് ചെയ്യാനിടയുള്ള യാതൊന്നും തന്നെ ഒരു തരത്തിലും ബാധിക്കാൻ പോകുന്നില്ലെന്ന സത്യം അദ്ദേഹം വ്യക്തമായി കണ്ടു. പക്ഷേ രോഗാതുരമായ ഇന്നത്തെ ഈയൊരവസ്ഥയിൽ തനതായ സകലതും നാമാവശേഷമാക്കുന്ന രോഗശമനത്തേക്കാൾ, സത്യം പറഞ്ഞാൽ, മരണത്തെയാണു സ്വാൻ ഭയപ്പെട്ടത്!

സ്വച്ഛവും പ്രശാന്തവുമായ ആ സായാഹ്നങ്ങൾ അവസാനിക്കുന്നതോടെ അദ്ദേഹത്തിന്റെ സംശയങ്ങൾക്കു താൽക്കാലികമായൊരു ആശ്വാസം ലഭിക്കും. രാത്രിയിൽ ഓദത്തിന്റെ അനുകമ്പാമസൃണമായ മുഖഭാവത്തോട് ആകർഷണം തോന്നി ഒരിക്കൽക്കൂടി കാണാനുള്ള മോഹംകൊണ്ടോ, അതല്ലെങ്കിൽ പ്രണയം കവിഞ്ഞൊഴുകിയതുകൊണ്ടോ അടുത്ത ദിവസം രാവിലെ അവളുടെ പേരിൽ ആശംസകളർപ്പിച്ചു സമ്മാനിക്കാൻ അമൂല്യമായ ചില ആഭരണങ്ങളും അദ്ദേഹം വാങ്ങി സൂക്ഷിച്ചുവെക്കും.

അതിനിടക്കു വിഷാദം വീണ്ടുമൊരാക്രമണത്തിനു തയാറെടുത്തതായി തോന്നുമ്പോൾ പണ്ടു ഫോർഷ്‌വില്ലിന്റെ പ്രേമഭാജനമായിരുന്ന ഓദത്തെന്നു സ്വാൻ സങ്കൽപ്പിക്കും. തന്നെ ക്ഷണിക്കാതിരുന്ന ചാറ്റോവിലെ വിരുന്നിന്റെ തലേന്നു വൈകുന്നേരം ബോയ്സിൽവെച്ച്, മാഡം വെർഡുരിന്റെ വണ്ടിയിൽ അവരൊരുമിച്ചിരുന്നു മുഖം പുറത്തേക്കിട്ടു നോക്കുമ്പോൾ, അവളെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോകാനുള്ള ശ്രമം പരാജയപ്പെട്ട നിസ്സഹായതയോടെ, വണ്ടിക്കാരൻപോലും ശ്രദ്ധിച്ച നിരാശ നിറഞ്ഞ ഭാവത്തോടെ, ഹൃദയം തകർന്നു പിന്തിരിഞ്ഞു നടക്കുന്ന തന്നെ ചൂണ്ടിക്കാട്ടി അവൾ ഫോർഷ്‌വില്ലിനോട്, ‘നോക്കൂ, അയാളുടെ ഒരു തുറിച്ചുനോട്ട‘മെന്നു നടത്തിയ ആക്രോശവും, വിരുന്നിൽനിന്നു ഫോർഷ്‌വിൽ സാനിയേറ്റിനെ പുറത്താക്കിയ

ദിവസം അവളുടെ കണ്ണിൽ തിളങ്ങിയ വിദ്വേഷവും കൗശലവും അദ്ദേഹത്തിന്റെ മനസ്സിൽ തെളിഞ്ഞുവന്നു.

അത്തരം സന്ദർഭങ്ങളിൽ സ്വാൻ അവളെ കഠിനമായി വെറുത്തു. “ഞാനെന്തൊരു വിഡ്ഢി!“, അദ്ദേഹം തർക്കിയ്ക്കും. “അപരിചിതരായ ചില പുരുഷന്മാരുടെ സുഖത്തിനു ഞാനെന്റെ പണം ചിലവാക്കുന്നു. എന്തായാലും, ചരടു ബലമായി വലിയ്ക്കാതെ കുറച്ചൊന്നു ശ്രദ്ധിയ്ക്കുന്നതാണ് അവൾക്കു നല്ലത്; അല്ലെങ്കിൽ ഞാനെന്റെ ഔദാര്യം നിശ്ശേഷം നിർത്തിക്കളയും; ഇന്നിപ്പോൾ തൽക്കാലം അനുബന്ധമായി നൽകുന്ന ആനുകൂല്യങ്ങൾ മാത്രം നിഷേധിയ്ക്കാം. ഇന്നലെ അവൾ ബെയ്റൂത്തിലേയ്ക്കു പോകാൻ മോഹമുണ്ടെന്നു പറഞ്ഞപ്പോൾ, ബവേറിയാ രാജാവിന്റെ ഉല്ലാസവില്ല, രണ്ടുപേർക്കുമായി വാടകയ്ക്കെടുക്കാമെന്നു വാഗ്ദാനം ചെയ്യുത്തക്കവിധം ഞാനൊരു കഴുതയായിപ്പോയതിൽ ലജ്ജ തോന്നുന്നു! പക്ഷേ, അക്കാര്യത്തിൽ നിർബന്ധം പിടിയ്ക്കാതെ അവളൊഴിഞ്ഞു മാറുകയാണു ചെയ്തത്; തൽക്കാലം അവളതു നിരസിയ്ക്കുമെന്നു പ്രതീക്ഷിയ്ക്കാം. ദൈവമേ, രണ്ടാഴ്ച അവളുടെ കൂടെയിരുന്നു വാഗ്നറുടെ സംഗീതം കേൾക്കുന്നതു ചിന്തിയ്ക്കാൻപോലുമാകുന്നില്ല! മത്സ്യത്തിനു പഴങ്ങളോടുള്ള ആർത്തിയാണു സംഗീതത്തോട് അവൾ കാണിയ്ക്കുന്നത്, നല്ല തമാശയായിരിയ്ക്കും!“ പ്രണയംപോലെ വിദ്വേഷവും പ്രവൃത്തിയിലൂടെ പ്രകടിപ്പിയ്ക്കാൻ ഒരവസരം കാത്തു ദുർവിചാരങ്ങൾ താലോലിയ്ക്കുന്നതിൽ അദ്ദേഹം അഭിരമിച്ചു. വിശ്വാസവഞ്ചനയുടെ പേരിൽ, അവൾ തെറ്റുകാരിയാണെന്നു ബോദ്ധ്യപ്പെടുത്താൻ ബദ്ധപ്പെട്ട്, തെറ്റു തെളിയുന്ന നിമിഷം അവളുടെമേൽ കോപം കോരിച്ചൊരിഞ്ഞു ശിക്ഷിയ്ക്കാൻ ഒരവസരം ലഭിയ്ക്കുമെന്നുതന്നെ അദ്ദേഹം പ്രത്യാശിച്ചു. ഇത്തരം സങ്കൽപ്പങ്ങൾ അവളുടെ അയഥാർത്ഥമായൊരു കത്തു ലഭിച്ചതായി കരുതുന്ന ഒരവസ്ഥവരെ ചെന്നെത്തി; ആ കത്തിൽ, ബെയ്റൂത്തിലെ ഉല്ലാസവില്ല വാടകയ്ക്കെടുക്കാനുള്ള പണം ആവശ്യപ്പെട്ട അവൾ, ഫോർഷ്വില്ലും വെർഡുരിൻകുടും

ബവും കൂടെ പോരുന്നതുകൊണ്ട് അദ്ദേഹത്തെ അവിടെയെങ്ങും കണ്ടുപോകരുതെന്നു കർശനമായി വിലക്കുകകൂടി ചെയ്തു. കഷ്ടം, അത്രയ്ക്കൊരു ധാർഷ്ട്യം അവൾക്കുണ്ടെന്നു സങ്കൽപ്പിയ്ക്കുന്നതുപോലും അദ്ദേഹത്തെ സന്തുഷ്ടനാക്കി! അവളുടെ ആവശ്യം നിരസിച്ചു പകവീട്ടുന്ന തരത്തിലൊരു മറുപടി മനസാ തയാറാക്കുമ്പോൾ, ആ കത്തു സത്യത്തിൽ ലഭിച്ചതുപോലെ, നിരത്തേണ്ട നിബന്ധനകൾ കണ്ടുപിടിച്ചു വാചാടോപത്തോടെ പറഞ്ഞു രസിയ്ക്കുന്നതിൽ അദ്ദേഹം അത്യധികമായൊരു ആനന്ദം അനുഭവിച്ചു!.

പ്രതീക്ഷിച്ചതുപോലെ പിറ്റേന്ന് അവളുടെ കത്തു വന്നു; മാഡം വെർഡുരിനും സുഹൃത്തുക്കളും വാഗ്നറുടെ സംഗീതപരിപാടി കേൾക്കാൻ മോഹം പറഞ്ഞതായും കുറച്ചു പണം അയച്ചുതന്നാൽ, നിരവധി തവണ അവരുടെ വിരുന്നുകളിൽ പങ്കെടുത്തതിനു പ്രത്യുപകാരമായി ഒരിയ്ക്കലെങ്കിലും തിരിച്ചു സൽക്കരിയ്ക്കുന്നതിന്റെ ചാരിതാർത്ഥ്യം അനുഭവിയ്ക്കാനാകുമെന്നും അവളെഴുതി; അതേസമയം സ്വാനിനെക്കുറിച്ചു കത്തിലൊരു വാക്കുപോലും അവൾ പരാമർശിച്ചില്ല; ബെയ്റൂത്തിൽ അവരുടെ സാന്നിദ്ധ്യം അദ്ദേഹത്തിനൊരു അപ്രഖ്യാപിതവിലക്കാണെന്ന സൂചനയാണു മന:പൂർവമായ ആ മൌനത്തിന്റെ അർത്ഥം.

അന്നു രാത്രി അവളുടെ അടിയന്തിരമായ ആവശ്യങ്ങൾ നിശ്ശേഷം നിരാകരിയ്ക്കുന്ന നിരങ്കുശമായൊരു മറുപടി തയാറാക്കുമ്പോൾ, എവിടെയെങ്കിലും പ്രയോഗിയ്ക്കാമെന്ന പ്രതീക്ഷപോലുമില്ലാതെ തിരഞ്ഞെടുത്ത ഓരോ വാക്കും ശ്രദ്ധാപൂർവം നിരത്തിവെച്ചു കൃത്യമായ സന്ദേശം അവൾക്കു കൊടുത്തയയ്ക്കാൻ കഴിഞ്ഞതിൽ അദ്ദേഹത്തിനു പതിവിൽ കവിഞ്ഞ സംതൃപ്തി തോന്നി. അത്ഭുതം! എന്തായാലും, ബായ്ക്കും ക്ലാപിസോണും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാനാവാത്ത അവൾക്കു സംഗീതം കേൾക്കണമെങ്കിൽ, സ്വന്തം പണം ചിലവാക്കി ബെയ്റൂത്തിലൊരു വീടു വാടകയ്ക്കെടുക്കാൻ ഒരു ബുദ്ധിമുട്ടുമില്ല, അവളതു ചെയ്യട്ടെ! സ്വന്തം പണമായതുകൊണ്ടു കുറച്ചു പിശു

ക്കി ചിലവാക്കേണ്ടിവരും, അത്രേയുള്ളൂ! ആ മണിമാളികയിൽ ദിവ സേന വൈകുന്നേരം (കത്തിനുള്ള മറുപടിയുടെ കൂടെ ആയിരം ഫ്രാ ങ്കിന്റെ ചില നോട്ടുകൾകൂടി തിരുകിയിരുന്നെങ്കിൽ എളുപ്പത്തിൽ സാധിയ്ക്കാവുന്നവിധം) വിഭവസമൃദ്ധമായ വിരുന്നൊരുക്കാനും, അതു വരെ സാധിയ്ക്കാതിരുന്ന ഒരു മതിഭ്രമത്തിനു വിധേയയായി ഫോർ ഷ്‌വില്ലിന്റെ കൈകളിലേയ്ക്കു കുഴഞ്ഞു വീഴാനും പക്ഷേ അവൾക്കു ക ഴിഞ്ഞെന്നു വരില്ല. എന്തായാലും ജുഗുപ്സാവഹമായ ഈ സാഹസിക യാത്രയുടെ ചിലവുകൾ സ്വാൻ ഏറ്റെടുക്കാൻ പോകുന്നില്ല. പക്ഷേ, യാത്ര എങ്ങനെയെങ്കിലും തടയാൻ കഴിഞ്ഞെങ്കിൽ! അവളുടെ കണ ങ്കാലിനു പെട്ടെന്നൊരു ഉളുക്കു പറ്റിയിരുന്നെങ്കിൽ! കുറച്ചു ദിവസ ത്തേയ്ക്ക് അവളെ ഒരേകാന്തസ്ഥലത്തു കൊണ്ടുപോയി പാർപ്പിയ്ക്കാൻ, പണമെത്ര ചിലവായാലും, വണ്ടിക്കാരനൊന്നു സമ്മതിച്ചിരുന്നെങ്കി ൽ! അങ്ങനെ വെറും നാൽപ്പത്തെട്ടു മണിക്കൂറുകൾക്കകം ഓദത്ത്, സ്വാനിനെ സംബന്ധിച്ചിടത്തോളം, കണ്ണുകളിൽ കൃത്രിമമായ തിള ക്കം വരുത്തി ഫോർഷ്‌വില്ലിനുനേർക്കു കടാക്ഷങ്ങളയയ്ക്കുന്ന തിക ഞ്ഞ ഒരു വിശ്വാസവഞ്ചകിയായി മാറിക്കഴിഞ്ഞു.

പക്ഷേ, ഓദത്തിനെക്കുറിച്ചുള്ള ആ കാഴ്ചപ്പാട് ഏറെക്കാലം നീ ണ്ടു നിന്നില്ല. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ കപടവും കുടിലവുമായ ആ കണ്ണുകളുടെ തിളക്കവും കാന്തിയും ചോർന്നുപോയി ഫോർഷ്‌വി ല്ലിനോട് 'നോക്കൂ, അയാളുടെ ഒരു തുറിച്ചുനോട്ട'മെന്നു പറഞ്ഞു ശ പിയ്ക്കുന്ന അവളുടെ ചിത്രം സാവകാശം മങ്ങിമാഞ്ഞു തുടങ്ങി. മാത്രമ ല്ല, അതേ സ്ഥാനത്തു സ്വയമേവ വിടരുന്ന ചെറിയ പുഞ്ചിരിയോടെ സൗമ്യസുന്ദരമായ മറ്റൊരു മുഖം അദ്ദേഹത്തിന്റെ മനസ്സിൽ തെളി ഞ്ഞു: അപ്പോൾ സ്വാനിനോടുള്ള സ്നേഹവാത്സല്യങ്ങൾ പൂർണമായും വെളിവാക്കുന്ന പുഞ്ചിരിയോടെ ഫോർഷ്‌വില്ലിനു നേരേ തിരിഞ്ഞ് അവൾ പറയും, ‘അകത്തേക്കു വരാൻ തടസ്സമില്ല, പക്ഷേ ഒരു മിനിട്ടു മാത്രം! ഞാൻ മുന്നറിയിപ്പു തരുന്നു, കൂടുതൽ സമയം തങ്ങാനാവില്ല.

എന്റെ കൂടെ ശാന്തമായി ഒറ്റയ്ക്കിരുന്ന സംസാരിയ്ക്കാനാണ് ഇദ്ദേഹത്തിനിഷ്ടം! നോക്കൂ, എനിയ്ക്കറിയാവുന്നപോലെ ഇദ്ദേഹത്തെ നിങ്ങൾക്കറിയില്ല!'. അവൾക്കു വളരെ വിലമതിയ്ക്കുന്ന ഒരുപകാരം ചെയ്തു കൊടുത്തതിനു കൃതജ്ഞത കാണിയ്ക്കുമ്പോഴും, ജീവിതത്തിലെ പ്രതിസന്ധികളിൽ വിശ്വസ്തതയോടെ നൽകുന്ന ഉപദേശങ്ങൾക്കു കാതോ ർക്കുമ്പോഴും അതേ പുഞ്ചിരി അവളുടെ മുഖത്തു സ്വയമേവ വിടർന്നുവരാറുണ്ട്.

അപ്പോൾ ഈയൊരു ഓദത്തിനു, മുമ്പൊരിയ്ക്കലും ചിന്തിയ്ക്കാത്ത വിധം, അന്യായമായൊരു കത്തെഴുതാൻ തന്നെ പ്രേരിപ്പിച്ച ചേതോവികാരത്തെക്കുറിച്ച് അദ്ദേഹം സ്വയം ചോദിയ്ക്കും. അപരിമിതമായ ഉദാരതയും വിശ്വസ്തതയും ഊട്ടിയുറപ്പിച്ച് അവളുടെ മനസ്സിൽ നേടിയെടുത്ത ഉന്നതസ്ഥാനത്തുനിന്നും ഈ കത്തു തന്നെ വളരെ താഴോട്ടിറക്കുമെന്നു സ്വാൻ ഭയന്നു. മറ്റു സുഹൃത്തുക്കളിൽ കാണാത്ത ചില വ്യക്തിപരമായ ഗുണവിശേഷങ്ങളുടെ പേരിലാണു സത്യത്തിൽ അവൾ പ്രകടമായ അനുകമ്പയോടെ അദ്ദേഹത്തെ പ്രണയിയ്ക്കാൻ തുടങ്ങിയത്; അതുകൊണ്ട് ഈയൊരു കത്തു മൂലം തീർച്ചയായും അവൾക്ക് അദ്ദേഹത്തോടുള്ള അടുപ്പം മാത്രമല്ല അനുകമ്പയും കുറയാൻ സാദ്ധ്യതയുണ്ട്. പരിപൂരകമായ ഈ അനുകമ്പാഭാവം പ്രണയത്തേക്കാൾ പരസ്പരസ്നേഹത്തിന്റെ പ്രകടനമായും വ്യാഖ്യാനിയ്ക്കാം; അദ്ദേഹത്തിന്റെ മനസ്സിൽ അസൂയ നിറഞ്ഞുനിന്നപ്പോൾ ആ അനുകമ്പയ്ക്കു പ്രകടമായ യാതൊരു പ്രഭാവവും ചെലുത്താൻ കഴിഞ്ഞില്ല; പ്രണയത്തിന്റെ പിടിയിൽനിന്നു സഹജമായ താൽപ്പര്യങ്ങൾ വിട്ടുവിച്ചു സുഹൃത്തുക്കളൊത്തുള്ള കലാസ്വാദനവും ആശയവിനിമയവും വഴി മനസ്സിനു വിശ്രാന്തി ലഭിച്ചപ്പോൾ, കുറഞ്ഞുവന്ന സംശയങ്ങൾക്ക് ആനുപാതികമായി ആ അനുകമ്പയുടെ പ്രാധാന്യം അദ്ദേഹം ഒരിയ്ക്കൽക്കൂടി അനുഭവിച്ചറിയാൻ തുടങ്ങി.

ആന്ദോളകത്തിന്റെ ഈ ഗതിമാറ്റത്തെ തുടർന്നു സ്വാനിന്റെ അസൂയ കുറച്ചുനേരത്തേയ്ക്കു നീക്കിനിർത്തിയ അതേ അവസ്ഥയിലേയ്ക്കു

തന്നെ ഓദത്ത് വീണ്ടും വന്നു. അദ്ദേഹത്തിന്റെ സങ്കൽപ്പത്തിൽ നിറഞ്ഞു നിന്ന, കണ്ണുകളിൽ അനുവാദം സ്ഫുരിയ്ക്കുന്ന സമർപ്പണഭാവത്തോടെ സുന്ദരമായി പുഞ്ചിരിയ്ക്കുന്ന ആ ഓർമ്മച്ചിത്രം കൈയിലെടുത്തു ചുംബിയ്ക്കാനെന്നപോലെ ചുണ്ടുകൾ ചേർത്തുപിടിയ്ക്കാതിരിയ്ക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല; മോഹസംതൃപ്തിയ്ക്കുവേണ്ടി ഭാവനയിൽ ചിത്രീകരിച്ചതല്ലാതെ, ആ മുറിയിൽത്തന്നെ ഇരിയ്ക്കുന്നുണ്ടെന്നമട്ടിൽ, അവൾ സ്വാനിനു നേർക്കയച്ച ചൈതന്യപൂർണവും അനുകമ്പാമസൃണവുമായ ആ നോട്ടത്തിനു പ്രത്യേകമായൊരു ചാരിതാർത്ഥ്യബോധംപോലും അദ്ദേഹം മനസ്സിൽ സൂക്ഷിച്ചു.

ആ കത്തു വായിച്ച് എന്തൊരു കഠിനമായ വേദനയായിരിയ്ക്കും അവൾ അനുഭവിച്ചിരിയ്ക്കുക! നോക്കൂ, അവളുടെപേരിൽ ഉൽക്കടമായൊരു അഭിനിവേശം ഉടലെടുത്തിരുന്നില്ലെങ്കിൽ, അസ്വാഭാവികമായ കാരണങ്ങൾ നിരത്തി നീരസം ഭാവിയ്ക്കുന്ന ആ ദുർവികാരം സ്വാനിന്റെ മനസ്സിൽ ജനിയ്ക്കുമായിരുന്നില്ല. ഒരു കാലത്ത് ഇതിലേറെ അടുത്തിടപഴകിയ ചില യുവതികളെ ഇന്നും പരിഭവങ്ങൾ പരിഗണിയ്ക്കാതെ സഹായിയ്ക്കുന്നതു സത്യത്തിൽ അവരോടു മനസ്സിൽ യാതൊരു പ്രണയവും തോന്നാത്തതുകൊണ്ടല്ലേ? നിസ്സംഗതയുടെ മനോഭാവം അതേപടി അനുഭവപ്പെടുന്ന ഒരു ദിവസം, ഇന്നിപ്പോൾ അവളോടു കാണിയ്ക്കുന്ന ക്രൂരതയ്ക്കു കാരണം മനസ്സിന്റെ അസൂയയാണെന്നു സ്വാനിനു ബോദ്ധ്യപ്പെടാതിരിയ്ക്കില്ല; അപ്പോൾ, വെർഡുരിൻകുടുംബം നിർലോഭം നൽകിപ്പോരുന്ന ആനുകൂല്യങ്ങൾക്കു പ്രത്യുപകാരം ചെയ്യാൻ, ബാലിശവും നിഷ്ക്കളങ്കവുമായ പ്രകൃതം വെളിവാക്കി, ഒരാതിഥേയ ചമയാനുള്ള അവളുടെ സ്വാഭാവികമോഹം തീർത്തും അക്ഷന്തവ്യമായി കാണാൻ തന്നെ പ്രേരിപ്പിച്ചതും അന്നത്തെ അസൂയയാണെന്നു സ്വാനിനു ബോദ്ധ്യപ്പെടും.

വീണ്ടും അദ്ദേഹം ആദ്യത്തെ കാഴ്ചപ്പാടിലേയ്ക്കു തിരിച്ചുചെന്നു; പ്രണയത്തിനും അസൂയയ്ക്കും വിപരീതമായി സാഹചര്യങ്ങളുടെ വ്യത്യാസങ്ങൾകൂടി മാനസികമായ സന്തുലനത്തിലൂടെ സമീകരിച്ച്, ഓദ

ത്തിനെക്കുറിച്ചു പുതിയൊരു വിധിനിർണയം അദ്ദേഹം നടത്തി; മറ്റേതൊരു യുവതിയോടും പെരുമാറുന്നപോലെ, ഒരിയ്ക്കലും അവളോടു പ്രണയം തോന്നിയിട്ടില്ലെന്നു സ്വയം സങ്കൽപ്പിച്ചപ്പോൾ, രഹസ്യമായി നെയ്തെടുത്തു ചുക്കിച്ചുളിച്ച വികൃതമാക്കിയ പഴന്തുണിപോലുള്ള അവളുടെ ജീവിതത്തിനു പ്രത്യേകിച്ചൊരു സവിശേഷത അവകാശപ്പെടാനില്ലെന്ന വസ്തുതയും അദ്ദേഹം നേരിൽ കണ്ടു.

അദ്ദേഹത്തിന്റെ അസൂയയിൽനിന്നു മാത്രം ജനിച്ച മോഹനീയമായ ഒരു സന്തോഷാനുഭൂതി, ഒരിയ്ക്കലും പരസ്പരം പങ്കിടാൻ കഴിയാതിരുന്ന ഒരാനന്ദം, ഓദത്തിനു ഫോർഷ്വില്ലിനെപ്പോലുള്ളവരുടെ സാമീപ്യത്തിൽ ലഭിയ്ക്കുമെന്നു വിശ്വസിയ്ക്കാൻ കഴിയുമോ? പാരീസിലെന്നപോലെ ബെയ്റൂത്തിലും അവളുടെ ജീവിതത്തെ ഗണ്യമായി സ്വാധീനിയ്ക്കുന്ന, നേരിട്ടു വരുമ്പോൾ എഴുന്നേറ്റു നിന്നു ബഹുമാനിയ്ക്കാവുന്ന, ഒരാളെന്നല്ലാതെ സ്വാനിനെക്കുറിച്ചു കൂടുതലൊന്നും ഫോർഷ്വിൽ ഒരിയ്ക്കലും ചിന്തിച്ചിരിയ്ക്കാനിടയില്ല. സ്വാനിന്റെ താൽപ്പര്യത്തിനു വിരുദ്ധമായി ഒന്നിച്ചുകൂടുന്നതൊരു വിജയമായി അവർ കണക്കാക്കുന്നുണ്ടെങ്കിൽ, അവളെ തടയാൻ ശ്രമിച്ചതുവഴി അദ്ദേഹമാണു സത്യത്തിൽ ആ വിജയത്തിനു പകിട്ടു വർദ്ധിപ്പിച്ചത്. മറിച്ച്, അവളുടെ അപേക്ഷ അംഗീകരിച്ചിരുന്നെങ്കിൽ, വിജയാപജയങ്ങളെക്കുറിച്ചു ചിന്തിയ്ക്കാതെ, ബെയ്റൂത്തിൽ സ്വന്തമെന്നപോലെ കരുതുന്ന വാടകവീട്ടിൽവെച്ചു വെർഡുരിൻകുടുംബത്തിനു നൽകുന്ന വിരുന്നിൽ, സ്വാനിന്റെ പ്രതിനിധിയും ആതിഥേയയുമായി അനുഭവിയ്ക്കുന്ന സംതൃപ്തിയുടെ പേരിൽ അവൾ അദ്ദേഹത്തോടു നന്ദി പറയുമായിരുന്നു!.

ബെയ്റൂത്തിലേയ്ക്കു പോകാനനുവദിയ്ക്കുന്നതിനു പകരം, നേരിട്ടു ബന്ധപ്പെടാതെ, അവൾക്കാവശ്യമുള്ള പണവും സൌകര്യങ്ങളുമൊരുക്കി യാത്ര സുഖകരമാക്കുന്നതിനൊരു ശുഷ്ക്കാന്തി കാണിച്ചിരുന്നെങ്കിൽ, തിരിച്ചെത്തുന്ന അവൾ മനസ്സുനിറഞ്ഞ നന്ദിയോടെ അദ്ദേഹത്തിന്റെ അടുത്തേയ്ക്ക് ഓടി വരുമ്പോൾ, ഏതാണ്ട് ഒരാഴ്ചയോളം കാണാതിരുന്ന ആ മുഖദർശനത്തിന്റെ അസുലഭമായ അനുഭൂതി വീ

ണ്ടും അനുഭവിയ്ക്കാമായിരുന്നു; ആ പുഞ്ചിരിയുടെ സൗഹൃദം തിരിച്ചറിയുന്ന നിമിഷം, വിദ്വേഷം ഒഴിഞ്ഞുപോയ സ്വന്തം മനസ്സിൽ അവളുടെ പുതിയൊരു ചിത്രം ഉൾക്കാൻ അദ്ദേഹത്തിനു കഴിയും; ഇനിയൊരിയ്ക്കലും അസൂയയുടെ ശാസനയ്ക്കു വഴങ്ങി മറ്റുള്ളവരുടെ പക്കൽനിന്നു ബലാൽക്കാരേണ അവളെ പിടിച്ചുമാറ്റേണ്ടതില്ലെന്നും അദ്ദേഹത്തിനു സ്വയം ആശ്വസിയ്ക്കാം; അങ്ങനെ വരുമ്പോൾ അവളോടുള്ള പ്രണയം, സവിശേഷമായൊരു കടാക്ഷവും പുഞ്ചിരിയും ഈണവും ചേർന്നൊരുക്കുന്ന വിസ്മയദൃശ്യമായി, അദ്ദേഹത്തിനു കൂടുതൽ ആസ്വാദ്യകരമായി അനുഭവപ്പെടുകയും ചെയ്യും; മാത്രമല്ല, അമൂല്യമായ ആ ആനന്ദാനുഭൂതിയ്ക്കു സ്ഥിരത കൈവരുത്താൻ അവളുടെ അടുത്ത സാന്നിദ്ധ്യവും കൂട്ടും അത്യന്താപേക്ഷിതമാണെന്നും അദ്ദേഹം കണ്ടു. ആ അനിവാര്യതയ്ക്കു സമാനമായി നിസ്സംഗവും കലാപരവുമെന്നു വിശേഷിപ്പിയ്ക്കാവുന്ന മറ്റൊരാവശ്യംകൂടി സ്വാനിന്റെ പുതിയ ജീവിതത്തിൽ സ്വയമേവ ഉയർന്നുവന്നു; ചെറുപ്പത്തിൽ അദ്ദേഹത്തെ ബാധിച്ചിരുന്ന പ്രശാന്തമായ വിഷാദം പിന്നീടൊരു ആത്മീയസമൃദ്ധിയായി വളരുകയാണുണ്ടായത്; ജന്മനാ ദുർബലനായൊരു മനുഷ്യൻ പെട്ടെന്നു മനോബലവും ദേഹപുഷ്ടിയും നേടി പൂർണാരോഗ്യവാനായി മാറുന്നതുപോലെ, ജീവിതാവബോധത്തെ സമ്പന്നമാക്കിയ ആ വരദാനത്തിനു താനാരോടാണു കടപ്പെട്ടിരിയ്ക്കുന്നതെന്നു തിരിച്ചറിയാനുള്ള ശ്രമത്തിൽ അദ്ദേഹം ലൌകികവിഷയങ്ങളിൽ നിന്നു മാറി അന്തരാത്മാവിൽ സ്വയം വികസിച്ചു വന്ന സംഗീതത്തിന്റെ ആസ്വാദനവഴികൾ പഠിയ്ക്കുന്നതിൽ ആവേശപൂർവം മുഴുകി.

അങ്ങനെ പ്രണയത്തിൽനിന്നു കുടിലമായ അസൂയ കടഞ്ഞെടുത്ത ഒരു രാസപരിണാമത്തിനുശേഷം സ്വാനിന്റെ രോഗാതുരമായ മനസ്സ്, ഓദത്തിന്റെനേർക്കുള്ള അകൈതവമായ അനുകമ്പമൂലം പതുക്കെ ആർദ്രമാകാൻ തുടങ്ങി; വീണ്ടും സ്നേഹവാത്സല്യങ്ങൾ വഴിഞ്ഞൊഴുകുന്ന പ്രണയത്തോടെ അവൾ പഴയ ഓദത്തായി മാറി. അവളോടു ക്രൂരവും കഠിനവുമായി പെരുമാറിയതിൽ അദ്ദേഹത്തിനു

വല്ലാത്ത പശ്ചാത്താപം തോന്നി. അവൾ തിരിച്ചുവരുമെന്നുതന്നെ അദ്ദേഹം പ്രത്യാശിച്ചു; ഉപകാരസ്മരണയോടെ മനോഹരമായി പുഞ്ചിരിയ്ക്കുന്ന ആ മുഖം നേരിട്ടു കാണുന്നതിനു മുമ്പ്, അവൾക്കു സന്തോഷമുളവാക്കുന്ന ഒരു സമ്മാനം വാങ്ങിവെയ്ക്കുന്നതിനെക്കുറിച്ച് അദ്ദേഹം ആലോചിച്ചു.

അതേസമയം, കുറച്ചു ദിവസം കഴിയുമ്പോൾ അനുരഞ്ജനത്തിനു യാചിച്ചു വിധേയഭാവത്തോടെ സ്വാൻ തിരിച്ചെത്തുമെന്ന വിചാരം ഓദത്തും മനസ്സിൽ സൂക്ഷിച്ചു. കുറെയൊക്കെ കണ്ടും കേട്ടും പരിചയം വന്ന അദ്ദേഹത്തെ നീരസപ്പെടുത്താൻ മാത്രമല്ല ദേഷ്യം പിടിപ്പിയ്ക്കാൻപോലും അവൾക്കു ഭയമില്ലാതായി; ചിലപ്പോഴൊക്കെ അദ്ദേഹം നൽകുന്ന ചില സമ്മാനങ്ങൾ, സന്ദർഭത്തിനനുസരിച്ചു നിരസിയ്ക്കാനും അവൾ മടിച്ചില്ല.

അവർ തമ്മിലുണ്ടായ കലഹകാലത്തു പണം അയച്ചുതരില്ലെന്നു മാത്രമല്ല കഴിയാവുന്ന വിധത്തിലൊക്കെ ഉപദ്രവിയ്ക്കുമെന്നുകൂടി തുറന്നെഴുതിയപ്പോൾ, അവളോടല്ലെങ്കിൽ അവനവനോടുള്ള അദ്ദേഹത്തിന്റെ ആത്മാർത്ഥത അവൾ ഒരുപക്ഷേ ശരിയായി മനസ്സിലാക്കിയില്ല. അതുകൊണ്ട്, പരസ്പരബന്ധത്തിൽ ഇനിയുമൊരു വിള്ളലിനു സാദ്ധ്യത നിലനിൽക്കുന്നതുപോലെ, അവളുടെ സഹായമില്ലാതെ ജീവിയ്ക്കാനാകുമെന്നു തെളിയിയ്ക്കാൻ, അദ്ദേഹം അവളുടെ വീട്ടിലേയ്ക്കു പോകാതെ കുറച്ചുദിവസം കാത്തിരിയ്ക്കാൻ തീരുമാനിച്ചു.

ചിലപ്പോൾ അവർക്കിടയിൽ പുതിയ പ്രശ്നങ്ങൾ യാതൊന്നുമുണ്ടാകാതെ നിരവധി ദിവസങ്ങൾ കടന്നുപോകാറുണ്ട്; പക്ഷേ തുടർന്നുള്ള സന്ദർശനങ്ങൾ പറയത്തക്ക സന്തോഷങ്ങളില്ലാതെ മനസ്സിന്റെ ശാന്തത നശിപ്പിയ്ക്കുന്ന ഒരുതരം അലോസരതയാണു സ്വാനിനു സമ്മാനിച്ചത്. അതുകൊണ്ട് നേരത്തേ നിശ്ചയിച്ച ചില ദിവസങ്ങളിൽ ജോലിത്തിരക്കിന്റെ കാരണം പറഞ്ഞു പരസ്പരം കണ്ടുമുട്ടാനിടയില്ലെന്നു സൂചിപ്പിച്ച് അദ്ദേഹം അവൾക്കെഴുതി; അതേസമയം, ആ ദിവസങ്ങളിലെ സന്ദർശനം നീട്ടിവെയ്ക്കണമെന്ന ആവശ്യവുമാ

യി അവളുടെ കുറിപ്പ് അദ്ദേഹത്തിനും ലഭിച്ചു; വീണ്ടും അദ്ദേഹത്തി ന്റെ മനസ്സിൽ സംശയങ്ങൾ ഉയർന്നു: എന്തായിരിക്കും അവളുടെ അ സൌകര്യം? അറിയാതെ പെയ്തിറങ്ങിയ അസ്വസ്ഥതമൂലം താരത മ്യേന ശാന്തമായി ചെയ്തുപോന്ന ജോലികൾപോലും അദ്ദേഹത്തിനു തുടരാൻ കഴിഞ്ഞില്ല. ഉടനെ അദ്ദേഹം അവളുടെ വീട്ടിലേയ്ക്കു കുതിച്ചു ചെന്ന് അടുത്ത ദിവസങ്ങളിൽ അവളെ നിർബന്ധമായും കാണണ മെന്നു ശാഠ്യം പിടിയ്ക്കും. തിരിച്ചൊരു കുറിപ്പെഴുതാതെ, സ്വാനിന്റെ ക ത്തു സ്വീകരിയ്ക്കുക മാത്രമാണു ചെയ്തതെങ്കിൽപ്പോലും, അവളെ നേരി ട്ടു കാണാതെ സ്വാനിനു സ്വസ്ഥത വരില്ല. കണക്കുകൂട്ടലുകൾ പാടേ തെറ്റിയ്ക്കുന്ന അവളുടെ നിസ്സംഗമായ സന്നദ്ധത അദ്ദേഹത്തിന്റെ മന സ്സിൽ പ്രകമ്പനങ്ങൾ സൃഷ്ടിച്ചു. അമൂല്യമായൊരു വസ്തു കൈമോശം വന്നാലുള്ള അവസ്ഥ മനസ്സിലാക്കാൻവേണ്ടി ഒരു നിമിഷനേരത്തേ യ്ക്കുതു നഷ്ടപ്പെട്ടതായി ഭാവിച്ചശേഷം തിരിച്ചെത്തുമ്പോൾ, നേരത്തേ നിലനിന്ന അവസ്ഥ അതേപടി മാറ്റമില്ലാതെ തുടരുമെന്നു സ്വാൻ വ്യാമോഹിച്ചു; പക്ഷേ, പൂർണതയിൽനിന്നൊരു ഭാഗം അടർത്തിയെ ടുത്താൽ ബാക്കിയുള്ള ഭാഗങ്ങളുടെ സന്തുലിതാവസ്ഥയ്ക്കു ഭംഗം വന്നു പ്രവചനാതീതമായൊരു സ്ഥിതിവിശേഷമാണു സംജാതമാകുന്നതെ ന്നു മനസ്സിലാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല.

അതുപോലെ ഒരൊഴിവുകാലയാത്രയ്ക്കായി ഓദത്ത് എവിടേയ്ക്കെ ങ്കിലും പോകാൻ തുടങ്ങുമ്പോൾ നിസ്സാരമായ ഒരു കലഹത്തിന്റെ പേരിൽ കുറിപ്പുകൾ കൈമാറാതെ അവൾ തിരിച്ചെത്തുന്നതുവരെ ഗൗരവമായ പിണക്കത്തിന്റെ ഭാവം, പ്രതിഫലം പ്രതീക്ഷിച്ചുകൊ ണ്ടുതന്നെ, സ്വാൻ സ്വീകരിയ്ക്കും; അവളാകട്ടെ, എന്നെന്നേയ്ക്കുമായുള്ള വേർപാടിനു കളമൊരുക്കുന്ന ഒരു പിണക്കമാണതെന്നു കരുതി, ചെ റിയൊരു കാലത്തെ വിരഹം വഴി അദ്ദേഹം അനിവാര്യമായ ആ അവസാനദുരന്തത്തിനു നാന്ദി കുറിയ്ക്കുകയാണു ചെയ്തതെന്നു വിശ്വ സിച്ചു. തന്റെ സന്ദർശനവും കത്തുമില്ലാതെ ഓദത്ത് സംഭ്രമിച്ച് അ സ്വസ്ഥയാകുന്ന ചിത്രം സ്വാൻ സങ്കൽപ്പിച്ചുനോക്കി; മനസ്സിൽ കണ്ട

അവളുടെ വിഷാദാർദ്രമായ മുഖം അദ്ദേഹത്തിന്റെ അസൂയ തെല്ലൊന്നു ശമിപ്പിച്ചു; അതോടെ അവളെ നേരിട്ടു ചെന്നു കാണുന്ന ശീലത്തിൽനിന്നു കുറച്ചു ദിവസത്തേയ്ക്കു വിട്ടുനിൽക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. അങ്ങനെ സ്വമേധയാ തീരുമാനിച്ച മൂന്നാഴ്ചയോളം നീണ്ട ഇടവേളയ്ക്കുശേഷം വീണ്ടും ഓദത്തിനെ കാണാമെന്ന വിചാരം, ചില നിമിഷങ്ങളിൽ, അദ്ദേഹം ആത്മനിർവൃതിയോടെ ലാളിയ്ക്കുകയും ചെയ്തു; അനായാസമായി നീങ്ങിയ ആ ഉപവാസകാലം തെല്ലൊന്നു നീട്ടുന്നതിനെക്കുറിച്ചും ചിലപ്പോൾ അദ്ദേഹം ചിന്തിയ്ക്കാതിരുന്നില്ല. പക്ഷേ, കൃത്യം മൂന്നുദിവസം മാത്രമേ ആ വിരഹം നീണ്ടുനിന്നുള്ളൂ. മുമ്പു പലപ്പോഴും നടന്നതിനു നേർവിപരീതമായി ഇത്തവണ മുൻകൂട്ടി തീരുമാനിച്ചുറപ്പിച്ച ഈ വേർപാട് വളരെ ഹ്രസ്വമായിരുന്നു. എന്നിട്ടും നിയമപരമായ നിയന്ത്രണത്തിനു വിധേയമാകാതിരുന്ന ഈ വേർപാട്, പരസ്പരവിരുദ്ധമായ മാനസികാവസ്ഥ മൂലം അനുകൂലമായൊരു സാന്ത്വനവും സന്തോഷാനുഭവവും അദ്ദേഹത്തിനു പകർന്നുകൊടുത്തു. അങ്ങനെ യദൃച്ഛയാ ലഭിച്ച ആനുകൂല്യം, വിശേഷവിധിയായൊരു വിശ്രമനിമിഷമായി മാറി തൽക്കാലത്തേയ്ക്ക് അദ്ദേഹത്തിന്റെ ഇച്ഛാശക്തിയുടെ പ്രവർത്തനം നിർവീര്യവും, നിഷേധാത്മകമായ നിയന്ത്രണം നിഷ്ഫലവുമായി. അതുകൊണ്ട്, ഓദത്തിനോടു വാങ്ങാനുദ്ദേശിയ്ക്കുന്ന വണ്ടിയുടെ നിറവും, ഏതോഹരിയിലാണു പണം നിക്ഷേപിയ്ക്കേണ്ടതെന്നും ചോദിയ്ക്കാൻ വിട്ടുപോയ വിവരങ്ങളുടെ വിചാരം വീണ്ടുമൊരു സമാഗമത്തിന്റെ സാദ്ധ്യതയിലേയ്ക്കു വഴി തുറക്കുന്നതായി അദ്ദേഹത്തിനു തോന്നി. പക്ഷേ, അതെല്ലാം തനിയ്ക്കൊറ്റയ്ക്കു ജീവിയ്ക്കാൻ കഴിയുമെന്ന വസ്തുത അവളെ ബോദ്ധ്യപ്പെടുത്തുന്നതിനു വേണ്ടി മാത്രമായിരുന്നു; എങ്കിലും, വണ്ടിയ്ക്കു വീണ്ടും ചായമടിയ്ക്കേണ്ടിവന്നാൽ അഥവാ ഓഹരികൾക്കു പ്രതീക്ഷിച്ച ലാഭവീതം ലഭിയ്ക്കാതായാൽ ഒരുപക്ഷേ കണക്കുകൂട്ടി ചെയ്തതു നിഷ്ഫലമായേക്കാം; വലിച്ചുനീട്ടിയ ഇലാസ്തികവസ്തു പൊടുന്നനെ അയച്ചുവിടുന്നതുപോലെ, മനസ്സിൽ ഉറപ്പിച്ചു നിർത്തിയ സമയസ്ഥാനത്തുനിന്നു സകല സാ

ദ്ധ്യതകളും ആസന്നമാണെന്നു വെളിവാക്കി അവളുമായുള്ള സമാഗ മത്തിന്റെ വിചാരം പെട്ടെന്നു വർത്തമാനകാലത്തേയ്ക്കു കുതിച്ചുചാടി.

അങ്ങനെ, യാതൊരെതിർപ്പും നേരിടാതെ അപ്രതിരോദ്ധ്യമായ ആ ചിന്ത മനസ്സിലേയ്ക്കു പാറിവീണപ്പോൾ, അവളുടെ സാന്നിദ്ധ്യമി ല്ലാതെ ചിലവഴിയ്ക്കേണ്ട രണ്ടാഴ്ചക്കാലം ദിനംപ്രതി നിരീക്ഷിയ്ക്കുമ്പോ ൾ അനുഭവപ്പെട്ട സന്താപത്തിനു, വണ്ടിക്കാരൻ തിരിച്ചെത്താനെടു ത്ത പത്തുമിനിട്ടിന്റെ കാത്തിരിപ്പിനേക്കാൾ ഗുരുത്വം കുറവാണെന്നു സ്വാൻ കണ്ടു. അക്ഷമയും ആനന്ദവും ഇടകലർത്തി അറിയാതെ ക ടന്നുപോയ ആ മിനിട്ടുകളിൽ പ്രണയത്തിന്റെ സർവസമ്പത്തും ധൂർ ത്തടിയ്ക്കുന്നവിധം ഒരായിരം തവണ ആവാഹിച്ചെടുത്ത ആ വിചാര ങ്ങൾ, ഓദത്തിനെ വീണ്ടും നേരിട്ടു കാണുകയാണെന്ന ആ മധുരചി ന്ത, അതിവിദൂരമെന്നു കരുതിയ നിമിഷത്തിൽനിന്നു വർത്തമാനകാ ലത്തേയ്ക്കിറങ്ങി ബോധമനസ്സിന്റെ ഉപരിതലത്തിൽ വന്നെത്തി നി ൽക്കുന്നതായി അദ്ദേഹം കണ്ടറിഞ്ഞു. ആ ചിന്തയ്ക്കു തടസ്സം സൃഷ്ടിയ്ക്കു ന്ന സകല വികാരങ്ങളും സ്വാനിന്റെ മനസ്സിൽനിന്നു തീർത്തും ഒഴി ഞ്ഞുപോയതുകൊണ്ടു വഴിയ്ക്കൊരു വിഘ്നവും കൂടാതെയാണതു വന്ന ത്; ഏതു നിമിഷവും പ്രായോഗികമാക്കാവുന്ന വേർപാടിന്റെ നടപ ടിക്രമങ്ങൾ തൽക്കാലത്തേയ്ക്കു നീട്ടിവെയ്ക്കുന്നതിൽ സ്വാനിനു യാ തൊരസൗകര്യവും തോന്നിയില്ല. മാത്രമല്ല, അവളെ നേരിട്ടു കാണാ മെന്ന വിചാരം മനസ്സിലേയ്ക്കു സ്വച്ഛന്ദം മടങ്ങിവന്നതു കഠിനമായ പ്ര ലോഭനത്തിന്റെ പരിവേഷത്തോടെയായിരുന്നു. ഉപവാസത്തിന്റെ അവസാനദിവസംവരെ നിലനിൽക്കുന്നവിധം, രണ്ടാഴ്ചക്കാലത്തെ വിയോഗത്തിൽ വർദ്ധിതവീര്യം നേടി അനായാസം ബലികഴിയ്ക്ക പ്പെടാമായിരുന്ന ആ പ്രതീക്ഷ, അതുവരെ അറിയാത്ത ഒരു സന്തോ ഷാനുഭവത്തിലേയ്ക്കു വഴിമാറി. ജീവന്റെ ലക്ഷണംപോലും കാണാത്ത ഒരുതരം നിസ്സംഗത പൊലിപ്പിച്ചെടുത്ത വൈഭവത്തോടെ സ്വാനി ന്റെ മനസ്സിലേയ്ക്ക് ആ വിചാരം വീണ്ടും കടന്നുവന്നു; അതുകൊണ്ട് അപരിചിതയായ ഓദത്തിനെക്കുറിച്ചുള്ള ഹർഷോന്മത്തമായ വെളി

പാട്ടുകൾ മനസ്സിലേറ്റിയാണ് സ്വാൻ അവളെ കാണാൻ ചെന്നത്.

പക്ഷേ, പണം അയച്ചുതരണമെന്ന ആവശ്യം സ്വാൻ നിരാകരിച്ചു വണ്ടിയുടെ നിറവും നിക്ഷേപത്തിന്റെ മാർഗങ്ങളും സംബന്ധിച്ച ചോദ്യങ്ങൾക്ക മന:പൂർവമായ കാപട്യത്തിന്റെ ഒരു മുഖവുര എഴുതിച്ചേർത്തതുപോലെ മാത്രമേ അവൾ കണക്കാക്കിയുള്ളൂ. അദ്ദേഹത്തിന്റെ കൂടെ സഞ്ചരിച്ചപ്പോൾ നേരിട്ട വിഷമസന്ധികൾ സ്വാംശീകരിയ്ക്കുന്നതിനും അവയെക്കുറിച്ചു സാമാന്യമായൊരു ധാരണ രൂപീകരിയ്ക്കുന്നതിനും കഴിവില്ലാതെ, ഒരേമട്ടിൽ സ്വാഭാവികമായി നടക്കുന്ന അവസാനത്തെ രംഗം മാത്രമാണവൾ ശ്രദ്ധിയ്ക്കാറുള്ളത്. ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിയ്ക്കുന്നവിധം തന്നെ മനസ്സിലാക്കുന്നതിൽ പരാജയം തെളിയിയ്ക്കുന്ന അവളുടെ അപൂർണമായ കാഴ്ചപ്പാടുകൾ അതോടെ സ്വാനിനു വെളിവായി. വളരെക്കാലത്തെ ചികിത്സയ്ക്കുശേഷം മദ്യപാനം ഉപേക്ഷിച്ചതായി കരുതിയ ഒരാൾ പെട്ടെന്നു വീണ്ടും പഴയ ദുസ്വഭാവത്തിലേയ്ക്കു മടങ്ങുന്നതിനുള്ള ഒഴികഴിവായി അവിചാരിതമായൊരു സംഭവത്തേയും പുതിയ രോഗത്തേയുംകുറിച്ചു പറയുമ്പോൾ, ആ കെട്ടുകഥകൾക്കു തീരെ പ്രാധാന്യം നൽകാതെ രോഗമുക്തിയുടെ പ്രത്യേകതകൊണ്ടു കാണിയ്ക്കുന്ന കപടനാട്യമാണെന്നു രോഗിയ്ക്കു മനസ്സിലാവുന്നവിധംതന്നെ മിക്ക ഡോക്ടർമാരും പ്രതികരിച്ചെന്നു വരും; അപ്പോൾ തന്നെ തെറ്റിദ്ധരിച്ചതിനു ഡോക്ടറുടെ നേരേ പിറുപിറുത്തു മന:പൂർവമായ കാപട്യത്തിൽ യാതൊരു പ്രതീക്ഷയും പുലർത്താതെ രോഗി അരോഗാവസ്ഥയുടെ സ്വപ്നങ്ങൾ കൂടുതൽ ആവേശത്തോടെ അയവിറക്കാൻ തുടങ്ങും; അത്തരം സന്ദിഗ്ദ്ധഘട്ടത്തിൽ ശസ്ത്രക്രിയാവിദഗ്ദ്ധനും വൈദ്യനും ചേർന്നു രോഗിയുടെ വ്രണം മുറിച്ചുമാറ്റുകയോ മരുന്നു കഴിയ്ക്കുകയോ ഏതാണുചിതമെന്നു തീരുമാനിയ്ക്കുന്ന സംവാദത്തിന്റെ നിലവാരത്തിലേയ്ക്കു, വസ്തുതാപരമായി, ഓദത്തിനോടുള്ള സ്വാനിന്റെ പ്രണയം വളർന്നുകഴിഞ്ഞു.

ഈ പ്രണയത്തിന്റെ വ്യാപ്തിയെക്കുറിച്ചു, തീർച്ചയായും, സ്വാനിനു നേരിട്ടു വ്യക്തമായൊരു ബോധമുണ്ടായിരുന്നില്ല; അളന്നു തിട്ടപ്പെട്ട

ത്താൻ ശ്രമിച്ചപ്പോൾ, പലപ്പോഴും ശ്രദ്ധശൂന്യമായൊരു അവസ്ഥ യിലേയ്ക്കത് ചുരുങ്ങുകയും ചെയ്തു. ഉദാഹരണത്തിന്, പ്രണയകാല ത്തിനുമുമ്പ് അവളുടെ ശരീരത്തിന്റെ ഇരുനിറംപോലെ വികാരദ്യോ തകമായ ചില സവിശേഷതകളോടു തോന്നിയ, മിക്കവാറും അനി ഷ്ടത്തോളമെത്തുന്ന, ആവേശം പിന്നീട് പലപ്പോഴും മനസ്സിനെ അട ക്കി ഭരിയ്ക്കുന്നതുപോലെ അദ്ദേഹത്തിനു തോന്നിയിരുന്നു. 'ഇക്കാര്യ ത്തിൽ, ഞാൻ സ്പഷ്ടമായ പുരോഗതി കൈവരിയ്ക്കുന്നുണ്ട്', അടുത്തദി വസം അദ്ദേഹം സ്വയം അഭിനന്ദിയ്ക്കും; 'ആലോചിച്ചു നോക്കുമ്പോൾ, ഇന്നലെ രാത്രി അവളുടെ കിടയ്ക്ക പങ്കിട്ടതിൽ എന്തെങ്കിലുമൊരു സു ഖം ലഭിച്ചതായി ഞാൻ കരുതുന്നില്ല. വിചിത്രമാണെങ്കിലും, അവ ളൊരു വിരൂപയാണെന്നുപോലും എനിയ്ക്കു തോന്നി', തികഞ്ഞ ആ ത്മാർത്ഥതയോടെ അദ്ദേഹം തുറന്നു പറഞ്ഞു. സ്വാനിനെ സംബ ന്ധിച്ച പ്രണയം ശാരീരികമോഹങ്ങളുടെ മേഖലയിൽനിന്നു വളരെ ദൂരത്തോളം വ്യാപിച്ചുകിടന്നു; അതിന്റെ പരിധിയിൽ ഓദത്തിന്റെ വ്യക്തിത്വത്തിനു വലിയ സ്ഥാനമൊന്നുമുണ്ടായിരുന്നില്ല. മേശപ്പുറ ത്തുള്ള അവളുടെ ചിത്രത്തിൽ കണ്ണു പതിയുമ്പോൾ, അല്ലെങ്കിൽ അ വളെ കാണുമ്പോൾ, മനസ്സിലൊരു ഒഴിയാബാധയായി കിടന്ന വ്യാ കുലതകളുടെ തിമിരത്തിൽ ഓദത്തിന്റെ മുഖംപോലും തിരിച്ചറിയാ ൻ അദ്ദേഹത്തിനു കഷ്ടപ്പെടേണ്ടിവന്നു. നമ്മുടെ ഉള്ളിലുള്ള രോഗാവ സ്ഥയുടെ യഥാർത്ഥചിത്രം ആരെങ്കിലും ബാഹ്യമായൊരു ദൃശ്യരൂ പമായി പ്രദർശിപ്പിയ്ക്കുമ്പോൾ, അനുഭവിയ്ക്കുന്ന വേദനകളോടു സാദൃ ശ്യം കണ്ടെത്താനാവാത്തതുപോലെ, അദ്ദേഹം ആശ്ചര്യത്തോടെ ചോദിയ്ക്കും: 'ഇതവളാണോ?!'. 'അവൾ....?' ആ വാക്കിന്റെ അർത്ഥമെ ന്താണെന്നു സ്വാൻ സ്വയം ആരാഞ്ഞു. ഈ പ്രണയവും, മരണംപോ ലെ, രോഗങ്ങളെക്കുറിച്ചുള്ള അവ്യക്തമായ ധാരണയിൽനിന്നു വ്യത്യ സ്തമായ ഒരവസ്ഥാവിശേഷം മാത്രം! സ്വന്തം കൈപ്പിടിയിൽ നിന്നു രക്ഷപ്പെടുമെന്ന ഉൾഭയത്തോടെ ഉത്തരമില്ലാത്ത ആ പ്രഹേളികയു

ടെ അഗാധതകളിലേയ്ക്ക് ആഴ്ന്നിറങ്ങാനായി ആരും ആവർത്തിയ്ക്കു ന്ന നിരന്തരമായ ചോദ്യങ്ങളാണു വ്യക്തിത്വത്തിന്റെ രഹസ്യങ്ങൾ; പ്രണയമെന്ന രോഗാവസ്ഥ, ഇതുവരെ അദ്ദേഹത്തിന്റെ ശീലങ്ങളുമാ യി ഇടപഴകി ശതഗുണീഭവിച്ചതുമൂലം സകല പ്രവൃത്തികളും, വിചാര ങ്ങളും, ആരോഗ്യവും, ഉറക്കവും, ജീവിതവും, മരണശേഷമുള്ള പ്രത്യാ ശകൾപോലും, വേർപെടുത്താനാവാത്തവിധം ആ വ്യക്തിത്വത്തിൽ ലയിച്ചുപോയി. വൈദ്യശാസ്ത്രജ്ഞന്മാർ പറയുന്നതുപോലെ, അദ്ദേഹ ത്തിന്റെ രോഗം ശസ്ത്രക്രിയകൾക്കതീതമായി വളർന്നു കഴിഞ്ഞു.

ഓദത്തിനോടുള്ള ഈ മധുരപ്രണയം, മറ്റെല്ലാ താൽപ്പര്യങ്ങളിൽ നിന്നും സ്വാനിനെ നീക്കിനിർത്തി. തികഞ്ഞ അവധാനതയോടെ സംവിധാനം ചെയ്ത സാമൂഹ്യബന്ധങ്ങളുടെ മൂല്യത്തെക്കുറിച്ച് ഓദ ത്തിനു തീരെ ബോധമില്ലെങ്കിലും തന്നോടുള്ള മതിപ്പ് തെല്ലൊന്നു വ ർദ്ധിപ്പിയ്ക്കാൻ അതുപകരിയ്ക്കുമെന്നൊരു പ്രതീക്ഷ അദ്ദേഹം കാത്തു സൂക്ഷിച്ചു. പ്രണയത്തെ സ്പർശിയ്ക്കുന്നതെന്തും നിശ്ശേഷം തൃണവൽഗ ണിയ്ക്കുന്ന അവളുടെ ശീലം മനസ്സിലാകാത്തതുകൊണ്ടു പക്ഷേ ആ പ്രതീക്ഷ അദ്ദേഹത്തിനു സഫലീകരിയ്ക്കാനായില്ല. പഴയ സൌഹൃദ ത്തിലേയ്ക്കു തിരിച്ചുചെന്നാൽ പക്ഷേ, അവൾക്കൊരു അപരിചിതമാ യ സാഹചര്യത്തിൽ ചെന്നെത്തിയ അസ്വസ്ഥതയ്ക്കു പുറമേ വരേണ്യ വർഗത്തിന്റെ നേരമ്പോക്കുകൾ വിവരിയ്ക്കുന്ന നോവൽവായനയുടെ വിരസതകൂടി അദ്ദേഹത്തിനു നേരിടേണ്ടി വരുമായിരുന്നു. സ്വന്തം വീടിന്റെ വൃത്തിയും വെടിപ്പും പരിചാരകരുടെ വേഷവും നിക്ഷേപ ങ്ങളുടെ അഭിവൃദ്ധിയുമടക്കം നന്നായി നടന്നുപോകുന്ന ഗാർഹികവി ഷയങ്ങളെക്കുറിച്ചു ചിന്തിയ്ക്കുന്ന അതേ സംതൃപ്തഭാവത്തോടെ, വെഴ് സായിലെ ആഡംബരജീവിതം വിവരിയ്ക്കുന്ന സാങ്സൈമണിന്റെ കൃതികളും സ്വാൻ ആസ്വദിച്ചു വായിയ്ക്കാറുണ്ട്. നിരുപാധികമായ വിര ക്തിയ്ക്കു പ്രവേശനമില്ലാത്ത ഹൃദയത്തിന്റെ ചെറിയൊരു കോണിൽ, പ്രണയത്തിന്റെ വേദനകൾക്കപ്പുറത്തുള്ള വിദൂരമായൊരു ദ്വീപിൽ എന്നു വേണമെങ്കിലും സ്വച്ഛന്ദം കുടിയേറിപ്പാർക്കാമെന്ന വിശ്വാസം

സ്വാൻ അപ്പോഴനുഭവിയ്ക്കുന്ന സുഖാനുഭൂതികൾക്കു മാധുര്യം പകർന്നു. ഈ കാഴ്ചപ്പാടിലാണു വലിയമ്മായിയുടെ 'യുവാവായ സ്വാൻ', അതിലേറെ വൈയക്തികമായ ‘ചാൾസ് സ്വാനെ’ന്ന വ്യക്തിത്വത്തേക്കാൾ അദ്ദേഹത്തിനു സ്വീകാര്യനായത്. വിരുന്നിനും നാടകങ്ങൾക്കുമുള്ള അനുവാദപത്രം നേടുന്നതിൽ ഓദത്തിനെ പരോക്ഷമായി സഹായിച്ച പാർമേ രാജകുമാരിയുടെ ജന്മദിനത്തിനു പാരിതോഷികമായി ഒരു കുട്ട പഴങ്ങൾ അയച്ചു കൊടുക്കാൻ സ്വാൻ തീരുമാനിച്ചു. അവ എവിടെനിന്നാണു വാങ്ങേണ്ടതെന്നറിയാതെ ആ ചുമതല അമ്മയുടെ ഒരു സഹോദരിയെ ഏൽപ്പിയ്ക്കുകയാണ് അദ്ദേഹം ചെയ്തത്. സ്വാനിനുവേണ്ടി ഒരുപകാരം ചെയ്യാൻ അവസരം ലഭിച്ച സന്തോഷത്തോടെ, ക്രാപോട്ടെയിൽനിന്നു മുന്തിരിയും ജോറേട്ടിൽനിന്നു സ്ട്രോബറിയും ചെവെറ്റിൽനിന്നു നല്ല ആപ്പിളും വാങ്ങി 'ഓരോന്നും കൈയിലെടുത്തു പരിശോധിച്ച്’തായി അവർ അദ്ദേഹത്തെ അറിയിച്ചു. പിന്നീടു പാരിതോഷികം ലഭിച്ചതിനു നന്ദി പറയുന്ന രാജകുമാരിയുടെ കത്തിലെ സൗഹൃദഭാവത്തിൽനിന്നു മുന്തിരിയുടെ മാർദ്ദവവും സ്ട്രോബറിയുടെ സുഗന്ധവും ആപ്പിൾപ്പഴങ്ങളുടെ മധുരവും അദ്ദേഹത്തിനു നേരിട്ട് ആസ്വദിയ്ക്കാൻ കഴിഞ്ഞു. മാത്രമല്ല, അഭിജാതമായൊരു മദ്ധ്യവർഗകുടുംബത്തിലെ അംഗമെന്ന നിലയിൽ അവശ്യം വസ്തുക്കൾ വാങ്ങേണ്ട രീതികളേയും സ്ഥലങ്ങളേയും കുറിച്ചുള്ള അറിവ് തലമുറകളായി പകർന്നു ലഭിച്ചിട്ടുണ്ടെങ്കിലും, 'ഓരോന്നും കൈയിലെടുത്തു നോക്കിയ’തായ കത്തിലെ പരാമർശം, തൽക്കാലത്തെ വേദനയ്ക്കൊരു ലേപനൗഷധംപോലെ, വല്ലപ്പോഴും കടന്നുചെല്ലുന്ന ഒരു പ്രത്യേകമാനസികതലത്തിലേയ്ക്ക് സ്വാനിനെ നയിച്ചു.

പ്രണയം മറ്റൊരു പീഡാനുഭവമായി വളരുന്നതു കണ്ട്, വീണ്ടുമൊരു നിമിഷം മനസ്സിലെ ആ നിഗൂഢഭാഗത്തേയ്ക്കു കടന്നുചെന്നപ്പോൾ, സ്വാൻ മറ്റൊരിയ്ക്കലും അനുഭവിയ്ക്കാത്ത ഹൃദ്യമായൊരു സന്തോഷാനുഭവം നേരിട്ടു കണ്ടറിഞ്ഞു. 'യുവാവായ സ്വാനെ’ന്ന അവബോധം വളരെക്കാലമായി അദ്ദേഹം മറവിയിലേയ്ക്കു മാറ്റിനിർത്തി

യിരുന്നു; അങ്ങനെയല്ലാതെ മറ്റൊരു തരത്തിലും സ്വാനിനെക്കുറിച്ച് ചിന്തിയ്ക്കാത്ത മദ്ധ്യവർഗക്കാരുടെ ആദരപൂർവമായ സൗഹൃദത്തിന്റെ ഊഷ്മളത പക്ഷേ അഭിജാതകുടുംബങ്ങളിൽനിന്നു ലഭിയ്ക്കുന്നതിനേക്കാൾ കുറവായിരുന്നു; സുഹൃത്തുക്കളുടേയും ബന്ധുക്കളുടേയും വിവാഹത്തിനു സാക്ഷ്യം വഹിയ്ക്കാൻ ആവശ്യപ്പെടുന്ന കത്തുകൾ ഒരിയ്ക്കലും അദ്ദേഹത്തിനു രാജകുടുംബങ്ങളിൽ നടക്കുന്ന വിരുന്നുസൽക്കാരങ്ങളുടെ ക്ഷണപത്രങ്ങൾപോലെ ആകർഷകമായിരുന്നില്ല. സ്വാനുമായി നിരന്തരം ബന്ധം പുലർത്തിയിരുന്ന എന്റെ മുത്തച്ഛൻ, ഈ സംഭവങ്ങൾ നടക്കുന്നതിന്റെ തലേ വർഷം അമ്മയുടെ വിവാഹത്തിൽ പങ്കെടുക്കാൻ അദ്ദേഹത്തെ ക്ഷണിച്ചിരുന്നു. മറ്റുള്ളവർക്കു നേരിട്ടുതന്നെ സുപരിചിതനാണെങ്കിലും, മണ്മറഞ്ഞ സുഹൃത്തിന്റെ യോഗ്യനായ പുത്രനോടു സൌഹൃദം കാണിയ്ക്കേണ്ടതൊരു ഔപചാരികമര്യാദയായി മുത്തച്ഛൻ കരുതി.

പക്ഷേ, കാലം തെളിയിച്ച സൗഹൃദത്തിന്റെ സവിശേഷതകൾ കൊണ്ടു പരിഷ്കൃതലോകത്തെ പലരും പിന്നീടു സ്വാനിന്റെ ജീവിതത്തിൽ സജീവസാന്നിദ്ധ്യമായി മാറി. പൂർവികരിൽനിന്നു പൈതൃകമായി ലഭിച്ച വിശാലമായ എസ്റ്റേറ്റും വിലപിടിച്ച രത്നങ്ങളും വിവിധങ്ങളായ വീട്ടുപകരണങ്ങളുംപോലെ, ആ സാമൂഹ്യബന്ധങ്ങളിൽനിന്നു സുദൃഢമായൊരു സുരക്ഷിതത്വബോധവും അദ്ദേഹത്തിനു ലഭിച്ചു. പെട്ടെന്നൊരു രോഗം വന്നു വീട്ടിൽനിന്നു പുറത്തിറങ്ങാൻ കഴിയാതെ വന്നാൽ, ജന്മവാസനകൊണ്ടെന്നപോലെ ഭൃത്യൻ ആദ്യം ചെല്ലുന്നതു ചാട്രേസ് പ്രഭുവിന്റേയോ റൂസ് രാജകുമാരന്റേയോ ബാരൺ ചാർലൂസിന്റേയോ വീട്ടിലേയ്ക്കാകുമെന്നു കൃത്യമായും അദ്ദേഹം കണ്ടറിഞ്ഞു. അങ്ങനെ നോക്കുമ്പോൾ നമ്മുടെ പഴയ ഫ്രാങ്കോയ്സ്, സമ്പത്തിന്റേയും സമൃദ്ധിയുടേയും പേരിലല്ലെങ്കിലും ആത്മാഭിമാനത്തിന്റെപേരിൽ ചിരകാലമായി സൂക്ഷിച്ചുപോന്ന അമൂല്യമായ ശവാവരണത്തെക്കുറിച്ച് അദ്ദേഹം ഓർത്തെടുത്തു: മരണദിവസം സംസ്കാരത്തിനു മുമ്പ് സ്വന്തം പേരു വടിവൊത്ത അക്ഷരത്തിൽ സ്വയം

ുന്നിയ ആ വിശേഷവസ്തും പുതച്ചായിരിയ്ക്കും ശരീരം അടക്കം ചെയ്യ പ്പെടുന്നതെന്ന ചിന്ത അവൾക്കു സമ്മാനിച്ച ആത്മബലത്തിനു തുല്യ മായൊരു ആശ്വാസമാണ് അപ്പോൾ അദ്ദേഹത്തിനു ലഭിച്ചത്. പ ക്ഷേ, ഓദത്തുമായി ബന്ധപ്പെട്ട ഓരോ കാര്യത്തിലും വിചാരത്തിലും താൻ നിരന്തരം കീഴടങ്ങലിനു വിധേയനാവുകയാണെന്ന ഒരു വി ചാരം ഉള്ളിലുള്ളതുകൊണ്ട് ഒരുപക്ഷേ മറ്റാരോടും, വെർഡുരിൻകുടും ബത്തിലെ അരോചകനായൊരു 'വിശ്വസ്ത'നോടുപോലും, പ്രകടിപ്പി യ്ക്കുന്നതിനേക്കാൾ കുറഞ്ഞ തരത്തിലുള്ള സ്വീകാര്യതയാണു ത ന്നോട് അവൾ കാണിയ്ക്കുന്നതെന്നു സ്വാനിനു ബോദ്ധ്യപ്പെട്ടു. അതേ സമയം, അഭിരുചിയുടെ വിഷയത്തിലൊരു മാതൃകയായി കണക്കാ ക്കപ്പെടുന്ന തന്നെ നേരിട്ടു കാണാനും കേൾക്കാനും പരിചയപ്പെടാ നും നിരവധിപേർ ഉത്സുകരായി കാത്തിരിയ്ക്കുന്നതായും അദ്ദേഹം മ നസ്സിലാക്കി; അവരുടെ സഹൃദയലോകത്തേയ്ക്കു വീണ്ടുമൊരു പ്രവേ ശനം സാദ്ധ്യമായപ്പോൾ, സന്തോഷകരമായൊരു ജീവിതത്തിന്റെ അസ്തിത്വത്തിൽ ഒരിയ്ക്കൽക്കൂടി വിശ്വസിയ്ക്കാൻ അദ്ദേഹം നിർബന്ധി തനായി. കർശനമായ പത്ഥ്യത്തിൽ മാസങ്ങളായി രോഗശയ്യയിൽ കഴിഞ്ഞ സാധുവായൊരു മനുഷ്യൻ പത്രം തുറന്നു രാജകീയമായൊ രു വിരുന്നിന്റെ വിവരണമോ സിസിലിയിലേയ്ക്കുള്ള വിനോദപര്യട നത്തിന്റെ പരസ്യമോ വായിച്ചു സ്വയം നെടുവീർപ്പിടുന്നതുപോലെ, അത്തരമൊരു ജീവിതത്തോടുള്ള സവിശേഷമായൊരു ആസക്തി സ്വാനിന്റെ മനസ്സിൽ തോന്നിത്തുടങ്ങി.

പരിഷ്കൃതലോകത്തെ പഴയ സുഹൃത്തുക്കളെ ഇടയ്ക്കിടെ ചെന്നു കണ്ടു സൌഹൃദം പുതുക്കാത്തതിനു കാരണമായി പറഞ്ഞ ഒഴികഴി വുകൾ മിക്കതും ഓദത്തിനെ കാണാൻ പോകുന്നതിന്റെ പേരിലായി രുന്നെന്നു സ്വാൻ കണ്ടെത്തി. പക്ഷേ, വല്ലപ്പോഴുമൊരിയ്ക്കൽ അവരെ ചെന്നു കാണാൻ അദ്ദേഹം ശ്രമിയ്ക്കാതിരുന്നില്ല. അങ്ങനെയുള്ള ഓ രോ സന്ദർശനത്തിനും പ്രായശ്ചിത്തമായി ഓദത്തിനൊരു ഉപഹാര വും ചിലപ്പോൾ അത്യാവശ്യം വേണ്ട ചില വിവരങ്ങളും അദ്ദേഹം

സമർപ്പിയ്ക്കാറുണ്ട്. അവളുടെ ക്ഷമ നിശ്ശേഷം നശിയ്ക്കാതെ നില നിർത്താനും ദിവസേന പരസ്പരം കാണുന്ന പ്രതീതി ജനിപ്പിയ്ക്കാനുംവേണ്ടി പതിവിൽക്കവിഞ്ഞു നാലായിരം ഫ്രാങ്കുകൂടി അയച്ചു കൊടുക്കാമെന്നു മാസാവസാനം അദ്ദേഹം മനസ്സിലുറപ്പിയ്ക്കും. ഒരിയ്ക്കൽ ഓദത്തിന്റെ വീട്ടിലേയ്ക്കു പോകുകയായിരുന്ന ചാർലൂസ്, വഴിയിൽവെച്ചു കണ്ട അദ്ദേഹത്തെ കൂടെ കൂട്ടാൻ ശ്രമിച്ചു; പക്ഷേ, സ്വാൻ സ്വയം ഒഴിഞ്ഞു മാറി; മാത്രമല്ല, ഓദത്തുമായുള്ള സംസാരത്തിനിടയിൽ യാദൃച്ഛികമെന്നപോലെ അദ്ദേഹം ചാർലൂസിനോട് അടിയന്തിരമായൊരു കാര്യത്തിനുവേണ്ടി അവളെ തന്റെ വീട്ടിലേയ്ക്കു കത്തെഴുതി വരുത്താൻ നിർബന്ധിയ്ക്കണമെന്നും അപേക്ഷിച്ചു; പകൽ മുഴുവനും അവളുടെ കത്തു പ്രതീക്ഷിച്ചു സ്വാൻ മറ്റെങ്ങും പോകാതെ വീട്ടിൽ കാത്തിരുന്നു; പക്ഷേ വൈകീട്ടു തമ്മിൽ കണ്ടപ്പോൾ പരസ്പരം പറഞ്ഞൊപ്പിച്ച സൂത്രം വിജയിച്ചില്ലെന്നു ചാർലൂസ് സ്വാനിനെ ധരിപ്പിച്ചു. ഈയിടെയായി യാത്ര പാരീസിനു പുറത്തേയ്ക്കും നീട്ടാറുള്ളതുകൊണ്ടു വീട്ടിലുണ്ടെങ്കിൽപ്പോലും അവളെ അദ്ദേഹത്തിനു നേരിട്ടു കാണാൻ കഴിയാറില്ല. പ്രണയത്തിന്റെ ആദ്യകാലങ്ങളിൽ 'ഞാനെപ്പോഴും വെറുതേയിരുന്നു സമയം കളയുകയാണെ'ന്നു പറയാറുള്ള അവൾ, ഇപ്പോൾ കാണാൻ താൽപ്പര്യമുണ്ടെന്നു നടിച്ചാൽ 'മറ്റുള്ളവരെന്തു ചിന്തിയ്ക്കു'മെന്ന ഒരൗചിത്യവിചാരം നടത്തുകയോ അല്ലെങ്കിൽ എന്തെങ്കിലും നിസ്സാരകാരണം പറഞ്ഞ് ഒഴിഞ്ഞു മാറുകയോ ചെയ്യുകയാണു പതിവ്. വിനോദങ്ങൾക്കോ ചിത്രപ്രദർശനത്തിനോ നാടകമത്സരത്തിനോ ഒരുമിച്ചു പോകാമെന്നു നിർദ്ദേശിച്ചാൽ, അവർ തമ്മിലുള്ള ബന്ധം പരസ്യമാക്കാൻ മോഹിച്ചു തെരുവുപെണ്ണുങ്ങളോടെന്നപോലെയാണു സ്വാൻ തന്നോടു പെരുമാറുന്നതെന്നു ഗുണദോഷരൂപേണ അവൾ തർക്കിയ്ക്കും. കാര്യങ്ങൾ അത്രത്തോളം ഉച്ചസ്ഥായിയിലായ സ്ഥിതിയ്ക്ക്, അവളെ ഒരിടത്തും വെച്ചു കണ്ടുമുട്ടാൻ പാടില്ലെന്ന വിലക്കു നീക്കാനുള്ള വഴികളെക്കുറിച്ചും അദ്ദേഹം ആലോചിച്ചു. അഡോൾഫ് അമ്മാമനുമായി അവൾക്കുണ്ടായിരുന്ന ഊഷ്മളമായ ബന്ധം ഓർ

മ്മിച്ചെടുത്ത സ്വാൻ, തന്നോടുള്ള സൗഹൃദം കണക്കാക്കി, ഓദത്തിന്റെ വീട്ടിൽ ചെന്ന കാര്യം പറഞ്ഞു മനസ്സിലാക്കണമെന്ന് അദ്ദേഹത്തോട് അപേക്ഷിച്ചു. അമ്മാമനെക്കുറിച്ചു സംസാരിയ്ക്കുമ്പോൾ കാവ്യാത്മകമായൊരു ഈണത്തോടെ അവളൊരിയ്ക്കൽ പറഞ്ഞു: "അതെ, താങ്കളുടെ സുഹൃത്ത്, അദ്ദേഹത്തിന്റെ എന്നോടുള്ള പെരുമാറ്റം.. അലൗകികമെന്ന മാത്രമല്ല, മഹനീയവുമായിരുന്നു! പൊതുജനങ്ങൾക്കു മുമ്പിൽ പ്രദർശിപ്പിച്ചു കാണണമെന്ന മോഹിയ്ക്കുന്നക്ക സങ്കുചിതപരിഗണന പുലർത്തുന്ന ഒരാളല്ല, അദ്ദേഹം!". അവളുടെ വാക്കുകൾ സത്യത്തിൽ സ്വാനിനെ അമ്പരപ്പിയ്ക്കുകയാണു ചെയ്തത്. ഓദത്തിനെക്കുറിച്ചു സംസാരിയ്ക്കുമ്പോൾ അമ്മാമനെ പ്രലോഭിപ്പിയ്ക്കുന്ന എന്തു വാക്കുകളാണു പ്രയോഗിയ്ക്കേണ്ടതെന്ന തീർച്ചയില്ലാതെ അദ്ദേഹം കുഴങ്ങി. വിശുദ്ധിയുടെ പ്രത്യക്ഷപ്രതീകമെന്നും അനിർവചനീയമായ ഗുണങ്ങളുടെ വറ്റാത്ത ഉറവിടമെന്നും ഓദത്തിനെ പുകഴ്ത്തിക്കൊണ്ട് അദ്ദേഹം തുടങ്ങി. "അവളെക്കുറിച്ചു താങ്കളോടു ചിലതു പറയാൻ എനിയ്ക്കാഗ്രഹമുണ്ട്. അവളുടെ യഥാർത്ഥമഹത്വം താങ്കൾക്കറിയാമല്ലോ! ആരാദ്ധ്യയായൊരു സ്ത്രീ! ഓദത്ത്, ഒരു മാലാഖ! പാരീസിലെ ഈ പകൽവെളിച്ചത്തിൽ അവളെ കാണാൻ കഴിയുന്ന സൗഭാഗ്യം നമ്മെപ്പോലെ മറ്റാർക്കുമില്ല. പക്ഷേ, ഞാനൊരു വിഡ്ഢിയെപ്പോലെ പെരുമാറുകയാണെന്ന ചിന്തിയ്ക്കുന്നവർ ഒരുപാടു പേരുണ്ട്. ഈയിടെയായി അവളെന്നെ പുറത്തുവെച്ച് ഒരിയ്ക്കലും, പ്രത്യേകിച്ചും നാടകശാലയിൽവെച്ച്, കാണാനനുവദിയ്ക്കുന്നില്ല. അവളുടെ ഭക്തിബഹുമാനങ്ങൾ നഷ്ടപ്പെടുത്താതെ എന്നെക്കുറിച്ചു ചില കാര്യങ്ങൾ താങ്കൾക്കു സൂചിപ്പിയ്ക്കാൻ കഴിയുമെന്ന ഞാൻ കരുതുന്നു. തെരുവിൽവെച്ച് അഭിവാദ്യം ചെയ്യുന്നതിന്റെ ദോഷം അവൾ വല്ലാതെ പെരുപ്പിച്ചു കാണുകയാണെന്നെങ്കിലും എനിയ്ക്കുവേണ്ടി താങ്കൾക്കവളെ ഒന്ന പറഞ്ഞു ബോദ്ധ്യപ്പെടുത്താനാവില്ലേ?"

അവളുടെ സ്നേഹം സുദൃഢമാക്കാൻവേണ്ടി കുറച്ചുദിവസത്തേയ്ക്കു

സന്ദർശനങ്ങൾ മന:പൂർവം ഒഴിവാക്കാൻ അമ്മാമൻ സ്വാനിനെ ഉപദേശിച്ചു. അതേസമയം, സ്വാനിന്റെ ഇഷ്ടാനസൃതം നിൽക്കണമെന്ന് ഓദത്തിനേയും അദ്ദേഹം ഉണദോഷിച്ചു. പിന്നീടൊരിയ്ക്കൽ കണ്ടപ്പോൾ അവൾ പെട്ടെന്നുണ്ടായ വെളിപാടുപോലെ, തനിയ്ക്ക നേരിടേണ്ടിവന്ന മോശമായ അനുഭവം മുൻനിർത്തി അമ്മാമനൊരു സംസ്കാരമില്ലെന്ന സ്വാനിനോടു പരാതി പറഞ്ഞു: ഒരുദിവസം അദ്ദേഹമവളെ ബലാൽക്കാരേണ കീഴ്പ്പെടുത്താൻ ശ്രമിച്ചത്രേ! വാർത്ത കേട്ടു ചാടിയെണീറ്റ് അമ്മാമനെ മൽപ്പിടുത്തത്തിനപോലും വെല്ലുവിളിയ്ക്കാൻ തുനിഞ്ഞ സ്വാനിനെ അവൾ തൽക്കാലം ആശ്വസിപ്പിച്ചു ശാന്തനാക്കി. പക്ഷേ, പിന്നീട് പരസ്പരം കണ്ടപ്പോഴൊക്കെ അമ്മാമനമായി ഹസ്തദാനം ചെയ്യുന്നതിൽനിന്ന സ്വാൻ സ്വയം ഒഴിഞ്ഞുമാറി. ഈയൊരു അകൽച്ച മറ്റൊരുതരത്തിലും അദ്ദേഹത്തെ ബാധിച്ചു; അമ്മാമനെ സ്വകാര്യമായൊന്ന കണ്ടു സംസാരിച്ചിരുന്നെങ്കിൽ, പണ്ടു നൈസിൽ താമസിച്ചിരുന്ന കാലത്തെ ഓദത്തിനെക്കുറിച്ചുള്ള ചില കിംവദന്തികൾ വ്യക്തമായി മനസ്സിലാക്കാമെന്ന സ്വാൻ മനസ്സിൽ കരുതി. അമ്മാമൻ മഞ്ഞുകാലം ചിലവഴിയ്ക്കാറുള്ള നൈസിൽ വെച്ചായിരിയ്ക്കാം ഒരുപക്ഷേ ആദ്യമായി ഓദത്തിനെ പരിചയപ്പെട്ടതെന്നും സ്വാൻ വിചാരിച്ചു. ഓദത്തിന്റെ കാമുകനെന്ന വിശേഷിപ്പിയ്ക്കപ്പെട്ട ഒരാളെക്കുറിച്ച് അക്കാലത്ത് ആരോ പറഞ്ഞ ചില വാക്കുകൾ സ്വാനിനെ വല്ലാതെ സംഭ്രമിപ്പിച്ചിരുന്നു. പക്ഷേ, വിശ്വസിയ്ക്കാൻ അസാദ്ധ്യമായ ഏതു കാര്യവും അദ്ദേഹം സ്വകാര്യമായ സങ്കടങ്ങളുടെ ഈടുവെയ്പ്പിലേയ്ക്കു വരവുവെയ്ക്കുകയാണ പതിവ്. ഒരിയ്ക്കൽ ഉള്ളിലുൾക്കൊണ്ടു കഴിഞ്ഞാൽ പിന്നീടതിന പ്രത്യേകമായൊരു നിലനിൽപ്പില്ലെന്ന വസ്തുത അദ്ദേഹം മനസ്സിലാക്കിയില്ല. പുതിയതായി ലഭിയ്ക്കുന്ന ഓരോ വിവരവും വരുന്ന വഴിയിൽ വരയ്ക്കുന്ന ചില മായാരേഖകൾ മൂലം അദ്ദേഹം അവളെക്കുറിച്ചു സ്വയം രൂപപ്പെടുത്തുന്ന ചിത്രവും സ്വാഭാവികമായ മാറ്റത്തിന വിധേയമായി. ബാഡനിലും നൈസിലും ചിലപ്പോൾ മാസങ്ങൾ ചിലവഴിയ്ക്കാറുള്ള ഓദത്തിന്റെ പേ

രിൽ ഒരുതരം കാമാസക്തമായ കുപ്രസിദ്ധി ആരോപിയ്ക്കപ്പെട്ടിരുന്ന തായി, ഒരുകാലത്തു തീരെ സംശയം തോന്നാതിരുന്ന സദാചാര ചാപല്യ'ത്തെക്കുറിച്ച്, കൃത്യമായും മനസ്സിലായെന്നു സ്വാൻ കരുതി. കൂടുതൽ വിവരങ്ങൾ ചോദിച്ചറിയുന്നതിനുവേണ്ടി അവരിൽ ചിലരു മായി ബന്ധപ്പെടാൻ അദ്ദേഹം ശ്രമിച്ചു. പക്ഷേ, ഓദത്തും സ്വാനുമാ യുള്ള ബന്ധം അവർക്കറിയാമായിരുന്നു; മാത്രമല്ല, അവർ വീണ്ടും അവളുടെ പിന്നാലെ കൂടുന്നതിനു തന്റെ ചോദ്യം കാരണമാകുമെന്നും അദ്ദേഹം ഭയപ്പെട്ടു. ബാഡനും നൈസുംപോലുള്ള നഗരങ്ങളിലെ ജീ വിതംപോലെ വിരസമായി മറ്റൊന്നുമില്ലെന്നു കരുതിയിരുന്ന അദ്ദേ ഹം, അവിടെയൊക്കെ അവളൊരിയ്ക്കൽ 'ഉല്ലാസജീവിതം' നയിച്ചിരി യ്ക്കാനിടയുണ്ടെന്നു മിക്കവാറും ഉറപ്പിച്ചുകഴിഞ്ഞു. അതവളുടെ സാമ്പ ത്തികാവശ്യങ്ങൾക്കുവേണ്ടി മാത്രമായിരുന്നെന്നു കണ്ടെത്താൻ വ ഴിയില്ലെങ്കിലും ഇന്നവൾക്കങ്ങനെയൊരു ദുരവസ്ഥ ഇല്ലാതാക്കിയ തിനു തന്നോടുതന്നെ അദ്ദേഹം നന്ദി പറഞ്ഞു; അതിലേറെ ഇനിയും ഒരുപക്ഷേ ഉണർന്നുവരാവുന്ന അവളുടെ നൈസർഗികചാപല്യം കൊണ്ടായിരിയ്ക്കാം അന്നങ്ങനെ നടന്നതെന്നു കൂടി ചിന്തിച്ചപ്പോൾ മനസ്സിനു ബലക്ഷയം വന്നു മോഹാലസ്യത്തിലേയ്ക്കു വഴുതി വീഴുന്നതു പോലെ സ്വാനിന്റെ കണ്ണിൽ ഇരുട്ടു നിറഞ്ഞു. ഒരു കാലത്തു മക്മ ഹോനിലും പ്രോമനേഡ്സിലും ബാഡനിലും ജീവിച്ചുതീർത്ത വർഷ ങ്ങളുടെ ആധാരശൂന്യമായ അഗാധഗർത്തത്തിലേയ്ക്കൊരു നിമിഷം കണ്ണയച്ചപ്പോൾ, കവികൾക്കു ചിലപ്പോഴൊക്കെ ഉണ്ടാകുന്ന, വിഷാ ദഭരിതമായൊരു വെളിപാട് അദ്ദേഹത്തിനു ലഭിച്ചു. അവളുടെ പുഞ്ചി രിയിലും കണ്ണുകളിലും തിളങ്ങുന്ന അജ്ഞാതമായ അത്ഭുതശോഭ കു റച്ചെങ്കിലും മനസ്സിലാക്കാൻ കഴിയുമെങ്കിൽ, അക്കാലത്തെ ദിനച ര്യകളുടെ ചില ചെറുഭാഗങ്ങളെങ്കിലും പുനഃസൃഷ്ടിയ്ക്കാനായി സൗന്ദ ര്യാരാധകരായ പ്രൈമാവെരയും ബോട്ടിസെല്ലിയും ആത്മാവിലേയ്ക്കി റങ്ങി വന്നെങ്കിൽ, പതിനഞ്ചാം നൂറ്റാണ്ടിലെ ഫ്ലോറൻസിനെ സം ബന്ധിച്ചുള്ള ചരിത്രരേഖകൾ സസൂക്ഷ്മം പരിശോധിയ്ക്കാൻ സോത്സാ

ഹം അദ്ദേഹം സന്നദ്ധനാകുമായിരുന്നു. ചിലപ്പോൾ ഒരക്ഷരംപോലും മിണ്ടാതെ അദ്ദേഹം അവളെത്തന്നെ നോക്കിയിരുന്നു ദിവാസ്വപ്നം കാണാറുണ്ട്; അപ്പോഴൊക്കെ അവൾ അഭിപ്രായപ്പെടും: 'താങ്കളൊരു വിഷാദിയായി മാറിയിരിക്കുന്നു!' നല്ല പരിചയമുള്ള ചില അഭിജാതവനിതകളുമായി താരതമ്യം ചെയ്യുമ്പോൾ അവളൊരു സുന്ദരിയാണെന്ന വികാരത്തിൽനിന്നു മുന്നോട്ടു നീങ്ങി, അവളൊരു 'വെപ്പാട്ടി'യാണെന്ന വിചാരത്തിലേക്കു സ്വാൻ ചെന്നെത്തിയിട്ടു ചുരുക്കം നാളുകളേ കഴിഞ്ഞിട്ടുള്ളൂ; എന്നിട്ടും, ഒഴിവുകാലം ആസ്വദിക്കാൻ വന്നവർക്കിടയിൽ വളരെയേറെ പരിചിതയായ ഓദത്ത് ക്രേസിയിൽനിന്ന്, നൈസിലും ബാഡനിലും കാണാറുള്ള 'സ്ത്രീപുരുഷ'ന്മാരുടെ സൗമ്യഭാവങ്ങളിലേക്കും മനുഷ്യസഹജമായ പ്രകൃതത്തിലേക്കും അദ്ദേഹം കടന്നു കഴിഞ്ഞിരുന്നു. സ്വാൻ ചിന്തിച്ചു: 'എന്താണു നൈസിലുള്ളവർക്ക് ഓദത്ത് ക്രേസിയെ അറിയാമെന്നു പറയുന്നതിന്റെ അർത്ഥം? അങ്ങനെയൊരു പ്രശസ്തി മിക്കവാറും മറ്റുള്ളവരുടെ അനുഭവങ്ങൾ അടിസ്ഥാനമാക്കി പ്രചരിച്ചവയായിരിക്കണം!'. ആ കെട്ടുകഥയുടെ ചുരുളഴിക്കാൻ കഴിയാതെ, അവളിൽ അന്തർലീനമായ വികൃതവ്യക്തിത്വത്തേക്കാൾ ബാഹ്യമായൊരു ഭാവമാണതെന്നും അദ്ദേഹം ഉറപ്പിച്ചു. അങ്ങനെ ഒരു വഴിപിഴച്ച ജീവിതം നയിച്ചിരിക്കാനിടയുള്ള അവൾ ഇതുപോലെ വേദനകളിൽ സഹതാപവും കണ്ണുകളിൽ നിഷ്ക്കപടതയും ഉള്ളവളാകുമെന്നു കരുതാൻ സ്വാനിനു കഴിഞ്ഞില്ല. സ്വന്തം കരവലയത്തിൽ ഗാഢാശ്ലേഷത്തിലമർന്നു വിരലുകൾ കൊണ്ടു പരിശോധന നടത്താവുന്നവിധം ഇണക്കവും വഴക്കവുമുള്ള ഒരു ശരീരം അവൾക്കുണ്ടെന്ന്, സ്വാധീനിക്കാൻ കഴിയുമെങ്കിൽ ഒരു ദിവസം നിരുപാധികം കീഴടങ്ങുന്ന ഒരു സ്ത്രീയാണവളെന്ന്, പക്ഷേ അദ്ദേഹത്തിനു സങ്കൽപ്പിക്കാൻ സാധിച്ചില്ല. സ്വാനിന്റെ മനസ്സിനെ പീഡിപ്പിക്കുന്ന അവിദിതമായ അത്തരം കാര്യങ്ങൾ ജ്വരാവേശത്തോടെ പറഞ്ഞു മിക്കവാറും ക്ഷീണിച്ചു നിസ്സംഗമായ മുഖഭാവത്തോടെ അവളവിടെത്തന്നെ ഇരുന്നു; രണ്ടു കൈകളും വിടർത്തി

അവൾ മുടി പിന്നോട്ട് ഒതുക്കിവെയ്ക്കും; അവളുടെ നെറ്റിത്തടവും മുഖം മുഴുവനായും അപ്പോൾ വലിപ്പം വെച്ചു വളരുന്നതായി അദ്ദേഹത്തിനു തോന്നും. പൊടുന്നനെ, ധ്യാനലീനമായ വിശ്രാന്തിയുടെ ഒരു നിമിഷത്തിൽ സ്വയം പ്രകാശിപ്പിയ്ക്കാനുള്ള സ്വാതന്ത്ര്യം ലഭിക്കുമ്പോൾ സകല ജീവികളിലും കാണപ്പെടുന്നതുപോലെ, സാധാരണവും മാനുഷികവുമായൊരു വികാരം അവളുടെ കണ്ണുകളിൽ സുവർണകിരണം പോലെ വെട്ടിത്തിളങ്ങും; മേഘാവൃതമായ ആകാശം പെട്ടെന്നു ശൂന്യമായി വിരസമായ പശ്ചാത്തലത്തിൽ സൂര്യൻ വെളിവാകുന്ന നിമിഷത്തിന്റെ നീലാഭമായ പ്രകൃതിദൃശ്യംപോലെ, അവളുടെ മുഖമപ്പോൾ പ്രകാശപൂരിതമാകും. ആ സമയം ഓദത്ത് അതുവരെ നയിച്ചുപോന്ന ജീവിതവും സ്വപ്നത്തിലെന്നപോലെ കണ്ട ഭാവിയും സ്വാനിനു വളരെയെളുപ്പത്തിൽ പങ്കുവെയ്ക്കാൻ കഴിഞ്ഞു. യാതൊരു ദുഷ്ടവിചാരങ്ങളും അവരുടെ മേൽ നിഴൽ വീശിയില്ല; അപൂർവമായി വന്നുചേരുന്ന അത്തരം നിമിഷങ്ങൾ ഒരിയ്ക്കലും സഫലമാകാതിരിയ്ക്കാൻ വയ്യ! ഓർമ്മയുടെ വഴിത്താരയിൽ ഓരോ ശകലവും ഇണക്കിച്ചേർത്ത് കണ്ണികൾക്കിടയിലെ ഇടവേളകൾ ചോർത്തിക്കളഞ്ഞ് ഉരുക്കിയെടുത്ത സ്വർണത്തിൽ, അനുകമ്പയും പ്രശാന്തതയും സമഞ്ജസമായി സമ്മേളിയ്ക്കുന്ന ഓദത്തിന്റെ ഒരു പ്രതിരൂപം സ്വാൻ വാർത്തെടുത്തു. അപരയായ ഓദത്തിനു യാതൊരു വിധത്തിലും നേടാൻ കഴിയാതിരുന്ന ആത്മാർപ്പണങ്ങൾ അദ്ദേഹത്തിനു പിന്നീട് (കഥയുടെ രണ്ടാംഭാഗത്തിൽ കാണാവുന്നതുപോലെ) ഈ പ്രതിരൂപത്തിനു മുമ്പിൽ സമർപ്പിയ്ക്കേണ്ടതായി വന്നു. പക്ഷേ, ആ നിമിഷങ്ങൾ വളരെ അപൂർവങ്ങളായിരുന്നു! വിരളമായി മാത്രമേ അദ്ദേഹമിപ്പോൾ അവളെ കാണാറുള്ളൂ! വൈകുന്നേരങ്ങളിലെ പതിവു സമാഗമങ്ങൾപോലും, മറ്റാരും വരാൻ സാദ്ധ്യതയില്ലെന്നു തീർച്ച വരുത്തിയ ശേഷം അവസാനനിമിഷം മാത്രമേ അവൾ അറിയിയ്ക്കാറുള്ളൂ; അദ്ദേഹത്തിന്റെ കൃത്യാന്തരങ്ങൾ അവൾ കണക്കിലെടുത്തതേയില്ല. വീ

ട്ടിലേയ്ക്കു വന്നുകൊള്ളാൻ അനുവദിച്ചശേഷവും പെട്ടെന്നൊരു സുഹൃത്തു നാടകത്തിനോ വിരുന്നിനോ ക്ഷണിച്ചാൽ അവളാഹ്ലാദത്തോടെ ചാടിയെഴുന്നേറ്റു വേഷം മാറ്റാൻ തുടങ്ങും; വേഷവിധാനം നടക്കുന്നതിനിടയിലെ ഓരോ ചലനവും അവൾ സ്വയം വേർപെട്ട് അപ്രതിരോദ്ധ്യമായ ശക്തിയോടെ പറന്നകലുന്ന നിമിഷത്തിലേയ്ക്കു തന്നെ അതിവേഗം വലിച്ചടുപ്പിയ്ക്കുന്നതായി സ്വാനിനു തോന്നും; ഒടുവിൽ അവളൊരുങ്ങി, മുഖഭാവം പ്രസന്നമാക്കാനുള്ള അത്യാകാംക്ഷയിൽ, കണ്ണാടിയോടു ചേർന്നുനിന്നു മുഖപേശികൾ വലിച്ചു പ്രസാദാത്മകത്വം വരുത്തി, ചുണ്ടുകൾ കുറച്ചുകൂടി ചുവപ്പിച്ച്, ഒറ്റതിരിഞ്ഞ മുടിച്ചുരുൾ പുരികത്തോടു ചേർത്ത്, സ്വർണക്കസവു ചാർത്തിയ ആകാശനീലിമപോലെ പുറത്തു വന്നു, വിഷാദമഗ്നനായി നിൽക്കുന്ന സ്വാനിനെ കെട്ടിപ്പുണരാൻ ശ്രമിയ്ക്കുമ്പോൾപ്പോലും അക്ഷമയുടെ വ്യംഗ്യഭാവം ഒരിക്കലും തടുത്തുനിർത്താറില്ല: 'ഇതുവരെ ആത്മാർത്ഥമായി സൽക്കരിച്ചതിനു താങ്കളിങ്ങനെയാണോ എന്നോടു നന്ദി കാണിയ്ക്കുന്നത്? ഇന്നു വളരെ മധുരമായാണു ഞാൻ താങ്കളോടു പെരുമാറിയത്, എന്തെങ്കിലും കുറവുണ്ടെങ്കിൽ നാളെ തീർച്ചയായും പരിഹരിയ്ക്കാം!'. ചിലപ്പോൾ, അലോസരപ്പെടുത്തലിന്റെ അപകടം കണ്ടറിഞ്ഞ്, അവളെവിടേയ്ക്കാണു പോകുന്നതെന്നു കണ്ടെത്താൻ അത്തരം വിഷയങ്ങളിൽ കൃതഹസ്തനായ ഫോർഷ്‌വില്ലുമായി തന്ത്രപരമായൊരു പ്രതിരോധാത്മകസഖ്യത്തിൽ ഏർപ്പെടുന്നതായിപ്പോലും സ്വാൻ സ്വപ്നം കാണാറുണ്ട്. അവളാരുടെകൂടെയാണു പുറത്തേയ്ക്കു പോയതെന്നു കണ്ടുപിടിച്ച് അയാളുടെ വ്യക്തിപരമായ വിവരങ്ങൾ തേടിപ്പിടിയ്ക്കാൻ കെൽപ്പുള്ള ഒരാൾപോലും സ്വാനിന്റെ പരിചയത്തിലുണ്ടായിരുന്നില്ല. ഉത്തരമില്ലാത്ത ചോദ്യങ്ങൾകൊണ്ടു മനസ്സു മടുത്തു പഴയൊരു സുഹൃത്തിനു സഹായം തേടി കത്തെഴുതാനിരിയ്ക്കുമ്പോൾ, ചോദ്യം ചെയ്യലിന്റെ അത്യായാസം മറ്റൊരാളെ ഏൽപ്പിയ്ക്കുന്നതിന്റെ ആശ്വാസം അദ്ദേഹത്തിനു സുഖകരമായി തോന്നും. അങ്ങനെ ലഭിച്ച വിവരങ്ങൾ പക്ഷേ അദ്ദേഹത്തിന്റെ വിവേകം

എള്ളിടപോലും വർദ്ധിപ്പിയ്ക്കാൻ പര്യപ്തമായിരുന്നില്ല. കാര്യകാരണങ്ങൾ അറിഞ്ഞതുകൊണ്ടുമാത്രം സംഭവിയ്ക്കാനുള്ളതു തടയാൻ കഴിയണമെന്നില്ല. പക്ഷേ, വേണ്ടപ്പോൾ ഉപകരിയ്ക്കുമെന്ന ബോദ്ധ്യമുള്ള ചില വസ്തുതകൾ പ്രത്യക്ഷമല്ലെങ്കിൽ പരോക്ഷമായെങ്കിലും മുറുകെപ്പിടിയ്ക്കുമ്പോൾ ഇച്ഛാശക്തിയുടെ മിഥ്യാധാരണ നമുക്കൊരു ബലം പകർന്നുതരും. ചാർലൂസ് ഓദത്തിനെ ചെന്നു കണ്ടതിൽ അദ്ദേഹത്തിനു സന്തോഷം തോന്നി. അവൾക്കും ചാർലൂസിനുമിടയിൽ വിലക്ഷണമായൊരു വിഷയവുമില്ലെന്നും, അദ്ദേഹം തന്നോടുള്ള സൗഹൃദം മാനിച്ച് അവൾ ചെയ്തതും പറഞ്ഞതുമായ കാര്യങ്ങൾ യാതൊരു സങ്കോചവുമില്ലാതെ തുറന്നു പറയുമെന്നും സ്വാനിനറിയാം. ചില വൈകുന്നേരങ്ങളിൽ പുറത്തെവിടെയോ പോകാനുള്ള ഒരുക്കത്തിൽ, രാത്രി പരസ്പരം കാണാനാവില്ലെന്നു തീർത്തു പറയുന്ന അവളെ ചാർലൂസ് അനുഗമിയ്ക്കുന്നുണ്ടെന്ന കാര്യം സ്വാൻ ഉറപ്പു വരുത്തി. അടുത്ത ദിവസം ചോദ്യങ്ങളൊന്നും ചോദിയ്ക്കാൻ ധൈര്യപ്പെടാതെ, ചാർലൂസ് പറഞ്ഞതൊന്നും മനസ്സിലായില്ലെന്ന ഭാവത്തിൽ കൂടുതൽ വിവരങ്ങൾക്കുവേണ്ടി സ്വാൻ നിർബന്ധിയ്ക്കും. ഓരോ ഉത്തരവും ശ്രദ്ധിച്ചു കേട്ട് ഓദത്ത് അന്നു രാത്രി നിർദോഷമായ ചില ദുർവൃത്തികളിൽ മാത്രമാണു മുഴുകിയതെന്നറിയുമ്പോൾ അദ്ദേഹത്തിന്റെ ആശ്വാസം ആനുപാതികമായി വർദ്ധിയ്ക്കും.

"പക്ഷേ, എന്റെ സുഹൃത്തേ, നിങ്ങളെന്താണുദ്ദേശിയ്ക്കുന്നത്, എനിയ്ക്കു തീരെ മനസ്സിലാകുന്നില്ല... വീട്ടിൽനിന്നു നിങ്ങൾ നേരേ പോയതു ഗ്രെവിനിലേയ്ക്കല്ലെന്നോ? അതിനിടയിൽ നിങ്ങളെവിടെയെങ്കിലും ഒരുപക്ഷേ കറങ്ങിക്കാണും, ഇല്ലെന്നോ? വിചിത്രമായിരിയ്ക്കുന്നു, നല്ല തമാശ! അവൾ എവിടേയ്ക്കാണു പോയതെന്നുപോലും അറിയില്ല. പിന്നെ ചാറ്റ്നോയറിലേയ്ക്കു പോയതാണു കൂടുതൽ അത്ഭുതം! മിക്കവാറും അതവളുടെ നിർദ്ദേശമായിരുന്നു.., അല്ലേ? ...അല്ലെന്നോ? നിങ്ങളുടേയോ? കൊള്ളാം!. എന്തായാലും, അതൊരു മോശം തീരുമാനമ

ല്ല. അവൾക്കവിടെ ഡസൻകണക്കിനു പരിചയക്കാരുണ്ട്! എന്ത്? അവളൊരു ജീവിയോടും മിണ്ടിയില്ലെന്നോ? തീർത്തും അസ്വാഭാവികം! പിന്നെയെന്തുണ്ടായി, നിങ്ങൾ അവിടെത്തന്നെ ഇരുന്നു, അവളും നിങ്ങളും മാത്രം.., മറ്റാരുമില്ലാതെ? ആ ദൃശ്യം എനിയ്ക്കിപ്പോൾ നേരിട്ടു കാണാം! നിങ്ങളൊരു നല്ല സുഹൃത്തുതന്നെ, എങ്കിലും പറയട്ടെ, എനിയ്ക്കു നിങ്ങളോടു തീരാത്ത നന്ദിയും കടപ്പാടും തോന്നുന്നു!".

അപ്പോൾ സ്വാനിന്റെ മനസ്സിനു ചെറിയൊരു ലാഘവം അനുഭവപ്പെട്ടു. സ്വന്തം പ്രണയത്തെക്കുറിച്ച് അറിയാത്ത സുഹൃത്തുക്കളോടു സംസാരിയ്ക്കുമ്പോൾ പലപ്പോഴും സംഭവിയ്ക്കാറുള്ളതുപോലെ, 'ഇന്നലെ ഞാൻ മാഡം ക്രേസിയെ ഒരപരിചിതന്റെ കൂടെ കണ്ടു'വെന്നുള്ള ചില വാചകങ്ങൾ മനസ്സിലാഞ്ഞു പതിച്ച് കരിങ്കൽച്ചൂളയുടെ കാഠിന്യത്തോടെ ഖരരൂപമായി ഇളക്കി മാറ്റാൻ പറ്റാത്തവിധം ഹൃദയഭിത്തികൾ വിണ്ടുകീറി കരുവാളിയ്ക്കുന്നതായി സ്വാനിനു തോന്നും; ആ അനുഭവത്തോടു താരതമ്യപ്പെടുത്തുമ്പോൾ, 'അവൾക്കൊരു ജീവിയേയും പരിചയമില്ല, അവളാരോടും മിണ്ടിയില്ലെ'ന്നു പറഞ്ഞു കേൾക്കുന്നതു കാതിനെത്ര കുളിർമ്മയായിരിയ്ക്കും പകരുന്നത്! എത്ര അനായാസമായി, അയത്നലളിതമായി, ബാഷ്പീകരണസമർത്ഥമായ നിശ്വാസമായാണ് ആ ചിന്തകൾ അദ്ദേഹത്തിന്റെ ഹൃദയത്തിലൂടെ ഒഴുകിനടന്നത്! പക്ഷേ, ഒരുമിച്ചു ചിലവഴിയ്ക്കുന്ന സമയങ്ങളിൽ അത്തരം നിർവൃതികളാണു പ്രാധാന്യമെന്നു തെറ്റായി മനസ്സിലാക്കിയ തന്റെ നിർവികാരതയിൽ അവൾക്കു വല്ലാത്ത മടുപ്പു തോന്നിയിരിയ്ക്കുമെന്നുകൂടി സ്വാൻ തൊട്ടടുത്ത നിമിഷം സ്വയം ശപിയ്ക്കും. അതേസമയം, തീർത്തും അപ്രസക്തമായ ആ ചിന്ത തെല്ലൊരു സാന്ത്വനമായി തോന്നിയെങ്കിലും ആ വികാരപ്രകടനം ഒരു വിശ്വാസവഞ്ചനപോലെ അദ്ദേഹത്തെ വേദനിപ്പിയ്ക്കുകയാണു ചെയ്തത്.

ഓദത്ത് എവിടേയ്ക്കാണു പോയതെന്നു കണ്ടെത്താൻ കഴിയാത്തതിന്റെ ഉദ്വേഗം ഒരളവോളം പരിഹരിയ്ക്കാൻ, പുറത്തു പോകുന്ന സമയം സ്വാനിനെ വീട്ടിൽത്തന്നെ നിർത്തി പരസ്പരസഹവാസത്തിന്റെ

വശ്യത നകരാനൊരു സാഹചര്യമെങ്കിലും അവൾക്കൊരുക്കാമായിരുന്നു; അപ്പോൾ അനിയന്ത്രിതമായ പ്രയോഗംമൂലം രോഗം മൂർച്ഛിയ്ക്കുമെങ്കിലും വേദനയ്ക്കു താൽക്കാലികശമനം നൽകുന്ന ഒറ്റമൂലിയായി ആ നിമിഷങ്ങൾ അദ്ദേഹത്തെ സമാശ്വസിപ്പിയ്ക്കും; അവൾ തിരിച്ചെത്തുന്ന നിമിഷത്തിനുള്ള കാത്തിരിപ്പിന്റെ നിശ്ശബ്ദവും സമാധാനപൂർണവുമായ അന്തരീക്ഷത്തിലേയ്ക്കു കഴിഞ്ഞുപോയ മണിക്കൂറുകളുടെ ഓർമ്മ നിശ്ശേഷം ലയിപ്പിച്ച് അദ്ദേഹത്തിനു സംതൃപ്തിയടയാം. പക്ഷേ, അവളതിനു സമ്മതിയ്ക്കാറില്ല; അദ്ദേഹം വീട്ടിലേയ്ക്കു മടങ്ങിയേ തീരൂ! പോകുന്ന വഴി ഓദത്തിനെക്കുറിച്ചുള്ള നിരന്തരചിന്ത അവസാനിപ്പിയ്ക്കാൻ നിർബന്ധപൂർവം പല പദ്ധതികളും സ്വാൻ ആസൂത്രണം ചെയ്തു. വീട്ടിലെത്തി വേഷം മാറുമ്പോൾ അദ്ദേഹത്തിന്റെ മനസ്സിലേയ്ക്കു പല പദ്ധതികളും തിക്കിത്തിരക്കി വന്നു. വളരെ കാലമായി മോഹിച്ച ചില കലാപ്രദർശനങ്ങൾ കാണാൻ പോകണമെന്ന ആഹ്ലാദഭരിതമായ പ്രത്യാശയിൽ ലാഘവത്വം വന്ന മനസ്സുമായി അദ്ദേഹം കിടയ്ക്കയിലേയ്ക്കു ചാടിവീണു വിളക്കണച്ചു. പക്ഷേ, അബോധപൂർവമായ ആത്മനിയന്ത്രണത്തോടെ സ്വസ്ഥത വരുത്തി ഉറക്കത്തിലേയ്ക്കു വീഴാൻ തുടങ്ങുമ്പോഴേയ്ക്കും മഞ്ഞുപോലെ തണുത്തു വിറങ്ങലിച്ച ഒരു നടുക്കം ദേഹമാകെ വ്യാപിച്ച് അദ്ദേഹം തേങ്ങിത്തേങ്ങി കരയാൻ തുടങ്ങി. ആ നടുക്കത്തിന്റെ കാരണമറിയാൻ യാതൊരു കൗതുകവും കാണിയ്ക്കാതെ കണ്ണുകൾ തുടച്ച് പുഞ്ചിരിയോടെ അദ്ദേഹം പറഞ്ഞു: 'നോക്കൂ, ഞാനൊരു നാഡീരോഗിയാകാൻ പോകുന്നു!'. അങ്ങനെ, ഓദത്തിന്റെ അടുത്ത പരിപാടി എന്താണെന്നു രഹസ്യമായി നേരിട്ടു മനസ്സിലാക്കാനുള്ള കൗശലങ്ങൾ ആലോചിച്ചു മനസ്സിനെ പരിക്ഷീണമാക്കുന്ന പരിശ്രമങ്ങളിൽനിന്നു മാറിനിൽക്കാൻ ഒരിയ്ക്കലും സ്വാനിനു കഴിഞ്ഞില്ല. സദാ വിശ്രമമില്ലാതെ സ്വയം അടിച്ചേൽപ്പിച്ചു നിഷ്ഫലമായിത്തീരുന്ന മാനസികമായ ഈ അത്യദ്ധ്വാനം ക്രൂരമായ ദൈവശിക്ഷപോലെ ആമാശയത്തിലൊരു നീർക്കെട്ടായി പ്രത്യക്ഷപ്പെട്ടപ്പോൾ, അതൊരുപക്ഷേ മാരകമായൊരു

അർബുദമായും മാറാമെന്ന ചിന്തയിൽ അദ്ദേഹത്തിനു സന്തോഷം തടുക്കാനായില്ല. ഇനി യാതൊന്നും വ്യാകുലപ്പെടാനില്ലെന്ന സന്ദേശവുമായി ഈ രോഗം തന്നെയൊരു കളിപ്പാവയെപ്പോലെ ആസന്നമായ അന്ത്യവിധിയിലേയ്ക്കു കൈപിടിച്ചു കൊണ്ടുപോകുമെന്നോർത്തപ്പോൾ അദ്ദേഹത്തിനു സമാധാനം തോന്നി. ആ നിമിഷം, സ്വയമനുഭവിയ്ക്കുന്ന പീഡനങ്ങളുടെ തീക്ഷ്ണതയിൽ നിന്നും കഠിനമായ അദ്ധ്വാനത്തിന്റെ വിരസതയിൽനിന്നും രക്ഷപ്പെടാൻവേണ്ടി സ്വമേധയാ മരണം വരിയ്ക്കാൻപോലും അദ്ദേഹം സന്നദ്ധനായി.

എന്നിട്ടും അവളോടു സ്നേഹം തോന്നാതാവുന്ന കാലംവരെ, അവൾക്കു തന്നോടു കള്ളം പറയേണ്ട ആവശ്യം ഇല്ലാതാകുന്നതുവരെ, അന്നൊരു ദിവസം ഉച്ചയ്ക്കു കാണാൻ ചെന്നപ്പോൾ അവൾ ഫോർഷ്‌വില്ലിന്റെ കരവലയത്തിൽ ഒതുങ്ങിനിൽക്കുകയായിരുന്നെന്ന സംശയം ദൂരീകരിയ്ക്കുന്നതുവരെ, ജീവിതം നീണ്ടു പോകണമെന്നു സ്വാൻ മോഹിച്ചു. പഴക്കം ചെന്ന രോഗത്തിന്റെ പുതിയ ലക്ഷണങ്ങൾ ചിരകാലമായുള്ള അസ്വസ്ഥതകളിൽനിന്നു തൽക്കാലത്തേയ്ക്കു മോചനം നൽകുന്നതുപോലെ, ഫോർഷ്‌വില്ലിനെക്കുറിച്ചുള്ള ചിന്ത മറവിയിലേയ്ക്കു നീക്കി അവൾ മറ്റാരുമായോ പ്രണയത്തിലാണെന്ന സംശയം സ്വാനിന്റെ ശ്രദ്ധ തിരിയ്ക്കും; സംശയങ്ങളും പീഡനങ്ങളുമില്ലാതെ കടന്നുപോയ ചില ദിവസങ്ങളിൽ രോഗം നിശ്ശേഷം ഭേദപ്പെട്ടതായി അദ്ദേഹം വ്യാമോഹിയ്ക്കും. പക്ഷേ, പിറ്റേന്ന് ഉറക്കമുണരുമ്പോൾ തലേന്നനുഭവിച്ച വ്യത്യസ്തങ്ങളായ അവബോധങ്ങളുടെ കുത്തൊഴുക്കിൽ വീര്യശോഷണം വന്ന അതേ വികാരങ്ങൾ, അതേ വേദന, അതേ സ്ഥാനത്തുതന്നെ വീണ്ടും അദ്ദേഹത്തിനനുഭവപ്പെടും; സ്വസ്ഥാനങ്ങളിൽ ഉറച്ചിരുന്ന ആ തീക്ഷ്ണവേദനയാണു യഥാർത്ഥത്തിൽ സ്വാനിനെ ഉറക്കത്തിൽനിന്നു പലപ്പോഴും തട്ടിയുണർത്തിയത്.

ഓരോ ദിവസവും അവളുടെ വിലപ്പെട്ട സമയം അപഹരിയ്ക്കുന്ന അതിപ്രധാനമായ കാര്യങ്ങളെക്കുറിച്ചു യാതൊരു സൂചനയും ഓദത്ത് സ്വാനിനു നൽകിയില്ല; അവ തീർച്ചയായും വിഷയാനുഭവങ്ങള

ല്ലാതെ മറ്റൊന്നുമല്ലെന്നു തിരിച്ചറിയാനുള്ള ലോകവിവേകം എന്താ യാലും അദ്ദേഹം നേടിക്കഴിഞ്ഞിരുന്നു; അതുകൊണ്ട് ആ വിഷയ ങ്ങളെക്കുറിച്ചു ഭാവന മെനയുന്ന അത്യദ്ധ്വാനം അനന്തമായി നില നിർത്തിക്കൊണ്ടുപോകാൻ അദ്ദേഹത്തിനു കഴിയാതെ വന്നു. ചില പ്പോൾ അദ്ദേഹത്തിന്റെ തലച്ചോറ് ശൂന്യമായൊരു ഇരുട്ടറയായി മാറും; അപ്പോൾ അദ്ദേഹം കണ്ണട കൈയിലെടുത്തു ഗ്ലാസു തുടയ്ക്കുന്ന തുപോലെ ക്ഷീണിച്ചു തളർന്ന കൺപോളകൾക്കു മീതേ വിരലോടി ച്ച് സകലവിധ ചിന്തകളും അവസാനിപ്പിയ്ക്കാൻ ശ്രമിയ്ക്കും. എങ്കിലും, അതുവരെ പര്യവേക്ഷണം നടത്താത്ത അപരിചിതവഴികളിലൂടെ കടന്നു പോകുമ്പോൾ ഓദത്തുമായി വിദൂരബന്ധമുള്ള ചില വസ്തുതക ൾ പെട്ടെന്നു പ്രത്യക്ഷപ്പെടുകയും, ചില സുഹൃത്തുക്കളോടും അകന്ന ബന്ധുക്കളോടും അവൾക്കുള്ള കടപ്പാടിനെക്കുറിച്ചുള്ള പരാമർശങ്ങ ൾ ഉയർന്നുവരികയും ചെയ്യും. അവളെ പതിവായി കാണാനുള്ള വില ക്കിനൊരുപക്ഷേ അവരും ഒരു പരോക്ഷകാരണമാണെന്നു ചിലർ പറഞ്ഞു കേട്ടപ്പോൾ അവളുടെ ജീവിതചര്യയിലെ സുനിശ്ചിതമായ ചില അംശങ്ങളുടെ സൂചനകൾ അദ്ദേഹത്തിനു വ്യക്തമായി മനസ്സി ലാകും. തീരെ സുഖമില്ലാത്ത ഒരു ദിവസം 'ഇന്നൊരുപക്ഷേ, ഓദ ത്തിനു ദയതോന്നി എന്നെ കാണാൻ വരു'മെന്നു വിചാരിച്ചു കാത്തി രിയ്ക്കുമ്പോൾ, ‘ഒരു സുഹൃത്തിന്റെകൂടെ ഹിപ്പോഡ്രോമിലേയ്ക്കു പോകാ നുണ്ടെ‘ന്നു മുമ്പൊരിയ്ക്കൽ അവൾ പറഞ്ഞ അതേ ദിവസമാണതെന്നു പെട്ടെന്നോർമ്മ വന്ന് അദ്ദേഹം തിരുത്തും. 'വേണ്ട, ഇന്നവളോടു വ രാൻ ആവശ്യപ്പെടുന്നതു ശരിയല്ല. ഇന്നവൾ സുഹൃത്തിന്റെകൂടെ ഹി പ്പോഡ്രോമിലേയ്ക്കു പോകുകയാണെന്നു ഞാൻ നേരത്തെ ചിന്തിയ്ക്കേ ണ്ടതായിരുന്നു. സാദ്ധ്യമായവ മാത്രമേ നാം മോഹിയ്ക്കാവൂ. സ്വീകരി യ്ക്കപ്പെടാൻ ഇടയിയില്ലാത്ത നിർദ്ദേശങ്ങൾ നിരസിയ്ക്കപ്പെടുന്നതിൽ പരിതപിച്ചു സമയം പാഴാക്കുന്നതിൽ കാര്യമില്ല!'. ഹിപ്പോഡ്രോമി ലേയ്ക്കു പോകുന്നതിന്റെ ഉത്തരവാദിത്തം ഓദത്തിന്റെ ഒരു കടമയാ യാണു സ്വാൻ കണ്ടത്; സർവഥാ സ്ഥിരീകരിയ്ക്കപ്പെട്ട ആ ആവശ്യം

ആ സംഭവവുമായി പരോക്ഷബന്ധമുള്ള സകലതിനേയും സത്യമെന്ന തോന്നിയ്ക്കുന്നവിധം സാധൂകരിച്ചു. തെരുവിൽവെച്ചു കണ്ടുമുട്ടിയ ഒരു സുഹൃത്തിനെ അഭിവാദ്യം ചെയ്യുന്നതു സ്വാനിനു രസിച്ചില്ലെങ്കിൽ, ചോദ്യത്തിനു മറുപടിയായി പലപ്പോഴും സൂചിപ്പിയ്ക്കാറുള്ള രണ്ടോ മൂന്നോ വിഷയങ്ങളുമായി ബന്ധപ്പിച്ച് ഓദത്ത് പറയും; 'എന്നെ ഹിപ്പോഡ്രോമിലേയ്ക്കു കൊണ്ടുപോയ സുഹൃത്തിന്റെ അടുത്ത സുഹൃത്താണവളെ'ന്നു പറഞ്ഞു കേൾക്കുന്ന വിശദീകരണത്തിൽ സ്വാനിന്റെ സംശയങ്ങൾ മാറിപ്പോകും. എന്തായാലും, അവളെക്കൂടാതെ ഈ സുഹൃത്തിനു ഹിപ്പോഡ്രോമിൽ വേറേ ചില പരിചയക്കാരുണ്ടെങ്കിലും അവരെക്കുറിച്ചൊരു സാമാന്യധാരണ രൂപീകരിയ്ക്കാനുള്ള വിവരങ്ങൾ അദ്ദേഹത്തിനു സമ്പാദിയ്ക്കാനായില്ല. സ്വാൻ വിചാരിച്ചു: അവളുടെ കൂടെ ഹിപ്പോഡ്രോമിലേയ്ക്കു പോയ സുഹൃത്തിനെ നേരിട്ടു പരിചയപ്പെടാൻ കഴിഞ്ഞെങ്കിൽ! ഓദത്തിനു സഹായിയായി തന്നേയും അവളവിടേയ്ക്കു ക്ഷണിച്ചിരുന്നെങ്കിൽ..!. ഒരുപക്ഷേ കടയിൽ വിൽപ്പനയ്ക്കു നിൽക്കുന്നവളോ മറ്റുള്ളവരെ ചമയിച്ചൊരുക്കുന്നവളോ ആരുമാകട്ടെ, ഓദത്തുമായി ദിവസേന ഇടപെടുന്ന അവളെ പരിചയപ്പെടാൻ തന്റെ സകല സൗഹൃദങ്ങളും ത്യജിയ്ക്കാൻ അദ്ദേഹം സന്നദ്ധനായി; അവൾക്കായി എത്ര പണം ചിലവാക്കാനും എത്ര കഷ്ടപ്പാടുകൾ സഹിയ്ക്കാനും അദ്ദേഹം തയാറായി. പ്രത്യുപകാരമായി ഓദത്തിന്റെ ജീവിതത്തിൽനിന്നു സാവകാശം ശേഖരിച്ച അനുഭവചഷകത്തിൽ നിന്നൊരു തുള്ളി, ആത്മവേദനയ്ക്കു മരുന്നായ ഒരൊറ്റമൂലി, അനുകമ്പ തോന്നി അവൾ തനിയ്ക്കു സമർപ്പിയ്ക്കാതിരിയ്ക്കില്ല! ശുദ്ധമായ പ്രകൃതമോ അല്ലെങ്കിൽ നിഗൂഢമായൊരു ഉദ്ദേശമോ മൂലം അവൾ നിരന്തരം ബന്ധപ്പെടുന്ന സുഹൃത്തിന്റെകൂടെ രസകരമായ ചില നിമിഷങ്ങൾ ചിലവഴിയ്ക്കുന്നതിനെക്കുറിച്ച് അദ്ദേഹം ആകാംക്ഷയോടെ കാത്തിരുന്നു. തന്നെക്കൂടി കൊണ്ടുപോകാതെ ഓദത്ത് സദാ പൊയ്ക്കൊണ്ടിരുന്ന ക്ഷുദ്രമെങ്കിലും അസൂയാർഹമായ ആ വീടിന്റെ മച്ചിൽ താമസമാക്കുന്നതിനെക്കുറിച്ചും ചിലപ്പോൾ അദ്ദേഹം ചിന്തിയ്ക്കും;

അപ്പോൾ താഴത്തെ നിലയിൽ താമസിയ്ക്കുന്ന തയ്യൽക്കാരന്റെ സ്നേഹിതനായി ഭാവിയ്ക്കുന്ന തന്നെ ഓദത്ത് നിത്യേന വന്നു കാണുന്ന ദൃശ്യം ഉത്സാഹത്തോടെ അദ്ദേഹം മനസ്സിൽ ആവർത്തിച്ചു കാണും! അങ്ങനെ ചേരികൾ നിറഞ്ഞ ആ ഭാഗത്തു നികൃഷ്ടമെങ്കിലും സന്തോഷവും പ്രശാന്തതയും അലതല്ലുന്ന ഒതുങ്ങിയ ജീവിതം ഒരു സ്വപ്നമായി അദ്ദേഹം മനസ്സിലേറ്റി ലാളിച്ചു.

അപരിചിതരാരെങ്കിലും നേരിട്ടു സമീപിച്ചാൽ, ഫോർഷ്വിൽ വീട്ടിലുണ്ടായിരുന്ന ദിവസം കാണാനിടയായ അതേ ചകിതഭാവം അവളുടെ മുഖത്തു വിടരുന്നതു പലപ്പോഴും സ്വാൻ കണ്ടിട്ടുണ്ട്. മറ്റുള്ളവർ എന്തു വിചാരിയ്ക്കുമെന്ന ആശങ്കകളും ജോലിത്തിരക്കുകളും മാറ്റിവെച്ച് ഒരൊറ്റ ദിവസവും മുടങ്ങാതെ സ്വാനിനെ സ്വീകരിച്ചുപോന്ന ആദ്യകാലത്തെ ആത്മവിശ്വാസത്തോടെ അവൾ ഓരോ പ്രതിസന്ധിയും അഭിമുഖീകരിച്ചു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ മാത്രമല്ല, അസാന്നിദ്ധ്യത്തിലും, 'പ്രിയപ്പെട്ടവനേ, എന്റെ കൈകൾ എന്തെന്നില്ലാതെ വിറയ്ക്കുന്നു, എനിയ്ക്ക് എഴുതാനേ കഴിയുന്നില്ലെ'ന്നു കത്തു തുടങ്ങുമ്പോൾ അവളനുഭവിച്ച കാതരഭാവത്തിന്റെ സ്വാഭാവികമായ പ്രതികരണമായും അല്ലെങ്കിൽ ഒരുപക്ഷേ അബോധപൂർവമായ പ്രതികാരമായും ആ ആത്മവിശ്വാസത്തിന്റെ മനോഭാവം വിസ്മയകരമാംവണ്ണം വ്യത്യാസപ്പെട്ടു. അതുകൊണ്ടുതന്നെ അക്കാലത്തു സ്വാൻ അവളുടെ പെരുമാറ്റത്തിൽ വളരെയേറെ സംപ്രീതനായിരുന്നു. നമുക്കും നാം സ്നേഹിയ്ക്കുന്നവർക്കുംവേണ്ടി വികാരംകൊള്ളു-മ്പോഴല്ലാതെ ഒരിയ്ക്കലും നമ്മുടെ കൈകൾ വിറയ്ക്കാറില്ല; നമ്മുടെ സന്തോഷത്തിന്റെ നിയന്ത്രണം ഉപേക്ഷിച്ചു കഴിഞ്ഞവരുടെ സാന്നിദ്ധ്യത്തിൽ ധൈര്യവും സമാധാനവുമാണു നമുക്കു തോന്നാറുള്ളത്! സ്വാനിനോടു സംസാരിയ്ക്കുകയും കത്തെഴുതുകയും ചെയ്യുന്ന കാലത്ത് 'ഈ ലോകത്ത് എനിയ്ക്കാകപ്പാടെ താങ്കൾ മാത്രമാണുള്ളത്; സൗഹൃദത്തിന്റെ ഈ സൌരഭ്യം ഞാനെന്നും കൊണ്ടുനടക്കു'മെന്നവിധം 'എന്റെ'യെന്നും 'എന്റേതെ'ന്നുമുള്ള പരാമർശത്തോടെ സ്വാൻ തന്റേ

തുമാത്രമാണെന്ന മിഥ്യാബോധം സൃഷ്ടിയ്ക്കാൻ ഉപയോഗിച്ച വാക്കു കൾ അവളിപ്പോൾ നിശ്ശേഷം മറന്നുകഴിഞ്ഞു. മാത്രമല്ല, ഭാവിയും മരണവും പരസ്പരം പങ്കുവെയ്ക്കേണ്ട ഒരൊറ്റ സംരംഭമായി അവളി പ്പോൾ വിശേഷിപ്പിയ്ക്കാറില്ല. അന്നൊക്കെ അവൾ ആരാധനയോടെ അദ്ദേഹത്തോടു പറയുമായിരുന്നു: 'മറ്റുള്ളവരിൽനിന്നു വളരെ വ്യത്യ സ്തനാണു താങ്കൾ!' കഷണ്ടി കയറിത്തുടങ്ങിയ ശിരസ്സിലേയ്ക്കു കണ്ണ യച്ചു വിവിധവിഷയങ്ങളിൽ അദ്ദേഹം നേടിക്കഴിഞ്ഞ വിജയത്തെ ക്കുറിച്ചു ചിന്തിയ്ക്കുന്നതുപോലെ, 'സാധാരണനിലയ്ക്കൊരു സുഭഗനല്ലെ ന്നു ചിലർക്കു തോന്നാം; പക്ഷേ, ആ മുടിയും കണ്ണടയും പുഞ്ചിരിയും നോക്കു, ഒന്നാന്തരമൊരു പരിഷ്ക്കാരിയെ'ന്നു തന്നെ പുകഴ്ത്തു മ്പോൾ, പ്രണയിയ്ക്കാനുള്ള മോഹത്തിലേറെ യാഥാർത്ഥ്യമറിയാനു ള്ള കൗതുകത്തോടെ നെടുവീർപ്പിട്ടുകൊണ്ട് അവൾ പറയും:

“താങ്കളുടെ ഈ തലയിൽ എന്താണുള്ളതെന്നു നേരിട്ടു കാണാൻ എനിയ്ക്കു നല്ല മോഹമുണ്ട്!“

പക്ഷേ, ഇന്നിപ്പോൾ അദ്ദേഹമെന്തു ചോദിച്ചാലും ചിലപ്പോഴൊ ക്കെ അസഹ്യതയും മറ്റു ചിലപ്പോൾ അനുകമ്പയും ഭാവിച്ച് അവൾ പറയും: “അപ്പോൾ ഇനിയൊരിയ്ക്കലും താങ്കൾ മറ്റുള്ളവരെപ്പോലെയാ വാൻ ഉദ്ദേശിച്ചിട്ടില്ല, അല്ലേ?!“ സംഗീതത്തിലൊരു സ്വരവിന്യാസ ത്തിന്റെ ധ്വനി മനസ്സിലാക്കാൻ ചിലപ്പോൾ സന്ദർഭത്തിന്റെ സൂചന ഉപകരിച്ചെന്നു വരാം; കുടുംബപാരമ്പര്യത്തിന്റെ 'ഛായ' കണ്ടു ചില രെ 'വിരൂപനൊന്നുമല്ല, പക്ഷേ മുടിയും കണ്ണടയും പുഞ്ചിരിയുംവെച്ചു നോക്കുമ്പോൾ വേണമെങ്കിലൊരു വിലക്ഷണപ്രകൃതിയായി കണ ക്കാക്കാ'മെന്നു ബന്ധുക്കൾ പറഞ്ഞെന്നു വരാം; അത്തരം സൂചനക ളുടെ സഹായത്തോടെയാണു ചിലർ കാമുകനും ജാരനും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുന്നതെന്നു ചിന്തിച്ച്, അടുത്തിടെയുണ്ടായ മ നഃക്ലേശങ്ങളൊന്നും ബാധിയ്ക്കാത്ത അദ്ദേഹത്തിന്റെ ശിരസ്സിലേയ്ക്കു നോക്കി അവൾ പറയും:

“താങ്കളുടെ ഈ കഷണ്ടിത്തലയിൽ ചെറിയൊരു സാമാന്യബു

ഢി വന്നു കാണാനാണു ഞാൻ മോഹിയ്ക്കുന്നത്!'

സദാ സംശയത്തിനു പഴുതു നൽകുന്ന ഓദത്തിന്റെ പെരുമാറ്റത്തിനു കടകവിരുദ്ധമായി എപ്പോഴും പ്രത്യാശയുടെ സത്യാവസ്ഥയിൽ വിശ്വസിയ്ക്കാൻ തയാറായി നിൽക്കുന്ന അദ്ദേഹം അവളുടെ വാക്കുകൾ ആവേശത്തോടെ സ്വീകരിച്ചു പ്രതികരിയ്ക്കും:

“നിനക്കതാണു മോഹമെങ്കിൽ എനിയ്ക്കു വിരോധമില്ല!“

ഇടപെടുന്ന വിഷയത്തിലൊരു പ്രതിഫലവും വാങ്ങാതെ നിരുപാധികമായ പ്രചോദനവും പ്രതിസന്ധികളിൽ സാന്ത്വനവും നൽകാൻ തയാറായി സമർപ്പിതമനസ്സോടെ നിരവധി യുവതികൾ തന്റെ അനുവാദം കാത്തു നിൽക്കുന്നുണ്ടെന്നു സ്വാൻ ഓദത്തിനെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചു. അതേസമയം അങ്ങനെയൊരു നിർവഹണദൌത്യം അവരുടെ കൈകളിൽ ചെന്നുചേരുന്നതു തന്റെ സ്വാതന്ത്ര്യത്തിനുമേലുള്ള വിവേചനാരഹിതമായ കടന്നു കയറ്റമാണെന്നു പറഞ്ഞുവെയ്ക്കാനും സ്വാൻ മറന്നില്ല. “ചെറുതായെങ്കിലും അവളെന്നെ സ്നേഹിയ്ക്കുന്നില്ലെങ്കിൽ“, അദ്ദേഹം ആശ്വസിച്ചു, “എനിയ്ക്കൊരു മാറ്റം വരണമെന്നു മോഹിയ്ക്കില്ല; എന്നെ മാറ്റണമെന്നു നിർബ്ബന്ധമുണ്ടെങ്കിൽ അവൾക്കെന്നെ ഇടയ്ക്കിടെ വന്നു കണ്ടേ തീരൂ!“. അദ്ദേഹത്തിന്റെ പേരിൽ കണ്ടെത്തിയ ഒരുപാടു ന്യൂനതകൾക്കിടയിലും അവൾക്കുണ്ടായ താൽപ്പര്യത്തിന്റെ, ഒരുപക്ഷേ പ്രണയത്തിന്റെപോലും, അനിഷേദ്ധ്യമായൊരു തെളിവ് അങ്ങനെ സ്വാൻ ചികഞ്ഞെടുത്തു. സത്യത്തിൽ അവൾക്കു വളരെ ചെറിയൊരു താൽപ്പര്യം മാത്രമേ അദ്ദേഹത്തോടു തോന്നിയിരുന്നുള്ളൂ; അവൾ പലപ്പോഴും ചെയ്യരുതെന്നു വിലക്കാറുള്ള വിഷയങ്ങളാണു പക്ഷേ ആ ചെറിയ താൽപ്പര്യത്തിനു തെളിവായി പരിഗണിയ്ക്കാൻ അദ്ദേഹത്തെ നിർബന്ധിച്ചത്. ഒരുദിവസം വണ്ടിക്കാരൻ തനിയ്ക്കെതിരെ സംസാരിയ്ക്കുന്നതായി തോന്നി ആ നീരസം അവളദ്ദേഹത്തോടു തുറന്നു പറഞ്ഞു; പക്ഷേ, പരിഹരിയ്ക്കാൻ നിർബന്ധിച്ചതുമില്ല; ഒരിയ്ക്കൽക്കൂടി ചുംബിയ്ക്കാൻ മോഹമുണ്ടെന്നു പറയുന്ന അതേ ഭാവത്തിൽ, 'ഇനി താങ്കളി

വിടെ വരുമ്പോൾ ആ വണ്ടിക്കാരനെ ഒഴിവാക്കണ'മെന്നു പറഞ്ഞു കേൾക്കാൻ അദ്ദേഹം ആഗ്രഹിയ്ക്കുന്നതായി അവൾക്കു തോന്നി; അവളുടനെ ആ ആഗ്രഹം സാധിച്ചുകൊടുത്തത് അദ്ദേഹത്തിന്റെ മനസ്സിനെ അഗാധമായി സ്പർശിച്ചു. അന്നു വൈകുന്നേരം, ഓദത്തിനെക്കുറിച്ചു കലവറയില്ലാതെ തുറന്നു പറയുന്നതിന്റെ സംതൃപ്തി തിരിച്ചു നൽകാറുള്ള ചാർലൂസിനോട് അദ്ദേഹം പറഞ്ഞു:

"എന്തായാലും, അവളെന്നെ സ്നേഹിയ്ക്കുന്നുണ്ടെന്നുതന്നെ ഞാനുറച്ചു വിശ്വസിയ്ക്കുന്നു. ഈയിടെയായി അവൾ എന്നോടു വളരെ സൗമ്യമായാണു പെരുമാറുന്നത്; ഞാൻ ചെയ്യുന്ന ഓരോ കാര്യത്തിലും അവൾ നല്ല താൽപ്പര്യം കാണിയ്ക്കുന്നുണ്ട്!".

പിറ്റേന്ന് അവളുടെ വീട്ടിലേയ്ക്കു പോകാൻ വണ്ടി കയറുമ്പോൾ ആ വഴി വന്ന ഒരു സുഹൃത്ത്, "ഇന്നെന്തു പറ്റി? വണ്ടിക്കാരൻ ലോർദാനെ കാണുന്നില്ലേ"ന്നു വിസ്മയത്തോടെ ചോദിച്ചപ്പോൾ വിഷാദവും സന്തോഷവും ചേർത്തു സ്വാൻ പറഞ്ഞു:

"ദൈവമേ, ലാപെറൗസിലേയ്ക്കു ലോർദാനേയും കൂട്ടി പോകാൻ എനിയ്ക്കു ധൈര്യമില്ല. ഓദത്തിനു ലോർദാനെ കാണുന്നതേ പഥ്യമല്ല; അയാളെനിയ്ക്കു ചേരാത്തവനാണുപോലും! എന്തു ചെയ്യും? സ്ത്രീകളെ നിങ്ങൾക്കറിയാമല്ലോ, അവർക്കു കോപം വന്നാലെന്താണു സ്ഥിതി! അതെ, റെമിയെമാത്രമേ എനിയ്ക്കു കൂടെ കൊണ്ടുപോകാനാവൂ. എന്തായാലും ഇനി മറ്റൊന്നും കേൾക്കാൻ ഇടവരാതിരിയ്ക്കട്ടെ!"

ഇപ്പോൾ ഓദത്ത് തന്നോടു സ്വീകരിയ്ക്കുന്ന അശ്രദ്ധവും അസഹ്യവുമായ പെരുമാറ്റരീതികൾ സ്വാനിനു കഠിനമായൊരു പീഡനമായി തോന്നി; പക്ഷേ, അതിന്റെ തീക്ഷ്ണത എത്രത്തോളമുണ്ടെന്നു കണക്കാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ആ രസക്കേട് ഓരോ ദിവസവും അനുക്രമം വർദ്ധിച്ചു വരുന്ന രീതിയിലാണവൾ പ്രകടിപ്പിച്ചത്; അതുകൊണ്ടുതന്നെ ഇന്നത്തെ അവളുടെ അവസ്ഥയും ആദ്യകാലത്തെ മനോഭാവവും തമ്മിൽ നേരിട്ടു താരതമ്യപ്പെടുത്തിയാൽ മാത്രമേ, അതിനിടയ്ക്കു വന്ന മാറ്റത്തിന്റെ തീവ്രത അളക്കാൻ കഴിയൂ.

ഇപ്പോഴത്തെ ഈ മാറ്റം, ഹൃദയത്തിൽ നിഗൂഢമായി ആഴ്ന്നിറങ്ങിയ ഒരു വ്രണംപോലെ, രാവും പകലും അദ്ദേഹത്തെ വേദനിപ്പിച്ചു. ചിലപ്പോൾ അലഞ്ഞു തിരിയുന്ന ചിന്തകളുടെ മൂർച്ചയുള്ള സ്പർശമേറ്റ് വേദന രൂക്ഷമാകുമ്പോൾ അദ്ദേഹം ശ്രദ്ധ മറ്റൊരു വഴിയ്ക്കു തിരിച്ചുവിടും; മറ്റു ചിലപ്പോൾ അദ്ദേഹം സ്വയം പറയും: "ഓദത്ത് എന്നെ ഇതിലേറെ സ്നേഹിച്ച ഒരു കാലമുണ്ടായിരുന്നു!"; പക്ഷേ ആ കാലത്തിന്റെ വ്യക്തമായൊരു രൂപരേഖ വരയ്ക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. വായനാമുറിയിലേയ്ക്കു പ്രവേശിയ്ക്കുന്ന ഭാഗത്തു മന:പൂർവം കാണാത്ത ഭാവത്തിൽ തിരിച്ചിട്ട മേശയ്ക്കകത്ത്, പ്രണയത്തിന്റെ ആദ്യകാലങ്ങളിൽ വണ്ടിയിലൊരുമിച്ചിരുന്നു വീട്ടിൽ പോകുമ്പോൾ അവൾ സ്നേഹപൂർവം സമ്മാനിച്ച ജമന്തിപ്പൂവും, 'എന്തുകൊണ്ട്, താങ്കളുടെ ഹൃദയംകൂടി ഇവിടെ മറന്നുവെച്ചില്ല? എങ്കിൽ, ഞാനതൊരിയ്ക്കലും തിരിച്ചുതരുമായിരുന്നില്ലെ'ന്നും 'രാവോ പകലോ എപ്പോഴായാലും എന്നെ കാണണമെന്നു തോന്നുമ്പോൾ ആരെയെങ്കിലും പറഞ്ഞയച്ചാൽ മതി, താങ്കളുടെ വീട്ടിലേയ്ക്കു വരാനെനിയ്ക്കു സന്തോഷമാണെ' ന്നുമെഴുതിയ കത്തുകളും സ്വാൻ സൂക്ഷിച്ചുവെച്ചിരുന്നു; ഒരിയ്ക്കലെങ്കിലും അതെടുത്തൊന്നു തുറന്നു വായിയ്ക്കാൻ മിനക്കെടാഞ്ഞതുപോലെ, ഹൃദയത്തിന്റെ ഉള്ളറകളിലേയ്ക്കു ചിന്തകളെ മറികടന്നു കടക്കാനും അദ്ദേഹം ധൈര്യപ്പെട്ടില്ല. മാത്രമല്ല, ആഹ്ലാദകരമായ ഓർമ്മകൾ തത്തിക്കളിയ്ക്കുന്ന ആ രഹസ്യസങ്കേതത്തിലേയ്ക്കു പ്രവേശിയ്ക്കാനാവാതെ, ചിന്തകളെ നിർബന്ധപൂർവം ന്യായവാദത്തിന്റെ ചില പരുക്കൻ വഴികളിലൂടെ തിരിച്ചുവിടാനാണ് അദ്ദേഹം ശ്രമിച്ചത്.

പക്ഷേ, അതിസൂക്ഷ്മമായി പരിപാലിച്ചുപോന്ന സ്വാനിന്റെ ആ വിവേചനാശക്തി, അതിനിടയിൽ നടന്ന ഒരു സുഹൃത്തിന്റെ വിരുന്നുസൽക്കാരത്തിൽവെച്ചു നഷ്ടപ്പെടുകതന്നെ ചെയ്തു.

മാർക്ക്വിസ് സാങ്യൂവെർട്ട് സാധുജനങ്ങളുടെ സഹായത്തിനുവേണ്ടി സംഘടിപ്പിച്ച ആ സംഗീതവിരുന്നിലേയ്ക്കു പല വിശിഷ്ടവ്യ

ക്തികളേയും പ്രത്യേകം ക്ഷണിച്ചിരുന്നു. അത്തരമൊരു പരിപാടിയ്ക്കു വല്ലപ്പോഴുമൊക്കെ പോകുന്നതു നല്ലതാണെന്നു തോന്നാറുണ്ടെങ്കിലും സമയമാകുമ്പോൾ പക്ഷേ ഒരുറച്ച തീരുമാനമെടുക്കാൻ സ്വാനിനു കഴിയാറില്ല. എന്തായാലും അന്നത്തെ വിരുന്നിൽ പങ്കെടുത്തുകള യാമെന്നു തീരുമാനിച്ച് അദ്ദേഹം വേഷം മാറ്റാൻ തുടങ്ങുമ്പോൾ പ്രി യസുഹൃത്തായ ചാർലൂസ് അപ്രതീക്ഷിതമായി വീട്ടിലേയ്ക്കു കയറിവ ന്നു. സത്യത്തിൽ, മാർക്ക്വിസിന്റെ വിരുന്നിലേയ്ക്കു സ്വാനിനെ കൂട്ടി ക്കൊണ്ടുപോകാനാണു ചാർലൂസ് വന്നത്. അടുത്ത പരിചയക്കാരാ രും കൂടെയില്ലാത്ത വിരസത മറക്കാൻ ഒരുപക്ഷേ സ്വാനിന്റെ സാ ന്നിദ്ധ്യം ഒരളവോളം സഹായകമാകുമെന്നു ചാർലൂസ് കരുതി. പ ക്ഷേ, ആ നിർദ്ദേശത്തോടു സ്വാൻ ഇങ്ങനെയാണു പ്രതികരിച്ചത്:

“താങ്കളുടെ ഈ സൗഹൃദം എനിയ്ക്കെത്ര ആഹ്ലാദമാണു പകരുന്ന തെന്നു പറഞ്ഞറിയിയ്ക്കാനാവില്ല. പക്ഷേ, എന്നെ വിരുന്നിനു കൂട്ടി ക്കൊണ്ടുപോകുന്നതിനുപകരം ഇന്നിപ്പോൾ താങ്കൾ നേരേ ഓദത്തി ന്റെ വീട്ടിലേയ്ക്കു പോകുന്നതാണ്, എനിയ്ക്കേറെ സന്തോഷകരമായി തോന്നുന്നത്; അവളുടെ മേലുള്ള താങ്കളുടെ സ്വാധീനത്തെക്കുറിച്ച് എനിയ്ക്കു നല്ല ബോദ്ധ്യമുണ്ട്. ഇന്നു വൈകുന്നേരം അവൾ ആ തയ്യൽ ക്കാരന്റെ വീട്ടിലേയ്ക്കല്ലാതെ മറ്റെങ്ങും പോകാനിടയില്ല. താങ്കൾകൂടി കൂട്ടത്തിൽ ചേർന്നാൽ അവൾക്കേറെ സന്തോഷമാകും. ഇപ്പോൾ പെട്ടെന്നിറങ്ങിയാൽ അവൾ പുറപ്പെടുന്നതിനുമുമ്പേ വീട്ടിലെത്താം. മാത്രമല്ല, ഇന്നു മുഴുവൻ താങ്കൾക്കവളുമായി സല്ലപിച്ചിരുന്നു നല്ല ചി ല ഉപദേശങ്ങളും നൽകാം. അവൾക്കു താൽപ്പര്യമുണ്ടെങ്കിൽ, നമുക്കു മൂന്നുപേർക്കുംകൂടി എന്തെങ്കിലും വിനോദപരിപാടി ആസൂത്രണം ചെയ്യുന്നതും നന്നായിരിയ്ക്കും. വേനൽക്കാലമായതുകൊണ്ട് പക്ഷേ ഒ രു ശീതീകരിണി ഏർപ്പാടാക്കാൻ മറക്കരുത്. ഒരു കപ്പൽയാത്ര പോലെ, അതെ, താങ്കളുടെ മനസ്സിൽ തോന്നുന്ന ഒരു പദ്ധതിയെ ക്കുറിച്ച്, അവളുടെ അഭിപ്രായം ചോദിച്ചറിയുന്നതിൽ തെറ്റില്ല. ഇന്നു രാത്രി എന്തായാലും എനിയ്ക്കവളെ കാണാനാവില്ല. അവൾക്കെന്നെ

കാണണമെന്നുണ്ടെങ്കിൽ, മാഡം സാങ്യൂവെർട്ടിന്റെ വീട്ടിലേയ്ക്കൊ-രാളെ വിട്ടാൽ മതി. അർദ്ധരാത്രിവരെ ഞാനവിടെയുണ്ടാകും. താങ്കൾ ചെയ്യുന്ന സഹായത്തിനു ഞാൻ മുൻകൂറായി നന്ദി പറയട്ടെ! ഇക്കാര്യത്തിൽ താങ്കളോടുള്ള കൃതജ്ഞത ഞാനൊരിയ്ക്കലും മറക്കില്ല!"

സ്വാനിനെ മാർക്വിസ് സാങ്യൂവെർട്ടിന്റെ വീട്ടുവാതിൽക്കൽ കൊണ്ടുചെന്നിറക്കി പറഞ്ഞതുപോലെ ചെയ്യാമെന്നു സമ്മതിച്ച്, ചാർല്യൂസ് ഓദത്തിന്റെ വീട്ടിലേയ്ക്കു പോയി. അന്നത്തെ രാത്രി ചാർല്യൂസ് ലാപെറൗസിലായിരിയ്ക്കും ചിലവഴിയ്ക്കുകയെന്ന വിചാരത്തിൽ സ്വാനിനു തെല്ലൊരാശ്വാസം തോന്നി. എങ്കിലും, ഓദത്ത് കൂടെയില്ലാത്തതുകൊണ്ട് യാതൊന്നിലും താൽപ്പര്യം തോന്നാതെ, പരിഷ്ക്കൃതജീവിതത്തിന്റെ ബാഹ്യമോടികളിൽ ഭ്രമിയ്ക്കാനുള്ള മാനസികനില നഷ്ടപ്പെട്ട്, വ്യാമോഹങ്ങളുടെ പ്രച്ഛന്നതയായി പ്രത്യക്ഷപ്പെടുന്ന ചില വിഷയങ്ങളിൽ വീണുഴന്നു വിഷാദമഗ്നമായ ഒരു നിസ്സംഗാവസ്ഥയിലായിരുന്നു അദ്ദേഹം. മാഡം സാങ്യൂവെർട്ടിന്റെ വീട്ടിൽ ക്ഷണിയ്ക്കപ്പെട്ട അതിഥികൾക്കു സമർപ്പിയ്ക്കാനായി, വേഷവിധാനങ്ങളുടെ കൃത്യതയിലും ഒരുക്കത്തിലും ജാഗ്രത പുലർത്തി, ആതിഥേയരായ അഭിജാതവനിതകൾ ഒരുക്കിവെച്ച ഗാർഹികജീവിതത്തിന്റെ ആഡംബരപൂർണമായ മായാലോകത്തു 'മണവാള'വേഷം ചമഞ്ഞുനിൽക്കുന്ന ചില ബൽസാക്കിലെ 'കടുവ'കളുടെ അനന്തരാവകാശികളെ നേരിട്ടു കാണാൻ കഴിഞ്ഞതിൽ സ്വാനിനു കൗതുകം തോന്നി. വിദേശയാത്രകളിൽ പ്രിയതമമാരുടെ പിന്നാലെ നടക്കാറുള്ള അവരിപ്പോൾ പക്ഷേ, വീടിനു മുന്നിലെ ചരൽപ്പാതയിലും കുതിരലായങ്ങൾക്കു മുന്നിലും തോട്ടപ്പണിക്കാർ നിരത്തിവെച്ച പൂങ്കുലകൾ പരിശോധിയ്ക്കാനെന്നപോലെ, തൊപ്പിയും ചെരിപ്പും ധരിച്ച് ഉപചാരപൂർവം കാത്തു നിന്നു. ജീവിച്ചിരിയ്ക്കുന്ന മനുഷ്യരെ പ്രദർശനശാലകളിലെ ചിത്രങ്ങളുമായി ബന്ധപ്പെടുത്താൻ പ്രത്യേകതാൽപ്പര്യമുള്ള സ്വാനിനു തീർച്ചയായും ആ സാദൃശ്യം കൃത്യമായി ബോദ്ധ്യപ്പെട്ടു. ക

റച്ചുകാലമായി സ്വയം വിട്ടുനിന്ന പരിഷ്ക്കൃതസമൂഹത്തിന്റെ സകല സവിശേഷതകളും ആ ചിത്രങ്ങളുടെ നീണ്ട നിരകളായി അദ്ദേഹ ത്തിനു മുന്നിൽ പ്രത്യക്ഷപ്പെട്ടു. കഴിഞ്ഞകാലങ്ങളിൽ അവരിലൊരാ ളെപ്പോലെ, ഇതുപോലുള്ള വിരുന്നുകളിൽ പങ്കെടുക്കുമ്പോൾ പരിസ രം ശ്രദ്ധിയ്ക്കാതെ, വേഷം മാറാൻ ഒരുക്കിവെച്ച മുറിയിലേയ്ക്കു ചെന്നു നിമിഷങ്ങൾക്കകം അനൌപചാരികവേഷത്തിൽ പുറത്തിറങ്ങുന്ന തിനിടയിലുള്ള ഒന്നോരണ്ടോ മിനിട്ടുനേരം അദ്ദേഹത്തിന്റെ മനസ്സ്, തൊട്ടു മുമ്പു പങ്കെടുത്ത വിരുന്നിലും അല്ലെങ്കിൽ അടുത്തതായി പോ കേണ്ട ദിക്കിലും മാത്രമേ വ്യാപരിയ്ക്കാറുള്ളൂ. ഇന്നു പക്ഷേ ജീവിത ത്തിലാദ്യമായി, അവിടവിടെ ഓരോ ബഞ്ചിലും പെട്ടിപ്പുറത്തുമായി ഉറക്കത്തിലേയ്ക്കു വഴുതിവീണ പാറാവുകാർ, അപ്രതീക്ഷിതമായി വൈകി വന്ന വിശിഷ്ടാതിഥികളുടെ വരവിനെത്തുടർന്നു ചിന്നിച്ചിത റിയ വണ്ടിക്കുതിരകളുടെ ആരവം കേട്ടു സ്വയം ഉത്തേജിതരായി കാവൽനായ്ക്കളുടെ പാരമ്പര്യം പിന്തുടരുന്നതുപോലെ, പെട്ടെന്നു ചാടിയെഴുന്നേറ്റു നാലുപാടും വൃത്താകൃതിയിൽ അണിനിരന്നു നിൽ ക്കുന്നത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു.

നവോത്ഥാനകാലത്തെ ചിത്രങ്ങളിൽ വധശിക്ഷയും ശാരീരിക പീഢനവും നടപ്പാക്കാൻ നിയുക്തരായ ചില ക്രൂരസത്വങ്ങളെപ്പോ ലെ, ഭയങ്കരത്വം ആരോപിയ്ക്കാവുന്ന ഒരാൾ സ്വാനിന്റെ പക്കലുള്ള 'സാധനങ്ങളേ'റ്റു വാങ്ങാൻ നിർദ്ദയമായ മുഖഭാവത്തോടെ മുന്നോട്ടു വന്നു. അയാളുടെ മസൃണമായ പരുത്തിക്കൈയുറകളുടെ മാർദ്ദവം, ഉ രുക്കിന്റെ ശക്തി വെളിവാക്കുന്ന നോട്ടത്തിന്റെ തീക്ഷ്ണത ഒരള വോളം പരിഹരിച്ചു. അടുത്തേയ്ക്കു നടന്നടുക്കുന്ന അയാൾ, സ്വാനിന്റെ വ്യക്തിത്വത്തോടു പുച്ഛവും അതേ സമയം തൊപ്പിയോടു സൌമ്യമാ യൊരു ആദരവും പ്രദർശിപ്പിച്ചു. ചലനങ്ങളുടെ കൃത്യതയിൽ മതിവ രാത്ത ശ്രദ്ധയോടെ, കരുത്തിന്റെ തെളിവായി മിക്കവാറും സ്പർശന മാത്രമായ ലാളിത്യത്തോടെ, അയാൾ അദ്ദേഹത്തിന്റെ തൊപ്പിയെ ടുത്ത് അകമ്പടിക്കാരന്റെ കൈയിലേൽപ്പിച്ചു; അവനാകട്ടെ, അത്ത

രം കാര്യങ്ങളിലുള്ള പരിചയക്കുറവു മറച്ചു വെയ്ക്കാതെ നാലുഭാഗത്തേയ്ക്കും കാതരദൃഷ്ടികൾ പായിച്ച്, കെണിയിലകപ്പെട്ട മൃഗം ആദ്യനിമിഷങ്ങളിൽ കാണിയ്ക്കുന്ന ചില അസ്വസ്ഥതകൾ പ്രകടിപ്പിച്ചു.

കുറച്ചു ദൂരെ മാറി പരിചാരകവേഷത്തിൽ നിന്ന സൂത്രശാലിയായ ഒരു പയ്യൻ, മാന്റേഗ്നായുടെ ചിത്രങ്ങളിൽ ആലങ്കാരികമായി വരച്ചു ചേർത്ത യോദ്ധാവിനെ ഓർമ്മിപ്പിച്ചുകൊണ്ട്, നാലുപാടും അതിരൂക്ഷമായ പോരാട്ടവും രക്തച്ചൊരിച്ചിലും മരണവും നടക്കുമ്പോൾ സ്വന്തം പരിചമേൽ ചാരി സ്വപ്നങ്ങളിൽ ലയിച്ച പ്രതിമപോലെ നിശ്ചലനായി നിന്നു. സ്വാനിനു ചുറ്റും വെറുതെ തിക്കിത്തിരക്കുന്ന സ്വന്തം വർഗക്കാരിൽനിന്നു വേറിട്ടു നിന്ന അവൻ, തൊട്ടു മുമ്പിൽ നടക്കുന്ന 'നിരപരാധികളുടെ കൂട്ടക്കുരുതി' ഒരുവിധത്തിലും തന്നെ ബാധിയ്ക്കുന്നതല്ലെന്ന നിശ്ചയദാർഢ്യത്തിൽ ഉദാസീനനായി പച്ചനിറമുള്ള ക്രൂരമായ കണ്ണുകളോടെ പരിസരം ശ്രദ്ധിച്ചു. അവന്റെ രൂപം, പാദുവാമാതൃകയിലുള്ള കലാകാരന്മാർ നിർമ്മിച്ച പ്രാമാണികപ്രതിമകളുടെ ശൈലിയുള്ള കലാസൃഷ്ടികളിലും സാൻസെനോയുടെ അൾത്താരാചിത്രങ്ങളിലും കാണുന്ന സ്വപ്നസന്നിഭമായ ആ കാഴ്ച, തീർച്ചയായും, വംശനാശം സംഭവിച്ച ആ വർഗത്തിൽനിന്നു പുനർജ്ജനിച്ചതുപോലെ തോന്നിച്ചു. എണ്ണ തേച്ചു തലയോടു ചേർത്ത് ഒട്ടിച്ചുവെച്ച അവന്റെ ചുവന്ന മുടിച്ചുരുളുകൾ, ജന്മനാതന്നെ ഇഴപിരിഞ്ഞതുമൂലം, മാന്റ്വൻ ചിത്രകാരന്മാർ സ്വീകരിച്ചുപോന്ന ഗ്രീക്കുശിൽപ്പമാതൃകയുടെ കൃത്യമായ അനുശീലനമായി കാണപ്പെട്ടു. സൃഷ്ടികർത്താവിന്റെ രൂപരേഖയിൽനിന്നു പ്രകൃതിനിയമങ്ങളുടെ ചാപല്യവും വൈവിദ്ധ്യവും ചോർത്തിക്കളഞ്ഞു കഴുകന്റെ കൊക്കുപോലെ വളഞ്ഞ ശിരസ്സിൽ ചീകിയൊതുക്കിവെച്ച ചുരുളൻമുടിയ്ക്കു മീതെ സ്ഥാപിച്ച കിരീടം, കടൽപ്പായലുകളും ചിറകു മുളയ്ക്കുന്ന പ്രാവിൻകുഞ്ഞുങ്ങളും ആടിയുലയുന്ന കോളാമ്പിപ്പൂക്കളുമാണെന്നു പെട്ടെന്നാരും സംശയിച്ചുപോകും. അതുപോലെ പ്രാമാണികശിൽപ്പമാതൃകയുടെ ഉദാഹരണമായ കോണിപ്പടിയുടെ ഓരോ നടയിലും ഭീമാകാരരായ ചിലരെ

ക്രമാനക്രമമായി നിരത്തിനിർത്തിയിരുന്നു. അവരുടെ ആലങ്കാരികസാന്നിദ്ധ്യവും ശിലാസമാനമായ നിശ്ചലതയും മൂലം, പണ്ടു ഡോഗെസ് കൊട്ടാരത്തിൽ നടന്ന ദൈവാഭിഷിക്തമായ ആരോഹണം പോലെ, ആ കോണിപ്പടി 'അതികായരുടെ കോണിപ്പടി'യെന്ന അപരനാമത്തിനുപോലും യോഗ്യമായി. കോണിപ്പടിയിലേയ്ക്കു കാലെടുത്തുവെച്ചപ്പോൾ, ഓദത്ത് തന്റെ കൂടെയില്ലെന്ന നടുക്കത്തിൽ സ്വാനിന്റെ മനസ്സു പെട്ടെന്നൊന്നു നീറി; അതേസമയം, നിസ്സാരനായൊരു തയ്യൽക്കാരന്റെ ദുർഗന്ധം വമിയ്ക്കുന്ന വളഞ്ഞു പിരിഞ്ഞുള്ള കോണിപ്പടി ചാടിക്കയറാൻ അദ്ദേഹത്തിനൊരു ബുദ്ധിമുട്ടു തോന്നിയതുമില്ല! അയാളുടെ വീടിന്റെ മച്ചിൽ ഓദത്തിനെ തൊട്ടടുത്തിരുത്തി വൈകുന്നേരങ്ങൾ ചിലവഴിയ്ക്കാൻ കഴിയുമെങ്കിൽ, നാടകശാലയിലെ ഒരു മുറിയുടെ ഒരാഴ്ചത്തെ വാടക മുൻകൂറായി നൽകാൻപോലും അദ്ദേഹം തയാറായിരുന്നു. അപ്പോൾ, അവളോടു സകലതു തുറന്നു സംസാരിച്ച്, പതിവായി കാണുകയും ഇടപെടുകയും ചെയ്യുന്നവരിൽ അവളുടെ ജീവിതവുമായി ബന്ധപ്പെട്ട നിഗൂഢവും ദുർഗ്രഹവുമായ കാര്യങ്ങളറിയാവുന്നവരുടെകൂടെ അദ്ദേഹത്തിനു താമസിയ്ക്കാമായിരുന്നു. തയ്യൽക്കാരന്റെ മുറിയിലേയ്ക്കു കയറാൻ സാംക്രമികരോഗങ്ങൾ പടർത്തുന്ന മലിനമായ ആ കോണിപ്പടിയല്ലാതെ മറ്റൊരു വഴിയില്ല; ആ കോണിപ്പടിയ്ക്കു താഴെ വാതിലിനു സമീപം പിറ്റേന്നു പ്രഭാതത്തിലെ ആവശ്യങ്ങൾക്കായി കരുതിവെച്ചിരിയ്ക്കുന്ന വൃത്തികെട്ട ഒഴിഞ്ഞ ഒരു പാൽപ്പാത്രവും കാണാം. ഇന്നിപ്പോൾ അവളുടെ സാമീപ്യമില്ലാതെ സ്വാൻ ഒറ്റയ്ക്കു നടന്നു കയറുന്ന വിശാലമായ ഈ കോണിപ്പടിയുടെ ഇരുവശങ്ങളിലും, ഓരോ വളവിനും പിരിവിനും മുമ്പിൽ പല തട്ടുകളിലായി ചുമട്ടുകാരന്റെ മുറിയുടെ ജനാലകളും ഗാർഹികസേവനത്തിന്റെ വിവിധങ്ങളായ വകുപ്പുകൾ കൈകാര്യം ചെയ്യുന്നവരുടെ മുറിയിലേയ്ക്കുള്ള വാതിലുകളുമാണുള്ളത്. അതിഥികൾക്കു മുമ്പിൽ കൈകൂപ്പി ആദരവർപ്പിയ്ക്കുന്ന പാചകക്കാരും പാറാവുകാരും പരിചാരകരും തുടങ്ങി ഓരോരുത്തരും സ്വയമണിയാൻ നിർ

ബന്ധിതമായ വേഷങ്ങളിൽ അസ്വസ്ഥരായി, കാര്യസ്ഥന്മാരുടെ ഓരോ നിർദ്ദേശവും കൃത്യമായി പാലിയ്ക്കുന്നതിൽ ബദ്ധശ്രദ്ധരായി നിന്നു. അന്നത്തെ ദിവസം ഏൽപ്പിച്ച ജോലികളിൽ സമർത്ഥരായ അവർ പക്ഷേ മറ്റു ദിവസങ്ങളിൽ സ്വന്തം സാമ്രാജ്യത്തിലെ പരിമിതസ്വാതന്ത്ര്യം നുകർന്നു ചെറുകിടവ്യാപാരികളെപ്പോലെ ഒറ്റയ്ക്കിരുന്നു ഭക്ഷണം കഴിച്ചു പ്രസിദ്ധനായൊരു ഡോക്ടറുടേയോ വ്യവസായ പ്രമുഖന്റെയോ വിട്ടുപണിയ്ക്കു പോകുന്നവരായിരിക്കും. ജനാധിപത്യപരമായ സഹവർത്തിത്വം മൂലം പരിപക്വമായ അവരുടെ ആഡംബരമോടി, ഭിത്തികളിൽ ചിത്രീകരിച്ചിരിയ്ക്കുന്ന വിശുദ്ധരെപ്പോലെ, കമാനാകൃതിയുള്ള കവാടങ്ങളിലൊരു പശ്ചാത്തലദൃശ്യമായി നിലകൊണ്ടു. പള്ളിയിലെ വിചാരിപ്പുകാരനെപ്പോലെ, പടയാളിയായി വേഷം ധരിച്ച ദ്വാരപാലകൻ ഓരോ അതിഥിയും കടന്നുപോകുമ്പോൾ കൈയിലെ ദണ്ഡ് വെണ്ണക്കല്ലു പാകിയ നടപ്പാതയിൽ ആഞ്ഞുകുത്തി ശബ്ദമുണ്ടാക്കി. ഗോയായുടെ നാടകങ്ങളിൽ കാണുന്ന കപ്യാരേയോ കൈക്കാരനേയോപോലെ തലയ്ക്കു പിറകിൽ ചെറിയ പന്നിവാലു കെട്ടിത്തൂക്കി വിളറിയ മുഖഭാവമുള്ള പരിചാരകന്റെ അകമ്പടിയോടെ സ്വാൻ കോണിത്തളത്തിൽ ചെന്നു നിന്നപ്പോൾ മുൻവശത്തെ ഓഫീസിൽ, പ്രമാണങ്ങൾ സാക്ഷ്യപ്പെടുത്താനുള്ള ഉദ്യോഗസ്ഥരെപ്പോലെ, തടിച്ചുവീർത്ത കണക്കുപുസ്തകങ്ങൾക്കു പിന്നിൽനിന്നൊരു ഗുമസ്തൻ സാദരം എഴുന്നേറ്റു വന്ന് അദ്ദേഹത്തിന്റെ പേരു വരവു വെച്ചു. സ്വാൻ കടന്നുചെന്ന ചെറിയ വരാന്തയിൽ, കലാപരിപാടിയ്ക്കായി ആതിഥേയർ സംവിധാനം ചെയ്തിരുന്ന ഭാഗത്ത്, സെല്ലിനിയുടെ നിശ്ചലനിശ്ശൂന്യതയിൽ നിൽക്കുന്ന ആയുധധാരിയായ കാവൽക്കാരന്റെ പ്രതിമപോലെ, യുവാവായ ഒരു പരിചാരകൻ ശരീരം മുന്നോട്ടു വളച്ചു ചുവപ്പുരാശിയുള്ള മുഖത്തുനിന്നു തീജ്ജ്വാല പുറപ്പെടുവിയ്ക്കുന്നതുപോലെ നിന്നു; സംഗീതപരിപാടി നടക്കുന്ന മുറിയുടെ വാതിൽക്കൽ തൂക്കിയ ചിത്രകംബളം ഒതുക്കിപ്പിടിച്ച് സങ്കോചഭാവത്തോടെ അകത്തേയ്ക്കു നോക്കുന്ന അവന്റെ ഭാവം, പടയാളിയുടെ

നിർവികാരതയും അലൗകികതയും ചേർന്ന് ഒരു മുന്നറിയിപ്പിന്റെ സൂചനയും ജാഗ്രതയുടെ അവതാരവും കലാപത്തിന്റെ ഓർമ്മയുമായി മാറി; അവന്റെ കണ്ണുകൾ, ശത്രുക്കളെ നേരിടാൻ ദേവാലയത്തിലെ നിലവറയിൽ നിന്നു ദൈവദൂതനായി വന്ന യോദ്ധാവിനെ തിരയുന്നതുപോലെ നാലുദിക്കിലേയ്ക്കും ഒരുപോലെ തിരിഞ്ഞു. ഇനി സ്വാനിനു സംഗീതശാലയിലേയ്ക്കു കടക്കുകയേ വേണ്ടു. കഴുത്തിൽ ചങ്ങല ധരിച്ച ഒരു ദ്വാരപാലകൻ, സ്വയം കീഴടക്കിയ നഗരത്തിന്റെ താക്കോൽ ചക്രവർത്തിയ്ക്കു സമർപ്പിയ്ക്കുന്നതുപോലെ അദ്ദേഹത്തിനു മുമ്പിൽ താണു വണങ്ങി സംഗീതശാലയുടെ വാതിൽ മലർക്കെ തുറന്നു. പക്ഷേ, ആ നിമിഷം അദ്ദേഹം ഓദത്തിന്റെ വീടിനെക്കുറിച്ചാണോർത്തത്; വീടിന്റെ വാതിൽക്കൽ കരുതി വെച്ച ഒഴിഞ്ഞ പാൽപ്പാത്രത്തിന്റെ ഓർമ്മ അദ്ദേഹത്തിന്റെ ഹൃദയം കീറിമുറിച്ചു.

ചിത്രകംബളംപോലെ വിശാലമായ തിരശ്ശീലയുടെ സുതാര്യമായ വശത്തു പരിചാരകന്മാർ അതിഥികൾക്കുവേണ്ടി സ്ഥലമൊഴിയുന്ന കാഴ്ച നോക്കിനിന്നപ്പോൾ, പുരുഷത്വത്തിന്റെ വൈരൂപ്യത്തെ സംബന്ധിച്ച സഹജമായ ധാരണ വീണ്ടെടുത്ത സ്വാനിനു പല പരിചിതമുഖങ്ങളും അത്യന്തം ബീഭത്സകരമായി തോന്നി; അത്തരം സവിശേഷതകൾ ചില വ്യക്തികളെ തിരിച്ചറിയാനുള്ള പ്രായോഗികമായ പ്രയോജനത്തേക്കാൾ ഉപചാരം സ്വീകരിയ്ക്കാനും വിരസത നീക്കാനും ആഹ്ലാദം പങ്കുവെയ്ക്കാനുമുള്ള ഉപാധികളായാണു സ്വാൻ പണ്ടു മുതൽക്കേ കണ്ടു ശീലിച്ചിരുന്നത്; പക്ഷേ, ഇന്നിപ്പോൾ അവയ്ക്കു പകരം സൗന്ദര്യാത്മകമായ മാനദണ്ഡങ്ങൾകൊണ്ട് അളന്നു കുറിയ്ക്കാവുന്നവിധം അവരുടെ രൂപപരമായ വക്രതകളും കോണുകളും അദ്ദേഹത്തിനു വ്യക്തമായി തെളിഞ്ഞു വന്നു. നാലുപാടും നിരന്നുനിൽക്കുന്ന മനുഷ്യരിൽ, കണ്ണട ധരിയ്ക്കുന്നവരെ പണ്ടു പെട്ടെന്നു കണ്ടറിയാൻ കഴിഞ്ഞിരുന്നു; ഇന്നിപ്പോൾ ചിലർ ധരിച്ച ഒറ്റക്കണ്ണടപോലും വ്യക്തിത്വത്തിന്റെ പ്രത്യേകത വെളിപ്പെടുത്തുന്ന യാതൊരു സവിശേഷതയും സ്വാനിനു പകർന്നു കൊടുത്തില്ല. വാതിലിനടുത്തു സം

സാരിച്ച നിന്ന മാർക്ക്വിസ് ബ്രൂട്ടും ജനറൽ ഫ്രോബെർവില്ലും, പണ്ടു സ്വാനിനെ ജോക്കി ക്ലബ്ബിൽ ചേർത്തു മത്സരങ്ങളിൽ പിന്തുണ നൽകിയിരുന്ന പരിചയക്കാരായിരുന്നെങ്കിലും, ചിത്രത്തിലെ രണ്ടു നിഴൽരൂപങ്ങളായി മാത്രമേ അദ്ദേഹത്തിനു കാണാനായുള്ളൂ. അതുകൊണ്ട് ജനറൽ ധരിച്ചിരുന്ന ഒറ്റക്കണ്ണട, വടുകെട്ടി വിശാലമായ മുഖത്തൊരു കക്കപ്പൊളിപോലെ നെറ്റിയുടെ ഇടതുഭാഗം മറച്ചു താഴോട്ടു തൂങ്ങിക്കിടക്കുന്നതു കണ്ടാൽ, പുറമേയ്ക്കു പ്രദർശിപ്പിയ്ക്കാൻ വയ്യാത്ത ബീഭത്സമായൊരു വ്രണമാണെന്നുപോലും തോന്നിപ്പോകും; അതേസമയം, ചാരനിറമുള്ള കൈയുറയും വെളുത്ത പട്ടയും ചളുങ്ങിയ തൊപ്പിയും ധരിച്ച ബ്രൂട്ട്, പുറത്തേയ്ക്കു പോകുമ്പോൾ സ്വാൻ ചെയ്യാറുള്ളതുപോലെ, , ഒറ്റക്കണ്ണടയ്ക്കു പകരം ചില്ലുപാളിപോലെ ഒട്ടിയ്ക്കാവുന്ന ഇരട്ടക്കണ്ണടയ്ക്കിടയിലൂടെ, പൂർണമായ ശ്രദ്ധയും കേന്ദ്രീകരിച്ചു നടത്തുന്ന നോട്ടത്തിൽ, മേൽത്തട്ടിന്റെ ഔന്നത്യവും സൽക്കാരത്തിന്റെ ആരവവും പരിപാടികളുടെ രസികത്വവും വിഭവങ്ങളുടെ വൈവിദ്ധ്യവും കണ്ടു ഭ്രമിച്ച് ഇടതടവില്ലാതെ ഇമ ചിമ്മിക്കൊണ്ടിരുന്നു.

“ഇതാര്! നിങ്ങൾ ഇവിടെ? എന്തൊരത്ഭുതം, നേരിൽ കണ്ടിട്ടു യുഗങ്ങളായെന്നു തോന്നുന്നു!“, ജനറൽ ഫ്രോബെർവിൽ നേരിട്ടു വന്നു സ്വാനിനെ അഭിവാദ്യം ചെയ്തു പറഞ്ഞു. ഉടനെ സ്വാനിന്റെ മുഖത്തു പ്രകടമായ അസ്വസ്ഥത ശ്രദ്ധിച്ച്, ഒരുപക്ഷേ ഗുരുതരമായൊരു രോഗം ബാധിച്ചതുകൊണ്ടായിരിയ്ക്കാം കുറേക്കാലം പരസ്പരം കാണാതിരുന്നതെന്ന തൽക്ഷണനിഗമനത്തിൽ അദ്ദേഹം തുടർന്നു. “സുഹൃത്തേ, ഇന്നു പക്ഷേ നിങ്ങൾ നല്ല ഉഷാറായിരിയ്ക്കുന്നു!“. അപ്പോൾ, ബ്രൂട്ട് പിന്നോട്ടു തിരിഞ്ഞു നിന്നു തൊട്ടു മുന്നിൽ കണ്ട 'സാമൂഹ്യനോവലിസ്റ്റി'നോടു ചോദിയ്ക്കുകയായിരുന്നു: “പ്രിയസുഹൃത്തേ, ഇവിടെ ഇത്ര അടിയന്തിരമായി നിങ്ങളിപ്പോൾ എന്താണു ചെയ്യുന്നത്?“. നോവലിസ്റ്റ്, ഓരോരുത്തരുടേയും ഭാവപ്രകടനങ്ങൾ നിരീക്ഷിച്ചു നിർദ്ദയമായ വിശകലനം നടത്താനുള്ള ഒരേയൊരു ഉപാധിയായി ഉപ

യോഗിയ്ക്കുന്ന ഒറ്റക്കണ്ണട, പുരികത്തിനും കവിളിനുമിടയ്ക്കൊരു പ്രത്യേകമായ കോണിൽ ഘടിപ്പിയ്ക്കാനുള്ള ബദ്ധപ്പാടിൽ, നിഗൂഢമായ ഗൗരവത്തോടെ, 'ര'കാരത്തിനു വല്ലാത്ത ഊന്നൽ നൽകിക്കൊണ്ടു പറഞ്ഞു: “ഞാ..നോ..രോ..ന്നും നിരീ..ക്ഷിച്ചു..കൊണ്ടി..രിയ്ക്കുകയാണ്!“.

തീരെ ചെറുതും വക്കില്ലാതെ വളഞ്ഞതുമായിരുന്നു, മാർക്വിസ് ഫോറെസ്റ്റിക്കിന്റെ ഒറ്റക്കണ്ണട! കണ്ണുകൾ ഇടയ്ക്കിടെ ചുളിച്ചു നോക്കുമ്പോൾ പോളകൾക്കു മീതെ വന്നു മൂടുന്ന തിമിരം മൂലം, വിശദീകരിയ്ക്കാനും സങ്കൽപ്പിയ്ക്കാനുമാവാത്തവിധം അദ്ദേഹത്തിന്റെ മുഖത്തു പ്രതിഫലിയ്ക്കുന്ന വിഷാദഛവി, പ്രണയത്തിന്റെ തീവ്രയാതന സഹിയ്ക്കാൻ കെൽപ്പുള്ളവനാണെന്ന ഒരു തെറ്റിദ്ധാരണ സ്ത്രീകളിൽ ജനിപ്പിയ്ക്കാൻ പര്യാപ്തമായിരുന്നു. പക്ഷേ, സാങ്കാൻഡ് ധരിച്ചിരുന്ന ഒറ്റക്കണ്ണട തടിച്ച വളയത്തിനുള്ളിൽ ശനിയുടെ ഭ്രമണപഥമായി, മുഖത്തിന്റെ ഗുരുത്വാകർഷണകേന്ദ്രംപോലെ തോന്നിച്ചു; കണ്ണടയുടെ സ്ഥാനത്തിനനുസരിച്ചു നിരന്തരം മാറുന്ന ഭാവത്തോടെ, ചതഞ്ഞ മൂക്കും വിങ്ങിയ ചുണ്ടുകളും ചേർന്ന വികൃതമായ പുഞ്ചിരിയോടെ, പരിഷ്കൃതവനിതകളുടെ വശ്യമായ കടാക്ഷങ്ങൾക്കു ശരവ്യമായി ഇന്ദ്രിയാനുഭൂതികളുടെ പാരമ്യത്തിൽ ലയിച്ച സ്വപ്നജീവിയെപ്പോലെ അദ്ദേഹം നിശ്ചലനായി നിന്നു. സാങ്കാൻഡിനു പിറകിൽ നിന്ന പാലൻസി, വലിയൊരു കരിമീനിന്റെ തലയും തുറിച്ച ഉണ്ടക്കണ്ണുകളുമായി അതിഥികൾക്കിടയിലൂടെ നില തെറ്റാതെ നടക്കാനുള്ള കഠിനപ്രയത്നത്തിൽ വിശാലമായ താടിയെല്ലുകൾ വിടർത്തി ചില്ലുകൊണ്ടുള്ള മത്സ്യപേടകത്തിന്റെ പ്രതീകാത്മകമായൊരു ഭാഗം ശരീരത്തിലുണ്ടെന്ന ഭാവത്തിൽ സാവധാനം അങ്ങുമിങ്ങും നടന്നുകൊണ്ടിരുന്നു. ഗിയോട്ടോയുടെ 'പാദുവയിലെ പാപപുണ്യങ്ങളോ'ട് ആവേശോജ്ജ്വലമായൊരു ആരാധനയുള്ള സ്വാനിനു പക്ഷേ, ‘അനീതി' യുടെ ഒരു വശത്തു വരച്ചുചേർത്ത ഇലകളുള്ള മരക്കൊമ്പ് വനാന്തരത്തിലെ രഹസ്യസങ്കേതമാണെന്ന സൂചന മനസ്സിലായതുപോലെ, പാലൻസിയുടെ വ്യക്തിത്വത്തിന്റെ പൂർണത ആ പ്രതീകാത്മ

കഭാഗം വ്യക്തമായി വ്യഞ്ജിപ്പിച്ചു.

സ്വാൻ, മാഡം സാങ്ഗ്യൂവെർട്ടിന്റെ സൌമ്യമായ നിർബന്ധത്തിന വഴങ്ങി, വേദിയിലെ ഗായകർ പുല്ലാങ്കുഴലിൽ വായിയ്ക്കുന്ന ഓർഫിയോയുടെ ലഘുഗീതം കേൾക്കാൻവേണ്ടി കുറച്ചു കൂടി മുന്നോട്ടു നീങ്ങി വിജനമായൊരു മൂലയ്ക്കൽ ചെന്നുനിന്നു. പക്ഷേ നിർഭാഗ്യവശാൽ അദ്ദേഹത്തിന്റെ കാഴ്ചവട്ടം, തൊട്ടു തൊട്ടിരുന്ന 'അനിശ്ചിത' വയസ്ക്കരായ മാർക്ക്വിസ് കാംബ്രേമറിനും വിക്കോംതെസ്സ് ഫ്രാങ്കെ്വടോട്ടിനും മദ്ധ്യത്തിൽ ഒതുങ്ങിപ്പോയി. അവരിരുവരും അടുത്ത ബന്ധുക്കളായിരുന്നതുകൊണ്ടു മിക്ക വിരുന്നുകളിലും പങ്കെടുത്തു സമയം കളയുന്നതൊരു പതിവാക്കിയിരുന്നു; റെയിൽവേസ്റ്റേഷനിൽ യാത്രയ്ക്കെത്തുന്ന ചിലർ ചെയ്യാറുള്ളതുപോലെ, വലിയൊരു സഞ്ചി മാറോടു ചേർത്തു പിടിച്ചു മകളെ പിന്നിൽ നടത്തി അവരോരോ മുറിയിലും ബന്ധുക്കളെ തിരഞ്ഞ് അവസാനം അടുത്തടുത്ത രണ്ടു കസേരകളിൽ വിശറിയോ തുവാലയോ നിക്ഷേപിച്ചു കൂടുതൽ നല്ല ഇരിപ്പിടങ്ങൾ ലഭിയ്ക്കുന്നതുവരെ ചുറ്റിക്കറങ്ങും; വിരുന്നിനു വന്നവരിൽ ആരേയും പരിചയമില്ലാത്ത മാഡം കാംബ്രേമറിനു മാഡം ഫ്രാങ്കെ്വടോട്ടിനെ കൂട്ടു ലഭിച്ചതിൽ പ്രത്യേകമായൊരു സന്തോഷംതന്നെ തോന്നി. മറിച്ച്, സദസ്യർക്കു സുപരിചിതയായ മാഡം ഫ്രാങ്കെ്വടോട്ട്, ബാല്യകാലസ്മരണകൾ പങ്കിടാവുന്ന ഒരു ഗ്രാമീണബന്ധുവിന്റെ സൌഹൃദത്തിനാണു മറ്റെല്ലാ ചങ്ങാത്തത്തേക്കാളും താൻ മുൻഗണന നൽകുന്നതെന്നു മാഡം കാംബ്രേമറിനെ ബോദ്ധ്യപ്പെടുത്തുന്നതിൽ അത്യധികമായ ചാരിതാർത്ഥ്യവും അനുഭവിച്ചു. പുല്ലാങ്കുഴലിനു ശേഷം പിയാനോയിൽ വായിച്ചു തുടങ്ങിയ സങ്കീർത്തനഭാഗം ('സെന്റ് ഫ്രാൻസിസ് കിളികളുമായി നടത്തുന്ന പ്രഭാഷണം'), അവരിരുവരും ആസ്വദിയ്ക്കുന്നതു ശ്രദ്ധിച്ച സ്വാൻ വിരോധാഭാസം കലർന്ന വിഷാദഭാവത്തോടെ ആ സംഗീതകാവ്യത്തിന്റെ ആലക്തികലഹരിയിൽ സ്വയം മറന്നുനിന്നു. മാഡം ഫ്രാങ്കെ്വടോട്ട് ശിരസ്സു തുളച്ചു കയറുന്ന കണ്ണുയർത്തി പിയാനോയുടെ തന്ത്രികളിൽ ചടുലമായി ചാടിക്കളി

യ്യുന്ന പിയാനിസ്റ്റിന്റെ വിരലുകളിലേയ്ക്കു സകല ശ്രദ്ധയും പതിപ്പിച്ചു; ഞാണിന്മേൽക്കളി നടത്തുന്ന തന്ത്രികളുടെ നീണ്ട നിര ഏതു നിമിഷം വേണമെങ്കിലും പൊട്ടിച്ചിതറി അഗാധമായൊരു ഗർത്തത്തിൽ ചെന്നു വീഴാൻ സാദ്ധ്യതയുണ്ടെന്ന ഉദ്വേഗത്തോടെ ഇടയ്ക്കിടെ അവിശ്വാസവും ആശ്ചര്യവും കലർന്ന ചില കടാക്ഷങ്ങൾ അവർ സുഹൃത്തിനു നേർക്കു ഗൂഢമായി തൊടുത്തുവിട്ട്, ആത്മഗതമായി പറഞ്ഞു: “ഇല്ല, ഇതൊരിയ്ക്കലും സാദ്ധ്യമല്ല! ഒരു മനുഷ്യജീവിയും ഇതുപോലെ പിയാനോ വായിയ്ക്കുമെന്നു ഞാൻ വിശ്വസിയ്ക്കില്ല!“. അതേ സമയം, സംഗീതത്തിൽ സാമാന്യത്തിലേറെ അവഗാഹമുണ്ടെന്നു സ്വയം അഭിമാനിച്ചിരുന്ന മാഡം കാംബ്രേമർ, വേദിയിലിരുന്ന ഗായകർക്കു പക്കവാദ്യമൊരുക്കുന്നതുപോലെ, കൃത്യമായ ഇടവേളകളിൽ ഇരുവശത്തേയ്ക്കും തലയാട്ടിക്കൊണ്ട് ഒരു നാഴികമണിയുടെ ആന്ദോളകാവസ്ഥയിൽ ചെന്നെത്തി. വേദനയറിയാത്ത രോഗി ഇച്ഛാശക്തി കൂടി നഷ്ടപ്പെട്ടു നിസ്സഹായനായി വിലപിയ്ക്കുന്നതുപോലെ, കണ്ണുകളിലൊരു അമ്പരപ്പിന്റെ ഉപേക്ഷാഭാവത്തോടെ, ശിര:കമ്പനത്തിന്റെ വീശലും വേഗതയും അനുനിമിഷം വർദ്ധിച്ചുവന്നപ്പോൾ അവരുടെ കാതിൽ തൂങ്ങിക്കിടന്ന വജ്രക്കമ്മലുകൾ മാർക്കുപ്പായത്തിന്റെ ഞൊറികളിൽ താനേ കൊളുത്തിപ്പിടിച്ചു; ശിരസ്സിൽ ചൂടിയ മുന്തിരിക്കുല മുറുക്കിക്കെട്ടാൻ നിർബന്ധിതയായെങ്കിലും ആ ഒരൊറ്റ മാത്ര അവർ അഭംഗുരമായ താളഗതിയ്ക്കു തടസ്സം വരാതിരിയ്ക്കാൻ പ്രത്യേകം ശ്രദ്ധ ചെലുത്തി. മാഡം ഫ്രാങ്കെറ്റോട്ടിന്റെ വലതു വശത്തു കുറച്ചു മുന്നോട്ടു നീങ്ങി, ഗ്വെർമാന്റിസ് കുടുംബവുമായുള്ള ബന്ധുത്വത്തിന്റെ മധുരചിന്തകളിൽ മയങ്ങി മാർക്ക്വിസ് ഗല്ലാർഡൺ സ്വയം ധ്യാനലീനയായിരിയ്ക്കുന്നതു സ്വാൻ കണ്ടു; ആ ബന്ധുത്വത്തിൽനിന്നു മാനക്കേടിന്റെ പൊടിപോലുമില്ലാത്ത നല്ലൊരു പങ്കു മഹത്വം പരസ്യമായും സ്വകാര്യമായും സ്വാംശീകരിച്ചിരുന്നെങ്കിലും കുലീനതയുടെ മുദ്ര പതിഞ്ഞ രത്നാഭരണങ്ങൾ പക്ഷേ അവരുടെ ശരീരത്തിൽ കാണാനില്ലായിരുന്നു; ഒരുപക്ഷേ അതവരുടെ പരിക്ഷീണമായ വാർദ്ധക്യവും അപ

വാദങ്ങൾകൊണ്ടു കളങ്കിതമായ യൗവനവും കുടുംബശാഖകളുടെ താരതമ്യേന താഴ്ന്ന നിലവാരവും മൂലം യാദൃച്ഛികമായി വന്നുപെട്ടതാകാം; തീർത്തും അപരിചിതയായ മാഡം ഫ്രാങ്കെ്വടോട്ടിന്റെ തൊട്ടടുത്തായി ഇരിക്കേണ്ടിവന്ന അവർക്കു, ബൈസന്റൈൻ ദേവാലയങ്ങളിൽ ലംബാകാരമായ സ്തൂപങ്ങളുടെ വശങ്ങളിൽ താഴത്തു നിന്നു മേലോട്ട് അടുക്കടുക്കായി ചേർത്തുവെച്ച ചിത്രഫലകങ്ങളിലെ വിശുദ്ധ വചനങ്ങൾപോലെ, ഗ്വെർമാന്റിസ്ബന്ധുത്വത്തെക്കുറിച്ചുള്ള അഭിമാനം പ്രകടവും പ്രത്യക്ഷവുമായി ആരോടെങ്കിലും പറഞ്ഞു ബോദ്ധ്യപ്പെടുത്താൻ കഴിയാത്തതിൽ കഠിനമായൊരു അസ്വസ്ഥത തോന്നി; മാതൃസഹോദരിയുടെ മകളായ ഡെസ്‌ലോമസ് രാജകുമാരി, വിവാഹം കഴിഞ്ഞു നീണ്ട ആറു വർഷങ്ങൾ കഴിഞ്ഞിട്ടും തന്നെ ഒരു തവണപോലും നേരിട്ടു കാണുകയോ കത്തെഴുതുകയോ ചെയ്യാത്ത ഉപേക്ഷാഭാവത്തെക്കുറിച്ചാണു തൊട്ടു മുമ്പുവരെ അവരാലോചിച്ചിരുന്നത്; നേരിട്ടു പരിചയമുള്ള സകലരോടും ആ ബന്ധുത്വത്തിന്റെ മഹത്വം പറഞ്ഞു പരത്തിക്കഴിഞ്ഞ സ്ഥിതിയ്ക്കു മാഡം ഡെസ്‌ലോമസിന്റെ വസതിയിൽവെച്ച് ഒരിയ്ക്കൽപ്പോലും തന്നെ കാണാറില്ലെന്നു മറ്റുള്ളവർ അത്ഭുതം കൂറുമ്പോൾ, മാതിൽഡെ രാജകുമാരിയെ നേരിടാനാവില്ലെന്നു ദുരഭിമാനത്തോടെ ഒഴികഴിവു പറയേണ്ട ഗതികേടിൽ അവർക്കു വല്ലാത്തൊരു ദേഷ്യവും സങ്കടവും തോന്നിയിരുന്നു; നിയമാനുസൃതം ജീവിച്ചുപോരുന്ന സ്വന്തം കുടുംബത്തിനു ചീത്തപ്പേരു വരുത്തിവെച്ച മാതിൽഡെ രാജകുമാരിയോട് അവർക്കൊരിയ്ക്കലും ക്ഷമിയ്ക്കാൻ കഴിഞ്ഞിരുന്നില്ല; ഇളയ സഹോദരിയെ വീട്ടിൽ ചെന്നു കാണാനുള്ള മുഖ്യപ്രതിബന്ധമായിപ്പോലും അവർ ആ വിഷയത്തെ കാണാൻ തുടങ്ങിയിരുന്നു; പരസ്പരം കണ്ടുമുട്ടാനുള്ള വഴികളെക്കുറിച്ചാലോചിയ്ക്കുമ്പോൾ പലപ്പോഴും അവർക്കു മാഡം ലോമസിന്റെ വിവരങ്ങൾ നേരിട്ടന്വേഷിയ്ക്കേണ്ടി വരാറുണ്ട്; കൃത്യത നഷ്ടപ്പെട്ടതുമൂലം മിക്കവാറും അപമാനകരമായി തോന്നിയ ആ ഓർമ്മകളെ സമതുലിതമാക്കാനുള്ള പരിശ്രമത്തിൽ അവർ സ്വയം പിറുപുറുത്തു: "എന്തായാ

ല്യം, ആദ്യത്തെ ചുവടു വെയ്ക്കേണ്ടതു ഞാനല്ല; എനിയ്ക്കവളേക്കാൾ ഇരുപതു വയസ്സെങ്കിലും പ്രായക്കൂടുതലുണ്ട്!". പുറത്തേയ്ക്കു കേൾക്കാത്ത വിധം മനസ്സിൽ മന്ത്രിച്ച ഈ വാക്കുകളുടെ സുരക്ഷിതത്വത്തിൽ അഭിമാനബോധത്തോടെ അവർ സ്വയം ഞെളിഞ്ഞു നെഞ്ചിൽനിന്നു വിട്ടുപോകാൻ തുടങ്ങിയ ചുമലുകൾ പിന്നോട്ടു വലിച്ചു; അതേസമയം, മാറിടത്തിനു തിരശ്ചീനമായി നിൽക്കുന്ന അവരുടെ ശിരസ്സ്, രാജകീയമായ തൂവലുകളുടെ ആലങ്കാരികഭംഗിയുമായി മേശപ്പുറത്തു വെച്ച പൂവൻകോഴിയുടെ 'ചതഞ്ഞ' തലയാണെന്നു ചിലർക്കു സംശയം തോന്നിയാൽ തെറ്റു പറയാനാവില്ല! പൂവൻകോഴിയുടെ സാദൃശ്യമല്ല, മറിച്ച്, ജന്മനാ പുരുഷത്വം ഒളിഞ്ഞുകിടക്കുന്ന അവരുടെ ശരീരപ്രകൃതമായിരുന്നു, അതിനു കാരണം. പക്ഷേ, അഗാധഗർത്തങ്ങളുടെ തീരത്തു വളരുന്ന വൃക്ഷങ്ങൾ പലപ്പോഴും സന്തുലിതാവസ്ഥ വരിച്ചു പിന്നോട്ടു വളരാൻ നിർബന്ധിതമാകുന്നതുപോലെ, ബന്ധുക്കളിൽനിന്നുള്ള നിരന്തരമായ അവഹേളനങ്ങൾനിമിത്തം സ്വാഭാവികമായും അവരുടെ ശരീരം പതുക്കെ പിന്നോട്ടു ചെരിയാൻ തുടങ്ങിയിരുന്നു. ഗ്വെർമാന്റിസ്കുടുംബം സാധാരണ പുലർത്തുന്നതിൽനിന്നു വ്യത്യസ്തമായ സ്വന്തം നിലവാരത്തെ സാധൂകരിയ്ക്കാൻ, ആദർശങ്ങളുടെ വിട്ടുവീഴ്ചയില്ലാത്ത കാർക്കശ്യം മൂലമാണു താനവരെ സന്ദർശിയ്ക്കാത്തതെന്നു നിരന്തരം വിളിച്ചുപറയാൻ അവർ നിർബന്ധിതയായി; തുടർച്ചയായ ആ അത്യദ്ധ്വാനം ശരീരത്തെത്തന്നെ ഉടച്ചുവാർത്തതിന്റെ ഫലമായി പ്രത്യക്ഷപ്പെട്ട 'സഹനവളയ'ങ്ങൾ, അമിതഭക്ഷണംകൊണ്ടുള്ള ദുർമ്മേദസ്സായി വ്യാഖ്യാനിയ്ക്കപ്പെട്ടെങ്കിലും, ചിലപ്പോൾ ക്ലബ്ബുകളിലെ വൃദ്ധരും മാന്യരുമായ ചിലരുടെ ക്ഷീണിച്ച കണ്ണുകളിൽ ക്ഷണികമായൊരു മിന്നലാട്ടം ജ്വലിപ്പിയ്ക്കാനും കാരണമായി. മാഡം ഗല്ലാർഡണിന്റെ സംഭാഷണങ്ങളിൽ ആവർത്തിച്ചു വരുന്ന വാക്കുകൾ പ്രത്യേകമെടുത്തു പരിശോധിച്ചാൽ, നിഗൂഢമായൊരു സന്ദേശത്തിന്റെ സൂത്രവാക്യംപോലെ, സാധാരണമായ സംസാരഭാഷയിൽ സുലഭമായ ചില പ്രയോഗശൈലികളായിരിയ്ക്കും പെട്ടെന്നു വെളിവാകുന്ന

ത്. 'ഗ്വെർമാന്റിസിലെ എന്റെ ബന്ധുവീട്ടിൽ', 'ഗ്വെർമാന്റിസിലെ എന്റെ അമ്മായി', 'എൽസിയർ ഗ്വെർമാന്റിസിന്റെ അനാരോഗ്യം', എന്നിങ്ങനെ ഒന്നിനുപുറകെ മറ്റൊന്നായി ഒരേതരം വാക്കുകൾ ആ സംസാരത്തിൽ കടന്നുവരും; ഗ്വെർമാന്റിസ് കുടുംബത്തിലെ ഉന്നതനായൊരു വ്യക്തിയെക്കുറിച്ച് ചോദിച്ചാൽ, നേരിട്ട് പരിചയമില്ലെങ്കിലും അദ്ദേഹത്തെ അമ്മായിയുടെ വീട്ടിൽവെച്ച് ഒരു നൂറു തവണ കണ്ടതായി മറുപടി പറയുമ്പോൾ, തണുത്തുറഞ്ഞ രീതിയിൽ ഉച്ചരിക്കപ്പെട്ട വാക്കുകളുടെ ഈണവും ശബ്ദത്തിന്റെ പൊള്ളത്തരവും മൂലം, അവർക്ക് ആ വ്യക്തിയെ തീരെ പരിചയമില്ലെന്നു ചോദിക്കുന്നവർക്കു ബോദ്ധ്യപ്പെടും; പക്ഷേ, വ്യായാമമുറകളിൽ നെഞ്ചു വികസിപ്പിക്കാൻ പിൻവശത്തെ ചുമരിലേക്കു രണ്ടു കൈകളും വലിച്ചു നീട്ടുന്നതുപോലെ, ചുമലുകൾക്കു വിശ്രമിക്കാനുള്ള ചാരുപടിയായി അവർ സ്വീകരിച്ചുപോന്ന വിട്ടുവീഴ്ചയില്ലാത്ത നിലപാടാണതിനു കാരണമെന്നു പെട്ടെന്നുതന്നെ അവർ സ്വയം തിരുത്തുകയും ചെയ്യും!

മാഡം സാങ്യൂവെർട്ടിന്റെ അന്നത്തെ വിരുന്നിൽ പങ്കെടുക്കുമെന്നു തീരെ പ്രതീക്ഷിക്കാതിരുന്ന ഡെസ്‌ലോമസ് രാജകുമാരി പക്ഷേ കൃത്യം ആ സമയത്തു സദസ്സിലേക്കു കടന്നു വന്നു. തന്റെ ഉയർന്ന പദവിക്കു ചേരാത്ത സാധാരണമായൊരു വിരുന്നിൽ പങ്കെടുക്കുന്നതു മനഃപൂർവമായൊരു സൗമനസ്യപ്രകടനം മാത്രമാണെന്നു സ്വയം വിശ്വസിപ്പിച്ച്, പ്രത്യേകമായൊരു പരിഗണനയും തനിക്കാവശ്യമില്ലെന്നു ഭാവിച്ച്, ഇടനാഴിയിലൂടെ നടക്കുമ്പോൾ മറ്റുള്ളവരുമായി മുട്ടിയുരുമ്മേണ്ട തിരക്കില്ലാതിരുന്നിട്ടും രണ്ടു കൈകൾ ശരീരത്തോടു ചേർത്തുപിടിച്ച്, ഭരണസമിതിക്കു മുന്നറിയിപ്പു നൽകാതെ നാടകശാലയുടെ വാതിൽക്കൽ കാത്തു നിന്ന ജനങ്ങൾക്കിടയിൽ യാദൃച്ഛികമായി പ്രത്യക്ഷപ്പെട്ട രാജ്ഞിയെപ്പോലെ, സ്വസ്ഥയായി മുറിയിലേക്കു കടന്നു വന്ന അവർ തന്റെ ശരിയായ സ്ഥാനമായി മുൻകൂട്ടി നിശ്ചയിച്ച, സദസ്സിന്റെ പിൻഭാഗത്തു ചെന്നു നിന്നു; വർണാഭമായ സ്വന്തം പാ

വാടയുടെ ഞൊറികളിലും നിലത്തു വിരിച്ച പരവതാനിയുടെ ചിത്രപ്പണികളിലുംമാത്രം കണ്ണുകളുടെ പരിധി പരിമിതപ്പെടുത്തി, തന്റെ വരവു വിളിച്ചറിയിയ്ക്കാൻ താൽപ്പര്യമില്ലെങ്കിലും അർഹമായ പരിഗണനയുടെ അവകാശം ആവശ്യപ്പെട്ട്, അവരൊതുങ്ങി മാറിനിന്നു; സദസ്സിൽ തന്റെ സാന്നിദ്ധ്യം ശ്രദ്ധിയ്ക്കപ്പെടുന്ന ആദ്യനിമിഷം, മാഡം സാങ്യൂവെർട്ടിന്റെ കാതരമായ ഹൃദയത്തിൽനിന്നു ഹർഷോന്മാദത്തിന്റെ ഒരു നിലവിളി അത്യുച്ചത്തിൽ ഉയരുമെന്ന ബോദ്ധ്യത്തോടെ, തീർത്തും അപരിചിതയായ മാഡം കാംബ്രേമറിന്റെ സമീപത്തുതന്നെ അവർ നിലയുറപ്പിച്ചു. സംഗീതത്തോടുള്ള അമിതാവേശം പ്രദർശിപ്പിയ്ക്കുന്നതിൽ ബദ്ധശ്രദ്ധയായ അയൽക്കാരിയുടെ മൂകാഭിനയം ശ്രദ്ധയിൽപ്പെട്ട അവർ പക്ഷേ അതനുകരിയ്ക്കാനൊന്നും ശ്രമിച്ചില്ല; എന്തായാലും മാഡം സാങ്യൂവെർട്ടിന്റെ വീട്ടിൽ കുറച്ചുസമയം ചിലവഴിയ്ക്കാൻ തീരുമാനിച്ച സ്ഥിതിയ്ക്കു പരിധിയിൽ കവിഞ്ഞ സൗഹൃദവും വിധേയത്വവും കാണിയ്ക്കാൻ തയാറല്ലെന്ന ഭാവം, ഒരുപക്ഷേ, മന:പൂർവമായൊരു സന്ദർശനം വഴി ആതിഥേയയോടു കാണിച്ച ഔദാര്യം സാധാരണ 'ഇരട്ടി'യായി വരവു വെയ്ക്കപ്പെടാനിടയുള്ളതുകൊണ്ട്, അവരുടെ മുഖത്തു കണ്ടില്ല; പതിവായി ഇടപഴകുന്ന സൗഹൃദവലയത്തിന്റെ രീതികൾക്കു വിരുദ്ധമായ വൈകാരികപ്രകടനങ്ങളിൽനിന്നു താൻ 'ഒഴിഞ്ഞുനിൽക്കുന്നതായി' മറ്റുള്ളവർ മനസ്സിലാക്കണമെന്ന ഒരു നിർബന്ധവും അവർക്കുണ്ടായിരുന്നു; അതുകൊണ്ട്, അപരിചിതമായ സാഹചര്യങ്ങൾ നേരിടുമ്പോൾ ആത്മവിശ്വാസമുള്ള വ്യക്തികളിൽപ്പോലും കണ്ടുവരുന്ന ഭീരുത്വസമാനമായ അനുകരണവാസനയുടെ സ്വാധീനം മൂലം, 'അതിശയോക്തിപര'മെന്നു കരുതാവുന്ന സ്വാഭാവികമായ ഒരു ഭീതി അവരുടെ മുഖത്തു പ്രതിഫലിച്ചു. പരിചിതമായ സംഗീതവഴികളിൽനിന്നു വ്യത്യസ്തമായി അതുവരെ കേൾക്കാത്ത ശൈലിയിൽ വായിയ്ക്കുന്ന രാഗവിസ്താരത്തിനു തക്കതായ ചില അംഗവിക്ഷേപങ്ങളായിരിയ്ക്കണം, മാഡം കാംബ്രേമർ നടത്തുന്നതെന്നു സ്വാഭാവികമായും അവർ സംശയിയ്ക്കാൻ തുടങ്ങി;

മാത്രമല്ല, അങ്ങനെയൊരു പ്രകടനത്തിൽനിന്നു മാറിനിൽക്കുന്നതു സംഗീതം ആസ്വദിയ്ക്കാനുള്ള തന്റെ കഴിവില്ലായ്മയുടെ സൂചനയായും ആതിഥേയയോടുള്ള അനാദരവായും കണക്കാക്കപ്പെട്ടുമെന്ന് അവർ ഭയപ്പെട്ടു; അതുകൊണ്ട് പരസ്പരവിരുദ്ധമായ രണ്ടു വികാരങ്ങളും മാറിമാറി പ്രകടിപ്പിയ്ക്കുന്നതിനുവേണ്ടി, അവർ ചുമലിൽനിന്നു സാവകാശം ഒഴുകിവീഴുന്ന സാരി അലസമായി മേലോട്ടു വലിച്ചിട്ടു സ്വർണ നിറമുള്ള മുടിയിൽ ആകർഷകമായി അലങ്കരിച്ച വജ്രത്തിൽ പൊതിഞ്ഞ ചുവന്ന മുത്തുമണികൾ തൊട്ടുതടവി തീരെ താൽപ്പര്യമില്ലാതെ അയൽക്കാരി കാണിയ്ക്കുന്ന വികാരാവേശങ്ങൾ സശ്രദ്ധം നോക്കിക്കാണുകയും അതേ സമയം സ്വന്തം സ്വാതന്ത്ര്യം പണയംവെയ്ക്കാൻ തയാറാവാതെ ഗായകരിൽനിന്നു വ്യത്യസ്തമായൊരു ഗതിയിൽ കൈയിലിരുന്ന വിശറികൊണ്ടു താളം പിടിയ്ക്കാനും തുടങ്ങി; ലിസ്റ്റിന്റെ സങ്കീർത്തനഭാഗം അവസാനിപ്പിച്ച പിയാനിസ്റ്റ് അടുത്തതായി ചോപ്പിന്റെ ഒരു നാന്ദിഗീതം വായിയ്ക്കാൻ തുനിഞ്ഞപ്പോൾ മാഡം കാംബ്രേമർ, സംഗീതാസ്വാദനത്തിന്റെ വിഷയത്തിൽ യോഗ്യയായൊരു വിധികർത്താവിന്റെ സംതൃപ്തഭാവത്തോടെ സൗഹൃദസ്മരണകൾ നിറഞ്ഞു വഴിയുന്ന സൗമ്യമായൊരു പുഞ്ചിരി മാഡം ഫ്രാങ്കെ്വടോട്ടിനു നേരേ തൊടുത്തുവിട്ടു. അയത്നലളിതവും ഹൃദയദ്രവീകരണക്ഷമവുമായ ചോപ്പിന്റെ രാഗങ്ങളെ, നീണ്ട കഴുത്തുകളോടെ സർപ്പാകൃതിയുള്ള ആ അപൂർവജീവികളെ, വാത്സല്യപൂർവം തൊട്ടുതലോടി ഓമനിയ്ക്കാൻ ബാല്യകാലത്തുതന്നെ അവർ പ്രാവീണ്യം നേടിയിരുന്നു; തുടങ്ങിയിടത്തുനിന്നു വളരെ ദൂരെ അനന്തതയിലെവിടെയോ ദിശ മാറിയ സഞ്ചാരത്തിനിടയിൽ ഒരു വിശ്രമസ്ഥാനം കണ്ടുപിടിയ്ക്കാൻ കഴിഞ്ഞെന്നു കരുതിയ നിമിഷം പെട്ടെന്നു തീർത്ഥയാത്രയുടെ ഭ്രമാത്മകമായൊരു ഇടവഴിയിൽവെച്ചു മന:പൂർവമായ പ്രതികരണക്ഷമത പ്രദർശിപ്പിച്ച്, സ്ഫടികപ്പാത്രത്തിൽ വിരൽ മുട്ടുമ്പോൾ നെഞ്ചിടിപ്പായി ഉയരുന്ന മുഴക്കത്തിന്റെ ഉദ്വേഗത്തോടെ, തീരുമാനിച്ചുറപ്പിച്ച നിശ്ചയദാർഢ്യത്തോടെ, തിരിച്ചു വരുന്ന വിലാ

പത്തിന്റെ ഗദ്ഗദമായി ഹൃദയത്തിൽ വീണ്ടും വീണ്ടും ആഞ്ഞലയ്ക്കു ന്നതിനുവേണ്ടി മാത്രം ആ രാഗഭാവം നാലുവശത്തേയ്ക്കും തെറ്റിപ്പിരി ഞ്ഞു ചിതറിപ്പോയി!

സന്ദർശകരും കൂട്ടുകാരുമില്ലാത്ത ഗ്രാമീണമായ കുടുംബാന്തരീ ക്ഷത്തിൽ വളർന്നുവന്നതുമൂലം ഒരിയ്ക്കലും വിരുന്നുകൾക്കു ക്ഷണിയ്ക്ക പ്പെടാതെ പഴയ മാളികവീടിന്റെ ഏകാന്തതയിൽ കഴിഞ്ഞുപോന്ന മാഡം കാംബ്രേമറിന്റെ മനസ്സ്, അതിനിടയ്ക്കു സംഗീതത്തിന്റെ താള ത്തിൽ ചിലപ്പോൾ ഇഴഞ്ഞു നീങ്ങിയും മറ്റു ചിലപ്പോൾ ചുറ്റിപ്പിണ ഞ്ഞും സദസ്സിനിടയിൽ നവസുമങ്ങളെപ്പോലെ പാറിപ്പറക്കുന്ന ചില യുവമിഥുനങ്ങളുടെ നൃത്തച്ചുവടുകളിൽ ഉന്മാദലഹരി തേടി പരതിന ടന്നു. നാടകശാലയുടെ അന്തരീക്ഷത്തിൽനിന്നു മാറി വിചിത്രമാ യൊരു മാറ്റൊലി പുറപ്പെട്ടുവിയ്ക്കുന്ന ഹുങ്കാരംപോലെ തടാകക്കരയി ലെ പൈൻമരങ്ങൾക്കിടയിൽ വനമാരുതൻ നെടുവീർപ്പിടുന്നതു കേ ൾക്കാനും, ഭൂമിയിൽ ജീവിയ്ക്കുന്ന കാമദേവന്മാരേക്കാൾ വ്യത്യസ്തനാ യി സ്വപ്നത്തിൽ മറഞ്ഞിരുന്ന വെളുത്ത കൈയുറ ധരിച്ച മെലിഞ്ഞു സുന്ദരനായൊരു യുവാവു തന്റെ നേർക്കു നടന്നടുക്കുന്നതു കാണാനു മായി ഒരു നിമിഷം അവർ പുറത്തേയ്ക്കിറങ്ങി; സംഗീതത്തിന്റെ പഴ യ രീതിയിലുള്ള സൗന്ദര്യം ഈയിടെ നിരർത്ഥകവും വിരസവുമാ യാണു പലരും കാണുന്നതെന്ന് അവരോർത്തു; വർഷങ്ങൾക്കുമുമ്പേ തന്നെ 'യഥാർത്ഥാസ്വാദക'രുടെ ശ്രദ്ധയിൽപ്പെടാതെ സംഗീതത്തി ന്റെ സഹജമായ ആ ചാരുത നഷ്ടപ്പെട്ടു കഴിഞ്ഞിരുന്നു; കേൾക്കു മ്പോൾ സാമാന്യമായൊരു സുഖാനുഭവം ലഭിയ്ക്കുന്നുണ്ടെന്നു തുറന്നം ഗീകരിയ്ക്കാൻപോലും അക്കാലത്താരും തയാറായില്ല. അത്തരം ചിന്ത കൾക്കിടയിൽ മാഡം കാംബ്രേമർ ഒളികണ്ണിട്ടു പിന്നോട്ടൊന്നു നോ ക്കി. ('ചുരുക്കം' വാക്കുകളും 'കഷ്ടിച്ച്' സ്വരപ്പൊരുത്തവുമായി ചെന്നു കയറിയ കുടുംബത്തിൽ ബുദ്ധിപരമായ കാര്യങ്ങളിലൊഴികെ പരി ജ്ഞാനപദവി ലഭിച്ചുപോന്ന) ചെറുപ്പക്കാരിയായ തന്റെ മരുമകൾക്കു ചോപ്പിനോടു താൽപ്പര്യമില്ലാത്തതുമൂലം ആ നാന്ദിഗീതം വായിച്ചു

കേൾക്കുന്നതു വിരസമായിരിയ്ക്കുമെന്നവർക്കു ബോദ്ധ്യമുണ്ടായിരുന്നു. കുറച്ചകലെ അവളുടെ സമപ്രായക്കാരിലൊരു വാഗ്നർപക്ഷപാതി നടത്തുന്ന നിഷ്കൃഷ്ടനിരീക്ഷണത്തിൽനിന്നു മാറിനിൽക്കാൻ കഴിഞ്ഞതിലുള്ള ആശ്വാസത്തോടെ മാഡം കാംബ്രേമർ, അനുപമമായ ചില അനുഭവങ്ങളുടെ ഓർമ്മകളിൽ ഒഴുകിനടന്നു. സംഗീതത്തിൽ തീരെ വാസനയില്ലാത്ത ഡെസ് ലോമസ് രാജകുമാരിയുടെ ഹൃദയം പക്ഷേ ചോപ്പിന്റെ ഗീതത്തിൽ താനേ അലിഞ്ഞുപോയി. ജീവിതത്തിന്റെ അവസാനകാലത്തു കടുത്ത ദാരിദ്ര്യം അനുഭവിയ്ക്കേണ്ടിവന്നതു മൂലം ശിഷ്യപ്രശിഷ്യരുടെ മക്കൾക്കായി അദ്ധ്യാപനം പുനരാരംഭിച്ച പ്രതിഭാശാലിയായൊരു സംഗീതാദ്ധ്യാപികയുടെ ശിക്ഷണം അവർക്കു നേരത്തേ ലഭിച്ചിരുന്നു. മണ്മറഞ്ഞുപോയ അവരുടെ ശൈലി വളരെ സാധാരണമാണെന്നു നിരൂപകർ വിധിയെഴുതി; പഠനം ഉപേക്ഷിച്ച ചില ശിഷ്യർ പിന്നീടു പിയാനോ തുറന്നതേയില്ല; എങ്കിലും അവരുടെ വിരലുകളിൽ ചിലപ്പോൾ ആ ശൈലി ഒരു മാസ്മരനാദത്തിന്റെ മാറ്റൊലി മുഴക്കിയിരുന്നതായി ചിലരൊക്കെ പറഞ്ഞുകേൾക്കുന്നുണ്ട്. അങ്ങനെ, അന്നു മന:പാഠമാക്കിയ ചോപ്പിന്റെ ഗീതം, അതേ ശൈലിയിൽ വായിച്ചു കേട്ടപ്പോൾ മാഡം ഡെസ് ലോമസിനു തീർച്ചയായും ശരിയായ ബോദ്ധ്യത്തോടെ സംഗീതത്തിനനുസൃതമായി ശിരസ്സു ചലിപ്പിയ്ക്കാൻ കഴിഞ്ഞു; അപ്പോഴേയ്ക്കും പിയാനിസ്റ്റ് തുടങ്ങിക്കഴിഞ്ഞ അവസാനസ്വരങ്ങൾക്ക് അവരുടെ ചുണ്ടുകൾ തത്സമയം അകമ്പടി സേവിച്ചു. 'എത്ര മനോഹരമായി വായിയ്ക്കുന്നു'വെന്ന വിശേഷണത്തിന്റെ വ്യഞ്ജനത്തിനു മധുരമായ ആക്കം നൽകി, വികാരതീവ്രമായ ആ ചുണ്ടുകൾ സംസ്ക്കാരത്തിന്റെ ലക്ഷണമായി അമർത്തിപ്പിടിച്ച് അവർ മന്ത്രിച്ചു. വിടരാൻ തുടങ്ങുന്ന പുഷ്പത്തിന്റെ സുന്ദരമായ ഇതളുകൾപോലെ അവ്യക്തമായൊരു നോട്ടത്തിൽ ഒരുനിമിഷം പ്രകാശിച്ച അവരുടെ കണ്ണുകൾ പതുക്കെ പ്രശാന്തമായ ആ സ്വരരഞ്ജകത്വത്തിൽ ലയിച്ചു. അതിനിടയ്ക്കു ഡെസ് ലോമസ് രാജകുമാരിയെ നേരിട്ടു കാണാൻ തനിയ്ക്കെത്ര ദുർലഭം

അവസരങ്ങൾമാത്രമാണു ലഭിച്ചതെന്നു രോഷത്തോടെ പിറുപിറുക്കുന്ന മാഡം ഗല്ലാർഡണിന്റെ വിചാരം, ഇനി കാണുമ്പോൾ പ്രത്യഭിവാദ്യം ചെയ്യാതെ അവരെയൊരു പാഠം പഠിപ്പിയ്ക്കണമെന്ന തീരുമാനത്തിൽ ചെന്നെത്തി; ആ ഇളയ സോദരി തൊട്ടടുത്തുണ്ടെന്ന കാര്യം പക്ഷേ, അവരറിഞ്ഞില്ല. പെട്ടെന്നു മാഡം ഫ്രാങ്കെത്വടോട്ട് നടത്തിയ ഒരു ശിരശ്ചലനം മൂലമുണ്ടായ വിടവ്, രാജകുമാരിയെ നേരിട്ടു വെളിവാക്കിക്കൊടുത്തപ്പോൾ, അടുത്തു നിന്നവരെയെല്ലാം അമ്പരപ്പിച്ചുകൊണ്ട് മാഡം ഗല്ലാർഡൺ സോദരിയുടെ അടുത്തു കുതിച്ചെത്തി. സ്വന്തം പ്രതിയോഗിയായ മാതിൽഡെ രാജകുമാരിയെ വിളിച്ചു സൽക്കരിയ്ക്കുന്നതിൽ ചാരിതാർത്ഥ്യം കാണുന്ന ആ വീട്ടമ്മയോടു സൗഹൃദം കാണിയ്ക്കേണ്ട യാതൊരു ബാദ്ധ്യതയും തനിയ്ക്കില്ലെന്ന്, പ്രത്യേകിച്ച് 'ഒരേ തലമുറ'യിലല്ലാത്ത താനൊരിയ്ക്കലും മുൻകൈയെടുക്കേണ്ടതില്ലെന്ന്, സദസ്യർക്കു ബോദ്ധ്യപ്പെടുന്നവിധം രാജകുമാരിയോടു ഹിമതുല്യമായൊരു അകൽച്ച പാലിയ്ക്കണമെന്നു നേരത്തേ അവർ തീരുമാനിച്ചുറച്ചിരുന്നു. പക്ഷേ, രാജകുമാരിയെ സംഭാഷണത്തിലേയ്ക്കു ബലാൽക്കാരേണ പിടിച്ചുകൊണ്ടുവരുന്നതിനും സ്വയം തുടങ്ങിവെച്ച നടപടികൾ ന്യായീകരിയ്ക്കുന്നതിനുംവേണ്ടി തീരെ അപ്രസക്തമായൊരു പ്രസ്താവന നടത്തി മൗനത്തിന്റെ ഗൗരവാന്തരീക്ഷത്തിൽ ചെറിയൊരു ഭേദഗതി അവർക്കു വരുത്തേണ്ടതായി വന്നു; മാഡം ഗല്ലാർഡൺ രാജകുമാരിയെ കണ്ട നിമിഷം, തുരുപ്പുചീട്ടു പ്രയോഗിയ്ക്കുന്ന ഏകപക്ഷീയമായൊരു ആക്രമണത്തിന്റെ ഭാഗമായി, രാജകുമാരൻ ഗുരുതരമായ രോഗം ബാധിച്ചു കിടക്കുമ്പോൾ ഉപയോഗിയ്ക്കുന്ന ഉൽക്കണ്ഠാകുലമായ സ്വരത്തിൽ ചോദിച്ചു: “നിന്റെ ഭർത്താവിനിപ്പോൾ എങ്ങനെയുണ്ട്?“. രാജകുമാരിയാകട്ടെ, ആ പ്രസ്താവന വെറുമൊരു തമാശയാണെന്നു മറ്റുള്ളവരെ ധരിപ്പിയ്ക്കാനും അതേസമയം, തന്റെ സൗന്ദര്യത്തിനു മാറ്റു കൂട്ടുന്ന തിളങ്ങുന്ന കണ്ണിലും ചലിയ്ക്കുന്ന ചുണ്ടിലും ശ്രദ്ധ കേന്ദ്രീകരിച്ച്, സഹജമായൊരു പൊട്ടിച്ചിരിയോടെ പറഞ്ഞു: “അതിനെന്ത്, ഇതുപോലൊരു സുഖകരമായ കാ

ലം അദ്ദേഹത്തിനു ജീവിതത്തിൽ ലഭിച്ചിട്ടില്ല!". മറുപടിയ്ക്കുശേഷവും അവർ ചിരി നിർത്താൻ തയാറായില്ല.

മാഡം ഗല്ലാർഡൺ തെല്ലൊന്നു പിൻവാങ്ങി മുഖം കനപ്പിച്ചു രാജകുമാരന്റെ ആരോഗ്യനിലയെക്കുറിച്ചുള്ള ആശങ്ക വിട്ടുമാറിയിട്ടില്ലെന്ന മട്ടിൽ സഹോദരിയോടു പറഞ്ഞു:

"ഓരിയേൺ..! (തന്റെ ഓമനപ്പേരുപയോഗിയ്ക്കാൻ മാഡം ഗല്ലാർഡണു യാതൊരവകാശവുമില്ലെന്നു തെളിയിയ്ക്കാൻ അദൃശ്യനായൊരു മൂന്നാമന്റെ നേർക്കെന്നപോലെ പെട്ടെന്നു മാഡം ഡെസ് ലോമസ് നർമ്മരസം കലർന്ന ആശ്ചര്യം നടിച്ചു!) നോക്കൂ, മൊസാർട്ടിന്റെ ക്വിന്റെറ്റ്, ക്ലാരനെറ്റിൽ വായിച്ചു കേൾക്കാൻ താൽപ്പര്യമുണ്ടെങ്കിൽ നിന്നെ ഞാൻ നാളത്തെ പരിപാടിയ്ക്കു സസന്തോഷം സ്വാഗതം ചെയ്യുന്നു, മാത്രമല്ല, പരിപാടിയെക്കുറിച്ചു നിന്റെ അഭിപ്രായവും എനിയ്ക്കറിയണമെന്നുണ്ട്".

അങ്ങനെയൊരു ക്ഷണം വെച്ചുനീട്ടുമ്പോൾ ഒരു സൗമനസ്യം ആവശ്യപ്പെടുന്ന ഭാവം തോന്നാതിരിയ്ക്കാൻ വാക്കുകളുടെ ഉച്ചാരണത്തിൽ അവരേറെ ശ്രദ്ധിച്ചു. മാത്രമല്ല, പുതിയ പാചകക്കാരൻ സ്വയം കണ്ടുപിടിച്ച സ്വാദുറ്റ വിഭവമെന്നമട്ടിൽ, മൊസാർട്ടിന്റെ ക്വിന്റെറ്റിനെക്കുറിച്ചു ബുഭുക്ഷുവായൊരു വ്യക്തിയുടെ വിലയിരുത്തലിനു വളരെയേറെ പ്രാധാന്യമുണ്ടെന്ന വിധത്തിലാണു രാജകുമാരിയുടെ അഭിപ്രായം അവർ തേടിയത്.

"എനിയ്ക്കു വളരെ പഥ്യമായൊരു ഗീതമാണു മൊസാർട്ടിന്റെ ക്വിന്റെറ്റ്; ഹൃദയത്തിൽ ഞാനതെപ്പോഴും മൂളി നടക്കാറുണ്ട്!".

"നീ അറിഞ്ഞിരിയ്ക്കുമെന്നു കരുതട്ടെ, എന്റെ ഭർത്താവിനു തീരെ സുഖമില്ല. കരളിന്റെ പ്രശ്നമാണെന്നാണു തോന്നുന്നത്, ഇടയ്ക്കിടെ അദ്ദേഹം നിന്നെ കാണണമെന്നു പറയും", രാജകുമാരി ക്വിന്റെറ്റ് കേൾക്കാൻ വരുന്നതു ദീനാനുകമ്പയുടെ ഒരു ബാദ്ധ്യതയാക്കി മാറ്റി മാഡം ഗല്ലാർഡൺ തുടർന്നു.

ഒരിയ്ക്കലും ആരോടും വീട്ടിലേയ്ക്കു ചെല്ലാൻ കഴിയില്ലെന്നു രാജകു

മാരി തുറന്നു പറയാറില്ല. പങ്കെടുക്കണമെന്നു സ്വപ്നത്തിൽപ്പോലും കരുതാത്ത ഒരു വിരുന്നിനു ചെല്ലാൻ കഴിയാതിരുന്നതു ഭർത്തൃമാതാവിന്റെ പെട്ടെന്നുള്ള വരവോ, നാടകം കാണാനുള്ള സഹോദരന്റെ ക്ഷണമോ, ഗ്രാമത്തിലേയ്ക്കുള്ള വിനോദയാത്രയോ കാരണമായി പറഞ്ഞു ഖേദം പ്രകടിപ്പിച്ച് അവരൊരു കുറിപ്പെഴുതുകയാണു പതിവ്. മറ്റുള്ളവർ നടത്തുന്ന നിസ്സാരമായ വിരുന്നിനേക്കാൾ പ്രാധാന്യമുള്ള വിഷയങ്ങളിൽ ഏർപ്പെടുന്നതുകൊണ്ടാണു വേണ്ടത്ര സമയം ലഭിയ്ക്കാത്തതെന്നും അതല്ലെങ്കിൽ അവരുടെ വീടുകൾ സസന്തോഷം സന്ദർശിയ്ക്കുമായിരുന്നെന്നും സൂചിപ്പിച്ച്, അടുത്ത ബന്ധമാണു തനിയ്ക്കവരോടു നിലനിൽക്കുന്നതെന്ന സംതൃപ്തി പലരിലും സൃഷ്ടിയ്ക്കാൻ അവർക്കു കഴിഞ്ഞു. കൂടാതെ രസികരായ മെറിമീ, ഹാലേവി തുടങ്ങിയവരുടെ നാടകങ്ങളിൽ അവസാനഭാഗത്തു വരുന്ന ചില പദപ്രയോഗങ്ങളും പരമ്പരാഗതമായ ഭാവുകത്വങ്ങളും ഒഴിവാക്കി ഉദാത്തമായ പ്രത്യുൽപ്പന്നമതിത്വം കുറച്ചെങ്കിലും ശേഷിയ്ക്കുന്ന 'ഗ്വെർമാന്റിസ് ഗണ'ത്തിലെ ഒരംഗമായതുകൊണ്ട്, കൃത്യത വരിയ്ക്കാൻ വല്ലാതെ പാടുപെടുന്ന ഉപചാരമര്യാദകളിലേയ്ക്കു തികഞ്ഞ യാഥാർത്ഥ്യമെന്നു തോന്നുന്നവിധം ഈ സൂത്രവാക്യങ്ങൾ ഇഴപിരിച്ചു യോജിപ്പിയ്ക്കുന്നതിൽ പ്രായേണ അവർ വിജയിയ്ക്കുകയും ചെയ്തു. വിരുന്നിൽ പങ്കെടുക്കാൻ കഴിയാത്തതിനുള്ള വ്യക്തിപരമായ കാരണങ്ങൾ ആതിഥേയയെ ബോദ്ധ്യപ്പെടുത്തുന്നതിനു പകരം തന്റെ വരവിനു തടസ്സമാകാനിടയുള്ള നിസ്സാരവിഷയങ്ങൾ വളരെ അനുഭാവപൂർവം അവർ വിവരിച്ചു പറയുകയാണു പതിവ്.

“കേൾക്കൂ, ഞാൻ പറയട്ടെ“, അവർ മാഡം ഗല്ലാർഡണോടു പറഞ്ഞു തുടങ്ങി, “വർഷങ്ങളായി എന്നെ ശല്യം ചെയ്യുന്ന ഒരു സുഹൃത്തിന്റെ വീട്ടിലേയ്ക്കു നാളെ വൈകുന്നേരം ചെന്നേ പറ്റൂ; അതിനുശേഷം അവൾ ഞങ്ങളെ നാടകശാലയിലേയ്ക്കു കൊണ്ടുപോകുകയാണെങ്കിൽ മിക്കവാറും എനിയ്ക്കു നിങ്ങളുടെ പരിപാടിയിൽ പങ്കെടുക്കാൻ കഴിഞ്ഞെന്നു വരില്ല; അല്ല, അതിഥികളാരുമില്ലാതെ ഞങ്ങൾ വീട്ടി

ൽത്തന്നെ മുഷിഞ്ഞിരിയ്ക്കുകയാണെങ്കിൽ ഒരുപക്ഷേ ഞാനൊന്നു വന്നു മുഖം കാണിയ്ക്കാം!"

“നോക്കൂ, നീ നിന്റെ സുഹൃത്തു സ്വാനിനെ കണ്ടില്ലേ?“

“ഇല്ല...! എവിടെ എന്റെ പ്രിയപ്പെട്ട ചാൾസ്! അദ്ദേഹമിവിടെയുണ്ടെന്നു ഞാനറിഞ്ഞില്ല. എനിയ്ക്കദ്ദേഹത്തെ കണ്ടേ പറ്റൂ!“.

“അദ്ദേഹത്തിനു പടുകിഴവിയായ ഈ മാഡം സാങ്യൂവെർട്ടിന്റെ വിരുന്നിൽ പങ്കെടുക്കേണ്ട ഗതികേടു വന്നതോർത്തു വല്ലാത്ത വിഷമം തോന്നുന്നു”, മാഡം ഗല്ലാർഡൺ സംസാരം തുടർന്നു. “അതെ, എനിയ്ക്കറിയാം, അദ്ദേഹത്തിന്റെ ‘സാമർത്ഥ്യ‘ത്തിനു പക്ഷേ യാതൊരു കുറവുമില്ല! ഒരു ബിഷപ്പിന്റെ സഹോദരിയും മറ്റൊരു ബിഷപ്പിന്റെ സഹോദരഭാര്യയുമായ ആ ജൂതസ്ത്രീ മിക്കവാറും ഇവിടെയുണ്ടെന്നു തന്നെ ഉറപ്പിയ്ക്കാം!“.

'അക്കാര്യത്തിലൊരു വേവലാതിയുമില്ലാത്തവരുടെ കൂടെയല്ല ഞാനെന്നു തുറന്നു സമ്മതിയ്ക്കുന്നതിൽ എനിയ്ക്കു ലജ്ജയുണ്ട്!“, രാജകുമാരി പറഞ്ഞു.

“അദ്ദേഹമൊരു മതം മാറിയ ജൂതനാണെന്നു ഞാൻ പറഞ്ഞുകേട്ടു. അദ്ദേഹത്തിന്റെ പിതാക്കളും പിതാമഹന്മാരും എല്ലാവരും അങ്ങനെയായിരുന്നത്രേ! പക്ഷേ, മതപരിവർത്തനം നടത്തിയവർ പരമ്പരാഗതവിശ്വാസികളേക്കാൾ കൂടുതൽ മതത്തെക്കുറിച്ച് അഭിമാനികളാകുമെന്നു കേൾക്കുന്നു. ഇതെല്ലാം വെറുമൊരു അഭിനയമല്ലേ, നിനക്കെന്തു തോന്നുന്നു?“

“ഈ വിഷയത്തിലൊരു തീരുമാനം പറയാൻ ഞാനാളല്ല!“.

നാന്ദിഗീതം അവസാനിപ്പിച്ചു ചോപ്പിന്റെ രണ്ടു കൃതികൾകൂടി വായിയ്ക്കാനുള്ള 'പുറപ്പാടി'ൽ പിയാനിസ്റ്റ് ദ്രുതഗതിയിലുള്ള ഒരു സ്വരജതി കടന്നുപിടിച്ചു. പക്ഷേ, സ്വാൻ ആ മുറിയിൽ തൊട്ടടുത്തുണ്ടെന്നറിഞ്ഞതോടെ, ചോപ്പിൻ കല്ലറയിൽനിന്നു നേരിട്ടെഴുന്നേറ്റുവന്നു സ്വന്തം കൃതികൾ ഓരോന്നായി വായിച്ചാൽപ്പോലും മാഡം ഡെസ്

ലോമസ് ശ്രദ്ധിയ്ക്കാൻ തയാറാകുമായിരുന്നില്ല. മനുഷ്യരെ പൊതുവേ രണ്ടായി കണ്ടാൽ, ആദ്യത്തെ കൂട്ടർ നേരിട്ടു പരിചയമില്ലാത്തവരുടെ നേർക്കാണു താൽപ്പര്യം കാണിയ്ക്കുന്നതെങ്കിൽ, മാഡം ഡെസ് ലോമസ്കൂടി ഉൾപ്പെടുന്ന രണ്ടാമത്തെ കൂട്ടർ നേരിട്ടു പരിചയമുള്ളവരോടു മാത്രമേ പ്രതിപത്തി കാണിയ്ക്കാറുള്ളൂ. സാങ്ജർമ്മൻശൈലി സ്വായത്തമാക്കിയ അഭിജാതവനിതകളെപ്പോലെ, സ്വന്തം കുടുംബത്തിലെ ഒരംഗത്തിന്റെ സാന്നിദ്ധ്യം, അദ്ദേഹത്തോടു പ്രത്യേകിച്ച് പറയാൻ യാതൊന്നുമില്ലെങ്കിൽപ്പോലും, മറ്റെല്ലാ പരിഗണനകളേയും പുറംതള്ളി രാജകുമാരിയുടെ മനസ്സിൽ സ്ഥാനംപിടിയ്ക്കും. ആ നിമിഷം മുതൽ സ്വാൻ സ്വയം തന്നെ കണ്ടെത്തുമെന്ന പ്രതീക്ഷയിൽ (ഒരു കുടന്ന പഞ്ചസാര മൂക്കിനു നേരേ വെച്ചു തിരിച്ചെടുത്ത വെള്ളെലിയെപ്പോലെ) യാതൊന്നിലും ശ്രദ്ധിയ്ക്കാനാവാതെ, ചോപ്പിന്റെ സംഗീതത്തിൽ അന്തർദ്ധാരയായി പ്രവഹിയ്ക്കുന്ന മനോഭാവത്തോടു യാതൊരനുകമ്പയുമില്ലാതെ, രഹസ്യങ്ങളുടെ ഒരായിരം സൂചനകൾ സൂക്ഷിച്ചു വെയ്ക്കുന്ന ജനങ്ങൾക്കിടയിൽ സ്വാൻ നിൽക്കുന്ന ഭാഗത്തേയ്ക്കുതന്നെ മുഖം തിരിച്ച്, അദ്ദേഹം സ്ഥാനം മാറുന്നതിനനുസൃതമായി ചുണ്ടുകളിലെ വശ്യമായ പുഞ്ചിരിയ്ക്കു രസഭേദം വരുത്താൻ തയാറായി അവരൊതുങ്ങി നിന്നു.

"ഓരിയേൺ, നിനക്കെന്നോടു ദേഷ്യം തോന്നരുത്", മാഡം ഗല്ലാർഡൺ വീണ്ടും തുടങ്ങി. മനസ്സിൽ അതിതീവ്രമായി ഉറങ്ങിക്കിടന്ന സാമൂഹ്യമായ ഉൽക്കർഷേച്ഛയും, ലോകത്തിനു മുമ്പാകെ കണ്ണഞ്ചിപ്പിയ്ക്കുന്ന പ്രകാശത്തിൽ ഒരു ദിവസം നിൽക്കാനാകുമെന്ന പ്രത്യാശയും പക്ഷേ ക്ഷണികവും നിഗൂഢവുമായൊരു സംതൃപ്തിയുടെ പേരിൽ അവർക്കു ബലികഴിയ്ക്കേണ്ടി വന്നു. "നിന്റെ സ്വാനിനെക്കുറിച്ചു വീട്ടിൽ കയറ്റാൻ കൊള്ളാത്തവനെന്നു ജനങ്ങൾ പൊതുവേ പറയുന്നതു സത്യമാണോ?"

"എന്തിനു മറ്റുള്ളവരെ പറയുന്നു, സത്യം നേരിട്ടുതന്നെ നിങ്ങളറിയേണ്ടതാണല്ലോ!", രാജകുമാരി തിരിച്ചടിച്ചു. "നിങ്ങളൊരു നൂറുതവ

ണ അദ്ദേഹത്തോടു കേണപേക്ഷിച്ചിട്ടുണ്ടാവും, പക്ഷേ, ഒരിയ്ക്കൽപ്പോലും അദ്ദേഹം നിങ്ങളുടെ വീട്ടിലേയ്ക്കു കടന്നിട്ടില്ല!".

സ്വന്തം ബന്ധുവിനെ അവഹേളനാപാത്രമാക്കിയ അവർ വീണ്ടും സഹജമായ പൊട്ടിച്ചിരിയിലേയ്ക്കു കടന്നതു സദസ്സിലൊരു പരദൂഷണത്തിനു തിരി കൊളുത്തി; ആതിഥേയമര്യാദയുടെപേരിൽ പിയാനോയുടെ സമീപത്തുനിന്നു മാറാതെ നിന്ന മാഡം സാങ്ഘ്യൂവെർട്ടിന്റെ ശ്രദ്ധ തിരിയ്ക്കാൻ പക്ഷേ ആ സംഭവം കാരണമായി. ഗ്വെർമാന്റിസിൽ രോഗബാധിതനായി കിടക്കുന്ന ഭർത്തൃപിതാവിനെ പരിചരിച്ചിരിയ്ക്കുകയാണെന്നു കരുതിയ ഡെസ് ലോമസ് രാജകുമാരി പെട്ടെന്നു തൊട്ടു മുമ്പിൽ പ്രത്യക്ഷപ്പെട്ടപ്പോൾ മാഡം സാങ്ഘ്യൂവെർട്ടിന്റെ ആഹ്ലാദം അതിരു കടന്നു.

"എന്റെ പ്രിയപ്പെട്ട രാജകുമാരി, നിങ്ങളിവിടെ...എപ്പോൾ....?"

"അതേ, ഞാനിവിടെയൊരു മൂലയ്ക്കങ്ങനെ ഒതുങ്ങി! എത്രയെത്ര മനോഹരമായ വിഷയങ്ങളാണു ഞാൻ കേൾക്കുന്നത്!".

"എന്ത്..? നിങ്ങളിവിടെ വന്നിട്ടു കുറച്ചേറെ നേരമായെന്നോ?".

"അതേ, കുറച്ചു നേരമായി! പക്ഷേ പെട്ടെന്നു കഴിഞ്ഞതുപോലെ തോന്നി, നിങ്ങളെ കാണാഞ്ഞതുകൊണ്ടു നീണ്ടുപോയെന്നുമാത്രം!".

മാഡം സാങ്ഘ്യൂവെർട്ട്, സ്വന്തം ഇരിപ്പിടത്തിലേയ്ക്കു രാജകുമാരിയെ ക്ഷണിച്ചെങ്കിലും അവരതു നിരസിച്ചുകൊണ്ടു പറഞ്ഞു:

"വേണ്ട.., എന്താവശ്യം? എനിയ്ക്കെവിടേയും ഇരിയ്ക്കാം, അതൊരു പ്രശ്നമല്ല". തുടർന്നവർ അഭിജാതയായൊരു വനിതയുടെ ലാളിത്യം പ്രദർശിപ്പിച്ച് ചാരുപടിയില്ലാത്ത ചെറിയൊരു പീഠം തിരഞ്ഞെടുത്തു: "അവിടെ. അതാ, ആ പീഠംതന്നെ.., എനിയ്ക്കതു മതി. മാത്രമല്ല, അതെന്റെ നട്ടെല്ലു നേരെയാക്കാനും കൊള്ളാം! ദൈവമേ..., ഞാൻ വീണ്ടും ശബ്ദശല്യമുണ്ടാക്കുന്നു!. എന്നെ 'പിടിച്ചു പുറത്താക്കാ'നായിരിയ്ക്കും അവർ ആവശ്യപ്പെടുന്നത്.."

അതിനിടയിൽ പിയാനിസ്റ്റ് വായനയുടെ ഗതിവേഗം അനുക്രമം

ഇരട്ടിപ്പിച്ച് ആസ്വാദകരുടെ വികാരം മൂർദ്ധന്യത്തിലേയ്ക്കുയർത്തിക്കൊണ്ടുവന്നു. പരിചാരകന്മാർ സദസ്യർക്കിടയിൽ വിതരണം ചെയ്യാനുള്ള ലഘുഭക്ഷണം തളികയിലേറ്റി നടക്കുമ്പോൾ സ്പൂണുകൾ തമ്മിലുരസുന്ന കലപില ശബ്ദവും, മാഡം സാങ്യൂവെർട്ട് അവരോടു പുറത്തുപോകാൻ കൈകൊണ്ടു കാണിയ്ക്കുന്ന ആംഗ്യവിക്ഷേപവും മറ്റേതു വിരുന്നിനേയുംപോലെ പരിഹാസ്യമായി മാറി. ഒരിക്കലും മടുപ്പു പ്രകടിപ്പിയ്ക്കാൻ പാടില്ലെന്നു കർശനമായി നിർദ്ദേശിയ്ക്കപ്പെട്ട ഒരു നവവധു, ആഹ്ലാദകരമായൊരു സൽക്കാരവുമായി ബന്ധപ്പെടുത്തി മറ്റുള്ളവർക്കു തന്നെ 'ഓർമ്മിയ്ക്കാൻ' സൗകര്യം ഒരുക്കിത്തന്നതിനു നന്ദി പറയാൻ ആതിഥേയയുടെ ശ്രദ്ധയാകർഷിയ്ക്കുന്നവിധം സദാ പുഞ്ചിരിച്ചുകൊണ്ടിരുന്നു. മാഡം ഫ്രാങ്ക്വെടോട്ടിനേക്കാൾ ശാന്തമായി സംഗീതമാസ്വദിയ്ക്കുന്ന അവൾക്കു പക്ഷേ, പിയാനിസ്റ്റിന്റെ പറക്കുന്ന വിരലുകൾ ചെറിയൊരു അസ്വസ്ഥതയോടെമാത്രമേ കണ്ടിരിയ്ക്കാനായുള്ളൂ. പിയാനിസ്റ്റിനെയല്ല പിയാനോയെക്കുറിച്ചുള്ള വേവലാതിയായിരുന്നു അവളെ അസ്വസ്ഥയാക്കിയത്; പിയാനോയ്ക്കു തൊട്ടു മുകളിൽ വെച്ചിരുന്ന മെഴുകുതിരി, ഉച്ചസ്ഥായിയിലെ ഓരോ സ്വരത്തിനും നൽകുന്ന ഊന്നലിൽ തൽസ്ഥാനത്തു നിന്നിളകി മേലോട്ടു തീ പടർന്നില്ലെങ്കിലും ഉരുകിയ മെഴുകു താഴോട്ടു പതുക്കെ ഒലിച്ചിറങ്ങുമെന്നു ഭീഷണി മുഴക്കിക്കൊണ്ടിരുന്നു. അവസാനം ഉൽക്കണ്ഠ നിയന്ത്രിച്ചു നിർത്താൻ കഴിയാതെ അവൾ പിയാനോ വെച്ച ഉയരത്തിലുള്ള വേദിയിലേയ്ക്കു ചാടിക്കയറി മെഴുകുതിരി ഉറപ്പിച്ച തട്ടു കടന്നെടുക്കാൻ ശ്രമിച്ചു; അവളുടെ കൈകൾ ആ തട്ടു തൊടുന്നതിനു തൊട്ടുമുമ്പ്, അവസാനത്തെ സ്വരലയത്തിൽ സംഗീതവിസ്താരം അവസാനിപ്പിച്ച് പിയാനിസ്റ്റ് എഴുന്നേറ്റു നിന്നു. പക്ഷേ, ചെറുപ്പക്കാരിയായ ആ യുവതിയുടെ നിർഭയവും നിർല്ലജ്ജവുമായ പ്രകടനം, ഒരു നിമിഷം പിയാനിസ്റ്റിന്റെ മനസ്സിൽ സംഭ്രാന്തി ജനിപ്പിച്ചെങ്കിലും സദസ്സിലാകെ അനുകൂലമായൊരു മതിപ്പു സൃഷ്ടിയ്ക്കാൻ പര്യാപ്തമായിത്തീർന്നു.

"ആ പെൺകുട്ടി ചെയ്തതു ശ്രദ്ധിച്ചോ?", ജനറൽ ഫ്രോബർവിൽ

തൊട്ടടുത്തു നിന്ന മാഡം ഡെസ് ലോമസിനോടു ചോദിച്ചു. “അത്ഭുതം! ഗായകസംഘത്തിലെ ഒരംഗമാണോ അവൾ?“

“അല്ല, കാംബ്രേമർ കുടുംബത്തിലെയാണെന്നു തോന്നുന്നു”, രാജകുമാരി അശ്രദ്ധമായി പറഞ്ഞു. തുടർന്നു ചടുലതയോടെ അവർ കൂട്ടിച്ചേർത്തു: “എനിയ്ക്കറിയില്ല, കേട്ടറിവ് മാത്രമേയുള്ളൂ, ആരാണു പറഞ്ഞതെന്നും ഓർക്കുന്നില്ല, ഗ്രാമത്തിൽ മാഡം സാങ്ങ്യൂവെർട്ടിന്റെ അയൽക്കാരായ അവരെ മറ്റാർക്കെങ്കിലും അറിയാമെന്നും തോന്നുന്നില്ല. നമ്മുടെ ഈ സമൂഹത്തിൽ വല്ലപ്പോഴുമൊക്കെ പ്രത്യക്ഷപ്പെടുന്ന ഇവരൊക്കെ ആരാണെന്നൊരു ധാരണയും എനിയ്ക്കില്ല; തുറന്നു സമ്മതിയ്ക്കട്ടെ, നിങ്ങൾപോലും എത്ര 'നല്ല നില'യിലാണു കഴിയുന്നതെന്നു ഞാൻ മനസ്സിലാക്കിയിട്ടില്ല! വിരുന്നുകളിൽ പങ്കെടുക്കാത്തപ്പോൾ ഇവരെന്തായിരിയ്ക്കും ചെയ്യുന്നത്? നിങ്ങൾക്കെന്തു തോന്നുന്നു? കസേരകളും ഭക്ഷണവും ഗായകരും ഉൾപ്പെടെ ഇവരേയും ഒരുപക്ഷേ മാഡം സാങ്ങ്യൂവെർട്ട് ഈ വിരുന്നിനുവേണ്ടി ഏർപ്പാടു ചെയ്തതായിരിയ്ക്കാം. 'സർവാണി'കളെന്നൊക്കെ പറയാറില്ലേ? പക്ഷേ, ജനറൽ, ഇവരൊക്കെ കഴിവുള്ളവരാണെന്നു സമ്മതിച്ചേ പറ്റൂ! നോക്കൂ, ഓരോ തവണയും ഇതേ 'ഉന്നതരെ' വാടകയ്ക്കെടുക്കാനുള്ള സാമ്പത്തികസ്ഥിതി മാഡം സാങ്ങ്യൂവെർട്ടിനുണ്ടോ? എന്തോ എനിയ്ക്കു ബോദ്ധ്യം വരുന്നില്ല!“

'അതെ, നല്ലൊരു പേരാണു കാംബ്രേമർ; പോരാത്തതിനു പഴമയുടെ ഒരു ഗന്ധവുമുണ്ട്!', ജനറൽ പറഞ്ഞു.

“പഴകിപ്പോയതിൽ എനിയ്ക്കെതിർപ്പില്ല”, രാജകുമാരി വിരസതയോടെ തുടർന്നു, “എന്തായാലും 'ശ്രുതിശുദ്ധി'യില്ലാത്ത ആ പേരു കേൾക്കാൻ സുഖം പോര!“. ഗ്വെർമാന്റിസ്‌കുടുംബം ശീലിച്ചുപോന്ന ഒരു കാപട്യത്തിന്റെ ലക്ഷണമായി 'ശ്രുതിശുദ്ധി'യെന്ന വാക്ക് അവർ പ്രത്യേകമൊരു ഊന്നലോടെയാണു പറഞ്ഞത്.

“നിങ്ങൾക്കങ്ങനെ തോന്നുന്നില്ലെങ്കിൽ അവളൊരു സാധാരണ

സ്ത്രീയാകാനാണ സാദ്ധ്യത!", മാഡം കാംബ്രേമറിൽനിന്ന കണ്ണെടുക്കാതെ ജനറൽ പറഞ്ഞു.

"പ്രായം കുറഞ്ഞ പെൺകുട്ടികൾക്കു തീരെ യോജിയ്ക്കാത്തവിധം അവൾ മാറിടം വല്ലാതെ മുന്നോട്ടു തള്ളിച്ചാണ നടക്കുന്നത്. എന്തായാലും എന്റെ തലമുറയിൽപ്പെട്ടതാണെന്ന തോന്നുന്നില്ല". മാഡം ഡെസ് ലോമസ് പറഞ്ഞു. ('തലമുറ'യെന്ന വാക്ക് അവർ ഗല്ലാർഡണും ഗ്വെർമാന്റിസിനും ഒരുപോലെ ബാധകമാണെന്ന ഭാവത്തിലാണ പറഞ്ഞത്). അപ്പോഴും മാഡം കാംബ്രേമറിനെത്തന്നെ നോക്കിനിൽക്കുന്ന ജനറലിനെ നോക്കി, പകുതി ആ പെൺകുട്ടിയുടെ നേർക്കുള്ള അസൂയയും പകുതി ജനറലിനു വഴങ്ങാനുള്ള താൽപ്പര്യവും ചേർത്തു രാജകുമാരി തുടർന്നു: "സുന്ദരിയെന്നു പറയാനൊന്നുമില്ല! അവളെ തീരെ പരിചയമില്ലാത്തതിൽ എനിയ്ക്കിപ്പോൾ ഖേദമുണ്ട്; പ്രത്യേകിച്ച്, നിങ്ങൾക്കു നന്നായി ബോധിച്ച അവളെ പരിചയപ്പെടുത്തുകയെങ്കിലും ചെയ്യാമായിരുന്നു!" എങ്കിലും അവളെ നേരിട്ടറിയാമായിരുന്നെങ്കിൽ അങ്ങനെയൊന്നും സംഭവിയ്ക്കില്ലെന്നു വ്യക്തമാക്കുന്ന ഭാവത്തിൽ രാജകുമാരി കൂട്ടിച്ചേർത്തു: "ഇനി നിൽക്കാൻ സമയമില്ല, പോകട്ടെ, ശുഭരാത്രി! ഇന്നുതന്നെ മറ്റൊരു സുഹൃത്തിന്റെ പിറന്നാൾവിരുന്നിനു പോകണം!'. താൻ പങ്കെടുക്കുന്ന പരിഷ്കൃതജനങ്ങളുടെ കൂട്ടായ്മയെ, വിരസമായ വെറുമൊരു ചടങ്ങിന്റെ തലത്തിലേയ്ക്കു ചുരുക്കി, സ്വന്തം സാന്നിദ്ധ്യം സൃഷ്ടിയ്ക്കുന്ന ഹൃദ്യമായ അന്തരീക്ഷം കരുതി മാത്രമാണ താനവിടെ പോകുന്നതെന്നുകൂടി അവർ ഭാവിച്ചു. "അറിയാമല്ലോ, ബേസിനേയും കൂടെ കൂട്ടണം. ഇതിനിടയിൽ അദ്ദേഹം മിക്കവാറും മറ്റൊരു സുഹൃത്തിനെ കാണാൻ പോയിരിയ്ക്കും, പേരോർക്കുന്നില്ല, ഏതാണ്ടൊരു പാലത്തിന്റെ പേരുപോലെ, അതെയതെ, ലെനാസ്!".

"പാലം വരുന്നതിനുമുമ്പ് അതൊരു യുദ്ധക്കളമായിരുന്നു, രാജകുമാരി! യുദ്ധം വിജയവുമായിരുന്നു!", ജനറൽ പറഞ്ഞു. "ഞാനുദ്ദേശിച്ചത്, പഴയൊരു യോദ്ധാവായ എന്നെപ്പോലുള്ളവർക്കു പറയാൻ..",

വിണ്ടുകീറിയ വ്രണം കഴുകി വൃത്തിയാക്കുന്നപോലെ ഒറ്റക്കണ്ണട കൈയിലെടുത്തു തുടച്ചു ജനറൽ പറയാൻ തുടങ്ങിയപ്പോൾ രാജകുമാരി മറ്റെവിടെയോ കണ്ണു നട്ടു നിർവികാരയായി നിന്നു; “രാജകീയമായ കുലീനത, പഴയ മട്ടിലല്ലെങ്കിലും നല്ല തന്മയത്വത്തോടെ മനോഹരമായിരിയ്ക്കുന്നു.. അതെ, അവർ വീരോചിതമായി യുദ്ധംചെയ്ത പടയാളികളായിരുന്നു“.

“വീരനായകരെ എനിയ്ക്കെന്നും ആദരവായിരുന്നു“, വ്യാജോക്തിയുടെ നേരിയ ലാഞ്ഛന കലർത്തി രാജകുമാരി സമ്മതിച്ചു. “ബേസിന്റെ കൂടെ രാജകുമാരി ഡി'ലെനയെ കാണാൻ പോയിരുന്നില്ലെങ്കിൽ.., സത്യത്തിൽ ഞാനുദ്ദേശിച്ചത്.. നേരിട്ടു പരിചയമില്ലാത്തതുകൊണ്ട്, ബേസിനവരെ നന്നായറിയാം, ഒരർത്ഥത്തിൽ ആരാധന.., അതല്ല, നിങ്ങൾ കരുതുന്നതുപോലെ അവരുമായി പ്രണയമൊന്നുമില്ല. എനിയ്ക്കാരുടേയും നേരേ മുഖം തിരിയ്ക്കേണ്ട കാര്യമില്ല! മാത്രമല്ല, അവരുടെ നേരെ മുഖം തിരിച്ചതുകൊണ്ട് എനിയ്ക്കെന്തു നേട്ടം?“, വിഷാദത്തോടെ അവർ അനുതപിച്ചു. ഡെസ് ലോമസ് രാജകുമാരൻ, സുന്ദരിയായ മാതൃസോദരീപുത്രിയെ വിവാഹം ചെയ്ത ദിവസംമുതൽ ഇന്നോളം സംശയത്തോടെമാത്രമേ അവരോടു പെരുമാറിയിട്ടുള്ളുവെന്നു പുറത്തുള്ളവർക്കു മുഴുവൻ അറിയാവുന്നതാണ്. “എന്തായാലും, അതല്ല യാഥാർത്ഥ്യം. അദ്ദേഹത്തിനവരെ വളരെക്കാലമായി അറിയാം; നല്ല പെരുമാറ്റം; ആത്യന്തികമായി അതെനിയ്ക്കൊരു സഹായവുമാകുന്നുണ്ട്; അവരുടെ വീടിനെക്കുറിച്ചു ചിലതൊക്കെ പക്ഷേ എനിയ്ക്കു പറയാതിരിയ്ക്കാനാവില്ല. നിങ്ങൾക്കു സങ്കൽപ്പിയ്ക്കാനാവുമോ, അവരുടെ വീടിനു 'രാജകീയ'മായൊരു പരിവേഷമുണ്ട്!“.

“പക്ഷേ, പ്രിയപ്പെട്ട രാജകുമാരി, അതൊരു സ്വാഭാവികമായ കാര്യമല്ലേ? അതവർക്കു പൈതൃകമായി ലഭിച്ചതായിരിയ്ക്കണം!“.

“അങ്ങനെയൊരു സാദ്ധ്യത ഞാൻ നിഷേധിയ്ക്കുന്നില്ല, പക്ഷേ അതുകൊണ്ട് ആ വൈരൂപ്യത്തിനു യാതൊരു കുറവും വരാൻ പോ

കുന്നില്ല. എല്ലാവർക്കും എല്ലായ്പ്പോഴും നല്ലതുതന്നെ ലഭിയ്ക്കണമെന്നില്ലെന്നു ഞാൻ മനസ്സിലാക്കുന്നു, പക്ഷേ വെറും വൃത്തികെട്ട വികൃതമായവ കൈവശം വെയ്ക്കാതിരിയ്ക്കുകയെങ്കിലും ചെയ്യാമല്ലോ! നിങ്ങളെന്തു പറയുന്നു? അവരുടെ അറപ്പു തോന്നിയ്ക്കുന്ന ചില രീതികളേക്കാൾ ഹൃദയഭേദകമായി യാതൊന്നും എനിയ്ക്കു സങ്കൽപ്പിയ്ക്കാനാവുന്നില്ല. കുളിമുറിയിലെ ജലധാരപോലെ, ഹംസശിരസ്സുകൾ വെച്ചുപിടിപ്പിച്ച വലിപ്പപെട്ടികൾ!".

'പക്ഷേ, ചില സുന്ദരവസ്തുക്കൾകൂടി അവരുടെ പക്കലുണ്ടാകുമെന്നാണു ഞാൻ വിശ്വസിയ്ക്കുന്നത്. എന്തിന്, മാർബിളിൽ ചിത്രപ്പണികളോടുകൂടിയ മേശ..., അതിൽ ആലേഖനം ചെയ്തിരിയ്ക്കുന്ന സമാധാന ഉടമ്പടി........"

"അതെ, ഞാൻ നിഷേധിയ്ക്കുന്നില്ല. ചരിത്രപരമായ കാഴ്ചപ്പാടിൽ താൽപ്പര്യം ജനിപ്പിയ്ക്കുന്ന പലതും അവരുടെ കൈവശം കണ്ടേക്കാം. പക്ഷേ അങ്ങനെ വിലമതിയ്ക്കപ്പെടുന്നവ എപ്പോഴും സുന്ദരമാകണമെന്നില്ല, ഭയാനകവുമാകാം! ബേസിനു മൊണ്ടെസ്ക്യുവസിൽനിന്നു ലഭിച്ച അത്തരം ചില വസ്തുക്കൾ എന്റെ പക്കലുമുണ്ട്. ആരും ഒരിയ്ക്കലും കയറാത്ത ഗ്വെർമാന്റിസിലെ മച്ചിൻമുകളിലാണവ സൂക്ഷിച്ചിരിയ്ക്കുന്നത്. പക്ഷേ, അതല്ല ഇപ്പോഴത്തെ പ്രശ്നം. ബേസിനോടൊത്ത് ഉടനെ എനിയ്ക്കവരെ ചെന്നു കണ്ടേ തീരൂ. നേരിട്ടു പരിചയമുണ്ടായിരുന്നെങ്കിൽ ഈ സകല പ്രശ്നങ്ങൾക്കിടയിലും ഞാനവരെ സ്വകാര്യമായി ചെന്നു കാണുമായിരുന്നു! നിങ്ങൾക്കറിയാമോ, ഒരു പെൺകുട്ടി അപരിചിതരെ കാണാൻപോകുന്നതു മര്യാദയ്ക്കു ചേർന്നതല്ലെന്നു മാതാപിതാക്കൾ എന്നെ പഠിപ്പിച്ചിട്ടുണ്ട്", ശബ്ദത്തിനു ബാലിശമായൊരു ലാഘവം വരുത്തി അവർ തുടർന്നു: "അതുകൊണ്ട്, തൽക്കാലം പഠിച്ചതു മാത്രമേ ഞാൻ ചെയ്യുന്നുള്ളൂ. അപരിചിതയായൊരു സ്ത്രീയുമായി വീട്ടിലേയ്ക്കു വരുന്ന ചിലരെ നിങ്ങൾ കണ്ടിട്ടില്ലേ? എന്തിനു കൂടുതൽ പറയുന്നു, എനിയ്ക്കവിടെ വളരെ മോശമായൊരു സ്വീകരണമായിരിയ്ക്കും ലഭിയ്ക്കാൻ പോകുന്നത്!".

ആ വിചാരം, ചുണ്ടുകളിൽ പകർന്ന പുഞ്ചിരിയുടെ വശ്യത കാമാസക്തമായി പുറത്തു വന്നപ്പോൾ, ജനറലിനു നേരേ നീണ്ട നീലക്കണ്ണുകളിൽ സ്വപ്നസമാനമായൊരു ഭാവം വിടർന്നു വന്നു.

“രാജകുമാരി, നോക്കൂ, അവർ ആഹ്ലാദംകൊണ്ടു തുള്ളിച്ചാടുമെന്നു തീർച്ചയായും നിങ്ങൾക്കറിയാം!“

“പറയൂ, എന്തിനുവേണ്ടി?“, ജനറൽ അങ്ങനെ പറഞ്ഞുകേൾക്കുന്നതിന്റെ ആനന്ദം ആസ്വദിയ്ക്കാനും ഫ്രാൻസിലെ പ്രഥമവനിതകളിലൊരാളാണു താനെന്നു സൂചിപ്പിച്ചതു മനസ്സിലായില്ലെന്നു ഭാവിയ്ക്കാനുംവേണ്ടി, അവരാരാഞ്ഞു. “എന്തിനുവേണ്ടി? നിങ്ങൾക്കതെങ്ങനെ ഉറപ്പിച്ചു പറയാൻ കഴിയും? എനിയ്ക്കവരെക്കുറിച്ചു യാതൊന്നുമറിയില്ല, പക്ഷേ, നേരിട്ടു പരിചയമുള്ളവരെ സൽക്കരിയ്ക്കുന്നതു വിരസമായൊരു കാര്യമായാണു ഞാൻ കാണുന്നത്; അഥവാ 'വീരനായകരെപ്പോലെ പടവെട്ടുന്ന' അപരിചിതരെയാണു കണ്ടുമുട്ടുന്നതെങ്കിൽ, ഞാൻ നിന്നനിലയിൽ മരവിച്ചു വീണുപോകും. മാത്രമല്ല, നിങ്ങളെപ്പോലുള്ള പഴയ സുഹൃത്തുക്കളെ മാറ്റി നിർത്തിയാൽ 'വീരനായകത്വം' ചമയുമ്പോൾ സമൂഹത്തിനൊരു ഗുണമുണ്ടാകുമെന്നും ഞാൻ കരുതുന്നില്ല. വിരുന്നുകൾ വിരസത വിളിച്ചു വരുത്തുന്ന ഒരഭ്യാസമായി ഈയിടെ മാറുന്നുണ്ട്; പക്ഷേ, ചിലർക്കൊരുപടി താഴോട്ടിറങ്ങുന്നതു തടയാൻ സ്വന്തം ആയുധങ്ങൾ മുഴുവനും സ്പാർട്ടക്കസിനു സമർപ്പിയ്ക്കേണ്ടി വരും.... എന്തുചെയ്യും? അതല്ല, ഒരു പതിനാലാമനുവേണ്ടി ഒരിയ്ക്കലും വെർസിംഗെടോറിക്സിനെയായിരിയ്ക്കില്ല ഞാനാളയച്ചു വരുത്തുന്നത്. അതിലേറെ ക്രൂരമായ 'അടിച്ചമർത്തലു'കൾക്കായി അയാളെ കരുതിവെക്കുകയാണു വേണ്ടത്! ഞാൻ...“

“ആഹാ! രാജകുമാരി, നിങ്ങളൊന്നുമില്ലാത്തൊരു ഗ്വെർമാന്റിസല്ലെന്നു തീർച്ചയായി. എന്തായാലും അവരുടെ ഒരു പങ്കു നിങ്ങളുടെ പക്കലുമുണ്ട്, 'ഗ്വെർമാന്റിസിന്റെ ആ രസികത്തം'!“.

'എല്ലാവരും എപ്പോഴും ഗ്വെർമാന്റിസിന്റെ രസികത്തത്തെക്കുറിച്ച

പറയുന്നു. എനിയ്ക്കൊരിയ്ക്കലും അതെന്താണെന്നു മനസ്സിലായിട്ടില്ല. സത്യത്തിൽ ഇതുപോലെ മറ്റാരെയെങ്കിലും നിങ്ങൾക്കറിയാമോ?“ ഓളം തല്ലുന്ന ഒരു പൊട്ടിച്ചിരിയോടെ അവർ അദ്ദേഹത്തിന്റെ അടുത്തു ചേർന്നു നിന്നു. സൗന്ദര്യവും രസികത്തവും പറഞ്ഞു സ്വയം പുകഴ്ത്തിയാലും സംസാരംകൊണ്ടുമാത്രം ഉണർന്നുവരുന്ന ആനന്ദനിർവൃതിയുടെ പ്രകാശത്തിൽ തിളങ്ങിയ അവരുടെ കണ്ണുകളിൽ ആ അംഗചലനങ്ങൾക്കനുസൃതമായ ഭാവങ്ങൾ സൂക്ഷ്മമായി പ്രതിഫലിച്ചു. “നോക്കൂ, അവിടെ.., സ്വാൻ ആ കാംബ്രേമർ പെൺകുട്ടിയോടു സംസാരിച്ചു നിൽക്കുന്നു. അതാ.., സാങ്യൂവെർട്ടിനു തൊട്ടടുത്ത്, നിങ്ങൾ കാണുന്നില്ലേ? നേരേ ചെന്ന് അദ്ദേഹത്തോട് അവളെ പരിചയപ്പെടുത്തിത്തരാൻ പറയൂ. വേഗം വേണം, അദ്ദേഹമതാ പോകാൻ തുടങ്ങുകയാണെന്നു തോന്നുന്നു!“

'എന്തു പറ്റി? സ്വാനിന്റെ മുഖം വല്ലാതെ വാടിയിരിയ്ക്കുന്നല്ലോ, നിങ്ങൾ ശ്രദ്ധിച്ചില്ലേ?“, ജനറൽ ചോദിച്ചു.

“ആഹാ, പ്രിയപ്പെട്ട ചാൾസ്? ഇതാ അദ്ദേഹം വന്നു. ഞാൻ കരുതി, എന്നെ കാണാൻ അദ്ദേഹത്തിനു താൽപ്പര്യമില്ലെന്ന്...!“

സ്വാനിനു ഡെസ് ലോമസ് രാജകുമാരിയോട് അഗാധമായ അടുപ്പവും സ്നേഹവുമുണ്ടായിരുന്നു. പക്ഷേ, അവരെ നേരിട്ടു കണ്ടപ്പോൾ, ഓദത്തിനെ പിരിയാൻ വയ്യാത്തതു മൂലം കുറേക്കാലമായി സന്ദർശനം നിർത്തിവെച്ച പ്രിയപ്പെട്ട കോംബ്രേയും സ്വന്തം എസ്റ്റേറ്റും ഗ്വെർമാന്റിസ്കുടുംബവും അദ്ദേഹത്തിന്റെ ഓർമ്മയിൽ തെളിഞ്ഞു. ഗൃഹാതുരത്വത്തിന്റെ അന്തരീക്ഷത്തിലേയ്ക്കു കടന്നപ്പോൾ പകുതി കലാപരവും പകുതി ശൃംഗാരപരവുമായ ഒരു സവിശേഷഭാവം വളരെ സ്വാഭാവികമായി അദ്ദേഹം എടുത്തണിഞ്ഞു. രാജകുമാരിയെ രസിപ്പിയ്ക്കാൻ സ്വീകരിയ്ക്കാറുള്ള പതിവുശൈലിയിൽ അദ്ദേഹം, ആത്മസംതൃപ്തികൂടി കണക്കാക്കി, കോംബ്രെയെക്കുറിച്ചുള്ള വിരഹദു:ഖം പങ്കുവെച്ചു.

“അതാ നോക്കൂ....!“, ആഹ്ലാദാതിരേകത്തിൽ ശബ്ദത്തിലൊരു

ഈണം വരുത്തി അദ്ദേഹം, തൊട്ടടുത്തു നിൽക്കുന്ന മാഡം സാങ് യൂവെർട്ടും മാഡം ഡെസ് ലോമസും ഒരുപോലെ കേൾക്കാവുന്നവിധം ഉച്ചത്തിൽ പറഞ്ഞു: "നമ്മുടെ സൗന്ദര്യറാണി വന്നിട്ടുണ്ടല്ലോ! അറിയാമോ, ഗ്വെർമാന്റിസിൽനിന്നു നേരേ വന്നിരിയ്ക്കുന്നതു 'സെന്റ് ഫ്രാൻസിസ് കിളികളോടു നടത്തുന്ന പ്രഭാഷണം' കേൾക്കാനായിരിയ്ക്കണം. അവിചാരിതമായി യാത്ര പുറപ്പെട്ടു കൃത്യസമയത്തു പറന്നെത്തിയതുകൊണ്ട്, ഒരോമനക്കുരുവിയെപ്പോലെ, പെറുക്കിയെടുത്ത ചില ചില്ലികളും കമ്പുകളുംമാത്രമേ തലയിൽ ചൂടാൻ കഴിഞ്ഞുള്ളൂ. ശ്രദ്ധിച്ചു നോക്കിയാൽ അവയിൽനിന്നു ചില മഞ്ഞുതുള്ളികൾ ഇപ്പോഴും ഇറ്റുവീഴുന്നതു കാണാം. ഈ കൊടുംതണുപ്പിൽ അവരതാ, വിറയ്ക്കുന്നു, രാജകുമാരി, നിങ്ങളിന്നു വളരെ മനോഹരിയായിട്ടുണ്ട്!".

"എന്ത്? രാജകുമാരി, ഗ്വെർമാന്റിസിൽനിന്നു പ്രത്യേകമൊരു ഉദ്ദേശവുമായാണു വന്നതെന്നോ? പക്ഷേ, ഞാനതു മനസ്സിലാക്കിയില്ല, അത്ഭുതംതന്നെ! ഞാൻ പരിഭ്രമിച്ചുപോയി", സ്വാനിന്റെ സംസാരശൈലി തീരെ പരിചയമില്ലാത്ത മാഡം സാങ്യൂവെർട്ട് പ്രത്യക്ഷമായ ലാളിത്യത്തോടെ പ്രതിഷേധം രേഖപ്പെടുത്തി. രാജകുമാരിയുടെ കേശാലങ്കാരം പരിശോധിച്ചുകൊണ്ട് അവർ തുടർന്നു, "എന്തായാലും നിങ്ങൾ പറഞ്ഞതു സാർത്ഥകമായിരിയ്ക്കുന്നു. എങ്ങനെയാണു നിങ്ങളിങ്ങനെ അനുകരിയ്ക്കാൻ പഠിച്ചത്...... പഴയൊരു ഫലിതം, അതല്ലെങ്കിൽ, ഒരുപക്ഷേ മനോഹരമായ ഒരാശയം!. പക്ഷേ, അതല്ല പ്രശ്നം, ഇന്നത്തെ പരിപാടിയിൽ ഈ വകയുണ്ടെന്നു രാജകുമാരിയെങ്ങനെ ഊഹിച്ചറിഞ്ഞു? ഗായകർപോലും എന്നോടു നേരത്തേ പറഞ്ഞിരുന്നില്ല!".

സ്ത്രീകളെ ആരാധനാസ്വരത്തിൽമാത്രം അഭിസംബോധന ചെയ്തു ശീലിച്ച സ്വാനിനു മറ്റുള്ളവർക്കു മനസ്സിലാകാത്ത അഭിനന്ദനത്തിന്റെ മധുരപ്രയോഗങ്ങൾ നിർലോഭം ചൊരിയാൻ അത്യധികമായൊരു നൈപുണ്യമുണ്ടായിരുന്നു. അതുകൊണ്ട്, ധ്വന്യാത്മകമായാ

ണ താൻ സംസാരിയ്ക്കുന്നതെന്ന കാര്യം മാഡം സാങ് യൂവെർട്ടിനു വിശദീകരിച്ചുകൊടുക്കണമെന്നു സ്വാനിനു തോന്നിയില്ല. ഗ്വെർമാന്റിസ്കുടുംബത്തിൽനിന്നു സ്വാനിന്റെ ഫലിതങ്ങൾ വളരെയേറെ കേട്ടു രസിച്ചുപോന്ന രാജകുമാരിയാകട്ടെ, തന്നെക്കുറിച്ചുള്ള ആ നല്ല വാക്കുകൾ സുന്ദരവും സരസവുമായ സൂക്ഷ്മതയോടെ ആസ്വദിച്ചു പൊട്ടിച്ചിരിയുടെ തിരമാലകളിൽ സ്വയം ഒഴുകി നടന്നു.

“തീർച്ചയായും, ചാൾസ്! എന്റെ ചെറിയ ചില്ലികൾക്കും കമ്പുകൾക്കും നിങ്ങളുടെ പ്രശംസ പിടിച്ചുപറ്റാൻ കഴിഞ്ഞതിൽ വളരെ സന്തോഷമുണ്ട്. എങ്കിലും, പറയൂ, നിങ്ങളെന്തിനാണു കാംബ്രേമറിലെ ആ പെൺകുട്ടിയെ കണ്ടു വണങ്ങിയത്? അവളുടെ അയൽക്കാരനാണോ നിങ്ങൾ?“

രാജകുമാരി സ്വാനുമായി സംസാരിയ്ക്കുന്നതിൽ സന്തോഷിയ്ക്കുന്നതു കണ്ട് മാഡം സാങ്യൂവെർട്ട് തൽക്കാലം മാറിപ്പോയി.

“പക്ഷേ നിങ്ങൾ, നിങ്ങളാണു യഥാർത്ഥരാജകുമാരി!“

“ഞാനോ! എന്തുകൊണ്ട്? അവർക്ക്, ആ ജീവികൾക്കു സകല ദിക്കിലും 'ഗ്രാമ'ങ്ങളുണ്ടായിരിയ്ക്കും! എനിയ്ക്കങ്ങനെയൊന്നുമില്ല!“

“അല്ല, അവർ കാംബ്രേമറല്ല. കോംബ്രേയിൽ പതിവായി വരാറുള്ള അവൾ ലെഗ്രാൻഡിൻകുടുംബത്തിലെ ഒരനന്തരാവകാശിയാണ്. കോംതെസ്സ് കോംബ്രേയെന്ന പദവിയുടെ പേരിൽ നിങ്ങൾക്കവരോടൊരു കടപ്പാടുപോലുമുണ്ട്!“.

'അറിയില്ല, ആ പദവിയിൽ എനിയ്ക്കെങ്ങനെ അവരോടു കടപ്പാടുണ്ടാകുമെന്ന്! പക്ഷേ വർഷന്തോറും വികാരിയച്ചൻ അയയ്ക്കുന്ന നൂറു ഫ്രാങ്ക് എന്റെ മനസ്സിനെ 'സ്പർശിയ്ക്കാ'റുണ്ട്! അതിനുള്ള അർഹത അവകാശപ്പെടാറില്ലെങ്കിലും എനിയ്ക്കു ജീവിയ്ക്കാൻ ബുദ്ധിമുട്ടൊന്നുമില്ല. ഒരുതരം ഞെട്ടിയ്ക്കുന്ന പേരാണു കാംബ്രേമർ! കൃത്യസമയത്തു മോശമായ 'രീതി'യിൽത്തന്നെ അതവസാനിയ്ക്കുന്നു..”, ചെറിയൊരു ചിരിയോടെ അവർ പറഞ്ഞു.

“തുടക്കവും നല്ല മട്ടിലല്ല!', സ്വാൻ ഏറ്റുപിടിച്ചു.

“അതേ. ഇരട്ടപ്രകൃതിയായൊരു സംക്ഷേപസംജ്ഞ!“

“ആദ്യത്തേതു മുഴുമിപ്പിയ്ക്കാൻ കഴിയാത്തവർ മുൻകോപികളും കടുത്ത കണിശക്കാരുമായിരിയ്ക്കും!“.

'രണ്ടാമത്തേതു തുടങ്ങിയാൽ നിർത്താനാവാത്തതുകൊണ്ട് ആദ്യത്തേതു മുഴുമിപ്പിച്ചതിനുശേഷം അവസാനിപ്പിയ്ക്കുകയായിരിക്കും നല്ലത്'. നോക്കു ചാൾസ്, നർമ്മത്തിന്റെ ഉദാത്തമായൊരു ഭാവത്തിലാണു നമ്മൾ സംസാരിയ്ക്കുന്നത്, ഒരുപക്ഷേ അതിസൂക്ഷ്മമായ അഭിരുചിയോടെ! പക്ഷേ, നിങ്ങളെ ഈയിടെയായി തീരെ കാണാത്തതുകൊണ്ട് എത്ര മനസ്താപമാണു ഞാൻ അനുഭവിയ്ക്കുന്നതെന്നറിയാമോ?“, വശ്യമായ ഒരീണത്തിൽ അവർ തുടർന്നു: “നിങ്ങളൊന്ന് ആലോചിച്ചുനോക്കു, കാംബ്രേമരുടെപേരിൽ രസകരമായ എന്തെങ്കിലും കണ്ടെത്താൻ ജനറലിനെ ഞാൻ കുറച്ചേറെ നേരമായി പ്രലോഭിപ്പിയ്ക്കുന്നു, പക്ഷേ എത്ര പറഞ്ഞിട്ടും അയാൾക്കു മനസ്സിലാകുന്നില്ല. ജീവിതം ഭയാനകമായൊരു ഇടപാടാണെന്നു സമ്മതിയ്ക്കാതെ വയ്യ! എന്റെ മടുപ്പു കുറച്ചെങ്കിലും മാറുന്നതു നിങ്ങളെ കാണുമ്പോഴാണ്..!“.

ആ പ്രസ്താവന പക്ഷേ തികച്ചും സത്യമായിരുന്നില്ല; ജീവിതത്തിലെ ചെറിയ ചില കാര്യങ്ങളിൽ, വിഷയാവതരണത്തിൽ മാത്രമല്ല ഉച്ചാരണരീതിയിൽപ്പോലും, രണ്ടുപേരും ഒരേ ശൈലിയാണു സ്വീകരിച്ചതെങ്കിലും രണ്ടു വസ്തുക്കളുടെ മാറ്റൊലി ഒരിയ്ക്കലും വിപരീതമാകാൻ വയ്യാത്തതുകൊണ്ട് അവരുടെ പൊരുത്തം പുറമേയ്ക്കു പ്രകടമായിരുന്നില്ല. സംസാരത്തിനായി ഉപയോഗിയ്ക്കുന്ന ശബ്ദകോശത്തിൽ ഗ്വെർമാന്റിസ് കുടുംബത്തിന്റെ തനതായ ഒരു 'ഈണ'ത്തിന്റെ പ്രയോഗവും കടുംപിടിത്തങ്ങളും സ്വാനിന്റെ വാക്കുകളിൽ തെളിഞ്ഞുകാണാം. മാത്രമല്ല, പ്രധാനവിഷയങ്ങളിൽ അവർക്കു പൊതുവായൊരു ധാരണയുണ്ടെന്നും കരുതാനാവില്ല. ഈയിടെയായി വല്ലാത്തൊരു വിഷാദത്തിനു വിധേയനായിരുന്ന സ്വാൻ, സ്വയം ചെയ്ത കുറ്റകൃത്യം ആരോടെങ്കിലും തുറന്നു പറഞ്ഞു കണ്ണീരൊഴുക്കാൻ

ബദ്ധപ്പെടുന്നതുപോലെ, പെട്ടെന്നു കണ്ണു നിറഞ്ഞു നിരുദ്ധകണ്ഠനാകുന്ന അവസ്ഥയിലാണു കഴിഞ്ഞിരുന്നത്. ജീവിതം വളരെ ഭയാനകമായൊരു ഇടപാടാണെന്നു രാജകുമാരി അഭിപ്രായപ്പെട്ടതു കേട്ടപ്പോൾ, അവർ ഓദത്തിനെക്കുറിച്ചു നേരിട്ടു സംസാരിച്ചതുപോലുള്ള ഒരാശ്വാസം കൂടി അദ്ദേഹത്തിനനുഭവപ്പെട്ടു. .

“അതേ, ജീവിതം ഭയാനകമായൊരു ഇടപാടുതന്നെ, തീർച്ച!. സുഹൃത്തേ, നമുക്കിങ്ങനെ ഇനിയും ഇടയ്ക്കിടെ കാണണം; വിഷാദം നിങ്ങളുടെ സൌന്ദര്യത്തിനു മാറ്റു കൂട്ടുകയാണു ചെയ്യുന്നത്; ഈയൊരവസ്ഥയിൽ തീർച്ചയായും നമുക്കൊരു സുഖകരമായ സായാഹ്നം ആസ്വദിയ്ക്കാൻ കഴിയും!“

“അതെ, എനിയ്ക്കുമതിൽ വിശ്വാസം തോന്നുന്നുണ്ട്. എന്തുകൊണ്ടൊരു ദിവസം നിങ്ങൾക്കു ഗ്വെർമാന്റിസിലേയ്ക്കു വന്നുകൂടാ? എന്റെ ഭർത്തൃമാതാവിനു വളരെ സന്തോഷമാകും. വൃത്തികെട്ട സ്ഥലമാണെങ്കിലും, അയൽപ്പക്കം തീരെ അനാകർഷകമാണെന്നു ഞാൻ പറയില്ല. 'ചിത്രസുന്ദരമായ ചില ചിഹ്ന'ങ്ങളുടെ ഭീകരത ഞാൻ നേരിട്ടനുഭവിയ്ക്കുന്നുമുണ്ട്!“.

“അതെ, എനിയ്ക്കറിയാം“, സ്വാൻ പറഞ്ഞു. “ഈയൊരു സമയത്തു സന്ദർശിയ്ക്കാൻ കൊള്ളാവുന്ന ആ ഗ്രാമം എനിയ്ക്കു മനോഹരവും സജീവവുമായി തോന്നാതിരിയ്ക്കില്ല; ഒരുപക്ഷേ, കുറച്ചുകാലം ഞാനവിടെ താമസിച്ചതുകൊണ്ടായിരിയ്ക്കാം, അങ്ങനെ തോന്നുന്നത്. അങ്ങകലെ കാറ്റിലുലയുന്ന ചോളവയലുകൾ ചെറിയ ചെറിയ ഓളങ്ങളായി ഒഴുകുന്നതു കാണുമ്പോൾ, ആരോ പെട്ടെന്നു പുതിയൊരു വാർത്തയുമായി മുമ്പിൽ പ്രത്യക്ഷപ്പെടുന്ന അനുഭവമാണു ഞാനാസ്വദിയ്ക്കാറുള്ളത്. നദിക്കരയിലെ ആ ചെറിയ വീടുകളുടെ മഹത്വം മനസ്സിലാക്കാൻ കഴിയാതെ പോയെങ്കിൽ, ഞാനൊരു വെറും നികൃഷ്ടജീവിയായിരുന്നിരിയ്ക്കണം!“.

“അതെ.. ചാൾസ്, വെറുതെയോരോന്നു ചിന്തിയ്ക്കാതെ ശാന്തനാകൂ.. നോക്കൂ, അതാ ആ ഭീകരിയെ കാണുന്നില്ലേ, രാംപില്ലൺ! അവ

ളെന്നെ കണ്ടുകഴിഞ്ഞു. ഇനി രക്ഷയില്ല, എന്നെ പെട്ടെന്നെവിടെയെങ്കിലും ഒളിപ്പിയ്ക്കൂ., പറയൂ, അതെ, അവൾക്കു പിന്നീടെന്താണു സംഭവിച്ചത്? ഞാനെല്ലാം കൂടി കൂട്ടിക്കുഴയ്ക്കുന്നു, അവളുടെ മകളെ ഈയിടെ വിവാഹം ചെയ്തു കൊടുത്തതേയുള്ളൂ, അല്ലെങ്കിൽ അവളുടെ കാമുകൻ (എനിയ്ക്കു തീരെ ഓർമ്മ വരുന്നില്ലല്ലോ), ഒരുപക്ഷേ, രണ്ടു പേരും.... പരസ്പരം! അല്ലല്ല, ഞാനിപ്പോൾ ഓർക്കുന്നു, രാജകുമാരൻ അവളെ ഉപേക്ഷിച്ചതാണ്..... എന്നെ അത്താഴത്തിനു ക്ഷണിയ്ക്കാതിരിയ്ക്കാൻ വൃദ്ധയായ ബെരെണീസ് മന:പൂർവം സംസാരിയ്ക്കുകയാണെന്നു ഭാവിയ്ക്കും.. അതെ, ഞാൻ പോകട്ടെ.. ദയവുചെയ്തു ശ്രദ്ധിയ്ക്കൂ, പ്രിയപ്പെട്ട ചാൾസ്, നിങ്ങളെ ഞാൻ മനസ്സിലാക്കിക്കഴിഞ്ഞു. ഒരുദിവസം, നല്ലൊരു നീലനിലാവിൽ, കാലങ്ങളായി നിങ്ങളെ കാത്തിരിയ്ക്കുന്ന (നിങ്ങൾക്കറിയാം!) പാർമേ രാജകുമാരിയുടെ അടുത്തേയ്ക്കു കൂട്ടിക്കൊണ്ടുപോകാൻ എന്നെ അനുവദിയ്ക്കില്ലേ? അതേ, ഇക്കാര്യത്തിൽ തീർച്ചയായും ബേസിൻ സഹകരിയ്ക്കും. ശരി, പോകട്ടെ, അദ്ദേഹം കാത്തുനിൽക്കുന്നുണ്ടാവും. നിങ്ങളുടെ വാർത്തയൊന്നും കേൾക്കുന്നില്ലെങ്കിൽ, ചിലപ്പോൾ, ചാർലൂസിൽനിന്ന്.., അതെ, ഈയിടെയായി എനിയ്ക്കു നിങ്ങളെ കാണാനേ കിട്ടാറില്ല!".

പക്ഷേ, സ്വാൻ ക്ഷണം നിരസിച്ചു. മാഡം സാങ്യൂവെർട്ടിന്റെ വിരുന്നിനുശേഷം പാർമേ രാജകുമാരിയെ കാണാൻ പോകുന്നതിന്റെ അപകടസാദ്ധ്യത കണ്ടറിഞ്ഞു നേരേ വീട്ടിലേയ്ക്കു മടങ്ങുകയാണെന്നു സ്വാൻ ചാർലൂസിനെ ധരിപ്പിച്ചു. ഒരുപക്ഷേ പരിചാരകന്റെ കൈവശം ആരോ ഏൽപ്പിച്ചുപോയ ഒരു സന്ദേശം, വീട്ടിൽ ഭദ്രമായി തന്നെക്കാത്തിരിയ്ക്കുന്ന വിവരം വിരുന്നിനിടയിൽ കാവൽക്കാരൻ ഓർമ്മിപ്പിച്ചതുകൊണ്ടായിരിയ്ക്കാം അങ്ങനെയൊരു തീരുമാനം അദ്ദേഹം കൈക്കൊണ്ടത്.

"പാവം സ്വാൻ!", അന്നു രാത്രി മാഡം ഡെസ് ലോമസ് ഭർത്താവിനോടു പറഞ്ഞു. "എവിടേയും എപ്പോഴും എല്ലാവർക്കും വേണ്ടപ്പെ

ട്ടവനാണെങ്കിലും, ഇന്നിപ്പോൾ അദ്ദേഹം വല്ലാത്തൊരു വിഷാദത്തി ലാണ ചെന്നവീണിരിയ്ക്കുന്നത്. എന്തായാലും അടുത്തൊരു ദിവസം നമ്മുടെ കൂടെ ഭക്ഷണം കഴിയ്ക്കാൻ വരാമെന്ന സമ്മതിച്ചിട്ടുണ്ട്. അ പ്പോൾ നിങ്ങൾക്കു നേരിട്ടു ബോദ്ധ്യപ്പെടും. ഇതുപോലെ വിശിഷ്ടനാ യൊരു വ്യക്തി, വെറുമൊരു നികൃഷ്ടജീവിയുടെപേരിൽ പീഡനം സ ഹിയ്ക്കുന്നതു സത്യത്തിൽ യുക്തിയ്ക്കു നിരക്കുന്നതല്ല. പറഞ്ഞുകേട്ടിട ത്തോളം യാതൊരു പ്രത്യേകതകളുമില്ലാത്ത അവളൊരു മന്ദബുദ്ധി യാണെന്നുപോലും തോന്നിപ്പോകും!" അസാമാന്യവ്യക്തിത്വമുള്ളവ ർക്ക് അതേ നിലവാരത്തിൽപ്പെട്ടവരിൽ നിന്നു മാത്രമാണു ദുരവസ്ഥ നേരിടേണ്ടിവരുന്നതെന്ന അനുഭവജ്ഞാനത്തോടെ അവർ പറഞ്ഞു നിർത്തി. കോളറ ബാധിച്ച മരിയ്ക്കുന്നവർ രോഗകാരണമായ കീടാ ണുവിന്റെ താഴ്ന്ന നിലയിലേയ്ക്ക് ഇറങ്ങിച്ചെല്ലുണമെന്നു പറയുന്നതു പോലെ അത്യാശ്ചര്യകരമായൊരു വാദഗതിയാണത്!.

ഉടനെ വീട്ടിലേയ്ക്കു മടങ്ങാനുദ്ദേശിച്ച് പെട്ടെന്നു രക്ഷപ്പെടാൻ ശ്ര മിച്ച സ്വാനിനെ ജനറൽ ഫ്രോബർവിൽ പിടിച്ചുനിർത്തി മാഡം കാംബ്രേമറിനെ പരിചയപ്പെടുത്തിക്കൊടുക്കാൻ ആവശ്യപ്പെട്ടു.

'ഞാൻ തുറന്നു പറയട്ടെ, സ്വാൻ!. പ്രാകൃതരായ കിരാതരുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നതിനേക്കാൾ ആ മാന്യസ്ത്രീയെ വി വാഹം ചെയ്തു സുഖമായി ജീവിയ്ക്കുകയാണു ഭേദമെന്നു ഞാൻ കരുതു ന്നു, നിങ്ങളെന്തു പറയുന്നു?".

'കിരാതരുടെ ആക്രമണത്തിൽ കൊല്ലപ്പെടുക'യെന്ന പ്രയോഗം അദ്ദേഹത്തിന്റെ വിഷാദമഗ്നമായ ഹൃദയത്തിലേയ്ക്കു പെട്ടെന്നു തുളച്ചു കയറി. ഉടനെ സംസാരം തുടരേണ്ടതിന്റെ ആവശ്യം ബോദ്ധ്യപ്പെട്ട സ്വാൻ പറഞ്ഞു. "അതെ, ചില മനുഷ്യരുടെ ജീവിതങ്ങൾ അങ്ങനെ യൊക്കെ വൃഥാ നഷ്ടപ്പെടാറുണ്ട്.. നിങ്ങളോർക്കുന്നുണ്ടാവും, ഡ്യൂമണ്ട് ഡിർവില്ലെ കൊണ്ടുവന്ന പര്യവേക്ഷകന്റെ അവശിഷ്ടങ്ങൾ, ലാപെ റൗസ്!." (ഓദത്തിനെക്കുറിച്ചു നേരിട്ടു സൂചിപ്പിച്ചതുപോലെ അദ്ദേ ഹം പൊടുന്നനെ ഊർജ്ജസ്വലനായി!) "നല്ലൊരു മനുഷ്യനായ അ

ദ്ദേഹത്തെ എനിയ്ക്കു വളരെ താൽപ്പര്യമായിരുന്നു, ലാപെറൗസ്..", സ്വാൻ പറഞ്ഞു നിർത്തി.

"അതേ, ലാപെറൗസ്!", ജനറൽ പറഞ്ഞു. "അറിയപ്പെടുന്ന പേ രാ ണത്. ആ പേരിൽ ഇപ്പോളൊരു തെരുവുതന്നെയുണ്ട്".

"അതെ... റൂ ലാപെറൗസിൽ നിങ്ങൾക്കാരെയെങ്കിലും പരിചയ മുണ്ടോ?", സ്വാൻ ആകാംക്ഷയോടെ ചോദിച്ചു.

"ബഹുമാന്യനായ ചോസ്സേപ്പിയറിന്റെ സോദരി മാഡം ചാൻലി വോൾട്ടിനെ മാത്രം. കഴിഞ്ഞദിവസം അവരൊരു വിരുന്നു സംഘടി പ്പിച്ചിരുന്നു. താമസിയാതെ ആ വീടൊരു നല്ല പരിഷ്ക്കാരകേന്ദ്രമാ കും. നോക്കിക്കൊള്ളൂ!"

"അതായത്, അവർ റൂ ലാപെറൗസിലാണു താമസിയ്ക്കുന്നത്! നന്നായി, ഇരുളടഞ്ഞ ആ തെരുവിനോടെനിയ്ക്കു വല്ലാത്തൊരു മമത തോന്നാറുണ്ട്".

'ഇപ്പോൾ അങ്ങനെയൊന്നും പറയാനാവില്ല. ഒരുപക്ഷേ, നിങ്ങള വിടെ പോയിട്ടു കാലങ്ങളായിരിക്കും; തെരുവിന്റെ ഇരുവശങ്ങളിലും ഒരുപാടു കെട്ടിടങ്ങളുടെ പണി തുടങ്ങിക്കഴിഞ്ഞു'".

അവസാനം സ്വാൻ, ജനറൽ ഫ്രോബർവില്ലിനെ മാഡം കാം ബ്രേമറിനു പരിചയപ്പെടുത്തിക്കൊടുത്തു. ജനറലിന്റെ പേര് ജീവിത ത്തിൽ ആദ്യമായാണു കേൾക്കുന്നതെന്ന ഭാവത്തോടെ, ആഹ്ലാദവും ആശ്ചര്യവും സ്ഫുരിയ്ക്കുന്ന ഒരു മന്ദഹാസം മാഡം കാംബ്രേമർ ചുണ്ടി ലേയ്ക്കു ക്ഷണിച്ചുവരുത്തി. പുതിയ കുടുംബാംഗങ്ങളിൽ കുറച്ചുപേരെ ക്കൂടി പരിചയപ്പെടാനുള്ളപ്പോൾ, പെട്ടെന്നാരെങ്കിലും മുന്നോട്ടു വ ന്നാൽ തീർച്ചയായും അവരിലൊരാളാണെന്ന മുൻവിധിയോടെ, വി വാഹത്തിനുശേഷം ജനറലിനെക്കുറിച്ച് 'ഒരുപാടു കേട്ടിട്ടുണ്ടെ'ന്നു തോന്നിപ്പിയ്ക്കുന്ന ഒരു തന്ത്രജ്ഞത പ്രദർശിപ്പിയ്ക്കണമെന്ന വിചാര ത്തോടെ, പുതിയ സാഹചര്യങ്ങളെ മറികടക്കാനുള്ള സഹജമായ സങ്കോചം വിജയകരമായി തരണം ചെയ്യതിന്റെ തെളിവായി,

അവർ സ്വന്തം കൈ നീട്ടിക്കാണിക്കുകയാണു പതിവ്. അതുകൊണ്ട്, ഫ്രാൻസിലെ വരിഷ്ഠദമ്പതികളായി ഈയിടെ അവരോധിയ്ക്കപ്പെട്ട ഭർത്താവിന്റെ മാതാപിതാക്കൾ, മാഡം കാംബ്രേമറിനെ ഒരു മാലാഖയായി പ്രഖ്യാപിച്ചു; മാത്രമല്ല, മരുമകളുടെ അനൽപ്പമായ സൗഭാഗ്യത്തേക്കാൾ നൈസർഗികമായ ആകർഷണത്തിനു വഴങ്ങിയാണു മകൻ വിവാഹത്തിനു സമ്മതിച്ചതെന്നുപോലും ഭാവിയ്ക്കാൻ അവർ തയാറായി.

“ഹൃദയത്തിലും ആത്മാവിലും നിങ്ങളൊരു സംഗീതരസികയാണെന്നു മനസ്സിലായതിൽ വളരെ സന്തോഷമുണ്ട്, മാഡം!“, മെഴുകുതിരിയുടെ സംഭവം പരാമർശിച്ചു ജനറൽ പറഞ്ഞു.

അതിനിടയ്ക്കു സംഗീതപരിപാടി വീണ്ടും തുടങ്ങിക്കഴിഞ്ഞിരുന്നു; ഇനിയേതായാലും പുതിയ കൃതി വായിച്ചു തീരുന്നതിനുമുമ്പു പുറത്തേയ്ക്കു പോകാൻ കഴിയില്ലെന്നു സ്വാൻ മനസ്സിലാക്കി. സദസ്യരുടെ മന്ദതയ്ക്കും മണ്ടത്തരങ്ങൾക്കും നേരിട്ടു സാക്ഷ്യം വഹിച്ചു മനസ്സിലേൽക്കുന്ന പരിക്കുകളുമായി കൂടുതൽ നേരം മുറിയിൽ അടച്ചിരിയ്ക്കേണ്ടിവന്ന സാഹചര്യത്തിൽ അത്യധികമായൊരു അസ്വസ്ഥത അദ്ദേഹത്തെ ബാധിച്ചു. ആത്മനിഷ്ഠമായൊരു കാഴ്ചപ്പാടുവെച്ചു നോക്കുമ്പോൾ സ്വന്തം പ്രണയത്തെക്കുറിച്ചൊരു ബോദ്ധ്യവുമില്ലാത്ത, അഥവാ ഉണ്ടെങ്കിൽത്തന്നെ താൽപ്പര്യം കാണിക്കാത്ത, ബാലിശമായ തമാശ കേട്ടതുപോലെ പുഞ്ചിരിയ്ക്കുന്ന, വെറും മതിഭ്രമമായി കണ്ടു നിരന്തരം അപലപിയ്ക്കുന്ന അവർ നിശ്ചലമായൊരു യാഥാർത്ഥ്യമായി അദ്ദേഹത്തിനു മുന്നിൽ പ്രത്യക്ഷപ്പെട്ടു. ഓദത്ത് ഒരിയ്ക്കലും കടന്നുവരാൻ സാദ്ധ്യതയില്ലാതെ, അവളെക്കുറിച്ചറിയാവുന്ന ഒരാളെപ്പോലും നേരിട്ടു കാണാനാവാതെ, അവളുടെ അസ്തിത്വംതന്നെ തിരസ്ക്കരിയ്ക്കുന്ന അന്തരീക്ഷത്തിന്റെ അസഹ്യമായ ഏകാന്തതയിൽ സംഗീതംപോലും ഹൃദയത്തിൽനിന്നുയരുന്ന ഒരു തേങ്ങലിന്റെ ഗദ്ഗദമായി മാറുന്നതു സ്വാനിനെ അതിദാരുണമായി വേദനിപ്പിച്ചു.

പക്ഷേ, പെട്ടെന്നൊരു മിന്നൽപ്പിണരായി, മായികദർശനമായി,

അവൾ അകത്തേയ്ക്കു കടന്നുവരുന്നതു കണ്ടറിഞ്ഞ ഉദ്വേഗതീവ്രത യിൽ അദ്ദേഹത്തിന്റെ വലതുകൈ ആവേശത്തോടെ ഹൃദയഭാഗ ത്തേയ്ക്കുയർന്നു. സത്യത്തിൽ ഇതാണു സംഭവിച്ചത്: വയലിനിസ്റ്റ് രാഗം വായിയ്ക്കുന്നതിനിടയിൽ സ്വരസഞ്ചാരങ്ങളുടെ ചില സ്ഥായീ ഭേദങ്ങളിലേയ്ക്കു സാവകാശം ഒഴുകിയിറങ്ങി, തൊട്ടു മുന്നിൽ എന്തോ പ്രതീക്ഷിയ്ക്കുന്നതുപോലെ തെല്ലിട ഉച്ചസ്ഥായിയിലുള്ള ഒരു സ്വര സ്ഥാനത്തു ചെന്നു വിശ്രമിച്ചു. തുടർന്നു സ്വരങ്ങളുടെ സ്വാധീനം കൈ വിടാതെ പ്രതീക്ഷയുടെ ദൈർഘ്യം നീട്ടിക്കൊണ്ടുപോയി ഒടുവില ത്തെ ഉച്ചസ്വരത്തിൽ ചെന്നെത്തിയപ്പോൾ പ്രതീക്ഷിച്ച അനുഭൂതി സാവകാശം കൈവരാൻ പോകുന്ന പ്രതീതിയോടെ, അടുത്തു വ ന്നെത്തുന്നതുവരെ ഉദ്വിഗ്നത തുടരാനുള്ള ആശയറ്റ വ്യഗ്രത പ്രകടമാ ക്കി. സ്വയം കഥാവശേഷമാകുന്നതിനുമുമ്പേ അവശേഷിയ്ക്കുന്ന സർവ ശക്തിയും സമാഹരിച്ച് ആ അനുഭൂതിയ്ക്കു കടന്നുവരാനുള്ള രാജവീ ഥിയൊരുക്കാനും സ്വാഗതം ആശംസിയ്ക്കാനുംവേണ്ടി, അപരിചിത നെ അകത്തേയ്ക്കു പ്രവേശിപ്പിയ്ക്കുമ്പോൾ താനേ വന്നടയുന്ന വാതിൽ ബലാൽക്കാരേണ തുറന്നു വെയ്ക്കുന്നതുപോലെ, ഒരു നിമിഷം കടന്നു പോയി. എന്താണു സംഭവിയ്ക്കുന്നതെന്നു മനസ്സിലാകുന്നതിനു വളരെ മുമ്പേ അദ്ദേഹത്തിന്റെ മനസ്സു മന്ത്രിച്ചു: "ഇതു വിന്റ്റെയിലിന്റെ ഗീത ത്തിലെ പ്രണയവിവശമായ അതേ രാഗഭാവമാണല്ലോ, ഞാനതി പ്പോൾ ഒറ്റയ്ക്കു കേൾക്കുന്നതു ശരിയല്ല!" ഓദത്തിനോടു പ്രണയം തോ ന്നിയ കാലത്തെ നനുത്ത ഓർമ്മകൾ ഹൃദയത്തിലെവിടേയോ അദൃ ശ്യമായി സൂക്ഷിയ്ക്കുന്നതിൽ ആ നിമിഷംവരെ ഒരളവോളം വിജയിച്ച അദ്ദേഹം, പ്രണയഗീതത്തിന്റെ അപ്രതീക്ഷിതമായ ആ ഉണർത്തു പാട്ടിൽ സ്വയം കബളിപ്പിയ്ക്കപ്പെട്ടു വസന്തസൂര്യൻ വീണ്ടും ഉദിച്ചുയ രുന്നതു കണ്ടറിഞ്ഞു. മയക്കത്തിൽനിന്നും ഉണർന്നെഴുന്നേറ്റു സ്വന്തം ചിറകിലേറി പറന്നുയർന്ന ആ രാഗഭാവം, ആ നിമിഷത്തിന്റെ നിരാ നന്ദതകളോടു തെല്ലും അനുകമ്പ കാണിയ്ക്കാതെ, അദ്ദേഹത്തിന്റെ കാ തിൽ വന്നലച്ചു വിസ്മൃതമായ പീഡനങ്ങളെക്കുറിച്ചു ഭ്രാന്തമായൊരു

ആവേശത്തോടെ വിലപിയ്ക്കാൻ തുടങ്ങി.

അതുവരെ പലപ്പോഴും പതിവുള്ളതുപോലെ 'എനിയ്ക്ക് വളരെ സന്തോഷം തോന്നിയിരുന്ന കാലത്ത്' അല്ലെങ്കിൽ 'ഞാനവളെ അഗാധമായി പ്രണയിച്ചിരുന്ന കാലത്ത്' എന്നിങ്ങനെയുള്ള നിരുപാധികപ്രയോഗങ്ങളുടെ സ്ഥാനത്ത് യഥാർത്ഥവസ്തുത പ്രതിഫലിയ്ക്കാത്ത സാങ്കൽപ്പികസത്യങ്ങളല്ലാതെ, കഴിഞ്ഞകാലത്തെക്കുറിച്ച് മൂർത്തമായ യാതൊന്നും ബുദ്ധിയിൽ സൂക്ഷിയ്ക്കാതിരുന്നതുകൊണ്ട്, അദ്ദേഹത്തിനു സാരമായ പീഡനങ്ങളൊന്നുമേൽക്കാതെ എന്നോ നഷ്ടപ്പെട്ടുപോയ ആ വസന്തത്തിന്റെ സവിശേഷതകളോരോന്നും വ്യക്തമായി വീണ്ടെടുക്കാൻ കഴിഞ്ഞു. വണ്ടിയിൽ കയറിയതിനു തൊട്ടു പിന്നാലെ അവളെറിഞ്ഞു കൊടുത്ത ജമന്തിപ്പൂവിലെ മഞ്ഞുതുള്ളികൾ ചുണ്ടോടു ചേർത്ത് ആസ്വദിച്ചതും, 'എന്റെ കൈകൾ വിറയ്ക്കുന്നു, എനിയ്ക്കെഴുതാനേ കഴിയുന്നില്ലെ'ന്നു വായിച്ച കത്തിലെ 'മെയ്സൺ ദോരീ'യെന്ന മേൽവിലാസവും, 'ഇനി എന്നെ കാണണമെന്നു തോന്നാൻ ഞാനെത്ര കാലം കാത്തിരിയ്ക്കണ'മെന്നു ചോദിയ്ക്കുമ്പോൾ ചുളിഞ്ഞുകൂടുന്ന പുരികങ്ങളും, ഗ്രാമീണപ്പെൺകിടാവിനെ കാത്തിരിയ്ക്കുമ്പോൾ മുടിയുണക്കാൻ പതിവായി കയറിയിറങ്ങാറുള്ള ക്ഷുരകന്റെ കടയിലെ ഇസ്തിരിപ്പെട്ടി ചൂടാകുന്ന മണവും, വസന്തത്തിൽ പതിവിലേറെ ശക്തിയായി പെയ്ത മഴയിൽ തണുത്തു മരവിച്ച് ഒറ്റക്കുതിരവണ്ടിയിൽ നിലാവത്തു വീട്ടിലേയ്ക്കുള്ള യാത്രയും, എല്ലാമെല്ലാം അദ്ദേഹത്തിന്റെ മനസ്സിൽ തെളിഞ്ഞു വന്നു. ആഴ്ചകളോളം നീണ്ട ചങ്ങലക്കണ്ണികളായി പടർന്നുകയറിയ ശീലങ്ങളും അവബോധങ്ങളും അനുഭൂതികളും തമ്മിൽപ്പിണഞ്ഞുണ്ടായ കർമ്മഫലങ്ങളും അവയ്ക്കുള്ളിൽ അനിശ്ചിതബന്ധനത്തിൽപ്പെട്ടു കിടന്ന സ്വന്തം ശരീരം കൊണ്ടുതന്നെ അദ്ദേഹം അനുഭവിച്ചറിഞ്ഞു. പ്രണയത്തിനുവേണ്ടി മാത്രം ജീവിയ്ക്കുന്നവരുടെ സുഖാനുഭവം എന്താണെന്നറിയാനുള്ള വിഷയാസക്തമായ ഒരു ജിജ്ഞാസയായിരുന്നു, അദ്ദേഹം അക്കാലത്തു സ്വയം തൃപ്തിപ്പെടുത്തിയത്; അതവിടെവെച്ചുതന്നെ സ്വേച്ഛാനു

സാരം അവസാനിപ്പിയ്ക്കാമെന്നു സ്വാൻ ഉദ്ദേശിച്ചിരുന്നു; അതോടൊപ്പം അവയിൽനിന്നുണ്ടായ പീഡനങ്ങൾകൂടി പഠിയ്ക്കേണ്ടിവരുമെന്നു പക്ഷേ അദ്ദേഹം കരുതിയില്ല. ഓദത്തിനു ചുറ്റും കാർമേഘപരിവേഷം പൂണ്ടു നിൽക്കുന്ന ഭീഷണമായ ഭീതിയും അവളെ പൂർണമായും കൈയടക്കുന്നതിനുവേണ്ടി രാപ്പകലില്ലാതെ നടത്തുന്ന മാനസികോദ്വേഗവും കണക്കിലെടുക്കുമ്പോൾ അവളുടെ സഹജമായ വശ്യത എത്ര നിസ്സാരമായൊരു വിഷയമാണെന്ന ബോദ്ധ്യം അദ്ദേഹത്തെ അത്ഭുതപ്പെടുത്തി. ‘എനിയ്ക്കെപ്പോൾ വേണമെങ്കിലും താങ്കളെ കാണാനാവും. പൂർണസ്വതന്ത്രയാണു ഞാനെ’ന്നു ശബ്ദത്തിനു തീരെ പതിവില്ലാത്ത മധുരത വിളിച്ചു വരുത്തി പറഞ്ഞ അവൾക്ക് ഇന്നിപ്പോൾ സമയമില്ലാതെ വന്നിരിയ്ക്കുന്നു! അന്നു വ്യക്തിപരമായ കാര്യങ്ങൾക്കു തടസ്സം സൃഷ്ടിച്ചു വിലയേറിയ സമയം ധൂർത്തടിയ്ക്കുകയാണെന്നു സംശയിച്ചു തന്റെ ജീവിതത്തിൽ അവൾ കാണിച്ച അമിതകൗതുകവും താൽപ്പര്യവും, തന്റെ വായനാമുറിയിലേയ്ക്കു പ്രവേശനം അനുവദിച്ച് പ്രത്യേകമായ ആനുകൂല്യം നൽകണമെന്ന അവളുടെ ആഗ്രഹവും, തന്നെ വെർഡുരിൻകുടുംബത്തിലേയ്ക്കു കൂട്ടിക്കൊണ്ടു പോകാൻ അനുവദിയ്ക്കുണമെന്ന യാചനാനിർഭരമായ അപേക്ഷയും സ്വാൻ ഓർമ്മയിൽനിന്നു വലിച്ചെടുത്തു. സ്വയം വശീകരിയ്ക്കപ്പെടുന്നതിനുമുമ്പുള്ള ആദ്യകാലത്തു മാസത്തിലൊരിയ്ക്കൽ തന്നെ വന്നു കാണാൻ അനുവദിച്ചപ്പോൾ അവളെത്ര കുശലമായാണു ദിവസവും കാണാൻ കഴിഞ്ഞെങ്കിലെന്നു വശ്യമായ സ്വരത്തിൽ ആവർത്തിച്ചു പറഞ്ഞത്. അവളുടെ അത്യധികമായ ആഹ്ലാദം അക്കാലത്തു വെറുമൊരു വിരസതയാണു സൃഷ്ടിച്ചതെങ്കിൽ, ഇന്നു വെറുപ്പും വിദ്വേഷവും ഭാവിച്ചു വിട്ടുവീഴ്ചയില്ലാതെ പിന്മാറിയ അവളുടെ സാന്നിദ്ധ്യം അദ്ദേഹത്തിനു മതിവരാത്ത ഒരാവശ്യമായി മാറിക്കഴിഞ്ഞു. മൂന്നാമത്തെ തവണ കാണാൻ ചെന്നപ്പോൾ 'എന്തുകൊണ്ടാണ് ഇടയ്ക്കിടെ താങ്കളുടെ വീട്ടിലേയ്ക്കു വരാനെന്നെ അനുവദിയ്ക്കാത്തതെ’ന്നു ചോദിച്ചപ്പോൾ, വെറുതേ ചിരിച്ചുകൊണ്ട് അവളോട് ആശയ്ക്കു വകയില്ലാത്ത അഭിനിവേശം വളർത്തു

ന്നതിലെ ആശങ്ക മൂലമാണെന്നുള്ള മറുപടിയുടെ സത്യാവസ്ഥ അദ്ദേഹം തീരെ സംശയിച്ചിരുന്നില്ല. അത്ഭുതം! ഇപ്പോഴും ഏതെങ്കിലും ഹോട്ടലിൽനിന്നോ ലഘുഭക്ഷണശാലയിൽ നിന്നോ ഹൃദയത്തെ ചുട്ടുപൊള്ളിയ്ക്കുന്ന കനലക്ഷരങ്ങളിൽ ചിലപ്പോഴൊക്കെ അവൾ അദ്ദേഹത്തിനു കത്തെഴുതാറുണ്ട്. 'ഹോട്ടൽ വോയ്മോണ്ടിൽനിന്നെഴുതുന്നത്..'. അവളിപ്പോൾ ആ ഹോട്ടലിൽ എന്തു കാര്യം സാധിയ്ക്കാനാണു പോയത്? ആരാണവളുടെ കൂടെയുള്ളത്? ഇന്നെന്താണവിടെ നടക്കുന്നത്? അടഞ്ഞാൽ പിന്നീടൊരിയ്ക്കലും തുറക്കാത്ത വാതിലുകളുമായി നിഗൂഢമായ ലോകമാണതെന്ന ബോദ്ധ്യമുണ്ടെങ്കിലും, ദിവ്യമായൊരു പരിവേഷത്തോടെ കണ്ടുപോന്ന അന്നത്തെ ആ രാത്രി (അദ്ദേഹത്തെ വീട്ടിലേയ്ക്കു കൂട്ടിക്കൊണ്ടുപോകുന്നതിലേറെ ഒരാഹ്ലാദം അവൾക്കില്ലെന്നു നന്നായറിയാവുന്നതുകൊണ്ട്, അവളെ പിന്തുടർന്നു ഹോട്ടലുകൾ കയറിയിറങ്ങുന്നതിൽ അവൾക്കെന്തെങ്കിലും അലോസരമുണ്ടാകുമെന്ന ചെറിയൊരു സംശയംപോലും മനസ്സിലുദിയ്ക്കാത്ത ഒരു സമയത്ത്) സകല പ്രതീക്ഷകളും അസ്തമിച്ച നിമിഷത്തിൽ, ബോലെവാ ഇറ്റാലിയൻസിലെ ഇരുണ്ട നിഴലുകൾക്കിടയിൽ അവളെ അപ്രതീക്ഷിതമായി കണ്ടുമുട്ടിയപ്പോൾ, തെരുവോരത്തെ വാതകക്കുഴലുകൾ നിർവീര്യമായിപ്പോകുന്നതു സ്വയം നോക്കിനിന്ന അനുഭവം സ്വാനോർത്തു. ഉയിർത്തെഴുന്നേറ്റ ആ ആഹ്ലാദാനുഭവങ്ങൾക്കു മുമ്പിൽ നിശ്ചലനും നിർവികാരനുമായി നിൽക്കുന്ന ഒരു നികൃഷ്ടരൂപത്തെ സ്വാൻ തിരിച്ചറിഞ്ഞു. ആദ്യമായി കണ്ടപ്പോൾ മുഖം വ്യക്തമാകാതിരുന്നതുകൊണ്ടു മനസ്സിൽ അനുകമ്പ നിറഞ്ഞൊഴുകി; പക്ഷേ, ഇപ്പോൾ കണ്ണുകളിൽ ജലകണങ്ങൾ പൊടിയുന്നതു മറ്റാരും കാണാതിരിയ്ക്കാൻ അദ്ദേഹത്തിനു ശിരസ്സു കുനിയ്ക്കേണ്ടി വന്നു; അപ്പോൾ, സ്വന്തം നിഴൽരൂപത്തെയാണു സ്വാൻ മുഖാമുഖം കണ്ടത്!

യാഥാർത്ഥ്യം ബോദ്ധ്യപ്പെട്ടപ്പോൾ സ്വാനിന്റെ മനസ്സിൽ തോന്നിയ അനുകമ്പ താനേ നിലച്ചു. അവൾ പ്രണയത്തിലേർപ്പെട്ട ആ അപരന്റെപേരിൽ അദ്ദേഹമിപ്പോൾ അസൂയാലുവായി മാറി; 'ഒരുപ

ക്ഷേ, അവളയാളുമായി പ്രണയത്തിലായിരിയ്ക്കു'മെന്നു ചിലപ്പോഴൊക്കെ പറയാറുള്ളവരോടും അദ്ദേഹം അസൂയാലുവായിത്തീർന്നു. സ്നേഹത്തിന്റെ കണികപോലും കണി കാണാനാവാത്ത പ്രണയത്തിന്റെ അവ്യക്തമായ ആ ആശയത്തെ, സ്നേഹം നിറഞ്ഞു തുളുമ്പുന്ന ജമന്തിപ്പൂവിന്റെ ഇതളുകളിലേയ്ക്കും മെയ്സോൺ ദോരീയുടെ 'വിലാസ'ത്തിലേയ്ക്കും അദ്ദേഹം പരാവർത്തനം ചെയ്തു. ആ നിമിഷം അനുഭവിച്ച തീവ്രമായ ആകുലതമൂലം ഇരുകൈകളും നെറ്റിയിൽ ചേർത്തു നന്നായമർത്തിയപ്പോൾ ഊർന്നു താഴെ വീണ ഒറ്റക്കണ്ണടയുടെ ചില്ല് അദ്ദേഹം തുടച്ചു വൃത്തിയാക്കി. അപ്പോൾ, സ്വന്തം പ്രതിച്ഛായ നേരിട്ടൊന്നു കണ്ടിരുന്നെങ്കിൽ, പ്രത്യേകം വേർതിരിച്ചു വെച്ച ഒറ്റക്കണ്ണടകളുടെ ശേഖരത്തിലേയ്ക്കു പുതിയൊരു ചിത്രം കൂടി അദ്ദേഹത്തിനു ലഭിയ്ക്കുമായിരുന്നു. കുറേക്കാലമായി വിടാതെ പിടി കൂടിയ വേവലാതികളുടെ വിചാരങ്ങൾ കണ്ണടയുടെ കൂടെ ശിരസ്സിൽനിന്നു കൂടി നീക്കം ചെയ്യാനുള്ള ശ്രമത്തിൽ, മങ്ങിയ പ്രതലത്തിൽനിന്നു കൈലേസ് ഉപയോഗിച്ചു തുടച്ചു മാറ്റാൻ ഉദ്ദേശിച്ചതു സ്വന്തം ഉൽക്കണ്ഠകൾ കൂടിയാണെന്നു സ്വാൻ വ്യക്തമായി മനസ്സിലാക്കി.

വയലിനിൽനിന്നു സ്വമേധയാ വരുന്ന സംഗീതത്തിനു സഹജമായിത്തന്നെ ചില പ്രത്യേകസ്വരഭേദങ്ങളുണ്ടായിരിയ്ക്കും. ഉപകരണം നേരിട്ടു കാണുന്നില്ലെങ്കിൽ, കേൾക്കുന്ന സംഗീതത്തെ രൂപവുമായി ബന്ധിപ്പിയ്ക്കാനാവാതെ, നാദത്തിന്റെ പൂർണതയെ പരിപോഷിപ്പിയ്ക്കുന്ന സ്വരവിശേഷങ്ങൾ മന്ദ്രസ്ഥായിയിലെ ശ്രുതിലയങ്ങളുമായി തിരിച്ചറിയാൻ വയ്യാത്തവിധം ലയിച്ചുചേർന്ന്, ചിലപ്പോൾ ഓർക്കസ്ട്രയിൽ വയലിന്റെ സ്ഥാനത്തൊരു ഗായികയാണു വന്നുനിൽക്കുന്നതെന്നു തോന്നിപ്പോകും; ആസ്വാദകൻ കണ്ണുയർത്തി നോക്കുമ്പോൾ പക്ഷേ, വേദിയിലൊരു മാന്ത്രികപ്പെട്ടി മാത്രമേ കാണാനുള്ളൂ; ചിലപ്പോൾ, ചൂളംവിളിയുടെ അത്യഗാധമായ ആക്രന്ദനത്തിൽ അയാൾ കബളിപ്പിയ്ക്കപ്പെടുന്നു; മറ്റു ചിലപ്പോൾ, വിശുദ്ധജലത്തിൽ മുങ്ങിക്കി

ടന്ന ദുർഭൂതത്തെപ്പോലെ, ആ മാന്ത്രികപ്പെട്ടിയുടെ ഇരുട്ടറയിൽ ഒടി വിദ്യയേറ്റ് തടവിലാക്കപ്പെട്ട ആത്മാവിന്റെ പിടയുന്ന കരച്ചിലാണു കേൾക്കുന്നതെന്നു തോന്നിപ്പോകും. വീണ്ടും ചില സമയങ്ങളിൽ, അലൗകികവും വിശുദ്ധവുമായൊരു ചൈതന്യം വായുവിലൂടെ ഒഴുകി വന്നു കാതുകളിൽ അവ്യക്തമായൊരു സന്ദേശം മന്ത്രിക്കുന്നതായും നമുക്കനുഭവപ്പെടും.

വിന്റേയിലിന്റെ ഗീതത്തിൽ നിബന്ധിച്ചിരുന്ന രാഗഭാവം വളരെയൊന്നും വിസ്തരിക്കാതെയാണു വായിച്ചതെങ്കിലും, മായാദർശനത്തിന്റെ ദിവ്യാത്ഭുതം പ്രത്യക്ഷപ്പെടുത്തുന്നതിനു മുമ്പു നിർവഹിച്ചിരിക്കേണ്ട അവശ്യം ചില ചടങ്ങുകളിലേക്കു മന്ദ്രസ്ഥായിയിലുള്ള മന്ത്രോച്ചാരണങ്ങളായി ഗായകവൃന്ദം സാവകാശം കടന്നുചെന്നു; ആ ദിവ്യദർശനത്തിന്റെ നിമിഷം, ദൃഷ്ടിഗോചരമല്ലാത്ത ഒരു പ്രകാശലോകത്തിന്റെ ഭാഗമായി പെട്ടെന്നുണ്ടായ ക്ഷണികാന്ധതയിൽ, കാണാനുള്ള കഴിവുപോലും നഷ്ടപ്പെട്ട സ്വാൻ സ്വയമൊരു രൂപാന്തരപ്രാപ്തിയുടെ നവോന്മേഷം അനുഭവിച്ചറിഞ്ഞു. അപ്പോൾ സ്വരങ്ങളുടെ സർവാച്ഛാദിതമായ മൂടുപടത്തിനുള്ളിൽ സർവരക്ഷകയായൊരു ദേവതയെപ്പോലെ വേഷം പകർന്നു തിരക്കിനിടയിലും മുന്നോട്ടു കടന്നുവന്നു തന്നെ ചേർത്തുപിടിച്ചു സംസാരിക്കാൻ വെമ്പൽ കൊള്ളുന്ന, പ്രണയത്തിന്റെ വിശ്വസ്തതയുമായി ഒരുമിച്ചു സഞ്ചരിക്കുന്ന, ആ സന്തതസഹചാരിയുടെ സാന്നിദ്ധ്യം അദ്ദേഹം തിരിച്ചറിഞ്ഞു. ഒരു പൂവിന്റെ സുഗന്ധംപോലെ സൗമ്യമായ മർമ്മരങ്ങൾ പൊഴിച്ചു സാന്ത്വനസ്വരങ്ങളിൽ സ്വച്ഛന്ദസഞ്ചാരം നടത്തുന്നതിനിടയിൽ പറയാനുള്ളതെല്ലാം അവളദ്ദേഹത്തോടു പറഞ്ഞു. അവളുടെ ഓരോ വാക്കും അതീവ സൂക്ഷ്മതയോടെ പരിശോധിക്കുമ്പോൾ അതിവേഗത്തിൽ പറന്നുപോകുന്ന പ്രതിദ്ധ്വനിയിൽ ആശങ്ക പൂണ്ട്, ഇനിയൊരവസരത്തിനു കാത്തിരിക്കാതെ അടുത്ത നിമിഷംതന്നെ ശ്രുതിമധുരമായ ആ പ്രതിരൂപത്തെ ആശ്ലേഷിച്ചു ചുംബിക്കാൻ അദ്ദേഹത്തിന്റെ ചുണ്ടുകൾ താനേ വിറയ്ക്കാൻ തുടങ്ങി.

ഉള്ള തുറന്നു സംസാരിച്ച അവൾ പക്ഷേ ഓദത്തിനെക്കുറിച്ചുകൂടി സ്വകാര്യമായി സൂചിപ്പിച്ചതുകൊണ്ടു താനിപ്പോൾ ഭ്രഷ്ടനും ഏകാകിയുമല്ലെന്നു സ്വാനിനു ബോദ്ധ്യം വന്നു. ആ സവിശേഷരാഗഭാവത്തിനു തന്നേയും ഓദത്തിനേയും തീരെ പരിചയമില്ലെന്നു തുടക്കത്തിലുണ്ടായിരുന്ന ധാരണ അദ്ദേഹം നിരാകരിച്ചു. അവരുടെ ആനന്ദനിർവൃതികൾക്കു പലപ്പോഴും ആ രാഗഭാവം നിശ്ശബ്ദസാക്ഷിയായിരുന്നു; നിമിഷങ്ങളുടെ ക്ഷണികതയെക്കുറിച്ച് ആ രാഗഭാവം പലപ്പോഴും അദ്ദേഹത്തിനു മുന്നറിയിപ്പു തന്നിട്ടുണ്ട്; അക്കാലത്ത് ആ രാഗത്തിന്റെ മോഹനമായ മന്ദഹാസത്തിൽ, മോഹവിമുക്തമായ ആലാപനങ്ങളിൽ, വേദനയുടെ നേരിയൊരു കണികയാണു നിഴലിച്ചിരുന്നതെങ്കിൽ, ഇന്നു മിക്കവാറും സുഖാസക്തമായൊരു കീഴടങ്ങലിന്റെ വശ്യതയായിരുന്നു അദ്ദേഹം അനുഭവിച്ചത്. അന്ന്, തൊട്ടു മുമ്പിൽ കാണുകയും നേരിട്ടു തൊടാനനുവദിയ്ക്കാതെ മുന്നോട്ടുള്ള ദ്രുതഗതിയിൽ ചിരിച്ചുകൊണ്ടു പിന്മാറുകയും ചെയ്തശേഷം, മോചനത്തിന്റെ പ്രതീക്ഷ ഒരിയ്ക്കലും വെച്ചുപുലർത്താതെ പൈതൃകമായ ദു:ഖങ്ങളെക്കുറിച്ച് ആ രാഗം അദ്ദേഹത്തിനു സമ്മാനിച്ച അനുഭവസമ്പന്നത, ഒരുകാലത്തു സന്തോഷത്തെക്കുറിച്ച് സംസാരിച്ചതുപോലെ, ഇന്നിപ്പോൾ 'അതിലെന്തു കാര്യ'മെന്നൊരു സാന്ത്വനസ്വരമാണു സ്വാൻ അനുഭവിച്ചറിഞ്ഞത്. അപ്പോൾ തന്നോടൊപ്പം തീവ്രയാതനകളനുഭവിച്ചു ജീവിച്ച വിന്റെയിലിനുനേർക്ക്, പുണ്യപുരുഷനായൊരു സഹോദരന്റെ പേരിൽ, ഒരുപക്ഷേ അദ്ദേഹത്തിന്റെ വിചാരങ്ങൾ അലിവും ആർദ്രതയും അലിഞ്ഞുചേർന്ന വികാരത്തിൽ ആദ്യമായി ഉരുകിമറിഞ്ഞു. വിന്റെയിലിന്റെ ജീവിതം എങ്ങനെയായിരുന്നെന്ന ചിന്ത അദ്ദേഹത്തെ വ്യാകുലപ്പെടുത്തി. ദു:ഖത്തിന്റെ ഏതു ഗർത്തത്തിൽനിന്നാണു സൃഷ്ടിയുടെ അപരിമിതമായ ആ ശക്തി, ദിവ്യമായ ആ ചൈതന്യധാര അദ്ദേഹത്തിനു വലിച്ചെടുക്കാൻ കഴിഞ്ഞത്?

കുറച്ചുകാലം മുമ്പുവരെ, പ്രത്യേകിച്ചൊരു പ്രാധാന്യവുമില്ലാത്ത

വെറുമൊരു മതിഭ്രമം മാത്രമായി പ്രണയത്തെ കണക്കാക്കി, അപരിചിതരായ ചിലർ മുഖത്തു പ്രകടിപ്പിച്ചുപോന്ന നിസ്സംഗത വായിച്ചെടുക്കുമ്പോൾ അദ്ദേഹത്തിനു വല്ലാത്തൊരു അസഹ്യത അനുഭവപ്പെട്ടിരുന്നു. പക്ഷേ, ഇന്നിപ്പോൾ കേൾക്കാനിട വന്ന ആ രാഗഭാവത്തിൽ പ്രണയത്തിന്റെ നിസ്സാരത തീർത്തും വെളിവായപ്പോൾ ആ വിജ്ഞാനത്തിന്റെ വിവേകം രുചികരമായൊരു മാധുര്യമാണു സ്വാനിനു സമ്മാനിച്ചത്. ആത്മാവിന്റെ ക്ഷണികമായ അവസ്ഥാഭേദങ്ങളെക്കുറിച്ച് എന്തൊക്കെ ധാരണകൾ സ്വരൂപിച്ചാലും ദൈനന്ദിനജീവിതത്തിലെ സംഭവങ്ങളിൽ അപരിചിതർ കാണുന്നതിൽനിന്നു വിപരീതവും വ്യത്യസ്തവുമായി എന്തോ ചിലതൊക്കെ ആ രാഗം കണ്ടെത്തുകയും ആവിഷ്ക്കാരസമർത്ഥങ്ങളാണെന്നു സാക്ഷ്യപ്പെടുത്തുകയും ചെയ്തു. വേദനയുടെ മധുരങ്ങളായിരുന്നു, ആ രാഗഭാവം സൃഷ്ടിയ്ക്കാനും അനുകരിയ്ക്കാനും ശ്രമിച്ചത്. സകലതും നിസ്സാരമെന്നു കരുതി, സംവേദനക്ഷമതപോലും നഷ്ടപ്പെടുന്നവിധം ആ രാഗഭാവം ഉള്ളിലടക്കിയ സാരാംശം, അത്തരം വേദനകൾ നേരിട്ടനുഭവിച്ച അദ്ദേഹത്തിനു വ്യക്തമായി ബോദ്ധ്യപ്പെട്ടു. സഹജമായ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് സ്വർഗീയമാധുര്യം നുണയാനുള്ള സൗകര്യം ആസ്വാദകർക്കു മുഴുവൻ ആ രാഗം ഒരുപോലെ ഒരുക്കിക്കൊടുത്തു; സംഗീതാവബോധമുള്ളവരിൽത്തന്നെ ചിലർ യഥാർത്ഥജീവിതത്തിൽ യാതൊരു പ്രാധാന്യവും കൽപ്പിയ്ക്കാതെ സ്വന്തം കണ്ണുകൾക്കു കീഴെ പ്രണയത്തെ പ്രതിഷ്ഠിക്കാൻ ശ്രമിയ്ക്കുന്നവരായിരിയ്ക്കും. വിന്റെയിലിന്റെ ഗീതത്തിൽ രാഗത്തിന്റെ സൗകുമാര്യം ക്രോഡീകരിച്ചിരിയ്ക്കുന്ന രീതി, തീർച്ചയായും യുക്തിപരമായ മാനദണ്ഡങ്ങൾകൊണ്ട് അപഗ്രഥിയ്ക്കാവുന്നതല്ല. ആത്മീയമായ സമ്പന്നത ഓരോന്നായി വെളിപ്പെട്ടുവരുന്ന കൂട്ടത്തിൽ സംഗീതത്തോടുള്ള പ്രണയം പിറവിയെടുത്തശേഷം കുറച്ചു കാലമെങ്കിലും സംഗീതവിഷയങ്ങളെ നിഴൽ മൂടിയ ചില ആശയങ്ങളായി മാത്രമാണു സ്വാൻ ഉൾക്കൊണ്ടിരുന്നത്. പക്ഷേ ഏതാണ്ടൊരു വർഷം മുമ്പ്, പ്രസക്തിയും മൂല്യവും കണക്കാക്കുമ്പോ

ൾ ഒന്നിനോടൊന്നു വ്യത്യസ്തങ്ങളും മനുഷ്യമനസ്സിനു കടന്നുചെല്ലാൻ കഴിയാത്ത വിധത്തിൽ അജ്ഞാതവുമായ അവയോരോന്നും മറ്റൊരു ലോകത്തിന്റെ നിയോഗങ്ങളാണെന്ന ഒരു തീരുമാനത്തിൽ അദ്ദേഹമെത്തിച്ചേർന്നു. വെർഡുരിൻകുടുംബത്തിലെ ആദ്യസദസ്സിനു ശേഷം, ആ രാഗഭാവം പലതവണ വായിച്ചു കേട്ടപ്പോൾ, ഒരുതരം സുഗന്ധവും പരിലാളനയുമായി എന്താണതു മനസ്സിനെ ശക്തമായി ആവേശിയ്ക്കുകയും സ്വയം അനാവരണം ചെയ്യുതുമെന്ന ചിന്താക്കുഴപ്പത്തിന്റെ കുരുക്കഴിയ്ക്കാൻ അദ്ദേഹം ശ്രമിച്ചു. രാഗവിന്യാസത്തിലെ അഞ്ചു സ്വരങ്ങൾ തമ്മിലുള്ള ഇടവേളകളുടെ സൌമ്യമായ സൌഹാർദ്ദവും അവയിൽ രണ്ടെണ്ണത്തിന്റെ നിരന്തരമായ ആവർത്തനവുമാണു സത്യത്തിൽ ആ രാഗഭാവത്തിനൊരു ഔപചാരികമായ മാധുര്യം സൃഷ്ടിയ്ക്കുന്നതെന്ന വസ്തുത അദ്ദേഹം സ്വയം നിരീക്ഷിച്ചു കണ്ടെത്തി. പക്ഷേ, ആ നിഗമനത്തിന്റെ ആധാരം രാഗത്തിന്റെ ഭാവഗരിമയായിരുന്നില്ല; മറിച്ച്, വെർഡുരിൻകുടുംബത്തെ പരിചയപ്പെടുന്നതിനു മുമ്പ് ആദ്യമായി ഗീതം വായിച്ചു കേട്ടപ്പോൾ, നേരിട്ടു ബോദ്ധ്യംവന്ന നിഗൂഢമായ യാഥാർത്ഥ്യത്തേക്കാൾ സൗകര്യത്തിനുവേണ്ടി പകരം വെച്ച ചില സമാനതകളായിരുന്നു. അങ്ങനെ കണ്ടറിഞ്ഞ ആ ദൂരക്കാഴ്ച, മനസ്സിൽ സൃഷ്ടിച്ച പിയാനോയുടെ തന്ത്രികളിൽ കുറേക്കൂടി തെറ്റിദ്ധരിപ്പിയ്ക്കപ്പെട്ടതായി അദ്ദേഹം മനസ്സിലാക്കി. ഏഴു സ്വരങ്ങളുടെ വെറും നിർജ്ജീവമായ സ്ഥാനങ്ങൾ മാത്രമല്ല, അപരിമിതമായൊരു സ്വരഫലകത്തിൽ അവിടവിടെ ആരും കടന്നുചെല്ലാത്ത വഴിത്താരകളുടെ കൂരിരുട്ടിൽ വേർതിരിയ്ക്കപ്പെട്ടു കിടക്കുന്ന അനന്തമായൊരു വിശാലതയാണു സംഗീതജ്ഞനു മുമ്പിൽ തുറന്നുകിടക്കുന്നത്. ഒരു ലോകത്തിന്റെ മൌലികത മറ്റൊന്നിൽനിന്നു മാറിനിൽക്കുന്നതുപോലെ ഓരോ സ്വരവും തൊട്ടടുത്ത സ്വരഭേദത്തിൽനിന്നു വ്യത്യസ്തമായി ദശലക്ഷക്കണക്കായി ജനിയ്ക്കുന്ന ആശയങ്ങളിൽ അപൂർവം ചിലത്, ആർദ്രതയുടെ, ആവേശത്തിന്റെ, ധൈര്യത്തിന്റെ, പരിശുദ്ധിയുടെ പ്രതീകങ്ങളായി സേവനോത്സുകരായ ചി

ല മഹനീയകലാകാരന്മാർ കണ്ടെത്തി നമുക്കു മുമ്പിൽ നിരത്തിവെയ്ക്കുകയാണു ചെയ്യുന്നത്. ആ സ്വരസഞ്ചയങ്ങളിൽ അവർ കണ്ടെത്തിയ പ്രമേയങ്ങൾക്കു പരിപൂരകമായ വികാരങ്ങൾ ആസ്വാദകരുടെ ഹൃദയത്തിൽ ഉണർത്താൻ ശ്രമിയ്ക്കുമ്പോൾ, അതുവരെ അജ്ഞാതമായി കിടന്ന എന്തെന്തു വൈവിദ്ധ്യങ്ങളും സമ്പന്നതകളുമാണു കറുത്തിരുണ്ട രാത്രിയുടെ നിശ്ചലതയിൽ ഒളിഞ്ഞിരുന്നതെന്നു വെളിവാകുമ്പോൾ, ആത്മാന്വേഷണത്തിനു ധൈര്യമില്ലാത്ത ഭീരുക്കളെപ്പോലെ നാമവയെല്ലാം തീരെ വ്യർത്ഥവും ശൂന്യവും മൂല്യരഹിതവുമായി കണ്ടു തള്ളിക്കളയുന്നു. വളരെ അപൂർവമായി മാത്രം ജന്മമെടുക്കുന്ന അത്തരം സംഗീതജ്ഞരുടെ പരമ്പരയിലെ അവസാനത്തെ കണ്ണിയായിരുന്നു വിന്റെയിൽ. അദ്ദേഹത്തിന്റെ ആ സവിശേഷഗീതം ആസ്വാദകരുടെ മനസ്സിൽ കാർമേഘാവൃതമായൊരു ആകാശമാണു പ്രതിഫലിപ്പിയ്ക്കുന്നതെങ്കിലും, മൗലികവും നൂതനവുമായ വീര്യത്തോടെ ഒരു പ്രത്യക്ഷാവബോധം അവർക്കായി കരുതിവെച്ചിട്ടുണ്ടെന്നു പിന്നീടു ബോദ്ധ്യപ്പെടാതിരിയ്ക്കില്ല. ഒരിയ്ക്കലെങ്കിലും കേട്ടുകഴിഞ്ഞാൽ അനുഗൃഹീതമായ ആ ഓർമ്മ മനസ്സിന്റെ നിധിപേടകത്തിൽ എന്നെന്നേയ്ക്കും സൂക്ഷിച്ചുവെയ്ക്കാതിരിയ്ക്കാൻ അവർക്കാവില്ല. 'ക്ലേവ്'സോ 'റെനേ'യോ പോലുള്ള ചില കൃതികളിൽനിന്നു മന:പാഠമാക്കിയ സംഗതികളും സ്വരസംവിധാനങ്ങളും സ്വാൻ അഴിച്ചു പണിഞ്ഞു പ്രണയത്തിന്റെ ആനന്ദാനുഭൂതികളുടെ ഒരു സവിശേഷതലമായി ആ രാഗഭാവത്തെ നവീകരിച്ചു. അങ്ങനെ പ്രത്യക്ഷസമാനതകളില്ലാത്ത പല ധാരണകളും മനസ്സിനു വർണഭംഗി പകരുന്ന അലങ്കാരവൈവിദ്ധ്യങ്ങളായി സ്വാൻ ചേർത്തുവെച്ചു. പ്രകാശത്തെ, ശബ്ദത്തെ, ദൂരക്കാഴ്ചകളെ, ശാരീരികമോഹത്തെ, അങ്ങനെ പല വിഷയങ്ങളുമായി ബന്ധപ്പെടുന്ന ഭാവനകൾ, ആ രാഗത്തെക്കുറിച്ചു ചിന്തിയ്ക്കാത്തപ്പോൾപോലും അദ്ദേഹത്തിന്റെ മനസ്സിൽ ഉറങ്ങിക്കിടന്നു. ഒന്നും ബാക്കിവെയ്ക്കാതെ മണ്ണിലേയ്ക്കു മടങ്ങുന്ന സമയം, ഒരുപക്ഷേ അവയെല്ലാം നമ്മുടെ മനസ്സിൽനിന്നു നിശ്ശേഷം നീക്കം ചെയ്യപ്പെടാം.

പക്ഷേ ഭൗതികമായി നിലനിൽപ്പുള്ള ഏതൊരു വസ്തുവിനേയുംപോലെ, ഉദാഹരണത്തിനു കുരിരുട്ടിന്റെ ഓർമ്മ നഷ്ടപ്പെട്ട മുറിയുടെ അന്തരീക്ഷത്തിൽനിന്നു നോക്കുമ്പോൾ തൽക്ഷണം കൊളുത്തിവെച്ച വിളക്കിന്റെ പ്രകാശത്തിനു തീവ്രതയില്ലെന്നു സംശയിക്കുന്നതുപോലെ, ജീവിച്ചിരിക്കുമ്പോൾ നമുക്കവയെ പരിചയമില്ലെന്നു ഭാവിക്കുന്ന ഒരവസ്ഥയുമായി സമരസപ്പെടാൻ ഒരിക്കലും സാദ്ധ്യമല്ല. അങ്ങനെ അപൂർവമായ ചില ഭാവുകത്വങ്ങൾ സമ്മാനിക്കുന്ന 'ട്രിസ്റ്റാനി'ലെ പ്രമേയങ്ങൾപോലെ, വിന്റെയിലിന്റെ ആ ഗീതം നമ്മെ പരസ്പരസ്നേഹബദ്ധരാക്കി, ഉദാത്തമായ മനുഷ്യത്വത്തിന്റെ പരിവേഷമണിയിച്ച് നമ്മുടെ മനസ്സിൽ നശ്വരാവസ്ഥയുടെ സങ്കൽപ്പങ്ങൾ പാകി മുളപ്പിക്കുന്നു. അപ്പോൾ ഭാവിയേയും മനുഷ്യാത്മാവിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന അതിന്റെ ഭാഗധേയം മനുഷ്യരുടെ വിശിഷ്ടാഭരണങ്ങളിൽ സവിശേഷപ്രാധാന്യമുള്ള ഒന്നായി മാറുന്നു. ഒരുപക്ഷേ, നമ്മുടെ യഥാർത്ഥാവസ്ഥ ഒന്നുമില്ലാത്ത വെറുമൊരു നിശ്ശൂന്യത മാത്രമായിരിക്കാം; ജീവിതത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾ പലതും നിലനിൽക്കാത്തതായിരിക്കാം; അപ്പോൾ അലൌകികസംഗീതത്തിന്റെ ആ ഭാവങ്ങൾക്കു സ്വപ്നങ്ങളുമായുള്ള ബന്ധവും വെറുമൊരു മിഥ്യയായി വ്യാഖ്യാനിക്കപ്പെടാം. നമ്മളൊക്കെ എന്നെന്നേക്കുമായി നശിച്ച നാമാവശേഷമാകട്ടെ, എങ്കിൽപ്പോലും നമ്മുടെ വിധിയെ നിരന്തരം പിന്തുടർന്നു പങ്കുപറ്റാൻ ശ്രമിക്കുന്ന ആ സ്വർഗസുന്ദരികൾ, നമ്മുടെ അനന്തരാവകാശികൾക്കു സാന്ത്വനസുഖം നൽകി അവരോടൊത്തു സദാ സഹവസിക്കുകതന്നെ ചെയ്യും; മാത്രമല്ല, അവരോടൊത്തുള്ള നമ്മുടെ മരണം കുറേക്കൂടി അനായാസവും ഒരുപക്ഷേ, ഒരളവോളം, അനിശ്ചിതവുമായിരിക്കും!

അതുകൊണ്ട് ആ ഗീതത്തിന്റെ രാഗഭാവം യഥാർത്ഥത്തിൽ ജീവനോടെ നിലനിൽക്കുന്നുണ്ടെന്നു സ്വാൻ വിശ്വസിച്ചുപോന്നതിൽ തെറ്റുണ്ടായിരുന്നില്ല. സഹജമായ മാനുഷികഭാവത്തോടെ, നാമൊ

രിയ്ക്കലും കാണാത്ത അലൗകികജീവികളുടെ തലത്തിലാണതു നില യുറപ്പിച്ചിരുന്നത്; പ്രതിഭാശാലിയായൊരു പര്യവേക്ഷകൻ അജ്ഞാ തമായ സ്വർഗലോകത്തു ചെന്നു സ്വന്തം ചില കൗശലങ്ങൾ പ്രയോ ഗിച്ചു നമുക്കു കാണാവുന്നവിധം അതിനെ താഴോട്ടിറക്കിക്കൊണ്ടുവ ന്നു നിർത്തുമ്പോൾ, ക്ഷണികമെങ്കിലും ഉജ്ജ്വലമായ ആ പ്രഭാപൂരം നാം തിരിച്ചറിയാതിരിയ്ക്കില്ല; സത്യത്തിൽ അതായിരുന്നു, ആ രാഗ ഭാവത്തെ സംബന്ധിച്ചു വിന്റെയിൽ ചെയ്തത്. മഹാനായ ആ സം ഗീതസംവിധായകൻ (പരിമിതമായ ചില ഉപകരണങ്ങളുടെ സഹാ യത്തോടെ) ആസ്വാദകർക്കു കാണാവുന്നവിധം അതിന്റെ മുഖപടം അനാവരണം ചെയ്തു വിവേകവും ദാർഢ്യവും സൗമ്യതയും സ്നേഹ വുമുള്ള വിരലുകൾകൊണ്ടു സജീവമായ ആ രൂപരേഖകൾ ആദര വോടെ പിന്തുടർന്നു നിമിഷന്തോറും നവീകരിയ്ക്കപ്പെടുന്ന സ്വരങ്ങളു ടെ സഞ്ചാരപഥങ്ങളിൽ, നിഴലുകളെ കാണുമ്പോൾ പിൻവലിയുക യും വെളിച്ചത്തിന്റെ മുന്നിൽ ആവേശപൂർവം കുതിച്ചു ചാടുകയും ചെ യ്തതായി സ്വാനിനു തീർത്തും ബോദ്ധ്യപ്പെട്ടു. ആ രാഗഭാവത്തിന്റെ യഥാർത്ഥാസ്തിത്വത്തെക്കുറിച്ചു വിശ്വസിയ്ക്കുന്നതിൽ തെറ്റിയിട്ടില്ലെ ന്നതിനു മറ്റൊരു തെളിവായി അതിന്റെ വൈവിദ്ധ്യപൂർണമായ സൗ ന്ദര്യം കാണാനും ചിത്രീകരിയ്ക്കാനും അശക്തനായിരുന്ന വിന്റെയി ൽ, തന്റെ മങ്ങിയ കാഴ്ചശക്തിയും വിരലുകളുടെ വിറയലും മറച്ചു പിടി യ്ക്കാനായി അവിടവിടെ ചില വർണരേഖകളുടെ സഹായത്തോടെ സൃഷ്ടിച്ച ഒരു പ്രച്ഛന്നഭാവം ആദ്യത്തെ കേൾവിയിൽത്തന്നെ സ്വാ നിനു തിരിച്ചറിയാൻ കഴിഞ്ഞിരുന്നു.

ആ രാഗാനുഭൂതി ഒരു മധുരനൊമ്പരമായി അന്തരീക്ഷത്തിൽ വി ലയിച്ചു. മാഡം വെർഡുരിന്റെ പിയാനിസ്റ്റ് പണ്ടു പതിവായി 'ഒഴിവാ ക്കാ'റുള്ള സുദീർഘമായ ചരണത്തിനുശേഷം അവസാനത്തെ താ ളവട്ടത്തിൽ വീണ്ടും ആ രാഗഭാവം പുനർജ്ജനിയ്ക്കുമെന്നു സ്വാൻ പ്ര തീക്ഷിച്ചു. 'ഒഴിവാക്കി'യ ഭാഗത്തെ സ്തുത്യർഹവും സമ്പന്നവുമായ ആ ശയങ്ങൾ ആദ്യമായി കേട്ടപ്പോൾ അദ്ദേഹത്തിനു നേരിട്ടുൾക്കൊ

ള്ളാൻ കഴിഞ്ഞിരുന്നില്ല. ഇന്നിപ്പോൾ നൂതനത്വത്തിന്റെ ഏകതാനമായ പ്രച്ഛന്നത അഴിച്ചുവെച്ച്, അവയോരോന്നും ഓർമ്മയുടെ മണിച്ചെപ്പിൽനിന്നു തെളിഞ്ഞ ബോദ്ധ്യത്തോടെ അദ്ദേഹം പുറത്തെടുത്തു; രാഗഭാവത്തിന്റെ രചനയിലേയ്ക്കു പ്രവേശിച്ച് അങ്ങിങ്ങായി ചിതറിക്കിടന്ന ഓരോ പ്രമേയവും ഒരനുമാനസിദ്ധാന്തത്തിന്റെ അനിവാര്യമായ നിഗമനത്തിലേയ്ക്കു നയിയ്ക്കുന്ന ആധാരാധേയഭാവങ്ങളെപ്പോലെ നിരീക്ഷണവിധേയമാക്കി ജന്മരഹസ്യം വെളിപ്പെടുത്താനാണു സ്വാൻ ശ്രമിച്ചത്. 'എന്തൊരു സാഹസികത!" സ്വാൻ സ്വയം അത്ഭുതപ്പെട്ടു. 'ഒരുപക്ഷേ, ലാവോയ്സിയറിനെപ്പോലെ ആത്മാവിൽ പ്രചോദിതനായി അജ്ഞാതമായ പരമചൈതന്യത്തിന്റെ നിഗൂഢനിയമങ്ങൾ കണ്ടുപിടിയ്ക്കാനുള്ള പരിശ്രമത്തിൽ, അതുവരെ കടന്നു ചെല്ലാത്ത പ്രദേശങ്ങളിലൂടെ സഞ്ചരിച്ച്, ഒരിയ്ക്കലും വിവേചിച്ചറിയാൻ കഴിയാത്ത സംഘാംഗങ്ങളിൽ വിശ്വാസമർപ്പിച്ച്, വിന്റേയിൽ നടത്തിയ പരീക്ഷണാത്മകമായ സാഹസികപര്യടനം!' ഇപ്പോൾ അവസാനചരണത്തിന്റെ തുടക്കത്തിൽ പിയാനോ വയലിനുമായി നടത്തുന്ന ആ ഹൃദയസംവാദം എത്ര മനോഹരമായി മാറുന്നു! ഭാവനയുടെ അനിയന്ത്രിതമായ കുത്തൊഴുക്കിൽ അടിച്ചമർത്തപ്പെട്ട മനുഷ്യശബ്ദം പ്രതീക്ഷിച്ചതുപോലെതന്നെ വന്ധ്യവും ദുർബലവുമായിത്തീർന്നു. മനുഷ്യരുടെ സംസാരഭാഷ ഒരിയ്ക്കലും ഇതിലേറെ ആശയാവിഷ്കാരത്തിനു സമർത്ഥമായി, പ്രസക്തമായ ചോദ്യങ്ങൾ മാത്രം ചോദിയ്ക്കുന്നതായി, വ്യക്തവും കൃത്യവുമായ ഉത്തരങ്ങൾ നൽകുന്നതായി സ്വാൻ അനുഭവിച്ചിട്ടില്ല. തുടക്കത്തിൽ ഇണ പിരിഞ്ഞ പൂങ്കുരുവിയെപ്പോലെ പിയാനോ വിജനതയിൽ ഏകാന്തമായിരുന്നു വിലപിച്ചു. അതു കേട്ട്, സമീപത്തെ മരക്കൊമ്പിൽനിന്നു സാന്ത്വന സ്വരത്തിൽ വയലിൻ മറുപടി പറഞ്ഞു. ഈ ഇണക്കുരുവികളല്ലാതെ മറ്റാരും ചിറകടിയ്ക്കാനില്ലാത്ത പ്രപഞ്ചത്തിലെ പ്രഥമപ്രഭാതമായി, അല്ലെങ്കിൽ, സൃഷ്ടികർത്താവിന്റെ സവിശേഷയുക്തിവൈഭവംമൂലം

അവരല്ലാതെ മറ്റാരുമില്ലാതെ സകലതും തമസ്ക്കരിയ്ക്കപ്പെട്ട ഒരു ലോകമാണു സത്യത്തിൽ അനാവരണം ചെയ്യപ്പെട്ടത്. ആ ഗീത ത്തിനുമാത്രം അവകാശപ്പെടാവുന്ന സ്വന്തമായ ഒരു ലോകം! ആ പൂ ങ്കുരുവിയുടെ, രാഗഭാവത്തിനുള്ളിൽ ഇനിയും പൂർണത നേടാനാവാ ത്ത ഒരാത്മാവിന്റെ, അല്ലെങ്കിൽ എവിടെയോ അദൃശ്യമായിരുന്നു ക രയുന്ന ഒരു മായാമോഹിനിയുടെ വിലാപമായിരുന്നു ആ പിയാനോ സ്വന്തം ഹൃദയത്തിലാവാഹിച്ച് മൃദുലമായ സ്വരത്തിൽ ആവർത്തിച്ചു കൊണ്ടിരുന്നത്! പെട്ടെന്നു പൊട്ടിപ്പുറപ്പെടുന്ന ആ രോദനങ്ങളുടെ ഗതിവേഗത്തെ അനുഗമിയ്ക്കാൻ വയലിനിസ്റ്റിനു വല്ലാതെ ആയാസ പ്പെടേണ്ടിവന്നു. അനുപമസുന്ദരിയായ ആ പഞ്ചവർണക്കിളിയെ ഇ ണക്കി, വശീകരിച്ച്, അനുനയിപ്പിച്ച്, അവസാനം സ്വന്തം ഹൃദയ ത്തിൽ കുടിയിരുത്താൻ വയലിനിസ്റ്റ് കിണഞ്ഞു പരിശ്രമിച്ചു. അത യാളുടെ ആത്മാവിനെ ആവേശിച്ചു കഴിഞ്ഞു. വിരലുകളുടെ അനുസ്യൂ തമായ ചലനത്തിൽ ആ രാഗം വയലിനിസ്റ്റിന്റെ ഭൌതികശരീര മാകെ പിടിച്ചുകുലുക്കി. ഒരിയ്ക്കൽക്കൂടി ആ രാഗഭാവം തന്നോടെന്തോ സംസാരിയ്ക്കാൻ പോകുന്നതായി സ്വാൻ കണ്ടറിഞ്ഞു. വീണ്ടും ആ രാ ഗഭാവത്തെ മുഖത്തോടുമുഖം നേരിടേണ്ട മുഹൂർത്തം സമാഗതമായി രിയ്ക്കുന്നു; കാത്തിരിപ്പിന്റെ പിരിമുറുക്കത്തിൽ അദ്ദേഹത്തിന്റെ വ്യ ക്തിത്വം പൊട്ടിച്ചിതറാൻ തുടങ്ങുന്നതുപോലെ പ്രക്ഷുബ്ധമായി. നല്ലൊ രു കവിതയോ ഉദ്വേഗജനകമായൊരു വാർത്തയോ ആത്മസുഹൃ ത്തിനെ വായിച്ചുകേൾപ്പിയ്ക്കുമ്പോൾ, അയാളുടെ ഉള്ളിൽ ഉറവെടുത്ത ആർദ്രത നമ്മുടെ മനസ്സിലും പരന്നൊഴുകുന്നതുപോലെ, ഗദ്ഗദത്തോ ടെ തേങ്ങിക്കരയുന്ന ഒരു വികാരവിക്ഷോഭത്തിലേയ്ക്കു സ്വാൻ ചെന്നു വീണു. അതാ, ആ രാഗഭാവം ഒരിയ്ക്കൽക്കൂടി പ്രത്യക്ഷപ്പെടുന്നു; പ ക്ഷേ ഇത്തവണ ചലനശേഷി നഷ്ടപ്പെട്ട്, ആസന്നമരണനായി, പൊട്ടിപ്പോകാതെ വെള്ളത്തിൽ പൊങ്ങിക്കിടന്ന വർണാഭമായൊ രു കുമിളപോലെ, ഒരു നിമിഷനേരത്തേയ്ക്കുമാത്രം, അന്തരീക്ഷത്തിൽ ആ സാന്നിദ്ധ്യം നിലനിന്നു. മഴവില്ലുപോലെ, തിളക്കം മങ്ങുമ്പോൾ

മാഞ്ഞു പോയെന്നു തോന്നുകയും അടുത്ത നിമിഷം തെളിഞ്ഞു പ്രകാശിയ്ക്കുകയും അവസാനം അണയുന്നതിനുമുമ്പ് മറ്റൊരിയ്ക്കലും പ്രദർശിപ്പിയ്ക്കാത്ത അസുലഭകാന്തിയോടെ പ്രകീർത്തിയ്ക്കപ്പെടുകയും ചെയ്ത ആ രാഗാനുഭൂതി, അതുവരെ പ്രത്യക്ഷപ്പെടാനനുവദിച്ച സ്വരങ്ങളെ പിന്തുടർന്നു മറ്റുള്ളവകൂടി സമരസം ചേർത്തു ബഹുമുഖമായ ഒരു ഘനരൂപത്തിന്റെ ഓരോ പ്രതലത്തിലും പ്രതിഫലിച്ചു മാറ്റൊലിക്കൊള്ളുന്ന സ്വരലയങ്ങളായി ആലാപനസജ്ജമായിത്തീർന്നു. അമാനുഷവും അതിലോലവും അനായാസം അപ്രത്യക്ഷവുമാകുന്ന ആ മാന്ത്രികസാന്നിദ്ധ്യത്തെ ചെറിയൊരു ചലനംപോലും അമ്പരപ്പിച്ചേക്കാം; അതുകൊണ്ട് ഇരുന്നിടത്തുനിന്നും ഇളകാൻ ധൈര്യമില്ലാതെ, മറ്റുള്ളവരും അതുപോലെ നിശ്ശബ്ദരായിരിയ്ക്കാൻ നിർബന്ധിതരാകണമെന്നു സ്വാൻ ആഗ്രഹിച്ചു. പക്ഷേ, സത്യത്തിൽ, സംസാരിയ്ക്കുന്നതിനെക്കുറിച്ച് ആരും ചിന്തിച്ചില്ല! മുന്നൂറു ഹൃദയങ്ങളുടെ പരിപൂർണശ്രദ്ധയും ആകർഷിച്ചുകൊണ്ട്, ആത്മാവിനു ജീവൻ പകരുന്ന അമാനുഷികമായൊരു ചടങ്ങു നടക്കാൻ പോകുന്ന അൾത്താരാമണ്ഡപത്തിന്റെ വേദിയിൽനിന്നു രണ്ടു സംഗീതോപകരണങ്ങളുടെ ആചാരവിധികൾക്കു മീതെ, ഒരുപക്ഷേ മരിച്ചുപോയതുകൊണ്ട് (വിന്റെയിൽ അപ്പോഴും ജീവിച്ചിരിപ്പുണ്ടെന്ന കാര്യം സ്വാനിനു പക്ഷേ ഉറപ്പുണ്ടായിരുന്നില്ല) ആ ശുഭമുഹൂർത്തത്തിനു സാക്ഷിയാകാൻ കഴിയാതെപോയ ഏകാന്തപഥികനായ മനുഷ്യന്റെ അവാച്യമായ നിശ്വാസംമാത്രം ഉയർന്നു കേട്ടു. ഒടുവിൽ ആ കൃതി പൂർണമായും വായിച്ച് അവസാനിപ്പിച്ചതിനെ തുടർന്നു വന്ന പ്രമേയങ്ങളിൽ ആ രാഗഭാവത്തിന്റെ ഇടവിട്ടുള്ള മാറ്റൊലികൾമാത്രം അന്തരീക്ഷത്തിൽ ലോലമായ തരംഗങ്ങൾ സൃഷ്ടിച്ചു. ഗീതം മുഴുവൻ സമാപിയ്ക്കുന്നതിനു മുമ്പേ ബുദ്ധിമാന്ദ്യത്തിനു പേരുകേട്ട കോംതെസ്സ് മോണ്ടെയർ സംഗീതപരിപാടിയെക്കുറിച്ചുള്ള സ്വന്തം അഭിപ്രായം കാതിൽ മന്ത്രിയ്ക്കാൻ തന്റെ നേർക്കു സാവകാശം ശരീരം ചായ്ക്കുന്നതു കണ്ടു പെട്ടെന്നലോസരം തോന്നിയെങ്കിലും, ആ വാക്കുകളിൽ ഒളിഞ്ഞുകിട

ന്ന, ഒരുപക്ഷേ അവർക്കൊരിയ്ക്കലും മനസ്സിലാക്കാനാവാത്ത സവി ശേഷധ്വനിയുടെ സ്വാരസ്യത്തിൽ ചുണ്ടിലൊരു പുഞ്ചിരി താനേ വി ടർന്നുവന്നതു പക്ഷേ സ്വാനിനു നിരോധിയ്ക്കാനായില്ല. കലാകാരന്മാ രുടെ സാങ്കേതികവും കലാപരവുമായ കണ്ണഞ്ചിപ്പിയ്ക്കുന്ന നിപുണത സ്വയമുൾക്കൊണ്ട് കോംതെസ്സ് സ്വാനിനോട് അത്ഭുതം ഭാവിച്ചു പ റഞ്ഞു: “അത്യാശ്ചര്യം! ഇതിലേറെ മഹനീയമായൊരു ഗീതം ഞാ നിതുവരെ കേട്ടിട്ടില്ല!“ കൃത്യതയോടു വിട്ടുവീഴ്ചയില്ലാത്തൊരു മതിപ്പു സഹജമായ അവർ ആദ്യത്തെ പ്രസ്താവന ചെറുതായൊന്നു തിരു ത്തി കരുതലോടെ കൂട്ടിച്ചേർത്തു: “ഇതിനെ മറികടക്കുന്ന ഒരൊറ്റ വി ഷയമേയുള്ളൂ, 'പ്രണയവിപര്യയം'!“.

ഓദത്തിന് ഒരുകാലത്തു തന്നോടുണ്ടായിരുന്ന അടുപ്പം ഇനിയൊ രിയ്ക്കലും തിരിച്ചുവരില്ലെന്നും അഥവാ അത്തരമൊരു പ്രതീക്ഷ വെച്ചു പുലർത്തുന്നതിൽ യാതൊരർത്ഥവുമില്ലെന്നും അന്നു വൈകുന്നേര ത്തോടെ സ്വാനിനു ബോദ്ധ്യമായി. അവിചാരിതമായൊരു സമയ ത്ത് അവൾ സ്നേഹപൂർവം സംസാരിയ്ക്കുകയോ അല്ലെങ്കിൽ അദ്ദേ ഹത്തിന്റെ കാര്യങ്ങളിൽ ശ്രദ്ധ്ക്കാന്തി കാണിയ്ക്കുകയോ ചെയ്താൽ പ്പോലും അത്തരം ചെറിയ നീക്കങ്ങൾ പ്രകടമായ തെറ്റിദ്ധാരണയു ടെ സൂചനകളായി മാത്രമേ കണക്കാക്കാനാവൂ. ചികിത്സിച്ചു ഭേദമാ ക്കാൻ കഴിയാത്ത ഗുരുതരമായ രോഗം ബാധിച്ച് ആസന്നമരണ നായി കിടക്കുന്ന സുഹൃത്തിനെ ശുശ്രൂഷിയ്ക്കാൻ വന്നവർ ചിലപ്പോൾ ആശയറ്റ ഭാവത്തിൽ പറയും: 'ഇന്നലെ അദ്ദേഹം കണക്കുപുസ്തകം നോക്കുക മാത്രമല്ല, കൂട്ടിയെഴുതിയ തുകയിലെ തെറ്റു കണ്ടുപിടിച്ചു തിരുത്തുക കൂടിയുണ്ടായി. ഇന്നാകട്ടെ, ഒരു മുട്ട സ്വാദറിഞ്ഞു കഴിച്ചു, മുട്ട നന്നായി ദഹിയ്ക്കുകയാണെങ്കിൽ നാളെയൊരു കട്‌ലെറ്റു കൊടു ത്തുനോക്കാം!'. ഇതുപോലുള്ള നിസ്സാരവിഷയങ്ങൾ അനിവാര്യമായ മരണത്തിനു തലേന്നു യാതൊരർത്ഥവുമില്ലെന്നു ബോദ്ധ്യപ്പെട്ടിട്ടും പ്രത്യാശ നില നിർത്താൻവേണ്ടി പറയുന്നതുപോലെ മാത്രമായിരി യ്ക്കും, ഓദത്തിന്റെ അത്തരം നീക്കങ്ങളെന്നു സ്വാൻ മനസ്സിൽ പ്രത്യേ

കം കുറിച്ചുവെച്ചു. ഇന്നിപ്പോൾ മന:പൂർവം വിട്ടുനിന്നാൽ അവളോടു ള്ള സകല താൽപ്പര്യങ്ങളും പെട്ടെന്നു ചോർന്നുപോകുമെന്നു സ്വാൻ കണ്ടറിഞ്ഞു; അതുകൊണ്ട്, അവളെന്നെന്നേയ്ക്കുമായി പാരീസിൽനി ന്നു താമസം മാറ്റാൻ തീരുമാനിച്ചെന്നു കേട്ടപ്പോൾ സത്യത്തിൽ അ ദ്ദേഹത്തിനു സന്തോഷമാണു തോന്നിയത്; കൂടാതെ, അദ്ദേഹത്തിനു പാരീസിൽത്തന്നെ സധൈര്യം താമസിയ്ക്കുകയും ചെയ്യാം; മറ്റെങ്ങും പോകാൻ പക്ഷേ സ്വാനിനു ധൈര്യമുണ്ടായിരുന്നില്ല!

എങ്ങോട്ടെങ്കിലും യാത്ര പോകുന്നതിനെക്കുറിച്ചു ഗൌരവപൂർവം പലപ്പോഴും സ്വാൻ ആലോചിയ്ക്കാറുണ്ട്. വെർമീറിനെക്കുറിച്ചുള്ള പഠ നം വീണ്ടും പൊടി തട്ടിയെടുത്തുകൊണ്ട് കുറച്ചുകാലത്തേയ്ക്കു ഡ്രെ സ്ഡനിലോ ഹേഗിലോ ചെന്നു താമസിയ്ക്കാമെന്ന് അദ്ദേഹം തീരു മാനിച്ചു. ഗോൾഡ്ഷിമിറ്റ് പ്രദർശനത്തിൽ സഹൃദയശ്രദ്ധ നേടിയ 'ഡയാനയുടെ കുളിമുറി' വെർമീറിന്റേതാണെന്ന ബോദ്ധ്യം ഒന്നുകൂടി നേരിട്ടു കണ്ടു തീർച്ച വരുത്തണമെന്നും അദ്ദേഹം ആഗ്രഹിച്ചിരുന്നു. പക്ഷേ പതിവുശീലങ്ങളുടെ മരവിപ്പിൽ പൊതുവേ നിർവീര്യമായി കിടന്ന പല സഹജവികാരങ്ങളും മറന്നുപോയ വേദനകളും അപരി ചിതസാഹചര്യങ്ങളിൽ ഉണർന്നു വരാൻ സാദ്ധ്യതയുള്ളതുകൊണ്ട് ഓദത്തിനെ പാരീസിൽ ഉപേക്ഷിച്ചു സ്വയം പിരിഞ്ഞുപോകുന്നതു ക്രൂരമായൊരു പദ്ധതിയാണെന്നും അദ്ദേഹത്തിനു തോന്നി; ഒരിയ്ക്ക ലും പ്രാവർത്തികമാകാൻ പോകുന്നില്ലെന്നു നല്ല ബോദ്ധ്യവും ഉറപ്പു മുള്ളതുകൊണ്ടാണു നിരന്തരം അങ്ങനെയൊരു പദ്ധതി അദ്ദേഹം മ നസ്സിൽ കൊണ്ടുനടന്നത്. പക്ഷേ, ചിലപ്പോൾ ഉറക്കത്തിൽ മനസ്സി ലൊരു കിരുകിരുപ്പുണ്ടാക്കി യാത്ര ചെയ്യാനുള്ള ആവേശം അദ്ദേ ഹത്തെ പെട്ടെന്നു തട്ടിയുണർത്തുകയും പതിവുണ്ട്. ഒരുദിവസം രാ ത്രി ദൂരത്തെവിടെയോ ഒരു വർഷം നീണ്ടു നിൽക്കുന്ന യാത്രയ്ക്കു പുറ പ്പെടുകയാണെന്നു സ്വാൻ സ്വപ്നം കണ്ടു. വിട പറയുന്നതിന്റെ ദു:ഖം സഹിയ്ക്കാനാവാതെ പ്ലാറ്റ്ഫോമിലിരുന്നു കരയുന്ന ഒരു ചെറുപ്പക്കാ രനോടു തീവണ്ടിയുടെ ജനാലയ്ക്കൽ തല പുറത്തേയ്ക്കിട്ടു കൂടെ വരാൻ

നിർബന്ധിയ്ക്കുകയായിരുന്നു, അദ്ദേഹം; തീവണ്ടി പക്ഷേ നീങ്ങാൻ തുടങ്ങിയിരുന്നു; പെട്ടെന്നു പരിഭ്രമത്തോടെ കണ്ണു തുറന്നു താനെങ്ങും പോകുന്നില്ലെന്നും, അതുകൊണ്ട് അന്നു വൈകുന്നേരവും അടുത്ത ദിവസവും മിക്കവാറും തുടർന്നുള്ള ദിവസങ്ങളിലും ഓദത്തിനെ കാണാമെന്നും ആശ്വാസത്തോടെ അദ്ദേഹം ഓർമ്മിച്ചു. അപ്പോൾ, ആ സ്വപ്നത്തിന്റെ നടുക്കം വിട്ടുമാറാതെ, തന്നെ പൂർണസ്വതന്ത്രനാക്കിത്തീർത്ത സാഹചര്യങ്ങൾക്കും ഓദത്തിന്റെ അടുത്തു താമസിച്ച്, ഇടയ്ക്കിടെ അവളെ കാണാനുള്ള അനുവാദം നേടാൻ കഴിഞ്ഞതിനും സ്വാൻ ദൈവത്തോടു നന്ദി പറഞ്ഞു. തനിയ്ക്കായി മാത്രം ലഭിച്ച പ്രത്യേകാനുകൂല്യങ്ങളുടെ പട്ടിക അദ്ദേഹം ഓരോന്നായെടുത്തു കണക്കുകൂട്ടി നോക്കും: സമൂഹത്തിലെ ഉന്നതരുമായുള്ള സൗഹൃദം മൂലം കൈവന്ന പ്രശസ്തി, (ഓദത്തിനെ വിവാഹം ചെയ്യാൻ പലരും നിർബന്ധിയ്ക്കുന്നതിന്റെ മുഖ്യകാരണമായി) കൃത്യമായൊരു പതനത്തിന്റെ സാദ്ധ്യതയിൽപ്പോലും തീരെ ചുരുങ്ങിപ്പോകാത്ത പൈതൃക സ്വത്ത്, ഓദത്തിനു മതിപ്പും ബോദ്ധ്യവുമുള്ള പൊതുസുഹൃത്തെന്ന നിലയിൽ തന്നെക്കുറിച്ചു പറയപ്പെടുന്ന നല്ല കാര്യങ്ങൾ സദാ അവളുടെ കാതിലെത്തിച്ചു സന്തോഷം പകരുന്ന ചാർലൂസുമായുള്ള സൗഹൃദം, അവളുടെ ആവശ്യവും സമ്മതവും നോക്കാതെ തന്റെ സാന്നിദ്ധ്യം ഉറപ്പാക്കാനായി ദിവസേന ഓരോരോ പുതിയ പദ്ധതി മെനഞ്ഞെടുക്കുന്ന സ്വന്തം ബുദ്ധിശക്തി, തുടങ്ങിയ അനുകൂലഘടകങ്ങൾ ഇല്ലായിരുന്നെങ്കിൽ തന്റെ ഗതി എന്താകുമായിരുന്നെന്നു സ്വാൻ സ്വയം ചിന്തിച്ചു. വരുമാനമാർഗങ്ങളും സൗഹൃദങ്ങളുമില്ലാതെ, എന്തു പണിയും ഏറ്റെടുക്കാൻ നിർബന്ധിതരാവുന്ന സാധാരണക്കാരെപ്പോലെ, താനൊരു പരമസാധുവും ദരിദ്രനുമായി ജനിയ്ക്കുകയോ, അല്ല മാതാപിതാക്കളുടെ സംരക്ഷണം ഏറ്റെടുത്തു ഗാർഹികബന്ധനത്തിൽ അകപ്പെടുകയോ ചെയ്തിരുന്നെങ്കിൽ, തീർച്ചയായും ഓദത്തിൽനിന്നു തനിയ്ക്കു വേർപെടേണ്ടി വരുമായിരുന്നെന്നും അങ്ങനെ ആയിടെ കണ്ട സ്വപ്നം സത്യമാകുമായിരുന്നെന്നും ചിന്തിച്ചു നടുക്കം

വിടാതെ സ്വാൻ പറഞ്ഞു: “സുഖം എപ്പോഴാണ വരുന്നതെന്ന് ആരുമറിയുന്നില്ല; സ്വയം വിചാരിയ്ക്കുന്നത്ര ദുഃഖം ആരും അനുഭവിയ്ക്കുന്നുമില്ല!“ അതേസമയം, ഈ ജീവിതം കുറേ വർഷങ്ങളായി ഇങ്ങനെ തന്നെ തുടരുകയാണെന്നും, എക്കാലത്തേയ്ക്കുമതു നീണ്ടു പോകണമെന്നു പ്രത്യാശിയ്ക്കുകമാത്രമാണ ചെയ്യാനുള്ളതെന്നും, പ്രത്യേകിച്ചൊരു സന്തോഷവും പകരാത്ത അവളുമായുള്ള ദൈനന്ദിനസമാഗമത്തിന്റെ പേരിൽ ജോലിയും സുഹൃത്തുക്കളുമെന്നല്ല സകലതും ഉപേക്ഷിയ്ക്കാൻ സ്വയം സന്നദ്ധനാണെന്നും അദ്ദേഹമോർത്തു. മാത്രമല്ല, തനിയ്ക്കു തീരെ തെറ്റു പറ്റിയിട്ടില്ലെന്നും അവരുടെ പരസ്പരബന്ധത്തെ സുദൃഢമാക്കുന്ന സാഹചര്യങ്ങൾ യാതൊരുവിധത്തിലും തന്റെ ഔദ്യോഗിക ജീവിതത്തിനു കളങ്കം ചാർത്തിയിട്ടില്ലെന്നും അവളെ പിരിയുന്നതിനെക്കുറിച്ചു ചിന്തിച്ചതു വെറുമൊരു സ്വപ്നത്തിലാണെന്നും ആവർത്തിച്ചു ചോദിച്ച് ഉറപ്പാക്കി, അദ്ദേഹം തന്നോടുതന്നെ പറഞ്ഞു: “ദുഃഖം എപ്പോഴാണ വരുന്നതെന്ന് ആരുമറിയുന്നില്ല, എന്തായാലും സ്വയം വിചാരിയ്ക്കുന്നത്ര സുഖം ആരുമനുഭവിയ്ക്കുന്നുമില്ല!“

പ്രഭാതംമുതൽ പ്രദോഷംവരെ തെരുവുകളിൽ അലഞ്ഞു നടക്കുകയും വഴിവാണിഭക്കാരുടെ തിരക്കു വകവെയ്ക്കാതെ വഴി മുറിച്ചുകടക്കുകയും ചെയ്യുന്ന അവൾ, അതിനിടയിൽ പെട്ടെന്നൊരപകടം വന്നു വേദന സഹിയ്ക്കാതെ മരിച്ചെങ്കിലെന്നും അദ്ദേഹം ചിലപ്പോഴൊക്കെ പ്രത്യാശിയ്ക്കാറുണ്ട്. പക്ഷേ സദാ ഉത്സാഹത്തോടെ സുരക്ഷിതയായി അവൾ തിരിച്ചെത്തുന്നതു കാണുമ്പോൾ, ഏതപകടത്തേയും ഏതു സാഹചര്യത്തേയും കബളിപ്പിച്ച് (അവൾക്കു മാർഗതടസ്സം സൃഷ്ടിച്ച തന്റെ സ്വകാര്യമോഹങ്ങൾ ഒരുപക്ഷേ കണക്കറ്റതാണെന്നു പോലും സ്വാനിനു തോന്നി) നിരന്തരജാഗ്രത പുലർത്താൻ കഴിയുന്ന മനുഷ്യശരീരത്തിന്റെ ശക്തിയിലും വഴക്കത്തിലും അദ്ദേഹം അത്ഭുതപ്പെട്ടു; പക്ഷേ, അതേ ശരീരം അന്തേവാസിയായ ആത്മാവിനെ ഉപേക്ഷിയ്ക്കാൻ അനുവദിച്ച്, യാതൊരപായവും കൂടാതെ, അപവാദപ്രചരണങ്ങളിലേയ്ക്കും സുഖാന്വേഷണങ്ങളിലേയ്ക്കും തിരികെ ചെന്നു സ്വ

ന്തം ഔദ്യോഗികകൃത്യങ്ങൾ കൃത്യമായി നിറവേറ്റുന്നതും അദ്ദേഹം കണ്ടു. അനേകം ഭാര്യമാരിൽ ഒരാളോടുമാത്രം തോന്നിയ ഭ്രാന്തമായ പ്രണയത്തെ തുടർന്ന മഹോമത് രണ്ടാമൻ ആത്മീയസ്വാതന്ത്ര്യം വീണ്ടെടുക്കാൻവേണ്ടി മാത്രം അവളെ കുത്തിക്കൊലപ്പെടുത്തിയ ചരിത്രകഥയുടെ പശ്ചാത്തലത്തിൽ ബെല്ലിനി വരച്ച ചിത്രത്തോടുള്ള ആരാധന അപ്പോൾ ഒരുപടി കടന്ന നിസ്വാർത്ഥമായ അനുതാപമായി മാറുന്നതു സ്വാൻ കണ്ടറിഞ്ഞു. ഓദത്തിന്റെ ജീവിതത്തെക്കുറിച്ച് തികഞ്ഞ ലാഘവത്തോടെ വിധി പുറപ്പെടുവിക്കുമ്പോൾ, സ്വന്തം വേദനകൾക്കു യാതൊരു സാംഗത്യവും കൽപ്പിക്കാതെ, തന്നെക്കുറിച്ചു-മാത്രം വിചാരപ്പെടുന്നതിൽ അദ്ദേഹത്തിനു ചിലപ്പോൾ കഠിനമായ ലജ്ജയും തോന്നാറുണ്ട്.

കുറച്ചു കാലം അകന്നിരുന്നാൽ, തുടർന്നൊരു തിരിച്ചുവരവ് അനിവാര്യമാകുന്നതുകൊണ്ട്, നിരന്തരം കണ്ടുകൊണ്ടിരുന്നാൽ ഒരുപക്ഷേ വിട്ടു മാറാത്ത വിഷാദത്തിനു പരിഹാരമായി അവളോടുള്ള അദ്ദേഹത്തിന്റെ പ്രണയം സ്വയം ഉരുകിത്തീരുമായിരുന്നു. തനിക്കു പാരീസിൽനിന്നു മാറി താമസിക്കാൻ ആഗ്രഹമില്ലെന്നു പറഞ്ഞ നിമിഷം, അവളൊരിക്കലും തന്നെ വിട്ടുപോവില്ലെന്നു സ്വാൻ പ്രത്യാശിച്ചു. വർഷന്തോറും ആഗസ്റ്റിലും സപ്തംബറിലുമായി അവളൊരു വിദേശയാത്ര നടത്താറുണ്ടെന്നു മനസ്സിലാക്കിയതുകൊണ്ട്, മാസങ്ങൾക്കു മുമ്പേ വിഷാദം വിതയ്ക്കുന്നവിധം മനസ്സിൽ പൊങ്ങിക്കിടന്ന ഒരു തണുത്ത സ്വച്ഛത, പതിവുദിനചര്യകൾക്കു സമാന്തരമായി, ഒരു പ്രതീക്ഷപോലെ സ്വാനിനെ പിന്തുടർന്നിരുന്നു. അതുകൊണ്ട്, അവൾ അകന്നു പോകുന്നതിന്റെ വൈക്ലബ്യത്തിൽ നിന്നു മോചിതനാകാൻ അദ്ദേഹത്തിനു നിരവധി സന്ദർഭങ്ങൾ ലഭിച്ചു. പക്ഷേ ഭാവിയെ സംബന്ധിച്ച വ്യക്തതയില്ലാതെ തട്ടിത്തടഞ്ഞൊഴുകുന്ന പ്രതീക്ഷകളുടെ പ്രവാഹം, ഓദത്തിന്റെ ഒരൊറ്റ വാക്കിൽ മഞ്ഞുകട്ടപോലെ ഘനീഭവിച്ചു തീർത്തും ചലനരഹിതമാകുമായിരുന്നു. പെട്ടെന്നു ഹൃദയഭിത്തികളിൽ അതികഠിനമായി വന്നു പതിച്ച സമ്മർദ്ദത്തിന്റെ ഭാ

രം രണ്ടായി പിളർക്കുവാൻ അവസാനം സ്വാൻ നിർബന്ധിതനായി. അവളൊരു ഉൾപ്പക നിറഞ്ഞ ചിരിയോടെ അദ്ദേഹത്തെ ശ്രദ്ധിച്ചു നോക്കി അവിചാരിതമെന്നപോലെ പറഞ്ഞു: “വിറ്റ്സൺഡേ കാണാൻവേണ്ടി ഫോർഷ്‌വിൽ ഒരു യാത്രയ്ക്കു പുറപ്പെടുന്നുണ്ട്. പിന്നീടദ്ദേഹം ഈജിപ്തിലേയ്ക്കും പോകുന്നതായി കേട്ടു!“. അവൾ പറഞ്ഞതിന്റെ സാരാർത്ഥം സ്വാൻ തൽക്ഷണം പിടിച്ചെടുത്തു: 'ഫോർഷ്‌വില്ലിന്റെ കൂടെ ഞാനും ഈജിപ്തിലേയ്ക്കു പോകുന്നു!'. കുറച്ചുദിവസങ്ങൾക്കുശേഷം സ്വാൻ: 'നീ ഫോർഷ്‌വില്ലിന്റെകൂടെ പോകുന്നതിനെക്കുറിച്ചു പിന്നീടൊന്നും കേട്ടില്ലല്ലോ'യെന്നു ചോദിച്ചാൽ അവൾ അലക്ഷ്യമായി മറുപടി പറയും: “മിക്കവാറും അടുത്ത പത്തൊൻപതാം തീയതി ഞങ്ങൾ പുറപ്പെടും. പിരമിഡുകളുടെ ഒരു 'ദൃശ്യം' താങ്കൾക്കയച്ചുതരാം“. അപ്പോൾ, അവളെ നിർബന്ധപൂർവം പിടിച്ചുനിർത്തി നേരിട്ടു മുഖത്തുനോക്കി ‘നീയതിനു ഫോർഷ്‌വില്ലിന്റെ വെപ്പാട്ടിയാണോ‘യെന്നു ചോദിയ്ക്കാൻ അദ്ദേഹം തീരുമാനിച്ചുറച്ചിരുന്നു. പലപ്പോഴും കപടപ്രതിജ്ഞകളെടുത്തു ശീലിച്ചു തികഞ്ഞ അന്ധവിശ്വാസിയായ അവളതൊന്നും പെട്ടെന്നു സമ്മതിച്ചു തരില്ലെന്നും അദ്ദേഹം കണ്ടു. മാത്രമല്ല, ദേഷ്യം പിടിപ്പിയ്ക്കുന്നവിധം ചോദ്യം ചെയ്യുമ്പോൾ അവളുടെ കണ്ണിൽ താനൊരു അവജ്ഞാപാത്രമാകുമെന്നു കരുതി സ്വന്തം ജിജ്ഞാസയെ തടഞ്ഞു നിർത്തിയ ഭയം, എന്നെങ്കിലുമൊരിയ്ക്കൽ അവളുടെ പ്രാണപ്രിയനാകാമെന്ന പ്രതീക്ഷ നിശ്ശേഷം നഷ്ടപ്പെട്ട അദ്ദേഹത്തിന്റെ മനസ്സിൽനിന്നു തൽക്ഷണം ചോർന്നുപോയി.

ഓദത്ത് ഒരുകാലത്തു ഫോർഷ്‌വിൽ, ബ്ര്യൂട്ട്, വെർഡുരിൻ കുടുംബത്തിലെ ചിത്രകാരൻ, എന്നിങ്ങനെ പുരുഷന്മാരും സ്ത്രീകളുമുൾപ്പെട്ട ഒരുപാടുപേരുടെ വെപ്പാട്ടിയായി കുപ്രസിദ്ധമായ ചില വീടുകളിൽ സദാ സന്ദർശനം നടത്താറുണ്ടെന്നു സൂചിപ്പിയ്ക്കുന്ന പേരു വെയ്ക്കാത്ത ഒരു കത്ത്, ഒരുദിവസം അദ്ദേഹത്തിനു ലഭിച്ചു. കത്തയച്ച ആ നികൃഷ്ട

ജീവി സ്വന്തം സുഹൃത്തുക്കളിൽ ഒരാളാണെന്ന (സ്വാനിന്റെ സ്വകാര്യജീവിതത്തെക്കുറിച്ച നല്ല പരിചയം സൂചിപ്പിയ്ക്കുന്ന ചില വിശദാംശങ്ങൾ കത്തിലുണ്ടായിരുന്നു!) കണ്ടപ്പോൾ അദ്ദേഹത്തിനു കഠിനമായ വേദന തോന്നി; പക്ഷേ, കൃത്യമായും അതാരാണെന്നു കണ്ടുപിടിയ്ക്കാനാകാതെ അദ്ദേഹം ഇതികർത്തവ്യതാമൂഢനായി. പുറമേയ്ക്കു പറയുന്ന വിഷയങ്ങളുമായി പുലബന്ധംപോലുമില്ലാത്ത കൃത്യങ്ങളിൽ മുഴുകി ജീവിയ്ക്കുന്ന പലരേയും അദ്ദേഹം സംശയിച്ചു. നിന്ദ്യമായ ഈ അധമകൃത്യം ചെയ്യാനുള്ള വാസന ആരുടെ പ്രകൃതത്തിലാണു പ്രകടമാകുന്നതെന്നു പരിശോധിയ്ക്കാൻ അദ്ദേഹം അടുത്ത സുഹൃത്തുക്കളായ ചാർല്യൂസും ഡെസ് ലോമസും ഓർസനും സഹജമായ പെരുമാറ്റരീതികൾ ഓരോന്നായി വിശകലനം ചെയ്തു. അവരാരും ഒരിയ്ക്കലും ഇത്തരത്തിൽ അജ്ഞാതസന്ദേശങ്ങളയയ്ക്കുന്ന സ്വഭാവത്തെ ന്യായീകരിച്ചിട്ടില്ല. സൌഹൃദസംഭാഷണങ്ങളിൽ അറിയാതെ പ്രത്യക്ഷപ്പെടുന്ന അത്തരം സൂചനകൾ അവർ തൽക്ഷണം ശക്തമായി നിഷേധിയ്ക്കുകയാണു പതിവ്. അതുകൊണ്ട്, അവരുടെ സ്വഭാവവുമായി ഈ ദുഷ്കൃത്യത്തെ ബന്ധിപ്പിയ്ക്കാൻ അദ്ദേഹത്തിനായില്ല. ഏതാണ്ടൊരു വിലക്ഷണപ്രകൃതിയാണെങ്കിലും അടിസ്ഥാനപരമായി ഉദാരമനസ്കനും ഉപകാരിയുമാണു ചാർല്യൂസ്; ഒരളവോളം നിർവികാരനും നേരായ വഴിയ്ക്കുമാത്രം നടക്കുന്നവനുമാണു ഡെസ് ലോമസ്; ദു:ഖകരമായ സാഹചര്യങ്ങളിൽ സാന്ത്വനം ചൊരിഞ്ഞു വിവേകപൂർവം വേണ്ടതു വേണ്ട രീതിയിൽ നിർവഹിയ്ക്കുന്ന ഓർസനെപ്പോലെ മറ്റൊരാളെ സ്വാൻ ഇതുവരെ കണ്ടിട്ടില്ല; എങ്കിലും ഒരഭിജാതവനിതയുമായുള്ള അദ്ദേഹത്തിന്റെ ബന്ധത്തിൽ പറഞ്ഞുകേൾക്കുന്ന പ്രാകൃതത്വത്തെക്കുറിച്ചു പഠിയ്ക്കാൻ സത്യത്തിൽ സ്വാനിനു സമയമുണ്ടായിരുന്നില്ല; മാത്രമല്ല, നിഷ്ക്കളങ്കതയും സംസ്കാരവും നിറഞ്ഞു തുളുമ്പുന്ന ഓർസന്റെ വ്യക്തിത്വവുമായി യാതൊരു വിധത്തിലും പൊരുത്തപ്പെടാത്ത ആ കുപ്രസിദ്ധി മനസ്സിൽ ഒരു ഭാഗത്തേയ്ക്കു നീക്കിവെയ്ക്കാൻ സ്വാൻ സ്വയം നിർബന്ധിതനാവുകയാണു പതിവ്. അങ്ങനെ ചി

ന്തിച്ചുകൊണ്ടിരുന്നപ്പോൾ പെട്ടെന്നൊരു നിമിഷം മനസ്സിൽ ഇരുട്ടു വന്നു നിറയുന്നതായി തോന്നി അദ്ദേഹം ചിന്തകൾ മറ്റൊരു വഴിയ്ക്കു തിരിച്ചുവിട്ടു. ഒരാളെ മാത്രം പ്രത്യേകിച്ചു നോട്ടപ്പുള്ളിയാക്കാൻ കഴിയാത്തതുകൊണ്ട് പരിചയമുള്ള സകലരേയും അദ്ദേഹം സംശയിയ്ക്കാൻ തുടങ്ങി: നല്ലതരം പ്രകൃതവും തന്നോടു നിരുപാധികമായ സ്നേഹവുമുണ്ടെങ്കിലും ചാർലൂസ് ഒരു നാഡീരോഗിയാണെന്നു സമ്മതിയ്ക്കാതെ വയ്യ! നാളെ തനിയ്ക്കു സുഖമില്ലെന്നു കേട്ടു സങ്കടം സഹിയ്ക്കാതെ തേങ്ങിക്കരയുന്ന അദ്ദേഹം ഇന്നൊരുപക്ഷേ അസൂയയുടെ ഒരാവേശത്തിൽ നിഷ്ഠുരമായ അധിക്ഷേപം ചൊരിയാനും സാദ്ധ്യതയുണ്ട്; യഥാർത്ഥത്തിൽ, ഇത്തരം മനുഷ്യരാണു നികൃഷ്ടജീവികൾ! ചാർലൂസുമായി താരതമ്യപ്പെടുത്തുമ്പോൾ ഡെസ് ലോമസ് രാജകുമാരനുമായുള്ള സൌഹൃദത്തിനു ചെറിയൊരു കുറവുണ്ടെന്ന യാഥാർത്ഥ്യവും കാണണം; അതുകൊണ്ടുതന്നെ അദ്ദേഹം പതിവിൽക്കവിഞ്ഞ വിധേയത്വം തന്നോടു കാണിയ്ക്കാറുമില്ല; ഒരുതരം തണുപ്പൻമട്ടിലുള്ള അദ്ദേഹം നല്ല കാര്യങ്ങൾക്കു മുന്നിട്ടിറങ്ങാത്തതുപോലെ നീചകൃത്യങ്ങളിൽനിന്നും പിൻവാങ്ങിനിൽക്കുകയാണു പതിവ്; ഇതുപോലുള്ള ചിലരുമായല്ലാതെ മറ്റാരോടും ജീവിതത്തിൽ അടുത്ത ബന്ധം പുലർത്താതിരുന്നതിൽ സ്വാൻ സ്വയം അനുതപിച്ചു. അയൽക്കാരെ ദ്രോഹിയ്ക്കാനുള്ള വാസനയിൽനിന്നു മനുഷ്യരെ പിന്തിരിപ്പിയ്ക്കുന്ന വികാരം സഹോദരസ്നേഹമാണെന്നും അപ്പോൾ അദ്ദേഹം ഓർത്തെടുത്തു. മനസ്സിനെ നിരന്തരം നോവിയ്ക്കുന്ന ഈ പ്രഹേളികയ്ക്കൊരു പരിഹാരം കണ്ടെത്താനുള്ള അവസാനശ്രമമെന്ന നിലയ്ക്കു സമാനഹൃദയനായ ചാർലൂസിനെ സമീപിയ്ക്കുന്നതാണുചിതമെന്ന തീരുമാനത്തിൽ സ്വാൻ അവസാനം ചെന്നെത്തി; തന്റെ മനസ്സിനെ വേദനിപ്പിയ്ക്കുന്ന ഒരു വിചാരവും അദ്ദേഹം വെച്ചുപൊറുപ്പിയ്ക്കില്ല. മനുഷ്യത്വത്തിന്റെ മറ്റൊരുതലത്തിൽ നിർവികാരനായി നിൽക്കുന്ന ഡെസ് ലോമസ് രാജകുമാരൻ, ചിലപ്പോൾ പെട്ടെന്നു വീണ്ടുവിചാരമില്ലാതെ ചെയ്യുന്ന കൃത്യങ്ങൾ നമുക്കെങ്ങനെ പ്രവചിയ്ക്കാൻ കഴിയും? അവശ്യം

വേണ്ട നല്ലൊരു ഹൃദയം ചാർല്യൂസിനു ജന്മനാ ലഭിച്ചിട്ടുണ്ട്. ഓർസനും അതില്ലെന്നു പറയാനാവില്ല; പക്ഷേ, നല്ലതും തീയതുമായ ഏതു കാര്യത്തിലും ആവേശപൂർവം എടുത്തുചാടുന്ന ചാർല്യൂസിന്റെ പ്രകൃതത്തേക്കാൾ, ഓർസനും സ്വാനും വിഷയങ്ങൾ പരസ്പരം നിശ്ശബ്ദമായി പങ്കുവെയ്ക്കുകയാണു പതിവ്. ഉള്ളു തുറന്നു സംസാരിയ്ക്കുന്ന സംതൃപ്തിയിൽനിന്നും ഉടലെടുത്ത ആത്മാർത്ഥമായ ആ ബന്ധം സ്വകാര്യതയുടെ ഇഴയടുപ്പമില്ലാതെ താരതമ്യേന നിഷ്ക്രിയമായിരുന്നു. തന്നെ ശരിയ്ക്കു മനസ്സിലാക്കി (ചെറിയ ദൗർബല്യത്തോടെ) സ്നേഹിയ്ക്കുന്നതായി സ്വാനിനു ബോദ്ധ്യമുള്ള ഒരാൾ തീർച്ചയായും ഓർസനായിരുന്നു. അതെ! അദ്ദേഹത്തിന്റെ കഴിഞ്ഞകാലജീവിതം, പക്ഷേ ഒരിയ്ക്കലും മാന്യമായിരുന്നെന്നു പറയാനാവില്ല. അത്തരം കിംവദന്തികൾ അക്കാലത്തു ശ്രദ്ധിയ്ക്കാതെ പോയതിൽ ഇന്നിപ്പോൾ സ്വാനിനു ഖേദം തോന്നി. 'കോട്ടം തട്ടിയവരാ'യി വിശേഷിപ്പിയ്ക്കപ്പെടുന്നവരിൽനിന്നു ലഭിയ്ക്കുന്ന ആദരവും സഹതാപവും വേറൊരിടത്തുനിന്നും ലഭിയ്ക്കാനിടയില്ലാത്തവിധം തീക്ഷ്ണമാണെന്നു ചിലപ്പോൾ തമാശയ്ക്കാണെങ്കിലും അദ്ദേഹം തുറന്നു സമ്മതിയ്ക്കാറുണ്ട്. "അത്തരം വിഷയങ്ങളൊന്നും ഇല്ലാത്തതെന്നു പറഞ്ഞു തള്ളിക്കളയാനാവില്ല', സ്വാൻ സ്വയം ആശ്വസിച്ചു. 'പതിവായി പറഞ്ഞുകേൾക്കുന്ന വിവരങ്ങളെ ആധാരമാക്കിയാണു നാം അയൽക്കാരുടെമേൽ വിധിയെഴുതുന്നത്. പറയുന്നതും ചിന്തിയ്ക്കുന്നതുമല്ല പ്രവൃത്തിയാണു പക്ഷേ പ്രസക്തമാകുന്നത്. ചാർല്യൂസിനും ഡെസ് ലോമസിനും തെറ്റു പറ്റിയിരിയ്ക്കാം, പക്ഷേ, വളരെ മാന്യരായ മനുഷ്യരാണവർ; ഒരുപക്ഷേ, ഓർസനു തെറ്റുകുറ്റങ്ങളില്ലായിരിയ്ക്കാം, പക്ഷേ അദ്ദേഹത്തിനു മറ്റുള്ളവർക്കിടയിൽ മാന്യതയില്ല; അദ്ദേഹം വീണ്ടും പഴയ കുത്സിതവഴിയിലേയ്ക്കു തിരിഞ്ഞതായിരിയ്ക്കാം'. ഒടുവിൽ സ്വാൻ വണ്ടിക്കാരനായ റെമിയേയും സംശയിച്ചു; അയാൾക്കു പക്ഷേ, അങ്ങനെയൊരു കത്തെഴുതാനാവില്ല, മറ്റാരെയെങ്കിലും പറഞ്ഞു പ്രേരിപ്പിയ്ക്കാനേ കഴിയൂ; അപ്പോൾ, ആലോചന ശരിയായ വഴിയ്ക്കുതന്നെയാണു നീങ്ങുന്നതെന്നു സ്വാൻ ഉറ

പ്പിച്ചു. ഓദത്തിനു ദോഷം വരണമെന്നു കരുതാൻ ലോർദാനു സ്വന്തമായ ചില കാരണങ്ങളുണ്ട്; ഒരുപക്ഷേ, അങ്ങനെയായിരിക്കാം അയാളുടെ ചിന്ത തുടങ്ങിയത്. നമ്മേക്കാൾ താഴ്ന്ന സാഹചര്യങ്ങളിൽ ജീവിച്ച്, നമ്മുടെ ഭാഗ്യനിർഭാഗ്യങ്ങൾക്കു പങ്കാളികളായി, നമ്മോടു ചിലപ്പോഴൊക്കെ അസൂയയും സഹതാപവും തരാതരംപോലെ കാണിക്കുന്ന ചില പരിചാരകർ പെട്ടെന്നൊരു ദൌർബല്യത്തിനു വിധേയരായി ദുഷ്കൃത്യങ്ങൾ ചെയ്യില്ലെന്നു നമുക്കെങ്ങനെ ഉറപ്പിച്ചു പറയാൻ കഴിയും? എന്റെ മുത്തച്ഛനെപ്പോലും സംശയത്തിന്റെ മുൾമുനയിൽനിന്നു സ്വാൻ ഒഴിവാക്കിയില്ല; ആവശ്യപ്പെട്ട സഹായങ്ങളോരോന്നും അദ്ദേഹം നിഷ്ക്കരുണം നിരസിക്കുകയല്ലേ ചെയ്തത്? കൂടാതെ മദ്ധ്യവർഗസമൂഹത്തിന്റെ ബഹുമാന്യതയെക്കുറിച്ചുള്ള ആശയങ്ങളിൽ വ്യാമുഗ്ദ്ധനായി അദ്ദേഹം സ്വാനിന്റെ നന്മയാണുദ്ദേശിക്കുന്നതെന്നു സ്വയം ന്യായീകരിക്കുകയും ചെയ്തിരിക്കാം. തുടർന്നു ബെർഗോത്തിനേയും ചിത്രകാരനേയും വെർഡുരിൻസദസ്സിലെ ഓരോരുത്തരേയും സംശയിക്കുന്നതിനിടയിൽ, ഇതുപോലുള്ള സൗഹൃദങ്ങൾ വെറും തരംതാണ തമാശയാണെന്നു കരുതി സ്വയം മാറി നിൽക്കുന്ന പരിഷ്കൃതജനങ്ങളുടെ വിവേകത്തെ ആരാധനാപൂർവം നോക്കിക്കാണാൻ ഒരു നിമിഷം അദ്ദേഹം മൗനം പൂണ്ടു. അതേസമയം, ആ ബൊഹീമിയക്കാരിൽ കണ്ടു വരുന്ന സത്യസന്ധതയുടെ മുഖമുദ്രകളെക്കുറിച്ചുകൂടി അദ്ദേഹം ഓർത്തു. ആഡംബരത്തോടും പണത്തോടുമുള്ള ആർത്തിയും സുഖാനുഭവങ്ങളുടെ ദുഷിച്ച സ്വാധീനവുംമൂലം അലസജീവിതം നയിക്കുന്ന അവരെ ചതിപ്രയോഗത്തോളം ചെന്നെത്തുന്ന അവസരവാദികളുടെ ജീവിതവുമായി അദ്ദേഹം താരതമ്യം ചെയ്തു. ചുരുക്കത്തിൽ, ഒരു മനസ്സാക്ഷിക്കുത്തുമില്ലാതെ നികൃഷ്ടമായ ആ കൃത്യം ചെയ്യാൻ കഴിവുള്ള ഒരാളെ തനിക്കു പരിചയമുണ്ടെന്നു പേരു വെയ്ക്കാത്ത കത്തു തെളിയിക്കുകയാണു ചെയ്യുന്നത്. പക്ഷേ, പരിചാരകർക്കും വ്യവസായികൾക്കും സഹജമായ തണുത്തുറഞ്ഞ ഹൃദയത്തിലല്ലാതെ, പ്രഭുക്കളും കലാകാരന്മാരും ഇടപഴകുന്ന ഊഷ്മള

മായ സുഹൃദ്വൃത്തങ്ങളിൽ ഇത്തരമൊരു നിഗൂഢഗർത്തം രൂപംകൊള്ളുന്നതിന്റെ കാരണം അദ്ദേഹത്തിനു കണ്ടെത്താനായില്ല. സത്യത്തിൽ, സഹജീവികളെക്കുറിച്ചു വിധിനിർണയം നടത്തുന്നതിനു മുമ്പ് എന്തൊക്കെ മാനദണ്ഡങ്ങളാണു നാം സ്വീകരിയ്ക്കേണ്ടത്? സാഹചര്യങ്ങളുടെ സമ്മർദ്ദത്തിൽ ലജ്ജാകരമായ കൃത്യങ്ങൾക്കു വഴങ്ങാത്ത ഒരാളെപ്പോലും സ്വന്തം പരിചയത്തിൽനിന്നു തിരഞ്ഞെടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അപ്പോൾ, അവരെ മുഴുവൻ ഒഴിവാക്കുകയാണോ വേണ്ടത്? ഉത്തരം കിട്ടാതെ സ്വാനിന്റെ മനസ്സു കലുഷമാകാൻ തുടങ്ങി; കൈകൾ രണ്ടുമൂന്നു തവണ അദ്ദേഹം നെറ്റിത്തടത്തിൽ വെച്ച്, കണ്ണട കൈലേസുകൊണ്ടു തുടച്ചു. അഥവാ ഇത്തരത്തിൽ, ചാർലൂസിനും ഡെസ് ലോമസിനും മറ്റുള്ളവർക്കും ലജ്ജാകരമായ കാര്യങ്ങൾ ചെയ്യാൻ യാതൊരു മടിയുമില്ലെങ്കിൽ, തന്നെപ്പോലെ സുകൃതികളായ ചിലരും അവർക്കിടയിൽ സ്വതന്ത്രമായി പെരുമാറുന്നുണ്ടെന്ന യാഥാർത്ഥ്യം അദ്ദേഹം ആലോചിയ്ക്കാതിരുന്നില്ല. അതുകൊണ്ട്, ഒരുപക്ഷേ സാധാരണഗതിയിൽ അത്തരം കൃത്യങ്ങൾക്കു കഴിവില്ലാത്തവർപോലും അറിയാതെ വഴിപ്പെട്ടുപോകുന്ന ഉൾപ്രേരണകളിലൊന്നായിരിയ്ക്കാമതെന്നു സ്വാൻ സമാശ്വസിച്ചു. അപ്പോൾ, സംശയത്തിന്റെ മുൾമുനയിൽ നിർത്തിയ സകല സുഹൃത്തുക്കൾക്കും, നിരാശയുടെ പടുകുഴിയിലേയ്ക്കു തന്നെ തള്ളിയിടാൻ ശ്രമിച്ച ഓരോരുത്തർക്കും, സ്വാൻ സ്വയമേവ ഹസ്തദാനം ചെയ്തു. കത്തിന്റെ ഉള്ളടക്കം പക്ഷേ അദ്ദേഹത്തെ തീരെ സംഭ്രമിപ്പിച്ചില്ല. ഓദത്തിനെതിരായ ആരോപണങ്ങളിൽ സത്യത്തിന്റെ ലാഞ്ഛനപോലും കാണാതിരുന്ന അദ്ദേഹത്തിന്റെ അലസമായ മനസ്സിനു വളരെ സാവകാശത്തിൽമാത്രമേ കാര്യങ്ങൾ ഗ്രഹിയ്ക്കാനായുള്ളൂ. ജീവിതം പരസ്പരവൈരുദ്ധ്യങ്ങളുടെ കലവറയാണെന്നു കൃത്യമായ ബോദ്ധ്യമുണ്ടെങ്കിലും, സ്ത്രീപുരുഷഭേദമെന്യേ സകലർക്കും അപരിചിതവും നിഗൂഢവുമായ ഭാഗങ്ങൾ പരിചിതമായ ഭാഗങ്ങളോടു യഥാതഥമായി യോജിച്ചിരിയ്ക്കുമെന്നുതന്നെ അദ്ദേഹം വിശ്വസിച്ചു. വെളിവായ വസ്തു

തകളുടെ വെളിച്ചത്തിലാണ രഹസ്യമായി സൂക്ഷിച്ചിരുന്നവയും അദ്ദേഹം കണ്ടത്. ഓദത്തിനോടൊത്തു കഴിഞ്ഞ കാലത്തു മറ്റാരെങ്കിലും പ്രാകൃതമായൊരു കൃത്യം ചെയ്തതു കേൾക്കാനിടയായാൽ അഥവാ അങ്ങനെയൊരു വിഷയം പരാമർശിയ്ക്കപ്പെട്ടാൽ, മാതാപിതാക്കൾ പറഞ്ഞു കേട്ടു വിശ്വാസപൂർവം പിന്തുടർന്നുപോന്ന സദാചാരസംഹിതയുടെ പിൻബലത്തോടെ, നിഷ്ക്കരുണം അയാളെ കുറ്റവാളിയായി തീർപ്പു കൽപ്പിച്ചശേഷം മാത്രമേ അവൾ സ്വാനിന്റെ കാര്യങ്ങളിൽ ശുഷ്ക്കാന്തി കാണിയ്ക്കാറുള്ളൂ. അതുകൊണ്ട് അവളുടെ ജീവിതത്തിന്റെ ബാക്കിയുള്ള ഭാഗം അതേ ശീലങ്ങൾകൊണ്ടുതന്നെ അദ്ദേഹം പൂരിപ്പിച്ചു. അവർ തമ്മിൽ വേർപിരിഞ്ഞിരിയ്ക്കുന്ന ചില നിമിഷങ്ങളുടെ ചിത്രം മനസ്സിലേയ്ക്കു കൊണ്ടുവരാൻ ശ്രമിയ്ക്കുമ്പോൾ അവളുടെ ഓരോ കൃത്യവും അദ്ദേഹം വിശദാംശങ്ങളോടെ പുനഃസൃഷ്ടിയ്ക്കുകയാണ പതിവ്. അവൾ യഥാർത്ഥത്തിൽ ആരാണെന്നോ, അല്ലെങ്കിൽ ഒരുമിച്ചു കഴിഞ്ഞകാലത്ത് അദ്ദേഹത്തിനുപകരം മറ്റൊരാളായിരുന്നെങ്കിൽ അവളെങ്ങനെ പെരുമാറുമായിരുന്നെന്നോ ആരെങ്കിലും ചിത്രീകരിച്ചിരുന്നെങ്കിൽ, ആ ചിത്രം ചലിയ്ക്കാൻ തുടങ്ങുന്നതു കണ്ടു സ്വാൻ ഞെട്ടിവിറയ്ക്കുമായിരുന്നു. എങ്കിലും, അവൾ കുപ്രസിദ്ധമായ വീടുകൾ സന്ദർശിച്ചു സ്ത്രീകളുടെകൂടെ മദിരോത്സവങ്ങളിൽ പങ്കെടുത്തു മദ്യലഹരിയിൽ മുഴുകി ഹീനമായ ജീവിതമാണ നയിച്ചിരുന്നതെന്നു കരുതാൻ അദ്ദേഹം ഒരുക്കമായിരുന്നില്ല. സത്യത്തിൽ, അത്തരം ചിന്തകളെല്ലാം ഒരു ജമന്തിപ്പൂവിനും ഒരു ചായയ്ക്കുമായി സ്ഥലകാലങ്ങൾ നോക്കാതെ ധാർമ്മികരോഷം കൊള്ളുന്ന (ദൈവത്തിനു നന്ദി!) മനസ്സിന്റെ മതിഭ്രമങ്ങളും അപഥസഞ്ചാരങ്ങളുമാണെന്നു സ്വാൻ കരുതി. അവളുടെ ചെയ്തികളെക്കുറിച്ചു മനസ്സിൽ വിദ്വേഷം പുലർത്തുന്ന ചിലർ സകലതും തന്നെ തൽക്ഷണം അറിയിയ്ക്കാറുണ്ടെന്ന യാഥാർത്ഥ്യം ഓദത്ത് മനസ്സിലാക്കാൻവേണ്ടി അദ്ദേഹം മനഃപൂർവം പറയും. അവളുടെ ദൈനന്ദിനജീവിതം അതേപടി പകർത്താൻ പര്യാപ്തമായവിധം കണക്കറ്റ വിശദാംശങ്ങൾ മനസ്സിൽ സൂക്ഷിയ്ക്കുന്ന

ണ്ടെങ്കിലും, യദൃച്ഛയാ ലഭിച്ച ചില വിവരങ്ങൾ അപ്രസക്തമെങ്കിലും സത്യമായതുകൊണ്ട് ചെറിയൊരു ഭാഗം മാത്രമാണ് പറയാനധി കാരമുള്ളതെന്നു ഭാവിച്ച് പതുക്കെ വിട്ടു കൊടുക്കുമ്പോൾ, അവളെ സംബന്ധിച്ച സത്യത്തിൽ സംശയം തോന്നാത്ത വിഷയങ്ങളിൽ പ്പോലും തനിയ്ക്കു കൃത്യമായ വിവരങ്ങൾ ലഭിയ്ക്കുന്നുണ്ടെന്ന ബോദ്ധ്യം അവളുൾക്കൊള്ളണമെന്നു സ്വാൻ നിഷ്കർഷിച്ചു, ചില കാര്യങ്ങളിൽ വ്യക്തമായ വിശദീകരണം ആവശ്യപ്പെടുമ്പോൾ അവളോടു സത്യ ത്തിൽനിന്നു കടുകിട വ്യതിചലിയ്ക്കരുതെന്നും അദ്ദേഹം അപേക്ഷി ക്കാറുണ്ട്. അവൾ ചെയ്ത കാര്യങ്ങൾ ഒന്നൊഴിയാതെ പറയണമെ ന്നുമാത്രമാണു സ്വാൻ ഉദ്ദേശിച്ചത്; തീർച്ചയായും, ആത്മാർത്ഥതയു ടെ കാര്യത്തിൽ അദ്ദേഹം വിട്ടുവീഴ്ച ചെയ്യാൻ തയാറായില്ല. പക്ഷേ, വെപ്പാട്ടിയുടെ ദൈനന്ദിനജീവിതത്തെക്കുറിച്ചു വിവരങ്ങൾ നൽകുന്ന കുട്ടിക്കൊടുപ്പുകാരോടുള്ള ആത്മാർത്ഥതയായിരുന്നു, അത്. മാത്രമല്ല, ആത്മാർത്ഥതയോടുള്ള മമത തീരെ നിസ്വാർത്ഥമല്ലാത്തതുകൊണ്ട് അതദ്ദേഹത്തിന്റെ മാനസികനില മെച്ചപ്പെടുത്തിയതുമില്ല. ഓദത്ത് അദ്ദേഹത്തോടു പറയുന്ന കാര്യങ്ങൾ മാത്രമായിരുന്നു, അദ്ദേഹം താ ലോലിയ്ക്കുന്ന സത്യം; ആ സത്യം അവളിൽനിന്നു താനേ വരുന്നതി നുവേണ്ടി, അസത്യത്തെ ആശ്രയിയ്ക്കാൻ അദ്ദേഹത്തിനു യാതൊരു ഭയവും തോന്നിയില്ല. അതേ അസത്യത്തെയാണു മനുഷ്യരെ അ ധോഗതിയുടെ അഗാധഗർത്തത്തിലേയ്ക്കു തള്ളിയിടുന്ന ദുർഭൂതമായി അദ്ദേഹം പലപ്പോഴും ഉദാഹരിച്ചിരുന്നത്. ചുരുക്കത്തിൽ അവളേ ക്കാൾ അസന്തുഷ്ടി അദ്ദേഹത്തിനുണ്ടായിരുന്നെങ്കിൽ, ദുരഭിമാന ത്തിനു യാതൊരു കുറവുമില്ലാത്തതുകൊണ്ട്, ഓദത്ത് പറഞ്ഞിട ത്തോളം നുണ അദ്ദേഹവും പറയാൻ ശ്രമിച്ചു. അവളുടെ ഓരോ ചെ യ്തിയും അദ്ദേഹം ആവർത്തിയ്ക്കുന്നതു സ്വയം കേൾക്കുമ്പോൾ, കോപ ത്തിന്റെ ഓരോ അപകടസാദ്ധ്യതയിലും ലജ്ജിയ്ക്കുകയും അപമാനി യ്ക്കപ്പെടുകയും ചെയ്യുന്നതായി തോന്നാതിരിയ്ക്കാൻ അവിശ്വാസത്തോ ടെ അവളദ്ദേഹത്തെ തുറിച്ചു നോക്കും. അതിനിടയിൽ, അസൂയയുടെ

ആക്രമണമില്ലാതെ ശാന്തമായി ജീവിയ്ക്കാൻ കഴിഞ്ഞ ഒരിടവേളയ്ക്കു ശേഷം അദ്ദേഹത്തിനു ഡെസ് ലോമസ് രാജകുമാരിയുമായി നാടകശാലയിൽ സായാഹ്നം ചിലവഴിയ്ക്കാനൊരു ക്ഷണം ലഭിച്ചു. അന്നവിടെ കളിയ്ക്കുന്ന നാടകത്തിന്റെ പേരറിയാനായി പത്രം തുറന്നപ്പോൾ കണ്ണിൽപ്പെട്ട തിയോഡോർ ബാരിയേറിന്റെ 'ലെസ് ഫില്ലെസ് മാർബിളെ'ന്ന ശീർഷകം ഒരിരുട്ടടിയുടെ ആഘാതത്തോടെ സ്വാനിന്റെ ഹൃദയത്തിൽ വന്നു പതിച്ചു; പുളയുന്ന വേദനയിൽ ചൂളിപ്പോയ അദ്ദേഹം മുഖം തിരിച്ചു; വിവേചനാശക്തി നഷ്ടപ്പെട്ട കണ്ണുകൾക്കു താഴെ നിരനിരയായി കൊളുത്തിയ രംഗദീപങ്ങൾപോലെ അച്ചടിച്ചുവന്ന ആ അക്ഷരങ്ങൾ പല തവണ കണ്ടതാണെങ്കിലും, പുതിയ പരിസരങ്ങളുമായി പ്രത്യക്ഷപ്പെട്ട പ്രകാശം ചൊരിയുന്ന 'മാർബിളെ'ന്ന വാക്കു വീണ്ടും കണ്ടപ്പോൾ, ഓദത്ത് മുമ്പൊരിയ്ക്കൽ പറഞ്ഞ കഥ അദ്ദേഹം ഓർമ്മിച്ചെടുത്തു: പാലൈയ്സ് ഇൻഡസ്ട്രീയിലെ സലൂണിൽ സന്ദർശനം നടത്തുമ്പോൾ മാഡം വെർഡുരിൻ അവളോടു രഹസ്യമായി സൂചിപ്പിച്ചിരുന്നു: 'ഇനി നീ സൂക്ഷിച്ചു പെരുമാറണം! അറിയാമല്ലോ, എങ്ങനെയാണു നിന്നെ മെരുക്കേണ്ടതെന്നു ഞാൻ മനസ്സിലാക്കി കഴിഞ്ഞു; എന്തായാലും നിന്റെ ശരീരം മാർബിളൊന്നുമല്ല, തീർച്ച!'. അതൊരു വെറും തമാശമാത്രമാണെന്നു സമർത്ഥമായി അവൾ വിശ്വസിപ്പിച്ചതുകൊണ്ട്, അന്നദ്ദേഹം ആ വിഷയത്തിനു കാര്യമായ പ്രാധാന്യം കൊടുത്തില്ല; മാത്രമല്ല, ഇന്നത്തേക്കാൾ കൂടുതൽ വിശ്വാസവും അന്നവളിൽ അദ്ദേഹത്തിനുണ്ടായിരുന്നു. പേരുവെയ്ക്കാത്ത ആ കത്ത് വ്യക്തമായും അത്തരം ബന്ധങ്ങളെക്കുറിച്ചാണു സൂചിപ്പിച്ചത്. പത്രത്തിൽനിന്നു കണ്ണെടുക്കാതെ 'ലെസ് ഫില്ലെസ് മാർബിളെ'ന്ന ശീർഷകം മറച്ചുപിടിച്ച്, അദ്ദേഹം മറ്റു വാർത്തകൾ യാന്ത്രികമായി വായിയ്ക്കാൻ തുടങ്ങി. കടലിടുക്കിൽ കൊടുങ്കാറ്റിനെ ത്തുടർന്നുള്ള നാശനഷ്ടങ്ങൾ, ഡീപ്പേ, കാബോർഗ്, ബ്യൂസേവൽ -, ഒരിയ്ക്കൽക്കൂടി സ്വാൻ ഉൾഭയംകൊണ്ടു പുളഞ്ഞു!

ഒരുകാലത്തു വെർഡുരിൻകുടുംബത്തിലെ അതിഥിയായിരുന്ന ബ്രൂട്ടുമായി ബന്ധപ്പെടുത്തി അതേ ജില്ലയിലുള്ള 'ബ്യൂസേവല്ലെ' ന്നൊരു സ്ഥലനാമം ഭൂപടത്തിലൊരു സംശയചിഹ്നത്തോടെ സ്വാൻ നേരത്തേതന്നെ അടയാളപ്പെടുത്തിവെച്ചിരുന്നു. ഓദത്തിന്റെ കാമുകനെന്ന നിലയ്ക്ക് ബ്രൂട്ടിന്റെ പേരു മുമ്പൊരിയ്ക്കൽപ്പോലും പരാമർശിയ്ക്കാതിരുന്ന വിരോധാഭാസവും പെട്ടെന്ന് അദ്ദേഹത്തിന്റെ മനസ്സിലുദിച്ചു. എന്തൊക്കെയായാലും, ബ്രൂട്ടിനെ സംബന്ധിച്ച് അങ്ങനെയൊരു ആരോപണം അസംഭവ്യമെന്നു പറയാനാവില്ല. മാഡം വെർഡുരിന്റെ കാര്യത്തിലാണെങ്കിൽ അതസാദ്ധ്യമെന്നും പറയേണ്ടിവരും. ചിലപ്പോഴൊക്കെ നുണ പറയാറുള്ള ഓദത്ത് ഒരിയ്ക്കലും സത്യം പറയാറില്ലെന്ന നിഗമനത്തിലെത്തുന്നതും ശരിയല്ല. അവൾ സ്വാനിനോടു പലപ്പോഴും ആവർത്തിച്ചു പറയാറുള്ള വിനോദഭാഷണങ്ങളിൽനിന്നു മാഡം വെർഡുരിന്റെ നിരർത്ഥകവും മാരകവുമായ ദ്വയാർത്ഥപ്രയോഗങ്ങൾ അദ്ദേഹത്തിനു വ്യക്തമായി തിരിച്ചറിയാൻ കഴിയാറുണ്ട്. ജീവിതാനുഭവക്കുറവും ദുർവാസനകളെക്കുറിച്ചുള്ള അജ്ഞതയും മൂലം ചില സ്ത്രീകൾ (സ്വന്തം പരിശുദ്ധി സാക്ഷ്യപ്പെടുത്താൻ വേണ്ടി) തീവ്രമായ സൗഹൃദം പ്രകടിപ്പിച്ചു മുന്നോട്ടുവരാറുണ്ട്. അവരുടെ കൂട്ടത്തിൽ ഓദത്താണു നല്ലൊരു ഉദാഹരണം. നേരത്തേ പറഞ്ഞകഥയിലൂടെ, മന:പൂർവമല്ലാതെ, ഒരു നിമിഷത്തെ മുന്നിൽ കൊണ്ടുവന്നു നിർത്തി ധാർമ്മികരോഷത്തോടെ വാരിവിതറിയ സംശയങ്ങൾ, അത്തരം ജന്മവാസനകളെക്കുറിച്ചു ലഭ്യമായ സകല കാര്യങ്ങളും അവളുടെ സഹജപ്രകൃതവുമായി പൊരുത്തപ്പെടുന്നുണ്ടെന്ന് അദ്ദേഹം കണ്ടു. ആ നിമിഷം, അസൂയയുടെ ആകസ്മികമായ പ്രചോദനത്തിൽ, ഒറ്റപ്പെട്ട ഒരീരടിയും അസംഗതമായൊരു നിരീക്ഷണവുമല്ലാതെ മറ്റൊന്നും കൈവശമില്ലാതെ നിസ്സഹായനായി നിൽക്കുന്ന ഒരു കവിയ്ക്കും ദാർശനികനും സ്വന്തം കലാസൃഷ്ടിയ്ക്കു ശക്തിയും ആധികാരികതയും നൽകാൻ കഴിയുന്ന ഒരാശയമോ പ്രകൃതിനിയമമോ വെളിപാടായി ലഭിയ്ക്കുന്നതുപോലെ, രണ്ടുവർഷം മുമ്പൊരിയ്ക്കൽ

ഓദത്ത് പറഞ്ഞ ഒരഭിപ്രായം അന്നാദ്യമായി സ്വാൻ ഓർത്തെടുത്തു: 'മാഡം വെർഡുരിൻ! ഇപ്പോൾ എന്നെക്കുറിച്ചല്ലാതെ അവർക്കു യാതൊരു ചിന്തയുമില്ല. അവരുടെ ഏറ്റവുമടുത്ത 'പ്രേമഭാജന'മാണു ഞാൻ! താങ്കൾക്കു മനസ്സിലാകുമെന്നു കരുതട്ടെ, അവരെന്നെ സദാ കൂടെ കൂട്ടിക്കൊണ്ടു നടക്കുകയും ഓമനപ്പേരു വിളിച്ചു ചുംബിയ്ക്കുകയും ചെയ്യാറുണ്ട്!'. ഓദത്ത് പിന്നീടു പലപ്പോഴും പറഞ്ഞ ഈ പ്രസ്താവനയിൽ ദുർവാസനകളുടെ അന്തരീക്ഷം സൃഷ്ടിയ്ക്കാൻ പര്യാപ്തമായവിധം എന്തെങ്കിലും പരിഹാസ്യമായ ദുസ്സൂചനകൾ കണ്ടെത്താതെ, അതെല്ലാം മാഡം വെർഡുരിന്റെ ഊഷ്മളമായ സൗഹൃദത്തിനു തെളിവായി സ്വാൻ സഹർഷം സ്വീകരിയ്ക്കുകയാണു ചെയ്തത്. പക്ഷേ, ഓദത്തുമായി അവർക്കുണ്ടായിരുന്ന ബന്ധത്തിന്റെ ഈ പഴയ ഓർമ്മ, ഈയിടെ നടന്ന മറ്റൊരു അനുചിതസംഭാഷണത്തിന്റെ ഓർമ്മയുമായി ഒത്തുചേർന്നു; ആ വിചാരം മനസ്സിൽനിന്നു വേർപെടുത്താനാവാതെ, സ്വയം നശിപ്പിച്ചു കളഞ്ഞ നിഷ്ക്കളങ്കവും കളിവാക്കുകൾക്കു ഗൗരവം പകരുന്നതുമായ സ്നേഹബന്ധങ്ങൾ സത്യത്തോടു തൊട്ടുരുമ്മി നിൽക്കുന്നതായി ഇന്നിപ്പോൾ സ്വാനിനു ബോദ്ധ്യപ്പെട്ടു. അദ്ദേഹം നേരേ ഓദത്തിനെ വീട്ടിൽ ചെന്നു കണ്ടു. അവളിൽനിന്നു ചെറിയൊരു അകലം പാലിച്ച്, അവർക്കിടയിലെ പ്രണയം സ്വയം എരിഞ്ഞു തീരുന്നതും നോക്കി കുറച്ചു നേരം അദ്ദേഹം നിശ്ശബ്ദനായിരുന്നു. പൊടുന്നനെ മനസ്സുറപ്പിച്ച് അദ്ദേഹം പറയാൻ തുടങ്ങി:

"ഓദത്ത്, എന്റെ ഓമനേ...", അദ്ദേഹം ആരംഭിച്ചു. "ഞാൻ വെറുമൊരു നികൃഷ്ടജീവിയായിരിയ്ക്കാം, പക്ഷേ, എനിയ്ക്കു ചില ചോദ്യങ്ങൾ ചോദിച്ചേ തീരൂ. നിന്നേയും മാഡം വെർഡുരിനേയുംകുറിച്ച് ഞാനൊരിയ്ക്കൽ പറഞ്ഞതു നീയോർക്കുന്നില്ലേ? പറയൂ, അതു സത്യമാണോ? അവരുമായോ അതല്ല വേറേ ആരെങ്കിലുമായോ എന്നെങ്കിലും നീയതു ചെയ്തിട്ടുണ്ടോ...?".

ചുണ്ടുകൾ ചേർത്തുപിടിച്ച് അവൾ തലയാട്ടി. 'വഴിയിലൂടെ ജാഥ

കടന്നു പോകുന്നതു കാണാൻ വരുന്നില്ലേ'യെന്നോ 'നാടകത്തിന്റെ ആദ്യപ്രദർശനത്തിനു വരുന്നില്ലേ'യെന്നോ ചോദിയ്ക്കുമ്പോൾ അതിൽ പങ്കെടുക്കുന്നതു മുഷിപ്പനായി തോന്നി പൊതുവേ ജനങ്ങൾ നിഷേധാർത്ഥത്തിൽ സ്വീകരിയ്ക്കുന്ന ഒരാംഗ്യഭാഷ മാത്രമായിരുന്നു, ആ പ്രതികരണം. പക്ഷേ, നാളെ നടക്കാനുള്ള ചടങ്ങിൽ പങ്കെടുക്കുന്നതു നിഷേധിയ്ക്കാൻ പ്രകടിപ്പിയ്ക്കുന്ന അതേ ശിര:കമ്പനം, ഇന്നലെ നടന്ന ചടങ്ങിൽ പങ്കെടുത്തില്ലെന്ന നിഷേധത്തിന്റെ അനിശ്ചിതത്വം ഒരംശംകൂടി അവശേഷിപ്പിയ്ക്കുന്നുണ്ട്; ഖണ്ഡിതമായ നിരാകരണത്തിനും ധാർമ്മികമായ അസംഭവ്യതയ്ക്കും പകരം വ്യക്തിപരമായ സൗകര്യങ്ങളുടെ കാരണങ്ങളാണതു മുന്നോട്ടു വെയ്ക്കുന്നത്. ആ ദുസ്സൂചന തെറ്റാണെന്ന അർത്ഥത്തിൽ ഓദത്ത് ആംഗ്യം കാണിച്ചപ്പോൾ, സംഭവം സത്യമാകാനിടയുണ്ടെന്നുതന്നെ അദ്ദേഹം മനസ്സിലാക്കി.

"ഞാൻ താങ്കളോടു പറഞ്ഞു കഴിഞ്ഞു, ഞാനതൊരിയ്ക്കലും ചെയ്തിട്ടില്ല. താങ്കൾക്കു നന്നായറിയാം!", ദേഷ്യവും അസ്വസ്ഥതയും പ്രകടിപ്പിച്ച് അവൾ കൂട്ടിച്ചേർത്തു.

"അതെ, എനിയ്ക്കറിയാം. എങ്കിലും നിനക്കതിൽ നല്ല ഉറപ്പുണ്ടോ? 'താങ്കൾക്കു നന്നായറിയാ'മെന്നു പറഞ്ഞതുകൊണ്ടായില്ല. 'ഞാനങ്ങനെ യാതൊന്നും ഒരാളോടും ഒരിയ്ക്കലും ചെയ്തിട്ടില്ലെ'ന്നു വ്യക്തമായി പറയണം".

ഉരുവിട്ടു പഠിച്ച വാക്കുകൾ അതേപടി ആവർത്തിച്ച് അദ്ദേഹത്തെ ഒഴിവാക്കാമെന്നു വ്യാമോഹിച്ച് അവൾ പറഞ്ഞു, "ഞാനങ്ങനെ യാതൊന്നും ഒരാളോടും ഒരിയ്ക്കലും ചെയ്തിട്ടില്ല!".

"നീ കഴുത്തിൽ ധരിച്ചിരിയ്ക്കുന്ന ലാഗെറ്റോ മുദ്രയുടെപേരിൽ, പറഞ്ഞതു സത്യമാണെന്നു നിനക്കെന്നോട് ആണയിടാൻ കഴിയുമോ?"

ഓദത്ത് ലാഗെറ്റോയുടെപേരിൽ കപടപ്രതിജ്ഞയെടുക്കില്ലെന്ന നല്ല ബോദ്ധ്യം സ്വാനിനുണ്ടായിരുന്നു.

"അതെ, താങ്കളെന്നെ കുഴപ്പത്തിൽ കൊണ്ടുചെന്നു ചാടിയ്ക്കുകയാണോ?", ചോദ്യത്തിന്റെ ബന്ധനത്തിൽനിന്നു സ്വതന്ത്രയാവാൻ സട

കുടയുന്നതുപോലെ ശരീരം കുലുക്കി അവളുറക്കെ ചോദിച്ചു: 'താങ്കൾക്കിന്ന് എന്തുപറ്റി? ബോധം നഷ്ടപ്പെട്ടതുപോലെ! എന്നെ വെറുക്കാനും ശപിയ്ക്കാനും താങ്കൾ തീരുമാനിച്ചുറച്ചു വന്നതുപോലെ തോന്നുന്നു! നോക്കൂ, താങ്കളുമായി വീണ്ടും ചങ്ങാത്തത്തിലാവാൻ ആകാംക്ഷയോടെ കാത്തിരിയ്ക്കുകയായിരുന്നു, ഞാൻ. പണ്ടു നമ്മളൊന്നിച്ചു കഴിഞ്ഞ രസകരമായ ദിവസങ്ങൾക്കായി, എന്നിട്ട് ഇതാണെനിയ്ക്കു ലഭിച്ച സമ്മാനം..!".

അദ്ദേഹമവളെ പോകാൻ അനുവദിച്ചില്ല. ശസ്ത്രക്രിയയ്ക്കു തടസ്സം സൃഷ്ടിച്ച നാഡീക്ഷോഭത്തിന്റെ തീവ്രത കുറയാൻ കാത്തിരിയ്ക്കുന്ന ഡോക്ടറെപ്പോലെ, അദ്ദേഹമവളെ സശ്രദ്ധം നിരീക്ഷിച്ചു.

"എനിയ്ക്കു നിന്നോടെന്തെങ്കിലും രസക്കേടുണ്ടെന്നു കരുതുന്നുണ്ടെങ്കിൽ ഓദത്ത്, തീർത്തും തെറ്റാണത്!", അദ്ദേഹം അനുനയവും കൗശലവും കലർന്ന സൗമ്യതയോടെ തുടങ്ങി. "എനിയ്ക്കു നല്ല ഉറപ്പുള്ള കാര്യങ്ങളല്ലാതെ മറ്റൊന്നും ഞാൻ നിന്നോടു പറയാറില്ല. മാത്രമല്ല, പറയുന്നതിനേക്കാൾ കുറച്ചു കൂടുതൽ എനിയ്ക്കെപ്പോഴും അറിയാമായിരിയ്ക്കുകയും ചെയ്യും. എനിയ്ക്കു നിന്നോടു വെറുപ്പു തോന്നാനുണ്ടായ കാര്യങ്ങൾ മറ്റുള്ളവർ പറഞ്ഞു ഞാനറിയുന്നിടത്തോളം കാലം, സ്വയം കുമ്പസാരിയ്ക്കുകവഴി നിനക്കൊരാൾക്കുമാത്രമേ എന്നെ ശാന്തനാക്കാനാവൂ. എനിയ്ക്കു നിന്നോടുള്ള ദേഷ്യം നിന്റെ പ്രവൃത്തികൾമൂലം സംഭവിച്ചതല്ല. നിന്നെ ഉള്ളറിഞ്ഞു സ്നേഹിയ്ക്കുന്നതുകൊണ്ടു നിന്റെ സകല തെറ്റുകൾക്കും മാപ്പു നൽകാൻ എനിയ്ക്കു കഴിയും. പക്ഷേ, നിന്റെ ഈ നെറികേട്, എനിയ്ക്കു സത്യമാണെന്നു ബോദ്ധ്യമുള്ള കാര്യങ്ങൾ വീണ്ടും വീണ്ടും നിഷേധിയ്ക്കുന്ന പരിഹാസ്യമായ ഈ നെറികേട്, എനിയ്ക്കു തീരെ പൊറുക്കാനാവില്ല. തെറ്റാണെന്നു നല്ല ബോദ്ധ്യമുള്ള കാര്യങ്ങൾ നീ ആണയിട്ടു പറഞ്ഞു വീണ്ടും വീണ്ടും ആവർത്തിയ്ക്കുമ്പോൾ, എനിയ്ക്കെങ്ങനെ നിന്നോടുള്ള സ്നേഹം തുടർന്നു കൊണ്ടുപോകാൻ കഴിയും? ഓദത്ത്, നമ്മെ രണ്ടുപേരേയും ഒരുപോ

ലെ വേദനിപ്പിച്ചുകൊണ്ടിരിയ്ക്കുന്ന ഈ നിമിഷം ഇനിയും നീട്ടിക്കൊണ്ടുപോകാൻ അനുവദിയ്ക്കരുത്. ഇതെത്രയും വേഗം അവസാനിപ്പിച്ചാൽ, നിനക്കതിൽനിന്ന് എന്നെന്നേയ്ക്കുമായി സ്വതന്ത്രയാകാൻ കഴിയും. പറയൂ, നിന്റെ ആ മുദ്രയുടെ പേരിൽ ആണയിട്ടു പറയൂ, ശരിയോ തെറ്റോ എന്തുമാകട്ടെ, അത്തരം കാര്യങ്ങൾ നീയെന്നെങ്കിലും ചെയ്തിട്ടുണ്ടോ?"

"എനിയ്ക്കതെങ്ങനെ ഉറപ്പിച്ചു പറയാൻ കഴിയും?", അവൾക്കു സത്യത്തിൽ ദേഷ്യം വന്നുകഴിഞ്ഞിരുന്നു. "ഒരുപക്ഷേ, എന്താണു ചെയ്യുന്നതെന്നറിയാൻ കഴിയാതിരുന്ന കാലത്ത്. വളരെക്കാലം മുമ്പ്, ഒരുപക്ഷേ, രണ്ടോ മൂന്നോ തവണ മാത്രം..!".

സ്വാൻ എന്തും നേരിടാൻ തയാറായാണു വന്നത്. മൂർച്ചയേറിയ കത്തി ശരീരത്തിലേൽപ്പിയ്ക്കുന്ന മുറിവിനു പക്ഷേ, ആകാശത്തു സാവകാശം തെന്നി നീങ്ങുന്ന മേഘങ്ങൾക്കൊരു ബന്ധമില്ലാത്തതുപോലെ, സാദ്ധ്യതകൾക്കു സത്യവുമായി ഒരു ബന്ധവുമുണ്ടാവാനിടയില്ല. 'രണ്ടോ മൂന്നോ തവണ'യെന്ന വാക്കുകൾ സ്വാനിന്റെ ജീവൻ തുടിയ്ക്കുന്ന ഹൃദയകോശങ്ങളിൽ കുരിശടയാളം കൊത്തിവെച്ചതുപോലെ ആഴത്തിൽ പതിഞ്ഞു. പക്ഷേ, സാധാരണ വാക്കുകളേക്കാൾ യാതൊരു സാംഗത്യവും കൂടുതൽ അവകാശപ്പെടാനില്ലാതെ അശരീരിപോലെ ഉച്ചരിയ്ക്കപ്പെട്ട 'രണ്ടോ മൂന്നോ തവണ'യെന്ന ആ വാക്കുകൾക്ക്, സ്വമേധയാ വലിച്ചു കുടിച്ച വിഷംപോലെ ഹൃദയത്തിലേയ്ക്കു തുളച്ചു കയറുന്നവിധം ആരേയും പരവശനും വ്രണിതചിത്തനുമാക്കാൻ കഴിയുമെന്നതാണു വിചിത്രമായ വസ്തുത! പെട്ടെന്നു മാഡം സാങ്യൂവെർട്ടിന്റെ വിരുന്നിൽ കേട്ട ഒരഭിപ്രായം അദ്ദേഹം ഓർത്തു: 'ഇതിനെ മറികടക്കുന്ന ഒരൊറ്റ വിഷയമേയുള്ളൂ, 'പ്രണയവിപര്യയം'! ആ നിമിഷം അദ്ദേഹമനുഭവിച്ച വേദന പറഞ്ഞറിയിയ്ക്കാൻ വയ്യാത്തവിധം അപ്രതീക്ഷിതവും അതിതീവ്രവുമായിരുന്നു. അവളെ അവിശ്വസിച്ചിരുന്ന കാലത്തുപോലും ദുർവാസനകളുടെ അത്തരമൊരു പര്യവസാനം അദ്ദേഹം സങ്കൽപ്പിച്ചിരുന്നില്ല. മാത്രമല്ല, അങ്ങനെയൊ

രു പാപത്തെക്കുറിച്ച് മന:പൂർവം ചിന്തിച്ചാൽപ്പോലും, ആദ്യമായി അനുഭവപ്പെടുന്ന പുതിയൊരു മനോവ്യാധിപോലെ, തനിയ്ക്കറിയാവു ന്നവയിൽനിന്നു വ്യത്യസ്തവും അസാധാരണവുമായ ക്രൂരതയുടെ ആ ഘാതത്തിൽ 'ഒരുപക്ഷേ രണ്ടോ മൂന്നോ തവണ'യെന്ന വാക്കുകളി ൽ ഊറിക്കൂടിയ ഭയം അദ്ദേഹത്തെ കടന്നാക്രമിച്ചു. എന്നിട്ടും, ഈ ദുഷ്ടത മുഴുവൻ ഉയർന്നുവന്ന ഓദത്തിനോടുള്ള അദ്ദേഹത്തിന്റെ പ്രീ തിയ്ക്കു തീരെ കോട്ടം സംഭവിച്ചില്ല. മറിച്ച്, വർദ്ധിച്ചു വരുന്ന വേദനയ്ക്ക് ആനുപാതികമായി മരുന്നിന്റെ വില കുതിച്ചുയർന്ന് അവളോടുള്ള അദ്ദേഹത്തിന്റെ മനോഭാവം ആർദ്രവും സൗമ്യവുമായി മാറി. കണ്ടു പിടിയ്ക്കപ്പെട്ട അസുഖം പെട്ടെന്നു വളർന്നു ഗുരുതരമായിത്തീരുമ്പോ ൾ സാധാരണ ചെയ്യാറുള്ളതുപോലെ അവളുടെ നേർക്കു പതിവിലേ റെ ശുഷ്ക്കാന്തി കാണിയ്ക്കാൻ അദ്ദേഹം ബദ്ധപ്പെട്ടു. 'രണ്ടോ മൂന്നോ തവണ'മാത്രം ചെയ്തതായി അവൾതന്നെ തുറന്നു സമ്മതിച്ച ആ ഭീ കരകൃത്യം വീണ്ടുമാവർത്തിയ്ക്കുന്നതിൽനിന്നു പിന്തിരിപ്പിയ്ക്കാൻ അവ ളെ അടുത്തു ചെന്നു സ്വയം നിരീക്ഷിച്ചേ മതിയാകൂ. ഭാര്യയുടെ തെറ്റു കുറ്റങ്ങൾ ഭർത്താവിനെ പറഞ്ഞു ധരിപ്പിയ്ക്കാൻ ശ്രമിയ്ക്കുന്ന സുഹൃത്തി നെ ആരും ഒരിയ്ക്കലും വിശ്വസിയ്ക്കാൻ സാദ്ധ്യതയില്ലാത്തതുകൊണ്ട്, അയാൾക്കു ഭാര്യയോടുള്ള അടുപ്പം വർദ്ധിയ്ക്കുക മാത്രമേ ചെയ്യൂ! മറി ച്ച്, സ്വന്തം ഭാര്യയേക്കാൾ അയാൾക്കു സുഹൃത്തിനെയാണു വിശ്വാ സമെങ്കിൽ എന്തായിരിയ്ക്കും സ്ഥിതി, സ്വാൻ ചോദിച്ചു: അയാളെങ്ങ നെ അവളെ സംരക്ഷിയ്ക്കും? ഒരുപക്ഷേ ദൂഷിതയായ ഒരുവളിൽനിന്ന് അയാൾക്കവളെ പിന്തിരിപ്പിയ്ക്കാൻ കഴിഞ്ഞേക്കാം; പക്ഷേ അതു പോലെ നൂറുകണക്കിനു ദൂഷിതകൾ വേറേയും കണ്ടേക്കാം. എപ്പോ ൾ വേണമെങ്കിലും സാധിയ്ക്കാമെന്നമട്ടിൽ അവളുടെമേൽ പൂർണാധി കാരം സ്ഥാപിയ്ക്കാൻ ശ്രമിച്ചപ്പോൾ (വെർഡുരിൻകുടുംബത്തിൽ ഓ ദത്തിനെ കാണാൻ കഴിയാതിരുന്ന അന്നത്തെ ആ വൈകുന്നേരം) അനുഭവിച്ച ഭ്രാന്തമായ ആവേശത്തിന്റെ രൂക്ഷത അദ്ദേഹത്തിനി

പ്പോൾ കൂടുതൽ ബോദ്ധ്യമായി. ആക്രമിച്ചു കീഴടക്കാൻ ആയുധങ്ങളു മായി കുതിച്ചുവരുന്ന കിരാതരെപ്പോലെ ആത്മാവിലേയ്ക്കിറങ്ങി വന്ന ആ പീഡനങ്ങൾക്കു കീഴെ, പഴക്കവും പക്വതയും വന്ന പ്രശാന്ത യൊരു അടിത്തറ അദ്ദേഹത്തിന്റെ മനസ്സിലൊരു സാന്ത്വനമായി നിലനിന്നിരുന്നു. ആക്രമണത്തിൽ പരിക്കു പറ്റിയ അവയവത്തിന്റെ കേടുപാടു വന്ന ഭാഗങ്ങൾ നന്നാക്കാനോ അല്ലെങ്കിൽ മരവിച്ചുപോയ പേശികൾ ചലനക്ഷമമാക്കാനോ പരിശ്രമിയ്ക്കുന്ന നിശ്ശബ്ദകോശങ്ങ ളെപ്പോലെ അവ പ്രവർത്തിച്ചുപോന്നു. ആത്മാവിൽ കാലങ്ങളായി നിശ്ശബ്ദം പാർത്തിരുന്ന ആ ആദിവാസികൾ കേടുപാടു തീർക്കലി ന്റെ ശ്രമകരമായ പ്രയത്നത്തിനുവേണ്ടി കുറച്ചുനേരത്തേയ്ക്കു ശാരീരി കശക്തി മുഴുവൻ വലിച്ചെടുത്തപ്പോൾ അസുഖം മാറിയ കാലത്തോ ശസ്ത്രക്രിയയ്ക്കുശേഷമോ തോന്നാറുള്ള ക്ഷണികമായൊരു സുഖാനുഭൂ തി അദ്ദേഹത്തിനനുഭവപ്പെട്ടു. തളർച്ചയെത്തുടർന്നു പിരിമുറുക്കം കു റയുന്ന ആ സുഖം സാധാരണ ബുദ്ധിയിലാണു ചലനം സൃഷ്ടിയ്ക്കാറു ള്ളതെങ്കിൽ ഇത്തവണ സ്വാനിന്റെ ഹൃദയത്തിലായിരുന്നു, പ്രതിഫ ലിച്ചത്. പക്ഷേ, ചാവാൻ പോകുന്ന മൃഗം അവസാനത്തെ പിടച്ചി ലിൽ ഒരിയ്ക്കൽക്കൂടി കുതറാൻ ശ്രമിയ്ക്കുന്നതുപോലെ, അതുവരെ തുടർ ന്നതെല്ലാം ആവർത്തിയ്ക്കാനുള്ള സാദ്ധ്യതപോലെ, സ്വാനിന്റെ ഹൃദ യത്തിൽ പ്രത്യക്ഷമായി നിലച്ചുകഴിഞ്ഞ പീഡാനുഭവങ്ങളുടെ കുരി ശടയാളം ഒരിയ്ക്കൽക്കൂടി നിമിഷനേരത്തേയ്ക്കു തിരിച്ചുവന്നു. പ്രണയാ സക്തരുടെ വികാരങ്ങളിൽ വിളയുന്ന വിഷഫലങ്ങളെക്കുറിച്ചു ചിന്തി യ്ക്കാതെ, അന്നു നിലാവു നിറഞ്ഞ രാവിൽ റൂ ലാ പെറൗസിലേയ്ക്കുള്ള ഒറ്റക്കുതിരവണ്ടിയിൽ ചാരിക്കിടന്നു വിഷയാസക്തികൾക്കു വേഗം പകർന്നു സ്വയം നടത്തിയ യാത്രകളെക്കുറിച്ച് അദ്ദേഹമോർത്തു. സ്വന്തം കൈപ്പടം ഹൃദയത്തോടു ചേർത്തു വേദന ലഘൂകരിയ്ക്കാനും ദീർഘശ്വാസം വിടാനുംവേണ്ട ഒരു നിമിഷത്തിലേറെ പക്ഷേ ആ ചിന്തകൾ നീണ്ടുനിന്നില്ല. അപ്പോഴേയ്ക്കും അടുത്ത ചോദ്യം മനസ്സിൽ നാമ്പു നീട്ടിക്കഴിഞ്ഞു. അതുവരെ നടന്ന പീഡനങ്ങൾക്കൊന്നും തീ

വ്രത പോരെന്ന ഭാവത്തിൽ, കൊടിയ ശത്രുക്കൾക്കുപോലും സൃഷ്ടിയ്ക്കാനാവാത്ത ബഹുവിധങ്ങളായ ദുർഘടങ്ങൾ നിരത്തിക്കഴിഞ്ഞ അസൂയ, ഭീകരമായൊരു ക്രൂരതയ്ക്കുതന്നെ അദ്ദേഹത്തെ ബലാൽക്കാരേണ വിധേയനാക്കി. മാരകമായ ആ പ്രഹരമേറ്റ് അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഒളിഞ്ഞുകിടന്ന അഗാധമായൊരു വ്രണം തൽക്ഷണം പുറത്തേയ്ക്കു പൊട്ടിപ്പുറപ്പെട്ടു. ദുർദ്ദേവതയെപ്പോലെ മനസ്സിനെ ആവേശിച്ച ആ അസൂയ സർവനാശത്തിന്റെ അഗാധഗർത്തത്തിലേയ്ക്കുതന്നെ സ്വാനിനെ തള്ളിയിട്ടു. ആദ്യത്തെ തവണ ലഭിച്ച ശിക്ഷയ്ക്കു തീക്ഷ്ണത കുറഞ്ഞു പോയതു സത്യത്തിൽ അദ്ദേഹത്തിന്റെ തെറ്റായിരുന്നില്ല, മറിച്ച്, ഓദത്തിന്റെ അനാസ്ഥയായിരുന്നു!

"എന്റെ ഓമനേ", അദ്ദേഹം വീണ്ടും തുടങ്ങി, "കഴിഞ്ഞതെല്ലാം നമുക്കു മറക്കാം. പക്ഷേ, ഒരേയൊരു കാര്യം മാത്രം പറയൂ, അയാൾ എന്റെ പരിചയത്തിലുള്ള ആരെങ്കിലുമായിരുന്നോ?"

"അല്ല, ഞാൻ ആണയിട്ടു പറയുന്നു, അങ്ങനെ ആരുമായിരുന്നില്ല! മാത്രമല്ല, ആവശ്യമില്ലാതെ കുറച്ചു കൂട്ടിപ്പറഞ്ഞതായിരിയ്ക്കാം, സത്യത്തിൽ അത്രയ്ക്കൊന്നും ഞാൻ മുന്നോട്ടു പോയിട്ടില്ല!".

അദ്ദേഹം ചെറിയൊരു പുഞ്ചിരിയോടെ തുടർന്നു: "നിന്റെ ഇഷ്ടം പോലെ! ഞാനതത്ര കാര്യമാക്കുന്നില്ല, പക്ഷേ, ഇനിയുമൊരു പേരു പറയാത്തതു നിർഭാഗ്യകരമായിപ്പോയി! ഏതാണ്ടൊരു ധാരണ ലഭിച്ചിരുന്നെങ്കിൽ എനിയ്ക്കത്തരം വേവലാതികളിൽനിന്നു സ്വയം പിന്മാറാമായിരുന്നു. പിന്നീടൊരിയ്ക്കലും നിന്നെ ശല്യപ്പെടുത്തേണ്ടി വരില്ല. അതുകൊണ്ട്, നിന്റെ നന്മയെക്കൂടി കരുതി ഞാൻ പറയട്ടെ, സംഭവങ്ങളുടെ കൃത്യമായൊരു ചിത്രം വരയ്ക്കുന്നതു പലപ്പോഴും വളരെ ആശ്വാസകരമായിരിയ്ക്കും. യാതൊന്നും സങ്കൽപ്പിയ്ക്കാനാവാത്ത സ്ഥിതിവിശേഷമാണു സത്യത്തിൽ ഭീകരമായ ഈയൊരു ദുരവസ്ഥ! നീയെന്നോടു നന്നായി പെരുമാറുന്നു, അനാവശ്യമായി നിന്നെ കഷ്ടപ്പെടുത്താനും എനിയ്ക്കാഗ്രഹമില്ല. നീയെനിയ്ക്കു ചെയ്തു തന്ന സകല

തിനും നിന്നോട്ട ഞാൻ ഹൃദയപൂർവം നന്ദി പറയുന്നു. അതെ, ഞാനവസാനിപ്പിച്ചുകഴിഞ്ഞു. ഒരൊറ്റവാക്ക്, ചുരുങ്ങിയതെത്ര തവണ നീയതു ചെയ്തിരിയ്ക്കും?"

"ചാൾസ്...! താങ്കൾക്കിതെന്തു പറ്റി? താങ്കളെന്നെ കൊല്ലാൻ ശ്രമിയ്ക്കുകയാണോ? വളരെക്കാലം മുമ്പായിരുന്നു.., ഞാനതിനെക്കുറിച്ചു പിന്നീടൊരിയ്ക്കലും ചിന്തിച്ചിട്ടില്ല. താങ്കളന്നത്തെ കാര്യങ്ങളൊക്കെ ചികഞ്ഞെടുത്തു വീണ്ടുമെന്റെ തലയിൽ തിരുകിക്കയറ്റാൻ ശ്രമിയ്ക്കുകയാണോ? എല്ലാം കേട്ടു കഴിഞ്ഞാൽ താങ്കൾക്കെന്തോ സ്വർഗം തുറന്ന സുഖം..!", വെളിവില്ലാത്ത വിഡ്ഢിത്തമാണെങ്കിലും മന:പൂർവമായ വിദ്വേഷത്തോടെ അവൾ നിർത്തി.

"നമ്മൾ തമ്മിൽ പരിചയപ്പെട്ടതിനുശേഷമാണു സംഭവം നടന്നതെന്നു കേൾക്കാനുള്ള എന്റെ ആഗ്രഹം സ്വാഭാവികം മാത്രമമല്ലേ? കൂടാതെ ഇവിടെവെച്ച് എന്നെങ്കിലുമതു നടന്നിട്ടുണ്ടോ? ആ സമയം ഞാനെവിടെയായിരുന്നെന്നും എന്തു ചെയ്യുകയായിരുന്നെന്നും ഓർത്തെടുക്കാവുന്നവിധം ആ സായാഹ്നം കൃത്യമായി നിനക്കു പറഞ്ഞു തരാനാവില്ലേ? ഓദത്ത്, എന്റെ പ്രിയപ്പെട്ടവളേ, അപ്പോളാരാണു കൂടെയുണ്ടായിരുന്നതെന്നു മന:പൂർവം മറന്നുപോകാൻതക്ക ഒരു സാദ്ധ്യതയും ഞാൻ കാണുന്നില്ല!".

"എനിയ്ക്കറിയില്ല..., സത്യമായും, എനിയ്ക്കറിയില്ല! ബോയ്സിലായിരിയ്ക്കാം ഒരുപക്ഷേ അതു നടന്നതെന്നു തോന്നുന്നു, താങ്കൾ ഞങ്ങളെ കാണാൻ വന്ന വൈകുന്നേരം... താങ്കളപ്പോൾ ഡെസ് ലോമസ് രാജകുമാരിയുടെ കൂടെയിരുന്നു ഭക്ഷണം കഴിയ്ക്കുകയായിരുന്നു..." സത്യത്തിനു സാക്ഷ്യമായി കൃത്യമായൊരു വിശദാംശം നൽകാൻ കഴിഞ്ഞതിൽ സന്തോഷത്തോടെ അവൾ കൂട്ടിച്ചേർത്തു, "കുറേക്കാലമായി നേരിട്ടു ബന്ധപ്പെടാത്ത ഒരുവൾ എന്റെ തൊട്ടടുത്തിരിയ്ക്കുന്നുണ്ടായിരുന്നു; അവരെന്നോടു പതുക്കെ പറഞ്ഞു, 'നമുക്കു പാറയുടെ പിറകിൽ പോയിരുന്നു നിലാവു വെള്ളത്തിൽ പതിയുന്നതു കണ്ടാസ്വദിയ്ക്കാം!'. ആദ്യമൊക്കെ ഞാൻ വെറുതേ കോട്ടുവായിട്ടു പറഞ്ഞു,

'വേണ്ട, വല്ലാത്ത ക്ഷീണം തോന്നുന്നു, എനിയ്ക്കിവിടെ ഇരിയ്ക്കുന്നതാണു സുഖം!'. നിലാവിന്റെ വഴിപോലെ നിർവൃതി പകരുന്ന മറ്റൊന്നുമില്ലെന്ന് അവരെന്നെ പ്രലോഭിപ്പിച്ചു. 'അങ്ങനെയൊരു കഥ ഞാൻ നേരത്തേ കേട്ടിട്ടുണ്ട്', ഞാനവർക്കു മറുപടി കൊടുത്തു. അവരെന്തിന്റെ പിറകെയാണു വരുന്നതെന്ന്, നോക്കൂ, ഞാൻ ആ നിമിഷം മനസ്സിലാക്കി!". ലജ്ജാകരമായി യാതൊന്നും സംഭവിച്ചിട്ടില്ലെന്നു ഭാവിച്ചു വളരെ സ്വാഭാവികമായി, ഒരു തമാശ പറയുന്നതുപോലെയാണ് ഓദത്ത് ആ സംഭവം വിവരിച്ചത്. പക്ഷേ, സ്വാനിന്റെ മുഖഭാവം കണ്ണിൽപ്പെട്ടപ്പോൾ അവൾ പെട്ടെന്നു സ്വരഭേദം വരുത്തി പറഞ്ഞു:

"ഒരു ചെകുത്താനാണു താങ്കൾ!..", അവളദ്ദേഹത്തിന്റെ മാറിലേയ്ക്കു ചാഞ്ഞു, "താങ്കളെന്നെക്കൊണ്ടു നുണ പറയിച്ചു രസിയ്ക്കുന്നു, എന്നെ ഉപേക്ഷിച്ചു പോകാനുള്ള മന:പൂർവമായ ലക്ഷ്യത്തോടെ!".

ആദ്യത്തേതിനേക്കാൾ മർമ്മഭേദകമായിരുന്നു, സ്വാനിനു ലഭിച്ച ഈ രണ്ടാമത്തെ പ്രഹരം! ഓദത്തിനെക്കുറിച്ചു യാതൊന്നുമറിയാത്ത പഴയൊരു കാലത്തല്ലാതെ, അവളോടൊത്ത് ആഹ്ലാദത്തോടെ കഴിഞ്ഞ, എളുപ്പത്തിൽ ഓർത്തെടുക്കാവുന്ന ഈയടുത്ത കാലത്ത്, സുദൃഢമായ ആത്മസംയമനത്തിന്റെ പേരിൽ അഭിമാനപൂരിതമായ കണ്ണുകൾക്കു തിരിച്ചറിയാനാകാത്തവിധം ചതിയും കൗശലവും ക്രൂരതയും നിറഞ്ഞാടിയ ഒരു സായാഹ്നത്തിലായിരിയ്ക്കാം സംഭവം നടന്നതെന്നു തിരിഞ്ഞുനോക്കുമ്പോൾ അദ്ദേഹത്തിനു വിശ്വസിയ്ക്കാനായില്ല. അവർക്കിടയിൽ പെട്ടെന്നു ബോയ്സ്ബൊളോണിലെ ഭൂമി രണ്ടായി പിളർന്ന് അഗാധമായൊരു ഗർത്തം രൂപപ്പെട്ടു വന്നു. ബുദ്ധിയുടെ ജാടകളില്ലാത്ത ഓദത്ത്, സ്വാഭാവികമായ ചാരുതയും ലാളിത്യവും സമന്വയിപ്പിച്ച് സ്വയം അഭിനയിച്ച ആ രംഗം ശ്വാസം വിടാനാവാതെ അവസാനംവരെ സ്വാൻ ശ്രദ്ധിച്ചു മനസ്സിലുൾക്കൊണ്ടു: 'അപ്പുറത്തു പാറയുടെ മറവിൽ ഓദത്ത് കോട്ടുവായിടുന്നു, കഷ്ടം! നിസ്സാരമായ അവളുടെ മറുപടിയും അദ്ദേഹത്തിനു കേൾക്കാം, അതെ,

'അങ്ങനെയൊരു കഥ ഞാൻ നേരത്തേ കേട്ടിട്ടുണ്ട്'!. ഇന്നിനി മറ്റൊന്നും അവൾ പറയാനിടയില്ലെന്നും കൂടുതൽ വിവരങ്ങൾ പ്രതീക്ഷിയ്ക്കേണ്ടതില്ലെന്നും അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടു. കുറച്ചുനേരം നിശ്ശബ്ദനായിരുന്നശേഷം അദ്ദേഹം അവളോടു പറഞ്ഞു:

"ഓമനേ..., നീ ക്ഷമിയ്ക്കണം. എനിയ്ക്കറിയാം, ഞാൻ നിന്നെ വല്ലാതെ പീഡിപ്പിയ്ക്കുന്നുണ്ട്. പക്ഷേ, ഇപ്പോൾ സകലതും വ്യക്തമായി. അതിനെക്കുറിച്ച് ഇനിയൊരിയ്ക്കലും എനിയ്ക്കു ചിന്തിയ്ക്കേണ്ടി വരില്ല!".

പക്ഷേ, കഴിഞ്ഞുപോയ പ്രണയകാലത്തിന്റെ ഏകതാനമായ ഓർമ്മകളിൽ മനസ്സിലാക്കാൻ കഴിയാതെ പോയ കാര്യങ്ങളിൽത്തന്നെ അദ്ദേഹത്തിന്റെ ശ്രദ്ധ അപ്പോഴും തങ്ങിനിൽക്കുന്നതായി അവൾ കണ്ടു. ഡെസ് ലോമസ് രാജകുമാരിയുടെ കൂടെയിരുന്നു ഭക്ഷണം കഴിച്ച നിലാവുള്ള രാത്രിയിൽ ബോയ്സ്ദ്വീപിൽവെച്ചു നടന്ന സംഭവത്തെക്കുറിച്ച് ഇന്നറിയാൻ കഴിഞ്ഞ വിവരം, വാൾത്തലയേറ്റു മുറിഞ്ഞ ഒരു വ്രണമായി സ്വാനിന്റെ മനസ്സിൽ നീറിപ്പുകഞ്ഞു. വിചിത്രമായ ചില ഗതിഭേദങ്ങളും വിസ്മയകരമായ അനുഭവങ്ങളും ചേർന്നുള്ള ഒരു ചിത്രപരമ്പരയായി ജീവിതത്തെ കാണുന്ന ശീലം ചെറുപ്പം മുതലേ വളർത്തിയെടുത്തിരുന്നതുകൊണ്ട്, തീവ്രമായ വേദന അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകാമെന്ന വിശ്വാസം നഷ്ടപ്പെട്ട് അദ്ദേഹം ആത്മഗതമായി പറഞ്ഞു: "ഈ ജീവിതം തീർച്ചയായും വിസ്മയകരംതന്നെ! എത്ര സൂക്ഷ്മമായ ആകസ്മികതകളാണു നിമിഷന്തോറും വെളിവായി വരുന്നത്. ദുഷ്ടചിന്ത വളരെ സാധാരണമായി മാറുന്നു. സദാചാരപരമായൊരു മേന്മയും അവകാശപ്പെടാതെ, ആരോഗ്യകരമായ അഭിരുചി പ്രകടിപ്പിക്കുന്നവിധം എനിയ്ക്കു പൂർണവിശ്വാസമുണ്ടായിരുന്ന ഒരു സ്ത്രീ, ഇവിടെയിതാ അതീവലാളിത്യത്തോടും സത്യസന്ധതയോടുംകൂടി പെരുമാറുന്നതായി കാണുന്നു. അസംഭവ്യമായൊരു ആരോപണത്തിന്റെ പേരിൽ ചോദ്യം ചെയ്യപ്പെട്ടപ്പോൾ അവൾ സ്വയം സമ്മതിച്ചു തന്ന നിസ്സാരമായ കാര്യങ്ങൾ ഒരിയ്ക്കലും സംശയിയ്ക്കാതിരുന്ന വിലപ്പെട്ട വിവരങ്ങൾ വെളിവാക്കി

ത്തരുന്നു!". പക്ഷേ, ഒറ്റതിരിഞ്ഞ ഈ നിരീക്ഷണങ്ങളിൽ ഒതുങ്ങി നിൽക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അവളിപ്പോൾ വെളിവാക്കിയ വിഷയത്തെക്കുറിച്ചു നിഷ്കൃഷ്ടമായ വിലയിരുത്തൽ നടത്തി, അവളതു പലതവണ ചെയ്തതിന്റെ തെളിവുകളും തുടർന്നു ചെയ്യാനുള്ള സാദ്ധ്യതകളും ഓരോന്നായി അദ്ദേഹം ചികഞ്ഞുനോക്കി. ഓദത്തിന്റെ വാക്കുകൾ സ്വാൻ ഓർത്തെടുത്തു: 'അവരെന്തിന്റെ പിറകെയാണു വരുന്നതെന്ന്, നോക്കൂ, ഞാൻ ആ നിമിഷം മനസ്സിലാക്കി', 'ഒരുപക്ഷേ രണ്ടോമൂന്നോ തവണ', 'അങ്ങനെയൊരു കഥ ഞാൻ നേരത്തേ കേട്ടിട്ടുണ്ട്!'. പക്ഷേ, തീർത്തും നിരായുധമായല്ല, ആ ഓർമ്മകൾ അദ്ദേഹത്തിന്റെ മനസ്സിൽ പ്രത്യക്ഷപ്പെട്ടത്. അവ കൈയിൽ കരുതിയ മൂർച്ചയേറിയ കത്തികൊണ്ട് അദ്ദേഹത്തെ ആഞ്ഞു കുത്തി. തെല്ലൊന്നനങ്ങിപ്പോയാൽ വേദന പൂർവാധികം വർദ്ധിയ്ക്കുമെന്നു ബോദ്ധ്യമുണ്ടായിട്ടും, തിരിഞ്ഞുകിടക്കാനുള്ള മോഹം അടക്കിനിർത്താൻ കഴിയാത്ത രോഗിയെപ്പോലെ, അദ്ദേഹം മന്ത്രിച്ചുകൊണ്ടിരുന്നു: 'എനിയ്ക്കിവിടെ ഇരിയ്ക്കുന്നതാണു കൂടുതൽ സുഖം', 'അങ്ങനെയൊരു കഥ ഞാൻ നേരത്തേ കേട്ടിട്ടുണ്ട്..! പക്ഷേ, അസഹനീയമായി വളർന്ന ആത്മവേദന അദ്ദേഹത്തിനു സ്വയം അവസാനിപ്പിയ്ക്കേണ്ടിവന്നു. ആ ദിവസംവരെ തികഞ്ഞ ലാഘവത്വത്തോടെ ചിരിച്ചുതള്ളിക്കളഞ്ഞ കാര്യങ്ങൾ പെട്ടെന്നു മാരകമായൊരു മാറാവ്യാധിയാകാൻ സാദ്ധ്യതയുണ്ടെന്നു കണ്ടപ്പോൾ അദ്ദേഹമാകെ അമ്പരന്നു. ഓദത്തിന്റെ മേലൊരു കണ്ണുവേണമെന്നു നിർദ്ദേശിയ്ക്കാൻ തക്ക സ്വാതന്ത്ര്യമുള്ള എത്ര വനിതകൾ വേണമെങ്കിലും അദ്ദേഹത്തിന്റെ പരിചയത്തിലുണ്ടായിരുന്നു. പുതിയ കാഴ്ചപ്പാടിനനുസൃതമായി സ്വയം മാറാനും കാലങ്ങളായി സ്വീകരിച്ചു പോന്ന വിഷയാസക്തജീവിതത്തിൽ ബന്ധനസ്ഥരാകാതിരിയ്ക്കാനും അവർക്കു കെൽപ്പുണ്ടെന്നു പക്ഷേ നമുക്കെങ്ങനെ പ്രതീക്ഷിയ്ക്കാൻ കഴിയും? 'മറ്റുള്ളവരുടെ സന്തോഷം തട്ടിയെടുക്കാൻ ശ്രമിയ്ക്കുന്ന അസൂയ പൂണ്ട ദുഷ്ടമൃഗ'മെന്നു പക്ഷേ

അവരദ്ദേഹത്തെ എങ്ങനെ വിശേഷിപ്പിയ്ക്കാതിരിയ്ക്കും? സുഖാനുഭൂതി യല്ലാതെ മറ്റൊന്നും ചിന്തിയ്ക്കാതെ ഓദത്തിനോടുള്ള പ്രണയം മന സ്സിലേറ്റി നടന്ന പഴയ കാലത്തിൽനിന്നു രക്ഷപ്പെടാൻ കഴിയുമെ ന്നൊരു പ്രതീക്ഷയില്ലാത്ത ഈ നരകവൃത്തത്തിലേയ്ക്ക്, പെട്ടെന്നുയർ ന്നുവന്ന ഏതു മായാജാലകത്തിലൂടെയാണു താൻ കടന്നുവന്നതെന്നു സ്വാൻ വിസ്മയിച്ചു. പാവം ഓദത്ത്, അവൾക്കൊരു ദ്രോഹവും അദ്ദേ ഹം ആഗ്രഹിച്ചില്ല; അവളൊരു ചെറിയ കുറ്റമേ ചെയ്തിട്ടുള്ളൂ; പെറ്റമ്മ തന്നെ പിഞ്ചുകുഞ്ഞായിരുന്ന അവളെ നൈസിൽവെച്ചു സമ്പന്നനാ യൊരു ഇംഗ്ലീഷുകാരനു വിറ്റതാണെന്നു പറഞ്ഞുകേൾക്കുന്നുണ്ട്. ആ ൽഫ്രഡ് വിഗ്നിയുടെ 'ജേർണൽ ഡിൻ പോയെറ്റെ'യിലെ വരികളി ൽ നിർവികാരതയോടെ പണ്ടു ശ്രദ്ധിയ്ക്കാതെ പോയ എത്ര യാതനാ നിർഭരമായ സത്യമാണ് ഇന്നിപ്പോൾ താനേ വെളിവായി വന്നിരി യ്ക്കുന്നത്: “ഒരു സ്ത്രീയുടെപേരിൽ പ്രണയപീഡയിലകപ്പെടുമ്പോൾ ആ രായാലും സ്വയം ചോദിയ്ക്കണം, 'എന്തായിരുന്നു അവളുടെ സാഹച ര്യങ്ങൾ? എങ്ങനെയായിരുന്നു അവളുടെ ജീവിതം?' അവരുടെ ഭാവി യും സന്തോഷവും ആ ഉത്തരത്തിലാണുൾക്കൊള്ളുന്നത്!“. ‘അവർ എന്തിന്റെ പിറകെയാണു വരുന്നതെന്ന്, നോക്കൂ, ഞാൻ ആ നിമി ഷം മനസ്സിലാക്കി!“, അല്ലെങ്കിൽ 'അങ്ങനെയൊരു കഥ ഞാൻ നേര ത്തേ കേട്ടിട്ടുണ്ട്‘, തുടങ്ങിയ ലളിതമായ പദപ്രയോഗങ്ങൾക്കു ത ന്നെ ഇത്രയേറെ വേദനിപ്പിയ്ക്കാൻ കഴിഞ്ഞതിൽ സ്വാനിനു സ്വയം ആശ്ചര്യം തോന്നി. പക്ഷേ ഓദത്ത് സ്വന്തം കഥ വിവരിയ്ക്കുമ്പോൾ, ലളിതമായ പദപ്രയോഗങ്ങളെന്നു തെറ്റിദ്ധരിച്ചിരുന്നവ പലതും സ ത്യത്തിൽ അദ്ദേഹം അനുഭവിയ്ക്കുന്ന ഉദ്വേഗത്തിനു തീവ്രത വർദ്ധിപ്പി യ്ക്കുകയാണു ചെയ്തത്; അതേ ഉദ്വേഗമാണു പുതിയതായി അദ്ദേഹം അനുഭവിയ്ക്കുന്നതും. പക്ഷേ ആ അറിവുകൊണ്ടു പ്രത്യേകിച്ചൊരു ഗു ണവുമില്ല. ആരോപിയ്ക്കപ്പെട്ട കുറ്റം ഭാഗികമായി മറക്കുകയും പരിപൂർ ണമായി പൊറുക്കുകയും ചെയ്യുന്നതുകൊണ്ട്, തീർച്ചയായും, കാലമേ റെ കഴിഞ്ഞാലും പ്രത്യേകിച്ചൊരു ഗുണം ലഭിയ്ക്കാനില്ല. വിവരമില്ലെ

ങ്കിലും വിശ്വസ്തത ഭാവിച്ച് അവൾ സംസാരിയ്ക്കാൻ തുടങ്ങുന്നതിനു മുമ്പുണ്ടായിരുന്ന അതേ ഉദ്വേഗം, ഓരോ വാക്കും ആവർത്തിയ്ക്കുമ്പോൾ തന്നെ കടന്നാവേശിയ്ക്കുന്നതായി സ്വാനിനു തോന്നി. അവളുടെ കുറ്റസമ്മതം അദ്ദേഹത്തിന്റെ ഹൃദയത്തിലൊരു വ്രണമായി മാറി. നിർദ്ദയമായ അസൂയ വീണ്ടും അദ്ദേഹത്തെ സത്യം നിഷേധിയ്ക്കപ്പെട്ട അവസ്ഥയിലേയ്ക്കു തള്ളിയിട്ടു. ഈയൊരു പഴങ്കഥ, വളരെക്കാലത്തിനു ശേഷവും പെട്ടെന്നുണ്ടായ വെളിപാടുപോലെ മനസ്സിൽ ഉയർന്നുവരുമ്പോൾ ഓർമ്മയുടെ അപ്രതിരോദ്ധ്യമായ സർഗാത്മകശക്തിയിൽ അദ്ദേഹം അത്ഭുതപ്പെട്ടു. പ്രായാധിക്യത്തിൽ കുറയുന്ന സർഗശേഷിപോലെ, പുനരുത്പാദനശക്തിയുടെ അപചയത്തിൽ മാത്രമേ പീഡാനുഭവങ്ങൾക്കൊരു ശമനം പ്രതീക്ഷിയ്ക്കാവൂ. ഓദത്ത് പറഞ്ഞ ഒരു വാചകത്തിന്റെ പീഡനപ്രഭാവം മിക്കവാറും അസ്തമിച്ചതായി തോന്നുന്ന നിമിഷം, അതുവരെ ശ്രദ്ധ ലഭിയ്ക്കാതെ തക്കം പാർത്തിരുന്ന താരതമ്യേന പുതിയൊരു വാചകം ആദ്യത്തേതിനു മോക്ഷം നൽകി തൽസ്ഥാനം കൈയടക്കി ഒട്ടും കുറയാത്ത വീര്യത്തോടെ അദ്ദേഹത്തിന്റെ മനസ്സിൽ ആഞ്ഞടിയ്ക്കും. ഡെസ് ലോമസ് രാജകുമാരിയുടെ കൂടെയിരുന്നു ഭക്ഷണം കഴിച്ച സായാഹ്നത്തിന്റെ ഓർമ്മ വേദനാകരമായ ഒരനുഭവത്തിന്റെ കേന്ദ്രബിന്ദുവെന്ന സങ്കൽപ്പത്തേക്കാൾ പരമമായ കാതലായി അദ്ദേഹത്തിനു തോന്നി. ആ വേദന നാലുപാടും കറങ്ങിനടന്നു തലേന്നും പിറ്റേന്നുമായ ദിവസങ്ങളിൽ കവിഞ്ഞൊഴുകി. വെർഡുരിൻ കുടുംബം ബോയ്സ് ദ്വീപിൽ അത്താഴവിരുന്നിനു പൊയ്ക്കൊണ്ടിരുന്ന ഗ്രീഷ്മകാലത്തിന്റെ ഓർമ്മകൾ, സവിശേഷമായൊരു സ്ഥാനത്തു വിശ്രമിയ്ക്കണമെന്നു മന:പൂർവം മനസ്സിൽ കരുതി അദ്ദേഹത്തെ അലോസരപ്പെടുത്താനെന്നപോലെ പ്രക്ഷുബ്ധകരമായി പിന്നോട്ട് ഓടി വന്നു. അസൂയയുടെ ഫലമായി വളരെപ്പതുക്കെ ഉണർന്നുവന്ന ജിജ്ഞാസ, അത്തരം ഓർമ്മകളിലൂടെ നിർവീര്യവും സംതൃപ്തവുമാകുമ്പോൾ വന്നുചേരാൻ സാദ്ധ്യതയുള്ള പുതിയ പീഡനങ്ങളെ ഭയപ്പെട്ടു, സ്വയം നിഷ്ക്രിയമായിത്തീർന്നു. നേ

രിട്ടു കണ്ടു പരിചയപ്പെടുന്നതിനു മുമ്പ് അവളുടെ ജീവിതത്തിൽ കഴി ഞ്ഞുപോയ കാലത്തിന്റെ ദൃശ്യരൂപങ്ങൾ, അദ്ദേഹത്തെ സംബന്ധി ച്ച് അവ്യക്തവും ലക്ഷണരഹിതവുമായ ഒരു കേവലസങ്കൽപ്പം മാത്ര മായിരുന്നില്ല, നേരേമറിച്ച് മൂർത്തമായ സംഭവങ്ങൾ തിക്കിത്തിര ക്കുന്ന വിധം കൃത്യമായി അടയാളപ്പെടുത്തിയ നിരവധി വർഷങ്ങളു ടെ ഈടുവെയ്പ്പായിരുന്നു. ഇപ്പോൾ ചലനാത്മകവും നിർവികാരവു മായി തോന്നുന്ന അവളുടെ ഭൂതകാലജീവിതം, കൂടുതലറിയാൻ ശ്രമി യ്ക്കുന്തോറും വൈയക്തികവും പൈശാചികവുമായ ലക്ഷണങ്ങളോടെ തികച്ചും പ്രത്യക്ഷമായൊരു വികൃതരൂപം കൈക്കൊള്ളുമെന്നപോ ലും അദ്ദേഹം ഭയപ്പെട്ടു. അതുകൊണ്ട്, മനസ്സിന്റെ സഹജമായ അല സതയും വേദനയോടുള്ള ഭയവും കണക്കിലെടുത്തു സ്വാൻ മന:പൂർ വം ആ പരിശ്രമത്തിൽനിന്നു പിൻവലിഞ്ഞു. ബോയ്സ് ദ്വീപിനേ യും ഡെസ് ലോമസ് രാജകുമാരിയേയുംകുറിച്ചു കുത്തിനോവിയ്ക്കുന്ന വേദനയുടെ അകമ്പടിയില്ലാതെ ഭാവിയിലൊരു ദിവസം സ്വസ്ഥമാ യിരുന്നു വിശേഷങ്ങൾ പറഞ്ഞുകേൾക്കാൻ കഴിയുമെന്നദ്ദേഹം പ്ര ത്യാശിച്ചു. നിലവിലെ മനോവ്യാധി ഭേദപ്പെടുന്നതിനുമുമ്പു മറ്റൊരു രൂപത്തിൽ പൊട്ടിപ്പുറപ്പെടാതിരിയ്ക്കാനുള്ള മുൻകരുതലെന്ന നിലയി ൽ മറ്റു സംഭവങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, വ്യക്തികളും സ്ഥലങ്ങളു മടക്കം, പുതിയ കഥകളായി മെനഞ്ഞെടുത്തു വിശദീകരിയ്ക്കാൻ അ വളെ പ്രകോപിപ്പിയ്ക്കുന്നതു തികഞ്ഞ വിവേകശൂന്യതയാണെന്നും അദ്ദേഹം വിചാരിച്ചു.

പക്ഷേ, കേട്ടറിയാൻ വിലക്കുള്ളതുകൊണ്ടു ഭയം തോന്നുന്ന വിഷ യങ്ങൾ വീണ്ടുവിചാരമില്ലാതെ തീർത്തും സ്വാഭാവികമായി അവളാ ണു ചിലപ്പോഴൊക്കെ അദ്ദേഹത്തിനു വെളിപ്പെടുത്തിക്കൊടുത്തത്. അവളിപ്പോൾ തുടരുന്ന താരതമ്യേന നിഷ്ക്കളങ്കമായ ജീവിതവും പാപപങ്കിലമായ യഥാർത്ഥജീവിതവും തമ്മിലുള്ള വിടവ്, അവൾ ക്കു സ്വയം ബോദ്ധ്യമുള്ളതിനേക്കാൾ വിസ്തൃതവും ഗഹനവുമായിരു ന്നു. ഉള്ളിലുള്ള പാപചിന്തകളെക്കുറിച്ചു മറ്റുള്ളവർക്കൊരു സംശയം

തോന്നാത്ത ഉൽക്കണ്ഠയോടെ സദാചാരത്തിന്റെ ഒരേ മുഖഭാവം എപ്പോഴും എടുത്തണിയുന്ന ദുർവൃത്തകൾക്ക്, ആ പാപചിന്തകൾ (അവയുടെ നിരന്തരമായ വളർച്ച തീരെ അഗോചരമായതുകൊണ്ട്) ജീവിതത്തിന്റെ സാധാരണവഴികളിൽ നിന്നു തന്നെ എത്ര ദൂരം അകറ്റിക്കൊണ്ടുപോയെന്നു കണക്കാക്കാനുള്ള ഒരു ഗണിതസൂത്രമോ മർദ്ദമാപിനിയോ ലഭ്യമാകാറില്ല. ഒരുമിച്ചു സന്തോഷപൂർവം കഴിഞ്ഞിരുന്ന കാലത്തു സ്വാനിന്റെ ശ്രദ്ധയിൽനിന്നു മന:പൂർവം മറച്ചുപിടിച്ച ദുർവൃത്തികളെക്കുറിച്ചുള്ള ഓർമ്മകൾ മനസ്സിലൊരു പ്രത്യേകഭാഗത്താണ് അവൾ സൂക്ഷിച്ചു പോന്നത്. മറുഭാഗത്തു നടക്കുന്ന നിരുപദ്രവകരമായ പ്രവൃത്തികളെ അവ സാവധാനം കടന്നാക്രമിച്ചു രോഗാതുരമാക്കിയപ്പോൾ സംഭവിച്ച വിചിത്രമായ മാറ്റങ്ങൾ പക്ഷേ അവളുടെപോലും ശ്രദ്ധയിൽപ്പെടാതെ പോയി. മനസ്സിന്റെ ആ പ്രത്യേകഭാഗത്തു യാതൊരു വിസ്ഫോടനങ്ങൾക്കും കാരണമാകാതെ അവ്യക്തമായി കിടന്ന ഓർമ്മകൾ സ്വാനിനു സ്വമേധയാ വിവരിച്ചുകൊടുത്തപ്പോൾ പ്രതിഫലിച്ച അവളുടെ കപടമുഖം അദ്ദേഹത്തിനു ഭയാനകമായി തോന്നി. ഒരു ദിവസം പ്രകോപനത്തിന്റെ വഴി സ്വീകരിയ്ക്കാതെ, കൂട്ടിക്കൊടുപ്പുകാരുമായുള്ള അവളുടെ ബന്ധത്തിന്റെ യാഥാർത്ഥ്യം കണ്ടെത്താൻ അദ്ദേഹം ശ്രമിച്ചു. വസ്തുതാപരമായി തികച്ചും തെറ്റാണെന്നു ബോദ്ധ്യമുണ്ടെങ്കിലും, പേരു വെയ്ക്കാത്ത ആ കത്ത് അങ്ങനെയൊരു ധാരണ യാന്ത്രികമായി എങ്ങനെയോ അദ്ദേഹത്തിന്റെ മനസ്സിൽ നിക്ഷേപിച്ചിരുന്നു; കണ്ണടച്ചു വിശ്വസിയ്ക്കാവുന്ന രീതിയിലല്ല സ്വീകരിയ്ക്കപ്പെട്ടതെങ്കിലും അതവിടെ നിശ്ശബ്ദമായി അനങ്ങാതെ കിടന്നു. സംശയത്തിന്റെ ഭാരം നിമിത്തം കടുത്ത അലോസരത്തിനു കാരണമായ ആ ജഡചിന്ത വേരോടെ പിഴുതെറിയണമെന്നു കരുതിയ അദ്ദേഹത്തോട് അവൾ പറഞ്ഞു:

"പ്രിയപ്പെട്ടവനേ, അതല്ല, അവരെന്നെ അടുത്തു ചെല്ലാൻ പ്രലോഭിപ്പിച്ചു", സ്വന്തം പുഞ്ചിരിയിൽ വെളിവായ ദുരഭിമാനം, സ്വാനിനെ സംബന്ധിച്ചു തികച്ചും യുക്തിഭദ്രമാണെന്നു മനസ്സിലാക്കാൻ പക്ഷേ

അവൾക്കു കഴിഞ്ഞില്ല. “ഇന്നലെ, അവരിലൊരാൾ ഏതാണ്ടു രണ്ടു മണിക്കൂറിലധികം നേരം എനിക്കുവേണ്ടി കാത്തുനിന്നു. ചോദിക്കുന്ന തെന്തും തരാമെന്നവൾ പറഞ്ഞു. അവളുടെ കൂടെ എനിക്കു പരിചയ മില്ലാത്ത ഒരുന്നതോദ്യോഗസ്ഥയുമുണ്ടായിരുന്നു. അവരവളോടു പറ ഞ്ഞു, 'നീയവളെ കൊണ്ടുവന്നില്ലെങ്കിൽ ഞാൻ ആത്മഹത്യ ചെ യ്യും!'. സത്യത്തിൽ എന്നെ ഉദ്ദേശിച്ചാണവർ അങ്ങനെ പറഞ്ഞത്. ഞാൻ പുറത്തു പോയിരിക്കുകയാണെന്നവൾ അവരോടു കള്ളം പറ ഞ്ഞു. പക്ഷേ, അവർ പിന്നേയും കാത്തിരുന്നു. അവസാനം അവർ പോകുന്നതിനുമുമ്പേ എനിക്കുതന്നെ അവരോടു നേരിട്ടു സംസാരിക്കേ ണ്ടിവന്നു. ഞാനവരെ കൈകാര്യം ചെയ്ത രീതി താങ്കളൊന്നു കാണേ ണ്ടതായിരുന്നു! തൊട്ടടുത്ത മുറിയിലുണ്ടായിരുന്ന എന്റെ പരിചാരിക ‘വീടു തകർന്നു വീഴുന്നപോലെ അത്യുച്ചത്തിലാണു ഞാനലറിയതെ‘ ന്നു പിന്നീടെന്നോടു പറഞ്ഞു. പക്ഷേ, അതുകൊണ്ട് ഇക്കാര്യത്തിൽ എനിക്കു പ്രത്യേകിച്ചു താൽപ്പര്യമുണ്ടെന്നൊന്നും താങ്കൾ കരുതേണ്ട തില്ല, അങ്ങനെയൊരു ചിന്തപോലും ഞാനിഷ്ടപ്പെടുന്നില്ല! സ്ഥലവും സമയവും ഒത്തു വന്നാൽ തോന്നുന്നെങ്കിൽമാത്രം ചെയ്യാനുള്ള സ്വാ തന്ത്ര്യം ഇപ്പോഴുമെനിക്കുണ്ടെന്നു ഞാൻ കരുതുന്നു! പണത്തിന്റെ ആ വശ്യം എനിക്കു മനസ്സിലാക്കാൻ കഴിയും..., അതുകൊണ്ട് ഇനിയവ രെ അകത്തേക്കു കടത്തിവിടരുതെന്നു ഞാൻ കാവൽക്കാരനെ പറ ഞ്ഞു ചട്ടംകെട്ടിയിട്ടുണ്ട്. ഞാൻ പുറത്തു പോയിരിക്കുകയാണെന്ന് അയാളവരോടു പറയും. അതെ, ഞാനവരോടു സംസാരിക്കുമ്പോൾ മു റിയിലെവിടെയെങ്കിലും താങ്കളെ ഒളിപ്പിച്ചിരുത്താൻ കഴിഞ്ഞിരു ന്നെങ്കിൽ..! എന്റെ പ്രിയപ്പെട്ടവനേ, താങ്കൾക്കെത്ര സന്തോഷമായി രിക്കുമെന്ന് എനിക്കു നല്ല ബോദ്ധ്യമുണ്ട്. എന്നെക്കുറിച്ചു ജനങ്ങൾ എ ത്ര മോശമായി പറഞ്ഞു പരത്തിയാലും, നോക്കൂ, താങ്കളുടെ ഈ ഓദ ത്തിനു ചില കാര്യങ്ങളിലെങ്കിലും ശ്രദ്ധയുണ്ട്!“.

സ്വാൻ സ്വയം കണ്ടെത്തിക്കഴിഞ്ഞെന്ന വിചാരത്തിൽ, അവൾ നടത്തിയ കുറ്റസമ്മതം പഴയ സംശയങ്ങൾക്ക് അറുതി വരുത്തുന്ന

തിനു പകരം പുതിയ ചില സംശയങ്ങൾക്കു തുടക്കം കുറിയ്ക്കുകയാണു ചെയ്തത്. അവളുടെ കുറ്റസമ്മതം അദ്ദേഹത്തിന്റെ സംശയങ്ങളുമായി തീരെ യോജിച്ചില്ല. കുറ്റസമ്മതത്തിന്റെ സാരാംശം എത്രകണ്ടു ശുദ്ധീകരിച്ചാലും അവശേഷിയ്ക്കുന്ന അംശങ്ങൾ അതുവരെ ഒരിയ്ക്കലും വിചാരിയ്ക്കാത്ത പുതിയൊരു പീഡനത്തിലേയ്ക്കു തള്ളിവിടുന്നവിധം അസൂയയുടെ നാമ്പുകൾക്കു വളരാനുള്ള സാഹചര്യമൊരുക്കുകയാണു ചെയ്തത്. ആ കുമ്പസാരങ്ങൾ ഒരിയ്ക്കലും അദ്ദേഹത്തിന്റെ മനസ്സിൽ നിന്നു മാഞ്ഞുപോയില്ല. നദിയുടെ കുത്തൊഴുക്കിൽ ഒഴുകിപ്പോകുന്ന ജഡശരീരങ്ങളെപ്പോലെ, അദ്ദേഹത്തിന്റെ ആത്മാവ് ആ കുമ്പസാരങ്ങൾ സ്വയം കൊണ്ടുനടന്ന്, ഇടയ്ക്കിടെ ചില തീരങ്ങളിൽ ചെന്നു നങ്കൂരമിട്ട്, ഹൃദയതരംഗങ്ങളിൽ തൊട്ടിലാട്ടി, ഒടുവിൽ പരിശുദ്ധമായ ജലംപോലും വിഷമയമാക്കി.

പാരീസ്മൂർസീ ഉത്സവത്തിന്റെ ദിവസം ഫോർഷ്‌വിൽ സ്വന്തം വീട്ടിൽ നടത്തിയ സന്ദർശനത്തെക്കുറിച്ച് ഒരിയ്ക്കലവൾ സ്വാനിനോടു പറഞ്ഞിരുന്നു. “എന്ത്! നിനക്കദ്ദേഹത്തെ അന്നുമുതലേ അറിയാ-മാ രുന്നോ?’ 'എനിയ്ക്കറിയാം, പക്ഷേ, ഞാൻ പറയാൻ വിട്ടുപോയി!“, അറിയില്ലെന്ന സത്യം മറച്ചുപിടിയ്ക്കാൻ അദ്ദേഹം സ്വയം തിരുത്തി. പേരുവെയ്ക്കാത്ത ആ കത്തു ലഭിച്ച പാരീസ്മൂർസീ ഉത്സവദിവസം, അവളൊരുപക്ഷേ ഫോർഷ്‌വില്ലിന്റെ കൂടെ മെയ്സൺദോരീയിൽ ഭക്ഷണം കഴിയ്ക്കുകയായിരിയ്ക്കുമെന്നോർത്തപ്പോൾ അദ്ദേഹം സ്വയം വിറയ്ക്കാൻ തുടങ്ങി. അങ്ങനെയൊന്നും നടന്നിട്ടില്ലെന്നവൾ ആണയിട്ടു പറഞ്ഞു. “പക്ഷേ, എനിയ്ക്കറിയാവുന്ന എന്തോ ചിലതു സത്യമായിരുന്നില്ലെന്നു മെയ്സൺദോരീ ഓർമ്മിപ്പിയ്ക്കുന്നു“, അവളെ ഭയപ്പെടുത്താമെന്ന പ്രതീക്ഷയിൽ അദ്ദേഹം തുടർന്നു. “അതേ, ഞാനപ്പോൾ മാത്രം തിരിച്ചെത്തിയതാണെന്നു താങ്കളോടു പറഞ്ഞപ്പോൾ, യഥാർത്ഥത്തിൽ അന്നു വൈകുന്നേരം ഞാനെങ്ങും പോയിരുന്നില്ല. അതേ സമയം താങ്കളെന്നെ പ്രിവോസ്റ്റിൽ അന്വേഷിച്ചു നടക്കുകയായിരു

ന്നു!". ദോഷൈകദൃക്കിന്റെ ഭീരുത്വം പ്രകടിപ്പിച്ച്, നേർക്കുനേരേ എതിരിടാനുള്ള ഭയം ആത്മാഭിമാനംകൊണ്ടു മറച്ചുപിടിയ്ക്കാനുള്ള ഉദ്വേഗത്തോടെ, തനിയ്ക്കു തുറന്ന മനസ്സാണുള്ളതെന്നു കാണിയ്ക്കാനുള്ള അത്യാഗ്രഹത്തോടെ, അവൾ പറഞ്ഞു. സൂക്ഷ്മതയും ദാർഢ്യവും സമാഹരിച്ച് അവളേൽപ്പിച്ച കഠിനമായ ആ പ്രഹരം, ആരാച്ചാർ ആഞ്ഞുവീശിയ കോടാലിയുടെ കട്ടുത്ത ആഘാതംപോലെ, സ്വാനിനു മേൽ വന്നു പതിച്ചു. വേദനയുടെ അവബോധം നഷ്ടപ്പെട്ട അദ്ദേഹത്തിനു പക്ഷേ അവളുടെപേരിൽ ക്രൂരത ആരോപിയ്ക്കാൻ കഴിഞ്ഞില്ല. സ്വയം ഒരാശയക്കുഴപ്പത്തിൽ ചെന്നുപെട്ടെന്നോ അല്ലെങ്കിൽ അപമാനിതയായെന്നോ തോന്നിയ വിചാരത്തിൽനിന്നു മാറിനിൽക്കാനെന്നപോലെ, അവൾ പെട്ടെന്നു ചിരിയ്ക്കാൻ തുടങ്ങി: "ഞാൻ പറഞ്ഞതു സത്യമായിരുന്നു..., ഞാൻ മെയ്സൺദോരീയിലേയ്ക്കു പോയതേയില്ല. ഫോർഷ്‌വില്ലിനെ കണ്ടതിനുശേഷം ഞാൻ സത്യത്തിൽ, പ്രിവോസ്റ്റിലേയ്ക്കാണു പോയത്. ഇതൊരു കെട്ടുകഥയൊന്നുമല്ല. ചിത്രങ്ങൾ കാണാമെന്നു പറഞ്ഞ് അദ്ദേഹമെന്നെ വീട്ടിലേയ്ക്കു കൊണ്ടുപോയി. അതിനിടയിൽ പക്ഷേ മറ്റാരോ അദ്ദേഹത്തെ കാണാൻ വന്നു. താങ്കൾക്കെന്നോടു ദേഷ്യം വരുമെന്നു ഭയന്നാണു ഞാൻ മെയ്സൺദോരീയിൽ നിന്നു വരികയാണെന്നു നുണ പറഞ്ഞത്. എന്റെ ഭാഗത്തുനിന്നുണ്ടായ ആ നല്ല നീക്കം താങ്കൾക്കു മനസ്സിലായില്ല, അല്ലേ? അതെ, സമ്മതിയ്ക്കുന്നു, ഞാൻ തെറ്റു ചെയ്തു! എങ്കിലും ഞാനെല്ലാം താങ്കളോടു പറഞ്ഞല്ലോ, ശരിയല്ലേ? പാരീസ്മൂർസീ ഉത്സവദിവസം ഞാൻ അദ്ദേഹത്തിന്റെകൂടെ ഭക്ഷണം കഴിച്ചതു താങ്കളോടു നേരിട്ടു പറയാതിരുന്നാൽ എനിയ്ക്കെന്തു നേട്ടം? പ്രത്യേകിച്ചും, നമ്മളന്യോന്യം അടുത്തു പരിചയമില്ലാത്ത അക്കാലത്ത്, ഇന്നിപ്പോൾ അങ്ങനെയല്ലല്ലോ..., അല്ലേ, പ്രിയപ്പെട്ടവനേ?".

ആത്മാവു നഷ്ടപ്പെട്ട മന്ദബുദ്ധിയുടെ അവസ്ഥയിലേയ്ക്കു നിഷ്കരുണം തന്നെ തള്ളിവിടുന്ന ഹൃദയഭേദകമായ ആ വാക്കുകൾ കേട്ട പെട്ടെന്നുണ്ടായ തളർച്ചയിൽ അദ്ദേഹമവളെ നോക്കി പുഞ്ചിരിച്ചു. പ

രസ്പരം പ്രണയബദ്ധരായിക്കഴിഞ്ഞ അക്കാലത്ത്, വീണ്ടും ചിന്തി യ്ക്കാൻ ധൈര്യപ്പെടാതിരുന്ന ആഹ്ലാദകരമായ ആ മാസങ്ങളിൽപ്പോ ലും, അവളദ്ദേഹത്തോടു നുണ പറയുകയായിരുന്നു! ആദ്യത്തെ വൈ കുന്നേരം അവർ നടത്തിയ 'ഓർക്കിഡ് ഒരുക്കലി'ന്റെ നിമിഷത്തിനു പുറമേ, മെയ്സൺദോരിയിൽനിന്നു വരികയാണെന്നു നുണ പറ ഞ്ഞ ആ ദിവസം, സ്വാനിനു യാതൊരു സംശയവും തോന്നാത്തവി ധം അസത്യത്തിന്റെ മൂടുപടമണിഞ്ഞ എത്രയേറെ പേർ അവളുമായി ബന്ധപ്പെട്ടിരിയ്ക്കും! ഒരിയ്ക്കൽ അവൾ പറഞ്ഞതു വീണ്ടും അദ്ദേഹമോ ർത്തു: 'ഒരുക്കങ്ങൾ ശരിയായില്ലെന്നോ വണ്ടി വരാൻ വൈകിയെ ന്നോ മാഡം വെർഡുരിനോടു കാരണം പറയാം. എപ്പോഴും എന്തെ ങ്കിലും ഒഴികഴിവുകൾ ഉണ്ടാവാതിരിയ്ക്കില്ല!' വരാൻ വൈകിയതിനു ള്ള വിശദീകരണമായി, അല്ലെങ്കിൽ മുൻകൂട്ടി നിശ്ചയിച്ചുറപ്പിച്ച സ മാഗമത്തിനു മാറ്റം വരുത്തിയതു ന്യായീകരിയ്ക്കാൻവേണ്ടി അതേ വാക്കുകൾ അവളെത്രയോ തവണ യാതൊരു മനസ്സാക്ഷിക്കുത്തുമി ല്ലാതെ പറഞ്ഞിരിയ്ക്കും! അക്കാലത്തു തന്റെ കണ്ണിൽനിന്നു നിശ്ശേഷം മാറ്റിനിർത്തിയ മറ്റൊരു മനുഷ്യനുമായി ബന്ധപ്പെടുമ്പോൾ അവൾ പറയും: 'ഒരുക്കങ്ങൾ ശരിയായില്ലെന്നോ വണ്ടി വരാൻ വൈകിയെ ന്നോ സ്വാനിനോടു കാരണം പറയാം. എപ്പോഴും എന്തെങ്കിലും ഒഴി കഴിവുകൾ ഉണ്ടാവാതിരിയ്ക്കില്ല!' അന്നൊക്കെ ഓദത്ത് പറയുന്ന ഓ രോ വാക്കും സുവിശേഷപുസ്തകത്തിലെ വാക്യങ്ങളെപ്പോലെ അദ്ദേ ഹം പൂർണവിശ്വാസത്തിലെടുത്തിരുന്നു. അവളെപ്പോഴും ആവർത്തി ച്ചു പറയാറുള്ള ദിനചര്യകൾക്കും സ്ഥിരം സന്ദർശിയ്ക്കാറുള്ള രഹസ്യ കേന്ദ്രങ്ങൾക്കും പിന്നിൽ ഒളിഞ്ഞിരുന്ന അസത്യത്തിന്റെ അടിയൊ ഴുക്ക് ഇന്നിപ്പോൾ സ്വാനിനു മനസ്സിലാക്കാൻ കഴിഞ്ഞു; അന്നത്തെ ആഹ്ലാദകരമായ സായാഹ്നങ്ങളും ദിവസേന നിരവധി തവണ ചുറ്റി ക്കറങ്ങുന്ന റൂ ലാപെറൗസ് തെരുവുമടക്കം അമൂല്യമായി തോന്നിയ ചാരുദൃശ്യങ്ങൾക്കു മുഴുവൻ അദ്ദേഹത്തിന്റെ കണ്ണിൽ സൗന്ദര്യം ന

ഷ്ടപ്പെട്ടു. ഓരോ ദിവസത്തേയും ദിനചര്യയെക്കുറിച്ചുള്ള അവളുടെ വിശദമായ വിവരണങ്ങൾ കേട്ടതിനുശേഷവും, അഗോചരമായി നില കൊള്ളുന്ന, ക്ഷുദ്രമായ നിരർത്ഥകത മൂലം തുറന്നു പറയാത്ത കൃത്യങ്ങളുടെ ഒളിത്താവളങ്ങൾ അപ്പോഴും സ്വാനിന്റെ മനസ്സിൽ വെളിവാകാതെ കിടന്നു. മെയ്സൺദോരീയെ സംബന്ധിച്ച അവളുടെ കുമ്പസാരം കേട്ട്, തന്നെ കടന്നാക്രമിയ്ക്കുന്ന കറുത്തിരുണ്ട ഭീകരതയുടെ ശക്തി താങ്ങാനാവാതെ സ്വയം പണിതുയർത്തിയ ഭൂതകാലമണിസൗധത്തിന്റെ നിലകൾ ഓരോന്നായി 'നിനേവെയുടെ ശൂന്യത' യിലെ വികൃതജീവികളെപ്പോലെ തകർന്നു വീഴുന്നത് അദ്ദേഹം കൺമുന്നിൽ കണ്ടു. മെയ്സൺദോരീയെന്ന സ്ഥലനാമം യദൃച്ഛയാ കേൾക്കുമ്പോൾ സ്വാൻ പെട്ടെന്നു തിരിഞ്ഞുനോക്കുന്നത്, മാഡം സാങ്യൂവെർട്ടിന്റെ വിരുന്നിൽവെച്ചു നഷ്ടപ്പെട്ട സൗഭാഗ്യത്തിന്റെ ഓർമ്മ കൊണ്ടു മാത്രമല്ല മറിച്ച്, ഇന്നിപ്പോൾ ആദ്യമായി ബോദ്ധ്യംവന്ന മറ്റൊരു നിർഭാഗ്യത്തിന്റെ തിക്തസ്മരണകൊണ്ടു കൂടിയായിരുന്നു. ആദ്യം ബോയ്സിലെ ദ്വീപ്, പിന്നീടിതാ മെയ്സൺദോരീയും അദ്ദേഹത്തെ കടന്നാവേശിച്ചു കഴിഞ്ഞു. ഇനിയിപ്പോൾ ആ പേരുകൾ എത്ര തവണ വേണമെങ്കിലും അദ്ദേഹത്തിനു നിർവികാരം ഉരുവിട്ടുച്ചരിയ്ക്കാം. സ്നേഹവും അസൂയയും നാം കരുതുന്നതുപോലെ സമഗ്രമായൊരു വൈയക്തികാഭിനിവേശമല്ല; മറിച്ച്, ക്ഷണികമായ സ്നേഹത്തിന്റെ അഥവാ വ്യതിരിക്തമായ അസൂയയുടെ അനന്തതയിൽ രചിയ്ക്കപ്പെട്ടു നിരന്തരമായൊരു ധാരണയും ഏകാന്തമായ ശൂന്യതയും പകരുന്ന ചില ബോധശകലങ്ങളാണ്. ഓദത്തിനെ മാത്രം ഉപാധിയാക്കിയ കണക്കറ്റ സംശയങ്ങളും അനാസ്ഥകളും ആഗ്രഹങ്ങളും വിശ്വാസവഞ്ചനകളും അവയുടെ മരണവും ഒരുമിച്ചുചേർന്നാണു സ്വാനിന്റെ പ്രണയവും അസൂയയുടെ വിശ്വാസ്യതയും രൂപപ്പെട്ടു വന്നത്. അവളെ നേരിട്ടു പരിചയപ്പെടാതിരുന്നെങ്കിൽ, നശിച്ചുപോയ അവബോധങ്ങൾക്കു പകരം മറ്റൊന്നു മനസ്സിൽ പ്രതിഷ്ഠിയ്ക്കാതിരിയ്ക്കാമായിരുന്നു; പക്ഷേ, ഓദത്തിന്റെ സജീവസാന്നിദ്ധ്യം സ്വാനിന്റെ ഹൃദ

യത്തിൽ സംശയവും പ്രണയവും മാറി മാറി വിത്തുകൾ വിതച്ചു കൊണ്ടേയിരുന്നു.

അദ്ദേഹത്തിന്റെ നേർക്കു പെട്ടെന്നൊരു മമത പ്രകടിപ്പിയ്ക്കാൻ തുടങ്ങുന്ന സായാഹ്നങ്ങളിൽ, അടുത്ത കാലത്തൊന്നും ആവർത്തിയ്ക്കാനിടയില്ലാത്ത ആ അവസരത്തിന്റെ ആനുകൂല്യം എത്രയും പെട്ടെന്നു വസൂലാക്കണമെന്ന് അവൾ കർശനമായ മുന്നറിയിപ്പു നൽകാറുണ്ട്. ഉടനെ ഒ'രോർക്കിഡ് ഒരുക്കലി'ന്റെ തയാറെടുപ്പുമായി അദ്ദേഹം അവളുടെ വീട്ടിലെത്തും. സത്യമാണെന്നു ഭാവിച്ച ആ മമതാഭാവം വിശദീകരിയ്ക്കാനാവാത്തവിധം ആധികാരികവും ആസന്നവുമായി അനുഭവപ്പെട്ടുകൊണ്ട്, അവൾ ചൊരിഞ്ഞ ചുംബനങ്ങളും അത്രതന്നെ പ്രകടനപരവും അപരിചിതവുമായി അദ്ദേഹത്തിനു തോന്നി. അസ്വാഭാവികവും മൃഗീയവുമായ ആ പരിലാളനം, നല്ലൊരു നുണയോ ക്രൂരതയോപോലെ സ്വാനിനെ അസന്തുഷ്ടനാക്കി. ഒരു വൈകുന്നേരം അതുപോലെ അവളുടെ ക്ഷണപ്രകാരം വീട്ടിൽ ചെന്നപ്പോൾ, പതിവുള്ള തണുപ്പൻമട്ടിനു വിരുദ്ധമായി ആവേശപൂർവമായ ചുംബനങ്ങളും കളിവാക്കുകളും മാറിമാറി പ്രയോഗിയ്ക്കുന്നതിനിടയിൽ അപരിചിതമായൊരു ശബ്ദം തൊട്ടടുത്തു കേട്ടതായി സ്വാനിനു തോന്നി. അദ്ദേഹം പെട്ടെന്നെഴുന്നേറ്റു ചെന്നു പരിസരം മുഴുവൻ കണ്ണോടിച്ചെങ്കിലും ആരേയും കണ്ടെത്താനായില്ല. പക്ഷേ, അപ്പോഴേയ്ക്കും മടങ്ങിച്ചെന്ന് അവളുടെ അടുത്തിരിയ്ക്കാനുള്ള ധൈര്യം അദ്ദേഹത്തിനു നഷ്ടപ്പെട്ടുകഴിഞ്ഞു. അപ്പോൾ പൊടുന്നനെ മേശപ്പുറത്തുനിന്നൊരു പൂച്ചെണ്ടു കടന്നെടുത്തു നിലത്തേയ്ക്കു വലിച്ചെറിഞ്ഞു രോഷാകുലയായി അവൾ ആക്രോശിച്ചു: “എനിയ്ക്കു മടുത്തു, ഞാനിനി താങ്കളുമായി യാതൊന്നും ചെയ്യാൻ പോകുന്നില്ല, ഒന്നിനും കൊള്ളാത്തൊരു മനുഷ്യൻ!“. വിഷയാസക്തി ജ്വലിപ്പിയ്ക്കാനോ അല്ലെങ്കിൽ അസൂയയുടെ വ്രണം പഴുപ്പിയ്ക്കാനോവേണ്ടി അവൾ മന:പൂർവം ആരെയെങ്കിലും ആ മുറിയിൽ ഒളിപ്പിച്ചിരുന്നതായി മനസ്സിൽ പെട്ടെന്നുയർന്ന സം

ശയം ദൂരീകരിയ്ക്കാൻ പക്ഷേ അദ്ദേഹത്തിനു കഴിഞ്ഞില്ല.

ഓദത്തിനെക്കുറിച്ച് എന്തെങ്കിലുമൊക്കെ കൂടുതൽ അറിയാനാകുമെന്ന പ്രതീക്ഷയോടെ, പേരു കൃത്യമായി പരാമർശിയ്ക്കാൻ ധൈര്യപ്പെടാതെ ചിലപ്പോഴൊക്കെ സ്വാൻ ചില 'ഉല്ലാസ'ഭവനങ്ങൾ സന്ദർശിയ്ക്കാറുണ്ട്. “ഞങ്ങൾക്കിവിടെ പുതിയൊരന്തേവാസിയെ ലഭിച്ചിട്ടുണ്ട്, താങ്കൾക്കിഷ്ടപ്പെടാതിരിയ്ക്കില്ല!“, ഭവനത്തിന്റെ 'ഗൃഹനാഥ' പതിവുപോലെ അദ്ദേഹത്തെ സ്വാഗതം ചെയ്യും. അദ്ദേഹം അവർ പറഞ്ഞ സാധുപെൺകുട്ടിയെ തിരഞ്ഞുകണ്ടെത്തി കുറച്ചുനേരം അനന്യമനസ്കനായി സംസാരിച്ചിരിയ്ക്കും; തുടർനീക്കങ്ങൾക്കൊന്നും മുതിരാതെ നിസ്സംഗനായിരിയ്ക്കുന്ന അദ്ദേഹത്തെ അവളമ്പരന്നു നോക്കും. ഒരു ദിവസം ചെറുപ്പം വിട്ടു മാറാത്ത ആകർഷകത്വമുള്ള ഒരുവൾ അദ്ദേഹത്തോടു പറഞ്ഞു: “ഒരു നല്ല സുഹൃത്തിനെ കണ്ടെത്താൻ കഴിയുന്നതാണ് എന്റെ ജന്മസാഫല്യം. അപ്പോൾ കാര്യങ്ങൾക്കൊരു തീരുമാനമാകും. പിന്നീടെനിയ്ക്കു മറ്റാരുടേയുംകൂടെ പോകേണ്ടി വരില്ല!“. “അതേ, അതു നല്ലതുതന്നെ! പക്ഷേ ആത്മാർത്ഥപ്രണയത്തിൽ മനസ്സലിയുന്ന ഒരുവളൊരിയ്ക്കലും പ്രിയതമനോടു വിശ്വാസവഞ്ചന കാണിയ്ക്കില്ലെന്ന് ഉറപ്പിയ്ക്കാനാവുമോ?“, അറിയാനുള്ള അത്യാകാംക്ഷയോടെ അദ്ദേഹം ചോദിച്ചു. “സാദ്ധ്യത കുറവാണ്, അതവളുടെ പ്രകൃതംപോലിരിയ്ക്കും!“. ഡെസ് ലോമസ് രാജകുമാരിയ്ക്കു സന്തോഷം പകർന്ന അഭിപ്രായം അദ്ദേഹമവളോടും പ്രകടിപ്പിച്ചു. ആത്മസുഹൃത്തിനെ തേടുന്ന ആ പെൺകുട്ടിയെ നോക്കി പുഞ്ചിരിയോടെ അദ്ദേഹം പറഞ്ഞു: “എന്തൊരഴകാണു നിനക്ക്! നീലക്കണ്ണുകളുടെ നിറമുള്ള ഈ പാവാട നിനക്കു നന്നായി ചേരുന്നുണ്ട്!”. “നിന്റെ കൈയുറകൾക്കും നീലനിറമാണല്ലോ“. “ഈ സാഹചര്യത്തിലും നീയെത്ര മനോഹരമായി സംസാരിയ്ക്കുന്നു! ഞാൻ നിന്നെ മുഷിപ്പിക്കുന്നില്ലല്ലോ, അല്ലേ? അതല്ല, ഞാൻ നിന്നെ പിടിച്ചു വെച്ചിരിയ്ക്കുകയാണെന്നു തോന്നുന്നുണ്ടോ?“. “ഇല്ല, ഇന്നിപ്പോൾ മറ്റൊന്നും എനിയ്ക്കു ചെയ്യാനില്ല; നിന്റെ സംസാരം കേൾക്കാൻ നല്ല രസമുണ്ട്!“. “നീയെന്നെ

മുഖസ്തുതികൊണ്ടു മൂടുന്നു..!". അത്രയുമായപ്പോൾ, ആ ഭാഗത്തു വന്നെത്തിനോക്കിയ 'ഗൃഹനാഥ'യോട് അദ്ദേഹം ചോദിച്ചു: "എന്റെ പെരുമാറ്റത്തിലെന്തെങ്കിലും അപാകതയുണ്ടോ?". "അപാകതയോ എന്തിന്റെ പേരിൽ? അതേ, അതാണു ഞാൻ ചിന്തിച്ചുകൊണ്ടിരുന്നത്, നിങ്ങളെത്ര മാന്യമായി പെരുമാറുന്നു! അതങ്ങനെയേ വരൂ! ഇപ്പോൾ, പലരും സംസാരിയ്ക്കാൻവേണ്ടി മാത്രമാണിങ്ങോട്ടു വരുന്നത്. ഈയടുത്ത ദിവസം രാജകുമാരൻ എന്നോടു പറഞ്ഞു, ഭാര്യയുടെ അടുത്തിരിയ്ക്കുന്നതിനേക്കാൾ സുഖം ഇവിടെനിന്നു ലഭിയ്ക്കുന്നുണ്ട്. ഈയിടെയായി മാന്യവനിതകളൊക്കെ ഇങ്ങനെയായിരിയ്ക്കാം! പക്ഷേ, ഞാനതിനെ ശുദ്ധമായ അപവാദമെന്നേ വിശേഷിപ്പിയ്ക്കൂ! എന്തായാലും ഞാൻ നിങ്ങളെ സ്വൈരം കെടുത്തുന്നില്ല. എന്നെ ആവശ്യമില്ലാത്തതെപ്പോഴൊക്കെയാണെന്ന് എനിയ്ക്കു നന്നായറിയാം", തികഞ്ഞ വകതിരിവോടെ കാര്യം പറഞ്ഞവസാനിപ്പിച്ച്, സ്വാനിനേയും നീലക്കണ്ണുകളുള്ള പെൺകുട്ടിയേയും വിട്ട് അവർ നടന്നകന്നു. താമസിയാതെ അദ്ദേഹവും അവളോടു യാത്രപറഞ്ഞു പുറത്തേയ്ക്കു പോയി; അദ്ദേഹത്തിനവളോടുള്ള താൽപ്പര്യം നഷ്ടപ്പെട്ടിരുന്നു; കാരണം, അവൾക്ക് ഓദത്തിനെക്കുറിച്ചു യാതൊന്നും അറിയാമായിരുന്നില്ല!

ചിത്രകാരന്റെ അസുഖത്തിനു പരിഹാരമായി ഡോക്ടർ കോത്താർഡ് ഒരു സമുദ്രയാത്ര ശുപാർശ ചെയ്തു; 'വിശ്വസ്ത'രിൽ പലരും യാത്രയ്ക്കു തയാറായി മുന്നോട്ടു വന്നു. ആരുമില്ലാതെ ഒറ്റയ്ക്കു ദിവസങ്ങൾ തള്ളിനീക്കേണ്ടിവരുമെന്ന ഭയം മൂലം എല്ലാവർക്കും വേണ്ടി ഒരുല്ലാസബോട്ട് വാടകയ്ക്കെടുക്കാൻ ആലോചിച്ച മാഡം വെർഡുരിൻ ഒടുവിലൊരെണ്ണം വിലയ്ക്കു വാങ്ങി. അങ്ങനെ ഓദത്ത് മിക്ക ദിവസങ്ങളിലും കപ്പൽയാത്രയിൽ പങ്കെടുത്തു. അവൾ യാത്ര പോയെന്നറിയുമ്പോൾ, സ്വയം അവളിൽനിന്നു വിട്ടുപോരാൻ തുടങ്ങുകയാണെന്നൊരു തോന്നൽ സ്വാനിന്റെ മനസ്സിലുദിയ്ക്കും. പക്ഷേ, അവർക്കിടയിലുള്ള ധാർമ്മികമായ അകലം ഭൗതികദൂരവുമായി കൃത്യമായ അ

ന്നപാതം പാലിച്ചിരുന്നതുകൊണ്ട്, പാരീസിൽ തിരിച്ചെത്തിയാലുട നെ അവളെ നേരിൽ കാണാതെ അദ്ദേഹത്തിനു വിശ്രമിയ്ക്കാൻ ക ഴിയാറില്ല. ഒരിയ്ക്കൽ അവരെല്ലാവരും കൂടി ഒരുമാസം നീണ്ടുനിൽക്കു ന്ന ഒരു യാത്രയ്ക്കു പുറപ്പെട്ടു. യാത്രയ്ക്കിടയിൽ ഒരുപാടു പ്രലോഭനങ്ങൾ ക്കു വശംവദരായതുകൊണ്ടോ, അതല്ലെങ്കിൽ വെർഡ്യൂരിൻ ഭാര്യയുടെ ഇംഗിതത്തിനു വിധേയനായതുകൊണ്ടോ, എന്തണെന്നറിയില്ല, നേ രത്തേ ആസൂത്രണം ചെയ്തതിൽനിന്നു മാറി, അവർ അൾജിയേഴ് സിൽനിന്നു നേരേ ടൂണീസിലേയ്ക്കാണു പോയത്. പിന്നെ ഇറ്റലി, ഗ്രീ സ്, കോൺസ്റ്റാന്റിനോപ്പിൾ, ഏഷ്യാമൈനർ, തുടങ്ങി പല രാജ്യ ങ്ങളും സന്ദർശിച്ച് ഏതാണ്ടൊരു വർഷക്കാലത്തോളം അവർ പാരീ സിലുണ്ടായിരുന്നില്ല. അപ്പോഴേയ്ക്കും സ്വാൻ മിക്കവാറും മനക്ളേശ ങ്ങളൊഴിഞ്ഞു നല്ല ഉന്മേഷവാനായിക്കഴിഞ്ഞിരുന്നു. പിയാനിസ്റ്റി നും ഡോക്ടർക്കും കുറച്ചു കാലത്തേയ്ക്കു ശല്യം വരാത്തവിധം ബന്ധു ക്കളേയും രോഗികളേയും മാഡം വെർഡ്യൂരിൻ വേണ്ടതുപോലെ പറ ഞ്ഞനുനയിപ്പിച്ചിരുന്നു. പക്ഷേ, പ്രാദേശികമായൊരു കലാപം പെ ട്ടെന്നു പൊട്ടിപ്പുറപ്പെട്ട പാരീസിലേയ്ക്കു മാഡം കോത്താർഡിനെ ഒറ്റ യ്ക്കു പറഞ്ഞയയ്ക്കുന്നതു വീണ്ടുവിചാരമില്ലാത്ത കൃത്യമായി വ്യാഖ്യാനി യ്ക്കപ്പെടാൻ സാദ്ധ്യതയുള്ളതുകൊണ്ട് ഇറ്റലിയിൽവെച്ച് അവരെ ര ണ്ടുപേരേയും മോചിപ്പിയ്ക്കാൻ വെർഡ്യൂരിൻ നിർബന്ധിതനായി. ചി ത്രകാരനും അവരുടെ കൂടെ പാരീസിലേയ്ക്കു മടങ്ങി. നാലു പേരും പാ രീസിൽ തിരിച്ചെത്തിയശേഷം ഒരു ദിവസം ഒരൗദ്യോഗികാവശ്യ ത്തിനു യാത്ര ചെയ്യുകയായിരുന്ന സ്വാൻ വണ്ടിയിൽ മാഡം കോ ത്താർഡിന്റെ എതിർവശത്താണു ചെന്നിരുന്നത്. അവരാകട്ടെ 'സു വിശേഷദിനം' ആചരിയ്ക്കുന്നവരുടെ വീടുകളിൽ സന്ദർശനം നടത്താ ൻവേണ്ടി വേഷവിധാനങ്ങളോടെ അണിഞ്ഞൊരുങ്ങി ഇറങ്ങിയ തായിരുന്നു. തൊപ്പിയിലൊരു നീലത്തൂവൽ ചാർത്തി പട്ടുടുപ്പു ധരിച്ച അവർ പുതിയൊരു ജോഡി വെളുത്ത കൈയുറകളും (മഴയില്ലെങ്കി ലൊരു കൈത്താങ്ങുപോലുമാക്കാവുന്ന) ഒരു കുടയും ചീട്ടുപെട്ടിയും കു

ട്ടുതലായി കരുതിയിരുന്നു. നല്ല കാലാവസ്ഥയാണെങ്കിൽ പദവി സൂചിപ്പിയ്ക്കുന്ന അത്തരം ചിഹ്നങ്ങളുമായി അവർ അയൽവീടുകളോരോന്നും കാൽനടയായി കയറിയിറങ്ങി, അടുത്ത പട്ടണത്തിലേയ്ക്കു മറ്റൊരു വണ്ടി പിടിയ്ക്കുകയാണു പതിവ്. പ്രസിദ്ധനായൊരു ഡോക്ടറുടെ ഭാര്യയെന്ന ഇസ്തിരിവടിവിട്ട ഭാവത്തിൽനിന്നു മാറി വെറുമൊരു സാധാരണക്കാരിയുടെ മര്യാദ പുറപ്പെടുന്ന ആദ്യത്തെ ഒന്നോ രണ്ടോ മിനിട്ടു നേരത്തേയ്ക്കു വെർഡ്യുരിൻകുടുംബത്തെക്കുറിച്ചു സ്വാനിനോട് എന്തെങ്കിലും പറയുന്നതു വളരെ അനുചിതമാകുമെന്ന വിചാരത്തോടെ അവരിഴഞ്ഞു നീങ്ങുന്ന സ്വരത്തിൽ സംസാരിയ്ക്കാൻ തുടങ്ങി. അന്നത്തെ ദിവസം കോണിപ്പടികൾ കയറിയിറങ്ങിയ വീടുകളിൽനിന്നു സമ്പാദിച്ച വിഷയങ്ങളിലെ തിരഞ്ഞെടുത്ത ചില ഭാഗങ്ങൾ ഓരോന്നായി, വണ്ടിയുടെ കുലുക്കത്തിൽ വാക്കുകൾ മിക്കവാറും മുങ്ങിപ്പോകുന്നവിധം, സ്വാനിനോട് അവരാവർത്തിച്ചു പറഞ്ഞു.

“ഇത്തരം വിഷയങ്ങളിൽ മുങ്ങി നടക്കുന്ന നിങ്ങളോടു ഞാൻ പ്രത്യേകം പറയേണ്ടതില്ല, സ്വാൻ! നഗരത്തിലെ ജനങ്ങളൊന്നാകെ ഓടിക്കൂടുന്ന മക്കാർഡിന്റെ ചിത്രപ്രദർശനം കാണാൻ നിങ്ങൾ മിർലിട്ടോൺസിൽ പോയിരിയ്ക്കുമെന്നു കരുതുന്നു, എന്താണു നിങ്ങളുടെ അഭിപ്രായം? ചിത്രത്തെ നിഗ്രഹിയ്ക്കുകയോ അനുഗ്രഹിയ്ക്കുകയോ, ആരുടെ കൂട്ടത്തിലാണു നിങ്ങൾ? പാരീസിലോരോ വീട്ടിലും ഇന്നിതാണു ചർച്ചാവിഷയം. മക്കാർഡിന്റെ ചിത്രത്തെക്കുറിച്ചല്ലാതെ ഇപ്പോൾ ആരുമൊന്നും സംസാരിയ്ക്കാറില്ല. എന്തെങ്കിലുമൊരഭിപ്രായം പറഞ്ഞില്ലെങ്കിൽ, നമ്മൾ ആധുനികരല്ല, സംസ്ക്കാരമുള്ളവരല്ല, സർവോപരി പരിഷ്ക്കാരികളുമല്ല!“.

അതുവരെ ആ ചിത്രം കണ്ടിട്ടില്ലെന്ന മറുപടി കേട്ട്, അങ്ങനെയൊരു വീഴ്ച തുറന്നു പറയാൻ നിർബന്ധിച്ചതു വഴി സ്വാനിന്റെ വികാരം വ്രണപ്പെടുത്തിയെന്ന ഒരുൾഭയത്തോടെ മാഡം കോത്താർഡ് പെട്ടെന്നു പറഞ്ഞു:

“അതുകൊണ്ടു പ്രത്യേകിച്ചൊന്നും സംഭവിയ്ക്കാനില്ല! തുറന്നു പറയാനുള്ള ധൈര്യമെങ്കിലും നിങ്ങൾക്കുണ്ടല്ലോ. മക്കാർഡിന്റെ ചിത്രം കാണാത്തതുകൊണ്ടു സ്വയം അപമാനിതനായെന്നും നിങ്ങൾ കരുതുന്നില്ല. സ്വാൻ, എനിയ്ക്കു നിങ്ങളെക്കുറിച്ചു സത്യത്തിൽ ബഹുമാനം തോന്നുന്നു! അതെ, ഞാനേതായാലും ചിത്രം കണ്ടു, നിങ്ങൾക്കറിയാമല്ലോ, സ്വാഭാവികമായും ഭിന്നാഭിപ്രായങ്ങളുണ്ടാകാം; ചിത്രം മനഃപൂർവം ചവിട്ടിക്കുഴച്ച പാൽപ്പാടപോലെയുണ്ടെന്നു ചിലർ പറയുന്നു. പക്ഷേ, തികച്ചും ഭാവനാത്മകമാണെന്നാണു ഞാൻ വിചാരിയ്ക്കുന്നത്. നമ്മുടെ ചിത്രകാരൻ, നീലയും മഞ്ഞയും കലർത്തി വരയ്ക്കുന്ന സുന്ദരികളുമായി ഈ ചിത്രത്തിനൊരു സാദൃശ്യവുമില്ല, തീർച്ച. ഒരുപക്ഷേ, നിങ്ങളെന്നെ യാഥാസ്ഥിതികയെന്നു കരുതിയേക്കാം, എങ്കിലും എനിയ്ക്കു പറയാതിരിയ്ക്കാൻ വയ്യ! കൃത്യമായും ആത്മാർത്ഥമായും പറയട്ടെ, ചിത്രത്തിൽനിന്നു ചിത്രകാരന്റെ ആശയം എനിയ്ക്കൊരിയ്ക്കലും വീണ്ടെടുക്കാൻ കഴിഞ്ഞിട്ടില്ല. എന്റെ ഭർത്താവിന്റെ ചിത്രങ്ങളുടെ ചില വശങ്ങൾ ഞാനാസ്വദിയ്ക്കാറുണ്ട്. അതെ, പതിവിൽനിന്നേറെ വിചിത്രമായിത്തോന്നാം; പക്ഷേ, ആ സാധുവിന്റെ മുഖത്തൊരു നീലത്താടി അദ്ദേഹത്തിനു വരച്ചുചേർക്കേണ്ടി വന്നു! മക്കാർഡ്! (നിങ്ങളോടു സംസാരിയ്ക്കാൻ എനിക്കിന്നു വല്ലാത്തൊരു ആവേശം തോന്നുന്നു) ഇതുകൂടി കേൾക്കൂ, ഞാനിപ്പോൾ എന്റെയൊരു ആത്മസുഹൃത്തിന്റെ വീട്ടിൽനിന്നാണു വരുന്നത്; അവളുടെ ഒരു പൂർണകായചിത്രം വരയ്ക്കാൻ, ഡോക്ടറുടെ സഹപ്രവർത്തകൻ കൂടിയായ അവളുടെ ഭർത്താവ്, മക്കാർഡിനെ പറഞ്ഞേൽപ്പിച്ചുകഴിഞ്ഞു! അങ്ങനെ അവൾക്കെന്തായാലും ഒരു പ്രതീക്ഷയ്ക്കു വകയായി! മറിച്ച്, ലെലയറിനെത്തന്നെ ഏൽപ്പിയ്ക്കണമെന്നു ശഠിയ്ക്കുന്ന മറ്റൊരു സു ഹൃത്തിനേയും എനിയ്ക്കറിയാം. നോക്കൂ, ഇക്കാര്യത്തിൽ ഞാനൊരു ഫിലിസ്റ്റൈൻകാരിമാത്രം. ചിത്രകലയെ സംബന്ധിച്ചു മക്കാർഡിനേക്കാൾ വിവരം ലെലയറിനുണ്ടെന്ന കാര്യത്തിൽ എനി

യ്ക്കു സംശയമില്ല. പക്ഷേ, ഒരു ചിത്രത്തിൽ ഏറ്റവും പ്രധാനമായി ഞാൻ കാണുന്നത്, പ്രത്യേകിച്ചും ഒരു പതിനായിരം ഫ്രാങ്കു വില മതിയ്ക്കുമ്പോൾ, ഞാനുദ്ദേശിയ്ക്കുന്നതു നിങ്ങൾക്കു മനസ്സിലാകുമെന്നു കരുതട്ടെ, മധുരം നുണയാൻ കഴിയുന്നവിധം എന്തെങ്കിലുമൊക്കെ അതിലുണ്ടായിരിയ്ക്കണം!"

ശിരസ്സിൽ ചൂടിയ തുവലിന്റെ മഹത്വവും ചീട്ടുപെട്ടിയുടെ പുറത്തുള്ള ചിത്രമുദ്രയും കൈയുറകളിൽ കാണുന്ന അലക്കുകാരന്റെ അക്കങ്ങളുംകൊണ്ടു സ്വയം ഉത്തേജിതയായി തുടങ്ങിവെച്ച വിഷയം മാഡം കോത്താർഡ് മിക്കവാറും പറഞ്ഞുതീർത്തു. തുടർന്നു സ്വാനിനോടു വെർഡ്യൂരിൻകുടുംബത്തെക്കുറിച്ചു സംസാരിയ്ക്കാനുള്ള സങ്കോചം കണക്കിലെടുത്തു തനിയ്ക്കിറങ്ങേണ്ട സ്ഥലമെത്തിച്ചേരാൻ അവർ ധൃതിപ്പെട്ടു. പക്ഷേ, ഇനിയും ഒരുപാടു ദൂരമുണ്ടെന്നു കണ്ടു മാഡം കോത്താർഡ്, ഉപദേശത്തിനു പകരം നിർദ്ദേശങ്ങളിൽ ശ്രദ്ധ പതിപ്പിച്ചുകൊണ്ടു പറഞ്ഞു:

"വാർത്ത കേൾക്കാൻ നിങ്ങളുടെ രണ്ടു ചെവികളും തരിയ്ക്കുന്നുണ്ടാവണം!", അവർ തുടങ്ങി, "ഉല്ലാസബോട്ടിൽ മാഡം വെർഡ്യൂരിനുമായി യാത്ര ചെയ്യുമ്പോൾ ഞങ്ങൾ മിക്കവാറും നിങ്ങളെക്കുറിച്ചാണു സംസാരിയ്ക്കാറുള്ളത്!"

വെർഡ്യൂരിൻകുടുംബത്തിൽ തന്റെ പേര് ഒരിയ്ക്കലും ഉച്ചരിയ്ക്കപ്പെടില്ലെന്നു കരുതിയ സ്വാൻ പൊടുന്നനെ സ്തബ്ധനായി നിന്നു.

"നോക്കൂ,", മാഡം കോത്താർഡ് തുടർന്നു, 'മാഡം ക്രേസിയും അവരുടെ കൂടെയുണ്ടായിരുന്നു. ഇനി കൂടുതലെന്തെങ്കിലും പറയണോ? എവിടെയായാലും അവൾക്കു നിങ്ങളെക്കുറിച്ചു സംസാരിയ്ക്കാതെ അടങ്ങിയിരിയ്ക്കാനാവില്ല. വഷളായ കാര്യങ്ങളൊന്നും അവൾ പറയില്ലെന്നു നിങ്ങൾക്കറിയാം. എന്ത്...! നിങ്ങളെന്നെ വിശ്വസിയ്ക്കുന്നില്ലേ?", സ്വാൻ സംശയദൃഷ്ടിയോടെ നോക്കുന്നതു കണ്ട് അവരാരാഞ്ഞു. വാക്കുകളിൽ ദുർവ്യാഖ്യാനത്തിനിട നൽകാതെ, പ്രണയത്തെ

സംബന്ധിച്ച കൃത്യമായ അർത്ഥാവബോധത്തോടെ, വിശ്വാസദാർഢ്യത്തിന്റെ ആത്മാർത്ഥതയിൽ മുഴുകി അവർ തുടർന്നു: "എന്തിനേറെ പറയുന്നു? നിങ്ങളോടവൾക്കു വല്ലാത്തൊരു ആരാധനയാണ്! അതെ, അവൾ പറയാൻ തുടങ്ങിയാൽ നിങ്ങൾക്കെതിരെ യാതൊന്നും ഒരിയ്ക്കലും പുറത്തുവരില്ല. ഓരോരുത്തരുടേയും യഥാർത്ഥസ്ഥാനം അവൾ കാണിച്ചുതരും! ഞങ്ങളെന്തു ചെയ്താലും, ഒരു ചിത്രം കാണുമ്പോൾപ്പോലും, അവൾ പറയും, 'അദ്ദേഹമുണ്ടായിരുന്നെങ്കിൽ, ഈ ചിത്രത്തെക്കുറിച്ച് ചില നല്ല കാര്യങ്ങൾ മനസ്സിലാക്കാമായിരുന്നു; അത്തരം വിഷയങ്ങളിൽ അദ്ദേഹത്തെ മറികടക്കാൻ മറ്റൊരാളില്ല!'. ദിവസം മുഴുവനും അവൾ പറഞ്ഞുകൊണ്ടേയിരിയ്ക്കും, 'അദ്ദേഹമിപ്പോൾ ജോലി ചെയ്യുകയായിരിയ്ക്കും, ഇത്ര കഴിവുള്ള ഒരാൾക്കിങ്ങനെ മടി വരുന്നതെന്താണെന്നു മനസ്സിലാകുന്നില്ല. ഈ നിമിഷം അദ്ദേഹം നമ്മെക്കുറിച്ചാണു ചിന്തിയ്ക്കുന്നത്!'. അപ്പോൾ അസാധാരണമായൊരു ഓമനത്തം ആ മുഖത്തു പ്രതിഫലിയ്ക്കുന്നതായി എനിയ്ക്കു തോന്നും; വെർഡുരിൻ അവളോടു ചോദിച്ചു, 'ഈ ഭൂമിയിൽ ഒരായിരം മൈലുകലെ ഇരിയ്ക്കുന്ന അദ്ദേഹത്തെ നിനക്കെങ്ങനെയാണു കാണാനാവുന്നത്?' ഓദത്ത് ഇങ്ങനെയാണതിനു മറുപടി പറഞ്ഞത്: 'ആത്മസുഹൃത്തിന്റെ കണ്ണിൽ സകലതും താനേ തെളിഞ്ഞുവരും!'.

"ഞാനുറപ്പു തരുന്നു, നിങ്ങളെ മുഖസ്തുതി പറഞ്ഞു മയക്കാനല്ല ഞാനിതു പറയുന്നത്. അവളുടെ മനസ്സിൽ അപൂർവജനസ്സിലുള്ള നല്ലൊരു സുഹൃത്തിനെ നിങ്ങൾക്കു തൊട്ടറിയാം. ഞാനതു തീർത്തു പറയുന്നു; മാത്രമല്ല, നിങ്ങൾക്കൊരു പക്ഷേ അറിയില്ലെങ്കിൽ, ആ സത്യം മനസ്സിലാക്കാത്ത ഒരേയൊരു മനുഷ്യൻ ഈ ഭൂമിയിൽ നിങ്ങൾ മാത്രമായിരിയ്ക്കും. അവസാനത്തെ ദിവസം (വിട പറയുമ്പോൾ, നിങ്ങൾക്കറിയാമല്ലോ, ആരായാലും കലവറയില്ലാതെ പലതും പറയും!) മാഡം വെർഡുരിൻ എന്നോടു പറഞ്ഞു, 'ഓദത്തിനു നമ്മളോടു മമതയില്ലെന്നു പറയാൻ ഞാനാളല്ല, പക്ഷേ നമ്മുടെ വാക്കുകൾക്കു സ്വാൻ പറയുന്നതിനേക്കാൾ താഴ്ന്ന പരിഗണനയേ അവൾ നൽ

കുന്നുള്ളൂ'. ദൈവമേ, അതാ, കണ്ടക്ടർ എനിയ്ക്കുവേണ്ടി വണ്ടി നിർത്തു ന്നു, നിങ്ങളോടു സംസാരിച്ചിരുന്ന ലഹരിയിൽ ഇറങ്ങേണ്ട സ്ഥലം കണ്ണിൽപ്പെടാതെ പോയി, എന്റെ നീലത്തൂവൽ നേരേ നിവർന്നല്ലേ നിൽക്കുന്നത്? ദയവു ചെയ്തു പറയൂ!"

നീളൻ കൈയുറയിൽനിന്നു വലിച്ചെടുത്ത വെളുത്ത കൈത്തണ്ട യിൽ പതിഞ്ഞു കിടന്ന വണ്ടിച്ചീട്ടു മാഡം കോത്താർഡ് കൈമാറി യപ്പോൾ, ആ വണ്ടിയ്ക്കകത്തു പടർന്നു കയറിയ പരിഷ്കൃതജീവിത ത്തിന്റെ അന്തരീക്ഷം പെട്ടെന്നു കുളിപ്പിച്ചു വൃത്തിയാക്കിയ ശിശുവി ന്റെ തീക്ഷ്ണഗന്ധമായി മാറി. അവരോടും മാഡം വെർഡുരിനോടും (വേദനയില്ലാത്ത പ്രണയത്തിന്റെ ഈയൊരവസ്ഥയിൽ ഓദത്തി നോടും) സ്വന്തം മനസ്സിൽ കൃതജ്ഞത നിറഞ്ഞു കവിയുന്നതായി സ്വാനിനു തോന്നി. കുടയും ചീട്ടുപെട്ടിയും ഇടതുകൈകൊണ്ടു മാറോ ടടുക്കി, വലതുകൈകൊണ്ടു പാവാട ഒതുക്കിപ്പിടിച്ചു ശിരസ്സിൽ നിവർ ന്നു നിൽക്കുന്ന നീലത്തൂവലുമായി മാഡം കോത്താർഡ് വണ്ടിയുടെ ചവിട്ടുപടി ഇറങ്ങി. റൂബോണപ്പാർട്ടിലെ വളവു തിരിഞ്ഞു പ്രൗഢി യിൽ സ്വന്തം വഴിയൊരുക്കി മറ്റുള്ളവർക്കിടയിലൂടെ തിക്കിത്തിര ക്കി നടന്നു പോകുന്ന മാഡം കോത്താർഡിനെ വാത്സല്യമൂറുന്ന ക ണ്ണുകളോടെ സ്വാൻ അനുഗമിച്ചു.

ഓരോരോ വിഷയങ്ങൾ പറയുന്നതിനിടയിൽ ഓദത്തിനോടു സ്വാനിന്റെ മനസ്സിൽ മൃതപ്രായമായി കിടന്ന ചില വികാരങ്ങൾ ഉ ത്തേജിപ്പിയ്ക്കാൻവേണ്ടി മന:പൂർവമാണു മാഡം കോത്താർഡ് സൗ ഹൃദവും കൃതജ്ഞതാബോധവും ഇട കലർത്തി സംസാരിച്ചത്. ഇ ക്കാര്യത്തിൽ ഭർത്താവിനു സ്വപ്നം കാണാൻപോലും കഴിയാത്ത വിവേകമതിയായ ഡോക്ടറെപ്പോലെ, ഓദത്തിനു മാനുഷികമായൊ രു ഭാവപ്പൊലിമ പകർന്നു സ്വാനിനെ അവർ പ്രലോഭിപ്പിച്ചു. (അതേ വികാരങ്ങളുണർത്തിയ മറ്റു സ്ത്രീകളേക്കാൾ ഒരുപടി കൂടുതൽ) തന്മ യത്വപൂർവമായ ആ ലൗകികഭാവം, സ്വാനിനെ സംബന്ധിച്ചിട

ത്തോളം ചിത്രകാരന്റെ വീട്ടിൽവെച്ചു നടന്ന മദിരോത്സവത്തിനുശേഷം ഫോർഷ്‌വില്ലുമായി ഓറഞ്ചുനീരു കുടിയ്ക്കുമ്പോൾ തോന്നിയ സ്വസ്ഥമായ സൌഹൃദവും ആത്മപ്രണയവുമായി സന്തോഷപൂർവം ജീവിയ്ക്കാമെന്നു തീരുമാനിച്ച പഴയ ഓദത്തിലേയ്ക്കുള്ള മാനസികപരിവർത്തനം ത്വരിതഗതിയിലാക്കി.

ഓദത്തിനോടുള്ള പ്രണയം എന്നെങ്കിലുമൊരു ദിവസം അവസാനിപ്പിയ്ക്കേണ്ടിവരുമെന്നു മുമ്പൊക്കെ ഭീതിയോടെ ചിന്തിച്ചിരുന്നപ്പോൾ, അങ്ങനെയൊരു ചിന്ത മനസ്സിൽ നിന്നു പുറപ്പെടുന്ന നിമിഷം, പഴയ പ്രണയം തിരിച്ചു കൊണ്ടുവരണമെന്നു സ്വാൻ തീരുമാനിച്ചുറച്ചിരുന്നു. പക്ഷേ ഇന്നിപ്പോൾ, പ്രണയത്തിനു സംഭവിച്ച വിളർച്ചയ്ക്കു സമാനമായി കാമുകപദവിയ്ക്കുള്ള മോഹത്തിനും തളർച്ച നേരിട്ടപ്പോൾ, മനസ്സാക്ഷിയുടെ അനുശാസനമനുസരിച്ചു ജീവിയ്ക്കുന്നിടത്തോളം ആത്മപരിവർത്തനത്തിലൂടെ മറ്റൊരാളായിത്തീരാൻ സാദ്ധ്യതയില്ലെന്നു സ്വാൻ കണ്ടറിഞ്ഞു. ഓദത്തിന്റെ കാമുകന്മാരാണെന്നു കരുതിയ ആരുടെയെങ്കിലും പേരു പത്രവായനയ്ക്കിടയിൽ കണ്ണിൽപ്പെട്ടാലുടനെ അദ്ദേഹത്തിന്റെ അസൂയ പുറത്തുവരും. തീവ്രമായി അനുഭവിച്ചുപോന്ന ആ പീഡനത്തിൽനിന്നു സന്തോഷം കണ്ടെത്താനുള്ള വഴി ആ അസൂയതന്നെ ചൂണ്ടിക്കാണിച്ചു കൊടുത്തിരുന്നെങ്കിലും പ്രണയത്തിൽനിന്നു താനിനിയും പൂർണമോചനം നേടിയിട്ടില്ലെന്ന വസ്തുത ഇന്നിപ്പോൾ അദ്ദേഹത്തിനു ബോദ്ധ്യമായി. ഇതുപോലെ ഇനിയും വന്നു പെടാൻ സാദ്ധ്യതയുള്ള ആകസ്മികതകൾ ആ അലൌകിക സൗന്ദര്യത്തെ ദൂരെ നിന്നു രഹസ്യമായി നിരീക്ഷിയ്ക്കാനുള്ള അവസരങ്ങളൊരുക്കുമെന്നും അസൂയ സ്വാനിനെ പ്രലോഭിപ്പിച്ചു. ഒന്നുമില്ലെങ്കിൽ, വിഷാദിയായൊരു ചക്രവർത്തി പാരീസിൽനിന്നു വെനീസിനെ പിന്നിലാക്കി ഫ്രാൻസിലേയ്ക്കു കുതിയ്ക്കുമ്പോൾ അപ്രതീക്ഷിതമായി ചെവിയിൽ വന്നു മൂളിയ ചെറിയൊരു കൊതുക് ഇറ്റലിയും വേനലും വളരെയൊന്നും ദൂരത്തല്ലെന്നു സൂചിപ്പിച്ചതുപോലെ, ആശ്വാസകരമായൊരു സന്ത്രാസം സ്വാനിന്റെ മനസ്സിനു പുതുജീവൻ നൽകി.

ഉണർന്നെഴുന്നേൽക്കാൻ തുടങ്ങുന്ന സവിശേഷമായ ഈ കാലത്തു പക്ഷേ തുടർന്നുള്ള ജീവിതത്തിനു സഹായകമായ ചില ദൃശ്യങ്ങൾ ഓർമ്മയിൽനിന്നു പുറത്തെടുക്കുന്നതിനുവേണ്ടി പരിശ്രമിച്ചപ്പോൾ, സമയം വളരെ വൈകിപ്പോയതായി അദ്ദേഹം കണ്ടെത്തി. വേർപിരിഞ്ഞുപോന്ന പ്രണയത്തെ അപ്രത്യക്ഷമാകാൻ തുടങ്ങുന്ന മനോഹരമായൊരു പ്രകൃതിദൃശ്യംപോലെ പിന്തിരിഞ്ഞുനോക്കി ഉള്ളിലേയ്ക്കാവഹിയ്ക്കാൻ അദ്ദേഹം ആഗ്രഹിച്ചു. സ്വന്തം ഹൃദയത്തിൽനിന്നു കുടൊഴിഞ്ഞ വികാരങ്ങളുടെ ജീവൻ തുളുമ്പുന്ന ദൃശ്യങ്ങൾ പുറത്തെടുക്കുന്നതിനു പൂർണമായൊരു ദ്വന്ദ്വാവസ്ഥയിലേയ്ക്കു പ്രവേശിയ്ക്കുന്നതു ദുഷ്ക്കരമായി തോന്നി, തലച്ചോറിൽ ഉരുണ്ടുകൂടിയ കാർമേഘങ്ങൾ മൂലം യാതൊന്നും കാണാൻ കഴിയാതെ ശ്രമം ഉപേക്ഷിച്ച് അദ്ദേഹം മൂക്കത്തുനിന്നു കണ്ണട ഊരിയെടുത്തു ചില്ലുകൾ സാവകാശം തുടയ്ക്കാൻ തുടങ്ങി. ചിന്താകലുഷിതമായ മനസ്സിനു ചെറിയൊരു വിശ്രമം അനിവാര്യമാണെന്നു സ്വയം സമാശ്വസിപ്പിച്ച് തൽക്കാലം അദ്ദേഹം പിൻവാങ്ങി. കുട്ടിക്കാലം ചിലവഴിച്ച ജന്മദേശത്തുനിന്നു കയറിയ തീവണ്ടി അതിവേഗം പാഞ്ഞുപോകുമ്പോൾ ക്ഷീണം മൂലം മയക്കം വരുന്ന യാത്രക്കാരൻ കണ്ണുകൾ മൂടുന്ന തൊപ്പി താഴ്ത്തി അവസാനമായി വിട പറയാൻ പുറത്തേയ്ക്കു നോക്കണമെന്ന തീരുമാനം, യാതൊരു കാരണവശാലും മറന്നു പോകരുതെന്നു മനസ്സിലുറപ്പിയ്ക്കുന്നതുപോലെ, സ്വന്തമായൊരു കോണിൽ സ്വാൻ ഒതുങ്ങിനിന്നു. ആ യാത്രക്കാരനെപ്പോലെ ഫ്രാൻസിന്റെ അതിർത്തി കടക്കുന്നതിനുമുമ്പ് താനേ ഉണരുന്നില്ലെങ്കിൽ, ഒരുപക്ഷേ, വണ്ടിയിൽ നിന്നിറങ്ങുന്ന സമയം ഓദത്തിന്റെ കാമുകനാണു ഫോർഷ്വില്ലെന്നു തെളിയിയ്ക്കുന്ന ഒരു സൂചന യദൃച്ഛയാ കണ്ടെത്തുമ്പോൾ, യാതൊരു വേദനയും സൃഷ്ടിയ്ക്കാത്ത പ്രണയം തീർത്തും വിട്ടു പോയതായി കണ്ടറിഞ്ഞു സ്വയം ഉണർന്നെഴുന്നേറ്റ നിമിഷത്തെക്കുറിച്ചു നേരത്തേ മുന്നറിയിപ്പു ലഭിയ്ക്കാതിരുന്നതിൽ സ്വാൻ പരിതപിച്ചു. ചുംബനത്തിന്റെ മധുരസ്മരണകൾമൂലം മുഖഭാവത്തിനു മാറ്റമില്ലാതെ വളരെക്കാ

ലമായി മനസ്സിൽ സൂക്ഷിച്ചുപോന്ന ഓദത്തിന്റെ മുഖമുദ്ര ഓർമ്മയിൽ പതിപ്പിയ്ക്കാൻ ശ്രമിച്ചപ്പോൾ, അങ്ങനെ മനസ്സിൽ സജീവമായി നിലനിൽക്കുമ്പോൾത്തന്നെ പ്രണയവും അസൂയയും ജ്വലിപ്പിച്ച് അത്യധികമായ പീഡനം അടിച്ചേൽപ്പിച്ച ഓദത്തിനോട്, വീണ്ടും കാണാനിടയില്ലാതെ വിട പറയേണ്ട സാഹചര്യം ചിന്തയിലെങ്കിലും സംജാതമാകണമെന്നു സ്വാൻ സർവാത്മനാ പ്രത്യാശിച്ചു. പക്ഷേ, അദ്ദേഹത്തിനു തെറ്റി! രണ്ടാഴ്ചകൾക്കുശേഷം ഒരിയ്ക്കൽക്കൂടി അദ്ദേഹമവളെ കണ്ടു. അസ്തമയസന്ധ്യയുടെ അർദ്ധസുഷുപ്തിയിലായിരുന്നു ആ സന്ദർശനം നടന്നത്. മാഡം വെർഡ്യുരിൻ, ഡോക്ടർ കോത്താർഡ്, നെപ്പോളിയൻ മൂന്നാമൻ, എന്റെ മുത്തച്ഛൻ, ചിത്രകാരൻ, ഓദത്ത് തുടങ്ങി എല്ലാവരുംകൂടി തുർക്കിത്തൊപ്പി ധരിച്ച അപരിചിതനായൊരു യുവാവുമായി കടൽത്തീരത്തുകൂടി സാവധാനം നടക്കുകയായിരുന്നു. സ്വാൻ അവരെ അനുഗമിച്ചു. സമുദ്രത്തിലേയ്ക്കു ചാഞ്ഞു കിഴക്കാംതൂക്കായി കിടന്ന ആ ഭൂപ്രദേശം ചിലപ്പോൾ ഉയരത്തിലും ചിലയിടത്തു സമനിരപ്പിലുമായതുകൊണ്ട് അവർ നിരന്തരം മേലോട്ടും താഴോട്ടും കയറിയിറങ്ങി നടന്നു. താഴോട്ടുള്ള ചെരിവിൽ ചെന്നു നിൽക്കുന്നവരെ മേലോട്ടു കയറുന്നവർക്കു കാണാനാവില്ല. അവശേഷിച്ചിരുന്ന പകൽവെളിച്ചംപോലും മങ്ങി മാഞ്ഞു കറുത്തിരുണ്ട രാത്രി അവരുടെമേൽ അത്യാസന്നമായി വന്നു വീണുതുടങ്ങി. കിഴക്കാംതൂക്കായ പാറകളിൽ വന്നടിയ്ക്കുന്ന തിരമാലകൾ സ്വന്തം കവിളിൽ തണുത്തുറഞ്ഞ ജലകണങ്ങളായി മാറുന്നതു സ്വാൻ തൊട്ടറിഞ്ഞു. ഓദത്ത് അദ്ദേഹത്തോടു വെള്ളത്തുള്ളികൾ തുടച്ചുകളയാൻ ആവശ്യപ്പെട്ടു. പക്ഷേ, ഒരു നിശാവസ്ത്രംമാത്രം ധരിച്ച അദ്ദേഹം നിസ്സഹായനായി നോക്കി നിന്നു. മാത്രമല്ല, അങ്ങനെ അവളുടെകൂടെ നടക്കുന്നതിൽ അദ്ദേഹത്തിനൊരു സങ്കോചവും തോന്നി. ഇരുട്ടിലൊരുപക്ഷേ മറ്റാരുമതു ശ്രദ്ധിയ്ക്കില്ലെന്ന് അദ്ദേഹം പ്രത്യാശിച്ചു. മാഡം വെർഡ്യുരിനാകട്ടെ, ഒരിയ്ക്കലും അവസാനിയ്ക്കാത്തതെന്നു തോന്നിച്ച ഒരു നിമിഷനേരത്തേയ്ക്ക്, ആശ്ചര്യം സ്ഫുരിയ്ക്കുന്ന രണ്ടു കണ്ണുകൾ

അദ്ദേഹത്തിന്റെമേൽ തറപ്പിച്ചു നിർത്തി. അപ്പോൾ അവരുടെ നീണ്ടു വളർന്ന മൂക്കിനു താഴെ ഇടഉർന്ന ഒരു കറുത്ത താടി തെളിഞ്ഞു വന്നു മുഖത്തിനാകെ രൂപഭേദം വന്നതദ്ദേഹം ശ്രദ്ധിച്ചു. ഓദത്തിനെ നോക്കാൻ അദ്ദേഹം മുഖം തിരിച്ചു. ചുവന്ന ചെറിയ മുഖക്കുരുക്കളുള്ള അവളുടെ മുഖം വല്ലാതെ വിളർത്തു വിളറിയിരുന്നു; അവളുടെ അംഗോപാംഗങ്ങളിലെല്ലാം കറുത്തിരുണ്ട നിഴലുകൾ ചുറ്റിപ്പിണഞ്ഞിരുന്നു. തിരിഞ്ഞുനോക്കിയപ്പോൾ അവളുടെ കണ്ണിൽനിന്നൂറിയ വാത്സല്യത്തിന്റെ ജലകണങ്ങൾ അദ്ദേഹത്തിന്റെ മുഖത്തു കണ്ണീർത്തുള്ളികളായി വീഴാൻ തുടങ്ങി. അത്യധികമായി വിജൃംഭിക്കുന്ന പ്രണയവികാരത്തിൽ അദ്ദേഹം, ആ നിമിഷം, മറ്റാരും കാണാതെ, അവളെ ബലാൽക്കാരേണ കടത്തിക്കൊണ്ടുപോകാൻ ആഗ്രഹിച്ചു. ഓദത്ത് പെട്ടെന്നു കൈത്തണ്ട തിരിച്ച് ഒരു ചെറിയ വാച്ചിലേക്കു നോക്കി പറഞ്ഞു: "എനിക്കുടനെ പോകണം!". സ്വാനിനെ അടുത്തേക്കു വിളിക്കാതെ, അന്നു വൈകുന്നേരമോ അടുത്ത ദിവസമോ എവിടെ വെച്ചാണു പരസ്പരം കണ്ടുമുട്ടേണ്ടതെന്നുപോലും പറയാതെ, അവളൊരു ഔപചാരികഭാവത്തിൽ സകലരോടും വിട പറഞ്ഞു. ചോദിക്കാൻ ധൈര്യം വന്നില്ലെങ്കിലും അദ്ദേഹത്തിനവളെ പിന്തുടരണമെന്നു തോന്നി. പക്ഷേ തിരിഞ്ഞു നോക്കാനാവാതെ, അദ്ദേഹം മാഡം വെർഡ്യുരിന്റെ ഒരു ചോദ്യത്തിനു പുഞ്ചിരിയോടെ ഉത്തരം പറയാൻ നിർബന്ധിതനായി. അദ്ദേഹത്തിന്റെ ഹൃദയം ഭ്രാന്തമായി പിടഞ്ഞു. ആ നിമിഷം താൻ ഓദത്തിനെ വെറുക്കുന്നതായി അദ്ദേഹത്തിനു തോന്നി. ഒരു നിമിഷം മുമ്പുവരെ പ്രണയത്തിന്റെ വാത്സല്യം ചുരത്തിയ ആ കണ്ണുകൾ അദ്ദേഹമിപ്പോൾ കുത്തിപ്പൊട്ടിച്ച്, ജീവനില്ലാത്ത കവിളിൽ രക്തക്കറ ചിന്താൻപോലും ബദ്ധപ്പെട്ടു. അദ്ദേഹം മാഡം വെർഡ്യുരിന്റെകൂടെ മുകളിലേക്കു കയറി. അതായത്, അപ്പോൾ എതിർദിശയിൽ താഴോട്ടിറങ്ങുന്ന ഓദത്തിൽനിന്ന്, ഓരോ അടി വെക്കുന്തോറും സ്വാൻ അകന്നുപൊയ്ക്കൊണ്ടിരുന്നു. നിശ്ശബ്ദമാ

യൊരു നിമിഷം കടന്നുപോയി. അവളദ്ദേഹത്തെ വിട്ടുപിരിഞ്ഞു നിരവധി മണിക്കൂറുകൾ കഴിഞ്ഞുപോയിരിയ്ക്കുന്നു! ഓദത്തിനു പിന്നാലെ നെപ്പോളിയൻ മൂന്നാമൻ കൂട്ടത്തിൽനിന്നു വിട്ടുപോയ കാര്യം ചിത്രകാരൻ സ്വാനിന്റെ ചെവിയിൽ മന്ത്രിച്ചു. “എന്തൊക്കെയോ അവർ തമ്മിൽ നേരത്തേ ഏർപ്പാടു ചെയ്തിരിയ്ക്കും,“ അദ്ദേഹം പറഞ്ഞു: “പാറക്കെട്ടിനു താഴെ പരസ്പരം കണ്ടുമുട്ടാനും സാദ്ധ്യതയുണ്ട്. പക്ഷേ അസാധാരണമെന്നു മറ്റുള്ളവർക്കു തോന്നാനിടയുള്ളതുകൊണ്ട് അവരൊരിയ്ക്കലും ഒരേ സമയം വിട പറയാറില്ല. അവളയാളുടെ വെപ്പാട്ടിയായിക്കഴിഞ്ഞു!“. അവരുടെ സംസാരം കേട്ടുനിന്ന അപരിചിതനായ യുവാവ് പെട്ടെന്നു പൊട്ടിക്കരഞ്ഞു. സ്വാൻ അയാളെ കഴിയുന്നത്ര ആശ്വസിപ്പിയ്ക്കാൻ ശ്രമിച്ചു. “എന്തായാലും, അവൾ ചെയ്തതു ശരിയായിരുന്നു!“, തുർക്കിത്തൊപ്പി തലയിൽനിന്നെടുക്കാൻ സഹായിച്ച്, കവിളിലെ കണ്ണീരു തുടച്ചുകളഞ്ഞ് അദ്ദേഹം അയാളോടു പറഞ്ഞു. “ഒരു ഡസൻ തവണയെങ്കിലും ഞാനവളെ ഉപദേശിച്ചു. ഇനിയിപ്പോൾ നിങ്ങളെന്തിനു വിഷമിയ്ക്കണം? അയാൾക്കു മാത്രമേ അവളെ മനസ്സിലാക്കാനാവൂ!“. അപരിചിതനായ യുവാവ് മറ്റാരുമല്ല, താനാണെന്നു സ്വയം മനസ്സിലായ നിമിഷം സ്വാൻ ന്യായീകരിയ്ക്കാൻ ശ്രമിച്ചു. ആധുനികരായ നോവലിസ്റ്റുകളെപ്പോലെ, വ്യക്തിത്വത്തെ രണ്ടു കഥാപാത്രങ്ങളായി, തുർക്കിത്തൊപ്പി ധരിച്ച അപരിചിതനും സ്വപ്നത്തിലെ 'പ്രഥമ'പുരുഷനായ താനുമായി അദ്ദേഹം വിഭജിച്ചു.

നെപ്പോളിയൻ മൂന്നാമനെ സംബന്ധിച്ചിടത്തോളം, ആദ്യമൊക്കെ ആശയങ്ങളുടെ ചില അവ്യക്തസംയോഗങ്ങളായി, പിന്നീടു ചാർലൂസിന്റെ മുഖലക്ഷണങ്ങളിൽ വന്ന രാസപരിവർത്തനമായി, അവസാനം മാറിടത്തിൽ പതിഞ്ഞുകിടക്കുന്ന സൈന്യാധിപമുദ്രയായി ഫോർഷ്‌വില്ലിന്റെ പേരാണു സ്വാൻ നിർദ്ദേശിച്ചത്. ഉറക്കത്തിൽ തെറ്റായ ചില സൂചനകൾ സ്വീകരിച്ച ചലനാത്മകവും അപൂർണവുമായ ചിത്രങ്ങളിൽനിന്നു സ്വപ്നമായി പ്രത്യക്ഷപ്പെട്ടു പിന്നീടു സത്യ-മായി മാറിയ അയാൾ തീർച്ചയായും ഫോർഷ്‌വില്ലായിരുന്നു. പരി

ണാമചക്രത്തിലെ താഴ്ന്നതരം ജീവികളെപ്പോലെ, നേരായൊരു വിഭജനം വഴി പുനരുൽപ്പാദനശേഷി നേടാൻ കഴിഞ്ഞ തന്റെ സർഗശക്തിയിൽ സ്വാനേറെ സന്തോഷിച്ചു. പെട്ടെന്നു കൈപ്പടത്തിൽ അനുഭവപ്പെട്ട ഒരിളംചൂടിൽ അപരിചിതമായ കരസ്പർശം തൊട്ടറിഞ്ഞ്, അപ്പോഴും ബോധം വരാതെ കിടന്ന വികാരങ്ങളിൽനിന്നു ക്ഷണികമായ ചില അവസ്ഥകളും യുക്തിബദ്ധമായ പരമ്പരകളും കണ്ടെത്തി, സ്വപ്നത്തിന്റെ സന്ദിഗ്ദ്ധഘട്ടങ്ങളിൽ തന്റെ പ്രണയം സ്വീകരിയ്ക്കാൻ സന്നദ്ധയായി നിൽക്കുന്ന ഒരുവളെ അദ്ദേഹം സൃഷ്ടിച്ചു. പെട്ടെന്നൊരു നിമിഷം രാത്രി അന്ധകാരമയമായി, ഒരലാറം അത്യുച്ചത്തിൽ മുഴങ്ങി. തീജ്വാലകൾ ആളിക്കത്തുന്ന വീടുകളിൽനിന്നു പുറത്തിറങ്ങി രക്ഷപ്പെടാനുള്ള ശ്രമത്തിൽ അന്തേവാസികൾ അദ്ദേഹത്തെ മറികടന്നു മുന്നോട്ട് ഓടിപ്പോയി. ആഞ്ഞടിയ്ക്കുന്ന തിരമാലകളുടെ ഇരമ്പവും നെഞ്ചിനുള്ളിൽ ഉദ്വേഗപൂർവം തുടിയ്ക്കുന്ന ഹൃദയസ്പന്ദനങ്ങളും അദ്ദേഹം കേട്ടു. ഹൃദയത്തുടിപ്പുകളുടെ ഗതിവേഗം പെട്ടെന്നിരട്ടിച്ചപ്പോൾ, വിശദീകരിയ്ക്കാനാവാത്ത ഒരു വേദനയും മനംപിരട്ടലും അദ്ദേഹമനുഭവിച്ചു. ഭീകരരൂപിയായൊരു ഗ്രാമീണൻ, ശരീരമാകെ പൊള്ളലേറ്റു കുതിച്ചോടുന്നതിനിടയിൽ അദ്ദേഹത്തിന്റെ ദേഹത്തേയ്ക്കു വന്നു വീണ സംഭ്രമസ്വരത്തിൽ പുലമ്പി: 'ഇന്നലെ രാത്രി ഓദത്ത് എവിടെയായിരുന്നെന്നു ചാർലൂസിനോടു ചോദിയ്ക്കൂ! അവളുടെ സകല കാര്യങ്ങളും അയാൾക്കറിയാം. അതെ, അവരാണ് ഈ വീടുകൾക്കു തീ വെച്ചത്!". സ്വപ്നത്തിലെ ഗ്രാമീണൻ സത്യത്തിൽ സ്വാനിനെ വിളിച്ചുണർത്താൻ വന്ന പരിചാരകനായിരുന്നു..! അയാൾ പറഞ്ഞു:

"സർ, നേരം എട്ടുമണി കഴിഞ്ഞു. ക്ഷുരകൻ വന്നിരുന്നു. ഞാനയാളോട് ഒരു മണിക്കൂറിനു ശേഷം വരാൻ പറഞ്ഞു".

ആ വാക്കുകൾ, പാത്രത്തിലെ വെള്ളത്തിൽ പതിച്ച പ്രകാശം മറ്റൊരു സൂര്യനായി മാറുന്ന അപവർത്തനപ്രക്രിയ വഴിയ്ക്കല്ലാതെ,

ഗാഢനിദ്രയുടെ അലകളിൽ ആഴ്ന്നിറങ്ങി സ്വാനിന്റെ ബോധതല ത്തിൽ ചെന്നെത്താൻ പര്യാപ്തമായില്ല. ഒരു നിമിഷം മുമ്പുവരെ ഉറ ക്കത്തിന്റെ അഗാധതയിൽ വിങ്ങിവീർത്ത്, അഗ്നിബാധയുടെ സംഭ വകഥ പുനർജ്ജനിയ്ക്കുന്നതുപോലെയായിരുന്നു, അലാറത്തിന്റെ മുഴ ക്കമായി മാറിയ വാതിൽമണിയുടെ ശബ്ദവും പരിചാരകന്റെ വാക്കു കളും സ്വാനിന്റെ ചെവിയിൽ ചെന്നലച്ചത്. മാത്രമല്ല, സ്വപ്നവേദിയു ടെ പശ്ചാത്തലദൃശ്യങ്ങൾ പൊടിയിൽപ്പെട്ടു ചിന്നിച്ചിതറിയപ്പോൾ, താനേ കണ്ണു തുറന്ന അദ്ദേഹം വളരെ ദൂരത്തു കടലലകളുടെ ഇരമ്പം ഒരിയ്ക്കൽക്കൂടി കേട്ടു; സ്വന്തം കവിളിൽ തൊട്ടുനോക്കിയ വിരലിൽ പക്ഷേ തീരെ ജലാംശമുണ്ടായിരുന്നില്ല. എങ്കിലും ഒരു ജലശീകര ത്തിന്റെ നനുത്ത വേദനയും ചുണ്ടുകളിലെ ഉപ്പുരസവും തിരിച്ചറിഞ്ഞ അദ്ദേഹം കട്ടിലിൽനിന്നെഴുന്നേറ്റു വേഷം മാറി. ഒരുകാലത്തു മിസ് ലെഗ്രാൻഡിനായിരുന്ന മാഡം കാംബ്രേമർ കുറച്ചു ദിവസം നാട്ടിലു ണ്ടാകുമെന്നു മനസ്സിലാക്കി അവരെ ചെന്നു കാണാൻ അന്നുച്ച കഴി ഞ്ഞു കോംബ്രേയിലേയ്ക്കു വരുന്നുണ്ടെന്നു തലേന്നുതന്നെ സ്വാൻ മു ത്തച്ഛനു കത്തെഴുതിയിരുന്നു; അദ്ദേഹം ആ യാത്രയ്ക്കു മുന്നോടിയാ യാണു ക്ഷുരകനെ ഏർപ്പാടു ചെയ്തിരുന്നത്. മാഡം കാംബ്രേമറുടെ ഓമനത്തം നിറഞ്ഞ മുഖത്തിന്റെ ഓർമ്മ, ബാല്യം ചിലവഴിച്ച ഗ്രാമ ത്തിന്റെ ഗൃഹാതുരത്വവുമായി ചേർന്നു പ്രത്യേകമായൊരു ആകർഷ ണത്തിനു വഴങ്ങി കുറച്ചുനാൾ പാരീസിൽനിന്നു വിട്ടുനിൽക്കാൻത ന്നെ അദ്ദേഹം തീരുമാനിച്ചു. ജീവിതത്തിൽ അടുത്തിടപഴകുന്നവരെ കാണാനിടയാകുന്ന ചില യാദൃച്ഛികതകൾ സഹജമായ സ്നേഹ ത്തിന്റെ പരിവർത്തനകാലഘട്ടങ്ങളുമായി പലപ്പോഴും യോജിച്ചു പോകാറില്ല. ചിലപ്പോൾ സ്നേഹം തുടങ്ങുന്നതിനുമുമ്പേ ബന്ധം നടന്നുകഴിഞ്ഞിരിയ്ക്കും; അല്ലെങ്കിൽ സ്നേഹം അവസാനിച്ചതിനു ശേഷമാകും ബന്ധം തുടങ്ങുന്നത്. ജീവിതത്തിൽ നിർണായകവും സുനിശ്ചിതവുമായ ആനന്ദം പകരാൻ വിധിയ്ക്കപ്പെട്ട വ്യക്തി ആദ്യ മായി തൊട്ടടുത്തു പ്രത്യക്ഷപ്പെടുന്ന കാഴ്ച, തിരിഞ്ഞുനോക്കുമ്പോൾ

ഒരു സൂചനയും മുന്നറിയിപ്പും നിമിത്തവുമായി നമ്മുടെ മനസ്സിൽ സവിശേഷമായൊരു മൂല്യം കൈവരിയ്ക്കാറുണ്ട്. ഈയൊരു രീതിയിലായിരുന്നു, ഒരു വൈകുന്നേരം നാടകശാലയിൽവെച്ച് ആദ്യമായി ഓദത്തിനെ കണ്ടുമുട്ടിയ ശേഷം വീണ്ടുമൊരിയ്ക്കൽ കാണാൻ കഴിയുമെന്ന പ്രതീക്ഷയില്ലാതെ അവളുടെ രൂപം അദ്ദേഹം മനസ്സിൽ കൊണ്ടുനടന്നത്. മാഡം സാങ്യൂവെർട്ടിന്റെ വിരുന്നിൽ വെച്ച് ജനറൽ ഫ്രോബർവില്ലിനെ മാഡം കാംബ്രേമറിനു പരിചയപ്പെടുത്തിക്കൊടുത്ത സംഭവം അപ്പോൾ അദ്ദേഹത്തിനു പെട്ടെന്നോർമ്മ വന്നു. ദു:ഖങ്ങൾ ജീവിതം ദുസ്സഹമാക്കുന്ന അതേ സാഹചര്യങ്ങളിൽത്തന്നെ ജീവൻ തുടിയ്ക്കുന്ന മറ്റൊരാനന്ദം ഉറവെടുക്കുന്നതു സത്യത്തിൽ ജീവിതത്തോടുള്ള താൽപ്പര്യം ബഹുമുഖമാക്കി വികസിപ്പിയ്ക്കുന്നുണ്ട്. അന്നു വൈകീട്ടു മാഡം സാങ്യൂവെർട്ടിന്റെ വിരുന്നിൽ പങ്കെടുക്കാതെ മറ്റെവിടേയ്ക്കെങ്കിലും പോയിരുന്നെങ്കിൽ, ഒരുപക്ഷേ ഈ സന്തോഷസന്താപങ്ങൾ അനിവാര്യമായി തോന്നുമായിരുന്നില്ല. സംഭവിച്ചു കഴിഞ്ഞ കാര്യങ്ങളാണു സത്യത്തിൽ അനിവാര്യങ്ങളായി സ്വാനിനു തോന്നിയത്. മാഡം സാങ്യൂവെർട്ടിന്റെ വിരുന്നിനു പോകാൻ തീരുമാനിച്ചതിനു പിന്നിൽ ദൈവനിയോഗത്തിന്റെ ഒരംശമുണ്ടെന്നു കരുതാതെ നിസ്സംഗത ഭാവിയ്ക്കാനും അദ്ദേഹത്തിനു കഴിഞ്ഞില്ല. ജീവിതം സ്വയം വെളിപ്പെടുത്തുന്ന സങ്കൽപ്പങ്ങളുടെ സമ്പന്നത മുഴുവൻ വിസ്മയപൂർവം നോക്കിക്കാണാൻ അദ്ദേഹം സർവാത്മനാ പരിശ്രമിയ്ക്കാറുണ്ട്. പരമമായ ലക്ഷ്യം നേടുന്നതുപോലെ അനന്തമായ സമസ്യകളുടെനേർക്കു പിന്തിരിയുന്ന ഒരു ബലഹീനതയും അതേസമയം അദ്ദേഹത്തെ ബാധിച്ചിരുന്നു. അതുകൊണ്ട്, അന്നു വൈകുന്നേരം അനുഭവിച്ച പീഡനങ്ങളും, അതേ സമയത്തു ജീവൻ തുടിയ്ക്കാൻ തുടങ്ങിയ ആനന്ദവും തമ്മിൽ കൃത്യമായൊരു സന്തുലനം സാധിയ്ക്കാനാവാതെ അദ്ദേഹം കുഴങ്ങി; എങ്കിലും അവയോരോന്നും ഒരൊറ്റ ചങ്ങലയുടെ കണ്ണികളായി പരസ്പരം ബന്ധിയ്ക്കപ്പെട്ടിരിയ്ക്കുന്നത് അദ്ദേഹം കണ്ടറിഞ്ഞു.

പക്ഷേ ഉണർന്നതിനുശേഷം ഏതാണ്ടൊരു മണിക്കൂറു കഴിഞ്ഞു യാത്ര പുറപ്പെടുന്നതിനുമുമ്പ് ശിരസ്സിൽ എഴുന്നു നിൽക്കുന്ന മുടി പാറിപ്പറക്കാതെ ചീകിയൊതുക്കാൻ ക്ഷുരകനു നിർദ്ദേശം നൽകുന്നതിനിടയിൽ, ഒരിയ്ക്കൽക്കൂടി സ്വാൻ ആ സ്വപ്നത്തെക്കുറിച്ചോർത്തു. ഓദത്തിനോടുള്ള അനശ്വരപ്രണയം സാദ്ധ്യമാക്കിയ സ്നേഹത്തിന്റ ശക്തമായ ആവേശങ്ങൾക്കിടയിൽ ആദ്യമായി അവളെക്കുറിച്ചുണ്ടാക്കിയ ധാരണ വിസ്മൃതിയിലേയ്ക്കു മാഞ്ഞുപോയിരുന്നു. ഇന്നിപ്പോൾ തൊട്ടടുത്തു കാണാൻ കഴിഞ്ഞ ആ വിളറിയ ശരീരവും മെലിഞ്ഞൊട്ടിയ കവിളുകളും വലിഞ്ഞുതുങ്ങിയ പേശികളും തളർന്നവശമായ കണ്ണുകളും ആദ്യസൗഹൃദത്തിന്റെ നാളുകൾക്കുശേഷം ഒരിയ്ക്കലും അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. ഉറക്കത്തിനിടയിൽ ആ വിഷയങ്ങളെക്കുറിച്ചു കൃത്യമായൊരു അവബോധം ആരായുന്ന അദ്ദേഹത്തിന്റെ ഓർമ്മ പഴയ കാലത്തേയ്ക്കു മടങ്ങിച്ചെന്നു. സാധാരണ ഇടവിട്ടുണ്ടാകാറുള്ള ജഡാത്മകമായ രോഗാവസ്ഥയുടെകൂടെ തീർത്തും അസന്തുഷ്ടനാണെന്ന ബോധംകൂടി മനസ്സിലൊരു കിരുകിരുപ്പായി തോന്നിയ അദ്ദേഹം, ധാർമ്മികതയുടെ നിലവാരം ചെറുതായൊന്നു താഴ്ത്തി, ഹൃദയഭേദകമായ വിലാപസ്വരത്തിൽ ഉറക്കെ വിളിച്ചു പറഞ്ഞു: “അതെ, ഇന്നു ഞാൻ മനസ്സിലാക്കുന്നു! ജീവിതത്തിലെ നിരവധി വർഷങ്ങൾ ഞാൻ വെറുതെ ധൂർത്തടിച്ചുകളഞ്ഞു. തൊട്ടറിയാൻ കഴിഞ്ഞ മഹനീയമായ സ്നേഹം, എനിയ്ക്കു സംതൃപ്തി നൽകുകയോ എന്റെ ശൈലിയ്ക്കിണങ്ങുകയോ ചെയ്യാത്ത വിലക്ഷണം ബാധിച്ച ദുർവൃത്തയായൊരു സ്ത്രീയുടെ നേർക്കു ഞാൻ കരുതിവെച്ചു! അതെ, സത്യത്തിൽ ആത്യന്തികമായ ഒരു മരണത്തിനുവേണ്ടിയായിരുന്നു ഞാൻ മനസ്സുരുകി ദാഹിച്ചത്!“.

നാല് : സ്ഥലനാമങ്ങൾ

ഉറക്കം വരാത്ത രാത്രികളിൽ വളരെ സാധാരണമായ പലതരം മുറികളുടേയും ഛായാചിത്രങ്ങൾ എന്റെ മനസ്സിൽ സ്വയമേവ രൂപമെടുക്കാറുണ്ട്. ഭരണിയുടെ സുതാര്യമായ വശത്തു കത്തുന്ന തീനാളത്തിന്റെ നീലനിറം, കഴുകി വൃത്തിയാക്കിയ ചുമരുകളിൽ പ്രതിഫലിയ്ക്കുന്നതുപോലെ, ആകാശനീലിമ ചാലിച്ച് വായുവിൽ ഉപ്പുരസം രുചിയ്ക്കുന്ന ബാൽബെക്കിലെ ഹോട്ടൽ ലാ പ്ലേജാണ് ഞങ്ങൾ താമസിയ്ക്കാൻ തിരഞ്ഞെടുത്തത്; അന്തരീക്ഷത്തിലെ പൊടിപടലങ്ങൾ സഹജമായ ഗുരുത്വം മൂലം കട്ടിപിടിച്ച് നാവിലിട്ടു നുണയ്ക്കാവുന്ന പൂമ്പൊടികളായി മാറിയ കോംബ്രേയിലെ മുറിയിൽനിന്നു പറയത്തക്ക ഒരു വ്യത്യാസവും ഞങ്ങളുടെ മുറിയ്ക്കു ഞാൻ കണ്ടില്ല. ഹോട്ടൽ മോടിപിടിപ്പിയ്ക്കാൻ നിയോഗിയ്ക്കപ്പെട്ട ബവേറിയക്കാരനായ ശിൽപ്പി, ഓരോ മുറിയ്ക്കും വ്യത്യസ്തമായ ചില ആലങ്കാരികപദ്ധതികളാണു രൂപകൽപ്പന ചെയ്തത്. ഞങ്ങൾക്കു ലഭിച്ച മുറിയിൽ മുൻവശത്തു ചില്ലുവാതിലുകളുമായി മൂന്നു വശത്തും ചുമരുകൾക്കെതിരെ ഉയരം കുറഞ്ഞു പുസ്തകങ്ങൾ വെയ്ക്കാവുന്ന ചില അലമാരകൾ സ്ഥാപിച്ചിരുന്നു. നിരന്തരം മാറി മറിയുന്ന കടൽക്കാഴ്ചകൾ, ഒരുപക്ഷേ ശിൽപ്പി കണക്കിലെടുക്കാൻ വിട്ടുപോയ പ്രകൃതിനിയമത്തിന്റെ സ്വാധീനം മൂലം, സദാസമയവും ചുമരുകളിൽ പ്രതിഫലിച്ചു. മഹാഗണിയിൽ പണിത അലമാരകളുടെ മിനുസമാർന്ന പ്രതലം മൂലം, ചിലപ്പോഴൊക്കെ കാഴ്ചയിൽനിന്നു മറഞ്ഞുപോകുന്ന ചുമരുകൾ, സമുദ്രത്തിന്റെ നിശ്ചലദൃശ്യങ്ങളാൽ സമലംകൃതമായി. ഗാർഹികപ്രദർശനങ്ങളിൽ ഈയിടെ കണ്ടുവരുന്ന ചില കിടപ്പറകൾപോലെ, രാത്രിയിൽ ഉറങ്ങാൻ കിടക്കുന്നവരുടെ കണ്ണുകൾക്കു കണക്കറ്റ കുളിർമ്മ തോന്നി

യ്ക്കുന്നവിധം, ബോധപൂർവമായ ശിൽപ്പചാതുര്യത്തിൽ ചുമരുകളെല്ലാം ദൃശ്യസമ്പന്നമായിരുന്നു. അതിനും പുറമേ, അന്തേവാസികളുടെ മാനസികനില പ്രാദേശികസാഹചര്യങ്ങളുമായി പൊരുത്തം വരുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള മുറിയുടെ രൂപകൽപ്പന കാര്യക്ഷമവുമായി കാണപ്പെട്ടു.

കൊടുങ്കാറ്റു വീശുന്ന ദിവസങ്ങളിലൊക്കെ ഞാൻ പലപ്പോഴും സ്വപ്നം കാണാറുള്ള ബാൽബെക്കിനു പക്ഷേ തൊട്ടുമുന്നിൽ കണ്ട പട്ടണവുമായി യാതൊരു സാമ്യവുമുണ്ടായിരുന്നില്ല. പണ്ടു കാംപ്സ്എലിസീസിലൂടെ എന്നെ കൈപിടിച്ചു നടത്താറുള്ള ഫ്രാങ്കോയ്സ്, കാറ്റു ശക്തിയായി വീശുമ്പോൾ വീടുകളുടെ മേൽക്കൂരയിൽനിന്നടരുന്ന ഓടുകൾ തലയിൽ വന്നു വീഴാതിരിയ്ക്കാൻ തെരുവിന്റെ ഓരം ചേർന്നു നടക്കരുതെന്നു മുന്നറിയിപ്പു നൽകി, പത്രത്തിൽ വായിച്ച കപ്പൽ ഛേദങ്ങളുടേയും ദുരന്തങ്ങളുടേയും വാർത്തകളോരോന്നും വിലാപസ്വരത്തിൽ എണ്ണിപ്പെറുക്കാറുണ്ട്. കടലിലെ കൊടുങ്കാറ്റിന്റെ ദൃശ്യം വെറുമൊരു കൗതുകക്കാഴ്ചയിലുപരി, പരമമായൊരു ചൈതന്യത്തിന്റെ ക്ഷണികദർശനമെന്ന നിലയിൽ കാണാനാണു ഞാൻ താൽപ്പര്യപ്പെട്ടത്. മാത്രമല്ല, വെറും നേരമ്പോക്കിനുവേണ്ടി കൃത്രിമമായി കെട്ടിച്ചമച്ചതല്ലെന്നു ബോദ്ധ്യമുള്ള പ്രകൃതിദൃശ്യങ്ങളുടേയും വിശിഷ്ടകലാസൃഷ്ടികളുടേയും ചാരുതപോലെ ആവശ്യകതയുടെ അനിവാര്യതയില്ലാത്ത മറ്റൊരു കൗതുകക്കാഴ്ചയും അന്നെന്റെ മനസ്സിലുണ്ടായിരുന്നില്ല. ഞാനൊരിയ്ക്കലും ഒരു ജിജ്ഞാസുവായിരുന്നില്ല. മനുഷ്യകരസ്പർശമേൽക്കാതെ പൂർണമായും പ്രകൃതിയ്ക്കു വിധേയമാകുമ്പോൾ പ്രത്യക്ഷപ്പെടുന്ന മഹിമാതിരേകമല്ലാതെ, പ്രതിഭയും മഹത്വവും പ്രതിഫലിപ്പിയ്ക്കുന്ന ഉദാത്തദൃശ്യങ്ങളല്ലാതെ, മൗലികതയിൽ മാത്രം വിശ്വാസമർപ്പിച്ച എനിയ്ക്കു മറ്റൊന്നുമറിയാൻ മോഹമുണ്ടായിരുന്നില്ല. മാതൃവിയോഗത്തിൽ കേഴുന്നവർക്കു ശബ്ദലേഖനം ചെയ്തു വെച്ച അവരുടെ വാത്സല്യമധുരമായ വാക്കുകൾ വീണ്ടും കേൾക്കാനിട വരുന്നതു യാതൊരുവിധ സാന്ത്വനവും പകരാത്തതുപോലെ, കൊടുങ്കാ

റ്റിന്റെ അനുകരണങ്ങൾ അവതരിപ്പിയ്ക്കുന്ന പ്രദർശനനഗരിയിലെ പ്രകാശപൂരിതമായ ജലധാരായന്ത്രങ്ങൾ എന്റെ ഭാവനകളെ മരവിപ്പിയ്ക്കുകയാണു പതിവ്. നഗരശിൽപ്പികൾ പണിത കലുങ്കിൽ കയറിനിന്നുകൊണ്ട് എനിയ്ക്കൊരിയ്ക്കലും കടൽ കാണാനാവില്ല. സ്വാഭാവികമായ ഒരു കടൽത്തീരത്തുനിന്നു നോക്കിയാൽ മാത്രമേ കൊടുങ്കാറ്റിന്റെ നിരുപാധികമായ മൗലികത ആസ്വദിയ്ക്കാനാവൂ! ഈ ലോകത്തു മനുഷ്യർ നടത്തുന്ന യാന്ത്രികമായ സകല ഭാവനാസൃഷ്ടികൾക്കും നേർവിപരീതമാണു പ്രകൃതിയുടെ മൌലികമായ വികൃതികളെന്നും ആ കൊടുങ്കാറ്റുണർത്തിയ വികാരങ്ങൾ എന്നെ പഠിപ്പിച്ചു. മൗലികമായ ആ മുദ്രകൾക്ക് ആനുപാതികമായി പുഷ്ക്കലമായ അനവധി വിശാലസ്ഥലികളും എന്റെ മനസ്സിൽ താനേ ഉയർന്നുവന്നു. സംഭവിച്ചതെന്താണെന്നു വെച്ചാൽ, ലെഗ്രാൻഡിൻ പ്രവചിച്ചതുപോലെ, സമുദ്രതീരത്തു 'വർഷത്തിലാറു മാസവും തിരമാലകളിൽ നിന്നുയരുന്ന മൂടൽമഞ്ഞിൽ പുതഞ്ഞു കണക്കറ്റ കപ്പൽഛേദങ്ങളുടെപേരിൽ ശ്മശാനതീരമെന്നു പേരുകേട്ട' ബാൽബെക്കിന്റെ പേര് കുട്ടിക്കാലം മുതൽക്കുതന്നെ ഞാൻ മനസ്സിൽ കുറിച്ചിട്ടു കഴിഞ്ഞിരുന്നു!

'ഇന്നിപ്പോൾ ഇവിടെ കണ്ടുവരുന്നതിനേക്കാൾ വളരെ വലിയ ചില ഹോട്ടലുകൾ നിങ്ങൾക്കവിടെ കാണാ'മെന്നു ലെഗ്രാൻഡിൻ ഞങ്ങളോടു പറഞ്ഞിരുന്നു. (കടൽത്തീരങ്ങളിൽ ഉയർന്നുവരുന്ന കൃത്രിമമന്ദിരങ്ങൾ പക്ഷേ, ഭൗമശരീരത്തിലെ പഴക്കവും തഴക്കവും ചെന്ന തരുണാസ്ഥിയ്ക്കു യാതൊരു പോറലുമേൽപ്പിയ്ക്കാൻ പോകുന്നില്ല!). “പൗരാണികമായൊരു നഗരത്തിന്റെ മുനമ്പിലാണു ചെന്നുനിൽക്കുന്നതെന്ന ബോദ്ധ്യം സ്വന്തം കാൽപാദങ്ങളിൽ നിങ്ങൾക്കു തൊട്ടറിയാം. കടൽത്തീരങ്ങളിൽ അനാദികാലം മുതൽക്കേ ജീവിച്ചുപോന്ന മുക്കുവരുടെ അവസാനത്തെ അഭയകേന്ദ്രമായി, രാത്രിഞ്ചരന്മാരും കടൽത്തവളകളും യഥേഷ്ടം വിഹരിയ്ക്കുന്ന ഒരനശ്വരസാമ്രാജ്യമാണത്!“. പ്രക്ഷുബ്ധമായ കൊടുങ്കാറ്റു നേരിട്ടനുഭവിച്ചറിയാൻ സമുചിതമാ

യൊരു സ്ഥാനത്തെക്കുറിച്ച ഞങ്ങളൊരു ദിവസം കോംബ്രേയിൽ വെച്ച ചോദിച്ചപ്പോൾ സ്വാൻ പറഞ്ഞു: “ബാൽബെക്കിനെക്കുറിച്ച ചില കാര്യങ്ങളൊക്കെ എനിയ്ക്കറിയാം! പന്ത്രണ്ടാം നൂറ്റാണ്ടിൽ റോമൻശൈലിയിൽ പണി കഴിപ്പിച്ച ബാൽബെക്കിലെ പള്ളി യാതൊരു കേടുപാടുമില്ലാതെ ഇന്നും നിലനിൽക്കുന്നുണ്ട്. മാത്രമല്ല, നോർമ്മൻ വാസ്തുവിദ്യയുടെ കൗതുകകരമായൊരു മാതൃകയായി ആ പള്ളി കണക്കാക്കപ്പെടുകയും ചെയ്യുന്നു. കാഴ്ചക്കാരിൽ ഒരുതരം വൈകാരികത വളർത്തുന്നതുകൊണ്ട് 'പേർഷ്യ'നെന്നു വിവരിയ്ക്കാവുന്ന ഒരു മൌലികതയും പള്ളിയ്ക്കവകാശപ്പെടാം“. ചരിത്രാതീതകാലം മുതൽക്കേ പ്രകൃതിയുടെ അവിഭാജ്യഭാഗമായി മാറിയ ആ പ്രദേശത്തെക്കുറിച്ച കൂടുതലൊന്നും ഞാൻ മനസ്സിലാക്കിയിരുന്നില്ല. തിമിംഗലങ്ങളുടെ ജീവശാസ്ത്രമല്ലാതെ ഭ്രുവിജ്ഞാനത്തിന്റെ മഹത്വമുൾക്കൊണ്ട മദ്ധ്യകാലഘട്ടത്തെക്കുറിച്ച നിരഭിജ്ഞരായ കിരാതവംശജരായിരുന്നു, കടൽത്തീരത്തെ മുക്കുവന്മാർ. കടലിന്റെ വിശാലമായ വിദൂരതയിൽ റോമൻചരിത്രാവബോധം ഹൃദയത്തിൽ കാത്തു സൂക്ഷിച്ച ആ പ്രദേശം പെട്ടെന്നു നൂറ്റാണ്ടുകളുടെ നിരയിലേയ്ക്കിറങ്ങി വന്നു സ്ഥാനം പിടിച്ചു; ധ്രുവപ്രദേശങ്ങളിലെ ദുർബലമെങ്കിലും സുദൃഢമായ വേരുകളുള്ള ചില ചെടികൾ, വസന്തകാലത്തെ മൂടൽമഞ്ഞിലേയ്ക്കു പരാഗങ്ങൾ ചിതറിത്തെറിപ്പിയ്ക്കുന്നതുപോലെ, മുൻകൂട്ടി തീരുമാനിച്ചുറപ്പിച്ച കാലങ്ങളിൽ വാസ്തുവിദ്യയുടെ ത്രികോണരൂപം പൂണ്ടു പാറക്കെട്ടുകളിൽപ്പോലും വർണഭംഗി വിരിയിയ്ക്കുന്ന കാഴ്ച ഞാനേറെ വിസ്മയത്തോടെ നോക്കിക്കണ്ടു. പ്രദേശവാസികളെ സംബന്ധിച്ച തികച്ചും അന്യമായൊരു വിലാസം ആ വാസ്തുവിദ്യാവൈഭവം വഴി ലഭിച്ചെങ്കിൽ പകരം മറ്റൊരു വിശേഷാംഗീകാരം അവർ തിരിച്ചു നൽകാതേയുമിരുന്നില്ല; മറ്റാർക്കുമൊരു സംശയവും തോന്നാത്തവിധം നരകതീരങ്ങളുടെ മുനമ്പിലും മരണക്കൊടുമുടിയുടെ താഴ്വരയിലും സാമൂഹ്യസംയോഗങ്ങളുടെ കാതരശ്രമങ്ങൾക്കു യോജിച്ച സ്ഥാനങ്ങൾ അവരവിടെ കണ്ടെത്തി. അവരുടെ ദിനചര്യകളെക്കുറിച്ചൊരു ഏക

ദേശധാരണ സ്വരൂപിയ്ക്കാൻ ഞാനൊന്നു ശ്രമിച്ചുനോക്കി. നാഗരിക സംസ്കാരങ്ങളിൽനിന്നു വേർതിരിച്ചെടുത്ത വാസ്തുവിദ്യ പൊതുവേ കരുതിയിരുന്നതിൽനിന്നു വ്യത്യസ്തമായി സജീവമായൊരു സാന്നിദ്ധ്യമാണെന്നു ഞാനപ്പോൾ മനസ്സിലാക്കി. കിരാതമായ ചങ്ങലപ്പാറകളിൽ വേരുപിടിച്ചു വളരുകയും സവിശേഷസാഹചര്യങ്ങളിൽ അഗ്രം കൂർത്ത സർപ്പിളാകൃതിയിലുള്ള പൂക്കൾ വിടർത്തുകയും ചെയ്യുന്ന ചെടികളുടെ ആന്തരാർത്ഥം എനിയ്ക്കപ്പോൾ വ്യക്തമായി ഉൾക്കൊള്ളാൻ കഴിഞ്ഞു. പള്ളിയുടെ പൂമുഖത്തു സ്ഥാപിച്ചിരുന്ന കന്യകാരൂപമടക്കം പരുഷസ്വഭാവികളും മന്ദബുദ്ധികളുമായ അപ്പോസ്തലന്മാരുടെ പ്രതിമകൾ നേരിട്ടു കാണാനും എനിയ്ക്കവസരം ലഭിച്ചു. ഒരു ദിവസം ഉപ്പുമഞ്ഞിന്റെ പശ്ചാത്തലത്തിൽ ആ പ്രതിമകളോരോന്നും ഘനരൂപം പൂണ്ടു വളരുന്ന ദൃശ്യത്തിനു ദൃക്സാക്ഷിയാകാമെന്ന ചിന്തയിലെ സന്തോഷാധിക്യത്തിൽ എനിയ്ക്കു ശ്വാസംവിടാൻപോലും കഴിഞ്ഞില്ല. കിടപ്പുമുറിയുടെ ചിമ്മിനിയിൽ പ്രക്ഷുബ്ധമായ കൊടുങ്കാറ്റു വീശിയടിച്ച ഫെബ്രുവരിയിലെ ഒരു രാത്രി, പ്രിയങ്കരമായ ചില ജന്മവാസനകൾ പ്രകമ്പനം കൊള്ളിയ്ക്കുന്നവിധം ഹൃദയത്തിലേയ്ക്കു താഴ്ന്നിറങ്ങി വന്നപ്പോൾ, ബാൽബെക്കിലേയ്ക്കുള്ള എന്റെ യാത്ര വാസ്തുകലയോടുള്ള അഭിനിവേശവും കടലിലെ കൊടുങ്കാറ്റുമായി അലിഞ്ഞു ചേർന്നു.

എന്നോടു വ്യക്തിപരമായൊരു വാത്സല്യം ചുരത്തി റെയിൽവേ സ്റ്റേഷനിൽനിന്നു ദിവസേന കൃത്യം ഒരു മണി ഇരുപത്തിരണ്ടു മിനുട്ടിനു പുറപ്പെടുന്ന തീവണ്ടിയിൽ അടുത്ത ദിവസം കയറിപ്പറ്റാമെന്നു ഞാൻ ആഗ്രഹിച്ചു. റെയിൽവേയുടെ പല പരസ്യങ്ങളിലും പത്രക്കുറിപ്പുകളിലും തീവണ്ടികൾ പുറപ്പെടുന്ന സമയസൂചന, തുടിയ്ക്കുന്ന ഹൃദയത്തോടെയല്ലാതെ ഒരിയ്ക്കലും എനിയ്ക്കു വായിയ്ക്കാൻ കഴിഞ്ഞിട്ടില്ല: സുനിശ്ചിതമായൊരു സ്ഥാനത്തുവെച്ചു വിഭജിയ്ക്കപ്പെടുന്ന സമയഖണ്ഡങ്ങൾ, ഓരോരുത്തർക്കും സൗകര്യപൂർവം തിരഞ്ഞെടുക്കാൻ കഴിയുന്നവിധം, വിദൂരതകളിലേയ്ക്കു നീണ്ടു ചെന്നു പാരീസുമായി ബ

സ്ഥമില്ലാത്ത ചില നഗരങ്ങളുടെ രഹസ്യചിഹ്നങ്ങളായി, പ്രദോഷ പ്രഭാതങ്ങളുടെ മദ്ധ്യരേഖകളായി, പ്രലോഭനീയമായൊരു നീണ്ട ചാൽ കീറുകയാണ തീവണ്ടി ചെയ്യുന്നതെന്ന ഞാൻ വിചാരിയ്ക്കാറുണ്ട്. ബയോക്സ്, കോട്ടൻസെസ്, ക്യൂസ്റ്റാംബെർട്ട്, വിട്രേ, പോൻ്റോഴ്സൺ, ബാൽബെക്ക്, ലാനിയോൺ, സൂനിക്ക്, ലംബാല്ലെ, ബെനോഡെറ്റ്, പോണ്ട്അവെൻ, ക്വിംപെർലെ, തുടങ്ങി ഓരോ സ്റ്റേഷനിലും അൽപ്പനേരം നിർത്തിയശേഷം രാജകീയപ്രൗഢിയോടെ വണ്ടി വീണ്ടും മുന്നോട്ട കുതിയ്ക്കുമ്പോൾ, എനിയ്ക്കുവേണ്ടി നീക്കിവെച്ച ആ പേരുകളുടെ അധികഭാരത്തിൽ ഒന്നുപോലും ഉപേക്ഷിയ്ക്കാനാവാതെ, ഏതാണ തിരഞ്ഞെടുക്കേണ്ടതെന്നറിയാതെ, ഞാൻ കുഴങ്ങിപ്പോകാറുണ്ട്. അച്ഛനമ്മമാർ അനുവദിച്ചാൽ അടുത്ത ദിവസത്തെ തീവണ്ടിയ്ക്കുവേണ്ടി കാത്തിരിയ്ക്കാതെ പെട്ടെന്നെഴുന്നേറ്റ വേഷം മാറി അന്ന വൈകുന്നേരംതന്നെ പാരീസ് വിടുകയാണെങ്കിൽ, ഇരമ്പുന്ന കടലിന്റെ കിഴക്കു ഭാഗത്തു പ്രഭാതം പൊട്ടി വിടരുമ്പോഴേയ്ക്കും ബാൽബെക്കിലെ കടൽത്തീരത്തു നിരന്തരം അടിച്ചു കയറുന്ന തിരമാലകളിൽ നിന്ന രക്ഷപ്പെടാൻ പേർഷ്യൻ മാതൃകയിൽ പണിത പള്ളിയ്ക്കുള്ളിൽ എനിയ്ക്കഭയം പ്രാപിയ്ക്കാമായിരുന്നു. ഒരു ഈസ്റ്റർ ഒഴിവുകാലം ഇറ്റലിയുടെ വടക്കൻദിക്കിൽ ചിലവഴിയ്ക്കാൻ അനുവാദം തരാമെന്ന പണ്ടൊരിയ്ക്കൽ അച്ഛനമ്മമാർ എനിയ്ക്കു വാക്കു തന്നിരുന്നു. പക്ഷേ, പള്ളികളുടെ സമീപത്തു മനുഷ്യസ്പർശമേൽക്കാത്ത ദുർഘടതീരങ്ങളിലും കടൽക്കഴുകന്മാർ ചിറകടിയ്ക്കുന്ന കിഴുക്കാംതൂക്കായ പാറക്കെട്ടുകളിലും, അത്യുച്ചത്തിൽ വന്നു പതിയ്ക്കുന്ന തിരമാലക്കൂട്ടങ്ങൾ നാലുഭാഗത്തും തള്ളിക്കയറുന്ന മനോഹരദൃശ്യമല്ലാതെ മറ്റൊന്നും കാണാൻ മോഹമില്ലാത്തവിധം കൊടുങ്കാറ്റിന്റെ മായക്കാഴ്ച എന്റെ മനസ്സിനെ പൂർണമായും കീഴടക്കി. പെട്ടെന്ന് ആ ദൃശ്യങ്ങളുടെ ചാരുത മുഴുവൻ മായ്ച്ചുകളഞ്ഞ്, നേർവിപരീതമായ സദുദ്ദേശങ്ങളൊട്ടൊക്കെ ദുർബലപ്പെടുത്തുന്ന വിധത്തിൽ, ശരീരത്തിലാകെ തണുത്തുറഞ്ഞ മഞ്ഞിന്റെ സൂചിക്കുത്തേൽപ്പിയ്ക്കുന്ന കോംബ്രേയിലെ വസന്തകാല

ത്തേക്കാൾ വർണവിചിത്രമായ മറ്റൊരു സ്വപ്നം എന്റെ മനസ്സിലു ണർന്നു. ആൻജെലിക്കോയുടെ ചിത്രങ്ങളിൽ കാണപ്പെടുന്നതുപോ ലെ, ഫ്ലോറൻസിനു സുവർണോജ്ജ്വലമായ പശ്ചാത്തലഭംഗി പക രുന്ന പൂക്കളും മരങ്ങളും പുൽത്തകിടികളും നിറഞ്ഞ ഫീസോളിനെ ക്കുറിച്ചാണു ഞാനപ്പോൾ സ്വപ്നം കണ്ടത്. ആ നിമിഷം, സൂര്യപ്രകാ ശത്തിനും സുഗന്ധവസ്തുക്കൾക്കും വർണഭംഗികൾക്കും മാത്രമേ ജീ വിതത്തിലൊരു മൂല്യമുള്ളതായി ഞാൻ കണ്ടുള്ളൂ! പ്രതിബിംബങ്ങ ൾക്കു പൊടുന്നനെ സംഭവിച്ച ഈ മാറ്റം അഭിരുചികളുടെ മുഖഭാവ ത്തിനുപോലും ഭേദഗതി വരുത്തി, സംഗീതത്തിൽ ചിലപ്പോഴൊ ക്കെ പതിവുള്ളതുപോലെ, എന്റെ സംവേദനക്ഷമതയുടെ സങ്കൽപ്പ ങ്ങൾ മുഴുവൻ മാറ്റി മറിച്ചു. ഇനി വസന്തകാലത്തിനുവേണ്ടി കാത്തി രിക്കേണ്ട കാര്യമില്ല. വെറുമൊരു അന്തരീക്ഷവ്യതിയാനംകൊണ്ടുത ന്നെ ആ അവസ്ഥാവിശേഷം പൂർണമായും അനുഭവവേദ്യമാക്കാവു ന്ന സ്ഥിതി എനിയ്ക്കിപ്പോൾ സംജാതമായിക്കഴിഞ്ഞു! ആ നിമിഷം സ്വയം നെയ്തുകൊണ്ടിരുന്ന സ്വപ്നങ്ങളെല്ലാം ഒതുക്കിവെച്ച്, പലപ്പോ ഴും മറ്റൊരു ഋതുവിൽനിന്ന് അടർന്നുവീണ, ഒരു ദിവസത്തിന്റെ മാ ത്രം ദൈർഘ്യമുള്ള, സുഖാനുഭവങ്ങളെ അടുത്തേയ്ക്കു വിളിച്ചു വരുത്തി അതിന്റെ ആസ്വാദ്യത മുഴുവനായും ഞാൻ സ്വാംശീകരിച്ചു; ഒരുപ ക്ഷേ വളരെ നേരത്തേയോ അതല്ലെങ്കിൽ വളരെ വൈകിയോ ക്രമം തെറ്റിച്ചു വന്നതാണെങ്കിലും മറ്റൊരദ്ധ്യായത്തിൽനിന്നു കീറിയെടു ത്ത ഈ ഏട്, അനുഭൂതികൾക്കിടയിൽ കൂട്ടിച്ചേർക്കാവുന്ന കാലഗ ണനയുടെ പട്ടികയിൽ ഞാൻ തിരുകിവെച്ചു; പക്ഷേ, നമ്മുടെ ആ രോഗ്യസ്ഥിതി മുതലാക്കി ഒരാനുകൂല്യമായി നേടിയെടുക്കുന്ന ചില പ്രകൃതിപ്രതിഭാസങ്ങളെപ്പോലെ, യാദൃച്ഛികതയുടെ അനുവാദവും ര ക്ഷാകർത്തൃത്വവും ആവശ്യമില്ലാതെ, ഒരുപക്ഷേ സമീപഭാവിയിൽ ഭൗതികശാസ്ത്രംതന്നെ ആ നിയന്ത്രണം ഏറ്റെടുത്തേക്കാം. അതിനെ ത്തുടർന്നു വേണ്ടതെല്ലാം സ്വേച്ഛാനുസാരം ഉൽപ്പാദിപ്പിച്ചു വിവേകാ

നസാരം വിളിച്ചു വരുത്താനുള്ള ആജ്ഞാശക്തിയും മനുഷ്യനു കരഗതമായേക്കാം; അങ്ങനെയൊരു ദിവസം വന്നെത്തുന്നതുവരെ, കാലാവസ്ഥയും ഋതുഭേദങ്ങളും കാഴ്ച വെയ്ക്കുന്ന അറ്റ്ലാന്റിക്കിനെക്കുറിച്ചുള്ള സ്വപ്നങ്ങളുടെ ഉയിർത്തെഴുന്നേൽപ്പ് എന്റെ മനസ്സിൽനിന്നു നിശ്ശേഷം മാഞ്ഞുപോയി. ഇനിയിപ്പോൾ വീണ്ടും പ്രത്യക്ഷപ്പെടുത്തുന്നതിനു ഞാനവയുടെ പേരുകൾ ഉച്ചരിച്ചാൽ മാത്രം മതി! ബാൽബെക്ക്, വെനീസ്, ഫ്ലോറൻസ്.... അത്യാവേശകരമായ ആ സ്ഥലനാമങ്ങൾ പ്രതിനിധീകരിക്കുന്ന മോഹങ്ങൾ മുഴുവൻ ചില അക്ഷരക്കൂട്ടങ്ങളായി എന്റെ മനസ്സിൽ കുമിഞ്ഞുകൂടി. വസന്തകാലത്തുപോലും ഒരു പുസ്തകത്തിൽ ബാൽബെക്കിന്റെ പേരു പരാമർശിക്കപ്പെട്ടു കണ്ടാൽ, നോർമ്മൻ വാസ്തുകലാവിദ്യയോടും കൊടുങ്കാറ്റിനോടുമുള്ള ആവേശം പൊടുന്നനെ എന്റെ മനസ്സിൽ ഉണർന്നുവരും. കൊടുങ്കാറ്റടിയ്ക്കുന്ന ദിവസങ്ങളിൽ വെനീസിന്റേയോ ഫ്ലോറൻസിന്റേയോ പേരു കേട്ടാൽ, തിളങ്ങുന്ന വെയിലും വെള്ളാമ്പൽപ്പൂവും ഡോഗെസ് കൊട്ടാരവും എന്റെ ഇച്ഛാശക്തിയെ പ്രലോഭിപ്പിച്ച് ഉയിർത്തെഴുന്നേൽക്കും!

പക്ഷേ, പേരുകളിൽ ആഗീരണം ചെയ്യത്തക്കവിധം പട്ടണങ്ങളെക്കുറിച്ചു ഞാൻ രൂപീകരിച്ച അചഞ്ചലമായ പ്രതിച്ഛായകൾ, ചില സവിശേഷനിയമങ്ങൾക്കു വഴങ്ങി എന്റെ മനസ്സിൽ തലകീഴായാണു പ്രത്യക്ഷപ്പെട്ടത്. അതിന്റെ പരിണതഫലമെന്നപോലെ നോർമാൻഡിയോ ടസ്ക്കാനിയോപോലുള്ള ചില നഗരങ്ങൾ സത്യത്തേക്കാളേറെ വ്യത്യസ്തവും സുന്ദരവുമായി എന്റെ നിരങ്കുശമായ ഭാവനയുടെ ആഹ്ലാദങ്ങൾക്കു മിഴിവേകി; മാത്രമല്ല, യാത്രാപരിപാടി തയാറാക്കുമ്പോൾ എന്നെ പലപ്പോഴും കാത്തിരിയ്ക്കാറുള്ള മോഹഭംഗങ്ങൾക്കവ പ്രചോദനമാകുകയും ചെയ്തു. ഭൗമോപരിതലത്തിലെ ചില പ്രത്യേകസ്ഥാനങ്ങളെക്കുറിച്ചു ഞാൻ മെനഞ്ഞെടുത്ത ആശയങ്ങൾ, അവ വിപുലീകരിയ്ക്കുകയും ചിത്രീകരിയ്ക്കുകയും ചെയ്തു യാഥാർത്ഥ്യമാക്കി മാറ്റി. നഗരങ്ങളും ചരിത്രസ്മാരകങ്ങളും പ്രകൃതിദൃശ്യങ്ങളും ഏറെക്കുറെ ആകർഷകങ്ങളായ ചിത്രങ്ങളായി മനസ്സിനകത്തു പ്രതിഷ്ഠി

യ്ക്കാൻ അക്കാലത്തു പക്ഷേ ഞാനശക്തനായിരുന്നു. അതുകൊണ്ട് പൊതുവായൊരു ആശയം സകലതിലും കാണാനായെങ്കിലും ഓരോന്നിനേയും വ്യത്യസ്തമാക്കുന്ന മൗലികമായ സവിശേഷത മനസ്സിലാക്കാൻ ഞാൻ നിരന്തരം പ്രയത്നിച്ചുകൊണ്ടിരുന്നു. സാധാരണക്കാർ ഉപയോഗിയ്ക്കുന്ന സവിശേഷനാമങ്ങൾപോലെ, സ്വന്തമായൊരു പേരിൽനിന്നു വരുന്നതിനേക്കാൾ അവരുടെ മേൽ ആരോപിതമായ സ്വഭാവഗുണം വ്യത്യസ്തമായിരുന്നു. ആശാരിയുടെ മേശയും പറക്കുന്ന പക്ഷിയും ഉറുമ്പുമലയുംപോലുള്ളവ സത്യത്തിൽ എന്താണർത്ഥമാക്കുന്നതെന്നു കുട്ടികളെ ഉദാഹരിച്ചു കാണിയ്ക്കാൻ ക്ലാസുമുറിയിലെ ചുമരിൽ തൂക്കിയിടുന്ന ചിത്രങ്ങളെപ്പോലെ, വാക്കുകൾ നമുക്കു വസ്തുക്കളുടെ സ്വച്ഛവും സാമാന്യവുമായ ചെറിയ ചില ചിത്രങ്ങൾ മാത്രമാണു സമ്മാനിയ്ക്കുന്നത്. അതേസമയം, ഒരേതരത്തിൽപ്പെടുന്ന സകലതിനും പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെടുന്നവയാണു വസ്തുക്കൾ. വ്യക്തികളേയും പട്ടണങ്ങളേയും സമാനതകളില്ലാത്ത സദൃശരൂപങ്ങളായി കാണാൻ പരിശീലിപ്പിച്ചുകൊണ്ട്, പേരുകൾ ആശയക്കുഴപ്പം പിടിച്ച മറ്റൊരു ചിത്രമാണു നമുക്കു സമ്മാനിയ്ക്കുന്നത്. ഇരുട്ടിലോ വെളിച്ചത്തിലോ നിന്നു പകർപ്പെടുക്കാൻ സ്വീകരിയ്ക്കുന്ന രീതിയുടെ പരിമിതികളോ ചിത്രകാരന്റെ നിർബന്ധബുദ്ധിയോ മൂലം പേരുകളുടെ പ്രതിദ്ധ്വനി പ്രതിഫലിപ്പിയ്ക്കുന്ന ഛായാചിത്രം നീലയും ചുവപ്പും കലർന്ന ഒരു ചുമർപ്പരസ്യംപോലെ മാത്രമേ കാണാനാവൂ! ആകാശവും കടലും മാത്രമല്ല, കപ്പലുകളും പള്ളികളും തെരുവിലെ ജനങ്ങളും ഒരേമട്ടിൽ ചിത്രീകരിയ്ക്കപ്പെട്ട നിറത്തിൽനിന്നും ഒരുപോലെ രൂപം കൊള്ളുന്നതായാണു നീലയും ചുവപ്പും കലർന്ന വർണങ്ങൾ സൂചിപ്പിയ്ക്കുന്നത്. 'ചാർട്ടൂസെ' മുഴുവനായും വായിച്ചശേഷം എനിയ്ക്കു നേരിട്ടു സന്ദർശിയ്ക്കണമെന്നു മോഹം തോന്നിയ ഒരു നഗരമായിരുന്നു, പാർമ! വയലറ്റുനിറത്തിൽ ഒതുക്കവും തിളക്കവും മൃദുത്വവുമുള്ള ജനനിബിഡമായൊരു നഗരമായാണു പേരിൽനിന്നു ഞാൻ പാർമയെക്കുറിച്ചു മനസ്സിലാക്കിയത്. ഇറ്റലിയിലെ മറ്റൊരു പട്ടണവുമായും

സാദൃശ്യമില്ലാത്ത പാർമയിൽ എനിയ്ക്കു താമസയോഗ്യമായൊരു വീടു ചൂണ്ടിക്കാണിയ്ക്കുന്ന സുഹൃത്ത്, വയലറ്റുനിറത്തിൽ ഒതുക്കവും തിളക്കവും മൃദുത്വവും കലർന്നു ഞാൻ നേരിട്ടിടപഴകാൻ പോകുന്ന ജനനിബിഡമായ പരിസരത്തെക്കുറിച്ചു ചിന്തിയ്ക്കുന്നതിന്റെ ആനന്ദമായിരിയ്ക്കും ഒരുപക്ഷേ പകർന്നുതരാൻ ശ്രമിച്ചത്. വായുസഞ്ചാരമില്ലാതെ അന്തരീക്ഷം ഘനീഭവിച്ച പാർമയുടെ പേരിലെ വർണഭേദങ്ങളെക്കുറിച്ചു സങ്കൽപ്പിയ്ക്കാനാവാതെ, വയലറ്റുപൂക്കളിൽ പ്രതിഫലിയ്ക്കുന്ന ശോഭയും മാധുര്യവും മാത്രമാണു ഞാൻ അനുഭവിച്ചത്. ഫ്ലോറൻസിനെക്കുറിച്ചു 'പുഷ്പകന്യക'യുടെ പേരിലുള്ള ഒരു പള്ളിയും വെള്ളാമ്പൽപ്പൂക്കളുടെ ആശ്ചര്യകരമായ ഗന്ധവുംകൊണ്ടു പരിപൂരിതമായ നഗരമെന്നാണു ഞാൻ മനസ്സിലാക്കിയത്. കളിമൺശിൽപ്പങ്ങളുടെ പഴയൊരു മാതൃകയായി സ്വയം രൂപപ്പെടുത്തിയ മണ്ണിന്റെ നിറം മങ്ങാതെ സൂക്ഷിച്ച്, നാട്ടുവാഴിവ്യവസ്ഥ നിലനിന്നുപോന്ന ഒരു പ്രദേശത്തിന്റെ പ്രാചീനകാലാവസ്ഥയിൽ പണ്ടെന്നോ നിർത്തലാക്കിയ ചില ആചാരങ്ങളുടെ സൂചനയുൾക്കൊള്ളുന്ന ഒരു പേരായാണു ബാൽബെക്കിനെ ഞാൻ കണ്ടത്. ഞാനവിടെ ചെല്ലുമ്പോൾ പാലും പലഹാരവും തന്നു പള്ളിയുടെ മുമ്പിലെ പ്രക്ഷുബ്ധമായ കടൽ കാണിച്ചുതരാൻവേണ്ടി സ്നേഹപൂർവം എന്നെ തൊട്ടുരുമ്മി നടക്കുന്ന സത്രം സൂക്ഷിപ്പുകാരനുപോലും, വടിവും പൊരുത്തവും നഷ്ടപ്പെട്ട അക്ഷരങ്ങൾ കൂട്ടിച്ചേർത്തുള്ള പ്രാദേശികഭാഷയും കാലഹരണപ്പെട്ട ഉച്ചാരണരീതികളും അനായാസമായി പ്രയോഗിച്ചു ഫലിപ്പിയ്ക്കാൻ കഴിയുമെന്ന വിഷയത്തിൽ എനിയ്ക്കൊരു സംശയവുമുണ്ടായിരുന്നില്ല. പ്രാചീനമായൊരു പ്രണയകഥയിലെ നായകന്റെ വിവാദപരവും മദ്ധ്യകാലപരിചിതവുമായൊരു ഭാവം കടലിന്റെ ദൂരക്കാഴ്ചയിൽ മറഞ്ഞിരിയ്ക്കുന്നതായി എനിയ്ക്കു തോന്നി.

എന്റെ ആരോഗ്യം മെച്ചപ്പെടുകയും കുടുംബത്തിന്റെ അനുവാദം ലഭിയ്ക്കുകയും ചെയ്യുന്നെങ്കിൽ, ബാൽബെക്കിൽ ചെന്നു വെറുതെ താമസിയ്ക്കുന്നതിനേക്കാൾ നോർമാൻഡിയുടെ പ്രകൃതിദൃശ്യങ്ങളും വാസ്തുവി

ദ്യകളുമായി നേരിട്ടു പരിചയപ്പെടാൻവേണ്ടി, ഞാൻ ഭാവനയിൽ ആയാസപ്പെട്ടു കയറാറുള്ള ഒന്ന് ഇരുപത്തിരണ്ടിന്റെ തീവണ്ടിയിൽ യാത്ര പുറപ്പെട്ടു വഴിമദ്ധ്യേ സുന്ദരമായൊരു നഗരം കണ്ണിൽപ്പെടുന്ന നിമിഷം സ്വയം വണ്ടിയിൽനിന്നു ചാടിയിറങ്ങുമായിരുന്നു. പരസ്പരം വെച്ചുമാറാൻ കഴിയാത്ത ഒറ്റപ്പെട്ട വ്യക്തികളിൽ ഒരാളെ മാത്രം തിരഞ്ഞെടുക്കുന്നതുപോലെ, ഞാനോരോന്നിന്റേയും താരതമ്യപഠനം നടത്തിയതു തീർത്തും വ്യർത്ഥമായിപ്പോയി! കസവുനാടകൊണ്ടു മോടി പിടിപ്പിച്ച കിരീടകാന്തി ദ്വിതീയാക്ഷരത്തിന്റെ സുവർണാഭയായി ഉന്നതസ്ഥാനത്തു പ്രതിഫലിപ്പിക്കുന്ന ബയോക്സിൽനിന്ന്, തീക്ഷ്ണമായ ശബ്ദഘോഷം മുഴക്കി പുരാതനമായ ചില ചില്ലുമാളികകൾ ദാരുസൗധങ്ങളാക്കി മാറ്റിയ വിട്രേയിൽ നിന്ന്, മുട്ടയ്ക്കുള്ളിലെ മഞ്ഞക്കരുമുതൽ ചാരനിറംവരെ പടർന്നു കിടന്ന വെണ്മയും സൗമ്യതയും സമ്മേളിച്ച ലംബല്ലേയിൽനിന്ന്, വെണ്ണക്കൽകൊട്ടാരങ്ങളുടെ അവസാനത്തെ വ്യഞ്ജനാക്ഷരങ്ങളിൽ മയങ്ങിക്കിടക്കുന്ന നോർമ്മൻ ദേവാലയങ്ങളുടെ കോട്ടൻസെസിൽനിന്ന്, ഗ്രാമപാതകളുടെ നിശ്ശബ്ദതയ്ക്കു ഭംഗം വരുത്തുന്നവിധം തീവണ്ടിച്ചക്രങ്ങൾ തമ്മിലുരസി മൂളുകയും മുരളുകയും ചെയ്യുന്ന ലാനിയോണിൽനിന്ന്, മഴച്ചാറ്റലേൽക്കാത്ത അഭയകേന്ദ്രത്തിലെ പാതയോരങ്ങളിൽ മഞ്ഞക്കൊക്കുകളും വെള്ളത്തുവലുകളും ചിതറിക്കിടന്നു പരിഹാസ്യവും നിസ്സാരവുമായി കാണപ്പെട്ട പൊന്റോഴ്ണിൽനിന്ന്, കടൽപ്പായലുകളുടെ നൂലാമാലകളിലേയ്ക്കു നദിയെ വലിച്ചകറ്റാൻ പണിപ്പെട്ടു വല്ലപ്പോഴുമൊരിയ്ക്കൽ നങ്കൂരസ്ഥാനമായി മാറുന്ന ബെനൊഡെറ്റിൽനിന്ന്, പറന്നുപോകുന്ന പക്ഷിക്കൂട്ടങ്ങളുടെ വെള്ളച്ചിറകുകൾ നീർച്ചാലുകളുടെ സ്വച്ഛജലത്തിൽ തൊപ്പികളായി വിറയലോടെ പ്രതിഫലിയ്ക്കുന്ന പോണ്ട്അവേനിൽനിന്ന്, ജനലഴികൾക്കിടയിൽ രൂപപ്പെട്ട ചിലന്തിവല സൂര്യപ്രകാശമേറ്റു നിറം മങ്ങി വെള്ളിയുടെ മൂർച്ചയില്ലാത്ത മുനകളായി മാറിയതുപോലെ, മദ്ധ്യകാലത്തിനുശേഷം ചാരനിറമാർന്ന പശ്ചാത്തലത്തിൽ മുത്തുമണികൾ കോർത്തു മർമ്മരശബ്ദത്തോടെ ഒഴ

കുന്ന പൂന്തേനരുവികളുള്ള ക്വിംപെർലേയിൽനിന്ന്, എനിയ്ക്കുവേണ്ടി മാത്രമായൊരു നഗരം ഞാനെങ്ങനെ തിരഞ്ഞെടുക്കും?

ഒരുപക്ഷേ വേണ്ടതിലേറെ ലളിതവൽക്കരിച്ചതുകൊണ്ടായിരിയ്ക്കാം, ആ പ്രതിച്ഛായകൾക്കു പിന്നീടു സാരമായ മാറ്റം സംഭവിച്ചു. സത്വരസുഖങ്ങളൊന്നും നൽകാതെ അപൂർണമായ അവബോധങ്ങളിലൂടെ ഉള്ളിലേയ്ക്കെടുത്ത സകല ഉപാധികളും ഞാൻ പേരുകളുടെ സുരക്ഷിതസ്ഥാനത്തു തിരിച്ചേൽപ്പിച്ചു. സ്വപ്നങ്ങൾ സമഗ്രവും സമുചിതവുമായി സ്വരൂപിച്ചെടുത്ത ആ പേരുകളുടെ സൗന്ദര്യം ഇന്നിപ്പോൾ എന്റെ മോഹങ്ങൾക്കൊരു പ്രലോഭനമായി മാറി. പക്ഷേ, സ്വയം വ്യാപകശക്തി കൈവരിയ്ക്കാൻ കഴിയാത്തിടത്തോളം ഓരോ പേരിലും രണ്ടോ മൂന്നോ തനതായ കൗതുകങ്ങൾ ഇടവേളയും ഇടമറയുമില്ലാതെ തൊട്ടടുത്തു കാണാവുന്നവിധം പ്രതിഷ്ഠിയ്ക്കാൻ മാത്രമേ എനിയ്ക്കിന്നു കഴിയൂ! കടൽത്തീരത്തുനിന്നു വാങ്ങിയ പേനയോടൊപ്പം ലഭിച്ച ഭൂതക്കണ്ണാടിയുപയോഗിച്ച് പേർഷ്യൻ മാതൃകയുള്ള പള്ളിയ്ക്കു ചുറ്റും താണ്ഡവമാടുന്ന തിരമാലകളെ ഞാൻ ബാൽബെക്കിന്റെ പേരിൽനിന്നു തിരിച്ചറിഞ്ഞു. പ്രതിച്ഛായകളുടെ മേൽ നിർബന്ധപൂർവം അടിച്ചേൽപ്പിച്ച ലാളിത്യമാകാം ഒരുപക്ഷേ എനിയ്ക്കേറെ ആകർഷകമായി തോന്നിയത്. ഈസ്റ്റർ ഒഴിവുകാലത്തു വെനീസിലേയ്ക്കോ ഫ്ലോറൻസിലേയ്ക്കോ പോകാമെന്നു പണ്ടൊരിയ്ക്കൽ അച്ഛൻ പറഞ്ഞപ്പോൾ, ഒരു നഗരത്തിന്റെ സഹജമായ സാധാരണഘടകങ്ങളൊന്നും ഫ്ലോറൻസിന്റെ പേരുമായി ബന്ധപ്പെടുത്താനാവാതെ, ഗിയോട്ടോയുടെ പ്രതിഭയിൽ മിന്നി മറയുന്നതായി തോന്നിയ ചില വസന്തകാലരംഗങ്ങളുടെ സമൃദ്ധിയിൽ ഉയിർത്തെഴുന്നേറ്റ സ്വർഗനഗരമായി എനിയ്ക്കതിനെ വിശേഷിപ്പിയ്ക്കേണ്ടിവന്നു. എന്തായാലും, ഒരു നഗരത്തിന്റെ പേരു നമുക്കൊരിയ്ക്കലും സ്ഥലപരിധിയെക്കാൾ കാലപരിധിയിലൂടെ വളരെയൊന്നും നീട്ടിക്കൊണ്ടുപോകാനാവില്ല. അതുകൊണ്ട്, ഗിയോട്ടോയുടെ ചിത്രങ്ങളിൽ ഒരേ വ്യക്തി ഒരിടത്തു കിടയ്ക്കയിൽ കിടക്കുന്നതായും മറ്റൊരിടത്തു കുതിരപ്പുറത്തു പായുന്നതായും ഒ

രേസമയം വ്യത്യസ്തഭാവങ്ങൾ സ്വീകരിയ്ക്കുന്നതുപോലെ, ഫ്ലോറൻസിന്റെ ഭൗതികനാമം കൃത്യമായ രണ്ടു ഭാഗങ്ങളായി വിഭജിയ്ക്കാൻ ഞാൻ തീരുമാനിച്ചു. ഒന്നിൽ, വാസ്തുകലയുടെ രംഗവേദിയ്ക്കു കീഴെ പ്രഭാതത്തിലെ പൊടിനിറഞ്ഞ അന്തരീക്ഷത്തിൽ ചെരിഞ്ഞു പതിയ്ക്കുന്ന സൂര്യരശ്മികൾ സുതാര്യമായി നെയ്തെടുത്ത തിരശ്ശീലയാണെന്റെ കണ്ണിൽപ്പെട്ടത്; മറ്റൊന്നിൽ, മുല്ലയും മുക്കുറ്റിയും മന്ദാരപ്പൂക്കളും കുമ്പാരം കൂട്ടിയിട്ട മുറ്റം മുറിച്ചു കടന്നു നേരെ മുറിയ്ക്കുള്ളിൽ മേശപ്പുറത്തു നിരത്തിവെച്ച പലവിധ പഴങ്ങളും വീഞ്ഞുകുപ്പികളുമാണു ഞാൻ കണ്ടത്. (എത്തിപ്പിടിയ്ക്കാനാവാത്ത ആദർശങ്ങളായല്ല, മറിച്ച്, നീന്തിത്തുടിയ്ക്കുന്ന വാസ്തവികതയുടെ ആവരണങ്ങളായി, ഇനിയും തരണം ചെയ്യപ്പെടാത്ത പരിശുദ്ധമായ ജീവിതത്തിന്റെ സുഖങ്ങളും സാഹചര്യങ്ങളും അവതരിപ്പിയ്ക്കുന്ന, പ്രാചീനകലാസൃഷ്ടികളുടെ മഹത്വം ഉൾക്കൊള്ളുന്ന അമൂല്യനിധികളായാണു ഞാൻ പേരുകളെ കണ്ടത്). യഥാതഥമായൊരു കാഴ്ചപ്പാടിൽ സ്വയം താമസിയ്ക്കുന്ന രാജ്യത്തേക്കാൾ കീഴടക്കണമെന്നു മോഹിയ്ക്കുന്ന രാജ്യത്തിനു തീർച്ചയായും നമ്മുടെ മനസ്സിൽ വലിയൊരു സ്ഥാനമുണ്ടായിരിയ്ക്കും. 'ഫ്ലോറൻസിലേയ്ക്ക്, പാർമയിലേക്ക്, പിസായിലേയ്ക്ക്, അഥവാ വെനീസിലേയ്ക്കു പോകുകയാണെന്നു' പറയുന്ന നിമിഷം, ആ വാക്കുകളുടെ വികാരങ്ങൾക്കു കൂടുതൽ ശ്രദ്ധ കൊടുത്താൽ, നേരിൽ കണ്ടതു തീർച്ചയായും ഒരു നഗരത്തിന്റെ ഭാഗമല്ലെന്ന് എനിയ്ക്കു മനസ്സിലാകും. തണുപ്പുകാലത്തു വൈകിപ്പോയ അപരാഹ്നങ്ങളുടെ ഏകതാനമായ ആവർത്തനത്തിൽനിന്നു വ്യത്യസ്തമായി മനുഷ്യവംശത്തിനു പൊതുവേ ആസ്വാദ്യകരമായൊരു വസന്തത്തിന്റെ ഊഹാതീതമായ ആശ്ചര്യമായി ഞാനവയെ കാണാൻ തുടങ്ങും; സ്ഥിരവും അവാസ്തവവും പലപ്പോഴും സദൃശവുമായ ആ പ്രതിച്ഛായകൾ, എന്റെ രാവുകളും പകലുകളും സ്വപ്നങ്ങൾകൊണ്ടു നിറച്ചു. (പുറമേനിന്നുമാത്രം നോക്കുന്ന നിരീക്ഷകൻ കാര്യങ്ങളൊന്നും നേരിട്ടു കാണാതെ വളരെ വേഗം ആശയക്കുഴപ്പത്തിലകപ്പെടുന്നതുപോലെ) തിരക്കഥ വായിയ്ക്കുന്നതിലുപരി യാതൊന്നും

ശ്രദ്ധിയ്ക്കാതെ മിനിട്ടുകൾ കടന്നുപോകുന്നതു കണക്കുകൂട്ടി നാടകശാലയുടെ പുറത്തിരിയ്ക്കുന്ന ആസ്വാദകനു പ്രതീക്ഷിയ്ക്കാനാവാത്തവിധം നൃത്തനാടകങ്ങളിൽ പ്രത്യക്ഷപ്പെടുന്ന പുതിയ ഈണം നവീനമായൊരു അന്തരീക്ഷസൃഷ്ടിയ്ക്കു നിദാനമാകുന്നതുപോലെ, ആ പ്രതിച്ഛായ സമകാലികജീവിതത്തെ കഴിഞ്ഞുപോയ കാലങ്ങളിൽനിന്നു വേർതിരിച്ചെടുത്തു. കേവലമായൊരു കാലയളവിന്റെ കാഴ്ചപ്പാടിൽപ്പോലും നമ്മുടെ ഈ ജീവിതത്തിൽ ഓരോ ദിവസത്തിനും വ്യത്യസ്തമായ കാലദൈർഘ്യമാണുള്ളത്. നേരിയ തോതിൽ വികാരവിവശത കാണിയ്ക്കുന്ന എന്റെ പ്രകൃതം, ഇരുപത്തിനാലു മണിക്കൂറുള്ള ദിവസത്തിന്റെ അവസാനനിമിഷത്തിൽ ചെന്നെത്തുന്നതിനുവേണ്ടി, മോട്ടോർകാറുകളെപ്പോലെ ചില വ്യത്യസ്തമായ 'ഗതിവേഗ'ങ്ങൾ സ്വീകരിയ്ക്കാറുണ്ട്. അനന്തകാലമെടുത്താണു നീങ്ങുന്നതെന്നു തോന്നിയ്ക്കുന്ന പർവതാകാരമായ ദിനങ്ങളും അനായാസം മൂളിപ്പാട്ടു പാടി ഒറ്റൊറ്റയടിയ്ക്കു താഴോട്ടുരസിയിറങ്ങുന്ന ദിനങ്ങളുമുണ്ട്. ഈ മാസത്തെ ഫ്ലോറൻസും വെനീസും പിസായും കാഴ്ചവെച്ച മോഹനദൃശ്യങ്ങളിൽനിന്നും ആവേശമുൾക്കൊണ്ട്, അഗാധമായൊരു സ്വകാര്യമായി എന്നെ പിടിച്ചുലയ്ക്കുന്ന മോഹങ്ങൾ, ഇന്നിതാ മറ്റൊരാളോടുള്ള പ്രണയമായി വിടർന്നു വികസിച്ചുകഴിഞ്ഞു. ഒരീണത്തിന്റെ അകമ്പടിയുമായി കടന്നു പോകുന്ന ദിനങ്ങൾ, സ്വയം വേറിട്ടു നിൽക്കുന്ന മിഴിവുറ്റൊരു സത്യമാണെന്ന വിചാരത്തിൽനിന്നു പിന്തിരിയാൻ ഇനിയെനിയ്ക്കാവില്ല. ആ വിചാരം, മതവിശ്വാസത്തിന്റെ പ്രാകൃതകാലത്തു ജീവിച്ചിരുന്ന ഒരു ക്രിസ്ത്യാനി സ്വർഗത്തിലേയ്ക്കു പ്രവേശിയ്ക്കാനൊരുങ്ങുന്നതിനു മുമ്പു മനസ്സിൽ താലോലിയ്ക്കുന്ന പ്രത്യാശയെക്കുറിച്ച് എന്നെ ബോധവാനാക്കി. മാത്രമല്ല, സ്വപ്നങ്ങൾക്കിടയിൽ വിപുലീകരിയ്ക്കപ്പെടുന്ന സകല അവബോധങ്ങളും പഞ്ചേന്ദ്രിയങ്ങൾ വഴി തൊട്ടറിയണമെന്ന വ്യാമോഹം പരസ്പരവിരുദ്ധമായ ഒരു പ്രലോഭനമായി മാറുകയും ചെയ്തു. ഒടുവിൽ അവയിൽനിന്നെല്ലാം വളരെ വ്യത്യസ്തമായ ഒരു നിതാന്തപ്രതീക്ഷയാണു കാഴ്ചകളുടെ സത്യാവസ്ഥയും മോഹസാക്ഷാ

ത്ക്കാരത്തിന്റെ ആവശ്യകതയും എനിയ്ക്ക നേരിട്ടു ചൂണ്ടിക്കാണിച്ചു തന്നത്. അത്യാകാംക്ഷയുടെ പ്രേരകശക്തി സൗന്ദര്യാസ്വാദനത്തിലുള്ള എന്റെ അടങ്ങാത്ത ആവേശമായിരുന്നു. പലർക്കും സൗന്ദര്യസിദ്ധാന്തപരമായ ഗ്രന്ഥങ്ങളേക്കാൾ പഠനസഹായികളാണു പ്രയോജനപ്പെട്ടതെങ്കിൽ എനിയ്ക്ക പക്ഷേ റെയിൽവേയുടെ സമയവിവരപ്പട്ടികയാണു കൂടുതൽ ഉപകാരപ്പെട്ടത്. വളരെയടുത്തും എന്നാൽ വളരെയേറെ അപ്രാപ്യവുമായി ഭാവനയിൽ കാണാൻ കഴിഞ്ഞ ഫ്ലോറൻസിനെ എന്നിൽനിന്നു വേർപെട്ട ഒരു ഭൂപ്രദേശമായല്ല ഞാൻ തരണം ചെയ്യാൻ പോകുന്നത്. മറിച്ച്, സമനിരപ്പായ ഭൂമിയിലൂടെ നടന്നു ചെറിയൊരു സ്ഥാനഭ്രംശം വഴി ലക്ഷ്യസ്ഥാനത്തു ചെന്നെത്താമെന്ന വിചാരമാണു സത്യത്തിൽ എന്റെ മനസ്സിനെയാകെ ഇളക്കി മറിച്ചത്. അങ്ങനെ, കാണാൻ പോകുന്ന നഗരത്തിനൊരു സവിശേഷമൂല്യം ലഭിച്ചപ്പോൾ ആ വെനീസുതന്നെ, ടിഷ്യന്റെ വീടായി, 'ജിയോർജ്ജിയോണിന്റെ കളരിയായി, മദ്ധ്യകാലവാസ്തുവിദ്യയുടെ പൂർണതയവകാശപ്പെടുന്ന പ്രദർശനശാലയായി സ്വയം മാറുന്നതു കണ്ടു ഞാൻ തീർത്തും സന്തുഷ്ടനായി. നേരത്തേ വന്നെത്തിയ വസന്തത്തിനുശേഷം കാലാവസ്ഥ വീണ്ടും മഞ്ഞുകാലത്തേയ്ക്ക പിൻവാങ്ങിയപ്പോൾ, (വിശുദ്ധവാരക്കാലത്തു വന്നെത്തുന്ന ഞങ്ങളെ കോംബ്രേയിൽ പതിവായി കാത്തിരിയ്ക്കാറുള്ള അതേ അന്തരീക്ഷത്തിൽ) ഞാൻ പുറത്തിറങ്ങി ഉത്സാഹത്തോടെ നടക്കാൻ തുടങ്ങി. നടപ്പാതയിൽ വെച്ചുപിടിപ്പിച്ച ഞാവൽമരങ്ങൾ തണുത്തുറഞ്ഞ അന്തരീക്ഷത്തിൽ മുങ്ങിപ്പോയെങ്കിലും, ഉന്മേഷക്കുറവിന്റെ കണികപോലുമില്ലാത്ത, കർത്തവ്യനിഷ്ഠരായ ആതിഥേയരെപ്പോലെ അതിഥികളെ സ്വീകരിയ്ക്കാൻ സന്നദ്ധരായി നിലയുറപ്പിച്ചിരുന്നു. അവയുടെ തണുത്തു മരവിച്ച കാണ്ഡങ്ങളിൽ ആലസ്യത്തിനു തടുത്തുനിർത്താനാവാത്ത ഏകാഗ്രതയോടെ തഴച്ചു വളരാൻ വെമ്പുന്ന മുകുളങ്ങളെ നനഞ്ഞു കുതിർന്ന ജലകണങ്ങൾ ചെത്തിമിനുക്കി രൂപസൗഭഗം വരുത്തുന്ന കാഴ്ച ഞാൻ നേരിട്ടു കണ്ടു. ഇന്നിപ്പോൾ തെരുവിലെ കാറ്റാടിമര

ങ്ങളും ചെമ്പരത്തിച്ചെടികളും സമൃദ്ധമായി പൂക്കൾ പൊഴിയ്ക്കുമെന്നും, വസന്തത്തിലെ തിളങ്ങുന്ന പൊൻവെയിൽ ക്ഷീരപഥത്തിലെ ചിറ്റോളങ്ങളെ ആകാശനീലിമ ചാർത്തി വർണാഭമാക്കുമെന്നും, ടിഷ്യന്റെ ചിത്രങ്ങളിൽ മരതകക്കല്ലുകൾ കഴുകിപ്പൊടിച്ചു വിതറുമ്പോഴുണ്ടാകുന്ന പ്രഭാപൂരം, ആ വർണഭംഗിയുടെ സമ്പന്നതയെ വെല്ലാൻ കെൽപ്പുറ്റതാണെന്നും ഓർത്തെടുത്തപ്പോൾ ഞാൻ ഹർഷപുളകിതനായി. അന്തരീക്ഷമാപിനി സസൂക്ഷ്മം ശ്രദ്ധിച്ചു തണുപ്പിന്റെ തീവ്രതയെക്കുറിച്ചു പരാതിപ്പെടുന്ന ഇടവേളയിൽ അച്ഛൻ യാത്രയ്ക്കു യോജിച്ച തീവണ്ടികളോരോന്നായി തിരയാൻ തുടങ്ങി. ഉച്ചഭക്ഷണത്തിനുശേഷം കാലാവസ്ഥ സ്വേച്ഛാനുസാരം നിയന്ത്രിയ്ക്കാനുള്ള ചില ഉപായങ്ങളുമായി അദ്ദേഹം മായാജാലവിദഗ്ധരുടെ കരിപുരണ്ട പരീക്ഷണശാലയിലേയ്ക്കു പ്രവേശിച്ചപ്പോൾ, അടുത്ത പ്രഭാതത്തിൽ 'ഗോമേദകം പൂശിയ ചുമരുകളും മരതകം പാകിയ അടിത്തറയുമുള്ള' അമൂല്യസൌധങ്ങളുടെ നഗരത്തിൽ ഉണർന്നെഴുന്നേൽക്കാമെന്ന സ്വപ്നത്തിൽ ഞാൻ ആഹ്ലാദപൂർവം പങ്കുകൊണ്ടു. അങ്ങനെ വെള്ളാമ്പൽപ്പൂക്കൾ വിടരുന്ന നഗരം വെറുമൊരു മായക്കാഴ്ചയല്ലെന്നും ഭാവനയ്ക്കും യാഥാർത്ഥ്യത്തിനും ഇറങ്ങിച്ചെല്ലാവുന്നവിധം പാരീസിൽ നിന്നു കൃത്യമായ അകലം പാലിച്ചു നിലനിൽക്കുന്ന ഒരു മഹാനഗരമാണെന്നു ഞാൻ മനസ്സിലാക്കി. നേരിട്ടു കാണാൻ മോഹമുണ്ടെങ്കിൽ തീർച്ചയായും ഭൗമോപരിതലത്തിൽ മുൻകൂട്ടി നിശ്ചയിച്ചുറപ്പിച്ച ആ സ്ഥാനത്തേയ്ക്കു മറ്റൊന്നും നോക്കാതെ ഒരു തീർത്ഥയാത്ര പുറപ്പെടാമെന്നു ഞാൻ തീരുമാനിച്ചു. ഒറ്റവാക്കിൽ പറഞ്ഞാൽ, എന്നെ സംബന്ധിച്ചിടത്തോളം ആ തീരുമാനത്തോടെ യാത്ര ഒരു യാഥാർത്ഥ്യമായി മാറി. 'ശരി, നമുക്ക് ഇരുപതാം തീയതിമുതൽ ഇരുപത്തൊമ്പതാം തീയതിവരെ വെനീസിൽ തങ്ങി ഈസ്റ്ററിനുമുമ്പ് ഫ്ലോറൻസിലെത്താ'മെന്നു നിസ്സംശയം അച്ഛൻ പ്രഖ്യാപിച്ചപ്പോൾ സ്ഥലപരിധിയുടെ നിരുപാധികതയിൽനിന്നു തൽക്കാലം എനിയ്ക്കു മോചനം ലഭിച്ചു. മാത്രമല്ല, വെറുമൊരു സാദ്ധ്യത മാത്രമായി തീരെ

നിസ്സാരമായി കരുതിയ നിരവധി യാത്രകൾ ഒരേസമയം ചേർത്തു വെയ്ക്കുന്നതിലൂടെ ഒരു നഗരത്തിൽ താമസിച്ചശേഷം വീണ്ടും മറ്റൊരിടത്തു ചിലവഴിയ്ക്കാനാവുന്നവിധം, സാങ്കൽപ്പികമായ സമയബോധത്തിൽനിന്നു പുറത്തിറങ്ങി, യാഥാർത്ഥ്യബോധമുള്ള ചില തീയതികൾപോലും അവയിലാരോപിയ്ക്കപ്പെട്ടപ്പോൾ തീർച്ചയായും ഞാനതൊരു സമീപകാലസംഭവമായി കണ്ടു. ഒരു സ്ഥലത്തു ജീവിച്ചതു കൊണ്ടു മാത്രം മറ്റൊരിടത്തു ജനിയ്ക്കാനാവാതെ, ഉപയോഗം മൂലം നിരന്തരം കാലഹരണപ്പെടുന്ന കലണ്ടർദിനങ്ങളാണു പിന്നീടു നമ്മുടെ പ്രവൃത്തികളുടെ മൗലികമുദ്രകളായി അറിയപ്പെടുന്നത്. മഷിക്കറ പുരണ്ട വസ്ത്രം അലക്കുകാരി തിരിച്ചുതരുന്ന തിങ്കളിൽ തുടങ്ങുന്ന ആഴ്ചകൾപോലെ, ആകർഷകമായ ക്ഷേത്രഗണിതരീതി ഉപയോഗിച്ചു ഗോപുരങ്ങളും പ്രാസാദങ്ങളും ചിത്രീകരിയ്ക്കപ്പെട്ട രണ്ടു രാജകീയ നഗരങ്ങൾ, സാങ്കൽപ്പികസമയത്തിൽനിന്നു പുനർജ്ജനിയ്ക്കുന്ന ബാദ്ധ്യതകളോടു സമരസപ്പെടാൻ സ്വയം മല്ലിടുകയായിരുന്നു. പക്ഷേ, ഞാൻ ആനന്ദത്തിന്റെ പരമാവസ്ഥയിലേയ്ക്കാണു നടന്നടുത്തത്. (ജിയോർജ്ജിയോണിന്റെ ചുമർച്ചിത്രങ്ങളിൽ പ്രതിഫലിയ്ക്കുന്ന പ്രകാശത്തിൽ രക്താഭമായ തെരുവുകളിൽനിന്നു വന്നലച്ച കോലാഹലങ്ങളും, 'ചോരക്കറ പുരണ്ട വസ്ത്രങ്ങളുടെ മടക്കുകൾക്കു കീഴെ, ഓടിന്റെ പടച്ചട്ട ധരിച്ച ഭീകരരായ' മനുഷ്യരും, അടുത്തയാഴ്ച വെനീസിലെ തെരുവുകളിൽ ഈസ്റ്ററിന്റെ ഉറക്കം നഷ്ടപ്പെട്ട ഒരു രാത്രിയുടെ അപൂർവദൃശ്യങ്ങളായിരിയ്ക്കുമെന്ന ബോധോദയം, മനസ്സിലെ സങ്കൽപ്പങ്ങൾക്കു കടകവിരുദ്ധമാണെന്നു പലവുരു സൂചന ലഭിച്ചിട്ടും എനിയ്ക്കു ബോദ്ധ്യമായില്ല. എനിയ്ക്കു കടമായി ലഭിച്ച സാങ്മാർക്കിന്റെ ഒരു ഛായാചിത്രത്തിൽ ചിത്രീകരിച്ചിരുന്നതുപോലെ, പൂമുഖങ്ങൾക്കു മുന്നിൽ പരന്ന തൊപ്പി ധരിച്ചു നിൽക്കുന്ന കുറിയ മനുഷ്യനായി ഞാനെന്നെ കണ്ടു!). “അവിടെ, ക്ഷീരപഥത്തിലിപ്പോൾ അസഹ്യമായ തണുപ്പായിരിയ്ക്കും. എന്തു മറന്നാലും, കനത്ത കമ്പിളിയും മഞ്ഞുകാലത്തുപയോഗിയ്ക്കുന്ന മേൽക്കുപ്പായവും കൈയിൽ കരുതാൻ മറക്കരു

തെ'ന്നു ബന്ധുക്കളാരോ പറഞ്ഞു കേട്ടപ്പോൾ, അവസാനം ഞാനവിടെ ചെന്നെത്തിയതായിപ്പോലും എനിക്കു തോന്നി. യാത്ര തീർത്തും അസാദ്ധ്യമാണെന്നു കരുതിയിരുന്ന എന്നെ ആ വാക്കുകൾ പരമാനന്ദത്തിലേക്കു കൈപിടിച്ചുയർത്തി. 'സമുദ്രതീരത്തെ ചങ്ങലപ്പാറയ്ക്കും സ്ഫടികക്കല്ലുകൾ'ക്കും മദ്ധ്യേ നിരതിശയമായ പേശീബലത്തോടെ നിറഞ്ഞു നിൽക്കുന്ന എന്റെ മുറിയുടെ അന്തരീക്ഷത്തെ ഉപയോഗമൂല്യമില്ലാത്ത ഒരു പുറന്തോടുപോലെ ഭാവന ഊരിയെറിഞ്ഞു; പകരം വെനീസിന്റെ പേരിൽനിന്നു പുറപ്പെട്ട സ്വപ്നങ്ങളുടെ സവിശേഷമായ നാവികാന്തരീക്ഷത്തിൽ സ്വയം ഊളിയിട്ടൊഴുകുന്ന ഒരു കാഴ്ചയാണു ഞാൻ കണ്ടത്; മാത്രമല്ല, എന്റെയുള്ളിൽ അത്ഭുതകരമായൊരു പുനർജ്ജനി സംഭവിക്കുന്നതായി ഞാനറിഞ്ഞു. തുടർന്നു തൊണ്ടയിൽ കഫശല്യം വല്ലാതെ വർദ്ധിക്കുമ്പോൾ സാധാരണ സംഭവിക്കാറുള്ളതുപോലെ ഛർദ്ദിക്കാനുള്ള ഒരു തോന്നൽകൂടി വന്നപ്പോൾ, എല്ലാവരും ചേർന്ന് എന്നെ കിടക്കയിൽ പിടിച്ചു കിടത്തി. വിട്ടുമാറാതെ തുടരുന്ന പനിയുംകൂടി ബാധിച്ചപ്പോൾ ഫ്ലോറൻസിലേക്കും വെനീസിലേക്കുമുള്ള യാത്രയുടെ സാദ്ധ്യതപോലും ഡോക്ടർ തള്ളിക്കളഞ്ഞു. രോഗം പരിപൂർണമായി മാറിയാൽപ്പോലും ഒരു വർഷത്തേക്കു യാത്രയെക്കുറിച്ചുള്ള ചിന്തകളുപേക്ഷിച്ച് എനിക്കു വികാരവിവശത വരാനിടയുള്ള വിഷയങ്ങളിൽനിന്നു മാറിനിൽക്കണമെന്നു കൂടി അദ്ദേഹം അച്ഛനമ്മമാർക്കു മുന്നറിയിപ്പു നൽകി.

കഷ്ടം! എനിക്കു നാടകശാലയിലേക്കു പോകാനുള്ള അനുവാദംപോലും നിർദ്ദയമായ നിഷ്ഠുരതയോടെ ഡോക്ടർ നിഷേധിച്ചു. ബെർഗോത്ത് അതുല്യയായ പ്രതിഭാശാലിയെന്നു വിശേഷിപ്പിച്ച ബെർമയെന്ന കലാകാരിയെ കാണാനും കേൾക്കാനും എനിക്കിനി മാസങ്ങളോളം കാത്തിരിക്കണം! ബാൽബെക്കിലെ കടൽത്തീരവും തിരമാലകളും കാണാനുള്ള മോഹം ഉള്ളിലടക്കിയ എനിക്കു ഫ്ലോറൻസും വെനീസും സന്ദർശിക്കാനാവാഞ്ഞതിന്റെ ദു:ഖശമനത്തിനു തക്കതായൊരു സാന്ത്വനം തീർച്ചയായും ആ സാമീപ്യത്തിൽനിന്നു ലഭിക്കു

മായിരുന്നു! അകാരണമായ ക്ഷീണം ബാധിയ്ക്കാതെ ശ്രദ്ധിയ്ക്കാൻ ഫ്രാങ്കോയ്സിനെ ചുമതലപ്പെടുത്തി എന്നെ ദിവസേന വൈകുന്നേരം കാംപ്സ്എലീസേസിലേയ്ക്കു നടക്കാൻ പറഞ്ഞയയ്ക്കുന്നതുകൊണ്ടു മാത്രം അച്ഛനമ്മമാർ തൽക്കാലം തൃപ്തിപ്പെട്ടു. ലിയോണി അമ്മായിയുടെ മരണത്തിനുശേഷം ഞങ്ങളുടെ വീട്ടിലെത്തിയ ഫ്രാങ്കോയ്സ് അന്നെനിയ്ക്കു നല്ല സഹായമായിരുന്നു. കാംപ്സ്എലീസേസിലേയ്ക്കു നടക്കാൻ പോകുന്നതു പക്ഷേ മനം മടുപ്പിയ്ക്കുന്നൊരു വ്യായാമമുറയായി എനിയ്ക്കു തോന്നി. ബെർഗോത്തിന്റെ ഏതെങ്കിലുമൊരു പുസ്തകത്തിൽ ഭാവനയുടെ പ്രതിച്ഛായപോലെ ആ സ്ഥലം പരാമർശിയ്ക്കപ്പെട്ടിരുന്നെങ്കിൽ, മിക്കവാറും എന്റെ മനസ്സിൽ അതിനോടൊരു അഭിനിവേശം താനേ ജനിയ്ക്കുമായിരുന്നു. അപ്പോൾ വികാരങ്ങൾക്ക് ഊഷ്മളതയും വ്യക്തിത്വത്തിനു ജീവനും നൽകുന്ന ആ യഥാർത്ഥരൂപം ഞാനൊരുപക്ഷേ നേരിട്ടു കണ്ടെത്താൻ ശ്രമിയ്ക്കും. ആർക്കു വേണമെങ്കിലും യഥേഷ്ടം കടന്നു ചെല്ലാവുന്ന ആ തോട്ടത്തിൽ സ്വപ്നങ്ങൾക്കു പ്രചോദനം പകരുന്ന യാതൊന്നും എനിയ്ക്കു കാണാൻ കഴിഞ്ഞില്ല.

* * * * *

ലാവണ്യം വഴിഞ്ഞൊഴുകുന്ന സ്ത്രീകളുടെ ചെറിയ കൽപ്രതിമകൾ നാലതിരുകളിലും കൃത്യമായ ഇടവേളകളിൽ നാട്ടിവെച്ച ആ ഉദ്യാനത്തിൽ ഒരു ദിവസം ഫ്രാങ്കോയ്സ് എന്നെ കൊണ്ടുചെന്നാക്കി. നാലുപാടും ചുറ്റി നടക്കുന്നതിനിടയിൽ ഞാൻ ചില മരക്കുതിരകൾ സ്ഥാപിച്ചതിനു സമീപം സാധാരണ വിശ്രമിയ്ക്കാറുള്ള സ്ഥാനത്തു കുറച്ചുനേരം ചെന്നിരുന്നു മടുപ്പു തോന്നിയപ്പോൾ, വിചിത്രവേഷം ധരിച്ച യാത്രക്കാരുമായി കഴുതവണ്ടികൾ അതിവേഗത്തിലോടുന്ന അപരിചിതമായൊരു ഭാഗത്തേയ്ക്കു നടന്നു. ആ സമയം ഫ്രാങ്കോയ്സ് കൈവശം കൊണ്ടുവന്ന സാധനങ്ങളോരോന്നും തൊട്ടടുത്തുള്ള വള്ളിച്ചെടികളുടെ കുറ്റിക്കാടിനെതിരെ തിരിച്ചിട്ട കസേരയിൽ

ഒതുക്കിവെയ്ക്കാനായി പോയി. ഫ്രാങ്കോയ്സിനെ കാത്തു മട്ടുത്ത ഞാൻ വിശാലമായ പുൽത്തകിടിയിൽ അവിടവിടെ വെയിലേറ്റു നിറം മങ്ങി ചെത്തി വെടിപ്പാക്കിയ ഭാഗത്തു തെക്കുവടക്കു നടക്കുമ്പോൾ, എതിർവശത്തെ ജലധാരയിൽ നിന്നുയർന്നു നിൽക്കുന്ന പ്രതിമയ്ക്കു മുമ്പിൽ കറുത്തിരുണ്ടു ചുരുണ്ട മുടിയുള്ള ഒരു പെൺകുട്ടി ഷട്ടിൽകോക്കു കളിയ്ക്കുന്നതു കണ്ടു; മറ്റൊരു പെൺകുട്ടി നടപ്പാതയിലൂടെ നടന്നു വരുന്നതിനിടയിൽ ബാറ്റ് കൈയുറയിലിട്ടു മേൽക്കുപ്പായത്തിന്റെ കുടുക്കുകളിടാൻ ശ്രമിയ്ക്കുന്നതിനിടയിൽ ഉറക്കെ വിളിച്ചു പറഞ്ഞു: “നന്ദി, ഗിൽബർത്ത്! ഞാൻ വീട്ടിലേയ്ക്കു പോകുന്നു. മറക്കല്ലേ, വൈകുന്നേരം ഞങ്ങൾ വീണ്ടും വരും, അത്താഴത്തിനുശേഷം!“. ഗിൽബർത്തെന്ന വാക്ക് കാതിലെത്തിയ നിമിഷം, ആ പേരുമായി ബന്ധപ്പെട്ട സകലവിധ ഓർമ്മകളും എന്റെ മനസ്സിലേയ്ക്കു തള്ളിക്കയറിവന്നു. ആ വ്യക്തിയുടെ അസാന്നിദ്ധ്യത്തിൽ നടന്ന പരാമർശമായല്ല, നേർക്കുനേരേ അഭിസംബോധന ചെയ്യുന്നവിധത്തിലായിരുന്നു ആ ഓർമ്മകൾ എന്നെ ആവേശിച്ചത്. തൊട്ടുരുമ്മി കാണാതെ കടന്നുപോയ ആ വിനിമയവഴികളുടെ വക്രതയ്ക്കു സമാന്തരമായ ലക്ഷ്യത്തെ സമീപിയ്ക്കുന്തോറും ഓർമ്മകളുടെ ശക്തി വർദ്ധിച്ചു വന്നു. അഭിസംബോധന ചെയ്യപ്പെട്ട പെൺകുട്ടിയെ സംബന്ധിച്ചു മനസ്സിൽ കരുതിയ ധാരണകളും വിവരങ്ങളും എന്റേതല്ല, മറിച്ച് ആ സുഹൃത്തിന്റെ ജാഗ്രതയിലുൾക്കൊണ്ട ഓർമ്മകളാണെന്നും എനിയ്ക്കപ്പോൾ മനസ്സിലായി. ഓർമ്മയിൽ ഉറങ്ങിക്കിടന്നു ദിവസേന ആവർത്തിയ്ക്കപ്പെടുന്ന ഒരു സൗഹൃദം, പരസ്പരം നടത്തുന്ന ചില സന്ദർശനങ്ങൾ അഥവാ അപ്രാപ്യമായ ജീവിതത്തെക്കുറിച്ചുള്ള ചില വാക്കുകൾ, ഉച്ചരിയ്ക്കപ്പെടുന്ന നിമിഷംതന്നെ ഓർമ്മയിൽ സ്ഥാനം പിടിച്ചുകഴിഞ്ഞിരിയ്ക്കും. നേരേ മറിച്ച്, നിസ്സാരമായി വായുവിലേയ്ക്കു ചുഴറ്റിയെറിയപ്പെട്ട ഒരു ശബ്ദത്തിൽനിന്നു പുറത്തുവന്ന സന്ദേശം കാതുകളെ തൊട്ടു തലോടി കടന്നുപോയപ്പോൾ, ആ പെൺകുട്ടി എനിയ്ക്കു ചിരപരിചിതയായിരുന്നിട്ടും, അവളുടെ ഉള്ളിലേയ്ക്കിറങ്ങാനുള്ള കഴിവില്ലായ്മ എ

ന്നെ വേദനിപ്പിയ്ക്കുകയാണു ചെയ്തത്. ആ സന്ദേശത്തിലടങ്ങിയ മധുരത്തിന്റെ ആസ്വാദ്യത സാവകാശം അന്തരീക്ഷത്തിൽ പരക്കാൻ അനുവദിച്ചപ്പോൾ മിസ് സ്വാനിന്റെ ജീവിതത്തിലെ ചില അദൃശ്യ ഭാവങ്ങൾക്കു ദിവ്യമായൊരു പരിവേഷം ലഭിയ്ക്കുന്നതായി ഞാനറിഞ്ഞു. ഇന്നു വരാനിരിയ്ക്കുന്ന വൈകുന്നേരത്തേയും അത്താഴത്തിനുശേഷമുള്ള സമയത്തേയും അവ കൃത്യമായി സ്പർശിച്ച് തോട്ടത്തിനു മുകളിൽ പടർന്നു പരക്കുന്ന മേഘങ്ങളിൽ സൂക്ഷ്മതയോടെ പ്രതിഫലിയ്ക്കപ്പെട്ടു. നൃത്തനാടകങ്ങളുടെ പശ്ചാത്തലംപോലെ ആ മേഘങ്ങൾ പിന്നീട്ട ദേവലോകത്തെ രഥങ്ങളും കുതിരകളും തിങ്ങിനിറഞ്ഞ മായക്കാഴ്ചകളായി കുട്ടികൾക്കും ആയമാർക്കും യഥേഷ്ടം നടന്നു കയറാവുന്ന സ്വർഗീയപാതയ്ക്കു വർണഭംഗി വിതച്ചു. (തൊപ്പിയിലൊരു നീലത്തൂവൽ ധരിച്ച ആയ വന്നു കൂട്ടിക്കൊണ്ടുപോകുന്നതുവരെ ഷട്ടിൽ കോക്കു നിലത്തടിച്ച് എറിഞ്ഞു പിടിച്ചു കളിയ്ക്കുന്ന സുന്ദരിയായ ആ പെൺകുട്ടിയുടെ അപരാഹ്നത്തിലെ ഒരു നിമിഷവും വാടിക്കൊഴിഞ്ഞ പൂക്കളുടെ ഇതളുകളും ഒരേസമയം ഒന്നായി മാറി.) പരുപരുത്ത പുൽപ്പരപ്പിൽ അവൾ നിന്ന സ്ഥാനത്തെ ചങ്ങലംപരണ്ടയുടെ നിറമുള്ള പരവതാനിപോലെ വിടർന്നുകിടക്കുന്ന പ്രകാശരേഖ മാത്രം ശ്രദ്ധിച്ചു ഞാൻ മുന്നോട്ടു നടന്നു. ഗൃഹാതുരത്വത്തിന്റെ ലൗകികഭാവത്തോടെ, കാലുകൾക്കു കഴപ്പും ക്ഷീണവുമറിയാതെ, മണ്ണിൽ ചവിട്ടി മെതിച്ചു നടക്കുമ്പോൾ, ഫ്രാങ്കോയ്സ് ഉറക്കെ വിളിച്ചുപറയുന്നതു ഞാൻ കേട്ടു: "വരൂ, വന്നു കുപ്പായത്തിന്റെ കുടുക്കിടൂ, നമുക്കു വീട്ടിലേയ്ക്കു പോകാൻ സമയമായി!". അന്നാദ്യമായി, അവളുടെ സംസാരശൈലി എത്ര സർവസാധാരണമാണെന്നു ഞാൻ മനസ്സിലാക്കി; കഷ്ടം, അവളുടെ തൊപ്പിയിൽ ആ നീലത്തൂവലുണ്ടായിരുന്നില്ല!.

ഒന്നു മാത്രമേ ഇനിയറിയാനുള്ളൂ. കാംപ്സ്എലീസേസിലേയ്ക്ക് അവളിനി വീണ്ടും വരുമോ? പിറ്റേന്നു പുൽത്തകിടിയിലൊന്നും അവളെ കണ്ടില്ല; പിന്നീട്ട ചില ദിവസങ്ങളിൽ കാണുകയുമുണ്ടായി. അവൾ പതിവായി കൂട്ടുകാരുമൊത്തു കളിയ്ക്കുന്ന സ്ഥലത്തിനു ചുറ്റും കറ

ങ്ങിനടന്നു ഞാൻ സമയം ചിലവഴിച്ചു. ഒരു ദിവസം കളിവീട്ടു കളിയ്ക്കാൻ കൂട്ടുകാരുടെ എണ്ണം തികയാതെ വന്നപ്പോൾ എന്റെ സമ്മതമാരാഞ്ഞു വരാൻ അവളൊരാളെ പറഞ്ഞുവിട്ടു. തുടർന്നു മിക്കവാറും ദിവസങ്ങളിൽ ഞാനവളുടെ കൂടെ കളിച്ചു; പക്ഷേ, അതെന്നും സംഭവിയ്ക്കാറില്ല; മദ്ധ്യാഹ്നവിരുന്നിൽ പങ്കെടുക്കാനോ ഗൃഹപാഠം ഉരുവിടാനോ വേദോപദേശം വായിയ്ക്കാനോ വേണ്ടിവരുന്ന ദിവസങ്ങളിൽ അവൾക്കു പുറത്തു വരാൻ അനുവാദമുണ്ടായിരുന്നില്ല. റോസാപ്പൂക്കൾ നിറയെ പൂത്തുനിൽക്കുന്ന കോംബ്രേയിലെ ഇടവഴികളിലും കാംപ് സ്എലീസേസിലെ പുൽത്തകിടിയിലും ഗിൽബർത്തെന്ന പേരിൽ ഘനസാന്ദ്രത ഭാവിച്ചു നിൽക്കുന്ന അവളുടെ ഹൃദയസ്പന്ദനം എനിയ്ക്കു തൊട്ടറിയാൻ കഴിഞ്ഞു. ചില ദിവസങ്ങളിൽ പരസ്പരം കാണാനാവില്ലെന്നു ഞങ്ങളോടവൾ മുൻകൂട്ടി പറയാറുണ്ട്. ഗൃഹപാഠമാണു കാരണമെങ്കിൽ ഒരളവോളം എനിയ്ക്കാശ്വാസം പകരുന്ന ഖേദഭാവത്തിൽ അവൾ പറയും: “നാളെ എനിയ്ക്കു വരാനാവില്ല, മടുപ്പിയ്ക്കുന്ന പണികളുണ്ട്! എന്നെക്കൂടാതെ നിങ്ങൾക്കു കളിച്ചു രസിയ്ക്കാം!“. മറിച്ച് വിരുന്നിൽ പങ്കെടുക്കാനാണു പോകുന്നതെങ്കിൽ, അവൾ പറയും: “എനിയ്ക്കു പ്രതീക്ഷയില്ല! അമ്മ എന്നെയൊരു സുഹൃത്തിന്റെ അടുത്തേയ്ക്കു കൊണ്ടുപോകുമെന്നാണു തോന്നുന്നത്“. അവളെ കാണാൻ കഴിയാത്ത ദിവസങ്ങൾ മുൻകൂട്ടി അറിയുന്നതു പലപ്പോഴും എനിയ്ക്കൊരു നല്ല ആശ്വാസമായി തോന്നാറുണ്ട്. മുന്നറിയിപ്പൊന്നുമില്ലാതെ അമ്മ അവളേയുംകൂട്ടി ഒരു യാത്ര പോയതിന്റെ പിറ്റേന്ന്, ഈ ലോകത്തു വളരെ സ്വാഭാവികമായി സംഭവിയ്ക്കാവുന്ന കാര്യമാണതെന്നും അതുകൊണ്ടു മറ്റൊരാൾക്കൊരു വിഷമം വരാനില്ലെന്നും ഭാവിച്ച് അവൾ പറയും: “അതേ, ഞാൻ അമ്മയുടെകൂടെ പുറത്തുപോയി!'. മഴച്ചാറ്റൽ കൊള്ളുമെന്നു ഭയന്നു മോശമായ കാലാവസ്ഥയുടെ പേരിൽ ഗിൽബർത്തിനെ കാംപ്സ് എലീസേസിലേയ്ക്കു പറഞ്ഞയയ്ക്കാത്ത ദിവസങ്ങളും ഇടയ്ക്കു വല്ലപ്പോഴുമുണ്ടാകാറുണ്ട്.

അതുകൊണ്ട്, വർഷദേവതയുടെ വരവിനു താമസമുണ്ടെന്നു ക

ണ്ടാൽ രാവിലെ മുതൽക്കേ ലക്ഷണങ്ങൾ നിരീക്ഷിച്ച ഞാൻ ഇട വിടാതെ അമ്മയോട്ട വൈകുന്നേരത്തെ യാത്രയെക്കറിച്ച ചോദിച്ച കൊണ്ടിരിയ്ക്കും. എതിർവശത്തെ വീട്ടിലെ സ്ത്രീ, തൊപ്പിയെടുത്ത തല യിൽ വെയ്ക്കുന്നതു കണ്ടാൽ ഞാൻ ആത്മഗതമായി പറയും: "അവർ പുറത്തേയ്ക്ക പോകുകയാണ്. അതുകൊണ്ട് ഇന്നത്തെ കാലാവസ്ഥ ആർക്കും പുറത്തുപോകാൻ തക്കവിധം തെളിഞ്ഞതായിരിയ്ക്കും. എ ന്തുകൊണ്ടു ഗിൽബർത്തിനും അവരെപ്പോലെ ചെയ്തുകൂടാ?". പക്ഷേ, അവിചാരിതമായി പകലിന്റെ പെട്ടെന്ന പ്രകാശം മങ്ങി. അതൊരു പക്ഷേ, വീണ്ടും തെളിയാനിടയുണ്ടെന്നും ഈർപ്പം വലിഞ്ഞുപോകാ ൻ നല്ലൊരു വെയിലിന്റെ ചൂട്ട മതിയെന്നും അമ്മ പറഞ്ഞു; അതല്ലെ ങ്കിൽ മഴയുടെ പുറപ്പാടാകാൻ സാദ്ധ്യതയുണ്ട്. മഴ പെയ്താൽപ്പിന്നെ കാംപ്സ്എലീസേസിൽ ചെന്നിട്ട കാര്യമില്ല. അതുകൊണ്ട് പ്രാതൽ കഴിഞ്ഞയുടനെ ആകാംക്ഷാഭരിതമായ എന്റെ കണ്ണുകൾ അനിശ്ചി തത്വം നിറഞ്ഞ മേഘാവൃതമായ ആകാശത്തു തറച്ച നിന്നു. ഇരുട്ടിന കുറവുണ്ടായില്ല: പക്ഷേ, മട്ടുപ്പാവിലെ അന്തരീക്ഷത്തിന ചാരനിറമാ യിരുന്നു. പെട്ടെന്ന കറുത്തിരുണ്ട കൽത്തറയിൽ ദുർബലമായൊരു തുള്ളി വെളിച്ചം വന്നു വീണതു തീർച്ചയായും ഞാൻ കാണായ്കയ ല്ല. ദുർബലമായ ഇരുട്ടിനെ തീർത്തും ഇല്ലായ്മ ചെയ്യാനുള്ള ഒരു ശ്രമ മായാണു പക്ഷേ എനിയ്ക്കതനുഭവപ്പെട്ടത്. സ്വന്തം പരിവേഷത്തിന ഹാനി വരാതിരിയ്ക്കാൻ വല്ലാതെ പണിപ്പെടുന്ന പ്രകാശരശ്മിയുടെ സംശയാത്മകമായൊരു സ്പന്ദനമായിരുന്നു, അത്. പ്രഭാതത്തിലെ നിശ്ചലമായ ജലപ്പരപ്പുപോലെ, ഒരു നിമിഷം കഴിഞ്ഞു മട്ടുപ്പാവ് വീ ണ്ടും പ്രകാശമാനമായി. ഇരുമ്പഴികളുടെ ഒരായിരം നിഴലുകൾ കരി ങ്കൽത്തൂണുകളിൽ വിശ്രമിയ്ക്കാനെത്തി. പക്ഷേ, ചെറിയൊരിളംകാറ്റ നിഴലുകളെയെല്ലാം ചിതറിത്തെറിപ്പിച്ചു. കരിങ്കൽത്തറ വീണ്ടും തെ ളിഞ്ഞപ്പോൾ ഇണങ്ങിയ വീട്ടുമൃഗങ്ങളെപ്പോലെ നിഴലുകൾ തിരി ച്ചെത്തി. രാഗാലാപനത്തിലെ ആരോഹണാവരോഹണങ്ങളിൽ സ്വ

രസഞ്ചയങ്ങളെ ദ്രുതഗതിയിൽ തഴുകിത്തലോടുന്ന പരിക്രമണങ്ങളു ടെ അവസാനത്തിൽ ഉച്ചസ്ഥായിയിലെ ജീവസ്വരത്തിലേയ്ക്കു സ്വയം പറന്നുയർന്ന തീരെ അഗോചരവും അതിസൂക്ഷ്മവുമാകുന്ന രാഗഭാവം പോലെ, പതുക്കെപ്പതുക്കെ അവ അനിവാര്യമായ സൌന്ദര്യത്തി ന്റെ സുവർണകാന്തി കൈവരിയ്ക്കുന്നതു ഞാൻ വിസ്മയത്തോടെ നോ ക്കിക്കണ്ടു. അപ്പോൾ അതിസൂക്ഷ്മമായ വിശദാംശങ്ങൾ സരസമായി വിവരിയ്ക്കുന്ന കലാകാരന്റെ കരുതിക്കൂട്ടിയുള്ള പ്രയോഗമാണെന്നൊ രു സൂചന നൽകി, കരിങ്കൽത്തുണ്ടുകളിൽ കാരിരുമ്പിന്റെ മൂർച്ചയോ ടെ മുറിഞ്ഞുവീണ നിഴലുകൾ ചഞ്ചലപ്രകൃതിയായ സസ്യങ്ങളുടെ ക റുത്ത രൂപരേഖകൾ വരച്ചു. സുവ്യക്തമായ ആ നിഴലുകളുടെ സംതൃപ്ത വിശ്രാന്തികളിൽ സൂര്യകാന്തിപ്പൂക്കളുടെ തരുണശോഭയുമായി പൊ ൻവെയിൽത്തടാകത്തിൽ മയങ്ങിക്കിടക്കുന്ന മരതകപത്രങ്ങൾ, സ ന്തോഷവും സമാധാനവും വിളംബരം ചെയ്യാനുള്ള പ്രതിജ്ഞാപത്ര ങ്ങളാണെന്ന അവബോധം സ്വന്തം ആത്മാവിലേയ്ക്ക് ആവാഹിച്ചു.

ചില പ്രത്യേകമാനസികനിലയുള്ളവർക്കു തീവ്രമായ വിഷാദം പ കരുന്നവിധം ജനലുകളെ അലങ്കരിച്ചു ചുമരുകളിൽ അള്ളിപ്പിടിയ്ക്കുന്ന ഒരുതരം വള്ളിച്ചെടികൾ ഞങ്ങളുടെ മട്ടുപ്പാവിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങിയ ദിവസം മുതൽ, ഗിൽബർത്തിന്റെ സാന്നിദ്ധ്യം സൂചിപ്പിയ്ക്കു ന്ന നിഴൽരൂപങ്ങളായി, ഒളിച്ചോടാൻ വെമ്പുന്നതുപോലെ പടർന്നു കയറുന്ന പൂക്കളും പെട്ടെന്നു വാടിപ്പോകുന്ന കാട്ടുവള്ളികളുമാണു ഞാ നേറെ ഇഷ്ടപ്പെട്ടത്. അവളിപ്പോൾ മിക്കവാറും കാംപ്സ്എലീസേ സിൽ എന്നെ കാത്തിരിയ്ക്കുകയായിരിയ്ക്കും. ഞാനെത്തിയാലുടനെ സ്വാഗതംപോലെ അവൾ പറയും: "നമുക്കു കളിയ്ക്കാൻ തുടങ്ങാം. നീ യെന്റെ കൂട്ടത്തിൽ കൂടിക്കോ!". കാലാവസ്ഥയുമായല്ലാതെ സമയവു മായിമാത്രം പൊരുത്തപ്പെട്ട ആ നിമിഷം ഒരു ദുർബലമായ ശ്വാസ ത്തിന്റെ ഒഴുക്കിൽ താനേ ഒലിച്ചുപോയി. ആ ദിവസത്തിനു നിറവേ റ്റാനും നിരാകരിയ്ക്കാനും കഴിയുന്ന ഒരു സത്വരസുഖത്തിന്റെ വാഗ്ദാ നം! സ്നേഹിയ്ക്കുകയും സ്നേഹിയ്ക്കപ്പെടുകയും ചെയ്യുന്ന ആത്യന്തി

കമായ സുഖം! കടൽപ്പായലിനേക്കാൾ നേർമ്മയും ഊഷ്മളതയും വഹിയ്ക്കുന്ന ഹേമന്തത്തിന്റെ ഹൃദയത്തിൽ പൂർണാവതാരത്തിനായി കാത്തിരിയ്ക്കുന്ന പ്രകാശത്തിന്റെ ഏകാന്തമായൊരു സൂര്യകിരണം..!

പ്രായം ചെന്ന വൃക്ഷങ്ങളുടെ തായ്ത്തടി പൊതിഞ്ഞ പച്ചത്തുകലിന്റെ പരന്ന കഷണങ്ങൾ കനത്ത മഞ്ഞിനടിയിൽ മറഞ്ഞുപോയ ദിവസം, സസ്യത്തഴപ്പുകൾ മുഴുവൻ അപ്രത്യക്ഷമായി. മഞ്ഞുവീഴ്ച അവസാനിച്ചപ്പോൾ ഗിൽബർത്ത് പുറത്തേയ്ക്കിറങ്ങുമെന്നു പ്രതീക്ഷിയ്ക്കാൻ വയ്യാത്തവിധം ആകാശം കറുത്തിരുണ്ടു; പക്ഷേ പെട്ടെന്ന്, 'നോക്ക്.., ഇപ്പോൾ വെയിലിനു നല്ല തെളിച്ചമുണ്ട്. കാംപ്സ്എലീസേസിലേയ്ക്കു പോകാ'മെന്നു പറയാനുള്ള ഒരുൾപ്രേരണ അമ്മയ്ക്കുണ്ടാകും. അപ്പോൾ മട്ടുപ്പാവിനെ പൊതിഞ്ഞ മഞ്ഞിന്റെ മേലാപ്പിൽ പ്രത്യക്ഷപ്പെട്ട സൂര്യൻ കറുത്ത നിഴൽത്തുണ്ടുകളുടെ ചിത്രപ്പണികളിൽ സുവർണാഭമായ ചില തൊങ്ങലുകൾ തുന്നുകയായിരുന്നു. അന്നു പക്ഷേ, കാംപ്സ്എലീസേസിൽ ഞങ്ങളാരേയും കണ്ടില്ല. അല്ലെങ്കിൽ, തിരിച്ചു പോകാൻ തുടങ്ങുന്ന ഒരു പെൺകുട്ടി, ഗിൽബർത്ത് അന്നു വരുന്നില്ലെന്നു ഞങ്ങൾക്കുറപ്പു തന്നു. ആയമാരുടെ നിരുത്സാഹകരമായ സഹവാസമില്ലാതെ കസേരകൾ ഒഴിഞ്ഞു കിടന്നു. കാലാവസ്ഥ കണക്കാക്കാതെ ദിവസേന തോട്ടത്തിൽ വരാറുള്ള, പ്രായമെന്തായെന്നുപോലും പറയാനാവാത്തവിധം വൃദ്ധയായ ഒരു സ്ത്രീ പുൽത്തകിടിയിലെ കസേരയിൽ ഇരിയ്ക്കുണ്ടായിരുന്നു. ഗിൽബർത്ത് മിക്കപ്പോഴും അവരോടു സംസാരിയ്ക്കുന്നതു ഞാൻ ശ്രദ്ധിയ്ക്കാറുണ്ട്. തീർത്തും അപ്രസന്നമായി ഒരേ വേഷംതന്നെ ധരിയ്ക്കുന്ന അവരെ പരിചയപ്പെടുന്ന ആനുകൂല്യത്തിനു പകരം ജീവിതത്തിൽ വരാനിരിയ്ക്കുന്ന സകല സുവർണാവസരങ്ങളും നിമിഷനേരത്തേയ്ക്കു പരിത്യജിയ്ക്കാൻ ഞാൻ തയാറായി. 'പ്രിയപ്പെട്ട സ്വന്തം അമ്മ'യെക്കുറിച്ചു ഗിൽബർത്തിനോടു പതിവായി അന്വേഷിയ്ക്കാറുള്ള അവരെ നേരിട്ടു പരിചയപ്പെടാനായെങ്കിൽ, അവളുടെ അച്ഛനമ്മമാരുടെ ലോകവുമായി ബന്ധമുള്ള വ്യത്യസ്തനായ ഒരാളായി അവളെന്നെ കാണാനിടയുണ്ടെന്ന

ബോധം പെട്ടെന്നെന്റെ മനസ്സിലുദിച്ചു. കുഞ്ഞുമക്കൾ കുറച്ചകലെ കളിച്ചുകൊണ്ടിരിയ്ക്കുമ്പോൾ അവരെപ്പോഴും 'ഡെബാറ്റ്സ്'' വായിച്ചുരസിയ്ക്കും. സംസാരത്തിനിടയിൽ തോട്ടത്തിലേയ്ക്കു കസേരകൾ സംഭാവന ചെയ്ത പോലീസുദ്യോഗസ്ഥനേയും കുലീനയായൊരു മഹിളാരത്നത്തേയും പേരെടുത്തു പരാമർശിയ്ക്കുമ്പോൾ ആഭിജാത്യസഹജമായ പൊങ്ങച്ചത്തോടെ അവർ പറയും: "എന്റെ സുഹൃത്തായിരുന്ന ആ പോലീസുദ്യോഗസ്ഥൻ!", അല്ലെങ്കിൽ, "ഒരുകാലത്ത് അവരും ഞാനും അടുത്ത സുഹൃത്തുക്കളായിരുന്നു!".

അസഹ്യമായ തണുപ്പു മൂലം ഫ്രാങ്കോയ്സിനു നിൽക്കാനും ഇരിയ്ക്കാനും കഴിയാതെ വരുമ്പോൾ ഞങ്ങൾ ലാകൺകോർഡിൽ സെയിൻനദി മഞ്ഞു മൂടിക്കിടക്കുന്നതു കാണാൻ പോകും. നിരായുധയും നിസ്സഹായയുമായി ഒറ്റപ്പെട്ടുപോയ വലിയൊരു തിമിംഗലത്തെപ്പോലെ, സ്വയം കഷണങ്ങളായി മുറിയ്ക്കാൻ വിധേയഭാവത്തിൽ കിടക്കുന്ന നദിയ്ക്കു കുറുകേ സന്ദർശകരായ കുട്ടികൾ ഭയലേശമില്ലാതെ നടന്നുകയറി. കുറച്ചു നേരം കഴിഞ്ഞു കാംപ്സ്എലീസേസിൽത്തന്നെ ഞങ്ങൾ തിരിച്ചെത്തി. ചലനമറ്റു നിൽക്കുന്ന മരക്കുതിരകൾക്കും മഞ്ഞുമൂടിയ നടപ്പാതയുടെ വലയിൽപ്പെട്ടു കിടക്കുന്ന വിജനമായ പുൽത്തകിടിയ്ക്കും മദ്ധ്യേ ജലകണങ്ങൾ ഘനീഭവിച്ചുണ്ടായ മഞ്ഞുപാളികൾ തോരണം തൂക്കി ഉയർന്നുനിൽക്കുന്ന കൽപ്രതിമ, സ്വന്തം നിലപാടു വിശദീകരിയ്ക്കാൻ ശ്രമിയ്ക്കുന്നതു കണ്ടു സഹിയ്ക്കാതെ ഞാൻ അസ്വസ്ഥത പ്രകടിപ്പിയ്ക്കാൻ തുടങ്ങി. വൃദ്ധ 'ഡെബാറ്റ്സ്' മടക്കിവെച്ച് ആ വഴി കടന്നുപോയ ജോലിക്കാരിയോടു സമയം ചോദിച്ചു. 'നീ പറഞ്ഞു തന്നതെത്ര നന്നായെ'ന്ന ഉപചാരവാക്കിൽ അവർ പക്ഷേ വല്ലാത്തൊരു തണുപ്പിന്റെ ഭാവം പ്രകടിപ്പിച്ചു. വഴിത്താര വൃത്തിയാക്കിക്കൊണ്ടിരുന്ന പണിക്കാരനോടു കുഞ്ഞുമക്കളെ വിളിച്ചുകൊണ്ടുവരാനേൽപ്പിച്ച്, 'നന്ദി! നിങ്ങളെ ബുദ്ധിമുട്ടിച്ചതിനു ക്ഷമ ചോദിയ്ക്കുന്നെ'ന്നുകൂടി അവർ പറഞ്ഞു. പൊടുന്നനെ ആകാശം രണ്ടായി പിളർന്നു: പ്രതിമയ്ക്കും മരക്കുതിരകൾക്കുമിടയിൽ ചക്രവാളത്തിൽ വിസ്മയ

കരമായൊരു സൂചനയായി ഒരു നീലത്തുവൽ മിന്നിമായുന്നതു ഞാൻ കണ്ടു. വല്ലാതെ വൈകിയതുമൂലം ഒരു തവണയെങ്കിലും കളിയ്ക്കാമെന്ന പ്രതീക്ഷയോടെ തണുപ്പിൽനിന്ന ശക്തിയായി ഊർജ്ജം വലിച്ചെടുത്തു രോമാലംകൃതമായ തൊപ്പി ധരിച്ച്, അത്യധികമായ ഉന്മേഷം പ്രസരിപ്പിച്ച്, ആ നിമിഷം ഗിൽബർത്ത് എനിയ്ക്കു നേരെ അതിവേഗത്തിൽ ഓടിവന്നു; അവളെന്റെ അടുത്തെത്തുന്നതിനു തൊട്ടുമുമ്പ് ഒരു മഞ്ഞുകട്ടയിൽ കാലുരസി മണ്ണിൽ വഴുതിവീണു. ശരീരത്തിന്റെ സന്തുലനാവസ്ഥ വീണ്ടെടുക്കാനോ അതല്ലെങ്കിൽ ആ വീഴ്ച കൗതുകകരമായി കണ്ടു കാലിലെ ഹിമപാദുകം തട്ടിക്കളിയ്ക്കാനോ, എന്തിനാണെന്നറിയില്ല, അവളെന്നെ കെട്ടിപ്പുണരാനെന്നപോലെ നീട്ടിപ്പിടിച്ച കൈകളുമായാണു മുന്നോട്ടാഞ്ഞത്. ആ കാഴ്ച കണ്ടു വൃദ്ധ ഉത്സാഹപൂർവം വിളിച്ചു പറഞ്ഞു. "ബലേ ഭേഷ്! നിന്റെ കരണം 'മറിച്ചിൽ' അപാരംതന്നെ! അല്ല, കരണം 'കളിച്ചെ"ന്നാണു പറയേണ്ടത്. ഞാനൊരു പഴയ ശൈലി ആവർത്തിച്ചെന്നു മാത്രം!". കാലാവസ്ഥ കണ്ടു ഭയപ്പെടാതെ ഗിൽബർത്ത് വന്നതിനുള്ള നന്ദി കാംപ്സ്എലീസേസിന്റെ പേരിൽ പ്രകടിപ്പിയ്ക്കുകയായിരുന്നു, അവർ. "എന്തുവന്നാലും ഈ കാംപ്സ്എലീസേസിനോടു വിശ്വസ്തത കാണിയ്ക്കുന്ന നീ എന്നെപ്പോലെതന്നെ! നമ്മൾ രണ്ടുപേർക്കും അപാരമായ ധൈര്യമാണുള്ളത്! ഈ സ്നേഹമുണ്ടെങ്കിൽ ഞാനുറപ്പിച്ചു പറയാം, അതെ, ഈ തണുത്ത മഞ്ഞ്, (നീയെന്നെ പരിഹസിയ്ക്കുന്നോ?) കമ്പിളിപ്പുതപ്പിനെ ഓർമ്മിപ്പിയ്ക്കുന്നു!". തുടർന്നവർ കുലുങ്ങിക്കുലുങ്ങി ചിരിയ്ക്കാൻ തുടങ്ങി.

അങ്ങനെ ഏടുകൾ പൊടിപിടിച്ചു മൂടിയതുപോലെ ഇടയ്ക്കിടെ മുറിഞ്ഞുപോയ പതിവുനേർക്കാഴ്ചകൾക്കു ശേഷം ഗിൽബർത്തിനെ നേരിട്ടു കാണാനുള്ള കാഴ്ചശക്തി നഷ്ടപ്പെടുന്നതിന്റെ ആദ്യസൂചനപോലെ അന്നത്തെ മഞ്ഞുവീഴ്ച എനിയ്ക്കൊരു വിലക്കായി മാറി. വിരഹാകുലമായൊരു വിഷാദഛവി പടർന്ന സന്ധ്യയുടെ മുഖഭാവം, ഒര

ർത്ഥത്തിൽ, എന്നോടവൾ പങ്കുവെച്ച ആദ്യത്തെ സങ്കടമായതുകൊണ്ടു ഞങ്ങളുടെ സ്നേഹബന്ധത്തിന്റെ പുരോഗതിയിൽ സവിശേഷമായൊരു അവസ്ഥ അടയാളപ്പെടുത്തി. കളിക്കൂട്ടത്തിൽ ഇന്നിപ്പോൾ ഞങ്ങൾ രണ്ടുപേർ മാത്രമേയുള്ളൂ. അവളെന്നെ സന്തോഷിപ്പിയ്ക്കാൻവേണ്ടിയാണു പ്രതികൂലകാലാവസ്ഥ മറികടന്നും വന്നതെങ്കിൽ, അതൊരു ഗാഢസൗഹൃദത്തിന്റെ തുടക്കം മാത്രമായി കരുതാനാവില്ല; വിരുന്നിൽ പങ്കെടുക്കാനുള്ള ക്ഷണം നിരസിച്ച് ഒരു ദിവസം എന്നെ കാണാനായിമാത്രം വന്നതുപോലെ, അവളുടെ നിർവ്യാജമായൊരു ആത്മാർത്ഥതയായി ഞാനതിനെ കണ്ടു. ജഡപ്രായമായ ഞങ്ങളുടെ പരിതസ്ഥിതിയിൽ, സജീവമായി നിലനിൽക്കാൻ കഴിയുന്ന ഊർജ്ജസ്വലമായ സൗഹൃദത്തിന്റെ ഭാവിയിൽ, എനിയ്ക്കു വിശ്വാസം വർദ്ധിച്ചു. മഞ്ഞുപാളികളുടെ ചെറിയ ചീളുകൾ അവളെന്റെ കഴുത്തിലേയ്ക്കു വാരിയെറിയുമ്പോൾ, ഈ ശീതളഭൂമിയിൽ അവളുടെ സന്തതസഹചാരിയായ എന്നോടു കാണിയ്ക്കുന്ന പ്രത്യേകപരിഗണനയും ദുരിതകാലങ്ങളിൽ അവളെനിയ്ക്കായി കാത്തുസൂക്ഷിയ്ക്കുന്ന സുദൃഢമായ വിശ്വസ്തതയും ഒരേസമയം പ്രതിഫലിപ്പിയ്ക്കുന്ന പൂർണമായ വിധേയത്വത്തോടെ ഞാൻ പുഞ്ചിരിച്ചു. അപ്പോഴേയ്ക്കും മഞ്ഞിന്റെ വെണ്മയ്ക്കെതിരെ സങ്കോചപൂർവം നടന്നടുക്കുന്ന കറുത്ത കുരുവികളെപ്പോലെ അവളുടെ കൂട്ടുകാർ ഓരോരുത്തരായി വന്നുതുടങ്ങി; ഞങ്ങൾ കളിയ്ക്കാനുള്ള ഒരുക്കങ്ങളാരംഭിച്ചു. വിഷാദകരമായി തുടങ്ങിയ ആ ദിവസം തികഞ്ഞ സന്തോഷത്തിൽ പര്യവസാനിയ്ക്കാൻ പോകുന്നതു കണ്ടു കളി തുടങ്ങുന്നതിനുമുമ്പേ, മുമ്പൊരിയ്ക്കൽ ഗിൽബർത്തിനെ പേരെടുത്തു വിളിച്ച സുഹൃത്തിന്റെ അടുത്തേയ്ക്കു ഞാൻ ചെന്നു; അപ്പോൾ അവളെന്നോടു പറഞ്ഞു: “വേണ്ട, നീ ഗിൽബർത്തിന്റെ കൂട്ടത്തിലായിരിയ്ക്കുമെന്നു ഞങ്ങൾക്കുറപ്പുണ്ട്. അതാ, അവൾ നിന്നെ കൈകാട്ടി വിളിയ്ക്കുന്നു!“. സത്യത്തിൽ, മഞ്ഞു മൂടിയ പുൽത്തകിടി കടന്നുചെന്ന 'കളിത്തട്ടിൽ അണിനിരക്കാൻ' അവളെന്നെ ആഹ്വാനം ചെയ്യുകയായിരുന്നു! അപ്പോഴേയ്ക്കും ഉപയോഗിച്ചു നിറം മങ്ങിയ ചി

ത്രുകംബളങ്ങളുടെ ലോഹതുല്യമായ തിളക്കംപോലെ അസ്തമയസൂര്യൻ ഉജ്ജ്വലകാന്തി ചൊരിഞ്ഞ് ആ മൈതാനത്തെ സുവർണകഞ്ചുകത്തിന്റെ കളിത്തട്ടാക്കി മാറ്റിക്കഴിഞ്ഞിരുന്നു.

അങ്ങനെ ആശങ്കയോടെ തുടങ്ങിയതാണെങ്കിലും അനുചിതമായ ദു:ഖങ്ങൾക്കൊന്നും വിധേയനാകേണ്ടി വരാത്ത അപൂർവം ചില സന്ദർഭങ്ങളിലൊന്നായി അന്നത്തെ ദിവസം മാറി.

അതിനുശേഷം ഗിൽബർത്തിനെ കാണാതെ ഒരൊറ്റ ദിവസം പോലും കടന്നുപോകാൻ ഞാനനുവദിച്ചില്ല. (ഉച്ചഭക്ഷണത്തിനു സമയമായിട്ടും പതിവുയാത്ര കഴിഞ്ഞു തിരിച്ചുവരാത്ത മുത്തശ്ശി വഴി മുറിച്ചു കടക്കുന്നതിനിടയിൽ വണ്ടി തട്ടി മരിച്ചുപോയിരിക്കുമെന്നും തുടർന്നു കുറച്ചു ദിവസങ്ങൾ ഗിൽബർത്തിന്റെ കൂടെ കളിക്കാനുള്ള അനുവാദം നിഷേധിക്കപ്പെടുമെന്ന ചില സന്ദേഹങ്ങൾ അന്നെനിക്കു തീരെ തടുത്തുനിർത്താനായില്ല. ആത്മാർത്ഥമായൊരു സ്നേഹബന്ധത്തിനു ശ്രമിക്കുമ്പോൾ ഹൃദയത്തിലൂറിക്കിടക്കുന്ന സകല വികാരങ്ങളും സ്വയം ഒഴിഞ്ഞുപോകുന്നതുപോലെ) അത്രയേറെ ആകാംക്ഷയോടെ ഞാൻ മറ്റൊന്നിനെക്കുറിച്ചും ചിന്തിച്ചില്ല. എങ്കിലും, ആവേശംകൊണ്ടു മതിമറക്കത്തക്കവിധം എന്തും പരിത്യജിക്കാൻ സന്നദ്ധനായി രാവും പകലും പ്രതീക്ഷയോടെ കാത്തിരുന്ന അസുലഭനിമിഷങ്ങൾ പക്ഷേ, സത്യത്തിൽ ഒരുതരത്തിലും സന്തോഷകരമായിരുന്നില്ല. ജീവിതത്തിൽ നിന്നു ശ്രദ്ധ വ്യതിചലിക്കാതെ ഏകാഗ്രമായ ശുഷ്ക്കാന്തിയോടെ ഞാൻ കൊണ്ടുനടന്ന ആ നിമിഷങ്ങളിൽ ആനന്ദത്തിന്റെ കണികപോലും എനിക്കു കണ്ടെത്താനായില്ല. അവളുടെ രൂപഭാവങ്ങൾ മനസ്സിൽ പകർത്താനുള്ള പരിശ്രമം പരാജയപ്പെട്ടപ്പോൾ, എന്റെ സ്നേഹം കൃത്യമായും എന്തടിസ്ഥാനത്തിലാണെന്നു തീരുമാനിക്കാനാവാതെ, ഗിൽബർത്തിൽനിന്നു മാറി നിൽക്കുന്ന സമയം മുഴുവൻ ഞാനവളെ കാണാൻ കൊതിച്ചു; കൂടാതെ, എന്നെ സ്നേഹിക്കുന്നതായി അവളിതുവരെ എന്നോടു തുറന്നു പറഞ്ഞിട്ടുമില്ല; പല ആൺകുട്ടികളും എന്നേക്കാൾ മെച്ചമാണെന്നു ചിലപ്പോ

ഴൊക്കെ അവൾ കളിയാക്കാറുമുണ്ട്. കളിയിൽ ശ്രദ്ധിയ്ക്കാതെ മന സ്സിനെ മറ്റെങ്ങോ മേയാൻ വിടുന്ന, ഒരുമിച്ചു കളിയ്ക്കാൻ സദാ സന്ന ദ്ധത കാണിയ്ക്കുന്ന, നല്ലൊരു പങ്കാളി മാത്രമായിരുന്നു ഞാനവൾക്ക്. മറ്റുള്ളവരിൽനിന്നു വ്യത്യസ്തനാണു ഞാനെന്ന ആത്മവിശ്വാസത്തെ ഹനിയ്ക്കുന്ന തരത്തിൽ പ്രത്യക്ഷമായ അനിഷ്ടത്തിന്റെ ചില സൂചന കളും അവൾ കാണിയ്ക്കാറുണ്ട്. എന്നോടവൾക്കുള്ള സ്നേഹത്തേക്കാ ൾ എനിയ്ക്കവളോടുള്ള സ്നേഹത്തിലാണു ഞാനെന്റെ വിശ്വാസം കെട്ടിപ്പടുത്തത്; അതേസമയം, അവളെക്കുറിച്ചു നിരന്തരം ചിന്തിയ്ക്കാ ൻ എന്നെ നിർബന്ധിതനാക്കുന്ന ഉൾപ്രേരണ, സംശയത്തിന്റെ മുൾ മുനകൾ തട്ടിത്തകർക്കുന്നവിധത്തിൽ പരസ്പരസ്നേഹത്തെയാണു സൂചിപ്പിച്ചത്. അതുകൊണ്ട് അത്തരം വികാരങ്ങൾ വാക്കുകളിലൂടെ തുറന്നു പ്രകാശിപ്പിയ്ക്കാൻ ഞാനൊരിയ്ക്കലും മുതിർന്നില്ല. അവളുടെ പേരും വിലാസവും ആവർത്തിച്ചെഴുതിയ നോട്ടുബുക്കിന്റെ പേജുക ളിൽ മങ്ങിക്കിടന്ന അക്ഷരങ്ങൾ, ഒരിയ്ക്കലും കാണാനിടയില്ലാത്ത ഗിൽബർത്തിനെക്കുറിച്ചല്ല എന്നോടു സംസാരിച്ചത്; മറിച്ച്, അവളു ടെ രൂപഭാവങ്ങൾ ചിന്തയുടെ ഉപാധികളല്ലെന്നു വന്നപ്പോൾ, വിര സവും വിരക്തവും വ്യക്തിപരവുമായി യഥാർത്ഥവർണഭേദങ്ങളോടെ ഞാൻ കണ്ടതു സ്വന്തം കാമനകളുടെ ചിത്രങ്ങൾ മാത്രമായിരുന്നു. അതുകൊണ്ട് എനിയ്ക്കതിൽ തീരെ ഉത്സാഹം തോന്നിയില്ല. ഞങ്ങൾ തമ്മിൽ നേരിട്ടു കണ്ടുമുട്ടി അതുവരെ ഔദ്യോഗികമായി ആരംഭിയ്ക്കാ ത്ത സ്നേഹബന്ധത്തെക്കുറിച്ചു തുറന്നു പറയാനുള്ള ഒരവസരമൊ രുക്കുകയാണ് അടിയന്തിരമായി ചെയ്യേണ്ടതെന്നെനിയ്ക്കു തോന്നി. അവളെ കാണാൻ നിരന്തരപ്രേരണ നൽകി എന്നെ അക്ഷമനാക്കു ന്ന വിഷയങ്ങൾ, പ്രായപൂർത്തിയായ പുരുഷനു തീർത്തും അത്യാസ ന്നമായി തോന്നാനിടയില്ല. ജീവിതം മുന്നോട്ടു പോകുന്തോറും സുഖാ നുഭവങ്ങളുടെ സംസ്ക്കാരത്തിലൊരു കൗശലത്തിന്റെ സാന്നിദ്ധ്യം കടന്നുവരുന്നുണ്ട്. ഒരു പെൺകുട്ടിയെക്കുറിച്ചു ചിന്തിയ്ക്കുമ്പോൾ സ്വ യമേവ ഉയർന്നുവരുന്ന പ്രതിച്ഛായ യാഥാർത്ഥ്യവുമായി പൊരുത്ത

പ്പെട്ടുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ മിനക്കെടാതെ, ഞാൻ ഗിൽബർത്തിനെ കാണുന്നതുപോലെ, അവളെ സ്നേഹിയ്ക്കുന്നതിന്റെ നിർവ്വതിയിൽ മാത്രം നാം സംതൃപ്തി കണ്ടെത്തുന്നു. അതല്ലെങ്കിൽ, നല്ലൊരു പൂവു വിടർന്നു നിൽക്കുന്നതു കാണാൻവേണ്ടി മറ്റെല്ലാ ചെടികളും പിഴുതു മാറ്റുന്ന ജപ്പാനിലെ തോട്ടക്കാരെപ്പോലെ, നാമമാത്രമായ സ്നേഹം സംരക്ഷിയ്ക്കുന്നതിനുവേണ്ടി അവളോടുള്ള അഭിനിവേശം തുറന്നു പറയുന്ന സന്തോഷാനുഭവം നാം ത്യജിയ്ക്കുന്നു. നിസ്സാരമായൊരു മാറ്റംപോലും വരുത്താനാവാത്ത ഒരു സവിശേഷനിയമത്തിനു വിധേയമായി നമ്മെ അനുഗ്രഹിയ്ക്കുകയും നമ്മുടെ മാർഗതടസ്സങ്ങൾ നീക്കുന്നതിനു സഹായിയ്ക്കുകയും ചെയ്യുന്ന നിരുപാധികമായൊരു സ്നേഹം യഥാർത്ഥത്തിൽ നിലനിൽക്കുന്നുണ്ടെന്നു ഗിൽബർത്തുമായി പ്രണയത്തിലായിരുന്ന അക്കാലത്തു ഞാൻ ഉള്ളഴിഞ്ഞു വിശ്വസിച്ചിരുന്നു. പരസ്പരം തുറന്നു സംസാരിയ്ക്കുന്നതിന്റെ നൈസർഗികമാധുര്യത്തിനു പകരം നിസ്സംഗതയുടെ ഒരു മൂകാഭിനയമാണു നാം നടത്തുന്നതെങ്കിൽ, കൂടെക്കൂടെ ഞാൻ താലോലിയ്ക്കാറുള്ള ആ ആനന്ദാനുഭൂതി നഷ്ടപ്പെട്ടുമെന്നു മാത്രമല്ല, സത്യവുമായി പുലബന്ധമില്ലാതെ സ്വന്തം ഇച്ഛാശക്തിയിൽ ഉടലെടുത്ത കൃത്രിമസ്നേഹത്തിന്റെ രഹസ്യവഴികൾ വെടിഞ്ഞു സ്വയം പിന്തിരിയേണ്ടിവരുമെന്നും ഞാനറിഞ്ഞു.

സജീവവും സ്വതന്ത്രവുമായ വിനിമയോപാധികളിലൂടെ അവശ്യം ആവശ്യമായ ഭേദഗതികൾ വരുത്തി സ്വയം തയാറെടുത്തശേഷം ആ സ്നേഹത്തെ അഭിമുഖീകരിക്കത്തക്ക നിലയിലാണെന്നു പ്രഥമദർശനത്തിൽത്തന്നെ തോന്നിയ്ക്കുന്നവിധമാണു ഞാൻ കാംപ്സ്എലീസേസിൽ ചെന്നെത്തിയത്. നേരിട്ടു കണ്ടാലുടനെ ഉപചാരവാക്കു പറഞ്ഞു തിരിച്ചറിയുകയും തലേന്ന് ഒരുമിച്ചിരുന്നു കളിച്ചതിന്റെ വിശേഷങ്ങൾ മനസ്സിൽനിന്നു വീണ്ടെടുക്കുകയും ചെയ്യാനുള്ള ബദ്ധപ്പാടിൽ പരിക്ഷീണമായ എന്റെ ഇച്ഛാശക്തി, തൊട്ടടുത്തു ഗിൽബർത്തിന്റെ സാന്നിദ്ധ്യം കണ്ടറിഞ്ഞ നിമിഷം, അത്തരം ഓർമ്മകൾ തിരിച്ചെടുക്കാനാവാത്തവിധം എവിടെയോ നഷ്ടപ്പെടുത്തിയതായി തിരി

ച്ചറിഞ്ഞു. തെരുവോരത്തുകൂടി നടക്കുമ്പോൾ, ചെയ്യുന്നതെന്താണെന്നു ചിന്തിയ്ക്കാൻ സമയം ലഭിയ്ക്കുന്നതിനുമുമ്പേ, ഒരു കാലടിയ്ക്കു മുമ്പിൽ അടുത്ത കാലടി വെയ്ക്കാൻ നിർബന്ധിതമാകുന്ന അജ്ഞേയമായ ജന്മവാസനപോലെ, എന്റെ സ്വപ്നങ്ങളെ ഉത്തേജിപ്പിച്ച ഗിൽബർത്തും കൂട്ടുകാരിയും പെട്ടെന്നു രണ്ടു വ്യത്യസ്തവ്യക്തികളായി മാറി; ഉദാഹരണത്തിനു ചുവന്നു തുടുത്ത കവിളിനുമീതെ തിളങ്ങുന്ന രണ്ടു കണ്ണുകൾ തലേന്നു രാത്രിമുതൽ എന്റെ ഓർമ്മയിൽ തങ്ങിനിന്നിരുന്നെങ്കിൽ, ആ മൂക്കിന്റെ വടിവും നീളവും അവളുടെ പ്രകൃതവുമായി തൽക്ഷണം ബന്ധപ്പെടുത്താൻ എനിയ്ക്കു കഴിയുമായിരുന്നു. പ്രപഞ്ചത്തിന്റെ ചരിത്രത്തിൽ ഒരു ജീവിവർഗത്തെ നിർവചിയ്ക്കാൻ ഉപയോഗിയ്ക്കുന്നതുപോലെ അത്തരം സ്വഭാവങ്ങൾക്കു പ്രാധാന്യം നൽകി സവിശേഷമായും ഞാൻ ഓർമ്മയിലെടുക്കാതിരുന്ന എന്തെങ്കിലുമൊന്നു (തീക്ഷ്ണതയോടെ) ഗിൽബർത്തിന്റെ മുഖത്തു പ്രകടമാകുമ്പോൾ ആകാരസുഭഗതയുള്ള ചെറിയൊരു പെൺകുട്ടിയായി അവൾ ചിത്രീകരിയ്ക്കപ്പെട്ടുമായിരുന്നു. ദീർഘനേരമായി പ്രതീക്ഷിയ്ക്കുന്ന ആ നിമിഷത്തിന്റെ ആനുകൂല്യത്തിൽ മുൻകൂട്ടി തയാറാക്കിയതാണെങ്കിലും മനസ്സിൽനിന്നു നിശ്ശേഷം വിട്ടുപോയ അവളെക്കുറിച്ചുള്ള ധാരണകൾ, എന്റെ ഏകാന്തതയുടെ സുദീർഘമായ സമയതീരങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിയ്ക്കാൻ ഞാൻ അതികഠിനമായി ശ്രമിച്ചു. അവളുടെ അസ്തിത്വമാണെന്റെ മനസ്സിൽ കുടിയിരിയ്ക്കുന്നതെന്നും, പുസ്തകത്തിന്റെ വലിപ്പം എഴുതുന്തോറും വർദ്ധിയ്ക്കുന്നതുപോലെ, തീർച്ചയായും അവളോടുള്ള സ്നേഹമാണു ഞാൻ സാവകാശം വളർത്തിക്കൊണ്ടുവരുന്നതെന്നും ഉറപ്പിയ്ക്കുന്നതിനിടയിൽ അവളെന്റെ നേർക്കു പെട്ടെന്നൊരു കളിപ്പന്തു വലിച്ചെറിഞ്ഞു. പുറംലോകത്തു വ്യാപരിയ്ക്കുന്ന ശരീരത്തിന്റെ യാഥാർത്ഥ്യം, ബുദ്ധികൊണ്ട് അംഗീകരിയ്ക്കാൻ മടിയ്ക്കുന്ന ആദർശവാദിയായ ദാർശനികനെപ്പോലെ, തിരിച്ചറിയുന്നതിനു മുമ്പ് അവളെ അഭിവാദ്യം ചെയ്യാൻ എന്നെ നിർബന്ധിച്ച അതേ ജീവാത്മാവുതന്നെ ഇപ്പോൾ (എന്റെ ആത്മാവുമായി ഒന്നുചേരാനുള്ള ഒരു കൂടപ്പിറപ്പല്ല,

തൽക്കാലത്തേയ്ക്കുള്ള ഒരു കളിക്കൂട്ടുകാരി മാത്രമാണെന്ന മട്ടിൽ) അവളെനിയ്ക്കു തന്ന പത്തു പരസ്പരമര്യാദയുടെപേരിൽ ഞാൻ കടന്നുപിടിച്ചു. മാത്രമല്ല, അങ്ങനെയൊരു ചിന്തയ്ക്കവസരമൊരുക്കുന്ന മൗനം പുലർത്താനോ പിറ്റേന്നു വൈകുന്നേരംവരെ മനസ്സിൽ സൂക്ഷിച്ചുവെയ്ക്കാവുന്ന പരസ്പരസ്നേഹത്തെ സൂചിപ്പിയ്ക്കുന്ന വാക്കുകൾ ഉച്ചരിയ്ക്കാനോ കഴിയാതെ, പിരിയാറാകുന്നതുവരെ നിസ്സാരമായ ഒരായിരം കാര്യങ്ങൾ ഉപചാരപൂർവം എനിയ്ക്കവളോടു പറയേണ്ടി വന്നു. അതിനിടയ്ക്കു കൗതുകകരമായൊരു സംഭവവും അരങ്ങേറി. സകലരും സ്വന്തമായി കരുതിപ്പോന്ന സൗമ്യഭാവമുള്ള ഒരു കച്ചവടക്കാരിയുടെ കടയിലേയ്ക്കു ഞങ്ങളൊരു ദിവസം ഒരുമിച്ചു പോയിരുന്നു. (യോഗാഭ്യാസികൾക്കു സഹജമായ മലബന്ധത്തിനൊരു മരുന്നായി) സ്വാൻ ഇടയ്ക്കിടെ കഴിയ്ക്കാറുള്ള ചുക്കുവട ആ കടയിൽനിന്നാണവൾ പതിവായി വാങ്ങിയിരുന്നത്. കുട്ടികളുടെ കഥാപുസ്തകങ്ങളിൽ കാണാറുള്ള കോമാളിയേയും സഞ്ചാരിയേയുംപോലുള്ള രണ്ടു പയ്യന്മാർ കളിച്ചുചിരിച്ച് കടയ്ക്കകത്തു നിൽക്കുന്നതു ഗിൽബർത്ത് എനിയ്ക്കു കാണിച്ചുതന്നു. അവരിൽ മൂത്തവൻ മഞ്ഞനിറത്തിലുള്ള മാന്ത്രികദണ്ഡ് കൊതിയോടെ നോക്കിനിന്നു; ഇളയ പയ്യനാകട്ടെ, ആയ വാങ്ങിക്കൊടുത്ത പൂവമ്പഴം വലിച്ചെറിഞ്ഞു വാശിയോടെ കണ്ണീരൊലിപ്പിച്ചു പറഞ്ഞു: “ഈ മഞ്ഞപ്പഴം എനിയ്ക്കു വേണ്ട, ചുവന്നതു മതി, അതിൽ നല്ല ഭംഗിയുള്ള ഒരു പുഴവരിയ്ക്കുന്നുണ്ട്!“. ഞാനൊരു പെനി കൊടുത്തു രണ്ടു മാർബിൾ ഗോലികൾ വാങ്ങി. അടച്ചുവെച്ച ചില്ലുപാത്രത്തിൽ ബന്ധനസ്ഥരായി കിടക്കുന്ന വിവിധനിറങ്ങളുള്ള നിരവധി ഗോലികൾ, വിസ്മയം നിറഞ്ഞ കണ്ണുകളോടെ ഞാൻ നോക്കിനിന്നു. പെൺകുട്ടികളുടെ നനുത്ത പുഞ്ചിരിപോലെ മനോഹരവുമായ അവയോരോന്നിനും അഞ്ചുപെൻസായിരുന്നു വില! ഞാൻ മുമ്പൊരിയ്ക്കലും കാണാത്തത്ര പണം കൈവശമുണ്ടായിരുന്ന അവൾ എനിയ്ക്കേതു ഗോലിയാണു വേണ്ടതെന്നു ചോദിച്ചു. ജീവിതംപോലെ സുതാര്യവും ജലാർദ്രവുമായ

അവയിലൊന്നുപോലും വേണ്ടെന്നുവെയ്ക്കാൻ എനിയ്ക്കു തോന്നിയില്ല. ഗോലികൾക്കു ശാപമോക്ഷം നൽകി പാത്രത്തിലുള്ളതത്രയും അവൾക്കു വാങ്ങാൻ കഴിഞ്ഞെങ്കിലെന്നു ഞാനാശിച്ചു. പക്ഷേ അവളുടെ നീലക്കണ്ണുകളുടെ നിറമുള്ള ഒന്നു മാത്രമാണു ഞാൻ ചൂണ്ടിക്കാണിച്ചത്. അവളതു ചില്ലുപാത്രത്തിൽനിന്നു പുറത്തെടുത്തു കടക്കാരിയ്ക്കു പണം നൽകി, അപൂർവമായൊരു സുവർണകാന്തി പുറത്തേയ്ക്കു പ്രസരിയ്ക്കുന്നതുവരെ കൈയിലിട്ടു തലോടി എന്റെ കൈയിൽ തന്നു പറഞ്ഞു: “ഈ സമ്മാനം, എന്റെ ഓർമ്മയ്ക്കായി നീ സൂക്ഷിച്ചു വെച്ചോ!“.

മറ്റൊരിയ്ക്കൽ, പുരാണനാടകങ്ങളുടെ അവതരണത്തിൽ ബെർമയുടെ അഭിനയമികവിനെക്കുറിച്ചു കൂടുതലറിയാനുള്ള ആകാംക്ഷ മനസ്സിലടക്കാൻ കഴിയാതെ, ബെർഗോത്ത് റാസിനെക്കുറിച്ചെഴുതിയ ലേഖനത്തിന്റെ പകർപ്പ് ഒരുപക്ഷേ അവളുടെ പക്കലുണ്ടാകാമെന്ന പ്രത്യാശ ഞാൻ തുറന്നു പ്രകടിപ്പിച്ചു. ശരിയായ ശീർഷകമറിയാമെങ്കിൽ സ്വാനിന്റെ ശേഖരത്തിൽ തിരഞ്ഞുനോക്കാമെന്നു പറഞ്ഞതനുസരിച്ച്, അന്നു വൈകുന്നേരം ഞാനവൾക്കൊരു കുറിപ്പെഴുതി. കവറിനു പുറത്തു ഞാൻ, നോട്ടുബുക്കിൽ പതിവായി കുത്തിവരയ്ക്കുന്നതു പോലെ, ഗിൽബർത്ത് സ്വാനെന്ന പേരു നല്ല അക്ഷരവടിവിൽ എഴുതിച്ചേർത്തു. അടുത്ത ദിവസം വയലറ്റുനാടയിൽ വരിഞ്ഞുകെട്ടി വെളുത്ത മെഴുകുകൊണ്ടു മുദ്രയൊട്ടിച്ച പൊതിയ്ക്കകത്താക്കി കൊണ്ടുവന്ന ആ ലേഖനത്തിന്റെ പകർപ്പ് അവളെനിയ്ക്കു നീട്ടിക്കൊണ്ടു ചോദിച്ചു, “ഇതല്ലേ നീ ആവശ്യപ്പെട്ടത്?“, അപ്പോൾ ഞാനയച്ച കുറിപ്പ് അവളുടെ കുപ്പായക്കീശയിൽ കിടക്കുന്നതു ഞാൻ കണ്ടു. തലേന്നു ഞാനെഴുതുമ്പോൾ വെറുമൊരു 'നീലമഷി' മാത്രമായിരുന്ന ആ മേൽവിലാസം, തപാൽശിപായി വീട്ടിലെ കാവൽക്കാരൻ വഴി പരിചാരകനു കൈമാറി അവസാനം അവളുടെ പക്കലെത്തിയപ്പോൾ, ദിവസേന ലഭിയ്ക്കുന്ന നിരവധി 'നീലമഷി'കളിൽ ഒന്നു മാത്രമായി ആ സവിശേഷമൂല്യം നഷ്ടപ്പെട്ടുപോയതു ഞാൻ തിരിച്ചറിഞ്ഞു. തപാലാപ്പീസിന്റെ വട്ടമുദ്രങ്ങൾക്കും ശിപായിയുടെ പെൻസിലടയാളങ്ങൾക്കും കീ

ഴെ സഫലമായൊരു സാക്ഷാത്ക്കാരസൂചനയായി ചുറ്റിപ്പിണഞ്ഞ വരികളിൽ പാഴായിപ്പോയ സ്വന്തം കൈയക്ഷരം തിരിച്ചറിയാൻ ഞാനേറെ പണിപ്പെട്ടു. എങ്കിലും ജീവപ്രതീകങ്ങളായ ആ വയലറ്റു നാടകൾ, എന്റെ സ്വപ്നത്തെ ആവേശപൂർവം സ്വീകരിച്ചിരുത്തി, എന്നെ ഉദാത്തമായൊരു ആഹ്ലാദതലത്തിലേയ്ക്കു കൈപിടിച്ചുയർത്തി.

അതുപോലെ മറ്റൊരു ദിവസം അവളെന്നോടു പറഞ്ഞു: “നീയെന്നെ 'ഗിൽബർത്തെ'ന്നു വിളിച്ചാൽ മതി. ഞാനും നിന്നെ പേരാണു വിളിയ്ക്കാൻ പോകുന്നത്. അല്ലെങ്കിലൊരു വല്ലാത്ത അരോചകത്വം തോന്നും!“. എന്നിട്ടും, കുറച്ചു നാൾ കൂടി അവളെന്നെ ഔപചാരികമായൊരു 'വൗസ്'കൂടി ചേർത്തു വിളിച്ചു; ഒരിയ്ക്കൽ അവളുടെ ശ്രദ്ധ ഞാനതിലേയ്ക്കു തിരിയ്ക്കാൻ ശ്രമിച്ചപ്പോൾ, വിദേശഭാഷയിലെ പുതിയ വാക്കു പഠിപ്പിയ്ക്കാൻ യാതൊരു വഴിയും കാണാതെ നിഘണ്ടുവിൽ പുതിയൊരു വാക്കു ചേർക്കുന്നതുപോലെ, ചെറിയൊരു പുഞ്ചിരിയോടെ അവളെന്റെ ഓമനപ്പേരുതന്നെ വിളിച്ചു തുടങ്ങി. ആ നിമിഷം, എന്റെ മനസ്സിലെന്താണുണ്ടായതെന്നു സ്വയം ചിന്തിച്ചപ്പോൾ, കൂട്ടുകാരുടെ സമാനനാമങ്ങൾ ഒരു നിമിഷനേരത്തേയ്ക്കുപോലും ഓർത്തെടുക്കാതെ, എന്റെ അസ്തിത്വനഗ്നതയെക്കുറിച്ചുള്ള അവളുടെ ധാരണ എനിയ്ക്കു കൃത്യമായി മനസ്സിലാക്കാൻ കഴിഞ്ഞു. എന്റെ കുടുംബാംഗങ്ങൾ ഉപയോഗിയ്ക്കുന്ന ഓമനപ്പേര്, ചില അക്ഷരങ്ങൾക്കു പ്രത്യേകമായി ഊന്നൽ നൽകുന്ന സ്വന്തം പിതാവിന്റെ ശൈലിയിൽ ചുണ്ടിലൂടെ പ്രകടിപ്പിയ്ക്കാൻ ശ്രമിച്ചപ്പോൾ അവളെടുത്ത അദ്ധ്വാനം, പഴത്തിന്റെ മാംസളഭാഗം വായിലിടുന്നതിനുമുമ്പ് തൊലിയുരിയ്ക്കുന്നതുപോലെ, എന്റെ അസ്തിത്വത്തെപ്പോലും കവർന്നുകളഞ്ഞു. പക്ഷേ, സംസാരത്തിൽ പ്രകടമായ സൗഹൃദത്തിന്റെ സന്തോഷം മാത്രമല്ല കൃതജ്ഞതപോലും സ്വീകരിയ്ക്കുന്ന അവളുടെ നോട്ടം ഒരു പുഞ്ചിരിയോടെ എന്റെമേൽ നേരിട്ടു വന്നുവീണു.

ആ നവീനാനുഭൂതികളുടെ മൂല്യം ആസ്വദിയ്ക്കാൻ അന്നെനിയ്ക്കു പ

ക്ഷേ കഴിഞ്ഞില്ല. ഞാൻ സ്നേഹിയ്ക്കുന്ന പെൺകുട്ടിയല്ല, മറിച്ച്, പതിവായി ഒരുമിച്ചു കളിച്ച അപരയായൊരു പെൺകുട്ടിയായിരുന്നു, ആ അനുഭൂതി എനിയ്ക്കു പകർന്നു തന്നത്; അനുഭൂതി സ്വീകരിച്ചതാകട്ടെ, ആഹ്ലാദത്തിന്റെ മൂല്യം തിരിച്ചറിയാനുള്ള സഹൃദയത്വവും ഗിൽബർത്തിനെക്കുറിച്ചുള്ള നല്ല ഓർമ്മകളും കൈവശമില്ലാത്ത എന്റെ അപരത്വവുമായിരുന്നു. വീട്ടിൽ തിരിച്ചെത്തിയ ശേഷവും ആ അനുഭൂതി ഉൾക്കൊള്ളാൻ എനിയ്ക്കായില്ല. എന്നോടുള്ള സ്നേഹം മന:പൂർവം മറച്ചുവെയ്ക്കാൻ നിർബന്ധിതയാക്കുന്ന കാരണങ്ങൾ വിശദീകരിച്ചുകൊണ്ട് ഒടുവിൽ അവളെല്ലാം തുറന്നു പറയുമെന്നുതന്നെ ഞാൻ കരുതി. അവളെക്കുറിച്ചു വ്യക്തവും ശാന്തവും ആശ്വാസകരവുമായൊരു ധാരണയിലെത്താമെന്ന പ്രതീക്ഷയിൽ എന്നെ കൊണ്ടുചെന്നെത്തിച്ച അതേ അനിവാര്യത, കഴിഞ്ഞുപോയതെല്ലാം നിസ്സാരമെന്നു കരുതി മുന്നോട്ടു പോകാനും എന്നെ പ്രേരിപ്പിച്ചു. അവൾ വെച്ചുനീട്ടുന്ന ചെറിയ ആനുകൂല്യങ്ങൾ സ്വയംപര്യാപ്തമാണെന്നു ധരിയ്ക്കാതെ, കോണികയറുമ്പോൾ പ്രത്യക്ഷപ്പെടുന്ന പുതിയ ചവിട്ടുപടികൾപോലെ, അതുവരെ നേടാൻ കഴിയാതിരുന്ന ആഹ്ലാദം സാക്ഷാത്ക്കരിയ്ക്കുന്നതിനു മുന്നോട്ടേയ്ക്കൊരു ചുവട് അനുവദിയ്ക്കുന്നതാണെന്നു മാത്രം കരുതിയാൽ മതിയെന്നും അതെന്നെ ഉപദേശിച്ചു.

ഇടയ്ക്കിടെ ഇതുപോലെ പരസ്പരസ്നേഹത്തിന്റെ ചില സൂചനകൾ നൽകാറുണ്ടെങ്കിലും നേരിട്ടു കാണുന്നതിൽ തീരെ താൽപ്പര്യം കാണിയ്ക്കാതെ അവളെന്നെ വിഷമിപ്പിച്ച ചില സന്ദർഭങ്ങളുമുണ്ടായിരുന്നു. എന്റെ പ്രത്യാശയുടെ സാക്ഷാത്ക്കാരത്തിനു തീർത്തും അനുയോജ്യമായി ഞാൻ കണക്കാക്കാറുള്ള അതേ ദിവസമാണതു മിക്കവാറും സംഭവിയ്ക്കാറുള്ളത്. ഗിൽബർത്ത് കളിയ്ക്കാൻ വരുമെന്നുറപ്പുള്ള ദിവസം ആഹ്ലാദത്തിന്റെ പ്രതീക്ഷയായ ഒരാവേശം ബാധിച്ചു ഞാൻ അതിരാവിലെ അമ്മയെ സ്നേഹപൂർവം ചുംബിയ്ക്കാമെന്ന ഉദ്ദേശത്തോടെ സ്വീകരണമുറിയിലേയ്ക്കു ചെന്നു. അപ്പോൾ സോപ്പിന്റെ ഈർപ്പമുള്ള വാസന വിട്ടുമാറാത്ത വെളുത്തുതുടുത്ത മനോഹരമായ വിര

ലുകൾകൊണ്ട് കറുത്തിരുണ്ട മുടിച്ചുരുളുകൾ ഒതുക്കി, പുറത്തേയ്ക്കു പോകാൻ വേഷം മാറി നിൽക്കുകയായിരുന്നു, അവർ. ആ നിമിഷം പിയാനോയ്ക്കു മുകളിൽ പൊടിയുടെ ഒരു നനുത്ത പാളി വായുവിൽ തങ്ങിനിൽക്കുന്നതു ഞാൻ കണ്ടു. ജനാലയ്ക്കു താഴെ നിന്നു പുല്ലാങ്കുഴലിൽ ഒരു നാടൻപാട്ടു പതുക്കെ ഒഴുകി വരുന്നതുകൂടി ശ്രദ്ധിച്ചപ്പോൾ, വസന്തത്തിൽ അപ്രതീക്ഷിതമായി ഹേമന്തത്തിന്റെ ദീപ്തമായൊരു വരവിന്റെ മുന്നറിയിപ്പ് എനിയ്ക്കു ലഭിച്ചു. ഉച്ചയ്ക്കു ഭക്ഷണം കഴിയ്ക്കുമ്പോൾ ഞാനിരുന്ന കസേരയുടെ മുൻഭാഗത്തുനിന്നു മദ്ധ്യാഹ്നവിശ്രമത്തിനു മറുവശത്തെ വീട്ടിലേയ്ക്കു പോയിരുന്ന സൂര്യരശ്മി, അയൽപക്കത്തെ സ്ത്രീ ജനാല തുറക്കുന്ന കണ്ണിമയ്ക്കുന്ന വേഗതയിൽ ഞങ്ങളുടെ ഭക്ഷണമുറി ഒരു നിമിഷാർദ്ധത്തിൽ പ്രകാശിപ്പിയ്ക്കാനായി മാത്രം തിരിച്ചെത്തി തൽക്ഷണം സ്വസ്ഥാനത്തേയ്ക്കു മടങ്ങിപ്പോയി. സ്ക്കൂളിലായിരിയ്ക്കുമ്പോൾ ഒരുമണിസമയത്തെ ക്ലാസിൽ മുഷിപ്പും അക്ഷമയും സഹിയ്ക്കാതെ, കൂട്ടിക്കൊണ്ടുപോകാൻ ഫ്രാങ്കോയ്സ് വന്നെത്തുന്നതുവരെ എന്നെ നിരന്തരം അലോസരപ്പെടുത്തുന്ന സൂര്യൻ പക്ഷേ, എനിയ്ക്കു പങ്കെടുക്കാനാവാത്ത ഇരു വിരുന്നിന്റെ ക്ഷണപത്രംപോലെ, എന്റെ മേശയുടെ വക്കത്തേയ്ക്കു സാവധാനം അരിച്ചിറങ്ങുന്ന ഒരു സുവർണനാളം വീഴാനനുവദിച്ചു. കാംപ്സ്എലീസേസിലേയ്ക്കു ജനങ്ങൾ തിങ്ങിനിറഞ്ഞ തെരുവിലൂടെ, വെയിലേറ്റു തിളങ്ങി നീരാവിയായി സൂര്യനിൽനിന്നടർന്നു വീണ സുവർണമേഘങ്ങളെപ്പോലുള്ള വീടുകൾക്കുമുമ്പിൽ പൊങ്ങിക്കിടന്ന മട്ടുപ്പാവുകൾക്കു കീഴിലൂടെ, നടന്നുചെന്ന ഞങ്ങൾക്കു പക്ഷേ ഗിൽബർത്തിനെ കാണാനായില്ല. അവളിനിയും വന്നിട്ടില്ല. അദൃശ്യനായ സൂര്യന്റെ കരലാളനം ആസ്വദിച്ചു കിടന്ന മൈതാനത്തിൽ, പുൽനാമ്പുകളിൽ കൊളുത്തിവെച്ച ദീപനാളങ്ങൾപോലെ താഴേയ്ക്കിറങ്ങിവന്നു നിശ്ചലരായി നിന്ന മാടപ്രാവുകൾ, ഭൂമിയുടെ ഉപരിതലത്തിൽനിന്നു തോട്ടക്കാരന്റെ കട്ടപ്പാര ഉപയോഗിച്ച് ഉയർത്തിക്കൊണ്ടുവന്ന പ്രാചീനശിലാശിൽപ്പങ്ങളായി

കാണപ്പെട്ടു. ഗിൽബർത്തിനെ ഒളിപ്പിച്ചുവെച്ചതുപോലെ തോന്നിച്ച ഉയരമുള്ള പ്രതിമയുടെ പിറകിൽനിന്ന പുറത്തു വരുന്ന സുന്ദരരൂപം, ഏതു നിമിഷവും പ്രത്യക്ഷപ്പെടാമെന്ന പ്രതീക്ഷിച്ചുകൊണ്ട് ചക്രവാളത്തിലേയ്ക്ക മിഴി നട്ടു ഞാനവിടെ നിന്നു. ആ പ്രതിമയുടെ കരങ്ങളിൽ സൂര്യന്റെ അനുഗ്രഹം സ്വീകരിയ്ക്കുന്നതിനു തയാറായി ഉജ്ജ്വലപ്രകാശത്തിൽ മിന്നിത്തിളങ്ങുന്ന അവളുടെ സാന്നിദ്ധ്യമുണ്ടായിരുന്നു. പതിവുസ്ഥാനത്ത് അതേ കസേരയിലിരുന്ന ഡെബാറ്റ്സ് വായിയ്ക്കുന്ന വൃദ്ധ, തോട്ടക്കാരനെ ആഹ്ളാദപൂർവം കൈകൊട്ടി വിളിച്ചുവരുത്തി പറഞ്ഞു: “എന്തൊരു സുന്ദരമായ ദിവസം!“ ഒരു ജീവനക്കാരി അവരുടെ പക്കൽനിന്ന കസേരയുടെ വാടക പിരിയ്ക്കാൻ വന്നപ്പോൾ ഒരുതരം പൊള്ളച്ചിരിയോടെ കപടനാട്യങ്ങൾ കാണിച്ച് അവർ സ്വന്തം കൈയുറയ്ക്കള്ളിൽ ഭദ്രമായി സൂക്ഷിച്ചുവെച്ച രസീത് തപ്പിനോക്കാൻ തുടങ്ങി. അവസാനം, രസീത് തന്നവരോടുള്ള നന്ദിസൂചകമായി ശരീരത്തിന്റെ അർത്ഥവത്തായൊരു സ്ഥാനത്തുനിന്നുതന്നെ അവർ രസീത് പുറത്തെടുത്തു; കഴുത്തുകൊണ്ട് അന്തരീക്ഷത്തിലൊരു വൃത്തം വരച്ച് ജീവനക്കാരിയോടു ചേർന്നുനിന്നു നഗ്നമായ കൈത്തണ്ടയിൽ ഒട്ടിച്ച മഞ്ഞക്കടലാസിന്റെ മടക്കുകൾ അവർ നിവർത്തിക്കാണിച്ചു; തുടർന്ന് ഒരു യുവതി യുവാവിനോടു സ്വന്തം മാറിടം ചൂണ്ടിക്കാണിച്ചു വശ്യമായി പുഞ്ചിരിയ്ക്കുന്നതുപോലെ അവർ പറഞ്ഞു: “നോക്കൂ, ഞാൻ നിങ്ങളുടെ റോസാപ്പൂക്കളാണു ചൂടിയിരിയ്ക്കുന്നത്..!“.

ആർക്ക്ട്രയംഫേയുടെ സമീപത്തു ഗിൽബർത്ത് വരുന്ന വഴിയിലേയ്ക്കു ഞാൻ ഫ്രാങ്കോയ്സിനെ കൈപിടിച്ചുവലിച്ചുകൊണ്ടുപോയി. എന്നിട്ടും ഞങ്ങളവളെ കണ്ടില്ല. ഇനിയവൾ വരാൻ സാധ്യതയില്ലെന്നുറപ്പിച്ച് പുൽത്തികിടിയുടെ ഭാഗത്തേയ്ക്കു തിരിച്ചു പോരുന്നതിനിടയിൽ മരക്കുതിരകളുടെ മുമ്പിൽവെച്ച്, ഉറക്കെ സംസാരിയ്ക്കുന്ന ചെറിയ പെൺകുട്ടി ഓടിവന്നു പറഞ്ഞു: “വേഗം വാ, വേഗം, ഗിൽബർത്ത് വന്നിട്ടു കാൽമണിക്കൂറായി. അവളുടനെ പോകും. കള്ളന്മാരുടെ കളിത്തട്ടൊരുക്കാൻ നിന്നെ കാത്തിരിയ്ക്കുകയായിരുന്നു, ഞങ്ങൾ!“.

ഞാൻ ഫ്രാങ്കോയ്സിനേയുംകൂട്ടി കാംപ്സ്എലീസിസിലേയ്ക്കു ന ടക്കുമ്പോൾ, ഗിൽബർത്ത് റൂബോയ്സ് വഴി വന്നു കയറുകയാണു ണ്ടായത്. നല്ല കാലാവസ്ഥയുടെ ആനുകൂല്യം കണക്കിലെടുത്ത് അ മ്മയുടെ കൂടെ ഊരു ചുറ്റാൻ ഇറങ്ങിയതായിരുന്നു, അവൾ. അപ്പോൾ എനിയ്ക്കാണു തെറ്റു പറ്റിയത്; ഞാൻ പുൽത്തകിടിയിൽനിന്നു മാറി പ്പോകരുതായിരുന്നു! ഗിൽബർത്ത് ഏതുവഴിയാണു വരുന്നതെന്നോ എപ്പോഴാണു മുമ്പിൽ പ്രത്യക്ഷപ്പെടുന്നതെന്നോ ആർക്കും തീരുമാ നിയ്ക്കാനാവില്ല. അതുകൊണ്ട് ഇടതടവില്ലാത്ത പിരിമുറുക്കത്തോടെ വിസ്തൃതിയിൽ മാത്രമല്ല അപരാഹ്നത്തിലെ ചില സമയഖണ്ഡങ്ങ ളിൽക്കൂടി കാംപ്സ്എലീസിസിനെ വിശദമായി നോക്കിക്കാണാൻ ഞാൻ ശ്രമിച്ചു. സമയസ്ഥലികളുടെ വിപുലവിശാലതയിൽ ഓരോ സ്ഥാനത്തും ഓരോ നിമിഷവും ഗിൽബർത്തിനെ കാണാമെന്നും അവൾ രണ്ടരമണിയ്ക്കു പകരം നാലുമണിയ്ക്കു തൊടുത്തുവിട്ട ഒരു ശരം എന്റെ ഹൃദയത്തിൽ ആഞ്ഞുതറച്ചതിന്റെ കാരണം ആ പ്രത്യക്ഷ പ്പെടലിനു പിന്നിലുണ്ടെന്നും ഞാനറിഞ്ഞു. കളിയ്ക്കിടയിൽ പതിവാ യി ഉപയോഗിയ്ക്കുന്ന തൊപ്പിയ്ക്കുപകരം അന്നു മറ്റൊന്നാണവൾ ധരി ച്ചിരുന്നത്. പരിഷ്കൃതമായ ആ തൊപ്പിയും ധരിച്ചു ഞാനൊരിയ്ക്കലും പോകാനിടയില്ലാത്ത വീടുകളിൽ അവൾ പതിവായി സന്ദർശനം നടത്താറുണ്ടെന്നറിഞ്ഞപ്പോൾ വീട്ടിനകത്തിരിയ്ക്കാനും പുറത്തിറങ്ങാ നും നിർബന്ധിയ്ക്കപ്പെടുന്ന അവളുടെ ചില കൗതുകങ്ങളെക്കുറിച്ചും ഞാൻ ഊഹിച്ചെടുത്തു. അപ്പോൾ ഞാൻ സമ്പർക്കം പുലർത്തിയ അവളുടെ അജ്ഞേയമായ ജീവിതരഹസ്യമായിരുന്നു, ഇത്ര കാലവും എന്നെ വിടാതെ പിന്തുടർന്നത്. ഇനിയും വൈകിയ്ക്കാതെ കളി തുട ങ്ങുന്നതിനുവേണ്ടി ബഹളം വെയ്ക്കുന്ന പെൺകുട്ടിയുടെ ആവശ്യപ്ര കാരം ഞാനോടിച്ചെന്നപ്പോൾ, ഡെബാറ്റ്സ് വായിച്ചുകൊണ്ടിരിയ്ക്കു ന്ന വൃദ്ധയെ ഉപചാരപൂർവം വണങ്ങി അനൗപചാരികമായൊരു ല ജ്ജയോടെ ചിരിയടക്കി നിൽക്കുന്ന ഗിൽബർത്തിനെ ഞാൻ കണ്ടു. ('നോക്കൂ, എന്തൊരു സുന്ദരനായ സൂര്യൻ! മുകളിലൊരു തീക്കുണ്ഡം

എരിയുന്നതായി തോന്നു'ന്നെന്നു പറഞ്ഞ് ആ വൃദ്ധ അവളെ അടുത്തു പിടിച്ചിരുത്തി!) സ്വന്തം അച്ഛനമ്മമാരുടേയും കൂട്ടുകാരുടേയും സാന്നിദ്ധ്യത്തിൽ, അപരയായ ആ പെൺകുട്ടിയുടെ ഞാനിതുവരെ ശ്രദ്ധിക്കാതിരുന്ന ജീവിതം എങ്ങനെയായിരിയ്ക്കാമെന്നു പക്ഷേ ആ ദൂരക്കാഴ്ച എനിയ്ക്കു മനസ്സിലാക്കിത്തന്നു. അൽപ്പസമയത്തിനകം മകളെ കൊണ്ടുപോകാൻ വരുന്ന സ്വാനിനു മാത്രമേ അവളുടെ ആ ജീവിതത്തെക്കുറിച്ചു വ്യക്തമായൊരു ധാരണ എനിയ്ക്കു നൽകാനാവൂ. പഠനത്തിലും സൗഹൃദത്തിലും കളിയിലും നിർണായകസ്വാധീനം ചെലുത്തുന്ന ശക്തികളായി അവളുടെ മാതാപിതാക്കളെത്തന്നെയാണു ഞാൻ മനസ്സിൽ കണ്ടത്. വിഷാദമധുരമായ ആകർഷകത്വത്തിന്റെ സവിശേഷഗുണമായി ആ സ്വാധീനം അവളുടെ വ്യക്തിത്വത്തിൽ അലിഞ്ഞുകിടന്നിരുന്നു. (ഞങ്ങളുടെ കുടുംബവുമായി ബന്ധമുണ്ടായിരുന്ന കാലത്തു കൗതുകമുണർത്തുന്ന പ്രത്യേകതകളൊന്നുമില്ലാതെ നേരിട്ടു കാണാറുള്ള) സ്വാൻ അവളെ കൂട്ടിക്കൊണ്ടുപോകാൻ വേണ്ടി കാംപ്സ്എലീസിസിലേയ്ക്കു വരുമ്പോൾ, തല മറയ്ക്കുന്ന ചാരനിറത്തിലുള്ള ആ തൊപ്പി കാഴ്ചയിൽനിന്നു മറയുന്നതുവരെ എന്റെ ഹൃദയത്തിൽ ആവേശം അലയടിയ്ക്കാറുണ്ട്; അവരെ സംബന്ധിച്ച ഏതു വിഷയവും എന്റെ നിരന്തരചിന്തകൾക്കു വിധേയമായി. ജീവചരിത്രങ്ങൾ വായിച്ചു ചരിത്രപുരുഷന്മാരുടെ ജീവിതത്തിലെ നിസ്സാരമായ വിശദാംശങ്ങൾപോലും അത്യുത്സാഹത്തോടെ പഠിയ്ക്കുന്ന ഒരു വിദ്യാർത്ഥിയെപ്പോലെ, ആ ദൂരക്കാഴ്ച ഞാൻ ഓർമ്മയിൽ സൂക്ഷിച്ചു. കോംതെ പാരീസുമായുള്ള അദ്ദേഹത്തിന്റെ സൌഹൃദത്തെക്കുറിച്ചു കോംബ്രേയിൽവെച്ച് കുടുംബാംഗങ്ങൾ നടത്താറുള്ള സംസാരം തീർത്തും അപ്രധാനമായി തോന്നിയിരുന്നെങ്കിൽ, ഇന്നിപ്പോൾ ഓർലിയൻസിന്റെ മണിമന്ദിരംപോലെ അതെന്റെ ദൃഷ്ടിയിൽ അത്ഭുതകരമായൊരു ദൃശ്യമായി മാറിക്കഴിഞ്ഞു. കാംപ്സ്എലേസീസിലെ കറുത്ത പാതകളിലൂടെ അലസമായി നടക്കുന്ന ഒട്ടനവധി സാധാരണക്കാരുടെ നിസ്സാരമായ ജീവിതപശ്ചാത്തലത്തിൽ അദ്ദേഹത്തി

ന്റെ വ്യക്തിത്വം വ്യക്തമായും വേറിട്ടുനിന്നു. പ്രത്യേകമായ ആദരവുകളൊന്നും അവകാശപ്പെടാതെ, പ്രൗഢവും പ്രശാന്തവുമായ ഒരു വേഷപ്രച്ഛന്നതയിൽ, ചിന്തിയ്ക്കാനിട നൽകാതെ അവർക്കിടയിലേയ്ക്കു ദയാപൂർവം ഇറങ്ങിവന്ന ആ സുന്ദരരൂപത്തെ വിസ്മയത്തോടെയല്ലാതെ എനിയ്ക്കു നോക്കിനിൽക്കാൻ കഴിഞ്ഞില്ല.

ഞാനുൾപ്പെടെയുള്ള ഗിൽബർത്തിന്റെ കൂട്ടുകാരുടെ അഭിവാദ്യങ്ങൾക്കു സ്വാൻ വിനയപൂർവം പ്രതികരിച്ചു. എന്റെ കുടുംബവുമായി ഇപ്പോൾ നല്ല ബന്ധമില്ലാത്ത അദ്ദേഹത്തിനെന്നെ മനസ്സിലായതായി തോന്നിയില്ല. ഗ്രാമത്തിൽവെച്ച് എന്നെ കാണാറുണ്ടെന്നുള്ള ഓർമ്മ, മനസ്സിലേയ്ക്കിറങ്ങി വന്നെങ്കിലും, കോംബ്രേയിലെ സ്വാനിനു പകരം ഗിൽബർത്തിന്റെ അച്ഛനെന്ന നിലയ്ക്കു കണ്ടപ്പോൾ, തൽക്കാലത്തേയ്ക്കു ഞാൻ ആ ഓർമ്മകൾ മറച്ചുവെച്ചു. സ്വാനിന്റെ പേരുമായി ബന്ധപ്പെടുത്തി ഈയിടെ ഞാൻ രൂപീകരിച്ച ധാരണകൾ, എന്റെ മനസ്സിൽ നേരത്തേ സ്ഥാനം പിടിയ്ക്കുകയും ഉപയോഗിയ്ക്കപ്പെടാതെ കിടക്കുകയും ചെയ്തിരുന്ന ധാരണകളിൽനിന്നു വളരെ വ്യത്യസ്തമായിരുന്നതുകൊണ്ട്, അവയെക്കുറിച്ചോർക്കാൻ ഒരവസരം വന്നപ്പോൾ എനിയ്ക്കദ്ദേഹം പുതിയൊരു മനുഷ്യനായി മാറിക്കഴിഞ്ഞിരുന്നു. എങ്കിലും, അദ്ദേഹത്തെ ആപേക്ഷികവും തിരശ്ചീനവും കൃത്രിമവുമായൊരു ചരടുപയോഗിച്ചു ഞാൻ ആ പഴയ കുടുംബാതിഥിയുമായി കൂട്ടിയിണക്കി. എന്റെ സ്നേഹത്തിനു പ്രയോജകീഭവിയ്ക്കാത്ത സകലതും നിരർത്ഥകമായതുകൊണ്ട്, ആ വിചാരം ഓർമ്മയിൽനിന്നു മായ്ക്കാനാവാത്ത ഖേദവും ലജ്ജയും കലർന്ന പിരിമുറുക്കത്തോടെയാണു ഞാൻ അക്കാലത്തെക്കുറിച്ച് ഓർത്തത്. ഒരുപക്ഷേ ഗിൽബർത്ത് പേരുപോലും പറയാത്ത ഈ ഞാൻ, അന്നു കോംബ്രേയിൽവെച്ചു വൈകുന്നേരങ്ങളിൽ കുടുംബത്തിലെല്ലാവരും തോട്ടത്തിലെ മേശയ്ക്കു ചുറ്റുമിരുന്നു ചായ കുടിയ്ക്കുമ്പോൾ അമ്മയോട് ശുഭരാത്രി പറയാൻ മുറിയിലേയ്ക്കു വരണമെന്ന് ആവശ്യപ്പെട്ടു സ്വയം പരിഹാസ്യനായത്,

ഇന്നിപ്പോൾ കാംപ്സ് എലീസേസിൽ എന്റെ തൊട്ടുമുമ്പിൽ നിൽക്കുന്ന ഇതേ സ്വാനിന്റെ കണ്മുന്നിൽവെച്ചായിരുന്നു! കാൽമണിക്കൂർ കൂടി കാത്തുനിൽക്കാൻ തയാറായതുപോലെ, അദ്ദേഹം ഒരു കളിക്കു നേരമുണ്ടെന്നു ഗിൽബർത്തിനോടു പറഞ്ഞു. ഫിലിപ്പ് ഏഴാമൻ സ്വന്തം കൈകളിൽ ചേർത്തുപിടിക്കാറുള്ള കൈകൊണ്ടു മറ്റെല്ലാവരേയുംപോലെ അദ്ദേഹവും തോട്ടക്കാരനു വാടക കൊടുത്തു രസീതു കൈപ്പറ്റി ഇരുമ്പുകസേരയിൽ ഇരിപ്പുറപ്പിച്ചു. ഞങ്ങൾ വീണ്ടും കളി തുടങ്ങിയപ്പോൾ പുൽത്തകിടിയിൽനിന്നു ചിതറിപ്പറന്നുപോയ മാടപ്രാവുകൾ വർണാഭമായ ചിറകുകൾ വീശി അഭയകേന്ദ്രങ്ങളിൽ ചെന്നു ചേക്കേറി. (ഹൃദയാകൃതിയുള്ള അവയൊരുപക്ഷേ ഒരുകാലത്തു ള്ളവൽസാമ്രാജ്യത്തിലെ രാജകന്യകളായി വാണിരിക്കാം!) അവയിലൊന്ന്, പ്രതിമക്കു മുകളിൽ പറവകൾക്കുള്ള ധാന്യമണികൾ നിർലോഭം വിതറിയിട്ട പരന്ന കൽപ്പാത്രത്തിന്റെ വക്കത്തു ചെന്നിരുന്നു. ധാന്യമണി കൊത്തിയെടുക്കാൻ ശ്രമിക്കുന്നതിനിടയിൽ പ്രാവിന്റെ കൊക്കു പാത്രത്തിന്റെ വക്കിനുകീഴെ അദൃശ്യമായപ്പോൾ, ചില കലാശിൽപ്പങ്ങളിൽ കല്ലിന്റെ ഏകതാനത മറയ്ക്കാൻവേണ്ടി പളുങ്കു പൂശി വർണാഭമാക്കുന്നതുപോലെ, സുന്ദരമായൊരു കിരീടവുമായി പ്രതിമയുടെ ശിരസ്സ് പ്രത്യക്ഷപ്പെട്ടു. ക്രിസ്തീയമായൊരു പേരു മനുഷ്യകന്യകക്കു വരുത്തുന്ന മാറ്റംപോലെ, ആ കിരീടധാരണത്തിൽ വെറുമൊരു കരിങ്കൽപ്രതിമപോലും ദേവകന്യകയുടെ പരിവേഷത്തിനു യോഗ്യയായി!

വളരെക്കാലമായി കാത്തിരുന്ന അന്നത്തെ തെളിഞ്ഞ ദിവസം എന്റെ പ്രത്യാശ സഫലീകരിക്കാതിരുന്നതിന്റെ നിരാശ ഗിൽബർത്തിൽനിന്നും മറച്ചുവെക്കാനുള്ള സംയമനം എനിക്കുണ്ടായില്ല.

“നിന്നോടെനിക്കൊരുപാടു കാര്യങ്ങൾ പറയാനുണ്ട്“, ഞാനവളോടു പറഞ്ഞു. “ഇന്നത്തെ ദിവസം നമ്മുടെ സൗഹൃദത്തിനൊരു അർത്ഥമുണ്ടാകാൻ പോകുകയാണെന്നു ഞാൻ കരുതിയിരുന്നു. പക്ഷേ, വരുമ്പോഴേക്കും നിനക്കു പോകാൻ തിടുക്കമായി! നാളെ കുറച്ചു നേര

ത്തേ വരാൻ നോക്ക്, അപ്പോൾ ഞാനെല്ലാം തുറന്നു പറയാം!".

അവളുടെ മുഖത്തൊരു പ്രകാശം പരന്നു. തുള്ളിച്ചാടിക്കൊണ്ട് അവൾ പറഞ്ഞു: "നാളെ, നിന്റെ പരിപാടി മാറ്റുന്നതാണു നല്ലത്, പ്രിയ സുഹൃത്തേ, നാളെ ഞാൻ വരുന്നില്ല! ഒന്നാമതായി എനിയ്ക്കൊരു വിരുന്നിൽ പങ്കെടുക്കണം, പിന്നെ സുഹൃത്തിന്റെ വീട്ടിൽ ചെന്നിരുന്നു തിയോഡോഷ്യസ് രാജാവിന്റെ ഘോഷയാത്ര കാണണം. നല്ല രസമായിരിയ്ക്കും, അല്ലേ? മറ്റന്നാൾ, സ്ട്രോഗോഫിലേയ്ക്കു പോകാൻ തീരുമാനിച്ചു കഴിഞ്ഞു. പിന്നെ ക്രിസ്തുമസിന്റെ വരവായി, പുതുവത്സരത്തിന്റെ ഒഴിവുകളും! അച്ഛനമ്മമാരൊരുപക്ഷേ എന്നെ റിവൈറേയിലേയ്ക്കോ മറ്റോ കൊണ്ടുപോകാനിടയുണ്ട്. അങ്ങനെ ഇവിടത്തെ ക്രിസ്തുമസ് മിക്കവാറും നഷ്ടപ്പെടാനാണു സാദ്ധ്യത! പാരീസിലുണ്ടെങ്കിൽത്തന്നെ അമ്മയുടെകൂടെ പലയിടത്തും പോകാനുള്ളപ്പോൾ, ഇങ്ങോട്ടു വരാൻ കഴിഞ്ഞെന്നു വരില്ല. അപ്പോൾ.. ശരി, അതാ അച്ഛനെന്നെ വിളിയ്ക്കുന്നു, ഞാൻ പോകട്ടെ!".

ആഹ്ലാദാരവങ്ങൾ ഒടുങ്ങിയ ഒരൊഴിവുദിവസത്തെ സായാഹ്നം പോലെ, അപ്പോഴും സൂര്യപ്രകാശം തിളങ്ങുന്ന തെരുവിലൂടെ ഫ്രാങ്കോയ്സിന്റെ കൂടെ ഞാൻ വീട്ടിലേയ്ക്കു മടങ്ങി. കാലുകൾ വലിച്ചുവെയ്ക്കാനുള്ള ശക്തി എനിയ്ക്കു നിശ്ശേഷം ചോർന്നുപൊയ്ക്കഴിഞ്ഞിരുന്നു.

"എനിയ്ക്കു തീരെ അത്ഭുതം തോന്നുന്നില്ല", ഫ്രാങ്കോയ്സ് പറഞ്ഞു. "ഇതിക്കാലത്തെ ശരിയായ കാലാവസ്ഥയല്ല. എന്തൊരു ചൂടാണിത്. ദൈവമേ, ലോകത്തെങ്ങുമുള്ള സാധുക്കളായ രോഗികളെക്കുറിച്ചോർക്കുമ്പോൾ, കഷ്ടം, അങ്ങു സ്വർഗത്തിൽപ്പോലും സകലതും താറുമാറായി കിടക്കുകയാണെന്നു തോന്നും!".

അടുത്തൊന്നും കാംപ്സ്എലീസേസിലേയ്ക്കു തിരിച്ചുചെല്ലേണ്ടതില്ലെന്നു ഗിൽബർത്ത് സന്തോഷപൂർവം പറഞ്ഞ വാക്കുകൾ കരച്ചിലടക്കിക്കൊണ്ടു ഞാൻ ആവർത്തിച്ചു. അവളെക്കുറിച്ചുള്ള ചിന്തയുടെ ആയാസം മൂലം മനസ്സിൽ തിങ്ങിനിറഞ്ഞ കുളിർമ്മയുടെ ഭാവം

വേദനാജനകമായൊരു മുറിവിന്റെ നീറ്റലായി, അസ്ഥാനത്തു പ്രതി ഷ്ഠിയ്ക്കപ്പെട്ട നിസ്സംഗതയുടെ വ്യക്തമായ സൂചനയ്ക്കുപുറമേ വൈകാരി കമായ മറ്റൊന്നുകൂടി ചേർന്ന കണ്ണീരിനിടയിലും എന്റെ ചുണ്ടുകൾ സങ്കോചം കലർന്ന ചുംബനത്തിന്റെ രൂപരേഖപോലെ സ്വയമൊരു പുഞ്ചിരിയുടെ രൂപം സ്വീകരിച്ചു. തപാൽശിപായി വരാറായപ്പോൾ, വൈകുന്നേരത്തെ പതിവുശീലം തെറ്റിയ്ക്കാതെ, ഞാൻ പറഞ്ഞു: "ഗി ൽബർത്തിന്റെ കത്തു വരാറായിട്ടുണ്ട്! ഒടുവിലിതാ, അവളെന്നെ ഒരി യ്ക്കലും സ്നേഹിയ്ക്കാതിരുന്നിട്ടില്ലെന്നു തുറന്നു പറയാൻ പോകുന്നു! ഇന്നു വരെ ആ സ്നേഹം മറച്ചുവെയ്ക്കാനും പുറമേയ്ക്കു സന്തോഷം ഭാവിയ്ക്കാനും വെറുമൊരു കളിക്കൂട്ടുകാരിയായി അപരയായൊരു വ്യക്തിത്വം സ്വീ കരിയ്ക്കാനുമുള്ള നിഗൂഢമായ കാരണങ്ങൾ അവളെന്നോടു വിശദീക രിച്ചു പറയാൻ പോകുന്നു!".

ദിവസവും വൈകുന്നേരം അവളുടെ കത്തു സത്യമായി വായിയ്ക്കുക യാണെന്ന പൂർണബോദ്ധ്യത്തോടെ വാക്കുകളോരോന്നും മാറി മാറി ആവർത്തിച്ചു ഞാൻ വെറുതേ സമയം കളഞ്ഞു. പെട്ടെന്നു ഞാൻ സംഭ്രമത്തോടെ വായന നിർത്തും. ആ കത്തു ഞാൻതന്നെ എഴുതി യതായതുകൊണ്ട്, ഗിൽബർത്തിന്റെ കത്ത് ഒരിയ്ക്കലും അതേ കത്താ യിരിയ്ക്കില്ലെന്നു ഞാൻ മനസ്സിലാക്കി. ആ നിമിഷംമുതൽ അവളെഴു തണമെന്നു ഞാൻ മോഹിച്ച 'പ്രിയപ്പെട്ട' അല്ലെങ്കിൽ 'സ്നേഹം നിറ ഞ്ഞ' എന്നിങ്ങനെയുള്ള വാക്കുകൾ, ആദ്യം പ്രയോഗിച്ചശേഷം പി ന്നീടു സംഭവ്യതയുടെ പരിധിയിൽനിന്നു നീക്കി നിർത്തേണ്ടി വരു ന്ന അസൗകര്യം മാനിച്ച് എന്റെ വിചാരങ്ങളിൽനിന്നുപോലും, മാ യ്ച്ചുകളയാൻ സ്വയം നിർബന്ധിതനായി. മിക്കവാറും അസാദ്ധ്യമാ യൊരു യാദൃച്ഛികതയിൽ, ഞാനുപയോഗിച്ച അതേ വാക്യങ്ങളിലാ ണു കൃത്യമായും ഗിൽബർത്തിന്റെ കത്തു തുടങ്ങുന്നതെങ്കിൽപ്പോലും, എന്റെ സംഭാവന ആ കത്തിൽനിന്നു തിരിച്ചറിയുമ്പോൾ, എന്റെ മ നസ്സിലുദിയ്ക്കാത്ത, എന്റെ ഇച്ഛാശക്തിയിൽനിന്നു സ്വതന്ത്രമായ, എ ന്റെ മനസ്സിനു തീർത്തും അന്യമായ, ആ അനുഭൂതി സത്യവും നൂതന

വുമാണെന്നും, സ്നേഹത്തിന്റെ സമ്മാനമാണു ഞാൻ സ്വീകരിയ്ക്കുന്ന തെന്നുമുള്ള ബോധം ഒരിയ്ക്കലും എനിയ്ക്കുണ്ടാകാനിടയില്ല!

അങ്ങനെ ദിവസങ്ങളോളം കാത്തിരിയ്ക്കുന്നതിനിടയിൽ, ഗിൽബർത്ത് എനിയ്ക്കുവേണ്ടി എഴുതിയതല്ലെങ്കിലും (നീലനിറത്തിലുള്ള മാർബിൾ ഗോലിയുടെകൂടെ) അവളുടെ കൈകൊണ്ടു ലഭിച്ച ബെർഗോത്തിന്റെ ലേഖനം ഞാൻ വായിച്ചുതീർത്തു. പുരാവൃത്തങ്ങളുടെ മഹത്വത്തിൽ റാസിനു വിശ്വാസദാർഢ്യം പകർന്നുകൊടുത്ത ആ ഉപഹാരം ഞാൻ കൈയെത്താവുന്ന ദൂരത്തുതന്നെ സൂക്ഷിച്ചു വെച്ചിരുന്നു. ആ പുസ്തകം എനിയ്ക്കുവേണ്ടി കൊണ്ടുവന്നു തന്ന സുഹൃത്തിന്റെ സൗമനസ്യഭാവം എന്നെ വല്ലാതെ സ്പർശിച്ചു. സ്വന്തം ആഗ്രഹങ്ങളുടെ സാധൂകരണം കണ്ടെത്താൻ ഓരോരുത്തരും ബാദ്ധ്യതപ്പെട്ടതുപോലെ, പ്രണയിയ്ക്കുന്ന പെൺകുട്ടിയിൽ (വായനയും സംസാരവും വഴി) പ്രണയവികാരം വളർത്താൻ കഴിയുന്ന ചില ഗുണവിശേഷങ്ങൾ കാണാനായതിൽ എനിയ്ക്കു സന്തോഷം തോന്നി. സ്വാൻ ഒരിയ്ക്കൽ ഓദത്തിന്റെ അഴകിനൊരു സൗന്ദര്യാത്മകസിദ്ധാന്തം ആവിഷ്ക്കരിയ്ക്കാൻ ശ്രമിച്ചതുപോലെ, ആ ഗുണവിശേഷങ്ങളിൽനിന്നു സ്വമേധയാ പുറത്തുവന്ന പ്രണയത്തിന്റെ കാര്യകാരണങ്ങൾ മെനഞ്ഞെടുക്കാൻ ഞാനുത്സാഹിച്ചു. കോംബ്രേയിൽവെച്ചു പൂവിട്ട സ്നേഹവായ്പ്പിൽനിന്നും അവളുടെ ജീവിതത്തിലെ അജ്ഞേയമായ വസ്തുതകളിൽ മുങ്ങി മയങ്ങി സ്വജീവിതംപോലും നിസ്സാരമായി തള്ളിക്കളഞ്ഞു പുതിയൊരു ജന്മത്തിനുവേണ്ടി കാത്തിരിയ്ക്കുകയായിരുന്നു, ഞാൻ. അങ്ങനെ ഒരു ദിവസം ഗിൽബർത്തിനു സ്വമേധയാ വന്നുകയറാവുന്നവിധം സുപരിചിതവും സുതാര്യവുമായി മാറി, എന്റെ ജീവിതം. വൈകുന്നേരങ്ങളിൽ അപൂർവമായ കൈയെഴുത്തുപ്രതികളോരോന്നും ഒത്തുനോക്കി താരതമ്യം ചെയ്യുന്നതിൽ സ്വാനിനെ സഹായിയ്ക്കുന്ന അവൾക്കൊരു വിനീതവിദ്യാർത്ഥിയും സന്തതസഹചാരിയുമാകാനുള്ള മഹത്വമുണ്ടെന്നു ഞാൻ കണ്ടു. കാണുന്നതിനു മുമ്പേ

ഞാനവളെ സ്നേഹിയ്ക്കാൻ തുടങ്ങിയതിനു കാരണഭൂതൻ വന്ദ്യവയോധികനായ ബെർഗോത്തായിരുന്നെങ്കിൽ, ഇന്നിപ്പോൾ അവളുടെ പേരിലാണു പ്രധാനമായും ഞാനദ്ദേഹത്തെ ബഹുമാനിയ്ക്കുന്നത്. റാസിനെക്കുറിച്ച് അദ്ദേഹമെഴുതിയ ലേഖനം വായിയ്ക്കുന്ന അതേ നിർവൃതിയോടെ, അവളെനിയ്ക്കു കൊണ്ടുവന്നു തന്ന പുസ്തകത്തിന്റെ ഇളം ചുവപ്പു നാടയിൽ പൊതിഞ്ഞു വെളുത്ത മെഴുകിന്റെ മുദ്ര വെച്ചു ഭദ്രമാക്കിയ ചട്ടയും തലക്കെട്ടും ഞാൻ സശ്രദ്ധം നോക്കിക്കണ്ടു. വിശ്വാസപൂർവം സമർപ്പിയ്ക്കപ്പെട്ട പരസ്പരപ്രണയത്തിനു പ്രചോദനമായി ജീവിതത്തിന്റെ നിഗൂഢമായ വശ്യത മുഴുവനും ആവാഹിച്ച്, എന്റെ മുറിയിൽ താമസിച്ച്, എന്റെ കിടയ്ക്ക പങ്കിട്ട്, എന്റെ സാമീപ്യം നുകരുന്ന നീലനിറത്തിലുള്ള ആ മാർബിൾഗോലികൾ ഞാനെടുത്തു ചുംബിച്ചു. ഗിൽബർത്തിനോടുള്ള പ്രണയവുമായി ബന്ധമുണ്ടെന്നു കരുതിയ ബെർഗോത്തിന്റെ ചില വാക്കുകളിലെ സൗന്ദര്യവും മാർബിൾഗോലിയുടെ വൃത്തവടിവും തമ്മിലൊരു സാദൃശ്യം കാണാനില്ലെന്നു തോന്നുന്ന നിമിഷങ്ങളിൽ പക്ഷേ, സ്നേഹത്തിനു മുന്നോടിയായൊരു പൂർവാപരബന്ധം നിലനിൽക്കുന്നതായി ഞാൻ കണ്ടറിഞ്ഞു. അതായത്, ഗിൽബർത്ത് എന്നെ പരിചയപ്പെടുന്നതിനെത്രയോ മുമ്പ്, ആ സ്നേഹത്തിന്റെ ചില സൂക്ഷ്മാംശങ്ങൾ എഴുത്തുകാരന്റെ പ്രതിഭയും ഭൂമിശാസ്ത്രപരമായ നിയമങ്ങളുമായി ബന്ധപ്പെട്ടുകഴിഞ്ഞിരുന്നു. ആ പുസ്തകത്തിൽ എനിയ്ക്കു കാണാൻ കഴിഞ്ഞ സൗന്ദര്യം, അവളെന്നെ സ്നേഹിച്ചിരുന്നില്ലെങ്കിലും മറ്റൊന്നാകുമായിരുന്നില്ല. അതുകൊണ്ട്, സന്തോഷത്തിന്റെ ആ സന്ദേശം വായിച്ചെടുക്കാനുള്ള യാതൊരു സൂചനകളും എനിയ്ക്കതിൽ കാണാൻ കഴിഞ്ഞില്ല. എന്നോടുള്ള അനുഭാവത്തിന്റെ കുമ്പസാരവുമായി അവൾ കടന്നുവരുന്ന നാളേയ്ക്കായി കാത്തിരിയ്ക്കുന്ന എന്റെ പ്രണയം, ഓരോ വൈകുന്നേരവും അന്നു പൂർത്തിയാക്കിയ നെയ്ത്തുപണി മുഴുവൻ ഇഴ വിടർത്തി നശിപ്പിച്ചുകൊണ്ടിരുന്നു. പക്ഷേ, ആത്മാവിന്റെ നിഴൽ വിരിച്ച ഭാഗത്തെവിടെയോ പൊട്ടിപ്പോയ ആ ചരടുകൾ പെറുക്കിയെടുത്തു

കൂട്ടിച്ചേർത്ത് എന്റെ സ്വകാര്യലാഭത്തിനുവേണ്ടി കഷ്ടപ്പെടുകയാണെന്ന സ്വാർത്ഥചിന്തയില്ലാതെ അജ്ഞാതയായൊരു നെയ്ത്തുകാരി, സാധാരണ കൈവേലകളിൽനിന്നു വ്യത്യസ്തമായൊരു രീതിയിൽ ആ ചിന്തകളൊക്കെ നെയ്തടുക്കിവെയ്ക്കാതെ അന്നന്നത്തെ ജോലി അവസാനിപ്പിയ്ക്കാറില്ല. എന്റെ പ്രണയത്തിൽ പ്രത്യേകതാൽപര്യങ്ങളില്ലാതെ, സ്നേഹചിന്തയിൽനിന്നു വരാത്തതു മൂലം വിശദീകരിയ്ക്കാനാവാത്ത, അവളുടെ തെറ്റുകളും കുറ്റങ്ങളും കുറവുകളും ആ നെയ്ത്തുകാരി അടുത്തടുത്ത് അടുക്കി വെച്ചു. അപ്പോൾ, ഒന്നു മറ്റൊന്നുമായി ബന്ധപ്പെട്ട് ഓരോന്നിനും കൃത്യമായൊരു അർത്ഥമുണ്ടായി. കാംപ്സ്എലീസേസിലേയ്ക്കു വരുന്നതിനുപകരം ഗിൽബർത്ത് ഒരു വിരുന്നിൽ പങ്കെടുക്കുകയോ ആയയുടെകൂടെ ചുറ്റിനടക്കുകയോ നവവത്സരദിനംവരെ പരസ്പരം കാണാതിരിയ്ക്കാൻ ശ്രമിയ്ക്കുകയോ ചെയ്യുമ്പോൾ, അവളെ വെറുമൊരു ‘ചപല‘യായും ‘ആവേശത്തിനു വഴിപ്പെടുന്നവളാ’യും ചിത്രീകരിയ്ക്കുന്നതു തെറ്റാണെന്നു പുതിയ കണ്ടുപിടുത്തം എനിയ്ക്കു വെളിവാക്കി തന്നു. എന്നെ ആത്മാർത്ഥമായി സ്നേഹിച്ചിരുന്നെങ്കിൽ അവൾക്കിതു മൂന്നിനും കഴിയുമായിരുന്നില്ല. അഥവാ അനുസരിയ്ക്കാൻ നിർബന്ധിയ്ക്കപ്പെട്ടതാണെങ്കിൽ അവളെ കാണാത്ത ദിവസങ്ങളിൽ ഞാനനുഭവിച്ച അതേ നിരാശ അവളും അനുഭവിയ്ക്കാതിരിയ്ക്കില്ല. മാത്രമല്ല, ഗിൽബർത്തിനെ സ്നേഹിയ്ക്കാൻ തുടങ്ങിയ എനിയ്ക്കു സ്നേഹത്തിന്റെ അർത്ഥതലങ്ങളെക്കുറിച്ചുകൂടി പുതിയ ആ സംവിധാനം വിശദീകരിച്ചുതന്നു. അവളുടെ മുമ്പിൽ 'പ്രകടിപ്പിയ്ക്കേണ്ട' സ്ഥായിയായ ഉൽക്കണ്ഠയിലേയ്ക്ക് അതെന്റെ ശ്രദ്ധ ക്ഷണിച്ചു; അത്തരമൊരു പ്രേരണയുടെ പിൻബലത്തിൽ, വെറുമൊരു ഭൃത്യയായ ഫ്രാങ്കോയ്സിന്റെ മുമ്പിൽവെച്ച് അവളെ കാണുമ്പോൾ എനിയ്ക്കുണ്ടാകാറുള്ള സങ്കോചമൊഴിവാക്കി, അവളോടു സകലതും തുറന്നു പറയാനുള്ള സാദ്ധ്യതകൾ ഞാനാരാഞ്ഞു. ദിവസവും എന്റെകൂടെ ഫ്രാങ്കോയ്സിനെ പറഞ്ഞയയ്ക്കുന്നതവസാനിപ്പിയ്ക്കാൻവേണ്ടി അവൾക്കൊരു മഴക്കോട്ടും നീലത്തൂവൽത്തൊപ്പിയും വാങ്ങിക്കൊടുക്കണെ

മെന്നു ഞാനമ്മയോടപേക്ഷിച്ചു. (ഞങ്ങളോടു പൂർണവിധേയത്വം കാണിയ്ക്കുന്ന അവളോടതേ വിധത്തിൽ ഞാൻ പെരുമാറുന്നില്ലെന്നായിരുന്നു അമ്മ മറുപടിയായി പറഞ്ഞത്!). കാംപ്സ്എലീസേസിൽവെച്ചു ഗിൽബർത്തിനെ നേരിട്ടു കാണാൻ കഴിയാത്തിടത്തോളം, അവളുടെ സാന്നിദ്ധ്യമില്ലാത്ത ഒരഭയകേന്ദ്രമാണു ലോകത്തേറ്റവും വാസയോഗ്യമായ സ്ഥലമെന്നു കരുതി, പാരീസിൽ തങ്ങാനുള്ള ഒരനുമതി മാത്രമാണു ഞാൻ ചോദിയ്ക്കാനുദ്ദേശിച്ചത്. അവളെന്നാണു പാരീസു വിടുന്നതെന്നും എവിടേയ്ക്കാണു പോകുന്നതെന്നും എങ്ങനെ വീണ്ടും കാണാമെന്നുമുള്ള കാര്യങ്ങളല്ലാതെ മറ്റൊന്നും അക്കാലത്തെനിയ്ക്കു ചിന്തിയ്ക്കാനായില്ല. എന്റെ ആകാംക്ഷയും ആവശ്യവും അവളുടെ പ്രകൃതത്തിലെ ഏതെങ്കിലുമൊരു ഭാവംകൊണ്ടു സാധൂകരിയ്ക്കാവുന്നതല്ലെന്നു കണ്ടുപിടിയ്ക്കാൻ എനിയ്ക്കു പക്ഷേ ബുദ്ധിമുട്ടേണ്ടിവന്നില്ല. മറിച്ച്, ഞാനെന്തു ചിന്തിയ്ക്കുമെന്നു വേവലാതിപ്പെടാതെ സ്വന്തം ആയയോട് അവൾ കാണിയ്ക്കുന്ന അടുപ്പം, തീർത്തും നിർവ്യാജമാണെന്ന് എനിയ്ക്കു തോന്നി. അമ്മയുടെകൂടെ എങ്ങോട്ടെങ്കിലും പോകാനുണ്ടെങ്കിൽ അഥവാ ആയയുടെകൂടെ കടകൾതോറും കയറിയിറങ്ങാനുണ്ടെങ്കിൽ, കാംപ്സ്എലീസിസിലേയ്ക്കുള്ള യാത്ര ഒഴിവാക്കുന്നത് അവളെ സംബന്ധിച്ചു തീർത്തും സ്വാഭാവികമായിരുന്നു. അവൾ ഒഴിവുദിവസങ്ങൾ ചിലവഴിയ്ക്കുന്ന അതേ സ്ഥലങ്ങളിൽ എന്നെ കാണാമെന്നു കരുതിയാൽപ്പോലും, അവളുടെ മാതാപിതാക്കളുടെ വിചാരങ്ങൾകൂടി കണക്കിലെടുക്കുമ്പോൾ, എന്നെ കാണാനാവുന്ന സ്ഥലമെന്നതിനേക്കാൾ അവിടത്തെ ഒരായിരം വിനോദോപാധികളെക്കുറിച്ചു കേട്ടതുകൊണ്ടു മാത്രമായിരിയ്ക്കും അവൾ ആ സ്ഥലം തിരഞ്ഞെടുക്കുന്നത്. കളിച്ചുകൊണ്ടിരിയ്ക്കുമ്പോൾ അവളുടെ നേതൃത്വത്തിലുള്ള സംഘം (പലപ്പോഴും പതിവുള്ളതുപോലെ) എന്റെ അശ്രദ്ധമൂലം കളി തോറ്റതിന്റെ പേരിൽ എന്നേക്കാൾ വേറെ ചിലരെയാണിഷ്ടമെന്നു തറപ്പിച്ചു പറഞ്ഞപ്പോൾ, ഞാനവളോടു മാപ്പപേക്ഷിച്ച്, വീണ്ടുമെന്നോടു താൽപ്പര്യം തോന്നാൻ ഞാനെന്താണു ചെയ്യേണ്ടതെ

ന്നു വിനയപൂർവം ചോദിച്ചു. അതായത്, എന്റെ സ്ഥാനം വളരെ താഴ്ന്നതാണെന്നു ഗിൽബർത്തുതന്നെ പറഞ്ഞുകേൾക്കാൻ ഞാനാഗ്രഹിച്ചു. ഞങ്ങൾക്കു സ്വയം തീരുമാനിയ്ക്കാവുന്നവിധത്തിൽ എന്നോടുള്ള അവളുടെ സ്നേഹത്തിനു ഭേദഗതി വരുത്താൻ, എന്റെ പ്രകൃതത്തിന്റെ ഗുണദോഷങ്ങൾക്കനുസൃതമായ വാക്കുകളുച്ചരിച്ച് കഴിയുന്ന മട്ടിൽ എനിയ്ക്കാനന്ദം പകരണമെന്നു ഞാനവളോടു കേണപേക്ഷിച്ചു. ആ സമയം അവളുടെപേരിൽ എനിയ്ക്കനുഭവപ്പെട്ട വികാരങ്ങൾക്ക്, അവളുടെ പ്രവൃത്തികളും എന്റെ മോഹങ്ങളുമായി ബന്ധമുണ്ടായിരുന്നില്ലെന്ന യാഥാർത്ഥ്യം പക്ഷേ ഞാനപ്പോഴും അറിഞ്ഞിരുന്നില്ല!

ഇതുവരെ ആകുലതകൾ മാത്രം നമുക്കു സമ്മാനിച്ചവർ ചെയ്തതൊന്നും സ്വയം അറിഞ്ഞുകൊണ്ടായിരുന്നില്ലെന്നു സമർത്ഥിയ്ക്കുന്ന തെളിവുകൾ, നമ്മുടെ പ്രത്യാശയ്ക്കു വീണ്ടും തിരി കൊളുത്താതിരിയ്ക്കില്ല; അപ്പോൾ ആ പ്രത്യാശ, അവരുടെ അടുത്ത നീക്കങ്ങളെക്കുറിച്ചു ചോദിച്ചറിയേണ്ട ഒരവസ്ഥയിലേയ്ക്കു നമ്മെ നയിയ്ക്കുമെന്നുകൂടി അജ്ഞാതയായ ആ നെയ്ത്തുകാരി ആസൂത്രണം ചെയ്ത പുതിയ സംവിധാനം എന്നെ ബോദ്ധ്യപ്പെടുത്തി.

എന്റെ സ്നേഹം, അത്തരം ഉപദേശങ്ങൾ ജാഗ്രതയോടെ ചെവിക്കൊണ്ടു. കഴിഞ്ഞ കാലംപോലെയാണു വരാനിരിയ്ക്കുന്ന കാലവുമെന്ന് അവ അനുനയസ്വരത്തിൽ എന്നെ പറഞ്ഞു മനസ്സിലാക്കി. നേരത്തേ നിശ്ചയിച്ചുറപ്പിച്ചതും ഇനിയിപ്പോൾ മാറ്റാനാവാത്തതുമായ നിസ്സംഗത മാത്രമായിരുന്നു, അവൾക്കെന്നോടുണ്ടായിരുന്ന വികാരം. പരസ്പരസൌഹൃദത്തിൽ, ഞാൻ മാത്രമായിരുന്നു സ്നേഹം പുറത്തു പ്രകടിപ്പിച്ചത്. “ശരിയാണ്“, ആ സ്നേഹം എന്നോടു പറഞ്ഞു, “ഇനി സൗഹൃദത്തിൽനിന്നു പുതിയതൊന്നും വരാനില്ല; അതിന്റെ പ്രകൃതവും മാറാൻ പോകുന്നില്ല“. അതുകൊണ്ട് അടുത്തദിവസം (വാർഷികവും പുതുവത്സരവുംപോലെ, ഭൂതകാലപൈതൃകം ഒരിടത്തൊതുക്കിവെച്ചു പരിതാപങ്ങളുടെ പാരമ്പര്യം തള്ളിക്കളഞ്ഞു പുതിയ കാലഗ

ണനപ്രകാരമുള്ള ഒരൊഴിവുദിനത്തിനായി കാത്തിരിയ്ക്കുന്നില്ലെങ്കിൽ) പഴയ സൗഹൃദം അവസാനിപ്പിച്ചു പുതിയതൊന്നു തുടങ്ങാൻ സമയമായെന്നു ഗിൽബർത്തിനോടു പറയാൻ ഞാൻ തീരുമാനിച്ചു.

* * *

കൈയെത്താവുന്ന ദൂരത്തു പാരീസിന്റെ ഒരു ഭൂപടം ഞാനെപ്പോഴും കരുതിവെയ്ക്കാറുണ്ട്. സ്വാൻ കുടുംബമായി താമസിച്ചിരുന്ന തെരുവ്, അമൂല്യമായൊരു നിധി സൂക്ഷിയ്ക്കുന്ന ഒളിത്താവളമായി അതിലടയാളപ്പെടുത്തിയിരിയ്ക്കുന്നതു ഞാനിടയ്ക്കിടെ നോക്കിക്കാണും. എന്തെങ്കിലുമൊരു വിഷയവുമായി ബന്ധപ്പെടുത്തി, അല്ലെങ്കിൽ യാതൊരു സാംഗത്യവുമില്ലാതെ, ധീരോദാത്തമായൊരു വിശ്വസ്തതയുടെ പേരിൽ ആത്മനിർവൃതി കൊള്ളാൻവേണ്ടി, സ്നേഹത്തിന്റെ നിഗൂഢതയിൽ ആ തെരുവിന്റെ പേരു ഞാനുറക്കെ വിളിച്ചുപറയും. ഇക്കാര്യത്തിൽ അമ്മയും മുത്തശ്ശിയുമായി യാതൊരടുപ്പവുമില്ലാത്ത അച്ഛൻ, എന്നോടു ചോദിയ്ക്കും, "നീയെന്താണെപ്പോഴും ആ തെരുവിന്റെ പേരു വിളിച്ചുകൂവുന്നത്? അങ്ങനെ അത്ഭുതകരമായി അവിടെ യാതൊന്നുമില്ല. ബോയ്സിൽനിന്നു ദൂരമേറെയില്ലാത്തതുകൊണ്ടു താമസിയ്ക്കാൻ കൊള്ളാവുന്ന ഒരു തെരുവ്, അത്രേയുള്ളൂ. പാരീസിൽ അതുപോലെ ഒരു ഡസൻ തെരുവുകളെങ്കിലും വേറേയുണ്ട്!".

അച്ഛനമ്മമാരുമായുള്ള സംസാരത്തിനിടയിൽ സ്വാനിന്റെ പേരു കൊണ്ടുവരാൻ ഞാൻ പലവിധ ശ്രമങ്ങളും മന::പൂർവം നടത്തിനോക്കി. ആ പേരു സദാ ഞാൻ മനസ്സിലുരുവിട്ടു നടന്നു. നിശ്ശബ്ദമായ ആലാപനം മതിയാകാതെ വരുമ്പോൾ ആ സ്വരസഞ്ചയം പുറപ്പെടുവിയ്ക്കുന്ന ശ്രുതിമധുരമായ നാദം കേൾക്കുന്നതിന്റെ ആസ്വാദ്യത എന്നെ കോരിത്തരിപ്പിയ്ക്കും. മാത്രമല്ല, ചിരപരിചിതമായ സ്വാനിന്റെ പേര്, (സാധാരണവാക്കുകൾപോലും മറന്നുപോകുന്ന ചില രോഗികളെപ്പോലെ) ഇപ്പോഴെനിയ്ക്കു പുതിയൊരു അനുഭൂതിയായി മാറി. മനസ്സിൽ സദാ നിലനിന്നാലും ഇതുവരെ എനിയ്ക്കതൊരു ശീലമായി

മാറിക്കഴിഞ്ഞിരുന്നില്ല. ആ ജീവസ്വരങ്ങളോരോന്നും പലവുരു പാടി നോക്കിയപ്പോൾ അതിലടങ്ങിയ വർണവിന്യാസം അത്യുത്ഭുതമായി ഞാൻ കണ്ടു. അതേസമയം അതിപരിചിതത്വംമൂലം അതിന്റെ നിഷ്ക്കളങ്കത നഷ്ടപ്പെടുകയും ചെയ്തിരിയ്ക്കുന്നു. മാത്രമല്ല, ആ നാദം കറന്നെടുത്ത ആനന്ദം തീർത്തും അധിക്ഷേപകരമായും എനിയ്ക്കു തോന്നി; എന്റെ വിചാരം മറ്റുള്ളവർ വായിച്ചേക്കുമെന്നു കരുതി ആ വഴിയ്ക്കാണു സംഭാഷണം തിരിയുന്നതെങ്കിൽ തൽക്ഷണം ഞാനതിന്റെ ഗതി മാറ്റാൻ ശ്രമിച്ചു. പിന്നീട് ഗിൽബർത്തുമായി ബന്ധപ്പെട്ട പല വിഷയങ്ങളിലേയ്ക്കും വഴുതി വീണ്, ഒരേ വാക്കുകൾതന്നെ ഞാൻ അവസാനമില്ലാതെ ആവർത്തിയ്ക്കും. അവ തനതുഗുണങ്ങളില്ലാത്ത വെറും വാക്കുകൾ മാത്രമായതുകൊണ്ട്, അവളുടെ അസാന്നിദ്ധ്യത്തിൽ, അവൾക്കു കേൾക്കാൻ കഴിയാതെ, അശക്തമായി ഉച്ചരിയ്ക്കപ്പെടുന്ന ആ വാക്കുകൾ ആവർത്തിച്ചതുകൊണ്ടു പ്രത്യേകിച്ചൊരു പ്രയോജനവും എനിയ്ക്കുണ്ടായില്ല. അങ്ങനെ സകല വിഷയങ്ങളും ഇളക്കിമറിയ്ക്കുമ്പോഴുണ്ടാകുന്ന ആഘാതത്തിൽനിന്നൊരുപക്ഷേ എനിയ്ക്കുള്ള ആനന്ദാനുഭൂതികളുമായി ഒരമൃതകുംഭം ഉയർന്നുവരുമെന്നു ഞാനപ്പോഴും പ്രതീക്ഷിച്ചു. ആയയോടു സുദൃഢമായ സ്നേഹമാണു ഗിൽബർത്തിനുള്ളതെന്നു നൂറാമതൊരു തവണകൂടി ഞാനമ്മയോടു പറഞ്ഞപ്പോൾ, ഞങ്ങളുടെകൂടെ താമസിയ്ക്കാനായി ഗിൽബർത്ത് പെട്ടെന്ന് ആ മുറിയിലേയ്ക്ക് ഓടിക്കയറിവരുന്ന പ്രതീതി സൃഷ്ടിയ്ക്കാൻ കഴിയുമെന്നു ഞാൻ കരുതി. ഡെബാറ്റ്സ് വായിയ്ക്കുന്ന വൃദ്ധയെക്കുറിച്ചുള്ള സ്തുതിഗീതങ്ങൾ ദിവസവും ഞാനമ്മയെ പാടിക്കേൾപ്പിയ്ക്കാറുണ്ട്. (പ്രഭ്വിയല്ലെങ്കിൽ ചുരുങ്ങിയതൊരു നയതന്ത്രജ്ഞന്റെ വിധവയെങ്കിലുമാണവരെന്നു ഞാൻ നേരത്തേ സൂചിപ്പിച്ചിരുന്നു!) അവരുടെ സൗന്ദര്യവും സ്വഭാവമഹിമയും വർണിയ്ക്കുമ്പോൾ ഒരിയ്ക്കൽ ഗിൽബർത്തിന്റെ സംസാരത്തിൽനിന്നു കേട്ടതുപ്രകാരം അവരുടെ പേരു മാഡം ബ്ലാറ്റിനെന്നാണെന്നും ഞാൻ പറഞ്ഞു.

“കൊള്ളാം.. അപ്പോൾ.. നീയാരെക്കുറിച്ചാണു പറയുന്നതെന്ന് എനിയ്ക്കു മനസ്സിലായി!“, അമ്മ ആശ്ചര്യപൂർവം ഉറക്കെ വിളിച്ചുപറഞ്ഞപ്പോൾ ഞാൻ നാണിച്ചു തല താഴ്ത്തി. “നിന്റെ മുത്തച്ഛൻ പറയുന്നതുപോലെ, ജാഗ്രത! അപ്പോൾ, അവരെക്കുറിച്ചാണു നീയിത്ര വിസ്തരിച്ചു വിവരിച്ചത്? കോടതിശിപായിയുടെ വിധവ, അവരെന്നുമൊരു കൗശലക്കാരിയായിരുന്നു! നിനക്കോർമ്മയുണ്ടാവില്ല, ചെറിയ കുട്ടിയായ നിന്നെ പുറത്തേയ്ക്കു കൊണ്ടുപോകുമ്പോൾ അവളെ കണ്ടുമുട്ടുന്നതൊഴിവാക്കാൻ ഞാനെത്ര പാടുപെടാറുണ്ട്! എനിയ്ക്കൊരു പരിചയവുമില്ല, എന്നിട്ടും അവരെന്റെ കൈപിടിച്ച് നിനക്കു 'നിന്റെ മകനേക്കാൾ ഭംഗിയുണ്ടെ'ന്നു പറയും. മറ്റുള്ളവരെക്കുറിച്ചറിയാനുള്ള ഒരാവേശം അവർക്കെന്നുമുണ്ട്. മാഡം സ്വാനെ പരിചയമുണ്ടെങ്കിൽ അവൾക്കെന്തോ ഭ്രാന്തായിരിയ്ക്കണം! പക്ഷേ, അവൾക്കൊരു സ്വഭാവദൂഷ്യമുണ്ടെന്നു ഞാനിതുവരെ കേട്ടിട്ടില്ല. പെട്ടെന്നു ചാടിക്കയറാനുള്ള വാസനകൊണ്ട് മറ്റുള്ളവരെ അവൾ പേടിപ്പിച്ചുകളയും! മാത്രമല്ല, ചില പ്രാകൃതസന്ദർഭങ്ങളും അവൾ സൃഷ്ടിയ്ക്കും!“.

സ്വാനിനെപ്പോലെയാവാനുള്ള പരിശ്രമത്തിൽ ചിലപ്പോഴൊക്കെ ഞാൻ മേശയ്ക്കു മുമ്പിലിരുന്നു കണ്ണു തിരുമ്മി മൂക്കിനുമീതെ വിരലുകൊണ്ടു ചിത്രം വരച്ചു കളിയ്ക്കും. അതു കാണേണ്ട താമസം, അച്ഛൻ അസഹിഷ്ണുതയോടെ വിളിച്ചു പറയും: “ഈ പയ്യനെന്തു പറ്റി? ദിനംപ്രതി ഒന്നിനും കൊള്ളാത്തവനായി മാറുകയാണിവൻ!“. സർവോപരി സ്വാനിനെപ്പോലെ തലയിൽ കഷണ്ടിയുണ്ടാകണമെന്നു ഞാനും മോഹിച്ചു. പകൽസമയം നേരെ കാണുന്നവർക്കു തീരെ വിശ്വസിയ്ക്കാൻ കഴിയാത്തവിധം അസാധാരണനായൊരു മനുഷ്യനായാണു ഞാനദ്ദേഹത്തെ കണ്ടത്. ഒരുദിവസം അത്താഴം കഴിയ്ക്കുന്നതിനിടയിൽ, അമ്മ അന്നുച്ചയ്ക്കുശേഷം എവിടെയെല്ലാം പോയിരുന്നെന്നും എന്തൊക്കെ ചെയ്തെന്നും വിവരിയ്ക്കുമ്പോൾ സാന്ദർഭികമായി പറഞ്ഞു: “ട്രോയ്സ്ക്വാർട്ടിയേഴ്സിൽവെച്ചു ഞാനാരെയാണു കണ്ടതെന്നറിയാമോ? അവിടെ, ആ കുട വിൽക്കുന്നിടത്തുണ്ട്, നമ്മുടെ സ്വാ

ൻ!" (എന്നെ സംബന്ധിച്ച് വരണ്ട മരുഭൂമിപോലെയുള്ള) ആ വിവര ണങ്ങൾക്കിടയ്ക്കു വൃഥാ പറഞ്ഞ ചില വാക്കുകൾ അന്തരീക്ഷത്തിലാ കെ യോഗാത്മകമായൊരു യൌവനകാന്തി പ്രസരിപ്പിയ്ക്കുന്നതായി എനിയ്ക്കു തോന്നി. അന്നത്തെ ദിവസം നട്ടുച്ചയ്ക്കു ജനങ്ങൾക്കിടയിൽ ഒരു കുട വാങ്ങാൻവേണ്ടി തന്റെ അമാനുഷികരൂപത്തിൽ സ്വാൻ ന ടക്കുന്നത് എത്ര വിഷാദഭാവത്തോടെയാണു ഞാനുൾക്കൊണ്ടത്! വ ലുതും ചെറുതും അപ്രധാനവുമായ അന്നത്തെ നിരവധി സംഭവങ്ങൾ ക്കിടയിൽ, ആ കാഴ്ച മാത്രമായിരുന്നു അനന്യമായൊരു ഹൃദയസ്പ ന്ദനം സൃഷ്ടിച്ചു ഗിൽബർത്തിനോടുള്ള എന്റെ സ്നേഹം പുനരുജ്ജീവി പ്പിയ്ക്കാൻ പ്രേരകമായത്. രാഷ്ട്രത്തിന്റെ അതിഥിയായ തിയോഡോ ഷ്യസ് രാജാവിന്റെ സന്ദർശനത്തെ തുടർന്നുണ്ടാകാൻ പോകുന്ന സംഭവവികാസങ്ങളെക്കുറിച്ചുള്ള സംസാരം തീരെ ശ്രദ്ധിയ്ക്കാത്തതു കണ്ട് എനിയ്ക്കൊരു കാര്യത്തിലും താൽപ്പര്യമില്ലെന്ന് അച്ഛനെന്നെ കുറ്റപ്പെടുത്തി. അതേ സമയം, അന്നുച്ചയ്ക്കു സ്വാൻ ധരിച്ചിരുന്നതു കൈ യുറയില്ലാത്ത ഉടുപ്പായിരുന്നെന്ന് ഉറപ്പാക്കാൻ ഞാൻ അത്യാവേശം കാണിയ്ക്കുകയും ചെയ്തു!

"അമ്മ അദ്ദേഹത്തോടു സംസാരിച്ചോ?" ഞാൻ ചോദിച്ചു.

"തീർച്ചയായും!", അമ്മ പറഞ്ഞു. മാഡം സ്വാനിനെ വിവാഹം ക ഴിച്ചതിന്റെ പേരിൽ ഞങ്ങളുടെ കുടുംബവുമായുള്ള അദ്ദേഹത്തിന്റെ ബന്ധം തീരെ ഊഷ്മളമല്ലെന്നു തുറന്നു സമ്മതിയ്ക്കേണ്ടി വരുമ്പോൾ, ആരെങ്കിലും അനുരഞ്ജനത്തിനു ശ്രമിയ്ക്കുമെന്ന ഒരാശങ്ക അവരെന്നും മനസ്സിൽ സൂക്ഷിച്ചിരുന്നു. "അദ്ദേഹമാണെന്റെ അടുത്തു വന്നു സം സാരിച്ചത്. ഞാനങ്ങോട്ടു കണ്ടിരുന്നില്ല".

"അപ്പോൾ നിങ്ങളൊന്നും രണ്ടും പറഞ്ഞു കലഹിച്ചു, അല്ലേ?"

"കലഹിയ്ക്കുകയോ? ഞങ്ങളെന്തിനു കലഹിയ്ക്കണം? എന്താണു നി നക്കങ്ങനെ തോന്നാൻ കാരണം?", അവരുടെ സൌഹൃദത്തിന്റെ അയഥാർത്ഥ്യത്തെക്കുറിച്ചു സംശയം പ്രകടിപ്പിച്ച് ഞാനവരെ 'ഒരു

മിപ്പിയ്ക്കാൻ' ശ്രമിയ്ക്കുകയാണെന്നമട്ടിൽ അമ്മ ഒഴിഞ്ഞുമാറി.

"അവരുടെ കുടുംബത്തെ ഒരിയ്ക്കലും ഇങ്ങോട്ടു ക്ഷണിയ്ക്കാത്തതു കൊണ്ട് ഒരുപക്ഷേ അദ്ദേഹത്തിനു മനോവിഷമം തോന്നിക്കാണും. അല്ലാതെ മറ്റൊന്നുമില്ല".

"വീട്ടിലേയ്ക്കു സകലമാന ജനങ്ങളേയും ക്ഷണിച്ചു വരുത്താൻ ആർക്കുമൊരു ബാദ്ധ്യതയില്ല; അദ്ദേഹം നമ്മളെ ക്ഷണിച്ചിട്ടുണ്ടോ? അദ്ദേഹത്തിന്റെ ഭാര്യയെ ഞാനറിയുകപോലുമില്ല!".

"പക്ഷേ, കോംബ്രേയിൽവെച്ച് അദ്ദേഹം പതിവായി നമ്മുടെ വീട്ടിൽ വരാറുണ്ടല്ലോ".

"ശരിയാണ്, കോംബ്രേയിൽവെച്ച് സ്വാൻ നമ്മുടെ വീട്ടിലേയ്ക്കു പതിവായി വരാറുണ്ട്. പക്ഷേ, ഈ പാരീസിൽ, അതിനേക്കാളെത്രയോ നല്ല കാര്യങ്ങൾ അദ്ദേഹത്തിനു ചെയ്യാനുണ്ട്. അതുപോലെ നമുക്കും. ഒരു കാര്യം പറയാം. അദ്ദേഹത്തിനു നമ്മളുമായെന്തെങ്കിലും പ്രശ്നമുണ്ടെന്നു മറ്റാർക്കും തിരിച്ചറിയാനാവില്ല. കടയിലെ പയ്യൻ സാധനങ്ങൾ കൊണ്ടുവന്നു കൊടുക്കുന്നതുവരെ ഞങ്ങളവിടെ സംസാരിച്ചു നിന്നു. അദ്ദേഹം നിന്നെക്കുറിച്ചും ചിലതു പറഞ്ഞു, മകളുടെകൂടെ കളിയ്ക്കാറുണ്ടെന്നും മറ്റും! എന്റെ ചെറിയൊരു ജീവിതശകലം എങ്ങിനെയോ സ്വാനിന്റെ മനസ്സിൽ കയറിപ്പറ്റിയെന്ന അത്ഭുതകരമായ വസ്തുത അറിയാതെ വെളിപ്പെടുത്തി അമ്മ സംസാരം തുടർന്നു. പക്ഷേ, അപ്പോൾ അതിനേക്കാൾ പ്രധാനം സ്വയം പരിപൂർണമായിക്കഴിഞ്ഞ എന്റെ ജീവിതമാണെന്നു ഞാനോർത്തു. കാംപ്സ്എലീസേസിൽ ഭൗതികശരീരം ധരിച്ചു സ്നേഹാദരങ്ങളുമായി പ്രത്യക്ഷപ്പെട്ട ഒരു വ്യക്തിത്വത്തിനു മുമ്പിൽ ഞാൻ വിറച്ചു നിന്നപ്പോൾ എന്റെ പേരെന്താണെന്നും അമ്മയാരാണെന്നും എവിടെയാണു താമസിയ്ക്കുന്നതെന്നുമുള്ള കുടുംബവിവരങ്ങൾ മാത്രമല്ല മകളുടെ കളിക്കൂട്ടുകാരനെന്ന നിലയിൽ എന്റെ പ്രകൃതത്തെക്കുറിച്ചും അദ്ദേഹത്തിനു നല്ല ബോദ്ധ്യമുണ്ടായിരുന്നു! ഒരുപക്ഷേ അദ്ദേഹം എനിയ്ക്കറിയാനാവാത്ത കഴിഞ്ഞകാലജീവിതത്തിന്റെ വിശദാംശങ്ങൾപോലും മനസ്സി

ൽ അയവിറക്കിയിരിയ്ക്കാം! ട്രോയ്സ്ക്വാർട്ടിയേഴ്സിലെ കടയിൽ വെച്ച തൊട്ടുമുമ്പിൽ പ്രത്യക്ഷപ്പെട്ട അദ്ദേഹത്തിനു സവിശേഷശ്രദ്ധ നൽകുന്നവിധം ഒരാകർഷണീയത അമ്മയുടെ മനസ്സിൽ തോന്നിയില്ലെങ്കിലും, സ്വാനിനെ സംബന്ധിച്ചിടത്തോളം തീർച്ചയായും കണ്ട നിമിഷം അടുത്തു വന്നു കുശലം പറയത്തക്കവിധം ഒരു സവിശേഷ വ്യക്തിത്വമായിരുന്നു, എന്റെ അമ്മ!

എനിയ്ക്കത്യധികമായ സന്തോഷം പകരുന്ന വിധത്തിൽ ഗിൽബർത്തിന്റെ പ്രപിതാമഹരുൾപ്പെട്ട സ്വാനിന്റെ കുടുംബവിശേഷങ്ങൾ പരാമർശിയ്ക്കുന്നതിനോ ആ പേരിനു മുമ്പിൽ ഓഹരിദല്ലാളെന്ന സ്ഥാനപ്പേരുപയോഗിയ്ക്കുന്നതിനോ ഈയിടെയായി അച്ഛനമ്മമാർ തീരെ താൽപ്പര്യം കാണിയ്ക്കാറില്ല. അമൂല്യമായ ജാലകങ്ങളും വാസ്തുകലാലംകൃതമായ പൂമുഖവുമുള്ള ഒരു വീട് ഞാൻ പാരീസിന്റെ ഭൂപടത്തിൽ പ്രത്യേകമായി അടയാളപ്പെടുത്തി വെച്ചതുപോലെ, എന്റെ ഭാവനകൾ ആ കുടുംബത്തെ പൊതുസമൂഹത്തിൽനിന്നു മാറ്റിനിർത്തി പവിത്രമായി സൂക്ഷിച്ചു പോന്നു. പക്ഷേ, ആ ആലങ്കാരികത എന്റെ കണ്ണുകൾക്കു മാത്രമേ കാണാനായുള്ളൂ. സ്വാൻ താമസിച്ചിരുന്ന വീട്, ബോയ്സിന്റെ പരിസരത്ത് അതേ കാലത്തു പണിത ഒരേ മട്ടിലുള്ള വീടുകളിലൊന്നായി, അദ്ദേഹത്തിന്റെ കുടുംബം ഓഹരിദല്ലാളന്മാരുടെ അനേകം കുടുംബങ്ങളിലൊന്നായി മാത്രമേ അച്ഛനമ്മമാർ കണക്കാക്കിയുള്ളൂ! ഏതു കുടുംബത്തെക്കുറിച്ചായാലും ലോകം പൊതുവേ അംഗീകരിയ്ക്കുന്ന ഗുണഗണങ്ങളുടെ ഏറ്റക്കുറച്ചിലുകൾക്കു വി-ധേയമായിരുന്നു അവരുടെ വിധിനിർണയം. മാത്രമല്ല, സ്വാനിന്റെ കുടുംബത്തിൽ വിലമതിയ്ക്കത്തക്കതായി തോന്നിയവ, അത്രത്തോളമില്ലെങ്കിലും അവർ മറ്റു കുടുംബങ്ങളിലും കണ്ടെത്തിയിരുന്നു. അതുകൊണ്ട്, ആ വീട് ഒരുകാലത്തു നല്ല നിലയിലായിരുന്നെന്നു സമ്മതിച്ചതിനുശേഷം, ഗിൽബർത്തിന്റെ മുത്തച്ഛനെക്കുറിച്ചൊന്നും പറയാൻ നിൽക്കാതെ, അവരതിനേക്കാൾ നല്ല നിലവാരമുള്ള മറ്റൊരു വീടി

നെക്കുറിച്ചു സംസാരിയ്ക്കും. ചിലപ്പോൾ, ഒരു നിമിഷനേരത്തേയ്ക്കെങ്കിലും അവരെന്റെ അഭിപ്രായത്തോടു യോജിച്ചാൽ, അതൊരു അക്ഷന്തവ്യമായ തെറ്റായി കണ്ടു പെട്ടെന്നു തിരുത്തും. വർണഭേദങ്ങളുടെ അളവുകോലിൽ ചുവപ്പിനുള്ള മഹത്വംപോലെ, ഗിൽബർത്തിന്റെ സാഹചര്യങ്ങളെ സവിശേഷമായി അടയാളപ്പെടുത്തുന്ന വൈകാരികതയുടെ അളവുകോലിൽ ഗ്രഹണശക്തിയ്ക്കു സമാനവും അനുപൂരകവുമായൊരു അവബോധം അനിവാര്യമായിരുന്നു. തൽക്കാലം അവളോടുള്ള സ്നേഹം എന്നെയതിനു യോഗ്യനാക്കി. അച്ഛനമ്മമാർക്കു ലഭിയ്ക്കാതെ പോയതു പക്ഷേ അതേ അവബോധമായിരുന്നു!

കാംപ്സ്എലീസിസിലേയ്ക്കു ഗിൽബർത്ത് വരില്ലെന്നു നേരത്തേ അറിയാവുന്ന ദിവസങ്ങളിൽ, അവളുമായി എങ്ങനെയെങ്കിലും ബന്ധപ്പെടാവുന്നവിധം ഞാനെന്റെ സായാഹ്നസവാരിയ്ക്കു മാറ്റം വരുത്താൻ ശ്രമിയ്ക്കും. ചിലപ്പോൾ, മാഡം സ്വാനിനെക്കുറിച്ച് ഗിൽബർത്തിന്റെ ആയയിൽനിന്നു ശേഖരിച്ച വിവരങ്ങൾ ആവർത്തിയ്ക്കാൻ ഫ്രാങ്കോയ്സിനെ നിർബന്ധിച്ച്, സ്വാൻ താമസിയ്ക്കുന്ന തെരുവിലേയ്ക്കു ഞാനൊരു തീർത്ഥയാത്ര നടത്തും. "ശകുനങ്ങളിൽ അവർക്കു വലിയ വിശ്വാസമുള്ളതായാണു തോന്നുന്നത്. മൂങ്ങ മോങ്ങുന്നതോ പല്ലി ചിലയ്ക്കുന്നതോ കേട്ടാൽ, അല്ലെങ്കിൽ അർദ്ധരാത്രി ഒരു പൂച്ചയെ കണ്ടാൽ, അതല്ലെങ്കിൽ കട്ടിൽ കിരുകിരെ ഞരങ്ങിയാൽ, യാത്ര പോകുന്നതിനെക്കുറിച്ച് അവർ ചിന്തിയ്ക്കുകപോലുമില്ല. അതേ! അങ്ങേയറ്റം മതവിശ്വാസിയായൊരു സ്ത്രീയാണവർ!". പോകുന്ന വഴി ആ വീട്ടിലെ പരിചാരകൻ നായയെ പുറത്തിറക്കുന്നതു കണ്ടാൽ, ഗിൽബർത്തിനോടുള്ള ഭ്രാന്തമായ ആവേശത്തോടെ ആ നായയുടെ വെളുത്ത താടിയിലേയ്ക്കു കണ്ണു നട്ടു സ്തബ്ധനായി നിൽക്കുന്ന ഞാൻ വികാരപാരവശ്യത്തിൽ മനസ്സുരുക്കാൻ തുടങ്ങും; അപ്പോൾ ഫ്രാങ്കോയ്സ് "നിനക്കെന്തു പറ്റി"യെന്നു ചോദിച്ച് എന്നെ തട്ടിയുണർത്തും; വീണ്ടും നടന്ന് അവരുടെ വീട്ടുപടിയ്ക്കലെത്തുമ്പോൾ, വേഷത്തിന്റെ വടിവിൽപ്പോലും, ലോകത്തെ മറ്റു കാവൽക്കാരിൽനിന്നെല്ലാം

വ്യത്യസ്തത പുലർത്തി, ഗിൽബർത്തിന്റെപേരിൽ ഉള്ളിലൊരു വിഷാദം കൊണ്ടുനടക്കുന്ന കാവൽക്കാരൻ, അവളുടെ ജീവിതരഹസ്യങ്ങളിലേയ്ക്കു കടന്നുചെല്ലുന്നതിൽ സ്വാഭാവികവിലക്കുള്ളവരുടെ കൂട്ടത്തിലൊരു വെറും നിസ്സാരനാണു ഞാനെന്നു മനസ്സിലാക്കി, ആ നിഗൂഢത കാത്തു സൂക്ഷിയ്ക്കേണ്ടതു സ്വന്തം ഉത്തരവാദിത്വമാണെന്ന പൂർണബോദ്ധ്യത്തോടെ എന്നെ സസൂക്ഷ്മം ശ്രദ്ധിച്ചുനോക്കി. ലോകത്തൊരു ജനാലയുമായും സദൃശപ്പെടുത്താനാവാതെ ഗിൽബർത്തിന്റെ കണ്ണുകൾ കടാക്ഷമെയ്യുന്ന താഴത്തെ നിലയിലെ ജനാലകൾ, നേർത്ത പട്ടിൽ നെയ്ത തിരശ്ശീലകളുടെ ഉദാരമായ മടക്കുകളിൽ സുരക്ഷിതത്വബോധത്തോടെ അടഞ്ഞു കിടക്കുന്നതായി കാണാം. ചില ദിവസങ്ങളിൽ ചോലമരങ്ങൾ വെച്ചുപിടിപ്പിച്ച നാട്ടുപാതയിലൂടെ നടന്നു ഞങ്ങൾ റൂ ഡുഫോട്ടിന്റെ മൂലയ്ക്കൽ ചെന്നിരിപ്പുറപ്പിയ്ക്കും. സ്വാൻ ദന്തവൈദ്യനെ കാണാൻപോകുമ്പോൾ പലപ്പോഴും ആ വഴി നടന്നുപോകുമെന്നു ഞാൻ കേട്ടിട്ടുണ്ട്. മനുഷ്യരുടെ കണക്കറ്റ രൂപഭേദങ്ങളിൽനിന്നു ഗിൽബർത്തിന്റെ അച്ഛനെ ഞാനത്രയേറെ വേർതിരിച്ചു കണ്ടതുകൊണ്ട്, ആൾക്കൂട്ടത്തിൽ ആ സാന്നിദ്ധ്യം പ്രകൃത്യതീതമായൊരു ഭാവപ്പൊലിമയോടെ എന്റെയുള്ളിൽ ജ്വലിച്ചു. അലൗകികമായ ആ ദൃശ്യം എപ്പോൾ വേണമെങ്കിലും എന്റെ മുമ്പിൽ പൊട്ടിവീഴാവുന്ന ഒരു തെരുവിലേയ്ക്കാണു ഞാൻ പ്രവേശിയ്ക്കുന്നതെന്ന വിചാരത്തിൽ വികാരവിവശനായ ഞാൻ വിറയ്ക്കാൻ തുടങ്ങും!

പക്ഷേ തുടർച്ചയായി ഗിൽബർത്തിനെ കാണാൻ കഴിയാതെ വരുന്ന ദിവസങ്ങളിൽ, മാഡം സ്വാൻ പതിവായി ഡെസ് അക്കേഷ്യാസിലെ തടാകം ചുറ്റിക്കണ്ടു ലാമാർഗ്വിരിറ്റെ വഴി പോകാറുള്ളതുകൊണ്ട്, ഞാൻ ഫ്രാങ്കോയ്സിന്റെ കൈപിടിച്ചു ബോയ്സ്ബോളോണിലേയ്ക്കു നടക്കും. എന്നെ സംബന്ധിച്ചു പ്രകൃതിദൃശ്യങ്ങളുടെ ഭാവങ്ങൾ അനന്യമായി പ്രദർശിപ്പിയ്ക്കുന്ന, സസ്യലതാദികളുടെ വൈവിദ്ധ്യസമ്പന്നത ഒന്നിച്ചുചേർന്ന ഒരു ജീവശാസ്ത്രസങ്കേതമായിരുന്നു,

ആ വഴിയോരം. മല തുരന്നിറങ്ങി വരുന്ന ഗുഹയിലൂടെ പാറയും അരുവിയും കിടങ്ങും കടന്ന്, പുലിയ്ക്കും മുയലിനും കടുവയ്ക്കും കൊക്കിനും ചിത്രസദൃശമായൊരു പശ്ചാത്തലം സൃഷ്ടിച്ച് സ്വച്ഛന്ദം വിഹരിയ്ക്കാൻ വേണ്ടി മാത്രമായിരുന്നു, അവ അണിനിരന്നത്. ഒരായിരം ലോകങ്ങളുടെ വൈവിദ്ധ്യങ്ങളത്രയും സമന്വയിപ്പിച്ച ബോയ്സ്, വെർജീനിയയിലെ പരീക്ഷണവനങ്ങൾപോലെ, തടാകതീരത്ത് നിൽക്കുന്ന ഒറ്റപ്പെട്ട ദേവദാരുവും കാട്ടിൽനിന്നു രോമാവൃതമായ ദേഹവും തുറിച്ച കണ്ണുകളുമായി കുതിച്ചുചാടിവരുന്ന മൃഗങ്ങളും കാൽനടയായി പോകുന്ന യാത്രക്കാരും ചുവന്ന അമേരിയ്ക്കൻ ഓക്കുമരങ്ങളും ചേർന്നു വേദിയൊരുക്കിയ ഒരു വനിതോദ്യാനമായിരുന്നു. പ്രത്യേകതരം ചില മരങ്ങൾക്കുമാത്രം സംതൃപ്തി പകർന്നു മന:പൂർവം നട്ടു നനച്ച ഈനിഡിലെ ലതാനികുഞ്ജംപോലെ, അക്കാലത്തെ പേരുകേട്ട സൗന്ദര്യധാമങ്ങളുടെ സാന്നിദ്ധ്യത്തിൽ ഡെസ്അക്കേഷ്യാസ് നിറഞ്ഞുകവിയാറുണ്ട്. തടാകത്തിലേയ്ക്കു തള്ളിനിൽക്കുന്ന പാറയുടെ മുകളിൽനിന്നു കടൽനായ്ക്കളെ കടന്നുപിടിയ്ക്കാനെന്നപോലെ കുതിച്ചുചാടുന്ന കുട്ടികളുടെ ആഹ്ലാദാരവങ്ങളും, തടാകതീരത്ത് ചെന്നെത്തുന്നതിനു മുമ്പേ വായുവിൽ പടർന്നുപരക്കുന്ന സുഗന്ധവും, ശക്തവും സൗമ്യവുമായൊരു ജൈവികസാന്നിദ്ധ്യത്തിലേയ്ക്കാണു നടന്നടുക്കുന്നതെന്ന അനുഭൂതി സൃഷ്ടിയ്ക്കും. വൃക്ഷങ്ങളുടെ ഉയരമുള്ള ശാഖകളിൽ അയത്നലളിതമായി ഇളകിയാടുന്ന പച്ചച്ചില്ലകളുടെ വശ്യമായ രൂപരേഖകൾക്കുമേൽ ചിറകിട്ടടിച്ചു പറക്കുന്ന ഷഡ്പദങ്ങളുടെ അധിനിവേശപ്രദേശങ്ങൾപോലെ, നൂറുകണക്കിനു ചുവന്ന പൂക്കൾ വിരിഞ്ഞുകിടക്കുന്ന ലോലമായ ചിത്രകംബളങ്ങൾ എന്റെ കണ്ണിൽപ്പെട്ടു. വേദിയിലേയ്ക്കു കടന്നുവരുന്നവരിൽ സുന്ദരികളായ നർത്തകികളുടെ പേരുകൾ മാത്രം വിളിച്ചു പറഞ്ഞു പ്രത്യേകം ഓർമ്മപ്പെടുത്തുന്ന നൃത്തപരിപാടിപോലെ, സ്ത്രൈണത കലർന്ന ആ പേരുകൾ മോഹനീയവും പ്രലോഭനീയവുമായി എന്റെ ഹൃദയമിടിപ്പു വർദ്ധിപ്പിച്ചു. മാഡം സ്വാനുമായി ബന്ധപ്പെടുത്തി ചിലപ്പോഴൊക്കെ പരാമർശിയ്ക്കപ്പെട്ട

കയും ഭർത്താക്കന്മാരുടെ സ്ഥാനപ്പേരുകളിൽമാത്രം അറിയപ്പെടുകയും ചെയ്യുന്ന പരിഷ്ക്കാരികളായ ചില പ്രൗഢവനിതകൾ, ആ ഉദ്യാനത്തിലൂടെ അലസമായി നടക്കുന്ന കാഴ്ച കണ്ടിരിയ്ക്കേണ്ടതാണെന്നു ഞാൻ പറഞ്ഞുകേട്ടിട്ടുണ്ട്. ആ പേരുകൾ, അങ്ങനെയൊന്നുണ്ടെങ്കിൽ, അവരെക്കുറിച്ചു സംസാരിയ്ക്കുന്നവർക്കു വെളിപ്പെടുത്താനുള്ള വേഷപ്രച്ഛന്നതയായി ശ്രദ്ധാപൂർവം വലിച്ചുമാറ്റാവുന്ന ഒരു മുഖാവരണം മാത്രമായിരുന്നു. ചില മാന്ത്രികനിയമങ്ങൾക്കു വിധേയമായാണു ക്രമപ്രവൃദ്ധമായ സ്ത്രൈണതയുടെ സൗന്ദര്യം പ്രവർത്തിയ്ക്കുന്നത്. ചെറുപ്പം മുതൽക്കു വേണ്ടത്ര ശിക്ഷണം ലഭിച്ച ഗ്രഹണശക്തി സ്വയമേവ സ്വാംശീകരിച്ചു കഴിഞ്ഞിരിയ്ക്കുമെന്ന വിശ്വാസത്തോടെ, വണ്ടികളും കുതിരകളും വേഷവിധാനങ്ങളുമുൾപ്പെടുന്ന കാഴ്ചകളുടെ ഒരായിരം വിശദാംശങ്ങൾ നേരിട്ടു കാണുന്നതിനു മുമ്പേ, വരാൻ പോകുന്ന ഒരു വെളിപാടിന്റെ യാഥാർത്ഥ്യം പെട്ടെന്നു ഞാൻ മനസ്സിലുൾക്കൊണ്ടു. കലാസൃഷ്ടിയ്ക്കു പരസ്പരാശ്രയഭാവം പകരുന്ന അന്തരാത്മാവിലെന്നപോലെ, ക്ഷണികവും ചലനാത്മകവുമായ ആ ഘോഷയാത്രയിൽ ഞാനെന്റെ വിശ്വാസമർപ്പിച്ചു. ഞാൻ കാണാൻ ആഗ്രഹിച്ച മാഡം സ്വാനിനു കടന്നുപോകാൻവേണ്ടി, ഗിൽബർത്തെന്ന മോഹസങ്കൽപ്പത്തിൽ തുടിയ്ക്കുന്ന ഹൃദയത്തോടെ, ഞാൻ വഴിയൊതുങ്ങി നിന്നു. ഗിൽബർത്തുമായി ബന്ധപ്പെട്ട ഏതു വിഷയവുംപോലെ സ്വകീയമായൊരു ചാരുതയോടെ പരിപൂർണത പ്രദർശിപ്പിയ്ക്കുന്ന അവളുടെ അച്ഛനമ്മമാർ, എന്റെ മനസ്സിൽ തീവ്രമായൊരു അഭിനിവേശത്തിനു തിരി കൊളുത്തി. (എന്നിൽനിന്നു മറച്ചുവെച്ച ആന്തരികനിഗൂഢതകളായിരുന്നു അവർ തമ്മിലുണ്ടായിരുന്ന സമ്പർക്കതലം!) അതുകൊണ്ട് ഞാനവളുമായി കളിയ്ക്കുന്നത് അവർക്കിഷ്ടമല്ലെന്ന വസ്തുത, വരാനിരിയ്ക്കുന്ന സംഭവങ്ങളിൽനിന്നു വെളിവാകാനിടയുള്ളതുപോലെ, അവൾ സ്വയം ചെയ്യുന്നതിലേറെ വേദനാകരമായ അലോസരത്തോടെ ഞാൻ കണ്ടു. നമുക്കൊരു നഷ്ടം വരുത്താൻ കഴി

വുള്ളവർ, ആ അധികാരം ആത്മനിയന്ത്രണമില്ലാതെ പ്രയോഗിയ്ക്കുന്ന തു കാണുമ്പോൾ തോന്നുന്ന ഒരാരാധനയായിരുന്നു ഗിൽബർത്തിന്റെ അച്ഛനമ്മമാരോട് എനിയ്ക്കപ്പോൾ തോന്നിയത്.

മാഡം സ്വാൻ നടന്നു വരുന്നതു കണ്ടപ്പോൾ സൗന്ദര്യാത്മകഗുണങ്ങളും പരിഷ്ക്കാരാഡംബരങ്ങളും ക്രമാനുബദ്ധം ചേർത്തുവെച്ച പട്ടികയിൽ ഞാൻ പക്ഷേ ലാളിത്യത്തിനാണു പ്രഥമപരിഗണന നൽകിയത്. സാധാരണ 'ഇറുകിക്കിടക്കുന്ന മേല്പടുപ്പ്' ധരിച്ച്, കൊറ്റിയുടെ തൂവൽകൊണ്ടു തുന്നിയ ചെറിയൊരു തൊപ്പിയും മാറിടത്തിലൊരു കുടന്ന വയലറ്റുപൂക്കളും ചേർത്തു പിടിച്ച്, സ്വന്തം വീട്ടിലേയ്ക്കുള്ള ഊടുവഴിയാണെന്നമട്ടിൽ ഡെസ് അക്കേഷ്യ വഴി ധൃതിപ്പെട്ടു നടക്കുമ്പോൾ, അത്ര സുന്ദരമായി അണിഞ്ഞൊരുങ്ങുന്നവർ മറ്റാരുമില്ലെന്നു തമ്മിൽത്തമ്മിൽ പറഞ്ഞു വളരെ ദൂരത്തുനിന്നുതന്നെ തൊപ്പിയുയർത്തി അഭിവാദ്യം ചെയ്യുന്ന പുരുഷന്മാരുടെ ഉപചാരങ്ങൾ ചടുലമായ കടാക്ഷങ്ങൾ പൊഴിച്ച് അവർ സ്വീകരിച്ചു. പക്ഷേ, ഇനിയൊരടി മുന്നോട്ടു പോകാനാവില്ലെന്നും കാൽമുട്ടുകൾ 'വേർപെട്ടു' പോകുകയാണെന്നും ആവലാതി പറഞ്ഞ ഫ്രാങ്കോയ്സിനെ ഒരു മണിക്കൂർകൂടി അങ്ങുമിങ്ങും അലഞ്ഞു നടക്കാൻ നിർബന്ധിച്ചതിനു ശേഷം, സർവതന്ത്രസ്വതന്ത്രയായൊരു വനിതാരത്നം രാജകീയപരിവേഷത്തോടെ പോർട്ട്ഡോഫൈനിൽനിന്നു നടന്നടുക്കുന്നതാണു ഞാനാദ്യം കണ്ടിരുന്നതെങ്കിൽ ലാളിത്യത്തിനുപകരം ഒരുപക്ഷേ പൊങ്ങച്ചത്തിന്റെ ആർഭാടത്തിനായിരിയ്ക്കും ഞാൻ പ്രഥമപരിഗണന നൽകുമായിരുന്നത്! യഥാർത്ഥരാജ്ഞിമാരുടെ സൌന്ദര്യത്തെക്കുറിച്ചുള്ള എന്റെ ധാരണകൾ കേട്ടുകേൾവി ആധാരമാക്കി തീർത്തും അവ്യക്തമായിരുന്നതുകൊണ്ട്, അവരിലൊരാൾക്കും നൽകാൻ കഴിയാതിരുന്നത്ര മതിപ്പോടെ, കോൺസ്റ്റാന്റിൻ ഗയ്സിന്റെ ചിത്രങ്ങളിൽ കാണുന്നതുപോലെ, തേജസ്സും ഓജസ്സുമുറ്റ കുതിരകൾ വലിയ്ക്കുന്ന വണ്ടിയിലായിരുന്നു അവർ വന്നത്. മുൻവശത്തൊരു കൊസ്സാക്കിനെപ്പോലെ രോമാവൃതശരീരമുള്ള തടിച്ച വണ്ടിക്കാരനും തൊട്ട

ടുത്തു 'പരേതനായ ബോഡിനോർഡ്പുലി'യെപ്പോലെ കുള്ളനായ കുതിരക്കാരനും ഒടുവിൽ അനുപമമായ ആ കുതിരവണ്ടിയും ഞാൻ കണ്ടു; അഥവാ, പരിശുദ്ധവും മാരകവുമായൊരു മാനസികാഘാതം മൂലം ആ കാഴ്ചയുടെ രൂപരേഖകൾ ഹൃദയത്തിൽ ആലേഖനം ചെയ്തതുപോലെ ഞാൻ അനുഭവിച്ചു. ആധുനികസംവിധാനങ്ങളോടെ ഉയരത്തിൽ കെട്ടിപ്പൊക്കിയ ആ വണ്ടിയുടെ പൗരാണികതയുണർത്തുന്ന ഉള്ളറയിൽ, ഒരു ചുരുൾ നരച്ചു വിളറിയ തലമുടിയിൽ നേരിയ നാടപോലെ ചുറ്റിക്കെട്ടിയ വയലറ്റു പൂക്കൾക്കു താഴെ വീണുകിടന്ന ശിരോവസ്ത്രവും കൈയിൽ ചെറിയ അലങ്കാരക്കുടയും ചുണ്ടിലൊരു സന്ദിഗ്ധമായ പുഞ്ചിരിയുമായി മാഡം സ്വാൻ അലസമായി ചാരിക്കിടന്നു. കൈയുയർത്തി അഭിവാദ്യം ചെയ്യുന്ന പുരുഷന്മാരുടെ നേർക്ക് അനുഗ്രഹാശിസ്സുകളോടെ വർഷിച്ച ആ പുഞ്ചിരി, രാജഗണികയുടെ വശീകരണസമർത്ഥമായ മന്ദഹാസമായിരുന്നെങ്കിലും ഞാൻ കണ്ടതു പക്ഷേ കുലമഹിമയുടെ ഔദാര്യപൂർവമായ അനുകമ്പമാത്രമായിരുന്നു. വാസ്തവത്തിൽ ആ പുഞ്ചിരി, ഒരാളോട്, 'അതേ, ഞാനോർക്കുന്നു, അന്നത്തെ അനുഭവം മറക്കാനാവില്ലെ''ന്നും മറ്റൊരാളോട്, 'ഞാനെന്നും നിങ്ങളെ പ്രണയിച്ചു! പക്ഷേ, നമുക്കു ഭാഗ്യമില്ലാതെപോയെ'ന്നും വേറൊരാളോട്, 'ശരി, നിങ്ങൾക്കങ്ങനെയൊരു താൽപ്പര്യമുണ്ടെങ്കിൽ ഞാനുടനെ വരാ'മെന്നും വിവിധങ്ങളായ സന്ദേശങ്ങളാണു നൽകിക്കൊണ്ടിരുന്നത്. ആ വഴി കടന്നുപോകുന്ന അപരിചിതർ 'എന്തൊരനുപമമായ സൌന്ദര്യ'മെന്നു വിസ്മയിയ്ക്കുമെന്നു പ്രതീക്ഷിയ്ക്കുന്നതുപോലെ അവരപ്പോഴും ചുണ്ടിലെ അലസമായ പുഞ്ചിരി മായാതെ സൂക്ഷിച്ചു. ചില പുരുഷന്മാർക്കായിമാത്രം കരുതിവെച്ച രൂക്ഷവും വലിഞ്ഞു മുറുകിയതുമായ ആ പുഞ്ചിരിയുടെ അർത്ഥമിതായിരുന്നു, 'നിങ്ങളൊരു കിഴവൻ കഴുത! അണലിയുടെ നാവുള്ള നിങ്ങൾക്കൊരു നിമിഷം മിണ്ടാതിരിയ്ക്കാനാവില്ല. പക്ഷേ, നിങ്ങൾ പറയുന്നതൊക്കെ ഞാൻ ശ്രദ്ധിയ്ക്കുന്നുണ്ടെന്നാണോ കരുതുന്നത്?".

പെട്ടെന്ന് ആ കോലാഹലത്തിനിടയിൽ പ്രസിദ്ധനാടകനടനായ കോക്വെലിൻ വണ്ടിയിൽ ഒരുകൂട്ടം ആരാധകരുമായി സംസാരിച്ചിരിയ്ക്കുമ്പോൾ പുറത്തേയ്ക്കു കൈ വീശി എല്ലാവർക്കും നല്ലൊരു സുദിനം ആശംസിച്ചു കടന്നുപോയി. പക്ഷേ, മാഡം സ്വാനിനെക്കുറിച്ചുമാത്രം ചിന്തിയ്ക്കുകയായിരുന്ന ഞാൻ അദ്ദേഹത്തെ കണ്ടതായിപ്പോലും ഭാവിച്ചില്ല. മാടപ്രാവുകളെ വെടിവെച്ചിടുന്ന മൈതാനത്തെത്തിയാൽ മിക്കവാറും തിരിച്ചുനടക്കാൻവേണ്ടി അവർ വണ്ടിയിൽനിന്നിറങ്ങി വണ്ടിക്കാരനെ പറഞ്ഞയയ്ക്കുമെന്നു ഞാൻ മനസ്സിലാക്കിയിരുന്നു. സാധാരണസങ്കൽപ്പത്തിലുള്ള രാജ്ഞിമാരുടെ വേഷവിധാനവുമായി, മറ്റൊരു സ്ത്രീയും ധരിയ്ക്കാനിടയില്ലാത്ത ഉടയാടകളോടെ അണിഞ്ഞൊരുങ്ങി, പിന്നോട്ടു നീലനിറത്തിൽ നീണ്ടുകിടക്കുന്ന പാവാടയുമായി, മാഡം സ്വാനിനെ തൊട്ടടുത്തു കാണാനാവുന്ന ധന്യനിമിഷം വന്നെത്തുന്നതുവരെ ഞാൻ ഫ്രാങ്കോയ്സിനെ മുന്നോട്ടു വലിച്ചുകൊണ്ടുപോയി. കൈയിലിരിയ്ക്കുന്ന കുടയുടെ ഭംഗി ആസ്വദിയ്ക്കാനെന്നമട്ടിൽ ഇടയ്ക്കിടെ കണ്ണുകൾ താഴ്ത്തി, താനവിടെ വന്നിരിയ്ക്കുന്നതു തെല്ലൊരു വ്യായാമത്തിനുവേണ്ടിമാത്രമാണെന്ന വിചാരത്തിൽ തൊട്ടുരുമ്മി കടന്നുപോകുന്നവരെ തീരെ ശ്രദ്ധിയ്ക്കാതെ, ഓരോ കണ്ണും ഒരോ ശിരസ്സും തന്റെ നേർക്കാണു തിരിയുന്നതെന്നു ഭാവിയ്ക്കാതെ, അവർ നിശ്ശബ്ദം നടന്നകന്നു. ചിലപ്പോൾ, സ്വന്തം വളർത്തുനായയെ വിളിയ്ക്കാൻവേണ്ടി പിന്തിരിഞ്ഞു നോക്കുമ്പോൾ, മറ്റാരുമറിയാതെ, ചെറിയ സങ്കോചത്തോടെ അവർ നാലുപാടും കണ്ണെറിഞ്ഞു പരിസരം ശ്രദ്ധിയ്ക്കും!

ബെർമയുടെ അഭിനയം 'അത്യുദാത്തത' കടക്കുമ്പോൾ ഉയരുന്ന ഉച്ചത്തിലുള്ള കരഘോഷത്തിൽ സഹൃദയത്വമില്ലാത്തവർപോലും ഇളകിവശായി പതിവിൽക്കവിഞ്ഞെന്തോ സംഭവിച്ചെന്നു കരുതുന്നതുപോലെ, അപരിചിതരായ വഴിപോക്കർ മാഡം സ്വാനൊരു മാന്യവനിതയായിരിയ്ക്കുമെന്ന ഊഹത്തിൽ പരസ്പരം ചോദിയ്ക്കും: "ആരാണ് ആ പോകുന്നത്?". അല്ലെങ്കിൽ അത്തരം വിഷയങ്ങളിൽ നിപു

ണരായ സുഹൃത്തുക്കൾക്കു കൈമാറാൻവേണ്ടി അവരുടെ വേഷവിധാനങ്ങളും ഭാവഹാവാദികളും മനസ്സിൽ കുറിച്ചിടും. അവർ നടത്തത്തിന്റെ വേഗം മന:പൂർവം കുറച്ചു കൊണ്ടുവന്നു തൊട്ടടുത്തു നിൽക്കുന്നയാളോടു ചോദിയ്ക്കും,

“അവരെ നിങ്ങൾക്കറിയാമോ?“

“എന്ത്, നിങ്ങൾക്കറിയില്ലെന്നോ, മാഡം സ്വാൻ! പേരു കേട്ടിട്ടും മനസ്സിലായില്ലേ? എങ്കിൽ പറയാം, ഓദത്ത് ക്രേസി!“

“ഓദത്ത് ക്രേസി! അതെ, ഞാനാലോചിയ്ക്കുകയായിരുന്നു, വിഷാദമൂറുന്ന ആ വലിയ കണ്ണുകൾ, ഞാൻ ചോദിയ്ക്കട്ടെ, ഒരുകാലത്തു മാന്യയുവതിയായിരുന്ന അവരുടെ സൗന്ദര്യം ഇന്നെവിടെപ്പോയി? അന്നു മക്മഹോൻ വന്ന ദിവസം ഞാനവരെ കണ്ടതായി ഓർക്കുന്നു!“.

“നിങ്ങളുടെ സ്ഥാനത്തു ഞാനാണെങ്കിൽ, ആ വിഷയം ഓർക്കാൻ ശ്രമിയ്ക്കുമായിരുന്നില്ല. അവരിപ്പോൾ മാഡം സ്വാനായി മാറിക്കഴിഞ്ഞു! വെയിൽസ് രാജകുമാരന്റെ സുഹൃത്തും ജോക്കിക്ലബ്ബിലെ സജീവാംഗവുമായൊരു മാന്യന്റെ ഭാര്യ! പക്ഷേ, അവരുടെ സൗന്ദര്യത്തിനു യാതൊരു കുറവും വന്നിട്ടില്ല!“.

“നിങ്ങളവരെ അന്നു കാണേണ്ടിയിരുന്നു, എന്തൊരു സൌന്ദര്യം! അവരൊറ്റയ്ക്കൊരു വീട്ടിൽ ഒരുപാടു ചൈനീസ്സാധനങ്ങളുമായാണു കഴിഞ്ഞിരുന്നത്. ഞാനോർക്കുന്നു, പുറത്തു ബഹളം കൂട്ടുന്ന ചെറുപ്പക്കാർ സദാ ഞങ്ങളെ ശല്യപ്പെടുത്തി. ഒടുവിൽ അവരെന്നെ ഒരുവിധം എഴുന്നേൽപ്പിച്ചു പറഞ്ഞയച്ചു!“.

ഓർമ്മകളുടെ ഈ അയവിറക്കലുകളൊന്നും തീരെ ശ്രദ്ധിയ്ക്കാതെ, അവരുടെ പ്രശസ്തിയെക്കുറിച്ചു ജനങ്ങൾ നടത്തുന്ന രഹസ്യമർമ്മരം മുഴുവനായും എനിയ്ക്കനുഭവിയ്ക്കാൻ കഴിഞ്ഞു. അക്കൂട്ടത്തിൽ എന്നോടെപ്പോഴും പുച്ഛം പുലർത്തുന്ന (സവിശേഷമായൊരു സങ്കരവർഗത്തിൽപ്പെട്ട) ഒരു വ്യാപാരിയെ കാണാതിരുന്നതിൽ എനിയ്ക്കു നിരാശ തോന്നി. അതുവരെ തീരെ ശ്രദ്ധിയ്ക്കാതെ നീക്കിനിർത്തിയ അയാളു

ൾപ്പെടെ ഇക്കണ്ട സകല ചെറുപ്പക്കാരും, സൗന്ദര്യത്തിലും കർമ്മകുശലതയിലും ആഗോളപ്രശസ്തി നേടിയ മാഡം സ്വാനെ ആദരവോടെ അഭിവാദ്യം ചെയ്യാനുള്ള അജ്ഞാതമായ പരിവേഷം നേരിട്ടനുഭവിച്ചറിയാൻ കുറച്ചു കാലം കൂടി കാത്തിരിയ്ക്കണമെന്നറിഞ്ഞപ്പോൾ അക്ഷമമായ എന്റെ ഹൃദയം കുതിച്ചുചാടി. (നേരിട്ടറിയില്ലെങ്കിലും മകളുടെ കൂട്ടുകാരനും ഭർത്താവിന്റെ കുടുംബസുഹൃത്തുക്കളുടെ അനന്തരാവകാശിയുമായതുകൊണ്ട് ഞാൻ സർവഥാ യോഗ്യനാണെന്നും എനിയ്ക്കു തോന്നി!). അപ്പോഴേയ്ക്കും ഞാൻ മാഡം സ്വാനിന്റെ തൊട്ടുമുമ്പിൽ ചെന്നെത്തി! തൊപ്പി തലയിൽ നിന്നെടുത്തു വളരെ പതുക്കെ ഞാനൊരു സുദീർഘമായ അംഗവിക്ഷേപത്തിനു ഭാവിച്ചപ്പോൾ, ചുണ്ടിൽ താനേ വിടർന്ന പുഞ്ചിരി അവർക്കു പക്ഷേ അടക്കിനിർത്താൻ കഴിഞ്ഞില്ല. ജനങ്ങൾ ആഹ്ലാദത്തോടെ ഉറക്കെ ചിരിച്ചു. ഗിൽബർത്തിന്റെ കൂടെ ഞാൻ കളിയ്ക്കുന്നതു മാഡം സ്വാൻ കണ്ടിട്ടില്ല; എന്റെ പേരും അവർക്കറിയില്ല. അതുകൊണ്ട് അവരെ സംബന്ധിച്ചു ഞാൻ, ബോയ്സിലെ കടത്തുകാരനും തടാകത്തിലെ മീനുകൾക്കു പൊട്ടുകടല എറിഞ്ഞു കൊടുക്കുന്ന താറാവുകാരനും നാടകശാലയിലെ കൈക്കാരനുംപോലെ മുഖപരിചയമുണ്ടെങ്കിലും പേരും വ്യക്തിത്വവുമില്ലാത്ത, പ്രായപൂർത്തിയാകാത്ത വെറുമൊരു പയ്യൻ മാത്രമായിരുന്നു!.

ഡെസ് അക്കേഷ്യാസിൽവെച്ചു ചില പ്രത്യേകദിവസങ്ങളിൽ കാണാൻ കഴിഞ്ഞില്ലെങ്കിൽ, ഏകാന്തത ഇഷ്ടപ്പെടുകയോ ഇഷ്ടപ്പെടുന്നതായി നടിയ്ക്കുകയോ ചെയ്യുന്ന മാന്യവനിതകൾ പതിവായി വന്നെത്താറുള്ള ലാമാർഡ്വെരിറ്റിൽവെച്ചും അവരെ കാണാനുള്ള ഭാഗ്യം എനിയ്ക്കു ലഭിക്കാറുണ്ട്. അവിടെ അധികനേരമൊന്നും അവർക്ക് ഒറ്റയ്ക്കിരിയ്ക്കേണ്ടി വരാറില്ല. എനിയ്ക്കു പരിചയമില്ലാത്ത, ചാരനിറത്തിൽ 'ചട്ടത്തൊപ്പി' ധരിച്ച ആരെങ്കിലും വന്നു കുറച്ചു നേരം സംസാരിച്ചശേഷം രണ്ടു കൂട്ടരുടേയും വണ്ടികൾ ഒരുമിച്ചു സാവധാനം മുന്നോട്ടിഴഞ്ഞു പോകുന്നതു കാണാം.

അങ്ങനെ എനിയ്ക്ക കൈവന്ന സങ്കീർണമായ ഒരവബോധം ബോയ്സ്ബോളോണിനെ കൃത്രിമമായൊരു സ്ഥലമാക്കി മാറ്റുകയാണു ചെയ്തതെങ്കിൽ, ആ വർഷം ട്രയാനണിലേയ്ക്കുള്ള യാത്രയ്ക്കിടയിൽ ജീവശാസ്ത്രപരവും പൗരാണികവുമായൊരു പ്രസക്തിയുള്ള ആ പൂങ്കാവനം ഞാനൊരിയ്ക്കൽക്കൂടി കീഴടക്കി. ബാഹ്യമായ ഇടപെടലുകളൊന്നും കൂടാതെ വളരെ പെട്ടെന്നു നിർവീര്യമാകുന്ന പാരീസിലെ ശരത്ക്കാലം നവംബറിന്റെ ആദ്യകാലത്തെ പ്രഭാതങ്ങളിൽ സ്വയം പിൻവാങ്ങുന്ന ദൃശ്യം നേരിട്ടു കാണാൻ വിമുഖത ഭാവിച്ചു നാം വീട്ടിനകത്തുതന്നെ അടച്ചിരിയ്ക്കുകയാണെങ്കിൽ, വൃക്ഷങ്ങളിൽനിന്നു താനേ പൊഴിയുന്ന ഇലകളുടെ പേരിൽ തോന്നുന്ന വ്യസനം ഒരു ജ്വരാവേശമായി വളർന്നു രാത്രിയിൽ നമ്മെ ഉണർന്നിരിയ്ക്കാൻപോലും നിർബന്ധിതരാക്കും. എങ്ങോട്ടു നോക്കിയാലും നീണ്ടുകയോ നൃത്തമാടുകയോ ചെയ്തു കണ്മുന്നിൽ കറുപ്പുകണങ്ങൾപോലെ കറങ്ങുന്ന ആ പ്രകൃതിപ്രതിഭാസത്തെ ഞാൻ സ്വാംശീകരിയ്ക്കാൻ ശ്രമിച്ചു. നേരിട്ടു കാണാനുള്ള മോഹത്തോടെ മന:പൂർവം ക്ഷണിച്ചുവരുത്തിയതുകൊണ്ട് ചിന്തകളിൽനിന്നു തെന്നി മാറി ഏതാണ്ടൊരു മാസത്തോളം എന്റെ അടഞ്ഞ മുറിയിലേയ്ക്കവ സാവകാശം ഒഴുകിക്കൊണ്ടിരുന്നു. തലേന്നു രാത്രി പെയ്ത മഴത്തുള്ളികളുടെ കിലുക്കം കേൾക്കാതിരുന്ന പ്രഭാതത്തിൽ, അടഞ്ഞ ചുണ്ടുകളിൽനിന്നു സന്തോഷത്തിന്റെ നിർവൃതി പുറത്തേയ്ക്കു ചാടുന്നതുപോലെ, നിവർത്തിയ തിരശ്ശീലകളുടെ മൂലകളിൽ തെളിഞ്ഞ കാലാവസ്ഥയുടെ പുഞ്ചിരി പടരുന്നതു കണ്ട്, തിളങ്ങുന്ന സൂര്യപ്രകാശത്തിൽ പഴുത്ത ഇലകളുടെ അലൗകികമായ സൗന്ദര്യം നേരിട്ടുകാണാമെന്ന് എനിയ്ക്കു തോന്നി. കുട്ടിക്കാലത്ത് പുകക്കുഴലിലൂടെ കാറ്റു ചൂളംവിളിയ്ക്കുന്നതു കേൾക്കുമ്പോൾ കടൽ കാണാനുള്ള മോഹം എനിയ്ക്കടക്കിനിർത്താൻ കഴിഞ്ഞിരുന്നില്ല. പക്ഷേ, ഇപ്പോൾ പൂത്തുനിൽക്കുന്ന വൃക്ഷങ്ങളെ തൊട്ടറിയാനുള്ള മോഹം നിയന്ത്രിയ്ക്കാനാവാതെ ഞാനെഴുന്നേറ്റു ബോയ്സ് ബൊളോൺ കടന്നു ട്രയോണിലേയ്ക്കു പോകാൻവേണ്ടി വീട്ട

വിട്ടിറങ്ങി. ബോയ്സ് എണ്ണത്തിൽ മാത്രമല്ല, സാമ്പ്രദായികരീതി യിൽപ്പോലും ബഹുവിധരൂപങ്ങളായി വിഭജിയ്ക്കപ്പെട്ടതുകൊണ്ട്, ആ ദിവസം കാലാവസ്ഥയുടെ സവിശേഷമായൊരു സമയസന്ധിയായി മാറി. വിശാലമായ ചക്രവാളത്തിൽ വൃക്ഷങ്ങളില്ലാത്ത ഭാഗത്തെ വി ദൂരതയിൽ, ഇലകൾ പൊഴിഞ്ഞു വേനലിന്റെ പച്ചപ്പടർപ്പിനു യാ തൊരു മാറ്റവും വരാത്ത ഇരുണ്ട മരക്കൂട്ടങ്ങളുടെ പശ്ചാത്തലത്തിൽ, കലാകാരൻ തൽക്ഷണം വരയ്ക്കാൻ തുടങ്ങിയ ഒരു മിഴിവുറ്റ ചിത്രം പ്രത്യക്ഷപ്പെട്ടു. ഓറഞ്ചും ചുവപ്പും കലർന്ന ഞാവൽമരങ്ങളുടെ തൊട്ടു പിന്നിൽ, ചായം ചാലിയ്ക്കാത്ത ഏകാന്തതയുടെ പകൽവെളിച്ചത്തി ൽ, മനുഷ്യരുടെ ആകസ്മികവ്യാപാരങ്ങൾക്കുവേണ്ടി കൂട്ടിച്ചേർക്കാ വുന്നവിധം ഒഴിച്ചിട്ട മൈതാനവും അപ്പോൾമാത്രം പണിതീർന്ന രണ്ടു ശിൽപ്പങ്ങളെപ്പോലെ കാണപ്പെട്ടു. വളരെയകലെ വൃക്ഷങ്ങൾ പച്ച പുതച്ചു കിടന്ന പ്രദേശത്തു വളർച്ച മുരടിച്ചു കുതറിച്ചാടിയ ഒരെ ണ്ണം പ്രതിരോധത്തിന്റെ ദുർവാശിയോടെ ചുവന്ന കേസരങ്ങൾ ഇള ങ്കാറ്റിൽ ഇരുവശത്തേയ്ക്കും ഉലച്ചുകൊണ്ടിരുന്നു. വർഷകാലത്തു മാ ത്രം പൂവിടുന്ന റോസാച്ചെടിയുടെ പൂർണവികാസം നേടി 'പുറത്തിറ ങ്ങി'യ തളിരിലകൾ പുഞ്ചിരിയുടെ ദിവ്യാത്ഭുതമായ ഉത്സവകാല ത്തിന്റെ കേളികൊട്ടു തുടങ്ങിക്കഴിഞ്ഞു. നട്ടുവളർത്തിയ വൃക്ഷങ്ങളുടെ വേരുകൾക്കിടയിൽ, അത്ഭുതകരമായ പച്ചപ്പോടെ പടർന്നുനിൽക്കു ന്ന അപൂർവതരം ചെടികൾക്കു ചുറ്റും ഒഴിഞ്ഞുകിടന്ന സ്ഥലം അടിച്ചു വൃത്തിയാക്കിയ കാറ്റ് അന്തരീക്ഷത്തിൽ ശുദ്ധവും സുതാര്യവുമായൊ രു പ്രകാശം പ്രസരിപ്പിച്ചപ്പോൾ അന്നത്തെ ബോയ്സ് ഒരു സസ്യ ഗവേഷണകേന്ദ്രമോ പൂങ്കാവനമോപോലെ അപൂർണവും കൃത്രിമവും താൽക്കാലികവുമായി കാണപ്പെട്ടു. അങ്ങനെ ബോയ്സ് ബോളോ ണിന്റെ വിശദാംശങ്ങൾ സമ്പൂർണമായും സമന്വയിപ്പിച്ച, വ്യത്യസ്ത ങ്ങളായ സ്വഭാവഗുണങ്ങൾ ഒരേസമയം പ്രദർശിപ്പിച്ച, സവിശേഷ മായൊരു മുഹൂർത്തത്തിനു സാക്ഷിയായ അന്നത്തെ പകൽവെളിച്ച ത്തിനു പതിവിലേറെ തെളിച്ചമുണ്ടായിരുന്നു. പ്രഭാതത്തിലെ സൂര്യ

പ്രകാശം തിരശ്ചീനമായി പതിയ്ക്കുന്ന ഇലകൾ ചുറ്റും പൊതിഞ്ഞു നിൽക്കുന്ന വൃക്ഷശാഖകളുടെ സഹജഭാവം കൃത്യമായൊരു പരിവർത്തനത്തിനു വിധേയമായി. ദീപസ്തംഭംപോലെ ഉയരത്തിൽ നിവർന്നുനിൽക്കുന്ന ഒരു വൃക്ഷം, നാലുപാടുമുള്ള ഇരുണ്ട പച്ചിലകൾക്കു കൃത്രിമവും ഊഷ്മളവുമായ പരിവേഷം പകർന്നു സ്വയം സംയമനം പാലിച്ചു നിശ്ചലനായി കാണപ്പെട്ടു. ആ വൃക്ഷത്തിന്റെ ജ്വലിയ്ക്കുന്ന ശിഖരങ്ങൾക്കുകീഴെ ഫലപുഷ്ടമായ പൂങ്കുലകൾ അപ്രസന്നമായി മയങ്ങിക്കിടന്നു. ഇഷ്ടികച്ചുമരുകൾപോലെ പ്രകാശം ഘനീഭവിച്ചുകിടന്ന ഞാവൽമരത്തിന്റെ ഇലകൾ, പേർഷ്യൻ മൺപാത്രങ്ങളുടെ മാതൃകയായി മാനത്തു നീലനിറമുള്ള ചിത്രപ്പണികൾ പ്രതിഫലിപ്പിച്ചു; അതേസമയം, അതിന്റെ ഇടതൂർന്ന സുവർണാംഗുലികൾ പുറത്തേയ്ക്കു നാമ്പു നീട്ടി മാനത്തുനിന്നു സ്വയം വിട്ടു പോകുന്നതായും തോന്നിച്ചു. കാട്ടുമുന്തിരിവള്ളികൾ ചുറ്റിപ്പിണഞ്ഞ വൃക്ഷത്തിന്റെ തായ്ത്തടിയുടെ മദ്ധ്യത്തിൽ, ഒരുപക്ഷേ മാംസളതയുടെ പ്രതീതി ജനിപ്പിയ്ക്കുന്ന ഒരു നിഗൂഢസങ്കേതംപോലെ, ചുവന്ന പുഷ്പങ്ങളുടെ മുദ്രാങ്കുരം, കണ്ണഞ്ചിപ്പിയ്ക്കുന്ന സൂര്യപ്രകാശത്തിന്റെ സംശ്ലേഷണഫലമായി വിടർന്നുവന്നു. വേനലിൽ സാർവത്രികമായ പച്ചപ്പിന്റെ സാന്ദ്രതയിലും ഏകസ്വരതയിലും വിഭിന്നങ്ങളായി മാറുന്ന ബോയ്സിന്റെ വിവിധഭാഗങ്ങൾ, വ്യക്തമായി വിഭജിയ്ക്കപ്പെട്ടു കിടന്നു. പച്ചിലകളും പൂക്കളും പതക്കങ്ങളും മനോഹരമായ പടർപ്പുകളുമായി അവയൊരു ദേശീയപതാകയായി മാറി. ആ വർണാങ്കിതഭൂപടത്തിൽ ആർമനൺവില്ലേയും പ്രേകറ്റാലനും മാഡ്രിഡും റേയ്സ്കോഴ്സും തടാകതീരവും എനിയ്ക്കു വേർതിരിച്ചറിയാൻ കഴിഞ്ഞു. നിരർത്ഥകമായ കെട്ടിടങ്ങളും അയഥാർത്ഥമായ ഗുഹകളും പണിശാലകളും അവിടവിടെ ഒറ്റതിരിഞ്ഞു പ്രത്യക്ഷപ്പെടുമ്പോൾ വൃക്ഷങ്ങൾ സ്വയം പിൻവാങ്ങുകയോ പുൽത്തകിടിയുടെ പതുപതുത്ത പച്ചപ്പരവതാനിയിലേയ്ക്കു പടർന്നുകയറുകയോ ചെയ്തു. ബോയ്സ്, വാസ്തവത്തിൽ ഒരിയ്ക്കലുമൊരു നിബിഡവനമായിരുന്നില്ലെന്നും വൃക്ഷങ്ങളുടെ വംശവർദ്ധനയിൽനിന്ന് അ

ന്യമായൊരു ലക്ഷ്യത്തോടെയാണ് വളർന്നുവന്നതെന്നും ഞാൻ മനസ്സിലാക്കി. എന്റെ ആ ആവേശോജ്ജ്വലത ശരത്ക്കാലചാരുതയോടുള്ള ആരാധന മാത്രമായിരുന്നില്ല, ശാരീരികാസക്തിയുടെ സ്വാധീനംകൂടിയായിരുന്നു. ബാഹ്യചോദനയുടെ പരിണതഫലമല്ലാതെ, കാരണത്തെക്കുറിച്ച് ബോധവാനാകാതെ, ആദ്യമായനുഭവപ്പെട്ട ആഹ്ലാദാനുഭൂതിയുടെ നീരുറവകൾ! അസംതൃപ്തവും അജ്ഞാതവുമായൊരു മോഹം, ആ വൃക്ഷങ്ങളേയും മറികടന്നു പുറത്തേയ്ക്കു നോക്കാൻ എന്നെ പ്രേരിപ്പിച്ചപ്പോൾ, ദിവസേന കുറച്ചു നേരമെങ്കിലും വൃക്ഷങ്ങൾക്കിടയിൽ അലസമായി അലഞ്ഞു നടക്കുന്ന സുന്ദരികൾ കാഴ്ചവെച്ച ഉജ്ജ്വലമായ കലാസൃഷ്ടികളുടെ നേർക്കു ശ്രദ്ധ തിരിച്ചു ഞാൻ സാവകാശം ഡെസ് അക്കേഷ്യാസിലേയ്ക്കു നടന്നു. പ്രഭാതത്തിലെ പ്രകാശം പാളികളായി സ്വയം പിരിഞ്ഞ്, വ്യത്യസ്തത പുലർത്തിയ തായ്ത്തടികളെ വിവാഹബന്ധത്തിലൂടെ സംയോജിപ്പിച്ച്, ശാഖകളിൽ പൂച്ചെണ്ടു വിടർത്തുന്ന തോട്ടത്തിലൂടെ ഞാൻ നടന്നു നീങ്ങി. വൃക്ഷങ്ങളെ അതികുശലതയോടെ ബന്ധിപ്പിയ്ക്കുന്ന നിഴലും വെളിച്ചവും മൂർച്ചയുള്ള ഒരു ചിറ്റുളിയുടെ പ്രയോഗചാതുര്യത്തിൽ നാലുപാടും പ്രകാശത്തിന്റെ തീവ്രതയ്ക്കനുസരിച്ചു ദാരുസ്തംഭങ്ങളും, അല്ലെങ്കിൽ, കൃത്രിമമായ രൂപരേഖകളോടെ അർദ്ധനാരീശ്വരരൂപങ്ങളും സൃഷ്ടിച്ചു. വൃക്ഷങ്ങളുടെ ഉയർന്ന ശാഖകളിൽ സൂര്യരശ്മി തങ്കത്തകിടു പൊതിയുമ്പോൾ, ഈർപ്പം വിട്ടുമാറാത്ത ഇലകളിൽനിന്നു തിളക്കത്തോടെ ഇടയ്ക്കിടെ വീഴുന്ന ജലകണങ്ങൾ കടലിന്റെ ആഴങ്ങളിൽനിന്നെന്നപോലെ മരതകപ്പച്ച പുതച്ച തോട്ടത്തിനു സുഖദമായൊരു കുളിർമ്മ പകർന്നു. പോപ്ലാർമരങ്ങളുടെ ഇലകൾ പൊഴിഞ്ഞാലും തായ്ത്തടിയെ പൊതിയുന്ന പച്ചപ്പട്ടിന്റെ ഊഷ്മളമായ ഉച്ചമയക്കത്തിൽനിന്നു ശാഖകളോളം പടർന്നു പന്തലിയ്ക്കുന്ന ഇത്തിക്കണ്ണികൾ, മൈക്കലാഞ്ജലോയുടെ 'സൃഷ്ടി'യിലെ സൂര്യചന്ദ്രന്മാരായി, വൃത്തത്തിൽ വെള്ളപ്പളുങ്കുനിറമുള്ള മൊട്ടുകളിൽനിന്നു പ്രാണശക്തി വലിച്ചെടുത്തു ജീവിച്ചു പോന്നു. വർഷങ്ങളായി ഒരുതരം സംയോജനപ്രക്രിയവഴി മന

ഷ്യവംശത്തിന്റെ സ്ത്രൈണത പങ്കുവെയ്ക്കാൻ നിർബന്ധിയ്ക്കപ്പെട്ട വർണകാന്തിയോടെ തിടുക്കത്തിൽ നടക്കുന്ന ശുദ്ധയും ലൗകികയും മനോഹരിയുമായ വനദേവതയുടെ രൂപസൗഭഗം അപ്പോൾ എന്റെ മനസ്സിലേയ്ക്കു കടന്നു വന്നു. കാട്ടിലൂടെ നിർഭയം സഞ്ചരിയ്ക്കുന്ന അവൾക്കു പാർപ്പിടമൊരുക്കിയ വൃക്ഷശാഖകൾ, കാലാവസ്ഥയുടെ കരവിരുതിനു നന്ദിപറഞ്ഞു ഹൃദയം നിറഞ്ഞ കൃതജ്ഞത പ്രകടിപ്പിയ്ക്കാൻ ബദ്ധപ്പെട്ടു മുന്നോട്ടുവന്നു. ബോധം നഷ്ടപ്പെട്ട ഗത്യന്തരമില്ലാതെ അന്യാഭിലാഷത്തിനു വഴങ്ങേണ്ടി വന്ന വൃക്ഷശാഖകൾക്കു കീഴെ അൽപ്പസമയത്തിനകം സ്ത്രീസൗന്ദര്യത്തിന്റെ ഉദാത്തമാതൃകകൾ പ്രത്യക്ഷപ്പെടുന്ന സവിശേഷസ്ഥാനങ്ങൾ അന്വേഷിച്ചു ധൃതിപ്പെട്ടു നടന്ന യുവത്വത്തിന്റെ ആഹ്ലാദദിനങ്ങൾ പെട്ടെന്നു ഞാനോർത്തു. ട്രയാനണിലെ ഞാവൽമരങ്ങളിൽ അവിടവിടെ പടർന്നുകയറിയ കർപ്പൂരവള്ളിയേക്കാൾ എനിയ്ക്കേറെ അഭിനിവേശം തോന്നിയ ബോയ് സ്ബോളോണിലെ വാകമരങ്ങളുടേയും ദേവദാരുക്കളുടേയും സൗന്ദര്യം, പക്ഷേ, ചരിത്രാവശിഷ്ടങ്ങളിലും കലാസൃഷ്ടികളിലും ശരത്കാലപത്രങ്ങൾ കാണിയ്ക്ക വെയ്ക്കുന്ന പ്രണയത്തിന്റെ ശ്രീകോവിലിലുമല്ല, ഞാൻ കണ്ടറിഞ്ഞത്! തടാകതീരത്തു മാടപ്രാവുകളെ വെടിവെച്ചിടുന്ന മൈതാനത്തോളം ഞാൻ നടന്നുചെന്നു. ഒറ്റക്കുതിരവണ്ടിയുടെ പൊക്കത്തിലും, രാക്ഷസരെപ്പോലെ രക്തരൂക്ഷമായ കണ്ണുകളുമായി പാറിപ്പറക്കുന്ന കടന്നലുകളിലും ഉന്മത്തതയും ലാഘവത്വവും പ്രകടമായ കുതിരകളുടെ ഓജക്ഷയം സംഭവിച്ച മെലിഞ്ഞ ശരീരത്തിലുമായിരുന്നു, അക്കാലത്തു ഞാൻ പരിപൂർണതയെക്കുറിച്ചുള്ള സങ്കൽപ്പങ്ങൾ മെനഞ്ഞെടുത്തത്. ഒരുകാലത്തു നിർവ്യാജം ആരാധിച്ചിരുന്നവരെ ഒരിയ്ക്കൽക്കൂടി കാണാനുള്ള അത്യാകാംക്ഷ മൂലം വർഷങ്ങൾക്കുമുമ്പ് കടന്നുപോയ അതേ വഴിയിലൂടെ അതേ ആവേശത്തോടെ ഞാൻ മുന്നോട്ടു നടന്നു. ഭീമാകാരനായ വണ്ടിക്കാരന്റെ മുഷ്ടിയോളം വരില്ലെങ്കിലും മൈതാനത്തുടനീളം ആരവം മുഴക്കി കുതിച്ചു ചാടുന്ന കുതിരകളെ കടിഞ്ഞാണിട്ടു പിടിയ്ക്കാൻ ബദ്ധപ്പെടുന്ന വ

ണ്ടിക്കാരനെ, ചിത്രങ്ങളിലൊരു ബാലിശഭാവമുള്ള സാങ്ജോർജ്ജിനെ, മുന്നിലിരുത്തി മാഡം സ്വാൻ വന്നിറങ്ങുന്ന കാഴ്ച വീണ്ടും കണ്മുന്നിൽ പ്രത്യക്ഷപ്പെട്ടു കാണാൻ ഞാനാഗ്രഹിച്ചു. നോക്കൂ, ഉയരമുള്ള ഒരംഗരക്ഷകനെ ഇടതുവശത്തിരുത്തി താടിവെച്ച ചില ഡ്രൈവർമാർ അതിവേഗമോടിയ്ക്കുന്ന മോട്ടോർകാറുകളല്ലാതെ ഇന്നിവിടെ മറ്റൊന്നും കാണാനില്ല. സുന്ദരികളായ യുവതികൾ കുറുനിരയിൽ ചാർത്തുന്ന മുല്ലമാലയേക്കാളൊരു പ്രഭാവവും തോന്നിയ്ക്കാതെ ശിരസ്സിനോടു ചേർന്നു കിടക്കുന്ന വട്ടത്തൊപ്പികൾ, മനസ്സിൽ കണ്ട ആകർഷകത്വം നേരിട്ടു ബോദ്ധ്യപ്പെടാൻ മുഖത്തോടു ചേർത്തുപിടിച്ചപ്പോൾ, പെട്ടെന്നു ബൃഹദാകൃതി വരിയ്ക്കുന്നതായി എനിയ്ക്കു തോന്നി. മാഡം സ്വാൻ ധരിച്ചിരുന്ന രാജകീയമായ ഉടയാടകൾ ടനാഗ്രാ ഞൊറികളോടെ ഡയറക്ടയർശൈലിയിലുള്ള ചുവർച്ചിത്രങ്ങൾ പോലെ കാണപ്പെട്ടു. ലാമാർഗ്വേരിറ്റിൽ മാഡം സ്വാനിന്റെകൂടെ അലഞ്ഞു നടക്കാൻ യോഗ്യത നേടിയ മാന്യരുടെ ശിരസ്സിൽനിന്നു ചാരനിറമുള്ള 'പരന്ന' തൊപ്പികൾ അപ്രത്യക്ഷമായിക്കഴിഞ്ഞു. ബോയ്സിലൂടെ നഗ്നശിരസ്ക്കരായി അവർ നടന്നു. ആ അത്ഭുതദൃശ്യത്തിന്റെ ആധുനികമായ ആധാരങ്ങളോരോന്നും പരിശോധിച്ചപ്പോൾ അവയുടെ പൂർവാപരബന്ധത്തിലും ജീവശക്തിയിലും എനിയ്ക്കുണ്ടായിരുന്ന ആസ്തിക്യാവബോധം നഷ്ടപ്പെട്ടു. ചിന്നിച്ചിതറി യാഥാർത്ഥ്യബോധമില്ലാതെയാണവ എന്റെ കണ്മുന്നിലൂടെ കടന്നുപോയത്. പണ്ടായിരുന്നെങ്കിൽ, ഒരു ചിത്രത്തിലെന്നപോലെ എന്റെ കണ്ണുകൾ ഊറ്റിയെടുക്കാൻ ബദ്ധപ്പെടുമായിരുന്ന ആ സൗന്ദര്യസാരം അവയിലില്ലെന്നു ഞാൻ കണ്ടറിഞ്ഞു. അവരൊക്കെ വെറും സാധാരണസ്ത്രീകളായിരുന്നു; അവരുടെ സൗന്ദര്യത്തിൽ എനിയ്ക്കു വിശ്വാസം നഷ്ടപ്പെട്ടു; ആ വേഷവിധാനങ്ങളും ഉപചാരമര്യാദകളും എനിയ്ക്കപ്രസക്തമായി തോന്നി. നൈസർഗികവീര്യത്തിനു വന്ന ബലക്ഷയം മൂടിവെയ്ക്കാൻ, ഒരു വിശ്വാസം മാഞ്ഞുപോകുമ്പോൾ പുതിയൊരു പ്രതിഭാസത്തിനു യാഥാർത്ഥ്യബോധം പകരാൻ, സജീവമായി നിൽക്കുന്ന

പഴയ കാര്യങ്ങളോടു വിഗ്രഹാരാധനയ്ക്കു തുല്യമായൊരു അഭിനിവേശം കടന്നുവരാതിരിയ്ക്കില്ല. ദൈവത്തിന്റെ കരസ്പർശം ആത്മബോധത്തിൽനിന്നല്ലാതെ വിശ്വാസങ്ങളിലൂടെയാണു നാമനുഭവിച്ചിരുന്നതെങ്കിൽ ഇന്നത്തെ അവിശ്വാസത്തിനു സാംക്രമികകാരണമെന്ന നിലയിൽ അതൊരുപക്ഷേ ദൈവത്തിന്റെ മരണവുമായി മാറും.

"നോക്കൂ, എത്ര ഭയാനകമായിരിയ്ക്കുന്നു!", അത്ഭുതാധീനനായി ഞാൻ സ്വയം പറഞ്ഞു: "പഴയ കുതിരവണ്ടികളെപ്പോലെ ഈ മോട്ടോർകാറുകളും പരിഷ്കൃതമാണെന്നു കരുതുന്നവരുണ്ടാകുമോ? യാതൊരു കുസലുമില്ലാതെ തുറന്നുപറയട്ടെ, എനിയ്ക്കിപ്പോൾ യാഥാർത്ഥ്യം മനസ്സിലാക്കാനുള്ള പ്രായമായിക്കഴിഞ്ഞു. വെറും പരുത്തിനാരു നെയ്തെടുത്ത വേഷപ്പകിട്ടിൽ ഭ്രമിയ്ക്കുന്ന സ്ത്രീകളുടെകൂടെ പാഴാക്കാനുള്ളതല്ല, ഈ ജീവിതം! ഇന്നിപ്പോൾ ഈ വൃക്ഷങ്ങളിലെ മഞ്ഞനിറം പകർന്നു തുടങ്ങിയ ഇലകളുടെ ലോലമായ നിഴലുകൾക്കു കീഴെ പതിവായി നടക്കുന്ന സമാഗമങ്ങളുടെ സൂചനകളൊന്നും അവശേഷിയ്ക്കുന്നില്ലെങ്കിൽ, ഒരുകാലത്ത് ഇതേ വൃക്ഷത്തണലുകളിൽ നടന്ന അനുപമസുന്ദരമായ കലാസൃഷ്ടികൾക്കുപകരം ആഭാസകരമായ വങ്കത്തങ്ങൾ അലക്ഷ്യമായി അരങ്ങേറുന്നുണ്ടെങ്കിൽ, ഞാനെന്തു നേടാൻവേണ്ടിയാണു വെറുതെ അലഞ്ഞുനടക്കുന്നത്? ഭയങ്കരം! സുഭഗസൗന്ദര്യത്തിന്റെ മാതൃകകൾ യാതൊന്നും ബാക്കിയില്ലാത്ത ഇക്കാലത്തു ചെറിയൊരാശ്വാസത്തിനെങ്കിലും പണ്ടു പരിചയമുണ്ടായിരുന്ന ചിലരെക്കുറിച്ചു ചിന്തിയ്ക്കാൻ മാത്രമേ എനിയ്ക്കിപ്പോൾ കഴിയൂ!. ഉദ്യാനത്തിലെ മൺതിട്ടകളും പക്ഷിക്കൂടുകളും പുറത്തുവിടുന്ന മാലിന്യങ്ങൾ കൂട്ടിവെച്ച തൊപ്പിയും ധരിച്ചു ഞൊണ്ടിനടക്കുന്ന ഈ ഭീകരസത്വങ്ങളെ നോക്കിയിരിയ്ക്കാൻ ഈ ജനങ്ങൾക്കെങ്ങനെ കഴിയുന്നു? നീലത്തൂവലുള്ള മയിൽപ്പീലി ഉണർവോടെ ഉയർന്നുനിൽക്കുന്ന ചെറിയൊരു തൊപ്പിയെങ്കിലും കാണാത്ത ഇവർക്കെങ്ങനെ വർണാഭമായ തൊങ്ങലുകളുള്ള തൊപ്പി ശിരസ്സിൽ ധരിച്ചു വണ്ടിയിൽ വന്നിറങ്ങുന്ന മാഡം സ്വാനിന്റെ മനോഹരദൃശ്യം സങ്കൽപ്പിയ്ക്കാൻ

കഴിയും? മഞ്ഞുകാലത്തെ പ്രഭാതങ്ങളിൽ നീർനായയുടെ തോലുപ യോഗിച്ചു തുന്നിയ മാർക്കപ്പായവും തിത്തിരിപ്പക്ഷിയുടെ തൂവൽ പു റത്തേയ്ക്കു തള്ളിനിൽക്കുന്ന കമ്പിളിത്തൊപ്പിയും ധരിച്ച്, രാവും പക ലും പ്രതികൂലകാലാവസ്ഥകളും വെറുമൊരു പശ്ചാത്തലമായിമാത്രം കരുതി, മരവിച്ചു നിൽക്കുന്ന അന്തരീക്ഷത്തിനും നഗ്നമായ മരക്കൊ മ്പുകൾക്കും ചാരനിറം പൂണ്ട ആകാശത്തിനും നേരേ മാനുഷികമാ യൊരു നിലപാടു സ്വീകരിച്ച്, മാർക്കപ്പായത്തിന്റെ അടഞ്ഞുകിടന്ന വിടവിലൂടെ പുറത്തേയ്ക്കെത്തി നോക്കാൻ ശ്രമിച്ചു വിടരാൻ വെമ്പുന്ന ഒരു കുല വയലറ്റു പുഷ്പങ്ങൾ മാറോടു ചേർത്തുപിടിച്ച്, മറ്റുള്ളവർ ആ ദരവോടെ നോക്കുന്ന സ്വന്തം വീടിന്റെ കൃത്രിമമായ ഊഷ്മളതയിൽ നിന്നിറങ്ങി അന്തരീക്ഷത്തിൽ ഉതിർന്നു വീഴുന്ന മഞ്ഞുപാളികളിൽ ചവിട്ടി സാവകാശം നടന്നുപോകുന്ന മാഡം സ്വാനിനെ കാണുമ്പോ ൾ, സ്വീകരണമുറിയിലെ എരിഞ്ഞു കത്തുന്ന നെരിപ്പോടിനടുത്തു പട്ടു മൂടിയ പര്യങ്കത്തിനു മുമ്പിൽ വെച്ച പൂത്താലങ്ങളും കമനീയമായ ക ലാരൂപങ്ങളുംപോലെ, ഒരു സൌന്ദര്യദേവതയുടെ സുഖദസാമീപ്യ ത്തിലാണു ജീവിയ്ക്കുന്നതെന്ന ബോദ്ധ്യത്തിൽ പതിവായി അനുഭവി യ്ക്കുന്ന മൃദുലവികാരങ്ങളെക്കുറിച്ച് എന്നെങ്കിലും എനിയ്ക്കുവരെ പറഞ്ഞു ബോദ്ധ്യപ്പെടുത്താൻ കഴിയുമോ? പക്ഷേ, വിദൂരമായ അക്കാലത്ത് ഉ പയോഗിച്ചിരുന്ന വേഷവിധാനങ്ങൾ ഒന്നുകൂടി കണ്ടതുകൊണ്ടുമാ ത്രം എനിയ്ക്കൊരാശ്വാസമുണ്ടാവില്ല. സന്തുലിതവും സമ്പൂർണവുമാ യൊരു സത്തയായി ഓർമ്മകൾ കാത്തു സൂക്ഷിയ്ക്കുന്ന പൊതുധാര ണയുടെ വിവിധാവബോധങ്ങളിൽ ഒന്നു മാത്രമായി നിരസിയ്ക്കാനും നമുക്കനുവാദമില്ല. അങ്ങനെ ഒന്നായും സുദൃഢമായും ഏകോപിച്ചു നിൽക്കുന്ന ബന്ധങ്ങളുടെ പരിണതഫലമായി, (കഥയുടെ ആദ്യഭാ ഗം അവസാനിച്ചതിനുശേഷമുള്ള വർഷം മാഡം സ്വാൻ താമസിച്ചി രുന്ന) ചെറിയൊരു വീടിന്റെ കടുത്ത ചായം പൂശിയ ചുമരിൽ ചാരി യിരുന്ന്, ജമന്തിപ്പൂക്കൾ പൊഴിയ്ക്കുന്ന സ്ത്രൈണസുഗന്ധത്തിന്റെ കരാ ശ്ലേഷത്തിലൊരു നവംബർസായാഹ്നത്തിന്റെ അസ്തമയശോഭ ആ

സ്വദിച്ച്, ചൂടുള്ള ചായ ഊതിയൂതി കുടിയ്ക്കുമ്പോൾ, സ്വയം മനസ്സിലേറ്റി ലാളിച്ച സുഖാനുഭവങ്ങളുടെ വിവിധഭാവങ്ങൾ വേർതിരിയ്ക്കാൻ ബദ്ധപ്പെട്ടതിനു സമാനമായ ചില നിമിഷങ്ങൾ കൂടി (അടുത്ത കഥാഭാഗത്തിൽ കാണാൻ പോകുന്നതുപോലെ) ചിലവഴിയ്ക്കണമെന്നു ഞാനാഗ്രഹിച്ചു. ഒരുപക്ഷേ, ആ നിമിഷങ്ങൾ എന്നെ സുരക്ഷിതമായ ഒരിടത്തും കൊണ്ടുചെന്നെത്തിയ്ക്കാനിടയില്ല; പക്ഷേ, അങ്ങനെയൊരു സാദ്ധ്യത നിലനിൽക്കുന്നതിന്റെ വിശ്വാസത്തിൽത്തന്നെ വേണ്ടതിലേറെ ആശ്വാസമുണ്ടെന്നു ഞാൻ മനസ്സിലാക്കി. അതുകൊണ്ട് അവയോരോന്നും വ്യക്തമായി കണ്ടെത്താൻ ഞാൻ നിരന്തരം ശ്രമിച്ചു. കഷ്ടം! ലൂയി പതിനാറാമന്റെ ശൈലിയിൽ ചുമരുകൾ വെള്ളപൂശി നീലനിറത്തിലുള്ള കോളാമ്പിപ്പൂക്കളുമായി നിരന്നുനിൽക്കുന്ന ഏകതാനമായ കെട്ടിടസമുച്ചയങ്ങളുടെ വിരസഭാവമല്ലാതെ ഇവിടെ എനിയ്ക്കിപ്പോൾ മറ്റൊന്നും കാണാനില്ല. മാത്രമല്ല, ഒരുകാലത്തു ഞാൻ വ്യർത്ഥമായി പിന്തുടർന്നുപോന്ന സുഖാനുഭവങ്ങൾപോലെ അപ്രാപ്യമായ മോഹത്തിന്റെ വിശദാംശങ്ങളിലേയ്ക്കു വീണ്ടും പ്രവേശിയ്ക്കുന്നതിനു വിലക്കേർപ്പെടുത്തിയ മാരകമായൊരു മലഞ്ചെരിവിലേയ്ക്ക് അഥവാ കാലത്തിന്റെ സവിശേഷമായൊരു സന്ദിഗ്ദ്ധഘട്ടത്തിലേയ്ക്കു ഞാൻ കടന്നു കഴിഞ്ഞു. വിദൂരമായൊരു നൂറ്റാണ്ടിൽ കണ്ട ഓർമ്മകളുടെ അപൂർവതകൾ എനിയ്ക്കുവേണ്ടി ആവർത്തിയ്ക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിൽ ഗ്രാമീണമായൊരു വസതിയിൽ താമസിയ്ക്കുന്ന മാഡം സ്വാൻ ഫെബ്രുവരിയ്ക്കു മുമ്പ് പാരീസിൽ തിരിച്ചെത്താനിടയില്ലെന്നു തീർച്ചയായും എനിയ്ക്കു കത്തെഴുതുമായിരുന്നു. ആസ്തിക്യബോധം തീരെ കൈവിടാതിരുന്ന അക്കാലത്തു പരിചയപ്പെട്ട മാന്യവനിതകളെ തരംതിരിച്ച് ഓരോരുത്തരേയും ഓരോ പുരാവൃത്തങ്ങളുമായി ഞാൻ ബന്ധപ്പെടുത്തിയിരുന്നു. എനിയ്ക്കു പ്രത്യേകതാൽപ്പര്യമുള്ളവർ അതേ വേഷവിധാനങ്ങളോടെ പ്രത്യക്ഷപ്പെടണമെന്നും ഞാനാശിച്ചു. പക്ഷേ, അത്ഭുതം! നോക്കൂ, അന്നത്തെ രൂപഭംഗിയുടെ വെറും പേക്കോലങ്ങളായി മാറിയ അവരിൽ ചിലരെ അക്കേ

ഷ്യാവനത്തിലെ ആ പച്ചപ്പുൽത്താഴ്വരയിൽ, പടുവൃദ്ധകളായി ദൈവത്തിനുപോലും നൽകാനാവാത്ത വിഷയങ്ങളെന്തൊക്കെയോ തേടി അങ്ങുമിങ്ങും അലഞ്ഞുതിരിയുന്നതു ഞാൻ കണ്ടു. മാന്യകളായിരുന്ന ആ യുവതികളൊക്കെ പലായനംചെയ്തു കഴിഞ്ഞു! അവരൊഴിച്ചിട്ട വഴിത്താരയിലേയ്ക്കു കണ്ണു നട്ടു ചോദ്യഭാവത്തിൽ ഞാൻ നിശ്ചിന്തനായി നിന്നു. സൂര്യന്റെ മുഖഭാവം പതുക്കെ മങ്ങിത്തുങ്ങി. സുന്ദരികളുടെ എലീഷ്യൻപൂങ്കാവനമെന്ന സങ്കൽപ്പങ്ങളാകെ മായ്ച്ചുകളയുന്ന പ്രകൃതി, ബോയ്സിനുമേൽ വീണ്ടും ആധിപത്യമേറ്റെടുത്തു. കളിക്കോപ്പുപോലുള്ള കാറ്റാടിയന്ത്രത്തിനു മുകളിൽ ചാരനിറമുള്ള ആകാശം നിസ്സംഗമായി കിടന്നു. ഗ്രാന്റ്‌ലാക്കിന്റെ ഉപരിതലത്തിൽ മന്ദമാരുതൻ ചിറ്റോളങ്ങൾ സൃഷ്ടിച്ചു, പുൽത്തകിടിയ്ക്കു മുകളിൽ ചിറകുകൾ വീശി അനായാസം പറന്നുപോയ പരുന്തുകൾ അധികാരഭാവത്തോടെ പള്ളിയുടെ ഗോപുരത്തിനു താഴെയുള്ള വലിയൊരു ഓക്കുമരത്തിലേയ്ക്ക്, ശൂന്യമായ വനത്തിന്റെ വിജനത വിളിച്ചുകൂവുന്നതുപോലെ, ചെവിതുളയ്ക്കുന്ന സീൽക്കാരങ്ങളുമായി ചേക്കേറി. ഓർമ്മയിൽ സൂക്ഷിച്ച ഓരോ ചിത്രങ്ങളും പുറത്തെടുക്കുമ്പോൾ, ഇന്ദ്രിയവേദ്യമല്ലാത്ത നൈസർഗികചാരുത മുഴുവൻ നഷ്ടപ്പെടുന്നതുകൊണ്ട്, യഥാർത്ഥതലത്തിൽ നിന്നുകൊണ്ടുള്ള അന്വേഷണം തീർത്തുമൊരു വിരോധാഭാസമാണെന്ന പരമാർത്ഥവും ഞാൻ കണ്ടറിഞ്ഞു. അന്നനുഭവിച്ചതൊന്നും ഇന്നിപ്പോൾ നിലനിൽക്കുന്നതേയില്ല. എന്റെ കാലടികൾ തൊട്ടുണർത്തുന്ന ഈ നടപ്പാതയ്ക്കൊരു ദിശാബോധം വരുത്താൻ അന്നത്തെ വേഷവിധാനങ്ങളോടെ അന്നത്തെ സ്ഥലത്തു തന്നെ മാഡം സ്വാൻ പ്രത്യക്ഷപ്പെടണമെന്നില്ല. നമുക്കറിയാവുന്ന സ്ഥലങ്ങൾ, സൗകര്യത്തിനുവേണ്ടി അടയാളപ്പെടുത്തിയ അന്തരീക്ഷത്തിലെ ചെറിയൊരു ലോകവുമായി മാത്രമാണു ബന്ധപ്പെട്ടു കിടക്കുന്നത്. ഭൂതകാലജീവിതത്തിന്റെ സംവിധാനക്രമത്തിൽ അടുത്തടുത്തുള്ള രണ്ടു ധാരണകൾക്കിടയിൽ ചേർത്തുവെച്ച ഒരു ചില്ലുപാളിയേക്കാൾ അവയ്ക്കു പ്രത്യേകിച്ചൊരു പ്രാധാന്യവുമില്ല. സവിശേഷമാ

യൊരു ദ്രുപത്തിന്റെ ഓർമ്മ ഒരുപക്ഷേ, സവിശേഷമായൊരു നിമിഷത്തിന്റെ പശ്ചാത്താപമായിരിക്കാം. അപ്പോൾ വീടുകളും തെരുവുകളും നടപ്പാതകളും കഴിഞ്ഞുപോയ വർഷങ്ങളെപ്പോലെ ഒളിച്ചോടുന്ന അഭയാർത്ഥികളായി മാറുന്നു!

=================